# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 മാർച്ച് 8, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171 - നമ്പർ 7

വില : ₹ 50


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

2018 മാർച്ച് 8, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

540/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....29
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....100

**II അടിയന്തരപ്രമേയം**

വടകര താലൂക്കിലെ അക്രമസംഭവങ്ങൾ

(അവതരണാനുമതി നിഷേധിച്ചു) ...460

**III ശ്രദ്ധ ക്ഷണിക്കൽ**

1. നിർമ്മാണ മേഖലയിലെ പ്രതിസന്ധി —

ശ്രീ. പി. കെ. ശശി ...485

2. ലൈറ്റ് മെട്രോ പദ്ധതികൾ—

ശ്രീ. വി. എസ്. ശിവകുമാർ ...492

**IV സബ്മിഷൻ**

1. ഐ. ടി. ജീവനക്കാർക്ക് ക്ഷേമനിധി —

ശ്രീ. എം. സ്വരാജ് ...497

2. പൊതുസ്ഥലങ്ങളിൽ സി.സി.വി. ക്യാമറകൾ സ്ഥാപിക്കൽ—

ശ്രീ. വി. ജോയി ...499

3. കാൻസർ പരിശോധന കേന്ദ്രം—

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ...501

4. പട്ടയം അനുവദിക്കൽ—

ശ്രീ. ഹൈബി ഈഡൻ ...502

5. മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് വികസനം —

ശ്രീ. എ. പ്രദീപ്കുമാർ ...503

*പേജ്*

6. കൊപ്ര ഇറക്കുമതി—

ശ്രീ. കെ. കൃഷ്ണൻകുട്ടി ...504

7. മേൽപ്പാലം നിർമ്മാണം—

ശ്രീ. എം. ഉമ്മർ ...506

8. പാലം നിർമ്മാണം—

ശ്രീ. ഒ. രാജഗോപാൽ ...508

9. നെല്ലിയാമ്പതി-പോളച്ചിറക്കൽ ഹയർ സെക്കണ്ടറി സ്കൂൾ—

ശ്രീ. കെ. ബാബു ...509

10. അനുവദിച്ച തുക ലാപ്സാക്കിയത് സംബന്ധിച്ച്—

ശ്രീമതി സി. കെ. ആശ ...511

**V പ്രസ്താവന**

മഹിളാ ദിനം ...513

**VI റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് ...519

**VII ക്രമപ്രശ്നം**

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനാ കുറിപ്പ് അംഗങ്ങൾക്ക് ലഭ്യമാക്കൽ—

ശ്രീ. എം. ഉമ്മർ ...519

**റൂളിംഗ്**

മി. സ്പീക്കർ ...522

**VIII ധനകാര്യം**

2018-2019 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ...523

ധനാഭ്യർത്ഥന നമ്പർ IX വാഹന നികുതികൾ

ധനാഭ്യർത്ഥന നമ്പർ XLI ഗതാഗതം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

*2018 മാർച്ച് 8, വ്യാഴം*

വാല്യം 171] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 2018 മാർച്ച് മാസം 8-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.......ഓർഡർ........ചോദ്യം നമ്പർ (*181). *181-ാം നമ്പർ ചോദ്യവുമായി *192-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. പി. ഉബൈദുള്ള നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. ഈ രണ്ട് ചോദ്യങ്ങൾക്കും ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരുമിച്ച് മറുപടി പറയാം.

### സ്വർണ്ണ പണയ വായ്പാ തട്ടിപ്പ്

1 (*181) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഷാഫി. പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലും സംഘങ്ങളിലും വ്യാപകമായി സ്വർണ്ണ പണയ വായ്പാ തട്ടിപ്പ് നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പണയത്തിലുള്ള സ്വർണ്ണാഭരണങ്ങളുടെ പരിശോധനയ്ക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) മൂന്ന് മാസം കൂടുമ്പോൾ പരിശോധനകൾ നടത്തി തട്ടിപ്പ് തടയുന്നതിനും ഇത്തരം തട്ടിപ്പിൽ ജീവനക്കാർക്ക് പങ്കുണ്ടെങ്കിൽ രാഷ്ട്രീയ പരിഗണന കൂടാതെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ക്രമക്കേട് സംബന്ധിച്ച ലഭ്യമായ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) സഹകരണ സംഘം രജിസ്ട്രാറുടെ 13/18 സർക്കുലർ പ്രകാരം 3 മാസം കൂടുമ്പോൾ സംഘങ്ങളിൽ/ബാങ്കുകളിൽ സ്വർണ്ണപ്പണയാഭരണ പരിശോധന നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം തട്ടിപ്പിൽ ജീവനക്കാർക്ക് പങ്കുണ്ടെങ്കിൽ നിയമാനുസൃതമായ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

## സഹകരണസ്ഥാപനങ്ങളിൽ മുക്കുപണ്ടം പണയം വച്ച് തട്ടിപ്പ്

2 (*192) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എം. ഉമ്മർ:
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ മുക്കുപണ്ടം പണയം വച്ച് തട്ടിപ്പ് നടത്തുന്നത് വർദ്ധിച്ചുവരുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് കൂട്ടുനിൽക്കുന്നവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ സ്ഥാപനങ്ങളുടെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ക്രമക്കേട് സംബന്ധിച്ച ലഭ്യമായ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇത്തരം ക്രമക്കേടുകൾക്ക് കൂട്ടുനിൽക്കുന്നവർക്കെതിരെ നിയമാനുസൃതമായ കർശന നടപടി സ്വീകരിക്കുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സഹകരണ സംഘങ്ങളിൽ സ്വർണ്ണപ്പണയാഭരണ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 22/2016 സർക്കുലർ പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇതിനുപുറമെ സഹകരണ സംഘം രജിസ്ട്രാറുടെ പ്രത്യേക നിർദ്ദേശപ്രകാരം വായ്പേതര സഹകരണ സംഘങ്ങളിലെ സ്വർണ്ണപ്പണയ പരിശോധന നടത്തുകയും വായ്പാസംഘങ്ങളുടെ സ്വർണ്ണപ്പണയ പരിശോധന നടത്തുന്നതിന് നിർദ്ദേശവും നൽകിയിട്ടുള്ളതാണ്. എന്നാൽ വീണ്ടും സഹകരണ ബാങ്കുകളിൽ പണയ ഉരുപ്പടികൾ കൈകാര്യം ചെയ്യുന്നതിൽ കൃത്രിമം കാണിക്കുന്നതും സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നതും സഹകരണ ബാങ്കുകളിൽ തുടർന്നുവരുന്നതായി ആക്ഷേപമുയർന്നിരിക്കുന്ന സാഹചര്യത്തിൽ ആയത് തടയാൻ സഹകരണ സംഘം രജിസ്ട്രാർ 13/2018-ാം നമ്പർ സർക്കുലർ പ്രകാരം 22/2016-ാം നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങളെ കുറച്ചുകൂടി സ്പഷ്ടീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണപ്പണയ പണ്ടങ്ങളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പുവരുത്തുന്നതിന് സംഘം തലത്തിൽ ഒരു കമ്മിറ്റിയെ (ഭരണസമിതിയുടെ പ്രതിനിധി, സെക്രട്ടറി, ജീവനക്കാരുടെ പ്രതിനിധി, അപ്രൈസർ എന്നിവർ) രൂപീകരിക്കുകയും സംഘത്തിൽ നടക്കുന്ന എല്ലാ സ്വർണ്ണപ്പണയ ക്രമക്കേടുകൾക്കും പൂർണ്ണ ഉത്തരവാദിത്വം ടി കമ്മിറ്റിക്കും സംഘത്തിലെ ഭരണ സമിതി അംഗങ്ങളിലും നിക്ഷിപ്തമാക്കി വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, അനേകംപേരുടെ അർപ്പണബോധത്തോടു കൂടിയുള്ള ആത്മാർത്ഥമായ പരിശ്രമങ്ങളുടെ ഭാഗമായാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം വളർന്നുവന്നിട്ടുള്ളത്. സഹകരണ പ്രസ്ഥാനങ്ങളുടെ നിലനിൽപ്പ് തന്നെ വിശ്വാസ്യതയാണ്. ആ വിശ്വാസ്യത തകർക്കുന്ന തരത്തിലുള്ള നടപടികളാണ് ഇന്ന് പല സഹകരണ ബാങ്കുകളിലും നടന്നുകൊണ്ടിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽത്തന്നെ അയിരൂപ്പാറ ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘത്തിന്റെ, ബഹുമാനപ്പെട്ട മന്ത്രിയുടെ മണ്ഡലത്തിൽപ്പെട്ട ചേങ്കോട്ടുകോണം ശാഖയിൽ മൂന്നരക്കോടി രൂപയുടെ മുക്കുപണ്ടപ്പണയംവയ്പ്പ് നടന്നിരിക്കുകയാണ്. മന്ത്രിയുടെ പാർട്ടിയിൽപ്പെട്ടവരുടെ നിയന്ത്രണത്തിലുള്ള സഹകരണസംഘം, മന്ത്രിയുടെ പാർട്ടിയിലെ അംഗങ്ങൾ, ജീവനക്കാർ, ഇവർ നടത്തിയിട്ടുള്ള ഈ ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ...

ശ്രീ. എം. വിൻസെന്റ്: സർ, അത് സംബന്ധിച്ച് പോലീസ് കേസ് എടുത്തിട്ടുണ്ട്. എന്തുകൊണ്ടാണ് അതിനുത്തരവാദികളായ ജീവനക്കാരെ അറസ്റ്റ് ചെയ്യാത്തത്; മൂന്നരക്കോടി രൂപയുടെ ക്രമക്കേട്, ഈ സംഘത്തെ പിരിച്ചുവിടാൻ മതിയായ കാരണമല്ലേ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, മന്ത്രിയുടെ മണ്ഡലമാണോ അല്ലയോ എന്നുള്ളതൊന്നും ക്രമക്കേടുമായി ബന്ധപ്പെട്ട് പരിശോധിക്കേണ്ട കാര്യമല്ല. എവിടെയാണോ കൊള്ളരുതായ്മയും ക്രമക്കേടും നടന്നിട്ടുള്ളത് അതിനെതിരെ കർശന നടപടി സ്വീകരിക്കുക എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അയിരൂപ്പാറ ഫാർമേഴ്സ് ബാങ്കിൽ നടന്ന ക്രമക്കേട് മന്ത്രിയുടെ ഓഫീസ് ഇടപെട്ട് നടത്തിയ പരിശ്രമത്തിന്റെ ഫലമായാണ് കണ്ടുപിടിച്ചത്. അതിനുവേണ്ട നല്ല ശ്രമം സർക്കാരും നടത്തുകയുണ്ടായി. സാധാരണഗതിയിൽ ഒരു താലൂക്കിൽ പരിശോധനയ്ക്ക് പോകുന്ന ഉദ്യോഗസ്ഥരെ ഒഴിവാക്കി ഇതര ജില്ലകളിൽ നിന്നുള്ള ഉദ്യോഗസ്ഥരെ പരിശോധനയ്ക്ക് അയച്ച് സ്വർണ്ണപ്പണയ വായ്പയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ക്രമക്കേടുകൾ സംഘങ്ങളിൽ നടക്കുന്നുണ്ടോയെന്ന് ആത്മാർത്ഥമായി തിരിച്ചറിയുന്നതിനുവേണ്ടി നടത്തിയ ശ്രമമാണ് അയിരൂപ്പാറ ഫാർമേഴ്സ് ബാങ്കിലും മറ്റു ചില ബാങ്കുകളിലും ക്രമക്കേട് നടക്കുന്നതായി മനസ്സിലാക്കാൻ സാധിച്ചത്. പല തരത്തിലുള്ള ക്രമക്കേടുകൾ നടക്കുന്നുണ്ട്. ഈ ക്രമക്കേടുകളിന്മേൽ കർശന നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതിൽ നേരിട്ട് ബന്ധമുള്ളവരെല്ലാം ജയിലിലാണ്. അശ്രദ്ധയോടു കൂടിയാണെങ്കിലും ഇത് കൈകാര്യം ചെയ്തവരും ഇതിൽ പ്രതികളായി വന്നിട്ടുണ്ട്. അവരെല്ലാം അറസ്റ്റ് ചെയ്യപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. ഇതൊരു ചെറിയ കാര്യമായി കാണാത്തതുകൊണ്ട് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സമൂഹത്തിൽ വളരെ മാന്യതയും ശ്രദ്ധിക്കപ്പെടുകയും ചെയ്യുന്ന ചില ആളുകളാണ്, ബാങ്കിൽ ഇത്തരം സ്വർണ്ണം പണയം വയ്ക്കുന്നത്. പണയം വയ്ക്കാൻ വ്യാജസ്വർണ്ണമാണ് കൊണ്ടുവരുന്നതെന്ന് വിശ്വസിക്കാൻ സാധിക്കാത്ത തരത്തിലുള്ളവരാണ് ഇത് ചെയ്തിട്ടുള്ളത്. എന്തായാലും എല്ലാവരും ഇപ്പോൾ ജയിലിലാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ഇത്രയും വലിയൊരു തട്ടിപ്പ് നടന്നിട്ടും ആ ബ്രാഞ്ചിൽ മാത്രമാണ് അന്വേഷണം പരിമിതപ്പെടുത്തിയിട്ടുള്ളത്. ഈ ബാങ്കിന് തന്നെ നാല് ബ്രാഞ്ചുകളുണ്ട്. ഈ നാല് ബ്രാഞ്ചുകളിലും ഇതേ സ്വഭാവത്തിലുള്ള തട്ടിപ്പുകൾ നടന്നിട്ടുണ്ടെന്ന് വ്യാപകമായി സംശയിക്കപ്പെടുമ്പോൾ എന്തുകൊണ്ടാണ് അന്വേഷണം മറ്റ് ബ്രാഞ്ചുകളിലേയ്ക്കു കൂടി വ്യാപിപ്പിക്കാത്തത്; ഈ സംഘത്തിലും അങ്ങയുടെ മണ്ഡലത്തിൽത്തന്നെയുള്ള മാധവവിലാസം ബാങ്കിലും ഇത്രയും വലിയ ക്രമക്കേടുകൾ നടന്നിട്ടും ആ സംഘങ്ങളെ എന്തുകൊണ്ടാണ് പിരിച്ചുവിടാത്തത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എല്ലാ ബ്രാഞ്ചുകളിലും അന്വേഷണം നടത്തിയിട്ടുണ്ട്; അതിന്റെ റിസൾട്ടും ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. പോലീസിന്റെ അന്വേഷണം ആ ബാങ്കിൽ മാത്രമല്ല, ഇതിനു പിന്നിൽ വലിയ റാക്കറ്റ് പ്രവർത്തിക്കുന്നുണ്ടാകുമെന്നാണ് കരുതുന്നത്. കാരണം, പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കാത്ത തരത്തിലുള്ള

വ്യാജസ്വർണ്ണമാണ് കൊണ്ടുവന്നിട്ടുള്ളത്. അതെല്ലാം തന്നെ വിദേശരാജ്യങ്ങളിൽ കേന്ദ്രീകരിച്ചുണ്ടാക്കുന്ന സ്വർണ്ണമാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. മുറിച്ചുനോക്കിയാൽ മാത്രമേ അത് വ്യാജമാണോ അല്ലയോയെന്ന് തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. സാധാരണഗതിയിൽ അപ്രൈസറുടെ ഉറപ്പുകൊണ്ടൊന്നും തിരിച്ചറിയാൻ സാധിക്കില്ല. ഈ ബാങ്കിൽ മാത്രമാണോ നമ്മുടെ സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ഇത് ചെയ്തിട്ടുണ്ടോയെന്ന് അറിയുന്നതിന് വിശദമായ അന്വേഷണത്തിന് ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. മാധവവിലാസം ബാങ്കിൽ 2.15 ലക്ഷം രൂപയുടെ സ്വർണ്ണപ്പണയത്തെ സംബന്ധിച്ച ഒരു ക്രമക്കേട് നടന്നു. അവിടത്തെ ബ്രാഞ്ച് മാനേജരെ സസ്പെന്റ് ചെയ്തു. പോലീസ് അന്വേഷണം നിലവിലുണ്ട്. അയാളെ അറസ്റ്റ് ചെയ്യുകയും തൊണ്ടിമുതൽ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. കർശനമായ നടപടി ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും ഏറ്റവും വിശ്വസ്ത സ്ഥാപനമായ സഹകരണ ബാങ്കുകൾ തട്ടിപ്പിന്റെയും ക്രമക്കേടുകളുടെയും വിളനിലമായി മാറുന്നത് അതിന്റെ വിശ്വാസ്യത നഷ്ടപ്പെടാൻ കാരണമാകുന്നു. ഈ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയിരിക്കുന്ന ഉത്തരത്തിൽനിന്നും വളരെ ഗുരുതരമായ ക്രമക്കേടുകളാണ് സംസ്ഥാന വ്യാപകമായി നടന്നിട്ടുള്ളതെന്ന് മനസ്സിലാക്കാം. ഉദാഹരണത്തിന് കരിവള്ളൂർ ബാങ്കിൽ 3.01 കോടി രൂപയുടെയും കാസർഗോഡ് ജില്ലയിലെ മുട്ടത്തൊടി ബാങ്കിൽ 4.6 കോടി രൂപയുടെയും അയിരൂപ്പാറയിൽ 3.25 കോടി രൂപയുടെയും മാവേലിക്കരയിൽ 8.25 കോടി രൂപയുടെയും ക്രമക്കേടുകളാണ് നടന്നിരിക്കുന്നത്. അങ്ങ് നൽകിയിരിക്കുന്ന ഉത്തരത്തിൽ 'വകുപ്പുതല അന്വേഷണം നടന്നുവരുന്നു' എന്നതല്ലാതെ ആരെയെങ്കിലും ശിക്ഷിക്കുകയോ ആർക്കെങ്കിലുമെതിരെ കർശന നടപടിയെടുത്തോ എന്നൊന്നും ഇല്ല. 'വകുപ്പുദ്യോഗസ്ഥർക്ക് ഇതിൽ എന്തെങ്കിലും പങ്കുണ്ടോ'യെന്ന ചോദ്യത്തിന്, 'ഇല്ല' എന്ന ഉത്തരമാണ് നൽകിയിരിക്കുന്നത്. പീരിയോഡിക്കലായി വകുപ്പുതല ഉദ്യോഗസ്ഥരുടെ അന്വേഷണം നടക്കേണ്ടതാണ്. സ്വർണ്ണപ്പണയത്തിന് ഓർഡിനറി ബാങ്കിലെ പലിശനിരക്ക് 11 ശതമാനമാണ്. കാർഷിക വായ്പയാണെങ്കിൽ 7 ശതമാനത്തിന് ലഭിക്കും. അതിന് വ്യക്തമായ ചില നിബന്ധനകളുണ്ട്. അപ്രൈസറുടെ കാര്യമുണ്ട്. ലോക്കർ സൗകര്യമുണ്ടാകണം. ഗോൾഡ് ലോൺ കൊടുക്കുന്നതിന് അലാറം സിസ്റ്റമുള്ള സംവിധാനമുണ്ടാകണം. സ്ട്രോംഗ് റൂം വേണം. ഈ നിബന്ധനകളൊക്കെയുണ്ടായിട്ടും ഇങ്ങനെ ക്രമക്കേടുകൾ നടക്കുന്നത് ഉദ്യോഗസ്ഥർ അറിയാതെയല്ല. അതുകൊണ്ടുതന്നെ മാതൃകാപരമായ ശിക്ഷ നൽകിയാൽ മാത്രമേ ഇത് അവസാനിക്കൂ. ഇല്ലെങ്കിൽ നമ്മുടെ ബാങ്കിംഗ് സമ്പ്രദായം തകർന്നുപോകും. അതിനുള്ള ശക്തമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പറയുന്നത് ശരിയാണ്. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അനാസ്ഥ ഇക്കാര്യത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. ശരിയായ പരിശോധന നടത്താൻ ഉദ്യോഗസ്ഥർ തയ്യാറാകുന്നില്ല എന്ന പ്രശ്നമുണ്ട്. ഇപ്പോൾ തട്ടിപ്പ് നടത്തിയ ആളുകളിൽ മാത്രം ഇക്കാര്യം ഒതുക്കിനിർത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അങ്ങ് ഇവിടെ സൂചിപ്പിച്ച കരിവള്ളൂർ ബാങ്ക് ഒരു സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന നിലയിൽ തട്ടിപ്പിനുവേണ്ടിമാത്രം രൂപീകരിച്ച ബാങ്കാണ്. അതിന്റെ ആകെ നിക്ഷേപമായ 3.25 കോടി രൂപയിൽ 3.01 കോടി രൂപയുടേത് വ്യാജസ്വർണ്ണമാണ്. ഇത്തരം കാര്യങ്ങളിൽ കാലാകാലങ്ങളിൽ പരിശോധിക്കുന്ന ഉദ്യോഗസ്ഥരെ കർശനനടപടിക്ക് വിധേയമാക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. അയിരൂപ്പാറ ഫാർമേഴ്സ് ബാങ്കിൽ 2 വർഷത്തിനിടയിലാണ് തട്ടിപ്പ് നടന്നത്. അതിനിടയിൽ ബാങ്ക് പരിശോധിക്കാൻ നിയുക്തരായ ഉദ്യോഗസ്ഥരുടെ പട്ടിക ചോദിച്ചിട്ടുണ്ട്. അത് കിട്ടിയാലുടൻ ഇവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണ്. ഈ ബാങ്കിൽ മാത്രമല്ല, എവിടെയും ഇത് കർശനമാക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, കഴിഞ്ഞ സഭാസമ്മേളനത്തിൽ അങ്ങ് നൽകിയ മറുപടിയിൽ 13/2018, 22/2016 എന്നീ സർക്കുലർ പ്രകാരമുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്നും ശക്തമായ നടപടിയെടുക്കുമെന്നും പറഞ്ഞിരുന്നു. അതുതന്നെ ഇപ്രാവശ്യവും ആവർത്തിച്ച് പറയുകയാണ്. ഇതര സംസ്ഥാനങ്ങളിലെ ബാങ്കുകളിൽ ഇത്തരം തട്ടിപ്പുകൾ ആവർത്തിക്കപ്പെടുന്നതും അതിന് വകുപ്പുതല നടപടികൾ ഉണ്ടാകുന്നുവെന്നുള്ളതും യാഥാർത്ഥ്യമാണ്. എന്നാൽ കുറ്റക്കാർ ശിക്ഷിക്കപ്പെടുന്നുവെന്ന് ഗവൺമെന്റ് ഉറപ്പുവരുത്തേണ്ടതാണ്. അതിന് എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്; അതായത് നിയമ കോടതികളിൽ നിന്നും ഈ വ്യക്തികൾക്ക് ശിക്ഷ ലഭിക്കുന്നുവെന്നത് ഗവൺമെന്റ് ഉറപ്പ് വരുത്തുന്നുണ്ടോ? ഇതിൽ ഒരു റാക്കറ്റ് പ്രവർത്തിക്കുന്നുവെന്ന് അങ്ങ് ഈ സഭയിൽ പറഞ്ഞു. അത് ഗുരുതരമായ വിഷയമാണ്. ക്രൈംബ്രാഞ്ചിന്റെ വിദഗ്ദ്ധ ടീമിനെ ഈ തട്ടിപ്പിന്റെ അന്വേഷണത്തിനായി നിയോഗിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, സഹകരണബാങ്കുകളിൽ ക്രമക്കേട് നടത്തുന്ന ജീവനക്കാരെയും തട്ടിപ്പിന് നേതൃത്വം നൽകുന്നവരെയും നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനുവേണ്ട കർശന നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ഇതിൽ യാതൊരു തരത്തിലുള്ള വീഴ്ചയും കാണിക്കുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2016-ൽ ഇറക്കിയ സർക്കുലറിൽ ഭരണ സമിതിക്കും അതിൽ ഉത്തരവാദിത്വമുണ്ടെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. മാവേലി

ക്കരയിലെ ഒരു ബാങ്കിൽ 34 കോടി രൂപയുടെ തട്ടിപ്പ് നടന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഭരണസമിതിക്ക് ഉത്തരവാദിത്വമില്ല എന്ന് പറയാൻ സാധിക്കില്ല. മൂന്ന് മാസത്തിലൊരിക്കൽ പരിശോധിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ വിശദമായ പരിശോധന മുഴുവൻ സ്വർണ്ണത്തിന്മേലുമുണ്ടാകണം. അത് പരിശോധിച്ച് കൃത്യമായി കൊടുക്കുന്നതായി ഒരു കടലാസിൽ രേഖപ്പെടുത്തിത്തരണമെന്ന് പറഞ്ഞിട്ടുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ ഇത് കൃത്യമായി ചെയ്താൽ തട്ടിപ്പെല്ലാം തടയാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. ജീവനക്കാർക്ക് മാത്രമല്ല ഭരണസമിതിക്കും കൃത്യമായ ഉത്തരവാദിത്വം ഏൽപ്പിച്ചുകൊണ്ടുള്ള പുതിയ സർക്കുലറാണ് 2016-ലേത്.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി <u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, ഇവിടെ അങ്ങ് പറഞ്ഞ മറുപടി ഒട്ടും തൃപ്തികരമല്ല. തട്ടിപ്പുകൾ നടന്ന അയിരൂപ്പാറ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലും അതുപോലെ തിരുവനന്തപുരത്തെ കുളത്തൂർ മാധവവിലാസം സഹകരണ സംഘത്തിലും ഡയറക്ടർ ബോർഡ് മെമ്പേഴ്സ് സി.പി.എം.-കാരാണ്. ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തുവെന്നാണ് അങ്ങ് പറഞ്ഞത്. എന്നാൽ യു.ഡി.എഫ്. ഭരിക്കുന്ന മറ്റു പല സ്ഥലങ്ങളിൽ ഇതുപോലെ എന്തെങ്കിലും തട്ടിപ്പുണ്ടായാൽ അപ്പോൾത്തന്നെ ഡയറക്ടർ ബോർഡ് പിരിച്ചുവിടുകയാണ് ചെയ്യുന്നത്. തിരുവനന്തപുരം സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നടത്തിയ സാമ്പത്തിക തട്ടിപ്പ് ഭരണസമിതിയാണ് കണ്ടെത്തിയത്. സെക്രട്ടറിക്കെതിരെ നടപടിയെടുക്കാൻ ഭരണസമിതി പരാതി കൊടുക്കുകയും ചെയ്തു. ഗവൺമെന്റ് തീരുമാനപ്രകാരം ഡയറക്ടർ ബോർഡ് പിരിച്ചുവിട്ടു. സെക്രട്ടറിക്കെതിരെ നടപടിയെടുക്കേണ്ടതിനു പകരം ഭരണസമിതി തന്നെ പിരിച്ചുവിട്ടു. ഡയറക്ടർ ബോർഡ് പിരിച്ചുവിട്ടത് ഇരട്ടത്താപ്പാണ്. ഇവിടെ കുളത്തൂരും അതുപോലെ സംഭവിച്ചു. അയിരൂപ്പാറ ഫാർമേഴ്സ് ബാങ്കിലും സി.പി.എം.-ന്റെ ഡയറക്ടർ ബോർഡ് മെമ്പർ ആയതുകൊണ്ട് അവർക്കാർക്കും ഉത്തരവാദിത്വമില്ല. എന്തിനാണ് സർക്കാർ ഈ രണ്ടു നയം സ്വീകരിക്കുന്നത്? അങ്ങ് മാവേലിക്കരയിലെ യു.ഡി.എഫ്. ഭരിക്കുന്ന ബാങ്കിനെപ്പറ്റി പറഞ്ഞു. തട്ടിപ്പ് നടത്തുന്നത് യു.ഡി.എഫ്. ആയാലും എൽ.ഡി.എഫ്. ആയാലും ശക്തമായ നടപടിയെടുക്കേണ്ടത് ആവശ്യമാണ്. അങ്ങ് ഇരട്ടത്താപ്പ് കാണിക്കുന്നു. അങ്ങെന്തുകൊണ്ടാണ് അയിരൂപ്പാറ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെയും കുളത്തൂർ മാധവവിലാസം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെയും ഡയറക്ടർ ബോർഡ് മെമ്പേഴ്സിനെ പിരിച്ചുവിടാൻ തയ്യാറാകാത്തത്? അങ്ങ് ഈ അഴിമതിക്കാരെ സംരക്ഷിക്കുകയല്ലേ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, സഹകരണ സംഘത്തെ പിരിച്ചുവിടുക എന്നത് അതിന്റെ നടപടിക്രമങ്ങളുടെ ഭാഗമായി അന്വേഷണങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്കാണ് ചെയ്യുന്നത്. അന്വേഷണങ്ങളുടെ പൂർത്തീകരണത്തിന്റെ ഭാഗമായി ആ കാര്യങ്ങളുണ്ടാവും. പിരിച്ചുവിടേണ്ട കാര്യങ്ങളാണെങ്കിൽ പിരിച്ചുവിടും. സെക്രട്ടേറിയറ്റ് ഹൗസിംഗ് സഹകരണ സംഘത്തിനുണ്ടായിട്ടുള്ളതും അത്തരം കാര്യമാണെന്ന് ദയവുചെയ്ത് മനസ്സിലാക്കണം. മാവേലിക്കര ബാങ്ക് മാത്രമല്ല, പഴയ കാലത്ത് നടന്ന എല്ലാ തട്ടിപ്പിന്റേയും, ഈ ഗവൺമെന്റ് വന്നതിനുശേഷം നടന്ന തട്ടിപ്പിന്റെയും കണക്ക് എന്റെ കൈവശമുണ്ട്. ഒരു തട്ടിപ്പുകാരെയും ഗവൺമെന്റ് സംരക്ഷിക്കുകയില്ല, കൂടാതെ കർശന നടപടി സ്വീകരിക്കുകയും അവരെയെല്ലാം ജയിലിലാക്കുകയും ചെയ്യും. ഒരു സംശയവും വേണ്ട.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, 1000 രൂപയുടെയും 500 രൂപയുടെയും നോട്ടുകൾ അസാധുവാക്കിയതിനെത്തുടർന്ന്, സംസ്ഥാനത്ത് നടന്ന ചർച്ചകൾ പലപ്പോഴും സഹകരണ ബാങ്കുകളിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നുവെന്ന് പ്രചരിപ്പിക്കുവാൻ ചിലർ ശ്രമം നടത്തുകയുണ്ടായി. അത്തരം ശ്രമങ്ങളെ അതിജീവിക്കാൻ ഈ സഹകരണ ബാങ്കുകൾക്ക് സാദ്ധ്യമായി. എന്നാൽ ഇപ്പോൾ സഹകരണ സ്ഥാപനങ്ങളുടെ വിശ്വാസ്യത തകർക്കുംവിധം മുക്കുപണ്ട പണയ തട്ടിപ്പ് കൂടുതൽ വർദ്ധിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് കർശന നടപടി സ്വീകരിക്കുമെന്ന് പറയുന്നുണ്ടെങ്കിൽപ്പോലും പലപ്പോഴും ഉത്തരവാദപ്പെട്ടയാളുകളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ സാധ്യമാകുന്നില്ല എന്ന അവസ്ഥ നിലനിൽക്കുകയാണ്. ബൈലായിൽ സ്വർണ്ണപ്പണ്ടമെടുക്കുവാൻ വ്യവസ്ഥ ചെയ്യാത്ത സഹകരണ സംഘങ്ങൾ ഉൾപ്പെടെ സ്വർണ്ണ പ്പണയം കൊടുക്കുന്നുവെന്ന കാര്യം കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത്തരം സ്ഥാപനങ്ങളെ കർശനമായി നിയന്ത്രിക്കണം. അതോടൊപ്പം അപ്രൈസർമാർ ഇതിന് യോഗ്യരാണോയെന്ന് പരിശോധിക്കുകയും അവർക്കാവശ്യമായ പരിശീലനം നൽകുകയും വേണം. മാസത്തിലൊരിക്കലെങ്കിലും സ്വർണ്ണപ്പണ്ടങ്ങൾ ചെക്ക് ചെയ്യാനുള്ള സംവിധാനം കൂടി ഉണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, സ്വർണ്ണപ്പണയ വായ്പാത്തട്ടിപ്പ് ശരിതന്നെയാണ്. നമ്മുടെ സംസ്ഥാനത്ത് 1600 Primary Agricultural Credit Societies (PACS) ഉൾപ്പെടെ ഏതാണ്ട്, 4000 ത്തോളം ക്രെഡിറ്റ് സംഘങ്ങളുണ്ട്. അതിൽ വളരെക്കുറച്ച് സംഘങ്ങളിൽ മാത്രമാണ് ഇക്കാര്യങ്ങൾ നടന്നിട്ടുള്ളത്. അതിനെയൊരിക്കലും ന്യായീകരിക്കുവാൻ സാധിക്കുകയില്ല. എന്തുകൊണ്ട് വളരെ ഗൗരവപൂർവ്വമായി ഇത് പുറത്തുവരുന്നെന്നു ചോദിച്ചാൽ, ഇത് ജനങ്ങളുടെ പ്രസ്ഥാനമായതുകൊണ്ടാണ്. സംസ്ഥാനത്ത് കൊമേഴ്സ്യൽ ബാങ്കുകളുടെ സ്ഥിതി

പരിശോധിച്ചാൽ നമ്മൾ അത്ഭുതപ്പെട്ടുപോകുന്ന തരത്തിലാണ് കാര്യങ്ങളെങ്കിലും ജനങ്ങളുമായി അതിന് ബന്ധമില്ലാത്തതുകൊണ്ട് അതൊന്നും പുറത്തുവരുന്നില്ല. 10,000 കോടി, 15,000 കോടി രൂപയൊക്കെ അടിച്ചുമാറ്റുന്നതായുള്ള കാര്യങ്ങളാണ് നമ്മൾ മനസ്സിലാക്കുന്നത്. ഇത് ജനങ്ങളുടെ ബാങ്കായതുകൊണ്ടാണ് ചെറിയ കാര്യങ്ങൾപോലും പുറത്തുവരുന്നത്. കുളത്തൂർ മാധവവിലാസം ബാങ്കിൽ 2.15 ലക്ഷം രൂപയുടെ ക്രമക്കേടാണ് ഇപ്പോൾ നടന്നത്. ആ പ്രശ്നത്തെ വലിയ ഗൗരവമായി തന്നെയാണ് നമ്മൾ കാണുന്നത്. അവിടത്തെ മാനേജരെ സസ്പെന്റ് ചെയ്തു, അയാളുടെ പേരിൽ കേസ്സെടുത്തു. കുറെ ദിവസം അയാൾ പോലീസ് കസ്റ്റഡിയിലായിരുന്നു. 2.15 ലക്ഷം രൂപ നമ്മെ സംബന്ധിച്ച് സഹകരണ മേഖലയിൽ വളരെ പ്രധാനപ്പെട്ട കാര്യം തന്നെയാണ്. അതുകൊണ്ട് അക്കാര്യത്തിൽ യാതൊരു തരത്തിലുള്ള വിട്ടുവീഴ്ചയ്ക്കും ഗവൺമെന്റ് തയ്യാറല്ല. സ്വർണ്ണപ്പണയ വായ്പയെടുക്കാൻ പാടില്ലാത്ത ബാങ്കുകളിൽ സ്വർണ്ണപ്പണയ വായ്പയെടുത്തുവെന്ന് അങ്ങ് സൂചിപ്പിച്ച കാര്യം പരിശോധനക്ക് വിധേയമാക്കാം.

ശ്രീ. എം. ഉമ്മർ: സർ, സഹകരണ പ്രസ്ഥാനങ്ങളുടെ വിശ്വാസ്യതയാണ് പ്രധാനപ്പെട്ട പ്രശ്നം. സഹകരണ പ്രസ്ഥാനങ്ങൾ നിലനിൽക്കുന്നതുതന്നെ ജനങ്ങളുടെ വിശ്വാസത്തിനനുസരിച്ചാണ്. അയിരൂപ്പാറ, മാധവവിലാസം എന്നീ ബാങ്കുകളിൽ നടന്നിട്ടുള്ള തട്ടിപ്പിന് കൂട്ടുനിന്നയാളുകളുടെ പേരിൽ ഏതെല്ലാം വകുപ്പുകളിലാണ് കേസെടുത്തിട്ടുള്ളത്; ആ കേസ്സിന്റെ സ്ഥിതി ഇപ്പോൾ എന്താണ്; അവരൊക്കെത്തന്നെ ജാമ്യത്തിലാണോ; അതോ അവരെയാരെയെങ്കിലും റിമാൻഡ് ചെയ്തിരുന്നുവോ എന്നതിനെ സംബന്ധിച്ച് വ്യക്തമാക്കാമോ; സഹകരണ സംഘം പിരിച്ചുവിടാൻ കുറച്ച് കാലതാമസമെടുക്കുമെങ്കിലും ഇവരുടെ പേരിൽ എടുത്തിട്ടുള്ള ക്രിമിനൽ ബ്രീച്ച് ഓഫ് ട്രസ്റ്റ്, ചീറ്റിംഗ്, ക്രിമിനൽ കോൺസ്പിറസി, ഇതിൽ ആരൊക്കെയാണ് പ്രതികളായിട്ടുള്ളത് എന്നുള്ളത് വ്യക്തമാക്കുമോ ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അയിരൂപ്പാറ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിലെ ബ്രാഞ്ച് മാനേജർ, ജൂനിയർ ക്ലാർക്ക്, അപ്രൈസർ എന്നിവരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. പോലീസ് അന്വേഷണം നടത്തി 5 പ്രതികളെ അറസ്റ്റ് ചെയ്തു. അവരിപ്പോൾ റിമാൻഡിലാണ്. വകുപ്പുകളെ സംബന്ധിച്ച് പ്രത്യേകം ചോദ്യം വേണം. മാധവവിലാസം ബാങ്കിലെ ബ്രാഞ്ച് മാനേജരെ സസ്പെന്റ് ചെയ്യുകയും അറസ്റ്റുചെയ്യുകയും ചെയ്തിട്ടുണ്ട്. പോലീസ് അന്വേഷണം നിലവിലുണ്ട്; തൊണ്ടിമുതൽ കണ്ടെത്തിയിട്ടുണ്ട്. കൊല്ലത്ത് സിറ്റി സർവ്വീസ് സഹകരണ സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ

ചെയ്തിട്ടുണ്ട്. പത്തനംതിട്ടയിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല. ആലപ്പുഴയിൽ, മാവേലിക്കര താലൂക്ക് സഹകരണ ബാങ്കിൽ 8.17 കോടി രൂപയുടെ സ്വർണ്ണപ്പണയ വായ്പാത്തട്ടിപ്പ് ഉണ്ടായിട്ടുണ്ട്. തഴക്കര ബ്രാഞ്ച് മാനേജർ ശ്രീമതി ജ്യോതി മധു, ക്യാഷ്യർ ശ്രീമതി ബിന്ദു ജി. നായർ, ക്ലാർക്ക് ശ്രീമതി കുട്ടിസീമാ ശിവ ഇവരെയെല്ലാംതന്നെ മാവേലിക്കര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 134/17 ആയി ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നുണ്ട്. കൂടാതെ 34 കോടിരൂപയുടെ തട്ടിപ്പാണ് നടന്നത്. നിക്ഷേപത്തിലും വായ്പയിലും സ്വർണ്ണപ്പണയത്തിലും തട്ടിപ്പ് നടത്തുകയും സോഫ്റ്റ്‌വെയർ ക്രമക്കേട് നടത്തുകയും ചെയ്തു. അതുപോലെ തൃശ്ശൂരിലെ പുത്തൂർ ബാങ്കിലും തട്ടിപ്പ് നടന്നിട്ടുണ്ട്. അതിന്റെ വിശദാംശം മേശപ്പുറത്തുവയ്ക്കാം*. ക്രമക്കേടുകൾ ഏതു ബാങ്കിൽ നടന്നാലും കർശന നടപടിക്ക് വിധേയമാക്കും.

ശ്രീ. അബ്ദുൽ ഹമീദ്. പി. : സർ, പണയത്തിനുവേണ്ടി കൊണ്ടുവരുന്ന സ്വർണ്ണ ഉരുപ്പടികൾ ഒറിജിനലാണോ വ്യാജമാണോയെന്ന് തിരിച്ചറിയാൻ സാധിക്കാത്ത തരത്തിലുള്ളതാണ്. അതുപോലെ, അത് മുറിച്ചു നോക്കിയാൽപ്പോലും തിരിച്ചറിയാൻ സാധിക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. നൂതന സാങ്കേതികവിദ്യ ഇത്രയും വളർന്ന ഈ കാലഘട്ടത്തിൽ ഇതൊക്കെ പരിശോധനയ്ക്ക് വിധേയമാക്കാൻ സാധിക്കുന്ന തരത്തിലുള്ള പ്യൂരിറ്റി അനലൈസർ (സ്വർണ്ണം പരിശോധിക്കാൻ വേണ്ടിയുള്ള ഉപകരണം) കെൽട്രോൺ ഇറക്കിയിട്ടുണ്ട്. അതും ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. സഹകരണ വകുപ്പ് ഉദ്യോഗസ്ഥരെ മാത്രം കുറ്റംപറഞ്ഞിട്ട് കാര്യമില്ല. ഇവിടെ ജോലിചെയ്യുന്ന ഉദ്യോഗസ്ഥർ സ്ഥിരമായി അഞ്ചും ആറും പത്തും കൊല്ലം ഒരേ സെക്ഷനിൽ ഇരിക്കുമ്പോൾ അത് അപ്രൈസർ ആയിരുന്നാലും അത് ഡീൽ ചെയ്യുന്ന ആളായിരുന്നാലും തട്ടിപ്പിന് സൗകര്യം ഒരുക്കിക്കൊടുക്കുകയാണ് ചെയ്യുന്നത്. ഒരു നിശ്ചിത സമയം മാത്രം അത്തരം സെക്ഷനിൽ ഉദ്യോഗസ്ഥരെ നിയമിച്ച് വർഷം തോറും അവരെ മാറ്റുന്ന സംവിധാനമുണ്ടായാൽ കുറെ തട്ടിപ്പുകൾ കുറയ്ക്കാൻ സാധിക്കും. സാങ്കേതികവിദ്യ പരമാവധി ഉപയോഗിച്ച് നല്ല രീതിയിൽ സ്വർണ്ണം പരിശോധിക്കാൻ കഴിയുന്ന തരത്തിലുള്ള ഉപകരണം സ്വർണ്ണം പണയത്തിനെടുക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ഇംപ്ലിമെന്റ് ചെയ്യാനുള്ള നടപടികൾക്ക് ഗവൺമെന്റ് നേതൃത്വം നൽകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സാങ്കേതികവിദ്യ വളരെ ഉയർന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നതെങ്കിലും ഇക്കാര്യത്തിൽ പരിശോധന നടത്താൻ കഴിയുന്ന തരത്തിലുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കാൻ സാധിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്യൂരിറ്റി അനലൈസറിന്റെ കാര്യത്തിൽപ്പോലും അത് ശരിയായി മനസ്സിലാക്കാൻ സാധിക്കുന്നില്ലെന്നാണ് പറയുന്നത്. കഴിയുന്നത്ര സാങ്കേതികവിദ്യ, കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ എന്നിവ പരിശോധിച്ച് അക്കാര്യത്തിൽ അവശ്യം വേണ്ട നടപടികൾ സ്വീകരിക്കാം. അങ്ങ് പറഞ്ഞ മറ്റൊരു കാര്യം ശരിയാണ്. ഇത്തരം ബാങ്കുകളിലെ ബ്രാഞ്ച് മാനേജർമാർ അല്ലെങ്കിൽ ഈ സ്ഥാപനങ്ങളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥർ കഴിച്ച് ഒരു വർഷത്തിൽ കൂടുതൽ ഒരേ സെക്ഷനിൽ ജോലി ചെയ്യരുത് എന്നുള്ള കർശന നിലപാട് സ്വീകരിക്കേണ്ടിവരും. അയിരൂപ്പാറ ഫാർമേഴ്സ് ബാങ്കിന്റെ കാര്യം പരിശോധിക്കുമ്പോൾ ഒരേ സ്ഥാപനത്തിൽ വർഷങ്ങളോളം ജോലിയിൽ തുടരുന്ന ആളുകൾ തമ്മിലുള്ള പരസ്പര ബന്ധമാണ് തട്ടിപ്പിന് കാരണമാകുന്നതെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്കിനുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ: സർ, സംസ്ഥാനത്ത് ചേക്കോട്ടുകോണം, പോത്തൻകോട്, അയിരൂപ്പാറ, കറുകച്ചാൽ, ചമ്പക്കര, തളിപ്പറമ്പ്, കരിവള്ളൂർ, കാസർഗോഡ്, പീലിക്കോട്, ഉദുമ, മാവേലിക്കര തുടങ്ങിയ സ്ഥലങ്ങളിലെ സഹകരണ ബാങ്കുകളിൽ വ്യാപകമായി തട്ടിപ്പ് നടക്കുന്നുണ്ടെന്നാണ് തോന്നുന്നത്. ഒരു സ്ഥലത്ത് ഒറിജിനലായ പണ്ടം പണയം വച്ചയാൾക്ക് തിരിച്ചെടുത്തപ്പോൾ മുക്കുപണ്ടമാണ് ലഭിച്ചത്. ഞാറ്റുവയൽ എന്ന സ്ഥലത്ത് ഹസൻ എന്നയാൾ ഒറിജിനലായി 9¼ പവൻ പണയം വച്ചിരുന്നു. ഒറിജിനൽ തിരിച്ചെടുത്തപ്പോൾ അയാൾക്ക് ലഭിച്ചത് മുക്കുപണ്ടമാണ്. അപ്പോൾ ഏതെല്ലാം തരത്തിലുള്ള തട്ടിപ്പ് നടക്കുന്നുണ്ട്. ഒരേ ആൾ തന്നെ 67-ഉം 85-ഉം തവണ പണയം വയ്ക്കുന്നുണ്ട്. അത് വലിയ ഗൂഢാലോചനയുടെ ഭാഗമായി ചെയ്യുന്നതാണ്. എന്നാൽ ചീറ്റിംഗ്, സസ്പെൻഷൻ തുടങ്ങി പോലീസ് കേസ്സെടുത്ത് ക്രൈംബ്രാഞ്ചിന് കൈമാറി. അതൊന്നും അവർക്ക് ഒരു പ്രശ്നമേയല്ല. അതുകൊണ്ട് ഈ പണം തിരിച്ചുകിട്ടാനുള്ള കർശന നടപടി ഉണ്ടാകണം. ക്രിമിനൽ കോടതിയിലെ കേസുകൊണ്ട് പണം തിരിച്ചുകിട്ടുകയില്ലല്ലോ. അയാൾ ചീറ്റ് ചെയ്തോ ഇല്ലയോ എന്നതിന് മാത്രമല്ലേ തെളിവുള്ളൂ. അതിനുള്ള ശിക്ഷയല്ലേ ഉണ്ടാകുകയുള്ളൂ. നഷ്ടമായ പണം തിരിച്ചുകിട്ടാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പണം തിരിച്ചുകിട്ടാനാവശ്യമായ നടപടികൾ എടുക്കുക എന്നതുതന്നെയാണ് ആദ്യമായി ചെയ്യുന്നത്. തട്ടിപ്പ് നടന്നത് ഏത് ബാങ്കിലായാലും സഹകരണ സംഘങ്ങളിലായാലും അതിന് നേതൃത്വം കൊടുക്കുന്നവരെല്ലാം കൂടിച്ചേർന്ന് ആ പണം തിരിച്ചെടുക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളുണ്ടോ അതെല്ലാം സ്വീകരിക്കും, അതോടൊപ്പംതന്നെ കേസ്സുമെടുക്കും. ഇത് രണ്ടും ഒരുമിച്ച് കൊണ്ടുപോകാനാണ് ശ്രമിക്കാറുള്ളത്. അങ്ങ് പറഞ്ഞ നല്ല സ്വർണ്ണം വച്ച് വ്യാജസ്വർണ്ണം തിരിച്ചുകിട്ടിയെന്ന് പറയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത് പരിശോധിച്ചുമാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. എ. എൻ. ഷംസീർ: സർ, സ്വർണ്ണപ്പണയ വായ്പാത്തട്ടിപ്പ് വളരെ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. അതിന് ഒരു പൊളിറ്റിക്കൽ കളർ കൊടുക്കുന്നത് ശരിയല്ല. ഏതായാലും സ്വർണ്ണപ്പണയ വായ്പാതട്ടിപ്പ് എന്നു പറയുമ്പോൾ അതിലൊരു ഇന്റേണൽ അണ്ടർസ്റ്റാന്റിംഗുണ്ട്. ഇത് കൃത്യമായി മോണിറ്റർ ചെയ്യുന്ന രീതി, ഒരു മെക്കാനിസം സ്ഥാപിക്കാൻ സാധിക്കുമോ; നേരത്തേ പരാമർശിച്ചതുപോലെ ഒരാൾ അപ്രൈസർ തസ്തികയിൽ സ്ഥിരമായി ഇരിക്കുമ്പോൾ അയാളും പുറത്തുള്ള കക്ഷികളും തമ്മിലുണ്ടാകുന്ന ഒരു അണ്ടർസ്റ്റാന്റിംഗ്, സ്വർണ്ണം സൂക്ഷിക്കുന്ന സ്ഥലത്ത് പെട്ടെന്ന് വിസിറ്റ് നടത്തി ആളുകൾക്ക് ഇടയ്ക്കിടയ്ക്ക് പരിശോധിക്കാനുള്ള സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇത് പരിശോധിക്കുന്നതിനുവേണ്ടിയുള്ള വ്യക്തമായ സംവിധാനം ഏർപ്പെടുത്തുന്നതിനാണ് 2018-ലെ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. അതിൽ വളരെ വ്യക്തമായി കാര്യങ്ങൾ സൂചിപ്പിക്കുന്നുണ്ട്. "സഹകരണ സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണപ്പണയ പണ്ടങ്ങളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പുവരുത്തുന്നതിന് സംഘം തലത്തിൽ സംഘം സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ്, സംഘം ജീവനക്കാരിൽ നിന്നും ഒരു പ്രതിനിധി, ഒരു ഭരണസമിതിയംഗം, ഒരു അപ്രൈസർ അതേ സംഘത്തിലെ ജീവനക്കാരൻ ആയിരിക്കരുത്. എന്നിവരുൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ പണയ സ്വർണ്ണങ്ങളുടെയും ആധികാരികത ടി കമ്മിറ്റി ഭൗതിക പരിശോധന നടത്തി വിലയിരുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിച്ചിരിക്കുന്ന നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രത്തിന്റെ മൂന്ന് പ്രതികൾ തയ്യാറാക്കേണ്ടതും ഒരു പ്രതി അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാറിന് മുമ്പാകെ ഓരോ മൂന്ന് മാസത്തിലൊരിക്കൽ സമർപ്പിക്കേണ്ടതും ബാക്കി രണ്ട് പ്രതികളിൽ ഒരു പ്രതി സംഘം അല്ലെങ്കിൽ ബാങ്ക് ബ്രാഞ്ചിലും രണ്ടാം പ്രതി സംഘം അല്ലെങ്കിൽ ബാങ്ക് ഹെഡ് ഓഫീസിലും സൂക്ഷിക്കേണ്ടതുമാണ്. ഇതുസംബന്ധിച്ച ആദ്യ സാക്ഷ്യപത്രം 15-3-2018-ന് മുമ്പ് സമർപ്പിക്കേണ്ടതാണ്. അയിരൂപ്പാറ ഫാർമേഴ്സ് ബാങ്കിലെ ക്രമക്കേടിന്റെ പശ്ചാത്തലത്തിലാണ് 2016-ലെ സർക്കുലർ സ്പഷ്ടീകരിച്ചുകൊണ്ടുള്ള വ്യക്തമായ സർക്കുലർ ഇറക്കിയത്. ഈ സർക്കുലറോടുകൂടി ഒരു പരിശോധനാ സമിതി വരികയാണ്. ആ സമിതി മൂന്ന് മാസത്തിലൊരിക്കൽ ബാങ്കിലിരിക്കുന്ന എല്ലാ സ്വർണ്ണവും പരിശോധിച്ച് അതിനെ സംബന്ധിക്കുന്ന കൃത്യത ഉറപ്പു വരുത്തേണ്ടതാണെന്ന് നിശ്ചയിച്ചിട്ടുണ്ട്. എന്തെങ്കിലും കുറവ് വന്നാൽ ബാങ്ക് ഭരണസമിതിക്കും അതിന്റെ ഉത്തരവാദിത്വം നിശ്ചയിച്ചുകൊണ്ടുള്ള തീരുമാനമാണ് ഇപ്പോൾ എടുത്തിരിക്കുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, തൃശ്ശൂർ ജില്ലയിലെ അടാട്ട് സർവ്വീസ് സഹകരണ ബാങ്കിലെ വലിയ തട്ടിപ്പിനെത്തുടർന്ന് ബാങ്ക് ഭരണസമിതി പിരിച്ചു വിട്ടിരിക്കുകയാണ്. അതിന്റെ അന്വേഷണം പൂർത്തിയാക്കി നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ടോ; കോൺഗ്രസ് ഭരിക്കുന്ന ഗുരുവായൂർ അർബൻ സഹകരണ ബാങ്കിനെതിരായി ഗുരുവായൂർ നഗരസഭയിലെ ബാങ്ക് അംഗങ്ങൾ കൂടിയായ ഏഴ് കൗൺസിലർമാർ ഒപ്പിട്ട പരാതി അങ്ങേയ്ക്ക് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അടാട്ട് ഫാർമേഴ്സ് സഹകരണ ബാങ്കിൽ നടന്ന തട്ടിപ്പിന്റെയും മറ്റ് പ്രശ്നങ്ങളുടെയും അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്, അത് നടന്നുകൊണ്ടിരിക്കുകയാണ്. സസ്പെൻഷൻ ദീർഘിപ്പിച്ച ഉത്തരവിന്റെ കാലാവധി 11-4-2018-ൽ അവസാനിക്കും. ആയതിന് മുമ്പായി എടുക്കേണ്ട നടപടിക്രമങ്ങൾ ഓരോന്നായി സ്വീകരിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കും. അങ്ങ് സൂചിപ്പിച്ച ഗുരുവായൂരിലെ ബാങ്കിന്റെ കാര്യത്തിൽ പരിശോധന നടന്നു വരികയാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, 'സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലും സംഘങ്ങളിലും വ്യാപകമായി സ്വർണ്ണപ്പണയ വായ്പാത്തട്ടിപ്പ് നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ' എന്നതാണ് ആദ്യത്തെ ചോദ്യം. ചോദ്യത്തിൽത്തന്നെ ഒരുതരം ദുഃസൂചന ഉള്ളതായിട്ടാണ് തോന്നുന്നത്. ഇതിനെക്കാൾ എത്രയോ കൂടുതലായി, നമ്മുടെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിലും ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകളിലും വമ്പൻ തട്ടിപ്പ് നടക്കുന്നതിന്റെ വിവരങ്ങൾ നമ്മൾ കേട്ടുകൊണ്ടിരിക്കുകയാണ്. അതുമായി താരതമ്യം ചെയ്യുമ്പോൾ സഹകരണ ബാങ്കുകളിൽ അങ്ങിങ്ങായി ഒറ്റപ്പെട്ട വളരെ ചെറിയ തട്ടിപ്പാണ് നടക്കുന്നത് എന്നുമാത്രമേ പറയാൻ സാധിക്കുകയുള്ളൂ. പക്ഷേ വ്യാപകമായി തട്ടിപ്പ് നടക്കുന്നു എന്ന നിലയിലാണ് അവതരിപ്പിക്കുന്നത്. നേരത്തേ കേരളത്തിലെ സഹകരണ മേഖലയെക്കുറിച്ച് വളരെ സംഘടിതമായി, കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടന്ന ഒരു രാഷ്ട്രീയ പ്രചരണമുണ്ട്. അതിന് ഏതാണ്ട് താളം പിടിക്കുന്ന മട്ടിലുള്ള ഒരു ചോദ്യമായിപ്പോയി ഇത്. അതുകൊണ്ട് ഇതിലെ യാഥാർത്ഥ്യം പുറത്ത് കൊണ്ടുവരണമെങ്കിൽ യഥാർത്ഥത്തിൽ ഷെഡ്യൂൾഡ് ബാങ്കുകളിലും സ്വകാര്യ ബാങ്കുകളിലുമൊക്കെ നടക്കുന്ന തട്ടിപ്പുമായി ഇവിടെ നടക്കുന്ന തട്ടിപ്പിനെ താരതമ്യം ചെയ്യണം. അങ്ങനെയൊരു പ്രസ്താവന അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അക്കാര്യം ഞാൻ നേരത്തേ തന്നെ സൂചിപ്പിച്ചതാണ്. നമുക്ക് 1600 PACS അടക്കം നാലായിരത്തോളം വരുന്ന സംഘങ്ങളുള്ളതിൽ കഷ്ടിച്ച് 25 സംഘങ്ങളിൽ തട്ടിപ്പ് നടന്നെന്നാണ് റിപ്പോർട്ട്.

മി. സ്പീക്കർ: വ്യാപകമായി എന്നതിനുപകരം അങ്ങിങ്ങായി എന്ന് പറയണമെന്നാണ് അദ്ദേഹം പറയുന്നത്. ...( ബഹളം)....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എന്റെ മറുപടി വ്യക്തമാണ്. ഞാൻ അതിൽ എന്തെങ്കിലും ദുഃസൂചന ഉണ്ടെന്ന അർത്ഥത്തിലല്ല പറഞ്ഞത്. ബഹുമാനപ്പെട്ട അംഗം എം. വിൻസെന്റ് എന്തെങ്കിലും ദുഃസൂചനയോടുകൂടി പറഞ്ഞതായി തോന്നാത്തതുകൊണ്ട് ഞാൻ ആ രൂപത്തിൽ തന്നെയാണ് മറുപടി നൽകിയത്. വ്യാപകമായി എന്ന് പറയുന്നത് ശരിയല്ല. ഞാൻ അതിന്റെ കണക്കുകൂടി പറഞ്ഞു. വളരെ വ്യക്തമല്ലേ? നാലായിരത്തോളം വരുന്ന സംഘങ്ങളിൽ സ്വർണ്ണപ്പണയവായ്പ കൊടുക്കുന്നുണ്ട്. അതിൽ 25-ൽ താഴെയുള്ള സംഘങ്ങളിലാണ് തട്ടിപ്പെല്ലാം നടന്നതെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വേറെ ഏതെങ്കിലും സംഘങ്ങളുണ്ടോ എന്ന് വളരെ വിശദമായ പരിശോധന നടത്തുമ്പോൾ അറിയാം. നമ്മുടെ സംസ്ഥാനത്തെ ഷെഡ്യൂൾഡ് ബാങ്കുകളിലെല്ലാം വലിയ തോതിൽ തട്ടിപ്പ് നടക്കുന്നുണ്ട്. 2.15 ലക്ഷം രൂപയുടെ തട്ടിപ്പ് ഒരു പ്രദേശത്തെ വലിയ സാമൂഹ്യ പ്രശ്നമായി മാറി. കാരണം ഇത് ജനങ്ങളുടെ ബാങ്കാണ്. ജനങ്ങളുടെ സംഘത്തിൽ 10 പൈസയുടെ തട്ടിപ്പ് നടന്നാലും ആളുകൾ സഹിക്കുകയില്ല. അതുകൊണ്ട് വ്യാപകമായി നടക്കുന്നുവെന്ന പ്രചാരണം ശരിയല്ല. ദുഃസൂചന അതിനകത്തുണ്ടോ എന്നെനിക്ക് മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടാണ് ഞാൻ അതിനുള്ള മറുപടി കൃത്യമായി നൽകാത്തത്.

ശ്രീ. വി. ജോയി: സർ, ഈ മേഖലയിൽ സ്വർണ്ണപ്പണയ തട്ടിപ്പുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അങ്ങ് പറഞ്ഞു. അതിൽ രണ്ടുമൂന്ന് കാര്യങ്ങൾ ചെയ്യാൻ ശ്രദ്ധിക്കുമോ എന്നാണ് അറിയേണ്ടത്. ഒന്ന്, ഡിപ്പാർട്ട്മെന്റിന്റെ ഇൻസ്പെക്ടർമാരും സഹകരണ ബാങ്കുകളിലെ ഓഡിറ്റർമാരും സ്ഥിരമായി ഒരു സ്ഥലത്ത് ഇരിക്കുകയാണ്. ദീർഘകാലമായിരിക്കുന്നവരെ മാറ്റുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ സ്വീകരിക്കണം. മറ്റൊന്ന്, ജില്ല വിട്ടുള്ള ഉദ്യോഗസ്ഥർക്ക് അന്വേഷണ ചുമതല കൊടുക്കണം. മിന്നൽ പരിശോധനാ സംവിധാനം ഈ മേഖലയിൽ ഏർപ്പെടുത്താൻ കഴിയുമോയെന്നുള്ളത് പരിശോധിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പരിശോധിക്കാം. സ്ഥിരമായി ഒരു സ്ഥലത്ത് ഇരിക്കുന്നത് തന്നെയാണ് പ്രശ്നമെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. അക്കാര്യത്തിൽ കർശനമായ നിലപാട് സ്വീകരിക്കുന്നുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഇവിടെ ശ്രീ. എം. വിൻസെന്റ് ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയിൽപ്പെട്ടവർ ഭരിക്കുന്ന ബാങ്കിലെ അഴിമതിക്ക് മന്ത്രി കൂട്ടുനിൽക്കുന്നുവെന്ന രീതിയിലാണ് ഇവിടെ സംസാരിച്ചത്. ....... (ബഹളം) .......

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: യെസ്..... പ്ലീസ്..... അങ്ങേയ്ക്ക് ചോദിക്കാനുള്ളത് ചോദിക്കൂ..... അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ല. മന്ത്രിയുടെ മണ്ഡലത്തിലെന്നേ പറഞ്ഞുള്ളൂ......

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കാസർഗോഡ് ജില്ലയിലെ മൂന്ന് ബാങ്കുകളുടെ പേര് ശ്രീ. കെ. എൻ. എ. ഖാദർ പറഞ്ഞു. പിലിക്കോട്, ഉദുമ, മുട്ടത്തോടി എന്നിവിടങ്ങളിലെ ബാങ്കുകൾ എൽ.ഡി.എഫ്. അല്ല യു.ഡി.എഫ്. ആണ് ഭരിക്കുന്നത്. എന്റെ മണ്ഡലത്തിലെ കുറ്റിക്കോൽ പഞ്ചായത്തിലുള്ള കോ-ഓപ്പറേറ്റീവ് ബാങ്ക് ഭരിക്കുന്നത് യു.ഡി.എഫ്. ആണ്. ആ ബാങ്കിൽ സ്വർണ്ണപ്പണയ തട്ടിപ്പുമായി ബന്ധപ്പെട്ട് കേസ്സെടുക്കുകയും ഭരണസമിതി പിരിച്ചുവിടുകയും ചെയ്തു. ഇപ്പോൾ ഹൈക്കോടതിയിൽപ്പോയി സ്റ്റേ വാങ്ങിയാണ് ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ തുടക്കത്തിൽത്തന്നെ പറഞ്ഞു, ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സംഘങ്ങൾ ഭരിക്കുന്നത് ആരാണെന്നുള്ളത് പ്രശ്നമല്ല. സംഘങ്ങളിൽ അഴിമതിയും കൊള്ളരുതായ്മയും തട്ടിപ്പും നടക്കുന്നുണ്ടോ യെന്നുള്ളതാണ് പ്രശ്നം. അത് യു.ഡി.എഫ്. ഭരിക്കുന്ന ബാങ്കായാലും എൽ.ഡി.എഫ്. ഭരിക്കുന്ന ബാങ്കായാലും ഗവൺമെന്റ് കർശന നടപടി സ്വീകരിക്കും. ആരാണ് കൂടുതൽ ഭരിക്കുന്നതെന്നുള്ളതിന്റെ കണക്കുകൾ വേണമെങ്കിൽ ഞാൻ മേശപ്പുറത്ത് വയ്ക്കാം. അതെടുത്ത് പരിശോധിച്ച് നോക്കാവുന്നതേയുള്ളൂ. താരതമ്യേന എൽ.ഡി.എഫ്.-ന്റെ ബാങ്കുകളുടെ എണ്ണം കുറവാണെന്നാണ് കാണുന്നത്.

### അന്തർ സംസ്ഥാന ചരക്കുനീക്കത്തിൽ നികുതിവെട്ടിപ്പ്

3 (*182) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അന്തർ സംസ്ഥാന ചരക്കുനീക്കത്തിൽ മതിയായ പരിശോധന ഇല്ലാത്തതിനാൽ വ്യാപകമായ നികുതിവെട്ടിപ്പ് നടക്കുന്നതായ വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) ഇ-വേ ബിൽ സംവിധാനം ഫലപ്രദമായി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ&ബി) ഇ-വേ ബിൽ നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ഒരു പരിധിവരെ നികുതിവെട്ടിപ്പിന് കാരണമായിട്ടുണ്ട്. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-1-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് അന്തർ സംസ്ഥാന ചരക്കുനീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദപരിശോധനയ്ക്ക് വിധേയമാക്കാൻ കഴിയും. ഇത് ഒരു പരിധിവരെ ചെക്ക്പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കും. ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പുവരുത്തുന്നതിനായി ചരക്കുവാഹനങ്ങളുടെ ഭൗതികപരിശോധന നടത്തുന്നതിനുവേണ്ടി ചെക്ക്പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കള്ളക്കടത്തും നികുതിവെട്ടിച്ചുള്ള ചരക്കുനീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാന അതിർത്തികളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

(സി) 1-2-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ടായിരുന്നു. എന്നാൽ ഇ-വേ ബില്ലിന്റെ സോഫ്റ്റ്വെയറിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടായതിനെ തുടർന്ന് വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇതിനെത്തുടർന്ന് കേന്ദ്ര സർക്കാർ ഇ-വേ ബിൽ നിർബന്ധമല്ലാതാക്കിക്കൊണ്ടുള്ള വിജ്ഞാപനം ഫെബ്രുവരി 2-ന് പുറപ്പെടുവിച്ചു. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-1-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇ-വേ ബിൽ സമ്പ്രദായം ഫലപ്രദമാക്കുന്നതിനായി നിരീക്ഷണ ക്യാമറകളിൽ നിന്ന് ലഭ്യമാകുന്ന ചരക്കുവാഹനങ്ങളുടെ വിവരങ്ങൾ ഇ-വേ ബില്ലുകൾ വഴി ജി.എസ്.ടി. നെറ്റ്വർക്ക് പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും ഇല്ലെങ്കിൽ തത്സമയം മൊബൈൽ സ്ക്വാഡുകളെ അറിയിക്കുന്നതിനും സാധിക്കും. കേന്ദ്ര സർക്കാർ ആർ.എഫ്.ഐ.ഡി. സമ്പ്രദായം നടപ്പാക്കുന്നതോടെ ഈ സംവിധാനം സ്വയംപ്രവർത്തനക്ഷമമായി മാറും.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, അങ്ങയുടെ മറുപടിയിൽ 1-2-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചെന്നും സോഫ്റ്റ്വെയറിന്റെ തകരാറുകാരണം അത് കേന്ദ്ര സർക്കാർ പിൻവലിച്ചുവെന്നും പറയുകയുണ്ടായി. മാത്രമല്ല, ഇ-വേ ബിൽ

നിർബന്ധമില്ലെന്നും കേന്ദ്ര സർക്കാർ തീരുമാനിച്ചതായി ഇതിൽ പറയുന്നുണ്ട്. പക്ഷെ, 12-1-2018 മുതൽ സംസ്ഥാനത്ത് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കിയതിനനുസരിച്ചുള്ള കാര്യങ്ങൾ മുന്നോട്ടുപോകുന്നുവെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുവരുന്ന ചരക്കുകൾക്ക് ഇ-വേ ബിൽ ആവശ്യമില്ലെന്ന് കേന്ദ്ര സർക്കാരിന്റെ നിബന്ധനയുള്ളതിനാൽ അങ്ങനെയുള്ള ഇ-വേ ബിൽ ഇല്ലാതെ ഇങ്ങോട്ട് സാധനങ്ങൾ കൊണ്ടുവന്നാൽ നമുക്കത് തടയാൻ സാധിക്കുമോ; അതിനെതിരായി നടപടിയെടുക്കാൻ സാധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, നമുക്ക് ആ രീതിയിലുള്ള അധികാരമില്ല. പക്ഷെ, ഓപ്ഷണലായി, മാൻഡേറ്ററിയായി, നിർബന്ധമല്ലെങ്കിൽ പോലും സംസ്ഥാനങ്ങൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ ഇ-വേ ബിൽ നടപ്പാക്കുന്നതിനുള്ള അധികാരം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ചെയ്തിട്ടുള്ളത്. അതിന് താരതമ്യേന ഫലവുമുണ്ടായി. ഒട്ടനവധി ആളുകൾ ഇ-വേ ബിൽ വഴി സാധനങ്ങൾ കൊണ്ടുവന്നു. ഇവിടെയുള്ള സമ്പ്രദായത്തിൽ നമുക്ക് പരിചയം നേടാൻ കഴിഞ്ഞിട്ടുണ്ട്. അതിനപ്പുറം ശിക്ഷാനടപടികളിലേക്കൊന്നും പോയിട്ടില്ല. എന്നാൽ മാർച്ച് 1 മുതൽ ഇ-വേ ബിൽ ദേശീയാടിസ്ഥാനത്തിൽ മാൻഡേറ്ററിയാക്കുകയാണ്. അതോടുകൂടി ഇ-വേ ബിൽ ഇല്ലാതെ വരുന്ന വെഹിക്കിൾസിന് നേരെ കർശന നടപടി സ്വീകരിക്കുന്നതിന് കഴിയും.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ജി.എസ്.ടി. വരുന്നതിനുമുമ്പ് അങ്ങുതന്നെ നിയമസഭയിലും പുറത്തുമൊക്കെ ജി.എസ്.ടി. വന്നുകഴിഞ്ഞാൽ നമ്മുടെ വരുമാനത്തിൽ വലിയ വർദ്ധനവുണ്ടാകുമെന്ന് സൂചിപ്പിച്ചിരുന്നു. പക്ഷെ, ജി.എസ്.ടി. വന്നതിനു ശേഷം പ്രതീക്ഷിച്ച വരുമാനം ഉണ്ടാവുകയില്ലെന്നുള്ള പ്രസ്താവനയും അങ്ങയുടെ ഭാഗത്തുനിന്നും വരികയുണ്ടായി. ജി.എസ്.ടി.-ക്ക് മുമ്പുള്ള സമയത്തും ജി.എസ്.ടി. ഏർപ്പെടുത്തിയതിനുശേഷം ഈ സോഫ്റ്റ്‌വെയർ അനുസരിച്ച് കാര്യങ്ങൾ നടത്താൻ തുടങ്ങിയതിനുശേഷവും വരുമാനത്തിൽ എത്രമാത്രം വർദ്ധനവുണ്ടായിട്ടുണ്ടെന്നും നമ്മൾ പ്രതീക്ഷിച്ച വരുമാനം ഉണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബജറ്റിൽ ജി.എസ്.ടി.-യിൽ നിന്നും പ്രതീക്ഷിച്ചത് 22 ശതമാനം വർദ്ധനവാണ്. അതായത് 12,684 കോടി രൂപ 7 മാസംകൊണ്ട് ലഭിക്കണം. എന്നാൽ ഈ 7 മാസംകൊണ്ട് 10,459 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. 2,225 കോടി രൂപ കുറവാണ് ലഭിച്ചത്. അതിന് മുഖ്യമായും രണ്ട് കാരണങ്ങളുണ്ട്. ഒന്ന്, നികുതി നിരക്ക് നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ 40 മുതൽ 50 ശതമാനംവരെ ജി.എസ്.ടി.യിൽ കുറച്ചിരിക്കുകയാണ്. 80 ശതമാനം ചരക്കുകളും കേരളത്തിൽ 14 ശതമാനം നികുതിയാണ് വാറ്റിന്

നൽകിക്കൊണ്ടിരുന്നത്. എന്നാൽ ഇത്തരത്തിൽ സംസ്ഥാനത്തിന് 14 ശതമാനം നികുതി കിട്ടുന്ന ചരക്കുകൾ ഇന്ന് 15 ശതമാനം പോലുമില്ല. നികുതി നിരക്കിലുണ്ടായ ഗണ്യമായ കുറവാണ് അത് കാണിക്കുന്നത്. പക്ഷെ ജി.എസ്.ടി.-യുടെ സിദ്ധാന്തം പറയുന്നത്, ഇത്തരത്തിൽ നികുതി നിരക്ക് കുറഞ്ഞാലും നികുതിയുടെ ബേസ് വർദ്ധിക്കുന്നതിന്റെ ഫലമായും ചോർച്ച കുറയുന്നതിന്റെ ഫലമായും നികുതി വരുമാനം മൊത്തത്തിൽ കൂടുമെന്നാണ്. എന്നാൽ ഇ-വേ ബിൽ കൃത്യമായി വരുന്നില്ല, നികുതി റിട്ടേണുകൾ സമർപ്പിക്കാൻ അതിന്റെ സോഫ്റ്റ്‌വെയർ പ്രകാരം കഴിയുന്നില്ല, ഇപ്പോഴും സമ്മറി റിട്ടേൺ ആണ് തരുന്നത്. ആ റിട്ടേൺ ശരിയാണോ എന്ന് ചെക്ക് ചെയ്യുന്നതിന് വിശദമായ റിട്ടേൺ വേണം. അതൊന്നും ഇല്ലാത്തതിന്റെ ഫലമായാണ് നികുതി വരുമാനം പ്രതീക്ഷിച്ചതുപോലെ ഉയരാത്തത്. എന്നാൽ ഈ അപാകതകൾ ഒരുപക്ഷെ രണ്ടുമൂന്ന് മാസംകൊണ്ട് പരിഹരിച്ചു കഴിയുമ്പോൾ നാം പ്രതീക്ഷിച്ചതു പോലെ നികുതി വരുമാനം വർദ്ധിക്കുമെന്നാണ് കരുതുന്നത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> സർ, ജി.എസ്.ടി.-യെ പ്രയോഗവൽക്കരിക്കുമ്പോൾ ആവശ്യമായ മുന്നൊരുക്കവും ആസൂത്രണവും നടത്തിയിട്ടില്ലെന്നാണ് ഇ-വേ ബിൽ ഇവിടെ പ്രായോഗികമാക്കിയപ്പോൾ തോന്നിയത്. വാളയാർ അടക്കമുള്ള ചെക്ക് പോസ്റ്റുകളിലുള്ള പരിശോധന 2017 മേയ് മാസം 31-നുതന്നെ നിർത്തലാക്കിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ ഇ-വേ ബിൽ ഏകദേശം 6 മാസംകൂടി കഴിഞ്ഞാണ് നടപ്പാക്കുന്നത്. വേണ്ടത്ര മുന്നൊരുക്കവും ആസൂത്രണവും സംസ്ഥാന ഗവൺമെന്റ് നടത്തിയിട്ടില്ലെന്നാണ് ഇത് വ്യക്തമാക്കുന്നത്. ഗവൺമെന്റ് ഇ-വേ ബിൽ വിജിലൻസ്-ഇന്റലിജൻസ് മുഖേന നടപ്പാക്കുമെന്നാണ് പറഞ്ഞത്. ഇത് നടപ്പിലാക്കുമ്പോൾ സ്വാഭാവികമായും അതിന്റെ ഫിസിക്കൽ പരിശോധന, അതെത്രമാത്രം ശരിയാണെന്ന് പരിശോധിക്കാനുള്ള സംവിധാനം, വിജിലൻസ്-ഇന്റലിജൻസ് ഉദ്യോഗസ്ഥർക്ക് അതിനുള്ള പ്രായോഗിക സൗകര്യങ്ങളും മറ്റ് കാര്യങ്ങളും നടത്തിയിട്ടുണ്ടോ; ഇതിനുവേണ്ടി ഗവൺമെന്റ് എന്ത് മുന്നൊരുക്കം നടത്തി എന്നിവ വ്യക്തമാക്കാമോ?

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ജി.എസ്.ടി. നടപ്പിലാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയാകാതെയാണ് അത് നടപ്പിലാക്കിയത്. ആ തെറ്റ് സംസ്ഥാന സർക്കാരിന്റെ ചുമലിലേയ്ക്ക് ചുമത്തേണ്ട കാര്യമില്ല. കാരണം, സംസ്ഥാന സർക്കാരിന്റെ പ്രതിനിധി അതിന്റെ തലേന്ന് പ്രസ്താവിച്ചത്, ജി.എസ്.ടി. നടപ്പാക്കുന്നത് ഒരു പാലം പണിതുകൊണ്ടിരിക്കുമ്പോൾ അതിലൂടെ ട്രക്ക് ഓടിക്കുന്നതുപോലെയെന്നാണ്. ഓടിച്ച് അവിടംവരെ എത്തിയിട്ട് അടുത്ത സ്പാൻ വച്ച് അവിടംവരെ ഓടിക്കുക, അങ്ങനെയൊരു ഏർപ്പാടാണെന്നാണ് പറഞ്ഞത്. വലിയ അപകടത്തിലെത്തുമെന്ന് വളരെ വ്യക്തമാ

യിരുന്നു. ഇത്രയും അപകടമാകുമെന്ന് കരുതിയിട്ടില്ല. ഇ-വേ ബിൽ വരുന്നതു പോലെ ചെക്ക്പോസ്റ്റുകളിലെ പരിശോധന തുടരണമെന്നാണ് കേരളം ആവശ്യപ്പെട്ടത്. എന്നാൽ മറ്റ് സംസ്ഥാനങ്ങളെല്ലാം ഇത് തുടങ്ങുന്ന ദിവസംതന്നെ ഇല്ലാതാക്കണമെന്ന് ശഠിച്ചതിന്റെ ഫലമായി ചെക്ക്പോസ്റ്റിനുള്ള അധികാരം നമുക്ക് ഇല്ലാതായി. അതുകൊണ്ട് തുടരാൻ സാധിക്കാതെ വന്നു. ഇപ്പോൾ സ്ക്വാഡുകളെ ശക്തിപ്പെടുത്തുകയാണ്. ഇ-വേ ബിൽ വന്നു കഴിഞ്ഞാൽ ബിൽ പ്രകാരമുള്ള ചരക്കുകൾ തന്നെയാണോ കൊണ്ടുപോകുന്നതെന്നത് ഭൗതികമായി പരിശോധിക്കുന്നതിന് സ്ക്വാഡുകളെ വിന്യസിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്ക്വാഡുകളുടെ എണ്ണം 120 ആയി വർദ്ധിപ്പിച്ച് കൃത്യമായി പരിശോധന നടത്താനുള്ള സംവിധാനത്തിന് രണ്ട് ദിവസത്തെ ശിൽപ്പശാലയ്ക്ക് രൂപം നൽകിയിട്ടുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഇ-വേ ബിൽ സംസ്ഥാനത്ത് നടപ്പിലാക്കിയെങ്കിലും അത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്തത് സെർവ്വറിന്റെ ശേഷിക്കുറവും ആപ്പ് നന്നായി പ്രവർത്തിക്കാത്തതുകൊണ്ടുമാണെന്ന കാര്യത്തിൽ അങ്ങേയ്ക്ക് ധാരണയുണ്ടോ; അത് പരിഹരിക്കാനാവശ്യമായ നടപടിയുണ്ടോ എന്നെനിക്ക് അറിയില്ല. അതിനോടൊപ്പം, ഇന്ന് സംസ്ഥാനത്തെ വ്യാപാരികൾ സമർപ്പിക്കുന്ന റിട്ടേണുകൾ പരിശോധിക്കാൻ കേന്ദ്ര സർക്കാരിലെ ഉദ്യോഗസ്ഥർക്ക് മാത്രമാണ് അധികാരമെന്നാണ് ഞാൻ കരുതുന്നത്. അത് മാറ്റി, സംസ്ഥാന സർക്കാരിന്റെ ഉദ്യോഗസ്ഥർക്കുകൂടി പരിശോധിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. അതിന് രണ്ട് കാരണങ്ങളുണ്ട്. സോഫ്റ്റ്‌വെയറിലെ തകരാർ മാത്രമല്ല, ഏറ്റവും അടിസ്ഥാനപരമായ പ്രശ്നം സർവ്വറിന് കപ്പാസിറ്റി ഉണ്ടായിരുന്നില്ല എന്നുള്ളതാണ്. ഇത്രയും പുതിയൊരു പരിഷ്കാരം കൊണ്ടുവരുമ്പോൾ സർവ്വറിന്റെ കപ്പാസിറ്റി ഉറപ്പുവരുത്താതെ എങ്ങനെയാണ് തുടങ്ങുന്നതെന്നറിയില്ല. ഒന്നാമത്തെ ദിവസം തന്നെ സിസ്റ്റം ഹാങ്ങായി. രണ്ടാം ദിവസമായപ്പോഴേയ്ക്കും ഇനി നാണം കെടേണ്ട എന്നുവിചാരിച്ച് അത് പിൻവലിക്കുകയും ചെയ്തു. റിട്ടേണുകൾ പരിശോധിക്കാനുള്ള അവകാശം സംസ്ഥാനത്തിനും കേന്ദ്രത്തിനുമുണ്ട്. അത് ആരാണ് പരിശോധിക്കേണ്ടത്? ഒരു കോടിയിൽ താഴെയുള്ള തുകയാണെങ്കിൽ അതിന്റെ 10 ശതമാനം കേന്ദ്രത്തിനും ബാക്കി സംസ്ഥാനത്തിനുമാണ് പരിശോധിക്കാനുള്ള അധികാരം. അതിനുമുകളിൽ വരുമ്പോൾ കമ്പ്യൂട്ടർ തന്നെ റാൻഡമായി നമ്പരെടുത്ത് പകുതി കേന്ദ്രത്തിനും പകുതി സംസ്ഥാനത്തിനും കൊടുക്കുന്ന സ്ഥിതിവിശേഷമാണുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീനുവേണ്ടി ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജി.എസ്.ടി. നടപ്പാക്കുന്ന സമയത്ത് അങ്ങ് നല്ല പ്രതീക്ഷയിലായിരുന്നു. അങ്ങയുടെ വാക്കുകേട്ട് കേരളവും വലിയ പ്രതീക്ഷ വച്ചുപുലർത്തി. പക്ഷേ ഇപ്പോൾ അങ്ങയുടെ ആ പഴയ ഉശിര് കാണുന്നില്ല, നമ്മുടെ സംസ്ഥാനം കുത്തുപാളയുമെടുത്തു. അപ്പോൾ കേന്ദ്രം നമ്മെ പറ്റിച്ചതല്ലേ? ഈ ബിൽ പാർലമെന്റിൽ രാത്രി 12 മണിക്കാണ് കൊണ്ടു വന്നതെന്നാണ് ശ്രീ. എം. സ്വരാജ്, എം.എൽ.എ. പറഞ്ഞത്. സാധാരണ 12 മണിക്ക് സ്ട്രാറ്റജി മെനയുന്നത് കള്ളന്മാരും കൊള്ളക്കാരുമാണെന്ന് അദ്ദേഹമാണ് ഈ സഭയിൽ പറഞ്ഞത്. അപ്പോൾ കേന്ദ്രം നമ്മെ പറ്റിച്ചതാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇപ്പോൾ കേന്ദ്രത്തിന്റെ വാക്കുകേട്ട് സംസ്ഥാനത്തുള്ള എല്ലാ ചെക്ക്പോസ്റ്റുകളും നമ്മൾ അബോളിഷ് ചെയ്തു. പക്ഷേ നമ്മുടെ സംസ്ഥാനത്ത് ചരക്കുകൾ നിർബാധം കടന്നുപോവുകയാണ്. നമുക്ക് നികുതി കിട്ടുന്നില്ല. എനിക്ക് അങ്ങയോട് പറയാനുള്ളത്, എല്ലാ ചെക്ക്പോസ്റ്റുകളും പുനഃസ്ഥാപിക്കാൻ പോവുകയാണെന്ന് കേന്ദ്രത്തോട് വളരെ ധൈര്യത്തോടുകൂടി പറയണം. എങ്കിലേ നമ്മുടെ സംസ്ഥാനം രക്ഷപ്പെടുകയുള്ളൂ.

മറ്റൊന്ന്, 50,000 രൂപയ്ക്ക് മുകളിൽ മൂല്യമുള്ള ചരക്കുകൾ ഇ-വേ ബില്ലിൽ വരുന്നില്ല. അപ്പോൾ 50,000-ത്തിൽ താഴെയുള്ള ചരക്കുകൾക്ക് നമ്മൾ നികുതി ഈടാക്കേണ്ടതല്ലേ? ചില വിരുതൻമാരുണ്ട്, അവർ 45,000-ന്റെ രണ്ട് ബില്ലുകളാക്കി 90,000 ത്തിന്റെ ചരക്കുകൾ കൊണ്ടുപോകും. ഇതിനെ എങ്ങനെയാണ് നിയന്ത്രിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതിൽ ധൈര്യത്തിന്റെയും തന്റേടത്തിന്റെയും പ്രശ്നമല്ല. ഒരു സംസ്ഥാന സർക്കാരിന് നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. നേരത്തെ ചെക്ക്പോസ്റ്റുകൾ പ്രവർത്തിച്ചിരുന്നത് വാറ്റ് നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. ഇന്ന് വാറ്റ് നിയമമില്ല, ജി.എസ്.ടി. മാത്രമേയുള്ളൂ. ജി.എസ്.ടി. നിയമത്തിൽ ചെക്ക്പോസ്റ്റ് എന്നൊരു സ്ഥാപനമില്ല. ഇല്ലാത്ത അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാരിന് പ്രവർത്തിക്കാൻ സാധിക്കില്ല. അതുകൊണ്ട് ധൈര്യത്തിന്റെ കുറവല്ല, ഇന്ന് നിയമവ്യവസ്ഥ ആകെ മാറിപ്പോയിരിക്കുകയാണ്. ഇ-വേ ബിൽ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ സംസ്ഥാനം സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. നമുക്ക് ഈ വർഷം ആ പ്രശ്നങ്ങൾ പരിഹരിക്കാൻ പറ്റുമെന്നാണ് കരുതുന്നത്. അങ്ങ് പറഞ്ഞത് ശരിയാണ്. ഒരാൾ തന്നെ രണ്ടും മൂന്നുമായി തിരിച്ച് വിൽക്കാം. പക്ഷേ അതിന് ചെലവും പ്രയത്നവുമുണ്ട്. അങ്ങനെ ഒരാൾ ചെയ്തു കഴിഞ്ഞാൽ 50,000-ത്തിൽ താഴെയാണെങ്കിൽ ഇ-വേ ബിൽ ഇല്ലാത്തതുകൊണ്ട് പിടിക്കാൻ പറ്റില്ല. അവസാനം വിൽക്കുമ്പോൾ നികുതി വെട്ടിക്കാൻ വേണ്ടിയാണ് ഇ-വേ ബിൽ ഇല്ലാതെ കൊടുത്തയയ്ക്കുന്നത്. പക്ഷേ അങ്ങനെയാണെങ്കിലും ടേണോവർ കണക്കാക്കുന്നതിനും പരിശോധിക്കുന്നതിനും നിലവിൽ സംവിധാനമുണ്ട്. അതുവഴി അവരെ പിടിക്കാൻ നോക്കും.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സംസ്ഥാനത്ത് നിരവധി കമ്പനികളുടെ ഡിസ്ട്രിബ്യൂഷൻ ജോലി ചെയ്യുന്ന ആയിരക്കണക്കിന് ഹാക്കർമാരുണ്ട്. കമ്പനികളിൽനിന്നും സാധനങ്ങൾ വാങ്ങി ചെറിയ ചെറിയ ഷോപ്പുകളിൽ കൊണ്ടുകൊടുക്കുന്ന ഹാക്കർമാരാണുള്ളത്. ഇ-വേ ബിൽ സംവിധാനം വരുമ്പോൾ ഈ പരിശോധനയിൽ അവരെ ഉൾപ്പെടുത്തുകയാണെങ്കിൽ അതിനു വരുന്ന ടാക്സ് അവർക്ക് താങ്ങാൻ കഴിയുന്നതാവില്ല. ഇത്തരത്തിലുള്ള ആയിരക്കണക്കിന് തൊഴിലാളികളെ ഇതിൽനിന്നും മാറ്റിനിർത്തി അവർക്ക് പ്രത്യേക ഐഡന്റിഫിക്കേഷൻ നൽകി കമ്പനിയുടെ ഭാഗമാക്കി മാറ്റാൻ കഴിയുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇ-വേ ബിൽ എടുത്തതുകൊണ്ട് കൂടുതൽ നികുതിയൊന്നും കൊടുക്കേണ്ടി വരില്ലെങ്കിലും അതിനുള്ള നിർവ്വഹണ ചെലവ് മാത്രമേ അധികമായി വരികയുള്ളൂ. വാഹനങ്ങളിൽപ്പോയി വിൽപ്പന നടത്തുന്നവർക്ക് പ്രത്യേകം പ്രത്യേകം ഇ-വേ ബിൽ എടുക്കണമോയെന്നാണ് അങ്ങ് ചോദിച്ചത്. അത് വേണ്ടി വരില്ല. കൺസോളിഡേറ്റ് ഇ-വേ ബിൽ എടുക്കാം. സംസ്ഥാനത്തിനുള്ളിൽ തന്നെയുള്ള വ്യാപാരത്തിൽ എങ്ങനെയാണ് ഇ-വേ ബിൽ സമ്പ്രദായം നടപ്പാക്കുന്നത് എന്നതു സംബന്ധിച്ച് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം സംസ്ഥാന സർക്കാരിനുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഇവർക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളാം.

ശ്രീ. കെ. സി. ജോസഫ്: സർ, മാർച്ച് 1 മുതൽ ഇ-വേ ബിൽ മാൻഡേറ്ററി ആക്കുകയാണെന്ന് പറയുകയുണ്ടായി. മാർച്ച് 1 വരെയുള്ള കാലഘട്ടത്തിലെ സംസ്ഥാനത്തിന്റെ വരുമാന ചോർച്ച കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്; ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയെന്ന് അങ്ങ് പറയുകയുണ്ടായി. ഇ-വേ ബിൽ മാൻഡേറ്ററിയാക്കി ഏത് പോയിന്റിലാണ് ഇ-വേ ബിൽ പരിശോധിക്കാൻ ഉദ്ദേശിക്കുന്നത്; എങ്ങനെയാണ് അത് നടപ്പിലാക്കാൻ സാധിക്കുക?

ഡോ. ടി. എം. തോമസ് ഐസക്: സർ, ചരക്ക് മറ്റൊരു സംസ്ഥാനത്ത് നിന്ന് ഇങ്ങോട്ട് കൊണ്ടുവരുന്നതിന് മുൻപ് അത് അയയ്ക്കുന്ന ആളോ വാങ്ങുന്ന ആളോ അല്ലെങ്കിൽ കൊണ്ടുവരുന്ന വാഹനമോ ഇ-വേ ബിൽ ജനറേറ്റ് ചെയ്തിരിക്കണം. ഇതിനുപുറമേ, സാധാരണ ഗതിയിൽ ചരക്കുനീക്കുമ്പോൾ ചെയ്യുന്നതുപോലെ ഇൻവോയ്സും മറ്റും സൂക്ഷിക്കണം. ഇ-വേ ബിൽ കൊണ്ടുവരണമെന്ന് പറയാൻ കാരണം ഇൻവോയ്സ് എപ്പോഴും കീറിക്കളയാം. അതോടുകൂടി ഈ രേഖകൾ തീർന്നു. എന്നാൽ ഇൻവോയ്സ് ഇ-വേ ബില്ലിൽ ഡിക്ലെയർ ചെയ്തിട്ടുണ്ടെങ്കിൽ അതൊരിക്കലും പോകില്ല. ഇ-വേ ബിൽ ക്യാൻസൽ ചെയ്യാൻ സാധിക്കില്ല. അതവിടെ രേഖയായി ഉണ്ടാകും. അങ്ങനെ നികുതി വെട്ടിപ്പിന് തടസ്സമുണ്ടാക്കാം.

ഇ-വേ ബിൽ എടുത്തിട്ടുണ്ടോ ഇല്ലയോ എന്നത് ഏത് ചെക്ക്പോയിന്റിൽ വച്ചാണ് അറിയാൻ സാധിക്കുക എന്ന് അങ്ങ് ചോദിക്കുകയുണ്ടായി. അത് വലിയൊരു ചോദ്യമാണ്. സാധാരണഗതിയിൽ ഇതിനായി വണ്ടി ഫിസിക്കലായി നിർത്തി പരിശോധിച്ചേ പറ്റുകയുള്ളൂ. എന്നാൽ അത് ഒരുപാട് പ്രയാസങ്ങളുണ്ടാക്കുന്നതാണ്. അതിനാൽ നിരീക്ഷണ ക്യാമറകൾ വയ്ക്കുന്നതിനെക്കുറിച്ച് നമ്മൾ തീരുമാനമെടുത്തിട്ടുണ്ട്. ഇപ്പോൾ വാളയാറിൽ പരീക്ഷണാടിസ്ഥാനത്തിൽ വച്ചിട്ടുണ്ട്. ഈ നിരീക്ഷണ ക്യാമറകൾ വരുന്ന ചരക്കുവണ്ടിയുടെ നമ്പർ എടുക്കും. ഈ നമ്പർ ഇ-വേ ബില്ലിൽ ഉള്ളതാണ്. അതിന്റെ സോഫ്റ്റ്വെയറിൽ ഓട്ടോമാറ്റിക് ആയി ഈ നമ്പരിലുള്ള വാഹനം ഇ-വേ ബിൽ അപ്ലോഡ് ചെയ്തിട്ടുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന് അതിനുള്ള മുന്നറിയിപ്പ് നൽകുകയും ചെയ്യും. ഈ രീതിയിൽ പരിശോധിക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, റെയിൽവേ മാർഗ്ഗമുള്ള ചരക്കുനീക്കത്തിന്റെ നികുതി പരിശോധനയ്ക്ക് കാര്യക്ഷമമായും ഫലപ്രദമായുമുള്ള സംവിധാനം നിലവിലുണ്ടോ; അത് വിജയകരമാണോ; അതുപോലെ, വ്യാജ നിർമ്മിത ബില്ലുകൾ ഉൾപ്പെടെ ഉപയോഗിച്ച് നടത്തുന്ന നികുതിവെട്ടിപ്പ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഫലപ്രദമായ സംവിധാനമില്ല. റെയിൽവേ ഇതുമായി സഹകരിക്കുന്നില്ല എന്നതാണ് വാസ്തവം. വാറ്റ് നടപ്പിലാക്കിയപ്പോൾ റെയിൽവേയുമായി ഒരുപാട് തർക്കങ്ങളുണ്ടായിട്ടുണ്ട്. ചില സ്റ്റേഷനുകളിലൊക്കെ ഒത്തുതീർപ്പിലെത്തി നിരീക്ഷണ കേന്ദ്രമൊക്കെ സ്ഥാപിക്കുകയുണ്ടായി. ഈ പ്രശ്നം അതീവ ഗൗരവത്തോടുകൂടി ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. റെയിൽവേ വഴി ട്രാൻസ്പോർട്ട് ചെയ്യുമ്പോഴും ഇ-വേ ബിൽ വേണമെന്നത് നിർബന്ധമാക്കണമെന്ന് ആവശ്യപ്പെടും. ബില്ലുകളിൽ പല രീതിയിലാണ് വെട്ടിപ്പ് നടക്കുന്നത്. നേരത്തെ സി.ഫോം പോലുള്ള ഫോമുകളൊക്കെ വ്യാജമായി അച്ചടിച്ച് കണക്കിൽപ്പെടാതെ വ്യാപാരം നടത്താറുണ്ടായിരുന്നു. അതൊക്കെ നമുക്ക് കണ്ടുപിടിക്കാൻ പറ്റും. ഇപ്പോൾ പഴയ കാലങ്ങളിലേത് പലതും ഇങ്ങനെ പിടിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാന നിയമസഭ അടയ്ക്കയുടെ പേരിലുള്ള പ്രശ്നം ചർച്ച ചെയ്യാൻ പോവുകയാണ്. പക്ഷേ ജി.എസ്.ടി. വരുമ്പോൾ അങ്ങനെയുള്ള കാര്യങ്ങളില്ല. ഇപ്പോൾ ഇ-വേ ബിൽ ക്യാൻസൽ ചെയ്യാം. പക്ഷേ തിരുത്താൻ പറ്റില്ല. തെറ്റുണ്ടെങ്കിൽ അത് ക്യാൻസൽ ചെയ്ത് പുതിയ ഇ-വേ ബിൽ എടുക്കാം. റെക്കോർഡ് ഒരിക്കലും മാറ്റാൻ പറ്റില്ല. അങ്ങനെയുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഇ-വേ ബില്ലിൽ ഉണ്ട്.

<u>മി. സ്പീക്കർ</u>: ക്ഷമിക്കണം; അടുത്ത ചോദ്യം നമ്പർ *183 ഫ്ലോറിൽ വരേണ്ടതായതിനാൽ അതിലേയ്ക്ക് പോവുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, എന്നെപ്പോലെയുള്ളവർക്ക് ഈ ഫ്ലോറിൽ യാതൊരു പരിഗണനയുമില്ലേ?

മി. സ്പീക്കർ: എല്ലാ ദിവസവും ഞാൻ അങ്ങയെ പരിഗണിക്കുന്നുണ്ട്. എല്ലാ ദിവസവും അങ്ങേയ്ക്ക് ചോദ്യം തരുന്നുണ്ട്. അങ്ങ് ഇങ്ങനെ അസഹിഷ്ണുത കാണിക്കുന്നത് ഒട്ടും ശരിയല്ല. അത് നമുക്ക് പരിശോധിക്കാം.

**നിർമ്മാണ മേഖലയിലെ പ്രതിസന്ധി**

4 (*183) ഡോ. എം. കെ. മുനീർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവുമൂലം സാധാരണക്കാർക്കൊപ്പം കെട്ടിടനിർമ്മാണ മേഖലയിലെ നിർമ്മാതാക്കളും തൊഴിലാളികളും അകപ്പെട്ടിരിക്കുന്ന പ്രതിസന്ധിയുടെ വ്യാപ്തി പരിശോധിക്കുകയുണ്ടായോ;

(ബി) സാമ്പത്തിക വർഷത്തിനുള്ളിൽ പദ്ധതികൾ പൂർത്തിയാക്കണമെന്ന ചട്ടത്തിന്റെ മറവിൽ വൻകിട ക്രഷർ ഉടമകൾ അന്യായമായി വില വർദ്ധിപ്പിക്കുന്ന സാഹചര്യമുണ്ടോ; വ്യക്തമാക്കാമോ;

(സി) ഈ സാഹചര്യം പരിശോധിച്ച് പ്രസ്തുത പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഇടപെടുമോ; വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) സർക്കാർ പരിശോധിച്ചിട്ടുണ്ട്.

(ബി) ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യതക്കുറവുമൂലം ക്വാറി ഉൽപ്പന്നങ്ങളും മറ്റ് നിർമ്മാണ സാമഗ്രികളും ഡിമാന്റിനനുസരിച്ച് സംസ്ഥാനത്ത് ലഭ്യമാകുന്നില്ല. 2-12-2016-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുകയും അതുവഴി കരിങ്കല്ലിനും കരിങ്കൽ ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും നേരിയ വില വർദ്ധനവുണ്ടാകുകയും ചെയ്തിട്ടുണ്ട്. പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള ലൈസൻസുകൾ നിർബന്ധമാക്കിയ സാഹചര്യത്തിൽ പ്രവർത്തിച്ചിരുന്ന ക്വാറികൾക്കും

ഖനനം നിർത്തേണ്ടി വന്നു. ഇതോടൊപ്പംതന്നെ അസൈൻമെന്റ് പട്ടയങ്ങളിലും പരിസ്ഥിതിലോല പ്രദേശങ്ങളിലും പ്രവർത്തിച്ചു വന്നിരുന്ന ക്വാറികളും പ്രവർത്തനം അവസാനിപ്പിച്ചു. നിലവിൽ 600-ൽ താഴെ കരിങ്കൽ ക്വാറികൾ മാത്രമേ കേരളത്തിൽ പ്രവർത്തിക്കുന്നുള്ളൂ. ചെങ്കൽ ക്വാറികൾക്കും നിബന്ധനകൾ ബാധകമായതിനാൽ ഇത്തരം ക്വാറികളും പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവന്ന സാഹചര്യം സംജാതമായിട്ടുണ്ട്. ഇക്കാരണങ്ങൾ കൊണ്ട് ക്വാറി ഉൽപ്പന്നങ്ങൾക്കും നിർമ്മാണ സാമഗ്രികൾക്കും ദൗർലഭ്യം നേരിടുകയും വില വർദ്ധനവുണ്ടാകുകയും ചെയ്തിട്ടുണ്ട്.

(സി) പാറയുടെയും മറ്റു നിർമ്മാണ സാമഗ്രികളുടേയും ദൗർലഭ്യവും തന്മൂലമുള്ള വിലവർദ്ധനവും പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

1. 5 ഹെക്ടറിന് താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതി കാനുമതി നൽകുന്നതിന് ജില്ലാതലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (DEIAA) -യേയും ജില്ലാതല അപഗ്രഥന സമിതി (DEAC)-യേയും പ്രവർത്തനക്ഷമമാക്കി.

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി 22-6-2017-ലെ സ.ഉ.(പി) 25/201/ഐ.ഡി. നമ്പർ പ്രകാരം ക്വാറികളുടെ പുറമേയുള്ള അതിർത്തിയിൽനിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തിയിട്ടുണ്ട്.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൽ സമയ ബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്ന ചട്ടം ഒഴിവാക്കി.

6. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

7. തെരഞ്ഞെടുത്ത ഡാമുകളിൽനിന്നും മണൽ/ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള നടപടി ആരംഭിച്ചു.

8. അന്യസംസ്ഥാനത്ത് നിന്നും/വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

9. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവുമൂലം കെട്ടിട നിർമ്മാണ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും തൊഴിലാളി സംഘടന പ്രതിനിധികളുടെയും ഒരു യോഗം 6-3-2018-ന് വിളിച്ചു ചേർത്തിട്ടുണ്ട്.

10. കേരളത്തിൽ സിമന്റിന്റെ വില മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലാണെന്ന പരാതിയെ തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ സിമന്റ് ഉൽപ്പാദകരുടെ യോഗം വിളിച്ച് സിമന്റ് വില കുറയ്ക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

11. ക്വാറി ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ക്വാറി/ക്രഷർ ഉടമകളുടെ യോഗം വിളിച്ച് ഉചിത നടപടികൾ എടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഡോ. എം. കെ. മുനീർ: സർ, ഏകദേശം 600-ൽ താഴെയുള്ള ക്വാറികളാണ് ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ളതെന്നും മറ്റു പല കാരണങ്ങളാലും കോടതി വിധിയെ തുടർന്നും പ്രവർത്തിക്കാൻ പറ്റാത്ത അവസ്ഥയാണെന്നും അങ്ങയുടെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. കോഴിക്കോട് കളക്ടറേറ്റിൽ നടന്ന ഒരു യോഗത്തിൽ, കടൽഭിത്തി കെട്ടാൻ ടെണ്ടറായതാണ്. അതുപോലെ പുലിമുട്ടിന് വേണ്ടത് കൃത്യമായി ചെത്തിയെടുത്ത കുറച്ചു വലിയ കല്ലുകളാണ്. അത് ചില ക്വാറികളിലേ

കിട്ടുകയുള്ളു. തിരുവനന്തപുരത്ത് വിഴിഞ്ഞം പ്രോജക്ടിനുവേണ്ടി പ്രത്യേകാനുമതി കൊടുത്ത് ഇതുപോലുള്ള കല്ല് കൊണ്ടുവരുന്നുണ്ട്. കോഴിക്കോട് ഇതിന് അനുമതി കിട്ടുന്നില്ല, മലപ്പുറം ജില്ലയിലെ ക്വാറികളിൽ നിന്നാണ് ഇത് കൊണ്ടുവരുന്നത്. ഈ കല്ല് കിട്ടാത്തതിന്റെ പേരിൽ 69 കോടി രൂപ ടെണ്ടർചെയ്ത വർക്ക് മാർച്ച് മാസത്തോടെ ലാപ്സാകുകയാണ്. ഒരു വർഷമായി ടെണ്ടറായിട്ടുള്ള ഇത്തരം വർക്കുകൾ ലാപ്സായി പോകുകയാണ്. അതുകൊണ്ട് മുഖ്യമന്ത്രിതന്നെ ഇടപെട്ട് ടെണ്ടറായിട്ടുള്ള ഇത്തരം പ്രവൃത്തികൾക്ക് ആവശ്യമായ കല്ല്, വിഴിഞ്ഞത്തിന് കൊടുക്കുന്ന അതേ പരിഗണന നൽകി, ക്വാറികളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ ഭാഗമായിട്ടാണ് കർശന വ്യവസ്ഥകൾ ഏർപ്പെടുത്തേണ്ടി വന്നത്. വിഴിഞ്ഞത്തിന്റേത് പ്രത്യേക കേസ്സായി പരിഗണിച്ചിട്ടുണ്ട്. കോഴിക്കോടിന്റെ ഈ ആവശ്യം ശ്രദ്ധയിൽ വന്നിട്ടില്ല. തീർച്ചയായും പുലിമുട്ട് നിർമ്മാണമുൾപ്പെടെയുള്ള മേഖലയിൽ പാരിസ്ഥിതിക നിയമങ്ങൾക്ക് വിധേയമായിത്തന്നെ കല്ലെടുക്കാൻ സാധ്യതയുള്ള പ്രദേശങ്ങളുണ്ടെങ്കിൽ അക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

<u>ഡോ. എം. കെ. മുനീർ</u>: സർ, എം.എൽ.എ.-മാരുടെ അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ടുപയോഗിച്ച് പല വർക്കുകളും കൊടുക്കുന്നു. പക്ഷേ പൂഴി, സിമന്റ് എന്നിവയുടെ ലഭ്യത പരിമിതമായതുകൊണ്ട് പല പദ്ധതികളിലും റിവൈസ്ഡ് എസ്റ്റിമേറ്റ് വരികയും അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിൽ ഒരു കോടി രൂപയ്ക്ക് തീർക്കേണ്ട പ്രവൃത്തി രണ്ട് കോടി രൂപയായാലും തീരാത്ത അവസ്ഥയിലേക്ക് റീ-എസ്റ്റിമേറ്റ് വരികയുമാണ്. ഇത് കൃത്യസമയത്തുതന്നെ തീർക്കുന്നതിനുവേണ്ടി പൂഴിയും സിമന്റും ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുക?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, സിമന്റിന്റെ ലഭ്യതക്കുറവില്ല, സിമന്റ് ഇപ്പോൾ മറ്റു സംസ്ഥാനങ്ങളിലുള്ളതിനേക്കാൾ കൂടുതൽ വിലയ്ക്കാണ് കേരളത്തിൽ വിൽക്കുന്നത് എന്ന പ്രശ്നമാണുള്ളത്. മലബാർ സിമന്റ് പരമാവധി വില കുറച്ചു കൊടുക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. മറ്റ് സിമന്റ് കമ്പനികളുടെ സിമന്റുൽപ്പാദകരേയും കേരളത്തിലെ ഡീലർമാരേയും പ്രത്യേകിച്ച് ഉൽപ്പാദകരല്ല, ഡീലർമാർ കമ്മീഷൻ ഒഴിവാക്കാതെ നാട്ടുകാരുടെ കയ്യിൽനിന്നും കാശ് ഈടാക്കുന്ന സ്ഥിതിയുണ്ടായതിന്റെ ഭാഗമായി വില വർദ്ധനവുണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ സിമന്റ് ഉൽപ്പാദകരുടെയും ഡീലർമാരുടേയും യോഗം വിളിച്ചു ചേർത്തിരുന്നു. അവരുടെ യോഗത്തിൽ ഈ ആവശ്യം മുന്നോട്ട് വച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിലുള്ളതുപോലെ കേരളത്തിലും സിമന്റിന് ലഭ്യത ഉറപ്പുണ്ട്, പക്ഷേ വില കുറച്ചു കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ കളക്ടർമാരും ഇക്കാര്യത്തിൽ ഇടപെടുന്നുണ്ട്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, നിർമ്മാണ സാമഗ്രികളിൽ പ്രധാനപ്പെട്ട കരിങ്കല്ല്, മെറ്റൽ, എം.സാന്റ്, പി. സാന്റ് എന്നിവയൊക്കെ ക്വാറി ഉൽപ്പന്നങ്ങളാണ്. എല്ലാ ജില്ലകളിലും വൻകിടക്കാരാണ് ഇന്ന് ക്വാറി ഉടമകളായിട്ടുള്ളത്. ഇവരാണ് ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നത്, അതിന്റെ നിയന്ത്രണമൊക്കെ ഇവരുടെ കയ്യിലാണ്. അതുകൊണ്ടുതന്നെ വില വർദ്ധിക്കുന്ന സാഹചര്യമാണുള്ളത്. ഒട്ടേറെ ചെറുകിട ക്വാറികൾ ഇന്ന് ഓരോ ജില്ലയിലും പല സാങ്കേതിക കാരണങ്ങൾ പറഞ്ഞ് മുടങ്ങിക്കിടക്കുകയാണ്. ഈ സാധനങ്ങളുടെ യഥേഷ്ടമുള്ള ലഭ്യതയും അതുവഴി വിലക്കുറവും സാധ്യമാകുന്ന സാഹചര്യം ഉണ്ടാകണം. ഈ ചെറുകിട ക്വാറികൾക്ക് പെർമിഷൻ കൊടുത്താൽ തീർച്ചയായും ഇന്നുള്ള ദൗർലഭ്യം കുറയ്ക്കാൻ സാധിക്കും.

ബി.ടെക്-ഉം പി.എസ്.സി. പരീക്ഷയും കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുന്ന യുവ എഞ്ചിനീയർമാർ, അവർക്ക് ഫീൽഡിൽ ഒരു പരിചയവുമില്ല. അവർക്കിതിനെ കുറിച്ച് ഒന്നുമറിയില്ല. അതുകൊണ്ട് വർക്കിന്റെ ക്വാളിറ്റി കുറയുകയും കാലതാമസം വരികയും ഒരുപാട് പ്രയാസങ്ങൾ അതുമൂലമുണ്ടാകുകയും ചെയ്യുന്നു. ഇവർക്ക് എക്സ്പീരിയൻസിനുവേണ്ടി മിനിമം 6 മാസം ട്രെയിനിംഗ് നൽകുന്നതിനുവേണ്ട ശ്രമം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, നിർമ്മാണ വസ്തുക്കളുടെ ലഭ്യതയുമായി ബന്ധപ്പെട്ട് കേരളത്തിൽ 659 ചെറുകിട ക്വാറികൾ പാരിസ്ഥിതികാനുമതി ഇല്ലാതെ അടച്ചു പൂട്ടപ്പെട്ടിട്ടുണ്ട്. എല്ലാസ്ഥലത്തും ഇ.സി.-യില്ലാതെ ക്വാറികൾ തുടങ്ങാനാവില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി മാത്രമല്ല, കേരളത്തിലെ പാരിസ്ഥിതിക അവബോധവും വലുതാണ്. സ്വാഭാവികമായും ചെറുകിട ക്വാറികളെക്കൂടി പ്രവർത്തിപ്പി ക്കാനാവശ്യമായ രീതിയിൽ മൈനിംഗ് പ്ലാൻ ലഘൂകരിക്കാനും മുമ്പുണ്ടായിരുന്ന അതിർത്തിയിൽ നിന്നുള്ള ദൂരപരിധി പുനഃസ്ഥാപിക്കാനുമൊക്കെ ചെറുകിടക്കാരുടെ കയ്യിൽനിന്നും ഉൽപ്പന്നങ്ങൾ ലഭ്യമാകണമെന്ന ലക്ഷ്യത്തോടുകൂടിയാണ് സർക്കാർ ഇടപെടുന്നത്. അതിനാവശ്യമായ അപേക്ഷകൾ ജില്ലാ തലത്തിൽ നൽകുമ്പോൾ വളരെ വേഗത്തിൽ അതിന്റെ നടപടി സ്വീകരിക്കാനുള്ള തീരുമാനവും സർക്കാർ എടുത്തുകഴിഞ്ഞു, കളക്ടർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തു കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ക്വാറി ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ക്വാറി/ ക്രഷർ ഉടമകളുടെ യോഗം വിളിച്ച് ഉചിതമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അങ്ങ് ഇവിടെ പറഞ്ഞു. യോഗം വിളിച്ചോ എന്നറിയില്ല, വില ഇതുവരെയും കുറഞ്ഞിട്ടില്ല. വില നിയന്ത്രിക്കുന്നതിന് ഫലപ്രദമായ സർക്കാർ സംവിധാനങ്ങളൊന്നും നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ ക്വാറി ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിനും വില ഏകീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് അനുസരിച്ച് വില നിയന്ത്രിക്കാൻ കഴിയുന്ന ഒന്നല്ല ക്വാറി ഉൽപ്പന്നങ്ങൾ എന്ന പ്രത്യേകത ഇതിനുണ്ട്. വൻകിട ക്രഷർ ഉടമകൾ തന്നെയാണ് ഇതിന്റെ വില വർദ്ധിപ്പിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാർക്കറ്റിൽ എന്തെങ്കിലും പ്രത്യേകത കൊണ്ടോ ചെലവ് വർദ്ധനവിന്റെ ഭാഗമായിട്ടോ അല്ല വില വർദ്ധിപ്പിച്ചത്. ഡിമാന്റ് വർദ്ധിച്ചതിന്റെ ഭാഗമായിട്ടാണ് വില വർദ്ധിപ്പിച്ചത്. അത്തരം കാര്യങ്ങളിൽ പരിശോധന കർശനമാക്കിയും അവരോട് സാമൂഹ്യ പ്രതിബദ്ധതയോടുകൂടി ഇടപെട്ട് സർക്കാരിന്റെ തീരുമാനം നടപ്പിലാക്കാൻ വേണ്ടിയുള്ള സമീപനമാണ് സ്വീകരിക്കുന്നത്. ചില ജില്ലകളിൽ യോഗങ്ങൾ വിളിച്ച് തുടങ്ങിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മിനിഞ്ഞാന്ന് ഒരു യോഗം നടന്നിരുന്നു. ഈ ആഴ്ചക്കുള്ളിൽ തന്നെ എല്ലാ കളക്ടർമാരും ഇതുമായി ബന്ധപ്പെട്ട് അതാത് ജില്ലകളിൽ യോഗം വിളിച്ച് ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, ഇവിടെ എല്ലാവരും വൻകിടക്കാരുടെ കാര്യമാണ് പറയുന്നത്. സാധാരണക്കാർക്ക് വീടുണ്ടാക്കുന്നതിന് മുമ്പൊക്കെ നമ്മുടെ നാട്ടിൽ കരിങ്കൽ ക്വാറികളും ചെങ്കല്ല് കിട്ടാനുള്ള സൗകര്യവും ഉണ്ടായിരുന്നു. 50-25 സെന്റുള്ള ക്വാറികളിൽ പാരിസ്ഥിതികാനുമതി നൽകുന്നില്ല. 50 കിലോമീറ്റർ, 60 കിലോമീറ്റർ ദൂരെനിന്ന് സാധാരണക്കാരന് വീടുവയ്ക്കാൻ കല്ല് കൊണ്ടുവരുന്നത് വലിയ ചെലവാണ്, അതിനുള്ള സൗകര്യം വേണം. 2 ഏക്കർ വരെ ക്വാറികൾക്ക് ലൈസൻസ് കൊടുക്കാൻ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ചെറുകിട ക്വാറിക്കാരുടെ പല പ്രശ്നങ്ങളിലും ഞാൻ ഇടപെട്ടിട്ടുണ്ട്. ഒരപേക്ഷ കൊടുത്താൽ 6 മാസമായിട്ടും കളക്ടറോ, ആർ.ഡി.ഒ.യോ തീരുമാനമെടുക്കുന്നില്ല. സമയബന്ധിതമായി തീരുമാനമെടുക്കണം. സംസ്ഥാനത്തെ എല്ലാ ക്വാറി ഉടമകളും ഒരാഴ്ചയായി തിരുവനന്തപുരത്താണ്. ഒരു കൊല്ലത്തെ ഫീസടയ്ക്കാൻ വേണ്ടി ഡയറക്ടറേറ്റിൽ വരണം. അത് പത്തും പന്ത്രണ്ടും, പതിനഞ്ചും ലക്ഷം രൂപ അടയ്ക്കണം. അത് ക്യാഷായി അടയ്ക്കണമെന്നാണ് ഡയറക്ടറേറ്റിൽനിന്ന് പറയുന്നത്. അത് അതാത് ജില്ലയിലേക്ക് മാറ്റാനുള്ള സംവിധാനമുണ്ടാക്കണം.

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിന്റെ പരിതസ്ഥിതിയിൽ അനിയന്ത്രിതമായി ക്വാറിയിംഗ് നടത്താൻ നമുക്ക് കഴിയുകയില്ല. പരിസ്ഥിതി സ്നേഹികൾ ഉൾപ്പെടെയുള്ള ആളുകൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് കൊടുത്തതിന്റെ ഭാഗമായിട്ടാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുണ്ടായത്. വെട്ടുകല്ലായാലും കരിങ്കല്ലായാലും പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടു മാത്രമേ ഖനനം നടത്താനാകുകയുള്ളൂ. ഇവിടെ ഇ.സി.-യുമായി ബന്ധപ്പെട്ട് 1508 അപേക്ഷകളാണ് ലഭ്യമായത്. ആ അപേക്ഷകളിന്മേലുള്ള സംശയങ്ങൾ നിവാരണം ചെയ്യുന്നതിനു

വേണ്ടി സർക്കാർ ഇടപെട്ടിട്ടുണ്ട്. 688 കരിങ്കൽ/വെട്ടുകൽ ക്വാറികൾക്ക് ഇ.സി. കൊടുത്തിട്ടുണ്ട്. പെൻഡിംഗിലുള്ള അപേക്ഷകൾ വളരെവേഗം തീർപ്പാക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

മി.സ്പീക്കർ: ഓർഡർ... ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

( ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി

5 (*184) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സംരക്ഷിക്കാൻ ഈ സർക്കാർ ആവിഷ്കരിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതിയുടെ മാനദണ്ഡവും പദ്ധതി നടപ്പിലാക്കുന്നതിലെ പുരോഗതിയും അറിയിക്കാമോ;

(ബി) എസ്.ബി.ഐ-യിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശിക വന്നവരുടെ കുടിശ്ശിക തിരികെ പിടിക്കാൻ റിലയൻസിനെ ഏൽപ്പിച്ച് ഈ പദ്ധതിയെ അട്ടിമറിക്കാൻ നടത്തുന്ന നീക്കം അവസാനിപ്പിക്കാൻ വേണ്ട ഇടപെടൽ നടത്തുമോ; വിശദമാക്കാമോ;

(സി) മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നേടിയവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Scheme) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 16-5-2017 തീയതിയിലെ സ.ഉ. (പി) നമ്പർ 65/2017/ധന, 12-7-2017 തീയതിയിലെ സ.ഉ. (പി) നമ്പർ 89/2017/ധന, 30-10-2017 തീയതിയിലെ സ.ഉ. (പി) നമ്പർ 135/2017/ധന, എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി

നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2-8-2017-ലെ 61/2017/ധന, സർക്കുലർ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും 20-11-2017 തീയതിയിലെ 81/2017/ധന സർക്കുലർ പ്രകാരം ബാങ്കുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ പദ്ധതിയനുസരിച്ച് വിദ്യാർത്ഥികൾക്ക് അനുവദിച്ച വിദ്യാഭ്യാസ വായ്പകളെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

(i) നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പാ/സ്റ്റാൻഡേർഡ് അക്കൗണ്ട് (Non NPA / Standard Account) (ii) 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31-3-2016-ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പാ അക്കൗണ്ട്.

ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. സ്റ്റാൻഡേർഡ് അക്കൗണ്ടുകളിൽ വ്യവസ്ഥകൾക്ക് വിധേയമായി, 1-4-2016-നു മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള, പരമാവധി നാലു വർഷത്തേയ്ക്ക് 90%, 75%, 50%, 25% എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.

2. കേരളത്തിലെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്ത് ഇൻഡ്യയിലെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതായിരിക്കും.

3. 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31-3-2016-ന് നിഷ്ക്രിയ ആസ്തിയായിരിക്കുകയും ചെയ്തിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് 4 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പാത്തുകയുടെ 60%-വും 4 ലക്ഷത്തിനുമേൽ 9 ലക്ഷം വരെയുള്ള വായ്പകൾക്ക് കുടിശ്ശികയായിട്ടുള്ള മുതലിന്റെ 50% (പരമാവധി 2,40,000 രൂപ വരെ) വും സർക്കാർ സഹായം നൽകുന്നതാണ്.

4. വായ്പയുടെ മേലുള്ള മുഴുവൻ പലിശയും പിഴപ്പലിശയും ഇളവ് ചെയ്യുന്നതിന് ബാങ്ക് തയ്യാറാകുന്ന പക്ഷം പഠനകാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടംമൂലമോ അസുഖംമൂലമോ ശാരീരികമായോ മാനസികമായോ 80%-മോ അതിലധികമോ സ്ഥിരവൈകല്യം നേരിട്ടതോ, മരണപ്പെട്ടു പോയതോ ആയ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ മുതൽ തുകയും, തീയതി, അനുവദിച്ച ലോൺ തുക, ലോൺ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെ തന്നെ സർക്കാർ വഹിക്കുന്നതാണ്.

5. മാനേജ്മെന്റ്/എൻ.ആർ.ഐ. ക്വാട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല. എന്നാൽ മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീമിന്റെ ആനുകൂല്യത്തിന് അർഹരാണ്.

6. ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

7. ഈ സ്കീം പ്രകാരം ഇൻഡ്യയിലെ ഗ്രാജുവേറ്റ് / പോസ്റ്റ് ഗ്രാജുവേറ്റ്/ ഡിപ്ലോമാ കോഴ്സുകൾക്ക് ഏതെങ്കിലും ആദ്യത്തെ ഒന്നിന് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.

വാർഷിക കുടുംബ വരുമാനം 6 ലക്ഷത്തിൽ താഴെയുള്ള വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40%-മോ അധികമോ അംഗപരിമിതിയുള്ളവർക്ക് വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും.

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി നിശ്ചയിച്ചിരുന്ന അവസാന തീയതി 31-1-2018 ആയിരുന്നു. ഇതനുസരിച്ച് 75409 അപേക്ഷകൾ elrs.kerala.gov.in എന്ന പോർട്ടൽ വഴി ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ ധനസഹായത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ച് വരികയാണ്. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി അട്ടിമറിക്കാൻ നീക്കം നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതേസമയം എസ്.ബി.ഐ.-എസ്.ബി.ടി. ലയനത്തിനു മുൻപ് എസ്.ബി.ടി.-യിൽനിന്നും നൽകിയിരുന്നതും അസറ്റ് റീ കൺസ്ട്രക്ഷൻ കമ്പനിക്ക് കൈമാറിയതുമായ വിദ്യാഭ്യാസ വായ്പകൾ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുകയില്ല. പ്രസ്തുത കമ്പനി ഒരു ബാങ്കിംഗ് ഇതര കമ്പനി ആയതിനാൽ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ബാങ്കുകളുടെ ഗണത്തിൽ പെടാത്തതിനാലാണ് ഇപ്രകാരം കൈമാറ്റം ചെയ്യപ്പെട്ട വായ്പകൾ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തത്.

(സി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നഴ്സിംഗ് ഇതര പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയില്ല. അതേസമയം നഴ്സിംഗ് കോഴ്സുകളിൽ മെറിറ്റ്, മാനേജ്മെന്റ് എന്നീ രണ്ടു വിഭാഗങ്ങളിലും പ്രവേശനം കിട്ടിയവർക്ക് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്. ഈ മാനദണ്ഡങ്ങൾ മാറ്റാൻ ഉദ്ദേശിക്കുന്നില്ല.

## സ്റ്റാർട്ടപ്പ് സംരംഭങ്ങൾ

6 (*185) ശ്രീ. എം. സ്വരാജ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ പുരോഗതിക്ക് ചലനാത്മകത നൽകേണ്ട സ്റ്റാർട്ടപ്പ് സംരംഭങ്ങൾ, കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങളുടെ അഭാവം കൊണ്ടും ഫണ്ടിന്റെ അപര്യാപ്തതകൊണ്ടും കൊഴിഞ്ഞു പോകുന്നത് പരിഹരിക്കാൻ സർക്കാർ ഏതെല്ലാം തരത്തിൽ സഹായം നൽകാൻ ഉദ്ദേശിക്കുന്നെന്ന് അറിയിക്കാമോ;

(ബി) സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കിയിറങ്ങുന്നവർ തൊഴിൽ തേടി അലയേണ്ടി വരുന്ന സാഹചര്യത്തിന് പകരം സ്വന്തമായി നൂതനാശയങ്ങളുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന് കെ.എസ്.ഐ.ഡി.സി. നൽകി വരുന്ന പിന്തുണ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തിന്റെ ഭാവി സാമ്പത്തിക വളർച്ചാ സ്രോതസ്സായ ഇത്തരം നൂതന സംരംഭങ്ങൾക്ക് ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇത്തരം സംരംഭങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ-സി) നൂതന ആശയങ്ങളുമായി മുന്നോട്ട് വരുന്ന യുവസംരംഭകർക്ക് ആവശ്യമായ പിന്തുണയും ധനസഹായവും നൽകി സംസ്ഥാനത്തിന്റെ വ്യാവസായിക പുരോഗതിയ്ക്ക് യുവതയുടെ പിന്തുണ ആർജ്ജിക്കുകയാണ് സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക വഴി സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. തൊഴിലന്വേഷകരിൽ നിന്ന് സ്വയം തൊഴിൽ ദാതാക്കളായി മാറുന്ന ഒരു നവസംസ്കാരം യുവതലമുറയിലൊട്ടാകെ വളർത്താൻ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ (സ്റ്റാർട്ടപ്പ് ഇന്ത്യ) ആണ് ഇത്തരം സംരംഭങ്ങൾക്ക് അംഗീകാരം നൽകുന്നത്. യുവസംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ കെ.എസ്.ഐ.ഡി.സി. മുഖാന്തരം മൂലധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ, വിവര സാങ്കേതിക സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. വിദ്യാഭ്യാസം പൂർത്തിയായി സ്വന്തമായ ആശയങ്ങൾ ഉല്പന്നങ്ങളായി പരിവർത്തനം ചെയ്യുന്നതിന് മാർഗ്ഗ നിർദ്ദേശ സെമിനാറുകൾ, ചർച്ചായോഗങ്ങൾ തുടങ്ങിയവ നടത്തുന്നതിനായി കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ എല്ലാവിധ സൗകര്യങ്ങളോടു കൂടിയ മൂന്ന് ഇൻക്യൂബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. 2017-18, 2018-19 എന്നീ സാമ്പത്തിക വർഷത്തിൽ ഏഞ്ചൽ ഫണ്ട് / സീഡ് ഫണ്ട് എന്നീ പദ്ധതികൾക്കായി യഥാക്രമം 10 കോടി രൂപയും 8 കോടി രൂപയും സർക്കാർ വകയിരുത്തിയിട്ടുണ്ട്. 2018-19 ബജറ്റിൽ കേരള സ്റ്റാർട്ടപ്പ് മിഷന്റെ "യുവസംരംഭകർക്ക് വികസന പദ്ധതി"യ്ക്കായി 70 കോടി രൂപയും "ടെക്നോളജി ഇന്നൊവേഷൻ ഓൺ ഇൻക്യൂബേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ഫണ്ടി"നായി 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## ടൂറിസ്റ്റുകളുടെ അഭിരുചിക്കനുസരിച്ച് ടൂറിസം മേഖലയെ പരിപോഷിപ്പിക്കൽ

7 (*186)ശ്രീ. കെ. രാജൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളുടെ മാറുന്ന അഭിരുചിക്കനുസരിച്ച് ടൂറിസം മേഖലയെ പരിപോഷിപ്പിച്ച് പുതിയ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് വിനോദസഞ്ചാര വകുപ്പിന് സാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) റിസോർട്ടുകളിലും പഞ്ചനക്ഷത്ര ഹോട്ടലുകളിലും താമസിച്ച് കാഴ്ചകൾ കണ്ടുമടങ്ങുന്നതിന് പകരം, ഓരോ പ്രദേശത്തേയും ജനങ്ങളുമായി അടുത്തിടപഴകി നാട്ടുസംസ്കൃതിയെക്കുറിച്ചറിയാനിഷ്ടപ്പെടുന്ന ടൂറിസ്റ്റുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഹോം സ്റ്റേകളുടെ പ്രവർത്തന പുരോഗതിക്കായി സ്വീകരിച്ചിരിക്കുന്ന പ്രോത്സാഹനനടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) ഫാം ടൂറിസം വ്യാപകമാക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്. വിനോദസഞ്ചാരികളുടെ അഭിരുചിക്കനുസരിച്ച് ടൂറിസം മേഖലയെ പരിപോഷിപ്പിച്ച് പുതിയ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് വിനോദസഞ്ചാര വകുപ്പ് വിവിധങ്ങളായ പദ്ധതികളാണ് ആവിഷ്കരിച്ചു വരുന്നത്. ഈ ലക്ഷ്യം മുൻ നിർത്തി എക്സ്പീരിയെൻഷ്യൽ ടൂർ പാക്കേജുകൾ ടൂറിസ്റ്റുകൾക്കായി തയ്യാറാക്കി നൽകുന്നുണ്ട്. ഇത് ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. വില്ലേജ് ടൂറിസം പദ്ധതി - വില്ലേജ് ലൈഫ് എക്സ്പീരിയെൻസ് പാക്കേജുകൾ എന്നിവ ഇതിന്റെ ഭാഗമാണ്. കുമരകം, തേക്കടി, ചെറുവയൽ, കോവളം, നെല്ലാറച്ചാൽ, ചെട്യാലത്തൂർ എന്നിവിടങ്ങളിലാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി ഈ പ്രവർത്തനം ആദ്യം നടന്നിരുന്നത്. പരമ്പരാഗത തൊഴിലുകളെ ടൂറിസം ഉൽപ്പന്നങ്ങൾ ആക്കി പാക്കേജുകളാക്കുകയും ആ പാക്കേജുകൾ വിപണനം

ചെയ്യുകയും അതിൽ നിന്നുള്ള വരുമാനം പാക്കേജിന്റെ ഭാഗമായ വ്യക്തികൾ, സ്ഥാപനങ്ങൾ, തൊഴിലാളികൾ, വനിതകൾ, തുടങ്ങിയവർക്ക് ലഭ്യമാക്കുകയും ചെയ്യുന്ന രീതിയാണ് നടന്നുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഗ്രാമീണ ടൂറിസം പാക്കേജുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നെയ്ത്തുശാലകൾ, കന്നിമങ്കലത്തെ ബെൽ മെറ്റൽ നിർമ്മാണം, വിവിധ കാവുകളിലെ തെയ്യങ്ങൾ, കൃഷിയിടങ്ങളിലെ സന്ദർശനം, പരമ്പരാഗത മത്സ്യബന്ധന രീതികൾ എന്നിവ കൂട്ടിച്ചേർത്ത് ടൂർ പാക്കേജുകൾ ആരംഭിക്കാൻ തീരുമാനിച്ചു. വയനാട്ടിലെ ചെകാടിയിൽ ഗ്രാമയാത്ര എന്ന പേരിൽ പദ്ധതി പാക്കേജ് ആരംഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ തിരുവാർപ്പ് പഞ്ചായത്തിലെ മലരിക്കൽ എന്ന കൊച്ചു ഗ്രാമത്തെ മാധ്യമ ശ്രദ്ധ ആകർഷിക്കുംവിധം ഇതിനോടകം ടൂറിസം കേന്ദ്രമായി വില്ലേജ് ടൂറിസത്തിന്റെ ഭാഗമായി ഉയർത്തിക്കൊണ്ട് വരാൻ കഴിഞ്ഞു. ഇവിടെ ജലായനം-ഗ്രാമയാത്ര പദ്ധതി തുടങ്ങിക്കഴിഞ്ഞു. ഒളവണ്ണ, കടലുണ്ടി പ്രദേശങ്ങളിലും ജലായനം എന്ന പേരിൽ പാക്കേജുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) റിസോർട്ടുകളിലും പഞ്ചനക്ഷത്ര ഹോട്ടലുകളിലും താമസിച്ച് കാഴ്ചകൾ കണ്ടു മടങ്ങുന്നതിന് പകരം ജനങ്ങളുമായി അടുത്തിടപഴകി നാട്ടു സംസ്കൃതിയെ കുറിച്ച് അറിയാനിഷ്ടപ്പെടുന്ന ടൂറിസ്റ്റുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്ന പദ്ധതി വില്ലേജ് ടൂറിസത്തിന്റെ ഭാഗമായി ഇതിനായി ആരംഭിക്കുവാൻ ഉത്തരവാദിത്ത ടൂറിസം മിഷൻ തീരുമാനിച്ചിട്ടുണ്ട്.

<u>മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ - പദ്ധതി നടപ്പാക്കുന്ന പ്രദേശങ്ങൾ</u>

1. വലിയപറമ്പ
2. കോൾതുരുത്തി (ആന്തൂർ മുനിസിപ്പാലിറ്റിയിലെ ദ്വീപ്)
3. പാമ്പുരുത്തി (കോളച്ചേരി പഞ്ചായത്ത് ദ്വീപ്)
4. മലപ്പട്ടം
5. തെക്കുംപാട്ട് (മാട്ടൂൽ പഞ്ചായത്ത് ദ്വീപ്)
6. എഴോം പഞ്ചായത്ത്
7. തിരുവാർപ്പ് പഞ്ചായത്ത്
8. അയ്മനം പഞ്ചായത്ത്
9. ചെറുതുരുത്തി

10. പെരുവെമ്പ്
11. വെള്ളിനേഴി
12. കാന്തല്ലൂർ
13. ഒളവണ്ണ

ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന തദ്ദേശ ഭരണ സ്ഥാപനങ്ങളെ കൂട്ടിയിണക്കി ഇതേ ലക്ഷ്യം മുൻ നിർത്തി ഒരു വർഷം 14 എന്ന ക്രമത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ പ്രത്യേകമായി തെരഞ്ഞെടുക്കുന്ന പ്രദേശങ്ങളുടെ ടൂറിസം റിസോർസ് ഡയറക്ടറികൾ തയ്യാറാക്കുന്നതാണ്. 2017-18 കാലയളവിൽ താഴെ പറയുന്ന 7 പ്രദേശങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

| | | | |
|---|---|---|---|
| 1. | പെരിനാട് | - | കൊല്ലം ജില്ല |
| 2. | മൺറോതുരുത്ത് | - | കൊല്ലം ജില്ല |
| 3. | കടലുണ്ടി | - | ജലായനം പദ്ധതി പ്രദേശം-<br>കോഴിക്കോട് ജില്ല |
| 4. | ഒളവണ്ണ | - | ജലായനം പദ്ധതി പ്രദേശം-<br>കോഴിക്കോട് ജില്ല |
| 5. | വട്ടവട | | |
| 6. | പൊന്മുടി | | |
| 7. | തിരുവാർപ്പ് | | |

(സി) സംസ്ഥാനത്ത് നിലവിലെ ഹോംസ്റ്റേകൾക്ക് പുറമേ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയും പുതുതായി കുറഞ്ഞത് 1000 ഹോംസ്റ്റേകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള അപേക്ഷകൾ സ്വീകരിച്ച് പരിശീലനം മാർച്ച് 8 മുതൽ ആരംഭിക്കുന്നതാണ്. ഹോംസ്റ്റേകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ഹോം സ്റ്റേ ആന്റ് റൂറൽ ടൂറിസം മീറ്റ് 2017 സെപ്റ്റംബറിൽ കൊച്ചിയിൽ സംഘടിപ്പിച്ചിരുന്നു. ഇത് എല്ലാ വർഷവും നടത്തുന്നതാണ്. ഹോംസ്റ്റേകളിൽ ടൂറിസ്റ്റുകളെ എത്തിക്കുന്നതിനായി എയർബിയൻബി അടക്കമുള്ള ഓൺലൈൻ ബുക്കിംഗ് ഏജൻസികളുമായി സഹകരണത്തിന് നടപടി സ്വീകരിച്ചു വരുന്നു.

(ഡി) കേരളത്തിൽ കുറഞ്ഞത് 300 ഫാം സ്റ്റേകൾ ആരംഭിക്കുവാൻ പ്രാഥമിക നടപടി ആയിട്ടുണ്ട്. ഇതിന്റെ ഭാഗമായി തേജസ്വിനി ഫാർമേഴ്സ് ഗ്രൂപ്പുമായി ചേർന്ന് ഇരുപത് പ്രാദേശിക യോഗങ്ങൾ നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 40 കർഷകർ പുതുതായി ഹോംസ്റ്റേ/ഫാംസ്റ്റേ എന്നിവ ആരംഭിക്കുന്നതിനായി രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഇതിനുപുറമേ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഇതിനായുള്ള പരിശീലനത്തിനായി അപേക്ഷകൾ ക്ഷണിക്കുകയും പരിശീലനം മാർച്ച് 2-ാം വാരം ആരംഭിക്കുകയും ചെയ്യും. ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വ്യത്യസ്ത രൂപത്തിലുള്ള പാക്കേജുകൾ തയ്യാറാക്കി വരുന്നു. ഇതിന്റെ ഭാഗമായി വയലിന്റെ ജീവിതചക്രം അറിയുക, ആസ്വദിക്കുക എന്ന പുതിയ പാക്കേജിന് വലിയ പ്രതികരണമാണ് ലഭിച്ചു വരുന്നത്. കൃഷിയിടങ്ങളിൽ ടെന്റഡ് അക്കൊമഡേഷൻ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനത്തിനും തുടക്കമിട്ടിട്ടുണ്ട്. പുതുതായി 10 ഫാം ടൂറിസം പാക്കേജുകൾ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നടപ്പാക്കുന്നതാണ്.

## ദേശീയതലത്തിലുള്ള സാമ്പത്തിക മുരടിപ്പിന്റെ പ്രത്യാഘാതം കുറയ്ക്കാൻ നടപടി

8 (*187) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ഉണ്ണി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയതലത്തിലുള്ള സാമ്പത്തിക മുരടിപ്പിന്റെ പ്രത്യാഘാതമായി സംസ്ഥാനത്തെ ഗ്രാമസമ്പദ് വ്യവസ്ഥയുടെ വളർച്ചയിലുണ്ടായ ഇടിവ് പരിഹരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള വികസന തന്ത്രം വിശദമാക്കുമോ;

(ബി) ഇതിൽ കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും സാമ്പത്തിക ഉത്തേജനത്തിനായുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വിദേശത്തും ഇതര സംസ്ഥാനങ്ങളിലും തൊഴിലെടുക്കുന്നവരിൽ നിന്ന് സംസ്ഥാനത്തേക്കുള്ള പണവരവിന്റെ തോത് കുറയാനിടയുള്ള സാഹചര്യത്തിൽ കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും പണിയെടുക്കുന്ന ഇതരസംസ്ഥാന തൊളിലാളികളിലൂടെ സംസ്ഥാനത്ത് നിന്ന് പുറത്തേക്കുണ്ടാകുന്ന പണത്തിന്റെ പ്രവാഹം സാമ്പത്തിക വളർച്ചയ്ക്ക് തടസ്സമാകാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം തോമസ് ഐസക്):

(എ) കേന്ദ്ര സർക്കാരിന്റെ വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടി സാമ്പത്തിക മുരടിപ്പ് തരണം ചെയ്യുന്നതിനായി ദീർഘകാല ഹ്രസ്വകാല അടിസ്ഥാനത്തിലുള്ള നടപടികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

(ബി) വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ അന്തിമ ഘട്ടത്തിലാണ്. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ ഇരുപതിനായിരം കോടിയോളം രൂപയുടെ പദ്ധതിക്ക് പണം അനുവദിച്ച് നിർവ്വഹണത്തിലേയ്ക്ക് നീങ്ങുന്നു. 10,000 കോടി രൂപയുടെ പ്രവൃത്തികൾക്ക് അധികം താമസിയാതെ അനുവാദം നൽകും ശേഷിക്കുന്നവ വരും വർഷത്തിലും. സമാനതകളില്ലാത്ത ഈ നിക്ഷേപം ഉളവാക്കുന്ന സാമ്പത്തിക ഉത്തേജനം സാമ്പത്തിക മാന്ദ്യത്തിന് ഒരു മറുമരുന്നാകും. സമ്പൂർണ്ണ പാർപ്പിടം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് പാർപ്പിട പദ്ധതിക്കായി 2018-19-ൽ 2500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിലുള്ള ചെലവഴിക്കൽ ഗ്രാമീണ, നിർമ്മാണ മേഖലകളിൽ ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കും. ഇതിലുപരി അടുത്ത സാമ്പത്തിക വർഷം 500 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന എല്ലാ സ്കൂളുകളുടെയും പശ്ചാത്തല സൗകര്യ വികസനത്തിന് 50 ലക്ഷം രൂപ മുതൽ 1 കോടി രൂപവരെ ചെലവഴിക്കുന്നതാണ്.

കുടുംബശ്രീക്ക് 2018-19-ൽ 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കുടുംശ്രീ ഇരുപതാം വർഷത്തിലേയ്ക്ക് കടക്കുന്നതിനാൽ 20 ഇന കർമ്മ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കയർ, കശുവണ്ടി വ്യവസായം തുടങ്ങിയവയ്ക്ക് ആവശ്യമായ വിഹിതം ബജറ്റിൽ വകയിരുത്തി. നെല്ല് സംഭരണം, തരിശുഭൂമിയിൽ കൃഷിയിറക്കൽ, നാളികേര വികസനം, വിളകളുടെ ആരോഗ്യപരിപാലനം, ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കൽ, വ്യവസായാടിസ്ഥാനത്തിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് നൂതന

സാങ്കേതികവിദ്യകളെ പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്ക് 2018-19-ലെ ബജറ്റിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. റബ്ബർ ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് സിയാൽ മാതൃകയിൽ കമ്പനിയും റബ്ബർ പാർക്കുകളും റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് ഇൻക്യുബേഷൻ സെന്ററും സ്ഥാപിക്കും. മൃഗപരിപാലനത്തിന് കാലിത്തീറ്റ സബ്സിഡിയ്ക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും മുന്തിയ പരിഗണന ബജറ്റിലൂടെ ഉറപ്പ് വരുത്തിയിട്ടുണ്ട്. അടുത്ത സാമ്പത്തികവർഷം വിനോദസഞ്ചാര മേഖലയുടെ സമഗ്രവികസനത്തിനുതകുന്ന ടൂറിസം മാർക്കറ്റിംഗ്, മുസിരിസ് പ്രോജക്ട്, തലശ്ശേരി, ആലപ്പുഴ, പൊന്നാനി, ബേപ്പൂർ പൈതൃക പദ്ധതി, സ്പൈസസ് റൂട്ട് എന്നീ പദ്ധതികൾ ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് കുതിപ്പ് നൽകുന്നതിനായി വ്യവസായ വാണിജ്യ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിയമങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുകയും കിഫ്ബിയുടെ ഭാഗമായി നടപ്പാക്കുന്ന 54000 കോടിയുടെ നിക്ഷേപത്തിൽ ഗണ്യമായ വിഹിതം മാറ്റിവയ്ക്കുകയും ചെയ്തു. വൻകിട ഇടത്തരം ജലസേചന പദ്ധതികളോടൊപ്പം പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങളും തോടുകളും പുനരുദ്ധരിക്കുന്നതിനും കനാലുകൾ നവീകരിക്കുന്നതിനും സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ ജലസേചന ആവശ്യങ്ങൾക്ക് ഒരു പരിധിവരെ മേൽ പദ്ധതികൾ പര്യാപ്തമാകും. 2018-19-ൽ 37,247.99 കോടി രൂപയുടെ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന പദ്ധതി അടങ്കൽ 29,150 കോടി രൂപ വരും. ഗ്രാമവികസനത്തിന് 226.04 കോടിയുടെയും കാർഷിക മേഖലയ്ക്ക് 155.12 കോടിയുടെയും വർദ്ധനവ് മുൻവർഷത്തെ അപേക്ഷിച്ച് അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 7000 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

(സി) ഇതരസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ, നിർമ്മാണ മേഖലകളിൽ നൽകിവരുന്ന സംഭാവനകൾ നിസ്തുലമാണ്. അതുകൊണ്ട് തന്നെ ഇത്തരം തൊഴിലാളികളിലൂടെ സംസ്ഥാനത്തിന് പുറത്തേയ്ക്ക് ഒഴുകുന്ന പണം സംസ്ഥാന സമ്പദ്ഘടനയെ അത്ര ഗൗരവമായി ബാധിക്കുമെന്ന് സർക്കാർ കരുതുന്നില്ല. എന്നാൽ സംസ്ഥാനത്തിന് പുറത്ത് തൊഴിലെടുത്തുവന്നിരുന്ന മലയാളികളുടെ മടങ്ങിവരവ് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രകടമായ അനുരണനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആഗോളമാന്ദ്യത്തിന്റെയും കൂടാതെ വിദേശ രാജ്യങ്ങൾ ഏർപ്പെടുത്തുന്ന സ്വദേശിവൽകരണത്തിന്റെയും ഭാഗമായി ഗൾഫ് കോ-ഓപ്പറേറ്റീവ് കൗൺസിൽ രാഷ്ട്രങ്ങളിൽ കുടിയേറി തൊഴിൽ ചെയ്തുവരുന്ന പ്രവാസി മലയാളികൾക്ക് വൻതോതിൽ തൊഴിൽസുരക്ഷിതത്വമില്ലായ്മ നേരിടേണ്ടി വരുന്നു. ഇതിനുപുറമെ ഇത്തരം രാഷ്ട്രങ്ങളിലെ സാമൂഹ്യ-രാഷ്ട്രീയ സംഭവ വികാസങ്ങൾ

പ്രശ്നങ്ങളെ കൂടുതൽ രൂക്ഷമാക്കുകയും ചെയ്യുന്നു. ഇത്തരം പ്രശ്നങ്ങൾ കാരണം മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി മൂലധനത്തിലും അതിന്റെ പലിശയിലും ഇളവ് അനുവദിച്ചുകൊണ്ട് മടങ്ങിയെത്തുന്ന മലയാളികളുടെ പുനരധിവാസം (NDPREM) എന്ന പദ്ധതി നോർക്ക വകുപ്പ് മുഖേന നടത്തിവരുന്നു. കൂടാതെ അന്തർദേശീയ സാമ്പത്തിക സാഹചര്യങ്ങൾ ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തെക്കാളും പ്രധാനമായും ബാധിക്കുന്നത് കേരളത്തെയാണ്. കേരളത്തിലെ കാർഷിക അടിത്തറയാകുന്ന പ്രധാന വിളകൾ കയറ്റുമതിയുമായി ബന്ധപ്പെട്ടതായതിനാൽ ആഗോള സമ്പദ്ഘടനയിൽ ഇവയ്ക്കുണ്ടാകുന്ന വില വ്യത്യാസങ്ങൾ നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്നു. പരമാവധി ഉല്പാദനക്ഷമത, ലാഭം, പാരിസ്ഥിതിക സന്തുലിതാവസ്ഥ എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിര കാർഷിക വികസനത്തിനാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നത്. ആയതിനാൽ, ആഭ്യന്തര മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ നയങ്ങൾ സംസ്ഥാന സർക്കാർ രൂപീകരിച്ചുവരുന്നു. നാണ്യവിളകളുടെ വിലത്തകർച്ചയും സാമ്പത്തിക പ്രതിസന്ധിയും നേരിടുന്നതിന്റെ ഭാഗമായി ഭക്ഷ്യ വിളകൾക്ക് ഊന്നൽ നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ നെല്ല്, പച്ചക്കറി, പയർ/കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വിളകൾക്കായി പ്രത്യേക കാർഷിക മേഖലകൾ രൂപീകരിച്ചിട്ടുണ്ട്.

## അനെർട്ടിന്റെ പ്രവർത്തനങ്ങൾ

9 (*188) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ സംരക്ഷണത്തിനും പുനരുത്പാദക സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോത്പാദനത്തിനും അനെർട്ട് വഴി സംസ്ഥാനത്ത് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഓരോ മണ്ഡലത്തിലും ഒന്നെന്ന തോതിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ഈ കേന്ദ്രങ്ങൾ ഊർജ്ജ സംരക്ഷണത്തിൽ എങ്ങനെ ഇടപെടുമെന്ന് അറിയിക്കാമോ;

(സി) അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ പരിപാലനത്തിന് വേണ്ടി വരുന്ന ചെലവ് അധികമായതിനാൽ പരിപാലന ചെലവ് കുറഞ്ഞ പുതിയ സാങ്കേതിക വിദ്യ വ്യാപകമാക്കുന്നതിൽ അനെർട്ടിന് ഇടപെടാൻ കഴിയുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോ വോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാകളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 11.87 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും, നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചു നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതുകൂടാതെ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ലഭ്യത, പരിപാലനം എന്നിവ സംബന്ധിച്ച വിവരവും പ്രസ്തുത പ്രചരണ പ്രവർത്തനങ്ങളിലൂടെ നൽകി വരുന്നു. അക്ഷയ ഊർജ്ജ മേഖല സംബന്ധമായി പോർട്ടൽ സംവിധാനം ഒരുക്കുന്നതിനും, കോൾ സെന്റർ ഫെസിലിറ്റി നടപ്പിലാക്കുന്നതിനും, ടോൾ ഫ്രീ നമ്പരിലൂടെ പൊതുജനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും, വിവരങ്ങളും, ലഭ്യമാക്കുന്നതിനും, വിവിധ പ്രചരണ പരിപാടികൾ, സെമിനാറുകൾ, സഞ്ചരിക്കുന്ന പ്രദർശനശാലകൾ എന്നിവ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനും ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ വേണ്ട പ്രചരണം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ സംസ്ഥാന നോഡൽ ഏജൻസി കൂടിയാണ് സംസ്ഥാന ഊർജ്ജ വകുപ്പിന് കീഴിലുള്ള അനെർട്ട്. അക്ഷയ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, ജൈവോർജ്ജം എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങളുടേയും സംവിധാനങ്ങളുടേയും പ്രചരണവും, കേന്ദ്ര ഗവൺമെന്റ് സബ്സിഡിയോടുകൂടിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും അനെർട്ട് മുഖേന നടന്നുവരുന്നു. കൂടാതെ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സാധ്യതയുള്ള പ്രദേശങ്ങളിൽ സംരംഭകർക്ക് സാങ്കേതിക അനുമതിയും അനെർട്ട് മുഖേനയാണ് നൽകി വരുന്നത്. അക്ഷയ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം,

പവനോർജ്ജം, ജൈവോർജ്ജം എന്നിവ ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന വിവിധ ഉപകരണങ്ങളും സംവിധാനങ്ങളും സംസ്ഥാനത്ത് വ്യാപകമായി പ്രചരിപ്പിക്കുന്ന വിവിധ പ്രവർത്തനങ്ങളാണ് അനെർട്ട് മുഖേന നടപ്പിലാക്കുന്നത്.

(ബി) ഓരോ മണ്ഡലത്തിലും ഓരോ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്ന സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് അനെർട്ട് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെയാണ് (CMD) ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനായി ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുന്നതിന് പത്രപരസ്യം നൽകിയിരുന്നു. 1545 അപേക്ഷകളാണ് ലഭിച്ചത്. ഈ അപേക്ഷകൾ വിലയിരുത്തുന്ന നടപടി പുരോഗമിക്കുകയാണ്. യോഗ്യരായ അപേക്ഷകരുടെ ലിസ്റ്റ് മാർച്ച് രണ്ടാംവാരം CMD പ്രസിദ്ധീകരിക്കുന്നതാണ്. യോഗ്യരായവരെ മേഖലാടിസ്ഥാനത്തിൽ അഭിമുഖത്തിന് വിളിക്കുകയും, തുടർന്ന് അവരുടെ ഭൗതീക സൗകര്യങ്ങൾ വിലയിരുത്തി അർഹതയുള്ള സംരംഭകനെ തെരഞ്ഞെടുക്കുന്നതുമാണ്. പൊതുജനങ്ങൾക്കും, വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും, അവ സ്ഥാപിക്കുന്നതിനും, അവയുടെ പരിപാലനത്തിനും ആവശ്യമായ സാങ്കേതിക സഹായം ഈ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്നതാണ്.

(സി) ഗുണമേന്മയുള്ള അക്ഷയ ഊർജ്ജ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ട സംവിധാനങ്ങൾ അനെർട്ട് ഏർപ്പെടുത്തി വരുന്നു. പരിപാലന ചെലവ് കുറഞ്ഞ പുതിയ തരം ബാറ്ററികൾ സ്പെസിഫിക്കേഷനുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിപാലനത്തിന് ആവശ്യമായ സാങ്കേതിക വിദഗ്ദ്ധരുടെ കുറവ് പരിഹരിക്കുന്നതിന് വിവിധ മേഖലകളിൽ പരിശീലന പരിപാടികൾ അനെർട്ട് സംഘടിപ്പിച്ചുവരുന്നു.

## കിഫ്ബി പദ്ധതികൾക്കുള്ള ധനവിനിയോഗം

10 (*189) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി പദ്ധതികൾക്കുള്ള ധനവിനിയോഗം അനുവദിക്കുന്നതിനായി രൂപീകരിച്ച ധനകാര്യവിഭാഗത്തിന്റെയും പദ്ധതിവിശദാംശങ്ങളുടെ സൂക്ഷ്മ പരിശോധനയ്ക്കുള്ള അവലോകന വിഭാഗത്തിന്റെയും പ്രവർത്തനം കാര്യക്ഷമമാണോ;

(ബി) ഈ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചമൂലമാണ് മലയോര ഹൈവേയുടെ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ കഴിയാത്തതെന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) കടമെടുക്കുന്ന തുക മൂലധനചെലവിനായി വിനിയോഗിച്ച് ആസ്തി വർദ്ധിപ്പിച്ച് സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യം കിഫ്ബിയിലൂടെ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടോ; കഴിഞ്ഞ വർഷം സാമ്പത്തിക വളർച്ചയിലുണ്ടായ നേട്ടം എന്തായിരുന്നു;

(ഡി) കിഫ്ബിക്ക് വേണ്ടിയുള്ള ഫണ്ടുകളുടെ സമാഹരണം വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; ജനറൽ ഒബ്ളിഗേഷൻ ബോണ്ടുകൾ വഴിയും, മസാല ബോണ്ടുകൾ വഴിയും തുക സമാഹരിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ആർ.ബി.ഐ.യുടെ അംഗീകാരം ഇക്കാര്യത്തിന് ലഭിച്ചിട്ടുണ്ടോ;

(ഇ) കിഫ്ബിയുടെ ആഭിമുഖ്യത്തിൽ അസറ്റ് മാനേജ്മെന്റ് കമ്പനി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ തുക സംസ്ഥാന ബജറ്റിനുപുറമെ നിന്നും സമാഹരിക്കുന്നതിനായി 1999-ൽ സ്ഥാപിതമായ ഒരു കേന്ദ്രീകൃത ഏജൻസിയാണ് കിഫ്ബി. സമയബന്ധിതമായ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുക എന്നത് കിഫ്ബിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിലൊന്നാണ്. ഈ ലക്ഷ്യസാക്ഷാത്കരണത്തിനായി 14-2-2017-ലെ സ. ഉ. (കൈ) നമ്പർ 77/2017/ധന. ഉത്തരവുപ്രകാരം കിഫ്ബിയിൽ ധനകാര്യവും ഭരണവും വിഭാഗം, പദ്ധതി അവലോകന വിഭാഗം, ഇൻസ്പെക്ഷൻ അതോറിറ്റി വിഭാഗം എന്നിവ രൂപീകരിക്കുകയും നിർദ്ദിഷ്ട യോഗ്യതയും പ്രവൃത്തി പരിചയമുള്ളവരുമായ ഉദ്യോഗസ്ഥരെ ആവശ്യാനുസരണം നിയമിക്കുന്നതിനായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള ഉദ്യോഗസ്ഥരെ ടി തസ്തികകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബി മുഖേന നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ച നടപടിക്രമങ്ങൾ 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/16/ധന. ഉത്തരവുപ്രകാരം സർക്കാർ പുറപ്പെടുവിക്കുകയും ഇതുപ്രകാരം പദ്ധതികളുടെ വിശദമായ പദ്ധതി രേഖ, വർക്ക് ബ്രേക്ക് ഡൗൺ സ്ട്രക്ച്ചർ, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് എന്നിവയുൾപ്പെടെയുള്ള പദ്ധതി വിശദാംശങ്ങൾ കിഫ്ബിയുടെ വെബ്സൈറ്റിൽ ബന്ധപ്പെട്ട ഭരണ വകുപ്പ് അപ്‌ലോഡ് ചെയ്യുകയും പദ്ധതി വിശദാംശങ്ങൾ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി ന്യൂനതകളില്ലാത്ത പക്ഷം തുടർന്നു വരുന്ന കിഫ് ബോർഡ്

യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യും. ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം ബന്ധപ്പെട്ട ഭരണവകുപ്പ്/പദ്ധതി നിർവ്വഹണ ഏജൻസിയോട് ന്യൂനതകൾ പരിഹരിച്ച് പദ്ധതി വിശദാംശങ്ങൾ പുനഃസമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ, കിഫ്ബി പദ്ധതികൾക്ക് താമസംവിനാ അംഗീകാരം ലഭ്യമാക്കുവാൻ സാധിക്കുന്നു. ഇതിനോടകം തന്നെ 20,000 കോടിയോളം രൂപയുടെ പദ്ധതികൾക്ക് ഈ വിധം ബോർഡിന്റെ അംഗീകാരം ലഭ്യമാക്കാൻ സാധിച്ചിട്ടുള്ളതും പദ്ധതി നടത്തിപ്പിനായി 356.56 കോടി രൂപ അനുവദിച്ചിട്ടുള്ളതും വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽ ബൃഹത്തായ ഓൺലൈൻ സംവിധാനം ഏർപ്പെടുത്താനായതും കിഫ്ബിയുടെ വിവിധ വിഭാഗങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ദൃഷ്ടാന്തമാണ്.

കിഫ്ബിയുടെ ഭരണപരമായ പ്രവർത്തനങ്ങൾക്കുപുറമേ പദ്ധതികൾക്കുള്ള ധനവിനിയോഗം സംബന്ധിച്ച വിഷയവും ഫണ്ട് സമാഹരിക്കുന്നതിനുള്ള നടപടി ക്രമങ്ങളും കൈകാര്യം ചെയ്യുന്നത് ധനകാര്യവും ഭരണവും വിഭാഗത്തിലാണ്. പദ്ധതി നിർവ്വഹണ ഏജൻസികൾക്കുള്ള സെന്റേജ് ചാർജ് അനുവദിക്കൽ, ബില്ലുകളിന്മേലുള്ള ഡിഡക്ഷൻസ് ബന്ധപ്പെട്ട എസ്.പി.വി.-ക്ക് കൈമാറൽ എന്നിവ സംബന്ധിച്ച പരിശോധനകൾ നടത്തി ഓൺലൈനായി തുക വളരെ വേഗം അനുവദിക്കുന്നു. ഇത് കിഫ്ബി പദ്ധതികളുടെ തടസ്സരഹിതമായ ധനവിനിയോഗം സാദ്ധ്യമാക്കു ന്നതിനും പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സഹായിക്കുന്നു.

(ബി) കിഫ്ബിയിൽ നാളിതുവരെ 558.35 കിലോ മീറ്റർ മലയോര ഹൈവേ പദ്ധതിയുടെ ഭാഗമായ 20 വിശദമായ ഉപപദ്ധതി രേഖകളാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. അതിൽ 126.7 കിലോ മീറ്ററിന്റെ 4 പദ്ധതികൾ കിഫ് ബോർഡ് അംഗീകരിച്ചു. എന്നാൽ സമർപ്പിക്കപ്പെട്ട പല ഉപപദ്ധതികളുടെയും വിശദമായ പദ്ധതി രേഖകൾ അപൂർണ്ണമായിരുന്നു. ഇൻവെസ്റ്റിഗേഷൻ, അലൈൻമെന്റ് പ്ലാൻ കിഫ്ബിയിൽ പദ്ധതികൾ സമർപ്പിക്കേണ്ട മാനദണ്ഡങ്ങൾ എന്നീ കാര്യങ്ങളിലെല്ലാം അപാകതകൾ ഉണ്ടായിരുന്നു. ടി വസ്തുതകൾ യഥാസമയം ബന്ധപ്പെട്ട എസ്.പി.വി.-യുടേയും ഭരണവകുപ്പിന്റേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും കാലവിളംബമില്ലാതെ പ്രസ്തുത രേഖകൾ പരിശോധിച്ച് കിഫ്ബിയിൽ പുനഃസമർപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയുമാണ്.

(സി) കടമെടുക്കുന്ന തുക മൂലധനചെലവിനായി വിനിയോഗിച്ച് ആസ്തി വർദ്ധിപ്പിച്ച് സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യം സാക്ഷാത്കരി ക്കുന്നതിനായി 1999-ലെ കിഫ് ആക്ട് ഭേദഗതി ചെയ്യുകയും സെബിയും

ആർ.ബി.ഐ.-യും അംഗീകരിച്ച നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ പ്രയോജന പ്പെടുത്തുന്നതിനുള്ള നടപടികൾ കിഫ്ബിയിൽ സ്വീകരിച്ചുവരുകയും ചെയ്യുന്നു. 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിലെ മോട്ടോർ വാഹന നികുതി, പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ്സ് എന്നീ ഇനത്തിൽ ആകെ 1772.17 കോടി രൂപ കിഫ്ബി നിധിയിലേക്ക് വക കൊള്ളിച്ചിട്ടുണ്ട്. ഇതിനുപുറമേ 5475-00-800-92-ഡെവലപ്മെന്റ് ഓഫ് മേജർ ഇൻഫ്രാസ്ട്രക്ച്ചറൽ പ്രോജക്ട്സ് എന്ന ശീർഷകത്തിലെ 2015-16, 2016-17 വർഷത്തെ ബാക്കി വന്ന തുകയിൽനിന്നും ആകെ 2498.42 കോടി രൂപ പൊതു സാമ്പത്തിക വിപണിയിൽനിന്നും നിക്ഷേപമാകർഷിക്കുന്നതിനുള്ള സീഡ് ക്യാപിറ്റലായി കിഫ്ബിക്ക് സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. നബാർഡിന്റെ NIDA (NABARD Infrastructure Development Assistance) പദ്ധതിയിലൂടെ 565 കോടി വായ്പ അനുവദിക്കുകയും 100.80 കോടി രൂപ കിഫ്ബി നിധിയിലേക്ക് വകകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ബോർഡ് നിലവിൽ അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ പ്രാഥമിക നിർവ്വഹണ പ്രവർത്തനത്തിന് കിഫ്ബി നിധിയിൽ നിലവിലുള്ള തുക പര്യാപ്തമാണ്. കിഫ്ബോർഡ് അംഗീകാരം നൽകിയ പദ്ധതികൾ അവയുടെ നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്. 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ 50,000 കോടി രൂപയുടെ കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. നാളിതുവരെ കൂടിയ കിഫ്ബോർഡ് യോഗങ്ങൾ 19,938 കോടി രൂപ അടങ്കലുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നതേയുള്ളൂ. പദ്ധതികളോരോന്നും പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ ഇവ പ്രകടമായ സംഭാവനകൾ പ്രദാനം ചെയ്യും.

(ഡി) 2016-17 പുതുക്കിയ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ മുൻ വർഷങ്ങളിലെ മോട്ടോർ വാഹന നികുതി, പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ്സ് എന്നീ ഇനത്തിൽ ആകെ 1772.17 കോടി രൂപ കിഫ്ബി നിധിയിലേക്ക് വകകൊള്ളിച്ചിട്ടുണ്ട്. നബാർഡിന്റെ NIDA (NABARD Infrastructure Development Assistance) ലൂടെ 565 കോടി വായ്പ അനുവദിക്കുകയും 100.80 കോടി രൂപ കിഫ്ബി നിധിയിലേക്ക് വകകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ 5475-00-800-92-ഡെവലപ്മെന്റ് ഓഫ് മേജർ ഇൻഫ്രാസ്ട്രക്ച്ചറൽ പ്രോജക്ട്സ് എന്ന ശീർഷകത്തിലെ 2015-16, 2016-17 വർഷത്തെ ബാക്കി വന്ന തുകയിൽ നിന്നും ആകെ 2498.42 കോടി രൂപ പൊതു സാമ്പത്തിക വിപണിയിൽനിന്നും നിക്ഷേപമാകർഷിക്കുന്നതിനുള്ള സീഡ് ക്യാപിറ്റലായി കിഫ്ബിക്ക് സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ബോർഡ് നിലവിൽ അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ പ്രാഥമിക

നിർവ്വഹണ പ്രവർത്തനത്തിന് കിഫ്ബി നിധിയിൽ നിലവിലുള്ള തുക പര്യാപ്തമാണ്. ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം കിഫ്ബിയിലേക്കുള്ള നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, മസാല ബോണ്ടുകൾ എന്നിവ പുറപ്പെടുവിക്കുന്നതിനും കെ.എസ്.എഫ്.ഇ. ആരംഭിക്കുന്ന പ്രവാസി ചിട്ടിയിലൂടെയുള്ള നിക്ഷേപസമാഹരണത്തിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. യു.കെ., സിംഗപ്പൂർ തുടങ്ങിയ വിദേശ രാജ്യങ്ങളിൽ ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന്റെ ആദ്യപടിയായി മുംബൈയിൽവച്ച് 2018 ഫെബ്രുവരി മാസം വിവിധ മർച്ചന്റ് ബാങ്കുകൾ/റേറ്റിംഗ് ഏജൻസികൾ എന്നിവരുമായി മീറ്റിംഗ് സംഘടിപ്പിക്കുകയും അവരുടെ പ്രോത്സാഹനവും സഹകരണവും ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ജനറൽ ഒബ്ലിഗേഷൻ ബോണ്ട് പുറപ്പെടുവിക്കുന്നതിന്റെ ഒരു പ്രധാന ചുവടുവയ്പായി പ്രമുഖ റേറ്റിംഗ് ഏജൻസികളിൽ നിന്ന് $A^+$ റേറ്റിംഗ് സമ്പാദിക്കുകയും ഫണ്ട് സ്വരൂപിക്കുന്നതിനുള്ള അറേഞ്ചർമാരെ കണ്ടെത്താനുള്ള ടെണ്ടർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിലേക്കായി അന്താരാഷ്ട്ര റേറ്റിംഗ് ഏജൻസിയെയും മർച്ചന്റ് ബാങ്കിനേയും നിയമിക്കുന്നതിനുള്ള ഇ-ടെണ്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന മുറയ്ക്ക് ആർ.ബി.ഐ.-യുടെ അംഗീകാരം യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(ഇ) അടിസ്ഥാനസൗകര്യ മേഖലയിൽ കിഫ്ബി വഴി 5 വർഷംകൊണ്ട് 50,000 കോടി രൂപയുടെ വികസനമാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് പരമ്പരാഗത ധനമാർഗ്ഗങ്ങളെ മാത്രം ആശ്രയിക്കുന്നത് പര്യാപ്തമല്ലാത്തതിനാൽ സാദ്ധ്യമായ മറ്റ് ധനസമാഹരണ രീതികൾ കൂടി കിഫ്ബി അവലംബിക്കേണ്ടതുണ്ട്. നിയന്ത്രണവ്യവസ്ഥകളിലെ സമീപകാല മാറ്റങ്ങൾ അടിസ്ഥാനസൗകര്യ വികസന ആവശ്യങ്ങൾക്ക് നൂതന ധനസമാഹരണ മാർഗ്ഗങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നത് സാദ്ധ്യമാക്കുന്നു. ആയതിനാൽ, നിക്ഷേപയോഗ്യമായ വ്യത്യസ്ഥ ധനസ്രോതസ്സുകൾ പ്രയോജനപ്പെടുത്തി വിഭവാടിത്തറ വർദ്ധിപ്പിച്ച് സംസ്ഥാനത്തെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കാവശ്യമായ നിക്ഷേപം ലഭ്യമാക്കാൻ നൂതന അടിസ്ഥാനസൗകര്യ ധനകാര്യ സംവിധാനങ്ങൾ (IFVs) സ്ഥാപിക്കാനും അവ കൈകാര്യം ചെയ്യാൻ ഒരു സംരംഭം രൂപീകരിക്കാനും കിഫ്ബി ഉദ്ദേശിക്കുന്നു. 24-10-2016-ലെ സ.ഉ. (സാധാ) നമ്പർ 8409/2016/ധന. ഉത്തരവുപ്രകാരം തമിഴ്നാട് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് മാനേജ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മാതൃകയിൽ ഒരു അസറ്റ് മാനേജ്മെന്റ് കമ്പനി രൂപീകരിക്കുന്നതിനായി പദ്ധതിരേഖ തയ്യാറാക്കാൻ ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. വി. എസ്. സെന്തിലിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരുന്നു. ശ്രീ. വി.എസ്. സെന്തിൽ സമർപ്പിച്ച പദ്ധതിരേഖ

പ്രകാരം പ്രാഥമികമായി 100 കോടി രൂപയുടെ അംഗീകൃത മൂലധനവും 50 കോടി രൂപയുടെ പെയ്ഡ്-അപ് ക്യാപ്പിറ്റലുമുള്ള ഒരു അസറ്റ് മാനേജ്മെന്റ് കമ്പനി രൂപീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിരേഖ 31-5-2017-ൽ കൂടിയ കിഫ്ബിയുടെ 29-ാം ബോർഡ് യോഗത്തിൽ സമർപ്പിക്കുകയും ബോർഡ് അത് അംഗീകരിക്കുകയും നിർദ്ദിഷ്ട അസറ്റ് മാനേജ്മെന്റ് കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ. വി. എസ്. സെന്തിലിന്റെ സേവനം ലഭ്യമാക്കാനും തീരുമാനിച്ചു. ഇതിന്റെ തുടർച്ചയായി, സർക്കാരിന്റെ അംഗീകാരത്തോടെ ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കുന്നതിനും 30-11-2017-ൽ കൂടിയ കിഫ്ബിയുടെ 31-ാം ബോർഡ് യോഗത്തിൽ തീരുമാനമുണ്ടായി:

നിർദ്ദിഷ്ട അസറ്റ് മാനേജ്മെന്റ് കമ്പനി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 10 കോടി രൂപ കിഫ്ബിയിൽനിന്ന് അനുവദിക്കുന്നതിനും കമ്പനി രൂപീകരണവുമായി ബന്ധപ്പെട്ട് ഇതിനുപുറമേയുള്ള ചെലവുകൾ അനുവദിക്കുന്നതിനും കിഫ്ബി സി.ഇ.ഒ.-യെ അധികാരപ്പെടുത്തുവാനും കിഫ്ബിയിൽ നിന്നും ചെലവഴിക്കപ്പെടുന്ന തുക കമ്പനി രൂപീകരണത്തോടെ ഉചിതമായ ഓഹരി മൂലധനമായി മാറ്റുവാനും തീരുമാനിച്ചു. RBI-യുടെയും SEBI യുടെയും മാനദണ്ഡങ്ങൾക്കനുസൃതമായി രജിസ്റ്റർ ചെയ്ത ധനനിധി സംവിധാനങ്ങൾ രൂപീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പ്രസ്തുത കമ്പനിയെ അധികാരപ്പെടുത്താൻ തീരുമാനിച്ചു. നിർദ്ദിഷ്ട AMC-യുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ഇന്ത്യാ ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ (IIFCL) സേവനങ്ങൾ ഉപയോഗപ്പെടുത്താൻ കിഫ്ബി സി.ഇ.ഒ.-യെ അധികാരപ്പെടുത്തുവാൻ തീരുമാനിച്ചു. കിഫ്ബോർഡിന്റെ മേൽ സൂചിപ്പിച്ച തീരുമാനങ്ങൾ 27-2-2018-ൽ കൂടിയ മന്ത്രിസഭാ യോഗം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

## കേരള ബാങ്കിന്റെ രൂപീകരണം

11 (* 190) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ രൂപീകരണം സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് എത്രമാത്രം സഹായകമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദീകരിക്കുമോ;

(ബി) നിലവിൽ സംസ്ഥാന സഹകരണ ബാങ്കിന്റെയും, ജില്ലാ സഹകരണ ബാങ്കുകളുടെയും, നോൺ പെർഫോമിംഗ് അസറ്റ് എത്ര ശതമാനം വീതമാണ്;

(സി) കേരള ബാങ്ക് നിലവിൽ വരുന്നതോടുകൂടി നിലവിലെ വായ്പാപലിശ നിരക്ക് കുറയ്ക്കുവാൻ സാധിക്കുമോ; ഇതിനുള്ള അടിസ്ഥാനമെന്താണെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേരള ബാങ്ക് എന്ന ആശയം വായ്പാ മേഖലയിലും പരമ്പരാഗത വ്യവസായ മേഖലയിലും കേരളത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിലും പുത്തനുണർവ് സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേരള സഹകരണ ബാങ്കിന്റെ രൂപീകരണം മുഖേന ആവർത്തിത/ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കപ്പെടുകയോ കുറയ്ക്കുകയോ ചെയ്യപ്പെടുന്നത് മുഖേന ഹ്രസ്വകാല വായ്പാ മേഖലയിൽ അംഗങ്ങൾക്കും ഉപഭോക്താക്കൾക്കും കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭിക്കുന്നതിന് സാഹചര്യം ഒരുക്കും. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഒരു നവഉണർവ് നൽകുവാൻ സാധിക്കും. കൂടാതെ പലിശ കുറഞ്ഞ വായ്പയുടെ ലഭ്യത മുഖേന കാർഷിക മേഖല, പരമ്പരാഗത തൊഴിൽ മേഖല, സ്വയം തൊഴിൽ മേഖല എന്നിവയുടെ വികസനത്തിന് കാരണമാകും. സംസ്ഥാനത്ത് ധനനിക്ഷേപങ്ങളും ക്രെഡിറ്റും വളർത്തിക്കൊണ്ടുവരുന്നതിന് ക്രിയാത്മകമായ പങ്ക് വഹിക്കാനാകും. സഹകരണ ബാങ്കുകൾക്ക് നിലവിലുള്ള പല പരിമിതികളും ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ കേരള സഹകരണ ബാങ്കിന് മറികടക്കാനാകും. ലയനം മുഖേന നിർദ്ദിഷ്ട ബാങ്കിന്റെ ആസ്തി വർദ്ധിക്കുന്നതിനാൽ ബാങ്കിംഗ് മേഖലയിലെ ഇതര സ്ഥാപനങ്ങളുമായി ആരോഗ്യകരമായ മത്സരം നടത്തുവാനും ആയതിലൂടെ സംസ്ഥാനത്തിന്റെ വികസനത്തിന് ശക്തമായ അടിത്തറ നൽകുവാനും കഴിയും. മറ്റ് വാണിജ്യ ബാങ്കുകളിൽ നിന്നും വ്യത്യസ്തമായി സഹകരണ മേഖലയിലുള്ള ഈ ബാങ്ക് സ്വീകരിക്കുന്ന നിക്ഷേപം വായ്പയായി കേരളത്തിൽ തന്നെ വിതരണം ചെയ്യാൻ കഴിയുമെന്നതിനാൽ ആയത് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് സഹായകരമാകും. നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലൂടെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ കഴിയുന്നതോടൊപ്പം പ്രാഥമിക സംഘങ്ങൾക്ക് സ്വന്തം നിലയിൽ നൽകാൻ കഴിയാത്ത സേവനം നിർദ്ദിഷ്ട ഏകീകൃത ബാങ്ക് മുഖേന നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 31-3-2017-ലെ കണക്കനുസരിച്ച് സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും എൻ.പി.എ. ശതമാനം ചുവടെ ചേർക്കുന്നു :

| ബാങ്കിന്റെ പേര് | നെറ്റ് എൻ.പി.എ. ശതമാനം |
|---|---|
| സംസ്ഥാന സഹകരണ ബാങ്ക് | 2.52 |
| തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് | 16.36 |
| കൊല്ലം ജില്ലാ സഹകരണ ബാങ്ക് | 6.97 |
| പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് | 5.78 |
| ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് | 3.86 |
| കോട്ടയം ജില്ലാ സഹകരണ ബാങ്ക് | 4 |
| ഇടുക്കി ജില്ലാ സഹകരണ ബാങ്ക് | 4.24 |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് | 4.99 |
| തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് | 8.1 |
| പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | 6 |
| മലപ്പുറം ജില്ലാ സഹകരണ ബാങ്ക് | 5.7 |
| കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് | 6.76 |
| വയനാട് ജില്ലാ സഹകരണ ബാങ്ക് | 3.81 |
| കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് | 4.82 |
| കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് | 5.84 |

(സി) കേരള സഹകരണ ബാങ്ക് നിലവിൽ വരുമ്പോൾ ആവർത്തിത/ ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നത് പലിശ നിരക്കിൽ ഗണ്യമായ കുറവ് സാദ്ധ്യമാക്കും. ഇത് സഹകരണ ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിപ്പിക്കുകയും വായ്പക്കാരുടെ പലിശ ബാദ്ധ്യത കുറയ്ക്കാൻ സഹായിക്കുകയും ചെയ്യും.

**ധനകാര്യ-ബാങ്കിംഗ് രംഗത്തെ വെല്ലുവിളി നേരിടാൻ കേരള ബാങ്ക്**

12 (* 191) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട കുത്തക കമ്പനികൾക്ക് ഈടില്ലാതെ കോടിക്കണക്കിന് രൂപ വായ്പ നൽകുകയും കിട്ടാക്കടമെന്ന പേരിൽ എഴുതിത്തള്ളുകയും ചെയ്യുന്നതുവഴി പ്രതിസന്ധിയിലാകുന്ന ബാങ്കുകളെ സംരക്ഷിക്കേണ്ടത് ഇടപാടുകാരുടെ ബാധ്യത യാക്കാൻ ഫിനാൻഷ്യൽ റെസലൂഷൻ ആന്റ് ഡെപ്പോസിറ്റ് ഇൻഷ്വറൻസ് നിയമം (എഫ്.ആർ.ഡി.ഐ.) കൊണ്ടുവന്ന് ചെറുസമ്പാദ്യം മാത്രമുള്ള പാവപ്പെട്ടവരെ ദ്രോഹിക്കാൻ ശ്രമിക്കുന്ന കേന്ദ്ര സർക്കാർ നയങ്ങളോടുള്ള പ്രതിരോധമെന്ന നിലയിൽ സമ്പൂർണ്ണ ദേശീയ ബദൽ ബാങ്കായി കേരള ബാങ്ക് രൂപീകരിച്ച് സംസ്ഥാനത്തെ പാവപ്പെട്ടവരുടെ താല്പര്യം സംരക്ഷിക്കാനുള്ള ശ്രമത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) ന്യൂജനറേഷൻ ബാങ്കുകളോട് കിടപിടിക്കുന്ന രീതിയിൽ കേരള ബാങ്ക് രൂപീകരിച്ച് ധനകാര്യ-ബാങ്കിംഗ് രംഗത്തെ വെല്ലുവിളി നേരിടാൻ സഹകരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) മിനിമം ബാലൻസില്ലാത്തതിനാൽ പിഴ ഈടാക്കിക്കൊണ്ടും ഓരോ സേവനങ്ങൾക്കും ചാർജ്ജ് ഈടാക്കിക്കൊണ്ടും പൊതു ബാങ്കിംഗ് രംഗം പാവപ്പെട്ടവർക്ക് അന്യമാക്കി മാറ്റുന്ന നടപടിക്ക് അറുതി വരുത്തുന്നതോടൊപ്പം സംസ്ഥാനത്തെ ജനങ്ങളുടെ സമ്പാദ്യം സംസ്ഥാനത്ത് തന്നെ നിക്ഷേപമാക്കിത്തീർക്കാനും പുതിയ കേരള ബാങ്ക് വിഭാവനം ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം. എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28-4-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗികതലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽനിന്ന് ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു :

1. കേരള സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് അനുമതിക്കായുള്ള പ്രാഥമിക അപേക്ഷ ഭാരതീയ റിസർവ് ബാങ്കിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

2. ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി "Software Integration" -ന് വേണ്ടിയുള്ള RFP അംഗീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

3. കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതി സംബന്ധിച്ച് ലീഗൽ സെൽ സമർപ്പിച്ച കരട് ഭേദഗതി നിർദ്ദേശങ്ങളിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം തേടാൻ നടപടി സ്വീകരിച്ചുവരുന്നു.

4. 14 ജില്ലാ സഹകരണ ബാങ്കുകളുടേയും ബാക്കിപത്ര ശുദ്ധീകരണത്തിന്റെ ഭാഗമായുള്ള ബാങ്ക് തിരിച്ചുള്ള പ്രത്യേക യോഗങ്ങൾ 3 ഘട്ടം പൂർത്തിയായി കഴിഞ്ഞു.

5. 15 ബാങ്കുകളുടെയും Asset Valuation, Audit എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിശ്ചയിക്കുന്നതിനുള്ള RFP തയ്യാറാക്കിവരുന്നു.

6. മനുഷ്യവിഭവശേഷി സംയോജിപ്പിക്കുന്നതിന് വേണ്ട പ്രാഥമിക നടപടി സ്വീകരിച്ചുവരുന്നു.

7. ജില്ലാ/സംസ്ഥാന ബാങ്കുകളുടെ നിഷ്ക്രിയാസ്തി കുറയ്ക്കുന്നതിനും നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന് മൂലധന പര്യാപ്തത കൈവരിക്കുന്നതിനായുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

8. കേരള ബാങ്കിലേക്കുള്ള പുതിയ ഉൽപ്പന്നങ്ങൾ, സാങ്കേതികവിദ്യ എന്നിവ സംബന്ധിച്ച പഠനം പുരോഗമിക്കുന്നു.

(ബി) നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലൂടെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ കഴിയുന്നതോടൊപ്പം പ്രാഥമിക സംഘങ്ങൾക്ക് നൽകാൻ കഴിയാത്ത സേവനം നിർദ്ദിഷ്ട ഏകീകൃത ബാങ്ക് മുഖേന നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവയ്ക്ക് നിയമപ്രകാരം ചെയ്യാൻ കഴിയുന്ന വായ്പേതര പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും നിർവ്വഹിക്കുമ്പോൾ ടി പ്രാഥമിക സംഘങ്ങൾക്ക് സ്വന്തം നിലയിൽ നേരിട്ട് ചെയ്യാൻ കഴിയാത്ത പ്രവൃത്തികൾ നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിലൂടെ നിർവ്വഹിക്കാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന് മറ്റ് ന്യൂജനറേഷൻ/ വാണിജ്യ ബാങ്കുകൾക്ക് നൽകാൻ കഴിയുന്ന എല്ലാ സേവനങ്ങളും നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മറ്റ് വാണിജ്യ ബാങ്കുകളിൽനിന്നും വ്യത്യസ്തമായി നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് കേരളത്തിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപങ്ങൾ കേരളത്തിൽ തന്നെ വായ്പയായി നൽകാൻ കഴിയത്തക്ക തരത്തിലുള്ള നടപടികളാണ് വിഭാവനം ചെയ്യുന്നത്. സേവനങ്ങൾ ചാർജ്ജ് ഇല്ലാതെയും കുറഞ്ഞ ചെലവിലും നിർവ്വഹിക്കണമെന്നും വിഭാവനം ചെയ്യുന്നു.

## കൈത്തറി വ്യവസായ വികസനം

13 (*193) ശ്രീ. ആർ. രാജേഷ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) സർക്കാർ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിനായുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളത്ര കൈത്തറി ഉത്പന്നങ്ങളുടെ സ്റ്റോക്ക് നിലവിലുണ്ടോ; ഇല്ലെങ്കിൽ അവ സമയബന്ധിതമായി ഉത്പാദിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി കൈത്തറി ഉത്പന്നങ്ങൾ വിതരണം ചെയ്യുന്നതിനാവശ്യമായ ഉത്പാദനശേഷി സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങൾക്ക് നിലവിലുണ്ടോ; കൈത്തറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി നെയ്ത്തിനെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാരിന്റെ സൗജന്യ സ്കൂൾ യൂണിഫോം നെയ്യുന്നതിന് പ്രോത്സാഹനം നൽകിയതിലൂടെ കൂടുതൽ തൊഴിലാളികൾക്ക് ഈ മേഖലയിൽ തൊഴിൽ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ " യുവവീവ്" എന്ന പദ്ധതി പ്രകാരം കൈത്തറി നെയ്ത്ത് മേഖലയിൽ 18-40 വരെ പ്രായമുള്ള യുവതീയുവാക്കളെ കണ്ടെത്തി പരിശീലനം നൽകി നെയ്ത്തുകാരാക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിക്ക് 390 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുവാൻ കുടുംബശ്രീയുടെ സഹായത്തോടുകൂടി 20 പേരടങ്ങുന്ന 25 ഗ്രൂപ്പുകളിലായി പുതിയ 500 പേരെ നെയ്ത്തു മേഖലയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. നെയ്ത്ത് തൊഴിൽ അറിയാവുന്നതും എന്നാൽ നിലവിൽ നെയ്യുവാനുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുമായ നെയ്ത്തുകാർക്ക് അവരുടെ വീട്ടിൽ തറിയും അനുബന്ധ ഉപകരണങ്ങളും ഒരുക്കി നൽകി അവരെ തൊഴിലിലേക്ക് ആകർഷിക്കുന്നതിനായി "ഒരു വീട്ടിൽ ഒരു തറി" എന്ന പദ്ധതിയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ആരംഭിച്ചിട്ടുണ്ട്. 2016-17 ബജറ്റ് പ്രസംഗത്തിൽ പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കൈത്തറിയിൽ നെയ്തെടുത്ത തുണി സൗജന്യ സ്കൂൾ യൂണിഫോമായി നൽകുന്നതിനുള്ള പദ്ധതി പ്രഖ്യാപിക്കുകയും ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനെയും കൈത്തറി വസ്ത്ര ഡയറക്ടറേറ്റിനെയും ചുമതലപ്പെടുത്തുകയുമുണ്ടായി. ഒന്നാംഘട്ടത്തിൽ 2017 അദ്ധ്യയന വർഷത്തേക്ക് ആകെ ആവശ്യമായ തുണി നെയ്യുവാൻ 2929 നെയ്ത്തുകാർ സന്നദ്ധരാകുകയും 2718 സ്കൂളുകളിലെ ഒന്നു മുതൽ അഞ്ചാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് രണ്ട് ജോടി വീതം യൂണിഫോമിന്

ആവശ്യമായ 9.4 ലക്ഷം മീറ്റർ തുണി കൈത്തറിയിൽ നെയ്ത് നിർദ്ദിഷ്ട നിറങ്ങളിൽ ചായം മുക്കി നൽകിയിട്ടുണ്ട്. 2,20,148 സ്കൂൾ കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. 2018 സ്കൂൾ വർഷത്തേക്ക് 23 ലക്ഷം മീറ്റർ തുണിയുടെ ആവശ്യമുണ്ട്. 3500-ൽ പരം നെയ്ത്തുകാർ ഇപ്പോൾ നെയ്ത്തു വരുന്നുണ്ട്. നെയ്ത്ത തുണി ചായം മുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2018 അദ്ധ്യയന വർഷം സ്കൂൾ തുറക്കുന്നതിനു മുൻപായി സ്കൂളുകളിൽ യൂണിഫോം എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷനിൽനിന്നും ലഭിച്ച നിർദ്ദേശപ്രകാരം 2018 അദ്ധ്യയന വർഷത്തേക്ക് സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള ഏകദേശം 4.5 ലക്ഷം കുട്ടികൾക്കായി ഏകദേശം 23 ലക്ഷത്തിലധികം മീറ്റർ തുണി ആവശ്യമായിട്ടുണ്ട്. ആയതിലേക്കായി ഇതുവരെ 23 ലക്ഷം മീറ്റർ തുണി നെയ്തുകഴിഞ്ഞു. ഇത് ചായം മുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ഡി) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിക്കായി കൈത്തറി ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിലെ മുഴുവൻ പ്രാഥമിക കൈത്തറി സഹകരണ സംഘത്തിലെയും ഹാൻവീവിലെയും നെയ്ത്തുകാരും ഒറ്റത്തറി നെയ്ത്തുകാരും ഉൾപ്പെടെ 3600 പേരെ പങ്കെടുപ്പിച്ചാണ്. സർക്കാർ നടപ്പിലാക്കിയ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം ജില്ലയിൽനിന്നും നെയ്തെടുക്കുന്ന തുണി ചായം മുക്കുന്നതിനായി അയയ്ക്കുന്നതും ചായം മുക്കി ലഭ്യമായ തുണി ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷനിൽ നിന്നുള്ള ലിസ്റ്റ് പ്രകാരം വിതരണം ചെയ്യുന്നതും ഹാന്റക്സ്, ഹാൻവീവ് തുടങ്ങിയ സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളാണ്. തിരുവനന്തപുരം മുതൽ എറണാകുളം വരെ ഹാന്റക്സും തൃശ്ശൂർ മുതൽ കാസർഗോഡ് ജില്ലകൾ വരെ ഹാൻവീവും തുണികൾ വിവിധ സ്കൂളുകൾക്കായി വിതരണം ചെയ്യുന്നു.

## വിനോദസഞ്ചാരത്തെ ഗ്രാമീണ വികസനത്തിനുള്ള ഉപാധിയായി മാറ്റുന്നതിന് പദ്ധതി

14 (*194) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസത്തെ വരേണ്യവിഭാഗത്തിന്റെ മാത്രം പ്രവർത്തനമേഖല എന്നതിൽ നിന്ന് ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനുമുള്ള ഉപാധിയായി മാറ്റുന്നതിന് സാധിക്കുന്ന രീതിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഏതൊക്കെ മേഖലകളിലാണ് ഇത്തരം ടൂറിസം വികസനം നടപ്പിലാക്കിയിട്ടുള്ളത്; ഇവിടത്തെ ഗ്രാമീണമേഖലയിൽ ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള നേട്ടവും അവരുടെ ജീവിതത്തിലുണ്ടായിട്ടുള്ള മാറ്റവും വിലയിരുത്തിയിട്ടുണ്ടോ;

(സി) തദ്ദേശവാസികളുടെ തൊഴിൽ വൈദഗ്ദ്ധ്യപരിശീലനം ഉറപ്പുവരുത്തുന്നതിന് ഈ പദ്ധതി സഹായകമാണോ; വിശദീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന് സംസ്ഥാന സർക്കാരിന് അന്തർദ്ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ടൂറിസം ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഉപാധിയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2008 മുതൽ ഇതേ ലക്ഷ്യം മുൻനിർത്തി കേരളത്തിൽ നടപ്പാക്കി വരുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി കേരളത്തിൽ പൂർണ്ണമായി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിട്ടുള്ളത്. ടൂറിസത്തെ വരേണ്യ വിഭാഗത്തിന്റെ മാത്രം പ്രവർത്തന മേഖല എന്ന അവസ്ഥ മാറ്റി ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഉപാധിയാക്കി മാറ്റുക എന്നതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. ഇതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. 2018 മാർച്ച് 31-നുമുമ്പ് ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകളിലൂടെ 5 കോടി രൂപയുടെ വരുമാനം ലഭ്യമാക്കുക.
2. വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകളിൽ 5000 യാത്രികരെ ലക്ഷ്യമിടുന്നു.
3. 2019 മാർച്ച് 31-നുമുമ്പായി ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകളിലൂടെ 12 കോടി രൂപയുടെ വരുമാനം ലഭ്യമാക്കുക.
4. വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകളിൽ 20,000 യാത്രികരെ ലക്ഷ്യമിടുന്നു.
5. 2020 മാർച്ച് 31-നുമുമ്പായി ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകളിലൂടെ 20 കോടി രൂപയുടെ വരുമാനം ലഭ്യമാക്കുക.

6. വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകളിൽ 50,000 യാത്രികരെ ലക്ഷ്യമിടുന്നു.

7. 2021 മാർച്ച് 31-നുമുമ്പായി ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകളിലൂടെ 30 കോടി രൂപയുടെ വരുമാനം ലഭ്യമാക്കുക.

8. വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകളിൽ 1,50,000 യാത്രികരെ ലക്ഷ്യമിടുന്നു.

<u>പരിശീലനങ്ങൾ</u>

1. 2018-19-ൽ 10,000 പേർക്കു വിവിധ മേഖലകളിൽ പരിശീലനം നൽകും.

2. 2000 പുതിയ ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകൾ ഇതുവഴി ആരംഭിക്കണമെന്ന് ലക്ഷ്യമിടുന്നു. 500 ഹോംസ്റ്റേകൾ, 50 ഫാംസ്റ്റേകൾ എന്നിവയും ഈ ലക്ഷ്യത്തിൽപ്പെടുന്നു.

3. 25 പുതിയ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ 2018-19-ൽ ആരംഭിക്കും.

4. 2019-20-ൽ 15000 പേർക്കു വിവിധ മേഖലകളിൽ പരിശീലനം നൽകും.

5. 3000 പുതിയ ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകൾ ഇതുവഴി ആരംഭിക്കണമെന്ന് ലക്ഷ്യമിടുന്നു. 200 ഹോംസ്റ്റേകൾ, 100 ഫാംസ്റ്റേകൾ എന്നിവയും ഈ ലക്ഷ്യത്തിൽപ്പെടുന്നു.

6. 20 പുതിയ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ 2019-20-ൽ ആരംഭിക്കും.

7. 2020-21-ൽ 25000 പേർക്കു വിവിധ മേഖലകളിൽ പരിശീലനം നൽകും.

8. 5000 പുതിയ ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകൾ ഇതുവഴി ആരംഭിക്കണമെന്ന് ലക്ഷ്യമിടുന്നു. 200 ഹോംസ്റ്റേകൾ, 100 ഫാംസ്റ്റേകൾ എന്നിവയും ഈ ലക്ഷ്യത്തിൽപ്പെടുന്നു.

9. 20 പുതിയ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ 2020-21-ൽ ആരംഭിക്കും.

<u>കേരള ഉത്തരവാദിത്ത ടൂറിസം നെറ്റ്‌വർക്ക്</u>

സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായും പ്രാദേശിക തലത്തിലും പ്രവർത്തിച്ചുവരുന്ന ചെറുതും വലുതുമായ സംരംഭങ്ങളെ കൂട്ടിയിണക്കി കേരള ഉത്തരവാദിത്ത ടൂറിസം നെറ്റ്‌വർക്ക് എന്ന ഓൺലൈൻ പ്ലാറ്റ്ഫോം ആരംഭിക്കുന്നതാണ്. ജൈവ കാർഷിക വിഭവങ്ങൾ, കരകൗശല വസ്തുക്കൾ, സോവനീറുകൾ, കൈത്തറി ഉൽപ്പന്നങ്ങൾ, വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, തുണിസഞ്ചികൾ, പേപ്പർ ബാഗുകൾ എന്നിങ്ങനെ കേരളത്തിലെ എല്ലാ പ്രാദേശിക ഉൽപ്പന്നങ്ങളെയും ടൂറിസം വ്യവസായത്തിനും ടൂറിസ്റ്റുകൾക്കും മലയാളി കുടുംബങ്ങൾക്കും ഓൺലൈൻ ഓർഡർ വഴി ലഭ്യമാക്കാൻ വേണ്ടിയാണ് ഈ സൗകര്യം ഒരുക്കുന്നത്.

<u>ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി</u>

ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിദഗ്ധ-അവിദഗ്ധ തൊഴിലുകൾ ലഭ്യമാകാൻ യോഗ്യതയുള്ള പരമാവധി ആളുകളുടെ വിവരങ്ങളുമായി ആരംഭിക്കുന്ന ഓൺലൈൻ ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി വിപുലമാക്കും. ഇത് ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതോടെ വിദഗ്ധ-അവിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം മൂലമാണ് ടൂറിസം രംഗത്ത് പ്രാദേശിക തൊഴിൽ ലഭ്യമാക്കാൻ കഴിയാത്തത് എന്ന ടൂറിസം വ്യവസായ മേഖലയുടെ സ്ഥിരം പരാതിക്ക് പരിഹാരം കണ്ടെത്താനും പ്രാദേശിക തൊഴിൽ ലഭ്യതയ്ക്ക് ടൂറിസം മേഖലയെ ഉപയോഗപ്പെടുത്താനും ഇതുവഴി കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ആർ.ടി. ആർട്ട് & കൾച്ചറൽ ഫോറം</u>

കേരളത്തിലെ അനുഷ്ഠാന കലാപ്രവർത്തകരെയും മറ്റ് കലാപ്രവർത്തകരെയും കൂട്ടിയിണക്കുന്ന ഒരു ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കുന്നതിനുള്ള വിവര ശേഖരണം ആരംഭിച്ചിട്ടുണ്ട്.

<u>ഉത്സവകാല പാക്കേജുകൾ</u>

കഴിഞ്ഞ ഓണക്കാലത്ത് വിജയകരമായി നടപ്പാക്കിയ "നാട്ടിൻപുറങ്ങളിൽ ഓണം ഉണ്ണാം ഓണസമ്മാനങ്ങൾ വാങ്ങാം" എന്ന പരിപാടി ഈ വർഷവും തുടരുന്നതാണ്. റംസാൻ കാലത്ത് വടക്കേ മലബാർ കേന്ദ്രീകരിച്ച് പാതിരാ പലഹാരം പാക്കേജുകൾ നടപ്പാക്കും. വീട്ടിൽ ഊണ്, കഫെ കുടുംബശ്രീ, ഡിസൈനർ തട്ടുകട പരിപാടികൾ നടപ്പാക്കും.

1. ഇത്തരം സ്ഥാപനങ്ങളെ പ്രത്യേക പരിശീലനങ്ങൾ നൽകി ഉത്തരവാദിത്ത ടൂറിസം മിഷൻ സർട്ടിഫിക്കേഷൻ നൽകും.

2. ഇവർക്കാവശ്യമായ എല്ലാ പരിശീലനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകും.

3. ജി.ഐ.എസ് മാപ്പിങ്ങിലൂടെ ടൂറിസ്റ്റുകൾക്കായി ഇവയെ പരിചയപ്പെടുത്തും.

4. ഈ യൂണിറ്റുകളെ കേരളീയ ഭക്ഷണവും ആതിഥ്യമര്യാദയും അനുഭവവേദ്യമാക്കുന്ന കേന്ദ്രങ്ങളായി റീ ബ്രാന്റ് ചെയ്യും.

5. ഇവയ്ക്കായി പ്രത്യേക ദിശാ സൂചകങ്ങൾ സ്ഥാപിക്കും.

വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ ഗ്രാമീണ ടൂറിസം പാക്കേജുകൾക്ക് പുതുരൂപം നൽകും. ഇതിന്റെ ഭാഗമായി പുതിയ കൾച്ചറൽ ടൂർ പാക്കേജുകൾ ഉത്സവ പാക്കേജുകൾ എന്നിവയ്ക്ക് രൂപം നൽകും.

(ബി) ഉണ്ട്. ഇപ്പോൾ ഉത്തരവാദിത്ത ടൂറിസം നടപ്പാക്കി വരുന്ന പ്രദേശങ്ങൾ കുമരകം, തേക്കടി, കോവളം, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ എന്നിവയാണ്. ഇവിടങ്ങളിൽ ജനങ്ങളുടെ ജീവിത രീതിയിൽ ഈ പ്രവർത്തനം കാര്യമായ മാറ്റം വരുത്തുകയും ജനങ്ങൾക്ക് വിവിധ രൂപത്തിൽ നേട്ടങ്ങൾ സമ്മാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 2017-ൽ പ്രാദേശിക ജനസമൂഹത്തിന് 7 ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങളിൽ ഉണ്ടാക്കാനായ നേട്ടം ചുവടെ ചേർക്കുന്നു :

<u>പ്രാദേശിക വരുമാനം</u>

2017-ൽ കുമരകത്ത് 1,24,96,452 രൂപ, തേക്കടിയിൽ 1,57,07,656 രൂപ, വയനാട്ടിൽ വൈത്തിരിയിൽ 38,73,725, അമ്പലവയൽ 39,34,450, ബേക്കലിൽ 6,85,150, കുമ്പളങ്ങിയിൽ 9 ലക്ഷം, കോവളം 16 ലക്ഷം എന്നിങ്ങനെ 3 കോടി 91 ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി നാന്നൂറ്റി മുപ്പത്തിമൂന്ന് രൂപയുടെ (3,91,97,433) വരുമാനം ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിലൂടെ 7 ഡെസ്റ്റിനേഷനുകളിൽ തദ്ദേശവാസികൾക്ക് 2017 ഡിസംബർ 31 വരെ നേടിക്കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനം, ഗ്രാമീണ ടൂറിസം പാക്കേജുകളുടെ വിപണനം, കലാപ്രവർത്തനങ്ങൾ എന്നിവയിലൂടെ ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകൾക്ക് ലഭ്യമായ വരുമാനമാണിത്. ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നശേഷം 2017 ആഗസ്റ്റ് മുതൽ

2017 ഡിസംബർ 31 വരെയുള്ള കാലയളവിൽ 1,60,09,712 രൂപയുടെ (ഒരുകോടി അറുപത് ലക്ഷത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി പന്ത്രണ്ട് രൂപ) വരുമാനം കുമരകം, തേക്കടി, വൈത്തിരി, ബേക്കൽ, അമ്പലവയൽ ഡെസ്റ്റിനേഷനുകളിൽ ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് ലഭിച്ചിട്ടുണ്ട്.

(സി) തദ്ദേശവാസികളുടെ തൊഴിൽ വൈദഗ്ധ്യ പരിശീലനം ഉറപ്പ് വരുത്തുന്നതിന് ഈ പദ്ധതി സഹായകമാണ്. ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ 1206 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷൻ 50,000 പേർക്ക് വിവിധ മേഖലകളിലായി തൊഴിൽ വൈദഗ്ധ്യ പരിശീലനം നൽകുന്നതിന് ലക്ഷ്യമിടുന്നു.

(ഡി) ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കിയതിന് കേരള സർക്കാരിന് നിരവധി അന്തർദ്ദേശീയ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു :

| അവാർഡ് | കാലയളവ് | ഡെസ്റ്റിനേഷൻ |
|---|---|---|
| ഡബ്ല്യൂ.ടി.എം. ഹൈലി കമന്റഡ് അവാർഡ് | 2017 | കുമരകം ഉത്തരവാദിത്ത ടൂറിസം |
| പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ ഗോൾഡ് അവാർഡ് | 2011 | കുമരകം ഉത്തരവാദിത്ത ടൂറിസം |
| പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ ഗ്രാന്റ് അവാർഡ് | 2013 | കുമരകം ഉത്തരവാദിത്ത ടൂറിസം |
| യു.എൻ.ഡബ്ല്യൂ.ടി.ഒ ഉല്ലീസിസ് അവാർഡ് ഫോർ ഇന്നൊവേഷൻസ് ഇൻ പബ്ലിക് പോളിസി ആന്റ് ഗവേർണൻസ് | 2014 | കുമരകം ഉത്തരവാദിത്ത ടൂറിസം |
| പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ സി.ഇ.ഒ. ചലഞ്ച് അവാർഡ് | 2015 | തേക്കടി ഉത്തരവാദിത്ത ടൂറിസം |

## സഹകരണ മേഖലയിലെ നൂതന പദ്ധതികൾ

15 (*195) ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ഡി) തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(ഇ) സംസ്ഥാന വനിതാ സഹകരണ സംഘങ്ങളെ പൊതുധാരയിൽ കൊണ്ടുവരാൻ സർക്കാർ എന്തൊക്കെ ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സഹകരണ മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരണം

   സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് 'കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കും.

2. സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കും.

   ഉല്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് സഹകരണ മേഖലയെ വൈവിദ്ധ്യവൽകരിക്കുക എന്ന ഉദ്ദേശത്തോടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സഹകരണ സംരംഭകത്വ പദ്ധതി പുതിയതായി വിഭാവനം ചെയ്തിട്ടുണ്ട്.

3. <u>വനിതാ സഹകരണ സംഘങ്ങൾക്കും വനിതാഫെഡിനും മാത്രമായി സഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കും</u>

   പ്രത്യേക പ്രോജക്റ്റുകൾ നടപ്പിലാക്കിക്കൊണ്ട് വനിതാ സഹകരണ സംഘങ്ങൾക്കും വനിതാഫെഡിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പുതിയ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

4. സഹകരണ വകുപ്പിൽ സമ്പൂർണ്ണ ഇ-ഓഫീസ് പദ്ധതി നടപ്പാക്കും. സഹകരണ ഓഡിറ്റ്, സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കും.

5. കമ്പ്യൂട്ടറൈസേഷൻ, കോർബാങ്കിംഗ് എന്നിവയിലൂടെ സഹകരണ സ്ഥാപനങ്ങളെ ആധുനികവൽക്കരിക്കും.

6. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ അന്താരാഷ്ട്ര പുസ്തകോത്സവവും സാഹിത്യ വിജ്ഞാനോത്സവവും 2018 മാർച്ച് 1 മുതൽ 11 വരെ ദിവസങ്ങളിലായി നടന്നുവരുന്നു. ഇത് ഒരു വാർഷിക അടിസ്ഥാനത്തിലുള്ള പരിപാടി ആക്കാൻ ഉദ്ദേശിക്കുന്നു.

7. ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ള ആളുകൾക്ക് മാത്രമായി പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കും.

8. സഹകരണ പ്രസ്ഥാനത്തെ സംബന്ധിച്ച അവബോധം കുട്ടികൾക്ക് നൽകുന്നതിനായി സഹകരണം, സ്കൂൾ വിദ്യാഭ്യാസ തലത്തിൽ ഒരു പാഠ്യവിഷയമാക്കി കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കും.

9. പാലക്കാട് ജില്ലയിൽ നെൽകർഷകരെ സംരക്ഷിക്കുന്നതിന് പ്രത്യേക പൈലറ്റ് പദ്ധതി.

(ബി) പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് അംഗീകാരം നൽകിയ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി, ഷെയർ, വായ്പ എന്നീ അനുപാതത്തിൽ സാമ്പത്തിക സഹായം അനുവദിക്കുന്നതിനായുള്ള പദ്ധതികൾ നിലവിലുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2016-17 വർഷത്തിൽ 19 സംഘങ്ങൾക്ക് 339.8525 ലക്ഷം രൂപയും 2017-18 വർഷത്തിൽ ഇതിനകം 14 സംഘങ്ങൾക്ക് 225.2125 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) 1. നല്ല പ്രവർത്തന നിലവാരമുള്ള വിവിധ തരത്തിലുള്ള സംഘങ്ങൾക്ക് അവരുടെ പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1 : 2 : 2 എന്ന അനുപാതത്തിൽ സബ്സിഡി, ഓഹരി, വായ്പ എന്നീ ഇനങ്ങളിൽ പരമാവധി 50 ശതമാനം തുക നൽകി പുനരുദ്ധരിക്കുവാൻ ഉദ്ദേശിക്കുന്നു.

2. ശക്തിയാർജ്ജിക്കാൻ സാധ്യതയുള്ള സഹകരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതിയുടെ സ്വീകാര്യത, സംഘങ്ങളുടെ പ്രവർത്തനം എന്നിവ പരിഗണിച്ച് പദ്ധതി ചെലവിന്റെ 65 ശതമാനം വരെ ധനസഹായം നൽകി പുനരുദ്ധരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

3. ദുർബല വനിത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും സ്കൂൾ, സർവ്വകലാശാല സഹകരണ സ്റ്റോറുകൾ, ജില്ലാതല മൊത്ത വ്യാപാര സഹകരണ സ്റ്റോറുകൾ എന്നിവയുടെ പുനരുദ്ധാരണത്തിനും ധനസഹായം അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രാവർത്തികമാക്കുവാൻ ഉദ്ദേശിക്കുന്നു.

(ഡി) മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്ന വിവിധതരം സഹകരണ സ്ഥാപനങ്ങൾക്ക് വായ്പ, ഓഹരിമൂലധനം, സബ്സിഡി എന്നീ ഇനങ്ങളിൽ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. 2017-18 വർഷത്തിൽ മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിക്കായി ആകെ 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽനിന്നും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് കേരള സംസ്ഥാന സഹകരണ വനിതാ ഫെഡറേഷനും ചെറുകിട വ്യവസായം ആരംഭിക്കുന്നതിനായി വനിതാ സഹകരണ സംഘങ്ങൾക്കും സഹായം അനുവദിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനായി വകകൊള്ളിച്ചിട്ടുള്ള സബ്സിഡി 948 ലക്ഷം രൂപയും ഓഹരി മൂലധനം 258 ലക്ഷം രൂപയും ഉൾപ്പെടെ ആകെയുള്ള 1200 ലക്ഷം രൂപയുടെ നിലവിലുള്ള പദ്ധതിയിൽനിന്നും കെ.ജി.റ്റി.ഇ./മറ്റു സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള വിവിധ കോഴ്സുകളിലേയ്ക്ക് എസ്.സി./എസ്.റ്റി. വിഭാഗത്തിലുള്ള യുവതലമുറയ്ക്ക് പരിശീലനങ്ങൾ നൽകുന്നതിനായുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിന് സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് സഹകരണ മേഖലയെ വൈവിദ്ധ്യവൽകരിക്കുക എന്ന ഉദ്ദേശത്തോടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സഹകരണ സംരംഭകത്വ പദ്ധതിക്ക് 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) സംസ്ഥാന വനിതാ സഹകരണ സംഘങ്ങളെ പൊതുധാരയിൽ കൊണ്ടു വരാൻ വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട് :

1. കുടുംബശ്രീയുടെ പങ്കാളിത്തത്തോടെയുള്ള സ്വയം സഹായ സംഘങ്ങൾക്ക് സഹായം നൽകുക.

2. ദുർബ്ബലമായ വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് സഹായം നൽകുക.

3. ചെറുകിട വ്യവസായം ആരംഭിക്കുന്നതിനായി വനിതാ സഹകരണ സംഘങ്ങൾക്കുള്ള സഹായം നൽകുക.

4. വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സൊസൈറ്റികൾക്കും വനിതാ ഫെഡറേഷനുകൾക്കും ആധുനികവൽകരണത്തിനും കമ്പ്യൂട്ടർവത്ക്കരണത്തിനും വനിതാ ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുന്നതിനും വനിതാ ഹെൽത്ത് ക്ലബ് തുടങ്ങുന്നതിനും തുണി/പേപ്പർ ബാഗുകൾ നിർമ്മാണ യൂണിറ്റുകൾക്കും സഹായം നൽകുക.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി

16 (*196) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെയും ജപ്തി ഭീഷണി നേരിടുന്നവരെയും സംരക്ഷിക്കുന്നതിന് വേണ്ടി ആവിഷ്ക്കരിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) നിഷ്ക്രിയ അക്കൗണ്ടുകളായി മാറിയിട്ടില്ലാത്ത തിരിച്ചടവുള്ള സ്റ്റാന്റേർഡ് അക്കൗണ്ടുകളിൽ ഉൾപ്പെടുന്നവർക്ക് ഒന്നാം വർഷം സംസ്ഥാന സർക്കാർ നൽകേണ്ട ആനുകൂല്യം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തിരിച്ചടവ് തുടങ്ങി 2016 മാർച്ച് 31-ന് മുമ്പ് നിഷ്ക്രിയ അക്കൗണ്ടുകളായി മാറിയ നാല് ലക്ഷം രൂപ വരെയുള്ള ലോണുകളുടെ പലിശ എഴുതിത്തള്ളുന്നതിന് ബാങ്കുകൾ തയ്യാറായിട്ടുണ്ടോ;

(ഡി) 2016 മാർച്ചിന് മുമ്പ് നിഷ്ക്രിയ അക്കൗണ്ടുകളായി മാറിയതും നാല് ലക്ഷത്തിന് മുകളിൽ ഒമ്പത് ലക്ഷം വരെ വായ്പാ തുകയുള്ളതുമായ വായ്പകൾ സംബന്ധിച്ച് ബാങ്കുകൾ പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) എസ്.ബി.ടി.യിൽ നിന്നും നേരത്തെ ലോണുകൾ എടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് പ്രസ്തുത ബാങ്ക് എസ്.ബി.ഐ.യായി മാറിയ സാഹചര്യത്തിൽ ഈ ആനുകൂല്യം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(എഫ്) വിദ്യാഭ്യാസ വായ്പയെടുത്ത ശേഷം സ്ഥിരമായ മാനസിക/ശാരീരിക വൈകല്യം സംഭവിച്ച വിദ്യാർത്ഥികളുടെ വായ്പാ തുക മുഴുവനായി സർക്കാർ അടയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിലൂടെ എത്രപേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>):

(എ&ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ആനുകൂല്യത്തിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-1-2018 ആയിരുന്നു. ഇതനുസരിച്ച് 75409 അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ (നിഷ്ക്രിയ അക്കൗണ്ടുകളായി മാറിയിട്ടില്ലാത്ത സ്റ്റാന്റേർഡ് അക്കൗണ്ടുകൾ ഉൾപ്പെടെയുള്ളവ) ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ ധനസഹായത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചുവരികയാണ്. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(സി) 2016 മാർച്ച് 31-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി മാറിയ നാല്പ ലക്ഷം രൂപ വരെയുള്ള ലോണുകളുടെ പലിശ എഴുതിത്തള്ളുന്നതിന് പദ്ധതിയിൽ സഹകരിക്കുന്ന ബാങ്കുകൾ തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്.

(ഡി) 2016 മാർച്ച് 31-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി മാറിയതും നാല് ലക്ഷത്തിനുമുകളിൽ ഒൻപത് ലക്ഷം വരെ വായ്പാ തുകയുള്ളതുമായ വായ്പകളിൽ അതാതു ബാങ്കുകളിൽ നിലവിലുള്ള പാക്കേജുകൾ അനുസരിച്ച് പലിശയിൽ കുറവ് വരുത്തുന്ന രീതിയാണ് അവലംബിക്കുന്നത്.

(ഇ) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുമായുള്ള ലയനത്തെത്തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലേയ്ക്ക് കൈമാറിയിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾക്ക് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരമുള്ള സർക്കാർ സഹായം ലഭിക്കുന്നതിന് തടസ്സമില്ല. ഇത്തരക്കാരുടെ അപേക്ഷ elrs.kerala.gov.in എന്ന പോർട്ടൽ വഴി സ്വീകരിക്കപ്പെട്ടിട്ടുള്ളതും സ്കീം മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രസ്തുത അപേക്ഷകൾ പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതുമാണ്.

(എഫ്) വായ്പയുടെ മേലുള്ള മുഴുവൻ പലിശയും പിഴപലിശയും ബാങ്കുകൾ ഇളവ് ചെയ്യുന്ന പക്ഷം പഠന കാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടംമൂലമോ, അസുഖംമൂലമോ 80 ശതമാനമോ അതിൽ കൂടുതലോ ശാരീരികമായോ മാനസികമായോ സ്ഥിര വൈകല്യം സംഭവിച്ച വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ മുതൽ തുകയും തീയതി, അനുവദിച്ച വായ്പ തുക വായ്പാ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെ തന്നെ സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ 65 അപേക്ഷകൾ ബാങ്കുകളിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇവ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

## സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനുള്ള നടപടികൾ

17 (*197) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധൂർത്ത് ഒഴിവാക്കി സാമ്പത്തിക അച്ചടക്കം പാലിച്ചില്ലെങ്കിൽ സംസ്ഥാനം ഗുരുതരമായ പ്രതിസന്ധിയിലേക്ക് നീങ്ങുമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് കർശന നിയന്ത്രണം കൊണ്ടു വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നിയമനനിരോധനം നടപ്പിലാക്കുന്നതിന്റെ പ്രാരംഭ മാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഇ) 2014-ലെ ഭൂനികുതി ഓർഡിനൻസ് വഴി മുൻ സർക്കാരിന്റെ കാലത്ത് ഭൂനികുതി വർദ്ധിപ്പിച്ചപ്പോൾ ശക്തമായി എതിർപ്പുണ്ടായതിനെ തുടർന്ന് നികുതി വർദ്ധനവ് പിൻവലിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(എഫ്) പ്രസ്തുത നികുതി നിർദ്ദേശം പുനഃസ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന് അടിസ്ഥാനമാക്കിയ വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ജി) ഇ-ഗവേണൻസ് നടപ്പിലാക്കിയ സാഹചര്യത്തിൽ പല വകുപ്പുകളിലും ജീവനക്കാർ അധികമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരെ പുനർവിന്യസിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) വരവിന്റെയും ചെലവിന്റെയും വളർച്ചാ നിരക്കിലുള്ള അന്തരം വർദ്ധിച്ചു വരുന്ന പ്രവണത കഴിഞ്ഞ അഞ്ച് വർഷമായി സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച 16.08 ശതമാനമായിരുന്നു. എന്നാൽ 2017 നവംബർ വരെയുള്ള കാലയളവിൽ രേഖപ്പെടുത്തിയത് 5.2 ശതമാനം മാത്രമായിരുന്നു. ഇതേ കാലയളവിൽ മുൻകാലത്തെ അപേക്ഷിച്ച് കേന്ദ്ര ധനസഹായത്തിൽ 25.15 ശതാമനത്തിന്റെ വളർച്ച മാത്രമാണ് ഉണ്ടായത്. ഇങ്ങനെ മൊത്തം റവന്യൂ വരുമാനം 7.7 ശതമാനം വർദ്ധിച്ചപ്പോൾ പദ്ധതി ചെലവ് 22 ശതമാനവും പദ്ധതിയിതര ചെലവ് 21 ശതമാനവും ഉയർന്നു. വരവിലും ചെലവിലും വരുന്ന ഈ അന്തരം വാർഷിക പദ്ധതിക്ക് ആവശ്യമായ പണം ലഭ്യമാക്കുന്നതിൽ വിഘാതമായി തീർന്നിട്ടുണ്ട്. മുൻവർഷങ്ങളിൽ പദ്ധതിപ്പണം സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിലേയ്ക്ക് മാറ്റിയും പൂർത്തിയാകാത്ത പദ്ധതികൾ e-LAMS രജിസ്റ്ററിലേയ്ക്ക് രേഖപ്പെടുത്തിയുമാണ് പ്രധാനമായും മുകളിൽ പ്രതിപാദിച്ച ധനപ്രതിസന്ധി പരിഹരിച്ചിരുന്നത്. ടി പ്രവണത അഭിലഷണീയമല്ല. കൂടാതെ ധനക്കമ്മിയും റവന്യൂ കമ്മിയും അനുവദനീയമായ പരിധിയിൽ നിലനിർത്തുവാൻ സർക്കാർ ബാദ്ധ്യസ്ഥവുമാണ്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ആകെ ചെലവുകൾ അനുവദനീയമായ വായ്പ ഉൾപ്പെടെയുള്ള വരുമാനത്തിനകത്ത് നിർത്തുന്നതിന് കർശനമായ സാമ്പത്തിക അച്ചടക്കം അനിവാര്യമാണ്.

(ബി&സി) നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നിയന്ത്രണങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ് :

(i) അത്യന്താപേക്ഷിതമായ ഘട്ടങ്ങളിൽ വർക്ക്സ്റ്റഡി നടത്തിയതിനുശേഷമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. കൂടാതെ പുനർ വിന്യാസത്തിനുള്ള സാധ്യതകൾകൂടി പരിശോധിച്ച ശേഷമായിരിക്കും തസ്തികകൾ അനുവദിക്കുക. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ വകുപ്പിൽ 2873, ആരോഗ്യ/മെഡിക്കൽ വിഭ്യാഭ്യാസ വകുപ്പുകളിലായി 3746 തസ്തികകളും അടക്കം 12685 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പൊതുമേഖലയിലും സ്വകാര്യ മേഖലയിലും തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച്

തൊഴിലില്ലായ്മ പരിഹരിക്കുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. നിയമന നിരോധനം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(ii) നിലവിലുള്ള ഗ്രാൻഡ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളുടെ പെർഫോമൻസ് ഓഡിറ്റ് നടത്തുന്ന കാര്യം സർക്കാർ ഉദ്ദേശിക്കുന്നു. കർശനമായ പരിശോധനയ്ക്കുശേഷമേ ഇത്തരത്തിലുള്ള പുതിയ സ്ഥാപനങ്ങൾ അനുവദിക്കുകയുള്ളൂ.

(iii) സർക്കാർ വകുപ്പുകളിൽ വാഹനങ്ങളുടെ രജിസ്റ്ററുണ്ടാക്കി ഓരോ വർഷവും വാഹനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. വാഹനം വാങ്ങാനുള്ള അനുമതി ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിലായി പരിമിതപ്പെടുത്തും. പതിനാല് ലക്ഷത്തിൽ കൂടുതൽ വിലയുള്ള കാറുകൾ നിരുത്സാഹപ്പെടുത്തും.

(iv) അത്യാവശ്യ സാഹചര്യത്തിൽ മാത്രമേ വിദേശ യാത്രകൾ അനുവദിക്കുകയുള്ളൂ. വീഡിയോ കോൺഫറൻസ് സംവിധാനം ഉപയോഗപ്പെടുത്തി യാത്രാച്ചെലവുകൾ കുറയ്ക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സർക്കാരിന്റെ ആലോചനയിലാണ്.

(ഡി) ജി.എസ്.ടി.-യുടെ വരവോടുകൂടി സംസ്ഥാനങ്ങളുടെ നികുതി ഭരണത്തിലുള്ള അവകാശം പരിമിതപ്പെട്ടിട്ടുണ്ട്. ടി പരിമിതമായ സാഹചര്യത്തിലും നികുതി ചോർച്ച തടഞ്ഞും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും വരുമാനം വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊള്ളുന്നതാണ് :

1. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ചരക്കുനീക്കം നിരീക്ഷിക്കുന്നതിന് മൊബൈൽ സ്ക്വാഡുകളെ സജ്ജമാക്കും.

2. കേരള മൂല്യവർദ്ധിത നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി 2017-18 ബജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി സ്കീമിന്റെ കാലാവധി 2018 ജൂൺ 10 വരെ നീട്ടിയിട്ടുണ്ട്.

3. വിദേശ നിർമ്മിത വിദേശ മദ്യത്തിന്റെ വ്യാപാരവും വിപണനവും ബീവറേജസ് കോർപ്പറേഷൻ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

4. അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് ആംനസ്റ്റി സ്കീം 2018-19 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

5. ഭൂമിയുടെ ന്യായവിലയുമായി ബന്ധപ്പെട്ട അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായി ജില്ലകളിൽ സെറ്റിൽമെന്റ് കമ്മീഷനുകൾ രൂപീകരിക്കുന്നതാണ്.

6. വിവിധ വസ്തു കൈമാറ്റങ്ങൾക്കുള്ള മുദ്രവില യുക്തിസഹമായി പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചു.

7. ഭൂമിയുടെ ന്യായവിലയിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ ആലോചനയിലാണ്.

8. വിവിധ സേവനങ്ങൾക്കുള്ള ഫീസുകളും ചാർജ്ജുകളും 5% വർദ്ധിപ്പിക്കും.

9. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

10. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തമാക്കി.

(ഇ&എഫ്) കേരള ഭൂനികുതി ഓർഡിനൻസ് 2014 പ്രകാരം വർദ്ധിപ്പിച്ച നികുതി നിരക്കുകൾ 2018-19-ലെ ബജറ്റിലൂടെ പുനഃസ്ഥാപിച്ചിട്ടുണ്ട്. പ്രാബല്യത്തിലുള്ള നികുതി നിരക്കുകൾ യുക്തിസഹമല്ലാത്തതിനാലാണ് ഇത്തരത്തിലൊരു മാറ്റം പ്രാബല്യത്തിൽ വരുത്തിയത്.

(ജി) ഇക്കാര്യം വിലയിരുത്തിയിട്ടില്ല.

## കൈത്തറി വ്യവസായത്തിന്റെ പുനരുജ്ജീവനം

18 (*198) ശ്രീ. പി. കെ. ശശി :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ നയസമീപനത്തിന്റെ ഭാഗമായി കൈത്തറി വ്യവസായം പ്രതിസന്ധിയിലായിരുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നുവോ; ഇത് ഈ സർക്കാർ എങ്ങനെയാണ് പരിഹരിച്ചതെന്ന് വിശദീകരിക്കാമോ;

(ബി) കേന്ദ്ര സർക്കാർ നൽകി വരുന്ന റിബേറ്റ് നിർത്തലാക്കിയതും മാർക്കറ്റിംഗ് ഇൻസെന്റീവ് പരിമിതപ്പെടുത്തിയതും ജി.എസ്.ടി. ബാധകമാക്കിയതും കൈത്തറി വ്യവസായത്തിൽ ഏൽപ്പിച്ച ആഘാതം പരിഹരിക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറി യൂണിഫോം നൽകാനുള്ള സർക്കാർ പദ്ധതി ഈ മേഖലയ്ക്ക് പകർന്ന ഉണർവ് കണക്കിലെടുത്ത്, യുവാക്കളെയും കുടുംബശ്രീ പ്രവർത്തകരെയും നെയ്ത്ത് വ്യവസായത്തിലേക്ക് ആകർഷിക്കുന്നതിനും അതുവഴി ന്യായമായ വേതനം ഉറപ്പുവരുത്തുന്നതിനുമായി ആവിഷ്കരിച്ച പരിപാടിയുടെ വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി വ്യവസായത്തിൽ ഉണ്ടായിരുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭിക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. ഇതിലൂടെ 3600-ൽ അധികം നെയ്ത്തുകാർക്കും അതിൽ ഇരട്ടിയോളം അനുബന്ധ തൊഴിലാളികൾക്കും സാമ്പത്തികമായ അഭിവൃദ്ധി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൈത്തറി ഉൽപന്നങ്ങളുടെ മൂല്യവർദ്ധന ലക്ഷ്യമിട്ട് ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ നേതൃത്വത്തിൽ ഓരോ ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപ വീതം അനുവദിച്ച് നടപ്പിലാക്കിവരുന്നു. ഈ ഡിസൈൻ സെന്ററുകൾ വഴി നെയ്ത്തുകാരെയും കൈത്തറി സംഘങ്ങളെയും വിപണന സാധ്യതകൾ പരിചയപ്പെടുത്തി പുതിയ ഡിസൈനുകൾ രൂപപ്പെടുത്തുന്നതിന് പ്രാപ്തമാക്കാൻ ഡിസൈനർമാരെ പരിശീലിപ്പിച്ച് നിയോഗിക്കാൻ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി വഴി നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ജി.എസ്.ടി. ബാധകമാക്കിയത് കൈത്തറി വ്യവസായത്തിൽ ഏൽപ്പിച്ച ആഘാതം പരിഹരിക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു :

20 ലക്ഷത്തിലധികം വിറ്റ് വരവുള്ള കൈത്തറി യൂണിറ്റുകൾ ജി.എസ്.ടി. രജിസ്ട്രേഷൻ ചെയ്യണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. 26-7-2017-ൽ ചേർന്ന സംസ്ഥാനതല കൈത്തറി ഉപദേശക സമിതിയിൽ കൈത്തറി ഉല്പന്നങ്ങൾക്ക് 5% മുതൽ 12% വരെ ജി.എസ്.ടി. നൽകേണ്ടി വരുമെന്നും ഇത്

കൈത്തറി മേഖലയെ സാരമായി ബാധിക്കുമെന്നും ആയതിനാൽ ജി.എസ്.ടി.-യിൽനിന്നും കൈത്തറി മേഖലയെ പൂർണ്ണമായി ഒഴിവാക്കുവാൻ കേന്ദ്ര ജി.എസ്.ടി. കൗൺസിലിനോട് ശിപാർശ ചെയ്യുന്നതിനും ഇക്കാര്യം പരിശോധിച്ച് തുടർ നടപടി സ്വീകരിക്കാനും നികുതി വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിന് ഒരു നിർവ്വഹണ ഏജൻസി വേണം എന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ ആ ചുമതല ഹാൻവീവിനെ ഏൽപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. എന്നിരുന്നാലും കേന്ദ്ര സർക്കാരിന്റെ പുതിയ മാനദണ്ഡങ്ങൾ അനുസരിച്ച് 30 ലക്ഷത്തിൽ കൂടുതൽ വാർഷിക ടേൺ ഓവർ ഉള്ള പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയില്ല എന്ന പുതിയ നിബന്ധന, സംസ്ഥാനത്ത് വിജയകരമായി പ്രവർത്തിക്കുന്ന ഭൂരിപക്ഷം കൈത്തറി സംഘങ്ങളെയും പ്രതികൂലമായി ബാധിക്കുന്നത് കാരണം പ്രസ്തുത നിബന്ധന ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി നെയ്ത്തിനെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാരിന്റെ സൗജന്യ സ്കൂൾ യൂണിഫോം നെയ്യുന്നതിന് പ്രോത്സാഹനം നൽകിയതിലൂടെ കൂടുതൽ തൊഴിലാളികൾക്ക് ഈ മേഖലയിൽ തൊഴിൽ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ "യുവവീവ്" എന്ന പദ്ധതി പ്രകാരം കൈത്തറി നെയ്ത്ത് മേഖലയിൽ 18-40 വരെ പ്രായമുള്ള യുവതീയുവാക്കളെ കണ്ടെത്തി പരിശീലനം നൽകി നെയ്ത്തുകാരാക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിക്ക് 390 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുവാൻ കുടുംബശ്രീയുടെ സഹായത്തോടുകൂടി 20 പേരടങ്ങുന്ന 25 ഗ്രൂപ്പുകളിലായി പുതിയ 500 പേരെ നെയ്ത്ത് മേഖലയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. നെയ്ത്തു തൊഴിൽ അറിയാവുന്നതും എന്നാൽ നിലവിൽ നെയ്യുവാനുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുമായ നെയ്ത്തുകാർക്ക് അവരുടെ വീട്ടിൽ തറിയും അനുബന്ധ ഉപകരണങ്ങളും ഒരുക്കി നൽകി അവരെ തൊഴിലിലേക്ക് ആകർഷിക്കുന്നതിനായി "ഒരു വീട്ടിൽ ഒരു തറി" എന്ന പദ്ധതിയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിവരുന്നുണ്ട്. വിവിധ കൈത്തറി സംഘങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്നതും കേടുപാടുകൾ ബാധിച്ചതുമായ തറികൾക്ക് അറ്റകുറ്റപ്പണിയും ആവശ്യമായ ഘടനാപരമായ മാറ്റങ്ങളും നടത്തുന്നതിന് കാഡ്കോയെ ചുമതലപ്പെ ടുത്തുകയും ഇത്തരം 6000 തറികൾ പ്രവർത്തനക്ഷമമാക്കുന്നത് ലക്ഷ്യമിട്ട് ആകെ 6 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും ഇ-വേ ബിൽ

19 (*199) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുന്നതിനും റവന്യൂ ചെലവ് കുറയ്ക്കുന്നതിനും റവന്യൂ കമ്മി നിയന്ത്രണവിധേയമാക്കുന്നതിനും ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എത്രമാത്രം ഫലപ്രദമായി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതുമൂലം സംസ്ഥാനത്തിന്റെ സമ്പദ് ഘടനയിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ടെന്ന് വിശദമാക്കുമോ;

(സി) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ഉണ്ടായ പ്രയാസങ്ങൾ ഇ-വേ ബിൽ നടപ്പിലാക്കുന്നതോടുകൂടി പരിഹരിക്കുന്നതിന് സാധ്യമാകുമോ; ഇതിലൂടെ നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധ്യമാകുമോ;

(ഡി) ഭൂമിയുടെ ന്യായവില കുറച്ച് കാണിച്ച കേസ്സുകൾ തീർപ്പാക്കുന്നതിന് സമഗ്ര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എല്ലാ ജില്ലകളിലും ഇതിനായി സെറ്റിൽമെന്റ് കമ്മീഷൻ രൂപീകരിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന ഘട്ടത്തിൽ അധികാരത്തിലേറിയ സർക്കാരിന് പ്രയാസങ്ങൾക്കിടയിലും പാവങ്ങളുടെയും സാധാരണക്കാരുടെയും ആനുകൂല്യങ്ങളുടെയും സഹായങ്ങളുടെയും മുൻഗണന ഉറപ്പു വരുത്തുന്ന സാമൂഹ്യ സുരക്ഷാ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മുൻ സർക്കാർ കുടിശ്ശിക വരുത്തിയ സാമൂഹ്യസുരക്ഷ പെൻഷനുകൾ പൂർണ്ണമായി ഏറ്റെടുത്ത് വിതരണം ചെയ്തു. മുൻസർക്കാരിൽ നിന്നും കൈമാറിയ സമാനമായ സാമ്പത്തിക ബാദ്ധ്യതകൾ, പത്താം ശമ്പള കമ്മീഷൻ നടപ്പിലാക്കിയതിലെ അധിക ബാധ്യതയടക്കം നിറവേറ്റുന്നതിനിടയിലും മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കിയതിലൂടെ, 2016-17-ൽ 2.5% ആയിരുന്ന റവന്യൂ കമ്മി 2017-18 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിൽ 1.91% ആയും 2018-19-ലെ ബജറ്റ് എസ്റ്റിമേറ്റിൽ 1.66% ആയും കുറയ്ക്കുവാൻ സാധിച്ചു. അതുപോലെ 2016-17-ൽ 4.28 ശതമാനം രേഖപ്പെടുത്തിയ ധനകമ്മി യഥാക്രമം 3.31%, 3.1% എന്നിങ്ങനെ നിജപ്പെടുത്തുവാൻ കഴിഞ്ഞു.

(ബി) സർക്കാർ കൈക്കൊണ്ട ക്രിയാത്മകവും പ്രത്യുല്പാദനപരവുമായ പ്രായോഗിക നടപടികളുടെ ഫലമായി, നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും ഗുരുതരമായ പ്രത്യാഘാതങ്ങളിൽപ്പെട്ട് ഉഴലുകയായിരുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. പ്രസ്തുത നടപടികളുടെ ഫലമായി ചുവടെ ചേർക്കുന്ന അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചു.

1. 2016-17-ൽ കേരള സമ്പദ്ഘടന 7.41% വളർച്ച നേടി. ഇത് ദേശീയ ശരാശരിക്ക് മുകളിലാണ്.

2. സർവ്വീസ് മേഖലയിലെ വളർച്ചയിലും ഓഹരിയിലും 2016-17-ൽ ദേശീയ തലത്തിൽ മികച്ച നേട്ടം കൈവരിച്ചു.

3. കഴിഞ്ഞ സാമ്പത്തിക വർഷം പ്രതിശീർഷ വരുമാനത്തിന്റെ 6.88%-ന്റെ വർദ്ധനവ് നേടി.

4. മൂലധന വിഹിതവും മൊത്തം ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതം 2015-16-ലെ 1.34%-ൽ നിന്നും 2016-17-ൽ 1.64% ആയി ഉയർന്നു.

5. 2015-16-ൽ 7.46% ആയിരുന്ന ആഭ്യന്തര നിക്ഷേപം 2016-17-ൽ 14.23 % ഉയർച്ച കൈവരിച്ചു.

6. വാർഷിക പദ്ധതി അടങ്കലിൽ മുൻവർഷത്തെ അപേക്ഷിച്ച് 13.11% ന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

7. നോട്ട് നിരോധനത്തിന്റെ കെടുതികൾക്കിടയിലും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിദേശ/ആഭ്യന്തര വിനോദ സഞ്ചാര മേഖല വളർച്ച നേടുകയുണ്ടായി.

8. ദാരിദ്ര്യലഘൂകരണത്തിലും ജീവിത ഗുണമേന്മ ഉയർത്തുന്നതിലും സംസ്ഥാനത്തിന്റെ മികച്ച പ്രകടനം തുടരുവാൻ സാധിച്ചു.

9. മെച്ചപ്പെട്ട ജനസംഖ്യ, സാമൂഹിക/സാമ്പത്തിക, ആരോഗ്യ സൂചകങ്ങൾ നിലനിർത്തുവാൻ സാധിച്ചു.

10. സമ്പൂർണ്ണ വൈദ്യുതീകരണമെന്ന ലക്ഷ്യം നേടി.

11. രാജ്യത്ത് ആദ്യമായി സമ്പൂർണ്ണ വെളിയിട വിസർജ്ജന മുക്തത കൈവരിച്ച മൂന്ന് സംസ്ഥാനങ്ങളിൽ ഒന്നാകുവാൻ സാധിച്ചു.

12. സർക്കാർ സ്കൂളുകളിലെ പ്രവേശന നിരക്കിൽ മുമ്പെങ്ങുമില്ലാത്ത കുതിച്ചുചാട്ടം നേടാനായി.

13. രാജ്യത്തെ ആദ്യ ഡിജിറ്റൽ സംസ്ഥാനമെന്ന നേട്ടം കൈവരിച്ചു.

14. സംഘടിത/അസംഘടിത മേഖലകളിലെ വിദഗ്ദ്ധ-അവിദഗ്ദ്ധ തൊഴിലാളികളുടെ വേതന നിരക്കിൽ ഗണ്യമായ വളർച്ച നേടി.

15. 14 ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ഏകോപിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കാനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

16. 2016-17-ൽ സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെ ലാഭ വിഹിതത്തിൽ വർദ്ധനവ് നേടി. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 32-ൽ നിന്നും 27 ആയി കുറയ്ക്കുവാൻ സാധിച്ചു.

17. കഴിഞ്ഞ സാമ്പത്തിക വർഷം ഖാദി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീമിലൂടെ 30 കോടി രൂപയും ഉണഭോക്താക്കൾക്ക് മാർജിൻ മണി ഗ്രാന്റായി 10.06 കോടി രൂപയും നൽകി.

18. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ കയർ, കയറുല്പന്ന കയറ്റുമതിയിൽ 25%-ന്റെ വളർച്ച 2016-17-ൽ നേടി.

19. ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് മുഖേന 100% ഗ്രാമപഞ്ചായത്തുകളേയും ബന്ധിപ്പിച്ചു.

20. കൊച്ചി തുറമുഖം വഴിയുള്ള വിദേശ, ആഭ്യന്തര കയറ്റുമതിയിൽ വർദ്ധനവ് കൈവരിക്കുവാൻ സാധിച്ചു.

(സി) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ഉണ്ടായ പ്രയാസങ്ങൾ ഇ-വേ ബിൽ നടപ്പിലാക്കുന്നതോടുകൂടി ഒരു പരിധിവരെ പരിഹരിക്കുന്നതിന് സാധ്യമാകും എന്നാണ് കരുതുന്നത്. ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന എല്ലാ ചരക്കുകളുടെയും വിശദാംശം ഓൺലൈൻ വഴി ലഭ്യമാകും. ജി.എസ്.ടി. നിയമപ്രകാരം രജിസ്ട്രേഷൻ എടുത്ത വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ജി.എസ്.ടി. പോർട്ടൽ മുഖേന ക്രോസ് ചെക്ക് ചെയ്ത് നികുതി വെട്ടിപ്പ് നടത്തുന്ന വ്യാപാരികളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ടി നടപടി നികുതി വെട്ടിപ്പ് ഒരു പരിധിവരെ തടയുന്നതിനും തൽഫലമായി നികുതി വരുമാനം വർദ്ധിക്കുന്നതിനും സഹായകരമാകും.

(ഡി) 1-1-1986 മുതൽ 31-3-2017 വരെ കുടിശ്ശികയുണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായി സമഗ്രമായ ഒരു പദ്ധതി 2018-19-ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി എല്ലാ ജില്ലകളിലും സെറ്റിൽമെന്റ് കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നതാണ്.

**ഉത്തരവാദിത്ത ടൂറിസം**

20 (*200) ശ്രീ. ആന്റണി ജോൺ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര ടൂറിസം വികസന പദ്ധതിയുടെ ഭാഗമായി രാജ്യത്ത് ആദ്യമായി ഉത്തരവാദിത്ത ടൂറിസം നടപ്പാക്കിയ കുമരകം പദ്ധതിക്ക് യു.എൻ.-ന്റെ വേൾഡ് ടൂറിസം ഓർഗനൈസേഷൻ അവാർഡ് ലഭിച്ചിട്ടുണ്ടോ;

(ബി) രാജ്യത്തിനാകെ മാതൃകയായതും തദ്ദേശജനതയുടെ പങ്കാളിത്തമുള്ളതുമായ ഉത്തരവാദിത്ത ടൂറിസം പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളെയാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കുമരകം ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് 2014-ൽ യു.എൻ.-ന്റെ ഉല്ലീസിസ് അവാർഡ് ഫോർ ഇന്നവേഷൻസ് ഇൻ പബ്ലിക് പോളിസി ആന്റ് ഗവേണൻസ് എന്ന അവാർഡ് ലഭിച്ചിട്ടുണ്ട്.

(ബി) രാജ്യത്തിനാകെ മാതൃകയായതും തദ്ദേശ ജനതയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതുമായ ഉത്തരവാദിത്ത ടൂറിസം പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഏതാനും കേന്ദ്രങ്ങളിൽ മാത്രമായി നടന്നുവന്നിരുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പി

ക്കുകയെന്നതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. ഇതുവഴി ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശവാസികൾക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്നു. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം 4.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2018-19-ലെ ബഡ്ജറ്റിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്കായി 4.95 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ജനകീയവും ഉത്തരവാദിത്ത പൂർണ്ണവും സുസ്ഥിരവുമായ ടൂറിസം വികസനമെന്ന കാഴ്ചപ്പാടിലേയ്ക്ക് നാടിനെ നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി 5 വർഷംകൊണ്ട് 100000 പേർക്ക് കൃഷി, ഉല്പാദനം, വിപണനം, കല, കരകൗശലം എന്നീ മേഖലയിലെ പ്രോത്സാഹനത്തിലൂടെ തൊഴിൽ സാധ്യത പരമാവധി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. വ്യാപകമായ അവബോധശില്പശാലകളും ജനകീയ പങ്കാളിത്തത്തോടെയുള്ള ടൂറിസം ആസൂത്രണത്തിനായുള്ള പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപപ്പെടുത്തുന്നതാണ്. മാനവവിഭവശേഷി വികസിപ്പിക്കുന്നതിനായി കുറഞ്ഞത് 50000 പേർക്ക് തൊഴിൽ പരിശീലനം നൽകും. ടൂറിസം കേന്ദ്രങ്ങളെ മാലിന്യ വിമുക്തകേന്ദ്രങ്ങളാക്കാനും സ്കൂൾതലം മുതൽ ഉത്തരവാദിത്ത പൂർണ്ണമായ ടൂറിസം സംസ്കാരം വളർത്തിക്കൊണ്ട് വരുന്നതിനുമായി ടൂറിസം ക്ലബ്ബുകൾ ആരംഭിക്കുവാനും ഉത്തരവാദിത്ത ടൂറിസം മിഷൻ ലക്ഷ്യമിടുന്നു.

(സി) സംസ്ഥാനത്ത് പൂർണ്ണമായി ഉത്തരവാദിത്ത ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നതിനായാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇപ്പോൾ ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്ന പ്രദേശങ്ങളായ കുമരകം, തേക്കടി, കോവളം, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ തുടങ്ങിയവയ്ക്ക് പുറമേ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കുന്ന പ്രദേശങ്ങൾ ചുവടെ ചേർക്കുന്നു :

1. ധർമ്മടം
2. വർക്കല
3. പൂവാർ
4. അഷ്ടമുടി
5. വൈക്കം-പെപ്പർ ടൂറിസം പദ്ധതി പ്രദേശം
6. ആലപ്പുഴ
7. മുഹമ്മ

8. ഫോർട്ട് കൊച്ചി

9. നിള ടൂറിസം പ്രദേശം

10. ഉത്തര മലബാർ റിവർ ക്രൂയിസ് സർക്യൂട്ട്

11. ജലായനം പ്രോജക്ട് ഏരിയ (കോഴിക്കോട്)

<u>മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ- പദ്ധതി നടപ്പാക്കുന്ന പ്രദേശങ്ങൾ</u>

1. വലിയപറമ്പ

2. കോൾതുരുത്തി (ആന്തൂർ മുനിസിപ്പാലിറ്റിയിലെ ദ്വീപ്)

3. പാമ്പുരുത്തി (കോളച്ചേരി പഞ്ചായത്ത് ദ്വീപ്)

4. മലപ്പട്ടം

5. തെക്കുംപാട്ട് (മാട്ടൂൽ പഞ്ചായത്ത് ദ്വീപ്)

6. എഴോം പഞ്ചായത്ത്

7. തിരുവാർപ്പ് പഞ്ചായത്ത്

8. അയ്മനം പഞ്ചായത്ത്

9. ചെറുതുരുത്തി

10. പെരുവെമ്പ്

11. വെള്ളിനേഴി

12. കാന്തല്ലൂർ

13. ഒളവണ്ണ

ഇതിനുപുറമേ ഉത്തരവാദിത്ത ടൂറിസം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂട്ടിയിണക്കി ഒരു വർഷം 14 എന്ന ക്രമത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ പ്രത്യേകമായി തെരഞ്ഞെടുക്കുന്ന പ്രദേശങ്ങളുടെ ടൂറിസം സാധ്യതകൾ മനസ്സിലാക്കാനും പ്രയോജനപ്പെടുത്താനും ടൂറിസം റിസോഴ്സ് ഡയറക്ടറികൾ തയ്യാറാക്കുന്നതാണ്.

## കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

21 (*201) ശ്രീ. എം. മുകേഷ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. ദാസൻ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ ഇടപെടലുകൾ കൊണ്ട് കയർ വ്യവസായത്തിന് പുനരുജ്ജീവനം സാധ്യമായതിന്റെ തുടർച്ചയായി ഈ മേഖലയിലെ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; വരുമാന താങ്ങൽ പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഡീഫൈബറിംഗ് മിൽ സ്ഥാപിക്കുന്നതിനും നവീകരിക്കുന്നതിനും നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(സി) കയർ ഉൽപ്പന്നങ്ങളുടെ വിപണി ശൃംഖല വിപുലീകരിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഈ സർക്കാരിന്റെ ഇടപെടലുകൾകൊണ്ട് കയർ വ്യവസായത്തിന് പുനരുജ്ജീവനം സാധ്യമായിട്ടുണ്ട്. ആയതിന്റെ തുടർച്ചയായി ഈ മേഖലയിലെ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പരമ്പരാഗത കയർ മേഖലയിലെ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനും തൊഴിൽ സംരക്ഷിക്കാനും തന്മൂലം അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഈ സർക്കാർ ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര /പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വികസന സഹായം (എം.ഡി.എ.) നൽകിവരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിനൽ വായ്പ നൽകുന്നു.

5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) ആനുകൂല്യം നൽകിവരുന്നു.

6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

7. ഉല്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

9. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

11. കയർ ഭൂവസ്ത്ര വിപണന പദ്ധതി നടപ്പിലാക്കിവരുന്നു.

12. പരമ്പരാഗത കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.

14. യന്ത്രവൽക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനും നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകിവരുന്നുണ്ട്.

15. 2017-ലെ ഓണക്കാലത്ത് കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118-ഓളം സ്റ്റാളുകളിലൂടെ കയർ ഉല്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിച്ചു.

16. കയർ തൊഴിലാളി പെൻഷൻ ഉൾപ്പെടെ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്ന കയർ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി 2016-17-ൽ 86.57 കോടി രൂപയും 2017-18-ൽ 86.33 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

17. മാനേജീരിയൽ ഗ്രാന്റ് നൽകിവരുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ ഫലമായി പരമ്പരാഗത കയർ തൊഴിലാളി മേഖലയിലെ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനും തൊഴിൽ സംരക്ഷിക്കാനും തന്മൂലം അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. കയർ വികസന വകുപ്പ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡുമായി ചേർന്ന് 13-ാം പഞ്ചവൽസര പദ്ധതി കാലയളവിൽ കയർ സഹകരണ സംഘങ്ങളുടെ പുരോഗതിക്കായി 200 കോടി രൂപ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിലസ്ഥിരതയ്ക്കും വരുമാനസ്ഥിരതയ്ക്കും പ്രാധാന്യം നൽകി, സബ്സിഡി അനുവദിച്ച് കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തി അതിലൂടെ കയർ സഹകരണ സംഘങ്ങളുടെ പുരോഗതി ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് പ്രധാനമായും ലക്ഷ്യമിടുന്നത്. പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ 26,51,83,457 രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. ഈ നടപടികളെല്ലാം 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാണ്. 2017-ലെ കയർ കേരളയിൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് കയർ വകുപ്പിന്റെ പ്രോജക്ട് ഓഫീസർമാർ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രോഗ്രാം കോ-ഓഡിനേറ്റർമാർ എന്നിവർ ചേർന്ന് ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ചകിരി ഉല്പാദന, കയർപിരി, ഉല്പന്ന മേഖലയിലെ തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഈ പദ്ധതി നടപ്പിലായി കഴിഞ്ഞു. ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിലൂടെ ചകിരി ക്ഷാമം ഒരളവ് വരെ പരിഹരിക്കാനാകും. കയർ ഉല്പാദനത്തിന്റെ അടിസ്ഥാന ഘടകമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതോടെ വാർഷിക തൊഴിൽ ദിനം വർദ്ധിക്കുകയും ചെയ്യും.

(ബി) യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഡീഫൈബറിംഗ് മിൽ സ്ഥാപിക്കുന്നതിനും നവീകരിക്കുന്നതിനും സർക്കാർ സാമ്പത്തിക സഹായമുൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകിവരുന്നു. സ്ഥിര മൂലധന നിക്ഷേപത്തിന്റെ 50 ശതമാനം (പരമാവധി 10 ലക്ഷം രൂപ വരെ) കയർ ഡയറക്ടറേറ്റിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് യന്ത്രവൽകൃത ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനായി സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകിവരുന്നു. പുതിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനും കയർ പിത്തിൽ നിന്നും ജൈവ വള നിർമ്മാണം നടത്തുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഈ പദ്ധതിക്ക് കീഴിൽ പ്രസ്തുത യൂണിറ്റുകളുടെ പുനരുജ്ജീവനം, റിപ്പയർ,

ആധുനികവൽക്കരണം, വികസനം എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്കും സർക്കാർ ധനസഹായം നൽകുന്നുണ്ട്. ഡീഫൈബറിംഗ് മിൽ പുതിയതായി സ്ഥാപിക്കുന്നതിന് ആകെ പ്രോജക്ട് കോസ്റ്റിന്റെ 75 ശതമാനം (ഡി.എഫ്. യൂണിറ്റിന് പരമാവധി 25 ലക്ഷം രൂപയും കയർ പിത്തിൽ നിന്നും ജൈവ വള നിർമ്മാണം നടത്തുന്ന യൂണിറ്റുകൾക്ക് പരമാവധി 15 ലക്ഷം രൂപയും) ധനസഹായമായി നൽകുന്നു. കുടുംബശ്രീ യൂണിറ്റുകളിലേയ്ക്ക് കൂടി ഈ പദ്ധതി വ്യാപിപ്പിച്ച് ആകെ പ്രോജക്ട് കോസ്റ്റിന്റെ 90 ശതമാനം ധനസഹായമായി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. സ്വകാര്യ സ്ഥാപനങ്ങൾക്ക് ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനായി 50 ശതമാനം ഗ്രാന്റ് നൽകുന്നതിനുള്ള ഒരു സ്കീമും നിലവിലുണ്ട്. കേരളത്തിലെ കയർ വ്യവസായത്തിനാവശ്യമായ യന്ത്ര സാമഗ്രികൾക്കുള്ള സാങ്കേതിക സഹായം നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നൽകിവരുന്നു. കേരളത്തിലെ കയർ വ്യവസായത്തിനാവശ്യമായ ഏതാണ്ട് എല്ലാ യന്ത്ര സാമഗ്രികളും കേരള കയർ മെഷീനറി മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ് വഴി നിർമ്മിച്ച് വിതരണം ചെയ്യുന്നുണ്ട്. ഇത് കയർ വ്യവസായത്തിനാവശ്യമായ യന്ത്രസാമഗ്രികൾക്ക് തമിഴ്നാട് ഉൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയ്ക്ക് മാറ്റം കൊണ്ടുവരികയും യന്ത്രങ്ങളുടെ നിർമ്മാണത്തിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സഹായകമാകുകയും ചെയ്യും.

(സി) കയർ ഉല്പന്നങ്ങളുടെ വിപണി ശൃംഖല വിപുലീകരിക്കുന്നത് ഉൾപ്പെടെ കയർ ഉല്പന്നങ്ങൾക്ക് മികച്ച വിപണന സാധ്യതകളൊരുക്കുന്നതിന് ഒരു കയർ ഉൽപ്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക പ്രതിസന്ധി**

22 (*202) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ഒരു സാമ്പത്തിക പ്രതിസന്ധിയുടെ വക്കിലാണെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.-യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് ആലോചിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കേസ്സുകൾ നീണ്ടുപോകുന്നതുമൂലം വരുമാനം ലഭ്യമാകാത്തത് കൊണ്ട് വൈദ്യുതി ബോർഡിന് ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ&ബി) കെ.എസ്.ഇ.ബി. ലിമിറ്റഡ് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. വിവിധ വികസന പദ്ധതികൾക്ക് എടുത്തിട്ടുള്ള വായ്പകൾ അടക്കം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലവിലുള്ള കടബാദ്ധ്യത (31-1-2018-ന്റെ കണക്കനുസരിച്ച്) 7459 കോടി രൂപ വരും. വർദ്ധിച്ചുവരുന്ന വൈദ്യുതി വാങ്ങൽ ചെലവുകളാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ റവന്യൂ ചെലവിൽ പ്രധാനപ്പെട്ടത്.

കെ.എസ്.ഇ.ബി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശനിരക്കുള്ള വായ്പകൾ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കെ.എസ്.ഇ.ബി.-യുടെ വിവിധ ശീർഷകങ്ങളിലുള്ള ചെലവുകൾ പരമാവധി കുറച്ചും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്തും വരുമാനം കൂട്ടി ഉപഭോക്താവിന് ഗുണകരമായ രീതിയിൽ പ്രവർത്തിക്കുന്നതാണ്.

3. കേന്ദ്ര സർക്കാർ 20-11-2015-ൽ പ്രഖ്യാപിച്ച 'ഉദയ്' പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT&C Loss-ഉം റവന്യൂ ഗ്യാപ്പും കുറയ്ക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. മിതമായ വിലയിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തനമികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ പരിഹരിക്കുവാനുമാണ് ശ്രമിക്കുന്നത്.

കൂടാതെ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും മറ്റ് പൊതുമേഖലാ സ്ഥാപന ങ്ങളിൽ നിന്നും വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടേണ്ട തുക സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിവിധ കേസ്സുകളിന്മേൽ ഉള്ള സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള ഇടപെടലുകൾ ബോർഡ് തലത്തിൽ നടത്തിവരുന്നു. കേസ്സുകൾ നീണ്ടുപോകുന്നതുമൂലമുള്ള വരുമാന നഷ്ടം തടയുന്നതിനായി ബോർഡ് എല്ലാ വർഷവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയും കേസ്സുമായി ബന്ധപ്പെട്ട കുടിശ്ശികകൾ തീർപ്പാക്കുന്നതിനും പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്തുകയും ചെയ്തുവരുന്നു.

**ആസൂത്രണ പ്രക്രിയ ജനകീയമാക്കൽ**

23 (*203) ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചവത്സര പദ്ധതികൾ അവസാനിപ്പിക്കുകയും, ആസൂത്രണ കമ്മീഷനെ പിരിച്ചു വിടുകയും ചെയ്ത കേന്ദ്ര സർക്കാർ നയത്തിൽ നിന്ന് വിഭിന്നമായി സംസ്ഥാനത്ത് ആസൂത്രണ പ്രക്രിയ ജനകീയമാക്കി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള സമീപനം വിശദമാക്കാമോ;

(ബി) ജി.എസ്.ടി. വഴിയും ധന ഉത്തരവാദിത്തവും ബജറ്റ് മാനേജ്മെന്റും (FRBM) നിയമം വഴിയും, സംസ്ഥാനങ്ങളുടെ ധനകാര്യ സ്വാതന്ത്ര്യത്തിന് വിലങ്ങിട്ട സാഹചര്യത്തിലും, ജനക്ഷേമ പ്രവർത്തനങ്ങളിലൂടെ സാമ്പത്തിക വളർച്ച നേടിയെടുക്കാൻ സ്വീകരിച്ചിട്ടുള്ള വികസന തന്ത്രം എന്തെന്ന് അറിയിക്കാമോ;

(സി) പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് നിക്ഷേപം ഇരട്ടിയാക്കിക്കൊണ്ട് സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കേന്ദ്ര സർക്കാർ ആസൂത്രണ കമ്മീഷൻ പിരിച്ചുവിടുകയും പഞ്ചവത്സര പദ്ധതികൾ മുഖേന പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് അവസാനിപ്പിക്കുകയും ചെയ്തുവെങ്കിലും കേരള സർക്കാർ സംസ്ഥാന ആസൂത്രണ ബോർഡ് മുഖേന ആസൂത്രണ പ്രക്രിയയുമായി മുന്നോട്ട് പോവുകയാണ് ചെയ്യുന്നത്. ഇതിന്റെ ഭാഗമായി പതിമൂന്നാം പദ്ധതിക്ക് തുടക്കം കുറിക്കുകയും (2017-2022) വാർഷിക പദ്ധതി 2017-2018, നടപ്പിലാക്കി വരികയും ചെയ്യുന്നു. 2017-18 വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ 26500 കോടി രൂപയായിരുന്നു. വിവിധ വിഷയമേഖലകളിൽ 43 കർമ്മ സമിതികൾക്ക് (Working Group) രൂപം നൽകിയിട്ടുണ്ട്. സമീപന രേഖയുടെയും കർമ്മ സമിതികളുടെയും ശിപാർശകൾ അനുസരിച്ചാണ് വാർഷിക പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതിയുടെ ഭാഗമായി സമീപന രേഖ (Approach Paper) പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2018-2019 വാർഷിക പദ്ധതി രൂപവൽക്കരണത്തിന് മുന്നോടിയായി വിവിധ മേഖലകളിലെ പ്രതിനിധികളുമായി ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ മേഖലകളിലും വികസനം ഉറപ്പുവരുത്തു ന്നതിനായി 2018-2019 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ 29150 കോടി രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ജനങ്ങൾ നിരന്തരം ഇടപെടുന്ന

കൃഷിയും അനുബന്ധ മേഖലകളും, ഗ്രാമീണ വികസനം, ആരോഗ്യം, തൊഴിൽ തുടങ്ങിയ മേഖലകൾ മെച്ചപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ഈ മേഖലകൾക്ക് അർഹമായ വിഹിതം വകയിരുത്തിയിട്ടുണ്ട്.

(ബി) നോട്ട് നിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥയും ജി.എസ്.ടി. നടപ്പിലാക്കിയതുമൂലമുണ്ടായ റവന്യൂ ശോഷണവും കേരള ധന ഉത്തരവാദിത്ത നിയമപ്രകാരമുള്ള നിയന്ത്രണങ്ങളും കണക്കിലെടുത്ത് കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും 2018-19-ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറച്ചുകൊണ്ടുവരാനും ധനകമ്മി അനുവദനീയമായ 3 ശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്താനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാന ആസൂത്രണ ബോർഡ് വഴി നടപ്പിലാക്കുന്ന ആസൂത്രണ പ്രക്രിയുടെ ഭാഗമായി പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-2022)-യിലെ 2017-18, 2018-19 വാർഷിക പദ്ധതികളിൽ ജനങ്ങൾ നിരന്തരം ഇടപെടുന്ന മേഖലകളായ കൃഷിയും അനുബന്ധ മേഖലകളും, ഗ്രാമീണ വികസനം, പഞ്ചായത്ത്, പരമ്പരാഗത വ്യവസായം, പൊതുവിതരണ സമ്പ്രദായം, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ എന്നീ മേഖലകൾ മെച്ചപ്പെടുത്താനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അർഹമായ വിഹിതം വകയിരുത്തിയിട്ടുണ്ട്. വൻ മൂലധന നിക്ഷേപകുതിപ്പിന് സഹായകരമാകുന്ന രീതിയിൽ കിഫ്ബി വഴി ഏതാണ്ട് 54000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ 20000 കോടി രൂപയുടെ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ച് നടപ്പിലാക്കാനുള്ള നടപടി കൈക്കൊണ്ടുവരികയാണ്. ബാക്കി പദ്ധതികൾക്ക് 2018-19-ൽ അംഗീകാരം നൽകും. കിഫ്ബി വഴിയുള്ള ഈ വൻനിക്ഷേപം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആസൂത്രണ ബോർഡ് വിവിധ മേഖലകളിലായി 43 കർമ്മ സമിതികൾക്ക് രൂപം കൊടുത്തുകൊണ്ട് അതിന്റെ ശിപാർശകൾ വാർഷിക പദ്ധതികളിലൂടെ നടപ്പാക്കി വരികയാണ്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ സമീപനരേഖ പ്രകാരം 'ജനങ്ങളിൽ നിക്ഷേപിക്കുന്ന കേരളം' എന്ന സങ്കൽപ്പത്തിൽ ഊന്നി, കേരളത്തിന്റെ ദേശീയ, അന്തർ ദേശീയ പ്രശസ്തിയുടെ അടിസ്ഥാനം മാനുഷിക വികസനമാണ് എന്ന സങ്കൽപ്പത്തിലൂടെ എല്ലാ മേഖലകളിലും സുസ്ഥിരമായ നേട്ടം കൈവരിക്കാനുതകുന്ന നടപടികൾ സ്വീകരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. പതിമൂന്നാം പദ്ധതിയുടെ 2017-2018, 2018-2019 വാർഷിക പദ്ധതികളിൽ പൊതുവായ വികസനത്തിന് അർഹമായ വിഹിതം വകയിരുത്തിയിട്ടുണ്ട്. 2018-2019 വാർഷിക പദ്ധതിയിൽ കൃഷിയും അനുബന്ധ മേഖലകൾക്കുമായുള്ള വിവിധ ഉപമേഖലകളിലെ സ്കീമുകൾക്കായി 1750.80 കോടി രൂപയും തൊഴിൽ മേഖലയ്ക്ക് 722.67 കോടി രൂപയും വ്യവസായ മേഖലയ്ക്ക് (ചെറുകിട വ്യവസായം, പരമ്പരാഗത വ്യവസായം എന്നിവ ഉൾപ്പെടെ ഉള്ളവ) 978.81 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

## ട്രാൻസ് ഗ്രിഡ് പദ്ധതി

24 (*204) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ് ഗ്രിഡ് പദ്ധതി നടപ്പാക്കുന്നതുമൂലം പ്രസരണനഷ്ടം കുറയ്ക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ നിർമ്മാണച്ചുമതല ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) വൈദ്യുതി പ്രസരണ നഷ്ടം കുറച്ച് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും പ്രസരണ ശേഷി ഉയർത്തുന്നതിനുമായാണ് കെ.എസ്.ഇ.ബി.എൽ. ട്രാൻസ് ഗ്രിഡ് 2.0 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. രണ്ടു ഘട്ടങ്ങളിലായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ട്രാൻസ് ഗ്രിഡ് 2.0 പദ്ധതി പൂർത്തീകരിക്കുമ്പോൾ പ്രസരണ നഷ്ടം 107 മെഗാവാട്ട് കുറയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതുവഴി 521.73 മില്ല്യൺ യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കുന്നതാണ്. നിലവിലുള്ള പ്രസരണ നഷ്ടമായ 4.59 ശതമാനത്തിൽനിന്നും ട്രാൻസ് ഗ്രിഡ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ 3 ശതമാനത്തിൽ താഴെ പ്രസരണ നഷ്ടം ആകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളുടെയും പന്ത്രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളുടെയും ഇവയുടെ അനുബന്ധ ലൈനുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു. 14 പാക്കേജുകളിലായി വിന്യസിച്ചിട്ടുള്ള ഒന്നാം ഘട്ടത്തിലെ വർക്കുകളിൽ ഒരു പാക്കേജിന്റെ പണി പൂർത്തിയായിട്ടുണ്ട്. രണ്ട് പാക്കേജുകൾ വർക്ക് അവാർഡ് ചെയ്ത് പണി പുരോഗമിച്ചു വരുന്നു. ഒരു പാക്കേജിന്റെ വർക്ക് അവാർഡ് ചെയ്തു. ഒരു സബ്സ്റ്റേഷൻ പാക്കേജിന്റെ (മഞ്ചേരി, ചാലക്കുടി, ചിത്തിരപുരം, കോതമംഗലം എന്നിവിടങ്ങളിൽ 220 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നത്) ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. രണ്ടാഴ്ച്ചയ്ക്കുള്ളിൽ വർക്ക് അവാർഡ് ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കലൂർ, ആലുവ, കുന്നമംഗലം

എന്നീ സ്ഥലങ്ങളിൽ 220 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം/ ശേഷി ഉയർത്തുന്നതിനുള്ള പാക്കേജിന്റെ ദർഘാസ് ചെയ്തിരിക്കുകയാണ്. 4 ലൈൻ പാക്കേജുകൾ ടെണ്ടർ ചെയ്യുന്നതിനായി REC, PFC എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2019-20 ൽ ഒന്നാം ഘട്ടവും തുടർന്ന് 2023-24-ൽ രണ്ടാം ഘട്ടവും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ നിർമ്മാണ ചുമതല കെ.എസ്.ഇ.ബി.എൽ. തന്നെയാണ് നടത്തുന്നത്.

## വിനോദസഞ്ചാര വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

25 (*205)ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ ടൂറിസം വികസനത്തിന് സാധ്യതയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ടൂറിസം വകുപ്പ് വിദേശ രാജ്യങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ടൂറിസം മേഖല ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; അവ പരിഹരിച്ച് സംസ്ഥാനത്ത് ടൂറിസം മേഖല മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്ത് ടൂറിസം വികസനത്തിന് സാധ്യതയുള്ള മേഖലകളെ കുറിച്ചുള്ള വിലയിരുത്തലുകൾ സഞ്ചാരികളുടെ താൽപ്പര്യം മുൻനിർത്തി കേരളത്തിലെ ട്രേഡുമായി സംവദിച്ച് അവരുടെ അഭിപ്രായമനുസരിച്ചാണ് തിട്ടപ്പെടുത്തുന്നത്. അങ്ങനെ തിട്ടപ്പെടുത്തിയ ഉത്പന്നങ്ങൾക്ക് വേണ്ട ദേശീയ വിദേശീയ പ്രചരണ പരിപാടികൾ നടത്തി വിപണനം ചെയ്യുന്നുണ്ട്. പ്ലാന്റേഷൻ ടൂറിസം, മൺസൂൺ ടൂറിസം, വില്ലേജ് ലൈഫ് എക്സ്പീരിയൻസ് ടൂറിസം, ബാക്ക് വാട്ടർ ടൂറിസം, പിൽഗ്രിം ടൂറിസം, ഹിൽ ടൂറിസം, അഡ്വഞ്ചർ ടൂറിസം, മൈസ് (MICE) ടൂറിസം ഇവയെല്ലാം ഇങ്ങനെ വിലയിരുത്തപ്പെട്ട മേഖലകളാണ്.

(ബി) വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് വിവിധ വിദേശ രാജ്യങ്ങളിൽ ടൂറിസം വകുപ്പ് വിവിധ പ്രചരണ പരിപാടികളും റോഡ് ഷോകളും സംഘടിപ്പിച്ചു വരുന്നു. വിദേശങ്ങളിൽ നടക്കുന്ന പ്രധാനപ്പെട്ട ടൂറിസം ഫെയറുകളിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം ഉറപ്പാക്കുന്നുണ്ട്. നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കി വരുന്നു. വിനോദസഞ്ചാരികളെയും കലാസ്വാദകരെയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ കേരള ടൂറിസത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചു വരുന്നു.

(സി) ടൂറിസം മേഖല നേരിടുന്ന പ്രധാന വെല്ലുവിളി അടിസ്ഥാന സൗകര്യ വികസനമാണ്. ഇതിന് പുറമെ പരിസ്ഥിതി സൗഹൃദമായ പദ്ധതികൾ രൂപപ്പെടു ത്തുന്നതിനും ടൂറിസം കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കുന്നതിനുമുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതും പ്രയാസമേറിയ സംഗതിയാണ്. ഗുണനിലവാരവും സേവനവും മെച്ചപ്പെടുത്തുക എന്നതാണ് മറ്റൊരു പ്രധാന ദൗത്യം. പുതിയ ടൂറിസം നയം പ്രധാനമായും ടൂറിസം മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി ട്ടുള്ളതാണ്. മാലിന്യ സംസ്കരണമാണ് മറ്റൊരു വെല്ലുവിളി. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ.-കൾ എന്നിവരുമായി ചേർന്ന് ഇത് പരിഹരിച്ചുവരികയാണ്. ടൂറിസം മേഖലയെ മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് വരുന്നു. വകുപ്പ് നേരിട്ടും, പൊതു സ്വകാര്യ പങ്കാളിത്തത്തോടെയും സ്വകാര്യ സംരംഭകരിലൂടെയുമാണ് ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നത്. പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കേന്ദ്ര ടൂറിസം മന്ത്രാലയം വിഭാവനം ചെയ്തിട്ടുള്ള 'പ്രസാദ്' എന്ന പദ്ധതിയിൽ ഗുരുവായൂരിനെ ഉൾപ്പെടുത്തി.

2. പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾക്കും പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ടൂറിസം പദ്ധതികൾക്കും വകുപ്പ് കൂടുതൽ പ്രാധാന്യം നൽകുന്നുണ്ട്.

3. 'കിഫ്ബി'യുടെ ധനസഹായത്തോടെ പ്രധാന ടൂറിസം കേന്ദ്ര ങ്ങളുടെയും സർക്യൂട്ടുകളുടെയും വികസനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്.

4. കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് 325 കോടി രൂപയുടെ "മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട്" എന്ന പദ്ധതി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

5. ഉത്തരവാദിത്ത ടൂറിസത്തിനായി പ്രത്യേക മിഷൻ രൂപീകരിച്ചിട്ടുണ്ട്.

6. പ്രധാന ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് രഹിത മേഖലയാക്കി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

7. ബേക്കലിൽ എയർസ്ട്രിപ്പിന് നടപടി. വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനത്തിന് തുടക്കം കുറിച്ചു കഴിഞ്ഞിട്ടുണ്ട്.

8. ഡി.ടി.പി.സി.-കളുടെയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടെയും ശാസ്ത്രീയമായ പുനഃസംഘടനയ്ക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്.

9. ഗസ്റ്റ് ഹൗസുകളുടെ നവീകരണം.

10. ഹൗസ് ബോട്ടുകൾ, ആയർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയവയ്ക്ക് ക്ലാസ്സിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

11. പൈതൃക ഗ്രാമ സംരക്ഷണം.

12. 'ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം' പദ്ധതി.

13. മുസിരിസ് മാതൃകയിൽ തലശ്ശേരി- ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ.

14. സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന 'ഗ്രീൻ കാർപ്പെറ്റ്' എന്ന പദ്ധതി.

15. ബാരിയർ ഫ്രീ ടൂറിസം എന്ന പദ്ധതിക്ക് സർക്കാർ അനുമതി ലഭ്യമാക്കുകയും നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

16. തീർത്ഥാടക പൈതൃക ടൂറിസം പദ്ധതി.

## നിലയ്ക്കലിൽ ദേവസ്വം ബോർഡിന്റെ മെഡിക്കൽ കോളേജ്

26 (*206) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ ബെയ്സ് ക്യാമ്പായി പ്രഖ്യാപിച്ചിട്ടുള്ള നിലയ്ക്കലിൽ ശബരിമല തീർത്ഥാടകർക്കായി എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് 2016-17, 2017-18 കാലയളവിൽ ഏർപ്പെടുത്തിയിരുന്നത്;

(ബി) നിലയ്ക്കലിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) 2016-17, 2017-18 കാലയളവിൽ ശബരിമലയുടെ ബെയ്സ് ക്യാമ്പായി പ്രഖ്യാപിച്ചിട്ടുള്ള നിലയ്ക്കലിൽ ശബരിമല തീർത്ഥാടകർക്കായി ചുവടെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡും വിവിധ സർക്കാർ വകുപ്പുകളും ഏർപ്പെടുത്തിയിരുന്നു :

1. ടോയ്‌ലെറ്റ് കോംപ്ലക്സ് നവീകരണം നടത്തി.
2. ഹെലിപ്പാട് നവീകരണം നടത്തി.
3. 10 യൂണിറ്റ് വേസ്റ്റ് ബിൻ അനുവദിച്ചു.
4. ടാങ്കർ ലോറി വഴി ജലവിതരണം നടത്തി.
5. നടപ്പാതകളിലും പാർക്കിംഗ് ഏരിയകളിലും ആവശ്യമായ വെളിച്ചം ഏർപ്പെടുത്തി.
6. പോലീസ് ജീവനക്കാർക്കും മറ്റുദ്യോഗസ്ഥർക്കും താമസിക്കുവാനുള്ള കെട്ടിടങ്ങൾ നവീകരണം നടത്തി.
7. ഭക്തരുടെ അറിവിലേയ്ക്കായി വിവിധ ഭാഗങ്ങളിൽ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിച്ചു.
8. കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി സംവിധാനമേർപ്പെടുത്തി.
9. ബസ് സ്റ്റാന്റ് നവീകരിക്കുകയും തീർത്ഥാടകരുടെ ആവശ്യാർത്ഥം മതിയായ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കുകയും ചെയ്തു.
10. തീർത്ഥാടകർക്കായി ആധുനിക സൗകര്യങ്ങളുള്ള ഡിസ്പെൻസറി പ്രവർത്തനക്ഷമമാക്കി.
11. തീർത്ഥാടകരുടെ സുരക്ഷയ്ക്കും ട്രാഫിക് നിയന്ത്രണത്തിനുമായി മതിയായ പോലീസ് സേനയെ വിന്യസിച്ചു.

(ബി) നിലയ്ക്കലിൽ മെഡിക്കൽ കോളേജ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിഗണനയിലില്ല.

## തീർത്ഥാടന ടൂറിസത്തിന്റെ അനന്ത സാധ്യതകൾ

27 (*207) ശ്രീ. കെ.വി.അബ്ദുൾ ഖാദർ :

ശ്രീ. റ്റി. വി.രാജേഷ് :

ശ്രീ. രാജു എബ്രഹാം :

ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീർത്ഥാടന ടൂറിസത്തിന്റെ അനന്ത സാധ്യതകൾ മുന്നിൽക്കണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഏതെല്ലാം പ്രദേശങ്ങളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) തീർത്ഥാടന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും ശുചിത്വം പാലിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്ത് തീർത്ഥാടന ടൂറിസത്തിന്റെ അനന്ത സാധ്യതകൾ മുന്നിൽക്കണ്ട് മാത്രം നിലവിൽ പദ്ധതികൾ ഒന്നുംതന്നെയില്ല. എന്നാൽ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പരിഗണന നൽകി വരുന്നു. ഇതുസംബന്ധിച്ച് ആവശ്യമായ നടപടികളുമായി മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നു.

(ബി) നിലവിൽ നടപടികൾ കൈക്കൊണ്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) നിലവിൽ തീർത്ഥാടന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി റോഡുകൾ, നടപ്പാതകൾ, വിശ്രമകേന്ദ്രങ്ങൾ, കുടിവെള്ള സൗകര്യം, അമിനിറ്റി സെന്ററുകൾ, ടോയ്‌ലെറ്റ് സൗകര്യം, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, മാലിന്യ നിയന്ത്രണം എന്നിവയടക്കമുള്ള പദ്ധതികൾക്കാണ് മുൻതൂക്കം നൽകുന്നത്.

(ഇ) തീർത്ഥാടന ടൂറിസം കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര ടൂറിസം മന്ത്രാലയം പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി 4614.20 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെട്ട സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി ശബരിമല വികസനത്തിനായി (എരുമേലി-പമ്പ-സന്നിധാനം) 9998.92 ലക്ഷം രൂപയുടെയും ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനത്തിനായി 9244.26 ലക്ഷം രൂപയുടെയും അനുമതി ലഭിച്ചിട്ടുണ്ട്.

## വൈദ്യുത അപകടങ്ങൾ കുറച്ചുകൊണ്ടു വരുന്നതിന് പദ്ധതി

28 (*208) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുത അപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അപകടങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്കും അപകടങ്ങളിൽപ്പെടുന്നവർക്കും സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(സി) വൈദ്യുത അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതായും മഴക്കെടുതികൾ, പ്രകൃതിക്ഷോഭം എന്നിവ ഉണ്ടാകുന്ന കാലയളവിൽ അപകടങ്ങളിൽ വർദ്ധനവ് ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപകടങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്കും അപകടങ്ങളിൽപ്പെടുന്നവർക്കും സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

പൊതുജനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾ

അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ, സുരക്ഷാ മുൻകരുതലുകൾ എടുക്കുന്നതിൽ വിമുഖത കാണിക്കുക എന്നീ കാരണങ്ങളാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മരണമടയുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം 1 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് അപകടത്തിന്റെ ഫലമായി ഉണ്ടാകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുക ആശ്വാസ ധനസഹായമായും (പരമാവധി 1 ലക്ഷം രൂപ) അനുവദിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രതിഷ്ഠാപനങ്ങളുടെ തകരാറുകൾമൂലവും പൊട്ടിവീണ വൈദ്യുതി കമ്പിയിൽനിന്നും വൈദ്യുതാഘാതമേൽക്കുന്നതുമൂലവും മരണം സംഭവിക്കുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് 5 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് അപകടത്തിന്റെ ഫലമായി ഉണ്ടാകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുകയും (പരമാവധി 5 ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായമായി അനുവദിച്ച് നൽകിവരുന്നു.

1. ബോർഡ് ജീവനക്കാർക്കുള്ള നഷ്ടപരിഹാരം

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുകയോ അപകട മരണം സംഭവിക്കുകയോ ചെയ്യുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളിക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ചാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. കൂടാതെ ദീർഘകാല കരാർ പ്രകാരം സാമ്പത്തിക ആനുകൂല്യങ്ങളും നൽകിവരുന്നു. ഇപ്രകാരം താഴെ പറയുന്ന നഷ്ടപരിഹാരത്തിനും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

മരണാനന്തര നഷ്ടപരിഹാരം

1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം (3,97,480 രൂപ മുതൽ 9,14,160 രൂപ വരെ).

2. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ, ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽനിന്നും ലഭിക്കുവാനും അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷ രൂപ ലഭിക്കുവാൻ അർഹതയുണ്ട്.

4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 7,500 രൂപയ്ക്ക് അർഹതയുണ്ട്.

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എന്നിരുന്നാലും ജോലിക്കിടെ അപകട മരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്കും ബോർഡിന്റെ തീരുമാനങ്ങൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ ആശ്വാസ ധനസഹായവും (3,97,480 രൂപ മുതൽ 9,14,160 രൂപ വരെ) പൂർണ്ണമായ ചികിത്സാ ചെലവും നൽകുന്നു. ഇതിലുപരിയായി ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് നൽകുന്ന മുകളിൽ പറഞ്ഞ എല്ലാ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്.

<u>കരാർ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം</u>

മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

<u>മരണാനന്തര നഷ്ടപരിഹാരം</u>

1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ ലഭിക്കുന്നതിന് അർഹതയുണ്ട്.

2. ശവസംസ്കാര ചെലവിനായി 5,000 രൂപയ്ക്ക് അർഹതയുണ്ട്.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ട പരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്കും, കരാറുകാരൻ കൂടി പ്രസ്തുത ജോലിയിൽ ഏർപ്പെടുവാൻ താൽപ്പര്യപ്പെടുന്ന സാഹചര്യത്തിൽ ടിയാന് ഉൾപ്പെടെ അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിമിൽ നിന്നോ കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിച്ചു വരുന്നു. ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളയിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12 ശതമാനം പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

(സി) ഉണ്ട്. പൊതുജനബോധവൽക്കരണം നടത്തുക, ജീവനക്കാർക്ക് സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുക, ഗുണമേന്മയുള്ള ഉപകരണങ്ങൾ നൽകുക, സുരക്ഷാ ക്ലാസ്സുകൾ സംഘടിപ്പിക്കുക, പരിശീലന പരിപാടികൾ നടത്തുക, കൃത്യമായി ലൈനുകളിൽ മെയിന്റനൻസ് നടത്തുക, സുരക്ഷിതമായി പണികളിലേർപ്പെടുന്നതിനുള്ള നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് വൈദ്യുത അപകടങ്ങൾ കുറച്ചു കൊണ്ടു വരുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ. അപകട നിരക്ക് കുറയ്ക്കുന്നതിനായി ബോർഡ് ക്രിയാത്മകമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വൈദ്യുതി സുരക്ഷ കർശനമായി നടപ്പിലാക്കാനായി ചീഫ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ സുരക്ഷാ വിഭാഗം ശക്തിപ്പെടുത്തുകയും "ZERO ACCIDENT YEAR -2018" എന്ന പദ്ധതി പ്രകാരം വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**വിനോദസഞ്ചാര മേഖലയിലെ സുരക്ഷിതത്വം**

29 (*209) ശ്രീ. ബി. സത്യൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വ്യവസായം വിപുലമായതിനെ തുടർന്ന് ഈ രംഗത്ത് ചൂഷണവും തട്ടിപ്പുകളും മറ്റ് ദുഷ് പ്രവണതകളും വളർന്ന് വരുന്നത് വിനോദസഞ്ചാര വ്യവസായത്തിന് തന്നെ ഭീഷണിയാകുമെന്നതിനാൽ ഇതു തടയാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് അറിയിക്കാമോ;

(ബി) കായൽ ടൂറിസം മേഖലയിൽ ഹൗസ് ബോട്ട് ഓടിക്കുന്നവരിൽ വലിയൊരു പങ്കിനും യോഗ്യതയില്ലെന്നും, ബോട്ടുകളിൽ സുരക്ഷാ സജ്ജീകരണങ്ങളും ബോട്ടുകൾക്ക് ഇൻഷ്വറൻസും ഇല്ലെന്നുമുള്ള കണ്ടെത്തലിന്റെയടിസ്ഥാനത്തിൽ ടൂറിസം രംഗത്ത് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ടൂറിസം കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ടൂറിസം മേഖലയിലെ അനഭിലഷണീയമായ സംഗതികൾ നിയന്ത്രിച്ച് ഈ മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിന് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് പുതിയ ടൂറിസം നയത്തിൽ സർക്കാർ വിഭാവനം ചെയ്യുന്നുണ്ട്. ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളെയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായി അതോറിറ്റി പ്രവർത്തിക്കുന്നതാണ്. വ്യത്യസ്ത ടൂറിസം മേഖലകളിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കാനുള്ള അധികാരം അതോറിറ്റിക്കുണ്ടായിരിക്കും. വിനോദസഞ്ചാരികൾക്ക് നേരിടേണ്ടി വരുന്ന ദുരനുഭവങ്ങൾക്ക് ഉടനടി പരിഹാരം എത്തിക്കാനും സുസ്ഥിരവും കാര്യക്ഷമവുമായ ടൂറിസം വികസനം സാധ്യമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ദുഷ്പ്രവണതകൾക്കെതിരെ ഇടപെടാൻ അതോറിറ്റിക്ക് പൂർണ്ണ അധികാരമുണ്ടാകും. ആധുനിക സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുകയും വിനോദസഞ്ചാരികൾക്ക് അത്യാഹിതങ്ങൾ ഉണ്ടായാൽ ഉടനടി റിപ്പോർട്ട് ചെയ്യുന്നതിനും തുടർ നടപടികൾക്കുമായി അത്യാഹിത സെല്ലുകൾ രൂപീകരിക്കുന്നതിന് ടൂറിസം നയം വിഭാവനം ചെയ്യുന്നുണ്ട്.

(ബി) സുരക്ഷിതത്വത്തിനും സുരക്ഷാ ക്രമീകരണങ്ങളടക്കമുള്ള സംഗതികൾക്കും പ്രത്യേക പരിഗണന നൽകി ഹൗസ് ബോട്ടുകൾക്ക് ക്ലാസ്സിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. തുറമുഖ വകുപ്പിൽ നിന്നും രജിസ്ട്രേഷൻ ലഭ്യമായ ഹൗസ് ബോട്ടുകളിൽ 'ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം' ഏർപ്പെടുത്തുന്ന നടപടി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ടി സിസ്റ്റം സ്ഥാപിച്ചിട്ടുള്ള ഹൗസ് ബോട്ടുകളുടെ നിരീക്ഷണം ടി സിസ്റ്റത്തിന്റെ കൺട്രോൾ റൂമുകളിൽ സാധ്യമാകുന്നു. ടി സിസ്റ്റം സ്ഥാപിച്ചിട്ടുള്ള ഹൗസ് ബോട്ടുകളുടെ തൽസ്ഥിതി, സ്ഥാനം, ദൂരം എന്നിവ കൃത്യമായി അറിയാൻ സാധിക്കുന്നതിനാൽ അത്യാഹിത സമയങ്ങളിൽ ശരിയായ പ്രവർത്തനം സാധ്യമാക്കുകയാണ് ഈ സിസ്റ്റം സ്ഥാപിക്കുന്നതിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്.

(സി) ടൂറിസം വകുപ്പ് നടപ്പാക്കി വരുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതി ടൂറിസം കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് പ്രത്യേക ഊന്നൽ നൽകിയിട്ടുള്ളതാണ്. പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾക്കാണ് വകുപ്പ് പ്രാമുഖ്യം നൽകുന്നത്. ആവാസ വ്യവസ്ഥ സംരക്ഷിച്ചു കൊണ്ടുള്ള പദ്ധതികളാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ഗ്രീൻ പ്രോട്ടോക്കോൾ കർശനമായും പാലിക്കുന്നതിന് വകുപ്പ് ശ്രദ്ധ ചെലുത്തുന്നുണ്ട്. പ്ലാസ്റ്റിക്ക് നിർമ്മിതമായ ക്യാരി ബാഗുകൾ, കുപ്പി വെള്ളം, മറ്റ് പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ എന്നിവ കർശനമായും നിയന്ത്രിക്കുന്നതിനും ചില മേഖലകളിൽ നിരോധിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി ബോധവൽക്കരണം സംഘടിപ്പിക്കുകയും ലഘു ലേഖകൾ, ബോർഡുകൾ എന്നിവയും ഏർപ്പെടുത്തി വരുന്നു. പരിസ്ഥിതി സൗഹൃദ ഉത്പ്പന്നങ്ങളുടെ ഉപയോഗവും ലഭ്യതയും ടൂറിസം കേന്ദ്രങ്ങളിൽ ഉറപ്പ് വരുത്തുന്നതിന് ശ്രദ്ധ ചെലുത്തുന്നുണ്ട്.

**പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ**

30 (*210) <u>ശ്രീ. റോജി എം. ജോൺ</u> :

<u>ശ്രീ. കെ. സി.ജോസഫ്</u> :

<u>ശ്രീ. എ. പി. അനിൽ കുമാർ</u> :

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട ജലവൈദ്യുത പദ്ധതികൾക്ക് സാധ്യതയില്ലാത്ത സാഹചര്യത്തിൽ കൂടുതൽ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ ആവിഷ്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യത്തിൽ സംസ്ഥാനം വളരെ പുറകിലാണെന്നത് വസ്തുതയാണോ; എങ്കിൽ ഇതിനുള്ള കാരണമെന്താണ്;

(സി) സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം 2022 ആകുമ്പോൾ 1870 മെഗാവാട്ട് ശേഷി കൈവരിക്കുന്നതിന് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ഡി) ജലാശയങ്ങളുടെ മുകൾപരപ്പിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി എവിടെയൊക്കെ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ; പ്രസ്തുത പദ്ധതി വിജയപ്രദമാണോയെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. എം. എം. മണി</u>):

(എ) സംസ്ഥാനത്ത് വൻകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിലൊന്നായ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

1. <u>നടപ്പാക്കി വരുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ</u>

| | | |
|---|---|---|
| 1 | കക്കയം | 3 മെഗാവാട്ട് |
| 2 | ഭൂതത്താൻകെട്ട് | 24 മെഗാവാട്ട് |
| 3 | പെരിങ്ങൽകുത്ത് | 24 മെഗാവാട്ട് |
| 4 | അപ്പർ കല്ലാർ | 2 മെഗാവാട്ട് |
| 5 | ചാത്തൻകോട്ടുനട II | 6 മെഗാവാട്ട് |
| 6 | പഴശ്ശിസാഗർ | 7.5 മെഗാവാട്ട് |
| | ആകെ | 66.5 മെഗാവാട്ട് |

2. നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

| | | |
|---|---|---|
| 1 | പെരുവണ്ണാമൂഴി | 6 മെഗാവാട്ട് |
| 2 | ചിന്നാർ | 24 മെഗാവാട്ട് |
| 3 | അപ്പർ ചെങ്കുളം | 24 മെഗാവാട്ട് |
| 4 | ലാഡ്രം | 3.5 മെഗാവാട്ട് |
| 5 | ഒലിക്കൽ | 5 മെഗാവാട്ട് |
| 6 | പൂവാരംതോട് | 3 മെഗാവാട്ട് |
| 7 | മാർമ്മല | 7 മെഗാവാട്ട് |
| 8 | ചെമ്പുകടവ് III | 7.5 മെഗാവാട്ട് |
| 9 | പീച്ചാട് | 3 മെഗാവാട്ട് |
| 10 | വെസ്റ്റേൺ കല്ലാർ | 5 മെഗാവാട്ട് |
| 11 | മരിപ്പുഴ | 6 മെഗാവാട്ട് |
| 12 | വാളന്തോട് | 7.5 മെഗാവാട്ട് |
| 13 | ആനക്കയം | 7.5 മെഗാവാട്ട് |
| | ആകെ | 109 മെഗാവാട്ട് |

കൂടാതെ ആകെ 41.5 മെഗാവാട്ട് സ്ഥാപിതശേഷി ലഭിക്കുന്ന 5 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഇൻവെസ്റ്റിഗേഷനും ഡി.പി.ആർ. തയ്യാറാക്കലും പുരോഗമിക്കുന്നു. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിച്ച് വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നതിന്റെ ഭാഗമായി കാറ്റിൽ നിന്നും നിലവിൽ ആകെ 60.225 മെഗാവാട്ട് പദ്ധതികൾ ഉണ്ട്. ഇവയ്ക്കു പുറമേ 115 മെഗാവാട്ടോളം ശേഷിയുള്ള വിവിധ പദ്ധതികൾ സ്വകാര്യ സംരംഭകർ ഉൾപ്പെടെ സംസ്ഥാനത്ത് നടപ്പിൽ വരുത്താൻ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് തന്നെ ഉത്പ്പാദിപ്പിക്കാൻ പറ്റുന്ന

കാറ്റാടിപ്പാടങ്ങളിൽ നിന്നും 200 മെഗാവാട്ട് ടെണ്ടർ വഴിയും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെ.എസ്.ഇ.ബി.എൽ. നിർമ്മാണം പൂർത്തീകരിച്ചതും നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (1)ഉം (2)മായി ചേർത്തിരിക്കുന്നു.* എനർജി മാനേജ്മെന്റ് സെന്റർ മുഖാന്തിരം പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ Build, Own Operate & Transfer (BOOT) എന്ന വ്യവസ്ഥയിൽ 30 വർഷത്തേയ്ക്ക് 20 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.* വലിയ ഡാമുകളും മറ്റും പണിയുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ ചെറുതടയണകൾ നിർമ്മിച്ച് ചെറിയ ഉയരവ്യത്യാസത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ചെറിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം കോർപ്പറേഷനിൽ കാഞ്ഞിരംപാറ വാർഡിൽ നവീന രീതിയിലുള്ള 2x10kw-ന്റെ ഒരു ഡെമോൺസ്ട്രേഷൻ പദ്ധതി 'വോർടെക്സ്' ടർബയിനുകൾ ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതി 2018 മേയ് മാസത്തോടെ പൂർത്തീകരിച്ച് തിരുവനന്തപുരം കോർപ്പറേഷന് എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) കൈമാറുന്നതാണ്.

ഇതുകൂടാതെ കൈനെറ്റിക് ടർബയിൻ (വെലോസിറ്റി ടർബയിൻ) ഉപയോഗിച്ച് വെള്ളത്തിന്റെ ഒഴുക്കിന്റെ ശക്തികൊണ്ട് പ്രവർത്തിക്കുന്ന നാല് ടർബയിനുകൾ ഇ.എം.സി. നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷനിൽ വിജയകരമായി പരീക്ഷിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇത്തരത്തിലുള്ള ടർബയിനുകൾ പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.യുടെ കക്കാട് വൈദ്യുത പദ്ധതിയുടെ ടെയിൽറേസിൽ ഘടിപ്പിക്കുവാനുള്ള നടപടികളും ഇ.എം.സി. സ്വീകരിച്ചു വരുന്നു. 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനായി 11.87 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും, നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചു നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സാധ്യതയുള്ള പ്രദേശങ്ങളിൽ സംരംഭകർക്ക് സാങ്കേതിക അനുമതിയും അനെർട്ട് മുഖേനയാണ് നൽകി വരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) രാജ്യത്തെ ജനസാന്ദ്രതയേറിയതും സ്ഥലദൗർലഭ്യമുള്ളതുമായ സംസ്ഥാനമാണ് കേരളം. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നും ഒരു മെഗാവാട്ട് വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നതിന് 5 ഏക്കറോളം സ്ഥലം ആവശ്യമായി വരും. മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിൽ കേരളത്തിന് പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും കേരളത്തിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള സ്ഥലം കിട്ടുവാനുള്ള ബുദ്ധിമുട്ടുകളും സ്ഥലത്തിന്റെ വിലക്കൂടുതലും നിഴൽ പതിക്കാത്ത പാഴ്ഭൂമിയുടെ ലഭ്യത കുറവായതിനാലും വനം-പരിസ്ഥിതി മന്ത്രാലയങ്ങളുടെ അനുമതി ലഭിക്കുന്നതിനുള്ള പ്രയാസങ്ങളും ഇത്തരത്തിലുള്ള പദ്ധതി വികസനത്തെ ബാധിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നതിന് മുൻഗണന നൽകി വരുന്നു. കാറ്റിൽ നിന്നുള്ള ഊർജ്ജലഭ്യതയ്ക്ക് രണ്ട് ജില്ലകളിൽ മാത്രമേ കൂടുതൽ സാധ്യതയുള്ളൂ. ഇവിടെയും വീതിയേറിയ റോഡ് നിർമ്മിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. എങ്കിലും അട്ടപ്പാടി, കഞ്ചിക്കോട്, രാമക്കൽമേട് തുടങ്ങിയ പ്രദേശങ്ങളിൽ സാധ്യമായ നിലയിൽ കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) കെ.എസ്.ഇ.ബി.എൽ. മുഖാന്തരം നിർമ്മാണം പൂർത്തീകരിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതി ഉത്പ്പാദനം 2022 ഓടെ 1870 മെഗാവാട്ട് ശേഷി കൈവരിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, സ്വകാര്യ സംരംഭങ്ങൾ എന്നിയുടെ സഹകരണത്തോടെ താഴെ പറയുന്ന മൂന്ന് രീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

1. സൗരോർജ്ജ മേൽക്കൂര വൈദ്യുതി നിലയങ്ങൾ വ്യാപകമാക്കുക വഴി- 970 മെഗാവാട്ട്.
2. ജലാശയങ്ങളുടെ/കനാലുകളുടെ മുകൾപ്പരപ്പിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക വഴി- 600 മെഗാവാട്ട്.
3. പാഴ് സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി വൻകിട സൗരോർജ്ജ നിലയങ്ങൾ വഴി- 300 മെഗാവാട്ട്. വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) കേരളത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ പടിഞ്ഞാറെത്തറ ബാണാസുരസാഗർ ജലാശയത്തിൽ പൊങ്ങിക്കിടക്കുന്ന 10 കിലോവാട്ട് പീക്ക് ഫ്ലോട്ടിംഗ് സോളാർ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ 20-1-2016-ൽ നടപ്പിലാക്കിയിട്ടുള്ളതും തുടർന്ന് ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ 500 കിലോവാട്ട് പീക്കിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി അതേ ജലാശയത്തിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. 500 കിലോവാട്ട് പിക്കിന്റെ പദ്ധതിക്ക് 9.25 കോടി രൂപ ചെലവായിട്ടുണ്ട്. ഇത് കരഭൂമിയിൽ ചെയ്യാൻ വേണ്ടിവരുന്ന തുകയേക്കാൾ രണ്ടു മടങ്ങിലുപരി ചെലവ് വരുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കൊല്ലത്ത് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ

1 (1886) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഈസ്റ്റ്, കൊല്ലം വെസ്റ്റ് വില്ലേജ് പരിധികളിലായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന സർക്കാർ ഓഫീസുകൾ ഏതൊക്കെയാണെന്ന് വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകൾക്ക് വാടക ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുക എത്രയാണെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

### ഉപഭോക്താക്കളിൽ നിന്ന് ഈടാക്കിയ ജി.എസ്.ടി.

2 (1887) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാപാരികൾ ഉപഭോക്താക്കളിൽ നിന്ന് ജി.എസ്.ടി. ഈടാക്കിയശേഷം ആയത് സർക്കാരിൽ അടയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര പേർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരക്കാരെ പിടികൂടുന്നതിന് ചരക്ക് സേവന നികുതി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല

(സി) ഇത്തരക്കാരെ പിടികൂടുന്നതിനായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ബില്ലുകൾ പരിശോധിക്കുകയും അവ ശേഖരിക്കുകയും ചെയ്യുന്നു. ഇന്റലിജൻസ് സ്ക്വാഡുകളിൽ കൂടുതൽ പേരെ വിന്യസിച്ച് പരിശോധന കാര്യക്ഷമമാക്കിയിരിക്കുന്നു. കൂടാതെ നികുതി വെട്ടിപ്പ് തടയുന്നതിന് വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേൺ യഥാസമയം പരിശോധിക്കുകയും നികുതി ചോർച്ച ഇല്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. കൂടാതെ കടകളിൽ നേരിട്ട് ചെന്ന് ബില്ലുകൾ ശേഖരിക്കുകയും നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായവർ എല്ലാം തന്നെ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. രജിസ്ട്രേഷൻ എടുക്കാൻ ബാധ്യസ്ഥരായ വ്യാപാരികളെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നുണ്ട്. കൂടാതെ ബില്ലുകൾ കൊടുക്കാതെ ബിസിനസ്സ് നടത്തുന്നവരെ കണ്ടെത്തി അവരുടെ വിവരങ്ങൾ ഇന്റലിജൻസ് വിഭാഗത്തിന് കൈമാറുകയും അവർ കൂടുതൽ പരിശോധന നടത്തുകയും ചെയ്യുന്നു. ഇ-വേയ് ബില്ല് സമ്പ്രദായം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന എല്ലാ ചരക്കുകളുടെയും വിശദാംശം ഓൺലൈൻ വഴി ലഭ്യമാകും. ജി.എസ്.ടി. നിയമ പ്രകാരം രജിസ്ട്രേഷൻ എടുത്ത വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ജി.എസ്.ടി പോർട്ടൽ മുഖേന ക്രോസ് ചെക്ക് ചെയ്ത് നികുതി വെട്ടിപ്പ് നടത്തുന്ന വ്യാപാരികളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. അതിർത്തി പ്രദേശങ്ങളിൽ ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇന്റലിജൻസ് വിഭാഗം അതീവ ജാഗ്രതാ നിരീക്ഷണം നടത്തി നികുതി വെട്ടിപ്പ് തടയുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ വാഹന പരിശോധന, ടെസ്റ്റ് പർച്ചേസ് തുടങ്ങിയവയിലൂടെയും നികുതി അടവ് ഉറപ്പ് വരുത്തുന്നതാണ്.

**വാടകക്കെട്ടിടത്തിലെ സർക്കാർ ഓഫീസുകൾ**

3 (1888) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ധനകാര്യ വകുപ്പിന് കീഴിലുള്ള ഓഫീസുകൾ ഏതെങ്കിലും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മറ്റ് വകുപ്പിന്റെ ഒഴിഞ്ഞ കെട്ടിടങ്ങളിലേയ്ക്ക് ഈ ഓഫീസ് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ധനകാര്യവകുപ്പിന് കീഴിലുള്ള ഓഫീസുകൾ ഒന്നും തന്നെ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ല.

(ബി) ബാധകമല്ല

**പദ്ധതി നിർവ്വഹണ ചുമതല നിജപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ്**

4 (1889) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക വർഷം അവസാനിക്കാനിരിക്കെ സൂപ്രണ്ടിംഗ്, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് മാത്രമായി പദ്ധതി നിർവ്വഹണ ചുമതല നിജപ്പെടുത്തിക്കൊണ്ട് ട്രഷറി വിഭാഗം ഇറക്കിയ ഉത്തരവ് പദ്ധതി നിർവ്വഹണത്തെ പിന്നോട്ടടിക്കുമെന്ന് കരുതുന്നുണ്ടോ;

(ബി) നേരത്തെ ഒരുദ്യോഗസ്ഥന് ശരാശരി 50-60 പദ്ധതികളുടെ ചുമതല മാത്രമുണ്ടായിരുന്നത് ഇപ്പോൾ പുതിയ ഉത്തരവ് വഴി 300 പദ്ധതികളുടെ ചുമതല വരെയായി ഉയരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് പദ്ധതി നിർവ്വഹണത്തെ വരുംവർഷങ്ങളിൽ സാരമായി ബാധിക്കുമെന്ന വിദഗ്ദ്ധാഭിപ്രായം പരിശോധിക്കുമോ?

ഉത്തരം

(എ & ബി) സർക്കാരിന്റെ പദ്ധതി നിർവ്വഹണ ചുമതല നടപ്പിലാക്കുന്നതിനു വേണ്ടി തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വകുപ്പ് ആവശ്യപ്പെട്ട പ്രകാരം 7-2-2018, 26-12-2018 എന്നീ തീയതികളിലെ 654219/SL2/2017/ധന. നമ്പർ സർക്കാർ കത്തുകൾ പ്രകാരം കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ തദ്ദേശ ഭരണ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിലെ 323 നിർവ്വഹണ ഉദ്യോഗസ്ഥരെ അധികമായി ഡിഡിഒ-മാരായി നിയോഗിക്കാനുള്ള നിർദ്ദേശം ട്രഷറി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയതിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ വരെ ഉൾപ്പെട്ടിട്ടുണ്ട്. ആകയാൽ പദ്ധതി നിർവ്വഹണത്തെ പിന്നോട്ടടിക്കുന്ന ഒരു നടപടിയും ഉണ്ടായിട്ടില്ല.

(സി) തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും DDO Code അനുവദിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ നിലവിൽ പദ്ധതി നിർവ്വഹണത്തെ ഒരു തരത്തിലും ബാധിക്കാനിടയില്ല.

## കാരുണ്യ ബെനവലെന്റ് പദ്ധതിയിൽ അനുവദിച്ച തുക

5 (1890) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018 ഫെബ്രുവരി 20 വരെ കാരുണ്യ ബെനവലെന്റ് പദ്ധതിയിൽ നിന്ന് എത്ര തുക അനുവദിച്ചു എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ തുക അനുവദിച്ചത് ഏതെല്ലാം തരത്തിലുള്ള രോഗബാധിതർക്കാണെന്ന് വ്യക്തമാക്കുമോ;

(സി) കിട്ടിയ അപേക്ഷകളിന്മേൽ എല്ലാം അനുകൂലമായ തീരുമാനമെടുത്ത് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഏതെല്ലാം അപേക്ഷകൾ തള്ളിയിട്ടുണ്ടെന്നും അതിനുള്ള കാരണങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആദ്യത്തെ 21 മാസം കാരുണ്യ ബെനവലെന്റ് പദ്ധതിയിൽ നിന്ന് എത്ര തുക അനുവദിച്ചിരുന്നു എന്ന് ജില്ല തിരിച്ച് വിശദമാക്കാമോ:

(എഫ്) ഈ തുക അനുവദിച്ചത് ഏതെല്ലാം തരത്തിലുള്ള രോഗബാധിതർക്കായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ജി) കഴിഞ്ഞ സർക്കാരിന്റെ ആദ്യത്തെ 21 മാസം കിട്ടിയ അപേക്ഷകളിന്മേൽ എല്ലാം അനുകൂലമായ തീരുമാനമെടുത്ത് ഫണ്ട് അനുവദിച്ചിരുന്നോ എന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ ഏതെല്ലാം അപേക്ഷകൾ തള്ളിയിരുന്നുവെന്നും അതിനുള്ള കാരണങ്ങൾ എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018 ഫെബ്രുവരി 20 വരെ അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.*

(ബി) ഹൃദയം, കരൾ, തലച്ചോർ സംബന്ധമായ ശസ്ത്രക്രിയകൾ, കാൻസർ, ഹൃദ്രോഗം, ശ്വാസകോശം സംബന്ധിച്ച മാരകമായ അസുഖങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി തുടങ്ങിയവയ്ക്ക് വന്ന ഗുരുതരക്ഷതങ്ങൾ, വൃക്കരോഗം, ഹീമോഫീലിയ രോഗം എന്നിവയ്ക്കാണ് അനുവദിച്ചിട്ടുള്ളത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി&ഡി) ചികിത്സാ ധനസഹായത്തിനായി രോഗികൾ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കെ.ബി.എഫ്. പദ്ധതിയിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകളിന്മേൽ അനുകൂലമായ തീരുമാനമെടുത്ത് ചികിത്സാനുമതി നൽകിയിട്ടുണ്ട്. ചികിത്സ നടക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിച്ചു വരുന്നു. രോഗിയുടെ വാർഷിക കുടുംബ വരുമാനം 3 ലക്ഷം രൂപയിൽ കൂടുതലായ അപേക്ഷകൾ, രോഗിയോ, രോഗിയുടെ അച്ഛൻ, അമ്മ, മക്കൾ എന്നിവരോ സർക്കാർ ജീവനക്കാരായി വരുന്ന അപേക്ഷകൾ, ശസ്ത്രക്രിയ കഴിഞ്ഞ് 72 മണിക്കൂറിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ, പദ്ധതി പ്രകാരമുള്ള പരമാവധി ധനസഹായം രോഗിക്ക് ലഭിച്ചിട്ടുള്ളവ തുടങ്ങിയ കെ.ബി.എഫ്. മാനദണ്ഡങ്ങൾ പാലിക്കാതെ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കാറുണ്ട്.

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാരുണ്യ ബെനവലെന്റ് പദ്ധതി ആരംഭിച്ച 26-2-2012 മുതൽ 21 മാസക്കാലത്തിൽ അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.*

(എഫ്) ഹൃദയം, കരൾ, തലച്ചോർ സംബന്ധമായ ശസ്ത്രക്രിയകൾ, കാൻസർ, ഹൃദ്രോഗം, ശ്വാസകോശം സംബന്ധിച്ച അസുഖങ്ങൾ നട്ടെല്ല് സുഷുമ്നാ നാഡി തുടങ്ങിയവയ്ക്ക് വന്ന ഗുരുതരക്ഷതങ്ങൾ, വൃക്കരോഗം, ഹീമോഫീലിയ രോഗം എന്നിവയ്ക്കാണ് അനുവദിച്ചിട്ടുള്ളത്.

(ജി) ഇല്ല. കെ.ബി.എഫ്. മാനദണ്ഡങ്ങൾ പാലിയ്ക്കാതെ സമർപ്പിച്ചിരുന്ന അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

## ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ

6 (1891) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ അനുവദിക്കുന്നത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ സാരമായി ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നത് കർശന പരിശോധനകളുടെ അടിസ്ഥാനത്തിൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ;

(ഡി) നിലവിലുള്ള ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളുടെ പെർഫോർമൻസ് ആഡിറ്റ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമല്ലാത്ത സ്ഥാപനങ്ങളുടെ ഗ്രാന്റ് വെട്ടിക്കുറയ്ക്കുന്നതിന് ആലോചനയുണ്ടോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## ഗിഫ്റ്റ്-ന്റെ പ്രവർത്തനങ്ങൾ

7 (1892) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഗിഫ്റ്റ്'(GIFT) എന്ന സ്ഥാപനം ആരംഭിച്ചതെന്നാണ്; അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം 'ഗിഫ്റ്റ്'-ന്റെ പ്രധാന പ്രവർത്തനം എന്താണെന്ന് വിവരിക്കാമോ;

(ബി) ഈ സ്ഥാപനം മറ്റേതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ ലയിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1992-ൽ സ്ഥാപിതമായ സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ് എന്ന സ്ഥാപനം 2009-ൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്) എന്ന പേരിൽ പുനർനാമകരണം ചെയ്തു നികുതി സംബന്ധമായ കോഴ്സുകൾ നടത്തുന്നതിനും നികുതി ഉദ്യോഗസ്ഥർ മറ്റു ഗവൺമെന്റ് ഉദ്യോഗസ്ഥർ പൊതുജനം തുടങ്ങിയവർക്ക് നികുതി വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും ധനകാര്യം, സാമ്പത്തികം, നികുതി സംബന്ധമായ വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനും നികുതി നിയമ ജേർണലിന്റെ പ്രസിദ്ധീകരണം (കേരള ടാക്സ് റിപ്പോർട്ടർ) തുടങ്ങിയവയാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ജി.എസ്.ടി. നിലവിൽ വന്നതിനു ശേഷവും മേൽ പറഞ്ഞവ തന്നെയാണ് പ്രധാന പ്രവർത്തനങ്ങൾ.

(ബി) ഈ സ്ഥാപനം മറ്റേതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ ലയിപ്പിക്കുന്നതിന് നിലവിൽ ആലോചനയില്ല.

## സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

8 (1893) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് എന്നത്തേയ്ക്ക് നടപ്പിലാക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് 24-2-2017-ലെ സ.ഉ.(അച്ചടി) നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ ഘട്ടത്തിലുള്ള ചർച്ചകൾ, പഠനം എന്നിവയ്ക്ക് ശേഷം ഹെൽത്ത് ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിക്കുന്നതിന് വേണ്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയായി കരാർ ഒപ്പിടുന്ന മുറയ്ക്ക് പദ്ധതി നിലവിൽ വരുന്നതാണ്.

## ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുന്നതിന് നടപടി

9 (T*1894) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേമ പെൻഷനുകളുടെ വിതരണം സംബന്ധിച്ച് ധനകാര്യ വകുപ്പ് എന്തെങ്കിലും നിബന്ധനകൾ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഒന്നിലധികം ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവരുടെ പെൻഷൻ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ക്ഷേമ പെൻഷനുകളുടെ തുക, ഉപജീവനത്തിന് സഹായകരമായ രീതിയിൽ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 6-11-2017-ലെ സ.ഉ(എംഎസ്)483/2017/ധന ഉത്തരവിന്റേയും 21-1-2018 തീയതിയിലെ സ.ഉ (എംഎസ്.) 61/2018/ധന ഉത്തരവിന്റേയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 6-2-2017-ന് മുമ്പ് ഒന്നിലധികം ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ വാങ്ങിവന്നിരുന്നവർക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ ഉയർന്ന നിരക്കിലും രണ്ടാമതൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ട്. 6-2-2017 മുതൽ ഒരാൾക്ക് ഒരു സാമൂഹ്യ സുരക്ഷാ പെൻഷനോ ഒരു ക്ഷേമനിധി ബോർഡ് പെൻഷനോ മാത്രമേ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ എന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ക്ഷേമ പെൻഷനുകൾ തുലോം തുച്ഛവും ഒരു വ്യക്തിയുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ പോലും നിറവേറ്റുന്നതിന് പര്യാപ്തവുമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെടുകയും 2016 ജൂൺ മുതൽ പ്രതിമാസ പെൻഷൻ തുക 600 രൂപയിൽ നിന്ന് 1000 രൂപയായും 2017 ഏപ്രിൽ മുതൽ പ്രതിമാസം 1100 രൂപയായും ഉയർത്തിയിട്ടുണ്ട്. മുൻപ് നൽകിയതിന്റെ ഏതാണ്ട് ഇരട്ടിയോളം വരും ഇത്. എൺപത് ശതമാനവും അതിലധികവും മാനസിക ശാരീരിക വൈകല്യമുള്ളവർക്ക് പെൻഷൻ 21-2-2018 മുതൽ പ്രതിമാസം 1300 രൂപയായും ഉയർത്തിയിട്ടുണ്ട്.

**സംസ്ഥാന സംരംഭക വികസന മിഷൻ**

10 (1895) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സംരംഭക വികസന മിഷന്റെ കീഴിൽ ഇതുവരെയായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; എത്രപേർക്ക് ഇതിന്റെ ആനുകൂല്യം കിട്ടി; എത്ര രൂപ ചെലവഴിച്ചു; വിശദമാക്കുമോ;

(ബി) എത്ര പേർക്ക് ജോലി ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് പ്രസ്തുത മിഷൻ ആരംഭിച്ചത്; വ്യക്തമാക്കുമോ;

(സി) ഈ മിഷൻ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന സംരംഭക മിഷന്റെ കീഴിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖാന്തരം ഇതുവരെ 152 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 253 പേർക്ക് ആനുകൂല്യം ലഭിച്ചു. 1603 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) ഒരു ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ ഉദ്ദേശിച്ചാണ് പദ്ധതി ആരംഭിച്ചത്.

(സി) പദ്ധതി ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പദ്ധതിയുടെ കാലാവധി 2016-ൽ അവസാനിച്ചു.

**കാരുണ്യ ചികിത്സാ ഗുണഭോക്താക്കൾക്കായി ചെലവഴിച്ച തുക**

11 (1896) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ചികിത്സാ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാരുണ്യ പദ്ധതിക്കായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2011-മുതൽ നാളിതുവരെ കാരുണ്യ ഗുണഭോക്താക്കൾക്കായി ചെലവഴിച്ച തുകയുടെ വിശദമായ പട്ടിക ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാരുണ്യ പദ്ധതിയ്ക്കായി 510.68 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വൃക്ക രോഗികൾക്കുള്ള ധനസഹായം 2 ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനായി കാരുണ്യ പദ്ധതിയുടെ സോഫ്റ്റ് വെയർ നവീകരണത്തിനായി കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കുടുംബശ്രീ മുഖേനയും ജീവനക്കാരെ അധികമായി നിയോഗിച്ച് കുടിശ്ശിക ജോലികൾ ചെയ്തു വരുന്നു.

(ഡി) പദ്ധതി ആരംഭിച്ച 26-2-2012 മുതൽ 2018 ഫെബ്രുവരി വരെ കാരുണ്യ ഗുണഭോക്താക്കൾക്കായി ചെലവഴിച്ച തുകയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ സമീപനം**

12 (1897) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒന്ന്, രണ്ട് റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമായി ലഭ്യമാകുന്ന തുക എത്ര എന്നും ആയതിന്റെ വിന്യാസം എപ്രകാരമാണ് എന്നും വ്യക്തമാക്കുമോ;

(ബി) ആയതിൽ യൂണിയൻ ധനകാര്യകമ്മീഷന്റെ (U.F.C.S.) സമീപനം എന്ത് എന്നും കമ്മീഷന്റെ സമീപനത്തിൽ ധനകാര്യവകുപ്പ് സ്വീകരിക്കാൻ പോകുന്ന നടപടിക്രമങ്ങൾ എന്ത് എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ട് പ്രകാരം സംസ്ഥാന സർക്കാർ നൽകിയ ശിപാർശകളിൽ നിരസിച്ച ശിപാർശകൾ ഏതെല്ലാം എന്നും നിരസിക്കലിന്റെ കാരണം കണ്ടെത്തി പരിഹരിക്കാൻ വേണ്ട എന്തു നടപടികൾ ധനകാര്യവകുപ്പ് സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 മുതൽ 2020-2021 വരെയാണ് കമ്മീഷൻ അവാർഡ് കാലയളവ്. ഈ കാലയളവിലേക്കുള്ള മൊത്തം സംസ്ഥാന തനത് നികുതി വരുമാനവും അറ്റ സംസ്ഥാന തനത് നികുതി വരുമാനവും അതിന്റെ പ്രാദേശിക സർക്കാരുകൾക്കുള്ള വിന്യാസത്തിന്റെയും വിശദാംശം താഴെ കൊടുത്തിരിക്കുന്നു :

തുക കോടിയിൽ

| വർഷം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| മൊത്തം സംസ്ഥാന തനത് നികുതി വരുമാനം | 44382 | 49709 | 55681 | 62377 | 69885 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| അറ്റ സംസ്ഥാന തനത് നികുതി വരുമാനം | 42997 | 48123 | 53865 | 60298 | 67504 |
| പ്രാദേശിക സർക്കാരുകൾക്കുള്ള വിന്യാസം | 8599.48 | 10105.94 | 11850.44 | 13868.59 | 16201.19 |

(ബി) യൂണിയൻ ധനകാര്യ കമ്മീഷൻ 2017 നവംബറിൽ രൂപീകരിച്ചിട്ടേ ഉള്ളൂ. ആയതിനാൽ അതിന്റെ സമീപനം ഇപ്പോൾ വ്യക്തമല്ല. എന്നാൽ അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ധനവിന്യാസവുമായി ബന്ധപ്പെട്ട ശിപാർശ സർക്കാർ സ്വീകരിച്ചിട്ടില്ല. മറിച്ച് അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തുന്ന അക്കൗണ്ട്സിന്റെ വെളിച്ചത്തിൽ 2 വർഷത്തിന് മുൻപുള്ള അറ്റ സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ നിശ്ചിത ശതമാനവും അതാത് വർഷത്തെ സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി അടങ്കലിന്റെ നിശ്ചിത ശതമാനം തുകയുമാണ് പ്രാദേശിക സർക്കാരുകൾക്ക് ധനവിന്യാസമായി നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) പ്രസ്തുത റിപ്പോർട്ടുകളിന്മേൽ സർക്കാർ ശിപാർശകൾ നൽകാറില്ല; മറിച്ച്, തീരുമാനം എടുക്കുകയാണ് ചെയ്തിട്ടുള്ളത്.

**ധവളപത്രം സമർപ്പിക്കുന്നതിനുള്ള സാഹചര്യം**

13 (1898) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ധവളപത്രം സമർപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുറപ്പെടുവിച്ച ധവള പത്രത്തിൽപറയുന്ന സാമ്പത്തിക സ്ഥിതിയിൽ നിന്നും എത്ര കണ്ട് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) ധവളപത്രത്തിൽ പ്രതീക്ഷിച്ച റവന്യൂ വരുമാനത്തിലെ വർദ്ധനവ് എത്ര ശതമാനമായിരുന്നു; പ്രസ്തുത വർദ്ധനവ് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ചെലവ് കുറയ്ക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും എന്തൊക്കെ ശക്തമായ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാരിന്റെ ദൈനംദിന ചെലവുകൾക്കുവേണ്ടി ട്രഷറി പൂട്ടാതെ മുന്നോട്ട് നയിക്കേണ്ട വെല്ലുവിളി നേരിടുന്നതിനോടൊപ്പം സർക്കാരിന്റെ പദ്ധതി മൂലധന ചെലവുകൾക്കുള്ള വിഭവ സമാഹരണത്തിന് ദൗർലഭ്യം നേരിടുന്ന തരത്തിൽ, ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നിലനിന്നിരുന്ന സാഹചര്യത്തിലാണ് സർക്കാർ ധവളപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധവളപത്രം പുറപ്പെടുവിച്ച സമയത്തുള്ള സാമ്പത്തിക പ്രവണത തുടർന്നിരുന്നുവെങ്കിൽ സംസ്ഥാനം ഫലത്തിൽ 2017-18-ഓടെ സാമ്പത്തിക അരാജകത്വത്തിലേയ്ക്ക് പോകുമായിരുന്നു. സംസ്ഥാനം വർഷത്തിൽ ഭൂരിഭാഗം സമയത്തും ഓവർഡ്രാഫ്റ്റിൽ ആകുമായിരുന്നു എന്നു മാത്രമല്ല സംസ്ഥാനത്തിന്റെ വികസനവും വളർച്ചയും നിശ്ചലം ആകുകയും 2021-ഓടെ സംസ്ഥാനത്തിന്റെ റവന്യൂകമ്മി മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 3.25%-ത്തിൽ എത്തുകയും ധനകമ്മി ഉയർന്ന തോതിൽ എത്തുകയും ചെയ്യുമായിരുന്നു. ബജറ്റ് വിഹിത പ്രകാരമുള്ള ക്ഷേമ ചെലവുകൾക്കോ, വികസന പരിപാടികൾക്കോ ചെലവഴിക്കാൻ പണം ഇല്ലാത്ത അവസ്ഥയിൽ സംസ്ഥാനം എത്തിച്ചേരുകയും ചെയ്തേനെ. സംസ്ഥാനത്തിന്റെ നിർബന്ധിത ചെലവുകളായ ശമ്പളം, പെൻഷൻ, വായ്പ തിരിച്ചടയ്ക്കൽ എന്നിവയിൽ സംസ്ഥാനം നിശ്ചയമായും വീഴ്ച വരുത്തുമായിരുന്നു. എന്നാൽ കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളിലൂടെയും 2016-17-ൽ റവന്യൂ കമ്മി 2.5 ശതമാനമായി നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്. ഇത് 2017-18-ന്റെ പുതുക്കിയ കണക്കു ഇപ്രകാരം 1.9 ശതമാനമായി താഴ്ന്ന നിശ്ചയിച്ചിട്ടുണ്ട്. 2018-19-ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറച്ചുകൊണ്ടുവരാനും ധനകമ്മി അനുവദനീയമായ 3 ശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്താനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) ധവളപത്രത്തിൽ പ്രതീക്ഷിച്ചിരുന്ന നികുതി പിരിവിന്റെ വർദ്ധനവ് 20 മുതൽ 25 ശതമാനം വരെ ആയിരുന്നു. എന്നാൽ നോട്ട് നിരോധനവും ജി.എസ്.ടി. പ്രതീക്ഷിച്ച വളർച്ച കൈവരിക്കാത്തതും കാരണം നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായില്ല.

(ഡി) ചെലവ് കുറയ്ക്കുന്നതിന്റെയും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെയും ഭാഗമായി അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. തസ്തിക പുനർവിന്യാസം വഴിയും ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂ ചെലവുകൾ നിയന്ത്രിക്കും. ബജറ്റ് വിഹിതത്തിനു പുറമേ അധിക തുകയ്ക്കുള്ള അനുമതി നൽകുന്ന പ്രവണത കുറച്ചുകൊണ്ടു വരും. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി 2017 ഫെബ്രുവരി മുതൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവ് ചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനു പകരം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നത് പ്രോത്സാഹിപ്പിക്കും. ഉദ്യോഗസ്ഥന്മാരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള യാത്രാച്ചെലവുകൾ, ടെലിഫോൺ ചാർജ്ജുകൾ എന്നിവയ്ക്കും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തും. റവന്യൂ കമ്മി കുറച്ചുകൊണ്ടു വരുന്നതിന്റെ ഭാഗമായി ഓരോ വർഷവും 20-30 ബേസിസ് പോയിന്റ് വീതം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. 2016-17-ൽ റവന്യൂ കമ്മി 2.5 ശതമാനമായിരുന്നു. 2017-18-ലെ പുതുക്കിയ കണക്ക് പ്രകാരം ഇത് 1.9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2018-19-ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറയ്ക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**പ്രതിമാസ വരവും ചെലവും തമ്മിലുള്ള അന്തരം**

14 (1899) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പ്രതിമാസ വരവും പ്രതിമാസ ചെലവും തമ്മിലുള്ള അന്തരം വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ അന്തരം കുറയ്ക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ കുറേ വർഷങ്ങളായി സംസ്ഥാനത്തിന്റെ റവന്യൂ വരുമാനവും റവന്യൂ ചെലവും തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ട്. നോട്ട് നിരോധനവും പ്രതീക്ഷിച്ച തോതിൽ ജി.എസ്.ടി. വരുമാനം ഉയരാത്തതും ഈ അന്തരം വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്.

(ബി) സർക്കാരിന്റെ റവന്യൂ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടു വരികയാണ്. ചെലവുകൾ നിയന്ത്രിച്ചുകൊണ്ടും വരുമാനം വർദ്ധിപ്പിച്ചു കൊണ്ടും റവന്യൂകമ്മി കുറയ്ക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ജി.എസ്.ടി.-യുടെ ഭാഗമായി ഫെബ്രുവരി ഒന്നു മുതൽ ഇ-വേ ബിൽ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതു വഴി ജി.എസ്.ടി-യിൽ നിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എക്സൈസ്, രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നികുതി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടു കൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. തസ്തിക പുനർവിന്യാസം വഴിയും ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂ ചെലവുകൾ നിയന്ത്രിക്കും. ബജറ്റ് വിഹിതത്തിനു പുറമേ അധിക തുകയ്ക്കുള്ള അനുമതി നൽകുന്ന പ്രവണത കുറച്ചുകൊണ്ടു വരും. സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി 2017 ഫെബ്രുവരി മുതൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവ് ചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് പകരം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നത് പ്രോത്സാഹിപ്പിക്കും. ഉദ്യോഗസ്ഥന്മാരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള യാത്രാച്ചെലവുകൾ, ടെലഫോൺ ചാർജ്ജുകൾ എന്നിവയ്ക്കും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തും. സംസ്ഥാന തനത് നികുതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവും വർദ്ധിച്ചുവരുന്ന റവന്യൂ ചെലവുമാണ് റവന്യൂകമ്മി നിയന്ത്രിക്കുന്നതിന് തടസ്സമായ കാരണങ്ങൾ. റവന്യൂ കമ്മി കുറച്ചുകൊണ്ടു വരുന്നതിന്റെ ഭാഗമായി ഓരോ വർഷവും 20-30 ബേസിസ് പോയിന്റ് വീതം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. 2016-17-ൽ റവന്യൂ കമ്മി 2.5 ശതമാനമായിരുന്നു. 2017-18-ലെ പുതുക്കിയ കണക്ക് പ്രകാരം ഇത് 1.9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2018-19-ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറയ്ക്കുന്ന തിനാണ് ലക്ഷ്യമിടുന്നത്.

**വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പണം ചെലവഴിക്കൽ**

15 (1900) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പണം ചെലവഴിച്ചില്ലെങ്കിൽ ഭാവി തലമുറ പ്രത്യാഘാതം അനുഭവിക്കേണ്ടിവരുമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) വായ്പയെടുക്കുന്ന തുകയുടെ എത്ര ശതമാനമാണ് ശമ്പളം, പെൻഷൻ തുടങ്ങിയ ആവർത്തന ചെലവിനങ്ങളിൽ ഓരോ വർഷവും ചെലവാകുന്നത്;

(സി) വരും വർഷങ്ങളിൽ ചെലവ് 2.5 ശതമാനത്തിൽ നിന്നും 1.67 ശതമാനമായി കുറയ്ക്കുന്നതിന് ഉദ്ദേശിച്ച് നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വരവിന്റെയും ചെലവിന്റെയും വളർച്ചാ നിരക്കിലുള്ളഅന്തരം വർദ്ധിച്ചു വരുന്ന പ്രവണത കഴിഞ്ഞ അഞ്ച് വർഷമായി സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. മൊത്തം റവന്യൂ വരുമാനം 7.7 ശതമാനം വർദ്ധിച്ചപ്പോൾ പദ്ധതി ചെലവ് 22 ശതമാനവും പദ്ധതിയിതര ചെലവ് 21 ശതമാനവും ഉയർന്നു. വരവിലും ചെലവിലും വരുന്ന ഈ അന്തരം അനുസ്യൂതം തുടരാനാവില്ല. പദ്ധതിപ്പണം സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിലേയ്ക്ക് മാറ്റിയും പൂർത്തിയാകാത്ത പദ്ധതികൾ e-LAMS രജിസ്റ്ററിലേയ്ക്ക് രേഖപ്പെടുത്തിയുമാണ് പ്രധാനമായും മുകളിൽ പ്രതിപാദിച്ച ധനപ്രതിസന്ധി പരിഹരിച്ചിരുന്നത്. ടി പ്രവണത അഭിലഷണീയമല്ല. കൂടാതെ ധനക്കമ്മിയും റവന്യൂ കമ്മിയും അനുവദനീയമായ പരിധിയിൽ നിലനിർത്തുവാൻ സർക്കാർ ബാധ്യസ്ഥവുമാണ്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ആകെ ചെലവുകൾ അനുവദനീയമായ വായ്പ ഉൾപ്പെടെയുള്ള വരുമാനത്തിനകത്ത് നിർത്തുന്നതിന് കർശനമായ സാമ്പത്തിക അച്ചടക്കം അനിവാര്യമാണ്.

(ബി) വായ്പയെടുക്കുന്ന മുഴുവൻ തുകയും കൺസോളിഡേറ്റഡ് ഫണ്ടിലാണ് വകയിരുത്തുന്നത്. ആയതിനാൽ വായ്പയെടുക്കുന്ന തുകയുടെ ചെലവ് പ്രത്യേകം അറിയാൻ കഴിയില്ല.

(സി) 2016-17-ലെ റവന്യൂ കമ്മി 2.5% ആയിരുന്നു. 2017-18-ൽ ഇത് 1.91% ആയും 2018-19-ൽ 1.66% ആയും നിജപ്പെടുത്തുന്നതിലേയ്ക്ക് പ്രധാനമായും കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്ന നടപടികൾ ഇവയാണ്:

1. അത്യന്താപേക്ഷിതമായ ഘട്ടങ്ങളിൽ വർക്ക് സ്റ്റഡി നടത്തിയതിനു ശേഷമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. കൂടാതെ പുനർവിന്യാസത്തിനുള്ള സാധ്യതകൾകൂടി പരിശോധിച്ചശേഷമായിരിക്കും തസ്തികകൾ അനുവദിക്കുക.

2. നിലവിലുള്ള ഗ്രാൻഡ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളുടെ പെർഫോർമെൻസ് ഓഡിറ്റ് നടത്തുന്ന കാര്യം സർക്കാർ ഉദ്ദേശിക്കുന്നു. കർശനമായ പരിശോധനയ്ക്കുശേഷമേ ഇത്തരത്തിലുള്ള പുതിയ സ്ഥാപനങ്ങൾ അനുവദിക്കുകയുള്ളൂ.

3. സർക്കാർ വകുപ്പുകളിൽ വാഹനങ്ങളുടെ രജിസ്റ്ററുണ്ടാക്കി ഓരോ വർഷവും വാഹനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. വാഹനം വാങ്ങാനുള്ള അനുമതി ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിലായി പരിമിതപ്പെടുത്തും. 14 ലക്ഷത്തിൽ കൂടുതൽ വിലയുള്ള കാറുകൾ നിരുത്സാഹപ്പെടുത്തും.

4. അത്യാവശ്യ സാഹചര്യത്തിൽ മാത്രമേ വിദേശ യാത്രകൾ അനുവദിക്കുകയുള്ളൂ. വീഡിയോ കോൺഫറൻസ് സംവിധാനം ഉപയോഗപ്പെടുത്തി യാത്രാ ചെലവുകൾ കുറയ്ക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സർക്കാരിന്റെ ആലോചനയിലാണ്.

## 2017-18 സാമ്പത്തിക വർഷത്തിലെ റവന്യൂ കുടിശ്ശിക

16 (1901) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-2018 സാമ്പത്തിക വർഷത്തിലെ 2018 ജനുവരി 31 വരെയുള്ള റവന്യൂ കുടിശ്ശിക എത്രയാണ്; ഈ കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഓരോ വകുപ്പിലും അഞ്ചു വർഷത്തിലേറെയായി പിരിച്ചെടുക്കാനുള്ള റവന്യൂ കുടിശ്ശിക എത്രയാണ്; വകുപ്പ് തിരിച്ച് കണക്ക് നല്കുമോ; കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു

## ധനകാര്യ സ്ഥാപനങ്ങളിലെ വായ്പാ കുടിശ്ശിക

17 (1902) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ ഉടമസ്ഥതയിലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്കായി ഏതെങ്കിലും കടാശ്വാസ പദ്ധതികൾ ഇപ്പോൾ നിലവിലുണ്ടോ ?

ഉത്തരം

സർക്കാർ ഉടമസ്ഥതയിലുള്ള ധനകാര്യ സ്ഥാപനമായ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് കുടിശ്ശിക വരുത്തിയവർക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ട്. ഇതിനുപുറമെ താഴെ പറഞ്ഞിരിക്കുന്ന കടാശ്വാസ പദ്ധതികൾ നിലവിലുണ്ട്.

1. മുതൽ കുടിശ്ശിക തിരിച്ചടവിന് സാവകാശം നൽകുക.
2. വായ്പാ കുടിശ്ശിക തിരിച്ചടവ് കാലാവധി നീട്ടി അക്കൗണ്ട് പുനഃക്രമീകരിച്ച് നൽകുക.
3. പലിശ കുടിശ്ശിക പ്രത്യേക വായ്പാ അക്കൗണ്ടായി തിരിച്ചടവ് കാലാവധി നീട്ടി പുനഃക്രമീകരിച്ച് നൽകുക.
4. പിഴ പലിശ ഒഴിവാക്കി നൽകുക.

## പൊതു വിപണിയിൽ നിന്നും വായ്പ

18 (1903) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിപണിയിൽ നിന്നും വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര തുകയാണ് 2018-19 സാമ്പത്തിക വർഷം എടുക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനകം എത്ര തുക വായ്പയായി എടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ട്രഷറി നിക്ഷേപം വഴി മൊത്തം എന്തു തുക സമാഹരിച്ചിട്ടുണ്ട്; ഈ വർഷത്തെ ട്രഷറി നിക്ഷേപലക്ഷ്യം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ കർമ്മപദ്ധതികൾക്ക് ഏതെല്ലാം ഏജൻസികളിൽ നിന്നും വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ;

(ഇ) ലോക ബാങ്കിൽ നിന്നുള്ള വായ്പ ഏതെല്ലാം പദ്ധതികൾ നിർവ്വഹി ക്കുന്നതിനാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷത്തിൽ പൊതുവിപണിയിൽ നിന്നും 25,985 കോടി രൂപ സമാഹരിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു.

(ബി) 2016-17 സാമ്പത്തിക വർഷം 29,083.54 കോടി രൂപ വായ്പയായി സർക്കാർ സമാഹരിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2017 നവംബർ 30 വരെയുള്ള താൽകാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതുകടം (തനി) മുഖേന 12307.01 കോടി രൂപയും സ്മാൾ സേവിംഗ്സ് പ്രോവിഡന്റ് ഫണ്ട് മറ്റ് സേവിംഗ്സ് സ്കീം (തനി) മുതലായ ഇനങ്ങളിലായി 8939.30 കോടി രൂപയും സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(സി) അക്കൗണ്ടന്റ് ജനറലിന്റെ താൽകാലിക കണക്കുകൾ പ്രകാരം 2017-18-ൽ നവംബർ 30 വരെ 6683.98 കോടി രൂപ സേവിംഗ്സ് നിക്ഷേപമായി ലഭിച്ചിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുള്ള സർക്കാർ അനുവദിച്ച പദ്ധതി/പദ്ധതി ഇതര ധന സഹായങ്ങളും മേൽ തുകയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ഡി) വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കുന്നതിനും 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചു കൊണ്ട് സെബിയും ആർ.ബി.ഐ-യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുന്നതിനും നടപടി സ്വീകരിച്ചു. കൂടാതെ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന വായ്പാപരിധിക്കുള്ളിൽ നിന്ന് പൊതു വിപണി, എൻ.എസ്.എസ്.എഫ്, നബാർഡ്, വിദേശ വായ്പ അടക്കമുള്ളവ പ്രയോജനപ്പെടുത്തി വികസനപ്രവർത്തനങ്ങൾക്ക് പണ കണ്ടെത്തുവാനുമാണ് സർക്കാർ ശ്രമിക്കുന്നത്.

(ഇ) ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട്, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്, ജലനിധി തുടങ്ങിയ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകൾക്ക് ലോക ബാങ്ക് സഹായം പ്രതീക്ഷിക്കുന്നുണ്ട്.

## നികുതി അടയ്ക്കുവാൻ നൽകിയ സാവകാശവും നികുതി വെട്ടിപ്പും

19 (1904) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് നികുതി അടയ്ക്കുവാൻ സാവകാശം നല്കിയിട്ടുണ്ട്; തുക സഹിതം വിവരങ്ങൾ നല്കുമോ;

(ബി) വിവിധ വകുപ്പുകൾ കണ്ടുപിടിച്ച നികുതി വെട്ടിപ്പുകൾ എത്രയാണ്; ഇതിനെതിരെ വകുപ്പുകൾ സ്വീകരിച്ച നടപടികളും ഈടാക്കിയ തുകകളുടെ വിവരങ്ങളും നല്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നികുതിയടക്കുന്നതിന് സാവകാശം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക തുക | ഉത്തരവിന്റെ വിവരം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | COCOLAND RESORT Vizhinjam, Thiruvanantha-puram | 301500 | REV-SCI/133/2017-REV dt 03.05.2017 of Rev(SC) Department |
| 2 | ഇന്നൂപ്ലാസ, ആറ്റിങ്ങൽ | 818440 | റവന്യൂ മന്ത്രിയുടെ 140/ആർ. ആർ/2017/എം (റവ)തീയതി 17-3-2017 നമ്പർ ഉത്തരവ് |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | അപ്പോളോ ടയേഴ്സ് (പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം) | 3948750 | എസ്.സി 1/162/17/റവ തീയതി 15.09.2017 |
| 4 | ട്രസ്റ്റി,സെന്റ് മൈക്കിൾസ് ചർച്ച് പഴയിടം | 432000 | 1009737/എസ്. സി1/2016/റവ. തീയതി 26.11.2017 |
| 5 | അഡ്മിനിസ്ട്രേറ്റർ മന്ദിരം ഹോസ്പിറ്റൽ, മാങ്ങാനം | 1852200 | WP(C)15503/16 dated 20.06.2017 |
| 6 | സ്പൈസ് വില്ലേജ് എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ് | 867175 | WP(C) 9272/01 |

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നികുതി അടയ്ക്കാൻ സാവകാശം നൽകിയിട്ടുള്ള മറ്റ് വകുപ്പുകളുടെ നിയന്ത്രണത്തിൻ കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ചു വരുന്നു.

(ബി) റവന്യൂ വകുപ്പിൽ നികുതി വെട്ടിപ്പുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറ്റ് വകുപ്പുകളിൽ കണ്ടുപിടിച്ച നികുതി വെട്ടിപ്പിന്റെ വിവരം ശേഖരിച്ചു വരുന്നു.

**ജി.എസ്.ടി.-യുടെ ഗുണങ്ങളും ദോഷങ്ങളും**

20 (1905) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി നടപ്പാക്കിയതുകാരണം സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള ഗുണങ്ങളും ദോഷങ്ങളും, എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; ജി.എസ്.ടി നടപ്പിലാക്കിയത് കാരണം ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയും വരുമാന നഷ്ടവും വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന് ഉണ്ടാകുന്ന വരുമാന നഷ്ടത്തിന് കേന്ദ്രത്തിൽ നിന്ന് എന്തെല്ലാം പരിഹാരമായിരുന്നു വാഗ്ദാനം ചെയ്തത് എന്നത് വിശദമാക്കാമോ; എങ്കിൽ അർഹമായ സഹായങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) ജി.എസ്.ടി. നടപ്പാക്കിയതുമൂലം നികുതിയ്ക്കു മേൽ നികുതി ഒഴിവായി. അന്തർ സംസ്ഥാന വാങ്ങലിനു ഇൻപുട്ട് ടാക്സ് ലഭ്യമാകുന്ന ചരക്ക സേവന നികുതി പൊതുവെ എല്ലാ വ്യാപാരികൾക്കും ഉപകാരപ്രദമാണ്. ശരിയായ രീതിയിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയാൽ ഉല്പന്നങ്ങൾക്ക് പൊതുവെ വിലക്കുറവുണ്ടാകേണ്ടതാണ്. ചരക്ക് സേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണഘടനാപരമായി അധികാരമുള്ള ജി.എസ്.ടി. കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ അതിന്റെ വോട്ടിംഗ് ഘടനയിൽ കേന്ദ്രത്തിന് അപ്രമാദിത്വം ഉള്ളതിനാൽ ആ രീതിയിൽ കുറെയൊക്കെ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ഇത് ദുർബ്ബലപ്പെടുത്തിയിട്ടുണ്ട്. അമിത ലാഭം ഈടാക്കുന്നതിന് പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. താമസംവിനാ തുടർ നടപടികൾ ഉണ്ടാകുമെന്നും ഉപഭോക്താക്കൾക്ക് ജി.എസ്.ടി. നിയമത്തിന്റെ പൂർണ്ണ ആനുകൂല്യം ലഭ്യമാകുമെന്നും പ്രതീക്ഷിക്കാം. ജി.എസ്.ടി. സോഫ്റ്റ് വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതു പോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടാ യിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി. ഫണ്ട് സെറ്റിൽമെന്റിനെ ബാധിച്ചിട്ടുണ്ട്. പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതിപിരിവിനെ ഇതു സാരമായി ബാധിച്ചിട്ടുണ്ട്. അതിനാൽ കഴിഞ്ഞ ബജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല. ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് അടുത്ത 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടംമൂലമുള്ള സാമ്പത്തിക പ്രതിസന്ധി പരിഹരി ക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-15-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന് അർഹതപ്പെട്ട ദ്വൈമാസ തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ദ്വൈമാസ കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ-ആഗസ്റ്റ്

മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ വിതരണം ചെയ്യപ്പെടാതെ കിടക്കുന്ന ഐ.ജി.എസ്.ടി. ക്രെഡിറ്റിന്റെ ഒരു വിഹിതമായി 736 കോടി രൂപ 10 തവണകളായി ഐ.ജി.എസ്.ടി ക്രെഡിറ്റ് സെറ്റിൽമെന്റിൽ നിന്നും തിരിച്ചുപിടിക്കുമെന്ന വ്യവസ്ഥയിൽ ഫെബ്രുവരിയിൽ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

## നികുതി വരുമാനത്തിന്റെ വളർച്ച

21 (1906) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18-ൽ സംസ്ഥാനത്തിന്റെ മൊത്തം നികുതി വരുമാനം എത്ര ശതമാനം വളർച്ചനേടുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്; നിലവിൽ എത്ര ശതമാനം വളർച്ച നേടുന്നതിന് കഴിഞ്ഞുവെന്നറിയിക്കുമോ;

(ബി) സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ നികുതി, മോട്ടോർ വാഹന നികുതി, എന്നിവയിൽ 2017-18 ൽ പ്രതീക്ഷിച്ച വളർച്ച എത്രയായിരുന്നു; ഇതിൽ എത്ര ശതമാനം വളർച്ച നേടുവാൻ കഴിഞ്ഞുവെന്നറിയിക്കുമോ;

(സി) മേല്പറഞ്ഞ നികുതികളുടെ കാര്യത്തിൽ 2015-16, 2016-17 കാലഘട്ടത്തിൽ പ്രതീക്ഷിച്ച വളർച്ചാനിരക്കും, നേടിയ വളർച്ചാ നിരക്കും വ്യക്തമാക്കുമോ?

ഉത്തരം

(എ) 25% 1-7-2017 മുതലുള്ള ജി.എസ്.ടി. വരുമാനവും കേന്ദ്ര സർക്കാരിൽ നിന്ന് കോമ്പൻസേഷൻ ഇനത്തിൽ ഒക്ടോബർ വരെയുള്ള 1205 കോടി രൂപയും ഉൾപ്പെടെ 14% വളർച്ചാ നിരക്ക് നേടാനായിട്ടുണ്ട്.

(ബി)

| രജിസ്ട്രേഷൻ വകുപ്പ് | | ട്രാൻസ്പോർട്ട് വകുപ്പ് | |
|---|---|---|---|
| പ്രതീക്ഷിച്ചത് | നേടിയത് (ഫെബ്രുവരി വരെ) | പ്രതീക്ഷിച്ചത് | നേടിയത് (ജനവരി വരെ) |
| 25.82 | 20.21 | 11 | 16 |

(സി)

| രജിസ്ട്രേഷൻ വകുപ്പ് | | | ട്രാൻസ്പോർട്ട് വകുപ്പ് | | |
|---|---|---|---|---|---|
| വർഷം | പ്രതീക്ഷിച്ചത് | നേടിയത് | വർഷം | പ്രതീക്ഷിച്ചത് | നേടിയത് |
| 2015-16 | 74.29 | 5.93 | 2015-16 | 3% | 14.24 |
| 2016-17 | 30.48 | 4.81 | 2016-17 | 23% | 13.14 |

**ലോട്ടറിയിൽ നിന്നും മദ്യവില്പനയിൽ നിന്നും ലഭിക്കുന്ന വരുമാനം**

22 (1907) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലോട്ടറിവ്യവസായത്തിൽ നിന്നും, മദ്യവില്പനയിൽ നിന്നും പ്രതിവർഷം ലഭിക്കുന്ന വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ടോ; കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ വിശദാംശം നൽകുമോ;

(ബി) ഇവയിൽ നിന്ന് ലഭിക്കുന്ന അധികവരുമാനം നല്ല സൂചനയാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് ലോട്ടറി വിൽപ്പനയിലൂടെയും മദ്യവില്പനയിലൂടെയും ലഭിക്കുന്ന വരുമാനത്തിൽ പ്രതിവർഷം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ വിശദാംശം ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിച്ച വരുമാനം (രൂപയിൽ) | മദ്യവില്പനയിലൂടെ ലഭിച്ച വരുമാനം (രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| 2012-13 | 2778.63 കോടി | 7241 കോടി |
| 2013-14 | 3793.72 കോടി | 7575 കോടി |

| (1) | (2) | (3) |
|---|---|---|
| 2014-15 | 5445.43 കോടി | 8277 കോടി |
| 2015-16 | 6317.73 കോടി | 9787 കോടി |
| 2016-17 | 7394.91 കോടി | 10353 കോടി |

(ബി) നാടിന്റെ വികസനത്തിനാവശ്യമായ ധനസമാഹരണത്തിന് ഉപയോഗിക്കുന്ന എന്നതാണ് ലോട്ടറി നടത്താൻ സർക്കാരുകൾക്ക് അനുമതി നൽകുന്നതിന് കാരണം. കേന്ദ്ര ഭാഗ്യക്കുറി നിയമത്തിന്റെ കർശന വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ച്, ഒരു തരത്തിലുള്ള അഡിക്റ്റീവ് പ്രാക്ടീസുകൾ അനുവദിക്കാതെയുമാണ് സംസ്ഥാന ഭാഗ്യക്കുറി നടത്തുന്നത്. മദ്യവർജ്ജനത്തിനായുള്ള ശക്തമായ കാമ്പയിനുകൾ സർക്കാർ നയമാണ്.

**പുതിയ കിഫ്ബി പദ്ധതികൾ**

23 (1908) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ കിഫ്ബി പദ്ധതികൾ അനുവദിക്കുന്നത് നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(ബി) പുതിയ കിഫ്ബി പദ്ധതികൾ അനുവദിക്കുന്നത് പുനരാരംഭിക്കാൻ ആലോചനയുണ്ടോ; എങ്കിൽ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 2016-17 മുതൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള അഞ്ച് വർഷ കാലയളവിനുള്ളിൽ 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ ഇതിനോടകം തന്നെ 54,000 കോടി രൂപയിൽക്കവിഞ്ഞ കിഫ്ബി പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. ഇതിൽ 19,938 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരവും നൽകി കഴിഞ്ഞു. പ്രഖ്യാപിച്ച പദ്ധതികൾ ഡി.പി.ആർ തയ്യാറാക്കി പ്രവർത്തിപഥത്തിലെത്തിക്കുന്നതിനാണ് കിഫ്ബി പരിശ്രമിക്കുന്നത്. ഈ സാഹചര്യത്തിൽ പൊതുവിൽ പുതിയ പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി ഏറ്റെടുക്കേണ്ടതില്ല എന്നതാണ് തീരുമാനം.

## കിഫ്ബി ഫണ്ടിലേയ്ക്ക് പ്രതീക്ഷിക്കുന്ന നിക്ഷേപം

24 (1909) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി ഫണ്ട് സമാഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) 2017 ഡിസംബർ വരെ എത്ര തുക കിഫ്ബി ഫണ്ട് സമാഹരിച്ചിട്ടുണ്ടെന്നും എങ്ങനെയാണ് ഫണ്ട് സമാഹരിച്ചതെന്നും വ്യക്തമാക്കുമോ;

(സി) കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടിയിലൂടെ കിഫ്ബിയിലേക്ക് ഫണ്ട് സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ എത്ര തുക സമാഹരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) നടപ്പുസാമ്പത്തിക വർഷം പ്രവാസി ചിട്ടിയിലൂടെ കിഫ്ബി ഫണ്ടിലേക്ക് പ്രതീക്ഷിക്കുന്ന നിക്ഷേപം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗമനുസരിച്ച് മുൻ വർഷങ്ങളിലെ മോട്ടോർ വാഹന നികുതി, പെട്രോളിയം ഉല്പന്നങ്ങളിന്മേലുള്ള സെസ്സ് എന്നീ ഇനങ്ങളിലായി ആകെ 1772.17 കോടി രൂപ കിഫ്ബി നിധിയിലേയ്ക്ക് വകകൊള്ളിച്ചിട്ടുണ്ട്. കൂടാതെ, 2015-16, 2016-17 കാലയളവിൽ 5475-00-800-92 മേജർ ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്മെന്റ് പ്രോജക്റ്റ് എന്ന ശീർഷകത്തിലെ നീക്കിയിരുപ്പ് തുകയായ 2498.41 കോടി രൂപയും കിഫ്ബി നിധിയിലേയ്ക്ക് വകകൊള്ളിച്ചിട്ടുണ്ട്. നബാർഡിൽ നിന്നും NDA (NABARD Infrastructure Development Assistance)-ലൂടെ 4000 കോടി രൂപ വായ്പ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഗഡുവായി 100.80 കോടി രൂപയും കിഫ്ബി നിധിയിലേയ്ക്ക് വകകൊള്ളിച്ചിട്ടുണ്ട്. ഇപ്രകാരം 2017 ഡിസംബർ മാസം വരെ 4371.38 കോടി രൂപ കിഫ്ബി നിധിയിൽ ലഭ്യമായിട്ടുണ്ട്. ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, മസാല ബോണ്ടുകൾ എന്നിവ പുറപ്പെടുവി ക്കുന്നതിനും നടപടികളാരംഭിച്ചിട്ടുണ്ട്. യു.കെ, സിംഗപ്പൂർ തുടങ്ങിയ വിദേശ രാജ്യങ്ങളിൽ ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനു മുന്നോടിയായി 2018 ഫെബ്രുവരി മാസം മുംബൈയിൽ വച്ച് മർച്ചന്റ് ബാങ്കർമാരുമായി കിഫ്ബി, മീറ്റിംഗ് സംഘടിപ്പിച്ചിരുന്നതും ഇക്കാര്യത്തിൽ അവരുടെ അഭിപ്രായം തേടുകയും അവർ പ്രോത്സാഹനവും സഹകരണവും വാഗ്ദാനം ചെയ്തിട്ടുമുണ്ട്. കൂടാതെ, കെ.എസ്.എഫ്.ഇ. ആരംഭിക്കുന്ന പ്രവാസി ചിട്ടയിലൂടെ ലഭിക്കുന്ന വരുമാനം ബോണ്ടുകളായി നിക്ഷേപിച്ച് കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വരുമാനം കണ്ടെത്തുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി&ഡി) കിഫ്ബി മുഖേന നടപ്പിലാക്കുന്ന മലയോര-തീരദേശ ഹൈവേ ഉൾപ്പെടെയുള്ള പദ്ധതികൾക്കാവശ്യമായ തുക കണ്ടെത്തുന്നതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ. ആരംഭിക്കുന്ന പ്രവാസി ചിട്ടിയിൽ നിന്നുള്ള വരുമാനം കിഫ്ബിയിൽ ബോണ്ടുകളായി നിക്ഷേപിക്കുന്നതിന് ഉദ്ദേശമുണ്ട്. ഒരു ലക്ഷം പ്രവാസികളെയെങ്കിലും ഉൾക്കൊള്ളിച്ച് 25 ലക്ഷം രൂപ വരെ സലയുള്ള കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടികൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവഴി 12,000 കോടി രൂപയോളം നിക്ഷേപം പ്രതീക്ഷിക്കുന്നു.

## കിഫ്ബി ഫണ്ട് മുഖേന സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് നടപടി

25 (1910) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കിഫ്ബി മുഖേന ഫണ്ട് ലഭ്യമാക്കി പുതുതായി എത്ര സ്റ്റേഡിയങ്ങളാണ് നിർമ്മിക്കുന്നത്; ഇവയ്ക്കായി ആകെ എത്ര തുകയാണ് ചെലവാക്കുന്നത്;

(ബി) മേൽ സൂചിപ്പിച്ച സ്റ്റേഡിയങ്ങൾ സംസ്ഥാനത്തിന്റെ ആകെ കായിക മുന്നേറ്റത്തിന് ഉതകുംവിധം പ്രയോജനപ്പെടുത്തുന്നതിന് നിലവിൽ പ്രത്യേക പദ്ധതി എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന ഖജനാവിലേക്ക് വൻ വരുമാനം നൽകും വിധത്തിലും നാടിന്റെ കായിക വളർച്ചയ്ക്ക് പ്രയോജനപ്പെടും വിധത്തിലും കൂടുതൽ സ്റ്റേഡിയങ്ങൾ സംസ്ഥാനത്ത് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ കിഫ്ബി മുഖേന പുതിയതായി 39 സ്റ്റേഡിയങ്ങളാണ് നിർമ്മിക്കുന്നത്. അവയ്ക്കായി ആകെ 635 കോടി രൂപയുടെ അനുമതിയാണ് നൽകിയിരിക്കുന്നത്.

(ബി) കായിക മുന്നേറ്റത്തിന് പ്രയോജനപ്പെടുത്തുന്നതിനായി പ്രസ്തുത സ്റ്റേഡിയങ്ങളുടെ മേൽനോട്ടത്തിനും പരിപാലനത്തിനുമായി ഒരു പ്രത്യേക കമ്പനി രൂപവൽക്കരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന ഖജനാവിലേയ്ക്കും നാടിന്റെ കായിക വളർച്ചയ്ക്കും പ്രയോജനപ്പെടും വിധം കൂടുതൽ സ്റ്റേഡിയങ്ങൾ സംസ്ഥാനത്ത് നിർമ്മിക്കുന്ന കാര്യം ആവശ്യമെങ്കിൽ പരിഗണിക്കുന്നതാണ്.

## കിഫ്ബി അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക

26 (1911) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയുടെ അക്കൗണ്ടിൽ 2018 ജനുവരി 31-ലെ നീക്കിയിരിപ്പ് എത്ര കോടി രൂപയാണ്;

(ബി) ഇതിൽ വിവിധ ബാങ്കുകളിലുള്ള നിക്ഷേപം എത്രയാണ്; ഓരോ ബാങ്കിലും ഉള്ള നിക്ഷേപം തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിക്ഷേപത്തിന് എത്ര ശതമാനം പലിശയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018 ജനുവരി 31-ന് കിഫ്ബിയുടെ അക്കൗണ്ടിൽ 406.223 കോടി രൂപ നീക്കിയിരുപ്പുണ്ട്.

(ബി&സി) വിവിധ ബാങ്കുകളിലുള്ള കിഫ്ബിയുടെ നിക്ഷേപവും വിശദ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

## വർക്കല മണ്ഡലത്തിൽ കിഫ്ബി നടപ്പിലാക്കുന്ന പ്രവൃത്തികൾ

27 (1912) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളവയിൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുള്ളവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബി അംഗീകാരം ലഭിച്ച് ഭരണാനുമതി ലഭിച്ചിട്ടുള്ള ഇടവാ സ്റ്റേഡിയത്തിന്റെ സാങ്കേതികാനുമതി നൽകുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കുന്നതിന് എത്ര കാലയളവ് വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ-സി) വർക്കല മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവർത്തികളിൽ കിഫ്ബി അംഗീകാരം നൽകിയവയിൽ സാങ്കേതികാനുമതി നൽകി ടെൻടർ നടപടികൾ പൂർത്തിയാക്കിയ 4 പദ്ധതികളാണുള്ളത്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കിഫ്ബി അംഗീകാരം നൽകിയ ഇടവാ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി ബന്ധപ്പെട്ട ഭരണ വകുപ്പ് എസ്.പി.വി ആയി ചുമതലപ്പെടുത്തിയിട്ടുള്ളത് M/s KITCO-യെയാണ്. സാങ്കേതികാനുമതി നൽകുന്നതും ടെന്റർ നടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട എസ്.പി.വി.-യാണ്. കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭരണാനുമതി ലഭിച്ചശേഷം ബന്ധപ്പെട്ട എസ്.പി.വി. പദ്ധതി വിശദാംശങ്ങൾ കിഫ്ബിക്ക് സമർപ്പിച്ച് അവലോകന നടപടികൾ പൂർത്തിയായ ശേഷം കിഫ്ബിയുടെ ബോർഡ് യോഗം കൂടുന്ന മുറയ്ക്കാണ് കിഫ്ബിയുടെ ധനാനുമതി ലഭ്യമാകുന്നത്. ഇതിനുശേഷം ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതികാനുമതി ലഭിച്ചശേഷം മാത്രമേ എസ്.പി.വി.-ക്ക് ടെൻഡർ നടപടികൾ സ്വീകരിക്കാനാവൂ. ഈ നടപടികളുടെ പൂർത്തീകരണ കാലയളവ് കൃത്യമായി മുൻകൂട്ടി നിശ്ചയിക്കാനാവുന്നതല്ല.

**കിഫ്ബിയിലെ നിയമനം**

28 (1913) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ കിഫ്ബിയിൽ നാളിതുവരെ എത്ര പേർക്ക് താൽകാലികാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിയമനം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമനം വഴി നാളിതുവരെ എത്ര രൂപ ചെലവായിട്ടുണ്ട്; വിശദ വിവരം ലഭ്യമാക്കാമോ;

(സി) കിഫ്ബിയിലെ നിയമന ചട്ടം അനുസരിച്ച് മറ്റ് സർക്കാർ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ധനകാര്യ വകുപ്പ് സെക്രട്ടറിയെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ & ബി) ഈ സർക്കാരിന്റെ കാലയളവിൽ കിഫ്ബിയിൽ നാളിതുവരെ താൽക്കാലികാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിയമനം നൽകിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത നിയമനം വഴി നാളിതുവരെ 40,77,744 രൂപ ചെലവായിട്ടുണ്ട്.

(സി) ആവശ്യാനുസരണം നടപടി സ്വീകരിക്കുന്നതാണ്.

(ഡി) 1999-ലെ കിഫ് ആക്ടിലോ, 2016-ൽ ഭേദഗതി ചെയ്ത കിഫ് ആക്ടിലോ ധനകാര്യ വകുപ്പ് സെക്രട്ടറിയെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല. 2016-ലെ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ സെക്ഷൻ 10 (2) പ്രകാരം ബോർഡിന് സർക്കാർ സെക്രട്ടറിയുടെ പദവിയും സ്ഥാനവുമുള്ള ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ സർക്കാർ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, 30-12-2017-ലെ സ.ഉ. (സാധാ)നമ്പർ 9725/17/ധന. ഉത്തരവു പ്രകാരം സംസ്ഥാന ചീഫ് സെക്രട്ടറിയായിരുന്ന ഡോ. കെ. എം. എബ്രാഹിമിനെ കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിച്ചിട്ടുണ്ട്.

**കിഫ്ബിയിലെ പ്രതീക്ഷിത നിക്ഷേപം**

29 (1914) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിൽ നിക്ഷേപം എന്ന രീതിയിൽ ഓരോ വർഷവും എത്ര തുക വീതം ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്; പ്രതീക്ഷിത നിക്ഷേപത്തിന്റെ എത്ര ശതമാനം ഓരോ വർഷവും ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പെട്രോൾ സെസ്, മോട്ടോർ വാഹന നികുതി എന്നിവ കൂടാതെ മറ്റെന്തെല്ലാം ഇനങ്ങളിൽ നിന്നും കിഫ്ബിയിൽ തുക ലഭ്യമായിട്ടുണ്ട്; ഓരോ വർഷവും ലഭിച്ച തുകയുടെ നാളിതുവരെയുള്ള കണക്ക് ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) കിഫ്ബിയിലേക്ക് വകമാറ്റുന്നതിന് മുമ്പുള്ള കാലങ്ങളിൽ പെട്രോൾ സെസ്സ്, മോട്ടോർ വാഹന നികുതി എന്നിവയിൽ നിന്നുള്ള വരുമാനം ഏത് അക്കൗണ്ടിലേക്കാണ് മുതൽക്കൂട്ടിയിരുന്നത് ; ഈ തുക ഏതെല്ലാം കാര്യങ്ങൾക്കായാണ് വിനിയോഗിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) കിഫ്ബിയിൽ പദ്ധതികൾ നടപ്പിലാക്കുന്നത് വർക്ക് ബ്രേക്ക് ഡൗൺ സ്ട്രക്ച്ചറിന്റെ അടിസ്ഥാനത്തിലാണ് ഓരോ പദ്ധതിയുടെയും വർക്ക് ബ്രേക്ക് ഡൗൺ സ്ട്രക്ച്ചർ പ്രകാരം അതിന്റെ ധനവിനിയോഗത്തിന്റെ ഘട്ടങ്ങളും നിശ്ചയിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്ന മുറയ്ക്ക് അവയ്ക്ക് ആവശ്യമായ പണം മുൻകൂട്ടി നിശ്ചയിക്കാനാവുന്നു. അപ്രകാരം ആവശ്യാനുസരണം കിഫ്ബിക്ക് പണം സ്വരൂപിക്കാവുന്നതുമാണ്. നിലവിൽ കിഫ്ബി ഫണ്ടിൽ 4055.94 കോടി രൂപയുണ്ട്. ഇപ്പോൾ അനുമതി നൽകിയിട്ടുള്ളതും നിർവ്വഹണം ആരംഭിച്ചതുമായിട്ടുള്ള പദ്ധതികളുടെ പ്രാരംഭ ഘട്ടത്തിലേക്ക് ഈ തുക പര്യാപ്തമാണ്. ഭാവിയിലേക്ക് ഓരോ ഘട്ടത്തിനും ആവശ്യമായ തുക സമാഹരിക്കാനുള്ള നടപടികളും പുരോഗമിക്കുന്നുണ്ട്. ആയതിനാൽ പദ്ധതികളുടെ നിർവ്വഹണത്തിനാവശ്യമായ തുകകൾ യഥാസമയം ലഭ്യമാക്കാനാവുമെന്നാണ് പ്രതീക്ഷ.

(ബി) കിഫ്ബിയിലെ നിക്ഷേപം എന്നതിലുപരി, സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ മാർഗ്ഗങ്ങളുപയോഗിച്ച് കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുക എന്നതിനാണ് കിഫ്ബി പ്രാധാന്യം നൽകുന്നത്. ഇതിനായി, 2016 ലെ ഭേദഗതി ചെയ്ത കിഫ് ആക്റ്റ് പ്രകാരം മുൻ വർഷങ്ങളിലെ മോട്ടോർ വാഹന നികുതി, പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ്സ് എന്നീ ഇനങ്ങളിലായി 1772.17 കോടി രൂപ കിഫ്ബി നിധിയിലേയ്ക്ക് വകകൊള്ളിച്ചിട്ടുണ്ട്. 5475-00-800-92 ഡെവലപ്മെന്റ് ഓഫ് ഇൻഫ്രാസ്ട്രക്ച്ചറൽ പ്രോജക്റ്റ്സ് എന്ന ശീർഷകത്തിന്റെ നീക്കിയിരുപ്പ് തുകയായ 2498.42 കോടി രൂപ പൊതുധന വിപണിയിൽ നിന്നും നിക്ഷേപം ആകർഷിക്കുന്നതിനുള്ള സീഡ് ക്യാപ്പിറ്റലായി കിഫ്ബിയുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നബാർഡിന്റെ NDA-പദ്ധതിയിലൂടെ 4000 കോടി രൂപ വായ്പയെടുക്കുന്നതിന്റെ ആദ്യ ഗഡുവായ 100.80 കോടി രൂപയും കിഫ്ബി നിധിയിലേയ്ക്ക് വകകൊള്ളിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇതു കൂടാതെ, ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, മസാല ബോണ്ടുകൾ എന്നിവ പുറപ്പെടുവിക്കുന്നതിലൂടെ ലഭ്യമാകുന്ന തുകയും കിഫ്ബി നിധിയിലേയ്ക്ക് നിക്ഷേപിക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്. ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) വാഹന നികുതികൾക്കു കീഴിലുള്ള "0041-00-102-99-ഗതാഗത യോഗ്യമായ വാഹനങ്ങൾ", " 0041-00-102-98-ഗതാഗത യോഗ്യമല്ലാത്ത വാഹനങ്ങൾ" എന്നീ ശീർഷകങ്ങൾക്കു കീഴിൽ സംഭരിക്കുന്ന തുകയുടെ 10%

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കേരളാ റോഡ് ഫണ്ട് ബോർഡിനും, " 0041-00-102-97 (കോമ്പൗണ്ടിംഗ് ഫീസ്)" എന്ന ശീർഷകത്തിനു കീഴിൽ സംഭരിക്കുന്ന തുകയുടെ 50% " 0041-00-800-99-01 (കേരള റോഡ് സുരക്ഷ അതോറിറ്റി ആക്ട് 2007 പ്രകാരമുള്ള വരവ്)" എന്നീ ശീർഷകത്തിനു കീഴിൽ സംഭരിക്കുന്ന തുകയുടെ 99% ഉം കേരള റോഡ് സേഫ്റ്റി അതോറിറ്റിക്കുമായി നൽകി വരുന്നു. ടി ശീർഷകങ്ങളിൽ ബാക്കിയുള്ള തുക സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വക കൊള്ളിക്കുന്നു. കിഫ്ബിയിലേക്ക് വക മാറ്റുന്നതിനു മുമ്പുള്ള കാലയളവിൽ പെട്രോൾ സെസ്സിൽ നിന്നുള്ള വരുമാനം പ്രത്യേകം ഒരു കാര്യത്തിനു മാത്രമായി വിനിയോഗിച്ചിട്ടില്ല).

## കിഫ്ബിയുടെ ധനസമാഹരണത്തിനായുള്ള ബോണ്ടുകൾ

30 (1915) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസമാഹരണത്തിന് ജനറൽ ഒബ്ളിഗേഷൻ ബോണ്ട്, മസാല ബോണ്ട് എന്നിവ വഴി എത്ര തുക സമാഹരിക്കുവാനാണ് പദ്ധതിയിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെയും, ആർ.ബി.ഐ.-യുടെയും അനുവാദം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായി നബാർഡിൽ നിന്നും വായ്പ എടുത്തിട്ടുണ്ടോ; എത്ര ശതമാനം പലിശയ്ക്കാണ് വായ്പ എടുത്തിട്ടുള്ളത്; തിരിച്ചടവ് എത്ര വർഷമാണ്; വിവരങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ & ബി) 2016-ലെ ഭേദഗതി ചെയ്ത കിഫ് ആക്റ്റ് പ്രകാരം കിഫ്ബി നിധിയിലേക്കുള്ള ധനസമാഹരണത്തിന്റെ ഭാഗമായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, ലാന്റ് ബോണ്ടുകൾ, മസാല ബോണ്ടുകൾ എന്നിവ പുറപ്പെടുവിക്കാൻ ഉദ്ദേശമുണ്ട്. നിലവിൽ ജനറൽ ഒബ്ലിഗേഷൻ ബോണ്ടു വഴി 3500 കോടി രൂപ സമാഹരിക്കുന്നതിനും മസാല ബോണ്ടു വഴി 2 വർഷം കൊണ്ട് 5000 കോടിയും സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാർ/ആർ.ബി.ഐ/ സെബി എന്നിവരുടെ അനുവാദം ആവശ്യമായ ഘട്ടങ്ങളിൽ തേടുന്നതാണ്.

(സി) ഉണ്ട്. നബാർഡിന്റെ NIDA (NABARD Infrastructure Development Assistance) പദ്ധതിയിലൂടെ 4000 കോടി രൂപ 9.3 ശതമാനം പലിശയിനത്തിൽ വായ്പയെടുക്കുന്നതിന്റെ ആദ്യഗഡുവായി 100.80 കോടി രൂപ കിഫ്ബി നിധിയിലേക്ക് വകകൊള്ളിച്ചിട്ടുണ്ട്. ഈ വായ്പാ പദ്ധതിയുടെ തിരിച്ചടവ് കാലാവധി 12 വർഷമാണ്.

## സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ

31 (1916) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-2017-ലും, 2017-2018-ലും കിഫ്ബിയിൽ ഉൾപ്പെടുത്തിയ എത്ര പദ്ധതികൾക്ക് ഇതിനകം സാങ്കേതികാനുമതി ലഭിച്ചു;

(ബി) സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ എത്ര; അവ പൂർത്തിയാക്കുന്നതിന് ആകെ എന്ത് തുക ആവശ്യമായി വരും;

(സി) സാങ്കേതികാനുമതി ലഭിച്ച എത്ര പദ്ധതികൾക്ക് ടെൻഡർ നൽകി; ഇവയിൽ എത്ര പദ്ധതികൾ ഇതിനകം പണി പൂർത്തിയാക്കിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) 2016-17, 2017-18 വർഷങ്ങളിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ 138 ഉപപദ്ധതി/പദ്ധതികൾക്ക് ബന്ധപ്പെട്ട എസ്.പി.വി.കൾ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. അവ പൂർത്തിയാക്കുന്നതിന് ആകെ 5486.14 കോടി രൂപ ആവശ്യമായി വരും.

(സി) സാങ്കേതികാനുമതി ലഭിച്ച 129 പദ്ധതികൾക്ക് ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതികളൊന്നും തന്നെ പണി പൂർത്തിയാക്കിയിട്ടില്ല.

## പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി വഴി അംഗീകാരം നൽകിയ പ്രോജക്ടുകൾ

32 (1917) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി വഴി അംഗീകാരം നൽകിയ പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ ; അവയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പട്ടാമ്പി മണ്ഡലവുമായി ബന്ധപ്പെട്ട്, നിലവിൽ എന്തെല്ലാം പദ്ധതികളാണ് കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത് ; അവയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി വഴി അംഗീകാരം നൽകിയ പദ്ധതികളുടെയും അവയുടെ നിലവിലെ അവസ്ഥയും പ്രസ്തുത മണ്ഡലത്തിലേതായി നിലവിൽ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട പദ്ധതികളുടെ വിശദവിവരങ്ങളും അനുബന്ധം ആയി ചേർക്കുന്നു*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വയനാട് ജില്ലയിൽ കിഫ്ബി മുഖേന നടപ്പാക്കാൻ തീരുമാനിച്ച പദ്ധതികൾ

33 (1918) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ കിഫ്ബി മുഖേന എത്ര പദ്ധതികളാണ് നടപ്പാക്കാൻ തീരുമാനിച്ചതെന്ന് അറിയിക്കാമോ;

(ബി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കാൻ തീരുമാനിച്ചത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ കിഫ്ബി മുഖേന നടപ്പാക്കാൻ തീരുമാനിച്ച എത്ര പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ & ബി) 2016-17, 2017-18 വർഷങ്ങളിൽ കിഫ്ബി മുഖേന 1336 പദ്ധതികളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അവയിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന പദ്ധതികളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ 10 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

## കോതമംഗലം മണ്ഡലത്തിൽ കിഫ്ബി വഴിയുള്ള പ്രവൃത്തികൾ

34 (1919) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം മണ്ഡലത്തിൽ കിഫ്ബി വഴി ഏതെല്ലാം പ്രവൃത്തികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തികളിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദീകരിക്കാമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെയും അവയിൽ ഭരണാനുമതി ലഭ്യമാക്കി കിഫ്ബി അംഗീകാരം നൽകിയ എട്ട് പദ്ധതികളുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

**വണ്ടൂർ മണ്ഡലത്തിൽ ഭരണാനുമതി നൽകിയ കിഫ്ബി പദ്ധതികൾ**

35 (1920) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ വണ്ടൂർ നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ കിഫ്ബി പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചുവെന്നും ഓരോ പദ്ധതിയിലും ഇതിനകം ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2016-17, 2017-18 വർഷങ്ങളിൽ വണ്ടൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെയും അവയിൽ പ്രവർത്തനം ആരംഭിച്ച പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ടി പദ്ധതികൾക്കായി നാളിതുവരെ 5,76,46,069 രൂപ ചെലവഴിച്ചിട്ടുണ്ട്.

**വൈപ്പിൻ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

36 (1921) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈപ്പിൻ നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പാക്കുന്നതിനായി അനുവാദം നൽകിയിട്ടുള്ള ഓരോ പ്രവൃത്തിയുടെയും നിർവഹണ ഏജൻസി, എസ്.പി.വി. എന്നിവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

വൈപ്പിൻ നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി അംഗീകാരം നൽകിയിട്ടുള്ള പ്രവൃത്തികളുടെയും അവയുടെ നിർവ്വഹണ ഏജൻസികളുടെയും (എസ്.പി.വി.) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാസർഗോഡ് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ പ്രവൃത്തികൾ

37 (1922) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ, കിഫ്ബിയിൽ ഉൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അനുമതി നൽകിയ പ്രവൃത്തികളുടെ പേര്, തുക എന്നിവ തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയ പദ്ധതികളും അവയുടെ പേര്, തുക എന്നിവയും ഉൾപ്പെടുന്ന വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## നിലമ്പൂർ ബൈപ്പാസിന് പണം അനുവദിക്കാൻ കിഫ്ബിക്കുള്ള തടസ്സം

38 (1923) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-2017, 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന നിലമ്പൂർ ബൈപ്പാസ്, സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബിയിൽ നിന്നും 105 കോടി രൂപ നൽകണമെന്ന നിർദ്ദേശം കിഫ്ബി ഇതുവരെ അംഗീകരിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ബജറ്റ് പ്രസംഗത്തിലുള്ള കാര്യങ്ങൾ കിഫ്ബി പരിഗണിക്കണമെന്നിരിക്കെ നിലമ്പൂർ ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കുന്ന പദ്ധതി കിഫ്ബി നിരാകരിച്ചതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ;

(സി) നിലമ്പൂർ ബൈപ്പാസിന് സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക അനുവദിക്കാതെ എങ്ങനെയാണ് ബൈപ്പാസ് നിർമ്മാണം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ ;

(ഡി) പുല്ലേപ്പടി-തമ്മനം റോഡിന്റെ സ്ഥലം ഏറ്റെടുത്ത മാതൃകയിൽ നിലമ്പൂർ ബൈപ്പാസിനും പണം അനുവദിക്കുന്നതിന് കിഫ്ബിക്കുള്ള തടസ്സമെന്തെന്ന് വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലമ്പൂർ ബൈപ്പാസ്സ് നിലവിൽ സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ച് പ്രവൃത്തി ആരംഭിച്ച പദ്ധതിയാണ്. കൂടാതെ നിലവിലെ കിഫ്ബി മാനദണ്ഡം അനുസരിച്ച് നിർമ്മാണം ആരംഭിച്ച ഒരു പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് മാത്രമായി കിഫ്ബി ഫണ്ട് അനുവദിക്കുന്നില്ല. ആയതിനാലാണ് ടി പദ്ധതി കിഫ്ബി ഇതേവരെ പരിഗണിക്കാത്തത്.

**വടക്കാഞ്ചേരി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

39 (1924) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ എന്തൊക്കെയാണ്;

(ബി) അവയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി; എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെയും അവയിൽ കിഫ്ബി അംഗീകാരം നൽകിയതിന്റേയും ബന്ധപ്പെട്ട എസ്.പി.വി. സാങ്കേതികാനുമതി പുറപ്പെടുവിച്ചതിന്റേയും നിലവിലെ അവസ്ഥ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കൊയിലാണ്ടി മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ**

40 (1925) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 2016-17, 2017-18 വർഷങ്ങളിൽ ധനകാര്യ അനുമതി നൽകിയ പദ്ധതികൾ ഏതെല്ലാം;

(ബി) ഇനിയും ധനകാര്യ അനുമതി നൽകിയിട്ടില്ലാത്തതും ധനകാര്യാനുമതിക്ക് പരിഗണനയിലിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തിൽ ധനകാര്യ അനുമതി നൽകിയ 6 പദ്ധതികളാണുള്ളത്. ടി പദ്ധതികളുടെ വിശദ വിവരം അനുബന്ധം ആയി ചേർക്കുന്നു.* 2017-18 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് കളക്ടറേറ്റിൽ നിന്നും 25 രൂപയുടെ "മൂടാടി വി.എച്ച്.സി.-യുടെ ഉപകേന്ദ്രമായ കടലൂർ ആരോഗ്യ കുടുംബക്ഷേമ ഉപ കേന്ദ്രത്തിന് പുതിയ കെട്ടിട നിർമ്മാണം" എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) എം.എൽ.എ ശിപാർശ ചെയ്തതും ധനകാര്യാനുമതിക്ക് പരിഗണനയിലിരിക്കുന്നതുമായ 9 പദ്ധതികളാണുള്ളത്. ധനകാര്യാനുമതിയ്ക്ക് പരിഗണനയിലിരിക്കുന്ന പദ്ധതികളുടെ വിശദ വിവരം അനുബന്ധം ആയി ചേർക്കുന്നു.*

## എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട്

41 (1926) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് ജില്ലാതലത്തിൽ കൈകാര്യം ചെയ്യുന്ന അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്ക് ധനവിനിയോഗത്തിനുള്ള അനുവാദമോ ഹെഡ് ഓഫ് അക്കൗണ്ടോ അനുവദിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) സ.ഉ (അ)നമ്പർ 126/2017/ധന. തീയതി 25-9-2017 പ്രകാരം ആസ്തി വികസന പദ്ധതിയിൻ കീഴിൽ ഭരണാനുമതി പുറപ്പെടുവിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ (ഭാഗികമോ/അന്തിമമോ ആയ ബില്ലുകൾ) മാറി നൽകുന്നതിന് നിലവിലുള്ള രീതി തന്നെ തുടരുന്നതായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതായത്, പ്രവൃത്തികളുടെ ഗുണഭോക്തൃ വകുപ്പുകൾ, പ്രവൃത്തി വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ശീർഷകങ്ങളുടെ നിയന്ത്രണാധികാരി ബില്ലുകൾ മാറി നൽകുന്നതായിരിക്കും. (എഞ്ചിനീയറിംഗ് വിംഗുകൾ ഇല്ലാത്ത വകുപ്പുകൾ ആണെങ്കിൽ പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനായിരിക്കും നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തേണ്ടത്). അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രവൃത്തികളുടെ മേൽനോട്ടം ഗുണഭോക്തൃ വകുപ്പ് തന്നെ നടത്തേണ്ടതും അവർ സമർപ്പിക്കുന്ന ബില്ലുകൾ ആ വകുപ്പിൽ പരിശോധിച്ച് അനുബന്ധ രേഖകളോടെ ശുപാർശയോടുകൂടി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയയ്ക്കേണ്ടതും ധനവകുപ്പ് തുക അനുവദിച്ച് ഉത്തരവാകുന്നതുമാണ്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന അക്രെഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് തന്നെ മാറി നൽകുന്ന രീതി തുടരുന്നതുമാണ്. നിലവിലുള്ള രീതി കാലതാമസത്തിന് ഇടയാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്ക് ഇതിനായി ഹെഡ് ഓഫ് അക്കൗണ്ടും ധനവിനിയോഗത്തിന് അനുമതിയും നൽകുന്നത് പരിഗണനയിലില്ല.

## വൈപ്പിൻ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി

42 (1927) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ. ആസ്തി വികസന സ്കീമിലുൾപ്പെടുത്തി വൈപ്പിൻ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന്റെ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഡി.പി.ആർ.-ന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

25-3-2017-ലെ സ.ഉ.(സാധാ)നമ്പർ 557/2017/ഉ.വി.വ. പ്രകാരം വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് 2016-17-ൽ നിന്നും 200 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ഡി.പി.ആർ.- ന്റെ പകർപ്പ് അനുബന്ധമായി നൽകുന്നു.*

## പയ്യന്നൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ

43 (1928) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2016-17 സാമ്പത്തിക വർഷം പയ്യന്നൂർ മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതിയായ 19 പ്രവൃത്തികളുടെയും പ്രാദേശിക ഫണ്ട് മുഖേന നിർദ്ദേശിച്ച 9 പ്രവൃത്തികളുടെയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു. 2016-17 സാമ്പത്തികവർഷം പയ്യന്നൂർ മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതിയായ 19 പ്രവൃത്തികൾ നടപ്പിലാക്കുന്നത് എൽ.എസ്.ജി.ഡി., പി.ഡബ്ല്യൂ.ഡി., പൊതു വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളാണ്. 2016-17 സാമ്പത്തികവർഷം പയ്യന്നൂർ മണ്ഡലത്തിൽ സി. കൃഷ്ണൻ എം.എൽ.എ.-യുടെ പ്രാദേശിക വികസന നിധി പ്രകാരം 53 പ്രവൃത്തികൾക്ക് ബഹു. എം.എൽ.എ. ശുപാർശ ചെയ്തതിൽ 11 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിക്കുന്ന ഡയാലിസിസ് കേന്ദ്രത്തിന് ഫണ്ട് അഡ്വാൻസ്

44 (1929) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സ്ഥാപിക്കുന്ന ഡയാലിസിസ് കേന്ദ്രത്തിന് ഫണ്ട് അഡ്വാൻസ് ആയി നൽകുന്നതിന്റെ നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) ഡയാലിസിസ് കേന്ദ്രത്തിന്റെ നിർവ്വഹണ വിഭാഗമായ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർക്ക് ധനകാര്യ വിഭാഗത്തിൽ നിന്നും നേരിട്ടാണോ ഫണ്ട് നൽകുന്നത് എന്ന് വിശദീകരിക്കാൻ കഴിയുമോ;

(സി) ഫണ്ട് നൽകുന്നതിന് എത്ര കാലതാമസമുണ്ടാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആസ്തി വികസന നിധിയുടെ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം, സർക്കാർ അംഗീകൃത അക്രെഡിറ്റഡ് ഏജൻസികൾ മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചെലവുകൾ '5475-00-800-91' എന്ന ശീർഷകത്തിൽ നിന്നുമാണ് വഹിക്കേണ്ടത്. പ്രവൃത്തികളുടെ ഗുണഭോക്തൃ വകുപ്പുകൾ പ്രവൃത്തി വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ശീർഷകങ്ങളുടെ നിയന്ത്രണാധികാരി ബില്ലുകൾ മാറി നൽകുന്നതായിരിക്കും. അക്രെഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ മേൽനോട്ടം ഗുണഭോക്തൃ വകുപ്പ് തന്നെ നടത്തേണ്ടതും അവർ സമർപ്പിക്കുന്ന ബില്ലുകൾ ആ വകുപ്പിൽ പരിശോധിച്ച് അനുബന്ധ രേഖകളോടെ ശിപാർശയോടു കൂടി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയയ്ക്കേണ്ടതും ധനവകുപ്പ് തുക അനുവദിച്ച് ഉത്തരവാകുന്നതുമാണ്.

(ബി&സി) ഡയാലിസിസ് കേന്ദ്രത്തിന്റെ നിർവ്വഹണ വിഭാഗമായി തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെങ്കിൽ സ.ഉ. (പി)നമ്പർ 213/2015/ധന. തീയതി 5-6-2015 പ്രകാരം ധനകാര്യ വകുപ്പിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഫണ്ട് നൽകുന്നതാണ്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡയാലിസിസ് മെഷീൻ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിച്ചതിന് ശേഷം പ്രവർത്തന പുരോഗതി വിലയിരുത്തി ജില്ലാ മെഡിക്കൽ ഓഫീസർ ശിപാർശ ചെയ്യുന്ന ബില്ലുകൾ ഭരണവകുപ്പിൽ നിന്നും ധനകാര്യ വകുപ്പിൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് റിലീസ് ചെയ്ത് നൽകുന്നതാണ്.

## മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗം

45 (1930) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറിയുടെ കെട്ടിടങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഈ തടസ്സം നീക്കി മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും വായനശാലകൾക്ക് കെട്ടിടം നിർമ്മിക്കുവാൻ തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സർക്കാർ ഉടമസ്ഥതയിൽ മൂലധനസ്വഭാവമുള്ള, ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ നിർമ്മാണമാണ് ആസ്തി വികസന പദ്ധതി വിഭാവനം ചെയ്യുന്നത്. പഞ്ചായത്ത് ലൈബ്രറികൾക്ക് ആസ്തി വികസന ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നല്കി വരുന്നുണ്ട്. എന്നാൽ സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പല ലൈബ്രറികളുടെയും ഉടമസ്ഥാവകാശം അവ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കാണ്. അത്തരം ലൈബ്രറികളുടെ കെട്ടിട നിർമ്മാണത്തിന് ആസ്തി വികസന പദ്ധതിയിൽ നിന്നും ധനസഹായം അനുവദനീയമല്ല. ആയതിലേക്കായി മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നത് നിലവിൽ പരിഗണനയിലില്ല.

## സാമാജികരുടെ പ്രാദേശിക/ആസ്തി വികസന ഫണ്ട്

46 (1931) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമസഭാ സാമാജികരുടെ പ്രാദേശിക/ആസ്തി വികസന ഫണ്ടിന്റെ ഭാഗമായി 2017-18-ൽ ജില്ലാ ഭരണകൂടങ്ങൾക്ക് നൽകിയ പദ്ധതികളുടെ ഭരണാനുമതി നിശ്ചിത സമയത്തിനുള്ളിൽ തന്നെ നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) പ്രാദേശിക/ആസ്തി വികസന ഫണ്ടിന്റെ ഭാഗമായി നൽകുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുമ്പോൾ ഉത്തരവിന്റെ പകർപ്പ് ഇ മെയിൽ മുഖേന ഉടൻ തന്നെ നൽകുവാനുള്ള നിർദ്ദേശം ജില്ലാ ഭരണകൂടത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയ്ക്കായുള്ള പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 29-12-2017-ലെ സ.ഉ.(അ)നമ്പർ 161/2017/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 3.2.2 പ്രകാരം എം.എൽ.എ. -മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് ലഭ്യമാക്കി 30 ദിവസത്തിനുള്ളിൽ തന്നെ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആസ്തി വികസന പദ്ധതിയിൻ കീഴിൽ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി 4-7-2017-ലെ സ.ഉ.(അ)നമ്പർ 86/2017/ധന പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഈ ഉത്തരവിന് സ.ഉ.(അ)നമ്പർ153/2017/ധന തീയതി 1-12-2017 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് ഡി.പി.ആർ സഹിതം ലഭിക്കുന്ന ശുപാർശകൾക്ക് വിശദമായ പരിശോധനയ്ക്ക് ശേഷം 30 ദിവസത്തിനുള്ളിൽ തന്നെ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണെന്നും വ്യക്തമാ ക്കിയിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

## പയ്യന്നൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ

47 (1932) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2017-18 വർഷത്തെ പയ്യന്നൂർ മണ്ഡലത്തിലെ എം.എൽ.എ. ആസ്തിവികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവയിൽ നിർദ്ദേശിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

2017-18 സാമ്പത്തിക വർഷത്തെ പയ്യന്നൂർ മണ്ഡലത്തിലെ എം.എൽ.എ ആസ്തിവികസന ഫണ്ടിൽ നിർദ്ദേശിച്ച 13 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 5 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രവൃത്തികൾ സംബന്ധിച്ച വിവരം അനുബന്ധത്തിൽ കാണാവുന്നതാണ്.* 2017-18 സാമ്പത്തിക വർഷം പയ്യന്നൂർ മണ്ഡലത്തിൽ ശ്രീ. കൃഷ്ണൻ എം.എൽ.എ.-യുടെ പ്രാദേശിക വികസന നിധി പ്രകാരം ബഹു. എം.എൽ.എ. ശിപാർശ ചെയ്തതിൽ 19 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല.

**ദേശസാൽകൃത ബാങ്കുകൾ ഈടാക്കുന്ന രഹസ്യ ചാർജ്ജുകൾ**

48 (1933) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശസാൽകൃത ബാങ്കുകൾ ഇടപാടുകാരിൽ നിന്ന് രഹസ്യ ചാർജ്ജുകൾ ഈടാക്കുന്ന കാര്യം ധനവകുപ്പിന്റെ ശ്രദ്ധയിയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടപാടുകാർ അറിയാതെ അവരുടെ നിക്ഷേപങ്ങളിൽ നിന്നും ഫീസുകളായി തുക പിൻവലിക്കുന്ന കാര്യം ബാങ്കുകളുമായി ചർച്ച ചെയ്ത് പരിഹരിക്കുമോ ;

(സി) സംസ്ഥാനത്ത് ഇത്തരത്തിൽ നിക്ഷേപകരിൽ നിന്നും ഇടപാടുകാരിൽ നിന്നും പിൻവലിച്ചത് എത്ര തുക എന്ന് ധനവകുപ്പിന് വിവരം ലഭിച്ചിട്ടുണ്ടോ ;

(ഡി) അമിതമായും അനുവാദമില്ലാതെയും പിൻവലിച്ച തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി - ഡി) പൊതുമേഖലാ ബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് റിസർവ് ബാങ്കും, ഭാരത സർക്കാരുമാണ്. അതുകൊണ്ട് ബാങ്കുകൾ അവരുടെ സേവനങ്ങൾക്ക് ഏകപക്ഷീയമായി ഏർപ്പെടുത്തുന്ന അമിതമായ ഫീസും പിഴയും ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത്തരം ഫീസുകളിലും ചാർജ്ജുകളിലും വരുത്തിയ വർദ്ധനവ് പിൻവലിക്കാനുള്ള നിർദ്ദേശം നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നിക്ഷേപകരിൽ നിന്നും ഇടപാടുകാരിൽ നിന്നും പിൻവലിച്ച തുകയുടെ കണക്ക് ധനവകുപ്പിന് ലഭിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ജി. എസ്. ടി. വാണിജ്യനികുതി വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കരണങ്ങൾ

49 (1934) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയശേഷം വാണിജ്യനികുതി വകുപ്പിൽ എന്തെല്ലാം പരിഷ്കരണങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം വകുപ്പിൽ അധികമുള്ള തസ്തികകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; അധികമുള്ള തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനോ മറ്റ് വകുപ്പുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനോ ആലോ ചനയുണ്ടോ;

(സി) ജി.എസ്.ടി. നിലവിൽ വന്നതു കാരണം വകുപ്പിൽ ഇന്റലിജൻസ് വിംഗിന്റെ ജോലിഭാരത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ ഈ വിംഗിന്റെ ജോലി സ്വഭാവത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്;

(ഡി) നികുതി വെട്ടിപ്പ് കണ്ടെത്തുന്നതുമായി ബന്ധപ്പെട്ടോ മറ്റ് രഹസ്യ സ്വഭാവമുള്ളതോ ആയ എത്ര പരിശോധനകൾ ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം ഇന്റലിജൻസ് വിംഗ് നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലവിൽ വാണിജ്യ നികുതി വകുപ്പിൽ ചെക്ക് പോസ്റ്റുകൾ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാന അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വാഹന പരിശോധന ശക്തമാക്കുന്നതിനായി കൂടുതൽ സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്. ഈ ചെക്ക് പോസ്റ്റുകളിലെ അനുവദിക്കപ്പെട്ടിരുന്ന തസ്തികകൾ പൂർണ്ണമായും വകുപ്പിന്റെ തന്നെ വിവിധ ജില്ലാ ഓഫീസുകളിലേയ്ക്ക് പുനർ വിന്യസിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരെ ഇന്റലിജൻസ് സ്ക്വാഡുകളിലേയ്ക്കും പഴയ വാറ്റ് അസസ്സ്മെന്റ് ഫയലുകൾ തീർപ്പാക്കുന്നതിലേയ്ക്കും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ചെക്ക്പോസ്റ്റുകളിൽ അനുവദിക്കപ്പെട്ടിരുന്ന തസ്തികകൾ പൂർണ്ണമായും വകുപ്പിന്റെ തന്നെ വിവിധ ജില്ലാ ഓഫീസുകളിലേയ്ക്ക് പുനർ വിന്യസിച്ചിട്ടുണ്ട്. തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനോ മറ്റ് വകുപ്പുകളിലേയ്ക്ക് പുനർ വിന്യസിക്കുന്നതിനോ ആലോചനയുണ്ടായിട്ടില്ല.

(സി) ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതും ജി.എസ്.ടി. നിയമ പ്രകാരം ചെക്ക് പോസ്റ്റുകൾക്ക് നിയമപരമായ സാധുത ഇല്ലാത്തതിനാൽ ചെക്ക് പോസ്റ്റുകൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതും

ഇതിനെ തുടർന്ന് നിലവിൽ വരുമെന്ന് പറഞ്ഞിരുന്ന ഇ-വേ ബിൽ നിലവിൽ വരാത്തതിനാലും വകുപ്പിന്റെ ഇന്റലിജൻസ് വിംഗിന്റെ ജോലിഭാരത്തിൽ കുറവുണ്ടായിട്ടില്ല. ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതു കൊണ്ട് മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന സാധനങ്ങളുടെ പരിശോധന കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. സംസ്ഥാന അതിർത്തി മേഖലകളിൽ നികുതി വെട്ടിച്ച് ചരക്ക് നീക്കം തടയുന്നതിനായി കർശന നിരീക്ഷണത്തിനും പരിശോധനയ്ക്കുമായി കൂടുതൽ ഇന്റലിജൻസ് സ്ക്വാഡുകളെ 24 മണിക്കൂറും നിരീക്ഷണത്തിനായി നിയോഗിച്ചിട്ടുണ്ട്. കൂടാതെ ജി.എസ്.ടി പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞിട്ടില്ലാത്തതും ജി.എസ്.ടി റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെടാത്തതുകൊണ്ടും പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ട സാഹചര്യം നിലവിലുണ്ട്. ഹോട്ടലുകളിൽ നിന്ന് തുടർച്ചയായി ബില്ലുകൾ ശേഖരിക്കുകയും പരിശോധിക്കുകയും ചെയ്തുവരുന്നു. നികുതി വെട്ടിപ്പ് തടയുന്നതിനായി റയിൽവേ സ്റ്റേഷനുകൾ, പാഴ്സൽ ഓഫീസുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തിവരുന്നു. പുതിയ സേവന മേഖലകളിൽ ഉൾപ്പെടെ പരിശോധന നടത്തി ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമായ കേസുകളിൽ രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ജി.എസ്.ടി.യിൽ സർവ്വീസ് മേഖല കൂടി വരുന്നതിനാൽ ആയതുമായി ബന്ധപ്പെട്ട നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അന്വേഷണങ്ങളും തുടർ നടപടികളും പുതിയതായി നടത്തേണ്ടതുണ്ട്. മൈഗ്രേഷൻ ട്രാൻ-1, 3-ബി എന്നിവയുടെ ലിസ്റ്റുകൾ ലഭ്യമാക്കി ആവശ്യമായ അന്വേഷണങ്ങൾ നടത്തി റിപ്പോർട്ട് ചെയ്യുന്നുണ്ട്. ജി.എസ്.ടി.-യിൽ രജിസ്ട്രേഷൻ പുതിയതായി എടുത്തവരുടെയും വാറ്റിൽ രജിസ്ട്രേഷൻ ഉണ്ടായിരുന്നിട്ടും ജി.എസ്.ടി.യി.-ലേയ്ക്ക് മൈഗ്രേറ്റ് ചെയ്യാത്തവരുടെയും വിവരങ്ങൾ ഇന്റലിജൻസ് വിഭാഗം പരിശോധിക്കുന്നുണ്ട്. കൂടാതെ വാറ്റ് കാലഘട്ടത്തെ പരിശോധനാ ഫയലുകൾ (സി.ആർ/ഒ.ആർ.) സമയബന്ധിതമായി തീർപ്പാക്കി കൊണ്ടിരുന്നു. ആയതിനാൽ ഇന്റലിജൻസ് വിഭാഗത്തിന്റെ ജോലിഭാരം സംബന്ധിച്ച് വിശകലനം ചെയ്യേണ്ട സമയമായിട്ടില്ല എന്ന് കണക്കാക്കുന്നു.

(ഡി)

| കട പരിശോധന (എണ്ണം) | ബിൽ റിക്കവറി (എണ്ണം) | ടെസ്റ്റ് പർച്ചേസ് കേസുകൾ രഹസ്യ സ്വഭാവമുള്ളത് ഉൾപ്പെടെ (എണ്ണം) | റൂൾ വയലേഷൻ കോഡുകൾ (എണ്ണം) | ഹോട്ടൽ പരിശോധനാ ബിൽ കളക്ഷൻ (എണ്ണം) | വാഹന പരിശോധന (എണ്ണം) |
|---|---|---|---|---|---|
| 24 | 76767 | 3001 | 1596 | 29834 | 102099 |

## പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലം നിർമ്മാണം

50 (1935) ശ്രീ. എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നബാർഡ് ധനസഹായത്തോടെ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് തുക അനുവദിച്ചു കിട്ടുന്നതിനായുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ, എങ്കിൽ ഇതിൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ?

ഉത്തരം

നബാർഡ് ധനസഹായത്തോടെ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് തുക അനുവദിച്ചു കിട്ടുന്നതിനായുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. ഭരണ വകുപ്പിന്റെ നിർമ്മാണ തീരുമാനത്തിനനുസൃതമായി പുതുക്കിയ സാങ്കേതികാനുമതി നല്കിയ ശേഷം പുതിയതായി ടെൻഡർ വിളിക്കുവാനോ പഴയ കരാറുകാരൻ നിർദ്ദേശിച്ച നിരക്കിൽ കരാറുറപ്പിക്കുവാനോ സി.റ്റി.ഇ നിർദ്ദേശിച്ചിരിക്കുന്നു. സി.റ്റി.ഇ-യുടെ നിർദ്ദേശപ്രകാരം തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

## ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം

51 (T*1936) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കഴിഞ്ഞ വർഷം പ്രഖ്യാപിച്ച ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കാലതാമസം വന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇ.ഒ.ഐ. (expression on interest) തയ്യാറാക്കിയതിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ.(അച്ചടി) നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ ഘട്ടത്തിലുള്ള ചർച്ചകൾ, പഠനം എന്നിവയ്ക്ക് ശേഷം ഹെൽത്ത് ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും താല്പര്യപത്രം ക്ഷണിക്കുകയും ചെയ്തു. തുടർന്ന് ടെൻഡർ ക്ഷണിക്കുന്നതിന് വേണ്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയായി കരാർ ഒപ്പിടുന്ന മുറയ്ക്ക് പദ്ധതി നിലവിൽ വരുന്നതായിരിക്കും.

(സി) പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

**ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി**

52 (T*1937) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവനക്കാർക്കും പെൻഷൻകാർക്കുമായി സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; ഇതിൽ ഔട്ട് പേഷ്യന്റ് ചികിത്സയ്ക്കുള്ള ക്ലെയിം അനുവദനീയമാണോ;

(ബി) സർവ്വീസ് പെൻഷണർമാർ അല്ലാത്തതും മറ്റു സർക്കാർ സ്ഥാപനങ്ങളിലോ അനുബന്ധസ്ഥാപനങ്ങളിലോ ജോലി നോക്കുന്നവരുമല്ലാത്തതുമായ മാതാപിതാക്കളുടെ ചികിത്സയ്ക്കും ഈ പദ്ധതി പ്രകാരം ക്ലെയിം ലഭിക്കുമോ;

(സി) നിലവിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ചട്ടങ്ങളിൽ ജീവനക്കാരനെ മാത്രം ആശ്രയിച്ച് കഴിയുന്ന മാതാപിതാക്കളുടെ ചികിത്സയ്ക്ക് റീഇംബേഴ്സ്മെന്റ് ലഭിക്കുമെന്നിരിക്കെ ഈ ആനുകൂല്യം പുതുതായി കൊണ്ടുവരുന്ന പദ്ധതിയിൽ നിഷേധിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ.(അച്ചടി) നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ ഘട്ടത്തിലെ ചർച്ചകൾ, പഠനം എന്നിവയ്ക്ക് ശേഷം ഹെൽത്ത് ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ക്ഷണിക്കുന്നതിന് വേണ്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഔട്ട് പേഷ്യന്റ് ചികിത്സയ്ക്കുള്ള ക്ലെയിം സംബന്ധിച്ച് വ്യക്തത കൈവരികയുള്ളൂ.

(സി) തീരുമാനം കൈക്കൊണ്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## പത്താം ശമ്പള പരിഷ്കരണ അനോമലി കമ്മിറ്റി

53 (1938) ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ശമ്പള പരിഷ്ക്കരണം സംബന്ധിച്ച റിപ്പോർട്ട് നടപ്പിലാക്കിയതിന് ശേഷം അനോമലി കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിയിട്ടുണ്ടോ;

(ബി) ശമ്പള പരിഷ്ക്കരണം സംബന്ധിച്ച എല്ലാ പരാതികളും ഇനി സർക്കാരിന് സമർപ്പിക്കേണ്ടതായെന്നും അടുത്ത ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിച്ചാൽ മതിയെന്നുമുള്ള തീരുമാനം എടുത്തിട്ടുണ്ടോ; അതിനുള്ള കാരണമെന്താണ്; വിശദമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് പിൻവലിക്കുന്നതിനും അനോമലി കമ്മിറ്റി പുനഃസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിന് വേണ്ടി 17-2-2016-ലെ സ.ഉ.(കൈ)നമ്പർ81/2016/ധന. നമ്പർ ഉത്തരവ് പ്രകാരം അനോമലി റെക്ടിഫിക്കേഷൻ സെൽ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു.

(ബി) ഉണ്ട്. സാമ്പത്തിക അച്ചടക്കം പാലിച്ച് പദ്ധതിയേതര ചെലവ് നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായാണ് ശമ്പള പരിഷ്കരണം സംബന്ധിച്ച എല്ലാ പരാതികളും അടുത്ത ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിച്ചാൽ മതിയെന്ന് 19-1-2018-ലെ 07/2018/ധന. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ചെക്ക്പോസ്റ്റുകളിലെ കാഷ്വൽ സ്വീപ്പർമാർ

54 (1939) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയ സ്ഥലങ്ങളിൽ എത്രപേർ കാഷ്വൽ സ്വീപ്പർ ജോലി ചെയ്തിരുന്നു; അതിൽ എത്ര പേർ നെയ്യാറ്റിൻകര താലൂക്കിലെ ചെക്കുപോസ്റ്റുകളിൽ ജോലി ചെയ്തു എന്ന് വിശദീകരിക്കാമോ;

(ബി) ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയപ്പോൾ കാഷ്വൽ സ്വീപ്പർ ആയി ജോലി നോക്കിയവരെ പിരിച്ച് വിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പിരിച്ചു വിട്ടവരെ മറ്റ് സ്ഥലങ്ങളിൽ നിയമിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ചെക്കുപോസ്റ്റുകളിൽ ക്വാഷ്വൽ സ്വീപ്പർ ആയി എത്ര പേർ ആണ് ജോലി ചെയ്തിരുന്നത് ; അതിൽ എത്ര പേർ നിലവിൽ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ചെക്ക്പോസ്റ്റുകളിൽ 24 പേർ കാഷ്വൽ സ്വീപ്പർമാരായി സേവനം അനുഷ്ഠിച്ചിരുന്നു. നെയ്യാറ്റിൻകര താലൂക്കിൽ 12 പേർ കാഷ്വൽ സ്വീപ്പർമാരായി സേവനം അനുഷ്ഠിച്ചിരുന്നു.

(ബി) ഉണ്ട്.

(സി) കാഷ്വൽ സ്വീപ്പർമാർ വകുപ്പിന്റെ സ്ഥിരം ജീവനക്കാരനല്ല എന്നതിനാൽ മറ്റ് ജീവനക്കാരെ പുനർവിന്യസിക്കുന്നതുപോലെ ടി ജീവനക്കാരെ മറ്റ് ഓഫീസുകളിലേക്ക് പുനർവിന്യസിക്കാൻ സാധ്യമല്ല എന്നിരുന്നാലും, വകുപ്പിൽ ഭാവിയിൽ കാഷ്വൽ സ്വീപ്പർമാരുടെ ആവശ്യമുണ്ടാകുന്ന പക്ഷം ചെക്ക്പോസ്റ്റുകളിൽ നിന്നും വിടുതൽ ചെയ്ത ജീവനക്കാരെ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി പരിഗണിക്കുന്നതിന് സംസ്ഥാന നികുതി കമ്മീഷണർക്ക്/എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ചെക്ക്പോസ്റ്റുകളിൽ 24 പേർ കാഷ്വൽ സ്വീപ്പർമാരായി സേവനം അനുഷ്ഠിച്ചിരുന്നു. സംസ്ഥാനത്ത് ചരക്ക് സേവന നികുതി നടപ്പിലാക്കിയ സാഹചര്യത്തിൽ ആരും തന്നെ നിലവിൽ ജോലി ചെയ്യുന്നില്ല.

**സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസ്**

55 (1940) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ 2017-2018-ലെ മുൻഗണനാപ്പട്ടികയിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട്; ഇനി എത്ര പേർക്ക് തുക അനുവദിക്കാനുണ്ട്.

(ബി) ഇതിനായി 2017-2018 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ എത്ര തുക അനുവദിച്ചു; ബാക്കി എത്ര എന്നറിയിക്കുമോ;

(സി) 2017-18 വർഷത്തെ ബജറ്റിൽ ഇതിനായി അനുവദിച്ച തുക മുഴുവനായും വിനിയോഗിച്ചോ; കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) എച്ച്.ബി.എ. സർക്കാർ നൽകുന്നത് നിർത്തലാക്കി ബാങ്കുകളെ ഏൽപ്പിക്കാനുള്ള തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ നൽകുകയാണെങ്കിൽ സർക്കാരിനുണ്ടാകുന്ന അധിക ബാദ്ധ്യത എത്ര കോടി രൂപയെന്ന് കണക്കാക്കി യിട്ടുണ്ടോ;

(ഇ) 2018-2019 വർഷത്തെ ബജറ്റിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസിനായി എത്ര കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത് എന്നറിയിക്കുമോ; ഈ തുക മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അനുവദിക്കാൻ പര്യാപ്തമാണോ; ഇല്ലെങ്കിൽ ബാക്കി തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ 2017-18-ലെ സംസ്ഥാനതല സംയോജിത മുൻഗണനാപ്പട്ടികയിൽ ആകെ 2889 അപേക്ഷകൾ ആണുള്ളത്. അതിൽ ഒന്നാം ഘട്ടത്തിൽ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുവാനായി തുക വിവിധ വകുപ്പുകളിലേയ്ക്ക് അലോട്ട് ചെയ്തു കഴിഞ്ഞു. ഇനി 2545 അപേക്ഷകളാണ് പട്ടികയിൽ അവശേഷിക്കുന്നത്.

(ബി) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പക്കായി 231 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അതിൽ 50 കോടി രൂപ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുവാനായി വിവിധ വകുപ്പുകളിലേയ്ക്ക് അലോട്ട് ചെയ്തു കഴിഞ്ഞു. ഇനി ബജറ്റിൽ അവശേഷിക്കുന്നത് 181 കോടി രൂപയാണ്.

(സി & ഡി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പയ്ക്കുള്ള സംയോജിത മുൻഗണനാലിസ്റ്റിലുള്ളവർക്ക് നിലവിലുള്ള ചട്ടപ്രകാരം താമസിയാതെ HBA അനുവദിക്കുന്നതാണ്. തുടർന്ന് എല്ലാ വശങ്ങളും പരിഗണിച്ച് പുതിയ ഭവന നിർമ്മാണ വായ്പാ അപേക്ഷകൾ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഇ) 2018-19 വർഷത്തെ ബജറ്റിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസിനായി 145 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. 2018-19 വർഷത്തെ സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പാ മുൻഗണനപ്പട്ടിക നിലവിൽ വന്നിട്ടില്ല. ആയതിനാൽ, 2018-19-ൽ എത്ര സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ആകെ എത്ര തുക ഭവന നിർമ്മാണ വായ്പയായി നൽകേണ്ടിവരും എന്ന വിവരം ഇപ്പോൾ അറിയില്ല.

## സ്പാർക്ക് ഡേറ്റാ ബെയ്സിൽ നിന്നും വിവരങ്ങൾ ചോർത്തപ്പെട്ട സംഭവം

56 (1941) ശ്രീ. കെ. എൻ. എ ഖാദർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പളത്തിന്റെയും മറ്റു ക്ലെയിമുകളുടെയും ബിൽ തയ്യാറാക്കാൻ ഉപയോഗിക്കപ്പെടുന്ന സ്പാർക് സോഫ്റ്റ്‌വെയറിന്റെ ഡേറ്റ ബേസിൽ നിന്നും വിവരങ്ങൾ ചോർത്തപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംഭവിക്കാനിടയായ സാഹചര്യം വിശദമാക്കുമോ ;

(ബി) ജീവനക്കാരുടെ ക്ലെയിമുകൾ സ്പാർക് സിസ്റ്റത്തിൽ രേഖപ്പെടുത്താൻ അധികാരപ്പെടുത്തിയിട്ടുള്ള ഡി.ഡി.ഒ.-മാരിൽ ചിലർ ഇതിന് സ്വകാര്യ ഏജൻസികളെ ഏർപ്പെടുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ സർക്കാർ ഓഫീസിലെയും ജീവനക്കാരുടെ ഔദ്യോഗികവും വ്യക്തിപരവുമായ വിവരങ്ങൾ അതാതു ഓഫീസിൽ സ്പാർക്ക് കൈകാര്യം ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് മാത്രമേ കാണുവാൻ കഴിയുകയുള്ളൂ. ഇത്തരം വിവരങ്ങൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടുന്നതും സംരക്ഷിക്കേണ്ടതും ഈ ഉദ്യോഗസ്ഥരുടെ ചുമതലയാണ്. സർക്കാർ ജീവനക്കാരുടെ ഔദ്യോഗികവും വ്യക്തിപരവുമായ വിവരങ്ങൾ സ്പാർക്കിൽ നിന്നും നേരിട്ട് ചോരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതാതു ഓഫീസിലെ മേലധികാരികൾ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഫോറത്തിന്റെ അടിസ്ഥാനത്തിൽ ഡി.ഡി.ഒ.-മാർക്കും അവർ ചുമതലപ്പെടുത്തുന്ന ചുരുക്കം ചില ഉദ്യോഗസ്ഥർക്കും മാത്രമാണ് സ്പാർക്കിൽ നിന്നും യൂസർ കോഡ്, പാസ്സ്‌വേർഡ് എന്നിവ നൽകി വരുന്നത്. ആദ്യം നൽകുന്ന പാസ്സ്‌വേർഡ് തുടക്കത്തിൽ തന്നെ ഉദ്യോഗസ്ഥർ മാറ്റിയാൽ മാത്രമേ സോഫ്റ്റ്‌വെയർ ഉപയോഗിക്കുവാൻ കഴിയുകയുള്ളൂ. തുടർന്നുള്ള ഓരോ 60 ദിവസത്തിലൊരിക്കൽ ഇത് പുനഃക്രമീകരിക്കുകയും വേണം. കാലാകാലങ്ങളായി നടത്തിവരുന്ന സുരക്ഷാ പുനരവലോകനത്തിന്റെ ഭാഗമായി പാസ്സ് വേർഡ് പുന:ക്രമീകരിക്കുന്നതിനുള്ള സമയക്രമം 60 ദിവസത്തിൽ നിന്നും 30 ദിവസമാക്കി കുറയ്ക്കുന്നതിനും ആധാർ അധിഷ്ഠിതമായി പാസ്സ് വേർഡ് പുനഃക്രമീകരിക്കുന്നതിനുള്ള സംവിധാനം സ്പാർക്കിൽ നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ പരിഗണനയിലാണ്. ഡി.ഡി.ഒ.-മാരും വകുപ്പ് തലവന്മാരും ഇത്തരം സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച് ആവർത്തിച്ച് മുന്നറിയിപ്പുകൾ നല്കുന്നുണ്ട്.

**പങ്കാളിത്ത പെൻഷൻ**

57 (1942) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പങ്കാളിത്ത പെൻഷൻ ഇനത്തിൽ 2014 മുതൽ എത്ര രൂപ ജീവനക്കാരിൽ നിന്ന് സമാഹരിച്ചിട്ടുണ്ട്; ഈ തുക Fund Manager-മാർ നിർദ്ദേശിക്കുന്ന തരത്തിലാണോ നിക്ഷേപിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) ഈ തുക സംസ്ഥാനത്തെ ട്രഷറികളിൽ നിക്ഷേപിക്കുന്നതിന് നിയമ തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) സംസ്ഥാനത്ത് സ്റ്റാറ്റ്യൂട്ടറി പെൻഷനിലും പങ്കാളിത്ത പെൻഷനിലുമായി നിലവിൽ എത്ര ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട് ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2018 ജനുവരി 31 വരെ ജീവനക്കാരുടെ വിഹിതവും (390.36) കോടി രൂപാ സർക്കാർ വിഹിതവും (390.36) കോടി രൂപാ കൂടിച്ചേർത്ത് ആകെ 780.72 കോടി രൂപ ദേശീയ പെൻഷൻ പദ്ധതിയിൽ നിക്ഷേപിച്ചിട്ടുണ്ട്. 6-2-2014-ലെ സർക്കുലർ നമ്പർ 07/14/ധന. ഖണ്ഡിക V അനുസരിച്ച് പി.എഫ്.ആർ.ഡി.എ.-യുടെ നിർദ്ദേശപ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന പെൻഷൻ ഫണ്ട് മാനേജർമാരായി നിയമിച്ചിട്ടുള്ള എസ്.ബി.ഐ പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. എന്നിവയിലാണ് നിക്ഷേപിക്കുന്നത്. ഈ നിക്ഷേപത്തിന്റെ 85% വരെ ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പിബോണ്ടുകൾ എന്നിവയിലും 15% വരെ കമ്പനി ഷെയറുകളിലും 5% വരെ മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകളിലും നിക്ഷേപിക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്.

(ബി) ഗവൺമെന്റ് ഓഫ് ഇന്ത്യ പരാമർശിച്ചിട്ടില്ലാത്ത മറ്റൊരു ഏജൻസിയിലും എൻ.പി.എസ്. വിഹിതം അടയ്ക്കുവാൻ നിലവിൽ വ്യവസ്ഥയില്ല. 1956-ലെ SCRA [Securities Contracts (Regulation) Act 1956] പ്രകാരം ട്രഷറിയിൽ സെക്യൂരിറ്റി ഫണ്ട് തുടങ്ങാനും വ്യവസ്ഥയില്ല. ആയതിനാൽ ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജരായി ട്രഷറിയെ ഉൾപ്പെടുത്താൻ നിലവിൽ സാധിക്കില്ല.

(സി) 2018 ജനുവരിയിലെ ശമ്പള ബിൽ പ്രകാരം 4,27,954 ജീവനക്കാർ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിലും നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ 2018 ജനുവരിയിലെ റിപ്പോർട്ട് പ്രകാരം 67,429 ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിലും ഉൾപ്പെട്ട് ജോലി ചെയ്തുവരുന്നുണ്ട്.

## പങ്കാളിത്ത പെൻഷൻ പദ്ധതി

58 (T*1943) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർ മരണപ്പെട്ടാൽ നിലവിൽ എന്ത് ആനുകൂല്യങ്ങളാണ് കുടുംബത്തിന് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എൻ.പി.എസ്.-ലേക്ക് അടച്ച സർക്കാർ വിഹിതം ഉൾപ്പെടെയുള്ള മുഴുവൻ തുകയും മരണപ്പെട്ട ജീവനക്കാരുടെ കുടുംബത്തിന് ലഭ്യമാക്കുന്നുണ്ടോ;

(സി) മരണപ്പെട്ട ജീവനക്കാരന്റെ കുടുംബത്തിന് ഡി.സി.ആർ.ജി. ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ & ബി) എൻ.എസ്.ഡി.എൽ.-ന്റെ നിർദ്ദേശ പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരൻ മരണപ്പെടുന്ന സമയത്ത് ടിയാളുടെ പെൻഷൻ അക്കൗണ്ടിൽ ആകെ സമാഹരിക്കപ്പെട്ടിരിക്കുന്ന തുക 2 ലക്ഷം രൂപയിൽ കുറവാണെങ്കിൽ അത് പൂർണ്ണമായും കുടുംബത്തിന് ലഭ്യമാക്കുന്നതാണ്. സമാഹരിക്കപ്പെട്ടിരിക്കുന്ന തുക 2 ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ ആയതിൽ 20% തുക ഒറ്റത്തവണയായി കുടുംബത്തിന് ലഭിക്കുന്നതാണ്. 80% തുക അന്വിറ്റി വിഹിതം ലഭിക്കുന്നതിനായി നിലനിർത്തേണ്ടതാണ്. ഈ തുകയിൽ നിന്നും പിന്നീട് പ്രതിമാസ അന്വിറ്റി ലഭിക്കുന്നതാണ്.

(സി) സർക്കാർ ഇക്കാര്യം പരിശോധിച്ചു വരികയാണ്.

## പങ്കാളിത്ത പെൻഷൻ പദ്ധതി

59 (1944) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-16 കാലയളവിൽ കേരളം ഭരിച്ചിരുന്ന സർക്കാർ പി.എഫ്.ആർ. ഡി.എ.- യുമായി എം.ഒ.യു. ഒപ്പുവച്ചതിന്റെ ഭാഗമായി നിലവിൽ വന്ന പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിന് സ്വമേധയാ പ്രസ്തുത എം.ഒ.യു. - ൽ നിന്ന് പുറത്ത് വരുവാൻ കഴിയുമോ ; ഇല്ലെങ്കിൽ അതുകൊണ്ടാണോ കേരളത്തിന് തനതായി സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുന:സ്ഥാപിക്കുവാൻ കഴിയാത്തത്; വിശദാംശം നൽകുമോ ;

---

* T മാറ്റി വെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പി.എഫ്.ആർ.ഡി.എ.-യുമായി കേരളം ഒപ്പിട്ട എം.ഒ.യു.-ന്റെ വിശദ വിവരങ്ങൾ നൽകുമോ ;

(സി) ഈ പ്രശ്നം എപ്രകാരം പരിഹരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പി.എഫ്.ആർ.ഡി.എ. ആക്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും നടപ്പാക്കിയതിനെത്തുടർന്നാണ് 1-4-2013 മുതൽ സംസ്ഥാനത്ത് സർക്കാരിന്റെ നയപരമായ തീരുമാന പ്രകാരം, പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചത്. പദ്ധതി നടപ്പാക്കിയതിനെത്തുടർന്ന് എൻ.എസ്.ഡി.എൽ., എൻ.പി.എസ്. ട്രസ്റ്റ് എന്നിവരുമായി സർക്കാർ കരാറിൽ ഒപ്പു വെച്ചിട്ടുണ്ട്. കരാറുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) എൻ.എസ്.ഡി.എൽ., എൻ.പി.എസ്. ട്രസ്റ്റ് എന്നിവരുമായി ഒപ്പു വച്ച കരാറുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സർക്കാർ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## സർക്കാർ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക വിമാനയാത്രാ മാനദണ്ഡങ്ങൾ

60 (1945) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക വിമാനയാത്രയ്ക്കുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഇപ്പോൾ നിലവിലുള്ള മാനദണ്ഡങ്ങളും അനുവദനീയമായ സൗകര്യങ്ങളും വ്യക്തമാക്കാമോ;

(ബി) വിമാനയാത്രയ്ക്ക് ടിക്കറ്റ് ചാർജ്ജുകൾ കൂടാതെ മറ്റെന്തെങ്കിലും ചാർജ്ജുകൾ കൂടി യാത്രാ ചെലവിനത്തിൽ മടക്കി നൽകാൻ ഉത്തരവായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ആനുകൂല്യം എൽ.ടി.സി. എടുക്കുന്ന ജീവനക്കാർക്കും ബാധകമാണോ എന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഇല്ല. 20-1-2016-ലെ സ.ഉ.(പി)നമ്പർ 7/2016/ധന. ഉത്തരവ് പ്രകാരം 55,350-1,01,400 എന്ന ശമ്പള സ്കെയിലിലും അതിനുമുകളിലുമുള്ള എല്ലാ ഉദ്യോഗസ്ഥരും വിമാന യാത്രയ്ക്ക് അർഹരാണ്. വിമാനയാത്രയ്ക്ക് അർഹതയുള്ള എല്ലാ ഉദ്യോഗസ്ഥർക്കും നിലവിൽ എക്കോണമി ക്ലാസ്സിൽ മാത്രമേ യാത്ര ചെയ്യാൻ അനുമതിയുള്ളൂ. എല്ലാ ഔദ്യോഗിക വിമാനയാത്രകൾക്കും സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

(ബി) യാത്രാ ചെലവുകൂടാതെ ട്രാവൽ ഏജന്റുമാർ വഴി ബുക്ക് ചെയ്യുമ്പോഴുള്ള സർവ്വീസ് ടാക്സും എഡ്യൂക്കേഷണൽ സെസ്സും, വിമാനത്താവളാധികൃതർ ഈടാക്കുന്ന യൂസർ ഡെവലപ്മെന്റ് ഫീയും മടക്കി നൽകുന്നതാണ്. എന്നാൽ ട്രാവൽ ഏജൻസികൾ ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് മടക്കിനൽകുന്നതല്ല. സ്വകാര്യ വിമാനക്കമ്പനികൾ ഉൾപ്പെടെയുള്ളവയുടെ വിമാനത്തിൽ യാത്ര ചെയ്യുന്ന മുതിർന്ന ഉദ്യോഗസ്ഥർക്ക് ടിക്കറ്റ് നിരക്ക് കൂടാതെ ഭക്ഷണ പാനീയങ്ങൾ, സീറ്റ് മുൻഗണന, അധിക ലഗ്ഗേജ് ചാർജ്ജ് എന്നിവക്കായി ചെലവഴിക്കുന്ന അധിക തുക കൂടി യാത്രാചെലവിൽ ഉൾപ്പെടുത്തി അനുവദിച്ചുനൽകുന്നുണ്ട്.

(സി) സർക്കാർ കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്ന ജീവനക്കാരുടെ ഔദ്യോഗിക വിമാനയാത്രാമാനദണ്ഡങ്ങൾ എൽ.ടി.സി. എടുക്കുന്ന ജീവനക്കാർക്കും ബാധകമാണ്.

**ബാലസാന്ത്വനം പദ്ധതി**

61 (1946) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർബുദ രോഗ ബാധിതരായ കുട്ടികളുടെ ചികിത്സാ സഹായ പദ്ധതിയായ ബാലസാന്ത്വനം പദ്ധതിയിലേക്ക് സംസ്ഥാന സർക്കാർ ജീവനക്കാരായ എത്ര പേർ എല്ലാ മാസവും സംഭാവന തുക നല്കുന്നുണ്ടെന്നും ആകെ ഫണ്ട് എത്ര രൂപയായെന്നും വ്യക്തമാക്കാമോ;

(ബി) ബാലസാന്ത്വനം പദ്ധതിയിലേക്ക് ഫണ്ട് സ്വരൂപിക്കുന്നതിന് ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ബാലസാന്ത്വനം പദ്ധതിയിലേക്ക് 6437 ജീവനക്കാർ എല്ലാ മാസവും സംഭാവന നൽകുന്നുണ്ട്. ആകെ 38,21,230 (മുപ്പത്തിയെട്ട് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി ഇരുന്നൂറ്റി മുപ്പത് രൂപ മാത്രം) രൂപയാണ് പ്രതിവർഷം സംഭാവ നയായി ലഭിച്ചിട്ടുള്ളത്.

(ബി) ബാലസാന്ത്വനം പദ്ധതിയിലേക്ക് ഫണ്ട് സ്വരൂപിക്കുന്നതിന് ആവശ്യമായ പ്രചരണ നടപടികൾ സ്വീകരിക്കുന്നതാണ്.

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

62 (1947) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതുമൂലം സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വാഹന ദുരുപയോഗം തടയുന്നതിനായി പരിശോധനകൾ കൂടുതൽ ഉത്തരവാദിത്വത്തോടുകൂടി നടത്തുവാൻ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ചോദ്യം പ്രസക്തമല്ല.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ്

63 (1948) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കാനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മാതാപിതാക്കളുടെ വാർഷിക വരുമാനം 8 ലക്ഷം വരെയുള്ളവരുടെ കുട്ടികൾ എടുത്ത വിദ്യാഭ്യാസ വായ്പ ഇ.എൽ.ആർ.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്നതിന് അവസാന തീയതിയായി നിശ്ചയിച്ചിരുന്നത് 31-10-2017 ആയിരുന്നു. തുടർന്ന് അവസാന തീയതി 31-12-2017 വരെയും 31-1-2018 വരെയുമായി രണ്ട് തവണ ദീർഘിപ്പിച്ച് നൽകിയിരുന്നു. അപേക്ഷ സമർപ്പിക്കുവാനുള്ള കാലാവധി വീണ്ടും ദീർഘിപ്പിച്ച് നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ആറു ലക്ഷം രൂപ വരെ രക്ഷാകർത്യ/കുടുംബ മൊത്ത വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. 40% അംഗവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഉയർന്ന വാർഷിക വരുമാന പരിധി ഒൻപത് ലക്ഷം രൂപയായിരിക്കും.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

64 (T*1949) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ആശ്വാസമായി, സർക്കാർ പ്രഖ്യാപിക്കുകയും തുക മാറ്റി വയ്ക്കുകയും ചെയ്ത വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉത്തരവും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സഹായ പദ്ധതിയിൽ ഉൾപ്പെടുന്നതിനായി വിദ്യാഭ്യാസ വായ്പ എടുത്തവർക്ക് കൃത്യമായ നിർദ്ദേശങ്ങളും, ഏതെല്ലാം വർഷങ്ങളിൽ ഏതെല്ലാം കോഴ്സുകൾക്കായി വായ്പ എടുത്തവർക്കാണ് ഈ പദ്ധതിയിൽ ഉൾപ്പെടുവാൻ കഴിയുക എന്നതു സംബന്ധിച്ച വിശദമായ അറിയിപ്പുകളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) 16-5-2017 തീയതിയിലെ സ.ഉ.(പി)നമ്പർ 65/2017/ധനം, 12-7-2017 തീയതിയിലെ സ.ഉ.(പി)നമ്പർ 89/2017/ധനം, 30-10-2017 തീയതിയിലെ സ.ഉ(പി) നമ്പർ 135/2017/ധനം, 30-12-2017 തീയതിയിലെ സ.ഉ(പി)നമ്പർ 163/2017/ധനം, 2-8-2017 തീയതിയിലെ സർക്കുലർ നമ്പർ 61/2017/ധനം, 20-11-2017 തീയതിയിലെ സർക്കുലർ നമ്പർ 81/2017/ധനം, എന്നീ ഉത്തരവുകൾ പ്രകാരം വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കിക്കൊണ്ടുള്ള ഉത്തരവും പദ്ധതി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവുകളിൽ വായ്പ എടുത്തവർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പദ്ധതി സംബന്ധിച്ച വിശദമായ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി

65 (1950) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി പ്രകാരം ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ; ലഭിച്ച അപേക്ഷകളുടെ നിലവിലുള്ള അവസ്ഥ എന്തെന്നും ബാങ്കുകൾ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പാൻകാർഡ് ലഭ്യമല്ലാത്തതിനാൽ പദ്ധതിയിൽ അപേക്ഷിക്കാൻ കഴിയാത്തവർക്ക് അവസരം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഇവർക്ക് ഒരവസരംകൂടി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി 75409 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ ധനസഹായത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചുവരികയാണ്. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ബാങ്കുകൾ തിരിച്ചുള്ള അപേക്ഷകളുടെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) പാൻകാർഡ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയ്ക്ക് കീഴിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-12-2017 വരെയും തുടർന്ന് 31-1-2018 വരെയും രണ്ട് തവണ ദീർഘിപ്പിച്ച് നൽകിയിരുന്നു. വീണ്ടും തീയതി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല.

## എ.ഡി.എസ്. പദ്ധതിയിൽ തദ്ദേശസ്വയംഭരണ വകുപ്പിന് അനുവദിച്ച തുക

66 (1951) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.എ.സി.-എ.ഡി.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പുമുഖേന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾക്കായി ഈ സാമ്പത്തിക വർഷം എൽ.എസ്.ജി.ഡി. യ്ക്ക് എത്ര തുക അനുവദിക്കുകയുണ്ടായി;

(ബി) ഈ തുക തികയാതെ വന്നതിനാൽ കൂടുതൽ തുക അനുവദിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; ആവശ്യപ്പെട്ട തുക അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തിൽ 'Demand 35 പഞ്ചായത്ത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ അനുമതി നൽകിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾക്കായി 4515-00-800-96-Projects under LAC ADS (NP) എന്ന ശീർഷകത്തിൽ 200 കോടി രൂപ വകയിരുത്തിയിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി&സി) പ്രസ്തുത തുക തികയാതെ വന്നതിനാൽ കൂടുതൽ തുക അനുവദിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷത്തെ അവസാനത്തെ ഉപധനാഭ്യർത്ഥനയും അവസാനിച്ച് കഴിഞ്ഞതിനാൽ അധികമായി വേണ്ടി വരുന്ന തുക ധന പുനഃക്രമീകരണത്തിലൂടെ കണ്ടെത്തി ആയതിനുള്ള ശുപാർശ സമർപ്പിക്കുവാനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളത്. അല്ലാത്ത പക്ഷം പ്രസ്തുത തുക 2018-19 സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## വിവിധ ബജറ്റുകളിൽ പാറശ്ശാല മണ്ഡലത്തിനായി വകയിരുത്തിയ പ്രവൃത്തികൾ

67 (1952) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-2012 സാമ്പത്തിക വർഷം മുതൽ 2015-2016 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ സംസ്ഥാന ബജറ്റുകളിൽ വിവിധ വകുപ്പുകളിൻ കീഴിൽ പാറശ്ശാല നിയോജക മണ്ഡലത്തിനായി വകയിരുത്തിയ വിവിധ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് തരം തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും സമയ ബന്ധിതമായി പൂർത്തിയാക്കാനാകാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിലെ ബജറ്റുകളിൽ പ്രഖ്യാപിച്ചിട്ടും ഇനിയും ആരംഭിക്കാനാകാത്ത പ്രവൃത്തികളുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്.

1. പാറശ്ശാല ഫയർ സ്റ്റേഷനായുള്ള പുതിയ കെട്ടിട നിർമ്മാണം-ഭൂമി ലഭ്യമല്ല
2. നെയ്യാറിനു കുറുകെ ചാമവിളപുറത്ത് ചെക്ക്ഡാമിന്റെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും-ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തലശ്ശേരി - ഇരിക്കൂർ റോഡ്

68 (1953) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19 വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി - ഇരിക്കൂർ റോഡിന് തുക വകയിരുത്തിയിട്ടുണ്ടോയെന്നും എങ്കിൽ അത് എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) തലശ്ശേരി - ഇരിക്കൂർ റോഡിന്റെ സമഗ്ര വികസനത്തിന് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ പ്രവൃത്തിയുടെ പുരോഗതിയും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19 വർഷത്തെ ബജറ്റിൽ തലശ്ശേരി-ഇരിക്കൂർ റോഡിന് തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ബി) തലശ്ശേരി-ഇരിക്കൂർ റോഡ് 0/000 മുതൽ 31/240 വരെ കി.മീ. ആണ്. അതിൽ 0/000 മുതൽ 3/300, 21/330 മുതൽ 30/200 എന്നീ കിലോമീറ്ററുകളിൽ മുൻ വർഷങ്ങളിൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. തലശ്ശേരി-ഇരിക്കൂർ റോഡിന്റെ സമഗ്രവികസനത്തിന് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് വകയിരുത്തിയ തുക

69 (1954) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തലശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെങ്കിലും സ്കൂളുകൾക്ക് 2018-19 ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തിരുവേഗപ്പുറ തടയണ നിർമ്മാണപ്രവർത്തനങ്ങൾ

70 (1955) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൂതപ്പുഴയ്ക്ക് കുറുകെ ബജറ്റ് നിർദ്ദേശത്തിൽ ഉൾപ്പെട്ടിട്ടുള്ള തിരുവേഗപ്പുറ തടയണയുടെ പ്രവർത്തനങ്ങൾ എവിടം വരെയായി എന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത തടയണയുടെ നിർമ്മാണത്തിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) തൂതപ്പുഴയ്ക്ക് കുറുകെ തിരുവേഗപ്പുറ പഞ്ചായത്തിലെ കാലടിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് താഴെ റെഗുലേറ്റർ നിർമ്മാണത്തിനായി പര്യവേക്ഷണം പൂർത്തിയാക്കി രൂപകൽപ്പന ലഭ്യമാക്കുന്നതിനായി ഐ.ഡി.ആർ.ബി.-ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി കിഫ്ബിയുടെ ധനസഹായത്തോടെ ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി വഴിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. രൂപകൽപന ലഭ്യമായ ശേഷം വിശദമായ ഡി.പി.ആർ തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഒന്നിൽക്കൂടുതൽ ക്ഷേമ പെൻഷൻ വാങ്ങുന്നത് ഒഴിവാക്കാൻ നടപടി

71 (1956) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്ഷേമപെൻഷൻ വാങ്ങുന്നവരുടെ എണ്ണം നിലവിൽ എത്രയാണ്;

(ബി) ക്ഷേമപെൻഷൻ നിലവിൽ എത്ര രൂപയാണ് നൽകി വരുന്നത്;

(സി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് എത്ര രൂപയായിരുന്നു;

(ഡി) തെറ്റായ വിവരങ്ങൾ നൽകി ഒന്നിൽ കൂടുതൽ ക്ഷേമപെൻഷൻ വാങ്ങുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടോ;

(ഇ) എങ്കിൽ ഇതിനകം എത്രപേരുടെ ഒന്നിൽകൂടുതൽ പെൻഷൻ ഒഴിവാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം 42.4 ലക്ഷം ആണ്. മറ്റ് ക്ഷേമ പെൻഷനുകളുടെ വിവരം ശേഖരിച്ച് വരുന്നു.

(ബി) നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷനും സർക്കാർ ധന സഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകളും പ്രതിമാസം 1100 രൂപ നിരക്കിലാണ് നൽകി വരുന്നത്. 75 വയസ്സ് കഴിഞ്ഞവർക്ക് വാർദ്ധക്യകാല പെൻഷനായി പ്രതിമാസം 1500 രൂപയും 80%-ഉം അതിൽ കൂടുതലും വൈകല്യമുള്ളവർക്ക് വികലാംഗ പെൻഷനായി പ്രതിമാസം 1300 രൂപയും നൽകിവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രതിമാസം 600 രൂപയായിരുന്നു. ക്ഷേമനിധി പെൻഷനുകൾക്ക് വ്യത്യസ്ത നിരക്കായിരുന്നു.

(ഡി) തെറ്റായ വിവരങ്ങൾ നൽകി അനർഹമായി ധാരാളം പേർ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നുവെന്ന് ധാരാളം പരാതികൾ സർക്കാരിൽ ലഭിക്കുകയും ഇത് സംബന്ധിച്ച് ഒരു സർവ്വേ നടത്താൻ തീരുമാനിക്കുകയും അതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരുകയും ചെയ്യുന്നു.

(ഇ) സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി വാങ്ങി വന്നിരുന്നവർക്ക് സ്വമേധയാ ടി പെൻഷൻ ഉപേക്ഷിക്കാൻ 2018 മാർച്ച് മാസം 31 വരെ സർക്കാർ സമയം അനുവദിച്ചിട്ടുണ്ട്. അതിന് ശേഷം അനധികൃതമായി പെൻഷൻ വാങ്ങുന്നു എന്ന് കണ്ടെത്തുന്നവരിൽ നിന്ന് അനർഹമായി വാങ്ങിയ തുക തിരിച്ച് പിടിക്കുന്ന തടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കാരുണ്യ ബെനവലെന്റ് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ള സ്വകാര്യ ആശുപത്രികൾ

72 (1957) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലെന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക് പാവപ്പെട്ടവർക്ക് ചികിത്സ നൽകിയ ഇനത്തിൽ നിലവിൽ എന്ത് കുടിശ്ശികയുണ്ട്;

(ബി) കാരുണ്യ ലോട്ടറിയിൽ നിന്നും 2017-18 ൽ സർക്കാരിന് ലഭിച്ച ലാഭം എത്രയാണ്;

(സി) വളരെയധികം ലാഭം ലഭിച്ചിട്ടും സ്വകാര്യ ആശുപത്രികൾക്കുള്ള കുടിശ്ശിക വൈകുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാരുണ്യ ബനവലെന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്വകാര്യ ആശുപത്രികളിൽ നിന്നും ലഭിച്ച 7,44,10,862 രൂപയുടെ ക്ലെയിമുകൾ തുക വിതരണത്തിനുള്ള നടപടി ക്രമങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. നടപടി ക്രമങ്ങൾ പൂർത്തി യാകുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നതാണ്.

(ബി) 2017-18 സാമ്പത്തിക വർഷം ഫെബ്രുവരിയിൽ വരെ കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളിൽ നിന്നും ലഭിച്ച ഏകദേശം ലാഭം 371.77 കോടി രൂപയാണ്.

(സി) തുക വിതരണത്തിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാകാത്തതിനാലാണ് കുടിശ്ശിക നൽകാൻ വൈകുന്നത്.

## ചെറുകിട വ്യാപാരികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി

73 (1958) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട വ്യാപാരികൾ അവരിൽ നിന്ന് സാധനം വാങ്ങാത്ത വ്യാപാരികളുടെ നമ്പരുകൾ രേഖപ്പെടുത്തി സാധനങ്ങൾ വിറ്റതായി കാണിക്കുന്നതുമൂലം ചെറുകിട വ്യാപാരികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായ പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ജി.എസ്.ടി നിലവിൽ വന്നതിനു ശേഷം ഇത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

## ഇസ്ലാമിക ബാങ്ക്

74 (1959) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇസ്ലാമിക ബാങ്കുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഇസ്ലാമിക ബാങ്കിൽ വന്ന നിക്ഷേപങ്ങളുടെ വിവരവും നിക്ഷേപങ്ങളിൽ നിന്നും വിതരണം ചെയ്ത വായ്പകളുടെ വിവരവും ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) നിലവിലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിന്റെ പശ്ചാത്തലത്തിൽ പലിശ രഹിത ബാങ്ക് സാധ്യമല്ല. അതുകൊണ്ട് ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിൽ ഒരു ബാങ്കിതര ധനകാര്യ സ്ഥാപനമായി പ്രവർത്തിച്ചുവരുന്നു. റിസർവ് ബാങ്ക്, വിഭവസമാഹരണത്തിന് ഓഹരി അല്ലാതെ ഡെപ്പോസിറ്റുകൾ അംഗീകരിച്ചിട്ടില്ല. ടി കാരണത്താൽ പ്രസ്തുത സ്ഥാപനത്തിന് പൊതുജനങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുവാനോ വായ്പ നൽകുവാനോ സാധിക്കുകയില്ല. ടി പരിമിതികളുള്ളിൽ നിന്നുകൊണ്ട് തന്നെ കമ്പനിയുടെ പ്രവർത്തനം വിപുലീകരിക്കുവാനുള്ള ശ്രമങ്ങളാണ് സർക്കാർ കൈക്കൊണ്ടു വരുന്നത്.

**ജി.എസ്.ടി. വരുമാന നഷ്ടം പരിഹരിക്കുന്നതിന് നടപടി**

75 (1960) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പിലാക്കിയശേഷം കേരള സർക്കാരിന്റെ വരുമാനം എത്രമാത്രം കുറഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെയിനങ്ങളിൽ നിന്നുള്ള വരുമാനമാണ് കുറഞ്ഞതെന്ന് വ്യക്തമാക്കാമോ;

(സി) വരുമാനനഷ്ടം പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ നികുതി വരുമാനം കുറഞ്ഞിട്ടില്ല.

(സി) ബാധകമല്ല.

**ജി.എസ്.ടി**

76 (1961) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സംസ്ഥാനത്തെ ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം വാഹന പരിശോധനയിൽ പിടികൂടിയ കേസ്സുകളുടെ എണ്ണമെത്രയാണെന്നും പിഴ ഇനത്തിൽ ഈടാക്കിയ തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എന്ന് മുതലാണ് ഇ-വേ ബിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; ഏത് ഏജൻസിയെയാണ് ഇതിനായുള്ള സോഫ്റ്റ് വെയർ തയ്യാറാക്കാനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇ-വേ ബിൽ ഇനിയും നടപ്പാക്കാത്തതുമൂലം സംസ്ഥാനത്തിന് പ്രതിദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന നികുതി നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഇ-വേ ബിൽ സംവിധാനം സംസ്ഥാനത്ത് അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തെ ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം വാഹന പരിശോധനയിൽ പിടികൂടിയ കേസ്സുകളുടെ എണ്ണം 3670 ആണ്. പിഴ ഇനത്തിൽ 812.47 ലക്ഷം രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ ഇ-വേ ബിൽ സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നിർബന്ധമാക്കിയിട്ടില്ല. ഇന്ത്യ ഒട്ടാകെ ഇതിനുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കിയിരിക്കുന്നത് എൻ.ഐ.സി. യാണ്.

(സി) ഇ-വേ ബിൽ പൂർണ്ണ തോതിൽ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ എത്ര നികുതി നഷ്ടം വന്നിട്ടുണ്ട് എന്ന് കണക്കാക്കാൻ ബുദ്ധിമുട്ടാണ്.

(ഡി) നിലവിൽ ജി.എസ്.ടി. കൗൺസിലിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ 1-4-2018 മുതൽ ഇന്ത്യ ഒട്ടാകെ അന്തർ സംസ്ഥാന ചരക്ക് നീക്കത്തിന് ഇത് നിർബന്ധമാക്കണമെന്നതാണ് ധാരണ. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവ് ഇതുവരെയും കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടില്ല.

**ജി.എസ്.ടി.-യിൽ സംസ്ഥാനത്തിന്റെ ഭാവി**

77 (1962) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ജി.എസ്.ടി. ഭാവിയിൽ കേരളത്തിന് ഗുണകരമാകുമെന്ന് അനുമാനിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും എത്ര കാലത്തിനുള്ളിൽ ഗുണകരമായി മാറുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതിന് മുമ്പ് ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം സംസ്ഥാനത്ത് നേരിട്ട ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; ആയത് പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഭൂരിപക്ഷം ഉത്പാദകരും മൊത്തവ്യാപാരികളും ഇൻപുട്ട് ടാക്സിന്റെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറാത്ത അവസ്ഥ ഇപ്പോഴും നിലവിലുണ്ടോ; എങ്കിൽ അപ്രകാരം ചെയ്യാത്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) ആന്റി പ്രോഫിറ്റീയറിംഗ് സംവിധാനം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ഇ) 2017 നവംബർ 15-ന് പ്രാബല്യത്തിൽ വന്ന നികുതി കുറവിന്റെ ആനുകൂല്യം കച്ചവടക്കാരും മൊത്ത വ്യാപാരികളും ഉപഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ആനുകൂല്യം കൈമാറാത്തവരുടെ വിശദാംശം ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. ഒരു പ്രാപ്യസ്ഥാന നികുതിയാണ്. കേരളം പ്രധാനമായും ഒരു ഉപഭോക്തൃ സംസ്ഥാനമാകയാൽ പ്രാപ്യസ്ഥാന തത്വം കേരളത്തിന്റെ നികുതി വരുമാനത്തിന് ഗുണപ്രദമാകും. ഇ-കൊമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിനുള്ള അന്തർസംസ്ഥാന വാങ്ങൽ എന്നിവയിലും പ്രാപ്യസ്ഥാനതത്വം പ്രകാരം സംസ്ഥാനത്തിന് നികുതി ലഭിക്കും. സംസ്ഥാനത്ത് ഏറ്റവുമധികം വളർച്ചയുള്ളത് സർവ്വീസ് മേഖലയിലാണ്. ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്ത് ഉയർന്ന നിരക്കുകളിൽ ഒന്നാണ്. സർവ്വീസ് മേഖലയിൽ നിന്നുള്ള അധിക വരുമാനം സംസ്ഥാനത്തിന് വലിയ നേട്ടമുണ്ടാക്കും. ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ്. ഇത് അക്കൗണ്ടിംഗ് കൂടുതൽ സുതാര്യമാക്കുകയും പരിശോധന എളുപ്പമാക്കുകയും ചെയ്യും. ഇ-വേ ബിൽ നിർബന്ധമാക്കുന്നതോടെ ചരക്കു നീക്കത്തിന്റെ വിവരങ്ങൾ തുടക്കത്തിൽ തന്നെ ഓൺലൈനായി റെക്കോർഡ് ചെയ്യപ്പെടുന്നു. ഇതുമൂലം നികുതിവെട്ടിപ്പ് ഗണ്യമായി കുറയും. ജി.എസ്.ടി നെറ്റ് വർക്ക് ഇതുവരെയും പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. സോഫ്റ്റ് വെയർ പൂർത്തിയാകാത്തതു കാരണം റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. ഇത് പൂർണ്ണമായും പ്രവർത്തന ക്ഷമമാകുന്ന മുറയ്ക്ക് ജി.എസ്.ടി സംസ്ഥാനത്തിന് ഗുണകരമായിത്തീരും എന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ചരക്ക് സേവനനികുതി നിയമപ്രകാരം അന്തർസംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുന്നതിനാൽ രാജ്യത്തൊട്ടാകെ ലക്ഷക്കണക്കിന് ബില്ലുകളുടെ യഥാസമയമുള്ള സൂക്ഷ്മപരിശോധന ആവശ്യമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ ജി.എസ്.ടി.എൻ. പൂർണ്ണമായി പ്രവർത്തനക്ഷമമാകാതെ ധൃതിയിൽ ജി.എസ്.ടി. നടപ്പിലാക്കിയത് സംസ്ഥാനങ്ങൾക്കും വ്യാപാരികൾക്കും ഒരുപോലെ ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇത് ഒരു പരിധിവരെ ഉപഭോക്തൃസംസ്ഥാനമായ കേരളത്തിന് പ്രതീക്ഷിച്ച നികുതി ലഭ്യമാകാത്തതിന്റെ പ്രധാനകാരണങ്ങളിലൊന്നാണ്.

(സി) ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിന് നല്കിയിട്ടില്ല എന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി നിയമത്തിന്റെ ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലായ ആദ്യ മാസത്തിൽത്തന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന 25-ാം‌ത് ജി.എസ്.ടി കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കേരളം ഇതിനകം തന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335 ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

(ഡി) കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിയ്ക്ക് റിപ്പോർട്ട് ചെയ്ത കേസ്സുകളിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് സംസ്ഥാനത്തെ അറിയിച്ചിട്ടില്ലാത്തതിനാൽ ടി സംവിധാനം പൂർണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.

(ഇ) സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ് 2017 നവംബർ 15-ന് പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിനു കൈമാറുന്നുണ്ടോയെന്ന വിവരം ഫീൽഡ് സർവ്വേ വഴിയും ബിൽ ശേഖരണം വഴിയും സംസ്ഥാനമൊട്ടുക്കും വിശദമായ പരിശോധന നടത്തി ശേഖരിച്ചിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻ തന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്.

## ജി.എസ്.ടി. പ്രശ്നങ്ങൾക്ക് പരിഹാരമായി സുവിധാ കേന്ദ്രങ്ങൾ

78 (1963) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. മൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് അക്ഷയ കേന്ദ്രങ്ങളുടെ മാതൃകയിൽ സുവിധാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നിർദ്ദേശമുണ്ടോ;

(ബി) ഏതൊക്കെ സേവനങ്ങളാണ് പ്രസ്തുത സുവിധാകേന്ദ്രങ്ങളിൽ നിന്നും ലഭിക്കുകയെന്ന് വ്യക്തമാക്കുമോ;

(സി) നികുതിദായകർ നൽകുന്ന ഡേറ്റാകൾക്ക് അനുസൃതമായി എളുപ്പത്തിൽ റിട്ടേൺ സമർപ്പിക്കുന്നതിനുള്ള സംവിധാനം പ്രസ്തുത കേന്ദ്രങ്ങളിൽ ഒരുക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ - സി) ചരക്ക് സേവന നികുതിദായകരുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾക്ക് കോൾ സെന്ററുകളായി അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. ജി.എസ്.ടി.യെ സംബന്ധിച്ച പൊതുജനങ്ങളുടെയും വ്യാപാരികളുടെയും സംശയ നിവാരണത്തിനായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ വകുപ്പിന്റെ സംസ്ഥാനമൊട്ടാകെയുള്ള എല്ലാ ഓഫീസുകളിലും ഹെൽപ്പ്ഡെസ്കുകളും പ്രവർത്തിക്കുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ജി.എസ്.ടി. ഹെൽപ്പ്ഡെസ്കുകളുടെ ഫോൺ നമ്പറും ഇ മെയിൽ അഡ്രസ്സും സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

## ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റി രൂപീകരിക്കാൻ നടപടി

79 (1964) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി.-യുടെ മറവിൽ കൊള്ളലാഭം തടയുന്നതിന്റെ ഭാഗമായി കേന്ദ്ര മാതൃകയിൽ ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ജി.എസ്.ടി.-യുടെ മറവിൽ കച്ചവടക്കാർ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കേന്ദ്ര ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്ത കേസ്സുകളിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇന്ത്യയൊട്ടാകെ ഒറ്റ ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിയാണുള്ളത്. ഇത് കേന്ദ്രഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനങ്ങളെ സംബന്ധിച്ച് സ്ക്രീനിംഗ് കമ്മിറ്റിയാണുള്ളത്. അതിൽ സി.ജി.എസ്.ടി.-യുടെ മെമ്പറും എസ്.ജി.എസ്.ടി.-യുടെ മെമ്പറും ഉൾപ്പെടുന്നു.

(ബി) ഇതിനുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലായ ആദ്യ മാസത്തിൽതന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന 25-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കേരളം ഇതിനകംതന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335 ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. അടുത്ത പടിയായി 15-11-2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്ത വ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്. കൂടാതെ ഉപഭോക്താക്കൾക്ക് ജി.എസ്.ടി.-യെ സംബന്ധിച്ചുള്ള ബോധവത്ക്കരണത്തിനുവേണ്ടി നിരവധി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

(സി) കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്ത കേസ്സുകളിൽ ഇതുവരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് സംസ്ഥാന സർക്കാരിന് വിവരം ലഭിച്ചിട്ടില്ല.

**ചരക്ക് സേവന നികുതി**

80 (1965) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പാക്കിയപ്പോൾ 2015-16-ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷികവർദ്ധനവ് കൂടി കണക്കാക്കിയിട്ടാണോ 2017-18-ൽ സംസ്ഥാനത്തിന് അർഹതപ്പെട്ട ദ്വൈമാസ തുക നിശ്ചയിച്ചതെന്ന് വ്യക്തമാക്കുമോ; ആയത് പ്രകാരം സംസ്ഥാനത്തിന് ഈ സാമ്പത്തികവർഷം കേന്ദ്രസർക്കാരിൽ നിന്ന് എന്ത് തുക ലഭിച്ചുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തുക കൃത്യമായ കാലയളവിൽ കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം വരുമാന നഷ്ടമുണ്ടായതിനാലാണ് സാമ്പത്തിക പ്രതിസന്ധി ഉണ്ടായതെന്നുള്ള പ്രചരണങ്ങൾ വസ്തുതാപരമാണോയെന്ന് വ്യക്തമാക്കുമോ;

(സി) ചരക്ക് സേവന നികുതിയുടെ ഭാഗമായി എസ്.ജി.എസ്.ടി.-യുടെ വിഹിതം മാസത്തിന്റെ പകുതിക്ക് ശേഷവും ഐ.ജി.എസ്.ടി.-യുടെ വിഹിതം മാസാവസാനവും സംസ്ഥാനത്തിന് കൃത്യമായി ലഭിക്കാറുണ്ടോ;

(ഡി) ജി.എസ്.ടി. നടപ്പിലാക്കിയശേഷം ഓരോ ഇനത്തിലും ലഭിച്ച തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) അതെ. 2015-16-ലെ കളക്ഷന്റെ 14% വാർഷിക വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന് അർഹതപ്പെട്ട ദ്വൈമാസ തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതനുസരിച്ച് ദ്വൈമാസക്കണക്കിൽ നഷ്ട പരിഹാരത്തിന്റെ ആദ്യ രണ്ടുഗഡുക്കളായി ജൂലൈ-ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. നവംബർ-ഡിസംബർ മാസങ്ങളിലേത് ഇതുവരെ ലഭ്യമായിട്ടില്ല. ഇതുകൂടാതെ വിതരണം ചെയ്യപ്പെടാതെ കിടക്കുന്ന ഐ.ജി.എസ്.ടി. ക്രെഡിറ്റിന്റെ ഒരു വിഹിതമായി 736 കോടി രൂപ 10 തവണകളായി ഐ.ജി.എസ്.ടി. ക്രെഡിറ്റ് സെറ്റിൽമെന്റിൽനിന്നും തിരിച്ചുപിടിക്കുമെന്ന വ്യവസ്ഥയിൽ ഫെബ്രുവരിയിൽ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. അതേ സമയം ബജറ്റിൽ വിഭാവനം ചെയ്തത്ര നികുതി വരുമാന വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വരവും ചെലവും തമ്മിലുള്ള സന്തുലിതാവസ്ഥ കൈവരിക്കാൻ കഴിയാത്തതിന് ഇതും കാരണമായിട്ടുണ്ട്.

(സി) ചരക്ക് സേവന നികുതിയുടെ ഭാഗമായ എസ്.ജി.എസ്.ടി.-യുടെ വിഹിതം സംസ്ഥാനത്തിന് നേരിട്ട് ലഭിക്കുന്നതാണ്. ഐ.ജി.എസ്.ടി. വിഹിതം മാസാവസാനം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്.

(ഡി)

| മാസം | എസ്.ജി.എസ്.ടി. (തുക കോടിയിൽ) | എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനുപയോഗിച്ച ഐ.ജി.എസ്.ടി. ക്രെഡിറ്റ് (തുക കോടിയിൽ) |
|---|---|---|
| ആഗസ്റ്റ് | 716.47 | 451.74 |
| സെപ്റ്റംബർ | 807.05 | 763.46 |
| ഒക്ടോബർ | 740.47 | 822.64 |
| നവംബർ | 610.3 | 801.36 |
| ഡിസംബർ | 600.51 | 795.95 |
| ജനുവരി | 700.39 | 826.00 |

## വാറ്റ്-ജി.എസ്.ടി. താരതമ്യ പഠനം

81 (1966) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാറ്റ് നികുതി കാലഘട്ടത്തിൽ നിന്നും ജി.എസ്.ടി. യിലേക്ക് മാറിയപ്പോഴുണ്ടായ നികുതി വരുമാനത്തെ താരതമ്യ പഠനത്തിനു വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ജി.എസ്.ടി.-യിലേക്ക് മാറിയപ്പോൾ നികുതി വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ജി.എസ്.ടി.-യിൽ നികുതി വെട്ടിപ്പിന് സാധ്യതകൾ ഉണ്ടോയെന്നും എങ്കിൽ ഇത് തടയുന്നതിന് എന്താണ് പരിഹാരമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) താരതമ്യപഠനം നടത്തിയിട്ടില്ല.

(ബി) നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധന കൈവരിയ്ക്കാനായില്ലെങ്കിലും കുറവുണ്ടായിട്ടില്ല.

(സി) സാധ്യത ഇല്ലാതില്ല. എന്നാൽ ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ്. ഇത് അക്കൗണ്ടിംഗ് കൂടുതൽ സുതാര്യമാക്കുകയും പരിശോധന എളുപ്പമാക്കുകയും ചെയ്യും. ഇ-വേ ബിൽ നിർബന്ധമാക്കുന്നതോടെ ചരക്കു നീക്കത്തിന്റെ വിവരങ്ങൾ തുടക്കത്തിൽ തന്നെ ഓൺലൈനായി റെക്കോർഡ് ചെയ്യപ്പെടുന്നു. ഇതുമൂലം നികുതിവെട്ടിപ്പ് ഗണ്യമായി കുറയും.

## ആക്രിസാധനങ്ങൾക്ക് ജി.എസ്.ടി.

82 (1967) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആക്രിസാധനങ്ങൾക്ക് 15% ജി.എസ്.ടി. ഏർപ്പെടുത്തിയ നടപടികളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; പാഴ് വസ്തുകളുടെ ശേഖരണം തടസ്സപ്പെടുന്നത് ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാവും എന്നുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ജി.എസ്.ടി.-യുടെ തുടക്കത്തിൽ ആക്രിസാധനങ്ങൾക്ക് 18%, 12% എന്നിങ്ങനെ ആയിരുന്നു നികുതി. എന്നാൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് പരിസ്ഥിതി ആഘാതമുണ്ടാക്കുന്ന ഇ-വേസ്റ്റ്, പ്ലാസ്റ്റിക് വേസ്റ്റ് എന്നിവയ്ക്ക് നികുതി 5% ആയി കുറച്ചിട്ടുണ്ട്.

## ചെക്ക്പോസ്റ്റുകളിൽ അനധികൃത കടത്ത്

83 (1968) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അതിർത്തികളിലെ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ നികുതി വകുപ്പിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ചെക്ക്പോസ്റ്റുകളിൽ വാണിജ്യ നികുതി വകുപ്പിന്റെ പരിശോധന ഇല്ലാത്തതിനാൽ വൻതോതിൽ അനധികൃത കടത്ത് നടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് ചെക്ക്പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. ഇ-വേ ബിൽ നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ഒരു പരിധിവരെ ചെക്ക്പോസ്റ്റ് നിർത്തലാക്കിയതിനെത്തുടർന്ന് നികുതിവെട്ടിപ്പിന് കാരണമായിട്ടുണ്ട്. ചെക്ക്പോസ്റ്റിന്റെ അഭാവത്തിൽ കള്ളക്കടത്ത് തടയുന്നതിനു വേണ്ടി ചെക്ക്പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വാണിജ്യ നികുതി വകുപ്പിന് പുതിയ വാഹനങ്ങൾ**

84 (1969) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാണിജ്യ നികുതി വകുപ്പിൽ എത്ര വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇന്റലിജൻസ് വിംഗിന്റെ ഉപയോഗത്തിനായി എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇന്റലിജൻസ് വിംഗിന്റെ ഉപയോഗത്തിനായി 67 Mahindra Bolero വാഹനങ്ങളും ഇത് കൂടാതെ ഒരു Innova Crysta GX 7s MT Model വാഹനം വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്. മേൽ 67 വാഹനങ്ങൾ വാങ്ങുന്നതിന് വാഹനം ഒന്നിന് വിലയായ 6,94,447 (price in GEM) രൂപയും ഇൻഷുറൻസ് ചാർജ്ജായി 9,723 രൂപയും രജിസ്ട്രേഷൻ തുകയായി 800 രൂപയും ചേർത്ത് 67 വാഹനങ്ങൾക്ക് ആകെ 4,72,32,990 രൂപ ചെലവഴിച്ചിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ട്രഷറി നിക്ഷേപങ്ങൾ

85 (1970) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ കാലാകാലങ്ങളിൽ യഥാർത്ഥ ചെലവ് വഹിക്കാതെ ട്രഷറിയിൽ നിക്ഷേപിച്ചിരുന്ന തുക പിൻവലിച്ച് സംസ്ഥാനത്തിന്റെ കണക്കിലേക്ക് തിരികെ കൊണ്ടുവരാനുള്ള എന്തെങ്കിലും നടപടി ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തുകയാണ് ഇത്തരത്തിൽ കണക്കിൽപ്പെടുത്തിയിട്ടുള്ളത്; കാരണം എന്താണ് ;

(സി) ഇത്തരത്തിൽ കിഫ്ബിയുടേതായി ട്രഷറിനിക്ഷേപങ്ങളിൽ സൂക്ഷിച്ചിരുന്ന ഏതെങ്കിലും തുക സംസ്ഥാനത്തിന്റെ കണക്കിൽ തിരികെ കൊണ്ടുവന്നിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര തുകയാണ് ഇത്തരത്തിൽ കണക്കിൽപ്പെടുത്തിയിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളും വിശദാംശവും ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 14-12-2017-ലെ ജി.ഒ. (പി) 156/2017/ധന. സർക്കാർ ഉത്തരവു പ്രകാരമുള്ള 5630,14,90,699 കോടി രൂപയിൽ 5-2-2018-ലെ കണക്കുപ്രകാരം 3028,19,67,335 (മൂവായിരത്തി ഇരുപത്തിയെട്ട് കോടി പത്തൊൻപത് ലക്ഷത്തി അറുപത്തേഴായിരത്തി മൂന്നൂറ്റി മുപ്പത്തിയഞ്ച് രൂപ) കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ കണക്കിൽപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 14-12-2017-ലെ GO (P)156/2017/Fin. ഉത്തരവ് പ്രകാരം കിഫ്ബിയുടെ 701011400000177 STSB അക്കൗണ്ടിൽ ഉണ്ടായിരുന്ന 59,54,28,108 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചുപിടിച്ചിരുന്നു. ആയത് 26-2-2018-ലെ GO (RT) No.1499/2018/ Fin. പ്രകാരം തിരികെ നൽകാൻ ഉത്തരവായിട്ടുണ്ട്.

## ട്രഷറികളുടെ നവീകരണ പ്രവർത്തനങ്ങൾ

86 (1971) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ട്രഷറികളിൽ മെച്ചപ്പെട്ട സൗകര്യമൊരുക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ട്രഷറികളെ ബന്ധിപ്പിച്ച് എ.ടി.എം. സ്ഥാപിക്കാനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) ട്രഷറികളിലെ ബാങ്കിംഗ് സേവനം കൂടുതൽ ആകർഷകമാക്കാൻ ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇതരസംസ്ഥാനങ്ങളിലെ ട്രഷറികളിലെ മെച്ചപ്പെട്ട സംവിധാനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അത്തരം പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ട്രഷറികളുടെ ആധുനികവൽക്കരണം പ്രധാനമായും രണ്ട് മേഖലകളിലായാണ് നടന്നുവരുന്നത്.

(1) ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം

(i) സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം ലക്ഷ്യമിട്ടുകൊണ്ട് ട്രഷറികളിൽ സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കിവരുന്നു.

(ii) വിവര സാങ്കേതികവിദ്യയുടെ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുകയും മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ഐ.എഫ്.എം.എസ്.- ന്റെ ലക്ഷ്യം.

(iii) ട്രഷറി അക്കൗണ്ടുടമകൾക്ക് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം, യൂട്ടിലിറ്റി പേയ്മെന്റിനുള്ള സൗകര്യം, ബാങ്കുകളുമായി സഹകരിച്ച് എ.റ്റി.എം. സൗകര്യം കൂടാതെ മൊബൈൽ ആപ്ലിക്കേഷൻ എന്നിവ ട്രഷറി സേവിംഗ്സ് ബാങ്കിൽ ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(iv) മുൻകൂട്ടി സേവനങ്ങൾ ബുക്ക് ചെയ്യുന്നതിനുള്ള വെർച്ചൽ ക്യൂ സംവിധാനവും ഭാവി വികസന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(2) <u>അടിസ്ഥാന സൗകര്യ വികസനം</u>

(i) സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഈ പദ്ധതിയുടെ ഭാഗമായി ട്രഷറികളിൽ ആധുനിക ഓഫീസ് സംവിധാനത്തിന്റെ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കാൻ ലക്ഷ്യമിടുന്നു.

(ii) എല്ലാ ട്രഷറികളും ഇടപാടുകാർക്ക് സൗകര്യപ്രദമായ രീതിയിലുള്ള വിശ്രമസ്ഥലവും വിവിധ സേവനങ്ങളെക്കുറിച്ച് അവബോധവും സേവനങ്ങളും നൽകുന്ന തരത്തിലുള്ള ഫ്രണ്ട് ഓഫീസുകളും ഏർപ്പെടുത്താൻ ഉദ്ദേശി ക്കുന്നുണ്ട്.

(ബി) നാല് ട്രഷറികളെ ബന്ധിപ്പിച്ച് എ.ടി.എം. സ്ഥാപിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു. (സ.ഉ. (കൈ) 10460/12/ധന. തിരുവനന്തപുരം തീയതി 14-12-2012). എന്നാൽ പ്രസ്തുത തീരുമാനം വഴി നടപ്പിലാക്കുന്ന സ്റ്റാന്റ് എലോൺ എ.ടി.എം.-കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ല എന്ന് കണ്ടെത്തി സർക്കാർ ഈ ശ്രമം ഉപേക്ഷിച്ചു. ട്രഷറി സേവിംഗ്സ് ബാങ്കിൽ ഇ-ട്രഷറി ഇന്റഗ്രേറ്റഡ് ബാങ്കുമായി സഹകരിച്ച് എ.ടി.എം. കാർഡ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകൾക്ക് കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയതോടുകൂടി ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനമാണ് ലഭിച്ചുകൊണ്ടി രിക്കുന്നത്. ഏതു ട്രഷറിയിൽനിന്നും പണം പിൻവലിക്കാം, ഏതു ട്രഷറി മുഖേനയും പണം നിക്ഷേപിക്കാം, ഏതു ട്രഷറിയിലുള്ള നിക്ഷേപത്തിന്റെയും പലിശ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യാൻ കഴിയുന്നതുമാണ്. നെറ്റ് ബാങ്കിംഗ് സൗകര്യം, യൂട്ടിലിറ്റി പേയ്മെന്റിനുള്ള സൗകര്യം, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ ട്രഷറി നവീകരണം കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇ-ഗവേണൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പൊതുവിൽ നടപ്പിലാക്കിവരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങളാണ് എല്ലാ സംസ്ഥാനങ്ങളിലെ ട്രഷറികളുടെ നവീകരണങ്ങളിലും അടിസ്ഥാന പ്രമാണമായി സ്വീകരിച്ചിട്ടുള്ളത്. അതോടൊപ്പം അതാത് സംസ്ഥാന ങ്ങളിലെ ഇടപാടുകളുടെ പ്രത്യേകതകൾ കണക്കിലെടുത്തുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരത്തിൽ ലഭ്യമായതിൽ ഏറ്റവും നൂതനമായ സാങ്കേതികവിദ്യയുടെ

സഹായത്തോടുകൂടി ഇടപാടുകാർക്ക് ലളിതവും സുതാര്യവുമായ പണമിടപാടുകൾ നടത്തുവാൻ തക്കവിധത്തിലാണ് കേരളത്തിൽ ഐ.എഫ്.എം.എസ്. നടപ്പിലാക്കിയത്. ലഭ്യമായ വിവരമനുസരിച്ച് ഇന്ത്യയിലെ മിക്ക മറ്റ് സംസ്ഥാന ട്രഷറികളിലും ഐ.എഫ്.എം.എസ്.-ന്റെ നടപ്പിലാക്കൽ കേരളത്തെപ്പോലെ പൂർണ്ണതയിൽ എത്തിയിട്ടില്ല എന്നാണ് കാണുന്നത്. മാത്രവുമല്ല, അതത് സംസ്ഥാനങ്ങളിലെ ഐ.എഫ്.എം.എസ്.-ൽ സ്വീകരിച്ചിട്ടുള്ള ഇടപാടുകളുടെ ക്രമീകരണവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ ഐ.എഫ്.എം.എസ്. സംവിധാനം മികച്ചതാണെന്ന് പറയാവുന്നതാണ്.

(ഇ) ബാധകമല്ല.

**മുക്കം സബ്ട്രഷറിയുടെ മാറ്റം**

87 (1972) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുക്കം മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം ലഭ്യമായിട്ടും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മുക്കം സബ് ട്രഷറി അവിടേക്കു മാറ്റി സ്ഥാപിക്കാത്തതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) മിനി സിവിൽ സ്റ്റേഷനിൽ കെട്ടിടത്തിൽ ഈ സബ് ട്രഷറി എന്നു മുതൽ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) മുക്കം മിനി സിവിൽ സ്റ്റേഷനിൽ സബ് ട്രഷറിക്കായി സ്ഥലം അനുവദിച്ച് കിട്ടിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കു ന്നതിനായി ക്യാബിൻ, കൗണ്ടർ, കസ്റ്റമർ ലോഞ്ച്, നെറ്റ് വർക്ക് കേബ്ലിംഗ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് പ്രവൃത്തികൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ചെയ്തുകൊണ്ടിരി ക്കുകയാണ്. ട്രഷറിക്കാവശ്യമായ മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയശേഷം ട്രഷറിയുടെ പ്രവർത്തനം സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതാണ്.

## പഴയങ്ങാടി ട്രഷറി കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി

88 (1973) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻകെൽ മുഖേന കെട്ടിടം നിർമ്മിക്കുന്നതിന് 16-7-2017 ന് ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പഴയങ്ങാടി ട്രഷറി കെട്ടിട നിർമ്മാണത്തിന്, ടെക്നിക്കൽ കമ്മിറ്റി നിയോഗിച്ച പ്രകാരം കണ്ടെത്തിയ ന്യൂനതകൾ പരിഹരിച്ച് പുതിയ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാലതാമസം വരുന്നതെന്തുകൊണ്ടെന്നും ട്രഷറി കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) സമർപ്പിച്ചിട്ടില്ല.

(ബി) ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള പുതിയ എസ്റ്റിമേറ്റ് ഇൻകെൽ തയ്യാറാക്കി ലഭ്യമാക്കിയാലുടൻ ടെക്നിക്കൽ കമ്മിറ്റിയുടെ അനുമതിക്ക് വിധേയമായി ട്രഷറി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് ചട്ടഞ്ചാൽ സബ് ട്രഷറിക്ക് കെട്ടിടം

89 (1974) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമായത് എന്നാണെന്ന് അറിയിക്കാമോ;

(ബി) ഈ സ്ഥലത്ത് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ആയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വർഷങ്ങളായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തിന് ഭൂമി ലഭിച്ചിട്ടുള്ളതിനാൽ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) ചട്ടഞ്ചാൽ സബ് ട്രഷറിക്ക് കെട്ടിടം പണിയുന്നതിനായി സ്ഥലം ലഭ്യമായത് G.O (MS) No. 463/2013/Revenue dated 23-10-2013 നമ്പർ സർക്കാർ ഉത്തരവുപ്രകാരമാണ്. 15-1-2014-ൽ പ്രസ്തുത സ്ഥലത്തിന്റെ കൈവശാവകാശം കാസർഗോഡ് ജില്ലാ ട്രഷറി ഓഫീസർക്ക് നൽകിയിട്ടുണ്ട്.

(ബി &സി) ചട്ടഞ്ചാൽ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ഇൻകെൽ ഡി.പി.ആർ. തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. ആയത് രണ്ടാം ഘട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഒന്നാം ഘട്ടത്തിൽ ഭരണാനുമതി നൽകിയ കെട്ടിടങ്ങളുടെ സാങ്കേതികാനുമതി നൽകുന്നത് സംബന്ധിച്ച് ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരമുള്ള പുതുക്കിയ ഡി.പി.ആർ. ഇൻകെൽ സമർപ്പിച്ചിട്ടില്ല. ആയതിനാൽ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് TS അനുമതി ലഭ്യമാകുന്ന മുറയ്ക്ക് രണ്ടാം ഘട്ടത്തിൽ പരിഗണിക്കുവാൻ സമർപ്പിച്ച ചട്ടഞ്ചാൽ സബ് ട്രഷറി കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പദ്ധതി നിർവ്വഹണ ചുമതല സംബന്ധിച്ച് ട്രഷറി ഡയറക്ടറുടെ ഉത്തരവ്

90 (1975) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ പദ്ധതി നിർവ്വഹണ ചുമതല ഏതാനും ഉദ്യോഗസ്ഥരിലേക്ക് മാത്രമാക്കി ചുരുക്കി സംസ്ഥാന ട്രഷറി ഡയറക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) സാമ്പത്തിക വർഷാവസാനം ഇങ്ങനെയൊരു ഉത്തരവ് ഇറക്കാനുള്ള സാഹചര്യം വിശദീകരിക്കാമോ; ഇതുമൂലം പദ്ധതി നടത്തിപ്പ് അവതാളത്തിലാകുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നേരത്തെയുള്ള തീരുമാന പ്രകാരം താഴെതട്ടിലുള്ള ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള ബി.ഡി.ഒ. കോഡ് തിരിച്ചെടുക്കുവാൻ ട്രഷറി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഉദ്യോഗസ്ഥരെ മാറ്റി നിയമിക്കുന്നതിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും, വർഷാവസാന പദ്ധതി കാര്യക്ഷമമാക്കുന്നതിനും, നിർവ്വഹണ ചുമതല താഴെതട്ടിലുള്ള ഉദ്യോഗസ്ഥർക്ക് തന്നെ നൽകി ഉത്തരവിറക്കുമോ?

### ഉത്തരം

(എ) സർക്കാരിന്റെ പദ്ധതി നിർവ്വഹണ ചുമതല ഏതാനും ഉദ്യോഗസ്ഥരിലേക്ക് ചുരുക്കി ട്രഷറി ഡയറക്ടർ ഉത്തരവിറക്കിയിട്ടില്ല.

(ബി) സർക്കാരിന്റെ പദ്ധതി നിർവ്വഹണ ചുമതല നടപ്പിലാക്കുന്നതിനുവേണ്ടി തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വകുപ്പ് ആവശ്യപ്പെട്ട പ്രകാരം 7-2-2018, 26-12-2018 എന്നീ തീയതികളിലെ 654219/SL2/2017/ധന. നമ്പർ സർക്കാർ കത്തുകൾ പ്രകാരം കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്

എന്നീ തദ്ദേശ ഭരണ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിലെ 323 നിർവ്വഹണ ഉദ്യോഗസ്ഥരെ അധികമായി ഡി.ഡി.ഒ.-മാരായി നിയോഗിക്കാനുള്ള നിർദ്ദേശം ട്രഷറി ഡയറക്ടർക്ക് സർക്കാർ നൽകുകയാണുണ്ടായത്. ആകയാൽ പദ്ധതി നടത്തിപ്പിന് യാതൊരു ബുദ്ധിമുട്ടുകളും ഉണ്ടാകാനിടയില്ല.

(സി) ഇല്ല.

(ഡി) തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വകുപ്പ് ശിപാർശ ചെയ്ത എല്ലാ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരെയും 2018 മാർച്ച് 31 വരെ ഡി.ഡി.ഒ.-മാരായി നിശ്ചയിക്കാൻ ധനകാര്യ വകുപ്പ് തീരുമാനമെടുത്തതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ ആവശ്യമുള്ളതായി കാണുന്നില്ല.

**മാവേലിക്കര നൂറനാട് സബ് ട്രഷറി**

91 (1976) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് സബ് ട്രഷറിക്ക് എം.എൽ.എ.-യുടെ മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിൽ ട്രഷറി ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ട്രഷറി ഓഫീസിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നൂറനാട് സബ് ട്രഷറിക്കുവേണ്ടി പണിത പുതിയ കെട്ടിടത്തിലെ സ്ട്രോംഗ് റൂമിൽ സ്ഥാപിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട പ്രകാരം സ്ട്രോംഗ് റൂം ഡോർ ട്രഷറി വകുപ്പ് വാങ്ങി നൽകിയിട്ടുണ്ട്. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. പ്രസ്തുത എസ്റ്റിമേറ്റിൽ കാണിച്ചിട്ടില്ലാത്തതും എന്നാൽ ട്രഷറിയുടെ പ്രവർത്തനത്തിന് ആവശ്യമുള്ളതുമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഫണ്ട് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) ട്രഷറിക്കുവേണ്ടി പണിത പുതിയ കെട്ടിടത്തിൽ കൗണ്ടറുകൾ, ക്യാബിനുകൾ, കസ്റ്റമർ ലോഞ്ച്, നെറ്റ് വർക്ക് കേബ്ലിംഗ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന മുറയ്ക്ക് ട്രഷറിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതാണ്.

## ലോട്ടറി വിൽപ്പനയിലെ വരുമാന വർദ്ധനവ്

92 (1977) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലോട്ടറി വിൽപ്പനയിൽ എത്ര ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ലോട്ടറി വിൽപ്പനയിലൂടെ കഴിഞ്ഞ 2 വർഷങ്ങളിലായി സർക്കാരിലേക്ക് എത്ര കോടി രൂപയുടെ വരുമാന വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 14.78 %

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ 872.30 കോടി രൂപയുടെയും 2016-17 സാമ്പത്തിക വർഷത്തിൽ 1077.18 കോടി രൂപയുടെയും വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ട് കുടിശ്ശിക

93 (1978) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൃശ്ശൂർ ജില്ലയിലെ സ്വകാര്യ ആശുപത്രികളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ സ്വകാര്യ ആശുപത്രികൾക്ക് കൊടുക്കുവാനുള്ള കുടിശ്ശിക എത്രയെന്ന് ആശുപത്രി തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കുടിശ്ശിക അടിയന്തരമായി കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൃശ്ശൂർ ജില്ലയിലെ സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു.*

(ബി&സി) തൃശ്ശൂർ ജില്ലയിലെ സ്വകാര്യ ആശുപത്രികളിൽനിന്നും ലഭിച്ച 1,80,34,010 രൂപയുടെ ക്ലെയിമുകൾ തുക വിതരണത്തിനുള്ള നടപടിക്രമങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. ആശുപത്രി തിരിച്ചുള്ള വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.* നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നതാണ്.

## കൊച്ചി സർവ്വകലാശാലയിലെ ഉദ്യോഗക്കയറ്റം

94 (1979) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി സർവ്വകലാശാലയിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉദ്യോഗക്കയറ്റം നൽകിയതായ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഈയിനത്തിൽ പ്രസ്തുത സർവ്വകലാശാല എത്ര രൂപയുടെ അധിക ബാധ്യതയുണ്ടാക്കി;

(സി) ഇത് സംബന്ധിച്ച് പരിശോധന നടത്തുവാൻ സംസ്ഥാന ധനകാര്യ വകുപ്പിന്റെ സ്പെഷ്യൽ പരിശോധനാ വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ പ്രസ്തുത വിഭാഗത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്?

ഉത്തരം

(എ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് ശ്രീ.ശാന്തപ്പൻ സമർപ്പിച്ച പരാതി ലഭ്യമായിട്ടുണ്ട്.

(ബി&സി) മേൽ പരാതിയിൻമേൽ അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്കായി പരാതിയുടെ പകർപ്പ് ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഭരണ വകുപ്പിൽനിന്ന് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കെ.എസ്.എഫ്. ഇ. പ്രവാസി ചിട്ടി

95 (1980) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി പദ്ധതികളുടെ ധനസമാഹരണാർത്ഥം കെ.എസ്.എഫ്.ഇ. ആരംഭിക്കുന്ന പ്രവാസി ചിട്ടിയിലൂടെ എത്ര കോടി രൂപയുടെ ധനസമാഹരണമാണ് ലക്ഷ്യം വയ്ക്കുന്നത്; ഈ ചിട്ടി ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(ബി) കെ.എസ്.എഫ്.ഇ. ആരംഭിക്കുന്ന പ്രവാസി ചിട്ടികളുടെ ആകർഷകമായ പ്രത്യേകതകൾ എന്തെല്ലാമാണെന്നറിയിക്കാമോ?

ഉത്തരം

(എ) അടുത്ത 3 വർഷം കൊണ്ട് 10,000 കോടി രൂപയുടെ ധനസമാഹരണമാണ് പ്രവാസി ചിട്ടിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഈ ചിട്ടി ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രവാസികൾക്ക് ആകർഷകമായ നിരവധി പ്രത്യേകതകൾ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടികളിൽ രൂപകല്പന ചെയ്തിട്ടുണ്ട്. അവയിൽ ചിലത് താഴെപ്പറയുന്നു.

1. ഏറെക്കുറെ സമ്പൂർണ്ണമായി ഓൺലൈൻ വഴി കൈകാര്യം ചെയ്യാവുന്ന രീതിയിലാണ് ഈ ചിട്ടികളുടെ രൂപകൽപ്പന. വിദേശത്ത് താമസിച്ചുകൊണ്ടുതന്നെ ചിട്ടിയിൽ ചേരാനും പണമടയ്ക്കുവാനും ലേലത്തിൽ പങ്കെടുക്കുവാനും ഇതുവഴി സാധിക്കുന്നു. മാത്രമല്ല കമ്പ്യൂട്ടർ വഴിയോ മൊബൈൽ ആപ്പ് വഴിയോ സ്വന്തം അക്കൗണ്ട് ഏതു സമയത്തും പരിശോധിക്കുവാൻ ഇടപാടുകാർക്ക് കഴിയുന്നു. സദാസമയവും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കസ്റ്റമർ കെയർ സെന്റർ മറ്റൊരു പ്രത്യേകതയാണ്.

2. മറ്റ് ചിട്ടികളിൽ നിന്ന് വിഭിന്നമായി കുറേയധികം മൂല്യവർദ്ധിത പദ്ധതികൾ പ്രവാസി ചിട്ടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇൻഷ്വറൻസ് പരിരക്ഷയാണ് ആദ്യത്തേത്. ഇതുവഴി, ദൗർഭാഗ്യവശാൽ ചിട്ടി ഇടപാടുകാരൻ/ഇടപാടുകാരി മരിക്കുകയോ അല്ലെങ്കിൽ തൊഴിലെടുക്കാൻ സാധിക്കാത്ത വിധം അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ 10 ലക്ഷം രൂപവരെയുള്ള ബാദ്ധ്യതകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.

3. ദൗർഭാഗ്യവശാൽ വരിക്കാരൻ/വരിക്കാരി വിദേശത്തുവച്ച് മരണമടഞ്ഞാൽ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള സഹായിയുടെ ഉൾപ്പെടെ ഒരു ലക്ഷം രൂപവരെയുള്ള യാത്രാച്ചെലവ് കെ.എസ്.എഫ്.ഇ. വഹിക്കുന്നതാണ്.

4. പ്രവാസി ഇടപാടുകാരൻ/ഇടപാടുകാരി ആവശ്യപ്പെടുന്നതനുസരിച്ച് ചിട്ടി വിളിച്ചെടുക്കുമ്പോൾ തുക പെൻഷൻ ഫണ്ടിലേക്ക് മാറ്റാവുന്നതാണ്.

5. പ്രവാസി ചിട്ടിയിലടയ്ക്കുന്ന പണം കെ.എസ്.എഫ്.ഇ.-യും കിഫ്ബിയും തമ്മിലുള്ള സവിശേഷ കരാറിലൂടെ കിഫ്ബിയിലെത്തുകയും അതിന് ചിട്ടിപ്പണം നൽകിയതിനുശേഷം ബാക്കി വരുന്ന സംഖ്യ കേരളത്തിന്റെ പശ്ചാത്തല വികസനത്തിന് ഉപയോഗിക്കാവുന്നതുമാണ്. ഇതുവഴി വിദേശത്ത് താമസിച്ചുകൊണ്ടുതന്നെ പ്രവാസിക്ക് കേരള വികസനത്തിൽ പങ്കാളികളാകാൻ കഴിയുന്നു.

## പ്രവാസി ചിട്ടിയെടുക്കുന്നവർക്ക് പെൻഷൻ

96 (1981) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ. ഇപ്പോൾ നടത്തുന്ന ചിട്ടികളിൽ പ്രവാസികൾക്ക് അംഗമാകുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവാസി ചിട്ടിയെടുക്കുന്നവർക്ക് പെൻഷൻ നൽകാനുള്ള എന്തെങ്കിലും നടപടികൾ സർക്കാർ ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രവാസി ചിട്ടികളിൽ പെൻഷൻ ലഭിക്കുന്നതിനായിട്ടുള്ള ഒരു ഓപ്ഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ചിട്ടി വിളിച്ചെടുത്ത പണം പ്രവാസികൾക്ക് പെൻഷൻ ഫണ്ടിലേക്ക് മാറ്റാവുന്നതാണ്.

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ആകർഷകമാക്കാൻ നടപടി

97 (1982) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാരുടെ സമ്പാദ്യശീലം വളർത്തുന്നതിൽ കെ.എസ്.എഫ്.ഇ.-യുടെ പങ്ക് വിശദമാക്കാമോ;

(ബി) കിഫ്ബിക്ക് ധനം കണ്ടെത്തുന്നതിന് പ്രവാസി ചിട്ടി നടത്തുന്നതിന്റെ പ്രാരംഭമായി പ്രവാസി ബന്ധു സംഗമങ്ങൾ നടത്തിയിരുന്നോ; അതിലൂടെ ലഭിച്ച സന്ദേശം പ്രോത്സാഹനജനകമാണോ; വ്യക്തമാക്കാമോ;

(സി) പ്രവാസി ചിട്ടിയിൽ പ്രവാസികൾക്ക് താല്പര്യം രേഖപ്പെടുത്തുന്നതിന് വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ടോ;

(ഡി) കെ.എസ്.എഫ്.ഇ.-യുടെ സ്വദേശി ചിട്ടികളിൽ 40 ശതമാനത്തോളം നിലവിൽ തന്നെ പ്രവാസികൾ ബന്ധുക്കൾ വഴി ചേർന്നിട്ടുള്ള സാഹചര്യത്തിൽ വൻ തുക സലയുള്ള പ്രവാസി ചിട്ടികളിൽ ചേരുന്നതിന് അവർ താല്പര്യം പ്രകടിപ്പിക്കുമോ; വ്യക്തമാക്കുമോ;

(ഇ) പ്രവാസി ചിട്ടികളിൽ ചേരുന്നവർക്ക് എന്തൊക്കെ പ്രത്യേക ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദമാക്കാമോ;

(എഫ്) എൻ.ആർ.ഐ അക്കൗണ്ടിൽ നികുതിക്ക് വിധേയമല്ലാത്ത തുക ഉപയോഗിച്ച് പ്രവാസി ചിട്ടിയിൽ ചേർന്ന് ചിട്ടി പിടിച്ചാൽ ആ തുക നികുതി വിധേയമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിലുള്ള പ്രവാസികളുടെ ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) ചിട്ടിയെ ഒരു സമ്പാദ്യ മാർഗ്ഗമായി കണക്കാക്കാമെന്നതിനാൽ 17 ലക്ഷത്തോളം ഇടപാടുകാരാണ് കെ.എസ്.എഫ്.ഇ. ചിട്ടിയിൽ അംഗമായിട്ടുള്ളത്. ചിട്ടിക്ക് പുറമെ സാധാരണക്കാരുടെ സമ്പാദ്യശീലം വളർത്തുന്നതിനായി സ്ഥിര നിക്ഷേപം, ഹ്രസ്വകാല നിക്ഷേപം, സുഗമ സേവിംഗ്സ് സ്കീം തുടങ്ങിയ പദ്ധതികളും കെ.എസ്.എഫ്.ഇ. അവതരിപ്പിച്ചിട്ടുണ്ട്. മറ്റു ധനകാര്യ സ്ഥാപനങ്ങളേക്കാൾ അല്പമെങ്കിലും ആകർഷകമായ പലിശനിരക്ക് ഈ നിക്ഷേപകർക്ക് നൽകുന്നുമുണ്ട്. ഇവയിലെല്ലാംകൂടി 31-1-2018 -ലെ കണക്കനുസരിച്ച് 11 ലക്ഷത്തിലധികം നിക്ഷേപകർ കെ.എസ്.എഫ്.ഇ.-യിൽ നിക്ഷേപിച്ചിട്ടുണ്ട്. ഓരോ വർഷവും അവരുടെ എണ്ണം വർദ്ധിച്ചുവരികയുമാണ്.

(ബി) കേരളത്തിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലടക്കം 160-ഓളം കേന്ദ്രങ്ങളിൽ പ്രവാസി സംഗമങ്ങൾ കെ.എസ്.എഫ്.ഇ. നടത്തുകയുണ്ടായി. ജനങ്ങളിൽ നിന്നും ജനപ്രതിനിധികളിൽനിന്നും ആവേശകരമായ പ്രതികരണമാണ് ഇതിന് ലഭിച്ചത്. ഏകദേശം 25000 പ്രവാസികളുടെ ഫോൺ നമ്പറും ഇ-മെയിലും അടക്കമുള്ള ഒരു ഡാറ്റാ ബാങ്ക് ശേഖരിക്കാൻ കഴിഞ്ഞു. ജനപ്രതിനിധികൾ നേരിട്ടെത്തി കാര്യങ്ങൾ ജനങ്ങളോട് വിശദീകരിച്ചതും ആവേശമായി. പ്രവാസി ചിട്ടികളുടെ നടത്തിപ്പിനാവശ്യമായ ഒരു വിപുലമായ അടിത്തറ പ്രവാസി ബന്ധു സംഗമങ്ങൾ വഴി രൂപപ്പെടുത്തുകയുണ്ടായി.

(സി) ഉണ്ട്.

(ഡി) ചിട്ടി എന്നത് ഒരു തുടർ പ്രക്രിയയായതിനാൽ ഒരു ചിട്ടിയിൽ ചേർന്ന ആൾ അത് അവസാനിക്കുമ്പോഴോ സാമ്പത്തിക നില മെച്ചപ്പെടുമ്പോഴോ പുതിയ ചിട്ടികളിൽ ചേരാറുണ്ട് എന്നതാണ് വാസ്തവം. അതുകൊണ്ടുതന്നെ ഇപ്പോൾ സ്വദേശി ചിട്ടികളിൽ ബന്ധുക്കൾ വഴി ചേർന്ന പ്രവാസികൾ അടുത്ത ഘട്ടത്തിൽ പ്രവാസി ചിട്ടി തെരഞ്ഞെടുക്കും എന്ന കാര്യത്തിലും സംശയമില്ല.

(ഇ) പ്രവാസികൾക്ക് ആകർഷകമായ നിരവധി പ്രത്യേകതകൾ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടികളിൽ രൂപകല്പന ചെയ്തിട്ടുണ്ട്. അവയില ചിലത് താഴെപ്പറയുന്നു.

1. ഏറെക്കുറെ സമ്പൂർണ്ണമായി ഓൺലൈൻ വഴി കൈകാര്യം ചെയ്യാവുന്ന രീതിയിലാണ് ഈ ചിട്ടികളുടെ രൂപകൽപ്പന. വിദേശത്ത് താമസിച്ചുകൊണ്ടുതന്നെ ചിട്ടിയിൽ ചേരാനും പണമടയ്ക്കുവാനും ലേലത്തിൽ പങ്കെടുക്കുവാനും ഇതുവഴി സാധിക്കുന്നു. മാത്രമല്ല കമ്പ്യൂട്ടർ വഴിയോ മൊബൈൽ ആപ്പ് വഴിയോ സ്വന്തം അക്കൗണ്ട് ഏതു സമയത്തും പരിശോധിക്കുവാൻ ഇടപാടുകാർക്ക് കഴിയുന്നു. സദാസമയവും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കസ്റ്റമർ കെയർ സെന്റർ മറ്റൊരു പ്രത്യേകതയാണ്.

2. മറ്റ് ചിട്ടികളിൽ നിന്ന് വിഭിന്നമായി കുറേയധികം മൂല്യവർദ്ധിത പദ്ധതികൾ പ്രവാസി ചിട്ടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇൻഷ്വറൻസ് പരിരക്ഷയാണ് ആദ്യത്തേത്. ഇതുവഴി, ദൗർഭാഗ്യവശാൽ ചിട്ടി ഇടപാടുകാരൻ/ഇടപാടുകാരി മരിക്കുകയോ അല്ലെങ്കിൽ തൊഴിലെടുക്കാൻ സാധിക്കാത്തവിധം അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ 10 ലക്ഷം രൂപവരെയുള്ള ബാദ്ധ്യതകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.

3. ദൗർഭാഗ്യവശാൽ വരിക്കാരൻ/വരിക്കാരി വിദേശത്തുവച്ച് മരണമടഞ്ഞാൽ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള സഹായിയുടെ ഉൾപ്പെടെ ഒരു ലക്ഷം രൂപവരെയുള്ള യാത്രാച്ചെലവ് കെ.എസ്.എഫ്.ഇ. വഹിക്കുന്നതാണ്.

4. പ്രവാസി ഇടപാടുകാരൻ/ഇടപാടുകാരി ആവശ്യപ്പെടുന്നതനുസരിച്ച് ചിട്ടി വിളിച്ചെടുക്കുമ്പോൾ തുക പെൻഷൻ ഫണ്ടിലേക്ക് മാറ്റാവുന്നതാണ്.

5. പ്രവാസി ചിട്ടിയിലടയ്ക്കുന്ന പണം കെ.എസ്.എഫ്.ഇ.-യും കിഫ്ബിയും തമ്മിലുള്ള സവിശേഷ കരാറിലൂടെ കിഫ്ബിയിലെത്തുകയും അതിന് ചിട്ടിപ്പണം നൽകിയതിനുശേഷം ബാക്കി വരുന്ന സംഖ്യ കേരളത്തിന്റെ പശ്ചാത്തല വികസനത്തിന് ഉപയോഗിക്കാവുന്നതുമാണ്. ഇതുവഴി വിദേശത്തു താമസിച്ചുകൊണ്ടുതന്നെ പ്രവാസിക്ക് കേരള വികസനത്തിൽ പങ്കാളികളാകാൻ കഴിയുന്നു.

(എഫ്) റിസർവ് ബാങ്ക് നിയമപ്രകാരം ചിട്ടിത്തുക നാട്ടിലെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാനേ സാധ്യമാകൂ. മാത്രമല്ല, നാട്ടിലെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും ആസ്തി വർദ്ധിപ്പിക്കുന്നതിനും മറ്റുമാണ് സാധാരണ ചിട്ടി ഉപയോഗിക്കുന്നത്. അതിനാൽ നാട്ടിലെ നികുതി നിയമങ്ങൾ പ്രവാസി ചിട്ടി വരിക്കാർക്ക് ബാധകമാകും. പ്രവാസികൾ നമ്മുടെ സമ്പദ് വ്യവസ്ഥ പുഷ്ടിപ്പെടുത്തുന്ന ഏറ്റവും വലിയ വിഭാഗം ആയതുകൊണ്ട് അവർക്ക് ഇളവുകൾ നേടിക്കൊടുക്കുവാനുള്ള മാർഗ്ഗങ്ങൾ ആരായാവുന്നതാണ്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

98 (T* 1983) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് കഴിഞ്ഞ വർഷം ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതി എന്ന് മുതൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ഡി) എത്ര രൂപയാണ് ഓരോ ജീവനക്കാരിൽ നിന്നും ഈടാക്കുന്നത് എന്നും വ്യക്തമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് 24-4-2017-ലെ സ.ഉ. (അച്ചടി) നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭഘട്ടത്തിലുള്ള ചർച്ചകൾ, പഠനം എന്നിവയ്ക്കുശേഷം ഹെൽത്ത് ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താല്പര്യപത്രം ക്ഷണിക്കുകയും ചെയ്തു. തുടർന്ന് ടെണ്ടർ ക്ഷണിക്കുന്നതിന് വേണ്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായി കരാർ ഒപ്പിടുന്ന മുറയ്ക്ക് പദ്ധതി നിലവിൽ വരുന്നതാണ്.

(സി) ഇല്ല.

(ഡി) ടെണ്ടർ നടപടികൾ പൂർത്തിയായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ജീവനക്കാരിൽനിന്നും ഈടാക്കുന്ന തുക സംബന്ധിച്ച് വ്യക്തത കൈവരികയുള്ളൂ.

**സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

99 (T*1984) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കാൻ തീരുമാനിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് എപ്പോൾ പദ്ധതി നടപ്പിലാക്കാനാകും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രാരംഭ ഘട്ടത്തിലെ ചർച്ചകൾ, പഠനം എന്നിവയ്ക്ക് ശേഷം ഹെൽത്ത് ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താല്പര്യ പത്രം ക്ഷണിയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിക്കുന്നതിനുവേണ്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായി കരാർ ഒപ്പിടുന്ന മുറയ്ക്ക് പദ്ധതി നിലവിൽ വരുന്നതാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

100 (T*1985) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഇൻഷ്വറൻസ് വകുപ്പ് മുഖേന ഈ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേക്ക് 24-4-2017-ലെ സ.ഉ. (അച്ചടി) നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്.

(ബി) ടെണ്ടർ നടപടികൾ പൂർത്തിയാക്കി പദ്ധതി നടപ്പിൽ വരുന്ന മുറയ്ക്ക് ആവശ്യമായ പണം വകയിരുത്തുന്നതാണ്.

(സി) IRDA അംഗീകാരമുള്ള Insurance Company മുഖേന നിലവിൽ ധനകാര്യ വകുപ്പാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

## സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

101 (T 1986) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നത് ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ആയത് ഏതു തരത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി ഏറ്റെടുക്കാൻ തയ്യാറായി ആരെല്ലാം സർക്കാരിനെ സമീപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്ന് നിലവിൽ വരുമെന്ന് വെളിപ്പെടുത്തുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) പ്രാരംഭ ഘട്ടത്തിലെ ചർച്ചകൾ, പഠനം എന്നിവയ്ക്കുശേഷം ഹെൽത്ത് ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താല്പര്യപത്രം ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിക്കുന്നതിന് വേണ്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായി കരാർ ഒപ്പിടുന്ന മുറയ്ക്ക് പദ്ധതി നിലവിൽ വരുന്നതാണ്.

(ബി) IRDA അംഗീകരിച്ച Insurance Company-കൾ മുഖാന്തിരം ധനകാര്യ വകുപ്പ് നടപ്പാക്കുന്നതാണ്.

(സി) ഗവൺമെന്റ് താൽപ്പര്യപത്രം ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ IRDA അംഗീകരിച്ച 5 ഇൻഷ്വറൻസ് കമ്പനികൾ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(ഡി) ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പിടുന്ന മുറയ്ക്ക് പദ്ധതി നിലവിൽ വരുന്നതാണ്.

## റീ-ഇൻഷ്വറൻസ് മുഖേന നടപ്പിലാക്കിവന്ന സ്കീമുകൾ കോ-ഇൻഷ്വറൻസ് മുഖേനയാക്കിയ നടപടി

102 (1987) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ജനറൽ ഇൻഷ്വറൻസ് പദ്ധതികൾ ഏതെല്ലാം എന്ന് അറിയിക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം റീ- ഇൻഷ്വറൻസ് മുഖേനയും ഏതെല്ലാം കോ-ഇൻഷ്വറൻസ് മുഖേനയും നടപ്പിലാക്കുന്നു എന്ന് വിശദാംശം സഹിതം അറിയിക്കുമോ;

(സി) റീ-ഇൻഷുറൻസ് മുഖേന നടപ്പിലാക്കിവന്ന സ്കീമുകൾ കോ- ഇൻഷ്വറൻസ് മുഖേനയാക്കിയ നടപടി പുന:പരിശോധിക്കുവാൻ തയ്യാറാകുമോ;

(ഡി) വകുപ്പിലെ ഡെവലപ്മെന്റ് ഓഫീസർമാരുടെ സേവനം നിലവിൽ കോ- ഇൻഷ്വറൻസിൽ ഏർപ്പെട്ടിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ബിസിനസ് വർദ്ധിപ്പിക്കുന്നതിനാണ് ഉതകുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ ന്യൂനത തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ പ്രവർത്തിക്കുന്നതും നിക്ഷേപങ്ങൾക്കും വായ്പകൾക്കും സർക്കാർ സുരക്ഷിതത്വം ഉറപ്പുനൽകുന്നതുമായ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫയർ, മറൈൻ, മിസ്സലേനിയസ് വിഭാഗത്തിൽപ്പെടുന്ന ഇൻഷ്വറൻസ് പദ്ധതികൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തരം നടപ്പാക്കിവരുന്നു.

(ബി&സി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുമായി നേരിട്ട് ഇടപാട് ഇല്ലാതിരുന്ന സഹകരണസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ ഇൻഷ്വറൻസ് ഇടപാടുകളാണ് കോ-ഇൻഷ്വറൻസിന്റെ ഭാഗമായി ചെയ്തുകൊണ്ടിരിക്കുന്നത്. വകുപ്പ് നേരിട്ട് ചെയ്യുന്ന ഇൻഷ്വറൻസ് ബിസിനസ്സും കോ-ഇൻഷ്വറൻസിലൂടെയുള്ള ബിസിനസ്സും റീ-ഇൻഷ്വറൻസിന് വിധേയമാക്കുന്നുണ്ട്. ഇവയല്ലാതെ റീ- ഇൻഷ്വറൻസിലൂടെ മാത്രം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഇൻഷ്വറൻസ് ഇടപാട് നടത്തുന്നില്ല.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് സ്കീമുകൾ**

103 (1988) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന ഏതെങ്കിലും പുതിയ സ്കീമുകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന പുതിയ സ്കീമുകളൊന്നും നടപ്പിലാക്കിയിട്ടില്ല.

**സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ പുതുതായി തസ്തികകൾ**

104 (1989) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിലവിൽ എത്ര ജീവനക്കാരാണ് ഉള്ളത് എന്ന് തസ്തിക, എണ്ണം, ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) വർദ്ധിച്ച ജോലി ഭാരത്തിനനുസൃതമായി വകുപ്പിൽ ജീവനക്കാർ ആവശ്യാനുസരണം ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഈ വകുപ്പിൽ പുതുതായി തസ്തികകൾ അനുവദിക്കണമെന്ന ഏതെങ്കിലും ശിപാർശ പരിഗണനയിൽ ഉണ്ടോ;എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(ഡി) ഈ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുന്നതിലേക്കായി പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിലവിൽ 325 ജീവനക്കാരാണ് ഉള്ളത്. ജില്ല, തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ പുതുതായി തസ്തികകൾ അനുവദിക്കണമെന്ന ശിപാർശ നിലവിൽ പരിഗണനയിലില്ല.

(ഡി) സംസ്ഥാന ഇൻഷുറൻസ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് ആസ്ഥാന മന്ദിരം**

105 (1990) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് സ്വന്തമായി ഒരു ആസ്ഥാന മന്ദിരം നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിലേക്കായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് സ്വന്തമായി ഒരു ആസ്ഥാന മന്ദിരം നിർമ്മിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സർക്കാർ ജീവനക്കാരുടെ അപകട ഇൻഷ്വറൻസ് പദ്ധതി

106 (T*1991) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ അപകട ഇൻഷ്വറൻസ് പദ്ധതിയിൽ ജീവനക്കാരൻ ഒരു വർഷം എന്ത് തുകയാണ് പ്രീമിയം ഇനത്തിൽ അടയ്ക്കേണ്ടതെന്ന് അറിയിക്കുമോ;

(ബി) നിലവിൽ ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) 2017-ൽ ക്ലെയിമിനുള്ള എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആയതിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും അറിയിക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരമുള്ള അപേക്ഷകളിൽ കാലതാമസം കൂടാതെ ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ അപകട ഇൻഷ്വറൻസ് പദ്ധതിയിൽ കെ.എസ്.ഇ.ബി. ജീവനക്കാർക്ക് 850 രൂപയും കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 550 രൂപയും മറ്റ് ജീവനക്കാർക്ക് 400 രൂപയുമാണ് നിലവിലെ പ്രീമിയം തുക.

(ബി) കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയാണ് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) 2017 വർഷത്തിൽ ക്ലെയിമിനുള്ള 112 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 48 എണ്ണം തീർപ്പാക്കിയിട്ടുണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

## ഇൻഷ്വറൻസ് വകുപ്പിന്റെ പുനഃസംഘടന

107 (1992) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും റിപ്പോർട്ട് പരിഗണനയിൽ ഉണ്ടോ;

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഇപ്രകാരമുള്ള പുനഃസംഘടന സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പുനഃസംഘടന എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് യാതൊരു റിപ്പോർട്ടും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി-ഡി) ബാധകമല്ല.

**മുദ്രപ്പത്രങ്ങളുടെ ക്ഷാമം**

108 (T* 1993) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുദ്രപ്പത്രങ്ങൾക്ക് ഏതെങ്കിലും വിധത്തിലുള്ള ക്ഷാമം നേരിടുന്നുണ്ടോ; എങ്കിൽ ഏതിനങ്ങൾക്കാണ് ക്ഷാമം നേരിടുന്നത്; പ്രസ്തുത ക്ഷാമം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ലൈസൻസ് ഇല്ലാത്തതും ലൈസൻസ് പുതുക്കാത്തതുമായ വെണ്ടർമാർ സംസ്ഥാനത്തിന്റെ പലഭാഗത്തും മുദ്രപ്പത്രങ്ങൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മുദ്രപ്പത്രങ്ങൾ വിൽക്കാൻ ലൈസൻസുള്ള പത്തനംതിട്ട ജില്ലയിലെ അംഗീകൃത വെണ്ടർമാരുടെ പേരുവിവരം ലഭ്യമാക്കാമോ;

(ഡി) മുദ്രപ്പത്രങ്ങളുടെ സ്റ്റോക്ക് വിവരം പ്രസിദ്ധപ്പെടുത്തണമെന്നുള്ള നിർദ്ദേശം എല്ലാ വിതരണ ലൈസൻസികളും പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരക്കാർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ചെറിയ വിലയുള്ള മുദ്രപ്പത്രങ്ങളുടെ കൃത്രിമ ക്ഷാമം സൃഷ്ടിക്കാൻ ഏതെങ്കിലും കോണിൽ നിന്നും ബോധപൂർവ്വമായ ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 50, 100 രൂപ നിരക്കിലുള്ള നോൺ ജുഡീഷ്യൽ സ്റ്റാമ്പ് പേപ്പറുകൾക്ക് ചില ജില്ലകളിൽ ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ട്രഷറികൾക്കാവശ്യമായ മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും വിതരണം ചെയ്യുന്ന തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ ഈ നിരക്കിലുള്ള സ്റ്റാമ്പ് പേപ്പറുകളുടെ സ്റ്റോക്ക് തീർന്നതാണ് മുദ്രപ്പത്രങ്ങളുടെ ലഭ്യതയിൽ കുറവ് വരാനിടയാക്കിയത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പത്തനംതിട്ട ജില്ലയിലെ അംഗീകൃത വെണ്ടർമാരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. *

(ഡി) മുദ്രപ്പത്രങ്ങളുടെ സ്റ്റോക്ക് വിവരം വെണ്ടർമാർ നോട്ടീസ് ബോർഡിൽ എഴുതി പ്രദർശിപ്പിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പാലിക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിന് ട്രഷറി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിനോടൊപ്പം അവ പാലിക്കാത്ത വെണ്ടർമാർക്കെതിരെ തക്കതായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സർക്കാർ സംവിധാനം വഴി തൊണ്ട് ശേഖരണം

109 (1994) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സംവിധാനം വഴി തൊണ്ട് ശേഖരിക്കാറുണ്ടോ; എങ്കിൽ ഈ സർക്കാർ നാളിതുവരെ എത്ര തൊണ്ട് ഇപ്രകാരം ശേഖരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കിയത് എങ്ങനെയാണെന്ന് വിശദീകരിക്കുമോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) നടപ്പിലാക്കിയതുമുതൽ നാളിതുവരെ ഈ പദ്ധതി വിജയകരമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; വിജയകരമാണെങ്കിൽ ആയതിന്റെ സാഹചര്യം വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്. സംഘങ്ങൾ, സ്വകാര്യ സംരംഭകർ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവർ വഴി ഈ സർക്കാർ നാളിതുവരെ 82791277 തൊണ്ട് സംഭരിച്ചിട്ടുണ്ട്.

(ബി) കയർ വ്യവസായ സഹകരണ സംഘങ്ങൾ, നാളികേര കർഷകരിൽ നിന്നും പ്രാദേശിക തൊണ്ട് ഡീലർമാർ മുഖേനയും തൊഴിലാളികൾ മുഖേനയും തൊണ്ട് സംഭരിക്കുകയും ആയതിന് "തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും" പദ്ധതിയിൽ നിന്ന് ഇൻസെന്റീവ് നൽകുകയും ചെയ്യുന്നു. പച്ചത്തൊണ്ടിന് 25 പൈസയും ഉണക്കത്തൊണ്ടിന് 20 പൈസയും ഇൻസെന്റീവായി നൽകുന്നു. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനും നാളികേര തൊണ്ട് സംഭരണം നടപ്പാക്കുന്നതിനുമായി കൊണ്ടുവന്നതാണ് ഈ പദ്ധതി. ഇതുവഴി ചകിരി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനും കയർ ഉൽപ്പാദന ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനും കഴിയുന്നു. കൂടാതെ മിനി ഡി.എഫ്. മില്ലുകൾക്ക് തൊണ്ട് ശേഖരിച്ച് നൽകുന്ന തൊഴിലാളികൾക്ക് ദിനബത്ത, ട്രാൻസ്പോർട്ടേഷൻ സബ്സിഡി, തൊണ്ട് സംഭരിച്ച് ഡീഫൈബറിംഗ് യൂണിറ്റുകൾ വഴി ചകിരി ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് ചകിരി സബ്സിഡി, തൊണ്ട് ശേഖരിക്കുന്നതിന് സംഘങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപ വരെ പ്രവർത്തന മൂലധനം തുടങ്ങി വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു.

(സി) വലിയൊരു അളവ് വരെ വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ശേഖരിക്കുന്ന തൊണ്ടിന് സംഘങ്ങൾക്ക് ഇൻസെന്റീവ്, ചകിരി സബ്സിഡി എന്നിവ ലഭിക്കുന്നതിനാൽ ഉൽപ്പാദക സംഘങ്ങളുടെ നഷ്ടം കുറയ്ക്കുന്നതിനും കയർപിരി മേഖലയിലെ സംഘങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് ചകിരി ലഭിക്കുന്നതിനാൽ അവരുടെ നഷ്ടം കുറയ്ക്കുന്നതിനും ഈ പദ്ധതി സഹായകരമാകുന്നു. എന്നാൽ നിലവിലുള്ള ഡീ-ഫൈബറിംഗ് മെഷീനുകൾ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുമ്പോഴേ ഉദ്ദേശിച്ച രീതിയിൽ പദ്ധതി വിജയകരമാക്കാൻ കഴിയുകയുള്ളൂ.

**കയർ കേരളയിലെ പങ്കാളിത്തം**

110 (1995) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കയർ കേരള' യിൽ ഇത്തവണ എത്ര ബയേഴ്സ് പങ്കെടുത്തുവെന്ന് വ്യക്തമാക്കുമോ; ഇതിൽ സ്വദേശികൾ എത്ര; വിദേശികൾ എത്ര;

(ബി) ഡൊമസ്റ്റിക് ബയേഴ്സ് ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്ന് എത്ര വീതം പങ്കെടുത്തുവെന്ന് വിശദമാക്കുമോ;

(സി) 'കയർ കേരള' യിലൂടെ ഏകദേശം എത്ര കോടി രൂപയുടെ വിദേശ മാർക്കറ്റ് ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഡൊമസ്റ്റിക് മാർക്കറ്റിൽ തൊഴിലുറപ്പ് പദ്ധതി വഴി ലഭിച്ചത് എത്ര; അല്ലാതെയുള്ള കയർ ഉൽപ്പന്നങ്ങൾക്ക് എത്ര; ഇവയ്ക്ക് ലഭിച്ച ഓർഡറുകൾ എത്ര വീതം; ഇവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) 'കയർ കേരള' യുടെ ആകെ ചെലവ് എത്രയാണ്; ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(എഫ്) 'കയർ കേരള'-യ്ക്ക് ഈ വർഷം കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചുവോ; എങ്കിൽ എത്ര; ഏതെല്ലാം ഇനങ്ങളിലെന്ന് വ്യക്തമാക്കുമോ;

(ജി) 'കയർ കേരള' യിൽ നിന്നും ലഭിച്ച കയർ ഭ്രവസ്ത്രത്തിന്റെ മുഴുവൻ ഓർഡറുകളും സമയബന്ധിതമായി നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കയർ കേരള 2017-ൽ 151 ബയേഴ്സ് ആകെ പങ്കെടുത്തിട്ടുണ്ട്. ഇവയിൽ 25 സ്വദേശികളും 126 വിദേശികളും ഉൾപ്പെടുന്നു.

(ബി)

| | | |
|---|---|---|
| ഉത്തർപ്രദേശ് | - | 2 |
| ബംഗാൾ | - | 2 |
| അസം | - | 3 |
| ഡൽഹി | - | 5 |
| ഗുജറാത്ത് | - | 1 |
| കർണാടക | - | 1 |
| തമിഴ്നാട് | - | 8 |
| ജാർഖണ്ഡ് | - | 2 |
| ജമ്മുകാശ്മീർ | - | 1 |
| ആകെ | - | 25 |

(സി) കയർ കേരളയിൽ വിദേശ വ്യാപാരികളും എക്സ്പോർട്ടർമാരും കയർ പൊതു മേഖലാ സ്ഥാപനങ്ങളും കയർ ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് കയർ കേരളയിൽ വച്ച് വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് 100 കോടി രൂപയുടെ വിദേശ വിപണി പ്രതീക്ഷിക്കുന്നുണ്ട്.

(ഡി) ഡൊമസ്റ്റിക് മാർക്കറ്റിലെ തൊഴിലുറപ്പ് പദ്ധതി വഴി 120 കോടി രൂപയുടെ ധാരണാപത്രമാണ് ഒപ്പ് വച്ചിരിക്കുന്നത്. ഇതുവഴി 185 കോടി സ്ക്വയർ മീറ്ററിന്റെ കയർ ഭ്രവസ്ത്രം നിർമ്മിച്ചു നൽകേണ്ടതായി വരും. കയർ മാറ്റുകൾ, മാട്രസ്സുകൾ, പായ, ടൈലുകൾ, റബ്ബറൈസ്ഡ് കയർ പ്രോഡക്ട്സ്, റഗ്ഗുകൾ, കയർ പിത്ത്, ഗാർഡൻ ആർട്ടിക്കിൾസ്, മറ്റ് പ്രകൃതിദത്ത നാര് ഉൽപ്പന്നങ്ങൾ, കയർ

മെഷീനറികൾ, ഡൊമസ്റ്റിക് മാർക്കറ്റിന്റെ ഭാഗമായി കയർ അപ്പെക്സ് പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ സംരംഭകർക്കും കയർ കേരള 2017-ൽ ഓർഡറുകളും വിപണനവും ലഭ്യമായിട്ടുണ്ട്. കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ ലഭ്യമാണെങ്കിലും സ്വകാര്യ സംരംഭകർക്ക് കയർകേരളയിൽ ഉണ്ടായ നേട്ടങ്ങളുടെ കണക്കുകൾ മൊത്തം തൊഴിലവസരങ്ങളുടെ വർദ്ധനവിൽ പ്രതിഫലിക്കുന്നതിലൂടെ മാത്രമേ മനസ്സിലാക്കുവാൻ സാധ്യമാകുകയുള്ളൂ.

(ഇ) 3.57 കോടി രൂപയാണ് സർക്കാരിൽനിന്നും അനുവദിച്ചിട്ടുള്ളത്. ഇനം തിരിച്ചുള്ള കണക്കുകൾ ഓരോ കമ്മിറ്റികളായി ഓഡിറ്റ് ചെയ്തുകൊണ്ടിരിക്കുന്നു.

(എഫ്) ഈ വർഷം ധനസഹായം ലഭ്യമായിട്ടില്ല. കയർകേരള 2017-ന് സാമ്പത്തിക സഹായം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ കേന്ദ്ര വാണിജ്യ മന്ത്രാലയം ഉല്പന്ന കേന്ദ്രീകൃത-ബ്രാന്റ് ഇന്ത്യ ഇവന്റുകൾക്ക് മാത്രമേ സഹായം ലഭ്യമാക്കുവാൻ കഴിയൂ എന്നും കയർകേരള ഒരു സംസ്ഥാനതല മേള ആയതിനാൽ ഈ ഗണത്തിൽ പരിഗിക്കാനായില്ലായെന്നും അറിയിച്ചിട്ടുണ്ട്.

(ജി) ഗ്രാമ പഞ്ചായത്തുകളിൽനിന്ന് നാളിതുവരെ ലഭിച്ച കയർ ഭൂവസ്ത്രത്തിന്റെ ഓർഡറുകളുടെ അളവ് 50,00,000 ച.മീ. (32.50 കോടി രൂപ) ആണ്. ഇതിൽ നിന്നും 3000000 ച.മീ. (19.50 കോടി രൂപയുടെ) ഭൂവസ്ത്രം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന ഓർഡർ പ്രകാരമുള്ള ഭൂവസ്ത്രം മാർച്ച് 31-ന് മുൻപ് വിതരണം ചെയ്യുന്നതാണ്.

**കയർ വ്യവസായ മേഖലയിൽ സമ്പൂർണ്ണ യന്ത്രവൽക്കരണം**

111 (1996) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർമേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ച രണ്ടാം പുനഃസംഘടനാ പദ്ധതി കയർ മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി രണ്ടാം പുനഃസംഘടനയിൽ എന്തൊക്കെ കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്; ഇതിനായി എൻ.സി.ഡി.സി. സഹായം ലഭ്യമാക്കിയിട്ടുണ്ടോ;

(സി) കയർ വ്യവസായ മേഖലയിൽ സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പിലാക്കിയാലെ പ്രസ്തുത മേഖലയ്ക്ക് ഇനി നിലനിൽപ്പുള്ളൂവെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കയർ മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കുവാൻ ശ്രമിച്ചപ്പോൾ അതിനെതിരെ നിരന്തര സമരമുണ്ടായതിനാൽ ഇതരസംസ്ഥാന കയർ ലോബിക്ക് മേൽക്കൈ ലഭിച്ചതാണ് കയർ മേഖലയിലെ ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണമെന്ന് വിലയിരുത്തുന്നുണ്ടോ?

<u>ഉത്തരം</u>

(എ) പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ സംഭരിക്കും എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി ഉൽപ്പാദിപ്പിച്ച കയർ, ഭൂവസ്ത്രമായി രൂപാന്തരപ്പെടുത്തുവാൻ തീരുമാനിക്കുകയും അതിനുള്ള വിപണി എന്ന നിലയ്ക്ക് 2017-ലെ കയർ കേരളയിൽവച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് കയർ വകുപ്പിന്റെ പ്രോജക്ട് ഓഫീസർമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, എം.ജി.എൻ.ആർ.ഇ.ജി.എസ്- ന്റെ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ എന്നിവർ ചേർന്ന് ധാരണാപത്രം ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. തന്മൂലം ആഭ്യന്തര വിപണി വികസിച്ചിട്ടുണ്ട്. കയർ ഭൂവസ്ത്ര പ്രോജക്ട് വഴി കയർ മേഖലയിൽ 4,45,000 തൊഴിൽ ദിനങ്ങൾ 2017-2018 സാമ്പത്തിക വർഷത്തിൽ സൃഷ്ടിക്കപ്പെട്ടുമെന്ന് കണക്കാക്കിയിട്ടുണ്ട്. കയർ മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ച രണ്ടാം പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായി ചുവടെ വിവരിക്കുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1. കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മുൻനിർത്തി 12 കോടി രൂപ പ്രവർത്തനമൂലധനം ഈ വർഷം അനുവദിച്ചിട്ടുണ്ട്. അപ്രകാരം 274 കയർ സഹകരണ സംഘങ്ങൾക്ക് 6.92 കോടി രൂപ പ്രവർത്തനമൂലധനമായി നൽകി. കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 വർഷം 36 സംഘങ്ങൾക്ക് 2,15,70,344 രൂപയും 2017-18 വർഷം 40 സംഘങ്ങൾക്ക് 1,83,88,814 രൂപയും അനുവദിച്ചു.

2. കയർ വ്യവസായമേഖലയെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി വിവിധ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 15 HP-യുടെ 65 ഡിഎഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപ കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനിക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

3. പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

4. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനിക്ക് തുക അനുവദിച്ചിട്ടുണ്ട്.

(ബി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ടുസംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർ മേഖലയിലെ രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും രണ്ടാം പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നു. പരമ്പരാഗത

മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന നടപ്പിലാക്കുന്നത്. പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കയർകേരള 2017-ൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിനിയോഗത്തിനുള്ള ധാരണാപത്രം പ്രോജക്ട് ആഫീസർമാർ (കയർ), തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിനിധികൾ എൻ.ആർ.ഇ.ജി.എസ്. പ്രതിനിധികൾ എന്നിവർ ചേർന്ന് ഒപ്പ് വച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദന, കയർപിരി, ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഈ പദ്ധതി നടപ്പിലായി കഴിഞ്ഞു. ഈ സാമ്പത്തിക വർഷം പരമാവധി തൊഴിൽ എന്ന ലക്ഷ്യം കൈവരിക്കാനാകും. ചകിരി വില ക്രമാതീതമായി വർദ്ധിക്കുകയാണ്. സബ്സിഡി നൽകി കയർഫെഡുവഴി സർക്കാർ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കിവരുന്നുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ 26,51,83,457 രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. ഈ നടപടികളെല്ലാം 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാണ്.

കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു. 12 കോടി രൂപ പ്രവർത്തനമൂലധനം നൽകുന്നതിനായി ഈ വർഷം അനുവദിച്ചിട്ടുണ്ട്. അപ്രകാരം 274 കയർ സഹകരണ സംഘങ്ങൾക്ക് 6.92 കോടി രൂപ പ്രവർത്തനമൂലധനമായി നൽകി. കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 2016-17 വർഷം 36 സംഘങ്ങൾക്ക് 2,15,70,344 രൂപയും 2017-18 വർഷം 40 സംഘങ്ങൾക്ക് 1,83,88,814 രൂപയും അനുവദിച്ചിട്ടുണ്ട്. കയർ വ്യവസായമേഖലയെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണ യന്ത്രവകരണം നടപ്പിലാക്കിവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 15 HP-യുടെ 65 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കയർ മേഖലയുടെ ആധുനികവൽക്കരണം/ യന്ത്രവൽക്കരണം

ലക്ഷ്യംവച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും തുക കണ്ടെത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് എൻ.സി.ഡി.സി. പദ്ധതി. കയർ സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണത്തിനായി രണ്ടാം പുനഃസംഘടനയുടെ ഭാഗമായി എൻ.സി.ഡി.സി. സഹായം പ്രതീക്ഷിക്കുന്നു. കയർ വികസന വകുപ്പ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡുമായി ചേർന്ന് 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ കയർ സഹകരണ സംഘങ്ങളുടെ പുരോഗതിക്കായി 200 കോടി രൂപ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നവയാണ് :

1. കയർ മേഖലയുടെ ആധുനികവൽകരണം/യന്ത്രവൽക്കരണം, ഡീ-ഫൈബറിംഗ്, സ്പിന്നിംഗ് & വീവിംഗ് മെഷീനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, കൂടാതെ വിപണി വികസനത്തിന് ധനസഹായം നൽകുക.

2. വിലസ്ഥിരതയ്ക്കും വരുമാന സ്ഥിരതക്കും പ്രാധാന്യം നൽകി, സബ്സിഡി അനുവദിച്ച് കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തി അതിലൂടെ കയർ സഹകരണ സംഘങ്ങളുടെ പുരോഗതി ഉറപ്പാക്കുക.

(സി) യന്ത്രവൽക്കരണവും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണവും നടപ്പാക്കി കൊണ്ടു മാത്രമേ കയർ വ്യവസായത്തിന് ഇനി നിലനിൽപ്പുള്ളൂ. തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങളിലെ ഉയർന്ന സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള ഉൽപ്പാദന രൂപങ്ങൾ കേരളത്തിലെ കയർ വ്യവസായത്തിന്റെ നിലനിൽപ്പിന് ഭീഷണിയായിട്ടുണ്ട്. ചകിരിയുടെ ദൗർലഭ്യമാണ് കയർ വ്യവസായം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. പരിസ്ഥിതി നിയമങ്ങൾ കർക്കശമായ സാഹചര്യത്തിൽ അഴുക്ക തൊണ്ടിൽനിന്നും ചകിരി ഉൽപ്പാദിപ്പിക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമായിട്ടുണ്ട്. നിലവിൽ പച്ചത്തൊണ്ടിൽനിന്നുള്ള വെള്ള ചകിരിക്കാണ് ആവശ്യമുള്ളത്. ഇത് യന്ത്ര സഹായമില്ലാതെ ഉൽപ്പാദിപ്പിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ട്. അന്യ സംസ്ഥാനങ്ങളോട് മത്സരിച്ച് നിൽക്കണമെങ്കിൽ തദ്ദേശീയമായി തൊണ്ട് ശേഖരിച്ച് അത് ചകിരിയാക്കേണ്ടതുണ്ട്. ഇത്തരത്തിൽ വൻതോതിൽ ഉൽപ്പാദിപ്പിക്കുന്ന ചകിരി കയറാക്കി മാറ്റണമെങ്കിൽ നൂതന സാങ്കേതിക വിദ്യയില ധിഷ്ഠിതമായ യന്ത്രവൽക്കരണം ആവശ്യമാണ്. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന നടപ്പിലാക്കുന്നത്.

(ഡി) വിലയിരുത്തിയിട്ടില്ല.

## കയർ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

112 (1997) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കയർ വ്യവസായത്തെ സംരക്ഷിക്കാനും പുഷ്ടിപ്പെടുത്താനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) കയർ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് നൂതന പദ്ധതികൾ എന്തെങ്കിലും സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കയർ മേഖലയെ സംരക്ഷിക്കാനും പുഷ്ടിപ്പെടുത്താനുമായി സർക്കാർ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കയർ ഭൂവസ്ത്ര വികസന പരിപാടി

ഹരിത കേരളം പരിപാടിയുടെ ഭാഗമായി കേരളത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ ജല സംരക്ഷണം, മണ്ണ് സംരക്ഷണം, കൃഷി, റോഡ് നിർമ്മാണം, തോടുകളുടെയും കുളങ്ങളുടെയും ഭിത്തി സംരക്ഷണം എന്നീ പ്രവൃത്തികൾക്ക് കയൽ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനായി 120 കോടി രൂപയുടെ ധാരണാപത്രം ആലപ്പുഴയിൽ നടന്ന കയർ കേരള 2017-ൽ വച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവയ്ക്കുകയുണ്ടായി. ജിയോ ടെക്സ്റ്റൈൽസ് വിരിക്കുന്ന പദ്ധതി കേരളത്തിലുടനീളം ആരംഭിച്ചുകഴിഞ്ഞു. ഇതുവഴി കയർ യാണിന്റെ ഡിമാന്റ് കൂടാനും കയർപിരി തൊഴിലാളികൾക്ക് ജോലിയോടൊപ്പം മാന്യമായ വേതനം ഉറപ്പാക്കാനും കഴിയും.

2. കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം

പ്രവർത്തന മൂലധനത്തിന്റെ അഭാവമാണ് മറ്റേതൊരു മേഖലയിലുള്ള സഹകരണ സംഘങ്ങളേയുംപോലെ കയർ സഹകരണ സംഘങ്ങളും നേരിടുന്ന പ്രധാന വെല്ലുവിളി. കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനും ധനകാര്യ സ്ഥാപനത്തിൽനിന്നും വായ്പയെടുത്ത് ആധുനികവൽകരണം നടത്തുന്നതിനും കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം എന്ന പദ്ധതി നടപ്പിലാക്കി. 2017-18 സാമ്പത്തിക വർഷം 12 കോടി രൂപ ഇതിനായി വകയിരുത്തുകയും ടി തുകയിൽ 6.92 കോടി രൂപ 274 സംഘങ്ങൾക്ക് ഇതുവരെ പ്രവർത്തന മൂലധനമായി അനുവദിക്കുകയും ചെയ്തു.

3. <u>മാനേജീരിയൽ സബ്സിഡി</u>

കയർ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംഘങ്ങളിൽ നടപ്പാക്കേണ്ട ചുമതലയുള്ള സംഘം സെക്രട്ടറിമാർക്ക് സംഘത്തിന്റെ സാമ്പത്തിക പരാധീനത കാരണം വളരെ തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത്. ആയതിനാൽ കയർപിരി സംഘങ്ങളിലേയും കയർ മാറ്റ്സ് സംഘങ്ങളിലേയും സെക്രട്ടറി മാനേജീരിയൽ തസ്തികകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർ എന്നിവരുടെ പ്രതിമാസ ശമ്പളത്തിന്റെ ഒരു ഭാഗമെങ്കിലും ഒരു നിശ്ചിത കാലയളവിലേയ്ക്ക് സർക്കാർ മുഖാന്തരം നൽകി സർക്കാരിന്റെ വികസന പദ്ധതികൾ കയർ മേഖലയിൽ ഫലപ്രദമായി നടപ്പിലാക്കുകയും അതിലൂടെ സംഘങ്ങളെ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനുമായി മാനേജീരിയൽ സബ്സിഡി പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുകയും 3 കോടി രൂപ എസ്.ഡി.ജി. വഴി നൽകുകയുമുണ്ടായി. 10 പ്രോജക്ടുകളിലായി ആകെ 412 ജീവനക്കാർക്ക് 2016 ജൂൺ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ മാനേജീരിയൽ സബ്സിഡി നൽകുന്നതിനായി 2,07,15,000 രൂപയുള്ള ഭരണാനുമതി നൽകുകയുമുണ്ടായി. പ്രസ്തുത തുക പൂർണ്ണമായും ചെലവഴിക്കുകയുണ്ടായി.

4. <u>എൻ.സി.ഡി.സി. പദ്ധതി</u>

കയർമേഖലയുടെ ആധുനികവൽക്കരണം/യന്ത്രവൽക്കരണം ലക്ഷ്യം വെച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും തുക കണ്ടെത്തുന്നതിന് സർക്കാർ മുന്നോട്ടുവെച്ച പദ്ധതിയാണിത്.

കയർ വികസന വകുപ്പ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡുമായി ചേർന്ന് 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ കയർ സഹകരണ സംഘങ്ങളുടെ പുരോഗതിക്കായി 200 കോടി രൂപ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ സവിശേഷതകൾ:

1. കയർ മേഖലയുടെ ആധുനികവൽക്കരണം/യന്ത്രവൽക്കരണം, ഡീ-ഫൈബറിംഗ്, സ്പിന്നിംഗ് & വീവിംഗ് മെഷീനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, കൂടാതെ വിപണി വികസനത്തിന് ധനസഹായം നൽകുക.

2. വിലസ്ഥിരതയ്ക്കും വരുമാന സ്ഥിരതയ്ക്കും പ്രാധാന്യം നൽകി, സബ്സിഡി അനുവദിച്ച് കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തി അതിലൂടെ കയർ സഹകരണ സംഘങ്ങളുടെ പുരോഗതി ഉറപ്പാക്കുക.

മേൽപ്പറഞ്ഞ പദ്ധതികൾക്കുപുറമേ ക്രയവിലസ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡിനും കയർ കോർപ്പറേഷനും കയർ വിപണിയിൽ ഇടപെട്ട് യാൺ ഉൽപ്പന്നങ്ങൾക്ക് ന്യായവില നൽകി സംഭരിക്കുന്നതിന് ഈ വർഷം 48.7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എം.ഡി.എ. പദ്ധതി പ്രകാരം 880 ലക്ഷം രൂപയും പി.എം.ഐ. പദ്ധതി പ്രകാരം 550 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. തൊണ്ട് സംഭരണവും വിതരണവും കാര്യക്ഷമമാക്കുന്നതിനായി കയർഫെഡിന്റെ നേതൃത്വത്തിൽ കുടുംബശ്രീ യൂണിറ്റുകൾ, അഗ്രോ ഫാർമേഴ്സ് സൊസൈറ്റികൾ, നാളികേര കർഷകർ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് മൊബൈൽ ആപ്പ് വഴി തൊണ്ട് സംഭരണവും ചകിരി വിതരണവും നടത്തുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽവരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് വീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ചക്കിട്ടപാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നേതൃത്വത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ്. മെഷീൻ സ്ഥാപിച്ചു കഴിഞ്ഞു. 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും 8000 ഇലക്ട്രോണിക് റാട്ടുകളും ആവശ്യമായ മറ്റ് യന്ത്രങ്ങളും സ്ഥാപിച്ചുകൊണ്ട് കയർപിരി മേഖല പൂർണ്ണമായി യന്ത്രവത്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കയർ തൊഴിലാളി പെൻഷൻ ഉൾപ്പെടെ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്ന കയർ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി 2016-17-ൽ 86.57 കോടി രൂപയും 2017-18-ൽ 86.33 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ നടപ്പാക്കുന്ന മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം നൽകുന്നു.

2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.

3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വികസന സഹായം (എം.ഡി.എ.) നൽകിവരുന്നു.

4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.

5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ 'സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി' നൽകിവരുന്നു.

6. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

7. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

8. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.

9. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

10. പരമ്പരാഗത കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

11. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

12. 2017-ലെ ഓണക്കാലത്ത് കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ എന്നീ പൊതു മേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118 ഓളം സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതി കളിലൂടെ വിപണനം നടത്തുകയും 12.32 കോടി രൂപയുടെ ഉൽപ്പന്ന ങ്ങൾ അപ്രകാരം വിറ്റഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കയർ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി നൂതന സാങ്കേതികവിദ്യകളുടെ സഹായത്തോടെ കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽ ഫെൽറ്റ് കയർ കോമ്പോസിറ്റുകൾ എന്നിവ നിർമ്മിച്ച് വിപണനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ കയർ ഭൂവസ്ത്ര നിർമ്മാണം നടത്തുന്നുണ്ട്. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് കണിച്ചുകുളങ്ങര സ്ഥാപിച്ചിട്ടുള്ള കയർ കോമ്പോസിറ്റ് ഫാക്ടറി ഉടൻ പ്രവർത്തനക്ഷമമാകും.

**രണ്ടാം കയർ പുനഃസംഘടനാ സ്കീം**

113 (1998) ശ്രീ. വി. ജോയി :

ശ്രീ. എം. രാജഗോപാലൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം കയർ പുനഃസംഘടനാ സ്കീം സമയബന്ധിതമായി നടപ്പാക്കാൻ ആവശ്യമായ എന്തെല്ലാം നടപടികളാണ് ഈ മേഖലയിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കയർ വ്യവസായത്തിന്റെ ആധുനികവത്കരണത്തിനുള്ള എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കയർ വ്യവസായ മേഖലയിലെ യന്ത്രവൽക്കരണത്തിലൂടെ ഉൽപ്പാദന ക്ഷമതയും ഗുണമേന്മയും വർദ്ധിപ്പിച്ച് ആഭ്യന്തര-വിദേശ വിപണനം ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഈ മേഖലയിൽ ആധുനികവത്കരണം നടപ്പാക്കുമ്പോൾ പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ടാം കയർ പുനഃസംഘടനാ സ്കീം സമയബന്ധിതമായി നടപ്പാക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചികരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നു. കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തനമൂലധനം നൽകുന്നതിനായി ഈ വർഷം 12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 274 കയർ സഹകരണ സംഘങ്ങൾക്ക് 6.92 കോടി രൂപ പ്രവർത്തനമൂലധനമായി നൽകി കഴിഞ്ഞിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ

വികസനത്തിനായി 2016-17 വർഷം 36 സംഘങ്ങൾക്ക് 2,15,70,344 രൂപയും 2017-18 വർഷം 40 സംഘങ്ങൾക്ക് 1,83,88,814 രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്. കയർ വ്യവസായ മേഖലയെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. 10 HP-യുടെ 60 ഡിഎഫ്. മെഷീൻ കയർ മെഷിനറി ഫാക്ടറി വഴി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1,35,00,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചു. 15 HP യുടെ 65 ഡി.എഫ്. മെഷീൻ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപ മെഷിനറി ഫാക്ടറിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2500 ഇലക്ട്രോണിക് റാട്ടുകൾ സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും മെഷിനറി ഫാക്ടറിക്ക് തുക അനുവദിച്ചിട്ടുണ്ട്.

പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടു മാത്രമേ യന്ത്രവൽക്കരണം നടപ്പാക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തും. ഇവിടെ തൊണ്ട് സംഭരണം മുതൽ ഉൽപ്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും.

(ബി) കയർ വ്യവസായത്തിനെ ആധുനികവൽക്കരിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉത്പ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യ വത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്ത

മാക്കുന്നതിനും രണ്ടാം പുനഃസംഘടന വഴി ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന നടപ്പാക്കുന്നത്. കയർ വ്യവസായ മേഖലയെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 10 HP-യുടെ 60 ഡി.എഫ്. മെഷീൻ കയർ മെഷിനറി ഫാക്ടറി വഴി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1,35,00,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചു. 15 HP യുടെ 65 ഡി.എഫ്. മെഷീൻ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും മെഷിനറി ഫാക്ടറിക്ക് തുക അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ടു വീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കയൽഫെഡിന്റെ കീഴിൽ മൊബൈൽ ആപ്പ് വഴി തൊണ്ട് സംഭരണവും വിതരണവും നടത്തുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) കയർ ഉൽപ്പന്നങ്ങൾക്ക് ദേശവ്യാപകമായി വിപണന ശൃംഖല വ്യാപിപ്പിക്കാനായി കയർ ഉൽപ്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തിന് പുറത്ത് കയർഫെഡിനും കയർ കോർപ്പറേഷനും പരമ്പരാഗത വിപണന രീതിയിലുള്ള ഡിപ്പോകളും വിപണന കേന്ദ്രങ്ങളും ഉണ്ട്. ഇവയ്ക്ക് പുറമെയാണ് നവീന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള ഇത്തരമൊരു കമ്പനി സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. വിദേശ വിപണി വ്യാപിപ്പിക്കുക എന്ന ലക്ഷ്യംകൂടി മുൻനിർത്തി എല്ലാ വർഷവും കയർകേരള നടത്തിവരുന്നു. കൂടാതെ കയർ വ്യവസായ മേഖലയിലെ ആഭ്യന്തര വിദേശ വിപണനം ഊർജ്ജിതമാക്കാൻ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു :

1. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ) നൽകിവരുന്നു.

2. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

3. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

4. 2017-ലെ ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118 ഓളം സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു.

5. പ്രാദേശിക ഉൽസവങ്ങളുമായി ബന്ധപ്പെട്ട് താൽക്കാലിക വിപണന കേന്ദ്രങ്ങൾ തുറന്ന് വിപണനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

6. ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനായി കേരള സംസ്ഥാന കയർ കോർപ്പറേഷൻ എല്ലാ സംസ്ഥാനങ്ങളിലും ഡീലർമാരേയും സ്റ്റോക്കിസ്റ്റുമാരെയും കണ്ടെത്തുവാനും മറ്റ് സംസ്ഥാനങ്ങളിലെ പൊതു മേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവരുടെ ഷോറൂമുകൾ വഴി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(ഡി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവിധ ഏജൻസികളെ ഏകോപിപ്പിച്ച്, ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് കയർ മേഖലയിൽ പുനഃസംഘടന നടപ്പാക്കുന്നത്. പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2017-ലെ കയർകേരളയിൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദന, കയർപിരി, ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഈ പദ്ധതി നടപ്പിലായി കഴിഞ്ഞു. ഈ സാമ്പത്തിക വർഷം പരമാവധി തൊഴിൽ എന്ന ലക്ഷ്യം കൈവരി ക്കാനാകും. എന്നാൽ കേരളം ചകിരി ലഭ്യതയ്ക്ക് തമിഴ്നാടിനെയാണ് ആശ്രയിക്കുന്നത്. ചകിരി വില ക്രമാതീതമായി വർദ്ധിക്കു കയാണ്. സബ്സിഡി നൽകി കയർ

ഫെഡുവഴി സർക്കാർ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കി വരുന്നുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26,51,83,457 രൂപ നാളിതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്.

## കയർ ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് നടപടി

114 (1999) ശ്രീ. എസ്. ശർമ്മ :

ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. എം. നൗഷാദ് :

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ വ്യവസായ മേഖലയുടെ സമഗ്ര വികസനം സാധ്യമാകുംവിധം കയർ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗം വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് കയർ ഭൂവസ്ത്ര വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന ഏതെല്ലാം പദ്ധതികൾക്കാണ് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കയർ വ്യവസായ മേഖലയുടെ സമഗ്ര വികസനം സാധ്യമാകുംവിധം കയർ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് പ്രധാനമായും മൂന്ന് തരം പുതിയ ഉൽപ്പന്നങ്ങളാണ് പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽഫെൽറ്റ്, കയർ കോമ്പോസിറ്റുകൾ എന്നിവയാണ് അവ. കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ)

ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ കയർ ഭൂവസ്ത്രം നിർമ്മാണം നടത്തുന്നുണ്ട്. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് കണിച്ചുകുളങ്ങര സ്ഥാപിച്ചിട്ടുള്ള കയർ കോമ്പോസിറ്റ് ഫാക്ടറി ഉടൻ പ്രവർത്തനക്ഷമമാകും. കൂടാതെ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NCDC) സഹായത്തോടെ നടപ്പിലാക്കുന്ന പുനഃസംഘടനയുടെ ഭാഗമായി നവീന ഉൽപ്പന്നങ്ങളും കൂടുതൽ ഫാക്ടറികളും വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗം വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് കയർ ഭൂവസ്ത്ര വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ്/ജല/സംരക്ഷണ പ്രവൃത്തികളിലൂടെയാണ് പ്രധാനമായും കയർ ഭൂവസ്ത്രം പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ്/ജല/ സംരക്ഷണ പ്രവൃത്തികളിലൂടെയാണ് പ്രധാനമായും കയർ ഭൂവസ്ത്രം പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. പ്രസ്തുത പദ്ധതിയുടെ വിവിധ പ്രവൃത്തികളിലൂടെ കൃഷി, മണ്ണ് സംരക്ഷണം, നീർത്തടങ്ങളുടെയും ജലാശയങ്ങളു ടെയും സംരക്ഷണം, റോഡ് നിർമ്മാണം തുടങ്ങിയവയ്ക്കായി കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിക്കൊണ്ട് കയർ മേഖലയുടെ വികസനത്തിനായുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മണ്ണ്-ജല-സംരക്ഷണ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് ധാരണാ പത്രം ഒപ്പിടുകയും ഉപയോഗം സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കയർകേരള 2017-ൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിനിയോഗത്തിനുള്ള ധാരണാപത്രം പ്രോജക്ട് ആഫീസർ (കയർ), തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിനിധി, എൻ.ആർ.ഇ.ജി.എസ്. പ്രതിനിധി എന്നിവർ ചേർന്ന് ഒപ്പുവച്ചിട്ടുണ്ട്. വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നുലഭിച്ച ഓർഡർ പ്രകാരം ഇതുവരെ 15,86,66,950 രൂപ വിലയുള്ള 24,41,030 ചതുരശ്ര മീറ്റർ അളവ് കയർ ഭൂവസ്ത്രം കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ ലിമിറ്റഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ നൽകിക്കഴിഞ്ഞു.

## ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കയർ മേഖലയിലെ നവീകരണം

115 (2000) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തെ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളെന്തെല്ലാം;

(ബി) നിലവിൽ പ്രതിവർഷം എത്ര ടൺ കയറും കയറുത്പന്നങ്ങളും ഉത്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സാങ്കേതിക നവീകരണത്തിലൂടെ ഇത് എത്ര ടണ്ണായി ഉയർത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ;

(ഡി) സാങ്കേതിക നവീകരണംമൂലം കയർ പിരിക്കാർക്കും നെയ്ത്തുകാർക്കും തൊഴിൽ നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ടു സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർ മേഖലയിലെ രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും രണ്ടാം പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന നടപ്പിലാക്കുന്നത്. കയർ സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു. 12 കോടി രൂപ പ്രവർത്തനമൂലധനം നൽകുന്നതിനായി ഈ വർഷം അനുവദിച്ചിട്ടുണ്ട്. അപ്രകാരം 254 കയർ സഹകരണ സംഘങ്ങൾക്ക് 6.66 കോടി രൂപ പ്രവർത്തനമൂലധനമായി അനുവദിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 വർഷം 36 സംഘങ്ങൾക്ക് 2,15,70,344 രൂപയും 2017-18 വർഷം 40 സംഘങ്ങൾക്ക് 1,83,88,814 രൂപയും അനുവദിച്ചിട്ടുണ്ട്. കയർ വ്യവസായമേഖലയെ

ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 10 HP-യുടെ 60 ഡി.എഫ്. മെഷീനുകൾ കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി വഴി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1,35,00,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചു. 15 HP-യുടെ 65 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും മെഷിനറി ഫാക്ടറിക്ക് തുക അനുവദിച്ചിട്ടുണ്ട്. പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർ ഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗാമായുള്ള യന്ത്രവൽക്കരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടു മാത്രമേ യന്ത്രവൽക്കരണം നടപ്പാക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉല്പാദനം നടത്തും. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ലക്ഷ്യം വയ്ക്കുന്നു. തൊണ്ട് സംഭരണത്തിനും വിതരണത്തിനുമായി കയർഫെഡിന്റെ നേതൃത്വത്തിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി മൊബൈൽ ആപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ദേശവ്യാപകമായി കയർ വിപണന രംഗം ശക്തിപ്പെടുത്തുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയർ വ്യവസായത്തെ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കുന്നതിന് കേരള സംസ്ഥാന കയർ കോർപ്പറേഷൻ ചുവടെ പറയുന്ന വികസന പദ്ധതികൾ സ്വീകരിച്ചുവരുന്നു :

1. കമ്പനിയുടെ കയർ പാർക്ക് ഡിവിഷൻ- കണിച്ചുകുളങ്ങര, ബേപ്പൂർ ഡിവിഷൻ- കോഴിക്കോട് എന്നിവിടങ്ങളിൽ ആധുനിക യന്ത്രവത്കൃത കയർപിരി പ്രവർത്തനങ്ങൾ നടത്തുന്നു. ഇപ്പോൾ ഇവിടങ്ങളിൽ കയർ യന്ത്രനിർമ്മാണ ഫാക്ടറിയുടെ സഹായത്തോടെ ആധുനിക ഇലക്ട്രോണിക് റാട്ട്, ഓട്ടോമാറ്റിക് സ്പിന്നിംഗ് യന്ത്രം എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. കമ്പനിയുടെ അടൂർ കിൻഫ്രാ പാർക്ക് ഡിവിഷനിൽ ആധുനിക കയർ സ്പൂളിംഗ് യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

3. കമ്പനിയുടെ ബേപ്പൂർ ഡിവിഷനിൽ കയർ യന്ത്രനിർമ്മാണ ഫാക്ടറിയുടെ തൊണ്ട് തല്ല് മിൽ (30000 തൊണ്ട്/ദിവസം) സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം 2018 ഏപ്രിൽ മാസം പൂർത്തിയാകും.

4. കമ്പനിയുടെ കയർപാർക്ക് ഡിവിഷനിൽ ഒരു തൊണ്ട് തല്ല് യന്ത്രംകൂടി (കയർ യന്ത്രനിർമ്മാണ ഫാക്ടറിയുടെ യന്ത്രം) സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

5. തൊഴിലാളികളുടെ ജോലിഭാരം ലഘൂകരിക്കുന്നതിനുള്ള സെമി ഓട്ടോമാറ്റിക് തറികൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

6. കമ്പനിയുടെ അടൂർ കിൻഫ്രാ പാർക്കിൽ ഇറ്റലിയിൽനിന്നും ഇറക്കുമതി ചെയ്ത ആധുനിക ടഫ്റ്റിംഗ് യന്ത്രവും തടസ്സമില്ലാതെ വൈദ്യുതി ലഭിക്കുന്നതിനുള്ള 250 കെ.വി.എ. ജനറേറ്ററും സ്ഥാപിച്ച് 2018 ഫെബ്രുവരി 15 മുതൽ രണ്ട് ഷിഫ്റ്റ് ഉൽപ്പാദന പ്രവർത്തനവും ആരംഭിച്ചു.

(ബി) കയർഫെഡ് 2017-18 സാമ്പത്തിക വർഷത്തിൽ 1,20,000 ക്വിന്റൽ കയറും 7 കോടിയുടെ കയർ ഉൽപ്പന്നങ്ങളും സംഭരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പി.പി.എസ്.എസ്. വഴി ചെറുകിട ഉൽപ്പാദകരുടെ സംഘത്തിലൂടെ 2016-17 വർഷം 110 കോടി രൂപയുടെയും 2017-18 വർഷത്തിൽ 85 കോടി രൂപയുടെയും ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് സംഭരിച്ചു.

(സി) കയർ കോർപ്പറേഷനിൽ തുടർച്ചയായ സാങ്കേതികവിദ്യാ നവീകരണത്തിലൂടെ ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും കയർപിരി യൂണിറ്റുകൾ വഴി കമ്പനിയുടെ അടൂർ ടഫ്റ്റിംഗ് പ്ലാന്റിലെ ഒരു ഷിഫ്റ്റ് ഉൽപ്പാദനത്തിനുള്ള 6000 കിലോ കയർ ഉൽപ്പാദിപ്പിക്കാമെന്നും കണക്കുകൂട്ടുന്നു. സാങ്കേതിക നവീകരണം വഴി 2.60 ലക്ഷം ക്വിന്റൽ കയർ ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്ന് കയർഫെഡും പ്രതീക്ഷിക്കുന്നു.

(ഡി) പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കയർകേരള 2017-ൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിനിയോഗ ത്തിനുള്ള ധാരണാപത്രം പ്രോജക്ട് ആഫീസർമാർ (കയർ), തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിനിധികൾ, എൻ.ആർ.ഇ.ജി.എസ്. പ്രതിനിധികൾ എന്നിവർ ചേർന്ന് ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദന, കയർപിരി, ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഈ പദ്ധതി നടപ്പിലായി കഴിഞ്ഞു. ഈ സാമ്പത്തിക വർഷം പരമാവധി തൊഴിൽ എന്ന ലക്ഷ്യം കൈവരിക്കാനാകും. എന്നാൽ കേരളം ചകിരി ലഭ്യതയ്ക്ക് തമിഴ്നാടിനെയാണ് ആശ്രയിക്കുന്നത്. ചകിരി വില ക്രമാതീതമായി വർദ്ധിക്കുകയാണ്. സബ്സിഡി നൽകി കയർഫെഡുവഴി സർക്കാർ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കിവരുന്നുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ 26,51,83,457 രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. ഈ നടപടികളെല്ലാം തൊഴിൽ നഷ്ടമുണ്ടാകാതെ 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാണ്. സാങ്കേതിക നവീകരണം വഴി നിലവിലെ കയർപിരിക്കാർക്ക് തന്നെയാണ് കൂടുതൽ ഉൽപ്പാദനക്ഷമതയും വരുമാന വർദ്ധനവും ലക്ഷ്യമിടുന്നത്. പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് എം.ജി.എൻ.ആർ.ഇ.ജി.എസ്. വഴി കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതുവഴിയും നവീകരിച്ച തറികൾ സ്ഥാപിക്കുന്നതുവഴിയും നിലവിലുള്ള നെയ്ത്തുകാർക്ക് കൂടുതൽ തൊഴിലവസരവും കൂടുതൽ നെയ്ത്തുകാർക്ക് ജോലിയും ഉറപ്പുവരുത്തുവാൻ കഴിയുന്നു. കേരളത്തിൽ നടപ്പിലാക്കിവരുന്ന യന്ത്രവത്ക്കരണം തൊഴിലാളികളുടെ കായക്ലേശം കുറയ്ക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്ന തിനുമാണ് ലക്ഷ്യമിടുന്നത്. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് കയർ മേഖലയുടെ നവീകരണം ലക്ഷ്യമിട്ടിട്ടുള്ള രണ്ടാം പുനഃസംഘടന നടപ്പിലാക്കുന്നത്.

**കയർ സഹകരണസംഘങ്ങളുടെ പുനരുദ്ധാരണം**

116 (2001) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കയർപിരി മേഖലയെ സഹായിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് 2018-19 ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത് എന്നറിയിക്കുമോ;

(ബി) കയർ മേഖലയിലെ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) വായ്പാകുടിശ്ശിക വന്നതുമൂലം പ്രതിസന്ധിയിലായ കയർ സഹകരണ സംഘങ്ങളെ കരകയറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കയർ വ്യവസായത്തിന്റെ അസംസ്കൃത വസ്തുവായ തൊണ്ട് പരമാവധി തദ്ദേശീയമായി ശേഖരിക്കാനും ചകിരിയാക്കി മാറ്റാനും തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ മൂന്നിലൊന്ന് അതായത് ഏകദേശം 200 കോടി തൊണ്ട് ശേഖരിക്കാനും അത് 1000 ചകിരി മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചകിരി യാക്കിമാറ്റാനുമാണ് ഉദ്ദേശിക്കുന്നത്. ഈ മില്ലുകളിൽ പണിയെടുക്കുന്നതിന് 600 രൂപ കൂലി ഉറപ്പ് വരുത്തുന്ന വില നൽകി കയർഫെഡ് സംഭരിച്ച് കയർ സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കും. കയർ പിരി മേഖലയിൽ 1000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കും. കൂടാതെ ഇലക്ട്രോണിക് റാട്ടുകളും നൽകും. ഇവർക്ക് 300 രൂപ കൂലി നൽകിക്കൊണ്ട് പിരിക്കുന്ന കയർ മുഴുവൻ കയർഫെഡ് സംഭരിക്കും. റിട്ടയർ ചെയ്ത കയർ സഹകരണ സംഘം ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യവും പെൻഷനും ലഭ്യമാക്കുന്നതിനായി 5 കോടി രൂപ വകയിരുത്തി യിട്ടുണ്ട്. എടുത്ത വായ്പ കുടിശ്ശികയായി പ്രതിസന്ധിയിലായിട്ടുള്ള കയർ സഹകരണ സംഘങ്ങൾക്ക് പുനഃസംഘടനയുടെ ഭാഗമായി ബാങ്കുകളുമായി ആലോചിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നതാണ്. കയർ ഉൽപ്പന്ന മേഖലയിലെ മാനുഫാക്ചറിംഗ് സഹകരണ സംഘങ്ങൾ ആധുനിക ഫാക്ടറികളായി രൂപാന്തരപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നുണ്ട്.

(ബി) കയർ മേഖലയിലെ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1. <u>കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം</u>

   കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തു ന്നതിനും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനും ധനകാര്യ സ്ഥാപന ത്തിൽനിന്നും വായ്പയെടുത്ത് ആധുനികവത്ക്കരണം നടത്തുന്നതിനും കയർ കോ-ഓപ്പറേറ്റീവ് സപ്പൊർട്ട് സ്കീം എന്ന പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷം 12 കോടി രൂപ ഇതിനായി വകയിരുത്തുകയും ടി തുകയിൽ 6.92 കോടി രൂപ 274 സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി അനുവദിക്കുകയും ചെയ്തു.

2. കയർ ഭൂവസ്ത്ര വികസന പരിപാടി

ഹരിത കേരളം പരിപാടിയുടെ ഭാഗമായി, കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ജല സംരക്ഷണം, മണ്ണ് സംരക്ഷണം, കൃഷി, റോഡ് നിർമ്മാണം, തോടുകളുടെയും കുളങ്ങളുടെയും ഭിത്തി സംരക്ഷണം എന്നിവ നടപ്പിലാക്കുന്നതിനും കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിനുമായി ആലപ്പുഴയിൽ നടന്ന കയർ കേരള 2017-ൽ വച്ച് 120 കോടി രൂപയുടെ ധാരണാപത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവയ്ക്കുകയുണ്ടായി. ജിയോ ടെക്സ്റ്റൈൽസ് വിരിക്കുന്ന പദ്ധതി കേരളത്തിലുടനീളം ആരംഭിച്ചുകഴിഞ്ഞു. ഇതുവഴി കയർ യാണിന്റെ ഡിമാന്റ് കൂടാനും കയർപിരി തൊഴിലാളികൾക്ക് ജോലിയോടൊപ്പം മാന്യമായ വേതനം ഉറപ്പാക്കാനും കഴിയും.

3. മാനേജീരിയൽ സബ്സിഡി

കയർ പിരി സംഘങ്ങളിലേയും കയർ മാറ്റിംഗ്സ് സംഘങ്ങളിലെയും സെക്രട്ടറി, മാനേജ്മെന്റ് തസ്തികകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ ഒരു ഭാഗമെങ്കിലും ഒരു നിശ്ചിത കാലയള വിലേക്ക് സർക്കാർ മുഖാന്തരം നൽകി സർക്കാരിന്റെ വികസന പദ്ധതികൾ കയർ മേഖലയിൽ ഫലപ്രദമായി നടപ്പിലാക്കുകയും അതിലൂടെ സംഘങ്ങളെ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനുമായി മാനേജീരിയൽ സബ്സിഡി പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് 3 കോടി രൂപ അനുവദിക്കുകയും 10 പ്രോജക്ടുകളിലായി ആകെ 412 ജീവനക്കാർക്ക് 2016 ജൂൺ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിലെ മാനേജീരിയൽ സബ്സിഡി നൽകുന്ന തിനായി 2,07,15,000 രൂപ ചെലവഴിക്കുകയുമുണ്ടായി.

4. എൻ.സി.ഡി.സി. പദ്ധതി

കയർ മേഖലയുടെ ആധുനികവൽക്കരണം/യന്ത്രവൽക്കരണം ലക്ഷ്യംവെച്ച് കയർ വികസന വകുപ്പ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡുമായി ചേർന്ന് 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ കയർ സഹകരണ സംഘങ്ങളുടെ പുരോഗതിക്കായി 200 കോടി രൂപ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾക്കുപുറമെ ക്രയവിലസ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡിനും കയർ കോർപ്പറേഷനും കയർ വിപണിയിൽ ഇടപെട്ട് യാൺ/ഉല്പന്നങ്ങൾക്ക് ന്യായവില നൽകി സംഭരിക്കുന്നതിന് ഈ വർഷം 48.7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എം.ഡി.എ. പദ്ധതി പ്രകാരം 880 ലക്ഷം രൂപയും പി.എം.ഐ. പദ്ധതി പ്രകാരം 550 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ട് വീതം ചകിരിയാക്കാൻ ശേഷിയുള്ള ഒരു ഡി.എഫ്. മെഷീൻ സ്ഥാപിക്കുകയും തദ്ദേശീയമായി ശേഖരിച്ച തൊണ്ടുൾപ്പെടെ ചകിരിയാക്കി മാറ്റുകയും ചെയ്യുന്നു. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ചക്കിട്ടപാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നേതൃത്വത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ്. മെഷീൻ സ്ഥാപിച്ചു കഴിഞ്ഞു. 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും 8000 ഓളം ഇലക്ട്രോണിക് റാട്ടുകളും ആവശ്യമായ മറ്റ് യന്ത്രങ്ങളും സ്ഥാപിച്ചുകൊണ്ട് കയർപിരി മേഖല പൂർണ്ണമായി യന്ത്രവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ഇത് കൂടാതെ നടപ്പാക്കുന്ന മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.
4. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.
5. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.
6. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) വായ്പ കുടിശ്ശികയായി പ്രതിസന്ധിയിലായിട്ടുള്ള കയർ സഹരകരണ സംഘങ്ങൾക്ക് പുനഃസംഘടനയുടെ ഭാഗമായി ബാങ്കുകളുമായി ആലോചിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## കയർ വ്യവസായ മേഖല നവീകരിക്കുന്നതിന് പദ്ധതി

117 (2002) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. മുകേഷ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായ മേഖലയെ നവീകരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ;

(ബി) അയൽ സംസ്ഥാനങ്ങളിൽ കയർ വ്യവസായ രംഗത്ത് നടന്ന നവീകരണവും ഉല്പന്ന വൈവിധ്യവത്ക്കരണവും സംസ്ഥാനത്തെ കയർ വ്യവസായത്തെ എപ്രകാര മെല്ലാമാണ് പ്രതികൂലമായി ബാധിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) കയർ ഉത്പന്നങ്ങളുടെ ആഭ്യന്തര വിപണി കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കയർ ഉത്പന്നങ്ങൾ വിൽക്കുന്നതിന് രാജ്യവ്യാപകമായി വിപണന ശൃംഖല സൃഷ്ടിക്കുന്നതിനായി മാർക്കറ്റിംഗ് കമ്പനിയ്ക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കയർ വ്യവസായ മേഖലയെ നവീകരിക്കുന്നതിന് ഈ സർക്കാർ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽകരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽകരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർ മേഖലയിലെ രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും രണ്ടാം പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന നടപ്പിലാക്കുന്നത്. കയർ വ്യവസായമേഖലയെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണ യന്ത്രവത്ക്കരണം നടപ്പിലാക്കിവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 10 HP-യുടെ 60 ഡി.എഫ്. മെഷീനുകൾ കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി വഴി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1,35,00,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചു. 15 HP-യുടെ 65 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപി ക്കുന്നതിനുള്ള 8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും മെഷിനറി ഫാക്ടറിക്ക് തുക അനുവദിച്ചിട്ടുണ്ട്.

പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൊണ്ട് സംഭരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നു. എങ്കിലും ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവൽക്കരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടു മാത്രമേ യന്ത്രവൽക്കരണം നടപ്പാക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉല്പാദനം നടത്തും. ഇവിടെ തൊണ്ട് സംഭരണം മുതൽ ഉല്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ലക്ഷ്യം വയ്ക്കുന്നു. കയർ ഉൽപ്പന്നങ്ങളുടെ വിപണി ശൃംഖല വിപുലികരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഒരു കയർ ഉൽപ്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കയർ മേഖലയിലെ സഹകരണ സംഘങ്ങളുടെ നവീകരണത്തിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു :

1. <u>കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം</u>:

   പ്രവർത്തനമൂലധനത്തിന്റെ അഭാവമാണ് മറ്റേതൊരു മേഖലയിലുള്ള സഹകരണ സംഘങ്ങളേയുംപോലെ കയർ സഹകരണ സംഘങ്ങളും നേരിടുന്ന പ്രധാന വെല്ലുവിളി. കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനും ധനകാര്യ സ്ഥാപനത്തിൽനിന്നും വായ്പയെടുത്ത് ആധുനികവത്ക്കരണം നടത്തുന്നതിനും കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം എന്ന പദ്ധതി സർക്കാർ നടപ്പിലാക്കി. 2017 -18 സാമ്പത്തിക വർഷം 12 കോടി രൂപ ഇതിനായി വകയിരുത്തുകയും ടി തുകയിൽ 6.92 കോടി രൂപ 274 സംഘങ്ങൾക്ക് ഇതുവരെ പ്രവർത്തനമൂലധനമായി അനുവദിക്കുകയും ചെയ്തു.

2. കയർ ഭൂവസ്ത്ര വികസന പരിപാടി:

ഹരിത കേരളം പരിപാടിയുടെ ഭാഗമായി, കേരളത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ജല സംരക്ഷണം, മണ്ണ് സംരക്ഷണം, കൃഷി, റോഡ് നിർമ്മാണം, തോടുകളുടെയും കുളങ്ങളുടെയും ഭിത്തി സംരക്ഷണം എന്നിവയ്ക്ക് കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിന് 120 കോടി രൂപയുടെ ധാരണാപത്രം ആലപ്പുഴയിൽ നടന്ന കയർ കേരള 2017-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവയ്ക്കുകയുണ്ടായി. ജിയോ ടെക്സ്റ്റൈൽസ് വിരിക്കുന്ന പദ്ധതി കേരളത്തിലുടനീളം ആരംഭിച്ചു കഴിഞ്ഞു. ഇതുവഴി കയർ യാണിന്റെ ഡിമാന്റ് കൂടാനും കയർ പിരി തൊഴിലാളികൾക്ക് ജോലിയോടൊപ്പം മാന്യമായ വേതനം ഉറപ്പാക്കാനും കഴിയും.

3. മാനേജീരിയൽ സബ്സിഡി:

കയർ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംഘങ്ങളിൽ നടപ്പാക്കേണ്ട ചുമതലയുള്ള സംഘം സെക്രട്ടറിമാർക്ക് സംഘത്തിന്റെ സാമ്പത്തിക പരാധീനത കാരണം വളരെ തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത്. ആയതിനാൽ കയർ പിരി സംഘങ്ങളിലേയും കയർ മാറ്റിംഗ്സ് സംഘങ്ങളിലെയും സെക്രട്ടറി, മാനേജ്മെന്റ് തസ്തികകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർ എന്നിവരുടെ പ്രതിമാസ ശമ്പളത്തിന്റെ ഒരു ഭാഗമെങ്കിലും ഒരു നിശ്ചിത കാലയളവിലേക്ക് സർക്കാർ മുഖാന്തിരം നൽകി സർക്കാരിന്റെ വികസന പദ്ധതികൾ കയർ മേഖലയിൽ ഫലപ്രദമായി നടപ്പിലാക്കുകയും അതിലൂടെ സംഘങ്ങളെ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനുമായി മാനേജീരിയൽ സബ്സിഡി പദ്ധതി നടപ്പിലാക്കി. 10 പ്രോജക്ടുകളിലായി ആകെ 412 ജീവനക്കാർക്ക് 2016 ജൂൺ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിലെ മാനേജീരിയൽ സബ്സിഡി വിതരണം ചെയ്യുന്നതിന് 2,07,15,000 രൂപയ്ക്കുള്ള ഭരണാനുമതി നൽകി. പ്രസ്തുത തുക പൂർണ്ണമായും ചെലവഴിക്കുകയുമുണ്ടായി.

4. എൻ.സി.ഡി.സി. പദ്ധതി:

കയർ മേഖലയുടെ ആധുനികവൽക്കരണം/യന്ത്രവൽക്കരണം ലക്ഷ്യം വെച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും തുക കണ്ടെത്തുന്നതിന് സർക്കാർ മുന്നോട്ടുവച്ച പദ്ധതിയാണിത്.

കയർ വികസന വകുപ്പ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡുമായി ചേർന്ന് 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ കയർ സഹകരണ സംഘങ്ങളുടെ പുരോഗതിക്കായി 200 കോടി രൂപ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

1. കയർ മേഖലയുടെ ആധുനികവത്ക്കരണം/യന്ത്രവൽക്കരണം, ഡീ-ഫൈബറിംഗ്, സ്പിന്നിംഗ് & വീവിംഗ് മെഷിനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, കൂടാതെ വിപണി വികസനത്തിന് ധനസഹായം നൽകുക.

2. വിലസ്ഥിരതയ്ക്കും വരുമാന സ്ഥിരതക്കും പ്രാധാന്യം നൽകി, സബ്സിഡി അനുവദിച്ച് കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തി അതിലൂടെ കയർ സഹകരണ സംഘങ്ങളുടെ പുരോഗതി ഉറപ്പാക്കുക.

മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമേ ക്രയവിലസ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡിനും കയർ കോർപ്പറേഷനും വിപണിയിൽ ഇടപെട്ട് യാൺ/ഉല്പന്നങ്ങൾക്ക് ന്യായവില നൽകി സംഭരിക്കുന്നതിന് ഈ വർഷം 48.7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എം.ഡി.എ. പദ്ധതി പ്രകാരം 880 ലക്ഷം രൂപയും പി.എം.ഐ. പദ്ധതി പ്രകാരം 550 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണത്തിന്റെ ഭാഗമായി യന്ത്രവൽക്കരണം നടത്തിവരുന്നു. പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 1 ഡി.എഫ്. മെഷീൻ സ്ഥാപിക്കുകയും തദ്ദേശീയമായി ശേഖരിച്ച തൊണ്ടുൾപ്പെടെ ചകിരിയാക്കി മാറ്റുകയും ചെയ്യുന്നു. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ചക്കിട്ടപ്പാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നേതൃത്വത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ്. മെഷീൻ സ്ഥാപിച്ചു കഴിഞ്ഞു. 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും 8000 ഇലക്ട്രോണിക് റാട്ടുകളും ആവശ്യമായ മറ്റ് യന്ത്രങ്ങളും സ്ഥാപിച്ചുകൊണ്ട് കയർപിരി മേഖല പൂർണ്ണമായി യന്ത്രവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാനത്തെ കയർ വ്യവസായ മേഖലയെ നവീകരിക്കുന്നതിന് കേരള സംസ്ഥാന കയർ കോർപ്പറേഷൻ ബേപ്പൂർ, കണിച്ചുകുളങ്ങര മുതലായ ഫാക്ടറികളിൽ ഡീഫൈബറിംഗ് മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന

തിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ആധുനിക ചകിരി ഉൽപ്പാദന യൂണിറ്റുകളും കയർപിരി യൂണിറ്റുകളും മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റുകളും നടപ്പിലാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) അന്യസംസ്ഥാനങ്ങളിൽ ചകിരി ഉൽപ്പാദനത്തിലും കയർ ഉൽപ്പാദനത്തിലും മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലും കൈവരിച്ചിട്ടുള്ള പുരോഗതിമൂലം കടുത്ത മത്സരം കേരളത്തിലെ കയർ വ്യവസായം നേരിടുന്നുണ്ട്. കൂടാതെ ഇത് അസംസ്കൃത വസ്തുവായ ചകിരിയുടെ ലഭ്യതക്കുറവിനും വില വർദ്ധനവിനും കാരണമായിട്ടുണ്ട്. മുൻകാലങ്ങളിൽ തമിഴ്നാട്ടിൽ നിന്നുള്ള മത്സരം മാത്രമാണ് നേരിട്ടുവന്നിരുന്നതെങ്കിൽ ഇപ്പോൾ കർണ്ണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളും മത്സര രംഗത്തുണ്ട്.

(സി) കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനും പ്രദർശന വിൽപ്പന മേളകളിൽ പങ്കെടുക്കുന്നതിനും മേളകൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആഭ്യന്തര വിപണി കാര്യക്ഷമമാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന കയർ കോർപ്പറേഷൻ എല്ലാ സംസ്ഥാനങ്ങളിലും ഡീലർമാരെയും സ്റ്റോക്കിസ്റ്റുമാരെയും കണ്ടെത്തുവാനും മറ്റ് സംസ്ഥാനങ്ങളിലെ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവരുടെ ഷോറൂമുകൾ വഴി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. കയർ ഉൽപ്പന്നങ്ങളുടെ വിപണി ശൃംഖല വിപുലീകരിക്കാനായി പുതിയ സംവിധാനം ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശവ്യാപകമായി വിപണന ശൃംഖല വ്യാപിപ്പിക്കാനായി ഒരു കയർ ഉൽപ്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2017 ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 137 ഓളം സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാനപദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതിയും നടപ്പിലാക്കുകയുണ്ടായി. പ്രാദേശിക ഉൽസവങ്ങളിൽ താൽക്കാലിക സ്റ്റാളുകൾ വഴി വിപണനം നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(ഡി) കയർ ഉൽപ്പന്നങ്ങളുടെ വിപണി ശൃംഖല വിപുലീകരിക്കാനായി പുതിയ സംവിധാനം ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശവ്യാപകമായി വിപണന ശൃംഖല വ്യാപിപ്പിക്കാനായി ഒരു കയർ ഉൽപ്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## കയർ സൊസൈറ്റികൾക്ക് ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ

118 (2003) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ സൊസൈറ്റികൾക്ക് ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ നൽകാറുണ്ടോ; എങ്കിൽ ഈ സർക്കാർ നാളിതുവരെയായി ഏതെല്ലാം സംഘങ്ങൾക്ക് ഏതെല്ലാം മെഷീനുകൾ നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം ലഭ്യമാക്കിയ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളിൽ ഡീഫൈബറിംഗ്, സെമി ഓട്ടോമാറ്റിക്, ഓട്ടോമാറ്റിക്ക്ലും എന്നീ ഇനങ്ങളിൽപ്പെട്ട മെഷീനുകൾ എത്ര വീതമുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇവയെ കൂടാതെ മറ്റ് ഏതെങ്കിലും മെഷീനുകൾ നല്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

(എ&ബി) കയർ സൊസൈറ്റികൾക്ക് ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ നൽകാറുണ്ട്. ഈ സർക്കാർ നാളിതുവരെയായി സംഘങ്ങൾക്ക് താഴെ പറയുന്ന മെഷീനുകൾ നൽകിയിട്ടുണ്ട് :

1. ഇലക്ട്രോണിക് റാട്ട് - 10 പ്രോജക്ടുകളുടെ പരിധിയിൽ വരുന്ന 233 സംഘങ്ങൾക്കായി 2525 എണ്ണം.
2. ഡീഫൈബറിംഗ് മെഷീനുകൾ (15 എച്ച്.പി.)- 3 പ്രോജക്ടുകളുടെ കീഴിൽ വരുന്ന 19 സംഘങ്ങൾക്കായി 19 എണ്ണം.
3. വില്ലോയിംഗ് മെഷീൻ - 4 പ്രോജക്ടുകൾക്ക് കീഴിൽ വരുന്ന 38 സംഘങ്ങൾക്കായി 46 എണ്ണം.
4. ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ- തൃശ്ശൂർ പ്രോജക്ടിന് കീഴിൽ വരുന്ന 5 സംഘങ്ങൾക്കായി 10 എണ്ണം.

(സി) മേൽപ്പറഞ്ഞവ കൂടാതെ മറ്റ് മെഷീനുകളൊന്നും നൽകിയിട്ടില്ല.

## മണ്ണ് - ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം

119 (2004) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഇതിനകം എത്ര രൂപയുടെ കയർ ഭൂവസ്ത്രം ആണ് ഗ്രാമ പഞ്ചായത്തുകൾക്കും മറ്റും കൈമാറിയിട്ടുള്ളത്;

(സി) കയർ ഭൂവസ്ത്ര പദ്ധതി വ്യാപകമായി നടപ്പിലാക്കുന്നതോടെ കയർ മേഖലയിൽ എത്ര തൊഴിലവസരങ്ങൾ കൂടുതലായി സൃഷ്ടിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) 2017-18 കാലയളവിൽ നാളിതുവരെ 12,66,56,739 രൂപയുടെ കയർ ഭൂവസ്ത്രം ഗ്രാമ പഞ്ചായത്തുകൾക്കും മറ്റും കൈമാറിയിട്ടുണ്ട്.

(സി) കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കുന്നതുവഴി 2017-18 സാമ്പത്തിക വർഷത്തിൽ 4,45,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടും എന്ന് കണക്കാക്കുന്നു. ഇതുകൂടാതെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴിയും തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

**വിപണനം നടത്തിയ കയർ ഉല്പന്നങ്ങളുടെ കണക്ക്**

120 (2005) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ കയർ ഉല്പന്നങ്ങൾ എക്സ്പോർട്ട് മാർക്കറ്റിലും ഡൊമസ്റ്റിക് മാർക്കറ്റിലും വിപണനം നടത്താറുണ്ടോ;

(ബി) എങ്കിൽ ഓരോ സ്ഥാപനവും ഇക്കഴിഞ്ഞ 5 വർഷമായി വിപണനം നടത്തിയ കയർ ഉല്പന്നങ്ങളുടെ കണക്ക് ഇനം വർഷം എന്നിവ തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതിൽ ഏതെല്ലാം ഉല്പന്നങ്ങളാണ് ആഭ്യന്തര വിപണിയിലും പുറത്തും വില്പന നടത്തുന്നതെന്ന് പ്രത്യേകം വിശദീകരിക്കുമോ?

ഉത്തരം

(എ) കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ കയർ ഉൽപ്പന്നങ്ങൾ എക്സ്പോർട്ട് മാർക്കറ്റിലും ഡൊമസ്റ്റിക് മാർക്കറ്റിലും വിപണനം നടത്താറുണ്ട്.

(ബി) ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്

| വർഷം | ആഭ്യന്തരം (തുക ലക്ഷത്തിൽ) | വിദേശം (തുക ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| 2013-14 | 262.47 | 72.24 |
| 2014-15 | 394.40 | 50.00 |
| 2015-16 | 440.73 | 13.04 |
| 2016-17 | 413.00 | 56.54 |
| 2017-18 (3-3-2018 വരെ) | 531.52 | 18.66 (25 ലക്ഷം രൂപയുടെ ഓർഡർ ലഭിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ കമ്പനി പുതിയ ബ്രാൻഡിൽ കയർ മെത്തകൾ വിപണിയിൽ ഇറക്കുകയും നാളിതുവരെ 4 കോടി രൂപയുടെ വിപണനം നടത്തുകയും ചെയ്തു. ) |

കേരള സംസ്ഥാന കയർ കോർപ്പറേഷൻ

| വർഷം | ആഭ്യന്തരം (തുക ലക്ഷത്തിൽ) | വിദേശം (തുക ലക്ഷത്തിൽ) | പി.പി.എസ്.എസ്. |
|---|---|---|---|
| 2012-13 | 705.84 | 117 | 5996.17 |
| 2013-14 | 591.25 | 245 | 8849.98 |
| 2014-15 | 490.33 | 416 | 9628.90 |
| 2015-16 | 428 | 814 | 9024 |
| 2016-17 | 60 | 1016 | 11000 |

2016-17 സാമ്പത്തിക വർഷം പി.പി.എസ്.എസ്. പദ്ധതി പ്രകാരം 11,000 ലക്ഷം രൂപ വരുന്ന ഉൽപ്പന്നങ്ങളാണ് സംഭരിച്ചത്. 2015-16 വർഷത്തേക്കാൾ 21.89% വർദ്ധനവ് പി.പി.എസ്.എസ്. പദ്ധതിയിൽ കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2016 ഡിസംബർ മുതൽ കയറിന്റെയും മറ്റ് അസംസ്കൃത വസ്തുക്കളുടെയും വിലക്കുറവ് പരിഗണിച്ച് ഉൽപ്പന്ന സംഭരണം 15% വില കുറച്ചാണ് നടത്തിയിട്ടുള്ളത്. ഇതുകൂടി പരിഗണിക്കുമ്പോൾ സംഭരിച്ച ഉൽപ്പന്നങ്ങളുടെ യഥാർത്ഥ മൂല്യം 11553 ലക്ഷം വരും. 2015-16 നേക്കാൾ 28% വർദ്ധനവ് യഥാർത്ഥത്തിൽ ഉണ്ടായിട്ടുണ്ട്.

കയർഫെഡ്

വിൽപ്പനയുടെ വിശദാംശങ്ങൾ

1. വിദേശ വ്യാപാരം

| വർഷം | തുക (ലക്ഷത്തിൽ ) |
|---|---|
| 2012-13 | 150.52 |
| 2013-14 | 29.67 |
| 2014-15 | 13.11 |
| 2015-16 | 29.17 |
| 2016-17 (p) | 0.14 |

II. ആഭ്യന്തര വിപണി

1. കയറിന്റെ വിശദാംശങ്ങൾ

| വർഷം | വിൽപ്പന (ക്വിന്റൽ ) | തുക (ലക്ഷത്തിൽ) |
|---|---|---|
| 2012-13 | 73786.14 | 3003.95 |
| 2013-14 | 69966.24 | 3058.25 |
| 2014-15 | 61725.02 | 3275.45 |
| 2015-16 | 70295.83 | 3570.98 |
| 2016-17 (p) | 84569.962 | 4881.29 |

കയർ സംഭരണത്തിൽ 2016-17 വർഷത്തിൽ കയർഫെഡ് കയർ സംഭരണത്തിലും വിൽപ്പനയിലും സർവ്വകാല റെക്കോർഡ് നേടിയിട്ടുണ്ട്. 2015-16-നേക്കാൾ സംഭരണത്തിൽ 22%-ഉം വിൽപ്പനയിൽ 24%-ഉം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2017-18-ൽ മുൻവർഷത്തെ അപേക്ഷിച്ച് ഗണ്യമായ വർദ്ധനവ് കയർ വിൽപ്പനയിൽ കയർഫെഡ് നേടിയിട്ടുണ്ട്. 133702.16 ക്വിന്റൽ വിവിധയിനം കയർ ഇനങ്ങളാണ് വിറ്റഴിച്ചിട്ടുള്ളത്. 2018 ഫെബ്രുവരി വരെ സംഭരണത്തിൽ 31%-ഉം വിൽപ്പനയിൽ 75%-ഉം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ ചകിരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിനായി 2017-18 വർഷത്തിൽ 1,50,000 ക്വിന്റൽ ചകിരി 385.91 ലക്ഷം രൂപ മുടക്കി സംഭരിച്ച് അംഗ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

2) കയർ ഉൽപ്പന്നങ്ങളുടെ വിശദാംശങ്ങൾ

| വർഷം | വിൽപ്പന തുക (ലക്ഷത്തിൽ ) |
|---|---|
| 2012-13 | 540.26 |
| 2013-14 | 434.84 |
| 2014-15 | 440.25 |
| 2015-16 | 434.04 |
| 2016-17 (p) | 461.82 |

റബ്ബറൈസ്ഡ് കയർ ഉൽപ്പന്നങ്ങളുടെ വിശദാംശങ്ങൾ

| വർഷം | തുക (ലക്ഷത്തിൽ ) |
|---|---|
| 2012-13 | 1131.61 |
| 2013-14 | 1466.45 |
| 2014-15 | 1389.67 |
| 2015-16 | 1149.99 |
| 2016-17 (p) | 1050.59 |

1. പി.വി.സി.

| വർഷം | തുക (ലക്ഷത്തിൽ ) |
|---|---|
| 2012-13 | ........ |
| 2013-14 | ........ |
| 2014-15 | 187.00 |
| 2015-16 | 372.16 |
| 2016-17 (p) | 402.07 |

(സി) കയർ ജിയോ ടെക്സ്റ്റൈൽസ്, പി.വി.സി. ടഫ്റ്റഡ് മാറ്റ് എന്നീ ഉൽപ്പന്നങ്ങളാണ് കയർഫെഡ് എക്സ്പോർട്ട് ചെയ്തുവരുന്നത്. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്-നെ സംബന്ധിച്ച് കൂടുതലും ആഭ്യന്തര വിപണിയിലേക്കാണ് കയറുത്പന്നങ്ങൾ വിപണനം നടത്തുന്നത്. (തടുക്ക്, മാറ്റിംഗ് റോളുകൾ, റബ്ബർ ബാക്ക് ചെയ്ത ഉൽപ്പന്നങ്ങൾ). വിദേശ മാർക്കറ്റിൽ കൂടുതൽ അയയ്ക്കുന്നത് പവറിലും ജൂട്ട് ചായം, ഹാൻഡ്‌ലൂം ജൂട്ട് തടുക്ക് എന്നിവയാണ്. കയർ തടുക്കുകൾ ടഫ്റ്റഡ് മാറ്റുകൾ എന്നിവയുടെ ഓർഡറുകൾ കിട്ടുന്നതിനായി പരിശ്രമിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ആഭ്യന്തര വിപണിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ താഴെപ്പറയുന്നു :

1. FM2 inlaid
2. FM2 printed
3. BCI mat printed
4. RC3 mat
5. Rope mat
6. BC 20 moulded mat
7. Rubber tray mat
8. Panama moulded mat
9. Coir matting

10. Coir Geotextiles

11. Cricker mat

അന്താരാഷ്ട്ര വിപണിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ PVC tufted mats, Coir logs, Rubber mats, BCI printed mats, Coir Geotextiles എന്നിവയാണ്.

**കയർ ഉല്പന്നങ്ങളുടെ വിപണനം**

121 (2006) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ കോർപ്പറേഷൻ പി.പി.എസ്.എസ്. വഴി കയർ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്താറുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ സംഭരിച്ച ഉല്പന്നങ്ങൾ എക്സ്പോർട്ടിംഗ് മാർക്കറ്റല്ലാതെ, ഡൊമസ്റ്റിക് മാർക്കറ്റിൽ വിപണനം നടത്താറുണ്ടോ;

(സി) ഈ സർക്കാർ എത്ര കയർ ഉല്പന്നങ്ങൾ ഏതെല്ലാം സ്ഥലത്തുള്ളവർക്ക് വില്പന നടത്തിയെന്ന് വ്യക്തമാക്കുമോ; ഇവയുടെ വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ;

(ഡി) ഇത്തരത്തിൽ വില്പന നടത്തിയതിൽ ഡിസ്കൗണ്ട് നൽകിയിട്ടുണ്ടോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെയായി പി.പി.എസ്.എസ് വഴി സംഭരിച്ച് വിപണനം നടത്തിയവയ്ക്ക് എത്ര രൂപ ഡിസ്കൗണ്ട് അനുവദിച്ചിട്ടുണ്ടെന്നും അത് ആർക്കെല്ലാമെന്നും വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പി.പി.എസ്.എസ്. വഴി കയർ കോർപ്പറേഷൻ ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങളിൽനിന്നും കയർ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നുണ്ട്.

(ബി) പി.പി.എസ്.എസ്. വഴി സംഭരിച്ച ഉൽപ്പന്നങ്ങൾ കയർ കയറ്റുമതിക്കാർക്ക് ഡിസ്കൗണ്ട് വിലയിൽ നൽകുന്നുണ്ട്. കയറ്റുമതിക്കാർ വഴി വിപണനം നടത്തിയതിനുശേഷം ബാക്കി സ്റ്റോക്കായിരിക്കുന്ന ഉൽപ്പന്നങ്ങൾ കഴിഞ്ഞ ഓണക്കാലത്ത് മൂല്യവർദ്ധന വരുത്തിയശേഷം 30% സർക്കാർ റിബേറ്റിനും 20% കയർ കോർപ്പറേഷൻ ഡിസ്കൗണ്ടും നൽകി വിപണനം നടത്തുകയുണ്ടായി. 2017 ഓണക്കാലത്ത് ഇപ്രകാരം സംസ്ഥാനത്താകെ 120 താൽക്കാലിക വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടാണ് കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിൽപ്പന നടത്തിയത്. ഇവയിൽ 89 പ്രദർശന വിൽപ്പന കേന്ദ്രങ്ങൾ കയർ കോർപ്പറേഷൻ നടത്തിയതാണ്.

(സി) കേരള സംസ്ഥാന കയർ കോർപ്പറേഷൻ 2016 മേയ് മാസത്തിനു ശേഷം ആകെ 161.71 കോടി രൂപ വില വരുന്ന ഉൽപ്പന്നങ്ങൾ കയറ്റുമതിക്കാർ വഴിയും 7 കോടി രൂപ വില വരുന്ന ഉൽപ്പന്നങ്ങൾ ഓണം വിൽപ്പന വഴിയും 1 കോടി രൂപ വില വരുന്ന ഉൽപ്പന്നങ്ങൾ ഉത്തരേന്ത്യൻ വിപണിയിലും 14 കോടി രൂപ വില വരുന്ന ഉൽപ്പന്നങ്ങൾ പഞ്ചായത്തുകൾ വഴിയും വിറ്റഴിച്ചിട്ടുണ്ട്. വിശദമായ പട്ടിക അനുബന്ധം ആയി ചേർത്തിട്ടുണ്ട്.* കയർഫെഡ് വിൽപ്പന നടത്തിയ സ്ഥലങ്ങളുടെ വിവരവും തുകയും അടങ്ങുന്ന വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.*

(ഡി) ഉണ്ട്. കയറ്റുമതിക്കാർക്ക് വിലയിൽ 10 % സർക്കാർ ഡിസ്കൗണ്ടും ഓണക്കാല വിൽപ്പനയിൽ പൊതുജനങ്ങൾക്ക് 30% സർക്കാർ റിബേറ്റും 20% കയർ കോർപ്പഷൻ ഡിസ്കൗണ്ടും നൽകിയിട്ടുണ്ട്. കയർഫെഡ് 50% വരെ ഡിസ്കൗണ്ട് നൽകിയാണ് വിൽപ്പന നടത്തിയിട്ടുള്ളത്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി പി.പി.എസ്.എസ്. വഴി സംഭരിച്ച് വിപണനം നടത്തിയവയ്ക്ക് കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ ലിമിറ്റഡ് എന്നിവയ്ക്ക് അനുവദിച്ച ഡിസ്കൗണ്ട് ചുവടെ ചേർക്കുന്നു :

| വർഷം | കയർഫെഡ് (തുക) | കേരള സംസ്ഥാന കയർ കോർപ്പറേഷൻ ലിമിറ്റഡ് (തുക) |
|---|---|---|
| 2016-17 | 21,38,00,000 | 55,62,00,000 |
| 2017-18 | 25,40,71,758 | 23,29,28,242 |

2016-17-ൽ കയർ കോർപ്പറേഷന് പി.പി.എസ്.എസ്. പദ്ധതി പ്രകാരം 55.62 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ 6.62 കോടി രൂപ കയർ കോർപ്പറേഷന് പി.പി.എസ്.എസ്. പദ്ധതിയിലെ മുൻ കുടിശ്ശിക തീർക്കുന്നതിന് നൽകിയതാണ്. തുടർന്ന് കയർ ഉൽപ്പന്ന വിപണന രംഗത്ത് കടുത്ത മാന്ദ്യം ഉണ്ടായ സാഹചര്യത്തിൽ ഓണക്കാലത്തും ക്രിസ്തുമസ് കാലത്തും കയർ തൊഴിലാളികളുടെ താൽപര്യം മുൻനിർത്തി കയർ ഉത്പന്നങ്ങൾ സംഭരിക്കുന്നതിന് പ്രവർത്തന മൂലധനമടക്കം അഡ്വാൻസായി 49 കോടി രൂപ (10+10+6+23) അനുവദിച്ച് നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പി.പി.എസ്.എസ്. പ്രകാരമുള്ള സംഭരണ വിൽപ്പനയിലെ ചട്ടപ്രകാരമുള്ള സർക്കാർ ഡിസ്കൗണ്ട് ഇതിൽനിന്ന് ക്രമീകരിച്ച് കണക്കുകൾ പൂർത്തിയാക്കേണ്ടതുണ്ട്. 2016 സെപ്റ്റംബർ 21 മുതൽ കയറ്റുമതിക്കാർക്കുള്ള കിഴിവ് 10% ആയി ഉയർത്തിയ സാഹചര്യത്തിൽ പി.പി.എസ്.എസ്. പദ്ധതിയിലെ കയർ കോർപ്പറേഷന്റെ ആനുകൂല്യം 13.5%-ൽ നിന്നും 16% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.2017-18 വർഷത്തിൽ കയർ കോർപ്പറേഷന് 23,29,28,242 രൂപ പി.പി.എസ്.എസ്. പദ്ധതിയിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് എം.ജി.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് നടപ്പിലാക്കുന്ന കയർ ഭൂവസ്ത്ര പദ്ധതിക്ക് കയർ പൊതുമേഖലാ സ്ഥാപനങ്ങൾ നൽകുന്ന കയർ ഭൂവസ്ത്രത്തിന്റെ വില തൊഴിലുറപ്പ് പദ്ധതിയിലെ വിഹിതം ലഭിക്കുമ്പോൾ മാത്രമേ പഞ്ചായത്തുകൾ തിരികെ നൽകുകയുള്ളൂ. ഈ ഇടവേളയിലെ പ്രവർത്തനമൂലധനത്തിന്റെ കുറവുമൂലം പദ്ധതി മുടങ്ങിപ്പോകുന്ന സാഹചര്യം പരിഹരിന്നതിനായി കയർ കോർപ്പറേഷന് അടിയന്തര സഹായം ആവശ്യമായ തിനാലാണ് ടി തുക അനുവദിച്ച് നൽകിയത്. പ്രസ്തുത തുകകളുടെ ഫൈനൽ സെറ്റിൽമെന്റ് നടത്താനിരിക്കുകയാണ്.

## പഷ്ണിത്തോടിന് സമീപമുള്ള കയർഫെഡ് ഗോഡൗൺ

122 (2007) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർഫെഡിന്റെ ഉടമസ്ഥതയിൽ പള്ളുരുത്തി-ഇടക്കൊച്ചി നോർത്ത് ഭാഗത്ത് പഷ്ണിത്തോടിന് സമീപമുള്ള ഗോഡൗണുകളിലേക്ക് വഴിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഗോഡൗൺ എന്ത് പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) കേന്ദ്രസർക്കാർ സ്ഥാപനമായ എഫ്.ആർ.ബി.എൽ.-ന്റെ നേതൃത്വത്തിൽ ഈ കെട്ടിടത്തിൽ എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരി ച്ചിട്ടുള്ളത്; വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കയറും ചകിരിയും പിത്തും സൂക്ഷിക്കുവാനാണ് ടി ഗോഡൗൺ ഉപയോഗിച്ചുവരുന്നത്.

(സി) കയറും ചകിരിയും മറ്റു ഗോഡൗണുകളിൽ നിറയുമ്പോൾ ആയത് സൂക്ഷിക്കുവാനായിട്ടാണ് ടി ഗോഡൗൺ ഉപയോഗിച്ചുവരുന്നത്.

(ഡി) ടി കെട്ടിടത്തിൽ എഫ്.ബി.ആർ.ബി.എൽ-ന്റെ നേതൃത്വത്തിൽ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

**എച്ച്.എൻ.എൽ.- ന്റെ ഓഹരി വിൽപ്പന**

123 (2008) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എൻ.എൽ.-ന്റെ ഓഹരി വിൽക്കുന്നതിൽ നിന്നും പിന്മാറണമെന്ന സംസ്ഥാന സർക്കാരിന്റെ അപേക്ഷ കേന്ദ്രം നിരസിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എച്ച്.എൻ.എൽ.-ന്റെ ഓഹരികൾ ഓപ്പൺ ബിഡ് വഴി വിൽക്കുന്ന സാഹചര്യത്തിൽ, ബിഡ് പ്രോസസിംഗിൽ സംസ്ഥാന സർക്കാർ കൂടി പങ്കെടുത്ത് സ്ഥാപനത്തെ സംസ്ഥാന സർക്കാരിന്റെ സ്ഥാപനമാക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ ഓഹരി വിറ്റഴിക്കൽ നടപടികൾക്കെതിരെ അതത് സന്ദർഭങ്ങളിൽ സർക്കാരിന്റെ ആശങ്ക അറിയിച്ചിട്ടുണ്ട്. ഇതോടൊപ്പം സ്ഥാപനം പൊതുമേഖലയിൽ നിലനിർത്താനുള്ള അപേക്ഷയും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. കോട്ടയം ജില്ലയിൽ വെള്ളൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൻ. എൽ.-നെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2017 മാർച്ച് 13-ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ 9-1-2018-ലെ കേന്ദ്ര സർക്കാരിന്റെ കത്തിൽ എച്ച്.എൻ.എൽ.-ന്റെ ഓഹരികൾ വിറ്റഴിക്കൽ നടപടികൾ തുടരുകയാണെന്നും ഇത് ഓപ്പൺ ബിഡ്ഡിങ് വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സംസ്ഥാന സർക്കാരിനെ ബിഡ് പ്രോസസിംഗിന് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 8-2-2018-ൽ ബഹു. മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് വിറ്റഴിക്കൽ നടപടികളിൽ നിന്നും പിൻമാറണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി കത്തയയ്ക്കുകയുണ്ടായി.

## വ്യവസായരംഗത്ത് കൂടുതൽ മുതൽമുടക്ക് കൊണ്ടുവരുന്നതിന് പദ്ധതി

124 (2009) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ രംഗത്ത് കൂടുതൽ മുതൽമുടക്ക് കൊണ്ടുവരുന്നതിനും ആധുനീകരിക്കുന്നതിനും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത കർമ്മ പദ്ധതി നടപ്പിലാക്കുമ്പോൾ പ്രകൃതി വിഭവങ്ങളുടെ കാര്യത്തിൽ സുസ്ഥിര വികസനം എന്ന ലക്ഷ്യം നിറവേറ്റാൻ കഴിയുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) വ്യവസായ രംഗത്ത് കൂടുതൽ മുതൽ മുടക്ക് കൊണ്ടുവന്ന് കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി വളർത്തിയെടുക്കുന്നതിനായി സംസ്ഥാനത്തെ വ്യവസായ മേഖലയെ കുറിച്ച് വ്യക്തമായ പഠനം നടത്തുകയും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നിയമപരമായ അനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിന് ഉതകുന്ന രീതിയിൽ നിയമങ്ങളിൽ ഭേദഗതി വരുത്തി "ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ്-2017" പുറത്തിറക്കിയിരിക്കുകയാണ്. ഓർഡിനൻസ് നിയമമാക്കുന്നതിനുള്ള ബിൽ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുകയാണ്. ഇത്തരത്തിൽ വ്യവസായ സൗഹൃദ അന്തരീക്ഷമൊരുക്കി സംസ്ഥാനത്തിന്റെ വ്യവസായ മേഖലയുടെ ഉന്നമനത്തിനായുള്ള സമഗ്ര പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. വ്യവസായ ജാലകം പദ്ധതി, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, സംരംഭകർക്കുള്ള സാമ്പത്തിക സഹായം നല്കുന്നതിനുള്ള സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി, ആഷാ പദ്ധതി, ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ എന്നീ പദ്ധതികളും വ്യവസായ പശ്ചാത്തല സൗകര്യ വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന മൾട്ടി സ്റ്റോറീഡ് ശാലകളുടെ നിർമ്മാണം, നിലവിലുള്ള ഡി.എ/ഡി.പി.കളിൽ ജലലഭ്യത വൈദ്യുതീകരണം ആഭ്യന്തര റോഡുകളുടെ വികസനം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നിക്ഷേപകരുടെ മേളകൾ എം.എസ്.എം.ഇ. ഉത്പന്ന വിപണന മേളകൾ, മെഷീനറി എക്സിബിഷൻ എന്നീ പദ്ധതികളും നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്ത് വ്യവസായ മേഖലയുടെ വളർച്ചാ നിരക്ക് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയും.

(സി) കേരളത്തിൽ പരിസ്ഥിതി സൗഹൃദ വ്യവസായത്തിനാണ് ഇപ്പോൾ ഊന്നൽ നൽകുന്നത്. വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന എല്ലാ വ്യവസായ വികസന പദ്ധതികളിലും പരിപാടികളിലും പ്രകൃതിക്ക് ദോഷം വരാത്ത തരത്തിൽ പ്രകൃതിവിഭവങ്ങളെ ശാസ്ത്രീയമായി പ്രയോജനപ്പെടുത്തി വ്യവസായ സംരംഭങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം നൽകാറുണ്ട്. പരിസ്ഥിതി സൗഹൃദമായ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് പ്ലാസ്റ്റിക് വേസ്റ്റ് റീ സൈക്ലിംഗ് യൂണിറ്റുകൾ, ജൈവ വിഘടന സ്വഭാവമുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ എന്നിവയ്ക്ക് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി 5% അധിക സബ്സിഡി സംരംഭകത്വ സഹായ പദ്ധതി പ്രകാരം നൽകുന്നുണ്ട്. എല്ലാ വ്യവസായ വികസന ഏരിയകളിലും പ്ലോട്ടുകളിലും 5% പ്ലാസ്റ്റിക് റീ സൈക്ലിംഗ് വ്യവസായങ്ങൾക്ക് നീക്കിവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## സംരംഭകത്വ വികസന ക്ലബ്ബുകൾ

125 (2010) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബുകൾ) ആരംഭിച്ചിട്ടുണ്ടോ;

(ബി) നിലവിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇത്തരം ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്;വ്യക്തമാക്കുമോ;

(സി) 2017-ൽ ഈ ക്ലബ്ബുകൾ എത്ര നവസംരംഭകരെ സൃഷ്ടിച്ചെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ 304 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ.ഡി. ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.

(സി) 2017-ൽ ഇ.ഡി. ക്ലബ്ബുകളിലൂടെ നടത്തിയ സംരംഭകത്വ അവബോധ പ്രവർത്തനങ്ങളിലൂടെ 60 പേർ സംരംഭകരായിട്ടുണ്ട്.

## യുവജനങ്ങൾക്കായി സ്റ്റാർട്ട് അപ് വില്ലേജുകൾ

126 (2011) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ വിഭാവനം ചെയ്യുന്ന സ്റ്റാർട്ട് അപ് വില്ലേജുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ സഹായങ്ങളാണ് വ്യവസായ വകുപ്പിൽ നിന്നും നൽകുന്നത്; ഇതിനോടകം എത്ര സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; എത്ര കോടി രൂപയാണ് ഈ മേഖലയിൽ നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാ ക്കാമോ ;

(ബി) യുവജനങ്ങളെ വ്യവസായ സംരംഭങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിന് ഇനിയും എന്തൊക്കെ സംരംഭങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) നൂതന ആശയങ്ങളുമായി മുന്നോട്ടുവരുന്ന യുവസംരംഭകർക്ക് ആവശ്യമായ പിന്തുണയും ധനസഹായവും നൽകി സംസ്ഥാനത്തിന്റെ വ്യാവസായിക പുരോഗതിക്ക് യുവതയുടെ പിന്തുണ ആർജ്ജിക്കുകയാണ് സ്റ്റാർട്ട് അപ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക വഴി സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. തൊഴിലന്വേഷകരിൽ നിന്ന് സ്വയം തൊഴിൽദാതാക്കളായി മാറുന്ന ഒരു നവസംസ്കാരം യുവതലമുറയിലൊട്ടാകെ വളർത്താൻ സ്റ്റാർട്ട് അപ് സംരംഭങ്ങൾക്ക് കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി & പ്രൊമോഷൻ (സ്റ്റാർട്ടപ്പ് ഇന്ത്യ) ആണ് ഇത്തരം സംരംഭങ്ങൾക്ക് അംഗീകാരം നൽകുന്നത്. യുവസംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ കെ.എസ്.ഐ.ഡി.സി. മുഖാന്തരം മൂലധനസഹായം നൽകിവരുന്നുണ്ട്. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90% മോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഏതാണോ കുറവ് അത് ആണ് പ്രാഥമിക മൂലധനസഹായമായി നൽകിവരുന്നത്. കൂടാതെ, വിവര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള സാങ്കേതിക സ്റ്റാർട്ട് അപ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കു ന്നതിനായി കേരള സ്റ്റാർട്ട് അപ് മിഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. കെ.എസ്.ഐ. ഡി.സി.-യുടെ സഹായത്താൽ പത്തോളം കോളേജുകളിൽ ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസം പൂർത്തിയാക്കി സ്വന്തമായ ആശയങ്ങൾ ഉല്പന്നങ്ങളായി പരിവർത്തനം ചെയ്യുന്നതിന് മാർഗ്ഗ നിർദ്ദേശ സെമിനാറുകൾ, ചർച്ചായോഗങ്ങൾ തുടങ്ങിയവ നടത്തുന്നതിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ എല്ലാവിധ സൗകര്യങ്ങളോടുകൂടിയ മൂന്ന് ഇൻക്യുബേഷൻ സെന്ററുകൾ

ആരംഭിച്ചിട്ടുണ്ട്. നിലവിൽ കെ.എസ്.ഐ.ഡി.സി.-യുടെ മൂലധനസഹായം സ്വീകരിച്ചിരിക്കുന്ന എഴുപത്തിരണ്ടോളം നൂതന യുവസംരംഭങ്ങളും ഇൻക്യുബേറ്റ് ചെയ്തിട്ടുള്ള മുപ്പത്തഞ്ചോളം യുവസംരംഭങ്ങളുംകൂടി അറുന്നൂറിൽപരം തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും മൂലധന നിക്ഷേപമായി മുപ്പതുകോടിയിലധികം തുക സംസ്ഥാനത്ത് നിക്ഷേപിക്കുകയുമുണ്ടായി. 2017-18, 2018-19 എന്നീ സാമ്പത്തിക വർഷത്തിൽ ഏഞ്ചൽ ഫണ്ട്/സീഡ് ഫണ്ട് എന്നീ പദ്ധതികൾക്കായി യഥാക്രമം 10 കോടി രൂപയും 8 കോടി രൂപയും സർക്കാർ വകയിരുത്തിയിട്ടുണ്ട്. 2018-19 ബജറ്റിൽ കേരള സ്റ്റാർട്ട് അപ് മിഷന്റെ "യുവസംരംഭകർക്ക് വികസന പദ്ധതി" യ്ക്കായി 70 കോടി രൂപയും "ടെക്നോളജി ഇന്നൊവേഷൻ ഓൺ ഇൻക്യുബേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ടിനായി 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## വ്യവസായ സൗഹൃദ സംസ്ഥാനം

127 (2012) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) വ്യവസായ സ്ഥാപനത്തെപ്പറ്റിയുള്ള പരാതിയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയ്ക്ക് സ്റ്റോപ്പ് മെമ്മോ നൽകുന്ന സമ്പ്രദായത്തിന് മാറ്റം വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഒരു വ്യവസായ സ്ഥാപനത്തെപ്പറ്റി പരാതി ലഭിച്ചാൽ ആയത് പരിശോധിച്ച് വിദഗ്ദ്ധസംഘത്തെക്കൊണ്ട് അന്വേഷിപ്പിച്ചതിനുശേഷം മാത്രം നടപടി എടുക്കുന്ന സാഹചര്യം ഉണ്ടാക്കുവാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനായി ആവശ്യമായ ക്ലിയറൻസുകൾ അനുമതികൾ തുടങ്ങിയവ അതിവേഗം ലഭിക്കുന്നതിനായി നിലവിലുള്ള (വിവിധ വകുപ്പുകളിലായി) ചട്ടങ്ങളിലും നിയമങ്ങളിലും കാലാനുസൃതമായ പരിഷ്കാരങ്ങൾ നടത്തുന്നതിനായി ' കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ബിൽ' തയ്യാറാക്കിയിട്ടുള്ളത്. സഭയുടെ മുമ്പാകെ അവതരിപ്പിച്ച ബിൽ വിഷയ നിർണ്ണയ സമിതി മുമ്പാകെ സമർപ്പിച്ചിരിക്കുകയാണ്.

(ബി&സി) സർക്കാർ സഭയിൽ അവതരിപ്പിച്ച ബിൽ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റോപ് മെമ്മോ നൽകുവാനുള്ള നടപടിക്രമങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം ഒരു വ്യവസായ സ്ഥാപനത്തെ പറ്റി പരാതി ലഭിച്ചാൽ സർക്കാരിന് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വിദഗ്ദ്ധോപദേശം തേടാവുന്നതാണ്. ഇതുസംബന്ധിച്ച റിപ്പോർട്ടുകൾ ബന്ധപ്പെട്ട വകുപ്പുകൾ 15 ദിവസത്തിനകം സർക്കാരിലേയ്ക്ക് നൽകേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി നിശ്ചിത സമയപരിധിക്കുള്ളിൽ വ്യവസായ സ്ഥാപനം പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്. പ്രശ്നം പരിഹരിച്ചില്ലെങ്കിൽ സ്റ്റോപ് മെമ്മോ നൽകാവുന്നതാണ്.

**വ്യവസായ മേഖലയുടെ ഉന്നമനം**

128 (2013) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയുടെ ഉന്നമനത്തിനായി എന്തൊക്കെ നടപടികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് പ്രത്യേകിച്ച് ഇലക്ട്രോണിക്സ്, ഐ.ടി. മേഖലയുടെ വളർച്ചയ്ക്കും പ്രോത്സാഹനത്തിനുമായി നടപ്പിലാക്കുവാൻ പോകുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തിന്റെ വ്യവസായിക രംഗത്ത് സമാധാനപരമായ തൊഴിൽ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിനും നോക്ക് കൂലി ഉൾപ്പെടെയുള്ളവ ഇല്ലാതാക്കി സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയെ കുറിച്ച് വ്യക്തമായ പഠനം നടത്തുകയും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നിയമപരമായ അനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിന് ഉതകുന്ന രീതിയിൽ നിയമങ്ങളിൽ ഭേദഗതി വരുത്തി "ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ്-2017" പുറത്തിറക്കിയിരിക്കുകയാണ്. ഓർഡിനൻസ് നിയമമാക്കുന്നതിനുള്ള ബിൽ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുകയാണ്. ഇത്തരത്തിൽ വ്യവസായ സൗഹൃദ അന്തരീക്ഷമൊരുക്കി സംസ്ഥാനത്തിന്റെ വ്യവസായ മേഖലയുടെ

ഉന്നമനത്തിനായുള്ള സമഗ്ര പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. വ്യവസായ ജാലകം പദ്ധതി, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, സംരംഭകർക്കുള്ള സാമ്പത്തിക സഹായം നൽകുന്നതിനുള്ള സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ആഷാ പദ്ധതി, ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ എന്നീ പദ്ധതികളും വ്യവസായ പശ്ചാത്തല സൗകര്യ വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന മൾട്ടി സ്റ്റോറീഡ് ഗാലകളുടെ നിർമ്മാണം, നിലവിലുള്ള ഡി.എ./ഡി.പി.-കളിൽ ജലലഭ്യത വൈദ്യുതീകരണം ആഭ്യന്തര റോഡുകളുടെ വികസനം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നിക്ഷേപകരുടെ മേളകൾ എം.എസ്.എം.ഇ. ഉത്പന്ന വിപണന മേളകൾ, മെഷീനറി എക്സിബിഷൻ എന്നീ പദ്ധതികളും നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്ത് വ്യവസായ മേഖലയുടെ വളർച്ചാ നിരക്ക് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയും. സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷം സൃഷ്ടിച്ച് കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിലൂടെ വ്യവസായ വളർച്ച നിരക്ക് ത്വരിതഗതിയിലാക്കുന്നതിനായി ലോക ബാങ്ക് നിർദ്ദേശപ്രകാരമുള്ള ഈസ് ഓഫ് ഡൂയിംഗ് സംരംഭം കേരളത്തിൽ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ നിയോഗിച്ചിട്ടുണ്ട്.

(ബി) സ്റ്റാർട്ട് അപ് സംരംഭങ്ങൾക്ക് പ്രത്യേകിച്ച് ഇലക്ട്രോണിക്സ്, ഐ.ടി. മേഖലയുടെ വളർച്ചയ്ക്കും പ്രോത്സാഹനത്തിനുമായി യുവസംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവൊഷൻ സോൺ എന്നീ രണ്ട് പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ലക്ഷ്യങ്ങളും വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വ്യവസായ രംഗത്ത് സമാധാനാന്തരീക്ഷം പുലർത്തുന്നതിന് വ്യവസായ സംബന്ധമായ വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായിട്ടുള്ള ഒരു കമ്മിറ്റിയാണിത്. ഈ കമ്മിറ്റിയിൽ വ്യവസായങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ, സർക്കാർ വകുപ്പുകൾ, തൊഴിലാളി സംഘടനാ പ്രതിനിധികൾ, വിവിധ അസോസിയേഷൻ പ്രതിനിധികൾ എന്നിവർ അംഗങ്ങളോ ക്ഷണിതാക്കളോ ആയിരിക്കും. ഈ കമ്മിറ്റി വ്യവസായ സംരംഭങ്ങളെ സംബന്ധിച്ച് വിഷയങ്ങൾ ചർച്ച ചെയ്യുകയും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളെ അറിയിച്ച് പരിഹാരം തേടുന്നുമുണ്ട്. നോക്കുകൂലി ഇല്ലാതാക്കുക എന്നതാണ് സർക്കാർ നയം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് നടപടി

129 (2014) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് ഉതകുന്ന വിധത്തിൽ ഒരു വ്യവസായ പാരിസ്ഥിതിക അവബോധം സൃഷ്ടിക്കേണ്ട സാഹചര്യം നിലവിലുണ്ടോ;

(ബി) കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് മുഖാന്തരം ചുമട്ടുതൊഴിലാളി നിയമത്തിൽ വരുത്തിയ ഭേദഗതി തൊഴിലാളി വിരുദ്ധമാണെന്നും കേരള ഗ്രൗണ്ട് വാട്ടർ നിയമത്തിൽ കൊണ്ടു വന്നിട്ടുള്ള ഭേദഗതി കുത്തകകൾക്ക് കൂടുതൽ ഭൂജലം ചൂഷണം ചെയ്യുവാൻ അവസരമുണ്ടാക്കുന്നതാണെന്നും ഉള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ വ്യക്തത വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിലൂടെ വ്യവസായികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സംരംഭത്തെ ആസ്പദമാക്കിയിട്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ റാങ്കിംഗിൽ സംസ്ഥാനം വളരെ പിന്നോക്കം നിൽക്കുന്ന സാഹചര്യമാണുള്ളത്. വ്യവസായ സംരംഭകർക്ക് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചും വിവിധ വകുപ്പുകളിലായി നിലനിൽക്കുന്ന പല ചട്ടങ്ങളും നിയമങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുന്നതു വഴി കേരളത്തിൽ വ്യവസായം അനായാസം നടത്താൻ പറ്റുന്ന പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് ഇതുസംബന്ധിച്ച് പഠനം നടത്തിയത്. അപ്രകാരം ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിവിധതലത്തിലുള്ള ചർച്ചകൾക്കു ശേഷമാണ് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ബിൽ 2018 സഭയിൽ ചർച്ചയ്ക്കായി അവതരിപ്പിച്ചിരിക്കുന്നത്.

(ബി) തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിന് നിക്ഷേപകരെ ആകർഷിക്കേണ്ടതുണ്ട്. സ്വകാര്യ മൂലധനത്തെ ആശ്രയിക്കുമ്പോൾ തൊഴിലാളികളുടെ അവകാശം പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടായിരിക്കും പദ്ധതികൾ നടപ്പിലാക്കുന്നത്. 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ബില്ലിൽ, 1978-ലെ കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ടിൽ നിലവിലുള്ള തൊഴിൽ നിയമത്തിൽ കാതലായ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. പുതുതായി 9A, 9B എന്നീ സെക്ഷനുകൾ ചേർത്തിരിക്കുന്നു. ഇതുസംബന്ധിച്ച് വിവിധ തൊഴിലാളി സംഘടനാനേതാക്കളുമായി വ്യവസായ വകുപ്പുമന്ത്രിയുടെയും തൊഴിൽ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ ചർച്ച നടത്തിയിരുന്നു. തൊഴിലാളികൾക്ക് ദോഷകരമായി ബാധിക്കുന്ന നടപടികളൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയില്ല. കേരള ഗ്രൗണ്ട് വാട്ടർ ആക്ട്-2002-ൽ ഭേദഗതികളും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജലം അസംസ്കൃത വസ്തുവായി വരുന്ന വ്യവസായ സംരംഭകർ ക്ക് ഈ ഭേദഗതി ബാധകമല്ല. ഭൂജലം നിയമാനുസൃതം വിനിയോഗിക്കുന്നതിനുള്ള ഭേദഗതികളാണ് ബില്ലിൽ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി.) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങുവാനുള്ള അനുമതികൾ ലഭിക്കുന്നതിനായി ഓൺലൈൻ വഴി ലഭിക്കുന്ന അപേക്ഷകൾ കാലതാമസമില്ലാതെ പരിഗണിക്കുക, അവയുടെ പുരോഗതി വിലയിരുത്തുക, വിവിധ വകുപ്പുതല പരിശോധനകൾ ഏകോപിപ്പിക്കുക, നിശ്ചിത സമയത്തിനുള്ളിൽ സംരംഭകർക്ക് അനുമതി നൽകുക എന്നിവയിൽ സെൽ സുപ്രധാന പങ്ക് വഹിക്കും.

## ബി.എച്ച്.ഇ.എൽ.- ഇ.എം.എൽ.-ലെ പ്രതിസന്ധി

130 (2015) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലുള്ള ബി.എച്ച്.ഇ.എൽ.- ഇ.എം.എൽ.- ലെ പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) കേരള സർക്കാർ ഈ സ്ഥാപനം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി എന്തായെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന Kerala Electrical & Allied Engg. Co. Ltd.-ന്റെ യൂണിറ്റും Bharat Heavy Electricals Ltd. (BHEL)-മായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ഭെല്ലിന്റെ ഓഹരി വിൽക്കുവാനുള്ള നീതി ആയോഗിന്റെ തീരുമാനത്തെ തുടർന്ന് ഈ സ്ഥാപനത്തെ ഏറ്റെടുത്ത് പൊതുമേഖലയിൽ നിലനിർത്തുവാൻ 12-6-2017-ൽ ബഹു. കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേരള സർക്കാർ തീരുമാനിക്കുകയും ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല അപ്പെക്സ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. BHEl-ന്റെ 2016-17-ലെ ധനകാര്യ റിപ്പോർട്ടുകളുടെ കൃത്യതയോടെയുള്ള പരിശോധനയും നിയമപരമായിട്ടുള്ള പരിശോധനയും പൂർത്തിയാക്കിക്കഴിഞ്ഞു. മറ്റ് നടപടികൾ സർക്കാർതലത്തിൽ പുരോഗമിച്ചുവരുന്നു. തുടർച്ചയായ നഷ്ടംമൂലം പ്രവർത്തന മൂലധനത്തിലുണ്ടായ ശോഷണം കാരണം ലഭ്യമായ ഓർഡറുകൾ പോലും ചെയ്യാൻ പറ്റാത്ത സാഹചര്യത്തിൽ കമ്പനിയുടെ അപേക്ഷ പരിഗണിച്ച് 5 കോടി രൂപയുടെ പ്രവർത്തന മൂലധനസഹായം കെ.എം.എം.എല്ലിൽ നിന്ന് സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇലക്ട്രിക് മോട്ടോർ വാഹനങ്ങളുടെ ഉല്പാദനം, കെൽ, കെ.എ.എൽ. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുമായിച്ചേർന്ന് നടപ്പിൽ വരുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

**കെ.എസ്.ഡി.പി. ആധുനികവൽക്കരണം**

131 (2016) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഡി.പി.-യെ പുനരുദ്ധരിച്ച് സംസ്ഥാനത്തിനാവശ്യമായ മുഴുവൻ ജീവൻരക്ഷാ മരുന്നുകളും ഉൽപാദിപ്പിക്കുന്ന തരത്തിൽ ആധുനികവൽക്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) വൻകിട മരുന്നുകമ്പനികളുടെ നിലവാരത്തിലേയ്ക്ക് കെ. എസ്.ഡി.പി.-യെ ഉയർത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. മുൻ സാമ്പത്തികവർഷത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് ആവശ്യമായിട്ടുള്ളതും കൂടാതെ മറ്റുള്ള സംസ്ഥാനങ്ങൾക്കും ഓപ്പൺ വിപണിയിൽ ആവശ്യമുള്ളതുമായ 20 ഓളം ആന്റിബയോട്ടിക് (കുത്തി വയ്പിനുള്ളത്) മരുന്നുകളുടെ ഉല്പാദനം ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്. മരുന്നുകൾ, ഭക്ഷ്യ ഉല്പന്നങ്ങൾ, ആൽക്കഹോൾ മുതലായ വിവിധ ഇനം സാമ്പിളുകൾ പരിശോധന നടത്തുന്നതിനായി അത്യന്താധുനിക സംവിധാനത്തോടെ ഒരു എൻ.എ.ബി.എൽ. അംഗീകൃത ലാബ് 3 കോടി രൂപ ചെലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷത്തെ ബജറ്റിൽ 28.15 കോടി രൂപ നോൺ ബീറ്റാലാക്ടം പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ രൂപരേഖ പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ആവശ്യമായ 151 ഇനം മരുന്നുകളും അവയവ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്കായി ദൈനംദിനം വേണ്ടിവരുന്ന 7-ഓളം മരുന്നുകളും ഉല്പാദിപ്പി ക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2018-19 വർഷത്തിൽ ബഡ്ജറ്റിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ആവശ്യമായ ആന്റിബയോട്ടിക് ഇതര കുത്തിവയ്പ് മരുന്നുകളും, നേത്ര രോഗ സംബന്ധമായ മരുന്നുകളും കൂടി 125 ഇനം മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിനായി 54 കോടിയും Oncology മരുന്നുകൾക്കായി ആദ്യഗഡു 20 കോടിയും വകയിരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികളുടെ നിർവ്വഹണം പൂർത്തിയാകുന്ന മുറയ്ക്ക് ഉദ്ദേശ്യം 300 ഇനം മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നതിന് കെ.എസ്.ഡി.പി.-ക്ക് കഴിയുന്നതാണ്.

(ബി) ഇല്ല. ഉല്പാദനക്ഷമത, ഗുണനിലവാരം, കാലാനുഗതമായ വില്പന തന്ത്രങ്ങൾ എന്നീ ഘടകങ്ങളാണ് വൻകിട മരുന്നുകമ്പനികളുടെ നിലവാരത്തിലേയ്ക്ക് ഉയർത്തു ന്നതിനായി കെ.എസ്.ഡി.പി. ഒരുക്കിയിട്ടുള്ളത്. കെ.എസ്.ഡി.പി.-യെ വൻകിട കമ്പനികളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ സാക്ഷ്യപത്രമാണ് എൻ.എ. ബി.എൽ. അംഗീകാരം, WHO സാക്ഷ്യപത്രം എന്നിവ നെടാൻ കഴിഞ്ഞത്.

**സജി ബഷീർ കെ.എസ്.ഐ.ഇ. -യിൽ നടത്തിയ ക്രമക്കേടുകൾ**

132 (2017) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലെ പൊതു മേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിൽ മാനേജിംഗ് ഡയറക്ടറാ യിരുന്ന ശ്രീ. സജി ബഷീർ ഏതു മുതൽ ഏതു കാലയളവു വരെയാണ് സേവനം നോക്കിയതെന്ന് അറിയിക്കുമോ;

(ബി) ഇക്കാലയളവിൽ കെ.എസ്.ഐ.ഇ.-യിൽ നടന്ന ഏതെല്ലാം ക്രമക്കേടുകളിൽ അന്വേഷണം ആവശ്യപ്പെട്ട് വ്യവസായ വകുപ്പ് വിജിലൻസിലും പോലീസിനും പരാതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര പരാതികളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടെന്നും ശ്രീ. സജി ബഷീർ നടത്തിയ ക്രമക്കേടുകൾ മുഖേന കെ.എസ്.ഐ.ഇ.-യ്ക്ക് എന്തു മാത്രം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെന്നും വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീ. സജി ബഷീർ 10-9-2015 മുതൽ 3-6-2016 വരെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിൽ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിച്ചിരുന്നു.

(ബി-ഡി) സർക്കാർ നിർദ്ദേശമനുസരിച്ച് V.E02/2017/SIU-1 നമ്പരിൽ കെ.എസ്.ഐ.ഇ.-യിലെ സിമന്റ് വ്യാപാരവുമായി ബന്ധപ്പെട്ട ക്രമക്കേടുകളിന്മേൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഇതുസംബന്ധിച്ച സാമ്പത്തിക നഷ്ടം വിലയിരുത്താനാകൂ.

## കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്

133 (2018) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ആറാലുംമൂട്ടിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കെ.എ.എൽ-ന് 2016-17 ബജറ്റിൽ ഉൾപ്പെടുത്തിയ 7 കോടി രൂപയിൽ എത്ര കോടി രൂപ നൽകിയിട്ടുണ്ട്; അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി, എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തിലെ വിവിധ മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന ഹൈമാസ്റ്റ് ലൈറ്റ്, വെയിറ്റിംഗ് ഷെഡ് നിർമ്മാണം എന്നിവയും അതോടൊപ്പം സർക്കാർ ആശുപത്രി കളിലേക്ക് വീൽചെയർ, ട്രോളികൾ എന്നിവ വിതരണം നടത്തുന്നതിനും, കേരള ആട്ടോ മൊബൈൽസിനെ പരിഗണിക്കുന്നതിന് അനുമതി നൽകുന്നതിന് തടസ്സം ഉണ്ടോയെന്ന് അറിയിക്കുമോ;

(സി) കേരള ആട്ടോ മൊബൈൽസ് ജീവനക്കാർക്ക് ശമ്പള ഇനത്തിൽ എത്ര മാസത്തെ കുടിശ്ശിക ഉണ്ടെന്നറിയിക്കുമോ; എത്ര കോടി രൂപ ഈ ഇനത്തിൽ ജീവനക്കാർക്ക് നൽകാൻ ഉണ്ട് എന്ന് വിശദമാക്കുമോ;

(ഡി) നിലവിൽ കെ.എ.എൽ-ൽ ഒരു മാസം എത്ര ലക്ഷം രൂപയുടെ വരുമാനം ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) എത്ര ഓട്ടോറിക്ഷകൾ ആണ് ഓരോ മാസവും കെ.എ.എൽ. നിർമ്മിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 26-2-2018-ലെ സ.ഉ.(സാധാ) നമ്പർ 205/2018/വ്യവ. ഉത്തരവ് പ്രകാരം 7 കോടി രൂപ നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) നാലുമാസത്തെ കുടിശ്ശികയായി ഒരു കോടി മുപ്പത്തിയാറ് ലക്ഷം രൂപ നൽകാനുണ്ട്.

(ഡി) 2018 ജനുവരിയിൽ 8,74,000 രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്.

(ഇ) വാഹന നിർമ്മാണ രംഗത്ത് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ കർശനമായ ചില നിയന്ത്രണങ്ങൾ കാരണം കേരള ആട്ടോമൊബൈൽസിൽ ഇപ്പോൾ ആട്ടോറിക്ഷകൾ നിർമ്മിക്കുന്നില്ല.

## വ്യവസായ സ്ഥാപനങ്ങളിൽ പുതിയ സാങ്കേതികവിദ്യ കണ്ടെത്തുവാൻ പദ്ധതി

134 (2019) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങളിൽ നൂതനമായ സാങ്കേതികവിദ്യ ഉപയോഗിക്കാനും പുതിയവ കണ്ടെത്തുവാനും പദ്ധതിയുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പെട്രോൾ, ഡീസൽ എന്നിവയെ പൂർണ്ണമായും ആശ്രയിക്കാതെ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന മോട്ടോറുകളും എഞ്ചിനുകളും കണ്ടെത്തുവാനുള്ള പദ്ധതി ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) കെ.ഇ.എൽ. (കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനിയറിംഗ് കമ്പനി ലിമിറ്റഡ്), കെ.എ.എൽ. (കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്) തുടങ്ങിയ സ്ഥാപനങ്ങളിൽ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന മോട്ടോർ കാറുകൾ, ബസ്സുകൾ, ഓട്ടോറിക്ഷകൾ, സ്കൂട്ടറുകൾ ,ഫാക്ടറികളിലും വ്യവസായ സ്ഥാപനങ്ങളിലും ആവശ്യമായ എഞ്ചിനുകൾ എന്നിവ നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ സോളാർ എനർജി ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി മലിനീകരണം കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിൽ പരിസര മലിനീകരണം പരമാവധി കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കെ.ഇ.എൽ. (കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്), കെ.എ.എൽ. (കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്) എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇതിനായി പദ്ധതിയുണ്ട്.

(ബി&സി) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ഓട്ടോറിക്ഷ നിർമ്മിക്കുന്നതിനുള്ള പദ്ധതി പ്രാഥമിക ഘട്ടത്തിലാണ്. കെൽ.-ൽ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾക്കാവശ്യമായ മോട്ടോറുകളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ആസൂത്രണം നടക്കുന്നുണ്ട്.

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ സോളാർ അധിഷ്ഠിതമായ ഓട്ടോറിക്ഷകൾ വിപണിയിൽ ഇറക്കുവാൻ പദ്ധതിയുണ്ട്.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഓഡിറ്റ് പൂർത്തീകരിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ**

135 (2020) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓഡിറ്റ് പൂർത്തിയാക്കിയ എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഓഡിറ്റ് പൂർത്തിയാക്കിയവയിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഓഡിറ്റ് പൂർത്തിയാക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ടം സംബന്ധിച്ച നിജസ്ഥിതി എങ്ങനെയാണ് മനസ്സിലാക്കാനാവുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 19 സ്ഥാപനങ്ങളുടെ 2016-17 സാമ്പത്തിക വർഷത്തെ കണക്കുകളുടെ ഓഡിറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓഡിറ്റ് പൂർത്തിയാക്കിയവയിൽ ആറ് പൊതുമേഖലാ സ്ഥാപനങ്ങളാണ് 2016-17 സാമ്പത്തിക വർഷം ലാഭത്തിൽ പ്രവർത്തിച്ചത്.

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോ മാസത്തെയും പ്രവർത്തന റിപ്പോർട്ട് അടുത്തമാസം പത്താം തീയതിക്കുമുമ്പ് പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡിന് (റിയാബ്) നൽകുന്നു. ഈ റിപ്പോർട്ടിൽ കമ്പനികളുടെ അതത് മാസത്തെ വിറ്റുവരവും ഉല്പാദന ചെലവുകളും ലാഭ-നഷ്ട കണക്കുകളും സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുന്നു. ഈ വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു മുമ്പുള്ള ലാഭ-നഷ്ട കണക്കുകൾ വിലയിരുത്തുന്നത്.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റ് യഥാസമയം നടത്തുന്നതിന്റെ പുരോഗതി റിയാബ് മുഖേന വിലയിരുത്തുന്നുണ്ട്. സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റ് കുടിശ്ശികയുള്ള കമ്പനികളെ പ്രത്യേകം അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശം നൽകിവരികയും ചെയ്യുന്നു.

**കെൽട്രോൺ പുനരുദ്ധാരണം**

136 (2021) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ പുനരുദ്ധരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) കെൽട്രോൺ ജി.പി.എസ്. ഉല്പാദന രംഗത്തേക്ക് കടക്കുന്നതിന് ആലോചിക്കുന്നുണ്ടോ ;

(സി) മാർച്ച് ഒന്ന് മുതൽ പൊതു ഗതാഗത വാഹനങ്ങളിലെല്ലാം ജി.പി.എസ്. നിർബന്ധമാക്കിയ കേന്ദ്ര സർക്കാർ ഉത്തരവ് കെൽട്രോണിന് എത്രമാത്രം സഹായകമാകുമെന്ന് അറിയിക്കുമോ ;

(ഡി) വിവിധ സംസ്ഥാനങ്ങളിൽ വാഹന പരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് കെൽട്രോൺ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) കെൽട്രോണിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്ലാന്റുകളുടെയും പരിശോധനാ സംവിധാനങ്ങളുടെയും നവീകരണം, സ്പേസ് ഇലക്ട്രോണിക്സ് സൗകര്യങ്ങളുടെ വികസന പ്രവർത്തനം, സ്പേസ് ഇലക്ട്രോണിക്സ് സംവിധാനങ്ങളുടെ നവീകരണം, സോഫ്റ്റ്‌വെയർ സേവനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം, ഡിജിറ്റൽ പ്രോഗ്രാമബിൾ ഹിയറിംഗ് എയ്ഡുകളുടെ നിർമ്മാണത്തിനുള്ള നൂതന യന്ത്രസംവിധാനങ്ങൾ സ്ഥാപിക്കുന്നതിന്, ഗ്രിഡ് ടൈ സോളാർ ഇൻവെർട്ടറുകളുടെ സാങ്കേതികവിദ്യാ വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 10 കോടി രൂപ വകയിരുത്തുകയും പ്രസ്തുത തുക അനുവദിക്കുകയും ചെയ്തു. കൂടാതെ 2018-19 ബജറ്റിൽ 40 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേന്ദ്ര സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിന് ജിപി.എസ്. സംവിധാനങ്ങൾവഴി കൂടുതൽ ഓർഡറുകൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഉല്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തിനകത്തും മറ്റു സംസ്ഥാനങ്ങളിലെ പൊതുഗതാഗത സംവിധാനങ്ങളിലും കെൽട്രോൺ ജി.പി.എസ്. ഉപകരണങ്ങൾ സ്ഥാപിക്കാനും അതിന്റെ കൺട്രോൾ സെന്ററുകൾ സജ്ജീകരിക്കാനും സാധിക്കും.

(ഡി) ഉണ്ട്. ഇതിന്റെ പ്രാരംഭ നടപടി എന്ന നിലയിൽ ആന്ധ്രാപ്രദേശിലെ കടപ്പയിൽ വാഹന പരിശോധനാ കേന്ദ്രം സ്ഥാപിക്കുന്നതിന് 3.5 കോടി രൂപയുടെ ഓർഡർ ടെൻഡറിലൂടെ കെൽട്രോൺ നേടിയിട്ടുണ്ട്.

### പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ട കണക്ക്

137 (2022) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ ഗവൺമെന്റ് ഭരണം അവസാനിപ്പിക്കുമ്പോൾ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ട കണക്കും ഈ ഗവൺമെന്റ് ഭരണത്തിൽ വന്നതിനു ശേഷം ഇതുവരെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ട കണക്കും ഓരോ സ്ഥാപനങ്ങളുടെ കണക്ക് സഹിതം വിശദമാക്കാമോ?

ഉത്തരം

കഴിഞ്ഞ ഗവൺമെന്റ് ഭരണം അവസാനിപ്പിക്കുമ്പോൾ കേരളത്തിലെ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ട കണക്കും ഈ ഗവൺമെന്റ് ഭരണത്തിൽ വന്നതിനുശേഷമുള്ള ലാഭ-നഷ്ട കണക്കും അനുബന്ധമായി ചേർക്കുന്നു.*

**പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥിരം/താൽക്കാലിക നിയമനങ്ങൾ**

138 (2023) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരം/താൽക്കാലിക നിയമനങ്ങൾ നടന്നിട്ടുണ്ട്; അവയുടെ വിശദാംശം നൽകുമോ;

(ബി) എങ്കിൽ നിയമനം നടത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ പേരും, സ്ഥിരം/ താൽക്കാലിക നിയമനം ലഭിച്ചവരുടെ പേരുവിവരങ്ങളും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ നവീകരണ പദ്ധതികൾ**

139 (2024) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനിൽ അക്കര :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശകലനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത വിഷയം സംബന്ധിച്ച് പരിശോധന നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ അനുയോജ്യ നവീകരണ പദ്ധതികൾ വ്യവസായ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ സ്ഥാപനങ്ങളിലാണ് നിലവിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയത്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇതിലൂടെ പ്രസ്തുത കമ്പനികളുടെ നഷ്ടം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വൈദഗ്ദ്ധ്യമുള്ള മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിന് റിയാബിന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ വിശകലനം പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ് (RIAB) മുഖേന നടത്തിയിട്ടുണ്ട്.

(ബി) നവീകരണ വിപുലീകരണ പദ്ധതികൾ നടത്തുന്നതിനായി ബജറ്റിൽ തുക അനുവദിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) 2016-17 സാമ്പത്തിക വർഷാവസാനം 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 13 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു. 2015-16 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന TTP, TCC, TELK, TRACO, SIFL എന്നീ സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ സാധിച്ചു. 2015-16 സാമ്പത്തികവർഷത്തെ മൊത്തം നഷ്ടമായ 131.87 കോടി രൂപയിൽ നിന്നും 2016-17-ൽ മൊത്തം നഷ്ടം 80.67 കോടി രൂപയായി കുറയ്ക്കുവാൻ സാധിച്ചു. 2017-18 സാമ്പത്തികവർഷം ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിലെ ആഡിറ്റിനുമുൻപുള്ള പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം ലാഭം 34.19 കോടി രൂപയാണ്. KMML, TTPL, TCCL, KSIDC എന്നീ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനമാണ് ഈ നേട്ടം കൈവരിക്കുവാനുള്ള പ്രധാന കാരണം. KMML 2015-16-ൽ 3.27 കോടി രൂപയുടെ ലാഭം ഉണ്ടാക്കിയ സ്ഥാനത്ത് 2016-17 സാമ്പത്തികവർഷം ലാഭം 40.37 കോടി രൂപയായി ഉയർന്നു. കൂടാതെ 2017-18-ലെ ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിൽ KMML 136.05 കോടി രൂപയുടെ റെക്കോർഡ് ലാഭവും നേടുകയുണ്ടായി.

(ഡി) ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനായുള്ള അനുബന്ധ ജോലികൾ നിർവ്വഹിക്കുന്നതിനായി റിയാബ്-നെ ചുമതലപ്പെടുത്തിയിരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായുള്ള പദ്ധതികൾ

140 (2025) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) വ്യവസായ രംഗത്ത് വൻമാറ്റമുണ്ടാക്കാനുതകുന്ന ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതി നടപ്പിലാക്കിയോ; വ്യക്തമാക്കാമോ;

(സി) കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇപ്പോഴും നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളുടെ വികസനത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ പോകുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കി വിപണനത്തിന് യോജ്യമായ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണ പദ്ധതികൾ നടപ്പിലാക്കി വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും വർദ്ധിച്ച ഉൽപ്പാദന ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ സ്ഥാപനങ്ങളെ കൂടുതൽ മത്സരക്ഷമതയുള്ളവയാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2015-16 സാമ്പത്തിക വർഷം പദ്ധതി വിഹിതം 100 കോടി രൂപയായിരുന്നു. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകിവരികയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും ഇതിനോടകം അനുവദിച്ചിട്ടുണ്ട്. ഇതോടെ 2017-18-ലെ മൊത്തം പദ്ധതി വിഹിതം 283 കോടി രൂപയായി ഉയർന്നിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾക്ക് ഉൾപ്പെടെയുള്ള ധനസഹായമായി ബജറ്റിൽ 297.35

കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സർക്കാർ സഹായത്തോടെയുള്ള പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത് പുരോഗമിച്ചുവരുന്നു. ആഗോള തലത്തിൽ മരുന്ന് വിൽക്കുന്നതിനുള്ള അംഗീകാരം ലഭിച്ച കെ.എസ്.ഡി.പി.-യുടെ വിപുലീകരണവും ആധുനികവൽക്കരണവും സർക്കാർ പ്രാഥമിക പരിഗണന നൽകി നടത്തി വരികയാണ്. കെൽ, കേരളാ ആട്ടോമൊബൈൽസ്, BHEL-EML Ltd എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണത്തിന്റെ സാധ്യതയും പരിശോധിക്കുന്നതാണ്. കേരളാ ഹാർഡ്‌വെയർ മിഷന്റെ ഭാഗമായി ഇലക്ട്രോണിക് ഹാർഡ്‌വെയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതി കെൽട്രോണിന്റെ നവീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്.

സംസ്ഥാനത്തെ പൊതുമേഖലാ സഹകരണ സ്പിന്നിംഗ് മില്ലുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സ്കൂൾ യൂണിഫോമിനാവശ്യമായ നൂൽ ഈ സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്നതിനുള്ള പദ്ധതിയും ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ഈ സ്ഥാപനങ്ങൾക്ക് കേന്ദ്രീകൃതമായ രീതിയിൽ ആവശ്യമായ കോട്ടൺ യഥാസമയം വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും പ്രത്യേക ബജറ്റ് വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുൾപ്പെട്ട കമ്മിറ്റികളുടെ സേവനവും ലഭ്യമാക്കിവരുന്നു. കൃത്യതയോടെയുള്ള പ്രവർത്തന അവലോകനത്തിന്റെ ഫലമായി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും അതുവഴി ലാഭം വർദ്ധിപ്പിച്ച് നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും സാധിച്ചു. കൂടാതെ സ്ഥാപനങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ വിപുലീകരണ പദ്ധതികൾ പൂർത്തീകരിക്കുന്നതോടെ സ്ഥാപനങ്ങൾക്ക് സ്ഥിരതയാർന്ന പ്രവർത്തനം കാഴ്ചവയ്ക്കുവാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്. സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കും അത്യാവശ്യമുള്ള പ്രവർത്തനമൂലധന സഹായത്തിനും കൂടുതൽ ബജറ്റ് വിഹിതം അനുവദിക്കുകവഴി പദ്ധതിപ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ചെന്നൈ-ബാംഗ്ലൂർ വ്യവസായ ഇടനാഴി കൊച്ചിയിലേയ്ക്ക് ദീർഘിപ്പിച്ച് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായി കെ.എസ്.ഐ.ഡി.സി.

ഒരു വിദഗ്ദ്ധോപദേശ ഏജൻസിയായ പ്രൈസ് വാട്ടർ ഹൗസ് കൂപ്പർ-നെ നിയോഗിച്ച് പദ്ധതി രൂപരേഖയും ഒരു കാലഘട്ടത്തിലേയ്ക്കുള്ള പദ്ധതി കാഴ്ചപ്പാടും തയ്യാറാക്കി ക്കൊണ്ടിരിക്കുകയാണ്. ഈ പഠനത്തിനായി നൽകിയിരിക്കുന്ന സമയം 2018 ഡിസംബർ വരെ ആണ്. കെ.എസ്.ഐ.ഡി.സി. നടത്തിക്കൊണ്ടിരിക്കുന്ന പഠനത്തിന്റെ റിപ്പോർട്ട് ലഭിച്ചാലുടൻ തുടർനടപടികൾ കൈക്കൊള്ളാവുന്നതാണെന്ന് കേന്ദ്ര ഏജൻസിയായ നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് & ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് അറിയിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇപ്പോഴും നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ വികസനത്തിന് നടപ്പിലാക്കാൻ പോകുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ്

141 (2026) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതുപ്രകാരം പരിശോധിച്ച പൊതുമേഖലാ സ്ഥാപനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നവ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) പ്രവർത്തന മികവ് കണക്കാക്കുന്നതിന് വേണ്ടി എന്ത് മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി പബ്ലിക് സെക്ടർ റീ-സ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ് (റിയാബ്) നിലവിലുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷാവസാനം വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതൽ ലാഭം റിപ്പോർട്ട് ചെയ്തിരിക്കുന്നത് KMML, KSIDC എന്നീ സ്ഥാപനങ്ങളാണ്.

(സി) സ്ഥാപനങ്ങളുടെ വിറ്റുവരവും ലാഭനഷ്ടക്കണക്കുകളിലെ ഏറ്റക്കുറച്ചിലുകളും അതിനു കാരണമാകാവുന്ന അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ഉൽപ്പാദനക്ഷമത, കമ്പോളത്തിലെ സാഹചര്യങ്ങൾ എന്നീ ഘടകങ്ങളുംകൂടി അടിസ്ഥാനമാക്കിയാണ് പ്രവർത്തനം വിലയിരുത്തിവരുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനസഹായം**

142 (2027) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ നാളിതുവരെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ ധനസഹായത്തിന്റെ വിശദമായ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 2011-12 മുതൽ 2016-17 വരെയുള്ള കാലയളവിൽ ബജറ്റിൽ നിന്നും ഓരോ സ്ഥാപനത്തിനായും നൽകിയ തുകയുടെ ഇനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷം 123 കോടി രൂപ വിവിധ പദ്ധതികൾക്കായി നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തി. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടി രൂപയും ഇതിനോടകം അനുവദിച്ചിട്ടുണ്ട്.

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

143 (T*2028) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ നഷ്ടം 3855 കോടി രൂപയാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ആദ്യ രണ്ട് സ്ഥാനത്തുള്ളവ ഏതൊക്കെയാണെന്ന് അറിയിക്കുമോ; ഇവയുടെ നഷ്ടം യഥാക്രമം എത്ര കോടി രൂപ വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലുള്ള നഷ്ടം എത്ര രൂപ വീതമാണെന്നും വ്യക്തമാക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* 'T' മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) 2016-17-ലെ കണക്ക് പ്രകാരം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയുംകൂടി മൊത്തം നഷ്ടം 80.67 കോടി രൂപയാണ്.

(ബി&സി) 2016-17-ലെ കണക്ക് പ്രകാരം വ്യവസായ വകുപ്പിന്റെ കീഴിൽ നഷ്ടത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണ പാക്കേജ്

144 (2029) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ നഷ്ടത്തിലായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന്, 2017-18-ലെ ബജറ്റിൽ തുക വകയിരുത്തിയിരുന്നതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നല്കുമോ;

(ബി) ഇപ്രകാരം നഷ്ടത്തിലായിരുന്ന ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾക്കാണ് പുനരുദ്ധാരണ പാക്കേജ് നൽകിയിട്ടുള്ളതെന്നും തൽഫലമായി വന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ (2011-16) നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന് 2017-18 സാമ്പത്തികവർഷം ബജറ്റിൽനിന്നും അനുവദിച്ച സാമ്പത്തിക സഹായത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

## വ്യവസായ ഇൻകുബേഷൻ സെന്ററുകളുടെ പ്രവർത്തനം

145 (2030) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായ ആശയങ്ങളുമായി മുന്നോട്ട് വരുന്ന സംരംഭകരെയും, അവരുടെ ആശയങ്ങളെയും പ്രാവർത്തികമാക്കുന്നതിന് സഹായം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള ഇൻകുബേഷൻ സെന്ററുകളുടെ പ്രവർത്തനം വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇൻകുബേഷൻ സെന്ററുകൾ വഴി എത്ര പുതിയ ആശയങ്ങൾക്ക് സഹായം നൽകി പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനും നവസംരംഭകത്വ ആശയവുമായി മുന്നോട്ട് വരുന്നവർക്ക് അത് പ്രാവർത്തികമാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നീ ഏജൻസികൾ മുഖാന്തരമാണ് ബിസിനസ്സ് ഇൻകുബേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിച്ചുവരുന്നത്. ഒരു സംരംഭകന് ആവശ്യമായ പരിചരണങ്ങൾ നൽകി സ്വതന്ത്രമായി നില നിൽക്കാൻ കഴിയുന്നതും സാമ്പത്തിക ക്ഷമതയുള്ളതുമായ ബിസിനസ്സ് സ്ഥാപനങ്ങളെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ പശ്ചാത്തല സൗകര്യങ്ങളും, പരിശീലനം, കൗൺസിലിംഗ്, സാമ്പത്തിക സഹായം, സാങ്കേതിക സേവനം, നെറ്റ്‌വർക്കിങ്ങിനുള്ള അവസരങ്ങൾ തുടങ്ങിയ സേവനങ്ങളും ഇതിന്റെ ഭാഗമായി സംരംഭകന് നൽകിവരുന്നു. അതിലൂടെ ബിസിനസ്സ് നടത്തിപ്പിന്റെ ഭാഗമായി ഉയർന്നുവരുന്ന എല്ലാ വെല്ലുവിളികളെയും അതിജീവിക്കാൻ സംരംഭകരെ പ്രാപ്തരാക്കുന്നു. 630-ഓളം പുതു സംരംഭകർക്ക് ഇൻകുബേഷൻ സെന്ററുകൾ വഴി ആശയങ്ങളും സാങ്കേതിക സഹായങ്ങളും നൽകിക്കഴിഞ്ഞു. ഇതിൽ 27 പേർ സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

### വ്യവസായമേഖലയിലെ കേന്ദ്ര നിക്ഷേപം

146 (2031) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയിലെ കേന്ദ്രനിക്ഷേപം ഉയർത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് കേന്ദ്രത്തിന് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിൽ ഏതൊക്കെ പദ്ധതികൾക്ക് ഇതിനോടകം അംഗീകാരം ലഭിച്ചെന്ന വിശദാംശം നൽകുമോ;

(സി) ഡിഫൻസ് പാർക്ക്, മെഗാ ഫുഡ് പാർക്ക് എന്നിവയ്ക്ക് ലഭിച്ച കേന്ദ്ര സഹായം എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ വളർച്ചയ്ക്കായി നടപ്പിലാക്കിവരുന്ന ക്ലസ്റ്റർ വികസന പദ്ധതിയിൽ 1404.12 ലക്ഷം പദ്ധതി തുകയുള്ള വെസ്റ്റ് മലബാർ പ്ലൈവുഡ് ക്ലസ്റ്റർ, എറണാകുളത്തിന് ഈ സർക്കാരിന്റെ കാലത്ത് അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ, ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ സ്പൈസസ് പാർക്ക് സ്ഥാപിക്കുന്നതിന് വ്യവസായ മന്ത്രാലയം എം.എസ്.എം.ഇ.-യുടെ 6 കോടിയുടെ ധനസഹായം ഉൾപ്പെടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം ഉയർത്തുന്നതിനുവേണ്ടി നിർദ്ദിഷ്ട ചെന്നൈ-ബാംഗ്ലൂർ വ്യവസായ ഇടനാഴി കൊച്ചിയിലേയ്ക്ക് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിൽ തീരുമാനം പ്രതീക്ഷിക്കുന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൻ കീഴിലുള്ള ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയ/ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ട് എന്നിവയിൽ ഐ.ഡി.പി, പൂവൻതുരുത്ത്, കോട്ടയം (പദ്ധതി തുക 1000 ലക്ഷം), ഐ.ഡി.എ., ഇടയാർ, എറണാകുളം (പദ്ധതി തുക 967.69 ലക്ഷം) എന്നീ പദ്ധതികൾക്ക് കേന്ദ്രസർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. IDA അരൂരിന്റെ (ആലപ്പുഴ) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കാൻ നടപടികൾ എടുത്തുവരുന്നു.

(സി) കേന്ദ്ര സഹായ പദ്ധതികളായ ഡിഫൻസ് പാർക്കിന് 15 കോടി രൂപയും കെ.എസ്.ഐ.ഡി.സി.-യുടെ മെഗാഫുഡ് പാർക്കിന് 28.80 കോടി രൂപയും കിൻഫ്രയുടെ മെഗാഫുഡ് പാർക്കിന് 28 കോടി രൂപയും കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

**പതിമൂന്നാം പഞ്ചവത്സരപദ്ധതിയും വ്യവസായ മേഖലയും**

147 (2032) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് എത്ര കോടി രൂപയുടെ വികസന പ്രവർത്തനമാണ് വ്യവസായ മേഖലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്;

(ബി) അതിലൂടെ വ്യവസായ മേഖലയിൽ എത്ര മാത്രം ഭൗതിക ഉല്പാദന വർദ്ധന നേടുവാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന 1041.5741 കോടി രൂപയുടെ പദ്ധതികളാണ് പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. അടുത്ത നാല് വർഷം കഴിയുമ്പോൾ കേരളത്തിൽ പുതുതായി എൺപതിനായിരം സംരംഭങ്ങൾ ആരംഭിക്കുകയും 5 ലക്ഷം തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടുകയും ചെയ്യും. 7500 കോടി രൂപയുടെ നിക്ഷേപം എം.എസ്.എം.ഇ. മേഖലയിൽ ഉണ്ടാകും. വ്യവസായ അടിസ്ഥാന വികസന സൗകര്യത്തിനായി 38 വ്യവസായ വികസന ഏര്യാ/പ്ലോട്ടുകളുടെ ആഭ്യന്തര റോഡുകൾ, വൈദ്യുതി/ജലവിതരണം, കണക്ടിവിറ്റി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരും. കേരളത്തിന്റെ സ്ഥല ലഭ്യത കുറവുമൂലം വ്യവസായ ഭൂമിയിൽ 150 കോടി രൂപ ചെലവിൽ 10 സമുച്ചയങ്ങൾ നിർമ്മിച്ച് വരുന്ന നാല് വർഷത്തിനുള്ളിൽ പൂർത്തീകരിച്ച് നൽകാൻ കഴിയും. ഇതിൽ 500 പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യും. ഇതിലൂടെ 3000 തൊഴിലവസരങ്ങളും 100 കോടി രൂപയുടെ നിക്ഷേപവും ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ,

1. അതിസൂക്ഷ്മ ഗാർഹിക സംരംഭങ്ങൾക്ക് 33 കോടി രൂപയുടെ പലിശയിളവ് നൽകും.
2. കരകൗശല മേഖലയിൽ 15 ക്ലസ്റ്ററുകൾ വികസിപ്പിച്ച് പതിനയ്യായിരം കരകൗശല ആർട്ടിസാൻമാർക്ക് തൊഴിൽ ഉറപ്പ് വരുത്തും.
3. 'ഇന്റഗ്രേറ്റഡ് ആർട്ടിസാൻസ് ഡെവലപ്മെന്റ് പ്രോഗ്രാം" നടപ്പിലാക്കുക വഴി പതിനയ്യായിരം സംരംഭങ്ങൾ ഉണ്ടാകും. അതിലൂടെ ഈ മേഖലയിൽ മുപ്പതിനായിരം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.
4. ക്ലസ്റ്റർ വികസനത്തിലൂടെ മുള വ്യവസായ രംഗത്ത് 300 യൂണിറ്റുകൾ സ്ഥാപിക്കും. ആ പദ്ധതി പ്രകാരം 400 കരകൗശല ആർട്ടിസാൻ സംരംഭങ്ങൾ ആരംഭിക്കും.
5. വിനോദസഞ്ചാരവുമായി കരകൗശല മേഖലയെ ബന്ധിപ്പിച്ച് 100 സുവനീറുകൾ അന്താരാഷ്ട്ര വിപണിയിലെത്തിക്കും. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കും.
6. കരകൗശല ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡ് നിശ്ചയിക്കും.

7. യുവസംരംഭകർക്കായി തൊഴിൽ നൈപുണ്യ പരിശീലനം നൽകും.

8. ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളുടെ വിനിയോഗം എം.എസ്.എം.ഇ. മേഖലയിൽ ഉറപ്പുവരുത്തും.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

743.21 കോടി രൂപയുടെ വിവിധ പദ്ധതികളാണ് പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്

റിയാബ്

ഏകദേശം 8700 കോടിയോളം രൂപയുടെ വികസന പ്രവർത്തനമാണ് പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. വിവിധ നവീകരണ വിപുലീകരണ വൈവിദ്ധ്യവൽക്കരണ പദ്ധതികളിലൂടെ ഉല്പാദനം വർദ്ധിപ്പിച്ച് വിറ്റുവരവ് ഇരട്ടിയാക്കി വർദ്ധിപ്പിക്കുന്നതിനും വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സംസ്ഥാനത്തെ വ്യവസായിക മേഖലയുടേയും അനുബന്ധ വ്യവസായ മേഖലയുടെയും വളർച്ച എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

കിൻഫ്ര

96 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാക്കുന്നത്. കൂടുതൽ സ്വകാര്യ നിക്ഷേപവും അതുവഴി തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും.

മൈനിംഗ് & ജിയോളജി

9.085 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ധാതുപര്യവേഷണം മുഖേന കണ്ടെത്തുന്ന ധാതുക്കൾ ഖനനം ചെയ്യുന്നതുവഴി ധാതുവ്യവസായം അഭിവൃദ്ധിപ്പെടുകയും തന്മൂലം ഭൗതിക ഉല്പാദന വർദ്ധനവ് ഉണ്ടാകുകയും ചെയ്യും.

കൈത്തറി & ടെക്സ്റ്റൈൽ ഡയറക്ടറേറ്റ്

കൈത്തറി മേഖലയിൽ 30248.75 ലക്ഷം രൂപയുടെയും ടെക്സ്റ്റൈൽ മേഖലയിൽ 24029.93 ലക്ഷം രൂപയുടെയുംകൂടി ആകെ 54278.67 ലക്ഷം രൂപയുടെ പദ്ധതികളാണ് പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിലൂടെ കൈത്തറി & ടെക്സ്റ്റൈൽസ് മേഖലയിൽ പ്രതിവർഷം 1000 കോടി രൂപയുടെ ഉല്പാദനം നേടുവാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

<u>കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്</u>

23139.46 ലക്ഷം രൂപയുടെ പദ്ധതികളാണ് പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കാലത്ത് പുതുതായി 5000 തൊഴിലവസരങ്ങളും ഗ്രാമ വ്യവസായ രംഗത്ത് 25000 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും. തേൻ ഉല്പാദന രംഗത്ത് പ്രതിവർഷം 14 കോടി രൂപയുടെ ഉല്പാദനമാണ് ലക്ഷ്യമിടുന്നത്.

<u>ഇൻകെൽ</u>

എന്ന പിപിപി കമ്പനി തനതുഫണ്ടിൽനിന്നും 80.65 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് അടുത്ത 2 സാമ്പത്തിക വർഷത്തിനുള്ളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നത്. ചെറുകിട വ്യവസായ സംരംഭകരെ ലക്ഷ്യം വെച്ചിട്ടുള്ളതാണ് ഈ പദ്ധതികൾ. ഇതുവഴി 1000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

## റബ്ബർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

148 (2033) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകരെ സഹായിക്കുന്നതിനും റബ്ബർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുമായി വ്യവസായ വകുപ്പ് നിലവിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) റബ്ബർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് പൊതുമേഖലയിൽ പുതിയ വ്യവസായ സംരംഭം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ടയർ ഉൾപ്പെടെയുള്ള റബ്ബർ വ്യവസായ ഉൽപ്പന്നങ്ങൾ പൊതുമേഖലയിൽ ഉല്പാദിപ്പിച്ച് കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള സർക്കാർ സംരംഭങ്ങൾക്കും സർക്കാർ വാഹനങ്ങൾക്കും നിർബന്ധമാക്കി റബ്ബർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മൂല്യവർദ്ധിത റബ്ബർ ഉൽപ്പന്നങ്ങളുടെ വ്യവസായ സാധ്യത സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20-9-2017-ൽ യോഗം ചേരുകയും റബ്ബർ പാൽ സംഭരണത്തിനായി "അമുൽ

മോഡൽ" സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ചും "സിയാൽ മാതൃകയിൽ" ടയർ ഫാക്ടറി ആരംഭിക്കുന്നത് സംബന്ധിച്ചുമുള്ള സാധ്യതകൾ പഠിക്കുന്നതിന് വിവിധ മേഖലയിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി&സി) റബ്ബർ കൃഷിയെയും വ്യവസായത്തെയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിലേക്കായി സർക്കാർ ഈ മേഖലയിലെ വ്യവസായ സാധ്യതകളെക്കുറിച്ച് സമഗ്ര പഠനം നടത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ടയർ ഉൾപ്പെടെയുള്ള വ്യവസായങ്ങളെ ഈ പഠനത്തിൽ ഉൾപ്പെടുത്തി അപഗ്രഥിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ആഷ പദ്ധതി**

149 (2034) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല മേഖലയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 'ആഷ പദ്ധതി' പ്രകാരം അനുവദിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ബി) പദ്ധതിയിലൂടെ 2017-ൽ എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സഹായം നൽകുവാൻ കഴിഞ്ഞു; അതിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എത്ര യൂണിറ്റുകളുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 'ആഷ' പദ്ധതിയിലൂടെ കരകൗശല മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് അനിവാര്യമായ കെട്ടിടം/പണിശാല, യന്ത്രസാമഗ്രികൾ, ഉപകരണങ്ങൾ, പണിശാലയിലെ വൈദ്യുതീകരണം തുടങ്ങി സ്ഥിര മൂലധന നിക്ഷേപത്തിന്റെ 40% തുക, പരമാവധി രണ്ട് ലക്ഷം രൂപ ധനസഹായമായി നൽകുന്നു. പട്ടികജാതി/പട്ടികവർഗ്ഗം, വനിത, യുവജന സംരംഭകർക്ക് സ്ഥിര മൂലധനത്തിന്റെ 50% തുക, പരമാവധി 3 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ 27 സംരംഭകർക്ക് ധനസഹായം നൽകുകയുണ്ടായി. ഇതിൽ 3 പേർ പട്ടികവിഭാഗത്തിൽപ്പെട്ട സംരംഭകരാണ്. 2017-18 സാമ്പത്തിക വർഷത്തിൽ ഇതുവരെ 15 സംരംഭകർക്ക് ധനസഹായം നൽകുകയുണ്ടായി. ഇവരിൽ പട്ടിക വിഭാഗക്കാർ ആരും തന്നെയില്ല.

## സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലയിൽ സംരംഭക സഹായ പദ്ധതി

150 (2035) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട യൂണിറ്റുകൾക്ക് മൂലധന സഹായം നൽകിക്കൊണ്ട് ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സംരംഭക സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം സംരംഭകർക്ക് മൂലധന സഹായം നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സംരംഭക സഹായ പദ്ധതിയുടെ ഗുണഭോക്താക്കളിൽ ഇരുപത് ശതമാനം സ്ത്രീ സംരംഭകരായിരിക്കണമെന്ന വ്യവസ്ഥയുണ്ടോ;

(ഇ) നാനോ, ഗാർഹിക സംരംഭങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ എന്നറിയിക്കാമോ;

(എഫ്) ഈ പദ്ധതിയ്ക്കായി 2018-19 ബജറ്റിൽ എത്ര രൂപ വകയിരു ത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിൻമേൽ 15% മുതൽ 30% വരെ, പരമാവധി 30 ലക്ഷം രൂപ, ധനസഹായം നൽകുകയെന്ന ലക്ഷ്യത്തോടെ വകുപ്പിൽ ഉണ്ടായിരുന്ന പദ്ധതികൾ ഏകോപിപ്പിച്ച് 1-4-2012 മുതൽ നടപ്പിലാക്കുകയും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ പദ്ധതിയാണ് സംരംഭക സഹായ പദ്ധതി.

(സി) ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരം മൂലധനത്തിന്റെ 15% മുതൽ 30% വരെ, പരമാവധി 30 ലക്ഷം രൂപ ധനസഹായം നൽകുന്നു. ഇത് മൂന്ന് ഘട്ടങ്ങളിലായിട്ടാണ് നൽകുന്നത്. (1) സ്റ്റാർട്ട് അപ് സപ്പോർട്ട് (2) ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് (3) ടെക്നോളജി സപ്പോർട്ട്. ഇതുപ്രകാരം താലൂക്ക് വ്യവസായ

കേന്ദ്രങ്ങൾ മുഖേന ജില്ലാ വ്യവസായ കേന്ദ്രങ്ങൾ അപേക്ഷ സ്വീകരിക്കുകയും ജില്ലാതല കമ്മിറ്റികളിൽ സമർപ്പിച്ച് യൂണിറ്റുകൾക്ക് സബ്സിഡി പാസ്സാക്കി വിതരണം നടത്തുകയും ചെയ്യുന്നു. രണ്ടുകോടിക്കുമേൽ സ്ഥിരംമൂലധനമുള്ള സംരംഭങ്ങൾക്ക് സംസ്ഥാന തല കമ്മിറ്റിയാണ് സബ്സിഡി പാസ്സാക്കുന്നത്.

(ഡി&ഇ) ഇല്ല.

(എഫ്) 55 കോടി രൂപ.

**ചെറുകിട-ഇടത്തരം വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി**

151 (2036) ശ്രീ. അൻവർ സാദത്ത് :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായങ്ങൾ കടുത്ത പ്രതിസന്ധിയിലാണോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ നേരിടുന്ന വളർച്ചാ മുരടിപ്പും അനുബന്ധ പ്രശ്നങ്ങളും ആദ്യ ഘട്ടത്തിൽത്തന്നെ കണ്ടെത്തി പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) പ്രതിസന്ധി നേരിടുന്ന 602 ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി&സി) കേരളത്തിലെ ചെറുകിട വ്യവസായ മേഖലയിൽ യഥാസമയം വായ്പ ലഭിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ, വിപണനത്തിലെ പ്രശ്നങ്ങൾ, ഫലപ്രദമല്ലാത്ത മാനേജ്മെന്റ് സമ്പ്രദായങ്ങൾ, ഉൽപ്പന്നം/സേവനത്തിനുള്ള ആവശ്യകതയുടെ മാന്ദ്യം എന്നീ കാരണങ്ങളാൽ തകർച്ച നേരിടുന്ന വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ആർ.ബി.ഐ. യുടെ ഗൈഡ് ലൈൻസ് പ്രകാരം നടപ്പിലാക്കിവരുന്നു. പൊതു മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ബാങ്കുകൾക്ക് ജില്ലാ അടിസ്ഥാനത്തിലും മേഖല അടിസ്ഥാനത്തിലും "Stressed Asset Management Committee"കൾ രൂപീകരിച്ചുവരുന്നു. ഇത്തരം കമ്മിറ്റികളിൽ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഉദ്യോഗസ്ഥർ അംഗങ്ങളാണ്. ഈ രീതിയിൽ ചെറുകിട വ്യവസായ സംരംഭങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ഫലപ്രദമായ രീതിയിൽ ഇടപെടലുകൾ നടത്തി

വരുന്നു. കൂടാതെ 2018-19 സാമ്പത്തികവർഷത്തിൽ ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ കൺസോർഷ്യവും, വ്യവസായ വകുപ്പും ചേർന്ന് കോർപ്പസ് ഫണ്ട് ലഭ്യമാക്കി, ഇത്തരം പീഡിത വ്യവസായങ്ങളെ സഹായിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പ്രതിസന്ധിയിലായ ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ

152 (2037) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലനിൽപ്പുതന്നെ പ്രതിസന്ധിയിലായ എത്ര ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾ കേരളത്തിൽ ഉണ്ട് എന്നത് സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജിയോ ടാഗിംഗ് മുഖേന അത്തരം 602 യൂണിറ്റുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇത്തരം യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, വ്യവസായ വികസന ഓഫീസർമാർ, ധനകാര്യ സ്ഥാപനങ്ങളിലെ അംഗങ്ങൾ, വാണിജ്യ സ്ഥാപനങ്ങളിലെ (ധനകാര്യം, സാങ്കേതികം, വാണിജ്യം) വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തിയുള്ള ഒരു വിദഗ്ദ്ധ സമിതിയുടെ നിരീക്ഷണത്തിൽ നിർദ്ദിഷ്ട മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളെ കണ്ടെത്തുകയും ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും 'വ്യവസായ മിത്ര' യെന്ന പേരിൽ എം.എസ്.എം.ഇ. വികസന കമ്മിറ്റി രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇത്തരത്തിൽ കണ്ടെത്തിയ വ്യവസായ സംരംഭങ്ങൾക്ക് ധനസഹായവും വായ്പയും നൽകുന്നത് കേരള എം.എസ്.എം.ഇ. പുനർജ്ജീവന ട്രസ്റ്റ് ഫണ്ടാണ്. ഈ ട്രസ്റ്റ് ഫണ്ടിൽ 10 കോടി രൂപ കോർപ്പസ് ഫണ്ടും ബാക്കി ഭാഗം കോ-ഓപ്പറേറ്റീവ് ബാങ്കുകൾ (അർബൻ, ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ ബാങ്ക്) എന്നീ സ്ഥാപനങ്ങൾ ഉൾപ്പെട്ട കൺസോർഷ്യവും വഹിക്കുന്നു. 2018-19 ബജറ്റിൽ ഈ പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്തിന്റെ സമാനവിഹിതമായ 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## പ്രതിസന്ധിയിലായ ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ

153 (2038) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധിയിലായ ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾക്കായി ഒട്ടേറെ പദ്ധതികൾ ഉണ്ടെങ്കിലും അവയൊന്നും യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിലനിൽപ്പുതന്നെ പ്രതിസന്ധിയിലായ എത്ര ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇവയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും ബാങ്കുകൾ അടക്കമുള്ള ധനകാര്യ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി സഹായങ്ങൾ നൽകുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ജിയോ ടാഗിംഗ് മുഖേന നിലനിൽപ്പുതന്നെ പ്രതിസന്ധിയിലായ 602 ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) ഇത്തരം യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, വ്യവസായ വികസന ഓഫീസർമാർ, ധനകാര്യ സ്ഥാപനങ്ങളിലെ അംഗങ്ങൾ, വാണിജ്യ സ്ഥാപനങ്ങളിലെ (ധനകാര്യം, സാങ്കേതികം, വാണിജ്യം) വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തിയുള്ള ഒരു വിദഗ്ദ്ധ സമിതിയുടെ നിരീക്ഷണത്തിൽ നിർദ്ദിഷ്ട മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളെ കണ്ടെത്തുകയും ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും 'വ്യവസായ മിത്ര' യെന്ന പേരിൽ എം.എസ്.എം.ഇ. വികസന കമ്മിറ്റി രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇത്തരത്തിൽ കണ്ടെത്തിയ വ്യവസായ സംരംഭങ്ങൾക്ക് ധനസഹായവും വായ്പയും നൽകുന്നത് കേരള എം.എസ്.എം.ഇ. പുനർജ്ജീവന ട്രസ്റ്റ് ഫണ്ടാണ്. ഈ ട്രസ്റ്റ് ഫണ്ടിൽ 10 കോടി രൂപ കോർപ്പസ് ഫണ്ടും ബാക്കി ഭാഗം കോ-ഓപ്പറേറ്റീവ് ബാങ്കുകൾ (അർബൻ, ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ ബാങ്ക്) എന്നീ സ്ഥാപനങ്ങൾ ഉൾപ്പെട്ട കൺസോർഷ്യവും വഹിക്കുന്നു. 2018-19 ബഡ്ജറ്റിൽ ഈ പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്തിന്റെ സമാന വിഹിതമായ 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## പരമ്പരാഗത വ്യവസായ മേഖലയിലെ മാന്ദ്യം

154 (2039) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക മാന്ദ്യം പരമ്പരാഗത വ്യവസായ മേഖലയെ എപ്രകാരം ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംരംഭകർക്ക് സബ്സിഡി ആനുകൂല്യം നൽകുന്ന സംരംഭക സഹായ പദ്ധതി, പി.എം.ഇ.ജി.പി. എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടും പരമ്പരാഗത മേഖലയിലെ മാന്ദ്യം കുറയ്ക്കുന്നതിന് ഇവയൊന്നും സഹായകമാകാതിരുന്നത് എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) 1-4-2017-ന് ശേഷം സൃഷ്ടിച്ച എല്ലാ പുതിയ തൊഴിലവസരങ്ങളുടെയും ഇ.എസ്.ഐ./ഇ.പി.എഫ്. അടവിലേക്കുള്ള തൊഴിലുടമയുടെ വിഹിതത്തിന്റെ ഒരു ഭാഗം സർക്കാർ വഹിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സാമ്പത്തിക മാന്ദ്യം രാജ്യത്തിലെ വിപണിയെ മൊത്തത്തിൽ ബാധിച്ചതിന്റെ ഭാഗമായി പരമ്പരാഗത വ്യവസായ മേഖലയെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ അസംസ്കൃത സാധനങ്ങൾ ശേഖരിക്കുന്നതിനും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും സാമ്പത്തിക മാന്ദ്യം ബാധിച്ചിട്ടുണ്ട്. കശുവണ്ടി വ്യവസായ മേഖലയിൽ സാമ്പത്തിക മാന്ദ്യംമൂലം കശുവണ്ടി പരിപ്പിന്റെ എക്സ്പോർട്ട് റേറ്റ് കുറഞ്ഞിട്ടുള്ളതും അസംസ്കൃത തോട്ടണ്ടിയുടെ വില വർദ്ധിച്ചിട്ടുള്ളതുമാണ്. ഖാദി മേഖലയിൽ വിലയിൽ വർദ്ധനവ് ഉണ്ടായെങ്കിലും വില്പനയിൽ ഇതനുസരിച്ചുള്ള വർദ്ധനവ് ഉണ്ടായിട്ടില്ല. സാമ്പത്തിക മാന്ദ്യം ഉൾപ്പെടെയുള്ള പ്രതിസന്ധികളിൽ നിന്നും പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) സംരംഭക സഹായ പദ്ധതി, പി.എം.ഇ.ജി.പി. എന്നീ പദ്ധതികൾ പരമ്പരാഗത മേഖലയ്ക്കുവേണ്ടി മാത്രമായി നടപ്പിലാക്കുന്ന പദ്ധതികളല്ല. സാമ്പത്തിക മാന്ദ്യം ഉൾപ്പെടെയുള്ള പ്രതിസന്ധികളിൽനിന്നും പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(സി) 1-4-2017-നുശേഷം സൃഷ്ടിച്ച എല്ലാ പുതിയ തൊഴിലവസരങ്ങളുടെയും ഇ.എസ്.ഐ./ഇ.പി.എഫ്. അടവിലേക്കുള്ള തൊഴിലുടമയുടെ വിഹിതത്തിന്റെ ഒരു ഭാഗം സർക്കാർ വഹിക്കുന്ന പദ്ധതിക്ക് സർക്കാർ അന്തിമാനുമതി നൽകിയിട്ടുണ്ട്.

## പരമ്പരാഗത വ്യവസായങ്ങൾ

155 (2040) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും ഉന്നമനത്തിനുമായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) നോട്ടുനിരോധനവും ജി.എസ്.ടി.യും സാമ്പത്തിക പ്രതിസന്ധിയും കാരണം നട്ടം തിരിയുന്ന ഈ മേഖലയുടെ ഉന്നമനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും ഉന്നമനത്തിനുമായി ഈ സർക്കാർ ക്രിയാത്മക നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി, ഒരു വീട്ടിൽ ഒരു തറി പദ്ധതി, വിപണന-കയറ്റുമതി പ്രോത്സാഹന പദ്ധതി, മികച്ച കൈത്തറി ഉൽപ്പന്നങ്ങൾക്കുള്ള ഉല്പാദന സഹായം തുടങ്ങിയ പദ്ധതികൾ കൈത്തറി മേഖലയുടെ ഉന്നമനത്തിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളാണ്. കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കെൽപാം എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേനയും അപ്പെക്സ് സഹകരണ സ്ഥാപനമായ സുരഭി വഴിയും കരകൗശല മേഖലയെ പരിപോഷിപ്പിക്കുന്നതിനുള്ള നടപികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കരകൗശല മേഖലയിൽ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 'ആഷ' എന്ന പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, കരകൗശല മേഖലയിലെ അപെക്സ് സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി, കരകൗശല മേഖലയിലെ വിദഗ്ധർക്കുള്ള വാർദ്ധക്യകാല പെൻഷൻ പദ്ധതി, കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതി തുടങ്ങിയവ നടപ്പാക്കിവരുന്നു. കരകൗശല മേഖലയിലെ തൊഴിലാളികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി കരകൗശല വികസന കോർപ്പറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രാഫ്റ്റ് ബസാറുകൾ, കരകൗശല എക്സിബിഷനുകൾ, ഗാന്ധിശില്പ ബസാറുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ഇവയിലൂടെ ആർട്ടിസാൻമാരുടെ ഉല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിൽ വിപണനം ചെയ്യുവാനുള്ള അവസരം ഒരുക്കുന്നു. മുളകൊണ്ടുള്ള

വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബൂ ഇന്നൊവേഷൻ സെന്ററും മുള സംസ്കരിച്ച് ഫർണീച്ചർ നിർമ്മിക്കുന്നതിനായി ഇംപ്രഗ്നേഷൻ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഖാദി ഗ്രാമവ്യവസായ മേഖലയിൽ ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി, ഉത്സവബത്ത, ഉല്പാദന ഇൻസെന്റീവ് മുതലായവ ഏർപ്പെടുത്തൽ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടുകൂടി വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിൽ പരിശീലനം, സ്ലീറ്റ് വീവിംഗ്, ഖാദിഗ്രാമം പദ്ധതി, സംസ്ഥാന സർക്കാർ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതിവിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, എന്റെ ഗ്രാമം പദ്ധതി തുടങ്ങിയവ നടപ്പാക്കിവരുന്നു.

പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി കേരള കാഷ്യൂബോർഡ് എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുള്ളതാണ്. പരമ്പരാഗത കയർ മേഖലയിൽ കയർ ഭൂവസ്ത്ര വികസന പരിപാടി, കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം, മാനേജീരിയൽ സബ്സിഡി, എൻ.സി.ഡി.സി. പദ്ധതി, കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി, കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം, കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം, കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ, ഉല്പാദനവും പ്രചോദനവും പദ്ധതി, വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി, കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി, കയർ സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളിത്തം, കയർപിരി/ ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി, കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

(ബി) സാമ്പത്തിക പ്രതിസന്ധി ഉൾപ്പെടെയുള്ള പ്രതിസന്ധികളെ തരണം ചെയ്ത് പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## വ്യവസായ പാർക്കുകൾ

156 (2041) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് വ്യവസായ പാർക്കുകൾ തുടങ്ങുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എവിടെയൊക്കെ ഇതിനോടകം വ്യവസായ പാർക്കുകൾ തുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ വ്യവസായ പാർക്കുകളുടെ പ്രവർത്തനം വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ വ്യവസായ പാർക്കുകൾ പ്രവർത്തിപ്പിക്കുന്നത് കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളാണ്.

കിൻഫ്ര വിഭാവനം ചെയ്തിട്ടുള്ള വ്യവസായ പാർക്കുകൾ താഴെപ്പറയുന്നു :

1. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം.
2. കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം - രണ്ടാം ഘട്ടം.
3. ഇലക്ട്രോണിക്സ് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം.
4. പെട്രോകെമിക്കൽ പാർക്ക്, എറണാകുളം
5. ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം.
6. സ്പൈസസ് പാർക്ക്, തൊടുപുഴ.
7. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്.
8. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴയ്ക്കൽ, തൃശ്ശൂർ.
9. കൊരട്ടി പാർക്ക് - രണ്ടാം ഘട്ടം.
10. ഫാർമ പാർക്ക്, എറണാകുളം.
11. കിൻഫ്ര പാർക്ക്, (കാക്കഞ്ചേരി) - രണ്ടാം ഘട്ടം.
12. ജെം & ജുവലറി പാർക്ക്, തൃശ്ശൂർ.

13. ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ, എറണാകുളം.

14. വ്യവസായ പാർക്ക്, മട്ടന്നൂർ.

15. വിവിധോദ്ദേശ സോണുകൾ-കണ്ണൂർ, തൊട്ടുപുഴ, വിഴിഞ്ഞം, കാസർഗോഡ്.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ തൃശ്ശൂർ ജില്ലയിലെ ചിറ്റണ്ട വില്ലേജിലും വടക്കാഞ്ചേരി വില്ലേജിലും വ്യവസായ പാർക്കുകൾ വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) കിൻഫ്ര തുടങ്ങിയിട്ടുള്ള വ്യവസായ പാർക്കുകൾ താഴെപ്പറയുന്നു:

1. അപ്പാരൽ പാർക്ക്, തിരുവനന്തപുരം.
2. എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, എറണാകുളം.
3. ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം.
4. ഭക്ഷ്യസംസ്കരണ പാർക്ക്, മലപ്പുറം.
5. ഭക്ഷ്യസംസ്കരണ പാർക്ക്, അടൂർ.
6. ചെറുകിട വ്യവസായ പാർക്ക്, തിരുവനന്തപുരം, കുന്നന്താനം, അടൂർ, മഴവന്നൂർ, കൊരട്ടി, തലശ്ശേരി, വയനാട്, കാസർഗോഡ്.
7. ഹൈടെക് പാർക്ക്, കളമശ്ശേരി.
8. ഇലക്ട്രോണിക്സ് പ്രത്യേക സാമ്പത്തിക മേഖല, കളമശ്ശേരി.
9. ടെക്സ്റ്റൈൽ സെന്റർ, കണ്ണൂർ.
10. ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്ക്, കഞ്ചിക്കോട്.
11. ബയോടെക്നോളജി പാർക്ക്, കളമശ്ശേരി.
12. വ്യവസായ പാർക്ക്, പിറവണ്ണൂർ.
13. വ്യവസായ പാർക്ക്, ഒറ്റപ്പാലം.
14. ഭക്ഷ്യ സംസ്കരണ പ്രത്യേക സാമ്പത്തിക മേഖല, മലപ്പുറം.
15. ഐ.ടി. അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, തിരുവനന്തപുരം.
16. മെഗാ ഫുഡ് പാർക്ക്, പാലക്കാട്.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിൽ കണ്ണൂർ, കിനാലൂർ, മലപ്പുറം, ചേർത്തല എന്നിവിടങ്ങളിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങളും പാലക്കാട് ഒരു ഇൻവെസ്റ്റ്മെന്റ് സോണും തുടങ്ങിയിട്ടുണ്ട്.

(സി) കിൻഫ്രയുടെ പാർക്കുകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഏകജാലക സംവിധാനം വഴി സംരംഭങ്ങൾ തുടങ്ങുന്നതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള സംവിധാനം പാർക്കുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കിൻഫ്രയുടെ പാർക്കുകളിൽ 727 പേർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിന് ഭൂമി അനുവദിച്ചിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ വ്യവസായ പാർക്കുകളിൽ 30 വർഷം പാട്ട വ്യവസ്ഥയിലാണ് സംരംഭകർക്ക് ഭൂമി അനുവദിക്കുന്നത്. സംരംഭകർക്ക് വ്യവസായ പാർക്കുകളിൽ കുറഞ്ഞത് 25 സെന്റ് ഭൂമി മുതൽ അനുവദിക്കുന്നു. ഭൂമി അനുവദിച്ചാൽ 90 ദിവസത്തിനകം ഭൂമിയുടെ 50% പാട്ടത്തുക അടയ്ക്കേണ്ടതാണ്. ബാക്കി 50% തുക അടയ്ക്കുന്നതിന് 2 വർഷം കാലാവധി അനുവദിക്കുന്നതാണ്. ഭൂമി ഏറ്റെടുത്ത് രണ്ട് വർഷത്തിനുള്ളിൽ സംരംഭം ആരംഭിക്കേണ്ടതാണ്.

## വ്യവസായ വകുപ്പിൽ ജെ.ഡി.സി. യോഗ്യത നേടിയവർക്ക് സ്ഥാനക്കയറ്റം

157 (2042) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിലെ സീനിയർ ക്ലാർക്ക്/യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാരെ സീനിയോറിറ്റിയുടെയും അപേക്ഷയുടെയും അടിസ്ഥാനത്തിൽ സർക്കാർ ചെലവിൽ സഹകരണ ജൂനിയർ ഡിപ്ലോമാ കോഴ്സിന് അയയ്ക്കുകയും അവർക്ക് ജൂനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുകയും ചെയ്യുന്ന സ്പെഷ്യൽ റൂൾ നിലവിൽ വന്നതെപ്പോഴാണ്;

(ബി) 2001-ലെ കേരള ഇൻഡസ്ട്രീസ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് -ന്റെ അടിസ്ഥാനത്തിൽ ഏത് അനുപാതത്തിലാണ് ഇത്തരത്തിൽ ജെ.ഡി.സി. യോഗ്യത നേടിയവർക്ക് സ്ഥാനക്കയറ്റം നൽകി വരുന്നത്;

(സി) ഇത്തരത്തിൽ സർക്കാർ ചെലവിൽ ജെ.ഡി.സി. കോഴ്സിനുപോയ എല്ലാ ജീവനക്കാർക്കും മേൽ സൂചിപ്പിച്ച അനുപാതത്തിൽ ഉദ്യോഗക്കയറ്റം നൽകുവാൻ വ്യവസായ വകുപ്പിന് കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ ചെലവിൽ ജെ. ഡി.സി കോഴ്സിന് പോയ ജീവനക്കാർ ആരെങ്കിലും ഇൻഡസ്ട്രീസ് സബോർഡിനേറ്റ് സർവീസിൽ ജൂനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നേടാതെ മിനിസ്റ്റീരിയൽ സബോർഡിനേറ്റ്

സർവീസ് ഓപ്റ്റ് ചെയ്താൽ അവരുടെ പക്കൽ നിന്നും ജെ.ഡി.സി കോഴ്സിനു പോയ കാലയളവിലെ ശമ്പളം അടക്കമുള്ള ചെലവുകൾ തിരികെ പിടിക്കുമെന്ന് നിഷ്കർഷിക്കുന്ന സർക്കാർ ഉത്തരവുകളോ സർക്കുലറുകളോ 13-12-2017-ന് മുൻപ് നിലവിലുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) വ്യവസായ വകുപ്പ് ജീവനക്കാർക്കാകെ നിയമപ്രകാരം ലഭിച്ചിരുന്ന സർക്കാർ ചെലവിലുള്ള ജെ.ഡി.സി. പരിശീലനം നിഷേധിക്കുകയും അതുവഴി അവർക്കു ലഭിച്ചിരുന്ന ഉദ്യോഗക്കയറ്റം നിഷേധിക്കുവാനും ഇടയാക്കിയ 13-12-2017-ലെ സ.ഉ (കൈ) നമ്പർ 119/2017/വ്യവ ഉത്തരവ് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ജീവനക്കാരുടെ സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ;

(എഫ്) ഫിഷറീസ് വകുപ്പ്, ക്ഷീര വികസന വകുപ്പ്, സഹകരണ വകുപ്പ് എന്നീ വകുപ്പുകളിൽ സമാന തസ്തികയിലുള്ള ജീവനക്കാർക്ക് സർക്കാർ ചെലവിൽ ജെ.ഡി.സി. പരിശീലനം ലഭിക്കുകയും അതുവഴി ക്രമപ്രകാരം ഉദ്യോഗക്കയറ്റം ലഭിക്കുകയും ചെയ്യുമ്പോൾ വ്യവസായ വകുപ്പിൽ വർഷങ്ങളായി ജീവനക്കാർക്ക് ലഭിച്ചിരുന്ന ആനുകൂല്യമാണ് നിഷേധിക്കപ്പെട്ടിരിക്കുന്നത് എന്ന ജീവനക്കാരുടെ സംഘടനകളുടെ നിവേദനം പരിശോധിച്ച് കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് 17-2-2001-ന് പുറപ്പെടുവിച്ച G.O.(P) 30/2001/ID നമ്പർ സ്പെഷ്യൽ റൂളിൽ ജൂനിയർ സഹകരണ ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള നിയമനരീതി, യോഗ്യത എന്നിവയെക്കുറിച്ച് മാത്രമാണ് പ്രതിപാദിച്ചിട്ടുള്ളത്. എന്നാൽ വ്യവസായ വകുപ്പിലെ സീനിയർ ക്ലാർക്ക്/യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാരെ സർക്കാർ ചെലവിൽ ജൂനിയർ ഡിപ്ലോമ കോഴ്സിന് അയയ്ക്കുന്നത് സംബന്ധിച്ച് സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിട്ടില്ല.

(ബി) 2001-ലെ കേരള ഇൻഡസ്ട്രീസ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക്, യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാർക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ 6:1 അനുപാതത്തിൽ ആണ് സ്ഥാനക്കയറ്റം നൽകിവരുന്നത്.

(സി) സീനിയർ ക്ലാർക്ക്, യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ 6:1 അനുപാതത്തിൽ ഒഴിവ് വരുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകിവരുന്നുണ്ട്.

(ഡി) സർക്കാർ ചെവലിൽ സഹകരണ പരിശീലനം നേടിയ ജീവനക്കാരുടെ പരിശീലന കാലയളവിലെ ശമ്പളം അടക്കമുള്ള ചെലവുകൾ തിരികെ പിടിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവുകളോ സർക്കാർ സർക്കുലറുകളോ 13-12-2017-ന്

മുൻപ് നിലവിൽ ഇല്ല. എന്നാൽ 23-4-2015-ന് വ്യവസായ വാണിജ്യ ഡയറക്ടർ പുറപ്പെടുവിച്ച ഇസി1/23163/2013 നമ്പർ പരിപത്രത്തിൽ സർക്കാർ ചെലവിൽ ജെ.ഡി.സി. പരിശീലനം നേടുന്ന ജീവനക്കാർക്ക് കേരള ഇൻഡസ്ട്രീസ് സബോർഡിനേറ്റ് സർവ്വീസിൽ വരുന്ന സ്ഥാനക്കയറ്റം മാത്രമേ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ എന്നും അല്ലാത്ത പക്ഷം പരിശീലന കാലയളവിൽ കൈപ്പറ്റിയ ശമ്പളം തിരിച്ചടയ്ക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽ സർക്കുലർ തീയതിക്കുശേഷം 2015-16 അദ്ധ്യയന വർഷം മുതൽ സഹകരണ പരിശീലന പരിപാടിയിൽ പങ്കെടുത്ത ജീവനക്കാർ ഇപ്രകാരം ബോണ്ട് സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) നിവേദനത്തിലെ ആവശ്യം സർക്കാർ പരിശോധിച്ച് വരികയാണ്.

**സിഡ്കോ എം.ഡി. ആയിരുന്ന സജി ബഷീറിനെതിരെ അന്വേഷണം**

158 (2043) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. സജി ബഷീർ ഏതു മുതൽ ഏതു വരെ കാലയളവിലാണ് പ്രസ്തുത സ്ഥാപനത്തിലെ മാനേജിംഗ് ഡയറക്ടറായി സേവനം നടത്തിയത് ;

(ബി) ശ്രീ. സജി ബഷീർ സിഡ്കോയുടെ മാനേജിംഗ് ഡയറക്ടറായിരുന്ന കാലയളവിൽ നടന്ന എന്തെല്ലാം ക്രമക്കേടുകളിൽ അദ്ദേഹത്തിനെതിരെ അന്വേഷണം ആവശ്യപ്പെട്ട് വ്യവസായ വകുപ്പ് വിജിലൻസിനും പോലീസിനും പരാതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് വ്യവസായ വകുപ്പ് ഏതെല്ലാം തീയതികളിൽ വിജിലൻസിന് പരാതികൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ എത്ര പരാതികളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടെന്നും ശ്രീ. സജി ബഷീർ നടത്തിയ ക്രമക്കേടുകൾ മുഖേന സിഡ്കോയ്ക്ക് എന്തുമാത്രം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെന്നും വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 21-8-2006 മുതൽ 8-9-2015 വരെയുള്ള കാലയളവിലാണ് ശ്രീ. സജി ബഷീർ സിഡ്കോ മാനേജിംഗ് ഡയറക്ടറായി സേവനം നടത്തിയത്.

(ബി&സി) ശ്രീ. സജി ബഷീർ സിഡ്കോയുടെ മാനേജിങ് ഡയറക്ടറായിരുന്ന കാലയളവിൽ നടന്ന ക്രമക്കേടുകളിൽ അദ്ദേഹത്തിനെതിരെ അന്വേഷണം ആവശ്യപ്പെട്ട് സിഡ്കോ മുഖേന തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് നൽകിയ പരാതികൾ താഴെപ്പറയുന്നു :

1. ഹോളോബ്രിക്സ് വിതരണത്തിനായി പി.ആർ.ആർ. ബ്രിക്സിന് 50 ലക്ഷം രൂപ നൽകിയത്.
2. കായംകുളം കായലിലെ മണൽ വിതരണം നടത്തുന്നതിനായി സുകൃതികിരൺ സോഫ്റ്റ്‌വെയർ ടെക്നോളജിക്ക് 70 ലക്ഷം രൂപ കൈമാറിയത്.
3. സബർമതി ഫുഡ് പ്രോഡക്ട്സ് വിതരണവുമായി ബന്ധപ്പെട്ട് 17,72,635 രൂപ അഡ്വാൻസ് നൽകിയത്.
4. പേക്ക്ഡ് ഡ്രിങ്കിങ് വാട്ടറും അനുബന്ധ ഉത്പന്നങ്ങളുടെയും വിതരണത്തിന് ഹെബ്രോൺ അക്വ ഫുഡിന് 1,99,96,672 രൂപ അഡ്വാൻസ് നൽകിയത്.
5. കൽക്കട്ടയിൽനിന്നും മണൽ ഇറക്കുമതി ചെയ്ത് വിതരണം നടത്തുന്നതിന് ലിങ്ക് ലാൻഡ് ട്രേഡേഴ്സിന് 2 കോടി രൂപ കൈമാറിയത്.

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടന്നു വരുന്ന കേസ്സുകൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) മുകളിൽ സൂചിപ്പിച്ചിട്ടുള്ള കേസ്സുകളിൽ അന്വേഷണം പുരോഗമിക്കുകയാണ്. ശ്രീ. സജി ബഷീർ നടത്തിയ ക്രമക്കേടുകൾ മുഖേന സിഡ്കോയ്ക്ക് 16.86 കോടി രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ളതായി ഇതുവരെ കണ്ടെത്തിയിട്ടുണ്ട്.

(ഇ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്ക്**

159 (2044) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി. നടപ്പാക്കുന്ന തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്കിന്റെ ആദ്യ ഘട്ട വികസനത്തിനായി എത്ര ഏക്കർ ഭൂമി പ്രസ്തുത ഏജൻസിക്ക് ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇപ്രകാരം കൈമാറിയ ഭൂമിയ്ക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്കിന്റെ ആദ്യഘട്ട വികസനത്തിനുള്ള 75.08 ഏക്കർ ഭൂമിയിൽ 69.65 ഏക്കർ ഭൂമി എൽ.എ. ആക്ട് പ്രകാരം സർക്കാർ ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. എൽ.എ. ആക്ട് പ്രകാരം അവാർഡ് പാസ്സാക്കി ഏറ്റെടുത്ത ഭൂമിക്ക് മുദ്രപ്പത്രം ബാധകമല്ല.

**നിർമ്മാണ മേഖലയിലുണ്ടായ പ്രതിസന്ധി**

160 (2045) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനനിർമ്മാണ സാമഗ്രികളുടെ അനിയന്ത്രിതമായ വിലക്കയറ്റം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഭവനനിർമ്മാണത്തിനുപയോഗിക്കുന്ന ക്വാറി ഉൽപ്പന്നങ്ങൾക്ക് നേരിയ വിലവർദ്ധനവുണ്ടായിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പാറയുടെയും മറ്റ് നിർമ്മാണ സാമഗ്രികളുടെയും ദൗർലഭ്യവും തന്മൂലമുള്ള വിലവർദ്ധനയും പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് :

1. 5 ഹെക്ടറിന് താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യേയും ജില്ലാതല അപഗ്രഥന സമിതി (DEAC) യേയും പ്രവർത്തനക്ഷമമാക്കി.

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ. (പി) 25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തിയിട്ടുമുണ്ട്.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽനിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്ന ചട്ടം ഒഴിവാക്കി.

6. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുമുണ്ട്.

7. തെരഞ്ഞെടുത്ത ഡാമുകളിൽനിന്നും മണൽ/ചെളി എന്നിവ ശേഖരിച്ചു വിപണനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

8. അന്യ സംസ്ഥാനത്തുനിന്നും/വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

9. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനമൂലം കെട്ടിട നിർമ്മാണ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും തൊഴിലാളി സംഘടനകളുടെ പ്രതിനിധികളുടെയും ഒരു യോഗം 6-3-2018-ന് വിളിച്ചുചേർക്കുകയുണ്ടായി.

## ദേവികുളം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ പുതിയ സംരംഭങ്ങൾ

161 (2046) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ വ്യവസായവകുപ്പ് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിൽനിന്നും സാധ്യമായ എല്ലാ സഹായങ്ങളും ദേവികുളം നിയോജക മണ്ഡലത്തിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ മുന്നോട്ടുവരുന്നവർക്ക് ലഭ്യമാക്കുന്നതാണ്. ദേവികുളം നിയോജക മണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കെ.എസ്.ഐ.ഡി.സി.- ക്ക് നിലവിൽ പദ്ധതിയില്ല.

## മാവേലിക്കര നിയോജകമണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ സ്ഥലം

162 (2047) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെയും ഖാദി & വില്ലേജ് ഇൻഡസ്ട്രീസിന്റെയും ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ വിശദവിവരം പ്ലോട്ട് തിരിച്ച് എത്ര സെന്റുകൾ വീതമുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം ഏതൊക്കെയെന്നും അവയുടെ അളവുകൾ എത്രയെന്നും വിശദമാക്കുമോ;

(സി) ഉപയോഗിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) വ്യവസായം ആരംഭിക്കുന്നതിന് നൽകിയ ഭൂമി, ഉടമകൾ കൈമാറ്റം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; നിയമപരമല്ലാത്ത കൈമാറ്റം നടന്നിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ഖാദി & വില്ലേജ് ഇൻഡസ്ട്രീസിന്റെ ഉടമസ്ഥതയിൽ വള്ളികുന്നം 1-ൽ 25 സെന്റും വള്ളികുന്നം 2-ൽ 25 സെന്റും മാങ്കാംകുഴിയിൽ 27.5 സെന്റും താമരകുളത്ത് 50 സെന്റും ഭൂമിയുണ്ട്. ഇതിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയില്ല. ഈ ഭൂമിയിൽ ഖാദി ബോർഡിനു കീഴിലുള്ള നൂൽ നൂൽപ്പ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. എന്നാൽ ഉടമകൾ ഭൂമി നിയമപരമായി കൈമാറ്റം ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

<u>വള്ളികുന്നം-1</u>: ആധാരം നമ്പർ 35, 6-1-1981

<u>വള്ളികുന്നം-2</u>: ആധാരം നമ്പർ 218, 24-1-1981

<u>മാങ്കാംകുഴി</u> : ആധാരം നമ്പർ 453, 3-8-1982 ആധാരം നമ്പർ 2678, 5-10-1979

<u>താമരക്കുളം</u>: ആധാരം നമ്പർ 2319, 13-7-1982

സിഡ്കോയുടെ ഉടമസ്ഥതയിൽ കൊല്ലക്കടവ് വ്യവസായ എസ്റ്റേറ്റിലെ ഭൂമിയുടെയും അതിന്റെ വിനിയോഗത്തിന്റെയും വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇവിടെ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയില്ല. അനുബന്ധം 1-ൽ ചേർത്തിട്ടുള്ള യൂണിറ്റുകളിൽ മെ. ആകാശ് ഫർണിച്ചർ, മെ. ക്രൗൺ മാർബിൾസ്, മെ. സൂര്യ ഫുഡ്സ്, മെ. ലക്ഷ്മി ഇലക്ട്രോണിക് സിസ്റ്റംസ് എന്നീ യൂണിറ്റുകൾ ഒഴികെ മറ്റെല്ലാ യൂണിറ്റുകളും പ്രവർത്തനക്ഷമമാണ്. സിഡ്കോയുടെ ഭൂമിയിൽ സർക്കാർ അംഗീകാരത്തോടെ നിയമപരമായ കൈമാറ്റം നടന്നിട്ടുണ്ട്. കൊല്ലക്കടവ് വ്യവസായ വികസന ഏരിയയിൽ വ്യവസായ ഡയറക്ടറുടെ ഉടമസ്ഥതയിൽ 16.22 ഏക്കർ സ്ഥലമുണ്ട്. ഇതിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള സ്ഥലം കഴിച്ച് 14.39 ഏക്കർ 46 പ്ലോട്ടുകളിലായി 45 യൂണിറ്റുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 100 സെന്റ് ഭൂമിയുണ്ട്. ഇതിൽ റീജന്റ് അലൂമിനിയം ഫാബ്രിക്കേഷൻ പ്രോഡക്ട്സിന് 20 സെന്റും ഹൈടെക് എഞ്ചിനീയറിംഗിന് 10 സെന്റും സോപാനം എന്റർപ്രൈസസിന് 10 സെന്റും ഭൂമി അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 60 സെന്റിൽ 20 സെന്റ് ഉൾഭാഗത്തെ റോഡിനായി മാറ്റി വച്ചിരിക്കുന്നു. 40 സെന്റ് നാല് യൂണിറ്റുകൾക്കായി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇവിടെ ആകെയുള്ള 45 യൂണിറ്റുകളിൽ 37 എണ്ണം പ്രവർത്തിക്കുന്നു. ഇവയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* ഇവയിൽ 6 യൂണിറ്റ് പ്രവർത്തനരഹിതമായി കാണുന്നു. ഇവയുടെ വിവരം അനുബന്ധമായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചേർക്കുന്നു.* രണ്ട് യൂണിറ്റ് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലക്കടവ് വ്യവസായ വികസന ഏരിയയിൽ ശ്രീ. അലക്സാണ്ടർ എന്ന വ്യക്തിക്ക് അനുവദിച്ച ഭൂമി ടിയാൻ മരണപ്പെട്ടശേഷം ടിയാന്റെ മകന്റെ പേരിലേക്ക് വ്യവസായ വകുപ്പ് അറിയാതെ കൈമാറ്റം നടത്തിയിട്ടുണ്ട്. സബ് രജിസ്ട്രാറുടെ ഈ നടപടി ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടയം റദ്ദ് ചെയ്ത് ഭൂമി വകുപ്പിലേക്ക് തിരിച്ചെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ നിയമപരമായ കൈമാറ്റങ്ങളും നടന്നിട്ടുണ്ട്. പ്രസ്തുത കൈമാറ്റങ്ങളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു.*

## നിലമ്പൂരിലെ വ്യവസായ പദ്ധതികൾ

163 (2048) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റിന് അനുയോജ്യമായ സ്ഥലം ലഭ്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) നിലമ്പൂർ വ്യവസായ പാർക്ക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലമ്പൂരിൽ വെച്ച് നടന്ന യോഗത്തിന്റെ തുടർനടപടികൾ എന്തൊക്കെയാണ് വിശദമാക്കാമോ;

(സി) ബാംബൂ കോർപ്പറേഷൻ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ എന്നീ സ്ഥാപനങ്ങൾക്ക് നിലമ്പൂരിൽ വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിൽ ചുങ്കത്തറ പഞ്ചായത്തിൽ പാലുണ്ട എന്ന സ്ഥലത്ത് 200 ഏക്കർ സ്ഥലവും അമരമ്പലം പഞ്ചായത്തിൽ 45 ഏക്കർ, 50 ഏക്കർ വിസ്തൃതിയുള്ള രണ്ട് പ്ലോട്ടുകളും വ്യവസായ എസ്റ്റേറ്റിന് അനുയോജ്യമായ സ്ഥലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) വ്യവസായ എസ്റ്റേറ്റിന് കണ്ടെത്തിയ സ്ഥലങ്ങളിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് ഉടമസ്ഥർ സന്നദ്ധത അറിയിച്ചിട്ടുള്ളതിനാൽ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതി പ്രകാരം അപേക്ഷകൾ സമർപ്പിക്കുന്നതിന് ഉടമസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പക്ഷേ അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല.

(സി) ബാംബൂ കോർപ്പറേഷൻ നിലമ്പൂരിൽ വ്യവസായ കേന്ദ്രം തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂറിന് അനുയോജ്യമായ സാഹചര്യം ലഭിക്കുകയാണെങ്കിൽ വ്യവസായ കേന്ദ്രം തുടങ്ങാൻ താല്പര്യമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കമ്പനി

164 (2049) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച പാലക്കാട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കമ്പനി ഏറ്റെടുത്ത് നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) കമ്പനി ഏറ്റെടുക്കുന്നതിന് മുമ്പ് ജീവനക്കാർക്ക് നൽകാനുള്ള കുടിശ്ശിക ബാധ്യത കേന്ദ്രം ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; അതിന്മേലുള്ള കേന്ദ്ര സർക്കാർ പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. വളരെയധികം തന്ത്രപ്രധാനമായ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽ നിന്നുള്ള കേന്ദ്രസർക്കാരിന്റെ പിൻമാറ്റം സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയുടെ വളർച്ചയ്ക്ക് വിലങ്ങുതടിയാകുകയും രാജ്യത്തെ പൊതുആസ്തികൾ അന്യാധീനപ്പെട്ടു പോകുകയും ചെയ്യുന്നു. ഈ സ്ഥാപനത്തെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനായി സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തുന്നതിന് ചീഫ് സെക്രട്ടറി തലവനായ ഒരു ഉന്നതാധികാര കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു. കേന്ദ്ര സർക്കാർ പ്രതിനിധികളുമായി ഈ കമ്മിറ്റിയുടെ യോഗം 22-2-2018-ലും കൂടിയാലോചന നടത്തിയിരുന്നു. ഏറ്റെടുക്കലിന്റെ ഭാഗമായി ആസ്തികളുടെ ധനപരമായ കൃത്യമായ പരിശോധനയുടെ അടിസ്ഥാനത്തിൽ 76.63 കോടി രൂപയുടെ അറ്റ ആസ്തി മൂല്യമാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽനിന്നും 23.61 കോടി രൂപയുടെ ബാധ്യതകളൊഴിച്ചാൽ 53.02 കോടി രൂപ കേന്ദ്ര സർക്കാരിന് നൽകേണ്ടി വരുമെന്നാണ് ഇത് സംബന്ധിച്ച കമ്മിറ്റി തത്വത്തിൽ അംഗീകരിച്ചിരിക്കുന്നത്. ജീവനക്കാരുടെ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിൽ ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ്സുകളുടെ തീർപ്പുകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്.

## ക്വാറി ഉത്പന്നങ്ങൾ

165 (2050) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണമേഖലയിൽ ഉപയോഗിക്കുന്ന ക്വാറി ഉത്പന്നങ്ങൾക്ക് ഏകപക്ഷീയമായി ക്വാറി ഉടമകൾ വിലവർദ്ധിപ്പിക്കുന്നതുമൂലം ആവശ്യക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്വാറി ഉത്പന്നങ്ങളുടെ വിലനിയന്ത്രിക്കുന്നതിനോ ഏകീകരിക്കുന്നതിനോ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ;എങ്കിൽ അമിതവില നിയന്ത്രിക്കുന്നതിന് ഈ മേഖലയിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണ്;അമിത വില ഈടാക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നറിയിക്കാമോ ?

ഉത്തരം

(എ) ക്വാറി ഉല്പന്നങ്ങളുടെ ലഭ്യതക്കുറവുമൂലം കരിങ്കൽ ഉല്പന്നങ്ങൾക്ക് വില വർദ്ധിക്കുകയും തന്മൂലം ആവശ്യക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുകയും ചെയ്തിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ക്രഷർ/ക്വാറി ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് പ്രത്യേകിച്ച് സംവിധാനം നിലവിലില്ല. ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള അനുമതികൾ നിർബന്ധമായ സാഹചര്യത്തിൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. തന്മൂലം സംസ്ഥാനത്ത് ക്രഷർ/ക്വാറി ഉൽപ്പന്നങ്ങൾക്ക് നേരിയ വില വർദ്ധനവുണ്ടായിട്ടുണ്ട്. ഓരോ ജില്ലയിലെയും വില വ്യത്യസ്തമാണ്. ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിച്ച് വിലവർദ്ധനവ് നേരിടുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

1. 5-ഹെക്ടറിന് താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റി (DEIAA)--യുടെയും ജില്ലാതല അപഗ്രഥന സമിതി (DEAC)-യുടെയും പ്രവർത്തനം കാര്യക്ഷമമാക്കി.

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ.(പി)25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ,

ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാംങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തി.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

5. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു.

കൂടാതെ ക്വാറി ഉൽപ്പന്നങ്ങൾക്ക് ന്യായവില ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള അനുമതികൾ കരസ്ഥമാക്കി ക്വാറികൾ പ്രവർത്തിച്ചു തുടങ്ങുമ്പോൾ കരിങ്കൽ ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിച്ച് വില നിയന്ത്രിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

## ക്വാറി ഉൽപ്പന്നങ്ങളുടെ വില

166 (2051) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്വാറി ഉൽപ്പന്നങ്ങൾക്ക് ഒരേ ജില്ലയിൽ തന്നെ പല വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ക്വാറി ഉൽപ്പന്നങ്ങളുടെ വിലകൾ നിശ്ചയിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(സി) ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശമനുസരിച്ച് വയനാട് ജില്ലയിൽ എത്ര ക്വാറികളുടെ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കാമോ;

(ഡി) ക്വാറി ഉൽപ്പന്നങ്ങൾക്ക് അമിത വില ഈടാക്കുന്ന ക്വാറി നടത്തിപ്പുകാർക്കെതിരെ എന്തെങ്കിലും നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യതകുറവുമൂലം അവയ്ക്ക് നേരിയ തോതിലുള്ള വിലവർദ്ധനവ് ഏറ്റക്കുറച്ചിലോടെ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ക്വാറി ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. ചില ജില്ലകളിൽ വില ഏകീകരിക്കുന്നതിനായി റവന്യൂ, പോലീസ്, ജനപ്രതിനിധികൾ, എഞ്ചിനീയറിംഗ് വിഭാഗം എന്നിവർ അംഗങ്ങളായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(സി) വയനാട് ജില്ലയിൽ ദുരന്തനിവാരണ അതോറിറ്റിയുടെ ഉത്തരവിനെ തുടർന്ന് സുൽത്താൻബത്തേരി താലൂക്കിൽ കൃഷ്ണഗിരി വില്ലേജിൽ സർവ്വേ നമ്പർ 526-ൽപ്പെട്ട സ്ഥലത്ത് ഖനനലീസ് നിലവിലുള്ള ഒരു കരിങ്കല്ല് ക്വാറിയുടെ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ട്. കൂടാതെ മുമ്പ് ഖനനാനുമതി നൽകിയിരുന്നതും അമ്പലവയൽ വില്ലേജിലെ സർവ്വേ നമ്പർ 298/1A1A1A-ൽപ്പെട്ട സർക്കാർ ഭൂമിയിൽ പ്രവർത്തി ച്ചിരുന്നതുമായ 18 കരിങ്കല്ല് ക്വാറികൾക്കും സ്വകാര്യഭൂമിയിൽ പ്രവർത്തി ച്ചിരുന്ന കൃഷ്ണഗിരി വില്ലേജിൽ സർവ്വെ നമ്പർ 525, 521/12,427/24, 527-ൽപ്പെട്ട സ്ഥലത്തെ 4 കരിങ്കല്ല് ക്വാറികൾക്കും പാരിസ്ഥിതികാനുമതി, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ഉത്തരവ് തുടങ്ങിയ കാരണങ്ങളാൽ തുടർഖനനാനുമതി നൽകുവാൻ നിർവ്വാഹമില്ലാത്തതായി കണ്ടെത്തിയിട്ടുള്ളതാണ്.

(ഡി) ക്വാറി നടത്തിപ്പുകാരുടെ പേരിൽ നടപടികളൊന്നും സർക്കാർ സ്വീകരിച്ചിട്ടില്ല.

## വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം പുനരാരംഭിക്കാൻ നടപടി

167 (2052) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആറ്റിങ്ങൽ മണ്ഡലത്തിലെ ആലംകോട് ആസ്ഥാനമായി പ്രവർത്തിച്ചിരുന്നതും ജപ്തി ഭീഷണി നേരിട്ടതുമായ 'വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം' പ്രവർത്തനം പുനരാരംഭിക്കുന്ന നടപടി ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

ആറ്റിങ്ങൽ മണ്ഡലത്തിലെ വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിൽ 4-1-2018-ൽ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണ സമിതി രൂപീകരിക്കുകയും ഭരണസമിതിയുടെ 27-2-2018-ൽ കൂടിയ യോഗം സംഘത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ ചർച്ചചെയ്യുകയുമുണ്ടായി. ആയതിന്മേൽ വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട്

സംഘത്തിന്റെ വൈദ്യുതി കുടിശ്ശികയിൽ എത്ര രൂപ അടച്ചാൽ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കാൻ കഴിയും എന്നതിനെപ്പറ്റി അന്വേഷിക്കുന്നതിനായി സംഘം സെക്രട്ടറിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ സംഘം വർക്ക്ഷെഡ്ഡിന്റെയും ഓഫീസ് മുറിയുടെയും അറ്റകുറ്റപ്പണികൾ നടത്തി പെയിന്റ് ചെയ്യുന്നതിനും വൈദ്യുതീകരണത്തിനും സംഘത്തിന്റെ വസ്തുവിലുള്ള കിണർ വൃത്തിയാക്കുന്നതിന്റെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അംഗീകൃത എഞ്ചിനീയറുമായി സംസാരിച്ചതിന്റെ വെളിച്ചത്തിൽ ഉടനടി തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മേൽ വിവരിച്ച നടപടികൾ അടിയന്തിരമായി സ്വീകരിച്ച് സംഘത്തിന്റെ പ്രവർത്തനം 2018 മേയ് മാസം പുനരാരംഭിക്കുന്നതിന് ആവശ്യമായ ധനവിവരം കാണിച്ചുകൊണ്ടുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് സംഘം ഭരണസമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൈത്തറി മേഖലയുടെ നവീകരണവും ഉല്പന്ന വൈവിധ്യവൽക്കരണവും

168 (2053) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയുടെ നവീകരണത്തിനും ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദാംശം വ്യക്തമാക്കുമോ; 2017-18 സാമ്പത്തിക വർഷം ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു ;

(ബി) പുതുതായി കൈത്തറി വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് കൈത്തറി വകുപ്പ് ചെയ്തുകൊടുക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കൈത്തറി മേഖലയുടെ നവീകരണത്തിനും ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിനുമായി സ്വീകരിച്ച നടപടികളും ആയതിലേയ്ക്കായി 2017-18 സാമ്പത്തിക വർഷം വകയിരുത്തിയിരുന്ന തുകയും ചുവടെ ചേർക്കുന്നു :

1. കൈത്തറി മേഖലയുടെ നവീകരണത്തിനായി വർക്ക്ഷെഡ് നവീകരണം, ഡൈഹൗസ് നവീകരണം, മൂല്യവർദ്ധിതവും അധിക മൂല്യവർദ്ധിതവുമായി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും പ്രോത്സാഹനവും എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷം ഇതിനായി 3.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത 3.8 കോടി രൂപ ഉൾപ്പെടെ കൈത്തറി സംഘങ്ങളുടെ നവീകരണത്തിനായുള്ള പദ്ധതിയിൽ ആകെ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2. യുവവീവ് പദ്ധതി-18-നും 40-നും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കളായ 500 പേർക്ക് സംസ്ഥാനത്തൊട്ടാകെയായി പരിശീലനം നൽകുകയാണ് ലക്ഷ്യം. ഇതിനായി 3.9 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കുടുംബശ്രീ മിഷനും അതാത് ജില്ലാ വ്യവസായ കേന്ദ്രങ്ങളും ചേർന്നാണ് ഓരോ ജില്ലയിലെയും പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

3. ഡിസൈൻ സെന്ററുകൾ-കൈത്തറി ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും ബ്രാൻഡിങ്ങിനുമായി തിരുവനന്തപുരത്ത് ഹാന്റെക്സിന്റെ കീഴിലും കണ്ണൂരിൽ ഹാൻവീവിന്റെ കീഴിലും ഓരോ ഡിസൈൻ സെന്ററുകൾ വീതം സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ഈ പദ്ധതി നടപ്പാക്കുവാൻ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റലൂം ടെക്നോളജി, കണ്ണൂരിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഇതിലേയ്ക്കായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റലൂം ടെക്നോളജി പദ്ധതി നടത്തിപ്പിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡിസൈനർമാരെ നിയോഗിക്കു ന്നതിനായി 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) കൈത്തറി മേഖലയിലേയ്ക്ക് പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉല്പാദന യൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വേണ്ടി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് കൈത്തറി മേഖലയിലെ സ്വയം തൊഴിൽ സഹായ പദ്ധതി. ഈ പദ്ധതി പ്രകാരം ഈ മേഖലയിൽ പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റലൂം ടെക്നോളജി, പോളിടെക്നിക്കുകൾ, വി.എച്ച്.എസ്.ഇ എന്നിവിടങ്ങളിൽ നിന്നും ടെക്സ്റ്റൈൽ ടെക്നോളജിയിൽ സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ളവരോ നെയ്ത്തിൽ പരിചയ സമ്പന്നരോ ആയ സംരംഭകർക്ക് പുതിയ സംരംഭം ആരംഭിക്കുന്നതിനും കൈത്തറി മേഖലയിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്വയം തൊഴിൽ സഹായ പദ്ധതി. ഇതിനായി മാർഗ്ഗ നിർദ്ദേശങ്ങളും ബാങ്ക് വഴി അംഗീകരിക്കപ്പെടുന്ന പദ്ധതി രേഖയ്ക്ക് ആനുപാതികമായ സാമ്പത്തിക സഹായവും അനുവദിക്കുന്നു. പ്രസ്തുത പദ്ധതിയിൽ സ്ഥിര നിക്ഷേപത്തിന് 40% പരമാവധി 4 ലക്ഷം രൂപ പ്രവർത്തന മൂലധനം, 30% പരമാവധി 1.5 ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റ് എന്നിവ അനുവദനീയമാണ്. ഇതു വഴി വിവിധ ജില്ലകളിലായി കൈത്തറി മേഖലയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുന്നു.

## കൈത്തറി വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ

169 (2054) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് 2018-19 ലെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി പുതിയ പദ്ധതികളോ പാക്കേജുകളോ ബജറ്റിൽ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) സംഘങ്ങൾക്ക് ഉത്പാദനോപാധികൾ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കൈത്തറി വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 2018-19 ലെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. മൂലധനസഹായ പദ്ധതികൾ
2. പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ
3. പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ
4. ഉൽപ്പാദനം, വിപണനം, പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികൾ. ഇവയ്ക്കെല്ലാംകൂടി 3972 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയ്ക്കായി കൈത്തറി മേഖലയ്ക്ക് 150 കോടി രൂപ അനുവദിച്ചിട്ടുള്ള പ്രഖ്യാപനം കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സഹായകമാകും.

(സി) കൈത്തറി സംഘങ്ങൾക്ക് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ടെക്നോളജി അപ്ഗ്രേഡേഷൻ പദ്ധതി പ്രകാരം വിവിധതരം ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രത്യേക പദ്ധതി പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച തറികൾ അറ്റകുറ്റപ്പണി ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിന് തറി ഒന്നിന് 10,000 രൂപ വരെ പരിധി നിശ്ചയിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് കേരളാ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ഇതിലേയ്ക്കായി 6 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## കൈത്തറി വ്യവസായ മേഖലയുടെ പുനരുദ്ധാരണം

170 (2055) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) കൈത്തറിയുടെ മൊത്തം ഉല്പാദനമൂല്യം ഉയർത്തുന്നതിനും ശരാശരി തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) കേരള കൈത്തറിയുടെ മഹത്തായ പാരമ്പര്യം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി എന്തെല്ലാം പ്രചരണ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്;

(ഡി) കൈത്തറി മേഖലയിൽ സംരംഭകത്വവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി നെയ്ത്തിനെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ സൗജന്യ സ്കൂൾ യൂണിഫോം നെയ്യുന്നതിന് പ്രോത്സാഹനം നൽകിയതിലൂടെ കൂടുതൽ തൊഴിലാളികൾക്ക് ഈ മേഖലയിൽ തൊഴിൽ നൽകുന്നതിന് സാധിച്ചു. കൂടാതെ 'യുവവീവ്' എന്ന പദ്ധതി പ്രകാരം കൈത്തറി നെയ്ത്ത് മേഖലയിൽ 18-40 വരെ പ്രായമുള്ള യുവതീയുവാക്കളെ കണ്ടെത്തി പരിശീലനം നൽകി നെയ്ത്തുകാരാക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിക്ക് 390 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുവാൻ കുടുംബശ്രീയുടെ സഹായത്തോടുകൂടി 20 പേരടങ്ങുന്ന 25 ഗ്രൂപ്പുകളിൽ ആയി പുതിയ 500 പേരെ നെയ്ത്തു മേഖലയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. നെയ്ത്ത് തൊഴിൽ അറിയാവുന്നതും എന്നാൽ നിലവിൽ നെയ്യുവാനുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുമായ നെയ്ത്തുകാർക്ക് അവരുടെ വീട്ടിൽ തറിയും അനുബന്ധ ഉപകരണങ്ങളും ഒരുക്കി നൽകി അവരെ തൊഴിലിലേയ്ക്ക് ആകർഷിക്കു ന്നതിനായി 'ഒരു വീട്ടിൽ ഒരു തറി' എന്ന പദ്ധതിയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം

നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ഹാൻ്റക്സ്/ഹാൻവീവ് എന്നിവിട ങ്ങളിൽ ഓരോ ഡിസൈൻ സെന്ററുകൾ സ്ഥാപിച്ച് ഡിസൈനർമാരുടെ സേവനം ലഭ്യമാക്കി കൈത്തറി മേഖലക്ക് ആവശ്യമായ മൂല്യവർദ്ധനവിന് ലക്ഷ്യമിടുന്നു. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിലേക്ക് വർദ്ധിച്ച് വരുന്ന ആവശ്യം കണക്കിലെടുത്ത് കേടുപാടുകൾ സംഭവിച്ച തറികൾ പ്രവർത്തന ക്ഷമമാക്കുന്നതിന് കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കൈത്തറി മേഖലയിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിനും, നെയ്ത്ത് തൊഴിലെടുക്കുന്നവരെ പരമാവധി സഹായിക്കുന്നതിനും അവർക്ക് ഒരു സ്ഥിരവരുമാനം ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതുമൂലം ഏകദേശം 3600 നെയ്ത്തു തൊഴിലാളികളും അതിലിരട്ടി തൊഴിലാളികൾ അനുബന്ധമായും പദ്ധതിയുടെ ഭാഗമാകുകയും കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാകുകയും ചെയ്യുന്നു.

(സി) കേരള കൈത്തറി വസ്ത്രങ്ങളുടെ പ്രചാരണം, പരിശീലനം, പഠനം എന്നീ പദ്ധതിയിൽ 220 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം കൈത്തറി വസ്ത്രങ്ങളുടെ പ്രചാരണത്തിനായി ഓണത്തോടനുബന്ധിച്ചും മറ്റ് വിശേഷദിനങ്ങളിലും ടി.വി. ചാനലുകളിലും, എഫ്.എം.റേഡിയോയിലും, മറ്റ് വാർത്താ മാധ്യമങ്ങളിലും 35 സെക്കന്റ് ദൈർഘ്യമുള്ള കൈത്തറിയുടെ പരസ്യം സംപ്രേഷണം ചെയ്യുന്നുണ്ട്. അതുപോലെ, പത്രം, ആഴ്ചപ്പതിപ്പുകൾ, മാസികകൾ, പ്രത്യേക പതിപ്പുകൾ എന്നിവയിലൂടെയും കൈത്തറിയുടെ പരസ്യം നൽകി വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിലെ പ്രധാന പാതയോരങ്ങളിലുമായി കൈത്തറിയുടെ പരസ്യം ഉൾക്കൊള്ളുന്ന ഹോർഡിംഗുകൾ സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയെ കുറിച്ചും നിരവധി തവണ പ്രധാന പത്രങ്ങളിലും വാർത്തകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സ്കൂൾ കുട്ടികൾക്കിടയിലും കൈത്തറിയുടെ മഹത്വം വിളിച്ചോതുന്നതിനായി സ്കൂളുകളിൽ പെയിന്റിംഗ് മത്സരങ്ങളും, കോളേജുകളിൽ കൈത്തറി വസ്ത്രങ്ങളുടെ എക്സിബിഷനുകളും, സെമിനാറുകളും, ഫാഷൻ ഷോകളും സംഘടിപ്പിക്കുകയും ചെയ്യുന്നതിലൂടെ കൈത്തറി വസ്ത്രങ്ങളുടെ പ്രചരണങ്ങൾ നടത്തി വരുന്നുണ്ട്. കൈത്തറി സ്കൂൾ യൂണിഫോം സംബന്ധിച്ച് ഒരു ഡോക്യുമെന്ററിയും തയ്യാറാക്കി വരുന്നു.

(ഡി) കൈത്തറി മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങളും സ്ഥിരവരുമാനവും ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനുശേഷം, കൂടുതൽ ആളുകളെ കൈത്തറി മേഖലയിലേക്ക് കൊണ്ടുവരാനും, നെയ്ത്തുകാരെ ഈ മേഖലയിൽ നിലനിർത്താനും സാധിച്ചിട്ടുണ്ട്. കൈത്തറി മേഖലയിലേക്ക് പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും

തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉല്പാദനയൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വേണ്ടി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് കൈത്തറി മേഖലയിലെ സ്വയംതൊഴിൽ സഹായപദ്ധതി. ഈ പദ്ധതി പ്രകാരം ഈ മേഖലയിൽ പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി, പോളിടെക്നിക്കുകൾ, വി.എച്ച്.എസ്.ഇ. എന്നിവിടങ്ങളിൽ നിന്നും ടെക്സ്റ്റൈൽസ് ടെക്നോളജിയിൽ സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ളവരോ നെയ്ത്തിൽ പരിചയസമ്പന്നരോ ആയ സംരംഭകർക്ക് പുതിയ സംരംഭം ആരംഭിക്കുന്നതിന് കൈത്തറി മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്വയം തൊഴിൽ സഹായ പദ്ധതി. ഈ പദ്ധതി പ്രകാരം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## കൈത്തറി വ്യവസായത്തിന്റെ വികസനം

171 (2056) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) കൈത്തറി വസ്ത്രങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി കൈത്തറി ഉത്പന്നങ്ങളെ ജി. എസ്. ടി.-യിൽ നിന്നും ഒഴിവാക്കുന്നതിന് വകുപ്പ് മുൻകയ്യെടുത്ത് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കൈത്തറി തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിലും മെച്ചപ്പെട്ട കൂലിയും ഉറപ്പാക്കുന്നതിന് 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ കൈത്തറി യൂണിഫോം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൈത്തറി മേഖലയിൽ യുവാക്കളെ ആകർഷിക്കുന്നതിന് കുടുംബശ്രീ മിഷന്റെ കൂടെ സഹകരണത്തോടെ 'യുവ വീവ്' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചുവരുന്നു. പല കൈത്തറി സംഘങ്ങളുടെയും പരിധിയിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന തറികൾ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുന്നതിന് കേരള ആർട്ടിസാൻസ്

ഡെവലപ്മെന്റ് കേർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൈത്തറി ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കുള്ള സാധ്യതകൾ വിനിയോഗിച്ച് പ്രവൃത്തിപഥത്തിലെത്തിക്കുന്നതിനായി ഹാന്റക്സ്/ഹാൻവീവ് എന്നിവിടങ്ങളിൽ ഓരോ ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും അവിടങ്ങളിലേയ്ക്ക് ഡിസൈനർമാരെ നിയോഗിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതിലെ അപാകതകൾ കാരണം കൈത്തറി മേഖല നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തി കൈത്തറി മേഖലയെ ജി.എസ്.ടി.-യിൽ നിന്നും ഒഴിവാക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ചിറ്റൂർ താലൂക്കിലെ കൈത്തറി വികസനം

172 (2057) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ കൈത്തറി വികസനത്തിനായി കഴിഞ്ഞ അഞ്ച് വർഷം നടപ്പിലാക്കിയ പദ്ധതികളും തുകയും ബ്ലോക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ചിറ്റൂരിലെ കൈത്തറി മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണെന്നും കൈത്തറി മാത്രം ആശ്രയിച്ച് ജീവിക്കുന്ന എത്ര കുടുംബങ്ങൾ ഈ നിയോജക മണ്ഡലത്തിൽ ഉണ്ടെന്നും അറിയിക്കുമോ;

(സി) ചിറ്റൂർ നിയോജക മണ്ഡലത്തിൽ എത്ര നെയ്ത്ത് സഹകരണ സംഘങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പരമ്പരാഗത മേഖലയെ മുന്നോട്ട് കൊണ്ടുവരുവാൻ എന്തൊക്കെ പദ്ധതികളാണ് വരുന്ന അഞ്ച് വർഷം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി എന്തൊക്കെ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഇ) ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിനുള്ള കർമ്മ പദ്ധതി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ കൈത്തറി വികസനത്തിനായി കഴിഞ്ഞ അഞ്ച് വർഷം നടപ്പിലാക്കിയ പദ്ധതികളും ആയതിലേയ്ക്കായി പദ്ധതി കാലയളവിൽ ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | തുക (രൂപയിൽ) |
|---|---|---|
| 1 | ജി.എസ്.പി. | 3,11,000 |
| 2 | പ്രൊഡക്ഷൻ ഇൻസെന്റീവ് | 2,42,440 |
| 3 | അംശദാന സമ്പാദ്യ പദ്ധതി | 1,23,993 |
| 4 | മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം | 4,02,000 |
| 5 | സ്കിൽ ഡെവലപ്മെന്റ് | 3,25,500 |
| 6 | കൈത്തറി വസ്ത്ര ഉപയോഗത്തെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായുള്ള പരിശീലനം | 12,79,500 |
| 7 | എക്സിബിഷൻ ഗ്രാന്റ് | 1,31,238 |
| 8 | ഉത്സവകാല റിബേറ്റ് | 6,87,941 |
| 9 | ടെക്നോളജി അപ്ഗ്രഡേഷൻ | 7,85,000 |
| 10 | വ്യക്തിഗത പണിശാല | 6,95,000 |
| 11 | കോമൺ വർക്ക് ഷെഡ് | 8,11,030 |
| 12 | ഹാന്റ്ലൂം മാർക്ക് | 4,600 |
| 13 | റിവൈവൽ, റീഫോം & റീസ്ട്രക്ച്ചറിംഗ് പാക്കേജ് | 8,85,165 |
| 14 | ഇൻകം സപ്പോർട്ട് | 16,09,811 |
| 15 | വീവിംഗ് അസ്സെസ്സറീസ് ഗ്രാന്റ് | 3,55,438 |

(ബി) മറ്റ് മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞ വേതനമാണ് കൈത്തറിമേഖലയിലെ തൊഴിലാളികൾക്ക് ലഭ്യമാകുന്നത്. അതുകൊണ്ട് തന്നെ പാരമ്പര്യമായി ഈ മേഖലയിൽ ജോലി ചെയ്യുന്നവർക്കുപോലും ഈ മേഖല അനാകർഷമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ യുവജനങ്ങൾ ഉൾപ്പെടെയുള്ള പുതിയ ആളുകളെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുവാൻ കഴിയുന്നില്ല. നിലവിൽ ഈ മേഖലയിൽ ജോലിചെയ്യുന്നവരിൽ ഭൂരിഭാഗവും 45 വയസ്സിന് മേൽ പ്രായമുള്ളവരാണ്. ഇത് കൈത്തറി മേഖലയിലെ ഉത്പാദന ക്ഷമതയെ ഗണ്യമായി ബാധിക്കുന്നുണ്ട്. യന്ത്രത്തറികളിൽ ഉത്പാദിപ്പിക്കുന്ന തുണിത്തരങ്ങൾക്ക് കൈത്തറി തുണിത്തരങ്ങളെക്കാൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നുണ്ട് എന്നതാണ് മേഖല നേരിടുന്ന മറ്റൊരു വെല്ലുവിളി. സഹകരണ സംഘങ്ങളിലും അല്ലാതെയുമായി 500 ഓളം കുടുംബങ്ങൾ കൈത്തറി മേഖലയെ ആശ്രയിച്ച് ജീവിക്കുന്നു.

(സി) ചിറ്റൂർ നിയോജക മണ്ഡലത്തിൽ നിലവിവ് 15 സംഘങ്ങൾ ഉണ്ട്. അവയിൽ 7 എണ്ണം പ്രവർത്തിക്കുന്നവയാണ്.

(ഡി) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് ഹാന്റക്സ്/ഹാൻവീവ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഡിസൈൻ സെന്റർ വഴി മാർഗ്ഗനിർദ്ദേശങ്ങൾ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജി, കണ്ണൂർ വഴി ആവശ്യമായ പരിശീലന പരിപാടികൾ എന്നിവ നടത്തുന്നതാണ്.

(ഇ) ഉല്പന്നങ്ങളിൽ വൈവിദ്ധ്യവൽക്കരണം ഉണ്ടാക്കുന്നതിനും ആഗോള നിലവാരത്തിലുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുമായി നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും നൈപുണ്യ പരിശീലനം നൽകിവരുന്നു. വൈവിദ്ധ്യങ്ങളായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സംഘങ്ങളെയും നെയ്ത്തുകാരെയും പ്രാപ്തരാക്കുന്നതിനായി തറികളും കെട്ടിടങ്ങളും നവീകരിക്കുന്നതിനും പണിശാലകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും പുതിയ മെഷിനറിയും മറ്റും വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കി വരുന്നു. പ്രീ-ലൂം പ്രോസസ്സിംഗ് പ്രക്രിയകളായ വാർപ്പിംഗ്, സൈസിംഗ്, ഡൈയിംഗ് മുതലായവ നിർവ്വഹിക്കുന്നതിന് പൊതുസൗകര്യ കേന്ദ്രങ്ങൾ നിർമ്മിച്ച് നൽകിവരുന്നു.

## മാവേലിക്കര-കണ്ടിയൂരിലെ പ്രവർത്തനം നിലച്ച കൈത്തറി വ്യവസായ യൂണിറ്റ്

173 (T* 2058) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നഗരസഭയിൽ സ്ഥിതി ചെയ്യുന്ന കണ്ടിയൂരിലെ പ്രവർത്തനം നിലച്ച കൈത്തറി വ്യവസായ യൂണിറ്റിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം ഉപയോഗപ്രദമാക്കാൻ ഏതെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ;

(സി) ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നിലവിൽ ആർക്കാണെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കണ്ടിയൂരിൽ സ്ഥിതി ചെയ്യുന്ന മാവേലിക്കര ഹാന്റ്ലൂം വീവേഴ്സ് ഐ.സി.എസ് ലി.നമ്പർ എ (എച്ച്)1 പ്രവർത്തനരഹിതമായിക്കിടന്നതിനെ തുടർന്ന് 8-3-2012-ൽ ചേർന്ന പൊതുയോഗം ലിക്വിഡേഷന് ശിപാർശ ചെയ്യുകയും ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 10-9-2012-ലെ സി1/994/12 നമ്പർ ഉത്തരവ് പ്രകാരം സംഘം ലിക്വിഡേഷനിലാകുകയും ലിക്വിഡേറ്റർ ആയി ഹാന്റ്ലൂം സൂപ്പർവൈസർ, മാവേലിക്കരയെ നിയമിച്ചിട്ടുള്ളതുമാണ്. 27-9-2012-ന് ലിക്വിഡേറ്റർ ചാർജ്ജ് എടുത്തിട്ടുള്ളതും ലിക്വിഡേഷൻ നടപടികൾ നടന്നുവരുന്നതുമാണ്. സംഘത്തിന് മാവേലിക്കര മുനിസിപ്പാലിറ്റി പരിധിയിൽ 33.91 സെന്റ് സ്ഥലവും കെട്ടിടങ്ങളും നിലവിലുണ്ട്. കെട്ടിടങ്ങൾ കാലപ്പഴക്കം കൊണ്ട് നശിച്ച അവസ്ഥയിലാണ്. സംഘത്തിന് 2,04,600 രൂപ സർക്കാർ ഓഹരി പങ്കാളിത്തം വകയായി സർക്കാരിലേയ്ക്ക് കുടിശ്ശികയുണ്ട്. സംഘം വക സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മരങ്ങളുടെ വിലനിർണ്ണയം അസി.കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് നടത്താത്തതുമൂലവും മാവേലിക്കര തഹസിൽദാർ സ്ഥലം അളന്ന് തിട്ടപ്പെടുത്താത്തതുമൂലവും ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.

(ബി) സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ നടന്നുവരികയായതിനാൽ പ്രസ്തുത സ്ഥലം ഉപയോഗപ്രദമാക്കാൻ നിലവിൽ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

(സി) സംഘം ലിക്വിഡേഷനിലായതിനാൽ സംഘം വക സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നിലവിൽ സംഘം ലിക്വിഡേറ്ററായ മാവേലിക്കര ഹാന്റ്ലൂം ഇൻസ്പെക്ടറിൽ നിക്ഷിപ്തമാണ്.

---

* 'T' മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## കായിക മേഖലയുടെ വികസനത്തിനായി പദ്ധതികൾ

174 (2059) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായിക മേഖലയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഉന്നത നിലവാരമുള്ള സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ അറിയിക്കുമോ ;

(സി) സ്പോർട്സ് അടിസ്ഥാന സൗകര്യ വികസനത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കായിക മേഖലയുടെ സമഗ്രവികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു :

1. പ്ലേ ഫോർ ഹെൽത്ത് :

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെ പ്ലേ ഫോർ ഹെൽത്ത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ എർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യം ഒരുക്കുകയും ചെയ്യുന്നു.

2. ഫുട്ബോൾ പരിശീലന പദ്ധതി

നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തി എടുക്കുന്നതിനും അതുവഴി സംസ്ഥാനത്തെ ഫുട്ബോളിന്റെ സമഗ്ര വികസനത്തിന് അടിത്തറയിടുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

3. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കാനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി". ഏകദേശം 225 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

കൂടാതെ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ, സ്പോർട്സ് ഹോസ്റ്റലുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, ക്യാഷ് അവാർഡ് സ്കീം, ഡോ. എ. പി. ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് സ്കീം എന്നീ പദ്ധതികളും കായിക മേഖലയുടെ വികസനം ലക്ഷ്യമിട്ട് നടപ്പാക്കി വരുന്നു.

(ബി) 2016-17 സാമ്പത്തിക വർഷം ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു സ്റ്റേഡിയം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ 19 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ 11 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനു കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 2016-17 ലെ ബജറ്റ് മറുപടി പ്രസംഗത്തിൽ 7 സ്റ്റേഡിയങ്ങളുടെ നിർമ്മാണം കൂടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി 8 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ 3 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 3 സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ. അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ മിനി സ്റ്റേഡിയങ്ങളുടെ ലിസ്റ്റിൽ പറളി, മേപ്പയൂർ, ഫറോഖ് ഗണപതി എന്നീ സ്കൂളുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, തിരൂർ ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ അക്വാറ്റിക് കോംപ്ലക്സ്, വടകര ഇൻഡോർ സ്റ്റേഡിയം, ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, പയ്യന്നൂർ, പുനലൂർ നഗരസഭാ സ്റ്റേഡിയങ്ങൾ

എന്നിവയേയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്റ്റേഡിയങ്ങളുടെ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് കോട്ടയായി എച്ച്.എസ്.എസ്. ഗ്രൗണ്ട്, കണ്ണമ്പ്ര പഞ്ചായത്ത് ഗ്രൗണ്ട് എന്നിവിടങ്ങളിൽ വിവിധോദ്ദേശ്യ കായിക അടിസ്ഥാന സൗകര്യ നിർമ്മാണത്തിനായി 10 കോടി രൂപയും തൃശ്ശൂർ കുന്നംകുളം ജി.എച്ച്.എസ്.എസ് സ്റ്റേഡിയം നവീകരണത്തിനായി 5 കോടി തൊണ്ണൂറ്റി എട്ടായിരം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പന്തളത്ത് ചേരിക്കൽ പട്ടികജാതി കോളനിയുള്ളിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ പ്രത്യേക ഗ്രാന്റായും അനുവദിച്ചിട്ടുണ്ട്. സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസ സൗകര്യം, കായിക ഉപകരണങ്ങൾ മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനായി സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന്റെ ഭാഗമായി Natural Turf Football Field of International Standards with Sprinkler facilities, Two storied football training centre, Change Room എന്നിവ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ് സംവിധാനം ഒരുക്കുന്നതിലേയ്ക്കായി 1,05,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജി.വി.രാജാ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 19.66 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 2016-17, 2017-18 ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരമുള്ള കായിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണമടക്കം ഈ വകുപ്പിലെ കായികാടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിനും ഓപ്പറേഷൻ & മെയനിന്റനൻസ് മാനേജ്മെന്റിനുമായി ഈ വകുപ്പിന് കീഴിൽ പുതുതായി ഒരു എസ്.പി.വി രൂപീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. നിലവിൽ കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയി കിറ്റ്കോ പ്രവർത്തിച്ചു വരുന്നു.

## സ്മൈൽ പദ്ധതി

175 (2060) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് വകുപ്പിന്റെ കീഴിൽ സ്മൈൽ എന്ന പേരിൽ നടപ്പിലാക്കി വരുന്ന പദ്ധതിയിൽ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) സ്മൈൽ പദ്ധതിപ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിൽ ഏതെങ്കിലും പ്രോജക്ടുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം, സ്മൈൽ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സ്മൈൽ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനായി മാനദണ്ഡങ്ങൾ നിലവിലില്ല.

(ബി) നിലവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ പ്രോജക്ടുകൾ ഒന്നും പരിഗണനയിലില്ല.

(സി) സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| നമ്പർ | സ്റ്റേഡിയം | തുക |
|---|---|---|
| (1) | (2) | (3) |
| 1 | പൂങ്കോട് രാജീവ് ഗാന്ധി നാഷണൽ സ്വിമ്മിംഗ് പൂൾ പുനരുദ്ധാരണം | 75 ലക്ഷം രൂപ |
| 2 | പാലാരിമംഗലം ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം | 1 കോടി രൂപ |

| (1) | (2) | (3) |
|---|---|---|
| 3 | പിലാത്തറ ഇൻഡോർ സ്റ്റേഡിയം തുടർ നിർമ്മാണം | 1.5 കോടി രൂപ |
| 4 | കോക്കൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം നിർമ്മാണം | 1 കോടി രൂപ |
| 5 | വേലൂർ RSRVHSS സ്റ്റേഡിയം നിർമ്മാണം | 1 കോടി രൂപ |
| | ആകെ | 5.25 കോടി രൂപ |

പദ്ധതികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച നടപടികൾ സ്വീകരിച്ച് വരുന്നു.

**കായിക മേഖലയുടെ ഉന്നമനത്തിനായി പദ്ധതികൾ**

176 (2061) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക മേഖലയുടെ ഉന്നമനത്തിനായി സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു എന്ന് വിശദമാക്കാമോ;

(ബി) കോതമംഗലം മണ്ഡലത്തിൽ പുതുതായി സ്റ്റേഡിയമടക്കമുള്ള എന്തെങ്കിലും കായിക വികസന പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കായിക മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു :

1. പ്ലേ ഫോർ ഹെൽത്ത്

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത് പദ്ധതി. പ്രൈമറി തലം മുതൽ ഓരോ

കുട്ടിയേയും കായിക വിനോദങ്ങളിൽ എർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യം ഒരുക്കുകയും ചെയ്യുന്നു.

2. ഫുട്ബോൾ പരിശീലന പദ്ധതി

നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനും അതുവഴി സംസ്ഥാനത്തെ ഫുട്ബോളിന്റെ സമഗ്ര വികസനത്തിന് അടിത്തറയിടുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

3. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ് ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി". ഈ കായിക ഇനങ്ങളിലായി ഏകദേശം 225 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

കൂടാതെ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ, സ്പോർട്സ് ഹോസ്റ്റലുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, ക്യാഷ് അവാർഡ് സ്കീം, ഡോ. എ. പി. ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് സ്കീം എന്നീ പദ്ധതികളും കായിക മേഖലയുടെ വികസനം ലക്ഷ്യമിട്ട് നടപ്പാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൽ 7 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും 6 പ്രോജക്റ്റുകളുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. 3 സ്റ്റേഡിയങ്ങൾക്ക്

കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ കിറ്റ്കോ സ്വീകരിച്ച് വരുന്നു. ബാക്കിയുള്ളവയുടെ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച "പഞ്ചായത്തിൽ ഒരു സ്റ്റേഡിയം" എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണം പ്രഖ്യാപിച്ചിരുന്നു. ഇവയിൽ 19 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും 14 പ്രോജക്ടുകളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ 11 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ കിറ്റ്കോ സ്വീകരിച്ച് വരുന്നു. 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ മിനി സ്റ്റേഡിയങ്ങളുടെ ലിസ്റ്റിൽ പറളി, മേപ്പയൂർ, ഫറോഖ് ഗണപതി സ്കൂളുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, തിരൂർ ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ അക്വാറ്റിക് കോംപ്ലക്സ്, വടകര ഇൻഡോർ സ്റ്റേഡിയം, ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, പയ്യന്നൂർ, പുനലൂർ നഗര സഭാ സ്റ്റേഡിയങ്ങൾ എന്നിവയെയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്റ്റേഡിയങ്ങളുടെ കൺസെപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസസൗകര്യം, കായിക ഉപകരണങ്ങൾ മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനായി സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കായിക വകുപ്പിന് കൈമാറി കിട്ടിയ ജി. വി. രാജാ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 19.66 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ബി&സി) 2016-17-ലെ ബജറ്റ് മറുപടി പ്രസംഗത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണത്തിനുദ്ദേശിക്കുന്ന സ്ഥലം കായിക എഞ്ചിനീയറിംഗ് വിഭാഗം, കായിക വകുപ്പിലെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയിലെ പ്രതിനിധികളുമായി ചേർന്ന് സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പൊതുമരാമത്ത് വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ അവസാനിപ്പിച്ച്

സ്ഥലം കായിക വകുപ്പിന് കൈമാറുന്ന മുറയ്ക്ക് സ്റ്റേഡിയം നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്. കൂടാതെ സൈ്പൽ പദ്ധതിയിൽ ഉൾപ്പെടുത്തി പാലാരിമംഗലത്ത് ഒരു കോടി രൂപയുടെ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

### സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റ് സർവ്വീസസ് കമ്പനി

177 (2062) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക മേഖലയിലെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചർ മാനേജ്മെന്റ് സർവ്വീസസ് കമ്പനി എന്ന പേരിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എസ്.പി.വി. സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) പരിഗണനയിലാണ്. നിലവിൽ കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയി കിറ്റ്കോയെ നിയമിച്ചിട്ടുണ്ട്.

### ഗ്രാമീണ മേഖലയിലെ കായിക വികസനം

178 (2063) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണമേഖലയിൽ കൂടുതൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും അവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഗ്രാമീണ മേഖലയിൽ കൂടുതൽ കളിസ്ഥലങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നിലവിലുണ്ടോ ; ഈ പദ്ധതി പ്രകാരം ഇതേവരെ ഗ്രാമീണ മേഖലയിൽ എത്ര കളി സ്ഥലം നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കൂടുതൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ സ്കൂൾ/കോളേജ് സ്പോർട്സ് ഹോസ്റ്റലുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, ജില്ലാ കോച്ചിംഗ് സെന്ററുകൾ എന്നിവ വഴി ഗ്രാമീണ മേഖലയിൽ നിന്നുൾപ്പെടയുള്ള കായിക താരങ്ങളെ തെരഞ്ഞെടുത്ത് വിദഗ്ദ്ധ പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ, 2020, 2024 ഒളിമ്പിക്സിൽ മെഡൽ കരസ്ഥമാക്കുക എന്ന ലക്ഷ്യത്തോടെ 11 കായിക ഇനങ്ങളിൽ ഗ്രാമീണ മേഖലയിൽ നിന്നും ഉൾപ്പെടെയുള്ള കായിക താരങ്ങളെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്ന ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയും നടപ്പാക്കുന്നതാണ്.

(ബി&സി) ഉണ്ട്. 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച 'പഞ്ചായത്തിൽ ഒരു സ്റ്റേഡിയം' എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണം പ്രഖ്യാപിച്ചിരുന്നു. ഇവയിൽ 19 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും 14 പ്രോജക്ടുകളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ 11 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. തുടർ നടപടികൾ കിറ്റ്കോ സ്വീകരിച്ച് വരുന്നു. കിഫ്ബി അംഗീകാരം ലഭിച്ച 11 സ്റ്റേഡിയങ്ങളിൽ നിന്നും 9 എണ്ണത്തിന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. ഇവയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ മിനി സ്റ്റേഡിയങ്ങളുടെ ലിസ്റ്റിൽ പറളി, മേപ്പയൂർ, ഫറോഖ് ഗണപതി സ്കൂളുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ സ്പോർട്സ് കൗൺസിൽ പ്രവർത്തനം

179 (2064) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ സ്പോർട്ട്സ് കൗൺസിലിന് കീഴിൽ എത്ര കോച്ചുമാരും, ഹോസ്റ്റലുകളും പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലാ സ്പോർട്സ് കൗൺസിലിന് കീഴിൽ 1 കോച്ചും 3 ട്രെയിനർമാരും ഉണ്ട്. 1 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലും 1 കോളേജ് സ്പോർട്സ് ഹോസ്റ്റലും പ്രവർത്തിക്കുന്നുണ്ട്.

## മാതിരപ്പിള്ളി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ

180 (2065) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നൂറ് വർഷത്തിലധികം പഴക്കമുള്ളതും വർഷങ്ങളായി സംസ്ഥാന സ്കൂൾ കായിക മേഖലയിൽ ഒന്നാം സ്ഥാനത്ത് എത്തുന്നതുമായ മാതിരപ്പിള്ളി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഒരു സ്പോർട്സ് ഹോസ്റ്റൽ വേണമെന്ന ആവശ്യമുന്നയിച്ചുകൊണ്ടുള്ള നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന സ്കൂൾ കായിക മേളയിലും ദേശീയ മേളയിലും ഇവിടത്തെ കുട്ടികൾ നിരവധി മെഡലുകൾ വാരിക്കൂട്ടിയത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഈ സ്കൂളിലെ ഒരു കുട്ടി ഒളിംപിക്സ് ട്രയൽസിന് യോഗ്യത നേടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിൽ ഈ സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ ഇല്ലാത്തതിനാൽ കുട്ടികൾ വൻതുക ചെലവാക്കി പ്രൈവറ്റ് ഹോസ്റ്റലുകളെ ആശ്രയിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ദേശീയ സംസ്ഥാന കായിക മേഖലയിൽ തുടർച്ചയായി തിളക്കമാർന്ന നേട്ടം കൈവരിക്കുകയും ഒളിമ്പിക്സ് ട്രയൽസിനടക്കം യോഗ്യത നേടുകയും ചെയ്തിട്ടുള്ള പ്രസ്തുത സ്കൂളിലെ കുട്ടികളുടെ കായിക ഉന്നമനത്തിനായി സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള അപേക്ഷ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ചുള്ള അനുബന്ധരേഖകൾ സഹിതം ബന്ധപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിൽ മുഖേന സംസ്ഥാന സ്പോർട്സ് കൗൺസിലിന് സമർപ്പിക്കുന്ന പക്ഷം ആയത് പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്.

## സ്പോർട്സ് ഹോസ്റ്റലുകളുടെയും സ്പോർട്സ് സ്കൂളുകളുടെയും പ്രവർത്തനം

181 (2066) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളുടെ നിലവിലെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടോ; ഹോസ്റ്റലുകളിൽ നൽകുന്ന ഭക്ഷണത്തെക്കുറിച്ചും മറ്റ് സൗകര്യങ്ങളെക്കുറിച്ചും ഉണ്ടാകുന്ന വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കായിക വകുപ്പിന് കൈമാറിയ മൈലം ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന സെൻട്രലൈസ്ഡ്/സ്കൂൾ/കോളേജ് സ്പോർട്സ് ഹോസ്റ്റലുകളുടെ സ്ഥിതിയും പ്രവർത്തനവും പരിശോധിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അഡ്മിനിസ്റ്റേറ്റീവ് ബോർഡിലെ ബന്ധപ്പെട്ട ജില്ലയെ പ്രതിനിധീകരിക്കുന്ന അംഗത്തിന്റെ നേതൃത്വത്തിൽ അതാത് ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, സെക്രട്ടറി, ജില്ലാ സ്പോർട്സ് ഓഫീസർ എന്നിവർ അടങ്ങിയ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി അതാത് ജില്ലകളിലെ സ്പോർട്സ് ഹോസ്റ്റലുകൾ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത സ്പോർട്സ് സ്കൂളുകളുടെ ഭരണ നിയന്ത്രണ ചുമതല കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ കഴിയുംവിധം ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന്റെ ഭാഗമായി മികച്ച കായിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കൂടുതൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള നടപടികളും കൈക്കൊണ്ടു

വരുന്നു. രണ്ടു സ്കൂളുകളിലെയും ഹോസ്റ്റലുകൾ, അടുക്കള, ടോയ്‌ലെറ്റ് എന്നിവയുടെ നവീകരണം, കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡെസ്ക്, കട്ടിലുകൾ, കിടക്ക മുതലായ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇന്ററാക്ടീവ് ക്ലാസ്സ് റൂം ഒരുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം, സി.സി. ടിവി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും കൊക്കൊണ്ടുവരുന്നു. കായിക അദ്ധ്യാപകരുടെ കുറവ് നികത്തുന്നതിനായി ഓരോ കായിക ഇനത്തിലും ആവശ്യമായ കായിക അദ്ധ്യാപകരെ നിയമിക്കുന്നത് സർക്കാർ പരിശോധിച്ചു വരികയാണ്. കൂടാതെ ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ 2 ബാസ്കറ്റ്ബോൾ കോർട്ട്, ഇൻഡോർ ഹാൾ, ഹോക്കി കോർട്ട്, സ്പോർട്സ് വോളിബോൾ കോർട്ട് എന്നിവയുടെ നവീകരണങ്ങൾ നടന്നുവരുന്നു. ജി.വി.രാജ സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം , കായിക മികവ് എന്നിവ ഉയർത്തുന്നതിനായി തയ്യാറാക്കിയ 'കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം' നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പ്രസ്തുത സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 1966 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## എല്ലാ പഞ്ചായത്തിലും സ്റ്റേഡിയം

182 (2067) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിനായി എല്ലാ പഞ്ചായത്തിലും സ്റ്റേഡിയം എന്ന കായിക വകുപ്പിന്റെ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ സ്റ്റേഡിയത്തിനാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) പഞ്ചായത്ത് സ്റ്റേഡിയങ്ങൾക്ക് സ്റ്റേഡിയം നവീകരണത്തിന് ഫണ്ട് അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു സ്റ്റേഡിയം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ

തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ 19 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ 15 സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. 2016-17-ലെ ബജറ്റ് മറുപടി പ്രസംഗത്തിൽ 7 സ്റ്റേഡിയങ്ങളുടെ നിർമ്മാണം കൂടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ മിനി സ്റ്റേഡിയങ്ങളുടെ ലിസ്റ്റിൽ പറളി, മേപ്പയ്യൂർ, ഫറോഖ് ഗണപതി എന്നീ സ്കൂളുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, തിരൂർ ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ അക്വാറ്റിക് കോംപ്ലക്സ്, വടകര ഇൻഡോർ സ്റ്റേഡിയം, ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, പയ്യന്നൂർ, പുനലൂർ നഗരസഭാ സ്റ്റേഡിയങ്ങൾ എന്നിവയേയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്റ്റേഡിയങ്ങളുടെ കൺസെപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ സ്റ്റേഡിയങ്ങൾക്കായി ഫണ്ട് അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

| സ്റ്റേഡിയം | നിർമ്മാണ പ്രവൃത്തി | അനുവദിച്ച തുക |
|---|---|---|
| വി.കെ.കെ മേനോൻ ഇൻഡോർ സ്റ്റേഡിയം | ടേബിൾ ടെന്നീസ് ഹാൾ നവീകരണം | 20,00,000 |
| | ഹെൽത്ത് ക്ലബ്ബ് ഹാൾ നവീകരണം | 20,00,000 |
| | ഇൻഡോർ സ്റ്റേഡിയം നവീകരണം | 28,70,000 |

(സി) പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നവീകരണത്തിന് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് പ്രത്യേക മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്തിട്ടില്ല.

**പഞ്ചായത്ത് മൈതാനങ്ങൾ നവീകരിക്കുന്നതിന് പദ്ധതികൾ**

183 (2068) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് മൈതാനങ്ങൾ നവീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പഞ്ചായത്ത് മൈതാനങ്ങൾ നവീകരിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) എല്ലാ പഞ്ചായത്തുകളിലും ഒരു സ്റ്റേഡിയം എന്ന ലക്ഷ്യമിട്ട് പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തി 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പഞ്ചായത്ത് മൈതാനങ്ങൾ നവീകരിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾ കായിക വകുപ്പിൽ നിലവിലില്ല.

**ആറ്റിങ്ങൽ മണ്ഡലത്തിലെ പഞ്ചായത്ത് സ്റ്റേഡിയം**

184 (2069) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂർ, പോങ്ങനാട് പഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കണമെന്ന നിവേദനം കായിക വകുപ്പിന് ലഭ്യമായിട്ടുണ്ടോ; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. സർക്കാർ പരിശോധിച്ചു വരികയാണ്.

**എളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ട് മിനി സ്റ്റേഡിയം**

185 (2070) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ടിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് ബജറ്റിൽ പ്രഖ്യാപനം നടത്തിയിരുന്നുവോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കുമെന്നും, ആയതിലേയ്ക്കായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്താണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം പദ്ധതിയുടെ തുടക്കമെന്ന നിലയിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എളങ്കുന്നപ്പുഴ സാന്ത്രാക്രൂസ് ഗ്രൗണ്ടിൽ മിനി സ്റ്റേഡിയം നിർമ്മിക്കുമെന്ന് 2016-17 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതിൻപ്രകാരം കായിക വകുപ്പിലെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി.-യായ കിറ്റ്കോയോട് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

# ദേശീയ അന്തർദ്ദേശീയ കായികമേളയിലെ വിജയികൾക്ക് സർക്കാർ ജോലി

186 (2071) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ അന്തർദ്ദേശീയ കായിക മേളകളിൽ വിജയികളാകുന്നവർക്ക് സംസ്ഥാന സർക്കാർ ജോലി നൽകുന്ന പദ്ധതി പ്രകാരം കഴിഞ്ഞ 5 വർഷം കൊണ്ട് എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട് എന്ന് വർഷം തിരിച്ചും ഏതൊക്കെ വകുപ്പുകളിലാണ് ജോലി നൽകിയിട്ടുള്ളത് എന്ന് ഇനം തിരിച്ചും പട്ടിക ലഭ്യമാക്കാമോ ;

(ബി) ദേശീയ മേളകളിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കുന്നവർക്ക് സംസ്ഥാന സർക്കാരിന്റേയോ പൊതു മേഖലാ സ്ഥാപനങ്ങളുടെയോ ജോലി നൽകുമെന്ന പ്രഖ്യാപനം എല്ലാവർഷവും നടപ്പാക്കുന്നതിന് സർക്കാർ എന്തെങ്കിലും പ്രത്യേക നിയമന സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഗെയിംസ് ഇനങ്ങളിൽ ദേശീയ തലത്തിൽ സമ്മാനാർഹരാകുകയോ അന്തർദേശീയ തലത്തിൽ മത്സരിക്കുകയോ ചെയ്യുന്നവർക്കായി സർക്കാർ വകുപ്പുകളിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ ജോലി നൽകാൻ പ്രത്യേക പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

## ഉത്തരം

(എ) മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2009 കലണ്ടർ വർഷം വരെയുള്ള ഒഴിവുകളിലേക്കുള്ള നിയമന നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. 2010-14 വരെയുള്ള കലണ്ടർ വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ പുരോഗമിച്ചു വരുന്നു. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനത്തിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ കായിക താരങ്ങൾക്ക് വിവിധ പൊതു മേഖലാ സ്ഥാപനങ്ങളിൽ നിയമനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

## നിലമ്പൂർ മണ്ഡലത്തിൽ അഡ്വഞ്ചർ സ്പോർട്സ്

187 (2072) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ അഡ്വഞ്ചർ സ്പോർട്സ് പ്രോത്സാഹിപ്പിക്കുന്നതിനായി ഏതെങ്കിലും പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ;

(ബി) നിലമ്പൂർ മണ്ഡലത്തിൽ കഴിഞ്ഞ ബജറ്റിൽ അനുവദിച്ച മിനിസ്റ്റേഡിയ നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ ഏത് വരെ ആയെന്ന് വിശദമാക്കാമോ; നടപടി വേഗത്തിലാക്കാൻ നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) അഡ്വഞ്ചർ സ്പോർട്സ് സംബന്ധിച്ച പദ്ധതികളൊന്നും നിലവിലില്ല.

(ബി) പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച നിലമ്പൂർ മിനി സ്റ്റേഡിയം നിർമ്മാണത്തിന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കായികപരമായ മികവ്

188 (2073) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കായികപരമായ മികവ് ഉയർത്തിക്കൊണ്ടുവരുന്നതിന് കായിക വകുപ്പ് എന്തെങ്കിലും തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കായിക വകുപ്പിന്റെ കീഴിൽ പ്രത്യേക പദ്ധതികൾ നിലവിലില്ല. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിനു കീഴിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കായികപരമായ മികവ് ഉയർത്തുന്നതിനായി തിരുവനന്തപുരത്ത് ശ്രീ. അയ്യൻകാളി ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ പ്രവർത്തിച്ചു വരുന്നു.

**കായിക താരങ്ങൾക്ക് സമ്മാനതുക**

189 (2074) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധതല മത്സരങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് വിജയിച്ച കായിക താരങ്ങൾക്ക് സമ്മാനത്തുക ഇനത്തിൽ എത്ര തുക ഈ സർക്കാർ അധികാരമേറ്റപ്പോൾ നൽകാനുണ്ടായിരുന്നു;

(ബി) പ്രസ്തുത തുക വിതരണം ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റപ്പോൾ ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി പ്രകാരം 2013 മുതൽ 2016 വരെ കുടിശ്ശികയായിരുന്ന 2,78,12,775 രൂപ കായിക താരങ്ങൾക്ക് സമ്മാനമായി 2017 ഏപ്രിൽ 29-ന് വിതരണം ചെയ്തിട്ടുണ്ട്.

**സംസ്ഥാന യുവജനക്ഷേമ ബോർഡും യുവജന നയവും**

190 (2075) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനക്ഷേമ ബോർഡ് നിലവിൽ വന്നത് എന്നാണ്; എന്തൊക്കെ ചുമതലകളാണ് യുവജനക്ഷേമ ബോർഡിന് ഉള്ളത്;

(ബി) യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; എന്തൊക്കെ നടപടികളാണ് ഇതുവഴി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(സി) യുവജനങ്ങൾ കൂടുതലായി മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ യുവജനങ്ങളെ മദ്യത്തിൽ നിന്നും മയക്കുമരുന്നിൽ നിന്നും രക്ഷപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് യുവജനക്ഷേമ ബോർഡ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 1985-ലാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നിലവിൽ വന്നത്. കേരളത്തിലെ യുവജനങ്ങളുടെ ഭൗതികവും സാംസ്കാരികവും സാഹിത്യപരവും കലാകായികപരവും തൊഴിൽപരവുമായ വികസനം മുൻനിർത്തിയാണ് കേരള

സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ചത്. കേരളത്തിലെ യുവജനങ്ങളുടെ സർവ്വതോന്മുഖമായ വികസനത്തിനുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക, യുവജനങ്ങളുടെ സർഗ്ഗശേഷിയും കർമ്മശേഷിയും പ്രോത്സാഹിപ്പിക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ പ്രധാന ചുമതല.

(ബി) ഉണ്ട്. 12-12-2012-ലെ സ.ഉ.(അ)03/12/കാ.യു.വ. പ്രകാരം സംസ്ഥാന യുവജന നയം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. യുവജനങ്ങളെ പ്രത്യേക സാമൂഹിക വിഭാഗങ്ങളായി തരംതിരിച്ച് അതിനനുസൃതമായ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് നയത്തിൽ മുഖ്യ ഊന്നൽ നൽകിയിരിക്കുന്നത്. വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, കായികം, സാമൂഹികധർമ്മം, കലയും സംസ്കാരവും തുടങ്ങിയ മേഖലകളിലാണ് പ്രധാനമായും പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നയത്തിൽ പ്രായോഗിക നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. ഈ നയത്തിന് അനുപൂരകമായ പദ്ധതികളും പരിപാടികളുമാണ് യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്.

(സി) യുവതലമുറയെ ഗ്രസിച്ചിരിക്കുന്ന മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യവിപത്തിൽ നിന്നും ഘട്ടം ഘട്ടമായി മോചിപ്പിക്കുക, യുവാക്കളുടെ കർമ്മശേഷി നാടിന്റെ വികസന പ്രക്രിയകളിൽ വിനിയോഗിക്കുക എന്നീ ലക്ഷ്യം മുൻനിർത്തി 'യുവത്വ കേരളം ലഹരി മുക്തം' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംസ്ഥാനത്തുടനീളം വിപുലമായ ലഹരിവിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിക്കുന്നുണ്ട്. ആയതിന്റെ ഭാഗമായി ഒരു ഷോർട്ട് ഫിലിം തയ്യാറാക്കിയിട്ടുണ്ട്. ആയത് യൂത്ത് കോ-ഓർഡിനേറ്റർമാരുടെ മേൽനോട്ടത്തിൽ സംസ്ഥാനത്തുടനീളം പ്രദർശിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

**യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികൾ**

191 (2076)ശ്രീ. എ. എൻ. ഷംസീർ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. ബാബു :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങളുടെ സർഗ്ഗശേഷിയും കർമ്മശേഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; അവയുടെ വിശദാംശം നൽകുമോ;

(ബി) അഭിപ്രായ സ്വാതന്ത്ര്യത്തിന് നേരെയും ആവിഷ്കാര സ്വാതന്ത്ര്യത്തിന് നേരെയും സംസ്ഥാനത്തെ ചില കേന്ദ്രങ്ങൾ ഭീഷണിയുയർത്തുന്ന സാഹചര്യത്തിൽ, അഭിപ്രായ സ്വാതന്ത്ര്യ സംരക്ഷണത്തിനായി യുവജനക്ഷേമ ബോർഡ് നടപ്പാക്കുന്ന ദേശീയ യൂത്ത് കൺകോഡ് പരിപാടിയുടെ വിശദാംശം അറിയിക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി പങ്കാളിത്തത്തിൽ നടത്തുന്ന യുവജനങ്ങളുടെ കഴിവ് വിനിയോഗിക്കാനുള്ള പദ്ധതിയായ 'യുവശക്തി'-യുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ യുവജനങ്ങളുടെ സർഗ്ഗശേഷിയും കർമ്മശേഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി ബോർഡ് വിവിധങ്ങളായ പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. കേരളോത്സവം, യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം, ക്ലബ്ബുകളിലെ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് യൂത്ത് കേരള എക്സ്പ്രസ്സ് എന്ന റിയാലിറ്റി ഷോ, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, യുവ സാഹിത്യ ക്യാമ്പ്, യുവമാധ്യമ പ്രവർത്തക ക്യാമ്പ്, സാഹസിക പ്രവർത്തനങ്ങൾ, വനിതാശില്പശാല, പി.എസ്.സി. പരീക്ഷാ പരിശീലനം, യുവജനദിനാചരണങ്ങൾ, സംരംഭകത്വ വികസന പരിപാടികൾ, യുവപ്രതിഭകളെ കണ്ടെത്തി യൂത്ത് അവാർഡ് നൽകൽ നാടൻ കലാമേള, ബോധവൽക്കരണ ക്യാമ്പയിനുകൾ കലാ കായിക പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട് ഇന്ന് സമൂഹത്തിൽ വളർന്നുവരുന്ന അസഹിഷ്ണുതയ്ക്കെതിരെ അവബോധമുളവാക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളാണ് യൂത്ത് കോൺകോഡ് 2018 എന്ന പദ്ധതിയിലൂടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കേരള നിയമസഭാ സെക്രട്ടേറിയറ്റ്, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, യൂത്ത് ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെയാണ് പ്രസ്തുത പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് ഉപയോഗിച്ച് അംഗീകരിച്ച പദ്ധതികളിൽ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, യുവസാഹിത്യ ക്യാമ്പ്, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, അഭിനയ കളരി, കലാ സാംസ്കാരിക കൂട്ടായ്മകൾ, മാധ്യമ ക്യാമ്പ്, യൂത്ത് ഡെവലപ്മെന്റ് പ്രോജക്ട്, ജില്ലാ യൂത്ത് സെന്ററുകളുടെ കീഴിലുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ

പദ്ധതികളാണ് യൂത്ത് കോൺകോഡിന്റെ ഭാഗമായി മേൽപ്പറഞ്ഞ ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിർത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. യൂത്ത് കോൺകോഡിന്റെ ഭാഗമായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള വീഥികളിൽ കലാ സാഹിത്യ രംഗത്തെ പ്രമുഖരടങ്ങുന്ന സംഘങ്ങൾ കലാ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുകയും യൂത്ത് ക്ലബ്ബുകളെ അതിൽ പങ്കാളികളാക്കുകയും ചെയ്യും. കൂടാതെ സാഹിത്യ മാധ്യമ സാംസ്കാരിക കൂട്ടായ്മകൾ, സെമിനാറുകൾ, നാടകങ്ങൾ, യൂത്ത് പാർലമെന്റുകൾ, കലാപ്രദർശനങ്ങൾ, സൈക്കിൾ റാലി എന്നിങ്ങനെ വൈവിദ്ധ്യമുള്ള പരിപാടികളിലൂടെ അഭിപ്രായ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റ സന്ദേശം കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുകയാണ് ലക്ഷ്യം.

(സി) കേരളത്തിന്റെ വികസനത്തിന് യുവജനങ്ങളെയും യുവജനകൂട്ടായ്മകളെയും ഉപയുക്തമാക്കി യുവജനക്ഷേ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആസൂത്രണം ചെയ്ത് യുവശക്തി പദ്ധതിയിലൂടെ നടപ്പാക്കിവരുന്നു. യുവജനങ്ങളിലൂടെയും യുവജന ക്ലബ്ബുകളിലൂടെയും ബോർഡ് നടപ്പിലാക്കിവരുന്ന വിവിധങ്ങളായ പദ്ധതികൾ യുവജനങ്ങളിൽ എത്തിക്കുന്നതിന് യുവശക്തി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനവും ധനസഹായവും നൽകുന്നു. സ്വയംതൊഴിൽ പരിശീലനം, ദിനാചരണങ്ങൾ, യുവകർമ്മ സേന, പി.എസ്.സി. പരിശീലനം, കായിക പരിശീലനം, ബോധവൽക്കരണം തുടങ്ങി ബോർഡ് നടപ്പിലാക്കിവരുന്ന വിവിധങ്ങളായ പദ്ധതികൾ യുവജനങ്ങളിൽ എത്തിക്കുന്നതിനും യൂത്ത് ക്ലബ്ബുകളിലൂടെ യുവജന ശാക്തീകരണം ഗ്രാമപഞ്ചായത്ത് തലം മുതൽ നടപ്പിലാക്കുക എന്നതും യുവശക്തി പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിക്കുന്ന നിശ്ചിതഘടകമുള്ള കോ-ഓർഡിനേഷൻ കമ്മിറ്റിയും കമ്മിറ്റിയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി യൂത്ത് കോ-ഓർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. പഞ്ചായത്ത് കോ-ഓർഡിനേറ്റർമാർക്ക് 2500 രൂപയും മുനിസിപ്പൽ കോ-ഓർഡിനേറ്റർമാർക്ക് 3000 രൂപയും കോർപ്പറേഷൻ കോ-ഓർഡിനേറ്റർമാർക്ക് 5000 രൂപയും എല്ലാ മാസവും ഓണറേറിയം നൽകുന്നു.

## ദേശീയ യൂത്ത് കോൺകോഡ് 2018

192 (2077) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ യൂത്ത് കോൺകോഡ് 2018 എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടി യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

ഉണ്ട്. അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട്, ഇന്ന് സമൂഹത്തിൽ വളർന്നുവരുന്ന അസഹിഷ്ണുതയ്ക്കെതിരെ ജനങ്ങളിൽ അവബോധമുളവാക്കുക എന്ന ഉദ്ദേശ്യത്തോടെ ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധങ്ങളായ പരിപാടികളാണ് യൂത്ത് കോൺകോഡ് 2018-ന്റെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കേരള നിയമസഭാ സെക്രട്ടേറിയറ്റ്, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, യൂത്ത് ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെയാണ് പ്രസ്തുത പരിപാടികൾ നടപ്പിലാക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് ഉപയോഗിച്ച്, അംഗീകരിച്ച പദ്ധതികളിൽ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, യുവസാഹിത്യ ക്യാമ്പ്, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, അഭിനയ കളരി, കലാ സാംസ്കാരിക കൂട്ടായ്മകൾ, മാധ്യമ ക്യാമ്പ്, യൂത്ത് ഡെവലപ്മെന്റ് പ്രോജക്ട്, ജില്ലാ യൂത്ത് സെന്ററുകളുടെ കീഴിലുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികളാണ് യൂത്ത് കോൺകോഡിന്റെ ഭാഗമായി ഉൾപ്പെടുത്തുന്നത്. യൂത്ത് കോൺകോഡിന്റെ ഭാഗമായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള വീഥികളിൽ കലാ സാഹിത്യ രംഗത്തെ പ്രമുഖരടങ്ങുന്ന സംഘങ്ങൾ കലാ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുകയും യൂത്ത് ക്ലബ്ബുകളെ അതിൽ പങ്കാളികളാക്കുകയും ചെയ്യും. കൂടാതെ സാഹിത്യ, മാധ്യമ, സാംസ്കാരിക, കൂട്ടായ്മകൾ, സെമിനാറുകൾ, നാടകങ്ങൾ, യൂത്ത് പാർലമെന്റുകൾ, കലാപ്രദർശനങ്ങൾ, സൈക്കിൾ റാലി എന്നിങ്ങനെ വൈവിദ്ധ്യമുള്ള പരിപാടികളിലൂടെ അഭിപ്രായ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ സന്ദേശം കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുകയെന്നതാണ് ലക്ഷ്യം.

**പള്ളുരുത്തി ആശുപത്രിയുടെ എതിർവശത്തുള്ള കോർപ്പറേഷൻ ഗ്രൗണ്ട്**

193 (2078) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിലെ പള്ളുരുത്തി ആശുപത്രിയുടെ എതിർവശത്തുള്ള കോർപ്പറേഷൻ ഗ്രൗണ്ട് പൊതുജനങ്ങൾക്കും യുവജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ നവീകരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## വൈദ്യുതി പ്രതിസന്ധി

194 (2079) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പവർകട്ട് - ലോഡ് ഷെഡ്ഡിംഗ് തുടങ്ങിയ നടപടികൾ വേണ്ടുന്ന സാഹചര്യമുണ്ടോ; വിശദീകരിക്കാമോ;

(ബി) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്ര പൂളിൽ നിന്ന് കൂടുതൽ വൈദ്യുതി ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ:

(സി) നിലവിലെ അവസ്ഥയിൽ ഇടുക്കി ഡാമിൽ ഏകദേശം എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ജലമുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പവർ കട്ട്-ലോഡ് ഷെഡ്ഡിംഗ് തുടങ്ങിയ നടപടികൾ വേണ്ടുന്ന സാഹചര്യമില്ല. സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകത നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്താതെ നിറവേറ്റാൻ വേണ്ടി കെ.എസ്.ഇ.ബി. താഴെപ്പറയുന്ന നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. 2018 മാർച്ച് മാസം 2-3-2018-ലെ കണക്കുകൾ പ്രകാരം പ്രതിദിന ശരാശരി ഉപഭോഗം 73.98 ദശലക്ഷം യൂണിറ്റും, ഏറ്റവും കൂടിയ ഡിമാന്റ് 1-3-2018-ൽ രേഖപ്പെടുത്തിയ 3714 മെഗാവാട്ടും ആണ്. വരുന്ന വേനൽക്കാലത്ത് സംസ്ഥാനത്തിന്റെ പീക്ക് ഡിമാന്റ് ഏകദേശം 4200-4300 മെഗാവാട്ട് വരെയും, പ്രതിദിന ശരാശരി ഉപഭോഗം ഏകദേശം 82 ദശലക്ഷം യൂണിറ്റ് ആകുമെന്നും പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ ആഭ്യന്തര വൈദ്യുത ഉല്പാദനശേഷി 2778 മെഗാവാട്ട് ആണ്. സംസ്ഥാനത്തെ ജലസംഭരണികളിൽ 2-3-2018-ലെ കണക്കുകൾ പ്രകാരം 2395 ദശലക്ഷം യൂണിറ്റ് ഉല്പാദിപ്പിക്കുവാനുള്ള ജലം സംഭരിച്ചിട്ടുണ്ട്. കൂടുതൽ ശേഖരം കഴിച്ച് പ്രതിദിനം ശരാശരി 22 ദശലക്ഷം യൂണിറ്റ് മെയ് 31 വരെ ഉല്പാദിപ്പിക്കാൻ ഇതുവഴി കഴിയും. ഇതിനുപുറമെ സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി 1679 മെഗാവാട്ടും ദീർഘകാല കരാറിലൂടെ 1215 മെഗാവാട്ടിന്റെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ഇവയിൽ നിന്ന് പ്രസരണ നഷ്ടവും അറ്റകുറ്റപ്പണിക്ക് നീക്കിവയ്ക്കുന്ന കപ്പാസിറ്റിയും കഴിച്ച് 2500 മെഗാവാട്ട് ആണ് ലഭ്യമാകുന്നത്. അതായത് പ്രതിദിനം ശരാശരി 60 ദശലക്ഷം യൂണിറ്റ് ലഭ്യമാണ്. ഇതുകൂടാതെയുള്ള ഊർജ്ജ ആവശ്യകത പവർ എക്സ്ചേഞ്ചിലൂടെ വൈദ്യുതി ആവശ്യാനുസരണം വാങ്ങി നിറവേറ്റാൻ കഴിയും. കൂടാതെ 2018 മാർച്ച് വരെ മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ച് ഹരിയാനയിൽ നിന്നും 100 മെഗാവാട്ട് വൈദ്യുതി രാവിലെ 8 മുതൽ വൈകുന്നേരം 5 മണി വരെ ബാങ്കിംഗ് അടിസ്ഥാനത്തിൽ

എത്തിക്കുന്നുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ താപനിലയങ്ങളായ KDPP (96 MW), BDPP (63.96 MW) എന്നിവ ഉല്പാദന ചെലവേറുമെങ്കിലും ഉപയോഗപ്പെടുത്തുവാൻ കഴിയും.

(ബി) കേന്ദ്രപൂളിൽ നിന്നും കൂടുതൽ വൈദ്യുതി ആവശ്യപ്പെട്ടിട്ടില്ല. വൈദ്യുതി ആവശ്യകതയ്ക്കനുസരിച്ച് പവർ എക്സ്ചേഞ്ചുകളിൽ നിന്നും ട്രേഡർമാരിൽ നിന്നും ടെണ്ടർ അടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങിയാണ് നിറവേറ്റുന്നത്.

(സി) 2-3-2018-ലെ കണക്കുകൾ പ്രകാരം ഇടുക്കി ഡാമിൽ 1131.61 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള ജലം ലഭ്യമാണ്.

## വൈദ്യുതി വകുപ്പിൽ ചെലവഴിച്ച തുക

195 (2080) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈദ്യുതി വകുപ്പിൽ ചെലവഴിച്ച തുക എത്രയാണെന്നും, ഏതെല്ലാം ആവശ്യങ്ങൾക്കു വേണ്ടിയായിരുന്നു വെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആദ്യത്തെ 21 മാസം വൈദ്യുതി വകുപ്പിൽ ചെലവഴിച്ച തുക എത്രയാണെന്നും, ഏതെല്ലാം ആവശ്യങ്ങൾക്കു വേണ്ടിയായിരുന്നുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ടെന്നും, പുതിയതായി ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ചു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി. സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് കണക്കുകൾ തയ്യാറാക്കുന്നത്. ഇതിൻപ്രകാരം 2016-17-ലെയും 2017-18 (ഡിസംബർ വരെ) സർക്കാരിൽ നിന്ന് കെ.എസ്.ഇ.ബി.-ക്ക് ബജറ്റ് വിഹിതം വഴി നൽകിയതും ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.* എനർജി മാനേജ്മെന്റ് സെന്റർ മുഖേന ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് 1121.42 ലക്ഷം രൂപ താഴെപ്പറയുന്ന പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് 53.94 ലക്ഷം രൂപ
2. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ- 514.94 ലക്ഷം രൂപ
3. പശ്ചാത്തല വികസനവും സ്ഥാപനവൽക്കരണവും- 199.86 ലക്ഷം രൂപ
4. കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി-352.68 ലക്ഷം രൂപ

അനെർട്ട് മുഖേന ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ചെലവ് (ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | അനെർട്ട് നടപ്പിലാക്കുന്ന പുനരാവർത്തക ഊർജ്ജ പരിപാടികൾ<br>2810-00-800-90(01) | 585.64 |
| 2 | പുനരാവർത്തക ഊർജ്ജ വിഭവങ്ങൾ ഉപയോഗിച്ചുള്ള വൈദ്യുതീകരണം<br>2810-00-800-90(02) | 2277.07 |
| 3 | പുനരാവർത്തക ഊർജ്ജ സ്രോതസ്സുകളുടെ വിലയിരുത്തൽ<br>2810-00-800-90(03) | 2.07 |
| 4 | ഗവേഷണവും, വികസനവും, പരിശോധന, നവീകരണം, ലാബ് സൗകര്യങ്ങൾ<br>2810-00-800-90(04) | 26.64 |
| 5 | പരിശീലനം, വ്യാപനം, പ്രചരണം<br>2810-00-800-90(05) | 53.22 |

| (1) | (2) | (3) |
|---|---|---|
| 6 | ക്യാരി ഓവർ പ്രോജക്ട് | 5137.18 |
| 7 | അക്ഷയ ഊർജ്ജ പദ്ധതികൾ<br>2810-00-800-90(06) | 901.26 |
| 8 | അക്ഷയ ഊർജ്ജ പദ്ധതികൾ- പൊതുജന പങ്കാളിത്തം, ലഭ്യത, പഠനങ്ങൾ, വികസന പരിപാടികൾ<br>2810-00-800-90(07) | 643.05 |
| | ആകെ | 9626.13 |

(ബി) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ സർക്കാരിൽ നിന്ന് കെ.എസ്.ഇ.ബി.-ക്ക് ബജറ്റ് വിഹിതം വഴി നൽകിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം അനുബന്ധം 2-ആയി ചേർത്തിരിക്കുന്നു.* മുൻ സർക്കാരിന്റെ കാലത്ത് എനർജി മാനേജ്മെന്റ് സെന്റർ മുഖേന ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് 343.98 ലക്ഷം രൂപ ആദ്യത്തെ 21 മാസത്തിൽ ചെലവഴി ച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ തുക ഇ.എം.സി.-യുടെ പുതിയ ബിൽഡിംഗ് നിർമ്മാണ പ്രവർത്തനങ്ങൾക്കും ഊർജ്ജ സംരക്ഷണ അവാർഡ്, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിയിൽ ഉൾപ്പെട്ട പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് ചെലവഴിച്ചത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ആദ്യത്തെ 21 മാസം അനെർട്ട് ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ചെലവ് (ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | അനെർട്ട് പദ്ധതികൾ<br>2810-00-800-90 | 39.85 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (3) |
|---|---|---|
| 2 | ടെസം പ്രോജക്റ്റ്<br>2810-00-800-92 | 239.76 |
| 3 | ഇംപ്രൂവ്ഡ് ചൂള പ്രോഗ്രാം<br>2810-00-800-85 | 4.72 |
| 4 | എസ്.സി./എസ്.ടി.ക്കും വൈദ്യുതീകരിക്കാത്ത വിദൂര മേഖലകളിലും പുന:സ്ഥാപിക്കാവുന്ന ഊർജ്ജം ഉപയോഗിച്ചുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പരിപാടി<br>2810-00-800-86 | 19.18 |
| 5 | മികവിന്റെ കേന്ദ്രം<br>2810-00-800-87 | 18.11 |
| 6 | അനെർട്ട് നടപ്പിലാക്കുന്ന പുനരാവർത്തക ഊർജ്ജ പരിപാടികൾ<br>2810-00-800-90 (01) | 783.39 |
| 7 | പുനരാവർത്തക ഊർജ്ജ വിഭവങ്ങൾ ഉപയോഗിച്ചുള്ള വൈദ്യുതീകരണം<br>2810-00-800-90 (02) | 39.63 |
| 8 | പുനരാവർത്തക ഊർജ്ജ വിഭവങ്ങൾ ഉപയോഗിച്ചുള്ള വൈദ്യുതീകരണം<br>2810-00-800-90 (03) | 0.94 |
| 9 | ഗവേഷണവും, വികസനവും, പരിശോധന, നവീകരണം, ലാബ് സൗകര്യങ്ങൾ<br>2810-00-800-90(04) | 2.08 |

| (1) | (2) | (3) |
|---|---|---|
| 10 | പരിശീലനം, വ്യാപനം, പ്രചരണം 2810-00-800-90(05) | 19.34 |
| | ക്യാരി ഓവർ പ്രോജക്ട് | 810.56 |
| | ആകെ | 1977.56 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2018 ജനുവരി 31 വരെയുള്ള കാലയളവിൽ പുതിയതായി സ്ഥാപിച്ച ട്രാൻസ്ഫോർമറുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർത്തിരിക്കുന്നു :

| ജില്ല | ട്രാൻസ്ഫോർമറുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 305 |
| കൊല്ലം | 227 |
| പത്തനംതിട്ട | 110 |
| കോട്ടയം | 244 |
| ആലപ്പുഴ | 203 |
| എറണാകുളം | 506 |
| ഇടുക്കി | 132 |
| തൃശ്ശൂർ | 354 |
| പാലക്കാട് | 294 |
| മലപ്പുറം | 470 |
| കോഴിക്കോട് | 525 |
| വയനാട് | 87 |
| കണ്ണൂർ | 317 |
| കാസർഗോഡ് | 190 |

പുതിയതായി കണക്ഷൻ നൽകേണ്ടി വരിക, ഉപഭോക്താവിന്റെ കണക്ടഡ് ലോഡ് വർദ്ധിപ്പിക്കുക, വോൾട്ടേജ് കുറവ് പരിഹരിക്കുക തുടങ്ങിയ പ്രവൃത്തികൾക്കാണ് സാധാരണഗതിയിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നത്. വോൾട്ടേജ് സംബന്ധിച്ച് ഉപഭോക്താക്കളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിശോധിച്ച് ആവശ്യമെങ്കിൽ മാത്രമാണ് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവരുന്നത്. ഇതുകൂടാതെ വോൾട്ടേജ് കുറവുള്ള പ്രദേശങ്ങളിൽ നിന്നും പരാതി ലഭിക്കാതെതന്നെ ബോർഡ് ഉദ്യോഗസ്ഥർ സ്വമേധയാ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യാറുണ്ട്. ഇക്കാരണങ്ങളാൽ വോൾട്ടേജ് ദൗർലഭ്യം ഉന്നയിച്ചുകൊണ്ടുള്ള പാരാതികളെ ട്രാൻസ്ഫോർമർ ആവശ്യപ്പെട്ടിട്ടുള്ളതും അല്ലാത്തതുമായി തരംതിരിക്കേണ്ട ആവശ്യം വരാറില്ല. അതുകൊണ്ട് ഇത്തരത്തിലുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല. എന്നാൽ ഡെപ്പോസിറ്റ് പ്രവൃത്തി വിഭാഗത്തിൽ ഇനി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു :

| ജില്ല | പ്രവൃത്തികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 0 |
| കൊല്ലം | 3 |
| പത്തനംതിട്ട | 2 |
| കോട്ടയം | 2 |
| ആലപ്പുഴ | 8 |
| എറണാകുളം | 44 |
| ഇടുക്കി | 6 |
| തൃശ്ശൂർ | 11 |
| പാലക്കാട് | 20 |
| മലപ്പുറം | 44 |
| കോഴിക്കോട് | 12 |
| വയനാട് | 0 |
| കണ്ണൂർ | 15 |
| കാസർഗോഡ് | 28 |

## ജലവൈദ്യുത പദ്ധതികളുടെ ഭാഗമായി പുനരധിവസിപ്പിച്ചവരുടെ വിവരം

196 (2081) ശ്രീ. വി. ടി.ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ; അവ സ്ഥിതിചെയ്യുന്ന പ്രദേശം, നദി, പദ്ധതിയുടെ പേര് എന്നിവ വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതികളുടെയും നടത്തിപ്പിനായി ഈ പ്രദേശങ്ങളിൽ നിന്നും മാറ്റി പാർപ്പിച്ച പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതികളുടെയും ഭാഗമായി പുനരധിവസിപ്പിച്ച കുടുംബങ്ങളുടെ എണ്ണം, പുനരധിവസിപ്പിച്ച സ്ഥലങ്ങൾ എന്നിവ വ്യക്തമാക്കാമോ ;

(ഡി) ഓരോ പദ്ധതികളുടെയും ഭാഗമായി പുനരധിവസിപ്പിച്ച കുടുംബങ്ങൾക്ക് നൽകിയ ഭൂമി, നടപ്പാക്കിയ പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ വലുതും ചെറുതുമായ 36 ജലവൈദ്യുതി പദ്ധതികൾ ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ 8 ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി സ്വകാര്യ സംരംഭങ്ങൾക്ക് അനുവദിച്ച് പൂർത്തീകരിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ് :

| പദ്ധതിയുടെ പേര് | പ്രദേശം | നദി |
|---|---|---|
| (1) | (2) | (3) |
| അള്ളുങ്കൽ (7MW) | ചിറ്റാർ, പത്തനംതിട്ട | കാക്കാട് |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (3) |
|---|---|---|
| കാരിക്കയം (15MW) | ചിറ്റാർ, പത്തനംതിട്ട | കാക്കാട് |
| ഇരുട്ടുകാനം (4.5MW) | വെള്ളത്തൂവൽ, ഇടുക്കി | കല്ലാർ |
| പാതംകയം (8MW) | കോടഞ്ചേരി പഞ്ചായത്ത് | ഇരുവഞ്ഞിപ്പുഴ |

ഈ പദ്ധതികളെല്ലാം സ്വകാര്യ സംരംഭകർക്ക് സർക്കാർ അനുവദിച്ചിട്ടുള്ളതിനാൽ അവ നിയമപരമായി നടപ്പിലാക്കുന്നത് സംരംഭകരുടെ ഉത്തരവാദിത്വത്തിലാണ്.

(ബി) 1980-ലെ വന സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മാങ്കുളം ജലവൈദ്യുതി പദ്ധതിയുടെ പ്രദേശത്ത് നിന്നും 10 പട്ടിക വർഗ്ഗ കുടുംബങ്ങളെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ചെലവിൽ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന 8 ജലവൈദ്യുത പദ്ധതികളുടെയും നടത്തിപ്പിനായി പദ്ധതി പ്രദേശത്തുനിന്നും പട്ടിക വിഭാഗത്തിലുള്ളവരെ മാറ്റിപ്പാർപ്പിച്ചിട്ടില്ല. വന സംരക്ഷണ നിയമം വരുന്നതിനു മുമ്പേ നടപ്പിലാക്കിയ പദ്ധതികൾക്ക് വേണ്ടി മാറ്റി താമസിപ്പിച്ചവരുടെ വിവരം ലഭ്യമല്ല.

(സി) നിർദ്ദിഷ്ട മാങ്കുളം പദ്ധതിയുടെ ഭാഗമായി 14 കുടുംബങ്ങളെ ദേവികുളം താലൂക്ക്, കുഞ്ചിത്തണ്ണി വില്ലേജിൽ ആനച്ചാൽ കരയിലും 10 പട്ടികവർഗ്ഗ കുടുംബങ്ങളെ ദേവികുളം താലൂക്ക് മന്നാംകണ്ടം വില്ലേജിൽ പത്താം മൈൽ കരയിലും പുനരധിവസിപ്പിച്ചിട്ടുണ്ട്.

(ഡി) മാങ്കുളം പദ്ധതിയുടെ ഭാഗമായി 14 കുടുംബങ്ങൾക്ക് 3 സെന്റ് സ്ഥലം വീതവും 10 പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി 7.60 ഏക്കർ സ്ഥലവും നൽകിയിട്ടുണ്ട്. കൂടാതെ വീട് നഷ്ടപ്പെട്ട 6 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അവർ താമസിച്ചിരുന്ന സ്ഥലത്തിനോട് ചേർന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ചെലവിൽ പകരം വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്.

## കുടിശ്ശികയുള്ള കെ.എസ്.ഇ.ബി. ഉപഭോക്താക്കൾ

197 (2082) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ച് വർഷങ്ങൾക്കുമേൽ കുടിശ്ശികയുള്ള കെ.എസ്.ഇ.ബി.-യുടെ ഉപഭോക്താക്കൾ എത്ര; അവർ ആരൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ടി കുടിശ്ശിക പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പിരിച്ചെടുക്കാൻ കഴിഞ്ഞ കുടിശ്ശിക എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എൽ.റ്റി. വിഭാഗത്തിൽ ഏകദേശം 110000-ൽപ്പരം ഉപഭോക്താക്കൾക്ക് 5 വർഷത്തിന് മേൽ കുടിശ്ശികയുണ്ട്. പ്രസ്തുത ഉപഭോക്താക്കളുടെ പേര് വിവരം അനുബന്ധമായി സി.ഡി.-യിൽ ചേർത്തിരിക്കുന്നു.* എച്ച്.റ്റി. വിഭാഗത്തിൽ അഞ്ച് വർഷത്തിന് മേൽ കുടിശ്ശികയുള്ള 299 ഉപഭോക്താക്കൾ കെ.എസ്.ഇ.ബി. ലിമിറ്റഡിനുണ്ട്. അവരുടെ പേരുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ഒട്ടേറെ നടപടികൾ നടത്തിവരുന്നുണ്ട്. സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ച് മാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കുവാൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുമുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും ആവിഷ്കരിച്ചു വരുന്നു. വിവിധ കോടതികളിൽ വ്യവഹാരങ്ങളിൽപ്പെട്ട് കിടക്കുന്ന തുകകൾ ബഹുമാനപ്പെട്ട കോടതിയുടെ തീർപ്പനുസരിച്ച് മാത്രമേ പിരിച്ചെടുക്കുവാൻ കഴിയുകയുള്ളൂ. ആയതിന്മേൽ നിലവിലുള്ള കോടതി നടപടിക്രമങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ്, ലാ സെക്ഷനുമായി ബന്ധപ്പെട്ട് ശ്രമങ്ങൾ നടത്തി വരുന്നു. കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് കുടിശ്ശിക സംബന്ധിച്ചുള്ള നോട്ടീസുകൾ കൊടുക്കുക, കൂടാതെ വലിയ തുക കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപന മേധാവികൾക്കും കത്ത് നൽകി കുടിശ്ശിക വിവരം അറിയിക്കുന്നുണ്ട്. റവന്യൂ റിക്കവറി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നടപടിക്രമങ്ങളിൽപ്പെട്ട് കിടക്കുന്ന കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനായി സ്റ്റേറ്റ് നോഡൽ ഓഫീസർ കാര്യക്ഷമമായ പ്രവർത്തനം താലൂക്ക്, ജില്ല അടിസ്ഥാനത്തിൽ റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് നടത്തിവരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൽ.റ്റി. വിഭാഗത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞ കുടിശ്ശിക തുക 63,73,45,991 രൂപയാണ് (അറുപത്തിമൂന്ന് കോടി എഴുപത്തിമൂന്ന് ലക്ഷത്തി നാല്പത്തയ്യായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം). എച്ച്.റ്റി. വിഭാഗത്തിൽ 151,52,67,898 രൂപ (നൂറ്റി അൻപത്തി ഒന്ന് കോടി അൻപത്തി രണ്ട് ലക്ഷത്തി അറുപത്തി ഏഴായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി എട്ട് രൂപ) പിരിച്ചെടുത്തിട്ടുണ്ട്.

## നെയ്യാറ്റിൻകരയിലെ അപകട ഭീഷണി ഉയർത്തുന്ന ട്രാൻസ്ഫോർമർ

198 (2083) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ നെയ്യാറ്റിൻകര അറക്കുന്ന്കടവ് റോഡിൽ കുട്ടികൾക്കും യാത്രക്കാർക്കും അപകട ഭീഷണി ഉയർത്തുന്ന ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാൻ എം.എൽ.എ.-യുടെ നിർദ്ദേശാനുസരണം കെ.എസ്.ഇ.ബി. നെയ്യാറ്റിൻകര സെക്ഷൻ കാട്ടാക്കട കെ.എസ്.ഇ.ബി.-യിലേയ്ക്ക് നൽകിയ കത്തിന്റെയും എസ്റ്റിമേറ്റിന്റെയും അംഗീകാരം നൽകുന്നതിന് കാലതാമസം ഉണ്ടായത് എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ;

(ബി) ട്രാൻസ്ഫോർമർ 2018 മാർച്ചിന് മുമ്പ് മാറ്റി സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) നെയ്യാറ്റിൻകര അറക്കുന്ന് കടവ് റോഡിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നിലവിലുള്ള നിയമമനുസരിച്ച് വർക്ക് ഡെപ്പോസിറ്റ് സ്കീമിൽ ഉൾപ്പെടുത്തിയാണ് ചെയ്യേണ്ടത്. എന്നാൽ സുരക്ഷാ മാനദണ്ഡം പരിഗണിച്ച് പ്രസ്തുത പ്രവൃത്തി ബോർഡ് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് വേണ്ടി കാട്ടാക്കട സർക്കിളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, 9-2-2018-ന് ദക്ഷിണ മേഖല ചീഫ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് പ്രൊപ്പോസൽ അയച്ചിരുന്നു. സുരക്ഷാ മാനദണ്ഡമനുസരിച്ച് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലം പര്യാപ്തമല്ലാത്തതിനാൽ ചീഫ് എഞ്ചിനീയർ പുതുക്കിയ പ്രൊപ്പോസൽ നൽകുന്നതിനായി 23-2-2018-ൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറോട് നിർദ്ദേശിക്കുകയുണ്ടായി. ഇപ്പോൾ ട്രാൻസ്ഫോർമർ സ്ഥിതി ചെയ്യുന്ന സ്ഥലം റോഡ് വളവ് ആയതിനാൽ വളവിൽ നിന്നും വിട്ട് ഉചിതമായ സ്ഥലം കണ്ടെത്തിയാലെ അപകട സാധ്യത ഒഴിവാക്കുന്നതിന് പര്യാപ്തമാവുകയുള്ളു. ഫീൽഡ് തലത്തിൽ ഇത് പരിശോധിച്ചുവരുന്നു.

## വൈദ്യുതി ബോർഡ് ആധുനികവൽകരണം

199 (2084) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ആധുനികവൽകരിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ;

(ബി) സ്മാർട്ട് മീറ്ററുകൾ കൊണ്ടുള്ള ഉപയോഗങ്ങൾ എന്തെല്ലാമാണ്;

(സി) വൈദ്യുതി മീറ്ററുകളെ കുറിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(ഡി) ഉപഭോക്താവിന്റെ വൈദ്യുതി ചാർജ്ജ് കുറയ്ക്കുന്നതിന് പുതിയ സ്മാർട്ട് മീറ്ററുകൾ സഹായിക്കുമോ; എങ്കിൽ വിശദാംശം നൽകിയാലും?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി വിതരണ മേഖലയിൽ ഉപഭോക്താക്കളുടെ വിവിധ അപേക്ഷകൾ സ്വീകരിക്കുന്നതിനും കെ.എസ്.ഇ.ബി.-യുമായി ബന്ധപ്പെട്ട പണമിടപാടുകൾക്കുമായി ഏകജാലക സംവിധാനം എന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ തത്വത്തിൽ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. കേരളത്തിലുട നീളമുള്ള കെ.എസ്.ഇ.ബി. കാര്യാലയങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി ഉപഭോക്താക്കൾക്ക് പ്രസ്തുത സേവന കേന്ദ്രങ്ങളെ ഉപയോഗിക്കാവുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇവ വഴി ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസിൽ എത്താതെ തന്നെ വിവിധ അപേക്ഷകൾ സമർപ്പിക്കാനും പുരോഗതി വിലയിരുത്താനുമാകും. 2012-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിതരണ മേഖലയിൽ സമഗ്രമായ ശൃഖലാ വികസനത്തിന് മുന്നോടിയായി GIS അധിഷ്ഠിത രേഖാചിത്രം മൊബൈൽ ഫോണിലെ GIS സംവിധാനം ഉപയോഗിച്ച് 11 കെ.വി. ലൈനുകളുടെയും വിതരണ ട്രാൻസ്ഫോർമറുകളുടെയും തയ്യാറാക്കിക്കഴിഞ്ഞു. അടുത്തഘട്ടത്തിൽ എല്ലാ എൽ.റ്റി. ലൈനുകളെയും ഇത്തരത്തിൽ GIS സംവിധാനം ഉപയോഗിച്ച് ചിത്രീകരിക്കുന്നതാണ്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പ്രസരണ മേഖലയിൽ

ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിലുള്ള ROW (റൈറ്റ് ഓഫ് വേ) വഴി വ്യത്യസ്ത വോൾട്ടതയിലുള്ള പ്രസരണ ലൈനുകൾ ആധുനക ടവർ സംവിധാനം (മൾട്ടി സർക്യൂട്ട് മൾട്ടി വോൾട്ടേജ് MCMV) വഴി സ്ഥാപിക്കുന്നതിന് ആരംഭിച്ചു. 220 കെ.വി. ലൈനുകളുടെ നിലവിലുള്ള ROW ഉപയോഗിച്ച് 400/220 കെ.വി.ലൈനുകൾ MCMV ടവർ ഉപയോഗിച്ച് വലിക്കുക, 110 കെ.വി.-യുടെ നിലവിലുള്ള ROW ഉപയോഗിച്ച് 220 കെ.വി./110 കെ.വി.ലൈനുകൾ വലിക്കുക, മോണോപോളുകൾ, ഇൻസുലേറ്റഡ് ക്രോസ്സ് ആമുകൾ എന്നിവ 66 കെ.വി. ലൈനുകളെ 110 കെ.വി. ലൈനുകളാക്കുന്നതിന് പ്രയോജനപ്പെടുത്തുക തുടങ്ങിയവ പ്രസരണ മേഖലയിൽ നടത്തിവരുന്നു. കൂടാതെ ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകൾ, കണ്ടെയ്നറൈസ്ഡ് സബ്സ്റ്റേഷനുകൾ, ഹൈബ്രിഡ് ഉപകരണങ്ങൾ തുടങ്ങിയവ സ്ഥാപിച്ചുവരുന്നു. ട്രാൻസ്മിഷൻ ലൈൻ വലിക്കുന്നതിനായി മോണോപോളുകൾ, വീതികുറഞ്ഞ നാരോ ബെയ്സ്ഡ് ടവറുകൾ എന്നിവയും കപ്പാസിറ്റി കൂടിയ ന്യൂ ജനറേഷൻ കണ്ടക്ടറുകളും പോളിമർ ഇൻസുലേറ്ററുകളും ഉപയോഗിക്കുന്നുണ്ട്. ഇതുവഴി ലൈൻ വലിക്കുന്നതിന് ഇന്ന് നിലനിൽക്കുന്ന തടസ്സവും കാലതാമസവും ഒഴിവാക്കാവുന്നതാണ്. പരിസ്ഥിതിക്കുള്ള ആഘാതവും ഏറ്റവും കുറവാണ്.

തെർമൽ ഇമേജറും LIDAR-ഉം ഘടിപ്പിച്ചിട്ടുള്ള ഡ്രോണുകൾ ഉപയോഗിച്ച് ട്രാൻസ്മിഷൻ ലൈൻ കോറിഡോറുകളുടെ പരിശോധനകൾ നടത്തുന്നതിനുള്ള ടെണ്ടർ വിളിച്ചിട്ടുണ്ട്. ഇന്ത്യയിൽ തന്നെ ഇത്തരമൊരു സംവിധാനം ആദ്യമായി നടപ്പിലാക്കുന്ന സംസ്ഥാനം കേരളമാണ്. കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആധുനികവത്കരിക്കുന്നതിന് വേണ്ടി വിവര സാങ്കേതിക വിദ്യ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. <u>ഫേസ്-2 ഐ.ടി. പദ്ധതി</u>:

   കേന്ദ്ര ഗവൺമെന്റ് വിതരണ മേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം 21 നഗരങ്ങളിൽ രണ്ടാം ഘട്ടത്തിലേയ്ക്കുള്ള വിവര സാങ്കേതികവിദ്യ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫേസ്-2 ഐ.ടി. പദ്ധതിക്കുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. ആർ.എ.പി.ഡി.ആർ.പി. പദ്ധതി നടപ്പിലാക്കിയിട്ടുള്ള എല്ലാ വിവര സാങ്കേതികവിദ്യ പദ്ധതികളും 21 നഗരങ്ങളിൽ നടപ്പിലാക്കുന്നതാണ്. വിതരണ ശൃംഖലയുടെ ജി.ഐ.എസ്. മാപ്പിംഗ് നടത്തി വൈദ്യുതി നഷ്ടം കുറയ്ക്കാനും ഈ പദ്ധതി വഴി കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2. <u>സ്മാർട്ട് മീറ്റർ റോൾ ഔട്ട് പദ്ധതി</u>:

   കേന്ദ്ര ഗവൺമെന്റിന്റെ ഐ.പി.ഡി.എസ്. പദ്ധതി പ്രകാരം കേരളത്തിലെ 63 നഗരങ്ങളിൽ 200 യൂണിറ്റിന് മുകളിൽ പ്രതിമാസ വൈദ്യുതി ഉപഭോഗം ഉള്ള ഏകദേശം 5 ലക്ഷം ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

3. <u>എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.)</u>:

   കേന്ദ്ര ഗവൺമെന്റിന്റെ വിതരണ മേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ (ഇ.ആർ.പി.) നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

4. <u>ഇ-ഓഫീസ് പദ്ധതി</u>:

   കെ.എസ്.ഇ.ബി. ലിമിറ്റഡ് ഓഫീസുകൾ പേപ്പർ രഹിതമാക്കുന്നതിനുള്ള ഇ-ഓഫീസ് പദ്ധതിയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

5. വൈദ്യുതി ബോർഡിന്റെ തിരുവനന്തപുരം വൈദ്യുതി ഭവനിൽ നടപ്പിലാക്കിയിട്ടുള്ള പഞ്ചിംഗ് സമ്പ്രദായം സംസ്ഥാനത്താകെയുള്ള എല്ലാ പ്രധാനപ്പെട്ട കെ.എസ്.ഇ.ബി. ലിമിറ്റഡ് ഓഫീസുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗരീതി, സമയം എന്നിവ സ്മാർട്ട് മീറ്റർ മുഖേന ലഭിക്കുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. റ്റി.ഒ.ഡി. താരിഫ് ഉള്ള ഉപഭോക്താക്കൾക്ക്, പീക്ക് ഉപഭോഗവും മറ്റും നിയന്ത്രിച്ച്, വൈദ്യുതി ബില്ലിൽ കുറവ് വരുത്താവുന്നതാണ്. കൂടാതെ മീറ്റർ റീഡിംഗ് റിമോട്ട് ആയി എടുക്കാം. ബില്ലിംഗ് സൈക്കിൾ മാസം/ദ്വൈമാസം എന്നതിനുപരിയായി ഉപഭോക്താക്കളുടെ സൗകര്യപ്രകാരം മാറ്റാം എന്ന പ്രത്യേകതകളും ഉണ്ട്. വൈദ്യുതി തടസ്സങ്ങൾ തൽസമയം തന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ പറ്റുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ കൈക്കൊള്ളാൻ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്ക് കഴിയും. ഇപ്രകാരം, ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതുവഴി ഉഭപോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു.

(സി) ഉപഭോക്താക്കൾക്കാവശ്യമുള്ള മീറ്ററുകൾ ബോർഡ് ലഭ്യമാക്കുന്നതും ഉപഭോക്താവ് തന്നെ വാങ്ങി നൽകുന്നതും ആയ രണ്ട് അംഗീകൃത രീതികൾ നിലവിലുണ്ട്. ഈ രണ്ട് വിഭാഗത്തിൽപ്പെട്ട മീറ്ററുകളും മീറ്റർ പരിശോധനാ

സംവിധാനം നിലവിലുള്ള ബോർഡിന്റെ റ്റി.എം.ആർ. വിഭാഗത്തിലോ എൻ.എ.ബി.എ.-യിൽ അംഗീകൃത ലാബുകളിലോ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തി മാത്രമേ സ്ഥാപിക്കാറുള്ളൂ. കേടായ എല്ലാ ഇലക്ട്രിസിറ്റി മീറ്ററുകളും നിലവിലുള്ള എല്ലാ മെക്കാനിക്കൽ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി DDUGJY, IPDS തുടങ്ങിയ പദ്ധതിയിൽപ്പെടുത്തിയും അല്ലാതെയും ചെയ്തുവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനുവരി 2018-വരെ 15.52 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. 9.07 ലക്ഷം സിംഗിൾ ഫേസ് മീറ്ററുകളും 1.03 ലക്ഷം ത്രീ ഫേസ് മീറ്ററുകളും വാങ്ങിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മീറ്റർ തകരാറുമൂലമോ മറ്റ് കാരണങ്ങൾ കൊണ്ടോ ഉപഭോക്താക്കളുടെ ബില്ലിൽ വരുന്ന പിഴവുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം സെക്ഷൻ ഓഫീസുകളിൽ തന്നെ അത് പരിഹരിച്ചുവരുന്നുമുണ്ട്.

(ഡി) ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗ രീതി, സമയം എന്നിവ സ്മാർട്ട് മീറ്റർ മുഖേന ലഭിക്കുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. റ്റി.ഒ.ഡി. താരിഫ് ഉള്ള ഉപഭോക്താക്കൾക്ക്, പീക്ക് ഉപഭോഗവും മറ്റും നിയന്ത്രിച്ച്, വൈദ്യുതി ബില്ലിൽ കുറവ് വരുത്താവുന്നതാണ്. വിതരണ നഷ്ടം തിട്ടപ്പെടുത്തുന്നതിനുള്ള എനർജി ഓഡിറ്റിംഗ് കൃത്യമായി നടത്തുന്നതിനും അതുവഴി നഷ്ടം കുറച്ച് കൊണ്ടുവരുന്നതിനും സ്മാർട്ട് മീറ്റർ സമ്പ്രദായം വഴി കഴിയും. നഷ്ടം കുറയുന്നതുവഴി ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കിൽ കുറവ് വരുന്നതാണ്.

## കേരളത്തിലെ ഊർജ്ജോല്പാദന മേഖലയെ ബാധിച്ച സുപ്രീംകോടതി വിധി

200 (2085) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാവേരി നദീജല തർക്കം സംബന്ധിച്ച സുപ്രീംകോടതി വിധി കുറ്റിയാടി ഓഗ്മെന്റേഷൻ പദ്ധതിയെ ബാധിക്കുമോ;

(ബി) ഒരു നദീതടത്തിൽ നിന്നും വെള്ളം മറ്റൊരു നദീതടത്തിലേക്ക് തിരിച്ചുവിടാൻ പാടില്ലായെന്ന സുപ്രീംകോടതി നിർദ്ദേശം കേരളത്തിലെ ഊർജോല്പാദന മേഖലയെ ദോഷകരമായി ബാധിക്കുമോ;

(സി) കബനി നദീതടത്തിൽ 500 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള കേരളത്തിന്റെ പദ്ധതി സുപ്രീംകോടതി വിധിമൂലം നടപ്പാക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സുപ്രീംകോടതിയുടെ വിധി നടപ്പിൽ വന്നാൽ കുറ്റ്യാടി ജലവൈദ്യുത പദ്ധതിയെ സാരമായി ബാധിക്കുന്നതാണ്.

(ബി) സുപ്രീംകോടതി നിർദ്ദേശം കേരളത്തിലെ ഊർജ്ജോല്പാദന മേഖലയെ ദോഷകരമായി ബാധിക്കുന്നതാണ്.

(സി) സുപ്രീംകോടതി വിധിമൂലം കബനീ നദീതടത്തിൽ പുതിയ ജലവൈദ്യുതി പദ്ധതികൾ നടപ്പാക്കാൻ പ്രയാസകരമായ സാഹചര്യമാണ് നിലവിലുള്ളത്.

## പാറശ്ശാല നിയോജക മണ്ഡലത്തിൽ സ്മാർട്ട് മീറ്റർ

201 (2086) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്മാർട്ട് മീറ്ററുകൾ ഘടിപ്പിക്കുന്നതുകൊണ്ട് ഉപഭോക്താക്കൾക്കുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിലേക്കായി വൈദ്യുതി വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്നും ഗാർഹിക ഉപഭോക്താക്കൾക്ക് ഇതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര ഗവൺമെന്റിന്റെ ഐ.പി.ഡി.എസ്. പദ്ധതി പ്രകാരം കേരളത്തിലെ 63 നഗരങ്ങളിൽ 200 യൂണിറ്റിനുമുകളിൽ പ്രതിമാസ വൈദ്യുതി ഉപഭോഗം ഉള്ള ഉപഭോക്താക്കൾക്കാണ് നിലവിൽ സ്മാർട്ട് മീറ്റർ ഘടിപ്പിക്കാൻ വിഭാവനം ചെയ്തിരിക്കുന്നത്. ഐ.പി.ഡി.എസ്. പദ്ധതി അനുവദിക്കപ്പെട്ട 63 നഗരങ്ങളിൽ പാറശ്ശാല ഉൾപ്പെട്ടിട്ടില്ല. എന്നാൽ ഘട്ടംഘട്ടമായി 200 യൂണിറ്റിനു മുകളിൽ പ്രതിമാസ വൈദ്യുതി ഉപഭോഗം ഉള്ള എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ ഘടിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്നതിനാൽ പാറശ്ശാല നിയോജകമണ്ഡലത്തിലെ പ്രസ്തുത വിഭാഗത്തിലെ ഉപഭോക്താക്കൾക്കും 2019-ന് മുമ്പായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്.

(ബി) ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗരീതി, സമയം എന്നിവ സ്മാർട്ട് മീറ്റർ മുഖേന ലഭിക്കുന്നു. ഇതുവഴി അവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. റ്റി.ഒ.ഡി.

താരിഫ് ഉള്ള ഉപഭോക്താക്കൾക്ക്, പീക്ക് ഉപഭോഗവും മറ്റും നിയന്ത്രിച്ച്, വൈദ്യുതി ബില്ലിൽ കുറവ് വരുത്താവുന്നതാണ്. കൂടാതെ മീറ്റർ റീഡിംഗ് റിമോട്ട് ആയി എടുക്കാം. ബില്ലിംഗ് സൈക്കിൾ മാസം/ദ്വൈമാസം എന്നതിനുപരിയായി ഉപഭോക്താക്കളുടെ സൗകര്യപ്രകാരം മാറ്റാം എന്ന പ്രത്യേകതകളും ഉണ്ട്. വൈദ്യുതി തടസ്സങ്ങൾ തൽസമയം തന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ പറ്റുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ കൈക്കൊള്ളാൻ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്ക് കഴിയും. ഇപ്രകാരം, ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതുവഴി മെച്ചപ്പെട്ട സേവനം നൽകുന്നതിനും വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു.

(സി) എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള തുടക്കം എന്നുള്ള നിലയിൽ 5 പൈലറ്റ് പദ്ധതികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പാക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഐ.പി.ഡി.എസ്. പദ്ധതി പ്രകാരം 63 നഗരങ്ങളിൽ 200 യൂണിറ്റിനുമുകളിൽ പ്രതിമാസ വൈദ്യുതി ഉപഭോഗം ഉള്ള 5 ലക്ഷത്തോളം ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കാൻ വേണ്ടി സമർപ്പിച്ച 241.41 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടിന് 5-12-2017-ന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 59.41 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്ന് ഗ്രാന്റായി ലഭിക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. ഗാർഹിക ഉപഭോക്താക്കളിൽ പ്രതിമാസം 200 യൂണിറ്റിന് മുകളിൽ ഉപഭോഗമുള്ള ഉപഭോക്താക്കൾക്കാണ് ആദ്യ ഘട്ടത്തിൽ സ്മാർട്ട് മീറ്റർ നടപ്പിലാക്കുന്നത്.

## സ്വന്തമായി വൈദ്യുതി ഭവനം ഇല്ലാത്ത ജില്ലകൾ

202 (2087) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി വൈദ്യുതി ഭവനം ഇല്ലാത്ത ജില്ലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ വൈദ്യുതി ബോർഡിനു സ്വന്തമായി വൈദ്യുതി ഭവനം നിർമ്മിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇതിനാവശ്യമായ ഭൂമി ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ വൈദ്യുതി ഭവനം പണിയുന്നതിനു ഭരണാനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ അനുവദിച്ച തുക എത്രയാണെന്നും നിർമ്മാണം തുടങ്ങാൻ കാലതാമസം എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ;

(എഫ്) വൈദ്യുതി ഭവനം ഇല്ലാത്തതുകൊണ്ട് കാസർഗോഡ് ജില്ലയിൽ വിവിധ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ മാസത്തിൽ എത്ര രൂപ വാടകയിനത്തിൽ ചെലവാകുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നിലവിൽ സ്വന്തമായി വൈദ്യുതി ഭവനം ഇല്ല.

(ബി&സി) ഉണ്ട്.

(ഡി&ഇ) ഉണ്ട്. 4.57 കോടി രൂപയാണ് അനുവദിച്ചത്. 13-12-2016-ൽ കെട്ടിട നിർമ്മാണത്തിന് ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു. എന്നാൽ ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ വളരെ കൂടുതലായതിനാൽ പ്രസ്തുത ടെണ്ടർ റദ്ദ് ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പുതിയ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) വൈദ്യുതി ഭവനം ഇല്ലാത്തതുകൊണ്ട് കാസർഗോഡ് ജില്ലയിൽ പ്രതിമാസം 1,13,602 രൂപ കെട്ടിടങ്ങളുടെ വാടക ഇനത്തിൽ ചെലവാകുന്നുണ്ട്.

**കാഞ്ഞിരംപാറയിൽ മൈക്രോ ജലവൈദ്യുത പദ്ധതി**

203 (2088) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തെ ആദ്യത്തെ മൈക്രോ ജലവൈദ്യുത പദ്ധതി കാഞ്ഞിരംപാറയിൽ കിള്ളിയാറിന് കുറുകെയുള്ള കാട്ടുവെട്ടി പാലത്തിനരികിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കിലോവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പ്രോജക്ടിന്റെ ആകെ ചെലവ് എത്രയെന്നും ആരാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള വിവരം അനുസരിച്ച് രാജ്യത്തെ ആദ്യത്തെ 'വോർടെക്സ്' സാങ്കേതികവിദ്യ വച്ചുള്ള ആദ്യത്തെ കൊമേഴ്സ്യൽ മൈക്രോ വിഭാഗത്തിൽപ്പെടുന്ന ചെറുകിട ജലവൈദ്യുത പദ്ധതി തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിന് കുറുകെ കാട്ടുവെട്ടിയിൽ പണി ആരംഭിച്ചു കഴിഞ്ഞു. പ്രസ്തുത പദ്ധതി 2018 മേയ് മാസത്തിൽ കമ്മീഷൻ ചെയ്യുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) 20KW (20 കിലോ വാട്ട്)

(സി) ഈ പദ്ധതിയുടെ നിർമ്മാണത്തിനുള്ള ആകെ ചെലവ് 40.8 ലക്ഷം രൂപയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നത് സർക്കാരിന്റെ ഊർജ്ജവകുപ്പിന് കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററാണ്. പദ്ധതി പൂർത്തീകരിച്ച് തിരുവനന്തപുരം കോർപ്പറേഷന് സമർപ്പിക്കുന്നതാണ്.

**അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ**

204 (2089) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിൽ ഏത് കേന്ദ്രത്തിലാണ് അക്ഷയ ഊർജ്ജ സേവന കേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ; അതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 140 നിയമസഭാ മണ്ഡലങ്ങളിൽ ഓരോ അക്ഷയ ഊർജ്ജ സേവനകേന്ദ്രം ആരംഭിക്കുന്ന സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെയാണ് (CMD) അനെർട്ട് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനായി ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുന്നതിന് പത്രപരസ്യം നൽകിയിരുന്നു. 1545 അപേക്ഷകളാണ് ലഭിച്ചത്. ഈ അപേക്ഷകൾ വിലയിരുത്തുന്ന നടപടി പുരോഗമിക്കുകയാണ്. യോഗ്യരായ അപേക്ഷകരുടെ ലിസ്റ്റ് മാർച്ച് രണ്ടാംവാരം CMD പ്രസിദ്ധീകരിക്കുന്നതാണ്. യോഗ്യരായവരെ മേഖലാടിസ്ഥാനത്തിൽ അഭിമുഖത്തിന് വിളിക്കുകയും തുടർന്ന് അവരുടെ ഭൗതിക സൗകര്യങ്ങൾ വിലയിരുത്തി അർഹതയുള്ള സംരംഭകനെ തെരഞ്ഞെടുക്കുന്നതുമാണ്.

(ബി) ഒറ്റപ്പാലം മണ്ഡലത്തിൽ 17 അപേക്ഷകളാണ് ഓൺലൈനായി CMD-ക്ക് ലഭിച്ചത്. അക്ഷയ ഊർജ്ജ സേനവകേന്ദ്രം ആരംഭിക്കുന്നതിന് താല്പര്യമുള്ള സംരംഭകരെ കണ്ടെത്തുന്നതിന് പത്ര പരസ്യത്തിലൂടെ അപേക്ഷകൾ ക്ഷണിച്ചിരുന്നു. 2018 ജനുവരി 16-ന് ആയിരുന്നു അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി. ഒറ്റപ്പാലം മണ്ഡലത്തിൽ സംരംഭം തുടങ്ങുവാൻ അപേക്ഷ സമർപ്പിച്ച 17 പേരിൽ നിന്ന് യോഗ്യരായ അപേക്ഷകരുടെ ലിസ്റ്റ് മാർച്ച് രണ്ടാം വാരം CMD പ്രസിദ്ധീകരിക്കുന്നതാണ്. ഈ ലിസ്റ്റിൽ ഉൾപ്പെടുന്നവരെ അഭിമുഖത്തിനായി ക്ഷണിക്കുകയും തുടർന്ന് അവരുടെ ഭൗതിക സൗകര്യം കൂടി വിലയിരുത്തി അന്തിമമായി സംരംഭകനെ തെരഞ്ഞെടുക്കുന്നതുമാണ്.

### സ്വകാര്യ മേഖലയിലെ ജലവൈദ്യുത പദ്ധതികൾ

205 (2090) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. പി. കെ. ബഷീർ :

ഡോ. എം. കെ. മുനീർ :

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ ജലവൈദ്യുത പദ്ധതികൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇവർ ഉത്പാദിപ്പിക്കുന്ന വൈദ്യുതി ആരാണ് വിതരണം ചെയ്യുന്നത്;

(സി) കെ.എസ്.ഇ.ബി. ഈ വൈദ്യുതി വാങ്ങുന്നുണ്ടോ;എങ്കിൽ എന്ത് നിരക്കിലാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(സി) കെ.എസ്.ഇ.ബി.-യുമായി വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെട്ടിരിക്കുന്ന ചുവടെ ചേർത്തിട്ടുള്ള ജലവൈദ്യുത പദ്ധതികളിൽ നിന്നും KSERC തീരുമാനിച്ച നിരക്കുകൾ പ്രകാരം വൈദ്യുതി വാങ്ങുന്നുണ്ട്.

| | | |
|---|---|---|
| (a) അള്ളുങ്കൽ (7MW) | - | ₹ 2.44 unit |
| (b) കാരിക്കയം (10.5MW) | - | ₹ 4.16 unit |
| (c) മീൻവല്ലം 3(MW) | - | ₹ 4.88 unit |
| (d) കല്ലാർ 50(KW) | - | ₹ 4.88 unit |
| (e) മാങ്കുളം (2x55KW) | - | ₹ 4.88 unit |

(f) പതങ്കയം (8MW)- ₹ 3.49/unit (വൈദ്യുതി വാങ്ങൽ കരാർ തീരുമാനത്തിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നതിനാൽ ബോർഡ് അംഗീകരിച്ച ഇടക്കാല നിരക്ക്)

(g) വിയാറ്റ് (I&II) (3MW+1.5 MW) പ്രതിവർഷ ഉത്പാദനത്തിന്റെ ആദ്യത്തെ 11.92 ദശലക്ഷം യൂണിറ്റ് Rs.2.70/unit നിരക്കിലും പിന്നത്തെ 3.87 ദശലക്ഷം യൂണിറ്റ് ₹ 2.94/unit നിരക്കിലും ഇതിൽ കവിഞ്ഞുള്ള ഉല്പാദനത്തിന് 11.92:3.87 എന്ന അനുപാതത്തിൽ മേൽപ്പറഞ്ഞ അതത് നിരക്കിലുമാണ് വാങ്ങുന്നത്.

**ഇടമലയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്**

206 (2091) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടമലയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ അനുബന്ധമായി ഭൂതത്താൻകെട്ടിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) പദ്ധതി തുടങ്ങുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വർക്കിന്റെ കോൺട്രാക്ടറുടെ കാലാവധി എന്ന് വരെയെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പ്രോജക്ടിൽ ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) വൈദ്യുതി ഉല്പാദനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ സിവിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ 70 ശതമാനവും ഇലക്ട്രോ മെക്കാനിക്കൽ ജോലികളുടെ 58 ശതമാനവും പണികൾ പൂർത്തിയായി. പദ്ധതിയുടെ ആകെ 64.3 ശതമാനം പ്രവൃത്തികൾ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ബി) പദ്ധതിക്കുവേണ്ട 1.96 ഹെക്ടർ വനഭൂമി ഏറ്റെടുക്കുന്നതിലുണ്ടായ കാലതാമസംമൂലം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പൂർണ്ണമായി തുടങ്ങുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്.

(സി) പ്രസ്തുത സിവിൽ വർക്കിന്റെയും E&M വർക്കിന്റെയും കോൺട്രാക്ടിന്റെ കാലാവധി 12/2018 വരെയാണ്.

(ഡി) 24 മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പ്രോജക്ടിൽ നിന്നും ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഇ) വൈദ്യുതി ഉല്പാദനം 12/2018-ൽ ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്.

## വൈദ്യുതി ഉല്പാദന പദ്ധതികൾ

207 (2092) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത പത്ത് വർഷത്തിനിടയിൽ വീടുകളിലെ വൈദ്യുതി ഉപഭോഗം 60 ശതമാനവും വാണിജ്യ ഉപഭോഗം 74 ശതമാനവും കണ്ട് വർദ്ധിക്കുമെന്ന കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ സർവ്വേ റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതി ഉപഭോഗം കുതിച്ചുയരുമ്പോഴും സംസ്ഥാനത്തെ വൈദ്യുതി സ്ഥാപിത ശേഷിയിൽ ആനുപാതിക വർദ്ധനയില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) അധിക വൈദ്യുതി ആവശ്യം ലക്ഷ്യമിട്ട് വിവിധ പദ്ധതികൾക്ക് വൈദ്യുതി ബോർഡ് തയ്യാറെടുക്കുന്നുണ്ടെങ്കിലും വൻകിട പദ്ധതികളുടെ കാര്യത്തിൽ ആശങ്ക നിലനിൽക്കുന്നുണ്ടോ;

(ഡി) എങ്കിൽ 2020 അവസാനത്തോടെ സംസ്ഥാനത്ത് പൂർത്തീകരിക്കാനുദ്ദേശിക്കുന്ന വൈദ്യുത പദ്ധതികൾ ഏതൊക്കെ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈദ്യുതിയുടെ ഉപഭോഗം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതിന് ആനുപാതികമായി സ്ഥാപിതശേഷിയിൽ വർദ്ധനവ് വരുത്താൻ കഴിയുന്നില്ല. എന്നിരുന്നാലും പരമാവധി സ്ഥാപിതശേഷി വർദ്ധനവിനായി ജലവൈദ്യുത പദ്ധതികളും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തിയുള്ള പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(സി) സംഭരണ ശേഷി കൂടിയ ജലവൈദ്യുതി പദ്ധതികൾ വനം-പരിസ്ഥിതി വിഷയങ്ങൾ കാരണം സംസ്ഥാനത്ത് നടപ്പിലാക്കാനാകുന്നില്ല. കൽക്കരി അധിഷ്ഠിത പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ പുരോഗതി കൈവരിക്കാനായിട്ടില്ല. വൻകിട വാതകാധിഷ്ഠിത പദ്ധതികൾ പരിഗണനയിലുണ്ടായിരുന്നത്, ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യതക്കുറവ്, ഇറക്കുമതി, പ്രകൃതി വാതക വിലയിലെ അസ്ഥിരത ഇവ കാരണം നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു.

(ഡി) 2020 അവസാനത്തോടെ കെ.എസ്.ഇ.ബി.എൽ. സംസ്ഥാനത്ത് പൂർത്തീകരിക്കാനുദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജത്തിൽ നിന്നും കാറ്റിൽ നിന്നും കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിതശേഷി (മെഗാവാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | പീരുമേട്, ഇടുക്കി | 0.50 | നിർമ്മാണം ആരംഭിച്ചു. (2018-19-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.) | 360.35 |
| 2 | ഏറ്റുമാനൂർ, കോട്ടയം | 1.00 | Wet land issue | 668.72 |
| 3 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി (2018-19-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.) | 969 |
| 4 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു. (2018-19-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.) | 353.9052 |
| 5 | ജില്ലാ പഞ്ചായത്ത് കണ്ണൂർ (29 നമ്പർ) | 0.67 | 2018-19-ൽ പൂർത്തീകരിക്കും | |
| 6 | ജില്ലാ പഞ്ചായത്ത് കോഴിക്കോട് (44 നമ്പർ) | 0.480 | 2018-19-ൽ പൂർത്തീകരിക്കും | |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 7 | ജില്ലാ പഞ്ചായത്ത് മലപ്പുറം (11 നമ്പർ) | 0.110 | 2018-19-ൽ പൂർത്തീകരിക്കും | |
| 8 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് (3 നമ്പർ) | 0.195 | 2018-19-ൽ പൂർത്തീകരിക്കും | |
| 9 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി (2 നമ്പർ) | 0.027 | 2018-19-ൽ പൂർത്തീകരിക്കും | |
| 10 | സൗത്തിലെ ഗവൺമെന്റ് സ്ഥാപനങ്ങൾ (4 നമ്പർ) | 0.057 | 2018-19-ൽ പൂർത്തീകരിക്കും | |
| 11 | കൊട്ടിയം, കൊല്ലം | 0.60 | 2018-19-ൽ പൂർത്തീകരിക്കും | |
| 12 | മൈലാട്ടി, കാസർഗോഡ് | 1.00 | 2018-19-ൽ പൂർത്തീകരിക്കും | |
| 13 | മാടക്കത്തറ ചൂളിശ്ശേരി | 1.5 | 2018-19-ൽ പൂർത്തീകരിക്കും | |
| 14 | കെ.എസ്.ഇ. ബി.എൽ.-ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 2018-19-ൽ പൂർത്തീകരിക്കും | |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 115 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രദ സ്കീം പ്രകാരം) | 0.04 | 2018-19-ൽ പൂർത്തീകരിക്കും | |
| | ആകെ | 9.299 | | |

| നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിതശേഷി (മെഗാവാട്ട്) പുരോഗമിച്ചുവരുന്നു. | |
|---|---|---|---|
| 1 | റിവേഴ്സ് ബിഡ്ഡിങ്ങിലൂടെ വിവിധയിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി വാങ്ങുന്ന പദ്ധതി | 200 | ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |

കാറ്റിൽ നിന്നും കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ

| പദ്ധതിയുടെ പേര് | സ്ഥാപിതശേഷി (മെഗാവാട്ട്) |
|---|---|
| പൂവാർ കടൽത്തീരത്ത് 25 കിലോവാട്ട് വരെ ശേഷിയുള്ള ചെറുകാറ്റാടിയന്ത്രങ്ങൾ ഉപയോഗിച്ചുള്ള കാറ്റാടിപ്പാടം | 1 |
| കഞ്ചിക്കോട് 220 കെ.വി. സബ്സ്റ്റേഷന് സമീപം | 2.5 |
| കഞ്ചിക്കോട് നിലവിലുള്ള 9x225 കിലോവാട്ട് കാറ്റാടിപ്പാടത്തിലെ 5 കാറ്റാടിയന്ത്രങ്ങൾ മാറ്റി പകരം 850 കിലോവാട്ട് ശേഷിയുള്ള മൂന്നും 600 കിലോവാട്ട് ശേഷിയുള്ള രണ്ടും സ്ഥാപിക്കുക | 2.625 |

കൂടാതെ കേരള സർക്കാരും എൻ.എച്ച്.പി.സി.യും തമ്മിലുള്ള ഉടമ്പടിപ്രകാരം അഗളിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 8 മെഗാവാട്ട് കാറ്റാടിപ്പാടവും സ്വകാര്യ സംരംഭകർ നടപ്പിലാക്കാൻ ലക്ഷ്യം വയ്ക്കുന്ന 3 പദ്ധതികളിൽ നിന്നായി 27 മെഗാവാട്ടും സ്വകാര്യസംരംഭകർ കാറ്റിൽ നിന്നും സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്ന പദ്ധതികളിൽ നിന്നും റിവേഴ്സ് ടെണ്ടർ 200 മെഗാവാട്ട് സംസ്ഥാനത്ത് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. 2020 അവസാനത്തോടെ എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ പൂർത്തീകരിക്കാനുദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുതി പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. 8MW-ന്റെ ആനക്കാംപോയിൽ ചെറുകിട ജലവൈദ്യുത പദ്ധതി (കോഴിക്കോട് ജില്ല) IPP പദ്ധതി
2. 4.5MW-ന്റെ അരിപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതി (കോഴിക്കോട് ജില്ല) IPP പദ്ധതി
3. 2x10 KW -ന്റെ കാട്ടുവെട്ടി മൈക്രോ ജലവൈദ്യുതി പദ്ധതി.
4. 4x10 KW -ന്റെ കാക്കാട് മൈക്രോ ജലവൈദ്യുതി പദ്ധതി.

2020 ഓടുകൂടി 500 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജ റൂഫ് ടോപ്പ് പദ്ധതി വഴി ഉല്പാദിപ്പിക്കാനാണ് അനെർട്ട് ലക്ഷ്യമിടുന്നത്. കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ ഹൈബ്രിഡ് പവർപ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ആദ്യ ഘട്ടം എന്ന നിലയിൽ 3 മെഗാവാട്ടിന്റെ സൗരോർജ്ജ പ്ലാന്റ് ഈ വർഷം പൂർത്തിയാക്കുന്നതിനും അടുത്ത ഘട്ടത്തിൽ 3-4 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതിയും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.ഇ.ബി.എൽ. വഴി സർക്കാർ കെട്ടിടങ്ങളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പവർപ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന തരത്തിലുള്ള പദ്ധതിക്ക് അനെർട്ട് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ.മായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു. മേൽപ്പറഞ്ഞ പദ്ധതിക്ക് കെ.എസ്.ഇ.ബി.എൽ.-ന്റെ ഡി.പി.ആർ. പ്രകാരം തെരഞ്ഞെടുക്കപ്പെട്ട കളക്ടറേറ്റ് കെട്ടിടങ്ങളിൽ ആകെ 365 kWp-ഉം തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 1100 kWp-ഉം ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## സ്മാർട്ട് മീറ്റർ

208 (2093) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാൻ നിലവിൽ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഒരു കൺസ്യൂമർ സ്മാർട്ട് മീറ്റർ വാങ്ങുന്നതിന് ചെലവാക്കേണ്ട തുക കണക്കാക്കിയിട്ടുണ്ടോ; ഈ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ആകെ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന് എത്ര രൂപ ചെലവാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇന്ത്യയിൽ മറ്റേതെങ്കിലും സംസ്ഥാനത്ത് സ്മാർട്ട് മീറ്റർ സ്ഥാപിച്ചിട്ടുണ്ടോ; സ്ഥാപിച്ച സംസ്ഥാനങ്ങളിലെ അനുഭവം എന്തെന്ന് കെ.എസ്.ഇ.ബി. പരിശോധിച്ചിട്ടുണ്ടോ;

(ഇ) സ്മാർട്ട് മീറ്റർ സംബന്ധിച്ച ഗുണദോഷങ്ങൾ എന്തെല്ലാമാണെന്ന് കെ.എസ്.ഇ.ബി. പഠനം നടത്തിയിട്ടുണ്ടോ? വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

1. എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള തുടക്കം എന്നുള്ള നിലയിൽ 5 പൈലറ്റ് പദ്ധതികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പാക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

2. കേന്ദ്ര ഗവൺമെന്റിന്റെ ഐ.പി.ഡി.എസ്. പദ്ധതി പ്രകാരം 63 നഗരങ്ങളിൽ 200 യൂണിറ്റിന് മുകളിൽ പ്രതിമാസ വൈദ്യുതി ഉപഭോഗം ഉള്ള 5 ലക്ഷത്തോളം ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കാൻ വേണ്ടി സമർപ്പിച്ച 241.41 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടിന് 5-12-2017-ന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 59.41 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്ന് ഗ്രാന്റായി ലഭിക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു.

(ബി) സ്മാർട്ട് മീറ്റർ സമ്പ്രദായം നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിന് നൽകിയിട്ടുള്ള പ്രോജക്ട് റിപ്പോർട്ട് പ്രകാരം ത്രീ ഫേസ് സ്മാർട്ട് മീറ്ററിന് 4,083 രൂപയും സിംഗിൾ ഫേസ് സ്മാർട്ട് മീറ്ററിന് 2,722 രൂപയുമാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ഉപഭോക്താക്കൾക്ക് ഘട്ടംഘട്ടമായാണ് സ്മാർട്ട് മീറ്റർ സമ്പ്രദായം നടപ്പിലാക്കാൻ വിഭാവനം ചെയ്തിരിക്കുന്നത്. തുടക്കത്തിൽ 200 യൂണിറ്റിന് മുകളിൽ പ്രതിമാസം വൈദ്യുതി ഉപഭോഗം ഉള്ള ഉപഭോക്താക്കൾക്കാണ് സ്മാർട്ട് മീറ്റർ സമ്പ്രദായം നടപ്പിലാക്കുന്നത്. സ്മാർട്ട് മീറ്ററിന്റെ വില വളരെവേഗം കുറഞ്ഞു വരുന്നതിനാൽ നിലവിലുള്ള നിരക്കനുസരിച്ച് സംസ്ഥാനത്താകെ സ്മാർട്ട് മീറ്റർ നടപ്പിലാക്കുന്നതിനുള്ള തുക ഇപ്പോൾ കണക്കാക്കിയിട്ടില്ല.

(ഡി) ഇന്ത്യയിൽ നിരവധി സംസ്ഥാനങ്ങളിൽ സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. മീറ്റർ റീഡിംഗ് റിമോട്ടായി ലഭിക്കുന്നതിനും ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ റിമോട്ടായി വിച്ഛേദിക്കുന്നതിനും പുനഃസ്ഥാപിക്കുന്നതിനും സ്മാർട്ട് മീറ്റർ സമ്പ്രദായം വഴി കഴിയുന്നതായി മനസ്സിലാക്കുന്നു.

(ഇ) സ്മാർട്ട് മീറ്റർ സംബന്ധിച്ച വിവിധ സാങ്കേതികവിദ്യകൾ വിശദമായി പഠിക്കാൻ 5 പൈലറ്റ് പദ്ധതികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പാക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗ രീതി, സമയം എന്നിവ സ്മാർട്ട് മീറ്റർ മുഖേന ലഭിക്കുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. റ്റി.ഒ.ഡി. താരിഫ് ഉള്ള ഉപഭോക്താക്കൾക്ക്, പീക്ക് ഉപഭോഗവും മറ്റും നിയന്ത്രിച്ച്, വൈദ്യുതി ബില്ലിൽ കുറവ് വരുത്താവുന്നതാണ്. കൂടാതെ മീറ്റർ റീഡിംഗ് റിമോട്ട് ആയി എടുക്കാം. ബില്ലിംഗ് സൈക്കിൾ മാസം/ ദ്വൈമാസം എന്നതിനുപരിയായി ഉപഭോക്താക്കളുടെ സൗകര്യപ്രകാരം മാറ്റാം എന്ന പ്രത്യേകതകളും ഉണ്ട്. വൈദ്യുതി തടസ്സങ്ങൾ തൽസമയം തന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ പറ്റുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ കൈക്കൊള്ളാൻ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്ക് കഴിയും. ഇപ്രകാരം സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതുവഴി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ച് കൊണ്ടുവരുന്നതിനും കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു.

## മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ

209 (2094) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിവാസൽ പദ്ധതിയുടെ പുതുക്കിയ ഘട്ടം ഉൾപ്പെടെ, സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഇത്തരത്തിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയാണ്;

(സി) പള്ളിവാസൽ എക്സ്റ്റെൻഷൻ സ്കീമിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചു; പദ്ധതി പൂർത്തിയാക്കാൻ വൈകുന്നതിന്റെ ഭാഗമായി എത്ര രൂപയാണ് കരാറുകാർക്ക് സർക്കാർ നൽകേണ്ടി വരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ ഒന്നുംതന്നെയില്ല.

(സി) പള്ളിവാസൽ എക്സ്റ്റെൻഷൻ പദ്ധതിക്ക് ഇതുവരെ 255 കോടി രൂപ ചെലവഴിച്ചു. പദ്ധതി പൂർത്തിയാക്കാൻ വൈകുന്നതിന്റെ ഭാഗമായി അധിക തുകയൊന്നും കരാറുകാരന് ഇതുവരെ നൽകിയിട്ടില്ല.

## മൈലാട്ടി ഡീസൽ പവർ പ്ലാന്റ്

210 (2095) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മൈലാട്ടിയിലുള്ള ഡീസൽ പവർ പ്ലാന്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പവർ പ്ലാന്റ് എത്ര ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഡീസൽ പവർ പ്ലാന്റ് അതോറിറ്റിക്ക് കെ.എസ്.ഇ.ബി. എത്ര തുക നൽകാനുണ്ടെന്നുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്ലാന്റ് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ കെ.എസ്.ഇ.ബി-യുടെ കൈവശമുള്ള മേൽസ്ഥലം എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. കെ.പി.സി.എൽ.-ഉം കെ.എസ്.ഇ.ബി. ലിമിറ്റഡുമായുള്ള വൈദ്യുതി വാങ്ങൽ കരാറിന്റെ കാലാവധി 13-5-2016-ൽ അവസാനിച്ചു.

(ബി) കെ.പി.സി.എൽ.-ഉം ആയി 4-8-2000-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏർപ്പെട്ട ലാന്റ് ലീസ് എഗ്രിമെന്റ് പ്രകാരം പ്രസ്തുത പ്ലാന്റ് 8.921 ഏക്കറിൽ സ്ഥിതി ചെയ്യുന്നു.

(സി) കെ.പി.സി.എൽ. പ്ലാന്റുമായി ഇന്ധന സപ്ലൈറായ ബി.പി.സി.എൽ.-ന് നിലവിലുള്ള തർക്കവിഷയങ്ങൾ വിവിധ കോടതികളുടെ പരിഗണനയിലായിരുന്നതിനാലും ഇന്ധനത്തിന് ബാധകമായ നികുതി സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ച് വരുന്നതിനാലും കെ.പി.സി.എൽ.-ഉം കെ.എസ്.ഇ.ബി. ലിമിറ്റഡുമായുള്ള ഫൈനൽ സെറ്റിൽമെന്റിനെ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

(ഡി) കെ.പി.സി.എൽ.-ഉം ആയിട്ടുള്ള ഫൈനൽ സെറ്റിൽമെന്റ് ആകാത്തതിനാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമി സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

## വൈദ്യുതി ഉത്പാദന മാർഗ്ഗങ്ങൾ

211 (2096) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ഏതെല്ലാം മാർഗ്ഗങ്ങളാണ് വൈദ്യുതി ബോർഡ് അവലംബിക്കുന്നത് ; വിശദ വിവരങ്ങൾ നൽകാമോ ;

(ബി) ടി മാർഗ്ഗങ്ങളിൽ ഏറ്റവും ചെലവ് കുറഞ്ഞ മാർഗ്ഗം ഏതാണ് ;

(സി) ഓരോ മാർഗ്ഗങ്ങളുടെയും യൂണിറ്റ് ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) മറ്റിടങ്ങളിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് യൂണിറ്റ് ചെലവ് എത്രയെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) വൈദ്യുതി ഉത്പാദനത്തിന് വൈദ്യുതി ബോർഡ് അവലംബിക്കുന്ന മാർഗ്ഗങ്ങൾ താഴെപ്പറയുന്നവയാണ് :

1. ജലവൈദ്യുത പദ്ധതികൾ

2. താപ വൈദ്യുത പദ്ധതികൾ

3. കാറ്റിൽ നിന്നുള്ള ഉത്പാദന നിലയങ്ങൾ

4. സൗരോർജ്ജ നിലയങ്ങൾ

ഫെബ്രുവരി 28-ാം തീയതി വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള പ്രതിദിന ശരാശരി ഉല്പാദനം താഴെ ചേർക്കുന്നു :

| | |
|---|---|
| ജലവൈദ്യുത നിലയങ്ങൾ | 13.70 ദശലക്ഷം യൂണിറ്റ് |
| തെർമൽ നിലയങ്ങൾ | 0 |
| കാറ്റാടിപ്പാടങ്ങൾ | 0.2113 ദശലക്ഷം യൂണിറ്റ് |
| സൗരോർജ്ജ നിലയങ്ങൾ | 0.3205 |
| കോ-ജനറേഷൻ നിലയങ്ങൾ | 0.1239 ദശലക്ഷം യൂണിറ്റ് |

ഏകദേശം 54.54 ദശലക്ഷം യൂണിറ്റ് വൈദ്യുതി കേരളത്തിന് പുറത്തുള്ള കേന്ദ്ര വിഹിതമായും സ്വകാര്യ ഉൽപ്പാദകരിൽ നിന്നുമാണ് ലഭിക്കുന്നത്.

(ബി) നിലവിൽ ഉല്പാദനം നടക്കുന്ന പദ്ധതികളിൽ ഏറ്റവും ചെലവ് കുറഞ്ഞ മാർഗ്ഗം ജലവൈദ്യുത പദ്ധതികളാണ്.

(സി) 17-4-2017-ലെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് ഉത്തരവുപ്രകാരം ഓരോ പദ്ധതിയിൽ നിന്നും ലഭിക്കുന്ന വൈദ്യുതിക്ക് വെവ്വേറെ നിരക്കുകൾ കമ്മീഷൻ തീരുമാനിച്ചിട്ടില്ല. എന്നാൽ വൈദ്യുതിബോർഡ് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ശരാശരിനിരക്ക് ഏകദേശം 1.046 രൂപ വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബ്രഹ്മപുരം ഡീസൽ പവ്വർ പ്ലാന്റിലെ ഇപ്പോഴത്തെ ഉത്പാദന ചെലവ് യൂണിറ്റിന് 6.56 രൂപയും കോഴിക്കോട് ഡീസൽ പവ്വർ പ്ലാന്റിലേത് 5.79 രൂപയും ആണ്.

(ഡി) 1. കെ.എസ്.ഇ.ബി.യുമായി വൈദ്യുതി കരാറിൽ ഏർപ്പെട്ടിരിക്കുന്ന സ്വകാര്യ ജലവൈദ്യുത ഉത്പാദകരിൽ നിന്ന് ശരാശരി 3.42 രൂപ യൂണിറ്റ് നിരക്കിൽ 4.951 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങിയിട്ടുണ്ട്.

2. സ്വകാര്യ കാറ്റാടി വൈദ്യുതി ഉത്പാദകരിൽ നിന്ന് ശരാശരി 3.42 രൂപ യൂണിറ്റ് നിരക്കിൽ 3.524 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങിയിട്ടുണ്ട്.

(മേൽപ്പറഞ്ഞ നിരക്കുകൾ ഡിസംബർ 2017-ൽ ലഭ്യമായ കണക്കുകൾ പ്രകാരമാണ്.) ഡിസംബർ 2017-ൽ ലഭ്യമായ കണക്കുകൾ പ്രകാരം :

| | | |
|---|---|---|
| (എ) | കേന്ദ്ര പൂളിൽ നിന്നും വാങ്ങുന്ന വൈദ്യുതി നിരക്ക് | 3.66 രൂപ യൂണിറ്റിന് |
| | ശരാശരി ഫിക്സഡ് ചാർജ്ജ് | 1.06/യൂണിറ്റ് രൂപ. യൂണിറ്റിന് ശരാശരി ഇന്ധന ചാർജ്ജ് 2.6/യൂണിറ്റ് |
| (ബി) | ദീർഘകാലകരാറുകളുടെ അടിസ്ഥാനത്തിൽ പുറമേ നിന്ന് വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി നിരക്ക് | 4.22 രൂപ യൂണിറ്റിന് |
| | ശരാശരി ഫിക്സഡ് ചാർജ്ജ് | 2.71 രൂപ യൂണിറ്റിന് |
| | ശരാശരി ഇന്ധന ചാർജ്ജ് | 1.51 രൂപ യൂണിറ്റിന് |
| (സി) | പവർ എക്സ്ചേഞ്ചുകൾ മുഖേന വാങ്ങിയ വൈദ്യുതിയുടെ ശരാശരി നിരക്ക് | 4.11 രൂപ യൂണിറ്റിന് |

## വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കാൻ നടപടി

212 (2097) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കാൻ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(ബി) പുനഃസംഘടിത ത്വരിത വൈദ്യുതി വികസനവും പരിഷ്കരണവും പരിപാടി (R-APDRP) - യുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വാണിജ്യപരമായ നഷ്ടം ഏതൊക്കെ വിധത്തിലാണെന്നും അത് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ;

(ഡി) പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്ന ഉപഭോക്തൃ സൗഹൃദ സ്മാർട്ട് മീറ്ററുകൾ എത്ര മാത്രം പ്രയോജനപ്രദമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ഇ) സാങ്കേതിക കാരണങ്ങളാൽ ഉണ്ടാകുന്ന വൈദ്യുതി നഷ്ടം കുറയ്ക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കി ലോകോത്തര നിലവാരത്തിലേയ്ക്ക് എത്തിക്കാനായി ആസൂത്രണ സമീപനത്തിൽ കാതലായ മാറ്റം വരുത്തി എച്ച്.റ്റി. ശൃംഖലാ വികസനത്തിനും എൽ.റ്റി. പ്രാദേശിക ലൈനുകളുടെ വികസനത്തിനും പ്രത്യേകം പദ്ധതികൾ അടുത്ത നാലുവർഷത്തേയ്ക്ക് ആസൂത്രണം ചെയ്തുവരുന്നു. എച്ച്.റ്റി. ശൃംഖലാ വികസനത്തിനായി ഓരോ ഇലക്ട്രിക്കൽ സർക്കിളിനുകീഴിലും ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ ആരംഭിച്ചു. ഓരോ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന് കീഴിൽ പ്രവർത്തിക്കുന്ന സബ് ഡിവിഷൻ തലത്തിലെ സബ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളാണ് എൽ.റ്റി. ശൃംഖലാ വികസനത്തിന്റെ മേൽനോട്ടം വഹിക്കുന്നത്. വൈദ്യുതി പ്രതിഷ്ഠാപനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സോളാർ പ്ലാന്റുകൾ ഉൾപ്പെടെയുള്ള പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ വൈദ്യുതി ശൃംഖലയിലേയ്ക്ക് വളരെ എളുപ്പത്തിൽ കടത്തി വിടുന്നതിനും സഹായകരമാകുന്ന പ്രത്യേക പ്രവൃത്തികളും ആസൂത്രണത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്. എച്ച്.റ്റി.ശൃംഖലാ വികസനത്തിന്റെ ആദ്യപടിയായി നിലവിലുള്ളതും പുതിയതായി കൂട്ടിച്ചേർക്കാൻ പോകുന്നതുമായ വിതരണ ശൃംഖലയുടെ രേഖാചിത്രം നൂതന സംവിധാനമായ ജി.ഐ.എസ്. വഴി തയ്യാറാക്കിക്കഴിഞ്ഞു. കേന്ദ്രാവിഷ്കൃത പദ്ധതികൾ (RAPDRP, DDUGJY, PDS തുടങ്ങിയവ), മറ്റ് ഏജൻസികൾ എസ്റ്റിമേറ്റ് തുക ഒടുക്കുന്നവ, ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള വാർഷിക പദ്ധതി എന്നിവയിലൂടെ വൈദ്യുത വിതരണം സുഗമവും കാര്യക്ഷമവുമാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ 3039 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മിക്കുകയും 3964 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 3169 കിലോ മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുകയും, 15.52 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും, 1399 കിലോമീറ്റർ എച്ച്.റ്റി.ലൈൻ റീകണ്ടക്ടറിംഗ്, 20726 കിലോമീറ്റർ എൽ.റ്റി. ലൈൻ റീ കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്ന ഉദ്ദേശ്യത്തോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി സർക്കാർ

ആവിഷ്കരിച്ച് നടപ്പിലാക്കി. വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കാൻ വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കെ.എസ്.ഇ.ബി. നടത്തിയ ഇടപെടലുകൾ മുഖേന വൈദ്യുതി മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലായിട്ടുണ്ട്.

1. എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലെയും എൽ.റ്റി. ഉപഭോക്താക്കളുടെ ബില്ലിംഗ്, കളക്ഷൻ, അക്കൗണ്ടിംഗ് എന്നിവ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു. കൂടാതെ എച്ച്.റ്റി./ഇ.എച്ച്.റ്റി. ഉപഭോക്താക്കളുടെ ബില്ലിംഗ്, കളക്ഷൻ, അക്കൗണ്ടിംഗ് എന്നിവയും പൂർണ്ണമായി കമ്പ്യൂട്ടൽവൽക്കരിച്ചു.

2. എല്ലാ എൽ.റ്റി. വൈദ്യുതി ഉപഭോക്താക്കൾക്കും ഏതൊരു സെക്ഷൻ ഓഫീസിൽ നിന്നും ബില്ലുകൾ അടയ്ക്കാനുള്ള സൗകര്യം, ഇന്റർനെറ്റ് വഴി വൈദ്യുതി ബിൽ തുക അടയ്ക്കുന്നതിനുള്ള സൗകര്യം മുതലായവ ലഭ്യമാക്കി.

3. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ്ബാങ്കിംഗിലൂടെയും, വിസ/ മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

4. കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ്ജ് സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.

5. കെ.എസ്.ഇ.ബി.എൽ.-ന്റെ മുഴുവൻ അക്കൗണ്ടിംഗ് സംവിധാനവും /SARAS സോഫ്റ്റ്വെയർ മുഖേന കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സെക്ഷൻ ഓഫീസ് മുതൽ കോർപ്പറേറ്റ് ഓഫീസ് വരെ എല്ലാ അക്കൗണ്ടിംഗും ഇതുവഴിയാണ് ചെയ്യുന്നത്.

6. മാനവശേഷി വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം വഴി നടപ്പിലാക്കി.

7. മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി.

8. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ പുനഃസംഘടിപ്പിച്ച ത്വരിത ഊർജ്ജിത ഊർജ്ജ വികസന നവീകരണ പദ്ധതിയുടെ (ആർ.എ.പി.ഡി.ആർ.പി.) പാർട്ട് എ-യുടെ ഭാഗമായിട്ടുള്ള ഐറ്റി ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ്‌വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാന വേണ്ടിയുള്ള ഡേറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങൾ എടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം), ജി.ഐ.എസ്. അടിസ്ഥാനമാക്കി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ നടപ്പിലാക്കി.

9. ഉപഭോക്താക്കൾക്ക് സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിമുള്ള സേവനം, ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ വഴി നൽകിവരുന്നു. ടോൾ ഫ്രീ നമ്പർ ആയ 1912 അല്ലെങ്കിൽ 0471 2555544 എന്ന ടെലിഫോൺ നമ്പർ വഴിയും ഇ-മെയിൽ വഴിയും ബന്ധപ്പെടാൻ കഴിയും.

10. ഇ-ടെണ്ടർ സംവിധാനം മുഖേന 5 ലക്ഷം രൂപ വരെയുള്ള ടെണ്ടർ നടപടികൾ കമ്പ്യൂട്ടർവൽക്കരിച്ചു.

11. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിവരുന്നു. ഇപ്പോൾ 28 ഓളം ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ട്.

12. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തൽസമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി നടപ്പിലാക്കി.

13. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ്-ദൂത്' പദ്ധതി നടപ്പിലാക്കി.

14. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.

15. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽ നിന്ന് ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കാനുള്ള സംവിധാനം നടപ്പിലാക്കി.

16. വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തി.

17. പേ.ടി.എം. (പേ ത്രൂ മോബൈൽ) എം പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.

18. അപ്ലാ സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

19. WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.

20. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസിൽ ഇല്ലാത്തപ്പോൾപ്പോലും ഉപഭോക്തൃ സേവനത്തിനുവേണ്ടിയും മറ്റ് ഔദ്യോഗിക ആവശ്യങ്ങൾക്ക് വേണ്ടിയും ഒരുമ നെറ്റ്ബില്ലിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

21. വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി.യിലേയ്ക്ക് വരവു വയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ.) നടപ്പാക്കിയ നാഷണൽ ഓട്ടോമാറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി.

22. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന 'കെ.എസ്.ഇ.ബി.' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ഉപഭോക്താക്കൾക്കായി സമർപ്പിച്ചു.

(ബി) പരിഷ്കരിച്ച 11-ാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി നവീകൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (ആർ.എ.പി.ഡി.ആർ.പി.) നടപ്പിലാക്കുന്നതിനായി 19-9-2008-ൽ കേന്ദ്ര ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഊർജ്ജ നഷ്ടം 15 ശതമാനമാക്കി കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിക്കുന്ന പ്രസ്തുത പദ്ധതിക്ക് രണ്ട് ഭാഗങ്ങൾ ഉണ്ട്. വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പ്രവൃത്തികൾ ഒന്നാം ഭാഗത്തിലും ഊർജ്ജ വിതരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ രണ്ടാം ഭാഗത്തും ഉൾപ്പെടുത്തിയിരിക്കുന്നു. കുറഞ്ഞത് 30000 എങ്കിലും ജനസംഖ്യയുള്ള പട്ടണപ്രദേശങ്ങളാണ് പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. കേരളത്തിൽ 43 പദ്ധതികളാണ് ഇപ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുടെ ഒന്നാം ഭാഗമായ പാർട്ട്-എ വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പ്രവൃത്തികൾ ചെയ്യുന്നതിനായി 288.33 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഭാഗത്തിൽ പാർട്ട്-ബി പ്രസരണ വിതരണ ശൃഖല ശക്തിപ്പെടുത്തി സാങ്കേതിക വാണിജ്യ നഷ്ടം 15% ആക്കി കുറയ്ക്കുന്നതിനുള്ള പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 1078.3 കോടി രൂപയുള്ള 43 പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചത്. അടങ്കൽ തുകയുടെ 25% കേന്ദ്ര ഗവൺമെന്റിൽ നിന്നും വായ്പയായി ലഭിക്കുന്നതാണ്. ബാക്കി തുക ബോർഡിന്റെ സ്വന്തം ഫണ്ടിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വായ്പയായി ലഭ്യമാക്കാവുന്നതാണ്. പദ്ധതി വിജയകരമാ യും സമയബന്ധിതമായും പൂർത്തിയാക്കുന്നപക്ഷം വായ്പാ തുകയുടെ 50% വരെ ഗ്രാന്റായി മാറ്റുന്നതാണ്. ഈ പദ്ധതി പ്രസരണ വിതരണ ശൃഖല ശക്തിപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. 43 പദ്ധതികളും പൂർത്തീകരിച്ച്, പൂർത്തീകരണ റിപ്പോർട്ട് സമർപ്പിക്കുന്ന ഘട്ടത്തിലാണ്. RAPDRP Part(A)-IT പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.എൽ.ന്റെ ഓഫീസുകളെ ബന്ധിപ്പിച്ച് വിവര സാങ്കേതിവിദ്യ ശൃംഖല സ്ഥാപിക്കുക, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ ഡാറ്റാ സെന്റർ, ഡാറ്റാ റിക്കവറി സെന്റർ എന്നിവ സ്ഥാപിക്കൽ, 43 നഗരങ്ങളിലേയ്ക്കുള്ള ഊർജ്ജ ഓഡിറ്റിംഗ് ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തലും വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങൾ എടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) ഗോ ലൈവ് പ്രഖ്യാപനം തുടങ്ങിയവ നടപ്പിലാക്കി. കൂടാതെ കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം, കാൾ സെന്റർ എന്നിവ മുഖേന ഉപഭോക്താക്കൾക്ക് സേവനങ്ങൾ ലഭ്യമാക്കലും നടപ്പിലാക്കിയിട്ടുണ്ട്. പാർട്ട് എ-യുടെ ഭാഗമായുള്ള സ്കാഡ ഇംപ്ലിമെന്റേഷൻ കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്

എന്നീ മൂന്ന് നഗരങ്ങളിൽ സമയബന്ധിതമായി പുരോഗമിക്കുന്നു. ഈ പദ്ധതി വഴി സമഗ്രമായ വിവര സാങ്കേതിക വിദ്യ ശൃംഖല സ്ഥാപിച്ച് കൺട്രോൾ റൂമുകൾ മുഖേന വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമിടുന്നു.

(സി) മീറ്റർ റീഡിംഗ് എടുക്കുന്നതിൽ പിഴവുകൾ ഉണ്ടാവുക, മീറ്ററുകളിലെ തകരാറുകൾ കാരണം തെറ്റായി വൈദ്യുതി ഉപഭോഗം കണക്കാക്കുക, മീറ്ററുകളിൽ കൃത്രിമം കാണിക്കുക, ലൈനിൽ നിന്ന് ഉപഭോക്താവ് നേരിട്ട് തന്നെ വൈദ്യുതി എടുക്കുക തുടങ്ങിയ വൈദ്യുതി മോഷണ പ്രവൃത്തികൾ നടത്തുക, എന്നീ കാരണങ്ങളാൽ കൃത്യമായ ഉപഭോഗം കണക്കാക്കാത്തതുമൂലമുണ്ടാകുന്ന വൈദ്യുതി നഷ്ടമാണ് വാണിജ്യ നഷ്ടമായി കണക്കാക്കുന്നത്. നിലവിൽ ബോർഡിന്റെ സാങ്കേതിക വാണിജ്യ നഷ്ടം മൊത്തത്തിലാണ് കണക്കാക്കിയിട്ടുള്ളത്. സാങ്കേതിക വാണിജ്യ നഷ്ടം തരംതിരിച്ച് കണക്കാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

(ഡി) പുതിയതായി സ്ഥാപിക്കാനുദ്ദേശിക്കുന്ന ഉപഭോക്തൃ സൗഹൃദ സ്മാർട്ട് മീറ്റർ മുഖേന ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗ രീതി, സമയം എന്നിവ സ്മാർട്ട് മീറ്റർ മുഖേന ലഭിക്കുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. ടി.ഒ.ഡി. താരിഫ് ഉള്ള ഉപഭോക്താക്കൾക്ക് പീക്ക് ഉപഭോഗവും മറ്റും നിയന്ത്രിച്ച് വൈദ്യുതി ബില്ലിൽ കുറവ് വരുത്താവുന്നതാണ്. കൂടാതെ മീറ്റർ റീഡിംഗ് റിമോട്ടായി എടുക്കാം. ബില്ലിംഗ് സൈക്കിൾ മാസം/ദ്വൈമാസം എന്നതിനുപരിയായി ഉപഭോക്താക്കളുടെ സൗകര്യ പ്രകാരം മാറ്റാമെന്ന പ്രത്യേകതകളുമുണ്ട്. വൈദ്യുതി തടസ്സങ്ങൾ തൽസമയം തന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ പറ്റുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ കൈക്കൊള്ളാൻ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്ക് കഴിയും. ഇപ്രകാരം, സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതുവഴി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു.

(ഇ) സാങ്കേതിക കാരണങ്ങളാൽ ഉണ്ടാകുന്ന വൈദ്യുതി നഷ്ടം കുറയ്ക്കാനായി കൂടുതൽ ശേഷിയുള്ള കമ്പികൾ ഉപയോഗിച്ച് ശൃംഖല ശക്തിപ്പെടുത്തുക (റീ കണ്ടക്ടറിംഗ്), സിംഗിൾഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുക, മരച്ചില്ലകൾക്കിടയിലൂടെ കടന്നുപോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable)/ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക, തുടങ്ങിയ പ്രവൃത്തികൾ ചെയ്തു വരുന്നു. കെ.എസ്.ഇ.ബി.-യുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വർഷാവർഷം ഇതിനുവേണ്ടി തുക വകയിരുത്തി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ നടപ്പിലാക്കാറുണ്ട്. പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി ബോർഡ് നിരവധി പദ്ധതികൾ ആസൂത്രണം

ചെയ്തിട്ടുണ്ട്. പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടെ നവീകരണം, വോൾട്ടത വർദ്ധിപ്പിക്കൽ, ശേഷി വർദ്ധിപ്പിക്കൽ, പ്രസരണ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കൽ/ വോൾട്ടത വർദ്ധിപ്പിക്കൽ, വാഹകശേഷി കുറഞ്ഞ കണ്ടക്ടറുകൾ മാറ്റി ശേഷി കൂടിയ കണ്ടക്ടറുകൾ ഉപയോഗിച്ച് ലൈൻ നിർമ്മിക്കുക തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കൂടാതെ, പ്രസരണ നഷ്ടം കുറച്ച് പ്രസരണ മേഖല മെച്ചപ്പെടുത്തുന്നതിനും, പ്രസരണശേഷി ഉയർത്തുന്നതിനുമായി ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി വഴി നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനുകൾ 220 കെ.വി. ആയി ഉയർത്തുകയും പുതിയ 400 കെ.വി., 220 കെ.വി. സബ്സ്റ്റേഷനുകളും 400/220/110 കെ.വി. ലൈനുകളും നിർമ്മിക്കുകയും ചെയ്തുവരുന്നു.

## സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം

213 (2098) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട ജലസംഭരണികളിൽ അവശേഷിക്കുന്ന ജലം ഉപയോഗിച്ച് എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും; ഇത് എത്ര ദിവസത്തെ വൈദ്യുതി ഉല്പാദനത്തിന് തികയും എന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം ദിവസംതോറും വർദ്ധിക്കുന്നു എന്ന റിപ്പോർട്ടുകൾ വസ്തുതാപരമാണോ;

(സി) ഈ മാസത്തെ ഒരു ദിവസത്തെ പരമാവധി വൈദ്യുതി ഉപഭോഗം എത്രയായിരുന്നു;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ പുറത്ത് നിന്നും ലഭിക്കുന്ന വൈദ്യുതി വിഹിതം നിലവിൽ വൈദ്യുതി മുടക്കം കൂടാതെ നൽകുന്നതിന് സഹായകമായിട്ടുണ്ടോ;

(ഇ) ഉപഭോഗം വർദ്ധിക്കുന്നതിന് അനുസരിച്ച് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ജലവൈദ്യുതിയുടെ അളവ് കൂട്ടുന്നതിന് ഉദ്ദേശമുണ്ടോ?

<u>ഉത്തരം</u>

(എ) ജലവൈദ്യുത പദ്ധതികളോട് അനുബന്ധിച്ചുള്ള ജലസംഭരണികളിൽ അവശേഷിക്കുന്ന ജലം (2-3-2018-ലെ കണക്കുകൾ പ്രകാരം) 2395 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ പര്യാപ്തമാണ്. 2017-18 ജലവർഷത്തിൽ ഇനി അവശേഷിക്കുന്ന 90 ദിവസങ്ങളിൽ പ്രതിദിനം ശരാശരി 22 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ജലം ജൂൺ 1-ന് നീക്കിവയ്ക്കേണ്ട കരുതൽ ശേഖരം കഴിച്ച്, ഇപ്പോൾ ലഭ്യമാണ്.

(ബി) വേനൽ കാലത്തെ വൈദ്യുതി ഉപഭോഗത്തിൽ മഴക്കാലത്തെയും ശീതകാലത്തെയും അപേക്ഷിച്ച് വർദ്ധന രേഖപ്പെടുത്തുന്നുണ്ട്.

(സി) 2-3-2018 വരെയുള്ള കണക്കുകൾ പ്രകാരം മാർച്ച് മാസത്തിൽ കേരളത്തിന്റെ പരമാവധി പ്രതിദിന ഉപഭോഗം 74.74 ദശലക്ഷം യൂണിറ്റാണ്. മാർച്ച് മാസത്തിൽ രേഖപ്പെടുത്തിയ ഏറ്റവും കൂടിയ ഡിമാന്റ് 1-3-2018-ൽ 3714 മെഗാവാട്ട് ആണ്.

(ഡി) മുൻ സർക്കാർ കാലത്ത് വച്ച കരാറടക്കം വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭ്യമായ വൈദ്യുതി ഉപയോഗിച്ചാണ് മുടക്കം കൂടാതെ വൈദ്യുതി വിതരണം നടത്തുന്നത്.

(ഇ) ഉപഭോഗം വർദ്ധിക്കുന്നതിന് ആനുപാതികമായി ജലവൈദ്യുത നിലയങ്ങളിൽ നിന്നുള്ള പ്രതിദിന വൈദ്യുതി ഉല്പാദനം കൂട്ടുന്നുണ്ട്. എന്നാൽ ആകെ ലഭ്യമായ ജലത്തിന്റെ അളവനുസരിച്ച് മാത്രമേ ഉല്പാദനം സാധ്യമാകുകയുള്ളു.

## ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി

214 (2099) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ കണക്ക് വിശദീകരിക്കാമോ;

(ബി) ഈ വർഷം ലോഡ് ഷെഡ്ഡിംഗോ പവർകട്ടോ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാന ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഫെബ്രുവരി മാസത്തിലെ പ്രതിദിന ശരാശരി ഉല്പാദനം ചുവടെ ചേർക്കുന്നു :

| നിലയം | ശരാശരി പ്രതിദിന ഉല്പാദനം (ദശലക്ഷം യൂണിറ്റ്) |
|---|---|
| (1) | (2) |
| ഇടുക്കി | 6.11 |
| ശബരിഗിരി | 2.06 |
| ഇടമലയാർ | 0.78 |

| (1) | (2) |
|---|---|
| ഷോളയാർ | 0.68 |
| പള്ളിവാസൽ | 0.40 |
| കുറ്റ്യാടി | 1.29 |
| പന്നിയാർ | 0.24 |
| നേര്യമംഗലം | 0.39 |
| ചെങ്കുളം | 0.27 |
| ലോവർ പെരിയാർ | 0.43 |
| പൊരിങ്ങൽക്കുത്ത് | 0.36 |
| കക്കാട് | 0.31 |

(ബി) ഇപ്പോഴത്തെ നിലയിൽ ഈ വർഷം ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

## ഡിസ്ട്രിബ്യൂഷൻ പ്ലാൻ 2021-22-ൽ ഉൾപ്പെടുത്തിയ കാസർഗോഡ് ജില്ലയിലെ പ്രവൃത്തികൾ

215 (2100) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡിസ്ട്രിബ്യൂഷൻ പ്ലാൻ 2021-22-ൽ കാസർഗോഡ് ജില്ലയ്ക്കാവശ്യമായ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ എന്തൊക്കെയാണെന്നും ഇതിനാവശ്യമായ തുക എത്രയാണെന്നും അറിയിക്കുമോ;

(സി) ഈ പ്രവൃത്തികൾ ചെയ്യുന്നതിന് തുക അനുവദിച്ചിട്ടുണ്ടോയെന്നും എന്തെങ്കിലും പ്രവൃത്തികൾ തുടങ്ങിയോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2021-22-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി കാസർഗോഡ് ജില്ലയിലെ വിതരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്ന ജോലി പുരോഗമിക്കുന്നു. ഇതിനായി ബോർഡിന്റെ തനതു ഫണ്ടിൽ നിന്ന് ഏകദേശം 169 കോടി രൂപ 4 വർഷത്തേയ്ക്ക് വകയിരുത്താനാണ് ഉദ്ദേശിക്കുന്നത്.

**കെ.എസ്.ഇ.ബി**

216 (2101) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ എത്ര രൂപ കെ.എസ്.ഇ.ബി.-ക്ക് പിരിഞ്ഞ് കിട്ടുവാനുണ്ട് ; ഇതിന്റെ വിശദ വിവരം നൽകുമോ;

(ബി) ഈ ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങളുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും പേര് വിവരങ്ങളും, അവയിൽ നിന്ന് എന്ത് തുക കുടിശ്ശിക പിരിഞ്ഞുകിട്ടുവാനുണ്ട് എന്നതിന്റെ വിശദവിവരവും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 31-12-2017 വരെയുള്ള വൈദ്യുതി കുടിശ്ശിക 2441.22 കോടി രൂപയാണ്. കുടിശ്ശികയുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ വകുപ്പുകൾ | 109.09 കോടി രൂപ |
| (ബി) | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 1424.91 കോടി രൂപ |
| (സി) | മറ്റ് പൊതു സ്ഥാപനങ്ങൾ | 16.91 കോടി രൂപ |
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 1.02 കോടി രൂപ |
| (ഇ) | കേന്ദ്ര സർക്കാർ വകുപ്പുകൾ | 2.65 കോടി രൂപ |
| (എഫ്) | കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ | 15.74 കോടി രൂപ |
| (ജി) | സ്വകാര്യ വ്യക്തികൾ | 320.62 കോടി രൂപ |
| (എച്ച്) | സ്വകാര്യ വൻകിട/ചെറുകിട സ്ഥാപനങ്ങൾ, ഫ്ലാറ്റുകൾ, കെട്ടിട സമുച്ചയങ്ങൾ എന്നിവ | 550.28 കോടി രൂപ |
| | ആകെ | 2441.22 കോടി രൂപ |

(ബി) കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ, പൊതുമേഖലാ, സ്വകാര്യ സ്ഥാപനങ്ങളുടെ പേരും പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്രയെന്നുമുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വാമനപുരം മണ്ഡലത്തിലെ കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ

217 (2102) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര കുടുംബങ്ങൾക്ക് ഇനിയും കണക്ഷൻ നൽകാനുണ്ട്;

(സി) ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ നൽകാമോ;

(ഡി) ഇനിയും കണക്ഷൻ ലഭിക്കാത്തവർക്ക് കണക്ഷൻ നൽകാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 2052 കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി&സി) 12 കുടുംബങ്ങൾക്ക് ഇനിയും വൈദ്യുതി കണക്ഷൻ നൽകാനുണ്ട്.

ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർത്തിരിക്കുന്നു :

| ഗ്രാമപഞ്ചായത്ത് | എണ്ണം |
|---|---|
| നന്ദിയോട് | 2 |
| പനവൂർ | 4 |
| വിതുര | 2 |
| പെരിങ്ങമല | 3 |
| പാങ്ങോട് | 1 |

(ഡി) വനമേഖലയായതിനാൽ വനം വകുപ്പിൽ നിന്നും അനുമതി ലഭിക്കാത്തതാണ് വൈദ്യുതി കണക്ഷൻ നൽകാനുള്ള തടസ്സം.

## വൈദ്യുതിയുടെ അനിയന്ത്രിതമായ ഉപയോഗം

218 (2103) ശ്രീ. കെ. ദാസൻ :
ശ്രീ. ഡി .കെ. മുരളി :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ;

(ബി) കടുത്ത വരൾച്ച കണക്കിലെടുത്ത് വൈദ്യുതിയുടെ അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കുന്നതിനും വൈദ്യുതി സംരക്ഷണ പ്രവർത്തനം വ്യാപകമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈകൊണ്ടുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം വൻകിട സ്ഥാപനങ്ങളാണ് വൈദ്യുതി കുടിശിക വരുത്തിയിട്ടുള്ളതെന്നും കുടിശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടിയെന്താണെന്നും വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സർക്കാർ ആവിഷ്കരിച്ച സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് 174 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി. കെ.എസ്.ഇ.ബി. വഹിക്കുന്ന തുക കൂടാതെയുള്ള ഫണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പുകൾ, നിയമസഭാംഗങ്ങളുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട്, സന്നദ്ധ സംഘടനകൾ നൽകുന്ന തുക എന്നിവ ഉപയോഗിച്ച് പദ്ധതിയുടെ ഭാഗമായി 65 കി.മീ. 11 കെ.വി. ഓവർഹെഡ് ലൈനുകളും 40 കി.മീ. 11 കെ.വി. ഭൂഗർഭകേബിളുകളും 3040 കി.മീ. എൽ.റ്റി. ഓവർഹെഡ് ലൈനുകളും 39 കി.മീ. എൽ.റ്റി. ഭൂഗർഭ കേബിളുകളും 21 ട്രാൻഫോർമറുകളും സ്ഥാപിക്കുകയും 150219 വൈദ്യുതി കണക്ഷനുകൾ നൽകുകയും ചെയ്തു. ഇതിൽ ഇടമലക്കുടി, പോങ്ങിൻ ചുവട്, കോട്ടൂർ, റോസ് മല, അരേക്കാപ്പ് തുടങ്ങി വാഹന സൗകര്യമോ വ്യക്തമായ പാതയോ ഇല്ലാത്തതും സാധനസാമഗ്രികളും ജോലിക്കാരെയും എത്തിക്കുവാൻ ബുദ്ധിമുട്ടുള്ള ദുർഘടമായ ഭൂപ്രദേശങ്ങളിലെ പ്രവൃത്തികളും ഉൾപ്പെടുന്നു. 29-5-2017-ന് കോഴിക്കോട് നടന്ന ചടങ്ങിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നിർവ്വഹിക്കുകയുണ്ടായി. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി സർവ്വീസ്

കണക്ഷൻ നടപടികൾ ലഘൂകരിക്കുകയും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. 100 സ്ക്വയർ മീറ്റർ വരെയുള്ള വീടുകൾക്ക് ഉടമസ്ഥാവകാശ രേഖ ഒഴിവാക്കിക്കൊണ്ടും 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വീടുകൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുതി കണക്ഷൻ നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു.

(ബി) വൈദ്യുതിയുടെ അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കുന്നതിനും വൈദ്യുത സംരക്ഷണ പ്രവർത്തനം വ്യാപകമാക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.

1. സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികൾ ആയ ഇ.ഇ.എസ്.എൽ. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ഉണ്ടാക്കിയ ധാരണ പ്രകാരം 9 വാട്ട്സ് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുവരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ 1.26 കോടി ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കിയുള്ള ബൾബുകളുടെ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 17 സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്തുകയും ഊർജ്ജ സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സ്വകാര്യ സ്ഥാപനങ്ങളിലും അവരുടെ അപേക്ഷ അനുസരിച്ച് എനർജി ഓഡിറ്റിംഗ് നടന്നു വരുന്നു.

3. വൈദ്യുതി ബോർഡിന്റെ കെട്ടിടത്തിൽ സ്റ്റാർറേറ്റഡ് ഫാനുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ 1000 ഫാനുകൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

4. സംസ്ഥാനത്ത് സൗരോർജ്ജം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ ആവശ്യങ്ങൾക്കായി ജലം ചൂടാക്കുന്നതിന് വൈദ്യുതി, ഫോസിൽ ഇന്ധനങ്ങൾ മുതലായവ ഒഴിവാക്കി

പരിസ്ഥിതി സൗഹൃദപരമായ സൗരോർജ്ജം ഉപയോഗപ്പെടു ത്തുന്നത് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ 41 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലെയും ഇലക്ട്രിക് ഗീസറുകൾ മാറ്റി സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കു ന്നതിനുള്ള പദ്ധതിക്കാണ് ബോർഡ് അംഗീകാരം നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടമായി 24 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

5. സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. ജില്ലാ പഞ്ചായത്ത് കെട്ടിടങ്ങളിൽ 10 കോടിയോളം രൂപ ജില്ലാ പഞ്ചായത്തുകൾ അടച്ചുകഴിഞ്ഞു. ഏകദേശം 1.29 മെഗാവാട്ട് ഉത്പാദന ശേഷിയാണ് ഇതിൽ നിന്നും പ്രതീക്ഷിക്കുന്നത്. കളക്ടറേറ്റ് കെട്ടിടങ്ങളിൽ 1.9 മെഗാവാട്ട് സ്ഥാപിതശേഷിയാണ് പ്രതീക്ഷിക്കുന്നത്.

6. സർക്കാർ പ്രഖ്യാപിച്ച സി.എഫ്.എൽ./സാധാരണ ബൾബുകൾ മാറ്റി എൽ.ഇ.ഡി. ആക്കുന്ന പദ്ധതിയുടെ പ്രാഥമിക നടപടികൾ പുരോഗമിക്കുന്നു. കൂടാതെ സംസ്ഥാനത്തെ തെരുവ് വിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കിവരുന്നു.

7. കെ.എസ്.ഇ.ബി.എൽ.-ന്റെ 211 സബ് ഡിവിഷൻ ഡി.എസ്.എം. സെല്ലുകൾ വഴി ഉപഭോക്താക്കൾക്ക് നേരിട്ടും റസിഡന്റ്സ് അസോസിയേഷനുകൾ, സാമൂഹിക സാംസ്കാരിക കലാ സംഘടനകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വാണിജ്യ ഉത്സവാഘോഷ മേളകൾ മുതലായവ മുഖാന്തരം ലഘുലേഖകളിലൂടെയും ക്ലാസ്സുകളിലൂടെയും ഊർജ്ജ സംരക്ഷണ ബോധവൽക്കരണം തുടർച്ചയായി നടത്തിവരുന്നു. കൂടാതെ സെക്ഷൻ ഓഫീസുകളിലെ എനർജി വോളണ്ടിയർമാർ ഉപഭോക്താക്കളുടെ ഊർജ്ജ ഉപഭോഗത്തെപ്പറ്റിയും ഊർജ്ജ സംരക്ഷണത്തെപ്പറ്റിയും ഉള്ള പരാതികളും സംശയങ്ങളും വീടുകളിൽ നേരിട്ട് എത്തി നിവാരണം ചെയ്യുകയും ചെയ്യുന്നു.

8. വിതരണ മേഖലയിൽ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി വിതരണ ട്രാൻസ്ഫോർമറുകൾ ഉന്നത നിലവാരത്തിലെത്തിക്കുന്ന പ്രവർത്തനങ്ങൾ തുടരുന്നു. ഇതിന്റെ ഭാഗമായി ഇപ്പോൾ അടിമാലി, രാജാക്കാട്, ഒല്ലൂർ സെക്ഷനുകളുടെ പരിധിയിലുള്ള എല്ലാ ട്രാൻഫോർമറുകളുടെയും നവീകരണ പ്രവർത്തനങ്ങൾ പുരോമഗിക്കുന്നു.

9. വിതരണ നഷ്ടം കുറയ്ക്കുന്നതിനായി നടപ്പിലാക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്.) പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ വിജയകരമായി തിരുവനന്തപുരം ജില്ലയിൽ പേയാട് സെക്ഷനിൽ നടപ്പിലാക്കിയിരുന്നു. ഇതിലൂടെ വൈദ്യുതി തടസ്സവും അപകടങ്ങളും ഒരുപരിധിവരെ ഒഴിവാക്കാൻ സാധിക്കുന്നുണ്ട്. പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട കോന്നി സെക്ഷനിലും പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. പാലക്കാട് ജില്ലയിലെ സുൽത്താൻപേട്ട് സെക്ഷനിൽ എച്ച്.വി.ഡി.എസ്. നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) 31-12-2017 വരെ കുടിശ്ശിക വരുത്തിയിട്ടുള്ള വൻകിട സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.* സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കുവാൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുമുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും നടപ്പിലാക്കിവരുന്നു.

## വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി

219 (2104) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദിവസേനയുള്ള വൈദ്യുതി ഉപഭോഗം എത്ര മെഗാവാട്ടാണ്; ദിവസേന വിവിധ പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ജലവൈദ്യുത പദ്ധതികൾ വഴി എത്ര ദിവസം വൈദ്യുതോൽപ്പാദനം നടത്തുന്നതിനുള്ള വെള്ളം ഇനി അവശേഷിക്കുന്നുണ്ട് എന്ന് അറിയിക്കാമോ;

(സി) വേനൽ കടുത്ത് ഡാമുകളിലെ ജലം വറ്റിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വൈദ്യുതി വിതരണത്തിനായി എന്തൊക്കെ ബദൽ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സാഹചര്യത്തിൽ പാരമ്പര്യേതര ഊർജ്ജ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തി വൈദ്യുതോൽപ്പാദനം നടത്താൻ എന്തൊക്കെ മാർഗ്ഗങ്ങൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സോളാർ, കാറ്റ്, തിരമാല, താപം എന്നിവയെ ആശ്രയിച്ച് വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2018 മാർച്ച് മാസത്തെ കണക്കുകൾ പ്രകാരം ഏറ്റവും കൂടിയ ഡിമാന്റ് 5-3-2018-ൽ രേഖപ്പെടുത്തിയ 3714 മെഗാവാട്ട് ആണ്. സംസ്ഥാനത്തെ ആഭ്യന്തര ഉല്പാദനശേഷി 2778 മെഗാവാട്ട് ആണ്. ഉല്പാദനശേഷി ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | |
|---|---|
| ജലവൈദ്യുത പദ്ധതി | 2055.75 MW |
| KDPP+BDPP (കോഴിക്കോട് ഡീസൽ പവർ പ്ലാന്റ് + ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റ്) | 159.96 MW |
| Kayamkulam | 359.58 MW |
| പാരമ്പര്യേതര ഊർജ്ജ സ്രോതസ്സ് (സംസ്ഥാനം) | 9.9699 MW |
| പാരമ്പര്യേതര ഊർജ്ജ സ്രോതസ്സ് (സ്വകാര്യം) | 193.3860 MW |

ഇതിൽ താപനിലയങ്ങൾ ഉൾപ്പെടുത്താതെയുള്ള ഉപയുക്തമാകുന്ന ശേഷി 1600-1700 മെഗാവാട്ട് ആണ്. താപനിലയങ്ങളുടെ ഉല്പാദനച്ചെലവ് ഉയർന്നതിനാൽ അത്യാവശ്യഘട്ടങ്ങളിൽ മാത്രമേ അവ ഉപയോഗപ്പെടുത്താറുള്ളൂ.

(ബി) 4-3-2018-ലെ കണക്കുകൾ പ്രകാരം 2360.99 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ജലം സംഭരിച്ചിട്ടുണ്ട്. കരുതൽ ശേഖരം കഴിച്ച് പ്രതിദിനം ശരാശരി 22 ദശലക്ഷം യൂണിറ്റ് മേയ് 31 വരെ ഉല്പാദിപ്പിക്കാൻ ഇതുവഴി കഴിയും

(സി) വരുന്ന വേനൽക്കാലത്ത് സംസ്ഥാനത്തിന്റെ പീക്ക് ഡിമാന്റ് ഏകദേശം 4200-4300 മെഗാവാട്ട് വരെയും പ്രതിദിന ശരാശരി ഉപഭോഗം ഏകദശം 82 ദശലക്ഷം യൂണിറ്റും ആകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ ആഭ്യന്തര വൈദ്യുതി ഉല്പാദനശേഷി 2778 മെഗാവാട്ട് ആണ്. സംസ്ഥാനത്തെ ജലസംഭരണികൾ 4-3-2018-ലെ കണക്കുകൾ പ്രകാരം 2360.99 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള ജലം സംഭരിച്ചിട്ടുണ്ട്. കരുതൽ ശേഖരം കഴിച്ച് പ്രതിദിനം 22 ദശലക്ഷം യൂണിറ്റ് മേയ് 31 വരെ ഉല്പാദിപ്പിക്കുവാൻ ഇതുവഴി കഴിയും. ഇതിനുപുറമെ സംസ്ഥാനത്തിന് കേന്ദ്രവിഹിതമായി 1679 മെഗാവാട്ടും ദീർഘകാല കരാറിലൂടെ 1215 മെഗാവാട്ടിന്റെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ഇവയിൽ നിന്ന് പ്രസരണ നഷ്ടവും അറ്റകുറ്റപ്പണിക്ക് നീക്കിവയ്ക്കുന്ന കപ്പാസിറ്റിയും കഴിച്ച് 2500 മെഗാവാട്ട് ആണ് ലഭിക്കുന്നത്. അതായത് പ്രതിദിനം ശരാശരി 60 ദശലക്ഷം യൂണിറ്റ് ലഭ്യമാണ്. ഇത് കൂടാതെയുള്ള ഊർജ്ജ ആവശ്യകത പവർ എക്സ്ചേഞ്ചിലൂടെ വൈദ്യുതി ആവശ്യാനുസരണം വാങ്ങി നിറവേറ്റാൻ കഴിയും. 2018 മാർച്ച് വരെ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം 100 മെഗാവാട്ട് വൈദ്യുതി രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണിവരെ ബാങ്കിംഗ് അടിസ്ഥാനത്തിൽ എത്തിക്കുന്നുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ KDPP (96MW), BDPP (63.96 MW) എന്നിവ ഉല്പാദന ചെലവേറുമെങ്കിലും ഉപയോഗപ്പെടുത്തുവാൻ കഴിയും.

(ഡി & ഇ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജത്തിൽ നിന്നും കാറ്റിൽ നിന്നും കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിതശേഷി (മെഗാവാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | പീരുമേട്, ഇടുക്കി | 0.50 | നിർമ്മാണം ആരംഭിച്ചു. (2018-19-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.) | 360.35 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | ഏറ്റുമാനൂർ, കോട്ടയം | 1.00 | Wet land issue | 668.72 |
| 3 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി (2018-19-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.) | 969 |
| 4 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു. (2018-19-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.) | 353.9052 |
| 5 | ജില്ലാ പഞ്ചായത്ത് കണ്ണൂർ (29 നം.) | 0.67 | 2018-19-ൽ പൂർത്തീകരിക്കും | |
| 6 | ജില്ലാ പഞ്ചായത്ത് കോഴിക്കോട് (44 നം.) | 0.480 | 2018-19-ൽ പൂർത്തീകരിക്കും | |
| 7 | ജില്ലാ പഞ്ചായത്ത് മലപ്പുറം (11 നം.) | 0.110 | 2018-19-ൽ പൂർത്തീകരിക്കും | |
| 8 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് (3 നം.) | 0.195 | 2018-19-ൽ പൂർത്തീകരിക്കും | |
| 9 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി (2 നം.) | 0.027 | 2018-19-ൽ പൂർത്തീകരിക്കും | |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | സൗത്തിലെ ഗവൺമെന്റ് സ്ഥാപനങ്ങൾ (4 നം.) | 0.057 | 2018-19-ൽ പൂർത്തീകരിക്കും | |
| 11 | കൊട്ടിയം, കൊല്ലം | 0.60 | 2018-19-ൽ പൂർത്തീകരിക്കും | |
| 12 | മൈലാട്ടി, കാസർഗോഡ് | 1.00 | 2018-19-ൽ പൂർത്തീകരിക്കും | |
| 13 | മാടക്കത്തറ ചൂളിശ്ശേരി | 1.5 | 2018-19-ൽ പൂർത്തീകരിക്കും | |
| 14 | കെ.എസ്.ഇ. ബി.എൽ.-ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 2018-19-ൽ പൂർത്തീകരിക്കും | |
| 15 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രഭ സ്കീം പ്രകാരം) | 0.04 | 2018-19-ൽ പൂർത്തീകരിക്കും | |
| | ആകെ | 9.299 | | |

| നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിതശേഷി (മെഗാവാട്ട്) | |
|---|---|---|---|
| 1 | റിവേഴ്സ് ബിഡ്ഡിങ്ങിലൂടെ വിവിധയിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി വാങ്ങുന്ന പദ്ധതി | 200 | ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |

കാറ്റിൽ നിന്നും കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ

| നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിതശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | പൂവാർ കടൽത്തീരത്ത് 25 കിലോവാട്ട് വരെ ശേഷിയുള്ള ചെറുകാറ്റാടിയന്ത്രങ്ങൾ ഉപയോഗിച്ചുള്ള കാറ്റാടിപ്പാടം | 1 |
| 2 | കഞ്ചിക്കോട് 220 കെ.വി. സബ്സ്റ്റേഷന് സമീപം | 2.5 |
| 3 | കഞ്ചിക്കോട് നിലവിലുള്ള 9x225 കിലോവാട്ട് കാറ്റാടിപ്പാടത്തിലെ 5 കാറ്റാടിയന്ത്രങ്ങൾ മാറ്റി പകരം 850 കിലോവാട്ട് ശേഷിയുള്ള മൂന്നും600 കിലോവാട്ട് ശേഷിയുള്ള രണ്ടും സ്ഥാപിക്കുക | 2.625 |

കൂടാതെ കേരള സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം അഗളിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 8 മെഗാവാട്ട് കാറ്റാടിപ്പാടവും സ്വകാര്യസംരംഭകർ നടപ്പിലാക്കാൻ ലക്ഷ്യം വയ്ക്കുന്ന 3 പദ്ധതികളിൽ നിന്നായി 27 മെഗാവാട്ടും സ്വകാര്യസംരംഭകർ കാറ്റിൽ നിന്നും സംസ്ഥാനത്ത് നടപ്പിൽ

വരുത്തുന്ന പദ്ധതികളിൽ നിന്നും റിവേഴ്സ് ടെണ്ടർ വഴി 200 മെഗാവാട്ട് സംസ്ഥാനത്ത് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. അനെർട്ട് മുഖേന 2017-18 സാമ്പത്തികവർഷം സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനായി 11.87 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ച് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി-5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചുനൽകാനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി 4000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ച് നൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2016-17 വർഷത്തെ പദ്ധതി പ്രകാരം 2303 എണ്ണം പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകളും 145 ക്യൂബിക് മീറ്റർ പ്രതിദിന ശേഷിയുള്ള വൻകിട ബയോഗ്യാസ് പ്ലാന്റുകളും 9353 സ്ക്വയർ മീറ്റർ കളക്ടർ വിസ്തൃതിയുള്ള സോളാർ വാട്ടർ ഹീറ്ററുകളും സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ച് നൽകിയിട്ടുണ്ട്. പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് നൽകിവരുന്നു.

2016-2017 വർഷത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ 10,000 വീടുകളിൽ സോളാർ ഓഫ് ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി പ്രകാരം 9837 വീടുകളിൽ 1 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചുനൽകുകയുണ്ടായി. ഇവയിലൂടെ ഏകദേശം 10 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിക്കുന്നു. സംസ്ഥാനത്ത് വിന്റ് ജനറേറ്ററുകൾ സ്ഥാപിക്കുന്ന നിർമ്മാതാക്കൾക്ക് സാങ്കേതിക അനുമതി നൽകുന്നത് അനെർട്ട് മുഖേനയാണ്. അനെർട്ട് വഴി തിരമാല, സൗരതാപം എന്നിവ പ്രയോജനപ്പെടുത്തി വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നിലവിലില്ല.

**വൈദ്യുതി പ്രസരണ വിതരണ നഷ്ടം**

220 (2105) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതി പ്രസരണ വിതരണ നഷ്ടം പ്രതിവർഷം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;എങ്കിൽ കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി പ്രസരണ വിതരണ നിലവാരം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. വൈദ്യുതി പ്രസരണ വിതരണ നഷ്ടത്തിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് ചുവടെ ചേർത്തിരിക്കുന്നു :

| | |
|---|---|
| 2012-13 | 15.30% |
| 2013-14 | 14.96% |
| 2014-15 | 14.57% |
| 2015-16 | 14.37% |
| 2016-17 | 13.93% |

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ (RAPDRP, DDUGJY, IPDS തുടങ്ങിയവ), മറ്റ് ഏജൻസികൾ എസ്റ്റിമേറ്റ് തുക ഒടുക്കുന്നവ, ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള വാർഷിക പദ്ധതി എന്നിവയിലൂടെയാണ് വൈദ്യുതി വിതരണ നിലവാരം ഉയർത്തി വരുന്നത്. 11 കെ. വി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, കൂടുതൽ ശേഷിയുള്ള കമ്പികൾ ഉപയോഗിച്ച് ശൃംഖല ശക്തിപ്പെടുത്തുക (റീ കണ്ടക്ടറിംഗ്), സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റൽ എന്നീ പ്രവൃത്തികളാണ് ടി പദ്ധതികൾ വഴി നടപ്പിലാക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ 3039 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മിക്കുകയും 3964 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 3169 കിലോ മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ്

ലൈനാക്കി മാറ്റുകയും, 15.52 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും, 1399 കിലോമീറ്റർ എച്ച്.റ്റി.ലൈൻ റീകണ്ടക്ടറിംഗ്, 20726 കിലോമീറ്റർ എൽ.റ്റി. ലൈൻ റീ കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. 2021 ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സ രഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിതരണ ശൃംഖലാ നവീകരണത്തിന്റെ ആദ്യപടിയായി നൂതന സംവിധാനമായ GIS അധിഷ്ഠിത രേഖാചിത്രം 11 കെ.വി. ലൈനുകളുടേത് പൂർത്തിയായിക്കഴിഞ്ഞു. വൈദ്യുതി പ്രസരണ നഷ്ടം കുറച്ച് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും പ്രസരണ ശേഷി ഉയർത്തുന്നതിനുമായി കെ.എസ്.ഇ.ബി.എൽ. ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ പ്രസരണ നഷ്ടം 107 മെഗാവാട്ട് കുറയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതുവഴി 521.73 മില്ല്യൺ യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കുന്നതാണ്. പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി നിലവിലുള്ള 66 കെ.വി. സബ്സ്റ്റേഷൻ, 110 കെ.വി. ആയി ഉയർത്തുകയും 110 കെ.വി. സബ്സ്റ്റേഷനുകൾ 220 കെ.വി. ആയി ഉയർത്തുകയും പുതിയ 400,220 കെ.വി. സബ്സ്റ്റേഷനുകളും അതിനോടനുബന്ധിച്ച് 400, 220, 110 കെ.വി. ലൈനുകളുടെ ശേഷി ഉയർത്തലും/ നിർമ്മാണവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ രണ്ട്, 400 കെ.വി. സബ്സ്റ്റേഷനുകളും പന്ത്രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും ഇവയുടെ അനുബന്ധ ലൈനുകളുടെയും വർക്കുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു.

## ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

221 (2106) ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എനർജി മാനേജ്മെന്റ് സെന്റർ നടത്തിയ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) നവീകരണ ക്ഷമമായ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(സി) എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിച്ചാൽ ഊർജ്ജ ഉപഭോഗത്തിൽ 17 ശതമാനത്തോളം കുറവു വരുമെന്ന പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത്തരം ബൾബുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) 1996-ൽ സ്ഥാപിതമായ എനർജി മാനേജ്മെന്റ് സെന്റർ എല്ലാ മേഖലകളിലും ഊർജ്ജ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും ഊർജ്ജ സംരക്ഷണം സാധ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം കേരളത്തിൽ നടപ്പിലാക്കുന്ന സംസ്ഥാന നിയുക്ത ഏജൻസി (State Designated Agency) എന്ന നിലയിൽ നിയമ നടത്തിപ്പിന്റെ ഭാഗമായുള്ള ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. സെന്ററിന്റെ മികച്ച പ്രവർത്തനത്തിന് 8 തവണ ദേശീയ ഊർജ്ജ സംരക്ഷണ അവാർഡും ലഭിച്ചിട്ടുണ്ട്. 2017-18-ൽ ഇ.എം.സി. നടത്തിയ പദ്ധതി പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

1. <u>വ്യവസായ ശാലകളിലെ ഊർജ്ജ സംരക്ഷണ പദ്ധതികൾ</u>

   വൻകിട വ്യവസായ ശാലകളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിർബന്ധിത ഊർജ്ജ ഓഡിറ്റ് നടപ്പിലാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുള്ള ചെലവിന്റെ 50 ശതമാനം സബ്സിഡിയായി നൽകുന്ന പദ്ധതി ഈ വർഷവും തുടർന്ന് വരുന്നു. ചെറുകിട വ്യവസായ ശാലകളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സൗജന്യമായി പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്ന നീരാവിയിൽ നിന്ന് 25 കിലോവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി തിരുവനന്തപുരത്തുള്ള ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. <u>സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണ പദ്ധതികൾ</u>

   സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങളിൽ ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും 5

സിവിൽ സ്റ്റേഷനുകളിലും ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ഈ സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ഊർജ്ജ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കു ന്നതിനായി കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിയിൽ നിന്നും 1 കോടി രൂപ ചെലവ ഴിക്കുന്നതിന് ഊർജ്ജ സംരക്ഷണ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി അനുവാദം നൽകിയിട്ടുണ്ട്.

3. <u>വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണ പദ്ധതികൾ</u>

കേരളത്തിൽ പുതിയതായി നിർമ്മിക്കുന്ന വാണിജ്യ ആവശ്യങ്ങ ൾക്കുള്ള കെട്ടിടങ്ങൾക്ക് കേരള സംസ്ഥാന എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ PWD, LSGD എന്നിവയിലേയും സ്വകാര്യ സ്ഥാപനങ്ങളിലെയും എഞ്ചിനീയർമാർക്കും ആർക്കിടെക്ടുമാർക്കും വേണ്ടി 30-ൽ അധികം ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തു.

4. <u>പീലിക്കോട് ഗ്രാമപഞ്ചായത്തിലെ ഊർജ്ജയാനം പദ്ധതി</u>

കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്ത് ഊർജ്ജ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഊർജ്ജ സംരക്ഷണ ബോധവ ൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സർവ്വെ നടത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഗാർഹിക ഉപഭോക്താ ക്കൾക്ക് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനായി 16500 എൽ.ഇ.ഡി. ബൾബുകൾ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് സൗജന്യമായി എൽ.ഇ.ഡി. ട്യൂബ് ലൈറ്റ്, ഊർജ്ജ കാര്യക്ഷമത കൂടിയ ഫൈവ് സ്റ്റാർ ഫാനും എൽ.ഇ.ഡി. തെരുവ് വിളക്കും നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

5. <u>മാതൃകാ ഊർജ്ജ കാര്യക്ഷമ പഞ്ചായത്ത് പദ്ധതി</u>

മാതൃകാ ഊർജ്ജകാര്യക്ഷമ ഗ്രാമപഞ്ചായത്ത് പദ്ധതിയിൻ കീഴിൽ നടത്തുന്ന പരിപാടികൾ

1. പൊതുജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും സമ്പൂർണ്ണ ഊർജ്ജ സംരക്ഷണ/ഊർജ്ജകാര്യക്ഷമതാ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക വഴി വീടുകളിൽ 10 മുതൽ 20 ശതമാനം വരെ വൈദ്യുതി ലാഭിക്കാം എന്ന് തെളിഞ്ഞിട്ടുണ്ട്. ബോധവൽക്കരണ പരിപാടികൾക്ക് ആവശ്യമായ ലഘുലേഖകൾ ഇ.എം.സി.യിൽ നിന്നും സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.

2. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 9 വാട്ട്സിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യാൻ ലക്ഷ്യമിടുന്നു. ഒരു ബൾബിന് 50 രൂപ എന്ന നിരക്കിലായിരിക്കും വിതരണം ചെയ്യുക.

3. ഈ പഞ്ചായത്തുകളിലെ എല്ലാ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും ഊർജ്ജ ഓഡിറ്റ് നടത്താനും ലക്ഷ്യമിടുന്നു. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകളിലേയും സ്കൂളുകളിലേയും ഊർജ്ജ കാര്യക്ഷമതാ കുറഞ്ഞ ബൾബുകൾക്കും ഫാനുകൾക്കും പകരം ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബ്, എൽ.ഇ.ഡി. ട്യൂബ്, ഫൈവ് സ്റ്റാർ ഫാൻ എന്നിവ സൗജന്യമായി നൽകുന്നതാണ്.

4. തെരുവുവിളക്കുകളുടെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള തെരുവ് വിളക്കുകൾക്ക് പകരമായി 18 വാട്ട്സിന്റെയും 35 വാട്ട്സിന്റെയും 100 വീതം എൽ.ഇ.ഡി. തെരുവുവിളക്കുകൾ സൗജന്യമായി നൽകുന്നതാണ്.

6. <u>സ്മാർട്ട് എനർജി പ്രോഗ്രാം</u>

വിദ്യാഭ്യാസ മേഖലയിൽ നടത്തിവരുന്ന സ്മാർട്ട് എനർജി പ്രോഗ്രാമിലൂടെ വിദ്യാലയങ്ങളിലെയും വീടുകളിലെയും വൈദ്യുതി ലാഭിക്കുന്നതിന് സാധിക്കുന്നുണ്ട്. സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന ഊർജ്ജ സംരക്ഷണ പരിപാടികളിലൂടെ വിദ്യാർത്ഥികളിലെ ഊർജ്ജസംരക്ഷണ

അവബോധം വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നുണ്ട്. അതിലൂടെ വിദ്യാർത്ഥികൾ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ വീടുകളിലും പ്രാവർത്തികമാക്കുന്നുണ്ട്. 4800 സ്കൂളുകളിലും ഐ.ടി.ഐ., എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ തുടങ്ങി 200 ഓളം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്മാർട്ട് എനർജി പ്രോഗ്രാം നടത്തുന്നുണ്ട്.

7. എനർജി ക്ലിനിക്

ഗാർഹിക മേഖലയിൽ വൈദ്യുതി ഉപയോഗം കൂടുതലായതിനാൽ വീട്ടമ്മമാർക്കുവേണ്ടി ഊർജ്ജ ക്ലിനിക് നടത്തിവരുന്നു. ഇ.എം.സി.-യിൽ നിന്നും പരിശീലനം ലഭിച്ച വനിതാ വോളണ്ടിയർമാരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. ഇപ്പോൾ 750 വോളണ്ടിയർമാർ പ്രവർത്തിക്കുന്നുണ്ട്. ഈ വോളണ്ടിയർമാർ മുഖേന എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും കേന്ദ്രീകരിച്ച് ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തോടുകൂടി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. 2017-18-ൽ 2500 ഊർജ്ജ ക്ലിനിക് പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

8. ഊർജ്ജ കിരൺ

പൊതുജന ബോധവൽക്കരണത്തിനായി എൻ.ജി.ഒ.കൾ സർവ്വീസ് സൊസൈറ്റികൾ, പൊതുജന വായനശാലകൾ എന്നിവയുമായി ചേർന്ന് ഊർജ്ജ കിരൺ പരിപാടി നടത്തി വരുന്നു. 2017-ൽ കേരളത്തിലുടനീളം 340 പരിപാടികൾ എൻ.ജി.ഒ.-കൾ മുഖേനയും 2278 പരിപാടികൾ ലൈബ്രറികൾ വഴിയും റസിഡന്റ്സ് അസോസ്സിയേഷൻ വഴിയും നടത്തുകയുണ്ടായി.

9. പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ വീടുകളിൽ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങളടങ്ങിയ സന്ദേശങ്ങൾ പൊതുജന ബോധവൽക്കരണത്തിനായി നൽകിവരുന്നു. 2016-17 വർഷം 12 എക്സിബിഷനുകളിൽ പങ്കെടുക്കുകയുണ്ടായി.

10. സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ്

സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ ഏർപ്പെടുത്തിയ ഊർജ്ജ സംരക്ഷണ അവാർഡ് എനർജി മാനേജ്മെന്റ്

സെന്ററിന്റെ നേതൃത്വത്തിലാണ് നടത്തുന്നത്. 2017-18-ൽ 6 വിഭാഗങ്ങളിലായി അവാർഡ് നൽകുകയുണ്ടായി. അവാർഡ് അപേക്ഷകർക്ക് ലഭിക്കാനായത് 464 മില്ല്യൻ യൂണിറ്റ് വൈദ്യുതിയും 5347 ടൺ ഇന്ധന എണ്ണയുമാണ്.

11. ഊർജ്ജകാര്യക്ഷമമായ വൈദ്യുത വിതരണ ട്രാൻസ്ഫോർമറുകൾ

ഈ സാമ്പത്തിക വർഷം കെ.എസ്.ഇ.ബി.യുടെ 10 വൈദ്യുത വിതരണ ട്രാൻസ്ഫോർമറുകൾ ഊർജ്ജ കാര്യക്ഷമതാ പഠനം നടത്തുന്നതിനും അതിൽ 5 എണ്ണം ഊർജ്ജകാര്യക്ഷമത കൂടിയ സ്റ്റാർ റേറ്റിംഗ്കൂടിയ ട്രാൻസ്ഫോർമർ ആയി മാറ്റി സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു.

12. തെരുവ് വിളക്കുകളിലെ ഊർജ്ജ കാര്യക്ഷമത

ഈ സാമ്പത്തിക വർഷത്തിൽ കേരളത്തിലെ മുനിസിപ്പാലിറ്റികളിലെയും തെരുവ് വിളക്കുകളുടെയും ഊർജ്ജ കാര്യക്ഷമത സംബന്ധിച്ച പഠനം നടത്തുന്നതിനും അവ എൽ.ഇ.ഡി. യിലേയ്ക്ക് മാറ്റുന്നതിനും വേണ്ട വിശദപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനും ലക്ഷ്യമിടുന്നു.

(ബി) ചെറുകിട ജലവൈദ്യുത പദ്ധതി പ്രോത്സാഹനത്തിനായി എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 47.4 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12.5 മെഗാവാട്ട് വൈദ്യുതി സ്വകാര്യമേഖലയിൽ അനുവദിച്ച ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര നവീന നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ (Central Financial Assistance- CFA) ഏകദേശം 100 പീക്കോ ജലവൈദ്യുത പദ്ധതികൾ ഇടുക്കി, വയനാട്, കോട്ടയം തിരുവനന്തപുരം ജില്ലകളിൽ നടപ്പിലാക്കി കഴിഞ്ഞു. തിരുവനന്തപുരം കോർപ്പറേഷനിൽ കാഞ്ഞിരംപാറ വാർഡിൽ നവീന രീതിയിലുള്ള 2x10kw-ന്റെ ഒരു ഡെമോൺസ്ട്രേഷൻ പദ്ധതി 'വോർടെക്സ്' ടർബയിനുകൾ ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതി 2018 മേയ് മാസത്തോടെ പൂർത്തീകരിച്ച് തിരുവനന്തപുരം കോർപ്പറേഷന് കൈമാറുന്നതാണ്.

(സി) വീടുകൾ, തെരുവ് വിളക്കുകൾ എന്നിവിടങ്ങളിൽ എൽ.ഇ.ഡി. ബൾബുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇ.എം.സി. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടികൾ ചുവടെ ചേർക്കുന്നു.

1. തെരുവുവിളക്കുകളുടെ ഊർജ്ജകാര്യക്ഷമത ഉയർത്തുന്നതിനായി കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 2012-13 സാമ്പത്തിക വർഷത്തിൽ 45 വാട്ട്സിന്റെ 100 വീതം എൽ.ഇ.ഡി. തെരുവുവിളക്കുകൾ വിതരണം ചെയ്യുകയുണ്ടായി.

2. മാതൃകാ ഊർജ്ജകാര്യക്ഷമ ഗ്രാമപഞ്ചായത്ത് പദ്ധതിയിൻ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 9 വാട്ട്സിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യാൻ ലക്ഷ്യമിടുന്നു. ഒരു ബൾബിന് 50 രൂപ എന്ന നിരക്കിലായിരിക്കും വിതരണം ചെയ്യുക.

3. കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്ത് ഊർജ്ജ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗാർഹിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനായി 16500 എൽ.ഇ.ഡി. ബൾബുകൾ പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

4. സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് സൗജന്യമായി എൽ.ഇ.ഡി. ട്യൂബ് ലൈറ്റ്, ഊർജ്ജ കാര്യക്ഷമത കൂടിയ ഫൈവ് സ്റ്റാർ ഫാനും എൽ.ഇ.ഡി. തെരുവ് വിളക്കും നൽകുന്നതിനു വേണ്ടിയുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

5. നോർത്ത് പറവൂർ നിയോജകമണ്ഡലത്തിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണ പദ്ധതിയുടെ ഭാഗമായി 50 രൂപ നിരക്കിൽ 9 വാട്ട്സിന്റെ 9600 എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തു.

ഈ സാമ്പത്തിക വർഷത്തിൽ കേരളത്തിലെ മുനിസിപ്പിലാറ്റികളിലെയും തെരുവ് വിളക്കുകളുടെയും ഊർജ്ജ കാര്യക്ഷമത സംബന്ധിച്ച പഠനം നടത്തുന്നതിനും അവ എൽ.ഇ.ഡി.യിലേയ്ക്ക് മാറ്റുന്നതിനും വേണ്ട വിശദ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനും ലക്ഷ്യമിടുന്നു.

## വർദ്ധിച്ചുവരുന്ന ഊർജ്ജ പ്രതിസന്ധി

222 (2107) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ പ്രതിസന്ധി മുൻകൂട്ടി കണ്ട്, വൈദ്യുതിയുടെ കാര്യക്ഷമമായ വിനിയോഗവും മിതമായ ഉപഭോഗവും ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഊർജ്ജോൽപാദനം സംബന്ധിച്ചും വൈദ്യുതിയുൾപ്പെടെയുള്ള ഊർജ്ജ സ്രോതസ്സുകളുടെ മിതമായ ഉപഭോഗം സംബന്ധിച്ചുമുള്ള പാഠഭാഗം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രമിക്കാമോ ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പുനരുല്പാദന ഊർജ്ജം കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?എങ്കിൽ ഏതെല്ലാം പദ്ധതികളെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ഡി) സർക്കാർ ഓഫീസുകളും സ്കൂളുകളും സൗരോർജ്ജം ഉപയോഗപ്പെടുത്തി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? ആയത് സംബന്ധിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ ഊർജ്ജ പ്രതിസന്ധിയില്ല. എന്നിരുന്നാലും അത്തരമൊരു സാഹചര്യം ഉളവാകുന്ന പക്ഷം ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ചും കേരളത്തിന് പുറത്ത് നിന്നും വൈദ്യുതി ലഭ്യമാക്കിയും ഊർജ്ജ പ്രതിസന്ധി തരണം ചെയ്യുന്നതാണ്. വൈദ്യുതിയുടെ കാര്യക്ഷമമായ വിനിയോഗവും മിതമായ ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ നടത്തിവരുന്ന പദ്ധതികളും പരിപാടികളും താഴെപ്പറയുന്നവയാണ്.

<u>മാതൃകാ ഊർജ്ജ കാര്യക്ഷമ പഞ്ചായത്ത് പദ്ധതി</u>

മാതൃകാ ഊർജ്ജകാര്യക്ഷമ ഗ്രാമപഞ്ചായത്ത് പദ്ധതിയിൻകീഴിൽ നടത്തുന്ന പരിപാടികൾ :

1. പൊതുജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും സമ്പൂർണ്ണ ഊർജ്ജ സംരക്ഷണ/ഊർജ്ജ കാര്യക്ഷമതാ ബോധവത്ക്കരണ ക്ലാസ്സുകൾ. ബോധവത്ക്കരണം നടത്തുക വഴി വീടുകളിൽ 10 മുതൽ 20 ശതമാനം വരെ വൈദ്യുതി ലാഭിക്കാം എന്ന് തെളിഞ്ഞിട്ടുണ്ട്. ബോധവത്ക്കരണ പരിപാടികൾക്ക് ആവശ്യമായ ലഘുലേഖകൾ ഇ.എം.സി.-യിൽ നിന്നും സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.

2. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 9 വാട്ട്സിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യാൻ ലക്ഷ്യമിടുന്നു. ഒരു ബൾബിന് 50 രൂപ എന്ന നിരക്കിലായിരിക്കും വിതരണം ചെയ്യുക.

3. ഈ പഞ്ചായത്തുകളിലെ എല്ലാ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും ഊർജ്ജ ഓഡിറ്റ് നടത്താനും ലക്ഷ്യമിടുന്നു. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകളിലേയും

സ്കൂളുകളിലേയും ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ബൾബുകൾക്കും ഫാനുകൾക്കും പകരം ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബ്, എൽ.ഇ.ഡി. ട്യൂബ്, ഫൈവ് സ്റ്റാർ ഫാൻ എന്നിവ സൗജന്യ മായി നൽകുന്നതാണ്.

4. തെരുവുവിളക്കുകളുടെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള തെരുവ് വിളക്കുകൾക്ക് പകരമായി 18 വാട്ട്സിന്റെയും 35 വാട്ട്സിന്റെയും 100 വീതം എൽ.ഇ.ഡി. തെരുവുവിളക്കുകൾ സൗജന്യമായി നൽകുന്നതാണ്.

2018-19-ലേയ്ക്ക് 10 പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

<u>വ്യവസായ ശാലകളിലെ ഊർജ്ജ സംരക്ഷണ പദ്ധതികൾ</u>

വൻകിട വ്യവസായ ശാലകളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്ന തിനായി നിർബന്ധിത ഊർജ്ജ ഓഡിറ്റ് നടപ്പിലാക്കിയിട്ടുണ്ട്. പൊതു മേഖലാ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുള്ള ചെലവിന്റെ 50 ശതമാനം സബ്സി ഡിയായി നൽകുന്ന പദ്ധതി ഈ വർഷവും തുടർന്ന് വരുന്നു. ചെറുകിട വ്യവസായ ശാലകളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സൗജന്യമായി പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഈ വർഷം ഇതിനായി 10 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

<u>സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണ പദ്ധതികൾ</u>

സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങളിൽ ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും 5 സിവിൽ സ്റ്റേഷനുകളിലും ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ഈ സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ഊർജ്ജ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിയിൽ നിന്നും 1 കോടി രൂപ ചെലവഴിക്കുന്നതിന് ഊർജ്ജ സംരക്ഷണ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി അനുവാദം നൽകിയിട്ടുണ്ട്.

<u>വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണ പദ്ധതികൾ</u>

കേരളത്തിൽ പുതിയതായി നിർമ്മിക്കുന്ന വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കേരള സംസ്ഥാന എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ

ഭാഗമായി സംസ്ഥാനത്തെ PWD, LSGD എന്നിവയിലേയും സ്വകാര്യ സ്ഥാപനങ്ങളിലെയും എഞ്ചിനീയർമാർക്കും ആർക്കിടെക്ടുമാർക്കും വേണ്ടി 30-ൽ അധികം പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തു.

പരിശീലന പരിപാടി

വ്യവസായ സ്ഥാപനങ്ങളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഊർജ്ജത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനും സാങ്കേതിക വിദഗ്ദ്ധർക്ക് വേണ്ടിയും പ്രത്യേകം പ്രത്യേകം പരിശീലന പരിപാടികളും ശില്പശാലകളും സംഘടിപ്പിച്ചുവരുന്നു.

ഇതുകൂടാതെ എനർജി സ്മാർട്ട് പരിപാടിയിലൂടെ വിദ്യാർത്ഥികൾക്കും ഊർജ്ജ കിരൺ പരിപാടിയിലൂടെ പൊതുജനങ്ങൾക്കും എനർജി ക്ലിനിക് പരിപാടിയിലൂടെ വീട്ടമ്മമാർക്കും വ്യാപകമായ തോതിൽ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

(ബി) നിലവിൽ 4800 സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ വിദ്യാഭ്യാസ പരിപാടിയായ സ്മാർട്ട് എനർജി പ്രോഗ്രാം നടത്തിവരുന്നുണ്ട്. എന്നിരുന്നാലും ഊർജ്ജ സംരക്ഷണ വിഷയങ്ങൾ പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്യുന്നതാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ സിലബസ്സിൽ സൗരോർജ്ജം സംബന്ധിച്ച കാര്യങ്ങൾ ചേർക്കുന്നതിന് അനെർട്ടും സഹകരിച്ചിരുന്നു.

(സി) ഉണ്ട്. കെ.എസ്.ഇ.ബി.എൽ. ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ 47.4 മെഗാവാട്ട് സ്ഥാപിത ശേഷി വരുന്ന 20 പദ്ധതികൾ സർക്കാർ സ്വകാര്യ മേഖലയിൽ അനുവദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 11.87 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ച് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2017-2018 സാമ്പത്തിക വർഷം അനെർട്ട് മുഖേന അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ലഭ്യത, പരിപാലനം എന്നിവ സംബന്ധമായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അക്ഷയ ഊർജ്ജ മേഖല സംബന്ധമായി പോർട്ടൽ സംവിധാനം ഒരുക്കുന്നതിനും, കോൾ സെന്റർ ഫെസിലിറ്റി നടപ്പിലാക്കുന്നതിനും, ടോൾ ഫ്രീ നമ്പരിലൂടെ പൊതുജനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും വിവരങ്ങളും ലഭ്യമാക്കുന്നതിനും, വിവിധ പ്രചരണ പരിപാടികൾ, സെമിനാറുകൾ, സഞ്ചരിക്കുന്ന പ്രദർശന ശാലകൾ എന്നിവ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനും പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വേണ്ട പ്രചരണം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അക്ഷയ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, ജൈവോർജ്ജം എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങളുടെയും സംവിധാനങ്ങളുടെയും പ്രചരണവും കേന്ദ്ര ഗവൺമെന്റ് സബ്സിഡിയോടുകൂടിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും അനെർട്ട് മുഖേന നടത്തിവരുന്നു. കൂടാതെ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സാധ്യതയുള്ള പ്രദേശങ്ങളിലെ സംരംഭകർക്ക് സാങ്കേതിക അനുമതിയും അനെർട്ട് മുഖേനയാണ് നൽകിവരുന്നത്.

അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക്, നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും, നിർമ്മാതാക്കളെ എംപാനൽ ചെയ്യുന്നതിനും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നു. കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്കും സംരംഭകർക്കും ഇൻസെന്റീവ് നൽകി അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ജില്ലാ തലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇന്റഗ്രേഡ് റിന്യൂവബിൾ എനർജി കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(ഡി) സർക്കാർ ഓഫീസുകളും സ്കൂളുകളും സൗരോർജ്ജം ഉപയോഗപ്പെടുത്തി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.യിൽ സ്വീകരിച്ചുവരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* 2017-18 സാമ്പത്തിക വർഷം അനെർട്ട്, കെ.എസ്.ഇ.ബി. ലിമിറ്റഡുമായി ചേർന്ന് ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ 1.4 മെഗാവാട്ട് ആകെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്ഥാപിത ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ്. വിവിധ സർക്കാർ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അനെർട്ട് മുഖേന deposit work അടിസ്ഥാനത്തിൽ അനുയോജ്യമായ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ച് നൽകുന്ന പദ്ധതി നിലവിലുണ്ട്. Administrative Expense അടക്കമുള്ള എസ്റ്റിമേറ്റ് തുക അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്തോ, അനെർട്ടിന്റെ എംപാനൽഡ് ഏജൻസികൾ മുഖേനയോ, ടെണ്ടർ നടപടിക്രമങ്ങളിലൂടെ ഇവ സ്ഥാപിക്കാവുന്നതാണ്. സോളാർ എനർജി കോർപ്പറേഷൻ ഇന്ത്യ (SECI)യുടെ പദ്ധതി ഉപയോഗപ്പെടുത്തി അനെർട്ട് സർക്കാർ കെട്ടിടങ്ങളുടെ സൗകര്യപ്രദമായ മേൽക്കൂര ഉള്ളവർക്ക് മുതൽമുടക്കില്ലാതെ സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുവാനുള്ള പദ്ധതി രൂപപ്പെടുത്തിവരുന്നു. 5000 ചതുരശ്ര അടിയിൽ കൂടുതൽ മേൽക്കൂര വിസ്തീർണ്ണമുള്ള സർക്കാർ കെട്ടിടങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ ഈ പദ്ധതി ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാണ്.

**അനെർട്ട് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ**

223 (2108) ശ്രീ. പി. കെ. ശശി :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്ന പ്രധാന ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിൽ അനെർട്ട് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(സി) പാരമ്പര്യേതര ഊർജ്ജോല്പാദന രംഗത്ത് അനെർട്ട് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) നിലവിൽ അനെർട്ട് നടപ്പിലാക്കി വരുന്ന സൗരോർജ്ജ പദ്ധതികൾ ഏതൊക്കെയാണ്;

(ഇ) പാരമ്പര്യേതര ഊർജ്ജ ഉപയോഗത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന് എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് അനെർട്ട് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഊർജ്ജ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്ന പ്രധാന ഏജൻസികൾ കെ.എസ്.ഇ.ബി.ലിമിറ്റഡ്, അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഡിപ്പാർട്ട്മെന്റ് എന്നിവയാണ്.

(ബി) ഉണ്ട്.

(സി) 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 11.87 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ച് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2017-2018 സാമ്പത്തിക വർഷം അനെർട്ട് മുഖേന അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ലഭ്യത, പരിപാലനം എന്നിവ സംബന്ധമായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അക്ഷയ ഊർജ്ജ മേഖല സംബന്ധ മായി പോർട്ടൽ സംവിധാനം ഒരുക്കുന്നതിനും, കോൾ സെന്റർ ഫെസിലിറ്റി നടപ്പിലാക്കുന്നതിനും, ടോൾ ഫ്രീ നമ്പരിലൂടെ പൊതുജനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും വിവരങ്ങളും ലഭ്യമാക്കുന്നതിനും, വിവിധ പ്രചരണ പരിപാടികൾ, സെമിനാറുകൾ, സഞ്ചരിക്കുന്ന പ്രദർശനശാലകൾ എന്നിവ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനും പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വേണ്ട പ്രചരണം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അക്ഷയ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, ജൈവോർജ്ജം എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണ ങ്ങളുടെയും സംവിധാനങ്ങളുടെയും പ്രചരണവും കേന്ദ്ര ഗവൺമെന്റ് സബ്സിഡിയോടുകൂടിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും അനെർട്ട് മുഖേന നടന്നുവരുന്നു. കൂടാതെ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സാധ്യതയുള്ള പ്രദേശങ്ങളിൽ സംരംഭകർക്ക് സാങ്കേതിക അനുമതിയും അനെർട്ട് മുഖേനയാണ് നൽകിവരുന്നത്. അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ

(ആകെ ശേഷി: 5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ച് നൽകാനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി: 4000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ച് നൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും, നിർമ്മാതാക്കളെ എംപാനൽ ചെയ്യുന്നതിനും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നു. കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്കും സംരംഭകർക്കും ഇൻസെന്റീവ് നൽകി അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ജില്ലാ തലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപി പ്പിക്കുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇന്റഗ്രേഡ് റെന്യൂവബിൾ എനർജി കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു. 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി അനെർട്ട് മുഖേന 5000 കിലോവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കൂടാതെ 4000 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും വർക്ക് ഓർഡർ നൽകി പ്രവർത്തനം തുടങ്ങി. 2016-17 വർഷത്തെ പദ്ധതി പ്രകാരം ഇതേവരെ 2303 എണ്ണം പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകളും 145 ക്യൂബിക് മീറ്റർ പ്രതിദിന ശേഷിയുള്ള വൻകിട ബയോഗ്യാസ് പ്ലാന്റുകളും 9353 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള സോളാർ വാട്ടർ ഹീറ്ററുകളും സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചുനൽകി. പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് നൽകിവരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി അനെർട്ട് ഇതിനകം ഇടുക്കി ജില്ലയിൽ 1625 വീടുകളും പാലക്കാട് ജില്ലയിൽ 681 വീടുകളും വയനാട് ജില്ലയിൽ 16 വീടുകളും സൗരോർജ്ജ വൈദ്യുതി ലഭ്യമാക്കി വൈദ്യുതീകരിച്ചുകഴിഞ്ഞു.

2016-2017 വർഷത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ 10000 വീടുകളിൽ സോളാർ ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയായ 10000 റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി പ്രകാരം 9837 വീടുകളിൽ 1 കിലോവാട്ട് ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു നൽകി പദ്ധതി പൂർത്തിയാക്കിയത്. ഇവ മാത്രം ഏകദേശം 10 മെഗാവാട്ട് വൈദ്യുതി ഉല്പാദന ശേഷിക്ക് പര്യാപ്തമാണ്.

(ഡി) 2017-18 സാമ്പത്തികവർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 11.87 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ച് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി: 5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ച് നൽകാനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി: 4000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ച് നൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. അനെർട്ടിന്റെ കൺസൾട്ടൻസി സ്കീമിൽ ഉൾപ്പെടുത്തി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. കെ.എസ്.ഇ.ബി.എൽ. വഴി സർക്കാർ കെട്ടിടങ്ങളിൽ ഗ്രിഡ് കണക്റ്റഡ് സൗരോർജ്ജ പവർപ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് അനെർട്ട് രൂപം നൽകിയിട്ടുണ്ട്. ഇവ കൂടാതെ സോളാർ കണക്ട് (വൈദ്യുതി ശൃംഖലാ ബന്ധിതം), സോളാർ ഓഫ്ഗ്രിഡ് പ്രോഗ്രാം (ബാറ്ററി ബാക്ക് അപ് ഓടുകൂടിയത്), RESCO (Renewable Energy Service Company) Model മുതലായ പദ്ധതികളും തുടർന്നുവരുന്നു.

(ഇ) പാരമ്പര്യേതര ഊർജ്ജ ഉപയോഗത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന് അനെർട്ട് നടത്തിവരുന്ന ബോധവൽക്കരണ പരിപാടികൾ ചുവടെ ചേർക്കുന്നു :

1. 2017-2018 സാമ്പത്തികവർഷം അനെർട്ട് മുഖേന അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ലഭ്യത, പരിപാലനം എന്നിവ സംബന്ധമായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ.

2. അക്ഷയ ഊർജ്ജ മേഖല സംബന്ധമായി പോർട്ടൽ സംവിധാനം ഒരുക്കുന്നതിനും കോൾ സെന്റർ ഫെസിലിറ്റി നടപ്പിലാക്കുന്നതിനും ടോൾ ഫ്രീ നമ്പരിലൂടെ പൊതുജനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും

വിവരങ്ങളും ലഭ്യമാക്കുന്നതിനും വിവിധ പ്രചരണ പരിപാടികൾ, സെമിനാറുകൾ, സഞ്ചരിക്കുന്ന പ്രദർശന ശാലകൾ എന്നിവ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കു ന്നതിനും ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ വേണ്ട പ്രചരണം നൽകുന്നതിനും ആവശ്യമായ നടപടികൾ.

3. അക്ഷയ ഊർജ്ജ രംഗത്ത് സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവച്ച വ്യക്തികൾക്കും വിവിധ തലങ്ങളിലുള്ള സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾക്കും അക്ഷയ ഊർജ്ജ അവാർഡുകൾ നൽകി പ്രോത്സാഹിപ്പിക്കുന്നു.

**പാരമ്പര്യേതര ഊർജ്ജ പദ്ധതികളും അനെർട്ടും**

224 (2109)ശ്രീ. പി. ഉണ്ണി :
ശ്രീ. എം. സ്വരാജ് :
ശ്രീ. എസ്. രാജേന്ദ്രൻ :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിനും ഇതു സംബന്ധിച്ച് ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഈ രംഗത്ത് അനെർട്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) അനെർട്ടിന്റെ വിവിധ പദ്ധതികൾക്കായി കേന്ദ്ര നവീന നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ (എം.എൻ.ആർ.ഇ.) എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്;

(സി) ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളും സോളാർ പ്ലാന്റുകളും സ്ഥാപിക്കുന്നതിന് അനെർട്ട് നൽകി വരുന്ന സബ്സിഡി എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോ വോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 11.87 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ച് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ലഭ്യത, പരിപാലനം എന്നിവ സംബന്ധമായ വിവരങ്ങളും പ്രസ്തുത പ്രചരണ പ്രവർത്തന ങ്ങളിലൂടെ ലഭ്യമാക്കിവരുന്നു. അക്ഷയ ഊർജ്ജ മേഖല സംബന്ധമായി പോർട്ടൽ സംവിധാനം ഒരുക്കുന്നതിനും, കോൾ സെന്റർ ഫെസിലിറ്റി നടപ്പിലാക്കുന്നതിനും, ടോൾ ഫ്രീ നമ്പരിലൂടെ പൊതുജനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും വിവരങ്ങളും ലഭ്യമാക്കുന്നതിനും, വിവിധ പ്രചരണ പരിപാടികൾ, സെമിനാറുകൾ, സഞ്ചരി ക്കുന്ന പ്രദർശന ശാലകൾ എന്നിവ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാ ക്കുന്നതിനും പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ വേണ്ട പ്രചരണം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര നവ നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ സംസ്ഥാന നോഡൽ ഏജൻസിയായ അനെർട്ട് മുഖേന അക്ഷയ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, ജൈവോർജ്ജം എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങളുടെയും സംവിധാനങ്ങളുടെയും പ്രചരണവും കേന്ദ്ര ഗവൺമെന്റ് സബ്സിഡിയോടുകൂടിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടപ്പിലാ ക്കിവരുന്നു. കൂടാതെ കാറ്റിൽ നിന്നും നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സാധ്യതയുള്ള പ്രദേശങ്ങളിൽ സംരംഭകർക്ക് സാങ്കേതിക അനുമതിയും അനെർട്ട് മുഖേനയാണ് നൽകിവരുന്നത്.

അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി: 5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ച് നൽകാനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി: 4000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ച് നൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്കും സംരംഭകർക്കും ഇൻസെന്റീവ് നൽകി അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ജില്ലാ തലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇന്റഗ്രേഡ് റെന്യൂവബിൾ എനർജി കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു. 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി അനെർട്ട് മുഖേന 5000 കിലോവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകി നടപടികൾ

ആരംഭിച്ചുകഴിഞ്ഞു. കൂടാതെ 4000 കിലോവാട്ട് ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും വർക്ക് ഓർഡർ നൽകി തുടർ നടപടികൾ സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ട്. 2016-17 വർഷത്തെ പദ്ധതി പ്രകാരം ഇതേവരെ 2303 പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകളും 145 ക്യൂബിക് മീറ്റർ പ്രതിദിന ശേഷിയുള്ള വൻകിട ബയോഗ്യാസ് പ്ലാന്റുകളും 9353 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള സോളാർ വാട്ടർ ഹീറ്ററുകളും സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചുനൽകി. പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് നൽകിവരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി അനെർട്ട് ഇതിനകം ഇടുക്കി ജില്ലയിൽ 1625 വീടുകളും പാലക്കാട് ജില്ലയിൽ 681 വീടുകളും വയനാട് ജില്ലയിൽ 16 വീടുകളും സൗരോർജ്ജ വൈദ്യുതി ലഭ്യമാക്കി വൈദ്യുതീകരിച്ചുകഴിഞ്ഞു.

2016-2017 വർഷത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ 10000 വീടുകളിൽ സോളാർ ഓഫ് ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയായ 10000 റൂഫ് ടോപ് സോളാർ പവർ പ്ലാന്റ് പദ്ധതി പ്രകാരം 9837 വീടുകളിൽ 1 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചു നൽകി പദ്ധതി പൂർത്തിയാക്കിയത്. ഇവ മാത്രം ഏകദേശം 10 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് പര്യാപ്തമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12.5 മെഗാവാട്ട് വൈദ്യുതി സ്വകാര്യമേഖലയിൽ അനുവദിച്ച ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 47.4 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയം നാഷണൽ ബയോഗ്യാസ് (NBMMP) പദ്ധതിയുടെ ഭാഗമായി ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു. ഒരു ക്യൂബിക് മീറ്റർ ശേഷിയുള്ള പ്ലാന്റിന് 5500 രൂപയും 2 മുതൽ 6 വരെ ക്യൂബിക് മീറ്റർ ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്ന ഗുണഭോക്താക്കൾക്ക് 9000 രൂപയുമാണ് സബ്സിഡി അനുവദിക്കുന്നത്. പട്ടികജാതി വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് ഒരു ക്യൂബിക് മീറ്റർ പ്ലാന്റിന് 7000 രൂപയും 2 മുതൽ 6 വരെ ക്യൂബിക് മീറ്റർ ശേഷിയുള്ള പ്ലാന്റുകൾക്ക് 11000 രൂപയുമാണ് സബ്സിഡി അനുവദിക്കുന്നത്. പ്ലാന്റുകൾ കക്കൂസുമായി ബന്ധിപ്പിക്കുകയാണെങ്കിൽ 1200 രൂപ അധിക സബ്സിഡി ലഭിക്കും. ഗ്രിഡ് കണക്റ്റഡ് സോളാർ പവർ പ്ലാന്റിനും ഓഫ് ഗ്രിഡ് പവർപ്ലാന്റിനും MNRE നിശ്ചയിച്ച തുകയുടെ 30 ശതമാനം വരെ സബ്സിഡി ലഭ്യമാക്കുന്നുണ്ട്.

(സി) അനെർട്ട് നിഷ്കർഷിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരവും മാർഗ്ഗനിർദ്ദേശ പ്രകാരവും സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ സോളാർ പവർപ്ലാന്റുകൾ എന്നിവ പദ്ധതി വിഹിതത്തിൽ നിന്നും സബ്സിഡി നൽകി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം ബയോഗ്യാസ് പ്ലാന്റുകൾ 50 ശതമാനം മുതൽ 75 ശതമാനം വരെയും സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾക്ക് 20 ശതമാനവും സൗര ഗാർഹിക വൈദ്യുതി സംവിധാനം, സൗര റാന്തൽ എന്നിവയ്ക്ക് 50 ശതമാനം മുതൽ 100 ശതമാനം വരെയും സബ്സിഡി നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## വൈദ്യുതി ഷോർട്ട് സർക്യൂട്ട്

225 (2110) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ഷോർട്ട് സർക്യൂട്ട് കാരണം തീപിടുത്തങ്ങളും, അപകടങ്ങളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപകടങ്ങൾ കുറയ്ക്കുന്നതിന് 30 വർഷത്തിലധികം പഴക്കമുള്ള കെട്ടിടങ്ങളുടെ വയറിംഗ് പരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) വി.ഐ.പി.-കൾ പങ്കെടുക്കുന്ന പൊതുപരിപാടികളുടെ വൈദ്യുതി സംവിധാനത്തിൽ കർശന മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ മാനദണ്ഡങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) ലൈസൻസ് ഇല്ലാത്തവർ ഇലക്ട്രിക് ജോലികൾ നിർവ്വഹിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. എന്നിരുന്നാലും 250V-ക്ക് മുകളിലുള്ള വൈദ്യുതി പ്രതിഷ്ഠാപനങ്ങൾ 2 വർഷത്തിലൊരിക്കൽ പരിശോധിക്കുകയും 11 KV വോൾട്ടേജിന് മുകളിലുള്ള ഇൻസ്റ്റലേഷനുകളിൽ വാർഷിക സുരക്ഷാ പരിശോധനയും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് നടത്താറുണ്ട്.

(സി) ഉണ്ട്. വി.ഐ.പി.-കൾ പങ്കെടുക്കുന്ന പൊതുപരിപാടികളുടെ വൈദ്യുതി സംവിധാനത്തിന്റെ പൂർത്തീകരണ റിപ്പോർട്ട് ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർ മുഖേന അതത് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാരുടെ ഓഫീസുകളിൽ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇവയുടെ പരിശോധന നടത്തി സുരക്ഷാ സർട്ടിഫിക്കറ്റ് നൽകുന്നുമുണ്ട്.

(ഡി) ഉണ്ട്. ലൈസൻസില്ലാതെ ഇത്തരം ജോലികൾ ചെയ്യരുത് എന്ന് കർശന നിർദ്ദേശങ്ങൾ നൽകാറുണ്ട്. പ്രസ്തുത പ്രതിഷ്ഠാപനത്തിന്റെ പൂർത്തീകരണ റിപ്പോർട്ട് നൽകുന്ന കോൺട്രാക്ടർക്ക് എതിരെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നിയമപ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേർസ് റിലേറ്റിംഗ് റ്റു സേഫ്റ്റി ആന്റ് ഇലക്ട്രിക് സപ്ലൈ) 2010 റെഗുലേഷൻസിന്റെ റൂൾ 29 പ്രകാരം പ്രസ്തുത പ്രതിഷ്ഠാപനങ്ങളിൽ വൈദ്യുതി കണക്ഷൻ നൽകുന്നതുമല്ല.

## കായംകുളം ഇലക്ട്രിക്കൽ സെക്ഷന് പുതിയ കെട്ടിടം

226 (2111) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം ഈസ്റ്റ് സബ്ഡിവിഷൻ ഓഫീസിന് (കായംകുളം ഇലക്ട്രിക്കൽ സെക്ഷൻ) പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

കായംകുളം വില്ലേജിൽ സർവ്വേ നമ്പർ 79/11-ൽ ഉൾപ്പെട്ടിട്ടുള്ള 17 സെന്റ് സ്ഥലത്ത് കായംകുളം ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷന് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ബോർഡിന്റെ ഭരണാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വള്ളിക്കാവ് കേന്ദ്രമാക്കി സബ്സ്റ്റേഷൻ

227 (2112) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട്, ക്ലാപ്പന ഗ്രാമ പഞ്ചായത്തുകളിലെ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം വള്ളിക്കാവ് കേന്ദ്രമാക്കി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ വള്ളിക്കാവ് കേന്ദ്രമാക്കി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് നിലവിൽ പദ്ധതികളില്ല. നിലവിലുള്ള കരുനാഗപ്പള്ളി 66 കെ.വി. സബ്സ്റ്റേഷൻ, ഓച്ചിറ 33 കെ.വി. സബ്സ്റ്റേഷൻ എന്നിവയിൽ നിന്നാണ് വള്ളിക്കാവ്, ആലപ്പാട്, ക്ലാപ്പന ഗ്രാമപഞ്ചായത്തുകളിലെ ഉപഭോക്താക്കൾക്ക് വൈദ്യുതി എത്തിക്കുന്നത്. കരുനാഗപ്പള്ളി 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി.യിലേയ്ക്ക് ഉയർത്തുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു. ഓച്ചിറയിലെ 33 കെ.വി. സബ്സ്റ്റേഷൻ, 110 കെ.വി. യിലേയ്ക്ക് ശേഷി ഉയർത്തുന്നതിനുള്ള പദ്ധതി ട്രാൻസ്ഗ്രിഡ് ഡൗൺസ്ട്രീം സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതുമൂലം പ്രസ്തുത പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷി ക്കുന്നു.

## വേളൂക്കര-തുമ്പൂരിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ

228 (2113) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വേളൂക്കര പഞ്ചായത്തിലെ തുമ്പൂരിൽ വൈദ്യുതി ദൗർലഭ്യം വളരെ കൂടുതലാണ് എന്നത് പരിഗണിച്ച് ഒരു കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ അനുവദിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഇരിങ്ങാലക്കട-വരപ്പുക്കര 33 കെ.വി. ലൈനിൽ നിന്നും 4.5 കി.മീ., 33 കെ.വി. ലൈൻ നിർമ്മിച്ച് രണ്ട് 5 എം.വി.എ.യുടെ ട്രാൻഫോർമറുകളും സ്ഥാപിച്ച് തുമ്പൂരിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാൻ 745 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ

229 (2114) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.-യിൽ മീറ്റർ റീഡർ തസ്തികയിലേക്കുള്ള എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികയാണ് (എണ്ണം) ആവശ്യമെന്നത് സംബന്ധിച്ച് ഒരു പഠനം ഐ.ഐ.എം. കോഴിക്കോട് നടത്തുകയും റിപ്പോർട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായി ഈ റിപ്പോർട്ട് പഠിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായി ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തസ്തികകൾ (മീറ്റർ റീഡർ ഉൾപ്പെടെ), ഇവയിൽ അനുവദനീയമായ ഒഴിവുകൾ എന്നിവ എത്രയാണെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. കേന്ദ്ര ഊർജ്ജ വകുപ്പും കേരള ഗവൺമെന്റും കെ.എസ്.ഇ.ബി. ലിമിറ്റഡും തമ്മിലുള്ള ത്രികക്ഷി കരാർപ്രകാരം 'സ്മാർട്ട് മീറ്റർ' ഉപയോഗത്തിൽ കൊണ്ടു വരാൻ നിശ്ചയിച്ചിരിക്കുന്നു. ഉപഭോക്താവിന്റെ വസതിയിൽ/കമ്പനിയിൽ എത്താതെതന്നെ റീഡിംഗ് എടുക്കുവാനുള്ള സൗകര്യം ഉള്ളതാണ് ഈ മീറ്റർ. 5 ലക്ഷത്തോളം സ്മാർട്ട് മീറ്ററുകൾ വാങ്ങാനുള്ള അനുവാദം ഗവൺമെന്റ് ഓഫ് ഇന്ത്യയിൽനിന്നും ലഭിച്ചിട്ടുണ്ട്. പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (PDA)ന്റെ ഉപയോഗത്തിലൂടെ നിലവിലുള്ള മീറ്റർ റീഡിംഗ് ജോലി ഏത് ഉദ്യോഗസ്ഥനും ചെയ്യാവുന്നതാണ്. സാങ്കേതിക വിദ്യയുടെ ഏറ്റവും ആധുനികമായ വിനിയോഗത്തിലൂടെ വൈദ്യുതി ഉപഭോഗം വിലയിരുത്തുവാൻ സ്മാർട്ട് മീറ്റർ സഹായിക്കുന്നതുകൊണ്ടും ആധുനികവൽക്കരണ നടപടികളിലൂടെ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വിവിധ വിഭാഗം ജീവനക്കാർക്ക് ജോലിഭാരത്തിലുണ്ടായ കുറവ് പരിഗണിച്ച് ജീവനക്കാരുടെ ജോലികൾ പുനഃക്രമീകരിക്കുകയും മറ്റു തസ്തികകളിലെ ജീവനക്കാരെക്കൊണ്ട് മീറ്റർ റീഡിംഗ് ജോലികൾ നടത്തുവാൻ നിലവിൽ സാഹചര്യം ഉള്ളതുകൊണ്ടും 799 മീറ്റർ റീഡർ തസ്തികകൾ WP(C) No. 30039/2016 ലെ ബഹുമാനപ്പെട്ട കോടതിയുടെ അന്തിമവിധിയ്ക്ക് വിധേയമായി നിർത്തലാക്കുവാൻ കമ്പനി 23-2-2018-ലെ B.O.(DB) No. 494/2018 (Estt.II/6718/2016) പ്രകാരം തീരുമാനിച്ച് ഉത്തരവായി. മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ടു ചെയ്യുന്നതുമായി ബന്ധപ്പെട്ട് WP (C) No. 30039/2016-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 4-1-2018-ൽ പുറപ്പെടുവിച്ച വിധി നിലവിലുണ്ട്. എന്നാൽ മേൽ ഹൈക്കോടതി ഉത്തരവിനെതിരെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അപ്പീൽ ഫയൽ ചെയ്യുകയും സ്റ്റേ ഉത്തരവ് ലഭിച്ചിട്ടുള്ളതുമാണ്.

## വൈദ്യുതി വകുപ്പിലെ മീറ്റർ റീഡർ തസ്തിക

230 (2115) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ മീറ്റർ റീഡർ തസ്തികയിലെ നിയമനത്തിന് വേണ്ടി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇതുസംബന്ധിച്ചുള്ള കോടതി വിധിക്കെതിരെ അപ്പീൽ പോയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുവാൻ ഏതെങ്കിലും കമ്പനിയുമായി കരാറിൽ ഒപ്പിട്ടിട്ടുണ്ടോ; പ്രസ്തുത കരാറിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. മീറ്റർ റീഡർ നിയമനത്തെ സംബന്ധിച്ച കോടതി വിധിക്കെതിരെ അപ്പീൽ പോയിട്ടുണ്ട്. മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് W.P.(C) No. 30039/2016 ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 4-1-2018 ൽ പുറപ്പെടുവിച്ച വിധി നിലവിലുണ്ട്. എന്നാൽ മേൽ ഹൈക്കോടതി ഉത്തരവിനെതിരെ കെ.എസ്.ഇ.ബി.എൽ. അപ്പീൽ ഫയൽ ചെയ്യുകയും സ്റ്റേ ഉത്തരവ് ലഭിച്ചിട്ടുള്ളതുമാണ്. മീറ്റർ റീഡർ തസ്തികയുടെ നിയമനവുമായി ബന്ധപ്പെട്ട് കോടതിയിൽ രണ്ട് അപ്പീലുകൾ പോയിട്ടുള്ളതാണ്.

1. W.A. No. 173/2018
2. W.A. No. 188/2018

പ്രസ്തുത അപ്പീലുകളിൽ യഥാക്രമം 18-1-2018, 19-1-2018 തീയതികളിൽ ബഹുമാനപ്പെട്ട കോടതി സ്റ്റേ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ബി) സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. ഒരു കമ്പനികളുമായും കരാറിൽ ഒപ്പു വച്ചിട്ടില്ല.

## അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

231 (2116) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ടോ;

(ബി) അടുത്ത ഒരു വർഷം പ്രതീക്ഷിക്കുന്ന ഒഴിവുകളുടെ എണ്ണം എത്രയാണ് ;

(സി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒഴിവുകളുണ്ട്.

(ബി) പ്രതീക്ഷിത ഒഴിവുകൾ 39 എണ്ണം.

(സി) സ്വീകരിക്കും.

## മാവേലിക്കരയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക

232 (2117) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മാവേലിക്കര എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് കീഴിൽ എത്ര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയുണ്ടായിരുന്നു; നിലവിൽ എത്ര തസ്തികയുണ്ട്; ഈ മാറ്റത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) നിലവിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർമാർ എത്ര; 2016-17 കാലത്ത് എത്രയുണ്ടായിരുന്നു; മുൻസ്ഥിതിയിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

ഉത്തരം

(എ) മാവേലിക്കര എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ മൂന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകൾ ഉണ്ടായിരുന്നത് നിലവിൽ 2 തസ്തികകൾ ആയി. കെ.എസ്.ഇ.ബി.എൽ.-ലെ എല്ലാ ഇലക്ട്രിക്കൽ ഡിവിഷനുകളിലും ഉള്ള ഓരോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തസ്തികകൾ അതാത് ഇലക്ട്രിക്കൽ സർക്കിളിൽ ഉള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലേയ്ക്ക് പുനർ വിന്യസിച്ചിരിക്കുന്നതിനാണ് പ്രസ്തുത തസ്തികയിൽ മാറ്റം ഉണ്ടായിട്ടുള്ളത്. കെ.എസ്.ഇ.ബി.എൽ.-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-ന്റെ മൊത്തം തസ്തികകളുടെ എണ്ണത്തിൽ മാറ്റം വരുത്താതെ തന്നെ മുകളിൽ സൂചിപ്പിച്ചതു പോലെയുള്ള ഭരണപരമായ ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥരെ പുനർവിന്യസിക്കാറുണ്ട്. ഇതിന്റെ ഭാഗമായാണ് എല്ലാ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസുകളിലേയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ പ്രോജക്ട് മാനേജ്മെ ന്റ് യൂണിറ്റിലേയ്ക്ക് മാറ്റി നിയമനം നടത്തിയിട്ടുള്ളത്.

(ബി) മാവേലിക്കര ഡിവിഷനു കീഴിൽ 2 ഇലക്ട്രിക്കൽ സബ് ഡിവിഷനുകളിലായി 2 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളാണ് നിലവിലുള്ളത്. അതിൽ ചാരുമൂട് ഇലക്ട്രിക്കൽ സബ് ഡിവിഷനിൽ കഴിഞ്ഞ സ്ഥലംമാറ്റ ഉത്തരവിലൂടെ നിയമിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇതുവരെ ചാർജ്ജെടുത്തിട്ടില്ല. ഇലക്ട്രിക്കൽ ഡിവിഷനിൽ നിലവിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലേയ്ക്ക് പുനർ വിന്യസിച്ചിരിക്കുകയാണ്. കെ.എസ്.ഇ.ബി.എൽ.-ൽ നിലവിലുള്ള ഓഫീസുകളുടെയും ജോലികളുടെയും പുനഃസംഘടനയുടെയും ഭാഗമായാണ് പ്രോജക്ട് മാനേജ്മെ ന്റ് യൂണിറ്റ് രൂപീകരിച്ചത്.

## ഹൈഡൽ ടൂറിസം

233 (2118) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈഡൽ ടൂറിസം സെന്ററിനെ വൈദ്യുതി ബോർഡിന്റെ ഒരു സബ്സിഡിയറി കമ്പനിയായി പുനഃസംഘടിപ്പിയ്ക്കുമെന്നും ആയതിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുമെന്നും 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ;

(ബി) എന്തെല്ലാം സാധ്യതകളാണ് ഇക്കാര്യത്തിൽ സർക്കാരിന്റെ മുന്നിലുള്ളത്; വിശദവിവരം നൽകുമോ?

### ഉത്തരം

(എ&ബി) കമ്പനി രൂപീകരണവുമായി ബന്ധപ്പെട്ട് 15-11-2017-ൽ കൂടിയ ഡയറക്ടർ ബോർഡ് യോഗം അജണ്ട നമ്പർ 32-9/2017 പ്രകാരം കേരള ഹൈഡൽ ടൂറിസം സെന്ററിനെ ഒരു കമ്പനിയായി മാറ്റുന്നതിന് തീരുമാനിക്കുകയും 30-11-2017-ൽ (B.O. (DB) No. 3002/2017/(C.5/KHTC/2017-18) ബോർഡ് ഉത്തരവിറക്കുകയും ചെയ്തു. അതനുസരിച്ച് കമ്പനിയാക്കി മാറ്റുന്നതിനുള്ള MOA/AOA ഘടന, സ്റ്റാഫ് പാറ്റേൺ, ആസ്തി-ബാധ്യത തുടങ്ങിയവ തയ്യാറാക്കുന്നതിന് കൺസൽട്ടൻസിയെ തെരഞ്ഞെടുക്കുന്നതിന് Expression of Interest ക്ഷണിച്ചുകൊണ്ട് പത്രത്തിലും വെബ്സൈറ്റിലും പരസ്യം നൽകിയിട്ടുണ്ട്.

**പവർകട്ട് ഒഴിവാക്കാൻ മുൻകരുതലുകൾ**

234 (2119) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലലഭ്യത കുറയുന്നത് വൈദ്യുതി ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുമെന്നത് കണക്കാക്കി പവർകട്ട് ഒഴിവാക്കാൻ സർക്കാർ എന്തെല്ലാം മുൻകരുതലുകളാണ് എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതോൽപ്പാദനത്തിന് പുതിയ പദ്ധതികൾ ആരംഭിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പുതിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്താതെ നിറവേറ്റാൻ വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർത്തിരിക്കുന്നു. 2018 മാർച്ച് മാസം 4-3-2018-ലെ കണക്കുകൾ പ്രകാരം പ്രതിദിന ശരാശരി ഉപഭോഗം 72.13 ദശലക്ഷം യൂണിറ്റും, ഏറ്റവും കൂടിയ ഡിമാന്റ് 1-3-2018-ൽ രേഖപ്പെടുത്തിയ 3714 മെഗാവാട്ടും ആണ്. വരുന്ന വേനൽക്കാലത്ത് സംസ്ഥാനത്തിന്റെ പീക്ക് ഡിമാന്റ് ഏകദേശം 4200 മെഗാവാട്ട് വരെയും, പ്രതിദിന ശരാശരി ഉപഭോഗം 82 ദശലക്ഷം യൂണിറ്റ് വരെയും ആകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ ആഭ്യന്തര ജല വൈദ്യുത ഉത്പാദനശേഷിയിൽ ഏകദേശം 1700 മെഗാവാട്ട് ഇപ്പോൾ ലഭ്യമാണ്. സംസ്ഥാനത്തെ ജലസംഭരണികളിൽ 4-3-2018-ലെ കണക്കുകൾ പ്രകാരം 2360.99 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള ജലം സംഭരിച്ചിട്ടുണ്ട്. കരുതൽ ശേഖരം കഴിച്ച് പ്രതിദിനം ശരാശരി 22 ദശലക്ഷം യൂണിറ്റ് 31 വരെ ഉത്പാദിപ്പിക്കാൻ ഇതുവഴി കഴിയും. ഇതിനുപുറമേ സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി 1679 മെഗാവാട്ടും ദീർഘകാല കരാറിലൂടെ 1215 മെഗാവാട്ടിന്റെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ഇവയിൽ നിന്ന് പ്രസരണ നഷ്ടവും അറ്റകുറ്റപ്പണിയ്ക്ക് നീക്കി വയ്ക്കുന്ന കപ്പാസിറ്റിയും കഴിച്ച് 2500 മെഗാവാട്ട് ആണ് ലഭ്യമാകുന്നത്. അതായത് പ്രതിദിനം ശരാശരി 60 ദശലക്ഷം യൂണിറ്റ് ലഭ്യമാണ്. ഇത് കൂടാതെയുള്ള ഊർജ്ജ ആവശ്യകത പവർ എക്സ്ചേഞ്ചിലൂടെ വൈദ്യുതി ആവശ്യാനുസരണം വാങ്ങി നിറവേറ്റാൻ കഴിയും. കൂടാതെ 2018 മാർച്ച് വരെ മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ച് ഹരിയാനയിൽനിന്നും 100 മെഗാവാട്ട് വൈദ്യുതി രാവിലെ എട്ട് മുതൽ വൈകുന്നേരം 5 മണിവരെ ബാങ്കിംഗ് അടിസ്ഥാനത്തിൽ എത്തിക്കുന്നുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ താപനിലയങ്ങളായ KDPP (96 മെഗാവാട്ട്), BDPP (63.96 മെഗാവാട്ട്) എന്നിവ ഉത്പാദന ചെലവേറുമെങ്കിലും ഉപയോഗപ്പെടുത്താൻ കഴിയും.

(ബി) ഉണ്ട്. പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

| നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | ഉല്പാദന ശേഷി (MU) |
|---|---|---|---|
| 1 | പെരുവണ്ണാമുഴി | 6 | 24.7 |
| 2 | വടക്കേപ്പുഴ എക്സ്റ്റൻഷൻ | - | 0.7 |
| 3 | ചിന്നാർ | 24 | 76.45 |
| 4 | അപ്പർ ചെങ്കളം | 24 | 53.22 |
| 5 | ലാഡ്രും | 3.5 | 12.13 |
| 6 | ഒലിക്കൽ | 5 | 10.26 |
| 7 | പൂവാരംതോട് | 3 | 5.88 |
| 8 | മാർമ്മല | 7 | 23.02 |
| 9 | ചെമ്പുകടവ്- III | 7.5 | 17.715 |
| 10 | മാങ്കുളം | 40 | 82 |
| 11 | പീച്ചാട് | 3 | 7.74 |
| 12 | വെസ്റ്റേൺ കല്ലാർ | 5 | 17.41 |
| 13 | മരിപ്പുഴ | 6 | 14.84 |
| 14 | വാളാംതോട് | 7.5 | 15.291 |
| 15 | ആനക്കയം | 7.5 | 22.83 |
| | ആകെ | 149 | 384.18 |

## കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക പ്രതിസന്ധി

235 (2120) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.-യുടെ സാമ്പത്തിക പ്രതിസന്ധി തീർക്കാൻ ജനങ്ങൾക്ക് മേൽ അധിക നികുതി ഭാരം നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ടോ ?

ഉത്തരം

ഇല്ല. വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്. വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനോ കുറയ്ക്കുന്നതിനോ കെ.എസ്.ഇ.ബി.എൽ.നോ സംസ്ഥാന സർക്കാരിനോ അധികാരമില്ല. 2018-19 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള നാല് വർഷത്തേയ്ക്ക് ഒന്നിച്ച് താരിഫ് നിർണ്ണയിക്കുന്നതിനുള്ള 'ഡ്രാഫ്റ്റ് റെഗുലേഷൻ' കമ്മീഷൻ പ്രസിദ്ധീകരിക്കുകയും പൊതു തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കമ്മീഷൻ അന്തിമ റെഗുലേഷൻ പുറപ്പെടുവിച്ചിട്ടില്ല.

## കെ.എസ്.ഇ.ബി.യിലെ ആഡിറ്റ്

236 (2121) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഏത് സാമ്പത്തിക വർഷം വരെയുള്ള ആഡിറ്റുകളാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ;

(ബി) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ബോർഡിൽ റവന്യൂ കമ്മി ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത റവന്യൂ കമ്മി നികത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഡി) സർക്കാർ ഓഫീസുകളിൽ നിന്ന് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാൻ എത്ര തുകയാണ് ബാക്കിയുള്ളത്; ആയത് ലഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 2015-16 വരെയുള്ള ആഡിറ്റ് പൂർത്തിയായിട്ടുണ്ട്. 2014-15 വരെയുള്ള റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2015-16 ലെ റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്. റവന്യൂ കമ്മി സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്നു :

| | |
|---|---|
| 2015-16 | 313.29 കോടി രൂപ |
| 2016-17 (ആഡിറ്റ് പൂർത്തിയായിട്ടില്ല) | 1494.63 കോടി രൂപ |

(സി) കെ.എസ്.ഇ.ബി.-യുടെ സാമ്പത്തിക കമ്മി പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കുള്ള വായ്പയെടുക്കുന്നതാണ്.
2. കെ.എസ്.ഇ.ബി.-യുടെ വിവിധ ശീർഷകങ്ങളിലുള്ള ചെലവുകൾ പരമാവധി കുറച്ചും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്ത് വരുമാനം കൂട്ടിയും നഷ്ടം കുറയ്ക്കുന്നതാണ്.
3. കേന്ദ്ര സർക്കാർ 20-11-2015-ൽ പ്രഖ്യാപിച്ച 'ഉദയ്' പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT & C-Loss-ഉം റവന്യൂ ഗ്യാപ്പും കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
4. മിതമായ വിലയിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ ബാധ്യതകൾ പരിഹരിക്കുവാനാണ് ശ്രമിക്കുന്നത്.

കൂടാതെ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടേണ്ട ഏകദേശം 1400 കോടി രൂപ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) 31-12-2017-ൽ ക്രോഡീകരിച്ച കണക്കുപ്രകാരം സർക്കാർ ഓഫീസുകളിൽ നിന്നും കെ.എസ്.ഇ.ബി.എൽ.-ന് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക ചുവടെ ചേർത്തിരിക്കുന്നു :

| | | രൂപയിൽ |
|---|---|---|
| 1 | സംസ്ഥാന സർക്കാർ വകുപ്പുകൾ | 109.09 കോടി |
| 2 | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 1424.91 കോടി |
| 3 | മറ്റു പൊതു സ്ഥാപനങ്ങൾ | 16.91 കോടി |
| 4 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 1.02 കോടി |
| 5 | കേന്ദ്ര സർക്കാർ വകുപ്പുകൾ | 2.65 കോടി |
| 6 | കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ | 15.74 കോടി |
| | ആകെ | 1570.32 കോടി |

കുടിശ്ശിക വരുത്തുന്ന ഗവൺമെന്റ് സ്ഥാപനങ്ങളിൽ കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്തതും കോടതിയിൽ വ്യവഹാരങ്ങളില്ലാത്തതും ആയ സർവ്വീസ് കണക്ഷനുകൾ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചു മാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കാറുണ്ട്. ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും ആവിഷ്കരിച്ചിരുന്നു.

## വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശിക

237 (2122) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യ്ക്ക് വൈദ്യുതി ചാർജ് ഇനത്തിൽ കുടിശ്ശികയായി ലഭിക്കാനുള്ള തുക പിരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളിലൂടെ എത്ര രൂപ ലഭിച്ചിട്ടുണ്ട്;

(ബി) ബാക്കി ലഭിക്കാനുള്ള കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൽ.റ്റി. വിഭാഗത്തിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശിക തുകയായ 63,73,45,991 രൂപയും (അറുപത്തിമൂന്ന് കോടി എഴുപത്തിമൂന്ന് ലക്ഷത്തി നാല്പത്തയ്യായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒന്നു രൂപ മാത്രം). എച്ച്.റ്റി. വിഭാഗത്തിൽ 151,52,67,898 (നൂറ്റി അൻപത്തി ഒന്ന് കോടി അൻപത്തി രണ്ട് ലക്ഷത്തി അറുപത്തി ഏഴായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) രൂപയും പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കുവാൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകുകയും ചെയ്തു വരുന്നു. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കാറുണ്ട്. സർക്കാർ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയിട്ടുള്ളവയ്ക്ക് നോട്ടീസുകൾ നൽകുകയും വലിയ തുക കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപന മേധാവികൾക്ക് കുടിശ്ശിക സംബന്ധിച്ചുള്ള കത്തുകൾ നൽകുകയും ചെയ്യുന്നു.

## നായരമ്പലം വാട്ടർ പമ്പിംഗ് ബൂസ്റ്റിംഗ് സ്റ്റേഷന് പവർ അലോക്കേഷൻ അപ്രൂവൽ

238 (2123) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നായരമ്പലത്ത് ജല അതോറിറ്റിയുടെ വാട്ടർ പമ്പിംഗ് ബൂസ്റ്റിംഗ് കേന്ദ്രം പ്രവർത്തിക്കുന്നതിന് വേണ്ടി പവർ അലോക്കേഷൻ അപ്രൂവലിന് വാട്ടർ അതോറിറ്റി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ടി അപേക്ഷയിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പവർ അലോക്കേഷനുവേണ്ടി 19-2-2018-ൽ അസിസ്റ്റന്റ് എഞ്ചിനീയർ ജല അതോറിറ്റി, മാലിപ്പുറം ഓഫീസിൽനിന്നും കെ.എസ്.ഇ.ബി.-ക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, വൈപ്പിന്റെ ഓഫീസിൽ നിന്നും ടി അപേക്ഷയിന്മേൽ പവർ അലോക്കേഷനുള്ള അനുമതി 28-2-2018 ൽ നൽകിയിട്ടുണ്ട്.

## വൈദ്യുതിയില്ലാത്ത വീടുകൾ

239 (2124) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ വൈദ്യുതിയില്ലാത്ത വീടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗാർഹിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി (വർക്കല മണ്ഡലത്തിൽ) ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. വർക്കല മണ്ഡലത്തിൽ ഗാർഹിക വൈദ്യുതി കണക്ഷനായി കാത്തിരിക്കുന്ന അപേക്ഷകരുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു. കോടതി വ്യവഹാരങ്ങളിൽ തീർപ്പാക്കാനുള്ളത്- 4 എണ്ണം. അദാലത്ത് മുഖേന അപേക്ഷ ലഭിച്ചതും എന്നാൽ നേരിട്ട് ആവശ്യപ്പെട്ടിട്ടും വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് വേണ്ട അപേക്ഷ നല്കാത്തതും ആയത്- 1 എണ്ണം. സുരക്ഷയുടെ ഭാഗമായി ബോർഡ് അനുശാസിക്കുന്ന ദൂരപരിധി ഇല്ലാത്തത്- 1 എണ്ണം. പുതിയതായി കണക്ഷന് അപേക്ഷിക്കുന്നവർക്ക് മറ്റു തടസ്സങ്ങളില്ലാത്ത പക്ഷം റെഗുലേറ്ററി കമ്മീഷൻ അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ തന്നെ കണക്ഷൻ നൽകി വരുന്നുണ്ട്.

## സഹകരണ മേഖലയിൽ നോട്ടുനിരോധനം

240 (2125) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടുനിരോധനം സഹകരണമേഖലയെ ഏതൊക്കെ തരത്തിൽ ബാധിച്ചുവെന്ന് കഴിഞ്ഞ ഒരു വർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) നോട്ടുനിരോധനംമൂലമുള്ള കെടുതികളെ അതിജീവിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) നോട്ട് നിരോധനംമൂലമുള്ള ക്ഷീണം മറികടക്കുന്നതിന് പ്രഖ്യാപിച്ച നടപടികൾ എത്രത്തോളം ഫലം കണ്ടുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ഒരാഴ്ചയിൽ 24,000 രൂപ മാത്രമേ ഒരു അക്കൗണ്ടിൽനിന്നും പിൻവലിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. സഹകരണ മേഖലയിലെ 1.90 കോടി ഇടപാടുകാരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഈ തുക അപര്യാപ്തമായിരുന്നു. സാധുവായ കറൻസി ഉപയോഗിച്ച് നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ വായ്പാ വിതരണവും തിരിച്ചടവും നിക്ഷേപവുമുൾപ്പെടെ ഇടപാടുകൾ തടസ്സപ്പെട്ടു. വായ്പേതര പ്രവർത്തനങ്ങൾ നടത്തുന്ന പ്രാഥമിക സംഘങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ മുടങ്ങി. പ്രാഥമിക സംഘങ്ങളിൽ അക്കൗണ്ടുള്ള അംഗങ്ങൾ അവരുടെ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച തുക ജില്ലാ സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യം ഉണ്ടായി. സഹകരണ മേഖലയെ ആശ്രയിക്കുന്ന ഗ്രാമീണ ജനതയുടെ ദൈനംദിന സാമ്പത്തികാവശ്യങ്ങൾ നിറവേറ്റാൻ കഴിയാതെ വന്നു. സംഘങ്ങളുടെ പ്രധാന പ്രവർത്തനങ്ങളായ വായ്പാ വിതരണവും തിരിച്ചടവും, നിക്ഷേപവുമുൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു. ആവശ്യമായ നിക്ഷേപ തുക പിൻവലിക്കുവാൻ കഴിയാതെ വന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാതിരുന്നത് ജനജീവിതം ദുരിതപൂർണ്ണമാക്കി. സഹകരണ ബാങ്കുകൾ/ സംഘങ്ങളുടെ വായ്പാകുടിശ്ശിക വർദ്ധിച്ചു. ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തതയെ നോട്ട് പിൻവലിക്കൽമൂലമുണ്ടായ പ്രതിസന്ധി പ്രതികൂലമായി ബാധിച്ചു. നോട്ട് നിരോധനത്തിന് ശേഷം സഹകരണ ബാങ്കുകളുടെ അറ്റനിക്ഷേപത്തിൽ 6386.18 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. സഹകരണ ബാങ്കുകൾ നൽകിയ വായ്പയിൽ ഏകദേശം 30 ശതമാനം കുറവ് വന്നിട്ടുണ്ട്. വായ്പാ തിരിച്ചടവിൽ 44.2 ശതമാനം കുറവ് വന്നിട്ടുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തവർക്കും ജപ്തി നടപടികൾ നേരിട്ടവർക്കും ആശ്വാസം നൽകുന്നതിനായി 2017 ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ "നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി" എന്ന പേരിൽ വായ്പ എടുത്തവർക്ക് ഇളവ് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ നോട്ട് നിരോധനം മുഖേന സഹകരണ ബാങ്കിംഗ് മേഖലയിൽ ഉണ്ടായ പ്രായോഗിക തടസ്സം പരിഹരിക്കുന്നതിനായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിർബന്ധിത ജപ്തി നടപടികൾക്ക് 31-3-2017 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. കൂടാതെ 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 25 വരെ കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) നോട്ട് നിരോധനം സൃഷ്ടിച്ച പ്രതിസന്ധി മറികടക്കുന്നതിലേയ്ക്കായി, നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും, സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. മേൽ നടപടികളുടെ അടിസ്ഥാനത്തിൽ നോട്ട് നിരോധനം സൃഷ്ടിച്ച പ്രതിസന്ധിയെ മറികടക്കുവാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

## സഹകരണ കോൺഗ്രസ് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ

241 (2126) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈയിടെ നടന്ന സഹകരണ കോൺഗ്രസ്, സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചതെന്ന് വിശദമാക്കാമോ;

(ബി) സഹകരണ മേഖലയിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി സഹകരണ ആഡിറ്റ് സംവിധാനം ഉടച്ചുവാർക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) സഹകരണ കോൺഗ്രസ് എത്ര വർഷം കൂടുമ്പോഴാണ് നടക്കുന്നതെന്നും ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) കണ്ണൂരിൽ വച്ച് നടന്ന എട്ടാമത് സഹകരണ കോൺഗ്രസിൽ കേരള സഹകരണ നയത്തിന്റെ കരട് തയ്യാറാക്കി സഹകരണ കോൺഗ്രസിൽ അവതരിപ്പിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുക, സഹകരണ മേഖലയെ അഴിമതി

വിമുക്തമാക്കുക, നിലവിൽ 5 വർഷം കൂടുമ്പോൾ നടത്തി വരുന്ന സഹകരണ കോൺഗ്രസ് 3 വർഷം കൂടുമ്പോൾ നടത്തുക, പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ അവയുടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും വിവിധങ്ങളായ സേവനം നൽകുന്ന സംഘങ്ങളായി തുടർന്നും പ്രവർത്തിക്കുക, കാർഷിക/ കാർഷികാനുബന്ധ വായ്പ ഇപ്പോഴത്തെ 10 ശതമാനം എന്നതിൽനിന്നും അടുത്ത 2 വർഷത്തിനുള്ളിൽ 25 ശതമാനവും തുടർന്ന് ഘട്ടംഘട്ടമായുള്ള വർദ്ധനവിലൂടെ 50 ശതമാനവും ആക്കുക, പാലിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ച് ഈ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീര സഹകരണ സംഘങ്ങൾ വഴി പരമാവധി പ്രോത്സാഹനം നൽകുക തുടങ്ങിയ നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചു. കൂടാതെ പലവക സഹകരണ സംഘങ്ങൾക്കായി ഒരു അപ്പെക്സ് സഹകരണ ഫെഡറേഷൻ രൂപീകരിക്കുക, തൊഴിലാളികളെ സംഘടിപ്പിച്ച് അവരെ തൊഴിൽ സഹകരണ സംഘങ്ങളുടെ പരിധിയിൽ കൊണ്ടുവരിക, ഉൽപ്പാദനം, അടിസ്ഥാന സൗകര്യ വികസനം, നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്തുകയും തൊഴിൽ നൈപുണ്യത്തിനായി തൊഴിലാളികൾക്ക് ഈ സംഘങ്ങളിലൂടെ പരിശീലനം നൽകുകയും ചെയ്യുക, സഹകരണ സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി സ്വയംഭരണാവകാശം നിലനിർത്തിക്കൊണ്ട് പ്രവർത്തിക്കുന്നതിന് അനുയോജ്യമായ സാഹചര്യം ഒരുക്കുക തുടങ്ങിയ നിർദ്ദേശങ്ങളും മുന്നോട്ട് വച്ചു.

(ബി) ഉണ്ട്. സഹകരണ മേഖലയിലെ സംഘങ്ങളുടെ പ്രവർത്തന വ്യാപ്തി/ വളർച്ചയ്ക്കനുസരിച്ചുള്ള ആഡിറ്റർമാരുടെ കുറവ് പരിഹരിക്കുന്നതിനും ആഡിറ്റർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആഡിറ്റിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പര്യാപ്തമായ വിധത്തിൽ ആഡിറ്റ് പുനഃസംഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആഡിറ്റ് മാന്വൽ പരിഷ്കരണ നടപടികളും പുരോഗമിച്ചു വരുന്നു. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്ന രീതിയിൽ കമ്പ്യൂട്ടർവൽകൃത സംഘങ്ങൾ ആഡിറ്റ് ചെയ്യുന്ന തിനാവശ്യമായ പരിശീലന പരിപാടികൾ ആഡിറ്റർമാർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ആഡിറ്റർമാർക്ക് ആഡിറ്റ് സംബന്ധമായ പരിശീലനം നൽകുന്നുണ്ട്.

(സി) സഹകരണ കോൺഗ്രസ് നിലവിൽ അഞ്ച് വർഷം കൂടുമ്പോൾ നടത്തി വരുന്നു. കാലാകാലങ്ങളിൽ ഉണ്ടാകുന്ന വിവിധ മാറ്റങ്ങൾക്ക് അനുസൃതമായി സഹകരണ വകുപ്പിനെയും സഹകരണ മേഖലയെയും ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുക എന്നതാണ് സഹകരണ കോൺഗ്രസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

## പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി

242 (2127) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളെ നവീകരിക്കുന്നതിന് സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരള സർക്കാർ നടപ്പിലാക്കി വരുന്ന 'എല്ലാ സർക്കാർ/ സർക്കാർ എയ്ഡഡ് സ്കൂളുകളിലെയും ഒരു ക്ലാസ് റൂം സ്മാർട്ട് ക്ലാസ് റൂമാക്കി മാറ്റുക' എന്ന പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് സഹകരണ വകുപ്പ് 1000 സർക്കാർ/ സർക്കാർ എയ്ഡഡ് എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിച്ചു നൽകുവാൻ പദ്ധതിയിടുകയുണ്ടായി. സംസ്ഥാനത്തെ 14 ജില്ലകളിലേയും സാമ്പത്തിക ഭദ്രതയുള്ളതും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സംഘടനകളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുക. ഒരു നിയോജക മണ്ഡലത്തിൽനിന്നും സ്മാർട്ട് ക്ലാസ് റൂം ആവശ്യമുള്ളതും അർഹതയുള്ളതുമായ 7 സർക്കാർ/സർക്കാർ എയ്ഡഡ് എൽ.പി./യു.പി. സ്കൂളുകളുടെ വിവരങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ.-മാരിൽനിന്നും ശേഖരിച്ച് സ്കൂളുകളെയും അതാത് സ്ഥലത്തെ സന്നദ്ധരായ സഹകരണ സംഘങ്ങളേയും തമ്മിൽ ബന്ധപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) സ്കൂളുകളുടെ ലിസ്റ്റും സന്നദ്ധരായ സഹകരണ സംഘങ്ങളുടെ ലിസ്റ്റും അന്തിമമായി തയ്യാറാക്കിയിട്ടില്ല.

(സി&ഡി) പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടില്ല.

## സഹകരണ വിജിലൻസിന്റെ പ്രവർത്തനം

243 (2128) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിലെ അഴിമതിയും തട്ടിപ്പും തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സഹകരണ വിജിലൻസിന്റെ പ്രവർത്തനം തൃപ്തികരമാണോ; അല്ലെങ്കിൽ പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സഹകരണ സംഘങ്ങളിലെ അഴിമതിയും ക്രമക്കേടും തടയുന്നതിനായി യൂണിറ്റ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് രജിസ്ട്രാർമാർ (ജനറൽ), ജോയിന്റ് രജിസ്ട്രാർമാർ (ജനറൽ) എന്നിവർ സംഘങ്ങളിൽ മിന്നൽ പരിശോധനയും വിശദപരിശോധനയും നടത്തി വരുന്നു. യൂണിറ്റ്/ കൺകറന്റ് ആഡിറ്റർമാർ സഹകരണ സംഘങ്ങളുടെ ആഡിറ്റ് നിർവ്വഹിക്കുകയും ആഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ സ്പെഷ്യൽ റിപ്പോർട്ട് സഹിതം ഭരണ വിഭാഗത്തിന് നടപടികൾക്കായി ശിപാർശ ചെയ്യുകയും ചെയ്യുന്നു. സഹകരണ ആഡിറ്റ് വിഭാഗത്തിൽനിന്ന് ഏതെങ്കിലും സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളിന്മേൽ സഹകരണ നിയമ പ്രകാരമുള്ള നടപടികൾ ശിപാർശ ചെയ്യപ്പെടുകയോ, യൂണിറ്റ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് രജിസ്ട്രാർമാർ (ജനറൽ), ജോയിന്റ് രജിസ്ട്രാർമാർ (ജനറൽ) എന്നിവർ നടത്തുന്ന പരിശോധനകളിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തുകയോ സംഘങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ കഴമ്പുണ്ടെന്ന് ബോധ്യപ്പെടുകയോ ചെയ്യുന്ന പക്ഷം സഹകരണ നിയമം വകുപ്പ് 65, 66, 68(1) പ്രകാരമുള്ള പരിശോധന/ അന്വേഷണങ്ങൾ നടത്തുകയും ടി അന്വേഷണങ്ങളിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തുന്ന പക്ഷം, ടി സംഘത്തിനുണ്ടായ സാമ്പത്തിക നഷ്ടം ആയതിന് ഉത്തരവാദികളായവരിൽനിന്നും വകുപ്പ് 68(2) പ്രകാരം സർചാർജ് നടപടികളിലൂടെ ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. സ്വർണ്ണ പണയ വായ്പകളിൽ ഈടു നൽകിയിട്ടുള്ള പണയ വസ്തുക്കളുടെ പരിശോധനയും കാലാകാലങ്ങളിൽ നടത്തി വരുന്നു. കൂടാതെ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന സഹകരണ വിജിലൻസ് സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിൽ നടക്കുന്ന ക്രമക്കേടുകളിന്മേൽ ഫലപ്രദമായ രീതിയിൽ അന്വേഷണം നടത്തുകയും സഹകരണ വിജിലൻസിൽ നിന്നും ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

(ബി) സഹകരണ വിജിലൻസിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## നിക്ഷേപ ഗ്യാരന്റി സ്കീം

244 (2129) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായി 'നിക്ഷേപ ഗ്യാരന്റി സ്കീം' നടപ്പിലാക്കിയിട്ടുണ്ടോ; ഇതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപസമാഹരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്;

(ബി) പ്രസ്തുത കാലയളവിൽ സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത റിസ്ക് ഫണ്ട് പദ്ധതി സഹകരണ മേഖലയുടെ വിശ്വാസ്യത നിലനിർത്താൻ സഹായിച്ചു എന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാരിന്റെ 11-1-2012-ലെ ജി.ഒ.(പി) 3/2012/സഹ. നമ്പർ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പരിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിക്ഷേപ സമാഹരണ യജ്ഞത്തിലൂടെ 6529.27 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 9525 ഗുണഭോക്താക്കൾക്കായി 75,44,50,188 രൂപയുടെ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കിയത് സഹകരണ മേഖലയുടെ വിശ്വാസ്യത നിലനിർത്താൻ സഹായിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. പെൻഷൻ സഹകരണ ബാങ്കുകൾ വഴി

245 (2130) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരിതമനുഭവിക്കുന്ന കെ എസ് ആർ ടി സി പെൻഷൻകാർക്ക് സഹകരണ ബാങ്കുകളും മറ്റു സഹകരണ സ്ഥാപനങ്ങളും വഴി പെൻഷൻ നൽകുവാനുള്ള പദ്ധതി എന്നു നടപ്പിലാക്കി;

(ബി) ആയതുവഴി എത്ര പെൻഷൻകാർക്ക് പെൻഷൻ ലഭിയ്ക്കും എന്നും ഇവർക്ക് സഹകരണ സ്ഥാപനങ്ങൾ പെൻഷൻ നൽകുന്നത് സംബന്ധിച്ച് സർക്കാർ നൽകിയ നിർദ്ദേശങ്ങൾ എന്തെന്നും (നിർദ്ദേശങ്ങളുടെ പകർപ്പു സഹിതം) വ്യക്തമാക്കുമോ;

(സി) പ്രസ്തുത സർക്കാർ നിർദ്ദേശം നടപ്പാക്കാനായി സഹകരണ ബാങ്കിന് സർക്കാർ നല്കേണ്ടി വരുന്ന തുക എത്ര;

(ഡി) സഹകരണ സ്ഥാപനങ്ങളിൽ സർക്കാർ നിർദ്ദേശമായ സീറോ ബാലൻസ് അക്കൗണ്ട് എന്നത് മറികടന്ന് പല സ്ഥാപനങ്ങളും കൂടുതൽ തുക ഈടാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത്തരം പ്രവൃത്തികൾ തടയുവാനും സംസ്ഥാനത്താകമാനം ഒരേ രീതിയിലെ നടപടിക്രമം ഉറപ്പുവരുത്താനുമായുള്ള എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻകാർക്ക് സഹകരണ ബാങ്കുകൾ/ സഹകരണ സ്ഥാപനങ്ങൾ മുഖേന പെൻഷൻ നൽകുന്നതിലേയ്ക്കായി പ്രാഥമിക കാർഷിക വായ്പാ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന പെൻഷൻ വിതരണം നടത്തുന്നതിനായി 19-2-2018-ലെ ജി.ഒ.(ആർ.റ്റി.) 102/18/ സഹ. നമ്പർ ഉത്തരവ് മുഖേന സർക്കാർ അനുമതി നൽകി ഉത്തരവായ പ്രകാരം 20-2-2018-ൽ പെൻഷൻ വിതരണം ആരംഭിച്ചു.

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ 2/18 വരെയുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനാണ് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം (ആദ്യഘട്ടം) രൂപീകരിച്ചത്. ആയതുവഴി 37,090 പെൻഷൻകാർക്കാണ് തുക വിതരണം ചെയ്യുന്നത്. ഇതുസംബന്ധിച്ച് നൽകിയ നിർദ്ദേശങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പും സഹകരണ സംഘം രജിസ്ട്രാർ നൽകിയ സർക്കുലർ നിർദ്ദേശങ്ങളുടെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(സി) ആദ്യഘട്ടമായി കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണത്തിനായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന കൺസോർഷ്യം രൂപീകരിച്ച് സമാഹരിച്ചത് 250 കോടി രൂപയാണ്. ഫെബ്രുവരി 18 വരെയുള്ള കുടിശ്ശികയും, 6 മാസത്തെ പെൻഷനുമുൾപ്പെടെ 600 കോടിയോളം രൂപയും ടി തുകയ്ക്ക് 10 ശതമാനം പലിശ സഹിതം സർക്കാർ നൽകേണ്ടി വരും.

(ഡി) സഹകരണ സ്ഥാപനങ്ങളിൽ കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണത്തിനായി സീറോ ബാലൻസ് അക്കൗണ്ട് എന്ന പ്രത്യേക നിർദ്ദേശം നൽകിയിട്ടില്ല.

---

* `ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഹരിതം സഹകരണം പദ്ധതി

246 (2131) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതം സഹകരണം എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പദ്ധതിയിലൂടെ ഉത്പാദിപ്പിക്കുന്ന പച്ചക്കറികളും മറ്റും സൂക്ഷിക്കുന്നതിനുള്ള ഗോഡൗൺ സൗകര്യം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേരള സർക്കാർ തുടക്കം കുറിച്ച 'ഹരിത കേരളം' പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് പരിസ്ഥിതി സംരക്ഷണത്തിനായി 5 ലക്ഷം വൃക്ഷ തൈകൾ നട്ട് വളർത്തുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതിയാണ് ഹരിതം സഹകരണം. ലോക പരിസ്ഥിതി ദിനമായ ജൂൺ മാസം 5-ാം തീയതി മുതൽ 20-ാം തീയതി വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങൾ മുഖാന്തരം 5 ലക്ഷം വൃക്ഷത്തൈകൾ നടുക എന്നതായിരുന്നു ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. പ്രധാനമായും ഫലവൃക്ഷങ്ങൾ, തണൽ വൃക്ഷങ്ങൾ എന്നിവയുടെ തൈകൾ ആണ് നട്ട് വളർത്തിയത്. എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലുള്ള സ്ഥലത്തും ബന്ധപ്പെട്ട അധികാരികളുടെ അനുമതിയോടെ പൊതുജനങ്ങൾക്ക് ഗുണകരമായി ഭവിക്കുന്ന പൊതു സ്ഥലങ്ങളിലും വൃക്ഷത്തൈകൾ നട്ട് വളർത്തുകയുണ്ടായി. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി സെമിനാറുകൾ/ ചർച്ചാ ക്ലാസ്സുകൾ എന്നിവ നടത്തുകയുണ്ടായി. ഓരോ ജില്ലയിലും പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ല തിരിച്ച് ടാർജറ്റ് നിശ്ചയിച്ച് നൽകുകയുണ്ടായി. 14 ജില്ലകളിൽനിന്നും ലഭ്യമായ കണക്കുകൾ അനുസരിച്ച് 5 ലക്ഷത്തിലധികം വൃക്ഷത്തൈകൾ നട്ട് വളർത്തിയതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഹരിതം സഹകരണം പദ്ധതിയിൽ പച്ചക്കറികളും മറ്റും സംഭരിക്കുന്നതിന് സഹകരണ വകുപ്പ് ലക്ഷ്യമിട്ടിട്ടില്ല.

## റിസ്ക് ഫണ്ട് പദ്ധതി ആനുകൂല്യം ലഭിക്കുന്നതിലെ കാലതാമസം

247 (2132) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിൽ വലിയ കാലതാമസം നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർ വായ്പാ കാലാവധിക്കുള്ളിലോ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ ആശ്രിതർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(സി) ഇപ്പോഴത്തെ സാഹചര്യത്തിൽ, ആനുകൂല്യം വൈകുന്നതിന്റെ ഫലമായി പലിശ ഇനത്തിൽ വരുന്ന വർദ്ധനവുമൂലം ആശ്രിതർക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിശോധിക്കുമോ;

(ഡി) സഹകരണ ബാങ്കുകളിൽ നിന്ന് ലോണെടുത്ത, റിസ്ക് ഫണ്ടിൽ അംഗങ്ങളല്ലാത്തവർ വായ്പാ കാലാവധിക്കുള്ളിലോ അതിനു ശേഷമോ മരണപ്പെട്ടാൽ ആശ്രിതർക്ക് ലോൺ തിരിച്ചടവിൽ ലഭിക്കുന്ന ഇളവുകളും മറ്റ് ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കാലതാമസം നേരിടുന്നില്ല. റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ പ്രകാരം അർഹരായ അപേക്ഷകരുടെ അപേക്ഷകൾ സമയബന്ധിതമായി ദ്രുതഗതിയിൽ തീർപ്പാക്കി ധനസഹായം വിതരണം ചെയ്തു വരുന്നു. ഇതിനായി കണ്ണൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം, ഇടുക്കി, കൊല്ലം, തൃശ്ശൂർ, കോട്ടയം, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ജില്ലാ അടിസ്ഥാനത്തിലും, മേഖലാ അടിസ്ഥാനത്തിലും ക്യാമ്പുകൾ സംഘടിപ്പിച്ച് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ മറ്റ് ജില്ലകളിലും ഇത്തരം ക്യാമ്പുകൾ സംഘടിപ്പിച്ച് റിസ്ക് ഫണ്ട് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അവസാന തിരിച്ചടവ് തീയതി മുതൽ മരണ തീയതി വരെയുള്ള പലിശയും റിസ്ക് ഫണ്ടിൽനിന്നും നൽകും.

(സി) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ പ്രകാരം അർഹരായ അപേക്ഷകരുടെ ആനുകൂല്യം വൈകുന്നതിന്റെ ഫലമായി പലിശയിനത്തിൽ വരുന്ന വർദ്ധനവുമൂലം ആശ്രിതർക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിശോധിക്കാവുന്നതാണ്. റിസ്ക് ഫണ്ട് ആനുകൂല്യം യഥാസമയം നൽകുന്നതിനായി ബോർഡിന്റെ നിയമാവലി പ്രകാരം കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചുള്ള അപേക്ഷകൾ ബോർഡിലേയ്ക്ക് ലഭ്യമാക്കാൻ നിർദ്ദേശം നൽകുന്നതാണ്.

(ഡി) റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗങ്ങൾ അല്ലാത്തവർക്ക് ആനുകൂല്യം നൽകാൻ റിസ്ക് ഫണ്ട് നിയമാവലിയിൽ വ്യവസ്ഥയില്ല.

## കേരള ബാങ്ക്

248 (2133) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന് റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിക്കുന്നതിന് വേണ്ടി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കേരള ബാങ്ക് രൂപീകരണത്തോടുകൂടി അധികം വരുന്ന ജീവനക്കാരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന ആശങ്ക ദൂരീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സഹകരണ ബാങ്ക് രൂപീകരണത്തിനായി റിസർവ് ബാങ്കിന്റെ പ്രാഥമികാനുമതിക്കായി സർക്കാർ അപേക്ഷിച്ചിട്ടുണ്ട്.

(ബി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ നിലവിലുള്ള ജീവനക്കാരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന ആശങ്ക അടിസ്ഥാനരഹിതമാണ്.

## സഹകരണ ബാങ്കുകളുടെ കിട്ടാക്കടം

249 (2134) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി സഹകരണ ബാങ്കുകളുടെ കിട്ടാക്കടത്തിന്റെ ശതമാനം കുറയ്ക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്ക് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി വസ്തു ഈടുവച്ച് പണം കടം എടുത്തിട്ട് മുടക്കം വരുത്തിയവർക്ക് ജപ്തി നോട്ടീസ് അയച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ

(സി) റബ്ബറിന്റെയും കാർഷികോല്പന്നങ്ങളുടെയും വിലയിടിവുമൂലം ബുദ്ധിമുട്ടുന്ന സാധാരണക്കാർക്ക് കുടിശ്ശിക അടച്ചുതീർക്കുവാൻ സാവകാശം നൽകാതെ ജപ്തി നടപടികളിലേക്ക് പോകുന്നത് ഒഴിവാക്കുമോ: വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന സഹകരണ ബാങ്ക് കുടിശ്ശികയായ വായ്പകളിൽ എ.ആർ.സി. കേസ്സുകൾ ഫയൽ ചെയ്യുകയും ഇ.പി. നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് SARFAESI Act പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിഷ്ക്രിയാസ്തിയായ ഉയർന്ന മൂല്യമുള്ള വായ്പകൾ പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണയായി വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിനുള്ള അനുരഞ്ജന ചർച്ചകൾ നടന്നുവരുന്നു. അപ്പെക്സ് സഹകരണ സംഘങ്ങൾ/ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുള്ള ഉയർന്ന മൂല്യമുള്ള വായ്പകൾ പിരിച്ചെടുക്കുന്നതിനായി ചർച്ചകൾ നടന്നുവരുന്നു. നിഷ്ക്രിയാസ്തി കുറയ്ക്കുന്നതിനായി കോ-ബാങ്ക് സാന്ത്വനം 2017 എന്ന പേരിൽ ബാങ്കിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നവകേരളീയം കുടിശ്ശിക നിവാരണം 2018 എന്ന പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും ബാങ്കിൽ നടപ്പാക്കി വരുന്നു.

(ബി) വായ്പക്കാരെ നേരിട്ടും കത്തു മുഖേനയും പല തവണ ബന്ധപ്പെട്ടിട്ടും കുടിശ്ശിക തുക അടയ്ക്കാത്ത വായ്പക്കാരുടെ പേരിൽ ജപ്തി നടപടികളുടെ മുന്നോടിയായി അർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യുകയും ഈ കേസുകൾ അവാർഡ് ചെയ്ത് നിയമപരമായ കാലാവധി കഴിഞ്ഞിട്ടും വായ്പാ തുക അടയ്ക്കാത്ത വായ്പക്കാരുടെ പേരിൽ ജപ്തി നടപടികൾ തുടർന്നു വരുന്നു. കൂടാതെ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വായ്പ എടുത്ത കുടിശ്ശികയായ വായ്പക്കാരുടെ പേരിൽ കേന്ദ്ര നിയമമായ SARFAESI Act പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) വായ്പാ കുടിശ്ശിക ആയതിന് ശേഷം നിയമത്തിൽ നിഷ്കർഷിക്കുന്ന തരത്തിൽ ആവശ്യമായ സമയം അനുവദിച്ചതിന് ശേഷം മാത്രമാണ് ജപ്തി നടപടികളിലേയ്ക്ക് കടക്കുന്നത്. കാർഷിക ഭൂമി പണയം വെച്ച് വായ്പ എടുക്കുന്ന കേസ്സുകളിൽ കേന്ദ്ര നിയമപ്രകാരമുള്ള ജപ്തി നടപടികൾ സ്വീകരിക്കാറില്ല. അത്തരം കേസ്സുകളിൽ എ.ആർ.സി. ഫയൽ ചെയ്ത് കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികളാണ് സ്വീകരിക്കുന്നത്. ഈ നടപടിക്രമം വളരെ കാലതാമസം എടുക്കുന്നതാകയാൽ കുടിശ്ശിക അടച്ച് തീർക്കാൻ മതിയായ സമയം ലഭിക്കുന്നതാണ്.

## സംസ്ഥാന സഹകരണ ബാങ്ക് / ജില്ലാ സഹകരണ ബാങ്കുകൾ

250 (2135) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ വഴി ഈ സർക്കാർ കാലയളവിൽ എത്ര തുക വായ്പയായി അനുവദിച്ചു; ബാങ്കുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) മുൻസർക്കാർ നൽകിയ വായ്പകളിൽ ഇതിനകം അടയ്ക്കാത്തതും പിരിഞ്ഞുകിട്ടാനുമുള്ള വായ്പാതുക എത്ര എന്നും ഈ സർക്കാർ കാലയളവിലേത് എത്ര എന്നും ബാങ്കുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) പിരിഞ്ഞു കിട്ടാനുള്ള വായ്പാതുക പിരിച്ചെടുക്കാനോ അല്ലെങ്കിൽ വസ്തുവകകൾ കണ്ടുകെട്ടാനോ ആയി സഹകരണ വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചു വരുന്നു; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്ക്- 45.74 കോടി.

| ജില്ലാ സഹകരണ ബാങ്ക് | (തുക കോടിയിൽ) |
|---|---|
| തിരുവനന്തപുരം | 3331.27 |
| കൊല്ലം | 1589.51 |
| ആലപ്പുഴ | 2715.39 |
| പത്തനംതിട്ട | 892 |
| കോട്ടയം | 1928.24 |
| ഇടുക്കി | 830.07 |
| എറണാകുളം | 1535.36 |
| തൃശ്ശൂർ | 2134.26 |

| | |
|---|---|
| പാലക്കാട് | 2640.57 |
| മലപ്പുറം | 2484 |
| കോഴിക്കോട് | 6491.04 |
| വയനാട് | 1459.53 |
| കണ്ണൂർ | 4096.33 |
| കാസർഗോഡ് | 1283.74 |

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) പിരിഞ്ഞു കിട്ടാനുള്ള വായ്പാ തുക പിരിച്ചെടുക്കുന്നതിന് ആർബിട്രേഷൻ/ എക്സിക്യൂഷൻ നടപടികൾ ബാങ്കുകൾ സ്വീകരിച്ചു വരുന്നു. നവകേരളീയം കടിശ്ശിക നിവാരണം 2018, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ എന്നിവ നടത്തി വരുന്നു.

## സഹകരണ ബാങ്കിൽ ക്ലാർക്ക് / കാഷ്യർ തസ്തിക

251 (2136) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകളിൽ ക്ലാർക്ക്/കാഷ്യർ തസ്തിക (സൊസൈറ്റി ക്വാട്ട)യിൽ നിലവിൽ നിശ്ചയിച്ചിട്ടുള്ള ഒഴിവുകളുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പിഎസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) റിപ്പോർട്ടു ചെയ്തിട്ടില്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) നിലവിൽ ഒഴിവുകളില്ല. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പുതിയ സോഫ്റ്റ്‌വെയർ സംവിധാനം

252 (2137) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമികസഹകരണ സംഘങ്ങളിൽ അക്കൗണ്ടിംഗിന് വേണ്ടി പുതിയ സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏത് സോഫ്റ്റ്‌വെയർ ആണ് കൊണ്ട് വരുന്നത്; അതിന്റെ പ്രധാന സവിശേഷതകൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(സി) പൈലറ്റ് പദ്ധതിയായി ഈ സോഫ്റ്റ്‌വെയർ എവിടെയെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; ഇതുവഴി പണം നഷ്ടപ്പെടുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കുറ്റമറ്റരീതിയിൽ പുതിയ സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുവാനും ജനങ്ങളുടെ ആശങ്ക അകറ്റുവാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) റിസർവ് ബാങ്കിന് കീഴിൽ പ്രവർത്തിക്കുന്ന IFTAS എന്ന സ്ഥാപനം വികസിപ്പിച്ചെടുക്കുന്ന സോഫ്റ്റ്‌വെയറാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിലേയ്ക്കായി IFTAS മായിട്ടുള്ള ചർച്ചകൾ പുരോഗമിച്ചു വരുന്നു.

(സി&ഡി) നടപ്പിലാക്കിയിട്ടില്ല. ഏകീകൃത സോഫ്റ്റ്‌വെയർ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കും.

## ജില്ലാ സഹകരണ ബാങ്ക്

253 (2138) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്ക് ക്ലാർക്ക് / കാഷ്യർ തസ്തികയിൽ എത്ര പേരെ സഹകരണ ബാങ്കുകൾ നിയമിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ജില്ലാ സഹകരണ ബാങ്കിലേക്ക് പുതിയ നിയമനം വേണ്ടെന്ന തീരുമാനം സഹകരണ വകുപ്പ് എടുത്തിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ജില്ലാ ബാങ്കുകൾ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനും സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | ജില്ല | നിയമിച്ചവരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | നിയമനം നടന്നിട്ടില്ല. |
| 2 | കൊല്ലം | 1 |
| 3 | ആലപ്പുഴ | 12 |
| 4 | പത്തനംതിട്ട | 10 |
| 5 | കോട്ടയം | 12 |
| 6 | ഇടുക്കി | 6 |
| 7 | എറണാകുളം | 14 |
| 8 | തൃശ്ശൂർ | 6 |
| 9 | പാലക്കാട് | 32 |
| 10 | മലപ്പുറം | 39 |
| 11 | കോഴിക്കോട് | 22 |
| 12 | വയനാട് | 14 |
| 13 | കണ്ണൂർ | 10 |
| 14 | കാസർഗോഡ് | 17 |
| | ആകെ | 195 |

(ബി) ഇല്ല.

(സി) കേരള ബാങ്ക് രൂപീകരണം ദ്രുതഗതിയിൽ നടക്കുന്ന സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്കുകളിൽ ശാഖകൾ ആരംഭിക്കുക, കൂടുതൽ ജീവനക്കാരെ നിയമിക്കുക എന്നിവയിൽ നിയന്ത്രണമേർപ്പെടുത്തിക്കൊണ്ട് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുള്ളതും എന്നാൽ നിലവിലുള്ള ഒഴിവുകളിലും റിട്ടയർമെന്റ് ഒഴിവുകളിലും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്നതിന് നിയന്ത്രണങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ലാത്തതുമാണ്.

**വ്യാജപ്രമാണങ്ങൾ നൽകി സഹകരണ ബാങ്കുകളിൽനിന്നും ലോൺ**

254 (2139) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കുകളുടെയും ജില്ലാ സഹകരണ ബാങ്കുകളുടെയും അർബൻ ബാങ്കുകളുടെയും നാളിതുവരെയുള്ള കിട്ടാക്കടം എത്രയെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) വ്യാജവിലാസം നൽകി ലോണുകൾ സംഘടിപ്പിച്ചവരുടെ പേരിൽ നടപടികൾ സ്വീകരിക്കാറുണ്ടോ; ഇത്തരത്തിൽ നടപടിയ്ക്ക് വിധേയരായവരുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) വ്യാജവിലാസവും, വ്യാജപ്രമാണങ്ങളും, വസ്തുവിന് അമിതവില കാണിച്ചും ലോൺ സംഘടിപ്പിച്ചത് വഴി സഹകരണ ബാങ്കുകൾക്ക് ഉണ്ടായ നഷ്ടം എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്ക് - 3.88 കോടി രൂപ (2016-17 ആഡിറ്റ് പ്രകാരം)

| ജില്ലാ സഹകരണ ബാങ്ക് | (തുക കോടിയിൽ) |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 174 |
| കൊല്ലം | 0.45 |
| ആലപ്പുഴ | 6.52 |

| (1) | (2) |
|---|---|
| പത്തനംതിട്ട | 0.71 |
| കോട്ടയം | 144.01 |
| ഇടുക്കി | 0.20 |
| എറണാകുളം | 266.49 |
| തൃശ്ശൂർ | 3.07 |
| പാലക്കാട് | 82.84 |
| മലപ്പുറം | 1.64 |
| കോഴിക്കോട് | 2.99 |
| വയനാട് | 38.12 |
| കണ്ണൂർ | 4.49 |
| കാസർഗോഡ് | 6.22 |

അർബൻ സഹകരണ ബാങ്ക്

| (1) | (2) |
|---|---|
| തിരുവനന്തപുരം | 4.78 |
| കൊല്ലം | ഇല്ല |
| ആലപ്പുഴ | 0.13 |
| പത്തനംതിട്ട | 0.88 |
| കോട്ടയം | 13.81 |
| ഇടുക്കി | 0.19 |

| (1) | (2) |
|---|---|
| എറണാകുളം | 1.47 |
| തൃശ്ശൂർ | 41.38 |
| പാലക്കാട് | 4.45 |
| മലപ്പുറം | 4.46 |
| കോഴിക്കോട് | 1.24 |
| വയനാട് | ഇല്ല |
| കണ്ണൂർ | 2.10 |
| കാസർഗോഡ് | 0.04 |

(ബി) <u>സംസ്ഥാന സഹകരണ ബാങ്ക്</u>

George Thomas, T.C. 16/508, Puthusseri, Vikas Bhavan എന്ന വിലാസത്തിലെ വ്യക്തി ബാങ്കിന്റെ ഹെഡ് ഓഫീസ് ശാഖയിൽനിന്നും 3,00,000 രൂപ വായ്പ എടുക്കുകയും ഇതേ വ്യക്തി തന്നെ Santhoshkumar, Thyparambil, Chungam, Alappuzha എന്ന വിലാസത്തിൽ ബാങ്കിന്റെ ആലപ്പുഴ ശാഖയിൽ നിന്ന് 3 ലക്ഷം രൂപ ലോൺ എടുക്കുകയും അതുപോലെ തന്നെ P.S. George, Panackal House, Rishimangalam, Vanchiyoor എന്ന വിലാസത്തിൽ ബാങ്കിന്റെ സ്റ്റാച്യു ശാഖയിൽനിന്നും 2 ലക്ഷം രൂപയും വായ്പ എടുത്തിട്ടുണ്ട്.

<u>ജില്ലാ സഹകരണ ബാങ്ക്</u>

| | |
|---|---|
| തിരുവനന്തപുരം | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| കൊല്ലം | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ആലപ്പുഴ | റിപ്പോർട്ട് ചെയ്തിട്ടില്ല. |
| പത്തനംതിട്ട | റിപ്പോർട്ട് ചെയ്തിട്ടില്ല. |

| | |
|---|---|
| കോട്ടയം | ഇല്ല. |
| ഇടുക്കി | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| എറണാകുളം | റിപ്പോർട്ട് ചെയ്തിട്ടില്ല. |
| തൃശ്ശൂർ | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| പാലക്കാട് | ബാങ്കിന്റെ ഒറ്റപ്പാലം ശാഖയിൽനിന്നും 27-3-2014-ന് ശ്രീ. മുഹമ്മദ് റഫീക്ക് എന്നയാൾക്ക് അനുവദിച്ച് നൽകിയ 15 ലക്ഷം രൂപയുടെ വായ്പയ്ക്ക് ഈടായി നൽകിയ ആധാരങ്ങൾ പിന്നീട് വ്യാജമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| മലപ്പുറം | 1. മുഹമ്മദ് കുട്ടി, S/o കുഞ്ഞവറാൻ കുട്ടി, നെച്ചിക്കാട്ട് വടുതല ഹൗസ്, തെയ്യാല പി.ഒ., മലപ്പുറം.<br>2. ഹുസൈൻ കെ. സി. S/o കെ. സി. മായൻ കുട്ടി, കടുവാക്കഞ്ചേരി ഹൗസ്, കരിങ്ങാപ്പാറ, ഓമച്ചപുഴ പി.ഒ., തെയ്യാല, മലപ്പുറം.<br>3. അബ്ദുൾ ഗഫൂർ, കടുവാക്കഞ്ചേരി ഹൗസ്, കരിങ്ങാപ്പാറ, ഓമച്ചപുഴ, തെയ്യാല പി.ഒ., മലപ്പുറം.<br>4. ഹസ്സൻ കെ. സി. S/o കെ. സി. മായിൻ കുട്ടി, കടുവാക്കഞ്ചേരി ഹൗസ്, കരിങ്ങാപ്പാറ, ഓമച്ചപുഴ, പി.ഒ. തെയ്യാല, മലപ്പുറം. |

| | |
|---|---|
| തെയ്യാല | 5. ഷാഹിദ കെ. സി. D/o കെ. സി. മായിൻ കുട്ടി, കടുവാക്കഞ്ചേരി ഹൗസ്, കരിങ്ങാപ്പാറ, ഓമച്ചപുഴ പി.ഒ., തെയ്യാല മലപ്പുറം.<br>6. സൗദ കെ. സി. D/o കെ. സി. മായിൻ കുട്ടി, കടുവാക്കഞ്ചേരി ഹൗസ്,കരിങ്ങാപ്പാറ, ഓമച്ചപുഴ പി.ഒ., തെയ്യാല, മലപ്പുറം.<br>7. ആയിഷ കെ. സി. D/o കെ. സി. മായിൻ കുട്ടി, കടുവാക്കഞ്ചേരി ഹൗസ്, കരിങ്ങാപ്പാറ, ഓമച്ചപുഴ പി.ഒ., തെയ്യാല, മലപ്പുറം. |
| കോഴിക്കോട് | ഇല്ല. |
| വയനാട് | ഇല്ല. |
| കണ്ണൂർ | റിപ്പോർട്ട് ചെയ്തിട്ടില്ല. |
| കാസർഗോഡ് | റിപ്പോർട്ട് ചെയ്തിട്ടില്ല. |

അർബൻ സഹകരണ ബാങ്ക്- ഇല്ല.

(സി) <u>സംസ്ഥാന സഹകരണ ബാങ്ക്</u>- 6.81 കോടി രൂപ.

<u>ജില്ലാ സഹകരണ ബാങ്ക്</u>

| | |
|---|---|
| തിരുവനന്തപുരം | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| കൊല്ലം | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ആലപ്പുഴ | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| പത്തനംതിട്ട | 25 ലക്ഷം രൂപ. |
| കോട്ടയം | 1,25,00,000 രൂപ. |
| ഇടുക്കി | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| എറണാകുളം | ഇല്ല. |
| തൃശ്ശൂർ | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| പാലക്കാട് | 25,40,000 രൂപ. |
| മലപ്പുറം | 9,50,497 രൂപ. |
| കോഴിക്കോട് | റിപ്പോർട്ട് ചെയ്തിട്ടില്ല. |
| വയനാട് | ഇല്ല. |
| കണ്ണൂർ | ഇല്ല. |
| കാസർഗോഡ് | 7,50,000 രൂപ. |

അർബൻ സഹകരണ ബാങ്ക്- ഇല്ല.

**തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതി**

255 (2140) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിലെ തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതി സംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങളാണ് നാളിതു വരെ നടത്തിയിട്ടുള്ളത്; ഇതിലെ സുപ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) ഇതിൽ ഇന്നേവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) സർവ്വീസ് ഏരിയയ്ക്ക് പുറത്ത് പ്രസ്തുത ബാങ്ക് വായ്പ നൽകിയതിൽ എന്ത് നടപടിയാണ് സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് നടത്തിയ അന്വേഷണങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതികൾ സംബന്ധിച്ച് 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തിയിരുന്നു. കൂടാതെ ടി ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച്

സഹകരണ വിജിലൻസ് അന്വേഷണം നടത്തുകയും ചെയ്തിരുന്നു. സഹകരണ നിയമം വകുപ്പ് 66 പ്രകാരവും ടി ബാങ്കിൽ അന്വേഷണം നടത്തിയിരുന്നു. ടി അന്വേഷണത്തിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു :

1. തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിന് സ്വകാര്യ മില്ലുകൾ നെല്ല് സംഭരണം നടത്തി കുടിശ്ശിക വരുത്തിയ വകയിൽ ലഭിക്കുവാനുള്ള തുകകൾ പലിശ സഹിതം ഈടാക്കേണ്ടതാണ്.

2. തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിലെ മുൻ സെക്രട്ടറി ശ്രീ. കെ. കുട്ടികൃഷ്ണന് അധിക ബോണസ് ഇനത്തിൽ നൽകിയ തുക 22,470 തിരികെ ഈടാക്കേണ്ടതാണ്.

3. സ്റ്റോക്ക് ഡെഫിസിറ്റ് ഇനത്തിൽ 1,31,031.85 (ഒരു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി മുപ്പത്തി ഒന്ന് രൂപ എൺപത്തി അഞ്ച് പൈസ) രൂപ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4. ബാങ്കിലെ മിനിട്ട്സ് ബുക്ക് ക്രമപ്രകാരം എഴുതി സൂക്ഷിക്കാനും ബാങ്കിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും നിർദ്ദേശിച്ചിട്ടുണ്ട്.

5. സംഘം ഭൂമി വാങ്ങിയത് സഹകരണ സംഘം രജിസ്ട്രാറുടെ 16/2011 നമ്പർ സർക്കുലർ നിർദ്ദേശങ്ങൾ പാലിച്ചല്ല. സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കാതെ സ്ഥലം വാങ്ങിയതിനും സംഘത്തിന്റെ പൊതു ഫണ്ട് സംഘത്തിന്റെ വ്യാപാരവുമായി ബന്ധമില്ലാത്ത ഡെഡ് ഇൻവെസ്റ്റ്മെന്റ് ആയി തുക വിനിയോഗിച്ചതിന് ഭരണസമിതി ഉത്തരവാദികളാണ്.

6. സംഘത്തിന്റെ പ്രവർത്തന പരിധി അധികരിച്ച് ഡി ക്ലാസ് അംഗത്വം അനുവദിക്കുകയും വായ്പകൾ നൽകുകയും ചെയ്തിട്ടുണ്ട്. വാല്യുവേഷനെ അധികരിച്ച് മതിയായ ഈട് ഇല്ലാതെ ഭരണസമിതി വായ്പകൾ അനുവദിച്ച് നൽകി.

(ബി) കേരള സഹകരണ നിയമം വകുപ്പ് 65 അന്വേഷണത്തിലെ ന്യൂനതകൾ സംഘം പരിഹരിച്ചിട്ടുണ്ട്. എന്നാൽ കേരള സഹകരണ നിയമം വകുപ്പ് 66 പരിശോധനാ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ടവർക്ക് റിപ്പോർട്ടിന്റെ പകർപ്പ് അയച്ചുകൊടുത്തിരുന്നു. ആയത് സംബന്ധിച്ച് പ്രസിഡന്റും ഭരണസമിതിയും വിശദീകരണം സമർപ്പിക്കുകയും ടി

വിശദീകരണത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് പരിശോധിച്ച് 20-2-2018 ൽ ചിറ്റൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്.

(സി) ബാങ്കിന്റെ രജിസ്റ്റേർഡ് ബൈലോയിൽ പ്രവർത്തന പരിധിക്ക് പുറത്ത് സമീപ പ്രദേശങ്ങളിലെ അർഹരായ വ്യക്തികൾക്ക് വോട്ടവകാശമില്ലാത്ത വിധത്തിൽ ഡി ക്ലാസ്സ് അംഗത്വം നൽകാനും (Nominal or Associate Members) വായ്പ നൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർവ്വീസ് ഏരിയയ്ക്ക് പുറത്ത് പ്രസ്തുത ബാങ്ക് വായ്പ നൽകിയത് സംബന്ധിച്ച് 20-2-2018-ൽ സമർപ്പിച്ച 66-ാം വകുപ്പ് അന്വേഷണ റിപ്പോർട്ടിൽ പരാമർശമുണ്ട്. ടി റിപ്പോർട്ടിന്മേൽ വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ടി അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

## ഭക്ഷണ ക്യാന്റീനുകൾ നടത്താൻ ജീവനക്കാരുടെ സഹകരണ സംഘങ്ങൾ

256 (2141) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ കളക്ടറേറ്റുകൾ, സെക്രട്ടേറിയറ്റ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിലെ ഭക്ഷണ കാന്റീനുകൾ നടത്താൻ ക്വട്ടേഷനുകൾ ക്ഷണിക്കുമ്പോൾ ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്ക് മുൻഗണന നൽകുന്ന രീതി നിലവിലുണ്ടോ ;

(ബി) ഇത്തരത്തിൽ ജീവനക്കാരുടെ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ക്യാന്റീനുകൾ നടത്തുന്നതിന് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ ?

### <u>ഉത്തരം</u>

(എ) ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്ക് മുൻഗണന നൽകുന്ന രീതി നിലവിലില്ല. സെക്രട്ടേറിയറ്റിലെ ഭക്ഷണ ക്യാന്റീൻ നടത്തി വരുന്നത് ജീവനക്കാർ തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ ഉൾപ്പെട്ട മാനേജിംഗ് കമ്മിറ്റിയാണ്.

(ബി) ജീവനക്കാരുടെ സഹകരണ സംഘങ്ങൾക്ക് സംഘം ബൈലോയ്ക്ക് വിധേയമായി സ്വന്തം നിലയിൽ കാന്റീനുകൾ ഏറ്റെടുത്ത് നടത്താവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ജീവനക്കാരുടെ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ക്യാന്റീനുകൾ നടത്തുന്നതിന് മുൻഗണന നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഒറ്റപ്പാലം മണ്ഡലത്തിലെ നീതി സ്റ്റോറുകൾ

257 (2142) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ സ്ഥാപനങ്ങളെ പുനഃരുദ്ധരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) വിപണി ഇടപെടലുകൾ നടത്തി അവശ്യസാധനങ്ങളുടെ വില നിയന്ത്രണം നടപ്പിൽ വരുത്തുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര നീതിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകാമോ;

(ഡി) ഒറ്റപ്പാലം മണ്ഡലത്തിലെ നീതിസ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ നീതിസ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി അംഗീകാരം നൽകിയ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി, ഷെയർ, വായ്പ എന്നീ അനുപാതത്തിൽ സാമ്പത്തിക സഹായം അനുവദിക്കുന്നതിനായുള്ള പദ്ധതികൾ നിലവിലുണ്ട്. നല്ല പ്രവർത്തന നിലവാരമുള്ള വിവിധ തരത്തിലുള്ള സംഘങ്ങൾക്ക് അവരുടെ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1:2:2 എന്ന അനുപാതത്തിൽ സബ്സിഡി, ഓഹരി, വായ്പ എന്നീ ഇനത്തിൽ പരമാവധി 50 ശതമാനം തുക നൽകി പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതിയുടെ സ്വീകാര്യത, സംഘങ്ങളുടെ പ്രവർത്തനം എന്നിവ പരിഗണിച്ച് പദ്ധതി ചെലവിന്റെ 65 ശതമാനം വരെ ധനസഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ദുർബ്ബല വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും, പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും സ്കൂൾ, സർവ്വകലാശാല, സഹകരണ സ്റ്റോറുകൾ, ജില്ലാതല മൊത്ത വ്യാപാര സഹകരണ സ്റ്റോറുകൾ എന്നിവയുടെ പുനരുദ്ധാരണത്തിനും ധനസഹായം നൽകുന്നു.

(ബി) ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 168 നീതി സ്റ്റോറുകളും 178 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. ടി സ്റ്റോറുകൾ വഴി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ ഉത്സവകാലങ്ങളിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി സംസ്ഥാനം ഒട്ടാകെ വിൽപ്പന നടത്തി വില നിലവാരം പിടിച്ചു നിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. അരിവില നിയന്ത്രണാ തീതമായി കുതിച്ചുയർന്ന സമയത്ത് പശ്ചിമ ബംഗാളിൽ നിന്ന് അരി ലഭ്യമാക്കി വിലനിലവാരം കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ 3 നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

1. ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സി.എസ്.- ഒറ്റപ്പാലം മുനിസിപ്പാലിറ്റി.
2. പൂക്കോട്ട്കാവ് അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് ക്രെഡിറ്റ് സി.എസ്.- പൂക്കോട്ട്കാവ് പഞ്ചായത്ത്.
3. കടമ്പഴിപ്പുറം സേവന സഹകരണ ബാങ്ക്-കടമ്പഴിപ്പുറം പഞ്ചായത്ത്.

(ഡി) നീതി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സഹകരണ സംഘങ്ങൾ നീതി സ്റ്റോർ തുടങ്ങുവാനുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അനുമതി നൽകുന്നതാണ്.

## സഹകരണ വകുപ്പ് മുഖേന സ്മാർട്ട് ക്ലാസ് റൂം

258 (2143) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് മുഖേന സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചു നൽകുന്ന പദ്ധതി ഈ വിദ്യാഭ്യാസ വർഷത്തിൽ നടപ്പിലാക്കുവാൻ സാധിക്കു മോയെന്ന് വ്യക്തമാക്കാമോ;

(ബി) സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിനുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടു ള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ & ബി) സഹകരണ വകുപ്പ് മുഖേന സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചു നൽകുന്നതിനുള്ള രൂപരേഖ തയ്യാറാക്കി വരികയാണ്.

## വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിന് നടപടി

259 (2144) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുതരമായ രോഗം ബാധിച്ച് യാതന അനുഭവിക്കുന്നവരും, കുടുംബനാഥൻ മരണപ്പെട്ടതുമൂലം പൂർണ്ണമായും വരുമാന സ്രോതസ്സ് നിലച്ചവരുമായിട്ടുള്ളവർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഗുരുതരമായ രോഗം ബാധിച്ച് യാതന അനുഭവിക്കുന്നവരും കുടുംബനാഥൻ മരണപ്പെട്ടതുമൂലം പൂർണ്ണമായും വരുമാന സ്രോതസ്സ് നിലച്ചവരുമായിട്ടുള്ളവർ സഹകരണ സ്ഥാപനങ്ങളിൽനിന്ന് എടുത്തിട്ടുള്ള വായ്പകളിന്മേൽ കുടിശ്ശിക കുറയ്ക്കുന്നതിനും ഇളവുകൾ നൽകി കുടിശ്ശിക തീർപ്പാക്കുന്നതിനുമായി "നവകേരളീയം കുടിശ്ശിക നിവാരണം- 2018" എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ കാലാവധി 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 25 വരെയാണ്. മരണപ്പെട്ടവരുടെയും മാരകരോഗം ബാധിച്ചവരുടെയും കുടിശ്ശികയായ വായ്പകൾ ഈടാക്കാൻ യാതൊരു നിവൃത്തിയും ഇല്ലാത്ത പക്ഷം ഒരു ലക്ഷം രൂപ വരെയുള്ള വായ്പകളിന്മേൽ സംഘംതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാതല കമ്മിറ്റിക്ക് ഇളവനുവദിക്കാവുന്നതാണ്. ഒരു ലക്ഷത്തിന് മുകളിലുള്ള കേസുകളിൽ സംഘംതല കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ശിപാർശ ചെയ്ത് സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിക്ക് സമർപ്പിക്കാവുന്നതാണ്. വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ നിബന്ധനകൾക്ക് വിധേയമായി ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതിത്തള്ളാൻ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി എന്ന പദ്ധതി നിലവിലുണ്ട്. റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ബാങ്കുകളിൽനിന്നും വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽ നിന്നും നൽകും. കൂടാതെ റിസ്ക് ഫണ്ട് നിയമാവലിയിൽ പരാമർശിച്ചിട്ടുള്ള ഏഴ് മാരകരോഗങ്ങളിൽ ഏതെങ്കിലും ബാധിച്ചവരുടെ വായ്പാ മുതൽ ഇനത്തിൽ 75,000 രൂപ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി നൽകും.

## സഹകരണ ബാങ്കുകൾ വഴി കെ.എസ്.ആർ.ടി.സി. പെൻഷൻ

260 (2145) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി-യുടെ പെൻഷൻ സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന പദ്ധതിയിൽ എത്ര സഹകരണ ബാങ്കുകൾ പങ്കാളികളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പെൻഷൻ വിതരണത്തിനായി എത്ര കോടി രൂപയാണ് സഹകരണ ബാങ്കുകൾ മുഖാന്തരം അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ 2018 ഫെബ്രുവരി വരെയുള്ള പെൻഷൻ കുടിശ്ശിക തുക പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം/ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് വിതരണം ചെയ്യുന്നതിൽ 25 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെയാണ് പങ്കാളികളാക്കിയിട്ടുള്ളത്. നിലവിൽ 567 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം നടത്തി വരുന്നു.

(ബി) 2018 ഫെബ്രുവരി വരെ പെൻഷൻ കുടിശ്ശിക വിതരണത്തിനായി 250 കോടി രൂപയാണ് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന ശേഖരിച്ച് അനുവദിച്ചു വരുന്നത്.

## സഹകരണ സ്ഥാപനങ്ങൾക്കു വന്നിട്ടുള്ള ധനനഷ്ടം

261 (2146) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില സഹകരണ സ്ഥാപനങ്ങളിൽ ജീവനക്കാർ ക്രമക്കേടും അഴിമതിയും പണാപഹരണമുൾപ്പെടെയുള്ള തട്ടിപ്പുകൾ നടത്തുന്നതും അതിന്റെ ഭാഗമാകുന്നതും ശ്രദ്ധയിൽപ്പെട്ടുവോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തട്ടിപ്പുകൾ കണ്ടെത്തി തടയുവാനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനുമായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ ഇത്തരത്തിലുള്ള കൃത്യവിലോപം കാണിച്ച എത്ര ഉദ്യോഗസ്ഥരെ കണ്ടെത്തിയെന്നും എന്ത് നടപടികൾ സ്വീകരിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത അന്വേഷണങ്ങളിലൂടെ സഹകരണ സ്ഥാപനങ്ങൾക്ക് വന്നിട്ടുള്ള ധനനഷ്ടം എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചില സഹകരണ സ്ഥാപനങ്ങളിൽ ജീവനക്കാർ ക്രമക്കേടും അഴിമതിയും പണാപഹരണവുമുൾപ്പെടെയുള്ള തട്ടിപ്പുകൾ നടത്തുന്നതും അതിന്റെ ഭാഗമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റക്കാരായ ജീവനക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണവും വകുപ്പ് 66 പ്രകാരമുള്ള പരിശോധനയും വകുപ്പ് 68(2) പ്രകാരം നഷ്ടപ്പെട്ട തുക ഈടാക്കുന്ന തിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ കുറ്റക്കാർക്കെതിരെ സഹകരണ നിയമ പ്രകാരമുള്ള ശിക്ഷണ നടപടിയും സ്വീകരിച്ചു വരുന്നു.

(സി) ഈ സർക്കാർ കാലയളവിൽ ഇത്തരത്തിൽ കൃത്യവിലോപം കാണിച്ച 118 ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ട്. അതിൽ 64 പേരെ സസ്പെന്റ് ചെയ്യുകയും 11 പേരെ ഡിസ്മിസ് ചെയ്യുകയും 19 പേർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും 3 പേരെ തരംതാഴ്ത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത അന്വേഷണങ്ങളിലൂടെ സഹകരണ സ്ഥാപനങ്ങൾക്ക് ഏകദേശം 681,199,157 രൂപയുടെ ധന നഷ്ടം ഉണ്ടായിട്ടുണ്ട്.

**കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ച് മാനേജർ**

262 (2147) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലാ സഹകരണ ബാങ്കിലെ ബ്രാഞ്ച് മാനേജർ തസ്തികയിലേക്ക് 15 ഒഴിവുകൾ നിലവിലുണ്ടായിട്ടും പി.എസ്.സി. നിയമന ശിപാർശ നൽകുന്നില്ല എന്നത് കണക്കിലെടുത്ത് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

കണ്ണൂർ ഡി.സി.ബി.യിൽ ആകെയുള്ള 62 ബ്രാഞ്ച് മാനേജർ തസ്തികകളിൽ പ്രൊമോഷൻ വഴിയും നേരിട്ടുള്ള നിയമനം വഴിയും നികത്തേണ്ട അനുപാതം 3:1 ആണ്. അതുപ്രകാരം നേരിട്ടുള്ള നിയമനം നടത്തേണ്ട 15 തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമന ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് 15 ബ്രാഞ്ച് മാനേജർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതാണ്.

**സഹകരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ**

263 (2148) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംസ്ഥാന സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളിൽ സഹകാരികളായ അംഗങ്ങൾക്ക് യഥാസമയം സേവനം ലഭ്യമാകാത്തതും മോശമായ പെരുമാറ്റവും നടക്കുന്നതായ പരാതികൾ പരിഹരിക്കാനും ഫലപ്രദമായ സേവനം ഉറപ്പുവരുത്താനുമായി സഹകരണ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഇത്തരത്തിൽ എത്ര പേരുടെ പേരിൽ പരാതികൾ ലഭിച്ചു; ഇതിൽ എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണസംഘം രജിസ്ട്രാറുടെ 37/2008 സർക്കുലർ പ്രകാരം സഹകരണ സ്ഥാപനങ്ങളിലെ ഇടപാടുകാരോട് പാലിക്കേണ്ട പെരുമാറ്റം സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിലെ ഇടപാടുകാർക്കും മെമ്പർമാർക്കും ഭരണസമിതി അംഗങ്ങൾക്കും മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുവാൻ സ്ഥാപനങ്ങളിലെ ജീവനക്കാരെ നിരന്തരം ബോധവൽക്കരിക്കുന്നുണ്ട്. കൂടാതെ പ്രതിമാസ അവലോകന യോഗങ്ങളിലും സർക്കിൾ യൂണിയൻ സംഘടിപ്പിക്കുന്ന ക്ലാസ്സുകളിലും ഈ വിഷയം ചർച്ച ചെയ്യുകയും ചെയ്തുവരുന്നു. യൂണിറ്റ് ഇൻസ്പെക്ടർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും സംഘതല പരിശോധനകളിൽ സഹകരണ സംഘം ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

(ബി) ഈ സർക്കാർ കാലയളവിൽ 9 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ മലപ്പുറം തിരൂർ അർബൻ സഹകരണ ബാങ്കിലെ പരാതിയിൽ ജീവനക്കാരനെ സസ്പെന്റ് ചെയ്യുകയും പാലക്കാട് ഡി.സി.ബി.യിലെ പരാതിയിൽ ജീവനക്കാരനെ സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 7 പരാതികളിൽ അന്വേഷണം നടന്നുവരുന്നു.

## സ്വർണ്ണ പണയ വായ്പാ തട്ടിപ്പുകൾ തടയുവാൻ നടപടി

264 (2149) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും സ്വർണ്ണ പണയ വായ്പാ തട്ടിപ്പുകൾ തടയുവാൻ സഹകരണ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങളിൽ ഇന്ന് സൂക്ഷിച്ചിട്ടുള്ള പണയ ഉരുപ്പടികളും ബോണ്ടുകളും സർക്കാർ പരിശോധിച്ച് കൃത്യത വരുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം പരിശോധനകൾ ഇടയ്ക്കിടെ നടത്തുകയും ആയതുപാലിക്കാത്ത സംഘങ്ങൾക്കെതിരെ നടപടി കൈക്കൊള്ളുകയും ചെയ്യുമോ?

### ഉത്തരം

(എ) സഹകരണ സംഘങ്ങളിൽ സ്വർണ്ണപ്പണയാഭരണ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 22/2016-ാം നമ്പർ സർക്കുലർ പ്രകാരം കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഇതിനു പുറമെ സഹകരണ സംഘം രജിസ്ട്രാറുടെ പ്രത്യേക നിർദ്ദേശ പ്രകാരം വായ്പേതര സഹകരണ സംഘങ്ങളിലെ സ്വർണ്ണപ്പണയാഭരണ പരിശോധന പൂർത്തീകരിക്കുകയും വായ്പ സംഘങ്ങളുടെ സ്വർണ്ണപ്പണയാഭരണ പരിശോധന നടത്തി വരുകയുമാണ്. എന്നാൽ വീണ്ടും സഹകരണ ബാങ്കുകളിൽ പണയ ഉരുപ്പടികൾ കൈകാര്യം ചെയ്യുന്നതിൽ കൃത്രിമം കാണിക്കുന്നതും സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നതും തുടർന്നു വരുന്നതായി ആക്ഷേപമുണ്ടായ സാഹചര്യത്തിൽ ആയത് നിയന്ത്രിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ 13/2018 സർക്കുലർ പ്രകാരം 22/2016 സർക്കുലറിലെ നിർദ്ദേശങ്ങളെ കുറച്ചുകൂടി സ്പഷ്ടീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണപ്പണയ പണ്ടങ്ങളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പു വരുത്തുന്നതിന് സംഘം തലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും സംഘത്തിൽ നടക്കുന്ന എല്ലാ സ്വർണ്ണപ്പണയ ക്രമക്കേടുകൾക്കും പൂർണ്ണ ഉത്തരവാദിത്വം ടി കമ്മിറ്റിക്കും സംഘത്തിലെ ഭരണ സമിതി അംഗങ്ങളിലും നിക്ഷിപ്തമാക്കി വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) വകുപ്പ് തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ 22/2016-ാം നമ്പർ സർക്കുലർ നിർദ്ദേശ പ്രകാരം വകുപ്പിലെ ഇൻസ്പെക്ടർ/ ആഡിറ്റർമാർ സഹകരണ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിട്ടുള്ള പണയ ഉരുപ്പടികളും ബോണ്ടുകളും പരിശോധിച്ച് കൃത്യത വരുത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു വരുന്നു.

(സി) ഇത്തരം പരിശോധനകൾ വകുപ്പ് തലത്തിൽ ഇടയ്ക്കിടയ്ക്ക് നടത്തി ആയത് പാലിക്കാത്ത സംഘങ്ങൾക്കെതിരെ കർശന നടപടികൾ കൈക്കൊണ്ട് വരുന്നു.

**ഹൗസ് ബോട്ടുകളിലെ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ**

265 (2150) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകളെ സംബന്ധിച്ച് സർക്കാരിന്റെ പക്കൽ കണക്കുകളുണ്ടോ; വ്യക്തമാക്കുമോ;

(ബി) എല്ലാ ഹൗസ് ബോട്ടുകൾക്കും രജിസ്ട്രേഷനുണ്ടോ; രജിസ്ട്രേഷൻ നൽകുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്; വിശദമാക്കുമോ;

(സി) ഇത്തരം മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട് എന്നുറപ്പു വരുത്തുന്നതിന് പരിശോധനകൾ നടത്താറുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഹൗസ് ബോട്ടുകളുടെ ബാഹുല്യം നിമിത്തം കായലുകളിൽ മാലിന്യം വർദ്ധിക്കുന്നതും അതുമൂലം മത്സ്യ സമ്പത്ത് കുറയുന്നതും പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഇ) മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ (ശുചിമുറി മാലിന്യം അടക്കം) സംസ്കരിക്കുന്നതിന് സംവിധാനമില്ലാത്ത ഹൗസ് ബോട്ടുകളെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(എഫ്) ഇവ ഇല്ലാത്തതിന്റെ പേരിൽ എത്ര ഹൗസ് ബോട്ടുകൾക്കെതിരെ നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള ഇൻലാന്റ് വെസ്സൽ റൂൾ അനുസരിച്ച് കേരളത്തിൽ 6 പോർട്ട് ഓഫ് രജിസ്ട്രിയിലാണ് ഹൗസ് ബോട്ടുകൾ രജിസ്റ്റർ ചെയ്യേണ്ടത്. 2018 ഫെബ്രുവരി വരെ കേരളത്തിലെ പോർട്ട് ഓഫ് രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്ത ബോട്ടുകളുടെ എണ്ണം- വിഴിഞ്ഞം-2, കൊല്ലം- 33, ആലപ്പുഴ- 757, കൊടുങ്ങല്ലൂർ-7, ബേപ്പൂർ- 3, അഴീക്കൽ-7 എന്നിങ്ങനെയാണ്.

(ബി) ഇല്ല. രജിസ്ട്രേഷൻ നൽകുന്നതിന് കേരള ഇൻലാന്റ് വെസ്സൽ റൂൾ 2010 പ്രകാരമുള്ള എല്ലാ മാനദണ്ഡങ്ങളും നിബന്ധനകളും പാലിക്കേണ്ടതുണ്ട്.

(സി) പരിശോധനകൾ നടത്താറുണ്ട്. ഒരു മാസത്തിൽ രണ്ട് പ്രാവശ്യത്തിൽ കൂടുതൽ തുറമുഖ വകുപ്പിലെ ബന്ധപ്പെട്ട ചീഫ് സർവ്വേയറുടെ നേതൃത്വത്തിൽ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്താറുണ്ട്.

(ഡി) ഹൗസ് ബോട്ടുകളുടെ ബാഹുല്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി തുറമുഖ വകുപ്പ് 2013 ഡിസംബറിന് ശേഷം പുതുതായി വേമ്പനാട് കായലിൽ ജലയാനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നത് നിർത്തിവച്ചിട്ടുള്ളതാണ്.

(ഇ) മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാന ത്തിലാണ് ബോട്ടുകളുടെ വാർഷിക സർവ്വേ സർട്ടിഫിക്കറ്റ് നൽകി വരുന്നത്. ഇത് പാലിക്കാതെ പ്രവർത്തിക്കുന്നവർക്ക് കൂടിയ നിരക്കിലുള്ള പിഴ ഈടാക്കി വരുന്നുണ്ട്.

(എഫ്) മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ലാത്തതിന് നാളിതുവരെ 91 ഹൗസ് ബോട്ടുകൾക്ക് പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യം**

266 (2151) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിനോദസഞ്ചാരികളെത്തുന്ന വിനോദസഞ്ചാര കേന്ദ്രം ഏതാണ് ;

(ബി) വിനോദ സഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്ന രീതിയിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന് തീരുമാ നിച്ചിട്ടുണ്ടോ;

(സി) എങ്കിൽ 2018-19 ൽ ഏതെല്ലാം വിനോദ സഞ്ചാര കേന്ദ്രങ്ങളെയാണ് ഇക്കാര്യത്തിനായി പരിഗണിച്ചിട്ടുള്ളത്എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2017-ലെ സ്ഥിതിവിവര കണക്കനുസരിച്ച് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിനോദ സഞ്ചാരികളെത്തുന്ന വിനോദ സഞ്ചാര കേന്ദ്രം കൊച്ചി പട്ടണം ആണ്.

(ബി) ഉണ്ട്.

(സി) 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള കോവളം, കുമരകം, തേക്കടി, മൂന്നാർ, ഫോർട്ട് കൊച്ചി, അതിരപ്പിള്ളി, വയനാട്, വർക്കല, നെയ്യാർ, അഷ്ടമുടി, തെന്മല, ശബരിമല, വേമ്പനാട്, വാഗമൺ, ചെറായി, പീച്ചി, ഗുരുവായൂർ, മലമ്പുഴ, നെല്ലിയാമ്പതി, നിള, നിലമ്പൂർ, കാപ്പാട്, ഇരിങ്ങൽ, തുഷാരഗിരി ഉൾപ്പടെയുള്ള പ്രധാന ഡെസ്റ്റിനേഷനുകളെയാണ് ഇതിനായി പരിഗണിച്ചിട്ടുള്ളത്.

## ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

267 (2152) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് അഡ്വഞ്ചർ ടൂറിസം നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിലേയ്ക്കെത്തുന്ന ആഭ്യന്തര, വിദേശ വിനോദ സഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദസഞ്ചാരാനുഭവം നൽകുന്നതിനും, അവ മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും വേണ്ട വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഏറ്റവും കാതലായ അടിസ്ഥാന സൗകര്യ വികസനത്തിനാണ് വകുപ്പ് ഊന്നൽ നൽകുന്നത്. സംസ്ഥാന/ ജില്ലാതല ഓണം വാരാഘോഷം, നിശാഗന്ധി ഫെസ്റ്റിവൽ, നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഉത്സവം എന്നിവയ്ക്ക് പുറമെ വിവിധ സ്ഥലങ്ങളിൽ നടക്കുന്ന ജലോത്സവങ്ങൾ, വള്ളംകളികൾ, സാംസ്കാരിക പരിപാടികൾ, ഉത്സവങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്നു. ടൂറിസം കേന്ദ്രങ്ങൾ എല്ലാ വിഭാഗക്കാർക്കും അനുഭവവേദ്യമാക്കുന്നതിനായി ബാരിയർ ഫ്രീ ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തി വരുന്നു. ഗ്രാമീണ മേഖലയിൽ പദ്ധതി പ്രദേശങ്ങളിലെ സ്ഥലവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി RT Mission പ്രവർത്തനം നടത്തുന്നു. ഹൗസ് ബോട്ടുകളിൽ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം ഏർപ്പെടുത്തി

വരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സഞ്ചാരികൾക്കാവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ, ബോധവൽക്കരണം എന്നിവയും സുരക്ഷയുടെ ഭാഗമായി ലൈഫ് ഗാർഡുകളുടെ സേവനം, പോലീസ് എയ്ഡ് പോസ്റ്റ്, ടൂറിസം പോലീസിന്റെ സേവനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രീൻ കാർപ്പറ്റ് പദ്ധതിയുടെ ഭാഗമായി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഡെസ്റ്റിനേഷൻ മാനേജർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനും ശുചിത്വത്തിനും പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തി വരുന്നത്. ടൂറിസം മാർക്കറ്റിംഗ് ലക്ഷ്യമിട്ട് വിവിധ വിദേശ രാജ്യങ്ങളിൽ ടൂറിസം വകുപ്പ് വിവിധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ വിദേശ രാജ്യങ്ങളിൽ നടക്കുന്ന പ്രധാനപ്പെട്ട ടൂറിസം ഫെയറുകളിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം ഉറപ്പാക്കുന്നുണ്ട്. കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ/ഓഫ്ലൈൻ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. വിനോദ സഞ്ചാരികളെയും കലാസ്വാദകരെയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ കേരള ടൂറിസത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചു വരുന്നു. യൂറോപ്പിലെ പ്രധാന ചാനലുകളായ യൂറോ ന്യൂസ്, സ്കൈ ന്യൂസ് എന്നിവയിലും യൂറോപ്പിലെയും മിഡിൽ ഈസ്റ്റ്, ആഫ്രിക്ക എന്നിവിടങ്ങളിലെയും പ്രധാന ടിവി ചാനലായ സി.എൻ.എൻ.-ലും കേരള ടൂറിസം പരസ്യം പ്രൈംടൈമിൽ സംപ്രേഷണം ചെയ്തിട്ടുണ്ട്. വിദേശ രാജ്യങ്ങളായ സ്വീഡൻ, യു.കെ., സ്പെയിൻ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലെ വിവിധ മാസികകളിൽ കേരള ടൂറിസം പ്രചരണത്തിന്റെ ഭാഗമായി പരസ്യം പ്രസിദ്ധീകരിച്ചു. ആസ്ട്രേലിയയിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അച്ചടി മാധ്യമങ്ങളിലും ടെലിവിഷൻ മാധ്യമങ്ങളിലും അവിടത്തെ ട്രാമുകളിലും കേരള ടൂറിസം പരസ്യപ്രചരണം നടത്തിയിട്ടുണ്ട്. കൊച്ചി മുസിരിസ് ബിനാലെ ക്യാമ്പയിന്റെ ഭാഗമായാണ് വിദേശ രാജ്യങ്ങളിൽ പരസ്യങ്ങൾ നൽകിയിട്ടുള്ളത്. ആസ്ട്രേലിയയിലെ പ്രധാന നഗരങ്ങളായ സിഡ്നി, മെൽബൺ എന്നിവിടങ്ങളിലെ ചാനൽ 7-ൽ ആണ് പരസ്യം നൽകിയത്.

(ബി) 1. കയാക്കിംഗ്-എറണാകുളം, കണ്ണൂർ, ചാലിയാർ പുഴ,കോഴിക്കോട്

2. ട്രെക്കിംഗ്- വയനാട്, തേക്കടി, അഗസ്ത്യാർകൂടം

3. പാരാമോട്ടാർ ഗ്ലൈഡിംഗ്- ആലപ്പുഴ, കണ്ണൂർ

4. സ്കൂബാ ഡൈവിംഗ്- കോവളം, എറണാകുളം

5. സിപ് ലൈൻ- വയനാട്, ഇടുക്കി

6. വൈറ്റ് വാട്ടർ ഡ്രാഫ്റ്റിംഗ്- കോഴിക്കോട്, കണ്ണൂർ

7. അഡ്വഞ്ചർ പാർക്ക്- ജടായു എർത്ത് സെന്റർ

## ടേക്ക് എ ബ്രേക്ക് പദ്ധതി

268 (2153) ശ്രീ. കെ. എൻ. എ ഖാദർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനായി കൊണ്ടുവന്ന 'ടേക്ക് എ ബ്രേക്ക്'പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) എത്ര പദ്ധതികൾ നടത്തുവാനാണ് ഉദ്ദേശിച്ചതെന്നും എത്രയെണ്ണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും എത്ര നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) ടേക്ക് എ ബ്രേക് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുകയാണ് വിനോദ സഞ്ചാര വകുപ്പ് ഇതിനോടകം ചെലവഴിച്ചതെന്നും ആകെ എത്ര തുകയാണ് വകയിരുത്തിയതെന്നും കണക്കുകൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനമൊട്ടാകെ 20 പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചത്. ടി 20 പദ്ധതികൾക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 14 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു.*

## ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

269 (2154) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;

(ബി) 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ടൂറിസം മേഖലയിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; അതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(സി) ടൂറിസം മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കിഫ്ബിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നുണ്ടോ; വിശദാംശം നൽകുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രാദേശിക ഉപഗ്രഹ കണക്ക് പ്രകാരം കേരളത്തിന്റെ മൊത്തം തൊഴിലെണ്ണത്തിന്റെ 11.49 ശതമാനം വിനോദസഞ്ചാര മേഖലയുടെ സംഭാവനയാണ്. ഇതു നേരിട്ടുള്ള തൊഴിൽ ലഭ്യതയാണ്. ഇതിനോടൊപ്പം പരോക്ഷ തൊഴിൽ ലഭ്യത കൂടി കണക്കാക്കുമ്പോൾ 23.74 ശതമാനം തൊഴിലുകൾ ലഭ്യമായിട്ടുണ്ട്. വിനോദ സഞ്ചാര മേഖല നേരിട്ട് 14 ലക്ഷത്തോളം തൊഴിൽ ലഭ്യമാക്കിയിട്ടുള്ളതായി കണക്കാക്കുന്നു. അടുത്ത 5 വർഷം കൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50 ശതമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിലൂടെ അടുത്ത 5 വർഷത്തിനിടെ 4 ലക്ഷം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇപ്രകാരം ഈ മേഖലയിൽ നിന്നുള്ള വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് കണക്കാക്കുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതി പ്രാദേശിക തലത്തിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ലക്ഷ്യത്തോടു കൂടിയുള്ളതാണ്. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതിയിലും വിവിധ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ മേഖലയിലും വിപുലീകരണം നടത്തി ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നു. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ മുഖേന വകുപ്പ് നടത്തിയ പഠനത്തിന്റെ ഡ്രാഫ്റ്റ് റിപ്പോർട്ട് അനുസരിച്ച് കൃഷി, കച്ചവടം, പ്രോസസ്സ് ചെയ്ത ആഹാരപദാർത്ഥങ്ങൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, അച്ചടിയും പ്രസിദ്ധീകരണവും, കര ജല വ്യോമ സഞ്ചാര മേഖലകൾ, ഹോട്ടലുകൾ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ടൂറിസവുമായി ബന്ധപ്പെട്ട തൊഴിലുകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) കിഫ്ബി പദ്ധതികളുടെ തത്വാധിഷ്ഠിത ഭരണാനുമതി 7 പദ്ധതികൾക്ക് ലഭിച്ചിട്ടുണ്ട്. ഇതിൽ 2 പദ്ധതി പ്രൊപ്പോസലുകൾ കിഫ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് കിഫ്ബി പ്രത്യേക നിക്ഷേപ നിധിയിൽനിന്ന് 400 കോടി രൂപ വകയിരുത്തുന്നുവെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പദ്ധതി പ്രൊപ്പോസലുകൾ അംഗീകാരത്തിനായി കിഫ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്.

1. മുഴപ്പിലങ്ങാടിൽ ത്രീ സ്റ്റാർ ബീച്ച് റിസോർട്ടിന്റെ നിർമ്മാണം (KTDC)
2. ചെത്തി ബീച്ചിന്റെ വികസനം

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

3. മുഴപ്പിലങ്ങാട്-ധർമ്മടം കോർത്തിണക്കിയുള്ള റോപ് വേ നിർമ്മാണം

4. കോഴിക്കോട് ജില്ലയിലെ ഇരിങ്ങൽ സർഗ്ഗാലയ അവലംബമാക്കി പയ്യോളി- വടകര മേഖലകൾ ഉൾപ്പെടുത്തിയുള്ള ഇന്റഗ്രേറ്റഡ് സർക്യൂട്ട് വികസനം

5. കോഴിക്കോട് 60 മുറികളുള്ള ത്രീ സ്റ്റാർ ഹോട്ടൽ ബീച്ചിനോട് ചേർന്ന് (KTDC)

**സ്വദേശ് ദർശൻ പദ്ധതി**

270 (2155) ശ്രീ. കെ. എൻ. എ. ഖാദർ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ പദ്ധതി പ്രകാരം കേരളത്തിന് വകയിരുത്തിയിട്ടുള്ള തുകയെത്രയാണ്; ഇതിൽ അനുവദിച്ച തുകയെത്ര;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ടൂറിസം വകുപ്പ് പൂർത്തീകരിക്കാനു ദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഈ പ്രവൃത്തികളുടെ നിർവ്വഹണം ഏത് ഏജൻസിയെയാണ് ഏൽപ്പി ച്ചിരിക്കുന്നതെന്നും ഇവയുടെ നിലവിലെ അവസ്ഥ എന്തെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾക്ക് അനുമതി ലഭിച്ചു. പ്രവൃത്തികൾ നടന്നുവരുന്നു :

| പദ്ധതി | അടങ്കൽ തുക | അനുവദിച്ച തുക |
|---|---|---|
| ഇക്കോ ടൂറിസം സർക്യൂട്ടായ പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി വികസനം | 9006.14 ലക്ഷം | 4960.93 ലക്ഷം |
| സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശബരിമലയിലെ വികസനം (എരുമേലി-പമ്പ-സന്നിധാനം) | 9998.92 ലക്ഷം | 1999.78 ലക്ഷം |
| ശ്രീ പത്മനാഭ- ആറന്മുള-ശബരിമല വികസനം | 9244.26 ലക്ഷം | 4475.49 ലക്ഷം |

3 പ്രവൃത്തികളും പുരോഗമിച്ചു വരുന്നു. കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച കാലാവധിക്കുള്ളിൽ പദ്ധതികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഓരോ പദ്ധതികളുടെയും നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളവയുടെ വിവരം ചുവടെ ചേർക്കുന്നു :

| പദ്ധതി | ഏജൻസി | നിലവിലെ അവസ്ഥ |
|---|---|---|
| പത്തനംതിട്ട-ഗവി-വാഗമൺ | ഹിന്ദുസ്ഥാൻ ഫ്രീ ഫാബ്, PWD(Roads), KIIDC, KSEB | പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം) | ശബരിമല മാസ്റ്റർ പ്ലാൻ ഹൈപവർ കമ്മിറ്റി | പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| ശ്രീ പത്മനാഭ- ആറന്മുള-ശബരിമല വികസനം | എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീപത്മനാഭ സ്വാമി ക്ഷേത്രം, ട്രാവൻകൂർ ദേവസ്വം ബോർഡ്, ശബരിമല മാസ്റ്റർ പ്ലാൻ ഹൈപവർ കമ്മിറ്റി | പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |

## മലപ്പുറം ജില്ലയിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ

271 (2156) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലപ്പുറം ജില്ലയിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ വിശദീകരിക്കാമോ;

(ബി) ജില്ലയിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) മലപ്പുറം കോട്ടക്കുന്നിലും മിനി ഊട്ടിയിലും പുതിയ ടൂറിസം പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) പദ്ധതികളുടെ വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഉണ്ട്. നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ താമരക്കുളം പ്രദേശത്ത് ഒരു മിനി പാർക്ക് നിർമ്മിക്കുന്നതിനും (1.50 കോടി രൂപ) നിലമ്പൂർ മണ്ഡലത്തിലെ വഴിക്കടവ് പഞ്ചായത്തിൽ ഗേറ്റ് വേ ഓഫ് മലബാർ (3.65 കോടി രൂപ) എന്ന പേരിൽ ടൂറിസം പദ്ധതിക്കുമായി മലപ്പുറം ഡി.ടി.പി.സി. മുഖാന്തരം പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്.

(സി) മലപ്പുറം കോട്ടക്കുന്നിൽ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി മെയിന്റനൻസ് ആന്റ് ബ്യൂട്ടിഫിക്കേഷൻ എന്ന പദ്ധതിക്ക് 99,65,511 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടക്കുന്ന് പാർക്കിലും പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. മിനി ഊട്ടിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്ഥല ലഭ്യത പ്രധാന തടസ്സമാണ്. സ്വകാര്യ വ്യക്തികളുടെ കൈവശമാണ് ഇവിടെ ഭൂമിയുള്ളത്. സ്ഥലം വിട്ടുകിട്ടുകയാണെങ്കിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധി ക്കാവുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ഇക്കോ ടൂറിസം**

272 (T*2157)<u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നത് എവിടെയൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഇക്കോ ടൂറിസം പദ്ധതി പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാരത്തിനായി പല കേന്ദ്രങ്ങളിലും ഉൾക്കൊള്ളാവുന്നതിലധികം ആളുകൾ എത്തുന്നത് പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുമെന്നത് കണക്കിലെടുത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) ഇത്തരം കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികൾക്ക് സുരക്ഷിതമായി സന്ദർശിക്കുന്നതിനും തിരക്ക് നിയന്ത്രിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രകൃത്യാൽ തന്നെ മനോഹാരിത നിലനിൽക്കുന്ന വനമേഖലയോട് ചേർന്ന മലനിരകൾ, മറ്റ് പ്രദേശങ്ങൾ എന്നിവിടങ്ങളിലാണ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ പ്രധാന ഇക്കോ ടൂറിസം കേന്ദ്രങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രകൃത്യാ തന്നെ ഇക്കോ ടൂറിസം സാധ്യതകൾ നിലനിൽക്കുന്ന വനംവകുപ്പിനു കീഴിലുള്ള വനപ്രദേശങ്ങളിൽ പരിസ്ഥിതിക്ക് ഒട്ടുംതന്നെ തടസ്സം സൃഷ്ടിക്കാതെ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതാണെങ്കിൽ അത്തരം പ്രദേശങ്ങളിലാണ് പ്രധാനമായും പദ്ധതി നടപ്പിലാക്കുന്നത്. പ്രകൃതി സൗന്ദര്യവും വൈവിദ്ധ്യവും നിലനിൽക്കുന്നതും ടൂറിസം സാധ്യതകൾ ഉള്ളതുമായ പ്രദേശങ്ങളിൽ പരിസ്ഥിതിക്ക് ഒട്ടും കോട്ടം തട്ടാതെയുള്ള പദ്ധതികൾക്ക്

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സാധ്യതയുണ്ടെങ്കിൽ അത്തരം പ്രദേശങ്ങളെയാണ് ഇക്കോ ടൂറിസം പദ്ധതികൾക്കായി തെരഞ്ഞെടുക്കുന്നത്. പരിസ്ഥിതിക്കും ഭൂമിശാസ്ത്രപരമായ നിലനിൽപ്പിനും ദോഷം വരില്ലെന്ന് വിലയിരുത്തിയതിനുശേഷമാണ് പദ്ധതി തയ്യാറാക്കുന്നത്.

(സി) ഇക്കോ ടൂറിസം മേഖലകളിൽ സഞ്ചാരികളെ സാഹചര്യങ്ങൾക്ക് അനുസൃതമായി നിയന്ത്രിത രീതിയിലാണ് പ്രവേശനം അനുവദിക്കുന്നത്.

(ഡി) ഇക്കോ ടൂറിസം മേഖലകളിൽ സഞ്ചാരികളെ സാഹചര്യങ്ങൾക്ക് അനുസൃതമായി നിയന്ത്രിതമായി മാത്രമേ കടത്തിവിടാറുള്ളൂ. അപകടങ്ങൾ ഒഴിവാക്കാൻ സുരക്ഷാ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തുകയും മേഖലയ്ക്ക് അനുയോജ്യമായ സുരക്ഷാ വാഹനങ്ങൾ മാത്രം ഉപയോഗിക്കുകയും ചെയ്യുന്നു.

**കെ.ടി.ഡി.സി. നടപ്പാക്കുന്ന ടൂറിസം വികസന പ്രവർത്തനങ്ങൾ**

273 (2158) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ബാബു :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം വികസനത്തിനായി കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത കോർപ്പറേഷൻ മുഖാന്തരം നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) 2018-19-ലെ സംസ്ഥാന ബജറ്റിൽ ടൂറിസം വികസനത്തിനായി നീക്കി വച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ടൂറിസം വികസനത്തിനായി കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ&ബി) പരിശോധിച്ചിട്ടുണ്ട്. തേക്കടി, മൂന്നാർ, കുമരകം, കോവളം തുടങ്ങിയ ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനം, നൂതനമായ ടൂർ പാക്കേജുകൾ, പ്രീമിയം ബജറ്റ് ഹോട്ടലുകൾ എന്നിവയ്ക്ക് കെ.ടി.ഡി.സി. സംഭാവനകൾ നൽകുന്നുണ്ട്.

കെ.ടി.ഡി.സി.-യുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.ടി.ഡി.സി.-യുടെ മിക്കവാറും യൂണിറ്റുകൾ ഘട്ടംഘട്ടമായി നവീകരിക്കാൻ തീരുമാനിച്ചു. നിലവിൽ മസ്കറ്റ് ഹോട്ടൽ, ബോൾഗാട്ടി പാലസ് ഹോട്ടൽ, ചൈത്രം ഹോട്ടൽ എന്നിവയുടെ പണി നടന്നുവരുന്നു. പുതിയ സംരംഭമായ മുഴപ്പിലങ്ങാട് ബീച്ച് റിസോർട്ടിന്റെ ഭരണാനുമതി കിഫ്ബിയിൽ നിന്ന് ലഭിച്ചു കഴിഞ്ഞു. കോഴിക്കോട് ബീച്ച് റിസോർട്ടിന്റെ ഭരണാനുമതിക്കുള്ള അപേക്ഷ കിഫ്ബിയുടെ പരിഗണനയിലാണ്. പുതിയ മൂന്നു ബസ്സുകൾ നിരത്തിലിറക്കി ടൂർ പാക്കേജ് തുടങ്ങിയിട്ടുണ്ട്.

(സി) 2018-19 സാമ്പത്തിക വർഷത്തിൽ ടൂറിസം വികസനത്തിനായി വകയിരുത്തിയിരിക്കുന്നത് 381.75 കോടി രൂപയാണ്. അതിൽ 7.92 കോടി രൂപ കെ.ടി.ഡി.സി.യുടെ വികസന പ്രവർത്തനങ്ങൾക്കായാണ്.

(ഡി) ഉണ്ട്. കേന്ദ്ര ടൂറിസം മന്ത്രാലയം നിലവിൽ സ്വദേശ് ശർശൻ, പ്രസാദ് എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി ടൂറിസം വികസനത്തിനായി തുകകൾ അനുവദിച്ചിട്ടുണ്ട്. സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ഇക്കോ ടൂറിസം സർക്യൂട്ടായ പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി വികസനത്തിന് 9006.14 ലക്ഷം രൂപയും സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശബരിമല വികസനത്തിന് (എരുമേലി-പമ്പ-സന്നിധാനം) 9998.92 ലക്ഷം രൂപയും ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനത്തിന് 9244.26 ലക്ഷം രൂപയും പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനത്തിന് 4614.20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

## കേരള ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റി സ്റ്റാർട്ടപ്പ് വില്ലേജുകൾ

274 (T*2159) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയും ടൂറിസവും സംയോജിപ്പിച്ച് കേരള ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റി സ്റ്റാർട്ടപ്പ് വില്ലേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ സ്റ്റാർട്ടപ്പ് വില്ലേജുകൾ ആരംഭിക്കാനുദ്ദേശിക്കുന്ന ജില്ലകൾ, സ്ഥലങ്ങൾ എന്നിവ വ്യക്തമാക്കുമോ;

* 'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) ഓരോ വില്ലേജിലും നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) തെരഞ്ഞെടുക്കപ്പെടുന്നവർക്ക് എന്തെല്ലാം പരിശീലനമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി - ഇ) ബാധകമല്ല.

**തീർത്ഥാടന ടൂറിസം**

275 (2160) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കാനുള്ള കേന്ദ്ര ടൂറിസം വകുപ്പിന്റെ സ്വദേശി ദർശൻ പദ്ധതിയിൽപ്പെടുത്തി കേരളത്തിൽ നടപ്പാക്കുന്ന ക്ഷേത്ര വികസന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഈ പദ്ധതികൾ ഓരോന്നിന്റെയും അടങ്കൽ തുകയും, നിർവ്വഹണ ഏജൻസിയും, പൂർത്തിയാക്കേണ്ട കാലാവധിയും അറിയിക്കാമോ;

(സി) വിദേശ രാജ്യങ്ങളിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഉൾപ്പെടെ ദശലക്ഷക്കണക്കിന് ഭക്തർ തീർത്ഥാടനം നടത്തുന്ന ശബരിമലയ്ക്ക് ദേശീയ തീർത്ഥാടന കേന്ദ്രം എന്ന പദവി കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ; ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിന് തിരുപ്പതി മാതൃക പരിശോധിക്കാൻ തീരുമാനമായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ടൂറിസം മന്ത്രാലയം 'പ്രസാദ്' സ്കീമിൽ ഉൾപ്പെടുത്തിയാണ് പദ്ധതികൾ അനുവദിക്കുന്നത്. നിലവിൽ തെക്കേ ഇന്ത്യയിൽ നിന്നും ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി തുക അനുവദിച്ചിട്ടുണ്ട്. 'സ്വദേശ് ദർശൻ' സ്കീമിന്റെ ഭാഗമായ സ്പിരിച്വൽ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി 2 പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു :

1. ശബരിമല വികസനം (എരുമേലി- പമ്പ- സന്നിധാനം)
2. ശ്രീപത്മനാഭ- ആറന്മുള- ശബരിമല വികസനം

(ബി)

| പദ്ധതി | അടങ്കൽ തുക | നിർവ്വഹണ ഏജൻസി | പൂർത്തിയാക്കുന്ന കാലാവധി |
|---|---|---|---|
| ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം) | 9998.92 ലക്ഷം | ശബരിമല മാസ്റ്റർ പ്ലാൻ ഹൈപവർ കമ്മിറ്റി | 31-12-2018 |
| ശ്രീ പത്മനാഭ- ആറന്മുള- ശബരിമല വികസനം | 9244.26 ലക്ഷം | എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീപത്മനാഭ ക്ഷേത്രം, ട്രാവൻകൂർ ദേവസ്വം ബോർഡ് | 31-12-2018 |

(സി) ഇല്ല.

**ടൂറിസം വികസനത്തിന് കായലോര റോഡുകളുടെ നിർമ്മാണം**

276 (2161) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിന്റെ ഭാഗമായി കായലോര റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കന്നേറ്റി കായലിന്റെ തീരത്തോട് ചേർന്നുള്ള ഭൂമി ഉപയോഗപ്പെടുത്തി റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഇത്തരത്തിൽ മാത്രമായുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല.

(ബി) നിലവിൽ പരിഗണനയിലില്ല.

**കായംകുളം കായലോര ടൂറിസം പദ്ധതികൾ**

277 (2162) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളം കായലോര ടൂറിസം പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ഡി.ടി.പി.സി.-യെ ചുമതലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പദ്ധതി പ്രദേശത്ത് നിലവിൽ ഇതുവരെയായും വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഡി) വൈദ്യുതി കണക്ഷൻ അടിയന്തരമായി ലഭ്യമാക്കി പദ്ധതി എത്രയും വേഗം നാടിന് സമർപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധിക്കാവുന്നതാണ്.

(ബി) ഉണ്ട്.

(സി) പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ ലഭിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ കഴിയാത്തത്.

(ഡി) സ്വീകരിക്കുന്നതാണ്.

## ബി.ആർ.ഡി.സി.-യുടെ അധീനതയിലുള്ള സ്ഥാപനങ്ങൾ

278 (2163) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ആർ.ഡി.സി.-യുടെ അധീനതയിലുള്ളതും ടൂറിസം വകുപ്പ് വഴി കൈമാറ്റം ചെയ്തു കിട്ടിയതുമായ എത്ര സ്ഥാപനങ്ങൾ ബി.ആർ.ഡി.സി. പാട്ടം/ ലീസ്/വാടകയ്ക്ക് നൽകിയിട്ടുണ്ട്; ഈ സ്ഥാപനങ്ങൾക്ക് എത്ര രൂപയാണ് പ്രതിമാസ/വർഷ പാട്ടം/ലീസ്/വാടക എന്ന് അറിയിക്കാമോ ;

(ബി) ഏതൊക്കെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമാണ് ഇത്തരത്തിൽ ഇവ നൽകിയിട്ടുള്ളതെന്നും ഇവരുടെ കാലാവധി എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ബി.ആർ.ഡി.സി.യുടെ അധീനതയിലുള്ളതും ടൂറിസം വകുപ്പ് വഴി കൈമാറ്റം ചെയ്തു കിട്ടിയതുമായ ആയിറ്റി ടെർമിനൽ, തൃക്കണാട് അമിനിറ്റി സെന്റർ എന്നീ സ്ഥാപനങ്ങൾ ലീസിനായി നൽകിയിട്ടുണ്ട്. ഇവയിൽ ആയിറ്റി ടെർമിനലിന് പ്രതിമാസം 8500 രൂപയും തൃക്കണാട് അമിനിറ്റി സെന്ററിന് പ്രതിമാസം 4100 രൂപയും പാട്ട വാടകയിനത്തിൽ ലഭിക്കുന്നുണ്ട്.

(ബി) ആയിറ്റി ടെർമിനൽ- വലിയപറമ്പ കായൽ ടൂറിസം വികസന സമിതി, തൃക്കരിപ്പൂർ-നും തൃക്കണാട് അമിനിറ്റി സെന്റർ- ശ്രീ. ഷറഫുദ്ദീൻ, രഹമത്ത് മൻസിൽ, ഹദാദ് നഗർ പള്ളിക്കര-യ്ക്കും 1-12-2015 മുതൽ അഞ്ച് വർഷക്കാലയള വിലേയ്ക്കാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്.

## മലനാട്- മലബാർ-ക്രൂയിസ്-ടൂറിസം പ്രോജക്ട്

279 (2164) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കൻ മലബാറിന്റെ വിനോദസഞ്ചാര വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ നടപ്പിലാക്കി വരുന്ന മലനാട്- മലബാർ ക്രൂയിസ് ടൂറിസം പ്രൊജക്ടിന്റെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങളും പ്രവർത്തനപുരോഗതിയും അറിയിക്കാമോ?

ഉത്തരം

കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് മലനാട്-മലബാർ-ക്രൂയിസ്-ടൂറിസം പ്രോജക്ട് എന്ന ഒരു പദ്ധതി പ്രൊപ്പോസൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അനുബന്ധ വികസനത്തിനായി കേരള സർക്കാർ 37.21 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുന്ന താഴെ വിവരിച്ചിട്ടുള്ള പ്രദേശങ്ങളിലെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

1. പദ്ധതിയിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ

(a) കണ്ണൂർ ജില്ല- മാഹിപ്പുഴ, അഞ്ചരക്കണ്ടി, വളപ്പട്ടണം, പഴയങ്ങാടി, കുപ്പംനദി, പറശ്ശിനിക്കടവ്, കരിയാട്, പെരിങ്ങത്തൂർ, മൊന്തൽ, ചമ്പാട്, ധർമ്മടം, പാറപ്രം, പിണറായി, കമ്പനിമെട്ട.

(b) കാസർഗോഡ് ജില്ല- മാവിലാകടപ്പുറം, മാടക്കൽ, കോട്ടപ്പുറം.

2. കേരള സർക്കാർ അംഗീകരിച്ച് നടപ്പിൽ വരുത്തുവാൻ തീരുമാനിച്ച പദ്ധതികൾ

1. ബോട്ട് ടെർമിനൽ, പറശ്ശിനിക്കടവ്- 4,88,80,000 രൂപ.
2. ബോട്ട് ടെർമിനൽ, പഴയങ്ങാടി- 3,00,00,000 രൂപ.
3. ബോട്ട് ടെർമിനൽ, കരിയാട്- 3,47,82,682 രൂപ.
4. ബോട്ട് ടെർമിനൽ, പെരിങ്ങത്തൂർ- 1,11,43,432 രൂപ.
5. ബോട്ട് ജെട്ടി, മൊന്താൽ- 1,11,43,432 രൂപ
6. ബോട്ട് ജെട്ടി, ചമ്പാട്- 94,55,700 രൂപ.
7. ബോട്ട് ടെർമിനൽ, ധർമ്മടം- 3,20,33,932 രൂപ
8. ബോട്ട് ടെർമിനൽ, പാറപ്പുറം- 3,47,82,682 രൂപ
9. ബോട്ട് ടെർമിനൽ, പിണറായി കമ്പനിമെട്ട- 3,47,82,682 രൂപ
10. ബോട്ട് ടെർമിനൽ, മാവില കടപ്പുറം- 3,27,65,100 രൂപ
11. ബോട്ട് ടെർമിനൽ, കോട്ടപ്പുറം- 8,25,00,000 രൂപ
12. ബോട്ട് ജെട്ടി, മാടക്കൽ- 98,40,525 രൂപ

ഇതിൽ പറശ്ശിനിക്കടവ്, പഴയങ്ങാടി പദ്ധതികളുടെ സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്.

## പാപനാശം കടൽത്തീരവും കുന്നുകളും ആകർഷകമാക്കാൻ പദ്ധതികൾ

280 (2165) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിലെ പാപനാശം കടൽത്തീരവും കുന്നുകളും സംരക്ഷിക്കുന്നതിനും ആകർഷകമാക്കുന്നതിനും ടൂറിസം വകുപ്പ് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) വർക്കല വിനോദസഞ്ചാര കേന്ദ്രത്തിലേക്ക് വിദേശികളും സ്വദേശികളുമായ സഞ്ചാരികളെ ആകർഷിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പുതിയതായി പദ്ധതികളൊന്നും തന്നെ ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല. ടൂറിസ്റ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനാണ് ടൂറിസം വകുപ്പ് പ്രാധാന്യം നൽകുന്നത്. വർക്കലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

## ചെങ്കൽ വലിയകുളം ടൂറിസം പ്രോജക്ട്

281 (2166) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ ചെങ്കൽ വലിയകുളം കേന്ദ്രമാക്കി ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നതിനായി സ്ഥലം സന്ദർശിച്ച് വിശദമായ ഡി.പി.ആർ തയ്യാറാക്കാൻ തിരുവനന്തപുരം ഡി.ടി.പി.സി.-യ്ക്ക് എം.എൽ.എ.-യും ചെങ്കൽ പഞ്ചായത്തും നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടികൾ എടുത്തു എന്നു വിശദീകരിക്കാമോ;

(ബി) വിസ്തൃതമായ ചെങ്കൽ വലിയകുളം ജലാശയം ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ ടൂറിസം വികസനത്തിനായി എന്ത് നടപടിയാണ് ടൂറിസം വകുപ്പ് നടപ്പാക്കാൻ പോകുന്നത്; എന്ത് പദ്ധതിയാണ് വകുപ്പ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ;

(സി) ചെങ്കൽ വലിയകുളം ടൂറിസം പദ്ധതിയുടെ ഡി.പി.ആർ 2018 മാർച്ച് 31 ന മുമ്പ് പൂർത്തീകരിക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ നിയന്ത്രിത സ്ഥാപനമായ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏര്യ ഡെവലപ്മെന്റ് അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്. കേരള സ്റ്റേറ്റ് കോസ്റ്റൽ ഏര്യ ഡെവലപ്മെന്റ് അതോറിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**മുസിരിസ്-കൊച്ചി ബിനാലെ**

282 (2167) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരിസ്-കൊച്ചി ബിനാലെയുടെ സ്ഥിരം വേദിക്കായി 2017-2018 ബജറ്റിൽ 2 കോടി അനുവദിച്ചിട്ടുള്ള ഫോർട്ട് കൊച്ചിയിലെ ആസ്പിൻവാൾ സമുച്ചയവും കബ്രാൽയാർഡും അടക്കം 5 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ചിറക്കിയ 18-5-2017-ലെ 235/2017/TSM നമ്പർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) മുസിരിസ്-കൊച്ചി ബിനാലെ, സർക്കാരിന്റെ സാംസ്കാരിക പരിപാടികൾ എന്നിവ നടത്തുന്നതിനുള്ള സ്ഥിരം വേദിയായി കൊച്ചിൻ ആസ്പിൻവാൾ സമുച്ചയവും കബ്രാൽയാർഡും ഉൾപ്പെടെ ഏതാണ്ട് 5 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി 18-5-2017 ലെ സ.ഉ.(സാധാ) നമ്പർ 235/2017/ടൂറിസം ഉത്തരവും 5-10-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 492/2017/ടൂറിസം ഭേദഗതി ഉത്തരവനുസരിച്ചും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) എറണാകുളം ജില്ലാ ഭരണകൂടം മുഖാന്തരം ആസ്പിൻവാൾ സമുച്ചയവും കബ്രാൽയാർഡും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കുവാൻ അടിസ്ഥാന വില നിശ്ചയിക്കേണ്ടുന്നതിലേയ്ക്ക് ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു. 18-5-2017-ലെ 235/2017/ടൂറിസം നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നിലമ്പൂർ മണ്ഡലത്തിൽ ടൂറിസം വികസനത്തിന് പദ്ധതി

283 (2168) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ മണ്ഡലത്തിൽ ടൂറിസം വികസനത്തിനായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുക എന്ന് വിശദമാക്കാമോ?

ഉത്തരം

നിലമ്പൂർ മണ്ഡലത്തിലെ ടൂറിസം വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. നിലമ്പൂർ ടൂറിസ്റ്റ് ഹബ്ബ്- ഒന്നാം ഘട്ടം- 2,00,00,000 രൂപ.
2. പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻ നിലമ്പൂർ- 42,31,000 രൂപ.

## വാടാനപ്പള്ളി ബീച്ചിന്റെ സൗന്ദര്യവത്ക്കരണത്തിന് പദ്ധതി

284 (2169) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസ്റ്റുകളുടെ ആകർഷണകേന്ദ്രമായ മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ചിന്റെ സൗന്ദര്യവത്ക്കരണത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

## ആറ്റിങ്ങൽ വലിയകുന്നിൽ ടൂറിസം കോഴ്സുകൾ ആരംഭിക്കുവാനുള്ള നിവേദനം

285 (2170) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്നിലെ ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ടൂറിസം കോഴ്സുകൾ ആരംഭിക്കണമെന്ന നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) ഇതിനുള്ള അടിസ്ഥാന സൗകര്യം ഉണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) കോഴ്സ് ആരംഭിക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) ആറ്റിങ്ങൽ യാത്രി നിവാസിൽ KITTS മാതൃകയിൽ ടൂറിസം പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് 100 ലക്ഷം രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം എന്നുള്ള ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി&സി) പരിശോധിച്ചു വരുന്നു.

## നീലക്കുറിഞ്ഞി പൂക്കുന്ന സീസണിൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ നടപടി

286 (2171) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീലക്കുറിഞ്ഞി പൂക്കുന്ന സീസൺ ആയതിനാൽ മൂന്നാർ മേഖലയിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും അവർക്കുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ആയതിനെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കുറിഞ്ഞി സീസൺ 2018-ന് ലോക ടൂറിസം മാപ്പിൽ ഇടം ഉറപ്പിക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് പ്രചാരണം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വെബ്സൈറ്റിലൂടെയും യൂറ്റ്യൂബ് ചാനലിലൂടെയും ആണ് പ്രചാരണം പ്രധാനമായും നടത്തുക. ടൂറിസം വെബ്സൈറ്റിലേയ്ക്കും യൂറ്റ്യൂബ് ചാനലിലേയ്ക്കും കുറിഞ്ഞിയെ കുറിച്ചുള്ള വിവരങ്ങൾ തേടുന്ന പത്തു ലക്ഷം പേരെയെങ്കിലും എത്തിക്കുകയാണ് പ്രചാരണത്തിന്റെ ലക്ഷ്യം. " Campaign for Neelakurinji Season 2018" ന് വേണ്ടി 64 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മൂന്നാറിൽ 12 വർഷം കൂടുമ്പോൾ പൂക്കുന്ന നീലക്കുറിഞ്ഞി സീസണിൽ സന്ദർശകരുടെ തിരക്ക് മുന്നിൽ കണ്ട് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുന്നതിന് ടൂറിസം വകുപ്പ് നേരത്തെ തന്നെ തീരുമാനിക്കുകയും ടൂറിസം ഡയറക്ടറും ഇടുക്കി ജില്ലാ കളക്ടറും വനം വകുപ്പും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു. 11-10-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലും 3-1-2018-ൽ ടൂറിസം, വനം മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിലും നീലക്കുറിഞ്ഞി പൂക്കുന്നതിന് മുന്നോടിയായി വിവിധ വകുപ്പുകൾ/ ഏജൻസികൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തീരുമാനമെടുത്തിരുന്നു. വാഹന നിയന്ത്രണമേർപ്പെടുത്തൽ, പാർക്കിംഗ് സൗകര്യം വർദ്ധിപ്പിക്കൽ, മാലിന്യ നിർമ്മാർജ്ജനം, ശുചിമുറി സൗകര്യം വർദ്ധിപ്പിക്കൽ, ദുരന്തങ്ങൾ നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങൾ, റോഡ് പ്രവൃത്തികൾ/ അറ്റകുറ്റപ്പണികൾ, ആശുപത്രി സൗകര്യം വർദ്ധിപ്പിക്കൽ, നീലക്കുറിഞ്ഞി ചെടികളുടെ സംരക്ഷണം ഒരുക്കൽ എന്നിവയ്ക്ക് നടപടികൾ സ്വീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇരവികുളം നാഷണൽ പാർക്കിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ടൂറിസം വകുപ്പ് മൂന്നാർ വൈൽഡ് ഡിവിഷന് 88 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പുതിയ സംരംഭങ്ങൾ

287 (2172) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 സാമ്പത്തിക വർഷത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ടൂറിസം മേഖലയിലുണ്ടായ പുരോഗതിയെക്കുറിച്ച് വ്യക്തമാക്കാമോ; വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന എന്തൊക്കെ പുതിയ സംരംഭങ്ങൾ ആണ് സർക്കാർ ആരംഭിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

2016 കലണ്ടർ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2017-ൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 5.15 ശതമാനവും ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 11.39 ശതമാനവും മൊത്തത്തിൽ 10.93 ശതമാനവും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ സംസ്ഥാന വിനോദ സഞ്ചാര വകുപ്പ് വിവിധ ക്യാമ്പയിനുകൾ നടത്തുന്നുണ്ട്. ഗൾഫ് മേഖലയിലെ ടൂറിസ്റ്റുകളെ കേരളത്തിലെത്തിക്കാൻ മിഡിൽ ഈസ്റ്റ് ക്യാമ്പയിൻ, സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിൽ സൗത്ത് ഈസ്റ്റ് ഏഷ്യൻ ക്യാമ്പയിൻ, യൂറോപ്യൻ രാജ്യങ്ങളായ ഇംഗ്ലണ്ട്, ഫ്രാൻസ്. ജർമ്മനി എന്നിവിടങ്ങളിൽ പ്രിന്റ്, ടെലിവിഷൻ എന്നിവയിൽ കേരള ടൂറിസം പരസ്യങ്ങൾ, ഇവിടെ ബസ് ബ്രാന്റിംഗ്, തിയേറ്റർ പരസ്യങ്ങൾ, ജർമ്മനി ITB യിൽ പരസ്യം, ആസ്ട്രേലിയ, ന്യൂസിലാന്റ് എന്നിവിടങ്ങളിൽ കേരള ടൂറിസം പരസ്യം, വിദേശ ടൂറിസ്റ്റുകൾക്കായി ബ്ലോഗ് എക്സ്പ്രസ് എന്ന പരിപാടി, വിദേശത്ത് ഔട്ട് ഓഫ് ഹോം പ്രചരണ പരിപാടി, അമേരിക്കയിൽ ഓൺലൈൻ പ്രൊമോഷൻ പരിപാടി എന്നിവ കൂടാതെ വിവിധ രാജ്യങ്ങളിൽ നടത്തുന്ന പ്രമുഖ ട്രേഡ് ഫെയറുകളിൽ കേരള ടൂറിസം പങ്കെടുക്കുകയും വിവിധ രാജ്യങ്ങളിലെ പ്രധാന നഗരങ്ങളിൽ റോഡ് ഷോകളും ബി2 ബി മീറ്റുകളും വകുപ്പ് നടത്തുന്നുണ്ട്. വിവിധ വിദേശ രാജ്യങ്ങളിലെ പ്രധാന പത്ര/ദൃശ്യ/മാസികകളിലും വകുപ്പ് പരസ്യം പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതുകൂടാതെ വിവിധ വിദേശ രാജ്യങ്ങളിലെ ടൂറിസ്റ്റുകൾക്ക് കേരളത്തെക്കുറിച്ച് മികച്ച ചിത്രം ലഭിക്കാൻ ടാനിറ്റ ഫിലിംസുമായി ചേർന്ന് പുതുതായി ഡെസ് ക്യൂബിൾ ട്രാവൽ ഷോയും വകുപ്പ് നടത്തുന്നുണ്ട്.

## ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ഹരിത കേരളം പദ്ധതി

288 (2173) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ഏതൊക്കെ ക്ഷേത്രങ്ങളിലാണ് ഹരിതക്ഷേത്രം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; ഈ പദ്ധതിയിൽ എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഹരിതക്ഷേത്രം പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഹൈക്കോടതിയുടെ അംഗീകാരം നേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷേത്രഭൂമി ക്ഷേത്രാവശ്യങ്ങൾക്കല്ലാതെ മറ്റൊന്നിനും ഉപയോഗിക്കാൻ പാടില്ലായെന്നുള്ള ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 270 ഓളം ക്ഷേത്രങ്ങളിൽ ഹരിത ക്ഷേത്രം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ജൈവ പച്ചക്കറി, കരനെൽ കൃഷി, പൂകൃഷി, ഔഷധ സസ്യങ്ങൾ, നക്ഷത്രവനങ്ങൾ, ഫല വൃക്ഷങ്ങൾ, വാഴകൃഷി, തെങ്ങ് എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്.

(ബി) ഹരിതക്ഷേത്രം പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ വരുമാനവും വിനിയോഗവും**

289 (2174) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ വരുമാനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ വരുമാനം ഏതെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിരാലംബരായ രോഗികളുടെ പരിചരണത്തിന് പ്രസ്തുത തുക വിനിയോഗിക്കുന്നതിന് സാധ്യമാകുമോ; എങ്കിൽ അക്കാര്യത്തെക്കുറിച്ച് ആലോചിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ വരുമാനം ക്ഷേത്രങ്ങളിലെ പൂജാദി കാര്യങ്ങൾ, ക്ഷേത്രങ്ങളിലെ നവീകരണ പ്രവൃത്തികൾ, മറ്റ് അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ, ബോർഡിന്റെയും ക്ഷേത്ര ജീവനക്കാരുടെയും ശമ്പളം, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയ്ക്കായി ഉപയോഗി ക്കുന്നു.

(സി) ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള ഡിസ്പെൻസറികളിലൂടെ രോഗികളുടെ ചികിത്സയും പരിചരണവും നടത്തി വരുന്നുണ്ട്.

## ശബരിമല തീർത്ഥാടകർക്ക് അന്തർദ്ദേശീയ നിലവാര സൗകര്യങ്ങൾ

290 (2175) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് എടുത്ത തീരുമാനത്തിന്റെ തുടർച്ചയായി ഈ സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ശബരിമലയുടെ വികസനത്തിനായി കേന്ദ്രസർക്കാരിന്റെ ഏതെങ്കിലും സ്കീമുകളിൽ ഉൾപ്പെടുത്തി 2016-ന് ശേഷം സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ഇതിലൂടെ നടപ്പിലാക്കിയത്;

(സി) തീർത്ഥാടകർക്ക് ശബരിമലയിൽ അന്തർദ്ദേശീയ നിലവാരമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ ഭൂമി ലഭ്യമാണോ;

(ഡി) വികസനപ്രവർത്തനങ്ങൾക്കായി കൂടുതൽ വനഭൂമി വിട്ടുതരണമെന്ന ആവശ്യം കേന്ദ്രത്തിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതികരണം എന്താണ് എന്നറിയിക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന് കത്ത് അയച്ചിട്ടുണ്ട്.

(ബി) ശബരിമലയുടെ വികസനത്തിനായി കേന്ദ്ര സർക്കാറിന്റെ വിനോദ സഞ്ചാര വകുപ്പിന്റെ സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽപ്പെടുത്തി എരുമേലി, പമ്പ, സന്നിധാനം എന്നിവിടങ്ങളിലേയ്ക്ക് സ്വദേശ് ദർശൻ പ്രകാരം 99.98 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിൽ 19.61 കോടി രൂപ ആദ്യ ഗഡുവായി ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിലേയ്ക്ക് സംസ്ഥാന ടൂറിസം വകുപ്പ് മുഖേന നൽകിയിട്ടുണ്ട്. കൂടാതെ ശ്രീപത്മനാഭ- ആറന്മുള-ശബരിമല വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ വിനോദസഞ്ചാര വകുപ്പ് 6.00 കോടി രൂപയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിൽ ശബരിമല പദ്ധതിയുടെ നടത്തിപ്പിനായി 1.23 കോടി രൂപ ആദ്യ ഗഡുവായി ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്.

(സി) ലഭ്യമല്ല.

(ഡി) വികസന പ്രവർത്തനങ്ങൾക്കായി 500 ഹെക്ടർ വനഭൂമി വിട്ടു തരണമെന്ന് കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല.

## സ്വദേശ് ദർശൻ പദ്ധതിയിൽ ക്ഷേത്രങ്ങളുടെ വികസനത്തിന് തുക

291 (2176) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശ് ദർശൻ പദ്ധതിയിൽപ്പെടുത്തി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെ വികസനത്തിന് തുക ലഭ്യമായിട്ടുണ്ടോ;

(ബി) ലഭ്യമായിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങളും നടത്തിയ പ്രവർത്തനങ്ങളും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്വദേശ് ദർശൻ പദ്ധതി പ്രകാരം എരുമേലി, പമ്പ, ശബരിമല വികസനത്തിനായി 99.98 കോടി രൂപ അനുവദിച്ചതിൽ 19.61 കോടി രൂപ ആദ്യ ഗഡുവായി ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിലേയ്ക്ക് സംസ്ഥാന ടൂറിസം വകുപ്പ് മുഖേന നൽകിയിട്ടുണ്ട്. കൂടാതെ ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആറന്മുള ശബരിമല വികസന പദ്ധതികൾക്കായി യഥാക്രമം 5.77 കോടി രൂപയും 6.00 കോടി രൂപയും അനുവദിച്ചതിൽ ശബരിമല പദ്ധതിയുടെ നടത്തിപ്പിനായി 1.23 കോടി രൂപ ആദ്യഗഡുവായി ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. പ്രവർത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ആറ്റിങ്ങലിലെ ക്ഷേത്ര കലാപീഠം പുനഃപ്രവർത്തനം

292 (2177) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് ആറ്റിങ്ങലിൽ നടത്തിയിരുന്ന ക്ഷേത്രകലാപീഠം പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആറ്റിങ്ങലിൽ നടത്തിയിരുന്ന ക്ഷേത്ര കലാപീഠം പൂർണ്ണമായും നിർത്തലാക്കി വൈക്കം ക്ഷേത്ര കലാപീഠത്തിൽ ലയിപ്പിച്ചിട്ടുണ്ട്. ക്ഷേത്ര കലാപീഠം നടത്തിയിരുന്ന കൊല്ലമ്പുഴ കോയിക്കൽ കൊട്ടാരത്തിൽ താന്ത്രിക വിദ്യാപീഠം ആരംഭിക്കുന്നതിനുള്ള നടപടി നടന്നു വരികയാണ്.

## തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ആനകൾ

293 (2178) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ ഉള്ള ആനകളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ആനകളുടെ ക്ഷേമത്തിനും പരിപാലനത്തിനുമായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഉത്സവാദികാര്യങ്ങൾക്കും മറ്റും പ്രസ്തുത ആനകളെ വിട്ടുനൽകുന്നതിനുള്ള സേവന വേതന വ്യവസ്ഥകൾ വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ആനകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ആനകളുടെ ക്ഷേമത്തിനും പരിപാലനത്തിനുമായി സ്വീകരിച്ച് വരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഉത്സവത്തോടനുബന്ധിച്ച് ആനയെ എഴുന്നള്ളിക്കുന്ന ദിവസം ഒന്നാം ആനശേവുകത്തിന് ദിവസം ഒന്നിന് 320 രൂപയും ഡി.എ.യും രണ്ടാം ആനശേവുകത്തിന് 250 രൂപയും ഡി.എ.യും കൂടാതെ യാത്രാബത്ത ഇനത്തിൽ ഓരോ പത്ത് കിലോമീറ്ററിനും ഒന്നാം ആനശേവുകത്തിന് 320 രൂപയും രണ്ടാം ആനശേവുകത്തിന് 250 രൂപയും നൽകി വരുന്നു. സ്വകാര്യ ക്ഷേത്രങ്ങളുടെ ഉത്സവത്തിനും മറ്റ് ആവശ്യങ്ങൾക്കും ആനയെ വിട്ട് നൽകുമ്പോൾ ആനകളുടെ നിലവാരമനുസരിച്ച് വാടക ഈടാക്കാറുണ്ട്.

**മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങൾ**

294 (2179) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ എത്ര ക്ഷേത്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ, പെൻഷൻ പ്രായം എന്നിവ എങ്ങനെയാണെന്നും ഇവർക്ക് പുതുക്കിയ ശമ്പളം അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, തലശ്ശേരി, കാസർഗോഡ് എന്നീ 5 ഡിവിഷനുകളിലായി 1357 ക്ഷേത്രങ്ങളാണുള്ളത്.

(ബി) ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ സെക്ഷൻ 48, 49 ചട്ടം 100 (2) (Y) എന്നിവ പ്രകാരമാണ് ക്ഷേത്ര ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളത്. പാരമ്പര്യേതര തസ്തികകളിൽ ജോലി ചെയ്തുവരുന്ന എല്ലാ ക്ഷേത്ര ജീവനക്കാരുടെയും പെൻഷൻ പ്രായം 65 വയസ്സാണ്. 28-2-2009-ലെ സ.ഉ.(എംഎസ്.) നമ്പർ 116/2009/റവ. പ്രകാരം 1-3-2009 പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം നടത്തിയ പ്രകാരമാണ് നിലവിൽ ശമ്പളം നൽകി വരുന്നത്. ഒരു കോടിയിലധികം രൂപ വാർഷിക വരുമാനമുള്ള സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ഹൈക്കോടതി വിധി പ്രകാരം സർക്കാർ ജീവനക്കാർക്ക് ബാധകമായ ശമ്പളസ്കെയിൽ അനുവദിച്ച് വരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഗുരുവായൂർ ദേവസ്വത്തിലെ താൽക്കാലിക ജീവനക്കാരുടെ സ്ഥിര നിയമനം

295 (2180) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതിന് മുമ്പ് ഗുരുവായൂർ ദേവസ്വത്തിൽ ഉണ്ടായിരുന്ന സ്ഥിരം ഒഴിവുകളിലേക്ക് താൽക്കാലികമായി നിയമിതരായവർക്ക് സ്ഥിരനിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) യൂണിവേഴ്സിറ്റികളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും മറ്റ് അർദ്ധസർക്കാർ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്തുന്നതിനായി പുറപ്പെടുവിച്ച ഉത്തരവിന് മുമ്പ് പ്രസ്തുത സ്ഥാപനങ്ങളിൽ താൽക്കാലിക തസ്തികകളിൽ നിയമിച്ച ജീവനക്കാരെ സ്ഥിരമാക്കിയ രീതിയിൽ ഗുരുവായൂർ ദേവസ്വത്തിൽ ജോലി ചെയ്തുവരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സ്ഥിര നിയമന തസ്തികകളിൽ നിയമിച്ചിട്ടുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ഗുരുവായൂർ ദേവസ്വത്തിലെ ഒഴിവുകൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് റിപ്പോർട്ട് ചെയ്യണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിനെതിരെ താൽക്കാലിക ജീവനക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ തീരുമാനത്തിനനുസൃതമായി നടപടി സ്വീകരിക്കുന്നതാണ്.

## അമ്പലങ്ങളിലെ കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് നടപടി

296 (2181) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വംബോർഡിന് കീഴിൽ വരുന്ന അമ്പലങ്ങളിലെ കാവുകളും, കുളങ്ങളും സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി ഫണ്ട് അനുവദിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

ഫണ്ട് അനുവദിക്കാറുണ്ട്. ഇതു സംബന്ധിച്ച നിബന്ധനകൾ അനുബന്ധമായി ചേർക്കുന്നു.*

## ഗുരുവായൂർ ക്ഷേത്രത്തിലെ ക്യൂ കോംപ്ലക്സ് നിർമ്മാണം

297 (2182) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രത്തിലെ ക്യൂ കോംപ്ലക്സ് നിർമ്മാണത്തിനായി തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസൽ ഹൈക്കോടതിയും സുപ്രീം കോടതിയും അംഗീകരിച്ചിട്ടുണ്ടോ എന്ന കാര്യം വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത ക്യൂ കോംപ്ലക്സ് നിർമ്മാണം പുതിയ മാനേജിംഗ് കമ്മിറ്റി റദ്ദാക്കിയിട്ടുണ്ടോ എന്ന കാര്യം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഇല്ല.

**പത്മതീർത്ഥക്കുളത്തിന്റെ ശുചീകരണം**

298 (2183) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്മനാഭ സ്വാമി ക്ഷേത്രത്തിലെ പത്മതീർത്ഥക്കുളത്തിന്റെ ശുചീകരണം ഏത് ഘട്ടത്തിലാണ്; ഇതിനായി കേന്ദ്രസർക്കാർ അമൃത് പദ്ധതി വഴി എന്ത് തുക അനുവദിച്ചു;

(ബി) ക്ഷേത്ര ഭരണസമിതിയും, സുപ്രീകോടതി നിശ്ചയിച്ച കമ്മിറ്റിയും തമ്മിൽ ഉണ്ടായ തർക്കംമൂലം ശുചീകരണ പ്രവർത്തനങ്ങൾ മുടങ്ങിയിട്ടുണ്ടോ;

(സി) നിലവിൽ ശുചീകരണ ചുമതല ആർക്കാണ്; പ്രസ്തുത സ്ഥാപനത്തെ മാറ്റി ഊരാളുങ്കൽ സൊസൈറ്റിയെ ഈ പ്രവൃത്തി ഏൽപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പത്മതീർത്ഥക്കുളത്തിലേയ്ക്ക് പുറത്ത് നിന്നും വരുന്ന മാലിന്യ സ്രോതസ്സുകൾ അടയ്ക്കുന്നതിനും കുളത്തിന്റെ കൽപ്പടവുകൾ ഇളക്കി അവയ്ക്കടിയിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും ജലശുദ്ധീകരണത്തിനുള്ള പ്രവൃത്തികൾ ഇപ്പോൾ നടന്നു വരുന്നു. അമൃത് പദ്ധതിപ്രകാരം തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) ക്ഷേത്ര ഭരണസമിതിയും സുപ്രീംകോടതി നിശ്ചയിച്ച കമ്മിറ്റിയും തമ്മിൽ തർക്കങ്ങൾ നിലവിലില്ല.

(സി) പത്മതീർത്ഥക്കുളത്തിന്റെ ശുചീകരണ ചുമതല നിലവിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനാണ്. ഊരാളുങ്കൽ സൊസൈറ്റിയെ ഈ പ്രവൃത്തി ഏൽപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**കോഴിക്കോട് ജില്ലയിലെ ക്ഷേത്ര നവീകരണം**

299 (2184) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ദേവസ്വം വകുപ്പിന്റെ കീഴിലുള്ള കോഴിക്കോട് ജില്ലയിലെ ഏതെല്ലാം ക്ഷേത്രങ്ങളിലാണ് നവീകരണ പ്രവർത്തനങ്ങളും മറ്റ് വികസന പ്രവർത്തനങ്ങളും നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള പിഷാരികാവ് ക്ഷേത്രത്തിൽ അയ്യപ്പഭക്തർക്കായി ഷെൽറ്ററും സേവന കേന്ദ്രവും നിർമ്മിക്കാനായി സമർപ്പിച്ച പ്രൊപ്പോസലിൽ സർക്കാരിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ ഈ വർഷം പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ദേവസ്വം വകുപ്പിന്റെ കീഴിലുള്ള കോഴിക്കോട് ജില്ലയിലെ ക്ഷേത്രങ്ങളിൽ നടപ്പിലാക്കിയ നവീകരണ പ്രവർത്തനങ്ങളും മറ്റ് വികസന പ്രവർത്തനങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇടത്താവളം നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിഗണിക്കാവുന്നതാണ്.

**പാറശ്ശാലയിൽ ദേവസ്വം വകുപ്പിന് കീഴിൽ വരുന്ന ക്ഷേത്രങ്ങൾ**

300 (2185) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ ദേവസ്വം വകുപ്പിനുകീഴിൽ വരുന്ന ക്ഷേത്രങ്ങളും സ്ഥാപനങ്ങളും ഏതൊക്കെയാണെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ക്ഷേത്രങ്ങളോട് അനുബന്ധിച്ചല്ലാതെ വസ്തുവകകൾ ഉണ്ടോ എന്ന് അറിയിക്കാമോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത വസ്തുവകകളുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെയും സ്ഥാപനങ്ങളുടെയും പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

(ബി) ഇല്ല.

(സി) ബാധകമല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

9.30 AM]

## II അടിയന്തരപ്രമേയം

### വടകര താലൂക്കിലെ അക്രമസംഭവങ്ങൾ

മി. സ്പീക്കർ: വടകര താലൂക്കിലെ കുറ്റ്യാടി, നാദാപുരം, ഓർക്കാട്ടേരി, ഒഞ്ചിയം മേഖലയിൽ കോൺഗ്രസ്, ലീഗ്, ആർ.എം.പി. പ്രവർത്തകർക്കും പാർട്ടി ഓഫീസുകൾക്കും നേരേയുള്ള സി.പി.ഐ.(എം) പ്രവർത്തകരുടെ കയ്യേറ്റങ്ങളും അക്രമങ്ങളുംമൂലം പ്രദേശത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പാറക്കൽ അബ്ദുല്ല, കെ. സി. ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ശ്രീ. പാറക്കൽ അബ്ദുല്ല, അങ്ങയുടെ നോട്ടീസിലെ പരിമിതി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കുറച്ചുകൂടി സ്പെസിഫിക്കായാണ് ഇത് നൽകേണ്ടിയിരുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങ് സൂചിപ്പിച്ച കാര്യം തന്നെയാണ് ആദ്യം പറയാനുള്ളത്. സഭയിൽ അടിയന്തരപ്രമേയം ഉന്നയിക്കുന്നതിന് ചട്ടങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അടുത്തകാലത്തുണ്ടായ ഒരു പ്രത്യേക സംഗതിയെ കുറിച്ചുള്ളതും നിയതവുമായിരിക്കണം അടിയന്തര പ്രമേയം. ബഹുമാനപ്പെട്ട അംഗം നൽകിയ നോട്ടീസിൽ ഏതെങ്കിലും ഒരു സംഭവത്തെ സംബന്ധിച്ച് അടിയന്തര പ്രാധാന്യമുള്ള ഒരു കാര്യവും പരാമർശിക്കുന്നതേയില്ല. ഇതിനകത്ത് പലയിടത്തും സ്ഥലം പറയുന്നുണ്ടെങ്കിലും സംഭവം നടന്ന തീയതി പോലും എവിടെയും പരാമർ ശിക്കുന്നില്ല. എവിടെ വച്ച്, ആർക്കുനേരെ, ആരുനടത്തിയ സംഭവമാണ് അംഗം ഉദ്ദേശിക്കുന്നതെന്ന് വ്യക്തമല്ല. വിഷയദാരിദ്ര്യമനുഭവിക്കുമ്പോൾ കാടടച്ച് വെടിവയ്ക്കുന്ന നിലയാണ് ഇവിടെയുണ്ടായിട്ടുള്ളത്. 11-2-2018-ന് മറവത്ത് മുയിപ്രയിൽ അശോകൻ എന്നയാളുടെ ഗൃഹ പ്രവേശച്ചടങ്ങിൽ പങ്കെടുക്കാനെത്തിയ സി.പി.ഐ.(എം) അനുഭാവിയായ അനിലും ആർ.എം.പി. (Revolutionary Marxist Party) അനുഭാവിയായ നിഖിലും തമ്മിൽ വാക്കുതർക്കമുണ്ടായതിനെത്തുടർന്ന് അനിലിനെ ആർ.എം.പി. പ്രവർത്തകർ അടിച്ചുപരിക്കേൽപ്പിച്ചു. തുടർന്ന് ഓർക്കാട്ടേരി ടൗണിലേയ്ക്കും കാർത്തികപ്പള്ളി, ഒഞ്ചിയം, വെള്ളികുളങ്ങര എന്നിവിടങ്ങളിലും സംഘർഷമുണ്ടായി. ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് ഇടച്ചേരി പോലീസ് സ്റ്റേഷനിൽ 14 ക്രൈം കേസ്സുകളും ചോമ്പാല പോലീസ് സ്റ്റേഷനിൽ മൂന്ന് ക്രൈം കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഇടച്ചേരി പോലീസ് സ്റ്റേഷനിൽ 151 സി.ആർ.പി.സി. പ്രകാരം രണ്ട് കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആർ.എം.പി. ഒഞ്ചിയം കമ്മിറ്റി

ഓഫീസിൽനിന്ന് ഇരുമ്പുവടികളും ഒരു വാളും 12-2-2018-ന് പോലീസ് പിടിച്ചെടുത്തിട്ടുണ്ട്. ആയതിന് ഇടച്ചേരി പോലീസ് സ്റ്റേഷനിൽ ആംസ് ആക്ട് 27 പ്രകാരം ക്രൈം 51/18 ആയി 14 ആർ.എം.പി. പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസിന്റെ ശക്തമായ ഇടപെടൽകൊണ്ട് ഇപ്പോൾ അവിടെ സമാധാനാന്തരീക്ഷം നിലനിൽക്കുന്നുണ്ട്. അക്രമങ്ങളിൽ പ്രതിഷേധിച്ച് 12-2-2018-ന് ആർ.എം.പി. ഓർക്കാട്ടേരിയിൽ ഹർത്താലിന് ആഹ്വാനം നടത്തി. സമാധാനാന്തരീക്ഷം തകർക്കുന്ന രീതിയിലുള്ള ഒരു കാര്യവും ഇപ്പോൾ നിലവിലില്ല. 22-2-2018-ന് നാദാപുരം പോലീസ് സ്റ്റേഷൻ പരിധിയിലെ മുടവഞ്ചേരിയിൽ ഐ.യു.എം.എൽ. പ്രവർത്തകന് മർദ്ദനമേറ്റ സംഭവത്തിൽ നാദാപുരം പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 143, 147, 148, 149, 308, 326 വകുപ്പുകൾ പ്രകാരം ക്രൈം 97/18 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 26-12-2017-ൽ ലീഗ് പ്രവർത്തകരിൽ ഒരാൾക്ക് മർദ്ദനമേറ്റ സംഭവമുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിന് കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ ക്രൈം 609/17 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിൽ ഇക്കഴിഞ്ഞ ഒരു മാസത്തിനിടയിൽ ഒരു രാഷ്ട്രീയ സംഭവവും ഉണ്ടായിട്ടില്ലെന്ന് വ്യക്തമാണ്. ആർ.എം.പി.-യിൽ നിന്ന് മുന്നൂറോളം കുടുംബങ്ങൾ രാജിവച്ച് സി.പി.ഐ.(എം)-ൽ ചേർന്നതുമൂലമുള്ള അസഹിഷ്ണുതയാണ് അടുത്തകാലത്ത് ഈ മേഖലയിൽ ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്നത്. അശോകൻ എന്നയാളുടെ ഗൃഹപ്രവേശ ചടങ്ങിൽ പങ്കെടുക്കാനെത്തിയ അനിൽ ഉൾപ്പെടെയുള്ള സി.പി.ഐ.(എം)-ലേയ്ക്ക് തിരികെ വന്നവരെ അവിടെയുണ്ടായിരുന്ന ആർ.എം.പി.-പ്രവർത്തകർ ആക്രമിച്ച സംഭവമാണ് അടുത്തകാലത്ത് സംഘർഷങ്ങൾക്ക് തുടക്കമിട്ടത്. ഇതേത്തുടർന്ന് ഇരുപാർട്ടികളിലുംപ്പെട്ടവർ പ്രതികളായി ഇടച്ചേരി ചോമ്പാല പോലീസ് സ്റ്റേഷനുകളിൽ 14 ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിൽ കോൺഗ്രസ്, ലീഗ്, സി.പി.ഐ.(എം) പ്രവർത്തകർ തമ്മിൽ യാതൊരു സംഘർഷവും കഴിഞ്ഞ ഒരു മാസത്തിനിടയിൽ ഉണ്ടായിട്ടില്ല. നോട്ടീസിൽ പരോക്ഷമായി സൂചിപ്പിച്ച സംഭവം ഒരു മാസം മുമ്പാണുണ്ടായത്. കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിൽ ഒരു കേസ്സും ഇക്കഴിഞ്ഞ ഒരു മാസത്തിനിടയിൽ ഉണ്ടായിട്ടില്ലെന്നത് അദ്ദേഹം പ്രതിനിധീകരിക്കുന്ന മണ്ഡലമായതിനാലാണ് ഞാൻ ആവർത്തിച്ച് പറയുന്നത്. നാദാപുരം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട തൂണേരി മുടവഞ്ചേരിയിൽ ലീഗ് പ്രവർത്തകനായ സുബൈറിനെ അശ്വിൻ എന്നയാളും കണ്ടാലറിയുന്ന ആറുപേരും ചേർന്ന് മർദ്ദിച്ച സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. അടിയന്തരപ്രമേയ നോട്ടീസിൽ അവ്യക്തമായി ആരോപിക്കുന്നതുപോലെ ഈ മേഖലയിൽ ഇപ്പോൾ സംഘർഷമൊന്നും നിലനിൽക്കുന്നില്ല. ഒരു മാസം മുമ്പുണ്ടായ സംഭവങ്ങളിൽ പോലീസ് കാര്യക്ഷമമായ നിലപാടും എടുത്തിട്ടുണ്ട്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, വടകര താലൂക്കിൽ കുറ്റ്യാടി, നാദാപുരം പ്രദേശങ്ങൾ എന്നും സംഘർഷമുണ്ടാകുന്ന മേഖലയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചപോലെ കഴിഞ്ഞ 11-ാം തീയതി മുതൽ ഓർക്കാട്ടേരിയിലും ഏറാമല പഞ്ചായത്തിലും പരിസരപ്രദേശങ്ങളിലും രൂക്ഷമായ പ്രശ്നങ്ങളാണ്. ചോറോട്, ഒഞ്ചിയം, ഏറാമല, കാർത്തികപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിലൊക്കെ ആളുകൾ പുറത്തിറങ്ങാൻ ഭയപ്പെടുന്ന രീതിയിലുള്ള പ്രയാസങ്ങളും പ്രശ്നങ്ങളുമാണ് നിലനിൽക്കുന്നത്. ഇപ്പോൾത്തന്നെ പത്തിരുപത് ദിവസമായി ഞങ്ങൾ അവിടെ സമരമുഖത്താണ്. കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റശേഷം ഇരുപത്തിയൊന്ന് മാസമായി ഈ പ്രദേശങ്ങളിലെ ആർ.എം.പി. പ്രവർത്തകരായ നിരവധിയാളുകളെ തെരഞ്ഞുപിടിച്ച് അടിച്ച് പരിക്കേൽപ്പിക്കുന്ന സംഭവങ്ങൾ അവിടെ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ 11-ാം തീയതിയിലെ സംഭവങ്ങൾക്കുശേഷവും പോലീസ് അവിടെ നിഷ്ക്രിയമാണ്. എം.പി. ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ സമരമുഖത്ത് നിൽക്കേണ്ട ഒരു സാഹചര്യമാണ് ഇന്നവിടെ നിലവിലുള്ളത്. നേരത്തെ സൂചിപ്പിച്ചപോലെ, അനിൽ എന്നയാൾ സ്വന്തം ഭാര്യയെ മർദ്ദിച്ചതിന്റെ പേരിൽ അയാൾക്കെതിരെ നേരത്തേ കേസ് ഉണ്ടായിരുന്നു. അന്ന് ആർ.എം.പി. പ്രവർത്തകനായിരുന്ന അനിലിനെ ജാമ്യത്തിലെടുക്കാൻ അവർ തയ്യാറായില്ല. അയാളെ പിന്നീട് ജാമ്യത്തിലെടുക്കുന്നത് അവിടത്തെ ലോക്കൽ കമ്മിറ്റി സെക്രട്ടറിയാണ്. അതിന്റെ പേരിൽ ചില വാക്കുതർക്കങ്ങൾ ഗൃഹപ്രവേശ ചടങ്ങിന് വീട്ടിൽ വച്ചുണ്ടായിരുന്നു. പിന്നീട് ഓർക്കാട്ടേരി ടൗണിലെ ആർ.എം.പി. പ്രവർത്തകനായ ഓട്ടോറിക്ഷാ ഡ്രൈവറെ ഒരു സംഘം വന്ന് അതിക്രൂരമായി മർദ്ദിക്കുന്നതാണ് കാണുന്നത്. അതിനുശേഷം വന്ന ഒരു സംഘം, ഞങ്ങളൊക്കെ എ.കെ.ജി. എന്നു വിളിക്കുന്ന 74 വയസ്സുള്ള എരുവാട്ടി ഗോപാലൻ എന്നയാളെ പൊതിരെ തല്ലി, ക്രൂരമായി മർദ്ദിച്ച് ആശുപത്രിയിലാക്കി, അതു കഴിഞ്ഞ് അവർ നേരെ പോയത് ആർ.എം.പി. ഓഫീസിലേയ്ക്കാണ്. ഒരു വർഷം മുമ്പ് മാരകമായി അടിച്ച് പരിക്കേൽപ്പിച്ച് രണ്ട് കാലുകളിലെ തുടയെല്ലും ഇടുപ്പെല്ലും പൊട്ടി ആശുപത്രിയിൽ ആറേഴുമാസം കിടന്ന ജയരാജൻ എന്ന ആർ.എം.പി. പ്രവർത്തകനെ വീണ്ടും ആർ.എം.പി. ഓഫീസിൽ കയറി തല്ലി. അതിനുശേഷം സി.പി.ഐ(എം)-ന്റെ മണ്ടോടി കണ്ണൻ സ്മാരക ഓഫീസിന് മുന്നിലൂടെ ഒ. കെ. ചന്ദ്രൻ എന്ന ആൾ അദ്ദേഹത്തിന്റെ കാറിൽ വീട്ടിലേയ്ക്ക് പോകുമ്പോൾ തടഞ്ഞുനിർത്തി വലതുകൈ അടിച്ചൊടിച്ചു. വണ്ടി റോഡ് സൈഡിലിട്ടശേഷം ബന്ധുക്കൾ അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടുപോയി. അതിനുശേഷം സി.പി.ഐ. (എം) പ്രവർത്തകരായ കുറെ ക്രിമിനലുകൾ വന്ന് വണ്ടി ചന്ദ്രന്റെ വീടിന്റെ ഷെഡ്ഡിലേയ്ക്ക് കയറ്റിയിട്ട് പെട്രോളൊഴിച്ച് തീ കൊളുത്തി. വണ്ടി പൂർണ്ണമായും വീട് ഭാഗികമായും കത്തിനശിച്ചു. അവിടെ വീട്ടിലുണ്ടായിരുന്ന ചന്ദ്രന്റെ മക്കളും ഭാര്യയും പ്രാണനുംകൊണ്ട് ഓടിരക്ഷപ്പെട്ടു. ഇത് ടൗണിനടുത്ത്

നടന്ന കാര്യമാണ്. നിരവധി വീടുകൾ അടുത്തടുത്ത് സ്ഥിതിചെയ്യുന്ന സ്ഥലമാണ്. അവിടെയാണ് ഇത്രയും ഭീകരമായ രീതിയിലുള്ള അക്രമം അഴിച്ചുവിട്ടത്. തീ അണയ്ക്കുന്നതിനായി ഫയർഫോഴ്സ് എത്തിയപ്പോൾ സി.പി.ഐ.(എം)-ന്റെ പാർട്ടി ഓഫീസിനുമുന്നിൽ പാർട്ടിയുടെ ക്രിമിനലുകളും നേതാക്കൻമാരും വണ്ടി തടഞ്ഞുവച്ചു. വണ്ടിയും വീടും കത്തിനശിക്കുന്നതുവരെ ഫയർ ഫോഴ്സിനെ അവിടേയ്ക്ക് പോകാൻ അനുവദിച്ചില്ല. അതിനുശേഷം ഇടക്കുടി രാധാകൃഷ്ണൻ, അശോകൻ എന്നിവരുടെ പൂട്ടിയിരുന്ന കടകളുടെ ഷട്ടറുകൾ ഒരു ജീപ്പിൽ വടംകെട്ടി വലിച്ച് പൊട്ടിച്ചതിനു ശേഷം അതിനുള്ളിലെ സാധനങ്ങൾ പൂർണ്ണമായും കൊള്ളയടിച്ചു. ഈ വിവരമറിഞ്ഞ് ആർ.എം.പി.-യുടെ സംസ്ഥാന സെക്രട്ടറി ശ്രീ. വേണുവും പതിനഞ്ചോളം പ്രവർത്തകരും അവിടെ എത്തി. സി.പി.ഐ.(എം)-ന്റെ ആളുകൾ അവരെ കൊന്നൊടുക്കുമെന്ന അവസ്ഥ വന്നപ്പോൾ ശ്രീ. വേണുവും കൂട്ടരും ആർ.എം.പി. ഓഫീസിനകത്തു കയറുകയും വിവരമറിഞ്ഞ് പോലീസ് എത്തുകയും ചെയ്തു. 'നിങ്ങളെ രക്ഷപ്പെടുത്തി വീട്ടിലെത്തിക്കാനാണ് പോലീസ് വന്നതെന്നും അവർക്കൊപ്പം ചെല്ലണം' എന്ന് വേണുവുൾപ്പെടെയുള്ള 16 പേരോടും പോലീസ് പറയുകയും പോലീസിന്റെ വലയത്തിൽ വേണുവിനെയും കൂട്ടരെയും കൊണ്ടു പോകുകയും ചെയ്തു. എന്നാൽ അവരുടെ വീടുകളിലോ ഒന്നര കിലോമീറ്റർ അകലെയുള്ള ഇടച്ചേരി പോലീസ് സ്റ്റേഷനിലോ എട്ട് കിലോമീറ്റർ അകലെയുള്ള വടകര പോലീസ് സ്റ്റേഷനിലോ കൊണ്ടുപോകാതെ 20 കിലോമീറ്റർ അകലെയുള്ള പയ്യോളി പോലീസ് സ്റ്റേഷനിലാണ് കൊണ്ടുപോയത്. ഇടച്ചേരി, വടകര പോലീസ് സ്റ്റേഷനുകളിൽ കൊണ്ടുപോയാൽ അവിടെ സി.പി.ഐ (എം) ക്രിമിനലുകൾ വന്ന് അവരെ ആക്രമിക്കാൻ ശ്രമിക്കുമെന്നും അവിടെ അവർക്ക് പ്രൊട്ടക്ഷൻ നൽകാൻ സാധിക്കാത്തതിനാലാണ് പയ്യോളി സ്റ്റേഷനിൽ കൊണ്ടുവന്നതെന്നുമാണ് പോലീസ് അവരോട് പറഞ്ഞത്. പക്ഷേ അടുത്ത ദിവസം രാവിലെ വധശ്രമത്തിന് അവരുടെ പേരിൽ കേസെടുക്കുകയാണ് ചെയ്തത്. ആർ.എം.പി.-യുടെ ഓഫീസിൽ നിന്ന് തുരുമ്പിച്ച ഒരായുധം കിട്ടിയതിന്റെ അടിസ്ഥാനത്തിലാണ് അവർക്കെതിരെ കേസെടുത്തതെന്നാണ് അന്വേഷിച്ചപ്പോൾ അറിഞ്ഞത്.

രാത്രി 11 മണിക്ക് ഭീകരമായ രൂപത്തിൽ ആക്രമണങ്ങൾ നടത്തി അവരെ രക്ഷപ്പെടുത്താനെന്ന പേരിൽ കൊണ്ടുപോയി ആർ.എം.പി.-യുടെ ഓഫീസിൽ നിന്ന് തുരുമ്പിച്ച ആയുധം കണ്ടെടുത്തു എന്നുപറഞ്ഞ് അവരുടെ പേരിൽ കള്ളക്കേസുണ്ടാക്കി. ഞങ്ങൾ ഡിവൈ.എസ്.പി.-യോട് വിവരം ചോദിച്ചപ്പോൾ ഒരു വെരിഫിക്കേഷൻ കഴിഞ്ഞ് അവരെ വിടുമെന്നാണ് പറഞ്ഞത്. പാർട്ടി വെരിഫിക്കേഷനാണോ പോലീസ് വെരിഫിക്കേഷനാണോയെന്ന് ഞാൻ ചോദിച്ചപ്പോൾ അവരെ ഇപ്പോൾത്തന്നെ വിടും എന്നാണ് പറഞ്ഞത്. എന്നാൽ

വേണ ഒഴികെ എല്ലാവരെയും ഒരു കാരണവുമില്ലാതെ 308 വകുപ്പ് ചുമത്തി ജയിലിലടച്ചു. ആർ.എം.പി. പ്രവർത്തകർക്ക് മാത്രമല്ല, നാദാപുരം, വടകര, കുറ്റ്യാടി പ്രദേശങ്ങളിൽ സി.പി.ഐ.(എം) അല്ലാത്ത ആളുകൾക്ക് പൊതുപ്രവർത്തനം നടത്താനുള്ള അവകാശവും അവസരവും വേണമെന്ന് പറഞ്ഞതുകൊണ്ട് ഞങ്ങൾ അവിടെ വലിയ പ്രതിസന്ധി നേരിടുകയാണ്, എന്നും അവിടെ പ്രശ്നങ്ങളാണ്. ഇപ്പോൾ രമയുടെയും വേണുവിന്റെയും നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനുമുന്നിൽ 48 മണിക്കൂർ സമരം നടക്കുകയാണ്. ഞങ്ങളുടെ മക്കൾക്ക് സ്കൂളിൽ പോകാനും ആളുകൾക്ക് റോഡിലിറങ്ങാനും ജോലി ചെയ്യാനും കടകൾ തുറക്കാനും വേണ്ടി യുള്ള അനുവാദം വേണമെന്നും രാജ്യത്തെ ജനങ്ങൾക്ക് മാന്യമായി ജീവിക്കാനുള്ള അവസരമുണ്ടാകണമെന്നുംപറഞ്ഞ് ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ ഞങ്ങൾക്ക് പോലീസ് സ്റ്റേഷനുമുന്നിൽ മാർച്ച് നടത്തേണ്ടിവന്നു. ശ്രീ. പി. സി. ജോർജ് രണ്ടുമുന്നണിയിലും ഇല്ലെങ്കിലും അദ്ദേഹവും പോലീസ് സ്റ്റേഷൻ മാർച്ച് നടത്തുന്ന അവസരത്തിൽ അവിടെ വന്നിരുന്നു. ...... (ബഹളം).....

<u>മി. സ്പീക്കർ:</u> പ്ലീസ് .... പ്ലീസ്..... നിങ്ങൾ അവിടെ ഇരിക്കണം, അദ്ദേഹം സംസാരിക്കട്ടെ.

<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u> സർ, സ്ത്രീകളും കുട്ടികളും വൃദ്ധരുമുൾപ്പെടെ ആയിരക്കണക്കിനാളുകൾ പോലീസ് സ്റ്റേഷനുമുന്നിൽ തടിച്ചുകൂടി ഞങ്ങൾക്ക് ജീവിക്കാൻ അവസരമുണ്ടാക്കണം എന്നുപറഞ്ഞ് സമരം നടത്തി. ശ്രീ. പി. സി. ജോർജ്ജും സാക്ഷിയായിരുന്നു. ഈ അവസ്ഥ ഒഞ്ചിയം മേഖലയിലുണ്ട്. ഇത് രാഷ്ട്രീയമല്ല പറയുന്നത്. 'കൈയും കാലും വെട്ടും, വെള്ള പുതപ്പിച്ച് കിടത്തും' എന്നുപറഞ്ഞ് എന്റെ വീട്ടിലും ആളുകൾ വന്നിരുന്നു. ഈ അക്രമ സംഭവങ്ങളൊക്കെ നടക്കുമ്പോൾ പോലീസ് കേസെടുക്കാതെ നിഷ്ക്രിയരായി നിൽക്കുന്നു എന്നുമാത്രമല്ല അവരിതിന് കൂട്ടുനിൽക്കുകയാണ് ചെയ്യുന്നത്. ഇടതുപക്ഷത്തെ ശക്തിപ്പെടുത്താൻ വന്ന ജനതാദളിന്റെ പ്രവർത്തകരെയും മാരകമായി പരിക്കേൽപ്പിച്ചു. വടകര ജില്ലാ ആശുപത്രിയിൽ പരിക്കേറ്റ് ചെല്ലുന്ന ആളുകളെ സി.പി.ഐ.(എം)-ന്റെ അറുപതോളം വരുന്ന ഗുണ്ടകൾ അവിടെ വച്ച് ആക്രമിക്കുകയാണ് ചെയ്യുന്നത്. ജനതാദൾകാരെയും ആക്രമിച്ചു, അവർ പരിക്കേറ്റ് ആശുപത്രിയിൽ കിടന്നിട്ടുണ്ട്. ഇതൊന്നും ഞാൻ വെറുതെ പറയുന്നതല്ല. കുറ്റ്യാടി പ്രദേശങ്ങളിൽ പ്രശ്നമില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. ഒരു മാസമായി പ്രശ്നമില്ല എന്നുപറയുന്നത് ശരിയാണ്. ഒരു മാസത്തിനുമുമ്പ് അവിടെയും പ്രശ്നമുണ്ടായിരുന്നു. ഒരു മാസത്തിനുമുമ്പ് മുഖ്യമന്ത്രിയെ ഞാൻ മൂന്ന് തവണ സമീപിച്ചിരുന്നു. സി.പി.ഐ.(എം)-ന്റെ ഗുണ്ടകൾ ഷെരീഫ് എന്ന ഞങ്ങളുടെ പ്രവർത്തകനെ ആക്രമിച്ച് രണ്ട് കാലും പൊട്ടി മാരകമായി പരിക്കുപറ്റി വീട്ടിൽ വിശ്രമജീവിതം നയിക്കുകയാണ്. രണ്ട് മാസവും 10 ദിവസവും കഴിഞ്ഞു. ഇനിയും പ്രതിയെ അറസ്റ്റ് ചെയ്തിട്ടില്ല. രണ്ട് വർഷം കിടന്നാലും ഇയാൾ

രക്ഷപ്പെടില്ല. ഒരു പ്രതിയെപ്പോലും പിടിക്കാൻ പോലീസ് തയ്യാറായിട്ടില്ലെന്ന് മാത്രമല്ല, അസ്‌ലം കേസ്സിൽ, സുമോഹൻ ലുക്കൗട്ട് പ്രതിയാണ്. അദ്ദേഹം ദുബായിൽനിന്ന് സുഗമമായി വീട്ടിലെത്തിയിട്ടും ആരും പിടികൂടിയില്ല. ഹൗസ് വാമിംഗ് എന്ന പേരിൽ നാലായിരത്തോളം ആളുകൾക്ക് അദ്ദേഹം പാർട്ടി നടത്തി.

മി. സ്പീക്കർ: പ്ലീസ് ....കൺക്ലൂഡ് .......

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ലുക്കൗട്ട് പ്രതിയായ സുമോഹൻ നാട്ടിൽ വന്നിട്ടുണ്ടെന്ന് പലരും പോലീസ് സ്റ്റേഷനിൽ പോയി പറഞ്ഞിട്ടും 'ഇതാണ് സുമോഹൻ' എന്ന് ചൂണ്ടിക്കാണിച്ചിട്ടും പോലീസ് പറഞ്ഞത് ഞങ്ങളുടെ റെക്കോർഡിൽ സുമോഹൻ ഒളിവിലാണ് എന്നാണ്. പ്രതിയെ കാണിച്ചുകൊടുത്തിട്ടും നാലായിര ത്തോളം ആളുകൾ പങ്കെടുത്ത ഹൗസ് വാമിംഗ് നടത്തിയിട്ടുപോലും അദ്ദേഹത്തെ പോലീസ് അറസ്റ്റ് ചെയ്തില്ല. ലുക്കൗട്ട് പ്രതിയെ പോലീസ് അറസ്റ്റ് ചെയ്യാത്ത തിനാൽ ഞങ്ങൾക്ക് പോലീസ് സ്റ്റേഷൻ മാർച്ച് നടത്തേണ്ടിവന്നു. ഇതാണ് അവിടത്തെ സാഹചര്യം. പുഷ്കരൻ എന്നുപറയുന്ന എസ്.പി. അവിടെ സമാധാന മുണ്ടാക്കാൻ അനുവദിക്കില്ല എന്നുള്ളതാണ് വസ്തുത. ഞങ്ങൾ ജനപ്രതിനിധികൾ എന്ന നിലയിൽ എസ്.ഐ.-യെയോ സി.ഐ.-യെയോ എസ്.പി.-യെയോ വിളിച്ചാൽ ഫോൺ എടുക്കില്ല. ഞങ്ങൾ ആരോടാണ് ഇതെല്ലാം പറയേണ്ടത്? ഞങ്ങളുടെ നിയോജകമണ്ഡലത്തിൽ നിരന്തരമായി പ്രശ്നങ്ങളുണ്ടാവുകയാണ്. എസ്.പി.-യുടെ നിലപാട് നിങ്ങൾ മനസ്സിലാക്കണം. ഞങ്ങളുടെ പാർട്ടിയുടെ നേതാവ് ശ്രീ. സൂപ്പി നരിക്കാട്ടേരി എസ്.പി.-യെ സമീപിച്ചിരുന്നു. .... (ബഹളം).....

മി. സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ, അവിടെ ഇരിക്കണം. ....... (ബഹളം) ..... അങ്ങ് ദയവായി കൺക്ലൂഡ് ചെയ്യണം.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, അവസാനിപ്പിക്കാം. പോലീസിന്റെ നിലപാടാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്.

മി. സ്പീക്കർ: ഒരു മാസം മുമ്പുള്ള കാര്യമാണെന്ന് അങ്ങുതന്നെ ഇവിടെ പറഞ്ഞു. കൺക്ലൂഡ് ചെയ്യൂ.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, പോലീസിന്റെ നിലപാടാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് അവിടെ ചില പ്രശ്നങ്ങളുണ്ട്. ഗൾഫ് രാജ്യത്ത് ജോലിക്കുവേണ്ടി അപേക്ഷിക്കാൻ പോലീസ് ക്ലിയറൻസ് വേണം. ചെറിയ പെറ്റി കേസുകളിൽപ്പെട്ട് ആ കേസ് വിചാരണ കഴിഞ്ഞ് വിധിയായാലും പി.സി.സി. കൊടുക്കുന്നില്ല. എസ്.പി.-യുടെ അടുത്ത് പി.സി.സി.-ക്കു വേണ്ടി സൂപ്പി പോയപ്പോൾ ക്രിമിനലാണോയെന്ന് തീരുമാനിക്കേണ്ടത് കോടതിയല്ല, ഞങ്ങളാണെന്നും അതുകൊണ്ട് പി.സി.സി. നൽകില്ല എന്നുമാണ് എസ്.പി. പറയുന്നത്. രാഷ്ട്രീയ വിരോധം വച്ചുകൊണ്ട് എസ്.പി. അവിടെയുള്ള ആളുകളെ

വിദേശ രാജ്യത്ത് പോകുന്നതുപോലും തടയുന്ന സാഹചര്യം നാദാപുരത്തുണ്ടാകുന്നു. ഇങ്ങനെയുള്ള നിരവധി വിഷയങ്ങൾ അവിടെയുണ്ട്. അതുകൊണ്ട് ഒഞ്ചിയം പ്രദേശത്തെ ജനങ്ങൾക്ക് അവിടെ ജീവിക്കാൻ, ആർ.എം.പി. പ്രവർത്തകർ, അവർ നല്ല കമ്മ്യൂണിസ്റ്റുകാരാണ്. അവരെ വേറെ ഏതെങ്കിലുമൊരു പാർട്ടിയിലേയ്ക്ക് പോകാതെ പിടിച്ചുനിർത്തേണ്ട ബാധ്യത, ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തിൽ അവരെ കമ്മ്യൂണിസ്റ്റുകാരായി പിടിച്ചുനിർത്തേണ്ട ബാധ്യതയുണ്ട് എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് രാജ്യത്ത് പൊതുപ്രവർത്തനം നടത്തുന്ന ആളുകൾക്ക് മാന്യമായി ജീവിക്കാനുള്ള അവസരമൊരുക്കാൻ സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. സി. കെ. നാണു: സർ, എന്റെ മണ്ഡലമായ വടകര നിയോജക മണ്ഡലത്തിലെ പ്രശ്നമാണ്... വടകര എം.എൽ.എ. എന്ന നിലയ്ക്ക് എനിക്ക് പറയാൻ അവസരം നൽകണം. ........(ബഹളം)....... എന്റെ മണ്ഡലത്തിലെ പ്രശ്നത്തെ സംബന്ധിച്ചാണ് പറഞ്ഞത്. സാധാരണ നിലയ്ക്ക് അങ്ങനെ അവസരം നൽകാറുണ്ട്. ...... (ബഹളം)....

മി. സ്പീക്കർ: അദ്ദേഹം അവസരം നൽകണമെന്ന് ആവശ്യപ്പെട്ടതല്ലേയുള്ളൂ. എന്താണ് നിങ്ങൾ ബഹളമുണ്ടാക്കുന്നത്. .....(ബഹളം)... പ്രതിപക്ഷനേതാവിന് എന്താണ് പറയാനുള്ളത് ?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ അടിയന്തര പ്രമേയം അവതരിപ്പിച്ചത് ശ്രീ. പാറക്കൽ അബ്ദുല്ല, എം.എൽ.എ. ആണ്. വടകര നിയോജകമണ്ഡലത്തെപ്പറ്റി ഒരു കാര്യവും ഇവിടെ പറഞ്ഞില്ല. ഇത് ശരിയല്ല. മുഖ്യമന്ത്രി മറുപടി പറയട്ടെ. ശ്രീ. സി. കെ. നാണുവിന്റെ മണ്ഡലത്തെപ്പറ്റി ഒന്നും ഇവിടെ പറഞ്ഞില്ലല്ലോ?

മി. സ്പീക്കർ: വടകര മണ്ഡലത്തെക്കുറിച്ചും വടകര എസ്.പി.യെ സംബന്ധിച്ചും പറഞ്ഞു. ഈ വിഷയത്തിൽ ഒരു വാക്ക് പറയണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അത് നമ്മൾ കൊടുക്കാറുള്ളതല്ലേ? ....(ബഹളം)....... വടകരയെക്കുറിച്ചല്ലേ പറഞ്ഞു കൊണ്ടിരിക്കുന്നത്, നമ്മളെല്ലാവരും കേട്ടില്ലേ? .....(ബഹളം).... ഈ നിയമസഭയിൽ സ്വന്തം മണ്ഡലത്തെക്കുറിച്ച് ഒരു വിഷയം വരുമ്പോൾ സംസാരിക്കാൻ അവസരം ചോദിക്കുന്നത് ആദ്യമായിട്ടല്ല. എന്താണ് ശ്രീ. സി. കെ. നാണുവിന് പറയാനുള്ളത്?

ശ്രീ. സി. കെ. നാണു: സർ, എനിക്ക് പറയാനുള്ളത്... (ബഹളം)....

(ശ്രീ. സി. കെ. നാണുവിന് സംസാരിക്കാൻ അവസരം നൽകിയതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസിനുചുറ്റുംനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

<u>മി. സ്പീക്കർ</u>: ഇത് കീഴ്‌വഴക്കമാണോ. ......(ബഹളം)... നിങ്ങളുടെ മണ്ഡലത്തിലെ വിഷയം ഉയർന്നുവരുമ്പോൾ നിങ്ങൾക്ക് സംസാരിക്കാൻ അവസരം വേണ്ടേ? ഇതിനുമുമ്പ് കൊടുത്തിട്ടില്ലേ. സ്പീക്കറുടെ നീതിയാണിത്. അദ്ദേഹത്തിന് മാത്രമല്ല ഈ സഭയിലെ ഏതംഗത്തിനും സ്വന്തം മണ്ഡലവുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ടാൽ അവസരം കൊടുക്കാറില്ലേ. ഇത് ശരിയല്ല. നിങ്ങൾ പറയേണ്ടത്, ഏതെങ്കിലും ഒരംഗത്തിന് ഇതിനുമുമ്പ് അനുവാദം കൊടുക്കാതിരുന്നിട്ടുണ്ടോ...(ബഹളം)..... സ്പീക്കറുടെ നീതിയാണിത്. ഇത് കീഴ്‌വഴക്കമാണോ. നിങ്ങളാരും ഇതിനുമുമ്പ് ആവശ്യപ്പെട്ടിട്ടില്ലേ? .....(ബഹളം).....

(ഡയസിനുമുമ്പിൽനിന്ന് ബഹളമുണ്ടാക്കിക്കൊണ്ടിരുന്ന യു.ഡി.എഫ്. അംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരിച്ചുപോയി.)

<u>മി. സ്പീക്കർ</u>: ഇരിക്കു..... പ്ലീസ്...... സ്വന്തം മണ്ഡലത്തിലെ ഒരു വിഷയം സഭയിൽ വരുമ്പോൾ അതുസംബന്ധിച്ച് ഒരഭിപ്രായം പറയാനുണ്ടെന്ന് ഒരംഗം ആവശ്യപ്പെട്ടാൽ അതിനവസരം കൊടുക്കുന്നത് ആദ്യമായിട്ടാണോ? സബ്മിഷൻ, ശ്രദ്ധ ക്ഷണിക്കൽ എന്നിവയുടെ സമയത്തെല്ലാം ഈ അവസരം എല്ലാവർക്കും കിട്ടിക്കൊണ്ടിരിക്കുന്നതല്ലേ? പ്രതിപക്ഷത്തിന്റെ എല്ലാ അവകാശങ്ങളും ഇവിടെ സംരക്ഷിക്കപ്പെടുന്നുണ്ട്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അടിയന്തരപ്രമേയത്തിന് ചില നടപടിക്രമങ്ങളുണ്ട്. റൂൾ 50 അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സ്റ്റേറ്റ്മെന്റ് നടത്തി. അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന പാറക്കൽ അബ്ദുല്ല അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞു. ഇനി ഇവിടെ സംസാരിക്കേണ്ടത് മുഖ്യമന്ത്രിയാണ്. വടകര താലൂക്ക് എന്നുപറഞ്ഞാൽ അത് ശ്രീ. സി. കെ. നാണു പറയേണ്ട അഭിപ്രായമാണോ?...... (ബഹളം).... വടകര താലൂക്ക് എന്നുപറഞ്ഞാൽ ആ നിയോജകമണ്ഡലത്തിലെ എം.എൽ.എ. പറയേണ്ട കാര്യമല്ല. വടകര താലൂക്ക് എന്നുപറയുന്നത് ഒരു നിയോജകമണ്ഡലം മാത്രമുള്ള കാര്യമല്ല. ബഹുമാന്യനായ സി. കെ. നാണുവിനെപ്പറ്റി ഇവിടെയാരും ഒരക്ഷരം പറഞ്ഞില്ല. അതുകൊണ്ട് നടപടിക്രമം അങ്ങ് പാലിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയട്ടെ. വടകര എം.എൽ.എ.-യെപ്പറ്റി എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ രേഖ പരിശോധിക്കാമല്ലോ. ......(ബഹളം).... ശരിയായ നടപടിയല്ല ഇത്. ഒരു മാസമായി ഇക്കാര്യം പറഞ്ഞിട്ടില്ലല്ലോ. നടപടിക്രമങ്ങൾ അങ്ങ് പാലിക്കണം.

<u>മി. സ്പീക്കർ</u>: ചെയറിന് എഴുതി നൽകിയ അടിയന്തരപ്രമേയത്തിൽ ഒഞ്ചിയം, ഓർക്കാട്ടേരി തുടങ്ങിയ സ്ഥലങ്ങളുമായി ബന്ധപ്പെട്ട് എഴുതി നൽകിയിട്ടുണ്ട്. ഈ രണ്ട് സ്ഥലങ്ങളും വടകര മണ്ഡലത്തിലാണ്. വടകര മണ്ഡലവുമായി ബന്ധപ്പെട്ട കാര്യം ഉന്നയിക്കപ്പെട്ടാൽ ആ അംഗത്തിന് അത് പറയാനുള്ള അവകാശമുണ്ട്. ...... (ബഹളം)..... ദയവായി ഇങ്ങനെയൊരു സമീപനം സ്വീകരിക്കരുത്. ഇത്

കീഴ്വഴക്കമാക്കരുത്. ഈ സഭയിൽ അംഗങ്ങൾ ആവശ്യപ്പെട്ടാൽ അനുവാദം കൊടുക്കാറുണ്ട്. എത്രയോ തവണ ഇങ്ങനെ അനുവാദം നൽകിയിട്ടുണ്ടെന്ന് ഞാൻ രേഖാമൂലം എഴുതിത്തരാം. .....(ബഹളം).... അദ്ദേഹം എന്താണ് പറയുന്നതെന്ന് നമ്മൾ കേട്ടില്ലല്ലോ? ....(ബഹളം)....

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കുറ്റ്യാടിയുടെയോ നാദാപുരത്തിന്റെയോ പ്രശ്നമല്ല ഇവിടെ പറഞ്ഞത്. വടകര മണ്ഡലത്തിലെ ഒരു എം.എൽ.എ.-യ്ക്ക് അതിനുള്ള സ്വാതന്ത്ര്യമില്ലേ? ഇങ്ങനെയൊരു കീഴ്വഴക്കമുണ്ടാക്കി കഴിഞ്ഞാൽ ആർക്കും ഒരവകാശവുമുണ്ടാകില്ല. .... (ബഹളം).. പ്രതിപക്ഷ നേതാവ് പറയട്ടെ. വടകര മണ്ഡലവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നം ഇവിടെ പറഞ്ഞത് കുറ്റ്യാടിയിലുള്ള എം.എൽ.എ. ആണ്. .... (ബഹളം).....

മി. സ്പീക്കർ: ദയവായി നിങ്ങൾ പ്രകോപിതരാകേണ്ട കാര്യമില്ല. അടിയന്തരപ്രമേയത്തിൽ മണ്ഡലവുമായി ബന്ധപ്പെട്ട വിഷയം വരുമ്പോൾ, കഴിഞ്ഞ ദിവസം ശ്രീ. കെ. ബി. ഗണേഷ് കുമാർ സംസാരിച്ചില്ലേ, അതിനുമുമ്പ് ശ്രീ. എം. വിൻസെന്റും ശ്രീ. എൻ. ഷംസുദ്ദീനും സംസാരിച്ചില്ലേ? .... (ബഹളം).. അന്ന് നിങ്ങളാരും ഈ സഭയിലുണ്ടായിരുന്നില്ലേ? അന്നൊന്നും ഈ പ്രകോപനമുണ്ടായില്ലല്ലോ. ഇത് ശരിയല്ല. ഈ സമ്മേളനകാലയളവിൽത്തന്നെ ഇതൊക്കെ ഉണ്ടായതല്ലേ? വളരെ ദീർഘകാലമായി ഈ സഭയിലുള്ള ശ്രീ. സി. കെ. നാണുവിന് അദ്ദേഹത്തിന്റെ മണ്ഡലത്തെക്കുറിച്ച് ഒരു കാര്യം പറയാൻ പറ്റില്ലെന്ന് പറഞ്ഞാൽ അത് ശരിയല്ല. .... (ബഹളം).. ... ശ്രീ. സി. കെ. നാണു, അങ്ങ് പറയൂ.

ശ്രീ. സി. കെ. നാണു: സർ, ഞാൻ വടകര നിയോജകമണ്ഡലത്തെ 4 പ്രാവശ്യമായി പ്രതിനിധീകരിച്ചുവരുന്ന ഒരു എം.എൽ.എ.-ആണ്. ( ...ബഹളം....)

മി. സ്പീക്കർ: ഇത് സഭയിൽ തുടരുന്ന രീതിയാണ്. അത് അദ്ദേഹത്തിനും അവകാശപ്പെട്ട കാര്യമാണ്. നിങ്ങളുടെ അവകാശം സംരക്ഷിക്കുന്നതുപോലെ അദ്ദേഹത്തിന്റെ അവകാശം സംരക്ഷിക്കാനും എനിക്ക് ബാധ്യതയുണ്ട്. അങ്ങ് സംസാരിക്കൂ.

(യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുമ്പിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. സി. കെ. നാണു: സർ, എന്റെ നിയോജക മണ്ഡലത്തിൽ സമാധാന മുണ്ടാകണം. അത് തകർക്കാൻ ആരെയും അനുവദിക്കരുത്. അതിനുള്ള സാഹചര്യ മുണ്ടാകരുത്. ഞാൻ വളരെ വേദനയോടുകൂടിയാണ് പറയുന്നത്. ഇതൊരു തമാശയല്ല. ... ..... (ബഹളം).... എന്റെ നിയോജകമണ്ഡലത്തിൽ സമാധാനപരമായി ജനങ്ങൾക്ക്

ജീവിക്കാനുള്ള പ്രശ്നത്തെ സംബന്ധിച്ച് പറയാൻ എന്നെ അനുവദിക്കണം. ...... (ബഹളം).... ഞാനെന്തെങ്കിലും മോശമായി പറഞ്ഞോ? എന്നെ സംസാരിക്കാൻ അനുവദിക്കാതിരിക്കുന്നതിന്റെ കാരണമെന്താണ്? ഇങ്ങനെ മുദ്രാവാക്യം വിളിച്ച് തടസ്സപ്പെടുത്തുന്നതെന്തിനാണ്?

മി. സ്പീക്കർ: അദ്ദേഹം നമ്മുടെയെല്ലാം ഗുരുസ്ഥാനീയനായ ആളല്ലേ. അദ്ദേഹം പറയട്ടെ. ദയവായി ബഹളമുണ്ടാക്കാതിരിക്കൂ..... (ബഹളം)... ശ്രീ. സി. കെ. നാണു ഈ സഭയിൽ എന്തെങ്കിലും പ്രകോപനമുണ്ടാക്കിയിട്ടുണ്ടോ? പ്ലീസ്...

ശ്രീ. സി. കെ. നാണു: സർ, ഞാൻ ആരെയെങ്കിലും ആക്ഷേപിക്കുകയാണോ? ...... (ബഹളം).... ഞാനൊരു കാര്യവും മോശമായി പറയുന്നില്ലല്ലോ. ഞാൻ പറയുന്നത് ശ്രദ്ധിക്കാതെ എന്തിനാണ് ആക്ഷേപിക്കുന്നത്. ഇത് എന്ത് സമീപനമാണ്, എന്റെ മണ്ഡലത്തിൽ സമാധാനമുണ്ടാകുന്നത് ആർക്കും ഇഷ്ടമല്ലേ; എന്റെ നാട്ടിൽ സമാധാനം വേണ്ടേ?....(ബഹളം).....

മി. സ്പീക്കർ: ദയവായി നിങ്ങൾ സീറ്റുകളിലേയ്ക്ക് പോകണം. ആവർത്തിച്ച് അഭ്യർത്ഥിക്കുകയാണ്. ഈ സഭയിലെ ഗുരുസ്ഥാനീയനായ ഒരാളാണ് അദ്ദേഹം. അദ്ദേഹം പ്രകോപനപരമായി ഒരുവാക്കുപോലും സഭയിൽ ഉന്നയിച്ചിട്ടില്ല. അദ്ദേഹം സംസാരിക്കുമ്പോൾ ഒരിക്കലും മാന്യതവിട്ട് സംസാരിക്കാറില്ല. ...... (ബഹളം).....

ശ്രീ. സി. കെ. നാണു: സർ, കുറെ കൊല്ലം മുമ്പ് ഒരു സംഭവമുണ്ടായി. അതിനുശേഷം നാദാപുരത്തുണ്ടായി...(ബഹളം)......

മി. സ്പീക്കർ: ഈ സാഹചര്യം വളരെ നിർഭാഗ്യകരമാണ്.

ശ്രീ. സി. കെ. നാണു: സർ, എനിക്ക് മനസ്സിലാകും; ഈ സംഭവവികാസങ്ങൾ തെറ്റായ ചിലതുംകൂടി ചേർത്തുകൊണ്ട് ഇവിടെ ചർച്ച ചെയ്യേണ്ടതാണെന്ന് മനസ്സിലാകുന്നു. ഈ ബഹളം വസ്തുതകൾ ബോധ്യപ്പെടുത്തും. ...... (ബഹളം)......

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ......... (ബഹളം).....

മി. സ്പീക്കർ: നിങ്ങൾ ഇരിക്കൂ.... പ്ലീസ്.. അൽപ്പംകൂടി പക്വതയോടുകൂടി എല്ലാവരും പെരുമാറണം. ദയവായി സീറ്റിലിരിക്കണം.... വളരെ ദൗർഭാഗ്യകരമായ ഒരവസ്ഥയാണിത്. ദയവായി ഇരിക്കൂ. ...... (ബഹളം)... ശ്രീ. പാറക്കൽ അബ്ദുല്ല മാന്യമായി അദ്ദേഹത്തിന്റെ വിമർശനം ഇവിടെ ഉന്നയിച്ചു. മാന്യതയില്ലാതെ ഒരു വാക്കുപോലും ഈ സഭയിൽ പറഞ്ഞിട്ടില്ലാത്ത ശ്രീ. സി. കെ. നാണു ഒരു വാചകം

പറയുന്നതിന്റെ ഭാഗമായി എന്തിനാണ് ഈ പ്രകോപനമെന്ന് മനസ്സിലാകുന്നില്ല. ...... (ബഹളം).... സഭയുടെ നിലവാരം പാതാളത്തിലേയ്ക്കാണ് താണുകൊണ്ടിരിക്കുന്നത്. പ്ലീസ്.......പ്ലീസ്........ ഈ ഒരവസ്ഥയിൽ സഭ തുടരാൻ കഴിയില്ല. സഭ താൽക്കാലികമായി നിർത്തിവയ്ക്കുന്നു.

10.35 AM]

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.06-ന് അൽപ്പനേരത്തേയ്ക്ക് നിർത്തിവച്ച സഭ 10.36-ന് പുനരാരംഭിച്ചു)

<u>മി. സ്പീക്കർ</u>: ഓർഡർ....ഓർഡർ... സഭയുടെ അന്തസ്സിന് ചേരാത്ത നിലയിലുള്ള നിർഭാഗ്യകരമായ ഒരന്തരീക്ഷം ഇവിടെ ഉണ്ടായതിൽ ചെയർ ഖേദവും ആശങ്കയും പ്രകടിപ്പിക്കുകയാണ്. അടിയന്തരപ്രമേയത്തിനിടയിൽ ബന്ധപ്പെട്ട നിയോജക മണ്ഡലത്തിലെ അംഗങ്ങൾക്ക് സംസാരിക്കാൻ അവസരം നൽകുന്നത് സഭയിൽ ഒരു കീഴ്വഴക്കമായി സ്വീകരിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്. അത് പുതിയ കാര്യമല്ല. അംഗങ്ങളുടെ അറിവിലേയ്ക്കായി ഏതാനും ചില ഉദാഹരണങ്ങൾ ഞാൻ സൂചിപ്പിക്കാം. 8-3-2012-ന് ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ അവതരിപ്പിച്ച അടിയന്തര പ്രമേയവുമായി ബന്ധപ്പെട്ട് സ്വന്തം മണ്ഡലത്തിലാണെന്ന ശ്രീ. പാലോട് രവിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് അവസരം ലഭിക്കുകയുണ്ടായി. 8-7-2013-ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന്റെ സന്ദർഭത്തിൽ ശ്രീ. എ. പി. അനിൽകുമാറിന് ഇടപെട്ട് സംസാരിക്കാൻ അവസരം കൊടുക്കുകയുണ്ടായി. 10-6-2013-ന് അട്ടപ്പാടിയിലെ ശിശുമരണവുമായി ബന്ധപ്പെട്ട് ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന്റെ സന്ദർഭത്തിൽ സ്വന്തം മണ്ഡലത്തിലാണെന്ന ശ്രീ. എൻ. ഷംസുദ്ദീന്റെ ആവശ്യപ്രകാരം അദ്ദേഹത്തിന് അവസരം നൽകുകയുണ്ടായി. 25-4-2017-ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് ശ്രീ. എം. എം. മണിക്ക് അവസരം നൽകുകയുണ്ടായി. 5-3-2015-ന് ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച അടിയന്തര പ്രമേയവുമായി ബന്ധപ്പെട്ട് ശ്രീ. കെ. ബി. ഗണേഷ് കുമാറിന് അവസരം നൽകുകയുണ്ടായി. 9-7-2013-ന് ശ്രീ. സി. ദിവാകരൻ അവതരിപ്പിച്ച അടിയന്തര പ്രമേയവുമായി ബന്ധപ്പെട്ട് ശ്രീ. റ്റി. വി. രാജേഷിന് അനുവാദം നൽകുകയുണ്ടായി. 6-3-2018-ന് ശ്രീ. കെ. എം. മാണി അവതരിപ്പിച്ച അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് ശ്രീ. രാജു എബ്രഹാമിന് അവസരം നൽകുകയുണ്ടായി. സ്വന്തം മണ്ഡലവുമായി ബന്ധപ്പെട്ടുവരുന്ന വിഷയത്തെക്കുറിച്ച് സഭയിൽ ചർച്ച നടക്കുന്ന സന്ദർഭത്തിൽ ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധിക്ക് ഒരവസരം നൽകുകയെന്നത് തീർത്തും സ്വാഭാവികമായ കാര്യമായിട്ടാണ് സഭ കാണുന്നത്. അത് ജനാധിപത്യ മര്യാദയുടെ ഒരു ഭാഗമാണ്. ഈ സഭയിലെ സീനിയറായ, ഗുരുസ്ഥാനീയനായ ശ്രീ. സി. കെ. നാണുവിന് അദ്ദേഹത്തിന്റെ

മണ്ഡലവുമായി ബന്ധപ്പെട്ട വിഷയം സഭയിൽ വന്നപ്പോൾ, പ്രത്യേകിച്ചും ചെയറിന് എഴുതിത്തന്ന പ്രമേയത്തിൽത്തന്നെ അദ്ദേഹത്തിന്റെ മണ്ഡലത്തിലെ സ്ഥലങ്ങളെ പരാമർശിച്ച പശ്ചാത്തലത്തിൽ ഒരവസരം കൊടുത്തത് തെറ്റായി കാണുന്ന പ്രവണത ശരിയായിരുന്നില്ലെന്ന് ചെയർ ഓർമ്മപ്പെടുത്തുകയാണ്. അത്തരമൊരു രീതി സ്വീകരിക്കുന്നത് ജനാധിപത്യ മര്യാദയുടെ ഭാഗമല്ലെന്നും ഓർമ്മപ്പെടുത്തുന്നു. അദ്ദേഹത്തിന് സംസാരിക്കാനുള്ള അവസരം നൽകേണ്ടതുണ്ട് എന്ന അഭിപ്രായം ചെയർ വീണ്ടും അറിയിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സ്പീക്കറോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ടുതന്നെയാണ് സഭയിൽ അംഗങ്ങൾ പ്രവർത്തിക്കേണ്ടതെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. ഞങ്ങൾ അങ്ങനെയേ ചെയ്തിട്ടുള്ളൂ. പക്ഷെ ഇവിടെ ചില സന്ദർഭങ്ങളിൽ പ്രതിപക്ഷത്തിന്റെ വാദഗതിയെ ദുർബലപ്പെടുത്തുന്ന നിലയിൽ മനഃപൂർവ്വമായി ചില അംഗങ്ങളെ വിളിക്കുന്നുവെന്ന പരാതി ഞങ്ങളുടെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. അത് കുറേ ദിവസങ്ങളായി നടന്നുകൊണ്ടിരിക്കുന്ന കാര്യമാണ്. ഈ സംഭവം ഉണ്ടായിട്ടും ഞങ്ങൾക്കെല്ലാവർക്കും വളരെ ബഹുമാന്യനായ, പ്രായംകൊണ്ടും പ്രവർത്തന പാരമ്പര്യംകൊണ്ടും സീനിയറായിട്ടുള്ള ശ്രീ. സി. കെ. നാണു ഒരു സബ്മിഷൻപോലും ഇവിടെ നൽകിയിട്ടുമില്ല. പഴയ യൂത്ത് കോൺഗ്രസ്സിന്റെയും കെ.എസ്.യു.-വിന്റെയും നേതാവായിരുന്ന ഞാൻ ബഹുമാനിക്കുന്ന ആളാണ് അദ്ദേഹം. ഞങ്ങൾക്കാർക്കും അദ്ദേഹത്തോട് അനാദരവൊന്നുമില്ല. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ബഹുമാനപ്പെട്ട സ്പീക്കറുടെ തീരുമാനത്തെ ഞങ്ങൾ ചോദ്യം ചെയ്യുന്നുമില്ല. ഞങ്ങളുടെ ആ സ്പിരിറ്റിനെ ഡിഫീറ്റ് ചെയ്യുത്തക്ക നിലയിലുള്ള ബോധപൂർവ്വമായ നീക്കമുണ്ടാകുന്നുണ്ടോ എന്നുള്ള സംശയത്തിൽ നിന്നാണ് ഈ പ്രശ്നമുണ്ടായത്. ഷുഹൈബിന്റെ വധക്കേസുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ ശ്രീ. ഇ. പി. ജയരാജൻ ഇവിടെ ഒരക്ഷരം പറഞ്ഞില്ലല്ലോ. സംസ്ഥാനത്ത് നിരവധി കൊലപാതകങ്ങളും അക്രമങ്ങളുമൊക്കെയുണ്ടാകും. അത് ഉന്നയിക്കുകയെന്നത് പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വമല്ലേ? ബോധപൂർവ്വം ഞങ്ങളുടെ വാദഗതികളെ ഡിഫീറ്റ് ചെയ്യാനുള്ള നീക്കത്തിന് അങ്ങ് കൂട്ടുനിൽക്കരുതെന്ന അഭിപ്രായമാണുള്ളത്.

മി. സ്പീക്കർ: ഭരണപക്ഷത്താണെങ്കിലും പ്രതിപക്ഷത്താണെങ്കിലും ബന്ധപ്പെട്ടൊരംഗം ആവശ്യപ്പെട്ടാൽ അനുവാദം കൊടുക്കുന്നതാണ് പതിവ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടത്തെ അടിസ്ഥാന പ്രശ്നം കഴിഞ്ഞദിവസം ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. അങ്ങ് ചില നിലപാടുകളെടുക്കുമ്പോൾ വലിയ ബഹളമയമായൊരു അന്തരീക്ഷം സൃഷ്ടിക്കാൻവേണ്ടി പ്രതിപക്ഷനേതാവിനെ ധിക്കരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പിൻബഞ്ചുകാർ തള്ളിവരികയാണ്.

ആ വരവിനൊരു പ്രത്യേകതയുണ്ട്. സാധാരണ നിയമസഭാ വേദിയിൽ അവരവരുടെ സീറ്റിൽ ഇരുന്നും നിന്നുമൊക്കെ ചില പ്രതിഷേധം രേഖപ്പെടുത്തൽ ഉണ്ടാകാറുണ്ട്. എന്നാൽ ഇത് നേരെ അങ്ങയുടെ മുന്നിൽവന്ന് ബഹളം വയ്ക്കുകയാണ് ചെയ്യുന്നത്. ഇതാണ് അടിസ്ഥാന പ്രശ്നം. പ്രതിപക്ഷ നേതാവ് തിരിച്ചുപോകാൻ കൈകൊണ്ട് ആംഗ്യം കാണിക്കുന്നത് ഞങ്ങളെല്ലാവരും കാണുന്നതാണ്. അവരെല്ലാം പ്രതിപക്ഷ നേതാവിനെക്കാളും യോഗ്യരായിരിക്കാം. അനുസരിക്കാൻ ബാധ്യസ്ഥരല്ലെന്ന നിലപാട് സ്വീകരിക്കുന്നതാണ് ഞങ്ങളിവിടെയിരുന്ന് കാണുന്നത്. ഇങ്ങനെയുള്ള പ്രശ്നങ്ങളാണ് ഇതിൽ അടങ്ങിയിട്ടുള്ളത്. ഇന്ന് വളരെ മോശമായൊരു സ്ഥിതിയിലെത്തി. ഇത് ആവർത്തിക്കുന്ന നിലവരുമ്പോൾ കൂടുതൽ മോശമായ നിലയിലേയ്ക്ക് പോകും. അതുകൊണ്ട് ഇക്കാര്യത്തിൽ എല്ലാവരും സംയമനം പാലിക്കുന്നതായിരിക്കും നല്ലത്.

<u>മി. സ്പീക്കർ</u>: ശ്രീ. സി. കെ. നാണു.... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുഖ്യമന്ത്രിയും സംസാരിച്ചുകഴിഞ്ഞു. ..(ബഹളം).. പ്ലീസ്... ശ്രീ. സി. കെ. നാണു.

<u>ശ്രീ. സി. കെ. നാണു:</u> സർ, ഇങ്ങനെയൊരു അന്തരീക്ഷമുണ്ടാകുന്നതിന് ഞാൻ എഴുന്നേറ്റത് കാരണമായതിൽ എനിക്ക് യഥാർത്ഥത്തിൽ സങ്കടമുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പ്രശ്നത്തെ സംബന്ധിച്ച് പറയാൻ ബഹുമാനപ്പെട്ട സ്പീക്കർ കുറച്ച് സമയം അനുവദിക്കണം. എനിക്ക് വേണമെങ്കിൽ ഇതുപോലെ അടിയന്തരപ്രമേയം കൊണ്ടുവരാമായിരുന്നു. എന്റെ നിയോജകമണ്ഡലത്തിൽ ദൗർഭാഗ്യപരമായ ഒരു കൊലപാതകമുണ്ടായതുമായി ബന്ധപ്പെട്ട് പോലീസ് അറസ്റ്റും മറ്റ് പ്രശ്നങ്ങളുമുണ്ടായി. ആ പഞ്ചായത്തിലുള്ള അമ്പതോളം ആളുകളുടെ, ഭൂരിഭാഗം പാവങ്ങളുടെയും വീടുകൾ അടിച്ചുതകർത്തു, ലൈബ്രറികൾ തകർത്തു. ഞങ്ങൾ കുറേ എം.എൽ.എ.-മാർ അത്തരം വീടുകളിൽ പോയി കരയുന്ന സഹോദരിമാരെ ആശ്വസിപ്പിച്ചു. യഥാർത്ഥത്തിൽ എന്റെ ചുമതല, ഈ സംഭവത്തിനുശേഷം ഇതിന്റെ കണക്കുകളെടുത്ത് സഭയിൽ ഒരു അടിയന്തരപ്രമേയം കൊണ്ടുവന്ന് ആ കുടുംബങ്ങളെ സഹായിക്കാനും അവർക്ക് നഷ്ടമായത് സർക്കാർ നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്യുണമായിരുന്നു. ഞാൻ പ്രതിപക്ഷത്തായിരുന്നുവെങ്കിൽ എനിക്ക് അടിയന്തരപ്രമേയം കൊണ്ടുവരാമായിരുന്നു. ദൗർഭാഗ്യകരമായ സംഭവം നടന്നു. രണ്ട് കക്ഷികൾ തമ്മിലുണ്ടായ പ്രശ്നം എന്റെ നാട്ടിലെ സമാധാനാന്തരീക്ഷം തകർക്കുകയാണ് ചെയ്തത്. തൊട്ടടുത്തുള്ള മണ്ഡലത്തിലും ഒരു ചെറുപ്പക്കാരനെ കൊന്നു. പ്രതികളാരാണെന്ന് എല്ലാവർക്കുമറിയാം. അവിടെയും ഇതുപോലെ ഇരുപതോളം വീടുകളിൽ കയ്യേറ്റമുണ്ടായി. ഞാനും ആ വീടുകളിൽ പോയി. ആ വീട്ടുകാർക്ക് നഷ്ടപരിഹാരമനുവദിച്ചു. എന്റെ മണ്ഡലത്തിൽ അനുവദിച്ചിട്ടില്ല. സമാധാനമുണ്ടാകണമെന്ന് മാത്രമായിരുന്നു എന്റെ ആഗ്രഹം. സ്വാഭാവികമായി ഒരു കൊലപാതകമുണ്ടായാൽ അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടാകും. ഞാൻ

സബ്ജക്ട് കമ്മിറ്റി മീറ്റിംഗിന് വന്നതിന്റെ അന്ന് രാത്രിയാണ് സംഭവമുണ്ടാകുന്നത്. കളക്ടറെയും തഹസിൽദാരെയും എസ്.പി.-യെയും വിളിച്ച് സമാധാനപരമായ അന്തരീക്ഷമുണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തി. ഇവിടെ ശ്രീ. പാറക്കൽ അബ്ദുല്ല പറഞ്ഞ ചില പ്രശ്നങ്ങളോട് എനിക്ക് വിയോജിപ്പില്ല. ചിലപ്പോൾ നമ്മുടെ മണ്ഡലത്തിൽ ആ സാഹചര്യം എല്ലാവരുമുണ്ടാക്കുന്നുണ്ട്. അവിടെ സമാധാന അന്തരീക്ഷത്തിലേയ്ക്ക് വരികയാണ്. ചില പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ നമ്മളിടപെടുന്നു. അടിച്ചുതകർത്ത 50 വീടുകളിൽ പോയി; അവർക്ക് ഞാൻ എന്ത് കൊടുത്തുവെന്ന് എന്നോട് അങ്ങാടിയിൽവച്ച് പലരും ചോദിക്കുകയാണ്, നിങ്ങൾ കണ്ടതാണ് ഞങ്ങളുടെ വീടുകൾ അടിച്ചു തകർത്തിരിക്കുന്നത്, എന്തുതന്നു? അവർക്ക് ഒരു നഷ്ടപരിഹാരവും വാങ്ങിക്കൊടുക്കാത്തതാണ് എന്റെ കുറ്റം. സ്വാതന്ത്ര്യ സമരകാലത്തും വളരെ സജീവമായ രാഷ്ട്രീയ നേതൃത്വമുള്ള പ്രദേശമാണ് വടകര. സീനിയറായ രാഷ്ട്രീയ നേതാക്കളായ എം. കൃഷ്ണനെയും കേളുവേട്ടനെയും പോലെയുള്ള പ്രഗത്ഭൻമാരുടെ നാടാണ്. അന്ന് രാഷ്ട്രീയം സജീവമായി പറയുകയും തമ്മിലടിക്കാതിരിക്കുകയും ചെയ്തിരുന്നു. എന്റെ ചെറുപ്പത്തിൽ യൂത്ത് കോൺഗ്രസ്സുകാരനായ ഞാനും മാർക്സിസ്റ്റു കാരനായ ശങ്കരേട്ടനുമൊന്നിച്ച് നടന്ന് രാഷ്ട്രീയ ചർച്ച നടത്തുമ്പോൾ ആളുകൾ ഞങ്ങളുടെ പിന്നാലെ വരികയും ബസ് സ്റ്റാന്റിലെത്തുമ്പോൾ പോലീസ് ആൾക്കൂട്ടത്തെ പിരിച്ചുവിടുകയും ഞങ്ങൾ ചായക്കടയിൽപോയി ചായകുടിച്ച് പിരിയുകയും ചെയ്തിരുന്നു. എന്റെ നാട്ടിൽ ദൗർഭാഗ്യകരമായ ഒരു സംഭവമുണ്ടായി, അത് പരിഹരിക്കാനുള്ള നടപടിയുണ്ടാകണം. ഇനി ചോര വേണ്ട, അതിന് എല്ലാവരും സഹായിക്കണം. നമുക്ക് രാഷ്ട്രീയ പ്രശ്നങ്ങളുണ്ടെങ്കിലും അവിടെ എല്ലാ മതക്കാരുമായി രാഷ്ട്രീയ സൗഹാർദ്ദത്തിലാണ്. ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച അടിയന്തരപ്രമേയത്തി ലേക്കൊന്നും ഞാൻ കടക്കുന്നില്ല. എന്റെ അഭ്യർത്ഥന, അവിടത്തെ സമാധാനപരമായ അന്തരീക്ഷം തകർക്കരുത്. അവിടെ നടന്ന സംഭവത്തിന്റെ പശ്ചാത്തലം എനിക്കറിയാം. അതിലേയ്ക്ക് ഞാൻ പോകുന്നില്ല. പോയാൽ വസ്തുനിഷ്ഠമായി എനിക്ക് കാര്യങ്ങൾ പറയാൻ സാധിക്കും. ആർ.എം.പി. ആയാലും സി.പി.ഐ.(എം) ആയാലും എന്നോട് സഹോദരനെപ്പോലെ പെരുമാറുന്ന ആളുകളുള്ള പ്രദേശമാണ്. അവിടെ ദൗർഭാഗ്യകരമായുണ്ടായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കഴിയണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ ശ്രീ. പാറക്കൽ അബ്ദുല്ല പറഞ്ഞത് ഒരു മാസം മുമ്പുണ്ടായ കാര്യമാണെന്ന് അദ്ദേഹം തന്നെ സമ്മതിക്കുകയാണ്. സ്വാഭാവികമായും എന്തുകൊണ്ടാണ് ഇപ്പോൾ ഇക്കാര്യം അവതരിപ്പിക്കാൻ ഇടയായതെന്ന് ആലോചിക്കുകയാണ്. സംസ്ഥാനത്ത് ക്രമസമാധാനനില തകർന്നുവെന്ന ബോധപൂർവ്വമായ പ്രചരണം ഉയർത്തിക്കൊണ്ടുവരണമെന്ന് പല കേന്ദ്രങ്ങളും ആഗ്രഹിക്കുന്നുണ്ട്. അതിന് സർക്കാർ വിരുദ്ധ കേന്ദ്രങ്ങളെയാകെ കൂട്ടിയോജിപ്പിക്കാനുള്ള ശ്രമവും യഥാർത്ഥത്തിൽ നടക്കുന്നുണ്ട്. അതിന്റെകൂടി

ഭാഗമാണിതെന്ന് പറഞ്ഞാൽ അതിനെ കുറ്റം പറയാൻ കഴിയില്ല. ബഹുമാന്യനായ പ്രമേയാവതാരകന് ആർ.എം.പി.-യുടെ ഉത്ഭവംതൊട്ട് നല്ല നിലയ്ക്ക് അതിന്റെ കാര്യങ്ങൾ അറിയാവുന്ന ആളാണ്. അതിന്റെ ഒരു തരത്തിലുള്ള സ്പോൺസർഷിപ്പ് തന്നെ അക്കാലത്ത് പലർക്കുമുണ്ടായിരുന്നു. അതിൽ ഒന്ന് ഇദ്ദേഹത്തിന്റെ പേരാണ് പറഞ്ഞുകേട്ടത്. അത്തരത്തിൽ സ്പോൺസർഷിപ്പ് നടത്തിയ ഒരു കൂട്ടർ ശോഷിച്ചുപോകുമ്പോൾ തന്റെ അർത്ഥവും പണവും നഷ്ടമായല്ലോയെന്ന ചിന്ത ഉണ്ടാകുന്നത് സ്വാഭാവികമാണ്. .......(ബഹളം).......

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്......ശ്രീ. പി. കെ. ബഷീർ, ഇരിക്കൂ....

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ ഇവിടെ ശ്രീ. ബഷീറിനെയല്ല പറഞ്ഞത്. ശ്രീ. ബഷീറിന് നല്ല ശബ്ദമെടുക്കാനുള്ള കഴിവുണ്ടെന്ന് കരുതി എന്തിനും ശബ്ദമെടുത്ത് പറഞ്ഞാൽ ഞാൻ പറയാതിരിക്കില്ല. അത് ആദ്യം മനസ്സിലാക്കണം. ഇവിടെ ശബ്ദംകൊണ്ട് ആരെയും കീഴ്പ്പെടുത്തിക്കളയാമെന്ന് വിചാരിക്കരുത്. ആ ഘട്ടത്തിൽ ഇവരെ സ്പോൺസർ ചെയ്യുന്ന ചിലരെക്കുറിച്ച് കേട്ടിരുന്നു. അതിൽ ഒരു പേര് ശ്രീ. പാറക്കൽ അബ്ദുല്ലയുടേതായിരുന്നു. അതുകൊണ്ടുതന്നെ അവർ ശോഷിച്ചു പോകുമ്പോഴുണ്ടാകുന്ന മനഃപ്രയാസമാണ് ഇതിലേയ്ക്ക് കാര്യങ്ങൾ എത്തിച്ചിരിക്കുന്നത്.

ബഹുമാന്യനായ വടകര എം.എൽ.എ. അദ്ദേഹത്തിന്റെ അനുഭവം പറഞ്ഞു. ഒരുകാലത്ത് ഇവിടെ അക്രമസംഭവങ്ങൾ ഉണ്ടാകുമ്പോൾ പക്ഷപാതപരമായ നിലപാട് സ്വീകരിച്ചിരുന്നതിന്റെ ദുരനുഭവമാണ് അദ്ദേഹത്തിന്റേതായ രീതിയിൽ പറഞ്ഞത്. എന്നാൽ ഇന്ന് സംസ്ഥാനത്ത് മുഖം നോക്കാതെ നടപടികളെടുക്കുന്ന നിലപാടാണുള്ളത്. അത്തരം നടപടികൾക്ക് ഫലവുമുണ്ടായിട്ടുണ്ട്. സംഘർഷഭരിതമായിരുന്ന ഒരു പ്രദേശം അതിന്റെ ഭാഗമായി സമാധാനപരമാകുന്ന നില വന്നിട്ടുണ്ട്. അവിടെ സമാധാനം നിലനിൽക്കുന്ന ഘട്ടത്തിലാണ് അത് ലംഘിക്കുന്നതിനുള്ള ചില നീക്കങ്ങളുണ്ടായത്. ആക്രമണം തുടങ്ങിയതെങ്ങനെയാണെന്ന് ഞാൻ നേരത്തെ പറഞ്ഞു. ആർ.എം.പി. ശോഷിച്ചുപോകുന്നു. നേരത്തെയുള്ള തെറ്റിദ്ധാരണകൾ മാറി ആർ.എം.പി.-യിൽ നിന്ന് ആളുകൾ സി.പി.ഐ.(എം)-ലേയ്ക്ക് പോകുന്നു. അങ്ങനെ പോയ ചിലരെ ആക്രമിക്കുന്ന സ്ഥിതിവരുന്നു. ഇതാണ് സംഘർഷത്തിനിടയാക്കിയത്. ആ ഘട്ടത്തിൽ ചിലരെ അറസ്റ്റ് ചെയ്തകാര്യം ബഹുമാന്യനായ പ്രമേയാവതാരകൻ പറഞ്ഞു. ഇരുമ്പ് വടികളും വാളും മറ്റും സൂക്ഷിച്ച സ്ഥലത്തു നിന്നാണ് അവരെ അറസ്റ്റ് ചെയ്യുന്നത്. എന്തിനാണ് ഇരുമ്പുവടിയും വാളും ഓഫീസിൽ കൊണ്ടുവച്ചിരിക്കുന്നത്? ആ ഓഫീസിൽ നിന്നല്ലേ പോലീസ് അത് പിടിച്ചെടുത്തത്? ഇതല്ലേ യഥാർത്ഥത്തിലുണ്ടായത്. അവിടെ നിന്ന് ആളെ പിടിച്ച കാര്യം മാത്രമാണ് പറഞ്ഞത്. മാരകായുധങ്ങൾ അവിടെയുണ്ടായിരുന്ന കാര്യം അദ്ദേഹം മറച്ചുവയ്ക്കുകയാണ് ചെയ്തത്.

ഇവിടെ ബഹുമാന്യനായ വടകര എം.എൽ.എ. നേരത്തെ ചില കണക്കുകൾ പറഞ്ഞു. കുറേക്കാലം മുമ്പുള്ളതായതുകൊണ്ട് അദ്ദേഹത്തിന് ചില പിശകുകൾ പറ്റിയെന്നാണ് എനിക്ക് തോന്നുന്നത്. യഥാർത്ഥത്തിൽ അന്ന് സി.പി.ഐ.(എം) പ്രവർത്തകരുടെ 79 വീടുകൾ, 24 വാഹനങ്ങൾ, 12 പാർട്ടി ഓഫീസുകൾ, 6 കടകൾ ഇതെല്ലാം ആക്രമിച്ച സംഭവമാണ് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചത്. അദ്ദേഹം കേളുവേട്ടനെക്കുറിച്ച് പറഞ്ഞു. കേളുവേട്ടനോടൊപ്പം ഇ.എം.എസ്.-ന്റെയും എ.കെ.ജി.-യുടെയും നായനാരുടെയും പേരുകളിൽ അറിയപ്പെട്ട കെട്ടിടങ്ങൾ, ഓഫീസുകൾ, സ്മാരകങ്ങൾ ഇതെല്ലാം തകർക്കുന്ന നിലയുണ്ടായപ്പോൾ, അതെല്ലാം അങ്ങനെ നടന്നോട്ടെ എന്ന നിലപാട് സ്വീകരിക്കുകയും തങ്ങൾക്കിഷ്ടമില്ലാത്തവരെ അറസ്റ്റുചെയ്ത് നാടുകടത്തുകയും ചെയ്ത പഴയൊരു കാലമുണ്ടായിരുന്നു. അതിനാണ് മാറ്റം സംഭവിച്ചിട്ടുള്ളത്. അതെല്ലാം ഏകപക്ഷീയമായി സ്വീകരിച്ച നടപടിയായിരുന്നു. പോലീസിനെ വിമർശിച്ച് പ്രസംഗിച്ചാൽ കേസ്സെടുക്കുന്ന ഒരു കാലമുണ്ടായിരുന്നു. വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എളമരം കരീമിനെതിരെ അത്തരത്തിലുള്ള ഒരു കേസ്സെടുത്തിരുന്നു. അതൊന്നും ആരും മറക്കുന്നതല്ലല്ലോ. ഇങ്ങനെയെല്ലാമുള്ള പിന്തുണയോടെ ഒരു പാർട്ടിയെ ഉയർത്തിക്കാട്ടാൻ ശ്രമിച്ചുവരികയായിരുന്നു. അത്തരമൊരു പാർട്ടി ദിവസം കഴിയുന്തോറും ഇല്ലാതാകുന്നതിന് എന്തുചെയ്യാൻ കഴിയും ? അതിന്റെ കൂടെ നിന്നവർതന്നെ കാര്യങ്ങൾ സ്വയം ബോദ്ധ്യപ്പെട്ട് ശരിയായ നിലപാട് സ്വീകരിച്ച് അവരെ ഉപേക്ഷിക്കുന്ന നിലയാണ് ഇന്ന് കണ്ടുവരുന്നത്. നമ്മുടെ നാടിനെ അപമാനിക്കുന്നതിനുവേണ്ടി സംഘ്പരിവാർ രാജ്യത്താകെ നടത്തുന്ന ഒരു പ്രചരണമുണ്ട്. ഇവിടെ ജീവിക്കാൻ സാധിക്കാത്ത അവസ്ഥയാണെന്ന അന്തരീക്ഷം സൃഷ്ടിക്കാനാണ് അവർ ഉദ്ദേശിക്കുന്നത്. കേരളത്തെ താറടിച്ചുകാണിക്കാനുള്ള ബോധപൂർവ്വമായ ശ്രമം നടന്നു കൊണ്ടിരിക്കുമ്പോൾ യഥാർത്ഥത്തിൽ ആ ശ്രമത്തെ കേരളജനത ഒറ്റക്കെട്ടായി നേരിടുന്ന കാഴ്ചയും നമ്മൾ കണ്ടതാണ്. നമ്മുടെ നാടിന്റെ ഭാഗമായി വിദേശരാജ്യങ്ങളിൽ കഴിയുന്നവർ ആ ഘട്ടത്തിൽ കേരളം നമ്പർ വൺ എന്നുപറഞ്ഞ് സ്വീകരിച്ച നിലപാടും ഞാൻ ഓർക്കുകയാണ്. ഇക്കഴിഞ്ഞ ദിവസം ഒരാൾ ഡൽഹിയിൽ പോയി സത്യാഗ്രഹമിരിക്കുകയുണ്ടായി. ഇതൊക്കെ കേരളത്തെ മറ്റൊരു രീതിയിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടിയുള്ള നിലപാടുകളായിരുന്നു. ഡൽഹിയിൽ സംഘ്പരിവാറിന്റെ ആക്രമണത്തിന് വിധേയമായ ഓഫീസിന് മുന്നിലാണ് സമരവുമായി ഒരാൾ പോയിരുന്നത്. ഇന്നത്തെ ദിനത്തിന്റെ പ്രത്യേകത പ്രമേയാവതാരകൻ ഇവിടെ പറഞ്ഞത് പ്രത്യേക ഉദ്ദേശ്യത്തോടെയാണ്. ആ ഉദ്ദേശ്യം അടുത്തുവരുന്ന ചില കാര്യങ്ങൾ കണ്ടുകൊണ്ട് ഒരു പ്രത്യേക അന്തരീക്ഷം സൃഷ്ടിക്കുന്നതിനാണെന്ന് കാണുന്നുണ്ട്; അതിനുവേണ്ടിയുള്ള പ്രചരണമാണ്. കേരളത്തിൽ ക്രമസമാധാനം തകർന്നുവെന്ന് വരുത്താനുള്ള ബോധപൂർവ്വമായ പ്രചരണമാണ്. അതുകൊണ്ടാണ് ഒരു മാസം മുമ്പ് നടന്നുവെന്ന് പറഞ്ഞ ചില സംഭവങ്ങൾ

പ്രമേയാവതാരകൻ ഇവിടെ പ്രസ്താവിക്കാൻ ഇടയായത്. ഇതിന്റെ പിന്നിലുള്ള രാഷ്ട്രീയതാല്പര്യം സാധാരണഗതിയിൽ എല്ലാവർക്കും മനസ്സിലാക്കാൻ കഴിയും. അത്തരത്തിൽ ഒരു അടിയന്തര പ്രമേയമാണ് ഇവിടെ വന്നിട്ടുള്ളത്. സംസ്ഥാനത്ത് അക്രമങ്ങളുണ്ടായാൽ പോലീസ് കർക്കശമായ നിലപാട് സ്വീകരിക്കുകയാണ്. അതിന്റെ ഭാഗമായി നാട്ടിൽ സമാധാനം സ്ഥാപിക്കുന്നതിൽ നല്ല പുരോഗതിയുണ്ടായിട്ടുണ്ട്. ഇനിയും എന്തെങ്കിലും തെറ്റായ കാര്യങ്ങൾ ഏത് ഭാഗത്തുനിന്നുണ്ടായാലും വളരെ ശക്തമായ നടപടി അക്കാര്യത്തിലുണ്ടാകുമെന്നത് ഉറപ്പാണ്. ഇപ്പോൾ അടിയന്തരപ്രമേയം എന്ന നിലയ്ക്ക് അവതരിപ്പിച്ചിട്ടുള്ളത് അടിയന്തരമായ ഒരു കാര്യമല്ലാത്തതുകൊണ്ട് ഈ വിഷയം അടിയന്തരപ്രമേയമായി കണക്കാക്കി സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

11.00 AM]

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, മഹാഭാരതത്തിലെ പകയടങ്ങാത്ത ഒരു കഥാപാത്രമാണ് ദ്രോണാചാര്യരുടെ മകൻ അശ്വത്ഥാമാവ്. കുരുക്ഷേത്രയുദ്ധം കഴിഞ്ഞ് ഇരുപടകളും പിന്മാറിയിട്ടും ഇരുട്ടിന്റെ മറവിൽ പാണ്ഡവരുടെ കൂടാരത്തിന് തീയിടുകയും ബ്രഹ്മാസ്ത്രം പ്രയോഗിച്ച് ഗർഭസ്ഥ ശിശുവിനെപ്പോലും കൊല്ലുകയും ചെയ്യുന്ന പ്രവൃത്തി ചെയ്യുന്നയാളാണയാൾ. ഒടുവിൽ ഉണങ്ങാത്ത മുറിവുമായി ചിരഞ്ജീവിയായി ജീവിക്കുന്നു. പുഴുവും കൃമിയും നുരയ്ക്കുന്ന വ്രണമാണ് പക അടങ്ങാത്തവരെ കാത്തിരിക്കുന്നത്. മരണശേഷവും ടി.പി.-യോടുള്ള പ്രതികാരം സി.പി.ഐ.(എം)- ന് തീരുന്നില്ല എന്നുള്ളതാണ് കാണാൻ കഴിയുന്നത്. അടങ്ങാത്ത പക സൂക്ഷിക്കുന്നവർക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അശ്വത്ഥാമാവിന്റെ ഗതി വരുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കു കയാണ്.

ഒരു മാസം മുമ്പ് നടന്ന സംഭവമാണെന്നാണ് അങ്ങിവിടെ പറഞ്ഞത്. ഫെബ്രുവരി 11-നുണ്ടായ സംഭവത്തിൽ കേസെടുത്ത് അക്രമത്തിന് വിധേയരായ ഇരകളെ സംരക്ഷിക്കാൻ കഴിയാത്തതുകൊണ്ടുതന്നെയാണ് അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിച്ചതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സംഭവത്തിൽ അങ്ങയുടെ പോലീസ് 25 മുതൽ 28 ദിവസംവരെ ആയിട്ടും ഒരു കേസ്സുപോലും എടുത്തില്ലെന്ന് മാത്രമല്ല, ഇരകളുടെ പേരിൽ കേസ് എടുത്ത് ആത്മസംതൃപ്തി അടയുന്ന ഗവൺമെന്റായാണ് നമുക്ക് കാണാൻ കഴിയുന്നത്. ടി. പി. ചന്ദ്രശേഖരൻ കൊലപാതക കേസ്സിലെ പ്രതിയായ ശ്രീ. മോഹനൻ മാസ്റ്ററുടെ ഭാര്യ ശ്രീമതി കെ. കെ. ലതികയെ തോൽപ്പിച്ച് കുറ്റ്യാടി എന്ന സി.പി.ഐ. (എം)-ന്റെ മണ്ഡലം

തിരിച്ചുപിടിച്ച ശ്രീ. പാറക്കൽ അബ്ദുല്ലയോട് മുഖ്യമന്ത്രിക്ക് അല്പം അലോസരമുണ്ടാകുന്നത് നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണ്. ശ്രീ. പാറക്കൽ അബ്ദുല്ല ശ്രീമതി കെ. കെ. ലതികയെ തോൽപ്പിച്ചതുകൊണ്ട് അങ്ങേയ്ക്ക് അദ്ദേഹത്തെ ചെറുതായി തോണ്ടാൻ അവസരം കിട്ടിയെന്നുള്ളത് ശരിയാണ്, അക്കാര്യത്തിൽ ഞങ്ങൾക്ക് പ്രയാസമൊന്നുമില്ല. ബഹുമാനപ്പെട്ട പാറക്കൽ അബ്ദുല്ല ജനങ്ങൾ തെരഞ്ഞെടുത്ത ജനപ്രതിനിധിയാണ്. നാളെ ഒരു തെരഞ്ഞെടുപ്പ് നടന്നാലും കുറ്റ്യാടി മണ്ഡലത്തിൽ ശ്രീ. പാറക്കൽ അബ്ദുല്ല തന്നെ വിജയിക്കുമെന്ന കാര്യത്തിൽ തർക്കമൊന്നും വേണ്ട.

ഇന്നലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പ്രഖ്യാപനം കേരളത്തിലെ ജനങ്ങൾ മുഴുവൻ കണ്ടതാണ്. ജീവിച്ചിരുന്ന ടി.പി.-യെക്കാൾ ശക്തനാണ് മരിച്ച ടി.പി. എന്ന കാര്യം അങ്ങ് മറക്കരുത്. 51 വെട്ടുകൾ വെട്ടി കൊന്ന ടി.പി.-യോടുകൂടി ഇതെല്ലാം അവസാനിപ്പിക്കാമെന്ന് നിങ്ങൾ കരുതിയെങ്കിൽ അക്കാര്യത്തിൽ നിങ്ങൾക്ക് തെറ്റുപറ്റിപ്പോയി എന്നാണ് കേരള രാഷ്ട്രീയം പഠിപ്പിക്കുന്നത്. ടി.പി. ചന്ദ്രശേഖരനെ കൊന്നിട്ട് ആറ് വർഷം കഴിഞ്ഞിരിക്കുന്നു. ഇപ്പോഴും പക അടങ്ങുന്നില്ല. ഓർക്കാട്ടേരി, ഒഞ്ചിയം പ്രദേശങ്ങളിൽ ആർ.എം.പി. പ്രവർത്തകർക്ക് നേരെയുള്ള അക്രമങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഞാനവിടെ പോയിരുന്നു. പോലീസ് സ്റ്റേഷൻ മാർച്ചിൽ സ്ത്രീകളടക്കം ആയിരക്കണക്കിന് ആളുകളാണ് പങ്കെടുത്തത്. അവിടെ ജീവിക്കാൻ കഴിയാത്ത അന്തരീക്ഷം നിലനിൽക്കുകയാണ്. ആർ.എം.പി. പ്രവർത്തകരോടുള്ള രാഷ്ട്രീയ വിദ്വേഷവും അഭിപ്രായവ്യത്യാസവും മനസ്സിലാക്കാം. അവരെ അവിടെ ജീവിക്കാൻ അനുവദിക്കാത്ത നിലയിൽ വ്യാപകമായ അക്രമങ്ങൾ ഉണ്ടാക്കുന്നു. അവരുടെ വീടുകളും ഓഫീസുകളും തകർക്കുന്നു. തീ അണയ്ക്കാൻ വന്ന ഫയർഫോഴ്സിനെ തടഞ്ഞുനിർത്തി കാർ ചാമ്പലാകുന്നതുവരെ കാത്തുനിൽക്കാൻ നിർബന്ധിച്ചത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യത്തെ സംഭവമാണ്. അവിടെ രാത്രിയിൽ മാത്രമല്ല, പകലും അക്രമങ്ങൾ നടക്കുകയാണ്. ആർ.എം.പി. പ്രവർത്തകർക്കു നേരെ ഇന്ന് നടന്നു കൊണ്ടിരിക്കുന്ന അക്രമങ്ങൾ ഡെയിലി ബേസിസിലാണ്. അവിടെ ചന്ദ്രശേഖരന്റെ സ്തൂപം തകർത്തു. ഇന്നലെ ത്രിപുരയിൽ ലെനിന്റെ സ്തൂപം തകർത്തു; രാജീവ് ഗാന്ധിയുടെ സ്തൂപം തകർത്തതിനെക്കുറിച്ച് പറഞ്ഞു. ഇന്ന് അംബേദ്ക്കറുടെ പ്രതിമകൾ തകർത്ത തുമായി ബന്ധപ്പെട്ട വാർത്തകൾ വരുന്നു. അത്രയും വലിയ മഹാനൊന്നുമല്ല ടി. പി. ചന്ദ്രശേഖരൻ. ഒരു സാധാരണ കമ്മ്യൂണിസ്റ്റ് പ്രവർത്തകനായിരുന്നു. ആ ചന്ദ്രശേഖരന്റെ സ്തൂപത്തിന് പോലീസ് കാവലാണ്. ആറ് തവണ ആ സ്തൂപം തകർത്തു. ടി.പി. വെട്ടേറ്റ് വീണ സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള സ്തൂപത്തിൽ ഇപ്പോൾ കരിഓയിൽ ഒഴിച്ചിരിക്കുകയാണ്. ത്രിപുരയിൽ ലെനിന്റെ സ്തൂപം തകർത്തപ്പോൾ നമ്മളെല്ലാവരും അപലപിച്ചു. അത്രയും വലിയ ആളല്ലെങ്കിലും ഒരു പ്രദേശത്തെ ജനത ഇഷ്ടപ്പെട്ടിരുന്ന ടി. പി. ചന്ദ്രശേഖരന്റെ ചെറിയ സ്തൂപം, അദ്ദേഹം 51 വെട്ടേറ്റ് പിടഞ്ഞുവീണ് മരിച്ച

സ്ഥലത്ത് സ്ഥാപിച്ചതിന് ഇത്ര അസഹിഷ്ണത കാണിക്കേണ്ട കാര്യം എന്താണ് ? ഇപ്പോഴും സ്തൂപത്തിന് പോലീസ് കാവലാണ്. കണ്ണൂർ ജില്ലയിലെ സി.പി.ഐ.(എം) പ്രവർത്തകരാണ് ഈ അക്രമങ്ങൾക്കെല്ലാം നേതൃത്വം നൽകിയത് എന്നാണ് ഞങ്ങൾക്ക് കിട്ടിയിട്ടുള്ള വിവരം. നാലു പേരെ പോലീസ് പിടികൂടിയെങ്കിലും സി.പി.ഐ. (എം) പ്രവർത്തകർ ജാഥയായി വന്ന് പോലീസ് സ്റ്റേഷനിൽ നിന്ന് നാല് പ്രതികളെയും മോചിപ്പിച്ചു. ഓർക്കാട്ടേരി ടൗണിലുള്ള ആർ.എം.പി. ഓഫീസ് ആക്രമിച്ചു. കെ. കെ. ജയനെ ആക്രമിച്ചു. 70 വയസ്സുള്ള ഒരു ആർ.എം.പി. പ്രവർത്തകനെ ഭീകരമായാണ് മർദ്ദിച്ചത്. എ.കെ.ജി. എന്നാണ് അദ്ദേഹത്തെ വിളിക്കുന്നതെന്ന് പറഞ്ഞു. ഒടിക്കുനി ചന്ദ്രന്റെ കാറും വീടും നശിപ്പിച്ചു. ആർ.എം.പി. ഏരിയാ സെക്രട്ടറിയായ കുളങ്ങര ചന്ദ്രന്റെ വീട്ടിൽ ബോംബാക്രമണം നടത്തി. ടി. കെ. സിബിയുടെ വീട് തകർത്തു. വടകര ആശുപത്രിയിൽ അകപ്പെട്ട ആർ.എം.പി. പ്രവർത്തകരെ ആക്രമിച്ചു. രോഗികളോടൊപ്പം വന്നവരെപ്പോലും ആക്രമിച്ച സംഭവമാണ് അവിടെ ഉണ്ടായത്. ആർ.എം.പി. സെക്രട്ടറിയായ വേണുവിനെ അപായപ്പെടുത്താനാണ് ശ്രമിച്ചത്. അദ്ദേഹം ഓഫീസിൽ കയറിയിരുന്ന സന്ദർഭത്തിൽ അവിടെയുണ്ടായിരുന്ന ആളുകളെ മുഴുവൻ അപായത്തിൽനിന്ന് രക്ഷിക്കാനാണ് പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയതെന്നുപറഞ്ഞ് വടകര പോലീസ് സ്റ്റേഷൻവരെ കൊണ്ടുപോയി. അവിടെ ഇങ്ങനെയൊരു സംഭവം നടക്കുന്നത് സംബന്ധിച്ച് വേണു എന്നെ ഫോണിൽ വിളിച്ചു പറഞ്ഞു. ...(ബഹളം)....പ്രതിപക്ഷനേതാവ് എന്ന നിലയിൽ എന്നെ എല്ലാവരും വിളിക്കും, അതിന് അവർക്ക് അവകാശമുണ്ട്. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. നാളെയും വിളിക്കും. ഞങ്ങൾ 14 പേരെ പോലീസ് സ്റ്റേഷനിൽ നിർത്തിയിരിക്കുന്നു എന്നാണ് വേണു എന്നെ ഫോണിൽ വിളിച്ച് പറഞ്ഞത്. ഞാൻ ഡി.ജി.പി.-യെ വിളിച്ച് ഇത് ശരിയാണോയെന്ന് ചോദിച്ചു. ഞാൻ വിളിക്കാൻ ബാധ്യസ്ഥനാണ്. സി.പി.ഐ. (എം) പ്രവർത്തകർ ആക്രമിക്കുമെന്ന് കരുതി അവരെ രക്ഷപ്പെടുത്താനെന്ന പേരിൽ സ്റ്റേഷനിൽ നിർത്തിയിരിക്കു കയാണെന്നാണ് പറഞ്ഞത്. അവസാനം വേണു ഒഴിച്ചുള്ള മുഴുവൻ ആളുകളുടെയും പേരിൽ അതുവരെയും ഇല്ലായിരുന്ന ആയുധം ഉണ്ടെന്ന് പറഞ്ഞ് കള്ളക്കേസ്സെടുത്ത് റിമാന്റ് ചെയ്യുകയാണുണ്ടായത്. അധികാരം ഉണ്ടെന്ന് കരുതി ഇത്തരം പ്രവർത്തനങ്ങൾ നമ്മൾ നടത്തുന്നതും പോലീസിനെ ദുരുപയോഗപ്പെടുത്തുന്നതും ശരിയാണോയെന്ന് ആലോചിക്കണം. രക്ഷപ്പെടുത്താൻവന്ന പോലീസ് രക്ഷപ്പെടുത്തുമെന്ന വ്യാജേന പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുവന്ന് ഇല്ലാത്ത കേസ് ചുമത്തി 14 പേരെയും റിമാന്റ് ചെയ്യുന്നു. ഇത് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യം തന്നെയാണ്. ബി.ജെ.പി.-യുടെയും ആർ.എസ്.എസ്.-ന്റെയും അതിക്രമങ്ങളെക്കുറിച്ചാണ് ഇന്നലെ ചർച്ച ചെയ്തത്. ഇന്ത്യയിൽ ഒട്ടാകെ നടക്കുന്ന അതിക്രമങ്ങളെക്കുറിച്ച് അപലപിക്കുന്ന നമ്മൾ

തന്നെ ഇത്തരം അക്രമങ്ങൾക്ക് നേതൃത്വം കൊടുത്താൽ സമൂഹവും ജനങ്ങളും എന്ത് ചിന്തിക്കും. സി.പി.ഐ (എം)-ഉം ആർ.എസ്.എസ്-ഉം ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളായി അക്രമകാര്യങ്ങളിൽ മാറുന്നു എന്നുള്ളതല്ലേ ഇവിടെ കാണാൻ കഴിയുന്നത്. കുറേപ്പേരൊക്കെ പാർട്ടിയിൽ നിന്ന് പോയെന്ന് നിങ്ങൾ പറഞ്ഞു. ഓരോ പാർട്ടിയിൽ നിന്ന് ആളുകൾ അങ്ങോട്ടുമിങ്ങോട്ടും മാറുന്നത് കേരളത്തിൽ പുതിയ കാര്യമൊന്നുമല്ല. അതുകൊണ്ട് കൊലപാതകത്തിലൂടെയും അക്രമത്തിലൂടെയും ഒരു പാർട്ടിയെയും തകർക്കാൻ കഴിയില്ല. ഞങ്ങൾ വിഷയദാരിദ്ര്യം കൊണ്ടാണ് അടിയന്തരപ്രമേയം അവതരിപ്പി ക്കുന്നതെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. അങ്ങ് ദയവായി ഈ പല്ലവി ആവർത്തിക്കരുത്. അങ്ങ് ഭരിക്കുന്ന കാലത്ത് എവിടെയാണ് വിഷയദാരിദ്ര്യം ഉണ്ടാകുന്നത്? അങ്ങ് മുഖ്യമന്ത്രിയായി ഇരിക്കുന്നിടത്തോളം കാലം വിഷയത്തിന് ഒരു ക്ഷാമവും ഉണ്ടാകില്ലായെന്നത് ഞങ്ങൾക്ക് അറിയാവുന്ന കാര്യമാണ്. ഇവിടെ അവതരിപ്പിക്കേണ്ട വിഷയങ്ങളുടെ മുൻഗണനാക്രമം തീരുമാനിക്കുന്ന കാര്യത്തിൽ ഞങ്ങൾ ബുദ്ധിമുട്ടുകയാണ്.

അങ്ങ് ശ്രീമതി കെ. കെ. രമയുടെ സമരത്തെക്കുറിച്ച് പറഞ്ഞു. ശ്രീമതി കെ. കെ. രമ എന്ന നിരാലംബയായ വിധവയ്ക്കുനേരെ ഇ.എം.എസ്.-ന്റെ മരുമകൻ ഗുപ്തൻ സംസ്കാരശൂന്യമായ പ്രയോഗങ്ങൾ സോഷ്യൽ മീഡിയയിൽ നടത്തിയപ്പോൾ അതിനെപ്പറ്റി അപലപിക്കാൻപോലും നിങ്ങൾക്കാർക്കും കഴിഞ്ഞില്ലല്ലോ; സി.പി.ഐ.(എം)-ന്റെ സൈബർ പോരാളികൾ അവരെപ്പറ്റി എന്തെല്ലാമാണ് പറയുന്നത്? നിരാലംബയായ വിധവയ്ക്കുനേരെ സൈബർ ആക്രമണങ്ങൾ നടക്കുമ്പോൾ എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല? കേരളത്തിലെ മുഖ്യമന്ത്രിക്കുനേരെ ഏതെങ്കിലും ഒരാൾ പോസ്റ്റിട്ടാൽ ആ സമയത്ത് അയാളെ അറസ്റ്റ് ചെയ്യും. പോലീസ് ഉദ്യോഗസ്ഥനാണെങ്കിൽ സസ്പെന്റ് ചെയ്യും. 30-ഓളം ജീവനക്കാരെ സസ്പെന്റ് ചെയ്തു എന്നാണ് എനിക്കറിയാൻ കഴിഞ്ഞത്. ഞാൻ അതിനെ ന്യായീകരിക്കുന്ന ആളല്ല. സോഷ്യൽ മീഡിയയിലൂടെ ആരെയെങ്കിലും അപകീർത്തിപ്പെടുത്തുന്നതിനെ ന്യായീകരിക്കുന്ന ആളല്ല ഞാൻ. മഹാനായ ഇ.എം.എസ്-ന്റെ മരുമകനായ ഗുപ്തൻ വനിതാ കമ്മീഷൻ അംഗമായ രാധയുടെ ഭർത്താവാണ്. ഇന്ന് വനിതാ ദിനമാണ്. ഒരു വനിതയായ കെ. കെ. രമയുടെ പേരിൽ നടത്തിയ ആക്ഷേപകരമായ പരാമർശത്തെ ഞാൻ അപലപിക്കുന്നു. അതിനെ അങ്ങും അപലപിക്കേണ്ടതായിരുന്നു, ഡി.ജി.പി.-ക്ക് നൽകിയ പരാതിയിൽ നടപടി എടുക്കേണ്ടതുമായിരുന്നു. കേരളത്തിന്റെ മാനവും അഭിമാനവും സംരക്ഷിക്കാൻ മുഖ്യമന്ത്രിക്കും ഭരണകൂടത്തിനും ബാധ്യതയുണ്ട്. കേരളത്തി നെതിരെ വ്യാപക പ്രചരണം ഡൽഹിയിലുണ്ടായപ്പോൾ ഞങ്ങളും ഗവൺമെന്റിനോടൊപ്പം ചേർന്ന് അതിനെ അപലപിച്ചവരാണ്. കേരളത്തിന്റെ അന്തസ്സ് നശിപ്പിക്കുന്ന നടപടിയോട് ഞങ്ങൾ ഒരിക്കലും യോജിക്കില്ല. നിങ്ങൾ അതിനുള്ള അവസരം കൊടുക്കരുതെ ന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്.

കേരളം കൊലപാതകികളുടെയും അക്രമകാരികളുടെയ നാടാണ്; ബോംബ് നിർമ്മാണം കുടിൽ വ്യവസായമായി കൊണ്ടുപോകുന്ന നാടാണ്; അക്രമവും കൊലപാതകവും ഇവിടെ വർദ്ധിച്ചുവരുന്നു; ഭീതിജനകമായ അന്തരീക്ഷമുണ്ടാക്കുകയാണ്. ഇതിൽ അങ്ങയുടെ പാർട്ടിക്കുള്ള ഉത്തരവാദിത്വം ചെറുതാണോ? സംസ്ഥാനത്തുണ്ടാകുന്ന അക്രമ പ്രവർത്തനങ്ങളെ നിയന്ത്രിക്കാനുള്ള ബാദ്ധ്യതയല്ലേ ഏറ്റെടുക്കേണ്ടത്. ശ്രീമതി കെ. കെ. രമ എന്തുകൊണ്ട് നിരാഹാരമനുഷ്ഠിച്ചു? ഇവിടെനിന്നും നീതികിട്ടുന്നില്ല. ഒരു മാസമായി ഈ പ്രദേശങ്ങളിലുണ്ടായിട്ടുള്ള അക്രമങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് പോലീസ് സ്റ്റേഷന് മുമ്പിൽ ധർണ നടത്തി. ഞാനും ശ്രീ. പി. സി. ജോർജ്ജും ഉൾപ്പെടെ സമൂഹത്തിലുള്ള ധാരാളം വ്യക്തികളുണ്ടായിരുന്നു. പക്ഷേ ഇതിന്റെ പേരിൽ ഒരാളുടെ പേരിലെങ്കിലും കേസ് എടുത്തിട്ടുണ്ടോ? അതുകൊണ്ടാണ് ഒരു മാസം കഴിഞ്ഞിട്ടും ഈ അടിയന്തരപ്രമേയം ഇവിടെ കൊണ്ടുവരേണ്ടിവന്നതെന്നുള്ള വസ്തുത ബഹുമാന്യനായ മുഖ്യമന്ത്രി ഓർക്കണം. കേരളത്തിന്റെ അന്തസ്സിനെയും അഭിമാനത്തെയും പുറംനാട്ടു കളിൽ വിചിത്രമാക്കി കാണിക്കാൻ ശ്രമിക്കുന്നത് ഇത്തരം സംഭവങ്ങളാണ്. അത് മറക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

കേരളത്തിൽ ഇത്തരം സംഭവങ്ങളിലൂടെ ഒരു പ്രസ്ഥാനത്തെ അടിച്ചമർത്താൻ കഴിയില്ല. അവരെ കുലംകുത്തികളെന്ന് വിളിച്ച് അവസാനിപ്പിക്കാതെ ആശയപരമായി അവരെ നേരിടണം. അല്ലാതെ കായികമായി നേരിട്ടുകൊണ്ട് ഓരോ പ്രദേശത്തേയും ആർ.എം.പി. പ്രവർത്തകരെ അടിച്ചമർത്തി മുന്നോട്ട് പോകാനാണ് ശ്രമിക്കുന്നതെങ്കിൽ കേരളത്തിൽ ഇത് നടക്കാൻ പോകുന്നില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ആർ.എം.പി. പ്രവർത്തകർ ഇന്ന് സെക്രട്ടേറിയറ്റിന് മുമ്പിൽ സത്യാഗ്രഹം നടത്തുകയാണ്. അവർക്കും ഇവിടെ ജീവിക്കാനും പ്രവർത്തിക്കാനുമുള്ള അവകാശമുണ്ട്. ഏത് തത്വസംഹിതയിൽ വിശ്വസിക്കുന്നവർക്കും ഏത് പരിപാടിയിൽ ഏർപ്പെട്ട് പ്രവർത്തിക്കുന്നവർക്കും ഈ നാട്ടിൽ ജീവിക്കാനുള്ള അവകാശമുണ്ട്. അതിനെ ധ്വംസിക്കുന്ന നടപടിയാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. അതുകൊണ്ടാണ് ശ്രീ. പാറക്കൽ അബ്ദുല്ല ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. ഈ പ്രമേയം ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഇന്ന് വനിതാദിനത്തിൽ, 51 വെട്ടേറ്റ് മരിച്ച ടി. പി. ചന്ദ്രശേഖരൻ എന്ന വ്യക്തിയുടെ വിധവ കണ്ണീരും കൈലേസുമായി സെക്രട്ടേറിയറ്റിന്റെ മുന്നിൽ സത്യാഗ്രഹം അനുഷ്ഠിക്കുകയാണ്. ഈ നിയമസഭയിലെ വനിതാ അംഗങ്ങൾക്ക് ഞാൻ വനിതാദിനം ആശംസിക്കുന്നു. അതിനുപുറമേ നിങ്ങൾ സെക്രട്ടേറിയറ്റിലെ സമരപ്പന്തലിൽ ചെന്ന് അവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനുള്ള മനസ്സെങ്കിലും കാണിക്കണം. (......ബഹളം....)

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്....

ശ്രീ. ആർ. രാജേഷ്: സർ, നിങ്ങൾ ഒരു വനിതാ അംഗത്തിന് അവസരം കൊടുത്ത് തെരഞ്ഞെടുത്തോ? (......ബഹളം....)

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്....അദ്ദേഹം സംസാരിക്കട്ടെ. ശ്രീ. ആർ. രാജേഷ്, ഇരിക്കൂ. പ്ലീസ്.... അങ്ങ് ചെയറിനെ നോക്കി സംസാരിക്കൂ.

ഡോ. എം. കെ. മുനീർ: സർ, ഈ അസഹിഷ്ണുത തന്നെയാണ് ഒഞ്ചിയത്ത് നടക്കുന്നത്. ഞാൻ വനിതാദിനം ആശംസിച്ചത് നല്ല കാര്യമല്ലേ? കണ്ണീരും കൈലേസുമായി കഴിയുന്ന ഒരു സഹോദരിയെ നിങ്ങൾ പോയി കാണണമെന്ന് പറഞ്ഞത് കുഴപ്പമായോ? ......ബഹളം....

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ, ചെയറിനെ നോക്കി സംസാരിക്കൂ.

ഡോ. എം. കെ. മുനീർ: സർ, ഇതേ അസഹിഷ്ണുത തന്നെയാണ് ഫെയ്സ് ബുക്കിലൂടെ വന്നിട്ടുള്ളത്. ഒരു പ്രശ്നം വന്നാൽ വനിതാ കമ്മീഷനാണ് കേസ് കൊടുക്കേണ്ടത്. ആ വനിതാ കമ്മീഷനിലെ അംഗത്തിന്റെ ഭർത്താവ് തന്നെ ഫെയ്സ് ബുക്കിൽ എഴുതിക്കഴിഞ്ഞാൽ ഇവർ എവിടെപ്പോയാണ് കേസ് കൊടുക്കുക? അതേസമയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായി ഫെയ്സ് ബുക്ക് പോസ്റ്റ് ഇട്ടതിന്റെ പേരിൽ നിങ്ങളുടെ പാർട്ടി പ്രവർത്തകർ ഒഞ്ചിയത്തുള്ള വിഷ്ണു എന്ന വ്യക്തിയുടെ രണ്ട് കാലും തല്ലിച്ചതച്ചു. അവിടെ പോലീസിന്റെ ആവശ്യമില്ല. ഫെയ്സ് ബുക്ക് പോസ്റ്റ് വന്നാൽ നിങ്ങളുടെ പാർട്ടിക്കാർ തന്നെയാണ് അതിനെതിരെയുള്ള നടപടി സ്വീകരിക്കുന്നത്. എന്നാൽ ശ്രീമതി കെ. കെ. രമയുടെ പേരിൽ വന്നിട്ടുള്ള ഫെയ്സ് ബുക്ക് പോസ്റ്റിനെതിരെ ആരും ഇതുവരെയും ഒരു നടപടിയും എടുക്കുന്നില്ല. അതിനെതിരെ ഒരു കേസ്സുപോലും പോലീസ് എടുക്കുന്നില്ല. സൈബർ

സെൽ ആരുടെ കീഴിലാണ് പ്രവർത്തിക്കുന്നത്? കേസ്സെടുത്ത് നടപടിയുണ്ടാകണ്ടേ? ഇത് കുറേക്കാലം കഴിഞ്ഞിട്ടുള്ള കേസ്സാണോ എന്നുള്ളതല്ല. അടിയന്തര പ്രമേയമായി ഞങ്ങൾ ഇന്നിത് ഉന്നയിക്കാനുള്ള കാരണം ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത വച്ച് ഇന്നേദിവസംവരെ പോലീസ് കുറ്റക്കാർക്കെതിരെ കേസ് എടുത്തിട്ടില്ല എന്നുള്ളതുകൊണ്ടാണ് അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടണം.

ഇവിടെ പറഞ്ഞതുപോലെ എൻ. വേണു എന്ന വ്യക്തിയെ ഓഫീസിൽനിന്നും രക്ഷിക്കാനെന്നുപറഞ്ഞ് വിളിച്ചുകൊണ്ടുപോയിട്ട് അദ്ദേഹം വധശ്രമത്തിൽ ആയുധം സൂക്ഷിച്ച ആളായി മാറുന്നത് എങ്ങനെയാണ്? അദ്ദേഹത്തിന്റെ കൂടെയുള്ള 14 ആളുകൾ എങ്ങനെയാണ് കേസ്സിൽ ഉൾപ്പെടുന്നത്? ആ ഓഫീസ് ഗുണ്ടകൾ വളഞ്ഞു. അവരുടെ കയ്യിലായിരുന്നു ആയുധം. ആ ഓഫീസ് പരിശോധിച്ചാൽ, ഓഫീസിന്റെ വാതിലടച്ച് ഇവർ രക്ഷപ്പെടാൻ ശ്രമിച്ചപ്പോൾ അവരുടെ കയ്യിലുണ്ടായിരുന്ന ആയുധം ഉപയോഗിച്ച് ആ വാതിൽ വാളുകൊണ്ട് അടിച്ചുപൊട്ടിച്ചിട്ടുണ്ട്. അപ്പോൾ ആരുടെ കയ്യിലായിരുന്നു വാൾ? ആർ.എം.പി.-യുടെ ഓഫീസിന്റെ വാതിൽ അവരുടെ പ്രവർത്തകർതന്നെ വാളുകൊണ്ട് അടിച്ചുപൊട്ടിച്ചു എന്നാണോ നിങ്ങൾ പറയുന്നത്. ആ ഓഫീസിൽ പോയി പരിശോധിക്കുമ്പോൾ ആ വാതിലുകളിൽ വാളുകൊണ്ട് വെട്ടിയ അടയാളമുണ്ടെങ്കിൽ ആ വാൾ ആരുടെ കയ്യിലായിരുന്നുവെന്ന് കണ്ടുപിടിച്ച് അവരെയാണ് നിങ്ങൾ ശിക്ഷയ്ക്ക് വിധേയമാക്കേണ്ടിയിരുന്നത്. അതിനുപകരം അതിനകത്തുള്ള 14 ആളുകളെ രക്ഷപ്പെടുത്തിക്കൊണ്ടുപോയി അവരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നു. മാത്രമല്ല, ഒരു വീട്ടിൽ കയറി ഭിന്നശേഷിയുള്ളവരെയും 8 വയസ്സുള്ള ഒരു കൊച്ചുകുട്ടിയേയും അടിച്ചു. വൃദ്ധയായ സ്ത്രീയെ അടിച്ച് പരിക്കേല്പിച്ചിരിക്കുന്നു. അതേസമയം അപ്പുറത്ത് ആയുധം ശേഖരിച്ചതിന്റെ പേരിൽ ഒഞ്ചിയം പാലത്തിനടുത്ത് താമസിക്കുന്ന മോഹനൻ എന്ന വ്യക്തിയുടെ വീട്ടിൽ ആയുധവും ബോംബും ഉണ്ടെന്ന് കാണിച്ചുകൊടുത്തിട്ടും പോലീസ് അവിടെ കയറാൻ ഭയപ്പെടുന്നു എന്നുള്ളതാണ് സ്ഥിതിവിശേഷം. ഞങ്ങളുംകൂടി നികുതിപ്പണം നൽകുന്ന സർക്കാർ ഖജനാവിൽ നിന്നാണ് പോലീസിന് ശമ്പളം കൊടുക്കുന്നതെന്നും അല്ലാതെ മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശാഖാ ഓഫീസിൽ നിന്നല്ലെന്നും നിങ്ങൾ പോലീസിന് ബോദ്ധ്യപ്പെടുത്തിക്കൊടുക്കണം. അവിടെ പോലീസ് എന്തിനാണ് അറച്ച് നിൽക്കുന്നത്? ഇവിടെ

എല്ലാവർക്കും നീതി നൽകുമെന്ന സംസാരമാണ് എപ്പോഴും അങ്ങ് പറയുന്നത്. ഞങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്നും നീതി പ്രതീക്ഷിക്കുന്നു. ശ്രീ. പാറക്കൽ അബ്ദുല്ലയോടുപോലും വ്യക്തിവൈരാഗ്യം പോലെയാണ് അങ്ങ് സംസാരിച്ചത്. അങ്ങ് ഒരിക്കലും അങ്ങനെ സംസാരിക്കാൻ പാടില്ല. ശ്രീ. പാറക്കൽ അബ്ദുല്ല അവിടത്തെ ജനപ്രതിനിധിയായി ജയിച്ചുവന്ന ആളാണ്. അദ്ദേഹത്തിന് ആരെയും സ്പോൺസർ ചെയ്യേണ്ട ആവശ്യമില്ല. അദ്ദേഹം ജയിച്ചുവെന്ന കാരണത്താൽ അവിടത്തെ മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടി ഇടപെട്ട് അദ്ദേഹം നടത്തുന്ന സ്ഥാപനങ്ങൾപോലും അടച്ചുപൂട്ടിക്കുന്നതിനുള്ള ശ്രമം നടത്തുകയാണ്. പക്ഷേ ഞങ്ങൾ ഇതൊന്നും കണ്ട് പതറുന്നവരല്ല. ദിവസവും വീട്ടിൽ തിരിച്ചുപോകാമെന്ന് പറഞ്ഞുകൊണ്ട് ഈ രംഗത്തേയ്ക്ക് ഇറങ്ങുന്നവരുമല്ല ഞങ്ങൾ. .....ബഹളം.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അങ്ങ് ചെയറിനെ നോക്കുന്നില്ല, ചെയർ പറയുന്നത് ശ്രദ്ധിക്കുന്നുമില്ല, ദീർഘമായി പ്രസംഗിച്ചുകൊണ്ടിരിക്കുകയാണ്. പ്ലീസ്.....പ്ലീസ്.....

ഡോ. എം. കെ. മുനീർ: സർ, അതുകൊണ്ടുതന്നെ ആരുടെ മുന്നിലും തല കുനിച്ച്, തലയിലുള്ളത് കക്ഷത്ത് വച്ച് നട്ടെല്ല് മടക്കി ഓച്ഛാനിച്ച് നിൽക്കുന്നവരുടെ കൂട്ടത്തിൽ ഞങ്ങളില്ലായെന്ന് മാത്രം സൂചിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഏത് സ്ഥാപനമാണ് ശ്രീ. പാറക്കൽ അബ്ദുല്ല നടത്തുന്നത്?

ഡോ. എം. കെ. മുനീർ: സർ, അത് ഞാൻ പറയുന്നില്ല. അത് നിങ്ങൾ നോക്കിയാൽ മതി. ധാരാളം സ്ഥാപനങ്ങളുള്ള ആളാണ് അദ്ദേഹം. അദ്ദേഹം അനാഥമായി വന്നതല്ലല്ലോ.

മി. സ്പീക്കർ: അങ്ങ് ദയവായി ചെയറിനെ നോക്കി സംസാരിക്കൂ. പ്ലീസ്... പ്ലീസ്... ഇനി പുതിയ പോയിന്റുകളൊന്നും ഉന്നയിക്കേണ്ട. ഇത് വാക്കൗട്ട് പ്രസംഗമാണ്.

ഡോ. എം. കെ. മുനീർ: സർ, ഒഞ്ചിയത്ത് നീതി ലഭിക്കുന്നതിനുവേണ്ടി നടത്തുന്ന പോരാട്ടമാണ് നടക്കുന്നത്. ആ പോരാട്ടത്തിൽ മുഖ്യമന്ത്രിയായ അങ്ങ് നീതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഇന്ത്യൻ യൂണിയൻ

മുസ്ലീംലീഗിന്റെ പ്രവർത്തകർക്ക് അടിയേറ്റിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞല്ലോ. അടി കൊടുത്തത് ആരാണെന്ന് പറയുന്നില്ല. ബാക്കിയെല്ലാത്തിലും അടി കിട്ടിയത് ആർക്കാണ്, അടി കൊടുത്തത് ആരാണെന്ന് പറയുന്നുണ്ട്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പ്രവർത്തകർക്ക് ചില സ്ഥലത്ത് അടികിട്ടി. ഇരുട്ടത്തുവന്ന് തനിയെ കിട്ടിയ അടിയല്ല. അത് എവിടെനിന്ന് കിട്ടി; ആ അടി ആരാണ് കൊടുത്തത്; അതിന്റെ കാരണമെന്താണ്? മുഖ്യമന്ത്രിയെന്ന നിലയ്ക്ക് അങ്ങ് എപ്പോഴും പറയുന്നതു പോലെ പോലീസ് എല്ലാ സ്ഥലത്തും നിഷ്പക്ഷമായാണ് പെരുമാറുന്നതെങ്കിൽ ഒഞ്ചിയത്തും ഓർക്കാട്ടേരി പ്രദേശത്തും അതേ നിഷ്പക്ഷത പാലിച്ചുകൊണ്ട് അവിടെ നീതി നടപ്പിലാക്കണമെന്ന് പറയാനുള്ള ചങ്കൂറ്റം അങ്ങ് കാണിക്കാത്തതിലുള്ള പ്രതിഷേധം അറിയിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, വടകര താലൂക്കിൽ നടന്ന അക്രമ സംഭവവുമായി ബന്ധപ്പെട്ടുള്ള യഥാർത്ഥ പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ ഒരു മാസം കഴിഞ്ഞിട്ടും ഗവൺമെന്റിന് കഴിഞ്ഞിട്ടില്ലെന്ന വിഷയമാണ് ശ്രീ. പാറക്കൽ അബ്ദുള്ള ഇവിടെ ഉന്നയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുഖം നോക്കാതെ നടപടി യെടുക്കുമെന്ന് എല്ലാ അടിയന്തരപ്രമേയങ്ങളിലും ആവർത്തിക്കാറുണ്ട്. എന്നാൽ മുഖംനോക്കി മാത്രമാണ് അദ്ദേഹം ഇവിടെ നടപടികളെടുക്കുന്നത്. ആർ.എം.പി. പ്രവർത്തകരെ തെരഞ്ഞുപിടിച്ച് കള്ളക്കേസുകളുണ്ടാക്കി ജയിലിലടയ്ക്കുന്നു; ഇരകളെ ജയിലിലടയ്ക്കുകയും പ്രതികൾ പുറത്ത് നടക്കുകയും ചെയ്യുന്ന വിചിത്രമായ സാഹചര്യമാണ് ആ പ്രദേശത്ത് കാണാൻ കഴിയുന്നത്. ഇവിടെ സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിൽ വളരെ ബോധപൂർവ്വമായ അക്രമങ്ങൾ അരങ്ങേറുകയാണ്. അവിടെ ഗവൺമെന്റിന്റെ ഒത്താശക്കാരും പോലീസും നിഷ്ക്രിയരായി നോക്കിനിൽക്കുന്നു. ഇതുസംബന്ധിച്ച് കൃത്യമായൊരു അന്വേഷണം വേണം. ഈ വിഷയത്തിൽ മാത്രമല്ല, കഴിഞ്ഞ സഭാസമ്മേളനം തുടങ്ങിയ സന്ദർഭങ്ങളിലെല്ലാം ഒരു വിഷയം ഒഴിച്ച് ബാക്കിയെല്ലാം ആഭ്യന്തര ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുള്ള ക്രമസമാധാന പ്രശ്നങ്ങളാണ് ചർച്ച ചെയ്യുന്നത്. ആ വിഷയങ്ങളെല്ലാം പറയുമ്പോൾ അദ്ദേഹം മുഖം നോക്കാതെ നടപടിയെടുക്കുമെന്ന് ആവർത്തിക്കുന്നതല്ലാതെ ക്രമസമാധാനപാലനം ഇന്ന് അർത്ഥവത്തായ രീതിയിൽ കേരളത്തിലുണ്ടാകുന്നില്ല. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ടു പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) നിർമ്മാണമേഖലയിലെ പ്രതിസന്ധി

ശ്രീ. പി. കെ. ശശി: സർ, നിർമ്മാണമേഖലയിലെ വളരെ ഗൗരവമായ പ്രതിസന്ധിയെ സംബന്ധിക്കുന്ന വിഷയമാണ് ഇവിടെ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നം ചർച്ച ചെയ്യാൻ ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗം വിളിച്ചിരുന്നു. പ്രശ്നപരിഹാരത്തിന് ചില തീരുമാനങ്ങളെടുത്തിട്ടുണ്ട് എന്നുള്ളത് സ്വാഗതാർഹമാണ്. എന്നാൽ പ്രശ്നം വളരെ ഗുരുതരമാണ്. ലക്ഷക്കണക്കിന് തൊഴിലാളികളുടെ ജീവിതോപാധിയാണ് നിർമ്മാണമേഖല. നോട്ടുനിരോധനവും അതിനെത്തുടർന്ന് ജി.എസ്.ടി.-യും വന്നപ്പോൾ ഏറ്റവും ഗുരുതരമായ തിരിച്ചടിയുണ്ടായത് നിർമ്മാണമേഖലയ്ക്കാണ്. ഏതാണ്ട് 20 ലക്ഷത്തോളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. ചെറുകിട വ്യവസായങ്ങളുടെ തകർച്ചയും നേരിടേണ്ടി വന്നു. 1990-കളിൽ നിർമ്മാണമേഖലയിലെ കുതിപ്പിന്റെ പ്രധാന കാരണം ഗൾഫ് മലയാളികളുടെ ഇൻവെസ്റ്റ്മെന്റായിരുന്നു. എന്നാൽ നോട്ടുനിരോധനത്തിനും ജി.എസ്.ടി.-ക്കുംശേഷം നിക്ഷേപം ഗണ്യമായി കുറയുകയും ഇത് നിർമ്മാണമേഖലയെ ഗൗരവമായി ബാധിക്കുകയുമുണ്ടായി.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഇതരസംസ്ഥാന തൊഴിലാളികൾക്ക് എന്തെല്ലാം പ്രയാസങ്ങൾ നമ്മുടെ നാട്ടിലുണ്ടായാലും അവരെ സംബന്ധിച്ചിടത്തോളം കേരളം ഒരു പറുദീസയാണ്. അവർക്ക് ധാരാളം തൊഴിലവസരങ്ങൾ കിട്ടുമായിരുന്നു. നിർമ്മാണമേഖലയിൽ പ്രതിസന്ധി വന്നതോടുകൂടി ഇവരെല്ലാം തിരിച്ചുപോകുന്ന ഒരവസ്ഥയാണുണ്ടായത്. നമ്മുടെ നാട്ടിലെ സാധാരണക്കാരന്റെ ഭവനനിർമ്മാണ സങ്കൽപ്പങ്ങൾക്ക് വലിയ തിരിച്ചടിയാണ് നേരിട്ടത്. സ്റ്റീൽ ഫാക്ടറികളെല്ലാം പൂട്ടേണ്ട അവസ്ഥയുണ്ടായി. പാലക്കാട് കഞ്ചിക്കോട്ടുള്ള സ്റ്റീൽ ഫാക്ടറികളിൽ നാമമാത്രമായവയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ബാക്കിയെല്ലാം അടച്ചുപൂട്ടുന്ന അവസ്ഥയിലായി. നിർമ്മാണ

മേഖലയിൽ 18 ശതമാനമാണ് ജി.എസ്.ടി. ചുമത്തിയിട്ടുള്ളത്. ഒരു സാധാരണ ക്കാരൻ വീട് നിർമ്മിക്കുന്നതിന് കരാർ കൊടുക്കുമ്പോൾ അതിന് 18 ശതമാനം ജി.എസ്.ടി. കൊടുക്കേണ്ടി വരികയാണ്. ഇത് വലിയ കൊള്ളയാണ്. അതിനെ തിരെ വലിയ പ്രതിഷേധം ഉയർന്നപ്പോൾ സർക്കാരിന്റെ നിർമ്മാണ പ്രവർത്ത നങ്ങൾക്ക് അത് റോഡാണെങ്കിലും കെട്ടിടമാണെങ്കിലും 6 ശതമാനം കേന്ദ്രത്തിന്റെ സി.ജി.എസ്.ടി.-യും 6 ശതമാനം സംസ്ഥാനത്തിന്റെ ജി.എസ്.ടി.-യും കൂടി ചേർത്ത് 12 ശതമാനമാക്കി കുറച്ചു. സർക്കാരിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജി.എസ്.ടി. കുറച്ചതുകൊണ്ട് സാധാരണക്കാർക്ക് ഒരു ഗുണവും കിട്ടാൻ പോകുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം നിർമ്മാണപ്രവർത്തനങ്ങൾ നടത്താനും ഗൾഫ് മലയാളികളുടെ നിക്ഷേപത്തിന് പ്രോത്സാഹനം നൽകാനും കഴിയുന്ന രൂപത്തിൽ ജി.എസ്.ടി. കുറയ്ക്കേണ്ടതുണ്ട്.

നമ്മുടെ ഗ്രാമീണ ജനതയിൽ മഹാഭൂരിപക്ഷവും നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങളുടെ ഭാഗമായി പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവ് ഗൗരവമായി ഈ മേഖലയെ ബാധിക്കുന്നുണ്ട്. എല്ലാ നിർമ്മാണ സാമഗ്രികൾക്കും വില വർദ്ധിച്ചു-കൊണ്ടിരിക്കുകയാണ്. കോൺക്രീറ്റ് കമ്പിയുടെയും സിമന്റിന്റെയും വിലയിൽ വലിയതോതിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുകയാണ്. നിർമ്മാണ സാമഗ്രികൾ കിട്ടാനില്ല; അതിന്റെ ലഭ്യത കുറഞ്ഞുവരികയാണ്; മണൽ തീരെ കിട്ടാനില്ല; അതിന് പകരമായി ഉപയോഗിക്കുന്ന എം-സാൻഡിന് ലക്കും ലഗാനുമില്ലാത്ത രീതിയിൽ വില വർദ്ധിക്കുകയാണ്. കരിങ്കൽ ക്വാറികളുടെ പ്രവർത്തനം ഏതാണ്ട് പൂർണ്ണമായി നിശ്ചലമായിരിക്കുകയാണ്.

പാലക്കാടിന്റെ കിഴക്കൻമേഖല എന്നുപറയുന്നത് ഇഷ്ടിക ചൂളകളുടെ മേഖലയാണ്. ആ മേഖലയുടെ പ്രവർത്തനം പരിപൂർണ്ണമായി നിലച്ചിരിക്കുകയാണ്; അവിടെ പ്രവർത്തനമില്ല. കളിമണ്ണ് ഖനനം ചെയ്യാൻ പാടില്ലെന്നത് നിയമമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ച കോൺഫറൻസിൽ പാലക്കാടിനെ ഉൾപ്പെടുത്തിയിട്ടില്ലെന്നാണ് തോന്നുന്നത്. രണ്ട് ജില്ലകളിൽ കളിമണ്ണ് ഖനനം ചെയ്ത് ഇഷ്ടിക ഉൽപ്പാദിപ്പിക്കാമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. പക്ഷെ, അതിൽ പാലക്കാട് ഉൾപ്പെട്ടിട്ടില്ല. പാലക്കാടിന്റെ കിഴക്കൻ മേഖലയിൽ ആയിരക്കണക്കി ന് തൊഴിലാളികൾ കളിമണ്ണ് ഖനനം ചെയ്ത് ഇഷ്ടിക ഉല്പാദിപ്പിക്കുന്നവരാണ്. അക്കാര്യം ഗവൺമെന്റ് കണക്കിലെടുക്കണം. ഇതിനുപുറമെ, ജില്ലയുടെ പടിഞ്ഞാ റൻ മേഖലയുടെ പ്രധാനപ്പെട്ട ഒരു ഭാഗത്ത് ലാറ്ററൈറ്റ് ഖനനം ചെയ്യുന്നു. അവിടെ വെട്ടുകല്ല് വെട്ടിയെടുത്ത് ജീവിക്കുന്ന ആളുകളാണുള്ളത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> യെസ്, പ്ലീസ്.... പ്ലീസ്....കൺക്ലൂഡ്

ശ്രീ. പി. കെ. ശശി: സർ, ഇത് ഏതെങ്കിലും ഒരു പ്രദേശത്തെ വിഷയമല്ല. അതുകൊണ്ടാണ് സമയമെടുക്കുന്നത്. വെട്ടുകല്ലാണ് നിർമ്മാണമേഖലയുടെ ഒരു പ്രധാനപ്പെട്ട ഭാഗം. ആ കല്ല് വെട്ടിയെടുക്കാൻ റവന്യൂ ഉദ്യോഗസ്ഥരും പോലീസും അനുവദിക്കുന്നില്ല. ഇവരുടെ തെറ്റായ രീതിയിലുള്ള ഇടപെടലുകൾ ആ മേഖലയെ പരിപൂർണ്ണമായി സ്തംഭിപ്പിച്ചിരിക്കുകയാണ്. ഏതാണ്ട് 25 ലക്ഷത്തിലധികം വരുന്ന തൊഴിലാളികൾ ജോലിയെടുക്കുന്ന മേഖലയാണ് നിർമ്മാണമേഖല.

മറ്റൊന്ന്, ഇത്രയും ഗുരുതരമായ പ്രശ്നത്തിലേയ്ക്ക് നയിച്ചത് ഖനന നിരോധനത്തിന്റെ ഭാഗമായിട്ടാണ്. സുപ്രീംകോടതി വിധിയെ സംബന്ധിച്ചുള്ള ചോദ്യത്തിനെല്ലാം ബഹുമാന്യനായ മന്ത്രി ഇവിടെ മറുപടി നൽകി. പരിസ്ഥിതി പ്രവർത്തകർ കൊടുത്തിട്ടുള്ള അപേക്ഷയിലെ ആവശ്യമെന്തായിരുന്നു? ഹരിത ട്രിബ്യൂണലിന്റെ മുന്നിൽ കൊടുത്ത ആവശ്യം എന്തായിരുന്നു? നമ്മുടെ രാജ്യത്തെ പ്രധാനപ്പെട്ട പഞ്ചമഹാനദികളുടെ വൃഷ്ടിപ്രദേശത്ത് നടന്നുകൊണ്ടിരിക്കുന്ന ഖനനം പരിസ്ഥിതിക്ക് ആഘാതമേല്പിക്കുന്നു; അതുകൊണ്ട് ഇക്കാര്യത്തിൽ ഇടപെട്ട് ആ ഖനനപ്രവർത്തനങ്ങൾ നിർത്തിവയ്ക്കണം എന്നുള്ളതായിരുന്നു പരിസ്ഥിതി പ്രവർ ത്തകരുടെ ആവശ്യം. അത് വന്നപ്പോൾ സംസ്ഥാന ഗവൺമെന്റുകളുടെ അഭിപ്രായം ആരാഞ്ഞു. അന്ന് സംസ്ഥാനം ഭരിച്ചിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് അതിന് ശരിയായ മറുപടി കൊടുത്തില്ല. യഥാർത്ഥത്തിൽ വൻകിട കോർപ്പറേറ്റുകൾ നടത്തുന്ന ഖനന പ്രവർത്തനത്തിന് എതിരായുള്ള പരാതിയാണ് ഹരിത ട്രിബ്യൂണലിന് കൊടുത്തത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ....പ്ലീസ്...... പ്ലീസ്........ 7 മിനിറ്റായി.......

ശ്രീ. പി. കെ. ശശി: സർ, ഇത് പ്രധാനപ്പെട്ട വിഷയമാണ്. വൻകിട കോർപ്പറേറ്റുകൾ നടത്തുന്ന ഖനന പ്രവർത്തനവും നമ്മുടെ നാട്ടിലുള്ള ഖനന പ്രവർത്തനവും രണ്ടാണ്. വൻകിട കോർപ്പറേറ്റുകളുടെ ഖനനം എന്നത് ലോഹം കണ്ടെടുക്കാനാണ്, അതിന് ആഴത്തിൽ കുഴിക്കണം, ആഴത്തിൽ കുഴിക്കുമ്പോൾ വെള്ളത്തിന്റെ സ്വച്ഛന്ദമായ ഒഴുക്കിനെ അത് തടയുകയും പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കുകയും ചെയ്യും. അതിന്റെ മറവിൽ എല്ലാ ഖനന പ്രവർത്തനവും ഇല്ലാതാക്കുന്ന ഒരവസ്ഥയാണ് കേരളത്തിലുണ്ടായത്.

മി. ഡെപ്യൂട്ടി സ്പീക്കർ: 7 മിനിട്ട് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. കെ. ശശി: സർ, ഇക്കാര്യത്തിൽ ഒരു പുനർവിചിന്തനം ആവശ്യമാണ്. പരിസ്ഥിതി വളരെ പ്രധാനമാണ്; അത് സംരക്ഷിക്കപ്പെടണം. പക്ഷെ ആയിരക്കണക്കിന് വരുന്ന തൊഴിലാളികളെ പട്ടിണിക്കിട്ടും കൊന്നും പരിസ്ഥിതി മാത്രം സംരക്ഷിക്കണമെന്ന വാദഗതി ഒരു കാരണവശാലും അംഗീകരിക്കാനാവില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെടണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്.... യെസ്..... പ്ലീസ് 8 മിനിട്ട് കഴിഞ്ഞു. എല്ലാ കാര്യങ്ങളും പറഞ്ഞു.

<u>ശ്രീ. പി. കെ. ശശി</u>: സർ, ഒരു ചെറിയ കാര്യം കൂടി പറയാനുണ്ട്. നിർമ്മാണ സാമഗ്രികളുടെ വില കുറയ്ക്കാൻ ഗവൺമെന്റ് ഇടപെടണം. സിമന്റിന്റെയും സ്റ്റീലിന്റെയും അനിയന്ത്രിതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിമന്റ് മാനുഫാക്ച്ചറേഴ്സിന്റെയും സ്റ്റീൽ കമ്പനിക്കാരുടെയും യോഗം വിളിച്ച് വില കുറയ്ക്കാൻ വേണ്ട ഇടപെടൽ നടത്തണം. നാടിന്റെ പൊതുആവശ്യം പരിഗണിച്ച് സിമന്റ്, കമ്പി മുതലായ നിർമ്മാണ സാമഗ്രികൾ നിയന്ത്രിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഈ പ്രശ്നം ഉന്നയിച്ചുകൊണ്ട് ഏപ്രിൽ 2-ാം തീയതി കേരളത്തിലെ നിർമ്മാണ തൊഴിലാളികൾ രാപ്പകൽ സമരം നടത്താൻ തീരുമാനിച്ച വിവരംകൂടി ഇതിന്റെ ഭാഗമായി അറിയിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): സർ, സംസ്ഥാനത്തെ നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി സംബന്ധിച്ചുള്ള കാരണങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിക്കുകയുണ്ടായി. പ്രത്യേകിച്ച് നോട്ട് നിരോധനവും ജി.എസ്.ടി.യും നടപ്പിലാക്കിയപ്പോഴുണ്ടായ പ്രശ്നങ്ങളും നമ്മുടെ രാജ്യത്ത് ഇന്ന് അനുഭവപ്പെടുന്ന സാമ്പത്തികമാന്ദ്യവുമെല്ലാം നിർമ്മാണ മേഖലയിലെ മുതൽമുടക്കിൽ വലിയ പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. അത്തരം കാര്യങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി ഗവൺമെന്റ് വലിയ പരിശ്രമമാണ് നടത്തിയത്. മാന്ദ്യം അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിൽ സർക്കാർ മുതൽമുടക്കോടുകൂടി ആരംഭിക്കുന്ന പശ്ചാത്തല മേഖലയിലെ വികസന പ്രവർത്തനങ്ങൾ കേരളത്തിലെ നിർമ്മാണ മേഖലയ്ക്ക് കുതിപ്പേകുമെന്ന തന്നെയാണ് സൂചിപ്പിക്കാനുള്ളത്. നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവുമായി ബന്ധപ്പെട്ട കാര്യം അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. പരിസ്ഥിതി സംഘടനകൾ കൊടുത്ത കേസ്സിന്റെ ഭാഗമായി വൻകിട കോർപ്പറേറ്റുകൾക്കെതിരായി മാത്രമല്ല, പൊതുവായ ഉത്തരവാണ് അതുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ നിന്നും ഉണ്ടായിട്ടുള്ളത്. അന്ന് ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കാതെ സമയം ചോദിക്കുകയെന്ന സമീപനം മാത്രമാണ് സ്വീകരിച്ചത്. സുപ്രീംകോടതിയുടെ ഉത്തരവുപ്രകാരം ക്വാറികൾ പ്രവർത്തിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസമുണ്ടാകുകയും അതുവഴി കരിങ്കല്ലിനും കരിങ്കൽ ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. ചെങ്കൽക്വാറികൾക്കും ടി നിബന്ധന ബാധകമായതിനാൽ ഇത്തരം ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവന്ന സാഹചര്യം ഇപ്പോൾ സംജാതമായിട്ടുണ്ട്. അതോടൊപ്പം

അസൈൻമെന്റ് പട്ടയങ്ങളിലും പരിസ്ഥിതിലോല പ്രദേശങ്ങളിലും പ്രവർത്തിച്ചു വരുന്ന ക്വാറികളും പ്രവർത്തനം അവസാനിപ്പിച്ചു. കേരളത്തിൽ 2-12-2016-നുമുമ്പ് 2500-ഓളം കരിങ്കൽ ക്വാറികൾ പ്രവർത്തിച്ചിരുന്നെങ്കിലും നിലവിൽ 600-ൽ താഴെ ക്വാറികൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ക്വാറി ഉൽപ്പന്നങ്ങൾ, മണൽ, ഇഷ്ടിക എന്നിവയുടെ ദൗർലഭ്യംമൂലം ഡിമാന്റ് അനുസരിച്ച് സപ്ലൈ ചെയ്യപ്പെടാത്തതിനാൽ കെട്ടിടനിർമ്മാണ സാമഗ്രികൾക്ക് വിലവർദ്ധനവുണ്ടാകുകയും നിർമ്മാണ മേഖലയിൽ പ്രയാസം അനുഭവപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി സർക്കാർ ചില നടപടികൾ ഇതിനകം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

5 ഹെക്ടറിനുതാഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് കളക്ടർ ചെയർമാനായ ജില്ലാതല പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റിയും അപഗ്രഥന സമിതിയും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ആവശ്യമായ ഉദ്യോഗസ്ഥർക്ക് കൂടുതൽ പ്രവർത്തിക്കാനാവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുടെ യോഗം വിളിച്ചുചേർക്കുകയും സമയബന്ധിതമായി കളക്ടർമാരോട് അക്കാര്യത്തിൽ തീരുമാനമെടുക്കാൻ പരിശ്രമം നടത്തിയതിനെത്തുടർന്ന് നേരിയ പുരോഗതി ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളുടെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ക്വാറികൾക്ക് പുറമെയുള്ള അതിർത്തിയിൽ നിന്നുള്ള ദൂരം 100 മീറ്ററായി ഇടക്കാലത്ത് വർദ്ധിപ്പിച്ചിരുന്നത് 50 മീറ്ററായി പുനഃസ്ഥാപിച്ചിട്ടുണ്ട്. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് ഖനനം ചെയ്യുന്നതിന് ലഘൂകരിച്ച മൈനിംഗ് പ്ലാനിന് അനുമതി കൊടുത്തിട്ടുണ്ട്. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാകളക്ടറിൽനിന്നും നിരാക്ഷേപപത്രം വാങ്ങണമായിരുന്നു; അതിന് ചട്ടത്തിൽ ഇതിനകം ഭേദഗതി വരുത്തിയിട്ടുണ്ട്. കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ നിന്നാണ് കളിമണ്ണെടുക്കാനാവശ്യമായ പഠനം നടത്തിയിരുന്നത്. എന്നാൽ പാലക്കാടും ഇഷ്ടിക നിർമ്മാണ കളങ്ങളുണ്ട്. കളിമണ്ണെടുക്കാൻ കഴിയുന്ന സ്ഥലത്തിന്റെ ലഭ്യത ഉറപ്പാക്കി ശാസ്ത്രീയമായി ഖനനം ചെയ്യുന്നതിന് അനുമതി കൊടുക്കാൻ വേണ്ടിയാണ് പഠനം നടത്തിയിട്ടുള്ളത്. തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ പഠനം നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. മലപ്പുറം ജില്ലയിൽ നടത്തുന്ന പഠനം ഈയാഴ്ച പൂർത്തീകരിക്കുമെന്നാണ് കരുതുന്നത്. പാലക്കാട് ജില്ലയിലെ പരമ്പരാഗത തൊഴിലാളികൾക്ക് ഓട്, ഇഷ്ടിക എന്നിവയുടെ

നിർമ്മാണത്തിനാവശ്യമായ കളിമണ്ണിന്റെ ലഭ്യതക്കുറവുണ്ട്; ഉള്ള ലഭ്യത എങ്ങനെ പ്രയോജനപ്പെടുത്താമെന്നുള്ളതാണ് അത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത ഡാമുകളിൽ നിന്നും മണൽ, ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ലോവർ പെരിയാറിലാണ് അതിന്റെ തുടക്കം കുറിക്കാൻ തീരുമാനിച്ചിട്ടുള്ളത്. പക്ഷെ എന്തുമാത്രം അളവുണ്ടെന്ന് പരിശോധിക്കാതെ എടുക്കാൻ കഴിയില്ല. ആ പരിശോധന പൂർത്തീകരിച്ച് എടുക്കാനാണുദ്ദേശിക്കുന്നത്. മറ്റ് സംസ്ഥാന ങ്ങളിൽനിന്നും വിദേശത്തുനിന്നും മണൽ ഇറക്കുമതി സുഗമമാക്കുന്നതിന് ചെറുകിട ധാതു ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ വിശദമായ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോൾ മൂന്ന് കമ്പനികളാണ് മണൽ ഇറക്കുമതി ചെയ്തിട്ടുള്ളത്. Ramaiya Enterprises, Oriental Exim തുടങ്ങിയ കമ്പനികൾ മലേഷ്യയിൽ നിന്ന് മൂന്ന് ഷിപ്പ് മണൽ ഇപ്പോൾ ഇറക്കുമതി ചെയ്തിട്ടുണ്ടെന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഇതുപോലെ പാറ ഇറക്കുമതി ചെയ്യാൻ തയ്യാറാണെന്ന് പറഞ്ഞ് റോയൽ സ്റ്റാർ ക്രഷർ, അല്ലിയാഷ് ഇലക്ട്രോ മെക്കാനിക്കൽ, പി.എം.എൻ.പി. എന്നീ കമ്പനികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ട്. കേരളത്തിൽ പ്രായോഗികമായി ഉപയോഗിക്കാൻ കഴിയുന്ന, ഗുണമേന്മയുള്ളതാണെങ്കിൽ അനുമതി കൊടുക്കുന്നതിൽ തടസ്സമില്ല. അക്കാര്യത്തിൽ കമ്പനികൾ തയ്യാറായാൽ അതിനാവശ്യമായ സമീപനം സ്വീകരിക്കും. ക്വാറി ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് ഞാൻ നേരത്തെ പറഞ്ഞിരുന്നു. അതിനാവശ്യമായ നടപടി ഇതിനകം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. നിർമ്മാണസാമഗ്രികളുടെ വില വർദ്ധനവുമൂലം കെട്ടിട നിർമ്മാണ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം 6-ാം തീയതി ചേർന്നിരുന്നു. അക്കാര്യത്തിൽ എടുത്ത ചില തീരുമാനങ്ങളാണ് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത്. അത് പ്രായോഗികമായി നടപ്പാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 13-9-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും 29-7-2016, 10-5-2017 എന്നീ ദിവസങ്ങളിൽ വ്യവസായ വകുപ്പുമന്ത്രിയും സിമന്റ് വില വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിനെക്കുറിച്ച് സിമന്റ് ഉൽപ്പാദകരും ഡീലർമാരുമായി ചർച്ച ചെയ്തിരുന്നു. പൊതുവെ പോസിറ്റീവായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ വലിയ തോതിൽ വില വർദ്ധിപ്പിച്ചിട്ടില്ല. ആറ് മാസത്തിനുള്ളിൽ ശങ്കർ സിമന്റിന്റെ വില മാത്രമാണ് അൽപ്പം വർദ്ധിച്ചതെന്നാണ് എനിക്ക് ലഭിച്ച വിവരം. മലബാർ സിമന്റ് കഴിഞ്ഞ കാലത്തേക്കാൾ വില കുറച്ചിരിക്കുകയാണ്. ഉപഭോക്താക്കൾക്ക് പരമാവധി വില കുറച്ച് സാധനങ്ങൾ ലഭ്യമാക്കുന്നതിനു

വേണ്ടി പൊതുമേഖലയിലെ ഉൽപ്പാദന സ്ഥാപനം എന്നുള്ള നിലയ്ക്ക് ആവശ്യമായ ആലോചനകളിലേയ്ക്ക് ഇനിയും പോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. വൈറ്റ് സിമന്റിന്റെ വിലയും ട്രാവൻകൂർ സിമന്റ് വർദ്ധിപ്പിച്ചിട്ടില്ല. നിർമ്മാണ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില വർദ്ധനവ് തടയുന്നതിനും നിർമ്മാണ മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനും സത്വര നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. കൂടാതെ ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക ആവശ്യത്തിനായി പതിച്ചു കൊടുത്ത ഭൂമിയിൽ ഖനനാനുമതി നൽകുന്നത് സംബന്ധിച്ച വിഷയംകൂടി സർക്കാരിന്റെ പരിഗണനയിലുണ്ട്. നിയന്ത്രണത്തിന് വിധേയമായി ആ മേഖലയിൽ കൂടി നമുക്ക് ഖനനം ചെയ്യാനായാൽ കരിങ്കല്ലിന്റെ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മണൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി മണൽ അടിഞ്ഞുകൂടിയിട്ടുള്ള നദികളിൽനിന്നും പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത വിധത്തിൽ മണൽ ശേഖരിക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ചും സർക്കാർ പരിശോധന നടത്തി വരികയാണ്. ഇതിൽ റവന്യൂ, പോലീസ് ഉദ്യോഗസ്ഥർ ചില സ്ഥലങ്ങളിൽ ഇടപെടുന്നുവെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിയമവിധേയമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനങ്ങളിലും അനാവശ്യമായ തടസ്സങ്ങളുണ്ടാക്കരുത്; മണൽ കൊണ്ടുപോകുന്ന ലോറികൾ വഴിയിൽ തടഞ്ഞുവയ്ക്കുന്ന സ്ഥിതി ഉണ്ടാകരുത്; ഉറവിടങ്ങളിൽ നിന്നും അനധികൃതമായി മണൽ കടത്ത് നടക്കുന്നുണ്ടെങ്കിൽ അത് പരിശോധിച്ച് പിടിക്കും എന്നതുൾപ്പെടെയുള്ള തീരുമാനങ്ങളെടുത്തിട്ടുണ്ട്.

സിമന്റ്, സ്റ്റീൽ എന്നീ ഉല്പന്നങ്ങളുടെ കാര്യത്തിൽ രണ്ടുമാസമായി അൽപ്പം വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഒരു കിലോയ്ക്ക് അൻപത് രൂപയ്ക്കടുത്ത് വില വർദ്ധിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അത്തരം മേഖലയിലുള്ള ഡീലർമാരുടെ യോഗം വിളിച്ചുകൂട്ടാനും ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുമുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. കെ. ശശി</u>: സർ, പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ ഉല്പന്നങ്ങൾക്ക് മാർക്കറ്റിൽ നല്ല ബ്രാന്റ് ഇക്വിറ്റിയുണ്ട്. അതിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ വില കുറയ്ക്കാനുള്ള നടപടി സ്വീകരിക്കുമോ? തമിഴ്നാട്ടിൽനിന്നും വ്യാപകമായി വന്നുകൊണ്ടിരിക്കുന്ന ഇഷ്ടികയ്ക്ക് പലനിരക്കിലുള്ള വില ഈടാക്കുകയാണ് ചെയ്യുന്നത്. അതിനൊരു നിയന്ത്രണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരള മാർക്കറ്റിലേയ്ക്ക് ആവശ്യമായ സിമന്റിന്റെ എട്ട് ശതമാനം മാത്രമാണ് മലബാർ സിമന്റ്സ് ഇപ്പോൾ ഉല്പാദിപ്പിക്കുന്നത്. അതിരട്ടിയാക്കി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മലബാർ സിമന്റിന് തെക്കൻ കേരളത്തിൽ വേണ്ടത്ര വിൽപ്പനയില്ല. ഇപ്പോൾ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ പരമാവധി മറ്റ് സിമന്റുകളെക്കാൾ വളരെ വില കുറച്ചാണ് കൊടുക്കുന്നത്. അതിനുവേണ്ടിയുള്ള സമീപനം സ്വീകരിക്കും. പരമാവധി ഉല്പാദനം വർദ്ധിപ്പിച്ച് പൊതുമേഖലാ സ്ഥാപനമെന്ന നിലയ്ക്ക് നമുക്ക് ഇടപെടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റ് നാടുകളിൽനിന്നും വരുന്ന ഇഷ്ടികകളുടെ വില കുറയ്ക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചിട്ടുണ്ട്. പ്രത്യേകിച്ച് പാലക്കാട് ജില്ലയിൽ, അവിടത്തെ ഉല്പാദന ചെലവിനേക്കാൾ വൻതോതിൽ വില വർദ്ധിക്കുന്ന കാര്യത്തിൽ എങ്ങനെ ഇടപെടാൻ കഴിയുമെന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

## (2) ലൈറ്റ് മെട്രോ പദ്ധതികൾ

ശ്രീ. വി. എസ്. ശിവകുമാർ: സർ, രണ്ടുമൂന്ന് ദിവസമായി കേരളത്തിലെ പ്രധാനപ്പെട്ട പത്രമാധ്യമങ്ങളിലും മറ്റ് ദൃശ്യമാധ്യമങ്ങളിലും വരുന്ന പ്രധാനപ്പെട്ട വിഷയമാണ് ഇവിടെ ഉന്നയിക്കുന്നത്. പത്രമാധ്യമങ്ങളിൽ എഡിറ്റോറിയൽ ഉൾപ്പെടെ ഈ വിഷയം വന്നിരുന്നു. തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളിൽ ഏർപ്പെടുത്തുന്ന ലൈറ്റ്മെട്രോ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയുണ്ടാകണം എന്നാവശ്യപ്പെട്ടുകൊണ്ടാണ് ഞാനിത് അവതരിപ്പിക്കുന്നത്.

തിരുവനന്തപുരം കോഴിക്കോട് നഗരങ്ങളിലെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച ലൈറ്റ് മെട്രോ പദ്ധതിയുടെ നടത്തിപ്പിൽ ഇപ്പോൾ അനിശ്ചിതത്വം ഉണ്ടായിരിക്കുകയാണ്. അതിന് അടിയന്തരശ്രദ്ധ ഉണ്ടാകേണ്ടതിന്റെ ആവശ്യകത ഇവിടെ പ്രത്യേകം ബോദ്ധ്യപ്പെടുത്തുകയാണ്. തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളിലെ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ലൈറ്റ്മെട്രോ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്. അതിന്റെ ഭാഗമായി അന്ന് നാറ്റ്പാക് നടത്തിയ ഒരു ഫീസിബിലിറ്റി സ്റ്റഡിയിൽ തിരുവനന്തപുരത്തും കോഴിക്കോടും ഇത് ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ലൈറ്റ്മെട്രോ പദ്ധതിക്ക് രൂപം കൊടുക്കുകയും ചെയ്തു. തിരുവനന്തപുരം

പള്ളിപ്പുറം മുതൽ പാപ്പനംകോടുവരെയുള്ള 21.5 കിലോമീറ്റർ ദൂരവും കോഴിക്കോട് മീഞ്ചന്ത മുതൽ മെഡിക്കൽ കോളേജുവരെയുള്ള 13.2 കിലോമീറ്റർ ദൂരവുമാണ് ലൈറ്റ്മെട്രോ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. 2015 ജൂൺ മാസം യു.ഡി.എഫ്. സർക്കാർ ഇതിനായി തിരുവനന്തപുരത്ത് പള്ളിപ്പുറം യാർഡ് നിർമ്മാണത്തിന് 10.11 ഹെക്ടർ സ്ഥലം നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് ഹൈക്കോടതി യിൽനിന്നും അനുമതി വാങ്ങിയിട്ടുണ്ട്. കൂടാതെ 22 ലൈറ്റ്മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി സ്ഥലം കണ്ടെത്തുകയും ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. അലൈൻമെന്റും സ്റ്റേഷനുകളുടെ ലൊക്കേഷനുകളും അംഗീകരിച്ച് 11-9-2015-ൽ ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. 2015 സെപ്റ്റംബറിൽ മന്ത്രിസഭ ഡി.പി.ആർ. അംഗീകരിച്ച് കേന്ദ്രസർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. കൂടാതെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഡി.എം.ആർ.സി.-യെ ഇടക്കാല കൺസൾട്ടന്റായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചുമതലപ്പെടുത്തുകയും ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 7-9-2016-ലെ മന്ത്രിസഭാ യോഗ തീരുമാന പ്രകാരം തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നീ സ്ഥലങ്ങളിൽ ഓരോ ഫ്ലൈഓവറുകൾ നിർമ്മിക്കുന്നതിന് ഡി.എം.ആർ.സി.-യെ ടേൺ കീ കൺസൾട്ട ന്റായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കിയശേഷം ടെണ്ടർ വിളിച്ച് പണി കഴിപ്പിച്ച് സംസ്ഥാനത്തിന് കൈമാറുക എന്നുള്ളതാണ് തീരുമാനം. ടേൺ കീ കൺസൾട്ടന്റായി നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ അതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ അവർ ആരംഭിക്കുകയും ചെയ്തു. കോഴിക്കോടും നിർദ്ദിഷ്ട ലൈറ്റ്മെട്രോ പദ്ധതിയുൾപ്പെടെ മാനാഞ്ചിറ-മീഞ്ചന്ത പാത വികസന ത്തിനും അന്ന് ഈ ഗവൺമെന്റ് ഭരണാനുമതി നൽകി. അതനുസരിച്ച് ഡി.എം.ആർ.സി.-യുടെ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ കുറെയധികം മുന്നോട്ടുപോയി. ഇപ്പോൾ സർക്കാർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാത്തതുകൊണ്ട് ഡെൽഹി മെട്രോ ഇതിൽനിന്നും പിൻമാറുന്നതായിട്ടാണ് പത്രമാധ്യമങ്ങളിലൂടെ വാർത്ത വന്നിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റുമായിട്ടുള്ള എഗ്രിമെന്റ് അംഗീകരിച്ച് നൽകാത്തതുകൊണ്ടാണ് ഡി.എം.ആർ.സി. പിൻമാറുന്ന തെന്നാണ് എനിക്ക് മനസ്സിലാകുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ മെട്രോനയം അനുസരിച്ചുള്ള നിർദ്ദേശങ്ങൾ ഡി.എം.ആർ.സി. സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ പുതിയ മെട്രോനയം അനുസരിച്ച് ഡി.എം.ആർ.സി. നൽകിയിട്ടുള്ള ആ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് ഇതുവരെ സമർപ്പിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചാൽ മാത്രമേ പുതിയ മെട്രോനയം അനുസരിച്ചുള്ള ലൈറ്റ് മെട്രോ പ്രോജക്ടിനുവേണ്ടിയുള്ള അംഗീകാരം നമുക്ക് ലഭ്യമാകുകയുള്ളൂ. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്നതിനുമുമ്പ് സംസ്ഥാന

സർക്കാർ തിരുവനന്തപുരം നഗരത്തിലെ മൂന്ന് മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനുവേണ്ടി മാത്രം ടെണ്ടർ വിളിക്കുന്നതിനുള്ള തീരുമാനം എടുത്തിരിക്കുന്നുവെന്നുള്ളതാണ് എനിക്ക് ഇപ്പോൾ മനസ്സിലായിട്ടുള്ളത്. അത് വളരെ അപകടം ചെയ്യും. മാത്രമല്ല ലൈറ്റ്മെട്രോ പദ്ധതിയെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ലൈറ്റ്മെട്രോ പദ്ധതിയുമായി ബന്ധപ്പെട്ട വിദഗ്ദ്ധരെ ഉൾപ്പെടുത്താതെയുള്ള മേൽപ്പാലനിർമ്മാണം ലൈറ്റ്മെട്രോ പദ്ധതിയെ തുരങ്കം വയ്ക്കാനുള്ളതാണ്. ഇതിൽ പ്രധാനപ്പെട്ട കാര്യം, ലൈറ്റ്മെട്രോയ്ക്കു വേണ്ടി ഫ്ലൈഓവർ പണിയാൻ ഉദ്ദേശിക്കുന്നു എന്നതാണ്. അതിന്റെ പ്രോജക്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും അംഗീകരിച്ചു കിട്ടുന്നില്ല. പുതിയ മെട്രോനയം കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് ഡി.എം.ആർ.സി. നൽകിയിട്ടുള്ള ഈ പ്രോജക്ട് കേന്ദ്രത്തിൽ കൊടുത്ത് അംഗീകാരം വാങ്ങിയതിനു ശേഷം മാത്രമേ മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിക്കാവൂ എന്നത് ബഹുമാന പ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും മനസ്സിലാക്കണം. ഇതിന് അശാസ്ത്രീയത വളരെയധികമുണ്ട്. ഈ മേൽപ്പാലങ്ങൾ നിർമ്മിച്ചാൽ, പുതിയ മെട്രോ നയമനുസരിച്ച് ലൈറ്റ് മെട്രോയുടെ പ്രോജക്ട് നമുക്ക് അനുവദിച്ചുകിട്ടിയാൽ ഒരു പക്ഷേ ഈ പാലം പൊളിക്കേണ്ടിവരും. അതെല്ലാം മനസ്സിലാക്കിക്കൊണ്ടുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പി ക്കാനുള്ളത്. മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര ഏജൻസിയായ ഡി.എം.ആർ.സി.-യെ സംസ്ഥാനത്തെ 3 മേൽപ്പാലങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തി 7-9-2016-ൽ സംസ്ഥാന ഗവൺമെന്റ് തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചു. ഇതിലെ പ്രധാനപ്പെട്ട കാര്യം കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ ഡി.എം.ആർ.സി. ഇതിൽനിന്നും പിൻമാറി എന്നതാണ്. എന്തുകൊണ്ടാണ് ഡി.എം.ആർ.സി. ഈ വലിയ പ്രോജക്ടിൽനിന്നും പിൻമാറിയത് എന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കണം. ഇപ്പോൾ ലക്നൗവിലും മറ്റുപല സംസ്ഥാന തലസ്ഥാനങ്ങളിലും ഈ പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ ഒരു പ്രവൃത്തിയും ആരംഭിച്ചിട്ടില്ല. ഈ പദ്ധതിയുമായി സർക്കാർ മുന്നോട്ടു പോകുമെന്നുള്ള പ്രഖ്യാപനങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നു. തിരുവന ന്തപുരം-കോഴിക്കോട് നഗരങ്ങളിലെ പ്രധാനപ്പെട്ട ഗതാഗതക്കുരുക്ക് ഒഴിവാക്കുന്ന തിനുള്ള പ്രോജക്ടാണിത്. ഇതിനുവേണ്ട സമയബന്ധിതമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. തലസ്ഥാന നഗരമായ തിരുവനന്തപുരത്തെ അവഗണിക്കുന്ന ഒരു സമീപനമായിട്ടാണ് ജനങ്ങളിതിനെ കാണുന്നത്. അതുകൊണ്ട് ഇതുസംബന്ധിച്ച് നിലനിൽക്കുന്ന അനിശ്ചിതാവസ്ഥ അവസാനിപ്പിച്ച് ലൈറ്റ് മെട്രോ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികളുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ തലസ്ഥാന നഗരത്തിനുനേരെയുള്ള ഒരു അവഗണനയുടെ പ്രശ്നവും ഇവിടെ ഉദിക്കുന്നില്ല. തലസ്ഥാനനഗരം അതിന്റെ യഥാർത്ഥ പ്രഭാവ ത്തോടെ വികസിപ്പിക്കാനുള്ള പദ്ധതികൾ തന്നെയാണ് ഗവൺമെന്റ് ആലോചിച്ചു വരുന്നത്. അതോടൊപ്പം കൊച്ചി മെട്രോയുടെ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിന് നേരത്തെ തീരുമാനിച്ചിരുന്നു. ഇതിൽ ഡി.എം.ആർ.സി. ഒരു പദ്ധതിരേഖ തയ്യാറാക്കുകയും അത് അംഗീകരിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വിശദമായ പദ്ധതിരേഖയും സമഗ്രമായ ഗതാഗത പദ്ധതി റിപ്പോർട്ടും കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിന്റെ പ്രശ്നമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനുമുമ്പ് തന്നെ പദ്ധതിയുമായി മുന്നോട്ട് പോകാമെന്നൊരു വാദം വരുന്നുണ്ട്. അത് വിഷമം സൃഷ്ടിക്കുമെന്നുള്ളതുകൊണ്ട് അംഗീകാരം കിട്ടിയതിനു ശേഷം കാര്യങ്ങൾ മുന്നോട്ട് നീക്കുന്നതായിരിക്കും ഉത്തമം.

ഈ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടക്കേണ്ടതായതിനാൽ ഇതുമായി ബന്ധപ്പെട്ട് ഫിനാൻസ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി സാമ്പത്തികബാധ്യത സംബന്ധിച്ച് വിശദമായി പരിശോധിച്ച് കൃത്യമായി വിലയിരുത്തേണ്ടതുണ്ട്. കാരണം കൊച്ചിൻ മെട്രോ തുടങ്ങിയ അനുഭവം നമ്മുടെ മുമ്പിലുണ്ട്. വമ്പിച്ച നഷ്ടത്തിലാണ് കൊച്ചിൻ മെട്രോ പോകുന്നത്. ആ ബാധ്യത എത്രത്തോളം വരുമെന്നത് സംബന്ധിച്ചും വിശദമായി പരിശോധിക്കേണ്ടതുണ്ട്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഇക്കാര്യത്തിൽ നയം വ്യക്തമാക്കേണ്ടത് ഏറ്റവും പ്രധാനമാണ്. അതിന്റെ ഭാഗമായി മാത്രമേ നമുക്ക് പദ്ധതി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ നടപടികളുടെ ഭാഗമായാണ് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നീ സ്ഥലങ്ങളിലെ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനും അതിനാവശ്യമായ സ്ഥലമെടുപ്പിനുംവേണ്ടി 272 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളത്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച രീതിയിലുള്ള ആശങ്ക വേണ്ട. ലൈറ്റ് മെട്രോ പദ്ധതിക്ക് തടസ്സമാകുന്ന തരത്തിലല്ല ഇത് വരാൻ പോകുന്നത്. അദ്ദേഹത്തിന്റെ ആശങ്ക കൂടി കണക്കിലെടുത്തുകൊണ്ട് അത് പരിശോധിക്കുന്ന നില സ്വീകരിക്കാം.

കഴക്കൂട്ടം-കേശവദാസപുരം പാത വികസനത്തിനും സ്ഥലമെടുപ്പിനും സർക്കാർ ഭരണാനുമതി നൽകി നടപടിയാരംഭിച്ചിട്ടുണ്ട്. 13.33 കിലോമീറ്റർ ദൈർഘ്യമുള്ള കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിക്ക് 8.2819 ഹെക്ടർ സർക്കാർ ഭൂമി ഡിപ്പോ യാർഡ് നിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട്. പക്ഷേ കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയത്തിനനുസൃതമായി പദ്ധതിയിൽ മാറ്റങ്ങൾ ആവശ്യമായി വരികയാണ്. ഞാൻ നേരത്തേ പറഞ്ഞതുപോലെ ഫിനാൻസ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റിയാണ് ഇത് പരിശോധിക്കുന്നത്. അതിനുശേഷം സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്രസർക്കാരിന് അയയ്ക്കുന്ന നിലപാടെടുക്കാം. അതിന്റെ ഭാഗമായി പദ്ധതി നടപ്പാക്കുന്ന കാര്യവും സ്വീകരി ക്കാവുന്നതാണ്. ഇതിൽനിന്നും സർക്കാർ ഏതെങ്കിലും തരത്തിൽ പിന്മാറുന്നുവെന്ന ഒരു നിലയില്ല. സർക്കാർ ഈ പദ്ധതിയുടെ കൂടെത്തന്നെ നിൽക്കുകയാണ്. പക്ഷേ അതിന്റെ എല്ലാ വിശദാംശങ്ങളും പരിശോധിച്ച് മാത്രമേ ആരംഭിക്കാൻ കഴിയൂ. ഡി.എം.ആർ.സി. ഈ സാഹചര്യത്തിൽ അവരുടെ കോൺട്രാക്ട് പിരീഡ് അവസാനിച്ചതുകൊണ്ട് പിന്മാറിയിട്ടുണ്ട്. അത് ഇത്തരം കാര്യങ്ങൾക്ക് എന്തെങ്കിലും പ്രയാസം ഉണ്ടാക്കുന്നതല്ലെന്നാണ് തോന്നുന്നത്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, മെട്രോ നിർമ്മാണ മേഖലയിൽ ഏറ്റവും പ്രാഗത്ഭ്യം തെളിയിച്ച പൊതുമേഖലാ സംരംഭമാണ് ഡി.എം.ആർ.സി. അവർ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത പല സ്ഥലങ്ങളിലും കേന്ദ്ര ഗവൺമെന്റിന്റെ പുതിയ മെട്രോനയം അനുസരിച്ചുള്ള അനുമതി ലഭ്യമാകുന്നതിന് മുമ്പുതന്നെ ഇതിനുവേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കും. ഇവിടെയും പ്രാഥമിക കാര്യങ്ങൾ ചെയ്യുന്നതിന് ക്യാബിനറ്റ് തീരുമാനമെടുത്ത് അവർക്ക് അനുമതി കൊടുത്തതാണ്. അതുകഴിഞ്ഞുള്ള എഗ്രിമെന്റ് വയ്ക്കുന്നതിന് ഇപ്പോൾ ഗവൺമെന്റ് തയ്യാറാകുന്നില്ല. അത് എന്തുകൊണ്ടാണ് എന്നുള്ളതിനെക്കുറിച്ച് വ്യക്തമാക്കണം. കാരണം ജലന്ധർ പോലെയുള്ള സ്ഥലങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭ്യമാകുന്നതിന് മുമ്പുതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കേരളത്തിൽ ആരംഭിക്കുന്നതിനെക്കുറിച്ച് ചർച്ചകൾ നടന്ന സമയത്ത് ലക്നൗവിൽ പ്രവൃത്തികളാരംഭിച്ചു. ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനം നടക്കുകയാണ്. ഇത് വളരെ താമസിക്കുന്ന സാഹചര്യമുള്ളതുകൊണ്ട് അനിശ്ചിതാവസ്ഥ അവസാനിപ്പിക്കണം. ഡൽഹി മെട്രോ പൊതുമേഖലാ സ്ഥാപനമാണ്. ഡൽഹി ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും സംയുക്ത സംരംഭമാണ് ഡൽഹി മെട്രോ. ഇത് അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യമുണ്ടാകും. ലൈറ്റ് മെട്രോ പദ്ധതി വളരെ അടിയന്തരമായി നടപ്പിലാക്കണം. മറ്റ് പല സംസ്ഥാനങ്ങളിലും ആരംഭിച്ചത് പൂർത്തീകരിച്ചുകഴിഞ്ഞു. ഉദ്ഘാടനം ചെയ്യുന്ന

തീയതി വരെയായി. ഇവിടെ ചർച്ചകൾ നടത്തി കാര്യങ്ങൾ മുന്നോട്ടുപോകാതെ, പുതുതായി ഒരു എഗ്രിമെന്റ് വയ്ക്കുന്നതിന്, പ്രാഥമികമായി അവരെ ഏൽപ്പിച്ചുവെങ്കിൽ ഡി.എം.ആർ.സി.-യെ ഒഴിവാക്കിയത് എന്തുകൊണ്ടാണ് എന്നുള്ളതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ഡി.എം.ആർ.സി.-യെ സംസ്ഥാന ഗവൺമെന്റ് ഒഴിവാക്കിയിട്ടില്ല. നാം കാണേണ്ടത്, ഡി.എം.ആർ.സി.എന്ന് നമ്മൾ പറഞ്ഞു കൊണ്ടിരിക്കുന്ന കാലത്ത് നമുക്കിവിടെയൊരു മെട്രോയില്ല. ഇപ്പോൾ നമുക്ക് മെട്രോയുണ്ട്. കൊച്ചിൻ മെട്രോ ഇപ്പോൾ പ്രവർത്തനപഥത്തിലാണ്. അതിന്റെ അനുഭവം നമുക്കുണ്ട്. അവരുടെ വൈദഗ്ദ്ധ്യം നമുക്ക് ലഭ്യമാവുകയും ചെയ്യും. ഡി.എം.ആർ.സി. ഈ ഘട്ടത്തിൽ അവരുടെ കരാർ കാലാവധി അവസാനിച്ചതു കൊണ്ട് പിൻവാങ്ങുകയാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്; പിൻവാങ്ങിക്കഴിഞ്ഞിട്ടുണ്ട്. ബാക്കി കാര്യങ്ങൾ എന്താണെന്നത് സംബന്ധിച്ച് ആലോചിച്ച് വേണ്ടത് ചെയ്യാം. ഈ പദ്ധതിയിൽ നിന്നും ഒരു കാരണവശാലും സർക്കാർ പുറകോട്ട് പോയിട്ടില്ല.

## IV സബ്മിഷൻ

### (1) ഐ.ടി. ജീവനക്കാർക്ക് ക്ഷേമനിധി

ശ്രീ. എം. സ്വരാജ് : ബഹുമാനപ്പെട്ട സ്പീക്കർ, ഈ കാലഘട്ടത്തിലെ ഏറ്റവും ശ്രദ്ധേയമായ വ്യാവസായിക വളർച്ച ഐ.ടി. അധിഷ്ഠിതമായിട്ടാണെന്നാണ് പൊതുവെ കരുതപ്പെടുന്നത്. കേരളത്തിന്റെ ഭാവി വ്യാവസായിക വളർച്ച ഐ.ടി. മേഖലയെ ആശ്രയിച്ചിട്ടായിരിക്കും ഉണ്ടാകുകയെന്ന് വിലയിരുത്തപ്പെടുന്നുണ്ട്. കേരളത്തിൽ ഇപ്പോൾത്തന്നെ ഒരു ലക്ഷത്തിലധികം ജീവനക്കാരാണ് ഐ.ടി. മേഖലയിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. വിദേശ രാജ്യങ്ങളിലേക്ക് സോഫ്റ്റ്‌വെയർ കയറ്റുമതി ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വളർച്ചയ്ക്കും ഇവർ വലിയ സംഭാവനയാണ് നൽകിക്കൊണ്ടിരിക്കുന്നത്. വിദേശ രാജ്യങ്ങളുമായി ബന്ധപ്പെട്ടു കൊണ്ടാണ് ഇവരുടെ ജോലി എന്നതുകൊണ്ടുതന്നെ ആഗോള പ്രതിസന്ധി ഈ മേഖലയെ പലപ്പോഴും ദോഷകരമായി ബാധിക്കുന്നുണ്ട്. ഐ.ടി. രംഗത്ത് ജോലി ചെയ്യുന്നവർക്ക് വളരെ ഉയർന്ന ശമ്പളമാണ് ലഭിക്കുന്നതെന്ന പൊതുവായ ധാരണ സമൂഹത്തിനുണ്ട്. എന്നാൽ നല്ലൊരു ശതമാനം ജീവനക്കാർക്കും വളരെ തുച്ഛമായ വേതനമാണ് ലഭിക്കുന്നത്. മാത്രമല്ല, കടുത്ത തൊഴിൽ സമ്മർദ്ദങ്ങൾക്ക് വിധേയരാകുന്ന ഐ.ടി. രംഗത്തെ ജീവനക്കാരുടെ പരമാവധി തൊഴിൽകാലം 20 വർഷം മാത്രമാണെന്നാണ് പൊതുവിൽ കണക്കാക്കപ്പെടുന്നത്. യാതൊരു തൊഴിൽ സുരക്ഷിതത്വവുമില്ലാത്ത ഒരു മേഖലയായി ഐ.ടി. രംഗം മാറിയിട്ടുണ്ട്. എപ്പോൾ വേണമെങ്കിലും പിരിച്ചുവിടപ്പെടാവുന്ന അവസ്ഥയിലാണ് ഐ.ടി.രംഗത്തെ ജീവനക്കാർ

ഇന്നുള്ളത്. സമീപകാലത്ത് വാർത്തകളിലൂടെ പുറത്തുവന്നിട്ടുള്ള ഈ മേഖലയിലെ കൂട്ടപിരിച്ചുവിടൽ നമ്മൾ ചർച്ച ചെയ്തതാണ്. ഒരു ദിവസം രാവിലെ ജോലിക്കു വരുമ്പോൾ നിങ്ങൾ ഇനി മുതൽ വരേണ്ടതില്ല എന്ന അറിയിപ്പ് ലഭിക്കുന്ന നിർഭാഗ്യകരമായ, മനുഷ്യത്വരഹിതമായ സാഹചര്യം ഐ.ടി. രംഗത്തുള്ളതായി എല്ലാ മാധ്യമങ്ങളും ചർച്ച ചെയ്തിട്ടുള്ളതാണ്. ആ രംഗത്തു ള്ള കടുത്ത മനുഷ്യാവകാശ ലംഘനങ്ങളെയും ചൂഷണങ്ങളെയും കുറിച്ചെല്ലാം വാർത്തകൾ പുറത്തുവന്നിട്ടുണ്ട്. മറ്റ് തൊഴിൽ മേഖലകളെപ്പോലെ സംഘടിത സ്വഭാവം ആ മേഖലയിലില്ല. തൊഴിലാളി സംഘടനകളൊന്നും അവിടെ സജീവമായി പ്രവർത്തിക്കുന്നില്ല. തിരുവനന്തപുരം ടെക്നോപാർക്ക് കേന്ദ്രമായി പ്രവർത്തി ക്കുന്ന ജീവനക്കാരുടെ ക്ഷേമ സംഘടനയായ പ്രതിധ്വനി മാത്രമാണ് ആ രംഗത്ത് പ്രവർത്തിക്കുന്ന ഏക സംഘടന. മറ്റ് തൊഴിൽ നിയമങ്ങളൊന്നും ഇവരുടെ പരിരക്ഷയ്ക്ക് വരുന്നില്ല. മിക്കവാറും ഐ.ടി. സ്ഥാപനങ്ങൾ സ്പെഷ്യൽ ഇക്കണോ മിക് സോണിലാണ് പ്രവർത്തിക്കുന്നതെന്ന പ്രത്യേകതയുണ്ട്. ഈ രംഗത്തെ പ്രത്യേകമായി കാണാനും അവിടത്തെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥ കളിലെല്ലാം നല്ല നിലയിൽ ഇടപെടാനും അവർക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാനുമുള്ള ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അതിന്റെ ആദ്യപടിയായി ഇവരുടെ സവിശേഷമായ തൊഴിൽ സാഹചര്യം പരിഗണിച്ച് ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമായി ഒരു ക്ഷേമനിധി രൂപീകരിക്കണം. ആ ക്ഷേമനിധിയുടെ ആനുകൂല്യത്തിലേക്ക് ഐ.ടി. ജീവനക്കാരെക്കൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് ഉന്നയിക്കാനുള്ളത്. അതോടൊപ്പം മേൽപ്പറഞ്ഞ സാഹചര്യങ്ങൾ പരിഗണിച്ച് അനുയോജ്യമായ വിധത്തിലുള്ള ഗ്രാറ്റുവിറ്റി നിയമങ്ങൾ പരിഷ്കരിക്കാനും നമുക്ക് സാധിക്കണം. 2008-ൽ ഐ.ടി. മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് കൂടിയാലോചനകൾക്കും പരിഹാരത്തിനും വേണ്ടി രൂപീകരിക്കപ്പെട്ട കമ്മിറ്റിയിൽ ജീവനക്കാരുടെ പ്രതിനിധിയില്ല എന്നത് ഒരു കുറവാണ്. ആ മേഖലയെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കമ്മിറ്റിയിൽ ന്യായമായും ജീവനക്കാരുടെ പ്രതിനിധികൾ ഉണ്ടാകേണ്ടതാണ്. അവരെക്കൂടി ഉൾപ്പെടുത്തി കമ്മിറ്റി പുനഃസംഘടിപ്പിക്കണം എന്നുകൂടി അഭ്യർത്ഥി ക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആധുനിക കാലഘട്ടത്തിൽ വളർന്നുവന്ന ഒരു തൊഴിൽ മേഖലയാണ് വിവര സാങ്കേതിക മേഖല. ഈ മേഖലയിൽ മത്സരം വളരെ കൂടുതലാണ്. ഐ.ടി. പാർക്കുകളിൽ പ്രവർത്തിച്ചു വരുന്ന കമ്പനികളിലെ സേവന-വേതന വ്യവസ്ഥകൾ അതാത് കമ്പനികളുടെ പോളിസികളനുസരിച്ചാണ് നിലവിലുള്ളത്. ഐ.ടി. മേഖലയിലെ സ്ഥാപനങ്ങളെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത

നിയമത്തിലെ ചില വ്യവസ്ഥകൾ ഒഴിവാക്കി യിട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്ക് ഷിഫ്റ്റ് സമ്പ്രദായത്തിലും ഫ്ലക്സി ടൈം വ്യവസ്ഥയിലും പ്രവർത്തിക്കുന്നതിന് അനുമതിയുണ്ട്. അനുദിനം വികസിച്ചു വരുന്ന തൊഴിൽ മേഖല എന്ന് കണക്കി ലെടുത്തുകൊണ്ട് ഈ മേഖലയിൽ തൊഴിൽ നിയമങ്ങൾ രൂപപ്പെടുത്തേണ്ടി വരും. മത്സരകാഠിന്യം ഇതിനെ അസ്ഥിരമായ തൊഴിൽ മേഖലയാക്കി മാറ്റുന്നുവെന്ന പ്രശ്നവും നിലനിൽക്കുന്നുണ്ട്. ഏത് സമയത്തും പിരിച്ചുവിടൽ ഭീഷണി നേരിടുന്നവരാണ് ഈ ജീവനക്കാർ. 8 മണിക്കൂർ ജോലി, അവധി ദിനങ്ങൾ, ലീവ്, ഓവർടൈം ജോലികൾക്ക് പ്രത്യേക അലവൻസ് എന്നിവയൊന്നും ഇവർക്ക് പൊതുവെ ലഭിക്കുന്നില്ല. സ്ത്രീ ജീവനക്കാർക്ക് ന്യായമായി ലഭിക്കേണ്ട പ്രസവാവധിപോലും ലഭിക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കമ്പനികളുടെ പ്രവർത്തനങ്ങൾക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിച്ചില്ലെങ്കിൽ അവ വളരെ പെട്ടെന്ന് സംസ്ഥാന ത്തിന്റെയും രാജ്യത്തിന്റെയും പുറത്തേക്ക് പോകുന്ന സാഹചര്യമുണ്ടാകും. അതിനാൽ ഐക്യരാഷ്ട്രസഭയുടെ മേൽനോട്ടത്തിൽ ILO പോലുള്ള സംഘടനകളുടെ സഹായത്തോടെ ലോകമെങ്ങും അംഗീകാരം നേടാൻ കഴിയുന്ന തൊഴിൽ നിയമങ്ങൾ രൂപപ്പെട്ടാൽ മാത്രമേ അതിന് പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. നമ്മുടെ സാധ്യതകൾ ഉപയോഗി ച്ച് ഈ രംഗത്തെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇടപെടുന്നുണ്ട്. ഐ.ടി. പാർക്കുകളും കമ്പനികളും തമ്മിലുള്ള കരാർ ഉടമ്പടികളിൽ നിയമാനുസൃത നിയന്ത്രണങ്ങൾ, സേവന-വേതന വ്യവസ്ഥകൾ എന്നിവ കമ്പനികൾ പാലിക്കണമെന്ന് കർശനമായി നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തിയാൽ സർക്കാർ ശക്തമായി ഇടപെടുന്നതാണ്. ഈ മേഖലയിലെ തൊഴിലാളികളുമായി ബന്ധപ്പെട്ട പരാതികളിൽ പരിഹാരം കാണുന്നതിനായി ഒരു കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിൽ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

12.00 Noon]

## (2) പൊതു സ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കൽ

ശ്രീ. വി. ജോയി: സർ, സുരക്ഷയുമായി ബന്ധപ്പെട്ട ഒരു പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഇതുന്നയിക്കുന്നത്. നമ്മുടെ നാട്ടിൽ കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി കണ്ടുപിടിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് സി.സി.ടി.വി. ക്യാമറകൾ. കേരളത്തിൽ ഇന്ന് വ്യാപകമായി വ്യാപാര സ്ഥാപനങ്ങളിലും വീടുകളിലുമെല്ലാം സി.സി.ടി.വി. ക്യാമറകൾ ഘടിപ്പിച്ചിട്ടുണ്ട്. ഒരുപരിധിവരെ കുറ്റകൃത്യങ്ങളും മോഷണങ്ങളും കണ്ടുപിടിക്കാൻ ഇതിന് സാധിക്കു ന്നുണ്ട്. പൊതുസ്ഥലങ്ങൾ, തിരക്കേറിയ സ്ഥലങ്ങൾ, സ്ഥിരം പ്രശ്നബാധിത

പ്രദേശങ്ങൾ, സ്ഥിരം ആക്സിഡന്റ് നടക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതായിട്ടു ണ്ട്. പ്രത്യേകിച്ചും ഒരു പോലീസ് സ്റ്റേഷൻ പരിധിയിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ വച്ചാൽ വളരെ ഗുണകരമാകും. തിരുവനന്തപുരം റൂറൽ പോലീസ് ഏരിയയിൽ പത്തോളം പോലീസ് സ്റ്റേഷനുകളിൽ ഇപ്പോൾ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചത് മറ്റ് പലരുടെയും സഹായത്തോടു കൂടിയാണ്. റൂറൽ ഏരിയയിലെ നിയമസഭാംഗങ്ങൾ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നേതൃത്വത്തിൽ പോലീസ് ചീഫിനെ വിളിച്ചുവരുത്തി ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ആലോചിക്കു കയുണ്ടായി. അതിന്റെ ഭാഗമായി വരുന്ന വളരെ പ്രധാനപ്പെട്ട പ്രശ്നം, പോലീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുമ്പോൾ സാമ്പത്തികമായി വരുന്ന പ്രശ്നങ്ങളാണ്. നാട്ടിൽനിന്നും കുറെ പൈസ സ്വരൂപിക്കാൻ നമുക്ക് കഴിയും. പക്ഷെ, അതിന് ഉപരിയായി വരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏതെങ്കിലും രൂപത്തിൽ സഹായിക്കാൻ കഴിയുമോയെന്നുള്ളതാണ്. ഒരു പോലീസ് സ്റ്റേഷൻ അതിർത്തിയിൽ രണ്ടോ മൂന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വരും. എം.എൽ.എ.-മാരുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്നോ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടിൽനിന്നോ ഏതെങ്കിലും രൂപത്തിൽ ഇതിന് സാമ്പത്തിക സഹായം നൽകാൻ സാധിക്കുമോയെന്നതിനെ സംബന്ധിച്ച് ഒരു പരിശോധന ആവശ്യമാണ്. ഇത് സ്ഥാപിച്ചാൽത്തന്നെ ഇതിന്റെ മോണിറ്ററിംഗ് ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. പോലീസ് സ്റ്റേഷനുകളിൽ മോണിറ്ററിംഗിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. ക്യാമറകളുടെ മെയിന്റനൻസും ഭാവിയിൽ വരുന്ന കറന്റ് ചാർജ്ജും ഒരു പ്രധാന പ്പെട്ട വിഷയമാണ്. ഇത്തരം കാര്യങ്ങൾ കൂടി തീരുമാനിക്കേ ണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ അങ്ങയുടെ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങേയ്ക്കുകൂടി വേണ്ടി അവതരിപ്പിച്ചതാണെന്ന് അദ്ദേഹത്തിന്റെ അവതരണത്തിലൂടെ മനസ്സിലായി. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിലൂടെ കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ കഴിയുമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം ഏറെ പ്രസക്തമാണ്. സംസ്ഥാനത്തെ പ്രധാനപ്പെട്ട നഗരങ്ങളിൽ റോഡപകടങ്ങളും കുറ്റകൃത്യങ്ങളും തടയുന്നതിനായി സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് 19,60,00,000 രൂപയുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. നിലവിൽ പ്രധാന നിരത്തുകളിലെ 439 ഇടങ്ങളിൽ 1004 ക്യാമറകൾ പോലീസ് സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം വ്യാപാരി വ്യവസായികളുടെ സഹകരണത്തോടെ വ്യാപാര സ്ഥാപനങ്ങളിലും ബാങ്ക്, എ.ടി.എം., പെട്രോൾ പമ്പ്, ജ്വവലറി എന്നിവിടങ്ങളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങളും അപകടമരണങ്ങളും കുറയ്ക്കുന്നതിനായി അത്യാധുനിക സംവിധാനങ്ങളോടെയുള്ള

ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം നടപ്പിലാക്കാനുള്ള നടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഈ സംവിധാനം നിലവിൽ വരുമ്പോൾ ഗതാഗത നിയമലംഘനങ്ങളോടൊപ്പം മറ്റ് കുറ്റകൃത്യങ്ങളും ഫലപ്രദമായി തടയാൻ കഴിയും. ഇതിനുപുറമെ വ്യാപകമായി സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നത് സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം നിർദ്ദേശിച്ചത്. ഇതിൽ ചില പ്രത്യേക നിർദ്ദേശങ്ങളും അദ്ദേഹം സമർപ്പിക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് ഗൗരവമായി പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## (3) കാൻസർ പരിശോധനാ കേന്ദ്രം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : സർ, എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയായ പെരുമ്പാവൂർ കൂവപ്പടി പഞ്ചായത്തിലെ കോടനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ക്യാൻസർ പരിശോധനാ കേന്ദ്രം ആരംഭിക്കുന്നതിനുവേണ്ടിയാണ് ഉന്നയിക്കുന്നത്. ലോകത്തിൽ ഏറ്റവുമധികം മരണത്തിന് കാരണമാകുന്ന രണ്ടാമത്തെ രോഗമാണ് കാൻസർ. കേരളത്തിൽ വർഷാവർഷം ശരാശരി 35,000 കാൻസർ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. നേരത്തെ രോഗം കണ്ടെത്താൻ സാധിച്ചാൽ ചികിത്സ എളുപ്പവും ചെലവ് കുറഞ്ഞതും വളരെ ഫലപ്രാപ്തിയുള്ളതുമാണ്. ആയതിനാൽ സംസ്ഥാനത്ത് ഏർളി ക്യാൻസർ ഡിറ്റക്ഷൻ സെന്ററുകൾ കൂടുതലായി തുറക്കേണ്ടത് അത്യാവശ്യമാണ്. ടി സാഹചര്യത്തിൽ എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയായ പെരുമ്പാവൂരിൽ ഒരു ക്യാൻസർ പരിശോധന കേന്ദ്രം ആരംഭിക്കണം. പുതിയതായി ആരംഭിക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ ഇപ്പോൾ കലൂരിൽ പ്രവർത്തിക്കുന്നതും സമീപഭാവിയിൽ കളമശ്ശേരി മെഡിക്കൽ കോളേജിൽ ആരംഭിക്കുന്ന ക്യാൻസർ ആശുപത്രിയുടെ പ്രവർത്തനാ രംഭത്തോടുകൂടി പ്രസക്തി നഷ്ടപ്പെടുന്നതുമായ ടി ക്യാൻസർ ഡിറ്റക്ഷൻ സെന്റർ പെരുമ്പാവൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കാനുള്ള നടപടിയെങ്കിലും കൈക്കൊള്ളണം. പെരുമ്പാവൂരിലെ കോടനാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഇതിനാവശ്യമായ സ്ഥലവും മറ്റ് സൗകര്യവും ലഭ്യമാണ്. ടി സ്ഥാപനം ഇവിടെ ആരംഭിക്കുകയോ മാറ്റി സ്ഥാപിക്കുകയോ ചെയ്താൽ ജില്ലയിലെ കിഴക്കൻ മേഖലയിലെ ജനങ്ങൾക്കും സമീപജില്ലയിലെ ജനങ്ങൾക്കും വലിയ അനുഗ്രഹമായിരിക്കും. കേരളത്തെ കാൻസർ രോഗത്തിന്റെ കരാളഹസ്തങ്ങളിൽനിന്ന് മോചിപ്പിക്കുന്നതിന് നടപടിയെടുക്കുന്ന ഗവൺമെന്റ് അനുകൂലമറുപടി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആർ.സി.സി.-യുടെ കീഴിൽ എറണാകുളം കലൂരിലുള്ള മുൻകൂർ ക്യാൻസർ പരിശോധനാ കേന്ദ്രം (Early Cancer Detection Centre) നിലവിൽ ജി.സി.ഡി.എ.-യുടെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ കെട്ടിടം സ്ഥിതി

ചെയ്യുന്നത് കൊച്ചി നഗരത്തിന്റെ ഹൃദയഭാഗത്തായതിനാൽ രോഗികൾക്ക് എത്തിച്ചേരാൻ ഏറെ സൗകര്യപ്രദമാണ്. ഇപ്പോൾ ഇത് മറ്റ് ഭാഗത്തേയ്ക്ക് മാറ്റുന്നത് ശരിയായിരിക്കില്ലെന്നാണ് തോന്നുന്നത്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ക്യാൻസർ ഡിറ്റക്ഷനുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഒരു കാൻസർ പോളിസി ആവിഷ്കരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മാത്രമല്ല, പ്രധാനപ്പെട്ട 5 മെഡിക്കൽ കോളേജുകളിൽ ക്യാൻസർ മിനി സെന്ററുകൾ സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുകയാണ്. അതോടൊപ്പംതന്നെ എല്ലാ ഡിസ്ട്രിക്ട് ഹോസ്പിറ്റലുകളിലും ജനറൽ ഹോസ്പിറ്റലുകളിലും ക്യാൻസർ ഏർളി ഡിറ്റക്ഷൻ സെന്റർ സ്ഥാപിക്കാനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞു. അതും വളരെ പെട്ടെന്നുതന്നെ പ്രാവർത്തികമാകും. രണ്ടാംഘട്ടത്തിൽ കുറച്ചുകൂടി വിപുലമായി താലൂക്കുതലത്തിലുള്ള ആശുപത്രികളിലേയ്ക്കുകൂടി കാൻസർ ഡിറ്റക്ഷൻ സെന്ററുകൾ വ്യാപിപ്പിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അത് നടപ്പിലാകുന്ന സമയത്ത് ബഹുമാനപ്പെട്ട മെമ്പറുടെ അപേക്ഷ പരിഗണിക്കാൻ സാധിക്കുന്നതാണ്. ഇപ്പോൾ ഈ സെന്റർ മാറ്റാൻ പ്രയാസമുണ്ട് എന്നുള്ളതാണ് സൂചിപ്പിക്കാനുള്ളത്.

### (4) പട്ടയം അനുവദിക്കൽ

ശ്രീ. ഹൈബി ഈഡൻ: സർ, എറണാകുളം നിയോജക മണ്ഡലത്തിലെ വടുതല ജനകീയറോഡിൽ പുഴ പുറമ്പോക്കിൽ അധിവസിക്കുന്ന 179 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നത് സംബന്ധിച്ചാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. മുൻസർക്കാരിന്റെ കാലത്ത് റവന്യൂ പ്രക്രിയകളെല്ലാം പൂർത്തിയാക്കിയതാണ്. വില്ലേജ് ഓഫീസിൽനിന്നുള്ള സർവ്വേ നടപടികളും താലൂക്കിലെയും ജില്ലാ കളക്ടറുടെയും ലാന്റ് റവന്യൂ കമ്മീഷണറുടെയുമെല്ലാം നടപടിക്രമങ്ങളും പൂർത്തീകരിച്ചതാണ്. അക്കാലത്തെ ഒരുദ്യോഗസ്ഥൻ തടഞ്ഞു വച്ചതിന്റെ ഭാഗമായാണ് അന്ന് പട്ടയം നൽകാൻ സാധിക്കാതെ വന്നത്. ഈ ഗവൺമെന്റിന്റെ നവകേരള മിഷന്റെ ഭാഗമായ വളരെ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് ലൈഫ് പദ്ധതി. ഭൂരഹിതരായ ആളുകൾക്കുവേണ്ടി നടപ്പാക്കുന്ന ഈ പദ്ധതിയിൽ മറ്റ് ഭൂമിയോ കിടപ്പാടമോ വീടുകളോ ഇല്ലാത്ത, സാധാരണക്കാരായ ഇവർക്ക് ഈ പദ്ധതിയുടെ ഭാഗമായി പട്ടയം നൽകി എത്രയുംവേഗം നടപടിക്രമങ്ങൾ പൂർത്തീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇതിനുമുമ്പ് ചോദ്യോത്തരവേളയിലും സബ്മിഷനായും ഈ വിഷയം ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വളരെ പോസിറ്റീവായി ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും അതിൽ നിലപാട് സ്വീകരിക്കാൻ മുന്നോട്ടുവന്നിട്ടുണ്ട്. വടുതല ജനകീയ റോഡിൽ പുഴ പുറമ്പോക്കിൽ അധിവസിക്കുന്ന സാധാരണക്കാരായ കുടുംബങ്ങൾക്ക് അടിയന്തരമായി പട്ടയം നൽകാനുള്ള നടപടികൾ ഗവൺമെന്റ് പൂർത്തീകരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, എറണാകുളം ജില്ലയിൽ വടുതല ജനകീയനഗർ കോളനിയിൽ വർഷങ്ങളായി താമസിക്കുന്ന 179 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് വിവിധ വശങ്ങൾ പരിശോധിച്ച്, പ്രസ്തുത ഭൂമി പതിച്ചുനൽകുന്നതുമൂലം പരിസ്ഥിതിക്ക് കോട്ടം വരാതെ സൂക്ഷിക്കുന്നതിനുതകുന്ന തരത്തിലുള്ള നിബന്ധനകൾകൂടി അധികമായി ഉൾപ്പെടുത്തി ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ച് 2 സെന്റ് മുതൽ 4 സെന്റ് വരെ ഭൂമിയിൽ വീടുവച്ച് താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിന് തത്വത്തിൽ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. അതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യം കഴിഞ്ഞ ദിവസം റവന്യൂവുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന ചർച്ചയിൽ ഞാൻ സൂചിപ്പിച്ചിരുന്നതുമാണ്.

## (5) മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് വികസനം

ശ്രീ. എ. പ്രദീപ്കുമാർ: സർ, കോഴിക്കോട് നഗരവികസനത്തിൽ ഏറ്റവും പ്രധാനപ്പെട്ട മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡിന്റെ വികസനം വർഷങ്ങളായി സ്തംഭിച്ചുനിൽക്കുന്ന പ്രശ്നമാണ് ഞാൻ അവതരിപ്പിക്കുന്നത്. കോഴിക്കോട് നഗരപാതാ വികസനപദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 7 റോഡുകൾ വികസിപ്പിക്കാൻ 2008-ലെ ബജറ്റിൽ ഇപ്പോഴുള്ള ധനകാര്യ വകുപ്പുമന്ത്രിതന്നെ പണം അനുവദിച്ചിരുന്നു. അന്ന് എ.എസ്. നൽകിയ 6 റോഡുകൾക്കും ഭൂമി ഏറ്റെടുത്ത് വികസിപ്പിച്ചു കഴിഞ്ഞു. മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡിന്റെ കാര്യത്തിൽ ലാന്റ് അക്വിസിഷന് കാലതാമസം വന്നതിനാൽ അതിന് കൊടുക്കേണ്ട തുക വർദ്ധിച്ചു. അധികതുക ആവശ്യമായി വന്ന സാഹചര്യത്തിലാണ് പ്രസ്തുത പ്രവൃത്തി സ്തംഭിച്ചു പോയത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്പീഡ് കേരള പദ്ധതി, District Flagship Infrastructure Project എന്നിവയിൽ മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡുകൂടി ഉൾപ്പെടുത്തിയതായി പ്രഖ്യാപിച്ചു. പക്ഷേ ഒരു പൈസയും കിട്ടിയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രിയും പി.ഡബ്ല്യു.ഡി. മന്ത്രിയുമെല്ലാം അവിടെ വന്ന് ഉറപ്പ് നൽകിയിട്ടും നടക്കാതെ വന്നപ്പോൾ ഈ റോഡിനുവേണ്ടി അഞ്ചുവർഷം നീണ്ട സമരം നടത്തി. ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും പി.ഡബ്ല്യു.ഡി. മന്ത്രിയുമെല്ലാം കോഴിക്കോട് വന്ന സമയത്ത് സമരസമിതിയുടെ ആളുകളെ ഞങ്ങളെല്ലാവരും ചെന്നുകണ്ടിരുന്നു. എത്രയും പെട്ടെന്നുതന്നെ ഈ റോഡ് പൂർത്തിയാക്കുന്നതിനാവശ്യമായ പണം ലഭ്യമാക്കാമെന്നാണ് അന്ന് ഉറപ്പ് നൽകിയിരുന്നത്. 2017 ജനുവരിയിൽ ബഹുമാനപ്പെട്ട ഫിനാൻസ് മിനിസ്റ്ററുടെ നേതൃത്വത്തിൽ ഫിനാൻസ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരൊക്കെ ചേർന്ന് ഒരു മീറ്റിംഗ് നടത്തുകയും ആ മീറ്റിംഗിലെ തീരുമാനമനുസരിച്ച് 2017 മാർച്ച് 31-നകം ചെലവഴിക്കാവുന്ന

വിധത്തിൽ അക്വിസിഷൻ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി പ്രൊപ്പോസൽ നൽകിയാൽ അത്രയും പണം അനുവദിക്കാമെന്ന പറയുകയും ചെയ്തിരുന്നു. ആ കുറഞ്ഞ ദിവസങ്ങൾകൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിന് 100 കോടിയോളം രൂപയുടെ പ്രൊപ്പോസൽ ഞങ്ങൾ തയ്യാറാക്കിക്കൊടുത്തു. പക്ഷേ സാമ്പത്തിക ബുദ്ധിമുട്ട് കാരണം 50 കോടി രൂപ മാത്രമാണ് അന്ന് അനുവദിച്ചത്. ആ പണം ചെലവഴിച്ച് റിപ്പോർട്ട് നൽകിയാൽ രണ്ടോ മൂന്നോ ഗഡുക്കളായി ബാക്കി വരുന്ന പണം പൂർണ്ണമായി തരാമെന്നായിരുന്നു അന്ന് ഉറപ്പ് നൽകിയിരുന്നത്. ഒരു മാസത്തിനുള്ളിൽ തന്നെ ബാക്കി വരുന്ന 50 കോടി രൂപയും ചെലവഴിച്ച് റിപ്പോർട്ട് നൽകി. ഇപ്പോൾ മാസങ്ങൾ കഴിഞ്ഞിട്ടും ബാക്കിയുള്ള പണം ലഭിച്ചിട്ടില്ല. ഗവൺമെന്റിന് ഇടക്കാലത്ത് വന്ന സാമ്പത്തിക ബുദ്ധിമുട്ടുകളെ സംബന്ധിച്ച് മനസ്സിലാക്കാൻ സാധിക്കുന്നതിനാൽ ആ നിലയിൽ ബുദ്ധിമുട്ടിക്കാനും നിന്നിട്ടില്ല. ഇപ്പോൾ അവിടെ സമരസമിതി പ്രക്ഷോഭവുമായി വരുന്നുണ്ട്. സമര സമിതി എന്നത് ഞങ്ങൾ എല്ലാവരും ഉൾപ്പെടുന്നതാണ്. ഇത് ആ നഗരത്തിന്റെ വികസനത്തിന് ഏറ്റവും പ്രധാനപ്പെട്ട തായതുകൊണ്ടാണ് അങ്ങനെ യൊരു സമ്മർദ്ദമുണ്ടാകുന്നത്. ബഹുമാന്യരായ മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രി എന്നിവർക്കെല്ലാം അറിയാവുന്ന കാര്യങ്ങളാണിത്. അതുകൊണ്ട് മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് പൂർത്തിയാക്കുന്നതിന് ലാന്റ് അക്വിസിഷന് ആവശ്യമായ അധികതുക എത്രയും പെട്ടെന്ന് അനുവദിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 100 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിവരും എന്നാണ് ധാരണയിലെത്തിയത്. അതിൽ 50 കോടി രൂപ നടപ്പുവർഷം അനുവദിച്ചിട്ടുണ്ട്. ബാക്കി 50 കോടി രൂപ കൂടി വേണമെന്നുള്ളതാണ്. അതിന് ഭരണാനുമതി നൽകി രേഖകൾ വന്നുകഴിഞ്ഞാൽ അടുത്ത ധനകാര്യ വർഷത്തിൽ പണം അനുവദിക്കുന്നതാണ്.

## (6) കൊപ്ര ഇറക്കുമതി

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ വർഷം നാളികേര വർഷമായി സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ആ സമയത്തുതന്നെ കേന്ദ്ര ഗവൺമെന്റ് ഇങ്ങനെയൊരു ചതി ചെയ്യുമെന്ന് പ്രതീക്ഷിച്ചതേയില്ല. കയറ്റുമതിക്കാർക്ക് ഉദാരവ്യവസ്ഥയിൽ ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര സർക്കാർ ഏർപ്പെടുത്തി യിട്ടുള്ള അഡ്വാൻസ് ആതറൈസേഷൻ പദ്ധതിയുടെ പേരിൽ കൊപ്ര ഇറക്കുമതി ചെയ്യാനുള്ള അനുമതി കൊടുത്തു. കയറ്റുമതി ചെയ്യുന്ന എന്ന വ്യാജേനയാണ് ഇറക്കുമതി ചെയ്യുന്നത്. മാരികോ പോലുള്ള കമ്പനികൾ ഇഷ്ടംപോലെ ഇന്റേണൽ

മാർക്കറ്റിൽത്തന്നെ മുഴവൻ വിൽക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. അവരുടെ കയ്യിൽ ഇഷ്ടംപോലെ സ്റ്റോക്കുണ്ട്. അവർക്ക് അതിന്റെ പേരിൽ Basic customs duty, Additional customs duty, Cess, Anti-dumping duty, Safe guard duty എന്നിവ ഒഴിവാക്കി കിട്ടി എന്നതാണ് ഗുണം. ഇവയെല്ലാം ഒഴിവാക്കിയപ്പോൾ കൊപ്രയുടെ ഇന്നത്തെ വില എന്താണ്? രണ്ട് ദിവസം മുമ്പ് ഒരു ക്വിന്റൽ കൊപ്രയ്ക്ക് 500 രൂപ വിലയിടിഞ്ഞെങ്കിൽ ഇന്ന് 700 രൂപ ഇടിഞ്ഞിട്ടുണ്ട്. നാളികേര കർഷകന് കാലാവസ്ഥാ വ്യതിയാനംമൂലം 10000 നാളികേരം കിട്ടുന്നിടത്ത് 3000 ആയി ചുരുങ്ങിയിരിക്കുകയാണ്. ഇപ്പോൾ സീസൺ തുടങ്ങുകയാണ്. വല്ലതും കിട്ടാനുള്ള അവസരം ഉണ്ടാകുമ്പോൾ വില പാടേ ഇടിഞ്ഞു നിൽക്കുകയാണ്. തമിഴ്നാട്ടിലെയും കർണ്ണാടകയിലെയും കർഷകർ ഇപ്പോൾ പ്രക്ഷോഭം തുടങ്ങിയിട്ടുണ്ട്. നെൽകൃഷി പോയി, നാളികേര കൃഷിയും ഇല്ലാത്തൊരു അവസ്ഥയിലേയ്ക്ക് പോകുകയാണ്. അതുകൊണ്ട് ശക്തമായ ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. അദ്ദേഹം ശ്രമിക്കുന്നുണ്ട്; പക്ഷേ അതുപോരാ. തമിഴ്നാട്ടിലെയും കർണ്ണാടകയിലെയും കർഷക സംഘടനകളെയും കൃഷി മന്ത്രിമാരെയും ഉൾപ്പെടുത്തി കേന്ദ്രഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്താൻ ഇടപെടണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് അങ്ങ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. കാരണം നാളികേര കർഷകരെ സംബന്ധിച്ച് നല്ല വില കിട്ടുന്ന സമയത്താണ് ഇങ്ങനെയൊരു നിലപാടിലേയ്ക്ക് കേന്ദ്ര സർക്കാർ പോയിരിക്കുന്നത്. അതിനെ തുടർന്ന് ക്രമാനുഗതമായി ഇപ്പോൾ നാളികേരത്തിന്റെ വില കുറഞ്ഞുകൊണ്ടിരിക്കുകയാണ്. സാമ്പത്തികവിവര കണക്കുപ്രകാരം സംസ്ഥാനത്ത് നാളികേര വിസ്തൃതി 2012-13 ൽ 7,98,162 ഹെക്ടർ ഉണ്ടായിരുന്നത് 2016-17 ആയപ്പോൾ 7,81,495 ആയി കുറഞ്ഞിരിക്കുകയാണ്. 2012-13 സാമ്പത്തിക വർഷത്തിൽ 5,799 ദശലക്ഷം നാളികേരം ഉൽപ്പാദിപ്പിച്ചിരുന്ന സ്ഥാനത്ത്, പുതിയ കണക്കുപ്രകാരം 5,379 ദശലക്ഷമായി ചുരുങ്ങിയിരിക്കുകയാണ്. കാലാവസ്ഥാവ്യതിയാനവും തെങ്ങിനെ ബാധിക്കുന്ന രോഗങ്ങളും ഉൽപ്പാദനക്ഷമതയെ ഗണ്യമായി ബാധിച്ചതിനെ തുടർന്നാണ് ഇത് സംഭവിച്ചിരിക്കുന്നത്. തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലിനിരക്കുംമൂലം ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നതിൽ കേരകർഷ കർക്ക് വേണ്ടത്ര ശ്രദ്ധപുലർത്താൻ കഴിയാതെ വരുന്നതും ഉൽപ്പാദന ക്കുറവിന് കാരണമാണ്. നാളികേരത്തിന്റെ സമഗ്ര വികസനം മുൻനിർത്തി 1193 ചിങ്ങം 1 മുതൽ 1194 ചിങ്ങം 1 വരെയുള്ള ഒരു വർഷക്കാലം നാളികേര വർഷമായി ആചരിച്ചുവരികയാണ്. നാളികേര മേഖലയുടെ സമഗ്ര വികസനത്തിനുവേണ്ടി ഉൽപ്പാദനം, കർഷകരുടെ വരുമാനവർദ്ധനവ്, മൂല്യവർദ്ധനവ്, ഗവേഷണം, വിപണനം, കേന്ദ്രസർക്കാർ നയരൂപീകരണം എന്നീ മേഖലകളിൽ ഇടപെടൽ

സംയോജിപ്പിക്കാനും ശക്തിപ്പെടുത്താനും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ വരുന്ന ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയുമെല്ലാം മേധാവികളെ ഉൾപ്പെടുത്തി കൃഷി വകുപ്പുമന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ ഗവൺമെന്റ് രൂപീകരിക്കാൻ തീരുമാനിക്കുകയും അതിന്റെ ഉത്തരവ് ഉടൻതന്നെ ഇറങ്ങുകയും ചെയ്യുന്നതാണ്. അഡ്വാൻസ് ആതറൈസേഷൻ പദ്ധതി കയറ്റുമതിക്കാർക്ക് ഉദാരവ്യവസ്ഥയിൽ ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അനുമതിയാണ്. ഇതനുസരിച്ച് കൊപ്ര ഇറക്കുമതി ചെയ്യുന്നതിന് ചുങ്കം നൽകേണ്ടതില്ല. എന്നാൽ കൊപ്രയുടെ ഇറക്കുമതി തീരുവ 70 ശതമാനമാണ്. Central excise, Customs, Education Cess, Special duty എന്നിവകൂടി ഉൾപ്പെടുത്തുമ്പോൾ ആകെ 80 ശതമാനം ഇറക്കുമതി തീരുവ നൽകണം. അതാണ് നിലവിലുള്ളത്. എന്നാൽ അഡ്വാൻസ് ആതറൈസേഷൻ പദ്ധതിയിൽ ഉൽപ്പന്നങ്ങളുടെ ഇറക്കുമതി, തുടർന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ കയറ്റുമതി എന്നിവ നിശ്ചയിച്ചിട്ടുണ്ട്. കൊപ്ര സംബന്ധിച്ച അനുപാതം 151:1 ആണ്. അതായത് 151 കിലോ കൊപ്ര അഡ്വാൻസ് ആതറൈസേഷൻ വഴി ഇറക്കുമതി ചെയ്യുമ്പോൾ 100 കിലോ വെളിച്ചെണ്ണ കയറ്റുമതി നടത്തിയിരിക്കണമെന്നാണ് ഇതിനകത്ത് നിബന്ധന. എന്നാൽ പ്രസ്തുത പദ്ധതി വ്യാപകമായി ഇപ്പോൾ ദുരുപയോഗം ചെയ്യപ്പെടുകയാണ്. ഇത് തടയുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ കസ്റ്റംസ് വകുപ്പിന്റെ നിരീക്ഷണം വളരെ അത്യാവശ്യമാണ്. കയറ്റുമതിക്കാർ അഡ്വാൻസ് ഓതറൈസേഷൻ ദുരുപയോഗം ചെയ്യുന്നത് തടയണമെന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി തവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. 22-2-2018-ൽ ബഹുമാനപ്പെട്ട കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഇക്കാര്യം സംസ്ഥാന ഗവൺമെന്റ് കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽ വീണ്ടും പെടുത്തുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ വളരെ പ്രധാനപ്പെട്ടൊരു കാര്യം, ഇത് കേരളത്തെ മാത്രമല്ല കർണ്ണാടക, തമിഴ്നാട് മുതലായ സംസ്ഥാനങ്ങളെയെല്ലാം ബാധിക്കുന്ന ഒരു വിഷയമാണ്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെ കോക്കനട്ട് മിഷന്റെ നേതൃത്വത്തിൽ തെക്കൻ സംസ്ഥാനങ്ങളെ പൊതുവായി ബാധിക്കുന്ന ഒരു പ്രശ്നമായതിനാൽ തെക്കൻ സ്റ്റേറ്റുകളിലെ കൃഷിവകുപ്പുമായി ആശയവിനിമയം നടത്തി സംയുക്തമായിത്തന്നെ ഇക്കാര്യം കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ ആവശ്യമായ മുൻകൈ എടുക്കുന്നതായിരിക്കും.

## (7) മേൽപ്പാലം നിർമ്മാണം

ശ്രീ. എം. ഉമ്മർ: സർ, മഞ്ചേരി ജസീലാ ജംഗ്ഷനിൽ ഫ്ലൈഓവർ സ്ഥാപിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തുകയും അതിന്റെയടിസ്ഥാനത്തിൽ 16-2-2012-ലെ ജി.ഒ.(ആർറ്റി) 238/12/ പി.ഡബ്ല്യു.ഡി.

നമ്പരായി ഉത്തരവ് പുറപ്പെടുവിക്കുകയും 16.50 കോടി രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ ത്വരിതപ്പെടുത്തുകയും 5-9-2014-ലെ ജി.ഒ. (ആർ.റ്റി.) 1264/2014 പ്രകാരം ജസീല ഫ്ലൈഓവറിന് ഡിസൈൻ ടെണ്ടർ നടപടികൾ സാധൂകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഫ്ലൈഓവർ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ DRIQ (Design, Research, Investigation and Quality Control) Board തയ്യാറാക്കി വരുന്നതായി അറിയാൻ കഴിഞ്ഞു. എന്നാൽ നാളിതുവരെ ഡിസൈൻ പൂർത്തീകരിച്ചു നൽകാൻ DRIQ ബോർഡിന് കഴിഞ്ഞിട്ടില്ല. അതിനാൽ അടിയന്തരമായി ഫ്ലൈഓവറിന്റെ ഡിസൈൻ പൂർത്തീകരിക്കുന്നതോടൊപ്പം അതിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി മഞ്ചേരി വില്ലേജിൽ 13 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ചുരുക്കത്തിൽ ഡിസൈൻ പൂർത്തീകരിക്കുന്നതിനും സ്ഥലം എടുക്കുന്നതിനും സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തി ടെണ്ടർ ചെയ്ത് പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച മഞ്ചേരി ജസീലാ ജംഗ്ഷനിലെ ഫ്ലൈഓവറിന്റെ കാര്യം 2011-12-ലെ ബജറ്റിൽ പ്രഖ്യാപിച്ച ഒരു പദ്ധതിയാണ്. 2018-19 ആകാൻ പോകുന്ന സമയത്തും ഇത് നടപ്പിലായില്ല എന്നത് ദയനീയമായ സ്ഥിതിയെയാണ് അനാവരണം ചെയ്യുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഡ്ജറ്റിൽ തുക വകയിരുത്താതെ ഒന്നുകിൽ പ്രവൃത്തി ആരംഭിക്കുക അല്ലെങ്കിൽ ബജറ്റ് സ്പീച്ചിൽ മാത്രംപറയുക എന്നുള്ളതിന്റെ ഒരു രക്തസാക്ഷി കൂടിയാണിത്. അതിന്റെ അലൈൻമെന്റിനുള്ള ഉത്തരവ് കൊടുക്കുന്നത് 2 വർഷം കഴിഞ്ഞിട്ടാണ്. അലൈൻമെന്റ് ഗവൺമെന്റ് അംഗീകരിക്കുന്നത് മൂന്നാമത്തെ വർഷമാണ്. നാലു വർഷമായിട്ടും ഒരു സെന്റ് സ്ഥലംപോലും ഏറ്റെടുത്തിട്ടില്ല. എന്നിട്ടാണ് ഈ ഗവൺമെന്റിന്റെ കാലത്ത് ഇത് വീണ്ടും വന്നിട്ടുള്ളത്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തീർച്ചയായും സർക്കാർ ചെയ്യുന്നതാണ്. ഇപ്പോൾ ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം മലപ്പുറം തഹസീൽദാർ (എൽ.എ.) സ്ഥലം സന്ദർശിച്ച് നിലവിലുള്ള റോഡിന് അതിർത്തി നിർണ്ണയിച്ച് കല്ലിട്ട് നൽകുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ട്. അവിടെ നല്ല ഡെവലപ്മെന്റാണ് വന്നിട്ടുള്ളത്. മേൽപ്പറഞ്ഞ ഭാഗത്തെ റോഡിന് അതിർത്തി നിർണ്ണയിച്ചു കിട്ടുന്നതിനുവേണ്ടി 10-8-2017, 9-10-2017, 11-2-2018 എന്നീ

തീയതികളിൽ മഞ്ചേരി തഹസിൽദാരോട് കത്തുമുഖേന നിരന്തരം അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ മഞ്ചേരി തഹസിൽദാർ ഒരിക്കലും മറുപടി തരുന്നില്ല; ഇപ്പോഴും തന്നിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും മറുപടി തന്നിട്ടില്ല. മഞ്ചേരിയിൽ മാറിമാറി വരുന്ന തഹസീൽദാർമാർ മന:പൂർവ്വമാണോ അവിടെ സ്ഥലമെടുക്കാത്തത് അതോ സ്ഥലം കിട്ടാൻ സാധ്യത യില്ലാത്തതാണോ എന്ന് ജില്ലാകളക്ടർ റിപ്പോർട്ട് തരേണ്ടതായിട്ടുണ്ട്. സ്ഥലം കിട്ടാൻ സാധ്യതയില്ലാതെ വരികയില്ല. ആളുകൾ വിസമ്മതിച്ചാൽ എം.എൽ.എ. അടക്കം നേരിട്ട് നെഗോഷ്യേറ്റ് ചെയ്താൽ സ്ഥലം കിട്ടും; ആ നിലപാടാണ് നമുക്കെടുക്കേണ്ടത്. ബഹുമാനപ്പെട്ട എം.എൽ.എ അക്കാര്യത്തിൽ ശ്രദ്ധിക്കണം. കളക്ടർക്ക് ഇവിടെനിന്നും കത്തയയ്ക്കുന്നുണ്ട്. സ്ഥലത്തിന്റെ വില ഗവൺമെന്റ് കൊടുക്കും.

2011-12-ൽ പ്രഖ്യാപിച്ച പ്രധാനപ്പെട്ട ഫ്ലൈഓവർ നിർമ്മാണത്തിന്റെ പ്രാധാന്യം ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ എടുത്തു പറയേണ്ട കാര്യമില്ല. ഏഴ് വർഷം കഴിഞ്ഞിട്ടും ഏതാനും സെന്റ് സ്ഥലമെടുത്തു കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണ്. ഇത് അപൂർവ്വമായി വരുന്ന സംഭവമാണ്, ഇതിനെപ്പറ്റി ഒരു അന്വേഷണം നടത്തേണ്ടതുണ്ട്. എന്തുകൊണ്ട് ഇത് സംഭവിച്ചു വെന്ന അന്വേഷണവും ഗവൺമെന്റ് നടത്തും. പി.ഡബ്ല്യു.ഡി.-ക്ക് പണിയാനുള്ള അധികാരമല്ലാതെ സ്ഥലമെടുക്കാൻ അധികാരമില്ല. സ്ഥലം ഏറ്റെടുക്കേണ്ടത് അന്നത്തെ റവന്യൂ വകുപ്പാണ്. അത് ചെയ്തില്ലെന്നുമാത്രമല്ല ഇന്നത്തെ റവന്യൂ വകുപ്പുവഴി ശ്രമിച്ചിട്ട് തഹസിൽദാർ മറുപടിയും തരുന്നില്ല. ആ തഹസിൽദാരുടെ പ്രശ്നമെന്താണെന്ന് എനിക്കറിയില്ല. ഏതായാലും ഈ ഫ്ലൈ ഓവർ പണിയണം. അതിനുള്ള എല്ലാ പരിശ്രമവും അങ്ങയോടൊപ്പം നിന്ന് ഗവൺമെന്റ് ചെയ്യുന്നതാണെന്ന് ഞാൻ അറിയിക്കുകയാണ്.

## (8) പാലം നിർമ്മാണം

ശ്രീ. ഒ. രാജഗോപാൽ: സർ, നേമം നിയോജകമണ്ഡലത്തിൽ നഗരത്തിനകത്തുതന്നെ സ്കൂളിൽ പോകുന്ന പിഞ്ചു കുട്ടികൾക്ക് കടത്തുവഞ്ചിയിൽ പോകേണ്ട ഗതികേടാണുള്ളത്. അവിടെ പാലം വേണമെന്നുള്ളത് പഴയ ആവശ്യമാണ്. അത് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നടപ്പിലാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല.

പലപ്പോഴും കടത്തുതോണി മറിഞ്ഞ് അപകടം ഉണ്ടായിട്ടുണ്ട്, ചിലപ്പോൾ വഞ്ചി മുടങ്ങിയിട്ടുണ്ട്. എന്തെങ്കിലും സംഭവിച്ചശേഷം പറഞ്ഞിട്ട് കാര്യമില്ല. ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധയെടുത്ത്, മാനുഷിക പരിഗണനവച്ച് പാലം നിർമ്മിക്കാൻ സന്മനസ്സ് കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട ഒ. രാജഗോപാൽ അവർകൾ സമർപ്പിച്ച സബ്മിഷൻ വളരെ പ്രധാനപ്പെട്ടതാണ്, ന്യായമായ ആവശ്യമാണ്. മലമേൽക്കുന്ന്-മുടവൻമുഗൾ പാലം നിർമ്മാണത്തിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. സാധാരണയായി കാലതാമസം വരുന്നത് അതിനാണ്, അത് പൂർത്തീകരിച്ച് ഡിസൈനും തയ്യാറാക്കിയിട്ടുണ്ട്. 2017-18-ലെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ടെന്നല്ലാതെ പാലം പണിയാനുള്ള തുകയൊന്നും വകയിരുത്തിയിട്ടില്ല. ടോക്കൺ നൂറുകണക്കിന് ഉണ്ടെന്നറിയാമല്ലോ. 100 രൂപ ടോക്കൺ വച്ചിട്ടുണ്ട്. അതിനുവേണ്ടി അപ്രോച്ച് റോഡ് നിർമ്മിക്കണം, സ്ഥലവും ഏറ്റെടുക്കണം. മൂന്നരക്കോടി രൂപയുടെ ഭരണാനുമതിക്കുള്ള അപേക്ഷ 25-11-2017-ലെ ലെറ്റർ പ്രകാരം സർക്കാരിൽ ലഭ്യമായിട്ടുണ്ട്. അത് പരിശോധിച്ച്, മൂന്നര കോടിരൂപയ്ക്കുപുറമെ പാലത്തിന്റെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റുകൂടി ചേർക്കണം. അത് ചേർത്ത് സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർ റോഡ്സ് ആന്റ് ബ്രിഡ്ജസിനോട് നിർദ്ദേശിച്ചു. അദ്ദേഹം അത് വേഗം ലഭ്യമാക്കും. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. അതിനുശേഷം പ്രസ്തുത പ്രവൃത്തിക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുവേണ്ടി റവന്യൂവകുപ്പിനോട് ആവശ്യപ്പെടുന്നതിന് ഡി.പി.ആർ. ലഭ്യമാകണം. അതിന്റെ നടപടികളുമായി മുന്നോട്ട് പോകുകയാണ്.

## (9) നെല്ലിയാമ്പതി-പോളച്ചിറക്കൽ ഹയർ സെക്കന്ററി സ്കൂൾ

ശ്രീ. കെ. ബാബു: സർ, നെന്മാറ നിയോജകമണ്ഡലത്തിലെ പാവങ്ങളുടെ ഊട്ടി എന്നറിയപ്പെടുന്ന നെല്ലിയാമ്പതിയിൽ തമിഴ് മീഡിയം ഉൾപ്പെടുന്ന ഏക ഹയർ സെക്കണ്ടറി സ്കൂൾ, മാനേജ്മെന്റിന്റെ അനാസ്ഥകൊണ്ട് അടച്ചുപൂട്ടിയിരിക്കുകയാണ്. 52 വർഷത്തോളം പഴക്കമുള്ളതും നെല്ലിയാമ്പതിയിലെ തോട്ടം തൊഴിലാളികളും പ്രത്യേകിച്ച് എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെട്ട കുട്ടികളുമാണ് അവിടെ പഠിക്കുന്നത്. 1991-ലാണ് നിലവിലുള്ള മാനേജ്മെന്റ് സ്കൂൾ ഏറ്റെടുത്തതെന്ന് പറയപ്പെടുന്നു.

1995 വരെ 1500-ലധികം കുട്ടികൾ പഠിച്ചിരുന്ന സ്കൂളാണ്. അധ്യാപകരുടെ നല്ല പരിശീലനത്തിന്റെ ഭാഗമായി 100 ശതമാനം റിസൾട്ടും കിട്ടിയിരുന്നു. നിലവിൽ 322 കുട്ടികളുണ്ട്; ഡിവിഷൻഫാൾ വന്നപ്പോൾ പുറത്ത് പോയ 8 അധ്യാപകരുൾപ്പെടെ 25 ജീവനക്കാരാണുള്ളത്. കുട്ടികൾക്കിരുന്ന് പഠിക്കാവുന്ന അടച്ചുറപ്പുള്ള ക്ലാസ്സ് റൂമോ മറ്റു സൗകര്യങ്ങളോ ഇല്ലാത്തതുകൊണ്ട് കഴിഞ്ഞ ഒക്ടോബർ മാസം മുതൽ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ ഒഴിഞ്ഞുകിടക്കുന്ന ചില കെട്ടിടങ്ങളിലാണ് ക്ലാസ്സ് നടത്തിയതും ഇപ്പോൾ എസ്.എസ്.എൽ.സി. ഉൾപ്പെടെയുള്ള പരീക്ഷകൾ നടത്തിക്കൊണ്ടിരിക്കുന്നതും. ഡി.പി.ഐ. മുതൽ ബാലാവകാശ കമ്മീഷനും ബഹുമാനപ്പെട്ട ഹൈക്കോടതി നിശ്ചയിച്ച കമ്മീഷനും നിലവിലുള്ള കെട്ടിടത്തിൽ ക്ലാസ്സുകൾ നടത്താൻ കഴിയില്ലെന്ന റിപ്പോർട്ടാണ് സമർപ്പിച്ചിട്ടുള്ളത്. നിലവിൽ ഈ സ്കൂൾ നിലനിൽക്കുന്നത് സർക്കാരിന്റെ പാട്ടഭൂമിയിലാണ്. അവിടെയുള്ള അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നത് സർക്കാർ തന്നെയാണ്. ഒഴിവുവരുന്ന തസ്തികയിൽ നിയമനം നടത്തുന്നതിനുവേണ്ടി മാത്രമാണ് അവിടെയുള്ള മാനേജ്മെന്റ് നിലനിൽക്കുന്നത്. അതുകൊണ്ട് പാവപ്പെട്ട തോട്ടം തൊഴിലാളികളുടെയും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെയും മക്കൾ മാത്രം പഠിക്കുന്ന നെല്ലിയാമ്പതിയിലെ പോളച്ചിറക്കൽ സ്കൂൾ സർക്കാർ ഏറ്റെടുത്ത് മികച്ച ഭൗതിക സൗകര്യമുണ്ടാക്കി ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, പാലക്കാട് വിദ്യാഭ്യാസ ജില്ലയിൽ 1966 മുതൽ പ്രവർത്തിച്ചുവരുന്ന എയ്ഡഡ് സ്കൂളായ നെല്ലിയാമ്പതി പോളച്ചിറക്കൽ ഹയർസെക്കന്ററി സ്കൂളിൽ 2017-18 വർഷത്തിൽ ഹൈസ്കൂളിൽ 223 വിദ്യാർത്ഥികളും ഹയർസെക്കന്ററിയിൽ 91 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. 30 അദ്ധ്യാപകരും 4 അനദ്ധ്യാപകരും ജോലി ചെയ്യുന്നുണ്ട്. പ്രസ്തുത സ്കൂളിന്റെ മാനേജരുടെ നിസ്സംഗതമൂലം സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി ചെയ്യാതെ ഇടിഞ്ഞു വീഴാറായ അവസ്ഥയിലാണ്. ഈ സാഹചര്യത്തിൽ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്കൂളിന്റെ പ്രവർത്തനം ഗ്രാമപഞ്ചായത്ത് കെട്ടിടത്തിലേക്ക് മാറ്റുകയും നിലവിൽ അവിടെ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ഇതിനെതിരെ സ്കൂൾ മാനേജർ ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുകയുണ്ടായി. സ്കൂളിന്റെ ശോചനീയാവസ്ഥ ചൂണ്ടിക്കാട്ടി വിദ്യാർത്ഥികൾക്കുവേണ്ടി പി.ടി.എ. പ്രസിഡന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പരാതി സമർപ്പിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും സ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജിയിന്മേലുള്ള വിധി ന്യായത്തിന് വിധേയമായി പോളച്ചിറക്കൽ ഹയർസെക്കണ്ടറി സ്കൂൾ അധ്യയനം നടത്താനായി എത്രയും

പെട്ടെന്നുതന്നെ കേരള വിദ്യാഭ്യാസ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള അളവനുസരിച്ച് അടിസ്ഥാന സൗകര്യമുള്ള കെട്ടിടത്തിലേക്ക് താൽക്കാലി കമായി മാറ്റാനും പ്രസ്തുത സ്കൂളിന്റെ അറ്റകുറ്റപ്പണികൾ എത്രയും പെട്ടെന്ന് നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാനും അധ്യയനം ടി സ്കൂൾ കെട്ടിടത്തിൽത്തന്നെ പുന:സ്ഥാപിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സ്കൂൾ മാനേജർക്ക് നിർദ്ദേശം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ 3-3-2018-ലെ സർക്കാർ കത്തുപ്രകാരം പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ സ്കൂൾ ഏറ്റെടുക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. പൊതുജന പങ്കാളിത്ത ത്തോടെയും സ്കൂൾ മാനേജർ, വിദ്യാഭ്യാസ അധികാരികൾ, പി.ടി.എ. എന്നിവരുടെ ഏകോപനത്തോടുകൂടിയും സ്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## (10) അനുവദിച്ച തുക ലാപ്സാക്കിയത് സംബന്ധിച്ച്

ശ്രീമതി സി. കെ. ആശ: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയകരമായി നടത്തിവരുന്ന ഈ സന്ദർഭത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ ത്തിനായിഏറ്റവും പ്രയോജനകരമാകുന്ന ഒരു പദ്ധതി ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം നഷ്ടപ്പെടുന്നത് സംബന്ധിച്ചാണ് എനിക്ക് ഉന്നയിക്കാനുള്ളത്. വൈക്കം മുൻ എം.എൽ.എ. ശ്രീ. കെ. അജിത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും 10 സ്കൂളുകൾക്ക് ബസ് വാങ്ങി നൽകുന്നതിന് ഒരു കോടി രൂപ അനുവദിച്ച് 2016 ജനവരി 2-ന് അദ്ദേഹം കത്ത് നൽകിയിരുന്നു. എന്നാൽ രണ്ട് പൂർണ്ണ സാമ്പത്തികവർഷം കഴിഞ്ഞിട്ടും ബസ് വാങ്ങി നൽകാൻ കഴിഞ്ഞിട്ടില്ല. ഞാൻ എം.എൽ.എ. ആയതിനുശേഷം 2016 മുതൽ ജനറൽ എഡ്യൂക്കേഷൻ, ഡി.പി.ഐ., പി.ഡബ്ല്യൂ.ഡി. (ബിൽഡിംഗ്സ്), ഫിനാൻസ്, ഡി.ഡി., കോട്ടയം തുടങ്ങിയ ഓഫീസുകളിലെല്ലാം നിരന്തരമായി ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ ഒന്നര വർഷം നീണ്ടു നിന്ന പരിശോധനയ്ക്കു ശേഷം 2017 ജൂലൈ 27-ന് കോട്ടയം ഡി.ഡി.-യുടെ അക്കൗണ്ടിൽ ഒരു കോടി രൂപ എത്തിച്ചേർന്നു. എന്നാൽ രണ്ടു പ്രാവശ്യം ഇ-ടെൻഡർ വിളിച്ചിട്ടും രണ്ടു കമ്പനികൾ മാത്രമാണ് പങ്കെടുത്തത് എന്നതിനാലും ഒരു കമ്പനിയുടെ ടെൻഡർ എടുത്തില്ല എന്ന പരാതി വന്നതിനാലും നടപടിക്രമങ്ങൾ അനാവശ്യമായി നീണ്ടുപോകുകയാണ്. ഈ അദ്ധ്യയന വർഷാരംഭത്തിൽ കൊടുക്കേണ്ട സ്കൂൾ ബസ്സുകൾ അദ്ധ്യയന വർഷാവസാനത്തിൽപ്പോലും കൊടുക്കാൻ കഴിയാത്ത സാഹചര്യമാണ് നില നിൽക്കുന്നത്. പല മണ്ഡലങ്ങളിലും റേറ്റ് ക്വട്ടേഷൻ ക്ഷണിച്ച് ലോവസ്റ്റ് ക്വട്ടേഷൻ സ്വീകരിച്ച് ബസ്സുകൾ വാങ്ങി നൽകിയപ്പോൾ നാളിതുവരെയായിട്ടും ബസ്സുകൾ വാങ്ങി

നൽകുന്നതിൽ കോട്ടയം ഡി.ഡി. ഗുരുതരമായ അനാസ്ഥ കാണിക്കുകയാണ്. രണ്ടു വർഷം കഴിയുമ്പോൾ ഈ തുകയ്ക്ക് ഇനി ബസ്സുകൾ വാങ്ങാനാകുമോയെന്ന ആശങ്കയുമുണ്ട്. ഉദ്യോഗസ്ഥരുടെ അനാസ്ഥയും മേൽപ്പറഞ്ഞ സാഹചര്യവും കാരണം എന്റെ മണ്ഡലത്തിൽ ഉപയോഗിക്കേണ്ട ഒരു കോടി രൂപ ലാപ്സായിപ്പോകുന്ന അവസ്ഥയാണ്. ഡി.ഡി.-യുടെ അക്കൗണ്ടിലേയ്ക്ക് ഒരു കോടി രൂപ വന്നിട്ട് ഇപ്പോൾ തന്നെ ആറുമാസമായി. ഈ തുക വിനിയോഗിക്കാത്തതുമൂലം 51 ലക്ഷം രൂപ ഈ ഫണ്ടിൽ നിന്നും ഫൈനാൻസ് ഡിപ്പാർട്ടുമെന്റുകാർ പിൻവലിച്ചതായി ഡി.ഡി. ഓഫീസിൽ നിന്നും അറിയാൻ കഴിഞ്ഞു. ഈ സാഹചര്യത്തിൽ അടിയന്തരമായി ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്നും 2016 ജനുവരി 2-ന് മുൻ എം.എൽ.എ. നൽകിയ കത്തിന്മേൽ നടപടി വൈകിക്കുകയും സങ്കീർണ്ണമാക്കുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി മാതൃകാപരമായി ശിക്ഷിക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ.സി. രവീന്ദ്രനാഥ്): സർ, 5-4-2017-ലെയും 24-5-2017-ലെയും സർക്കാർ ഉത്തരവുകൾപ്രകാരം വൈക്കം നിയോജക മണ്ഡലത്തിലെ മുൻ എം.എൽ.എ. ശ്രീ. കെ. അജിത്തിന്റെ 2015-16 വർഷത്തെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി പ്രസ്തുത നിയോജക മണ്ഡലത്തിലെ പത്ത് സ്കൂളുകൾക്ക് സ്കൂൾ ബസ് വാങ്ങിക്കുന്നതിന് 100 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിരുന്നു. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കോട്ടയം പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ 15-7-2017-ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ഫണ്ട് കൈമാറുകയും തുടർന്ന് 18-7-2017-ലെ ഉത്തരവുപ്രകാരം പ്രസ്തുത ഫണ്ട് കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് തുടർ നടപടികൾക്കായി കൈമാറുകയും ചെയ്തു. ഭരണാനുമതി ഉത്തരവിൽ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. അതനുസരിച്ച് 15-9-2017-ലും 20-10-2017-ലും ഇ-ടെൻഡറുകൾ നടത്തിയെങ്കിലും യഥാക്രമം ഒന്നും രണ്ടും ടെൻഡറുകളാണ് ലഭിച്ചത്. ഇ-ടെൻഡറിന് ചുരുങ്ങിയത് മൂന്ന് ടെൻഡറുകളെങ്കിലും ലഭിച്ചിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. മാത്രമല്ല; പങ്കെടുത്ത രണ്ട് കമ്പനികളും ഭരണാനുമതി ഉത്തരവിനേക്കാൾ കൂടിയ തുകയാണ് രേഖപ്പെടുത്തിയിരുന്നത്. കൂടാതെ തങ്ങളെ പരിഗണിച്ചില്ലെന്ന് എ.വി.ജി. മോട്ടോഴ്സ് പരാതി നൽകുകയും ചെയ്തു. പ്രസ്തുത പരാതി പരിശോധിച്ചപ്പോൾ ടി കമ്പനി ഓൺലൈനിൽ പങ്കെടുത്തിട്ടില്ലെന്ന് കണ്ടെത്തിയിരുന്നു. ഇക്കാരണങ്ങളാലാണ് തുടർനടപടികൾ വേഗത്തിലാക്കാൻ

സാധിക്കാതിരുന്നത്. ഇനിയും ഇക്കാര്യത്തിൽ ഒരു തവണകൂടി ഇ-ടെൻഡർ നടപടി സ്വീകരിക്കാനാകുമോ എന്ന കാര്യം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പല വർക്കുകളും മാസങ്ങളും വർഷങ്ങളും പിന്നിടുന്നു എന്ന പരാതി പലപ്പോഴും കേൾക്കുകയാണ്. ഒന്നര വർഷമായി എന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞിരിക്കുന്നത്. അതും മുൻ എം.എൽ.എ. എഴുതിക്കൊടുത്തതാണ്. ഇക്കാര്യത്തിൽ ഗൗരവമായ പരിശോധന മന്ത്രിയുടെ ഭാഗത്ത് നിന്നുണ്ടാകണം.

## V പ്രസ്താവന

### മഹിളാ ദിനം

മി. സ്പീക്കർ: ഇന്ന് മാർച്ച് 8, സാർവ്വദേശീയ മഹിളാ ദിനമാണ്. സ്ത്രീകളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മഹത്തായ പാരമ്പര്യമാണ് ഭാരതത്തി നുള്ളത്. അമ്മയുടെ രൂപത്തിലാണ് നാം നമ്മുടെ രാഷ്ട്രത്തെ സങ്കൽപ്പിച്ചിട്ടുള്ളത്. വർത്തമാനകാലത്ത് ഈ ഉന്നതമായ ആശയങ്ങൾക്ക് പ്രായോഗികത ഉണ്ടാകുന്നി ല്ലെന്നത് വേദനാജനകമാണ്. സ്ത്രീപീഡനങ്ങളും സ്ത്രീകളുടെ പ്രാന്തവൽക്കരണവും ഇപ്പോഴും പരിഹാരമില്ലാതെ തുടരുകയാണ്. പ്രതിസന്ധികളുണ്ടെങ്കിലും സ്ത്രീശാക്തീ കരണ മേഖലയിൽ മുന്നേറ്റമുണ്ടാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേരളം പല മേഖലകളിലും മാതൃകാപരമായ മുന്നേറ്റത്തിൽ ചരിത്രം സൃഷ്ടിച്ചിട്ടുണ്ടെങ്കിലും സ്ത്രീ-പുരുഷസമത്വത്തിലും സ്ത്രീയുടെ തുല്യപദവി രൂപീകരണത്തിലും നാം വേണ്ടത്ര വളർന്നിട്ടില്ല. ജനാധിപത്യത്തിന്റെ അർത്ഥ സമ്പുഷ്ടി സ്ത്രീത്വത്തിന്റെ തുല്യപദ വിയിലേ യാഥാർത്ഥ്യമാകുകയുള്ളൂ. സ്ത്രീ പദവിയുടെ ജനാധിപത്യവത്ക്കരണം മറ്റ് മേഖലകളിലെപ്പോലെതന്നെ വളർന്നുവരാൻ കേരളത്തിലെ പൊതുപ്രവർത്തകർ മുൻകയ്യെടുക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു. സാർവ്വദേശീയ മഹിളാ ദിനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പ്രസ്താവന നടത്തുന്നതാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ബഹുമാനപ്പെട്ട സ്പീക്കർ സർ, ബഹുമാനപ്പെട്ട സഭാംഗങ്ങളേ, ഇന്ന് സാർവ്വദേശീയ മഹിളാദിനമാണ്. ലോകത്തെമ്പാടുമുള്ള സ്ത്രീകൾ അവകാശപ്പോ രാട്ടങ്ങളിൽ ഏർപ്പെട്ടുകൊണ്ടും അവകാശപ്രഖ്യാപന ദിനമായി ആചരിച്ചുകൊണ്ടും വനിതാദിനം ആചരിക്കുകയാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന

ഘട്ടത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലും സംഘടിതമായിട്ടുള്ള വനിതാവിമോചന പ്രസ്ഥാനങ്ങൾ ലോകത്തിന്റെ നാനാഭാഗത്തും രൂപംകൊള്ളു കയുണ്ടായി. അതിനുമുമ്പും ഉത്പതിഷ്ണുക്കളായ സാമൂഹ്യപരിഷ്കർത്താക്കൾ സ്ത്രീകൾ സമൂഹത്തിൽ തുല്യരാണെന്ന് സ്ഥാപിക്കുന്നതിന് സ്ത്രീ-പുരുഷ ഭേദമെന്യേ ശ്രമം നടത്തിയിരുന്നു. എന്നാൽ സമൂഹം എന്തുകൊണ്ടോ സ്ത്രീകളെ പാർശ്വവൽക്കരി ക്കുന്ന ഒന്നായി കാണുന്ന കാഴ്ചയാണ് ചരിത്രത്തിലുടനീളം കാണുന്നത്. വളരെ പൗരാണികമായ കാലത്ത് അങ്ങനെയുണ്ടായിരുന്നില്ലെന്നും സ്ഥാപിക്കപ്പെടുന്നുണ്ട്. സ്ത്രീകളുടെ അടിമത്തം സാമൂഹ്യവ്യവസ്ഥിതിയുമായി ബന്ധപ്പെട്ടതാണ്. കേരളത്തിന്റെയും ഇന്ത്യയുടെയും അനുഭവത്തിൽത്തന്നെയും ഒട്ടേറെ അനുഭവങ്ങളിലൂടെയും ഉദാഹരണ ങ്ങളിലൂടെയും നമുക്കത് സൂചിപ്പിക്കാൻ സാധിക്കും. നേരത്തെ നാടുവാഴിത്ത വ്യവസ്ഥിതി നിലനിന്നിരുന്ന സമയത്ത് ലാൻഡ്‌ലോർഡ്സ് ആന്റ് ടെനന്റ്സ് ആയി സമൂഹം വേർതിരിഞ്ഞ സമയത്ത് ഭൂമിയുള്ള ഭൂസ്വാമിമാരുടെ ഇംഗിതങ്ങൾ അനുസരിക്കുന്നതിനും അവരുടെ അധീശാധികാരത്തിന് കീഴിൽ അടിച്ചമർത്തപ്പെട്ടു ന്നവരായി കഴിയുന്നതിനും സ്ത്രീകൾ വിധിക്കപ്പെട്ടിരുന്നു. സ്ത്രീകൾക്ക് മാറുമറയ്ക്കാനോ വിദ്യ അഭ്യസിക്കാനോ വോട്ട് ചെയ്യുന്നതിനോ അവകാശമില്ലാ യിരുന്നു. അതിനെതിരെ പോരാട്ടം നടത്തിയിരുന്നത് കക്ഷിരാഷ്ട്രീയത്തിനു തീതമായി സമൂഹത്തിൽ വളർന്നുവന്നിട്ടുള്ള സാമൂഹ്യപരിഷ്കർത്താക്കളുടെയും രാഷ്ട്രീയപ്രവർത്തകരുടെയുമെല്ലാം അകമഴിഞ്ഞ പിന്തുണയോടെ നടത്തിയ പോരാട്ടത്തിന്റെ ഭാഗമായാണ്. ഇന്നത്തെ സമൂഹത്തിൽ നാം എത്തിനിൽക്കുമ്പോൾ പഴയകാലത്ത് നാം കണ്ടുവന്ന അതേ രീതിയിലുള്ള അടിമത്തവും അടിച്ചമർത്തലും അവസാനിച്ചിട്ടുണ്ടെങ്കിലും അങ്ങ് പറഞ്ഞതുപോലെ ആധുനിക കാലത്തും സ്ത്രീകൾ പാർശ്വവത്ക്കരിക്കപ്പെടുന്നു എന്നുള്ളതാണ് വസ്തുത. ഇന്നത്തെ ഉപഭോഗസംസ്കാരത്തിന്റെ കീഴിൽ ഏറ്റവും കൂടുതൽ പാർശ്വവത്ക്കരിക്കപ്പെടുന്നതും ആക്രമിക്കപ്പെടുന്നതും സ്ത്രീകളും പെൺകുട്ടികളുമാണ് എന്ന സ്ഥിതി സമൂഹത്തിൽ വന്നിരിക്കുകയാണ്. ഹൃദയഭേദകമായ ഒട്ടേറെ അനുഭവങ്ങളാണ് സ്ത്രീ സമൂഹത്തെ ചൂണ്ടിക്കാണിക്കുമ്പോൾ നമുക്ക് പറയാൻ സാധിക്കുന്നത്.

രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയിട്ട് 69 വർഷം പിന്നിട്ടുവെങ്കിലും ഇന്ത്യൻ സ്ത്രീകൾക്ക് പൂർണ്ണമായും സമത്വം പകർന്നു കൊടുക്കുന്നതിന് നമുക്ക് സാധിച്ചിട്ടില്ല. വിദ്യാഭ്യാസ കാര്യത്തിലുൾപ്പെടെ കുറേയേറേ മാറ്റങ്ങളും പുരോഗമനങ്ങളുമുണ്ടായിട്ടുണ്ട് എന്നുള്ളത് തർക്കമറ്റ വിഷയമാണ്. അത്തരം കാര്യങ്ങളിൽ കേരളം മുൻപന്തിയിൽ നിൽക്കുന്നു എന്നുള്ളതും നമുക്കെല്ലാവർക്കും അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. എന്നാൽ ഇന്ത്യൻ ഡെമോക്രസി പൂർണ്ണമാകണമെങ്കിൽ എല്ലാ പൗരന്മാർക്കും അവസരസമത്വം ഉണ്ടാകണം. ഡെമോക്രസി എന്നുപറയുന്നത് പൂർണ്ണമായും

പൗരന്മാരുടെ അവസര സമത്വത്തിലധിഷ്ഠിതമാണ്. അങ്ങനെയാ ണെങ്കിൽ അവസരം നിഷേധിക്കുന്ന പൗരന്മാരിൽ മഹാഭൂരിപക്ഷവും സ്ത്രീകളാ ണെന്നുള്ളത് തർക്കമറ്റ വിഷയമായി തുടരുകയാണ്. ഇതിന് പരിഹാരം കാണാൻ നമുക്ക് സാധിച്ചേ മതിയാകൂ. മാത്രമല്ല നമ്മുടെ ഭരണഘടനയുടെ ആമുഖത്തിൽ തന്നെ ഈ രാജ്യം ലിംഗഭേദമില്ലാത്ത സമത്വം എല്ലാവർക്കും നൽകുന്നുവെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ ലിംഗഭേദമില്ലാത്ത സമത്വം അനുഭവിക്കാൻ കഴിയുന്നില്ല. ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീ സമൂഹത്തെക്കുറിച്ച് പൊതുവേ പരിശോധിച്ചാൽ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇപ്പോഴും പിന്നോക്കം നിൽക്കുന്നത് സ്ത്രീകൾ തന്നെയാണെന്ന് കാണാൻ കഴിയും. ആരോഗ്യപരമായ ഒട്ടേറെ കാര്യങ്ങളിൽ സ്ത്രീകൾ പിന്നോക്കം നിൽക്കുന്നുണ്ട്. തൊഴിലിടങ്ങളിൽ അവർക്ക് പിന്നോക്കാവസ്ഥയാണ്. തൊഴിലവസരവും അവർക്ക് വളരെക്കുറച്ച് മാത്രമേ ലഭ്യമാകുന്നുള്ളൂ. ഇതിന് പരിഹാരം കാണാനുള്ള ഉചിതമായ നടപടി രാജ്യത്തെ ഗവൺമെന്റുകൾ സ്വീകരിച്ചേ മതിയാകുകയുള്ളൂ. ഞാൻ വളരെ വിശദമായി പറയുന്നില്ല, കേരളത്തിലേയ്ക്ക് വന്നാൽ മാറ്റമുണ്ടായിട്ടുണ്ട്. നേരത്തേ പറഞ്ഞ സമരങ്ങളുടെയൊക്കെ ഭാഗമായി സ്ത്രീകൾ അടുക്കളയിൽ നിന്നും അരങ്ങത്തേയ്ക്ക് വന്നു. പക്ഷേ അതെല്ലാം നമ്മൾ ആലങ്കാരികമായി പറയുമ്പോഴും കേരളത്തിലെ സ്ത്രീകളുടെയും പെൺകുട്ടികളുടെയും അവസ്ഥ ഈ സാർവ്വദേശീയ വനിതാ ദിനത്തിൽ നാം പരിശോധിക്കേണ്ടതാണ്. ഇവിടെ തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് സമത്വത്തോടെ കടന്നുവരാൻ കഴിഞ്ഞിട്ടില്ല. സംരംഭകത്വത്തിന്റെ കാര്യം പരിശോധിക്കുമ്പോൾ വനിതാസംരംഭകരുടെ എണ്ണം കുറവാണ്. അതുപോലെതന്നെ തൊഴിലിടങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങളും വർദ്ധിച്ചുവരികയാണ്. അതിന് പരിഹാരം കാണുന്നതിനുവേണ്ടി തൊഴിലിടങ്ങളിൽ സ്ത്രീകളുടെ പരാതി സ്വീകരിക്കുന്നതിന് Vishakha and others Vs State of Rajasthan കേസ്സിന്റെ അടിസ്ഥാനത്തിൽ പരാതി പരിഹാര സെല്ലുകൾ രൂപീകരി ക്കണമെന്ന് നിർദ്ദേശം കൊടുത്തെങ്കിലും അതൊന്നും പൂർത്തിയായിട്ടില്ല. എന്നാൽ അക്കാര്യങ്ങൾക്ക് വീണ്ടും ഒരിക്കൽക്കൂടി നിർദ്ദേശം കൊടുത്തുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ ആഗ്രഹിക്കുകയാണ്. ഞാൻ എല്ലാ കാര്യങ്ങളും ഇവിടെ വിശദീ കരിക്കുന്നില്ല.

ഈ വനിതാദിനത്തിൽ കേരള ഗവൺമെന്റിന് അഭിമാനകരമായി പറയാനുള്ളത് വനിതാ വികസനവകുപ്പ് ഇവിടെ രൂപീകരിച്ചു എന്നുള്ളതാണ്. എത്രയോ വർഷക്കാലമായി കേരളത്തിലെ ഉത്പതിഷ്ണുക്കളായ എല്ലാ ആളുകളും ആഗ്രഹിക്കുന്ന ഒരു കാര്യമാണിത്. കേരളത്തിൽ വനിതാ വികസന വകുപ്പ് രൂപം കൊണ്ടതിനുശേഷം ആദ്യംവരുന്ന വനിതാ ദിനമാണ് എന്നതിന്റെയടിസ്ഥാന ത്തിൽ ഇത്തവണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരാഴ്ചക്കാലം നീണ്ടുനിൽക്കുന്ന

വനിതാദിന പരിപാടികൾ തിരുവനന്തപുരത്ത് സംസ്ഥാനതലത്തിൽ നടത്തുവാനും അടുത്ത വർഷവും അതിനടുത്ത വർഷവുമൊക്കെ എന്തുചെയ്യണമെന്ന് രേഖപ്പെടുത്തിക്കൊണ്ടുള്ള ഒരു കലണ്ടർ തയ്യാറാക്കുകയും ആ പ്രവർത്തന പരിപാടി നടത്തുകയുമാണ് ചെയ്യുന്നത്. അതിൽ കേവലം പ്രചരണം മാത്രമല്ല, സ്ത്രീകളുടെ സംരംഭകത്വം വർദ്ധിപ്പിക്കുന്നതിനും സ്കിൽ ഡെവലപ്മെന്റിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പോരാട്ടം നടത്തുന്നതിനും സ്ത്രീ തുല്യപൗരയാണ് എന്ന് സ്ഥാപിച്ചെടുക്കാനുള്ള ഒട്ടേറെ പരിപാടികൾ നടത്തുന്നതിനുമുള്ള പദ്ധതികൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അതോടൊപ്പം നമ്മുടെ സംസ്ഥാനത്തിന് അഭിമാനകരമായിട്ടുള്ളത്, എല്ലാ വകുപ്പുകളിലും സ്ത്രീകൾക്കുകൂടി പ്രാതിനിധ്യം നൽകിക്കൊണ്ടുള്ള ജെൻഡർ വകുപ്പ്, ജെൻഡർ ബഡ്ജറ്റും ഓഡിറ്റിംഗുമൊക്ക നടത്തുന്നുവെന്നതാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഒരു വിമൻ കമ്പോണന്റ് പ്ലാനുണ്ട്. ഇതെല്ലാം ഫലപ്രദമായി ഉപയോഗിക്കണം. ലിംഗസമത്വം എന്നുപറയുമ്പോൾ സ്ത്രീകളും പുരുഷന്മാരും മാത്രമല്ല, ട്രാൻസ്ജെൻഡേഴ്സിന്റെ കാര്യവും പരിഗണിച്ചുവരുന്നു. വരാനിരിക്കുന്ന ഈ ഗവൺമെന്റിന്റെ 3 വർഷക്കാലത്തിലും ഇനി തുടർന്നുവരുന്ന എല്ലാ ഗവൺമെന്റുകളും പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീ സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ പൂർവ്വാധികം ശക്തിയായി ഇടപെടണം. സ്ത്രീപീഡനങ്ങൾ പെരുകാൻ പാടില്ല. സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ കേരളത്തിലുണ്ടാകാൻ പാടില്ല.അത്തരത്തിലുള്ള തീരുമാനമെടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തുകയും പോലീസ് ഡിപ്പാർട്ട്മെന്റിലുൾപ്പെടെ കൂടുതൽ വനിതാ പോലീസ് കോൺസ്റ്റബിൾമാരെയും ഓഫീസർമാരെയും നിശ്ചയിച്ചുകൊണ്ട്, പ്രത്യേകിച്ച് വനിതാദിനമായ ഇന്ന് കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു വനിതാ ഉദ്യോഗസ്ഥയ്ക്ക് പ്രത്യേക ചാർജ്ജ് കൊടുത്തുള്ള ഒരു സമീപനവും പ്രതീകാത്മകമായി സ്വീകരിക്കുകയുണ്ടായി. സ്ത്രീകൾക്ക് അവരുടെ പരാതികൾ പറയാനും അത് പരിഹരിക്കുവാനുമുള്ള ഒരിടം ഉണ്ടാകണം. സ്ത്രീകൾക്ക് പ്രത്യേക ശ്രദ്ധ നൽകി അവരെ ഏണിംഗ് മെമ്പറാക്കി മാറ്റുകയും കുടുംബത്തിൽ സമത്വമുണ്ടാക്കുകയും ചെയ്യണം. പീഡനങ്ങളിൽ ഒരു വലിയ പങ്ക് കുടുംബത്തിനകത്താണ് നടക്കുന്നത്. കുടുംബത്തിൽത്തന്നെ പെൺകുട്ടികൾ പീഡിപ്പിക്കപ്പെടുന്നത് അത്ഭുതകരമായിരിക്കുന്നു. മനുഷ്യരുടെ മനോഭാവത്തിലാണ് മാറ്റം ഉണ്ടാകുന്നത്. അതിന് സ്ത്രീ-പുരുഷ സമത്വത്തിനുതകുന്ന മനോഭാവം സൃഷ്ടിക്കണം. പഴയ ഫ്യൂഡൽ കാലഘട്ടത്തിലെ ആശയഗതികളെയും പുതിയ ഉപഭോഗസംസ്കാരത്തിലെ ലാഭേച്ഛയോടുകൂടിയ പ്രവർത്തനങ്ങളുടെ വൃത്തികെട്ട

മനോഭാവങ്ങളെയും മനസ്സിൽനിന്ന് പിഴുതെറിഞ്ഞ് സ്ത്രീകൾക്കും പെൺകുട്ടികൾക്കു മെതിരെ കടന്നുവരുന്ന എല്ലാ അതിക്രമങ്ങളെയും മുളയിലേ നുള്ളിക്കളയുന്നതിന് നാം ഓരോരുത്തരും പരിശ്രമിക്കുമെന്ന് നമ്മൾ പ്രതിജ്ഞ ചെയ്യണം. 'വനിതാ ശിശുവികസന വകുപ്പ് സധൈര്യം മുന്നോട്ട്' എന്നൊരു ക്യാമ്പയിൻ ഇന്നുമുതൽ പ്രഖ്യാപിക്കുകയാണ്. അത്തരം ക്യാമ്പയിൻ ഏറ്റെടുത്ത് നടത്താൻ എല്ലാവരുടെയും സഹകരണമുണ്ടാകണം. ലെജിസ്ലേച്ചറും എക്സിക്യൂട്ടീവും ജുഡീഷ്യറിയും മാധ്യമങ്ങളും പൗരസമൂഹവും പൂർണ്ണമായും സ്ത്രീ-പുരുഷ സമത്വത്തിലധിഷ്ഠിതമായ സമൂഹത്തിനു വേണ്ടി പ്രവർത്തിക്കാമെന്ന് പ്രത്യാശ പ്രകടിപ്പിച്ചുകൊണ്ട് കേരളത്തിൽ അതിനായി മാതൃകാപരമായ നീക്കങ്ങൾ നടത്താൻ നമുക്കെല്ലാവർക്കും ഒരുമിച്ച് പ്രവർത്തിക്കാം എന്ന് സൂചിപ്പിച്ചുകൊണ്ട് എല്ലാവർക്കും എന്റെ വനിതാദിന ആശംസകൾ അർപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പ്രകടിപ്പിച്ച അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുകയാണ്. ഇന്ന് സാർവ്വ ദേശീയ വനിതാദിനമാണ്. ഇത് നമ്മളെ ഓർമ്മിപ്പിക്കുന്നത്, വനിതകളുടെ വിമോചനവും അവരുടെ പുരോഗതിയും സാർവ്വ ലൗകീകമായ അവരുടെ മുന്നേറ്റവുമാണ്. 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നൊരു കാലമുണ്ടായിരുന്നു. സ്ത്രീകൾക്ക് സ്വാതന്ത്യം കൊടുക്കേണ്ടെന്നും അവർ അടുക്കളയിൽ മാത്രം ജീവിക്കേണ്ടവരായിരുന്നുവെന്നും അവർക്കുനേരെ എന്തെല്ലാം അതിക്രമങ്ങളു ണ്ടായാലും അതെല്ലാം പാരമ്പര്യത്തിന്റെ ഭാഗമായി കരുതിയിരുന്ന ഒരു കാലഘട്ട മുണ്ടായിരുന്നു. അതിൽ നിന്നുമാറി സ്ത്രീകളെ സാമൂഹ്യരംഗത്തേയ്ക്കും അതോടൊപ്പം രാഷ്ട്രീയ രംഗത്തേയ്ക്കും മാത്രമല്ല ജെൻഡർ ഇക്വാളിറ്റി എന്നുള്ള കാലഘട്ടത്തിലേയ്ക്കും നയിക്കാൻ നവോത്ഥാന നായകന്മാർക്കും രാഷ്ട്രീയ പാർട്ടികൾക്കും ഭരണ കൂടങ്ങൾക്കും കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യം തന്നെയാണ്. സ്ത്രീകളെ അടിച്ചമർത്തുകയും എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ട് മനുഷ്യരെപ്പോലെ ജീവിക്കാൻ അർഹതയില്ലാത്തവരാണെന്നു വിശ്വസിക്കുകയും ചെയ്തിരുന്ന കാല ഘട്ടത്തിന് അറുതി വരുത്തിക്കൊണ്ടാണ് ഇത്തരം മാറ്റങ്ങൾ നമ്മുടെ സമൂഹത്തിലുണ്ടായത്. സ്ത്രീ ചപലയാണ്, അബലയാണ് എന്നെല്ലാം പറഞ്ഞ് അവരെ അപമാനിക്കുകയും താഴ്ത്തിക്കെട്ടുകയും ചെയ്ത ആ കാലഘട്ടത്തിന് തിരശ്ശീലയിട്ടുകൊണ്ട് നമ്മൾ പ്രവർത്തനമാരംഭിച്ചെങ്കിലും അത് പൂർത്തിയായോ എന്ന് നമ്മളാലോചിക്കണം. ജനസംഖ്യയിൽ 50 ശതമാനം സ്ത്രീകളാണ്. അവരുടെ അവകാശങ്ങൾ സംരക്ഷിക്ക പ്പെടുന്നുണ്ടോ എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട ഒരു ചോദ്യചിഹ്നമായി മാറുകയാണ്.

ഇന്നത്തെ പരിഷ്കൃത സമൂഹത്തിലും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും അനാചാരങ്ങളും പല തരത്തിലുള്ള പീഡനങ്ങളും വർദ്ധിക്കുന്നു. ഇതെല്ലാം ഗൗരവമായി കണക്കാക്കി നടപടികൾ സ്വീകരിക്കേണ്ട കാര്യമാണ്. രാജീവ് ഗാന്ധി പ്രധാനമന്ത്രി യായിരുന്ന കാലത്താണ് പഞ്ചായത്ത് രാജ് ബില്ലിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 33 ശതമാനം സംവരണം നൽകി പങ്കാളികളാകാൻ അവസരം കൊടുത്തത്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് അത് 50 ശതമാനമാക്കി മാറ്റി. ഇനിയും പാർലമെന്റിലും നിയമസഭകളിലും സ്ത്രീകൾക്ക് സംവരണം നൽകാനുള്ള ബിൽ കുറെക്കാലമായി പല കാരണങ്ങൾകൊണ്ടും പാസ്സാക്കാൻ കഴിയാതെ പെന്റിംഗിലാണ്. ഈ വനിതാ ദിനത്തിലെങ്കിലും ആ ബിൽ പാസ്സാക്കാനുള്ള നടപടികൾ സ്വീകരിക്ക ണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ജോലി ചെയ്യുന്ന സ്ഥലങ്ങളിലും യാത്രയ്ക്കിട യിലും പ്രത്യേകിച്ച് ട്രെയിനുകളിലും മറ്റും യാത്ര ചെയ്യുന്ന സന്ദർഭങ്ങളിൽ സ്ത്രീകൾക്ക് പല തരത്തിലുള്ള അതിക്രമങ്ങൾ നേരിടേണ്ടിവരുന്നു. അതിക്രമങ്ങൾ നേരിടേണ്ടി വന്നാലും പല സന്ദർഭങ്ങളിലും അവർ കേസ്സുകൾ കൊടുക്കാനോ പരാതികൾ പറയാനോ തയ്യാറാകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടി ക്കാണിച്ചതു പോലെ ആളുകളുടെ മനോഭാവങ്ങളിലാണ് മാറ്റം വരേണ്ടത്. നമ്മുടെ അമ്മമാരെയും സഹോദരിമാരെയും നമ്മളെങ്ങനെ കാണുന്നുവെന്നത് മനസ്സിൽ സൂക്ഷിച്ചുകൊണ്ടായിരിക്കണം സ്ത്രീകളോട് ഇടപെടേണ്ടത്. പക്ഷെ പലപ്പോഴും അതിന് വിഘാതമായി നിൽക്കുന്ന സംഭവങ്ങളാണിവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഭരണകൂടങ്ങൾ അക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കണം. വനിതകൾക്കെ തിരെയുള്ള അക്രമങ്ങൾ തടയുന്നതിന് ശക്തമായ നിയമങ്ങൾ പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. അത് നിലനിൽക്കുമ്പോൾത്തന്നെ ഇത്തരം അതിക്രമങ്ങൾ ഉണ്ടാകുന്നു എന്നുള്ളത് നമ്മൾ മനസ്സിലാക്കേണ്ട കാര്യമാണ്.

വനിതാ വകുപ്പ് രൂപീകരണത്തിന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. വകുപ്പ് കുറച്ചുകൂടി ഫലപ്രദമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. തുടക്കത്തിലായതുകൊണ്ടാകാം സെക്രട്ടറിയെ നിയമിച്ചിട്ടുണ്ടെങ്കിലും അത് പൂർണ്ണ മായിട്ടില്ല. കേരളം ഒറ്റക്കെട്ടായി നിന്നുകൊണ്ട് വനിതകളുടെ മോചനത്തിനും അവരുടെ അവകാശങ്ങൾക്കും ജെൻഡർ ഇക്വാളിറ്റിക്കും വേണ്ടിയിട്ടുള്ള ശബ്ദ മുയർത്താൻ പൂർണ്ണമായി അതിന്റെ ഘടന പൂർത്തിയാക്കി, പൂർണ്ണമായ വകുപ്പാക്കി മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങ് പ്രകടിപ്പിച്ച അഭിപ്രായത്തോട് പൂർണ്ണമായി യോജിച്ചുകൊണ്ട് ഈ സഭ ഒറ്റക്കെട്ടായി നിൽക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

## VI റിപ്പോർട്ട് സമർപ്പണം

### അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## VII ക്രമപ്രശ്നം

### ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനാ കുറിപ്പ് അംഗങ്ങൾക്ക് ലഭ്യമാക്കൽ

ശ്രീ. എം. ഉമ്മർ: സർ, കേരള നിയമസഭയുടെ വിഷയനിർണ്ണയ സമിതിയുടെ ആഭ്യന്തര പ്രവർത്തനങ്ങൾ ചട്ടം പ്രകാരം ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ രേഖകളും സമിതി മുമ്പാകെ ഹാജരാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അത്തരത്തിൽ ഹാജരാക്കുന്ന ധനാഭ്യർത്ഥനയ്ക്കുള്ള കുറിപ്പിൽ മുൻ അഞ്ച് വർഷത്തെ ധനാഭ്യർത്ഥനകളുമായുള്ള താരതമ്യവും വ്യതിയാനങ്ങളുമുള്ള പക്ഷം അവയ്ക്കുള്ള കാരണങ്ങളും ഹാജരാക്കണമെന്ന് പ്രസ്തുത ചട്ടത്തിന്റെ 7(iii)-ൽ അനുശാസിക്കുന്നു. എന്നാൽ 2018-19-ലെ ബജറ്റുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനാ കുറിപ്പുകളിൽ ധനാഭ്യർത്ഥന XVI, XXIX എന്നീ ശീർഷകത്തിലെ മുൻവർഷത്തെ ചെലവുകൾ സൂചിപ്പിച്ചിട്ടില്ല എന്നുകാണുന്നു. ഞാനിവിടെ സൂചിപ്പിച്ചത് ചില ഉദാഹരണങ്ങൾ മാത്രമാണ്. ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഫലപ്രദമായി ഇടപെടുന്നതിന് സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനാ കുറിപ്പുകൾ ഏറെ പ്രയോജനകരമാണ്. എന്നാൽ ഇവിടെ ചില പരിമിതികളുണ്ട്. ഓരോ അംഗത്തിനും അവർ അംഗങ്ങളായുള്ള സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനാ കുറിപ്പുകൾ മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളൂ. ഈ കുറിപ്പുകൾ എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആയതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യത്തിൽ പ്രത്യേക നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കേരള നിയമസഭയുടെ നടപടി ക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 233(2) പ്രകാരം ഒരംഗത്തിന് ഒരു സബ്ജക്ട് കമ്മിറ്റിയിൽ മാത്രമേ അംഗമാകാൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ ധനാഭ്യർത്ഥനാ കുറിപ്പുകൾ അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനായി

നിയമസഭാ ലൈബ്രറിയിൽ അതിന്റെ മൂന്ന് പകർപ്പുകൾ വീതമെങ്കിലും റഫറൻസിനായി സൂക്ഷിച്ചാൽ എല്ലാ അംഗങ്ങൾക്കും അത് പ്രയോജനപ്പെടുത്താവുന്നതാണ്. ഞാനിവിടെ സൂചിപ്പിക്കുന്ന ധനാഭ്യർത്ഥന നമ്പർ XVI- പെൻഷനും പലവകയും XXIX -കൃഷി എന്നിവ മാത്രമല്ല, മറ്റ് പല ധനാഭ്യർത്ഥനകളിലും ഇത്തരത്തിൽ മുൻ അഞ്ച് വർഷത്തെ കണക്കുകൾ ലഭ്യമല്ലാത്ത സാഹചര്യമുണ്ടാകാം. എന്നാൽ നിയമസഭാ ലൈബ്രറിയിൽ എല്ലാ കമ്മിറ്റികളുടെയും പരിശോധനാ കുറിപ്പുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് അങ്ങ് നടപടി സ്വീകരിക്കണം. ഇത്തവണത്തെ വിഷയ നിർണ്ണയ സമിതിയുടെ യോഗങ്ങൾ വിരലിലെണ്ണാവുന്ന ദിവസങ്ങൾക്കുള്ളിൽ തീർക്കുകയാണുണ്ടായത്. അതുകൊണ്ടുതന്നെ അഞ്ച് വർഷത്തെ കണക്കുകൾ നൽകുന്നതിൽ വീഴ്ചയുണ്ടായി എന്ന് വേണമെങ്കിൽ അവകാശപ്പെടാം. പക്ഷേ, ഞാൻ സൂചിപ്പിച്ച വകുപ്പുകൾ ഒഴികെയുള്ളവ പ്രസ്തുത കണക്കുകൾ നൽകുന്നതിന് പരിശ്രമിച്ചിട്ടുണ്ട്. അതിനുള്ള കാരണം മുൻ വർഷങ്ങളിൽ അങ്ങയുടെ ഭാഗത്തു നിന്നുള്ള ശക്തമായ ഇടപെടലുകൾ തന്നെയാണ്. ഇതേ വിഷയവുമായി ബന്ധപ്പെട്ട് ഒരു ക്രമപ്രശ്നം എനിക്ക് വീണ്ടും അവതരിപ്പിക്കേണ്ടിവന്നത് സർക്കാരിന് നിയമസഭയോടുള്ള സമീപനത്തിൽ മാറ്റം വരാത്തതുകൊണ്ടാണ്. 25-10-2016-ന് ഇതേ വിഷയവുമായി ബന്ധപ്പെട്ട് അങ്ങ് വളരെ ശക്തമായ റൂളിംഗ് നൽകുകയുണ്ടായി. സംസ്ഥാന നിയമസഭ ഭരണഘടനയുടെ അനുച്ഛേദം 206, 205, 204 വകുപ്പുകൾ അനുസരിച്ച് വോട്ട് ഓൺ അക്കൗണ്ട്, ധനവിനിയോഗ ബിൽ എന്നിവയിലൂടെ പാസ്സാക്കി നൽകുന്ന തുകയുടെ ചെലവ് സംബന്ധിച്ച വിശദമായ വിവരം അറിയാനുള്ള അവകാശം ഈ സഭയ്ക്കുണ്ട്. ധനവിനിയോഗ ബില്ലിലൂടെ പാസ്സാക്കി നൽകുന്നതുവഴി പ്രസ്തുത തുകയ്ക്ക് ഗവൺമെന്റിന് നിയമസഭയുടെ അക്കൗണ്ടബിലിറ്റി ഉണ്ട് എന്നത് തീർച്ചയാണ്. മാത്രമല്ല, സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനാ വേളയിലെ ചർച്ചയിൽ അംഗങ്ങൾക്ക് ഫലപ്രദമായി ഇടപെടണമെങ്കിൽ മുൻ വർഷത്തെ ചെലവുകൾ സംബന്ധിച്ച് വ്യക്തത വരുത്തേ ണ്ടതുണ്ട്. അതുപോലെതന്നെ ധനാഭ്യർത്ഥന ചർച്ച ചെയ്യുന്ന ഈ അവസരത്തിൽ ചെലവുകൾക്കുമേൽ വ്യക്തമായ കണക്കില്ലാതെ പുതിയ ചെലവുകളുടെ ധനാഭ്യർത്ഥ നയുമായി സഭയെ സമീപിക്കുന്നത് ശരിയായ നടപടിയല്ല. അതിനാൽ ഇത്തരം തെറ്റായ പ്രവണത അവസാനിപ്പിക്കണമെന്ന് അങ്ങയുടെ ഭാഗത്തുനിന്നും റൂളിംഗ് ഉണ്ടാകണം. കഴിഞ്ഞ തവണ കൃഷി വകുപ്പ് മാത്രമാണ് കൃത്യമായ കണക്കുകൾ നൽകിയത്. ഇത്തവണ നിഭാഗ്യമെന്ന് പറയട്ടെ, കൃഷി വകുപ്പ് നൽകിയിട്ടില്ല. ബാക്കിയുള്ള ഡിപ്പാർട്ടുമെന്റുകൾ ഏറെക്കുറെ നൽകിയിട്ടുണ്ട്. അങ്ങയുടെ ഇടപെടൽ വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്. പക്ഷെ, കഴിഞ്ഞ തവണ കൃത്യമായി കണക്കുകൾ നൽകിയ കൃഷിവകുപ്പ് എന്താണ് ഇത്തവണ നൽകാത്തതെന്ന് അറിയില്ല. അങ്ങയുടെ റൂളിംഗ് ഉണ്ടാകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ എം. ഉമ്മർ പറഞ്ഞ വിമർശനങ്ങൾ ശരിയാണ്. ഇത് വിഷയ നിർണ്ണയ സമിതിയുടെ യോഗത്തിൽ വച്ചുതന്നെ അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകാം. വീഴ്ച വന്ന ഡിപ്പാർട്ടുമെന്റുകൾക്ക് പ്രത്യേകമായി ഒരു കുറിപ്പ് നൽകുകയും അടുത്ത തവണ വീഴ്ച വരുത്താതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യാം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കഴിഞ്ഞ തവണ കൃഷിവകുപ്പ് കൃത്യമായി കണക്കുകൾ കൊടുത്തതാണ്. പക്ഷെ ഇത്തവണ അധികതുക ആവശ്യപ്പെട്ട രണ്ട് ശീർഷകങ്ങൾക്ക് കൃത്യമായ വിവരങ്ങൾ നൽകുകയുണ്ടായി. കേരള നിയമസഭയുടെ വിഷയനിർണ്ണയ സമിതി, ആഭ്യന്തര പ്രവർത്തനം സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം നമ്പർ 7(iii) പ്രകാരം സമിതി മുമ്പാകെ ഹാജരാക്കുന്ന ധനാഭ്യർത്ഥന സംബന്ധിച്ച കുറിപ്പിൽ മുൻ അഞ്ചുവർഷത്തെ ധനാഭ്യർത്ഥനകളുമായുള്ള താരതമ്യവും വ്യതിയാനങ്ങളുമുള്ള പക്ഷം അവയ്ക്കുള്ള കാരണങ്ങളും ഹാജരാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2018-19-ലെ ബഡ്ജറ്റുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കായി സമർപ്പിച്ച കൃഷി വകുപ്പുമായി ബന്ധപ്പെട്ട കുറിപ്പുകളിൽ ധനാഭ്യർത്ഥന നമ്പർ XXIX-ൽപ്പെട്ട 2400-12-90, 2400-103-87, 2401-800-91, 2401-10-377 എന്നീ ശീർഷകങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ധനാഭ്യർത്ഥനകളുമായുള്ള താരതമ്യവും വ്യതിയാനങ്ങളുള്ള പക്ഷം അവയ്ക്കുള്ള കാരണങ്ങളും ഉൾപ്പെടുത്തിയിട്ടില്ലെന്നാണ് ക്രമപ്രശ്നത്തിൽ ഉന്നയിച്ചിട്ടുള്ളത്. എന്നാൽ സബ്ജക്ട് കമ്മിറ്റി കൃഷി വകുപ്പിന് സമർപ്പിച്ച കുറിപ്പിലെ അവസാന പേജിൽ 2401-00-90- നെൽകൃഷി വികസനം, 2401-00-800-91- പ്രകൃതിക്ഷോഭങ്ങൾ ലഘൂകരിക്കാനുള്ള അടിയന്തര നടപടി എന്നീ ശീർഷകങ്ങൾ സംബന്ധിച്ച, അതായത് അധികതുക ആവശ്യപ്പെട്ട ശീർഷകങ്ങൾ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ധനാഭ്യർത്ഥനകളുമായുള്ള താരതമ്യം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2401-00-103-87, 2401-00-103-77 എന്നീ ശീർഷകങ്ങളിൽ ധനാഭ്യർത്ഥനകളുമായുള്ള താരതമ്യം ഉൾപ്പെടുത്തിയിരുന്നില്ല. വ്യതിയാനങ്ങൾ ഇല്ലാത്ത കേസ്സുകളിൽ അഞ്ചുവർഷത്തെ ധനാഭ്യർത്ഥനകളുടെ താരതമ്യം ഉൾപ്പെടുത്തേണ്ടതില്ല എന്ന ധാരണയിലാണ് മറുപടി നൽകിയത്. ഇതുസംബന്ധിച്ച വിവരം നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്ന് അറിയിച്ചതിനുശേഷമാണ് അഞ്ചുവർഷത്തെ ധനാഭ്യർത്ഥനകളുടെ താരതമ്യംകൂടി ഉൾപ്പെടുത്തി നൽകിയത്. കൃഷിവകുപ്പുമായി ബന്ധപ്പെട്ട എല്ലാ ധനാഭ്യർത്ഥനകളിലും

വിഷയനിർണ്ണയ സമിതിയുടെ ചട്ടം 7(iii) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മുൻ അഞ്ചു വർഷങ്ങളിലെ ധനാഭ്യർത്ഥനകളിലെ താരതമ്യം നിർബന്ധമായും ഉൾപ്പെടുത്തണമെന്ന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ധനാഭ്യർത്ഥന ആവശ്യപ്പെടാത്ത രണ്ടെണ്ണത്തിനാണ് നൽകാതിരുന്നത്. ബാക്കി അങ്ങ് സൂചിപ്പിച്ച അധികധനം ആവശ്യപ്പെട്ടിരിക്കുന്ന രണ്ടെണ്ണത്തിലും അങ്ങ് പറഞ്ഞതുപോലെ നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## റൂളിംഗ്

മി. സ്പീക്കർ: നിയമസഭാ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് വളരെ സൂക്ഷ്മത യോടുകൂടിയാണ് ശ്രീ. എം. ഉമ്മർ പലപ്പോഴും ഈ സഭയിൽ ക്രമപ്രശ്നമെന്നുള്ള നിലയിൽ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടിരിക്കുന്നത്. അതിന് അദ്ദേഹം കാണിക്കുന്ന ഔചിത്യത്തെയും ഉത്സാഹത്തെയും ചെയർ ആദ്യമായി അഭിനന്ദി ക്കുകയാണ്. ചട്ടം 303 പ്രകാരം ഇവിടെ ഉന്നയിച്ച ഈ വിഷയം യഥാർത്ഥത്തിൽ ഈ സഭയിൽത്തന്നെ രണ്ടാം സമ്മേളനത്തിൽ 25-10-2016-ന് ഉന്നയിക്കപ്പെട്ടതും വ്യക്തമായ റൂളിംഗ് നൽകിയതുമാണ്. അതിന്റെ ഗുണഫലം യഥാർത്ഥത്തിൽ കണ്ടുതുടങ്ങിയിട്ടുമുണ്ട്. 2018-19 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധ നയുമായി ബന്ധപ്പെട്ട് വിവിധ സബ്ജക്ട് കമ്മിറ്റികൾക്ക് സർക്കാർ വകുപ്പുകൾ നൽകിയ രേഖകൾ പൂർണ്ണമല്ലെന്നും അതിൽത്തന്നെ പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർ ത്ഥനയെയും സംബന്ധിച്ച് അംഗങ്ങൾക്കായി ലഭ്യമാക്കിയ കുറിപ്പുകൾ സബ്ജക്ട് കമ്മിറ്റികളുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 7(iii)-ൽ പറഞ്ഞിരിക്കുന്ന പ്രകാരമായിരുന്നില്ലെന്നുമുള്ളതാണ് പ്രധാനപ്പെട്ട ആക്ഷേപം. അതുസംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ വിശദീകരണം നൽകിക്കഴിഞ്ഞു. ബോധപൂർവ്വമായിരു ന്നില്ലെന്നും തെറ്റുകൾ തിരുത്താൻ തയ്യാറാണെന്നും മന്ത്രിമാർ ഇവിടെ അറിയിച്ചി രിക്കുകയാണ്.

സഭാതലത്തിൽ അംഗങ്ങൾ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ പരിശോധിച്ച് അതിന്മേൽ വ്യക്തമായ റൂളിംഗ് നൽകിക്കഴിഞ്ഞതിനുശേഷവും വീണ്ടും അതേ വീഴ്ചകൾ ആവർത്തിക്കുന്നത് യഥാർത്ഥത്തിൽ ആശാസ്യമല്ല. ഇതെന്തുകൊണ്ടാണ് സംഭവിക്കുന്നതെന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാനും ആവർത്തിക്കാതിരിക്കാനും നടപടി സ്വീകരിക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

# VIII ധനകാര്യം

## 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI-ാം ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2018-19 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| | | ബജറ്റ് എസ്റ്റിമേറ്റ് 2018-2019 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| IX | വാഹന നികുതികൾ | 133,16,74,000 | ..... | 133,16,74,000 |
| XLI | ഗതാഗതം | 66,09,49,000 | 586,83,04,000 | 652,92,53,000 |

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ IX-വാഹന നികുതികൾ
## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. അബ്ദുൽ ഹമീദ്. പി : സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 133,16,74,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (യാത്രാവാഹനങ്ങളിലേയും ചരക്കു വാഹനങ്ങളിലേയും ഓവർലോഡ് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 133,16,74,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദേശീയ പാതകളിൽ കൂടുതൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച്, ഗതാഗതലംഘനം നടത്തുന്നവരെ കണ്ടെത്തണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 133,16,74,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗതാഗതക്കുരുക്കും അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ വാഹനഗതിവിഗതികൾ കണ്ടെത്തുന്നതിനായി ഇലക്ട്രോണിക് റോഡ് ഡ്രൈവിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 133,16,74,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഇതര സംസ്ഥാനങ്ങളിൽ വാഹനം രജിസ്റ്റർ ചെയ്യുകവഴി നികുതി വെട്ടിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാ ത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 133,16,74,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോണ്ടിച്ചേരിയിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് നികുതി വെട്ടിപ്പ് നടത്തിയവരുടെ വാഹനങ്ങൾ പിടിച്ചെടുക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 133,16,74,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേരളത്തിൽ ഉപയോഗിക്കുന്ന 1500 ആഡംബര വാഹനങ്ങളും 2000-ത്തോളം കാറുകളും പുതുച്ചേരിയിൽ വ്യാജ മേൽവിലാസത്തിൽ രജിസ്റ്റർ ചെയ്യുകവഴി നികുതിവെട്ടിപ്പ് നടത്തിയവർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കാതെ അവരുടെ പേരിലുള്ള നിയമ നടപടികൾ ഒഴിവാക്കിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 133,16,74,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്വകാര്യവാഹനങ്ങൾ നികുതി വെട്ടിക്കുവാൻ വേണ്ടി ഇതര സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ നടത്തി രാത്രികാലത്ത് സ്ഥിരമായി സർവ്വീസ് നടത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 133,16,74,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിന് സഹായകരമായ ഇലക്ട്രിക്/എൽ.പി.ജി./സി.എൻ.ജി. ഇന്ധനം ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വാഹനങ്ങളുടെ വാർഷിക നികുതി കുറവ് ചെയ്യുന്നതിനു പകരം 50 രൂപ മാത്രം നികുതി ഇളവ് നൽകിയതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 133,16,74,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മോട്ടോർ വാഹന നികുതി സെസ് തുക കിഫ്ബിയിലേയ്ക്ക് വരവ് വയ്ക്കുന്നത് മോണിറ്റർ ചെയ്യാൻ സംവിധാനമില്ലാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XLI-ഗതാഗതം
## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 652,92,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ മുടങ്ങിയതിനെത്തുടർന്ന് ആത്മഹത്യ ചെയ്യേണ്ടിവന്നതായി പറയപ്പെടുന്നവരുടെ ആശ്രിതർക്ക് ധനസഹായം നൽകണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 652,92,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാത്തതുമൂലം കെ.എസ്.ആർ.ടി.സി. പെൻഷൻകാർ നേരിടേണ്ടി വരുന്നതായി പറയപ്പെടുന്ന ദുരിതം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 652,92,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി. ബോഡി നിർമ്മാണം കോർപ്പറേഷന്റെ വർക്ക്ഷോപ്പുകളിൽത്തന്നെ വിതരണം ചെയ്യണമെന്ന നിർദ്ദേശം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്.: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 652,92,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽനിന്നും ഇടനിലക്കാരെ ഒഴിവാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 652,92,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 652,92,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗതാഗത വകുപ്പിൽനിന്ന് കോൺട്രാക്ട് കാരിയേജ് ആയി പെർമിറ്റ് എടുത്ത വാഹനങ്ങൾ സ്റ്റേജ് കാരിയേജ് ആയി ഓടുന്നത് സംബന്ധിച്ച പ്രശ്നം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 652,92,53,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകളുടെ വേഗം കൂട്ടാൻ അനുമതി നൽകിയ സംസ്ഥാന ഗതാഗത അതോറിറ്റിയുടെ തീരുമാനം റോഡപകടങ്ങൾ വർദ്ധിപ്പിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 652,92,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (2018 മാർച്ച് 1 മുതൽ നിലവിൽ വന്ന ബസ് ചാർജ് വർദ്ധനവുമൂലം സംസ്ഥാനത്തെ സാധാരണക്കാരായ ബസ് യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

1.00 PM]

ശ്രീ. കെ. ദാസൻ: സർ, ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അഴിമതിരഹിത വികസിത കേരളത്തിനുവേണ്ടി ശക്തമായ മുദ്രാവാക്യം വിളിച്ചുകൊണ്ടാണ് കഴിഞ്ഞ 20 മാസം മുമ്പ് അധികാരത്തിൽ വന്നിട്ടുള്ളത്. ഈ 20 മാസക്കാലത്തിനിടയിൽ സർക്കാരിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് സുതാര്യമായി വിലയിരുത്തുകയാണെങ്കിൽ കൃത്യമായ ധാരണയോടുകൂടിയാണ് ഈ ഗവൺമെന്റ് പ്രവർത്തിച്ചുവന്നിട്ടുള്ളത്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ദളിത് വിഭാഗങ്ങളുടെയും പ്രശ്നങ്ങൾക്ക് മുന്തിയ പരിഗണന നൽകി പരിഹരിക്കാനാണ് ഈ ഗവൺമെന്റ് ശ്രമിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴുള്ള സാമ്പത്തിക ബുദ്ധിമുട്ടുകളെ സംബന്ധിച്ച് അന്നുതന്നെ ഒരു ധവളപത്രം പുറപ്പെടുവിച്ചിരുന്നു. അതിൽ അക്കമിട്ട് പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം പൊതുവെ ശരിയാണെന്ന രീതിയിലാണ് പിന്നീട് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. കഴിഞ്ഞ അഞ്ചുവർഷത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രഗവൺമെന്റിൽ നിന്ന് ധാരാളം ഫണ്ട് നേടിയെടുത്ത സന്ദർഭത്തിലാണ്

ഇത്രയധികം റവന്യൂകമ്മി കേരളത്തിലുണ്ടായത് എന്നാണ് സംസ്ഥാന ഗവൺമെന്റിന്റെ വരവുചെലവ് കണക്കുകൾ പരിശോധിച്ച് അവലോകന സമിതി വിലയിരുത്തിയ ഒരു പ്രധാന കാര്യം. അതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ ഗണ്യമായ പങ്ക് ശരിയായ രീതിയിൽ ചെലവഴിക്കാനും ആ ഗവൺമെന്റിന് അന്ന് കഴിഞ്ഞിരുന്നില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജെയിംസ് മാത്യു)

യു.ഡി.എഫ്. ഗവൺമെന്റ് കാലിയാക്കിയിട്ടുപോയ ഖജനാവുമായിട്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇക്കാലമത്രയും ഭരിച്ചിരുന്നത്. എന്നാൽ എൽ.എഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽവന്ന് കുറഞ്ഞകാലം കൊണ്ടുതന്നെ ഖജനാവ് ഭദ്രമാക്കുന്ന നിലപാട് സ്വീകരിക്കുകയും കഴിഞ്ഞ ഓണക്കാലത്ത് മറ്റെല്ലാ ചെലവുകളും നിർവ്വഹിച്ചതിനുശേഷം ഏതാണ്ട് 1200 കോടി രൂപ ട്രഷറിയിൽ മിച്ചം വയ്ക്കുകയുമാണുണ്ടായത്. ഒഴിവുള്ള മുഴുവൻ തസ്തികകളും കണ്ടെത്തി നിയമനം നടത്താനാവശ്യമായ നിലപാട് സ്വീകരിച്ചു. പതിനയ്യായിരത്തോളം ഒഴിവുകളാണ് നികത്തപ്പെടാൻ തീരുമാനമെടുത്തത്. അങ്ങനെ പൊതുചെലവുകൾ വർദ്ധിപ്പിക്കുകയെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ജി.എസ്.ടി. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളെയും സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് എത്തിച്ചപ്പോൾ സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായ വരുമാനമുണ്ടാക്കാൻ കഴിയാതെ പഞ്ചാബ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ പണം നൽകണമെന്ന് കേന്ദ്രഗവൺമെന്റിനോട് സഹായം അഭ്യർത്ഥിക്കുമ്പോൾ കേരളം അതിൽനിന്നെല്ലാം വ്യത്യസ്തമായി, ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും കൊടുത്തുകൊണ്ട് വരുമാന പരിമിതികൾ മനസ്സിലാക്കിയും സംസ്ഥാനത്തിന്റെ വിഭവശേഷിയിൽ ഒതുങ്ങിനിന്നുകൊണ്ടും കാര്യക്ഷമമായിട്ടുള്ള പ്രവർത്തനമാണ് ഇവിടെ നടത്തിയിട്ടുള്ളത്. ഈ സാമ്പത്തിക ഞെരുക്കങ്ങളൊന്നും ക്ഷേമപെൻഷനെയോ മറ്റ് സമാശ്വാസ പദ്ധതികളെയോ ബാധിച്ചിട്ടില്ല. കേരളത്തിലെ എല്ലാ മേഖലയിലും പ്രത്യേകിച്ച് കൃഷി ഉൾപ്പെടെയുള്ള ഉത്പാദന മേഖലകളിൽ ഊന്നൽ നൽകി കൊണ്ടുള്ള ഒരു വികസന കാഴ്ചപ്പാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. കഴിഞ്ഞ ഗവൺമെന്റ് പൊതുമേഖലാ വ്യവസായങ്ങളെ തകർച്ചയിലേക്കെത്തിക്കുന്ന നിലയിൽ, അതിന് പട്ടട തീർക്കുന്ന സമീപനം സ്വീകരിച്ചപ്പോൾ അതിൽനിന്നും വ്യത്യസ്തമായി കൃത്യമായ ആസൂത്രണത്തിലൂടെയും സമീപനത്തിലൂടെയും ഭീമമായ നഷ്ടം വരുത്തിയിട്ടുള്ള 13 പൊതുമേഖലാ വ്യവസായങ്ങളെ ലാഭകരമാക്കി മാറ്റി. എല്ലാവരും ആക്ഷേപിക്കുകയും വിമർശിക്കുകയും ചെയ്തിരുന്ന കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിന്

ആവശ്യമായ നടപടികൾ സ്വീകരിച്ചത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് നിയമസഭയിൽ കഴിഞ്ഞ ഗതാഗത വകുപ്പുമന്ത്രി പറഞ്ഞത്; ആര് വിചാരിച്ചാലും രക്ഷപ്പെടുത്താൻ കഴിയാത്തൊരു വ്യവസായമാണ് കെ.എസ്.ആർ.ടി.സി. എന്നാണ് പറഞ്ഞത്. അന്ന് സഭയിൽ അദ്ദേഹം പറഞ്ഞ കാര്യങ്ങളെല്ലാം രേഖയിലുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഇതൊന്നും കയ്യുംകെട്ടി നോക്കിനിൽക്കുന്നൊരു സമീപനമായിരുന്നില്ല സ്വീകരിച്ചത്. കെ.എസ്.ആർ.ടി. സി. ജീവനക്കാരന്റെ സ്വാഭാവികമായ മരണത്തെപ്പോലും ആത്മഹത്യയാണെന്ന് ചിത്രീകരിച്ചുകൊണ്ട് ഗവൺമെന്റിനെതിരായി നിൽക്കാനും അതൊരു ആഘോഷമാക്കി മാറ്റാനും പുരമുകളിൽ കയറി പ്രസംഗം നടത്താനുമുള്ള സമീപനമായിരുന്നു പ്രതിപക്ഷത്തിരിക്കുന്ന പലരും സ്വീകരിച്ചിരുന്നത്. അച്ഛൻ മരിച്ചപ്പോൾ, ഞങ്ങളുടെ അച്ഛൻ മരിച്ചത് പെൻഷൻ കിട്ടാത്തതുകൊണ്ടല്ല എന്ന് മക്കൾ ആവർത്തിച്ച് പറഞ്ഞിട്ടുപോലും അതൊന്നും കണക്കിലെടുക്കാതെ ബോധപൂർവ്വം വാർത്തകൾ ചമച്ചെടുത്ത് പത്രങ്ങളിൽ വെണ്ടയ്ക്കാ തലക്കെട്ടുകൾ കൊടുക്കുന്ന സമീപനമാണ് ഇവിടെ പല പത്രങ്ങളും സ്വീകരിച്ചത്. കെ.എസ്.ആർ.ടി.സി.-യുടെ ചരിത്രത്തിൽ ഏറ്റവും വലിയ സാമ്പത്തികപ്രതിസന്ധി ഉണ്ടാക്കിയിട്ടുള്ളത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. കാര്യക്ഷമമായ സമീപനം സ്വീകരിക്കാതെ വലിയൊരു കടബാധ്യതയുള്ള സ്ഥാപനമായി കെ.എസ്.ആർ.ടി.സി.-യെ മാറ്റുകയെന്ന നിലപാടാണ് അന്ന് സ്വീകരിച്ചത്. പെൻഷൻ കുടിശ്ശിക കൊടുക്കാൻ കഴിയാതെ നിരന്തരമായി ജീവനക്കാരും പെൻഷൻകാരും സെക്രട്ടേറിയറ്റ് പടിക്കൽ സമരങ്ങളും പ്രക്ഷോഭങ്ങളും നടത്തുന്ന സ്ഥിതിയുണ്ടായി. സ്പെയർപാർട്സ് വാങ്ങിയ സ്ഥാപനങ്ങളിൽ പണം കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കാതെ കഴിഞ്ഞ ഗവൺമെന്റ് മുഖംതിരിഞ്ഞുനിൽക്കുന്ന സമീപനമുണ്ടായി. ദിവസ വരുമാനത്തിന്റെ പകുതിയും കടത്തിലേയ്ക്ക് മാറ്റുന്നൊരു സാഹചര്യമാണ് കഴിഞ്ഞ കാലത്തുണ്ടായത്. എന്നാൽ ഒന്നരവർഷംകൊണ്ട് അതിന് മാറ്റം വരുത്താനും 1150 കോടി രൂപ ഇരുപത് മാസക്കാലംകൊണ്ട് കെ.എസ്.ആർ.ടി.സി.ക്ക് നൽകാനുമുള്ള അതിശക്തമായ നിലപാട് സ്വീകരിച്ചു. കഴിഞ്ഞ അഞ്ച് വർഷക്കാലം യു.ഡി.എഫ്. ഗവൺമെന്റ് 1,543 കോടി രൂപയാണ് നൽകിയതെങ്കിൽ അത്രതന്നെ തുക ഇരുപത് മാസംകൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ ദൈനംദിന പ്രവർത്തനങ്ങൾക്കുവേണ്ടി നൽകാൻ തീരുമാനിക്കുകയും അതിനുപുറമെ ബഡ്ജറ്റിൽ ആയിരം കോടി രൂപ പുതുതായി പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ട് കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.യെ ഉയർത്തിക്കൊണ്ടുവരാനാവശ്യമായ നടപടിയാണ് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളത്.

ജീവനക്കാരെയും പെൻഷൻകാരെയും കൈവിടുന്ന എന്നുള്ള ആക്ഷേപം ഈ സർക്കാരിനെതിരെ ഉയർന്നുവന്നിരുന്നു. യഥാർത്ഥത്തിൽ അത് വസ്തുതാപരമായിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017 ഡിസംബർ മാസംവരെയുള്ള എല്ലാ കുടിശ്ശികയും കൊടുത്തുതീർത്തു. 2018 ജനുവരി മാസത്തെ പെൻഷൻ കുടിശ്ശികയും ജീവനക്കാരുടെ ശമ്പളവും കൃത്യമായി വിതരണം ചെയ്തു. സർക്കാർ കാര്യമായ സഹായം ചെയ്തതുകൊണ്ടാണ് കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കാനും തുടർന്നും കൃത്യമായി വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കാൻ കെ.എസ്.ആർ.ടി.സി.-ക്കും ബഹുമാനപ്പെട്ട മന്ത്രിക്കും കഴിഞ്ഞത് എന്നത് അഭിമാനകരമാണ്. ഓരോ മാസവും പെൻഷനും ശമ്പളത്തിനും ആവശ്യമായ തുക കൊടുത്ത് സഹായിച്ചതു കൊണ്ടുമാത്രം തീരുന്നതല്ല കെ.എസ്.ആർ.ടി.സി.യുടെ ഇന്നത്തെ പ്രശ്നം. ഇവിടെ സമ്പൂർണ്ണമായ പുനരുദ്ധാരണത്തിനുവേണ്ടി സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ വളരെ പ്രസക്തമാകുകയാണ്. അത് എത്രവേഗം ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിയുമോ എന്നതാണ് പ്രശ്നം.

കോർപ്പറേഷന്റെ വരവുചെലവ് കണക്കുകൾ തമ്മിലുള്ള അന്തരം പരിശോധിച്ചു കൊണ്ട് എങ്ങനെ കോർപ്പറേഷനെ ലാഭകരമാക്കാമെന്നും വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നും നിലവിലുള്ള കടങ്ങൾ പൂർണ്ണമായി ഒഴിവാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാൻ കഴിയുമെന്നെല്ലാം കൃത്യമായി വിലയിരുത്തിക്കൊണ്ടാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. ചെലവ് ചുരുക്കുക എന്നതുകൊണ്ടുമാത്രം ധനപരമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ കഴിയുന്നില്ല. ഏതൊരു പ്രദേശത്തിന്റെയും സാമ്പത്തിക സാമൂഹ്യവളർച്ചയിൽ നിർണ്ണായക പങ്ക് വഹിക്കുന്നതാണ് ഗതാഗതം എന്ന് മനസ്സിലാക്കിക്കൊണ്ട് ഈ സുപ്രധാന കടമ നിറവേറ്റുന്ന കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനുവേണ്ടി, അതിൽ സുരക്ഷിതമായി ജീവനക്കാർക്ക് ജോലി ചെയ്യാനും അവരെ ആശ്രയിച്ചുകഴിയുന്ന കുടുംബങ്ങൾക്ക് സംരക്ഷണം കൊടുക്കാനുള്ള കൃത്യമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. കേരളത്തിൽ ഏതാണ്ട് 24,000 ബസ്സുകളാണ് ഇന്ന് സർവ്വീസ് നടത്തുന്നത്. ഇതിൽ ഏകദേശം ആറായിരത്തോളം ബസുകൾ മാത്രമാണ് കെ.എസ്.ആർ.ടി.സി.-ക്കുള്ളത്. എന്നാൽ തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിൽ ഏകദേശം 50 ശതമാനത്തിനുമുകളിൽ ഗവൺമെന്റിന്റെ അധീനതയിലുള്ള ബസ്സുകളാണ്. ഇവിടെ അത് 70 ശതമാനംവരെ സ്വകാര്യ മേഖലയിലാണുള്ളത്. കഴിഞ്ഞ പത്ത് വർഷമായി ബസ്സുകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടായതായി അറിയാൻ കഴിയുന്നില്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് യാത്രക്കാരുടെ എണ്ണം 32 ലക്ഷത്തിൽനിന്ന് 27 ലക്ഷമായി ചുരുങ്ങുകയാണുണ്ടായത്. കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച്

ധനപരമായ പുന:സംഘടന വേണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ഒരു കമ്മീഷനെ നിയോഗിച്ചുകൊണ്ട് ഇതിന്റെ ഭീമമായ കടബാധ്യതയും അതിന്റെ പലിശയും എത്രത്തോളമുണ്ടാകുമെന്നും പ്രതിമാസം എത്ര കോടി രൂപ തിരിച്ചടവിലേയ്ക്ക് വേണ്ടിവരുമെന്നതിനെ സംബന്ധിച്ചും വിനിയോഗിക്കപ്പെടാത്ത ആസ്തികൾ എത്രയുണ്ടെന്നുള്ളതിനെ സംബന്ധിച്ചും കൃത്യമായി പഠിച്ചുകൊണ്ടുള്ള ഒരു പാക്കേജുണ്ടാക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ ആവശ്യമായ നിലപാടുകളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഫലം ഈ മേഖലയിലുണ്ടായിട്ടുണ്ട് എന്നുള്ളത് കാണാൻ കഴിയും. അതോടൊപ്പം സർക്കാരിന്റെ നയം കൊണ്ടുമാത്രം കൂടുതൽ യാത്രക്കാരെ കണ്ടെത്താൻ കഴിയില്ല. അതിൽ ജീവനക്കാർ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. ഗ്രീൻ ട്രിബ്യൂണൽ വിധിയെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടാകും. കേരളത്തിലെ ആറ് പട്ടണങ്ങളിൽ പത്ത് വർഷം കഴിഞ്ഞ ബസുകൾ തുടർഗതാഗതത്തിന് ഉപയോഗിക്കാൻ പാടില്ലെന്ന ഗ്രീൻ ട്രിബ്യൂണലിന്റെ വിധിക്കെതിരായി സംസ്ഥാന ഗവൺമെന്റ് ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുണ്ട്. അതുകൊണ്ടു തന്നെയാണ് തൽക്കാലം നിലനിൽക്കുന്നത്. കേന്ദ്ര ഗവൺമെന്റിനുമുന്നിൽ കൊണ്ടുവരേണ്ട വിഷയമാണ് ഇത്. ഇങ്ങനെ കേരളത്തിലെ ഗതാഗത രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന രീതിയിലാണ് ഗ്രീൻ ട്രിബ്യൂണൽ വിധിയെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ഹരിത ട്രിബ്യൂണൽ ഉത്തരവിൽ അടങ്ങി യിരിക്കുന്ന കാര്യങ്ങൾ പൂർണ്ണമായി നമുക്ക് തള്ളിക്കളയാനാവില്ല. വലിയ മലിനീകരണമുണ്ടാക്കാത്ത ഇന്ധനമായതുകൊണ്ട് ഹ്രസ്വദൂര സർവ്വീസുകൾക്ക് സി.എൻ.ജി.യും ദീർഘദൂര സർവ്വീസുകൾക്ക് എൽ.എൻ.ജി.യും ഉപയോഗിക്കാൻ കഴിയണം. പെട്രോളിനെയും ഡീസലിനെയും ഒഴിവാക്കി ഗ്യാസ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ സംസ്ഥാനത്തിന്റെ നിരത്തിലിറക്കാനുള്ള വിപ്ലവ കരമായ ചുമതല ബഹുമാനപ്പെട്ട മന്ത്രി നിർവ്വഹിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള അപകടങ്ങൾ മനസ്സിലാക്കി അതിനെതിരായി തൊഴിലാളി സംഘടനകൾ ഉയർത്തുന്ന മുദ്രാ വാക്യങ്ങൾ ശരിയായ രീതിയിൽ കാണണം. എല്ലാ മാസവും പ്രവൃത്തി ദിനത്തിൽ ശമ്പളം ലഭിക്കുന്നില്ലെന്ന ആക്ഷേപം അവർ ഉന്നയിക്കുന്നുണ്ട്. തൊഴിലാളികളുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന പി.എഫ്, എൽ.ഐ.സി., ലോൺ എന്നിവ ബന്ധപ്പെട്ട അക്കൗണ്ടുകളിലേയ്ക്ക് അടയ്ക്കപ്പെടുന്നില്ലെന്ന പരാതിയുണ്ട്. ചികിത്സയ്ക്കും മക്കളുടെ വിവാഹത്തിനും പി.എഫ് ആനുകൂല്യമെടുക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നു വെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഈ ഗവൺമെന്റിൽ മന്ത്രിമാർ വാഴാത്ത ഒരു വകുപ്പായി കെ.എസ്.ആർ.ടി.സി. മാറിയിരിക്കുകയാണ്. പ്രത്യേകിച്ച് മന്ത്രിമാർ വാണിട്ട് യാതൊരു കാര്യവുമില്ലെന്ന നിലയ്ക്കുതന്നെയാണ് ഈ വകുപ്പ് മുന്നോട്ടുപോകുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഏകദേശം മുപ്പതുലക്ഷത്തോളം യാത്രക്കാർ അവരുടെ യാത്രാമാധ്യമമായി കാണുന്ന കെ.എസ്.ആർ.ടി.സി.-യെ പൊതുവെ ബ്രേക്ക്ഡൗണായ ഈ സർക്കാർ കട്ടപ്പുറത്താക്കിയിരിക്കുകയാണ്. ഇനി കട്ടപ്പുകയാക്കരുതേ എന്നുമാത്രമാണ് എനിക്ക് സർക്കാരിനോട് അഭ്യർത്ഥിക്കാനുള്ളത്. ഇടതുപക്ഷ മുന്നണിയുടെ പ്രകടന പത്രികയിൽ 23-ാം പേജിൽ 222-ാം ഐറ്റമായി പറഞ്ഞിരിക്കുന്നത് ഞങ്ങൾ കെ.എസ്.ആർ.ടി.സി.-യുടെ കടബാധ്യത മുഴുവൻ ഏറ്റെടുക്കും, ശമ്പളവും പെൻഷനും കൃത്യമായി കൊടുക്കുമെന്നാണ്. പെൻഷൻ അഞ്ചുമാസം കുടിശ്ശികയായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഒരുമാസമെങ്കിലും മുടങ്ങാതെ ശമ്പളവും പെൻഷനും കൊടുത്തിട്ടുണ്ടോ? ഒരു മാസംപോലും കൊടുത്തിട്ടില്ല. അഞ്ചുമാസം പെൻഷൻ മുടങ്ങിയത് സർവ്വകാല റെക്കോർഡാണ്. എന്നിട്ട് ഒരുദ്ഘാടനം വച്ചിരിക്കുന്നു. എത്ര പരിഹാസ്യമാണ്. ഓഖി ദുരന്തത്തിനുശേഷം കേരളത്തിലുണ്ടായ ദുരന്തമാണ് കെ.എസ്.ആർ.ടി.സി. പെൻഷൻ ദുരന്തം. ആ ദുരന്തത്തിൽ 15 പേർ ആത്മഹത്യ ചെയ്തു. അവരുടെ ശവകുടീരത്തിനുമുകളിൽ നിന്നുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി, നിങ്ങൾ പെൻഷൻ വിതരണം ഉദ്ഘാടനം നടത്തിയിട്ടുള്ളതെന്ന് ഓർക്കണം. ജൂലൈ മാസം വരെയുള്ളത് സഹകരണ ബാങ്കുകൾ വഴി നൽകുമെന്നാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. അവിടെ പോകുമ്പോൾ സ്ലിപ്പ് നൽകുന്നത് ലോൺ എന്നു പറഞ്ഞാണ്. എങ്ങനെയായാലും അവർക്ക് പൈസ കിട്ടിയാൽ മതി. പക്ഷെ ജൂലൈ മാസത്തിനുശേഷം എങ്ങനെയാണ് നൽകുന്നത്? അത് കെ.എസ്.ആർ.ടി.സി. സ്വന്തം നിലയ്ക്ക് നൽകുമെന്നാണ് പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ പെൻഷന്റെ പകുതി ബാധ്യത ഏറ്റെടുത്തു. ആ പകുതി ബാധ്യതയിൽ നിന്നുകൂടി സർക്കാർ ഒഴിവാകുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. ശമ്പളം പോലും കൃത്യമായി കൊടുക്കാൻ കഴിയാത്ത കെ.എസ്.ആർ.ടി.സി. സ്വന്തം നിലയ്ക്ക് ജൂലൈ മാസം മുതൽ പെൻഷൻ കൊടുക്കുമെന്നു പറഞ്ഞാൽ അത് ആത്മഹത്യകൾ വർദ്ധിപ്പിക്കുമെന്നല്ലാതെ മറ്റൊന്നുമില്ല. കടം ഏറ്റെടുക്കുമെന്ന് പറഞ്ഞവർ ഇപ്പോൾ ബാങ്കുകളുടെ കൺസോർഷ്യമുണ്ടാക്കി 3,500 കോടി രൂപ കടമെടുക്കാൻ പോവുകയാണ്. ചിലപ്പോൾ കുറഞ്ഞ പലിശയ്ക്ക് വാങ്ങാൻ വേണ്ടിയായിരിക്കാം. പക്ഷെ ഗവൺമെന്റിന്റെ സഹായമുണ്ടാകുന്നില്ല. കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് 1486 കോടി രൂപയുടെ ഒരു കാലത്തുമില്ലാത്ത സഹായം കൊടുത്തു. ഇന്ന് ഈ സർക്കാർ സഹായം കൊടുക്കുന്നില്ല. തമിഴ്നാട് സർക്കാർ 2192 കോടി രൂപയാണ് 2017-18

ബഡ്ജറ്റിൽ ഗവൺമെന്റ് വിഹിതമായി ട്രാൻസ്പോർട്ട് വകുപ്പിന് കൊടുത്തത്. ഇവിടെ ഒന്നും കൊടുക്കുന്നില്ലെന്നുമാത്രമല്ല യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്തുണ്ടായിരുന്ന വിദഗ്ദ്ധ മാനേജ്മെന്റുപോലും ഇല്ലാതായിരിക്കുകയാണ്. യു.ഡി.എഫ് അധികാരം വിട്ടൊഴിയുമ്പോൾ 2241 കോടി രൂപയാണ് കടമുണ്ടായിരുന്നത്. ഇന്നത് 3650 കോടി രൂപയായിരിക്കുന്നു. ഏകദേശം 1400 കോടി രൂപയിലധികം 2 വർഷം കൊണ്ട് വർദ്ധിച്ചിരിക്കുകയാണ്. ഇവർ അഞ്ചുവർഷം പൂർത്തിയാക്കുമ്പോൾ കടം എത്രയാകും? യു.ഡി.എഫ്. സർക്കാരിന്റെ സമയത്തും കടമുണ്ടായി, പക്ഷെ ഞങ്ങൾ ശമ്പളക്കരാർ പൂർണ്ണമായും നടപ്പിലാക്കി, മുഴുവൻ ഡി.എ.-യും നൽകി. 2454 പുതിയ ബസുകൾ നിരത്തിലിറക്കി. 20,245 പേർക്ക് പി.എസ്.സി. വഴി നിയമനം നൽകി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഇടക്കാല ബജറ്റിൽ ആയിരം പുതിയ ബസ്സുകളിറക്കുമെന്ന് പറഞ്ഞു, എത്രയെണ്ണമിറക്കി? രണ്ടാമത്തെ ബഡ്ജറ്റിൽ ആയിരം ബസ്സുകൾ ഇറക്കുമെന്ന് പറഞ്ഞു. ഇപ്പോഴത്തെ ബഡ്ജറ്റിൽ 2000 ബസ് ഇറക്കുമെന്ന് പറഞ്ഞു. ഒരു ബസും എവിടെയും കാണാനില്ല. ആകെ 100 ബസ്സാണ് ഇറക്കിയത്. നൂറ് ബസ്സിന്റെയും ബോഡി ബിൽഡിംഗ് നടത്തുന്നതിന് സ്വകാര്യ കമ്പനിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

ഇതിനെല്ലാം പരിഹാരമായി സുശീൽ ഖന്ന റിപ്പോർട്ട്; ഇടതുമുന്നണി സർക്കാർ എപ്പോൾ ഭരണത്തിൽ വന്നാലും സുശീൽ ഖന്ന; സഖാവ് വി.എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോഴും സുശീൽ ഖന്നയെ കൊണ്ടുവന്നു. സുശീൽ ഖന്നയുടെ റിപ്പോർട്ട് ഇവിടെ നടപ്പിലാക്കാൻ പോകുകയാണെന്ന് ഗവൺമെന്റ് ഹൈക്കോടതിയിലും പറയുകയുണ്ടായി. സുശീൽ ഖന്നയുടെ റിപ്പോർട്ടിലെ സുപ്രധാനമായ ഒരു നിർദ്ദേശം പെൻഷൻ പ്രായം നാലുവർഷം വർദ്ധിപ്പിക്കണമെന്നും ആസ്തികൾ മുഴുവൻ വിറ്റ് കടം തീർക്കണമെന്നുമാണ്. ഇവിടെയിരിക്കുന്ന ഡി.വൈ.എഫ്.ഐ.-ക്കാർ അതിനോട് യോജിക്കുന്നുണ്ടോ? ഏകദേശം നാലായിരത്തിലധികം പേർ പി.എസ്.സി. നിയമനത്തിനുവേണ്ടി കാത്തിരിക്കുമ്പോഴാണ് പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ പോകുന്നുവെന്നുള്ള സുശീൽ ഖന്നയുടെ റിപ്പോർട്ട് വന്നിരിക്കുന്നത്. ഈ റിപ്പോർട്ട് അംഗീകരിക്കരുത് എന്നാണ് സർക്കാരിനോട് പറയാനുള്ളത്.

മുഖ്യമന്ത്രിക്കെതിരെ പോസ്റ്റിട്ട ഒരു കെ.എസ്.ആർ.ടി.സി. ജീവനക്കാരനെ അറസ്റ്റ് ചെയ്തിരിക്കുന്നുവെന്നാണ് ഇന്നത്തെ പത്രത്തിൽ വന്ന ഒരു വാർത്ത. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെ കല്ലെറിഞ്ഞ് പരിക്കേൽപ്പിച്ച് അപായപ്പെടുത്താൻ ശ്രമിച്ചയാൾ ഇന്ന് തലശ്ശേരിയിൽ ജോലി ചെയ്യുകയാണ്. ഇന്ന് ഏറ്റവും കൂടുതൽ അസഹിഷ്ണുത നിലനിൽക്കുന്ന ഒരു ഡിപ്പാർട്ട്മെന്റായി കെ.എസ്.ആർ.ടി.സി. മാറിയിരിക്കുകയാണ്. മുഖ്യമന്ത്രിയെയും മന്ത്രിമാരെയും മാത്രമല്ല, സി.ഐ.ടി.യു. നേതാക്കൾക്കെതിരെ ഫെയ്സ്ബുക്ക് പോസ്റ്റിട്ടാൽപ്പോലും ശിക്ഷണനടപടികൾ ലഭിക്കുന്ന ഒരു കാലഘട്ടത്തിലേയ്ക്ക് എത്തിച്ചേർന്നിരിക്കുകയാണ്.

ത്രിപുര തെരഞ്ഞെടുപ്പ് കഴിഞ്ഞു. ഫിനിക്സ് പക്ഷിയെപ്പോലെ ഞങ്ങൾ ഉയർത്തെഴുന്നേൽക്കുമെന്ന് ഭരണപക്ഷ അംഗങ്ങൾ വളരെ ആവേശത്തോടുകൂടി ഇവിടെ പറഞ്ഞു. ഫിനിക്സ് പക്ഷിയെപ്പോലെ നിങ്ങൾ അവിടെ ഉയർത്തെഴുന്നേൽക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നുണ്ട്. പക്ഷെ ഈ ഫിനിക്സ് പക്ഷിയെ പശ്ചിമ ബംഗാളിൽ കണ്ടില്ല. 2011-ൽ അധികാരത്തിൽനിന്നും പുറത്തുപോയി. ആ ഫിനിക്സ് പക്ഷിയെ നമ്മൾ അവിടെ കണ്ടില്ല. 2006-ൽ 50 ശതമാനം വോട്ട് നേടിയ സി.പി.ഐ.(എം) 2016 ആയപ്പോൾ 19 ശതമാനത്തിലേയ്ക്ക് കൂപ്പുകുത്തി. 4 ശതമാനത്തിൽ താഴെ വോട്ടുണ്ടായിരുന്ന ബി.ജെ.പി. അവിടെ 17 ശതമാനത്തിലേയ്ക്ക് ഉയർന്നു. എവിടെ നിന്നാണ് ബി.ജെ.പി.-യിലേയ്ക്ക് ഒഴുക്കുണ്ടായത്? സി.പി.ഐ.(എം)-ൽ നിന്ന് ബി.ജെ.പി.യിലേയ്ക്ക് പോയില്ലേ? ത്രിപുരയിൽ ബി.ജെ.പി.-യിലേയ്ക്കുള്ള ഒഴുക്ക് ആരംഭിച്ചിരിക്കുകയാണ്. അതുകൊണ്ട് സി.പി.ഐ.(എം)-കാരോട് പറയാനുള്ളത് ഞങ്ങളെ ഓർത്ത് വിലപിക്കേണ്ട എന്നാണ്. ഇത് പീഡാസഹനത്തിന്റെ കാലമാണ്. കർത്താവ് പീഡാനുഭവ യാത്ര നടത്തിയപ്പോൾ ജറുസലേം വനിതകൾ സഹതാപത്തോടുകൂടി അദ്ദേഹത്തെ നോക്കി വിലപിച്ച പ്പോൾ, എന്നെയോർത്ത് വിലപിക്കേണ്ട; നിങ്ങളെയും നിങ്ങളുടെ സന്തതികളെയും ഓർത്ത് നിങ്ങൾ വിലപിക്കണം; കാരണം ഏതാനും വർഷങ്ങൾക്കുള്ളിൽ ജറുസലേം ആക്രമിക്കപ്പെടും; നിങ്ങളും നിങ്ങളുടെ സന്തതികളും പട്ടിണി കിടന്ന് മരിക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി. അതുകൊണ്ട് ഞങ്ങളെയോർത്ത് നിങ്ങൾ വിലപിക്കേണ്ട. ഞങ്ങൾക്കിത് പീഡാനുഭവ കാലമാണെന്ന് സമ്മതിക്കുന്നു. പക്ഷെ പീഡാനുഭവത്തിനുശേഷം ഞങ്ങൾക്ക് ഉയർത്തെഴുന്നേൽപ്പുണ്ടാകുമെന്ന് നിങ്ങൾ കണക്കാക്കണം. ആ ഉയർത്തെഴുന്നേൽപ്പ് ഈ രാജ്യത്തിലെ ജനാധിപത്യ മതേതരത്വ ശക്തികളുടെ ഉയർത്തെഴുന്നേൽപ്പ് ആയിരിക്കും. ഞങ്ങൾ അങ്ങനെ ഉയർത്തെഴുന്നേൽക്കുമ്പോൾ ഇടതുപക്ഷത്തോട് പറയാനുള്ളത്, നിങ്ങളുടെ തെറ്റായ സമീപനംമൂലം അക്കാലത്ത് നിങ്ങൾ തകരാതെ നോക്കണം എന്നുള്ളതാണ്. അതാണ് നിങ്ങൾ കാണിക്കേണ്ട ഉത്തരവാദിത്വമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

<u>മി. ചെയർമാൻ</u>: പ്ലീസ്... കൺക്ലൂഡ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഇവിടെ സംഘ്പരിവാർ, ബി.ജെ.പി. ശക്തികളെ ഇടതുപക്ഷമാണ് എല്ലാക്കാലത്തും സഹായിച്ചിട്ടുള്ളത്. 1950-ൽ ജനസംഘം രൂപീകരിച്ചു. 1973 മുതൽ 1977 വരെ ശ്രീ. എൽ. കെ. അദ്വാനിയായിരുന്നു അതിന്റെ പ്രസിഡന്റ്. ശ്രീ. എൽ. കെ. അദ്വാനിയും ജനസംഘവും ജനതാപാർട്ടിയിൽ ലയിച്ചു. ആ ജനതാപാർട്ടി സി.പി.ഐ.(എം) പിന്തുണയോടു കൂടി അധികാരത്തിൽ വന്നു. ശ്രീ. എ. ബി. വാജ്പേയിയും ശ്രീ. എൽ. കെ. അദ്വാനിയും ആദ്യമായി

കേന്ദ്ര മന്ത്രിമാരാകുന്നത് സി.പി.ഐ.(എം)-ന്റെ പിന്തുണ യോടുകൂടിയായിരുന്നു. പിന്നീട് 1980-ൽ ഭാരതീയ ജനതാ പാർട്ടി രൂപീകരിച്ചു. 1984-ൽ വെറും രണ്ട് സീറ്റാണ് അവർക്ക് ലഭിച്ചിരുന്നത്. ബി.ജെ.പി.യോടൊപ്പം കൂട്ടുചേർന്നുകൊണ്ട് 1984-ൽ രാജീവ് ഗാന്ധിക്കും കോൺഗ്രസിനുമെതിരായി ലോക്സഭയ്ക്കകത്തും പുറത്തും കോൺഗ്രസ് കൊള്ളരുതാത്ത പാർട്ടിയാണ്, രാജീവ് ഗാന്ധി അഴിമതി ക്കാരനാണ് എന്ന് ജനങ്ങളുടെ മുന്നിൽ നിങ്ങൾ പ്രചരണം നടത്തി. ആ പ്രചരണംകൊണ്ട് നിങ്ങൾക്കെന്തെങ്കിലും ഗുണമുണ്ടായോ? ആ പ്രചരണം കൊണ്ട് ഗുണമുണ്ടായത് ബി.ജെ.പി-യ്ക്കാണ്. രണ്ട് സീറ്റിൽ നിന്ന് 89 സീറ്റുകളിലേയ്ക്ക് ബി.ജെ.പി. വളർന്നത് നിങ്ങളുടെ കാലത്തല്ലേ? തൊട്ടടുത്ത തെരഞ്ഞെടുപ്പിൽ വി.പി. സിംഗ് സർക്കാരിനെ ബി.ജെ.പി.-യും സി.പി.ഐ.(എം)-ഉം അപ്പുറവും ഇപ്പുറവും നിന്നാണ് പിന്തുണച്ചിട്ടുള്ളത്. കോൺഗ്രസ് ജനവിരുദ്ധമായ പാർട്ടിയാണെന്നുപറഞ്ഞ് നിങ്ങൾ നടത്തിയിട്ടുള്ള പ്രചരണം ഫലത്തിൽ പ്രയോജനമുണ്ടാക്കിയത് ബി.ജെ.പി.-ക്കാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....... സമയം കഴിഞ്ഞു. അടുത്തയാളിനെ വിളിക്കേണ്ടതായി വരും.

ശ്രീ. എം. വിൻസെന്റ്: സർ, ഒരു മിനിട്ട്. അങ്ങനെ കോൺഗ്രസ്സിനെതിരായി നിങ്ങൾ നടത്തിയ പ്രചരണം കോൺഗ്രസ്സിന് വോട്ടുചെയ്തുകൊണ്ടിരുന്ന പല വിഭാഗങ്ങളെയും മാറി ചിന്തിപ്പിച്ചു. ബി.ജെ.പി.-ക്കായിരുന്നു അതിന്റെ പ്രയോജനം ലഭിച്ചത്. അങ്ങനെയാണ് ആദ്യമായി ബി.ജെ.പി. അധികാരത്തിൽ വന്നത്. നിങ്ങളുടെ പ്രത്യക്ഷവും പരോക്ഷവുമായുള്ള സഹായത്തിലാണ് എല്ലാക്കാലത്തും അവർ അധികാരത്തിൽ വന്നത്. ഈ രാജ്യത്ത് താമര വിരിഞ്ഞത് അരിക ചുറ്റിക നക്ഷത്രത്തിൽ നിന്നാണെന്ന് ഓർക്കണം. അരിവാൾ ചുറ്റിക നക്ഷത്രമെന്ന് വിളിക്കുന്നതിനേക്കാൾ അരിക ചുറ്റിക താമര എന്നുവിളിക്കുന്നതാണ് അഭികാമ്യം. .....(മൈക്ക് ഓഫ്).....

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ധനാഭ്യർത്ഥനകളെ ഞാൻ ഹൃദയപൂർവ്വം പിന്താങ്ങുകയാണ്. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യനായ എം. വിൻസെന്റ് ത്രിപുരയിലെ തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം)-ഉം ഇടതുപക്ഷവും തോറ്റതിന്റെ ആശങ്ക ഇവിടെ പങ്കുവയ്ക്കുകയുണ്ടായി. അവിടെ തിരിച്ചുവരുമെന്നുള്ള ഞങ്ങളുടെ ഉറച്ച വിശ്വാസത്തെയും പ്രതീക്ഷയെയും അതിനോട് അദ്ദേഹം ഹാസ്യരൂപേണ പ്രതികരിക്കുകയായിരുന്നു. ബംഗാളിൽ തിരിച്ചുവരവ് എങ്ങനെയുണ്ടായി എന്നാണ് അദ്ദേഹം ചോദിച്ചത്. ബംഗാളിലും ത്രിപുരയിലും കോൺഗ്രസ്സിന്റെ അവസ്ഥ യെന്താണ്? അരിവാൾ ചുറ്റികയിലാണ് താമര വിരിഞ്ഞതെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യാ രാജ്യത്ത് എവിടെയെല്ലാം താമര വിരിഞ്ഞിട്ടുണ്ടോ, ആ വിരിഞ്ഞ തെല്ലാം കൈപ്പത്തിയിലാണെന്ന് നമുക്ക് കാണാൻ കഴിയും. അത് തിരിച്ച റിയാനുള്ള വിവേകം ഇനിയും കോൺഗ്രസ്സുകാർക്ക് ഉണ്ടാകുന്നില്ലെന്നത് കഷ്ടം എന്നല്ലാതെ

അതിനെക്കുറിച്ച് മറ്റൊന്നും പറയാനില്ല. നിങ്ങൾ കമ്മ്യൂണിസ്റ്റ് വിരോധം ഉപേക്ഷിച്ച് ഈ രാജ്യത്തിന്റെ യഥാർത്ഥ സ്ഥിതിഗതികൾ വിലയിരുത്താനും അതിനനു സരിച്ചുള്ള നിലപാടുകൾ സ്വീകരിക്കാനും സന്നദ്ധമാകേണ്ടതുണ്ട്. നിങ്ങളുടെ രക്ഷയ്ക്കുവേണ്ടി മാത്രമല്ല ഈ രാജ്യത്തിന്റെ രക്ഷയ്ക്കുകൂടി അനുപേക്ഷണീയമാണ് എന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ പ്രതിസന്ധികൾ മൂർച്ഛിച്ച് വരുമ്പോൾ നിങ്ങളുടെ എ.ഐ.സി.സി. പ്രസിഡന്റ് എന്തുനിലപാടാണ് സ്വീകരിക്കുന്നത്? എന്ത് പ്രതികരണമാണ് അദ്ദേഹം നടത്തുന്നത്? ഈ സമയത്തും അദ്ദേഹം ഊരുചുറ്റാൻ നടക്കുകയല്ലേ. ഇത് ആരെ സഹായിക്കാൻവേണ്ടിയാണ്? വടവൃക്ഷം പോലെ വളർന്നുനിന്ന ഒരു പ്രസ്ഥാനം പ്രതിസന്ധികളിൽ നിന്ന് പ്രതിസന്ധികളിലേയ്ക്ക് കൂപ്പുകുത്തുമ്പോൾ അതിനെ സംരക്ഷിച്ചുനിർത്താൻ വഴിയന്വേഷിക്കുന്നതിനുപകരം കിട്ടിയ വടി കമ്മ്യൂണിസ്റ്റുകാരുടെ ദേഹത്ത് ഉപയോഗിക്കാമെന്ന് കരുതുന്ന രീതി നിങ്ങളെ എങ്ങുമെത്തിക്കുകയില്ലെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിലും സാമ്പത്തിക സ്രോതസ്സിലും ഏറ്റവും അവിഭാജ്യഘടകമാണ് മോട്ടോർ വാഹനമേഖല. ഇന്ന് ലോകത്തിലെ ഏത് വികസിത രാജ്യത്തിനും സമാനമായ വാഹനനിരക്കുള്ള പ്രദേശമാണ് കേരളം. ഇവിടെ നൂറുപേരിൽ 33 പേർക്കും ഏതെങ്കിലും വിഭാഗത്തിലുള്ള വാഹനം സ്വന്തമായുള്ളവരാണ്. ഈ വാഹനപ്പെരുപ്പത്തിന് അനുസൃതമായ റോഡിന്റെയും സൗകര്യങ്ങളുടെയും വർദ്ധനവില്ലായ്മ നിരന്തരമായ വാഹനാപകടങ്ങൾക്കും ഗതാഗതക്കുരുക്കുകൾക്കും ഇടയാക്കുന്നുണ്ട് എന്ന് നമുക്കറിയാം. നമ്മുടെ റോഡു കളിലെ സൗകര്യവും ഗതാഗത നിരീക്ഷണ നിയന്ത്രണ സംവിധാനങ്ങളും കാലാനു സൃതമായ മാറ്റങ്ങൾക്ക് വിധേയമാകേണ്ടിയിരിക്കുന്നു. കേരളത്തിലെ റോഡുകളിൽ ഓടുന്ന വാഹനങ്ങളുടെ എണ്ണം ഒരുകോടി പത്തു ലക്ഷമാണ്. ഇതിൽ 64 ശതമാനം ഇരുചക്രവാഹനങ്ങളും 25 ശതമാനം കാറുകളുമാണ്.

സംസ്ഥാനത്ത് സ്വകാര്യവാഹനങ്ങളിൽ യാത്ര ചെയ്യുന്നവരുടെ എണ്ണം അനുദിനം കൂടിവരികയാണ്. ആകെ വാഹനങ്ങളുടെ ഒരു ശതമാനം മാത്രമാണ് ബസ്സുകളുള്ളത്. പ്രതിദിനം നിരത്തുകളിൽനിന്നും ബസ്സുകൾ അപ്രത്യക്ഷമാകുന്ന കാഴ്ചയാണ് ഉണ്ടാകുന്നത്. ഒരു ദിവസം മൂന്ന് ബസ്സുകൾ എന്ന ക്രമത്തിൽ റൂട്ടുകൾ ഇല്ലാതാകുന്ന സ്ഥിതി നമുക്ക് കാണാൻ കഴിയും. 1980-ൽ 35,000 ബസ്സുകൾ ഓടിയിരുന്ന സ്ഥാനത്ത് ഇന്ന് 19700 ബസ്സുകൾ മാത്രമാണ് കേരളത്തിലെ നിരത്തുകളിൽ ഓടുന്നത്. ഇതിൽ വലിയപങ്കും നഷ്ടത്തിൽ സർവ്വീസ് നടത്തു ന്നവയാണ്. പൊതുയാത്രാ വാഹനങ്ങളിൽ ബസ് ഒന്നിന് 1980-ൽ ഒരു ദിവസം 1400 പേർ യാത്ര ചെയ്തിരുന്ന സ്ഥാനത്ത് ഇന്ന് വെറും 900 പേർ മാത്രമാണ് യാത്ര ചെയ്യുന്നത്. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഏകദേശം 9000 സ്വകാര്യ

ബസ്സുകളും 900 കെ.എസ്.ആർ.ടി.സി. ബസ്സുകളും സർവ്വീസ് നിർത്തിവച്ചു. ഇത് കേരളത്തിലെ ജനങ്ങളിലുണ്ടായ മാറ്റത്തിന്റെ പ്രതിഫലനമാണ്. പൊതുജനങ്ങൾ ക്രമമായി പൊതുയാത്രാ വാഹനങ്ങളെ ഉപേക്ഷിച്ചത് ഗൗരവതരവും ആശങ്ക ഉയർത്തുന്നതുമായ മാറ്റമാണ്. ഇന്ന് നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള പ്രധാന നിരത്തുകളിലെ ഗതാഗതക്കുരുക്കിനും വർദ്ധിച്ച അപകടനിരക്കിനും കാരണം സ്വകാര്യ വാഹനങ്ങളുടെ വർദ്ധനവ് തന്നെയാണെന്ന് കാണാൻ കഴിയും. കേരളത്തിലെ പൊതുയാത്രാ സംവിധാനങ്ങളുടെ സ്വഭാവവും ജീവനക്കാരുടെ പ്രവർത്തനരീതിയും ഗൗരവതരമായ മാറ്റങ്ങൾ ഉൾക്കൊള്ളേണ്ട അവസ്ഥയിൽ എത്തിയിരിക്കുകയാണ്. ഗതാഗത മേഖലയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ പരാമർശവിധേയമാകുന്ന വിഷയം കെ.എസ്.ആർ.ടി.സി.യുടേതാണ്. കെ.എസ്.ആർ.ടി.സി.-യുടെ സാമൂഹികമായ ഉത്തരവാദിത്വത്തെയും അത് അഭിമുഖീകരിക്കാൻ പോകുന്ന പ്രശ്നങ്ങളെയും സംബന്ധിച്ച് വർഷങ്ങൾക്കുമുമ്പ് കേരളത്തിലെ ഏറ്റവും ശ്രദ്ധേയമായ നാടകസമിതിയായ കെ.പി.എ.സി.-യുടെ 'കയ്യും തലയും പുറത്തിടരുത് ' എന്ന നാടകത്തിൽ അവതരിപ്പിക്കുകയുണ്ടായി. ആ നാടകത്തിന്റെ സന്ദേശം കെ.എസ്.ആർ.ടി.സി. ജീവനക്കാരും മാനേജ്മെന്റും പൊതുജനങ്ങളും ഇനിയും ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടതാണ് എന്ന കാര്യത്തിൽ യാതൊരു സന്ദേഹവുമില്ല. അത് സാന്ദർഭികമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനങ്ങളിൽ ചില പ്രതിസന്ധികളുണ്ട്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ കെ.എസ്.ആർ.ടി.സി. പുതിയതായി കട്ടപ്പുറത്ത് കയറിയതല്ല. യു.ഡി.എഫ്.ന്റെ ഭരണകാലത്ത് കട്ടപ്പുറത്തായ കെ.എസ്. ആർ.ടി.സി.-യെ ഇന്ന് നിരത്തുകളിൽ എത്തിക്കാനുള്ള വിശ്രമരഹിതമായ പ്രവർത്തനമാണ് എൽ.ഡി.എഫ്. സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത് എന്നത് ഏതൊരാൾക്കും മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണ്. കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് വിരമിച്ച ജീവനക്കാർ ആത്മഹത്യ ചെയ്യുന്നതിനെപ്പറ്റി പരാമർശിച്ചു. ആത്മഹത്യ എന്നാണ് നടന്നത്? എന്നാണ് അവരുടെ പെൻഷൻ മുടങ്ങിയത്; എന്നാണ് സമരമുഖത്തേയ്ക്ക് ഇറങ്ങേണ്ടി വന്നത്? ഇതെല്ലാം പാടെ വിസ്മരിച്ചുകൊണ്ട് ജനങ്ങളാകെ വിഡ്ഢിക ളാണെന്ന് കരുതാവുന്ന രീതിയിൽ ഇതിന്റെയെല്ലാം പിതൃത്വം എൽ.ഡി.എഫ്. സർക്കാരിന്റെ തലയിൽ വച്ചുകെട്ടാൻ ശ്രമിക്കുന്ന നിരർത്ഥകമായ ശ്രമം ഉപേക്ഷിക്കേണ്ടതാണ്. അത് നിങ്ങളെ എങ്ങും എത്തിക്കാൻ പോകുന്നില്ലായെന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ ഏറ്റവും തന്ത്രപ്രധാനമായ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ ഡിപ്പോകളുടെയും സ്ഥലം പണയം വച്ച് ലഭിക്കുന്ന തുക ധൂർത്തടിക്കുകയായിരുന്നു. പുതിയതായി നിർമ്മിച്ച കൊമേഴ്സ്യൽ ബിൽഡിംഗുകളെല്ലാം ഇന്ന് ഉപയോഗ ശൂന്യമായി കിടക്കുന്ന അവസ്ഥയാണ്. ലഭ്യമായ എല്ലാ കേന്ദ്രങ്ങളിൽ നിന്നും വട്ടിപ്പലിശയ്ക്ക് പണം

കടമെടുത്തെങ്കിലും ആ പണം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന യാതൊരു സംവിധാനവും ഉണ്ടായില്ല. ഏറെ കൊമേഴ്സ്യൽ പ്രാധാന്യമുള്ള സ്ഥലങ്ങളിൽ ഈ കെട്ടിടങ്ങൾ കെട്ടിപ്പടുക്കാനോ അവയൊക്കെ ഓഫീസുകൾക്കോ വ്യാപാര ആവശ്യങ്ങൾക്കോ കൊടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിട്ടും അതൊന്നും ഉപയോഗപ്പെടുത്താതെ നിക്ഷിപ്ത താൽപ്പര്യങ്ങളുടെ പുറത്ത് ഇത്തരം വികസന പ്രവർത്തനങ്ങൾ കൊണ്ടുവരാൻ യാതൊരു ദീർഘവീക്ഷണ വുമില്ലാതെയുള്ള സമീപനം സ്വീകരിച്ചതിന്റെ പ്രത്യാഘാതവും കെ.എസ്.ആർ.ടി. സി.-യുടെ ചുമലിൽ അടിച്ചേൽപ്പിച്ചിരിക്കുകയാണെന്ന് നമുക്ക് കാണാൻ കഴിയും.

ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന് പൊതുവിൽ പൊതുമേഖലാ സ്ഥാപനങ്ങളോട് വലിയ ഉത്തരവാദിത്വമാണുള്ളതെന്ന് ഇതിനകംതന്നെ തെളിയിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഏതാണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം കൂടി വലിയ തോതിലുള്ള സാമ്പത്തികനഷ്ടം വരുത്തിവച്ചപ്പോൾ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വളരെ ക്രിയാത്മകമായ പ്രവർത്തനങ്ങളും അഴിമതിരഹിതമായ സമീപനങ്ങളും സ്വീകരിച്ചതിന്റെ ഫലമായി 13 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്ന അവസ്ഥ സംജാതമാവുകയുണ്ടായി. ഈ സ്ഥിതി മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കാനുള്ള ദീർഘവീക്ഷണത്തോടുകൂടിയ പ്രവർത്തനങ്ങളാണ് നടത്തി ക്കൊണ്ടിരിക്കുന്നത്. സേവനമേഖലയെന്ന നിലയിൽ ലാഭവും നഷ്ടവും ഇല്ലാത്ത ഒരവസ്ഥയിലേയ്ക്ക് കെ.എസ്.ആർ.ടി.സി.-യെ മാറ്റി വരാനുള്ള സാധ്യതകൾ ആരാഞ്ഞുകൊണ്ടിരിക്കു കയാണെന്ന കാര്യവും ഞാൻ ഇത്തരുണത്തിൽ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ് കോൺഗ്രസ്സിന്റെ പീഡനകാലം കഴിഞ്ഞ് ഉയർത്തെഴുന്നേൽപ്പിലേയ്ക്ക് വരാൻ പോവുകയാണെന്ന് അഭിപ്രായപ്പെടുകയുണ്ടായി. അദ്ദേഹത്തോട് വളരെ വിനയപൂർവ്വം ചോദിക്കുന്നു, ഇന്ത്യാ രാജ്യത്ത് നിങ്ങൾക്ക് പീഡനമുണ്ടായ നിരവധി സംസ്ഥാനങ്ങളിൽ ഒരിടത്തെങ്കിലും നിങ്ങളുടെ പീഡന കാലം കഴിഞ്ഞ് ഉയർത്തെഴുന്നേൽപ്പിന്റെ സൂചനകൾ നൽകാൻ നാളിതുവരെ കഴിഞ്ഞിട്ടുണ്ടോ; അതുണ്ടാകാൻ പോകുന്നില്ല. നിങ്ങളുടെ കയ്യിലിരുപ്പ് മാറ്റാതെ, സമീപനം മാറ്റാതെ, കോർപ്പറേറ്റ് പീഡനം അവസാനിപ്പിക്കാതെ, വർഗ്ഗീയത യോടുള്ള മൃദുസമീപനത്തിന് അറുതി വരുത്താതെ, നിങ്ങൾക്ക് ഒരു തിരിച്ചുവരവ് ഉണ്ടാവുകയില്ല. ആ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് പുനർവിചിന്തനത്തിന്, ഇന്ത്യയെ രക്ഷിക്കുന്നതിന്, ഇന്ത്യയിലെ ജനാധിപത്യം കാത്തുസൂക്ഷിക്കുന്നതിന്, ഇന്ത്യയിലെ മതേതരത്വം സംരക്ഷിക്കുന്നതിന് ആവശ്യമായ നിലപാടുകൾ സ്വീകരിച്ച് യാഥാർത്ഥ്യ ബോധത്തിലേയ്ക്ക് മടങ്ങി വരാനുള്ള സന്നദ്ധത പ്രകടിപ്പി ക്കുകയാണ് വേണ്ടതെന്ന് മാത്രം അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ അവസാനി പ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ലോക വനിതാദിനമായ ഇന്ന് ഒരു വനിതാ എം.എൽ.എ.-യെക്കൊണ്ട് സംസാരിപ്പിക്കണമായിരുന്നു. അത് ഭരണകക്ഷി ചെയ്യേണ്ടതായിരുന്നു എന്നാണ് എന്റെ അഭിപ്രായം.

കെ.എസ്.ആർ.ടി.സി. നഷ്ടമാണെന്ന് ആരാണ് പറയുന്നത്; മന്ത്രിക്ക് ധൈര്യമുണ്ടോ അങ്ങനെ പറയാൻ? ഞാൻ വെല്ലുവിളിക്കാൻ തയ്യാറാണ്. കെ.എസ്.ആർ.ടി.സി.-യുടെ ആസ്തി നോക്കി വേണ്ടേ നഷ്ടമാണോ ലാഭമാണോ എന്ന് കണക്കാക്കേണ്ടത്. ആരാണ് നഷ്ടമുണ്ടാക്കുന്നത്? ഇത് പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് ആണെന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു സംശയവും വേണ്ട. പെൻഷൻ കൊടുക്കുന്ന ജോലി കെ.എസ്.ആർ.ടി.സി.യുടേതല്ല; അത് ഗവൺമെന്റ് ഏറ്റെടുക്കണം. ഗവൺമെന്റ് പെൻഷൻ മാത്രം ഏറ്റെടുത്താൽ ഏറ്റവും സുന്ദരമായി പോകുന്ന കോർപ്പറേഷനായിരിക്കും കെ.എസ്.ആർ.ടി.സി. എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇതൊരു കോർപ്പറേഷനാക്കി വയ്ക്കണമെന്ന് എന്താണ് ഇത്ര നിർബന്ധം? നാല് കോർപ്പറേഷനായി കെ.എസ്.ആർ.ടി.സി.-യെ വിഭജിച്ചാൽ അൽപ്പംകൂടി കാര്യക്ഷമത ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

എന്റെ വാഹനത്തിന് ഒരു നമ്പരുണ്ട്. ഞാൻ ലക്ഷങ്ങൾ മുടക്കി ലേലം വിളിച്ച് നമ്പർ എടുക്കുകയാണ്. ഒരു നമ്പർ എനിക്ക് കിട്ടിയാൽ ഞാൻ വാങ്ങിക്കുന്ന പുതിയ വാഹനത്തിന് ആ നമ്പർ കൊടുക്കുന്നതിന് എന്താണ് കുഴപ്പം? വളരെ നിസ്സാരമായി ചെയ്യാവുന്ന കാര്യമല്ലേ? ഇന്ത്യയിൽ ആറ് സംസ്ഥാനങ്ങളിൽ ഇതായിട്ടുണ്ട്. അതിന് വേണമെങ്കിൽ പണം ഈടാക്കണം, ടാക്സ് ചുമത്തണം. അതല്ലേ അതിന്റെ മര്യാദ. നമ്മുടെ സംസ്ഥാനത്ത് അത് നടപ്പിലാക്കാനായി കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ആലോചന വന്നുവെങ്കിലും എന്തുകൊണ്ടോ മാറിപ്പോയി. ശ്രീ. എ. കെ. ശശീന്ദ്രന്റെ ഭരണകാലത്തെങ്കിലും അത് നടപ്പിലാക്കി, വരാൻ പോകുന്ന കാലഘട്ടങ്ങളിൽ അതിന്റെ പേരിലെങ്കിലും അദ്ദേഹത്തിന് പേര് കിട്ടട്ടേയെന്ന് വിചാരിച്ച് ഓർമ്മിപ്പിച്ചു എന്ന് മാത്രമേയുള്ളൂ, അത് നന്നായിരിക്കും എന്ന് പറഞ്ഞുകൊണ്ട്, നികുതി വെട്ടിപ്പിനെക്കുറിച്ച് സംസാരിക്കണമെന്നുണ്ട്, സമയമില്ലാത്തതിനാൽ നിർത്തുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഈ ഗവൺമെന്റ് അഴിമതി വിരുദ്ധ സർക്കാരും അഴിമതി രഹിത സിവിൽ സർവ്വീസുമെന്നാണ് പറഞ്ഞുകൊണ്ടിരിക്കുന്നതും പറയപ്പെടുന്നതും. അങ്ങയുടെ മോട്ടോർ വാഹന വകുപ്പിൽ ഏകദേശം 15 കോടി രൂപയുടെ വ്യാപക ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കേരളത്തിലെ വിജിലൻസ് ഡയറക്ടർ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച കത്തിൽ വളരെ വ്യക്തമായി പറയുകയുണ്ടായി. ഒരു

സുവനീർ പബ്ലിക്കേഷൻ നടത്തുന്നതിനുവേണ്ടി ആയിരത്തിന്റെയും രണ്ടായിരത്തിന്റെയും അയ്യായിരത്തിന്റെയും പതിനായിരത്തിന്റെയും കൂപ്പൺ പിരിച്ചെടുക്കാൻ പറഞ്ഞിട്ട് 15 കോടി രൂപയാണ് ആ കൂപ്പൺ വഴി പിരിച്ചെടുത്തത്. അതിനപ്പുറമുണ്ടോയെന്ന് എനിക്കറിയില്ല. അതന്വേഷിച്ച് ആ തുക പിരിച്ചെടുത്ത സംഘടനകൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും വിജിലൻസ് റിപ്പോർട്ടിൽ പറയുന്നുണ്ട്. അങ്ങേയ്ക്ക് മുമ്പുണ്ടായിരുന്ന മന്ത്രിക്ക് അതിന്റെ റിപ്പോർട്ട് നൽകിയതനുസരിച്ച് ആ സംഘടനകളെ നിരോധിക്കാതിരിക്കാനാവശ്യമായ കാരണം കാണിക്കണമെന്ന് പറഞ്ഞ് അദ്ദേഹം ഫയലിൽ എഴുതിവച്ചിട്ടുമുണ്ട്. 15 കോടി രൂപയുടെ സാമ്പത്തിക ക്രമക്കേട് നടത്തിയ സംഘടനകളെ നിരോധിക്കുന്നതിനപ്പുറം അതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ നടത്തിയവരെ കണ്ടുപിടിച്ച് അവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ അങ്ങ് മുന്നോട്ട് വരണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ )

കേരളത്തിന്റെ മുഖ്യമന്ത്രിയായി അധികാരമേറ്റ ശ്രീ. പിണറായി വിജയൻ ആദ്യമായി ഡൽഹിയിലെത്തിയപ്പോൾ അദ്ദേഹത്തോട് അവിടത്തെ പത്രക്കാർ ചോദിച്ചത്, 'കേരളത്തിൽ സ്വന്തമായി വിമാന കമ്പനി എന്ന ആശയവുമായി മുന്നോട്ട് പോകുമോ' എന്നായിരുന്നു. അദ്ദേഹം അതിന് മറുപടി പറഞ്ഞത്, 'ആദ്യം നമ്മുടെ കെ.എസ്.ആർ.ടി.സി.-യെ നന്നായി നടത്താൻ കഴിയുമോയെന്ന് നോക്കാം. എന്നിട്ടല്ലേ വിമാനം പറത്തുന്നത് 'എന്നായിരുന്നു. അദ്ദേഹത്തിന്റെ ആ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കെ.എസ്.ആർ.ടി.സി. കരകയറുമെന്നാണ് കേരളീയ ജനത പ്രതീക്ഷിച്ചത്. പക്ഷേ അതുണ്ടായില്ലെന്ന് പലരും ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

കേരളത്തിന്റെ ചരിത്രത്തിൽ ഒട്ടനവധി ആളുകൾ ആശ്രയിച്ചു കൊണ്ടിരിക്കുന്ന വാഹനവ്യൂഹമാണ് കെ.എസ്.ആർ.ടി.സി. ഏകദേശം 25 ലക്ഷത്തിലധികം ആളുകളാണ് അതിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ റോഡുകളിലൂടെ ആ വാഹനം 10 ലക്ഷത്തിലധികം കിലോമീറ്ററുകൾ ഓടിക്കൊണ്ടിരിക്കുന്നു. അങ്ങനെയുള്ള ആ കോർപ്പറേഷന് മരണം വിധിക്കുക എന്ന തരത്തിലുള്ള അഭിപ്രായ രൂപീകരണങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് പറയേണ്ടതില്ലല്ലോ.

കേരളത്തിലെ ജനാധിപത്യ സംസ്കാരത്തിന്റെ ഭാഗമായി വന്നതാണ് കെ.എസ്.ആർ.ടി.സി. ശമ്പളം കിട്ടാതെ ഏകദേശം മുപ്പത്തി അയ്യായിരത്തിലധികം ജീവനക്കാരും പെൻഷൻ കിട്ടാതെ ഏകദേശം മുപ്പത്തിയൊൻപതിനായിരത്തോളം ആളുകളും താല്ക്കാലിക ജീവനക്കാരായി 9600-ലധികം ആളുകളുമുള്ള കേരളീയ സമൂഹം ആശ്രയിക്കുകയും ചെയ്യുന്ന ഈ വകുപ്പിനെ തകർക്കുന്ന

നിലപാട് മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. കൊൽക്കത്ത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാൻസ്പോർട്ടേഷന്റെ റിപ്പോർട്ടുകളടക്കം ധാരാളം റിപ്പോർട്ടുകൾ അങ്ങയുടെ മുന്നിലുണ്ട്. ആ റിപ്പോർട്ടുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കാതെ മുന്നോട്ട് പോകുന്നതിന്റെ പരിതാപകരമായ അവസ്ഥാവിശേഷമാണിതെന്ന് സൂചിപ്പിക്കാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുന്നു.

സ്പെയർ പാർട്ട്സ് വാങ്ങൽ. ജീവനക്കാരുടെ കാര്യം, യാത്രക്കാർക്ക് നൽകുന്ന ടിക്കറ്റ്, എഞ്ചിൻ റിപ്പയറിംഗ് തുടങ്ങി കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ മേഖലകളിലും ഒരു സെൻട്രലൈസ്ഡ് മോണിറ്ററിംഗ് സിസ്റ്റം കൊണ്ടുവന്ന് അതിനെ പരിഷ്കരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ അങ്ങ് മുന്നോട്ട് വരണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

തമിഴ്നാട്ടിലെ ഒരു ബസ്സിൽ ഏകദേശം 6 ജീവനക്കാരാണെങ്കിൽ കേരളത്തിൽ അത് എട്ടും പത്തും പതിനഞ്ചുംവരെ എത്തിനിൽക്കുന്നു എന്നാണ് എന്റെ ധാരണ. ദീർഘദൂര ബസ്സുകളിലെങ്കിലും ഡ്രൈവർ കം കണ്ടക്ടർ എന്ന തരത്തിൽ മാറ്റാനാവശ്യമായ ശ്രമം നടത്തണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കണമെന്നുപറഞ്ഞ് അങ്ങും ഈ ഗവൺമെന്റും പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഇന്നലെ സംസ്ഥാനത്തെ സ്വകാര്യ ബസ്സുകളുടെ റണ്ണിംഗ് ടൈം കുറച്ചുകൊണ്ടും കെ.എസ്.ആർ.ടി.സി.-യുടെ റണ്ണിംഗ് ടൈം വർദ്ധിപ്പിച്ചുകൊണ്ടും സ്വകാര്യ ബസ്സുകളെ സഹായിക്കുന്ന തരത്തിലുള്ള നിലപാട് സ്വീകരിക്കുമ്പോൾ എങ്ങനെയാണ് ഇത് രണ്ടും ഒന്നിച്ച് പോകുന്നതെന്ന് അങ്ങ് പരിശോധിക്കേണ്ടതാണ്.

കേരളത്തിലെ സാമൂഹിക ജീവിതവും വാഹനങ്ങളുടെ സുരക്ഷയും വളരെ പ്രയാസത്തിലാണ്. ഭീഷണികളും പ്രലോഭനങ്ങളും കൊണ്ട് നഗരങ്ങളിലും ഗ്രാമ പ്രദേശങ്ങളിലുമുള്ള ജനസമൂഹം അരക്ഷിതാവസ്ഥയിലാണ് ജീവിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. എപ്പോഴാണ് അപകടമുണ്ടാകുകയെന്നോ എവിടെ വച്ചാണ് മരിക്കുകയെന്നോ പറയാൻ കഴിയാത്ത തരത്തിൽ വളരെ പ്രയാസപ്പെട്ട് യാത്ര ചെയ്യുന്ന അവസ്ഥയാണുള്ളത്. കേരളത്തിലെ റോഡുകളുടെ മെയിന്റനൻസ് കൃത്യമായി നടത്താത്തതിനാലും ഡിസൈനിംഗിലെ പോരായ്മകളാലും ധാരാളം അപകടങ്ങൾ നടക്കുകയാണ്. വട്ടപ്പാറ വളവിലെ അപകടവുമായി ബന്ധപ്പെട്ട കാര്യം ഞാൻ ഈ സഭയിൽ നിരവധി പ്രാവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. മിനിഞ്ഞാന്നാണ് ഒരു കണ്ടെയ്നർ ലോറി ഒരു ഓട്ടോറിക്ഷയുടെ മുകളിലേയ്ക്ക് മറിഞ്ഞ് രണ്ട് സ്ത്രീകളും ഒരു ഡ്രൈവറുമടക്കം മൂന്ന് പേരാണ് അവിടെ മരണപ്പെട്ടത്. ആ റോഡിന് പകരമായി ഒരു ബൈപ്പാസുണ്ടാ ക്കണമെന്ന് അങ്ങയോട് പറഞ്ഞിട്ട്

കാര്യമില്ലെങ്കിലും ഗതാഗത വകുപ്പിന് അവിടെ ചെയ്യാവുന്ന ഒട്ടനവധി കാര്യങ്ങളുണ്ട്. അപകടത്തിൽ ജീവൻ പൊലിഞ്ഞു പോകുന്ന മനുഷ്യരുടെ പച്ചമാംസവും തലച്ചോറും എടുത്ത് അവിടത്തെ പ്രദേശ വാസികളുടെ മനസ് മരവിച്ചുനിൽക്കുന്ന അവസ്ഥയാണ്. അതുകൊണ്ട് അങ്ങയുടെ വകുപ്പിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ അവിടെ ചെയ്യുന്നതിനുള്ള നിലപാട് സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

റോഡപകടങ്ങളുടെ കണക്കുകളും മറ്റ് കാര്യങ്ങളുമൊന്നും ഞാൻ പറയുന്നില്ല. 2017-ൽ 38470 റോഡപകടങ്ങൾ നടന്നതിൽ 4196 ആളുകൾ മരണമടയുകയുണ്ടായി. ഇങ്ങനെയുള്ള കണക്കുകളുടെ കാര്യങ്ങൾ അങ്ങേയ്ക്ക് അറിയാവുന്നതാണ്.

അങ്ങയുടെ വകുപ്പിൽ ഓൺലൈൻ സർവ്വീസ് നടത്തുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിൽ പൂർണ്ണമായും ഓൺലൈൻ സേവനം ലഭ്യമല്ല. ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ടാക്സ് അടയ്ക്കണമെങ്കിൽ ക്ഷേമനിധി ഫണ്ട് അടച്ച വിവരം ഹാജരാക്കണം. ക്ഷേമനിധി ഫണ്ട് അടയ്ക്കുന്നിടത്ത് അതിനാവശ്യമായ ഓൺലൈൻ സൗകര്യവും സഹകരണവും ഇല്ലാത്തതുകൊണ്ട് ഇതടയ്ക്കുന്ന ആളുകൾ പ്രയാസമനുഭവിക്കുകയാണ്. ഇൻഷ്വറൻസ് കമ്പനിയുടെ പോളിസികൾ പരിശോധിക്കാനുള്ള സംവിധാനമടക്കം മോട്ടോർ വാഹന വകുപ്പിലെ വിവിധ സേവനങ്ങൾക്ക് യോജിച്ച തരത്തിൽ സോഫ്റ്റ്‌വെയർ പുന:ക്രമീകരിക്കാനാവശ്യമായ നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

2013-ൽ പ്രതീക്ഷിച്ചതിലുമധികം നികുതി പിരിച്ചുനൽകിയ മോട്ടോർ വാഹനവകുപ്പ് ഇപ്പോൾ വളരെയധികം പുറകോട്ട് പോയിരിക്കുകയാണ്. 2011-12 വർഷത്തിൽ 1410.73 കോടി രൂപ ലക്ഷ്യമിട്ടപ്പോൾ അന്ന് 1500.91 കോടി രൂപയാണ് സമാഹരിച്ചത്. എന്നാൽ 2017-18 വർഷത്തിൽ നവംബർ വരെ 3890.64 കോടി രൂപ ലക്ഷ്യമിട്ടപ്പോൾ 2119.5 കോടി രൂപ മാത്രമാണ് പിരിക്കാൻ സാധിച്ചത്. കെ.എസ്.ആർ. ടി.സി.-യെ രക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതുകൊണ്ട് ഈ വകുപ്പ് പ്രയാസത്തിലേയ്ക്ക് പോകുന്നുവെന്ന കാര്യത്തിൽ സംശയമില്ല.

ജി-ഫോം നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രയാസങ്ങൾ ഉണ്ടാകുന്നുണ്ട്. ജി ഫോം നൽകുമ്പോൾ നിരത്തിലിറങ്ങാത്ത വാഹനങ്ങൾക്ക് ഒരു ദിവസത്തിന് 50 രൂപ വച്ച് പെനാൽറ്റി പിരിച്ചെടുക്കുന്നത് ആറ് മാസത്തേയ്ക്കോ മൂന്ന് മാസത്തേയ്ക്കോ ഉള്ള കാലാവധിയായി പരിമിതപ്പെടുത്തി വാഹന ഉടമകളെ സഹായിക്കാനാവശ്യമായ നിലപാടുകൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു

ജലഗതാഗതവുമായി ബന്ധപ്പെട്ട് കേരളത്തിൽ ഒട്ടേറെ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചത് ഇന്ത്യൻ പ്രസിഡന്റായിരുന്ന എ. പി. ജെ. അബ്ദുൾ കലാമിന്റെ കാലത്ത് വിഷൻ-2020 അവതരിപ്പിച്ചുകൊണ്ടായിരുന്നു.

അതുപ്രകാരം കേരളത്തിലെ ജലഗതാഗതവകുപ്പിനെ ഉയരങ്ങളിലേയ്ക്ക് കൊണ്ടു പോകാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആലപ്പുഴ, കൊല്ലം ജില്ലകളിൽ അതിനാവശ്യമായ ഒട്ടേറെ സൗകര്യങ്ങളുണ്ട്. എന്നാൽ അതൊന്നും നൽകിയിട്ടില്ല. ലൈറ്റ് മെട്രോയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. ശ്രീ. ഇ. ശ്രീധരനെ മാറ്റി സ്വകാര്യമേഖലയ്ക്ക് ലൈറ്റ് മെട്രോ കൈമാറാൻ ശ്രമിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. അക്കാര്യത്തിൽ ആവശ്യമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ന്യൂനപക്ഷങ്ങളുടെ അരക്ഷിതാവസ്ഥയെയും അവരുടെ പ്രയാസങ്ങളെയും കുറിച്ച് ഇവിടെ സംസാരിച്ചു കഴിഞ്ഞു. ആ ഒരവസ്ഥയിൽ രാജാരവിവർമ്മയ്ക്ക് ശേഷം ഇന്ത്യ കണ്ട ഏറ്റവും വലിയ പ്രഗത്ഭ ചിത്രകാരനായ എം.എഫ് ഹുസൈന് ഇവിടെ ജീവിക്കാനോ മരിക്കാനോ സാധിച്ചില്ല. സാക്കീർ നായിക്കിന് ഈ രാജ്യത്ത് ഇസ്ലാമിക പ്രബോധന പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല. എം.എം. അക്ബറിനെ അറസ്റ്റ് ചെയ്തതിനെയും അതുമായി ബന്ധപ്പെട്ട പ്രയാസങ്ങളെപ്പറ്റിയും ഇവിടെ സംസാരിച്ചു. ഒരു ന്യൂനപക്ഷത്തെ അടച്ചാക്ഷേപിച്ചുകൊണ്ട് അവരെ ഭയവിഹ്വലരാക്കി തങ്ങളുടെ വിധേയത്വത്തിലേയ്ക്ക് മാറ്റാമെന്നുള്ള ഒരു ശ്രമത്തിലൂടെ മുന്നോട്ടുപോകുന്ന ഈ ഒരു ഗവൺമെന്റ്, അസഹിഷ്ണുതയുടെ കാലഘട്ടത്തിലൂടെ മുന്നോട്ടുപോകുമ്പോൾ ആ അസഹിഷ്ണുതയുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ ഒന്നും പാടില്ല, ഞങ്ങൾ പറയുന്നതേ ചെയ്യാൻ കഴിയൂ എന്നുള്ള നിലപാടാണ് പണ്ട് പെരിന്തൽമണ്ണയിലെ പോളിടെക്നിക്കുമായി ബന്ധപ്പെട്ട് കണ്ടത്. ആ രീതിയിൽ നമ്മുടെ ആളുകളെ വളർത്തിക്കൊണ്ടുവരാതെ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനുള്ള ഒരു ശ്രമമാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത് എന്നുപറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എൻ. വിജയൻ പിള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ ഭരണനേട്ടങ്ങളെപ്പറ്റി ഇന്നുവരെ പ്രതിപക്ഷം വിലയിരുത്തിയിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന സാമ്പത്തികസ്ഥിതി, ഖജനാവിന്റെ സ്ഥിതി, ഇന്ത്യാ രാജ്യത്തുണ്ടായ നോട്ടുനിരോധനം പോലുള്ള ഭീകരമായ അവസ്ഥ, ജി.എസ്.ടി. പോലുള്ള സംവിധാനം ഇതെല്ലം കഴിഞ്ഞ 21 മാസക്കാലം കൊണ്ടുണ്ടായ സംഭവവികാസങ്ങളാണ്. ഇക്കാലമത്രയും അഴിമതിയുള്ള ഒരു ഗവൺമെന്റാണ് ഇവിടെ ഭരിക്കുന്നതെന്ന് പ്രതിപക്ഷത്തിന് പറയാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തിന്റെ ചില ഭാഗത്ത് നടക്കുന്ന സംഭവങ്ങൾവച്ചുകൊണ്ടുമാത്രം ഈ ഗവൺമെന്റിന്റെ പ്രവർത്തനം മോശമാണ് എന്നനിലയിൽ പരാക്രമം നടത്തിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ് കഴിഞ്ഞ നാളുകളിൽ ഞാൻ ഇവിടെയിരുന്ന് വീക്ഷിച്ചത്. അതുപോലെ ബഡ്ജറ്റ് ചർച്ചയിലും അതിനെപ്പറ്റി സംസാരിക്കാതെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ വളരെ നിശിതമായി വിമർശിച്ചുകൊണ്ടുള്ള പ്രസംഗങ്ങൾ നടത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

ഗതാഗതം മനുഷ്യന് ആവശ്യമുള്ള കാര്യമാണ്. മനുഷ്യനുള്ളിടത്തെല്ലാം ഗതാഗതം വേണം. ഗതാഗതവകുപ്പ് വളരെ പ്രധാനപ്പെട്ട ഒരു വകുപ്പാണ്. പലരും ഗതാഗത വകുപ്പ് വാഴാത്ത വകുപ്പെന്നൊക്കെ പറയും. വാഴാത്ത വകുപ്പായാലും ഗതാഗതവകുപ്പിനെ ശരിയാക്കി എടുക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി എ. കെ. ശശീന്ദ്രനും എൽ.ഡി.എഫ്. ഗവൺമെന്റിനും കഴിയും. അതുകൊണ്ട് ഞാൻ അതിനെപ്പറ്റി രാഷ്ട്രീയമായിട്ടൊന്നും പ്രസംഗിക്കുന്നില്ല. ഞാൻ ചില കാര്യങ്ങൾ മാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്.

മോട്ടോർ വാഹന വകുപ്പിന്റെ ആധുനികവൽക്കരണം വകുപ്പിന്റെ സേവനം മെച്ചപ്പെടുത്തുന്നതിന് കാരണമായിട്ടുണ്ട്. കേരളത്തിൽ ദിവസേന പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് റോഡിലിറക്കുന്നു. വാഹനങ്ങളുടെ എണ്ണവുമായി തട്ടിച്ചുനോക്കുമ്പോൾ അതിനനുസരിച്ച് ജീവനക്കാരില്ലാത്തത് വകുപ്പിന്റെ പ്രവർത്തനത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ആഡംബര വാഹനങ്ങൾക്ക് നികുതി കുറച്ചുകിട്ടുന്നതിനായി പുതുച്ചേരിയിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന പ്രവണത കണ്ടുവരുന്നു. ഇത് നമ്മുടെ നികുതിവരുമാനത്തെ മാത്രമല്ല, വാഹന അപകടങ്ങളുമുണ്ടാക്കും. ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്ന വാഹനത്തിന്റെ ഉടമകളെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. സംസ്ഥാനത്തിന് മാതൃകയാകേണ്ട പ്രധാന വ്യക്തികൾപോലും ഇത്തരത്തിൽ തട്ടിപ്പുനടത്തുന്നു. ഇങ്ങനെ നികുതി കുറയ്ക്കാനായി മറ്റു സംസ്ഥാനങ്ങളിൽ വാഹന രജിസ്ട്രേഷൻ നടത്തിയ വാഹന ഉടമകളിൽ നിന്ന് പിഴ ഈടാക്കുന്നതിന് പ്രഖ്യാപിച്ച പ്രത്യേക സ്കീം വിജയകരമാകുന്നതാണെന്ന് അറിയുന്നു.

മോട്ടോർ വാഹനവകുപ്പ് അധിക നികുതിഭാരമില്ലാതെ വിവിധ മാർഗ്ഗങ്ങളിലൂടെ അധികവരുമാനം ലക്ഷ്യമിടുന്നത് പ്രായോഗികമാണ്. വാഹനാപകടങ്ങൾ ഏറ്റവും കൂടുതൽ സൃഷ്ടിക്കുന്നത് ടൂ-വീലറുകളാണ്. ലക്ഷങ്ങൾ വിലയുള്ള ബൈക്കുകൾ ആളുകളെ വിറപ്പിക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്നതാണ്. ആയതിനാൽ ഇത്തരം വാഹനങ്ങളുടെ നികുതി വർദ്ധിപ്പിക്കണം. പുതിയ തലമുറയാണ് ഇത്തരം വാഹനങ്ങൾ വാങ്ങിക്കൂട്ടുന്നത്. രക്ഷാകർത്താക്കളാണ് ഇവ സമ്മാനമായി അവർക്ക് നൽകുന്നത്. ഇതിന് പരമാവധി നികുതി വർദ്ധിപ്പിച്ചാൽ ഈ വാഹനം റോഡിലിറക്കുന്നത് കുറയും. നമ്മുടെ നാട്ടിൽ കണ്ടുവരുന്ന ഒരു പ്രവണത, അധികഭാരം കയറ്റിവരുന്ന വാഹനങ്ങൾക്ക് ഒരു സ്ഥലത്ത് പരിശോധിച്ച് പിഴ ഈടാക്കിയാൽ അതിന്റെ ലക്ഷ്യസ്ഥാനത്ത് എത്തുന്നതുവരെ ഒരു പരിശോധനയും കൂടാതെ സുഗമമായി സഞ്ചരിക്കാൻ കഴിയുന്നുവെന്നുള്ളതാണ്. ഇത്തരം വാഹനങ്ങൾ അപകടങ്ങൾ വരുത്തിവയ്ക്കുന്നു. എന്നാൽ ഇവ പരിശോധനയ്ക്ക് വിധേയമാക്കുന്ന ആദ്യസ്ഥലത്തു തന്നെ അധികഭാരം വണ്ടിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇങ്ങനെയുള്ള വാഹനങ്ങളുടെ പിഴ വർദ്ധിപ്പിക്കണം. ഇങ്ങനെ ചെയ്താൽ സർക്കാരിന് വരുമാനവുമുണ്ടാകും അപകടങ്ങളും കുറയും.

കഴിഞ്ഞ 20 വർഷമായി കേരളത്തിലെ വാഹനങ്ങളുടെ എണ്ണം കൂടുന്നതനുസരിച്ച് റോഡുകളുടെ വീതിയും നീളവും കൂട്ടിയിട്ടില്ല. ഇന്ന് ഇരുചക്രവാഹനമെങ്കിലും ഇല്ലാത്ത വീടുകൾ കുറവാണ്. പല വീടുകളിലും ഓരോരുത്തർക്കും ഒരു കാറോ ബൈക്കോ ഉണ്ടാകും. അതിനാൽ കേരളത്തിലെ റോഡുകളിൽ തിരക്കു കൂടുകയും ഓരോ 30 മിനിറ്റിലും റോഡപകടങ്ങൾ ഉണ്ടാകുകയും അനവധി ജീവനുകൾ നഷ്ടപ്പെടുകയും പതിനായിരത്തിൽപ്പരം ആളുകൾ പരിക്കുപറ്റി ആശുപത്രികളിൽ എത്തുകയും ചെയ്യുന്നു. അതിനനുസരിച്ച് അന്തരീക്ഷ മലിനീകരണവും അപകടകരമാം വിധം ഉയരുന്നു. കൊച്ചി മെട്രോ വന്നതുകൊണ്ടോ കോഴിക്കോടും തിരുവനന്തപുരത്തും ലൈറ്റ് മെട്രോ വരുന്നതുകൊണ്ടോ മാത്രം പരിഹാരമാവില്ല എന്നതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെ 45 മീറ്റർ വീതിയിൽ അന്തർദ്ദേശീയ നിലവാരത്തിൽ ദേശീയപാതാ വികസനത്തിന് സർക്കാർ തുടക്കമിട്ടത്. മലയോര ഹൈവേയും തീരദേശ ഹൈവേയും പൂർത്തിയാകുന്നതോടെ ഗതാഗതരംഗത്ത് കേരളം വൻകുതിച്ചുചാട്ടം തന്നെ നടത്തും. റോഡിലെ തിരക്ക് കുറയ്ക്കുന്നതിനും ചരക്ക് ഗതാഗതം സുഗമമാക്കുന്നതിനുമായി ദേശീയപാതയ്ക്ക് സമാന്തരമായി ദേശീയ ജലപാതാ വികസനത്തിന് സർക്കാർ തുടക്കം കുറിക്കുന്നുണ്ട്. ഇതിൽ കൊല്ലം-കോട്ടപ്പുറം ദേശീയപാത ഉടൻ പൂർത്തിയാകുമെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. അതുപോലെതന്നെ പ്രാധാന്യമുള്ളതാണ് കൊച്ചിയിലെ ജലമെട്രോ പോലെയുള്ള പദ്ധതികൾ. കേരളത്തിൽ അതിവേഗ റെയിലിന് പ്രത്യേക ലൈൻ നിർമ്മിക്കുന്ന നടപടിക്ക് സർക്കാർ തുടക്കം കുറിച്ചിരുന്നു. ഇത് പൂർത്തിയാകുന്നതോടു കൂടി ആളുകൾ ദൂരയാത്രയ്ക്ക് സ്വന്തം വാഹനമുപയോഗിക്കാതെ അതിവേഗ ട്രെയിനിലേയ്ക്ക് മാറുമ്പോൾ റോഡിലെ തിരക്ക് കുറയും. റെയിൽവേ മെച്ചപ്പെട്ട അനുബന്ധ സേവനങ്ങൾ ഒരുക്കാനും റെയിൽവേ സ്റ്റേഷനുകളിൽനിന്ന് യാത്ര ചെയ്യുന്നതിന് കൂടുതൽ ബസ് സർവ്വീസുകൾ ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം. പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുകയും സമയക്രമം പാലിക്കുകയും ലോഫ്ലോർ എ.സി. ബസുകൾ ഉപയോഗിക്കുകയും ചെയ്താൽ ജനങ്ങൾ പൊതു സംവിധാനത്തെ ആശ്രയിക്കാൻ തയ്യാറാകും. ഇത് നഗരങ്ങളിലെ പാർക്കിംഗ് പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാകും. റോഡ് സൈഡിലുള്ള പാർക്കിംഗ് ഒഴിവാക്കണം. നഗരങ്ങളിൽ പാർക്കിംഗിന് നല്ല സ്ഥലം കിട്ടുകയും അവിടെനിന്ന് ബസ്സുകൾ ആവശ്യാനുസരണം വിവിധ സ്ഥലങ്ങളിലേയ്ക്ക് ഓടിക്കുകയും ചെയ്യാം. നഗരങ്ങളിൽ വാഹനപ്പെരുപ്പംമൂലം ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ സാധിക്കും.

കേരളത്തിൽ ട്രാഫിക് സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി ബോധവൽക്കരണം വിപുലമാക്കണം. ആവശ്യത്തിന് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാൻ കഴിയണം.

കേരളത്തിൽ സൈക്കിൾ സവാരി പ്രോത്സാഹിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തണം. കാരണം, ജീവിതശൈലീരോഗങ്ങൾ കൊണ്ട് ബുദ്ധിമുട്ടുന്നവർക്ക് നല്ല വ്യായാമമായി ഇത് മാറും. നാട്ടിൻപുറങ്ങളിലെ ചെറിയ റോഡുകളിൽപ്പോലും സ്കൂൾ ബസ്സുകൾ ഓടുകയാണ്. എല്ലാ സ്കൂളുകളിലും സൈക്കിളിൽ കുട്ടികൾ പോകുന്നതിനുള്ള രീതി ഏർപ്പെടുത്തണം. അതിനായി എല്ലാ സ്കൂൾ കുട്ടികൾക്കും സൈക്കിൾ വാങ്ങി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. അന്തരീക്ഷ മലിനീകരണംമൂലം ഡൽഹി നഗരം വീർപ്പുമുട്ടുന്നത് നമ്മളൊരു പാഠമായി കാണണം. കേരളത്തിലെ പൊതുഗതാഗത സംവിധാനമായ കെ.എസ്.ആർ.ടി.സി.-യെ ഇന്നത്തെ പ്രതിസന്ധിയിൽ നിന്നും കരകയറ്റേണ്ടതുണ്ട്. അത് ഈ ഗവൺമെന്റിന് സാധിക്കും. അതിനുള്ള നടപടികൾ ഗവൺമെന്റ് തുടങ്ങിക്കഴിഞ്ഞു.

2.00 PM]

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തിൽ സഖാവ് പിണറായി വിജയന്റെ ഭരണം കാർഷിക, വ്യാവസായിക, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ വമ്പിച്ച മാറ്റങ്ങൾ വരുത്തി മുന്നേറുകയാണ്. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള 20 മാസത്തെ ഭരണത്തിൽ അഴിമതി തുടച്ചുനീക്കുകയും ക്രമസമാധാന പാലനത്തിൽ കേരളം ഒന്നാം സ്ഥാനത്തെത്തുകയും നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുകയും അൺ എയ്ഡഡ്/ കോൺവെന്റ് സ്കൂളുകളിൽ നിന്നടക്കം ഒന്നര ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾ പൊതുവിദ്യാലയങ്ങളിലേയ്ക്ക് വന്നുതുടങ്ങുകയും ചെയ്യുതിലൂടെ കേരളം പുരോഗതിയിലേക്ക് നീങ്ങുകയാണ്. മാത്രമല്ല, പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യ്ക്ക് ഒരു നാഥനുണ്ടായിരിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന അവസരത്തിൽ കെ.എസ്.ആർ.ടി.സി. മരണത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നുവെന്നും നന്നാക്കിയിട്ട് കാര്യമില്ലെന്നുമാണ് അന്നത്തെ ഗതാഗതവകുപ്പുമന്ത്രി പറഞ്ഞത്. യു.ഡി.എഫ്. വരുമ്പോൾ എല്ലാ കാലത്തും പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാകുകയും അല്ലെങ്കിൽ നഷ്ടത്തിലാക്കുകയും ചെയ്യുന്ന പതിവുണ്ട്. അതനുസരിച്ചാണ് യു.ഡി.എഫ്. കഴിഞ്ഞ അഞ്ച് വർഷം കെ.എസ്.ആർ.ടി.സി.-യെ കണ്ടത്. ഒരുകാലത്തും ആവശ്യപ്പെടാത്ത രൂപത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും കെ.എസ്.ആർ.ടി.സി.-യിൽ സൗജന്യയാത്ര പ്രഖ്യാപിച്ചത് അതിനെ തകർക്കാനാണ്. 16 ശതമാനം പലിശയ്ക്ക് കോടിക്കണക്കിന് രൂപ ഹ്രസ്വകാല വായ്പയെടുത്ത് ആ സ്ഥാപനത്തെ നശിപ്പിക്കാൻ തീരുമാനിച്ചു. ഷെഡ്യൂളുകളെല്ലാം താറുമാറാക്കി. 32 ലക്ഷത്തിൽ നിന്നും 27 ലക്ഷമായി കെ.എസ്.ആർ.ടി.സി. യാത്രക്കാരുടെ എണ്ണം കുറച്ചു. കെ.എസ്.ആർ.ടി.സി.-യെ വിശ്വാസമില്ലാത്ത നിലയിലേയ്ക്ക് ജനങ്ങൾ കാണാൻ തുടങ്ങി. ഈ സ്ഥിതിയിൽ നിന്നാണ്

എൽ.ഡി.എഫ്. ഗവൺമെന്റ് അതിനെ നേരായ വഴിക്ക് കൊണ്ടുവരാൻ ശ്രമിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷെഡ്യൂളുകളുടെ എണ്ണം 4400-ൽ നിന്നും 5200 ആക്കി വർദ്ധിപ്പിച്ചു. പ്രതിദിനം നാല് ലക്ഷം യാത്രക്കാരെയും കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് തിരിച്ചുകൊണ്ടുവന്നു. പ്രതിദിന വരുമാനം ഒരു കോടി രൂപ വർദ്ധിപ്പിച്ചു. പക്ഷെ ഈ നേട്ടമെല്ലാം ഡീസലിന്റെ വിലവർദ്ധനവിലൂടെ കേന്ദ്ര ഗവൺമെന്റും എണ്ണക്കമ്പനികളും കവർന്നെടുക്കുകയായിരുന്നു. ഭാവനാപൂർണ്ണമായ നടപടികളിലൂടെ കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റ് നല്ല തീരുമാനങ്ങളാണെടുത്തത്. വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ലഭിക്കുന്നില്ലെന്ന താണ് കെ.എസ്.ആർ.ടി.സി.-യുടെ ഏറ്റവും വലിയ പ്രശ്നം. കെ.എസ്.ആർ.ടി.സി. പെൻഷന്റെ കാര്യം അടിയന്തരമായി പരിഹരിക്കുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചുപോലെ അക്കാര്യം പരിഹരിച്ചു. ഇവിടത്തെ കേന്ദ്ര ഭരണകക്ഷി ഒരു കാലത്ത് കള്ളപ്പണക്കാരുടെ കേന്ദ്രമാണ് സഹകരണ മേഖലയെന്ന് വിളിച്ചു കൂവി, സഹകരണ മേഖലയെ പുച്ഛിച്ചു തള്ളിയതല്ലേ; ആ സഹകരണ മേഖല കണ്ണീർ വാർക്കുന്ന പാവപ്പെട്ട കെ.എസ്.ആർ.ടി.സി. തൊഴിലാളികളുടെ കണ്ണീരൊപ്പാൻ മുന്നോട്ടുവന്നു. 324 കോടി രൂപയാണ് പെൻഷൻ കൊടുക്കാനുള്ളത്. നിങ്ങൾക്ക് എത്ര പണം വേണമെന്നാണ് സഹകരണമേഖല ചോദിച്ചത്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി മുൻകയ്യെടുത്ത് 324 കോടി രൂപ സഹകരണ ബാങ്കുകളോട് ആവശ്യപ്പെട്ടു, ബാങ്കുകൾ പണം കൊടുത്തു. ഇപ്പോഴിതാ സഹകരണ ബാങ്കുകളുടെ സഹായത്തോടുകൂടി തൊഴിലാളികളുടെ കണ്ണീരൊപ്പാൻ കെ.എസ്.ആർ.ടി.സി. മുന്നോട്ടുവന്നു. അതാണ് സാഹോദര്യം, അതാണ് മറ്റുള്ളവരുടെ വേദന കാണുമ്പോൾ അവരെ സഹായിക്കാനുള്ള കേരളീയരുടെ മനസ്സ്. 5 കൊല്ലംമുമ്പ് പാവപ്പെട്ട ഈ തൊഴിലാളികളെ സഹായിക്കാനുള്ള മനസ്സ് യു.ഡി.എഫ്-നുണ്ടായോ? ഉണ്ടായില്ല എന്നതാണ് വിഷയം.

നമ്മുടെ രാജ്യത്ത് നടപ്പാക്കാൻ പോകുന്ന മോട്ടോർ വാഹന ഭേദഗതി ബില്ലിനെ സംബന്ധിച്ച് പറയുമ്പോൾ അത് വലിയ അപകടത്തിലേയ്ക്കാണ് പോകുന്നത്. ഇവിടെ അതോറിറ്റികൾ രൂപീകരിച്ചുകൊണ്ട് നിയമം നടപ്പാക്കുമെന്നാണ് പറയുന്നത്. ആ അതോറിറ്റി ജുഡീഷ്യൽ അധികാരത്തോടു കൂടിയതാണ്. ആ അതോറിറ്റിക്കെതിരായി വിധി പ്രഖ്യാപിച്ചാൽ അതിനെതിരെ കോടതിയിൽ പോകാൻപോലും കഴിയാത്ത സ്ഥിതിയിലേയ്ക്ക് അതോറിറ്റി രൂപീകരിക്കുന്നു. വാഹനാപകടങ്ങൾ ഉണ്ടായാൽ ഇൻഷ്വറൻസ് കമ്പനികൾ നഷ്ടപരിഹാരം കൊടുക്കുന്നതിനുപകരം ഡ്രൈവർ നഷ്ടപരിഹാരം കൊടുക്കണമെന്നാണ് പുതിയ നിയമത്തിൽ പ്രതിപാദിക്കുന്നത്. മാത്രമല്ല, ഏത് കമ്പനിയുടെ വാഹനമാണോ ഉടമസ്ഥൻ ഉപയോഗിക്കുന്നത് ആ കമ്പനിയുടെ തന്നെ സ്പെയർ പാർട്സുകൾ വാങ്ങിക്കണം, ആ കമ്പനിയുടെ തന്നെ

വർക്ക്ഷോപ്പിൽ പോയി റിപ്പയർ ചെയ്യണമെന്ന തരത്തിലുള്ള ജനവിരുദ്ധ നിബന്ധനകളാണ് ഈ ഓർഡിനൻസിലൂടെ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ട്രാൻസ്പോർട്ട് കോർപ്പറേഷനുകളെയെല്ലാം തകർക്കുന്നതിനുള്ള നടപടിയിലേയ്ക്കാണ് പോകുന്നത്. കോൺട്രാക്ട് ക്യാരേജുകളും സ്റ്റേജ് ക്യാരേജുകളും തമ്മിലുള്ള വ്യത്യാസം തന്നെ ഇല്ലാതായി. സംസ്ഥാനത്ത് കോൺട്രാക്ട് ക്യാരേജുകളോട് മത്സരിച്ചുവേണം കെ.എസ്.ആർ. ടി.സി.-യ്ക്ക് ജയിക്കാൻ. ആ നിയമം കൂടി വന്നാൽ കേരളത്തിന്റെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കഥ തീർന്നതുതന്നെ. റോഡിൽ കാൽനട യാത്രക്കാരെയും മോട്ടോർരഹിത വാഹനങ്ങളെയും നിയന്ത്രിക്കണമെന്നാണ് ഖണ്ഡിക 183-ൽ പറയുന്നത്. ആർ.ടി. ഓഫീസ് തന്നെ വേണ്ട; ലൈസൻസ് അവിടെ നിന്ന് കൊടുക്കേണ്ട എന്നാണ് പറയുന്നത്. ഇത്തരത്തിലുള്ള ജനവിരുദ്ധ മോട്ടോർ വാഹന ഭേദഗതി ബില്ലാണ് ലോക്സഭയിൽ അവതരിപ്പിച്ചത്. നമ്മുടെ കോൺഗ്രസ് സുഹൃത്തുക്കൾ ഇക്കാര്യത്തെ സംബന്ധിച്ച് ഖണ്ഡിതമായി ഒരഭിപ്രായവും പറഞ്ഞില്ല. ലോക്സഭ പ്രസ്തുത ബിൽ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് വിട്ടപ്പോൾ, പാർലമെന്റിൽ വരുന്നതിനെക്കാൾ കൂടുതൽ രൂക്ഷമായ വകുപ്പുകൾ എഴുതിച്ചേർത്ത് പിന്തിരിപ്പനായിട്ടുള്ളൊരു ബില്ലായി മാറി അത് രാജ്യസഭയിലേയ്ക്ക് വരികയാണ്. രാജ്യസഭയിലെങ്കിലും ഈ ബില്ലിനെ എതിർത്ത് തോൽപ്പിക്കാൻ തയ്യാറാകുമോയെന്നാണ് ബഹുമാനപ്പെട്ട കോൺഗ്രസ് സുഹൃത്തുക്കളോട് എനിക്ക് ചോദിക്കാനുള്ളത്. ഇത് അപകടരമായൊരു ബില്ലാണ്. കാർഷികമേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളുകൾ പണിയെടുക്കുന്ന മേഖലയാണ് മോട്ടോർ വാഹന മേഖല. ഈ മേഖലയിൽ ഇന്നത്തെ നിയമങ്ങൾ തീരെയില്ലാതാക്കി പുതിയ രൂപത്തിൽ ജനവിരുദ്ധ തീരുമാനങ്ങളുണ്ടായാൽ അത് രാജ്യത്തിനുതന്നെ അപകടകരമാകും. കോടിക്കണക്കിന് പാവപ്പെട്ട തൊഴിലാളികളുടെ വയറ്റത്താണടിക്കുന്നത്. കോൺഗ്രസ് സുഹൃത്തുക്കൾ ഇതുസംബന്ധിച്ച് ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ബില്ലിനെ എതിർക്കാൻ നിങ്ങൾ മുന്നോട്ടുവരണം.

കേരളത്തിൽ വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ ഇല്ലാതാക്കുന്നതോടൊപ്പം റോഡുകളുടെ പരിതാപകരമായ അവസ്ഥയ്ക്ക് മാറ്റം വരുത്തണം. ജംഗ്ഷനുകൾ പുനഃക്രമീകരിച്ചുകൊണ്ടുവരാൻ സാധിക്കണം. മദ്യപിച്ച് വാഹനമോടിക്കുക, പരിശീലനമില്ലാത്ത സ്ഥിതിയുണ്ടാവുക ഇതെല്ലാംകൂടി കണക്കിലെടുത്തുകൊണ്ട് മോട്ടോർ വാഹനവകുപ്പിന്റെയും എൻഫോഴ്സ്മെന്റ് വിംഗിന്റെയും ആഭ്യന്തര വകുപ്പിന്റെയും സംയുക്തപ്രവർത്തനം വിപുലമാക്കണം. പൊതുമരാമത്ത് വകുപ്പിനെക്കൂടി ഇതിൽ ഉൾപ്പെടുത്തണം. സംസ്ഥാന പാതകൾ, ജില്ലാ റോഡുകൾ, സിറ്റി റോഡുകൾ, ഡ്രെയിനേജുകൾ തുടങ്ങിയ ഇടങ്ങളിൽ ചില സാങ്കേതിക മാറ്റങ്ങളുണ്ടാക്കണം. ജ്യോമെട്രിക്കൽ ഇംപ്രൂവ്മെന്റ്, ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, മെയിന്റനൻസ് കോൺട്രാക്ട്, പാർക്കിംഗ് സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

സംസ്ഥാനത്ത് ഇപ്പോൾ ത്രിപുരയിലെ കാലാവസ്ഥയാണ്. ത്രിപുരയിൽ നടക്കുന്ന കാര്യങ്ങളെല്ലാം ഇപ്പോൾ ഇവിടെയും നടന്നുകൊണ്ടിരിക്കുകയാണ്. ഞാൻ ചോദിക്കുന്നു, ഈ ബി.ജെ.പി. പ്രേമം കോൺഗ്രസ്സിനെ എവിടെ കൊണ്ടെത്തിക്കും? ഇപ്പോൾ കോൺഗ്രസ്സിന് കണ്ണ് കാണാൻ വയ്യാതായിരിക്കുന്നു. വടകര-ബേപ്പൂർ മോഡൽ ഇവിടെ ജനങ്ങൾ പുച്ഛിച്ചുതള്ളിയപ്പോൾ, മറ്റൊരു രൂപത്തിലാണ് ബി.ജെ.പി. പ്രേമം കോൺഗ്രസ് സുഹൃത്തുക്കൾ കൊണ്ടുവരുന്നത്. കെട്ടിവച്ച കാശ് പോയാലും ശരി നേമത്ത് ബി.ജെ.പി.-യെ വിജയിപ്പിക്കുമെന്ന് പറഞ്ഞു. അങ്ങനെ വിജയിപ്പിക്കാൻ കോൺഗ്രസ് കച്ചകെട്ടിയിറങ്ങി. കേന്ദ്ര സർക്കാരിനെതിരായ വിമർശനങ്ങൾ കോൺഗ്രസ് കുറച്ചുകൊണ്ടുവന്നില്ലേ; ഇപ്പോൾ നിങ്ങൾക്ക് വിമർശനമുണ്ടോ; മണിപ്പൂരിലും ഗോവയിലും ഭൂരിപക്ഷമുണ്ടായിട്ടും കേന്ദ്രഭരണം ഉപയോഗിച്ച് ഗവൺമെന്റ് രൂപീകരിക്കാൻ സമ്മതിക്കാതെ വന്നില്ലേ; മിണ്ടിയോ; ശ്രീ. രാഹുൽഗാന്ധി അവിടെ ഉണ്ടായിരുന്നോ? അദ്ദേഹം ഇന്ത്യയിൽ തന്നെ യുണ്ടായില്ല. അവിടെ ഭരണം കിട്ടാതെ താറുമാറാകുമ്പോൾ, വിമർശിക്കാനും അതുമായി ബന്ധപ്പെട്ട് ഇടപെടാനും വരേണ്ട നേതാവ് വിദേശയാത്രയ്ക്ക് പോകുകയാണ് ചെയ്തത്. ഇതല്ലേ കോൺഗ്രസ് നേതാക്കളുടെ സ്ഥിതി?

ഗുജറാത്തിൽ വംശഹത്യ നടന്നപ്പോൾ ഒരു പ്രതിഷേധവും കോൺഗ്രസ് സുഹൃത്തുക്കളുടെ ഭാഗത്തുനിന്നുണ്ടായില്ല. കന്നുകാലിചന്ത ഓർഡിനൻസിന്റെ പേരിൽ നിരപരാധികളെ ആർ.എസ്.എസ്.-കാർ കൂട്ടത്തോടെ തല്ലിക്കൊന്നപ്പോൾ അതിൽ പ്രതിഷേധിക്കാൻ കോൺഗ്രസ്സിന് മനസ്സുവന്നില്ല. കോൺഗ്രസ് നോക്കി നിൽക്കുകയായിരുന്നു. ഉത്തരേന്ത്യയിൽ നൂറ് കണക്കിന് കർഷകർ ആത്മഹത്യ ചെയ്യുകയാണ്. കർഷകർക്കുവേണ്ടി ഒരു വാക്കുപോലും നിങ്ങൾ പറഞ്ഞില്ല. ആ പ്രതിഷേധത്തോടൊപ്പം അവരെയൊന്ന് സമാധാനിപ്പിക്കാൻ നിങ്ങളുടെ നേതാക്കളാരും പോയില്ല. ഇടതുപക്ഷ പാർട്ടി നേതാക്കൾ മാത്രമാണ് ഈ പാവപ്പെട്ട കൃഷിക്കാരുടെ ഒപ്പം നിന്നതും അവർക്കുവേണ്ടി മുദ്രാവാക്യം വിളിച്ചതും സമരത്തിൽ പങ്കെടുക്കാൻ സഹായിച്ചതും. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കർഷക സമരങ്ങൾ ആളിക്കത്തു കയാണ്. ഇപ്പോൾ മഹാരാഷ്ട്രയിൽ കർഷകരുടെ ലോംഗ് മാർച്ച് നടക്കുകയാണ്. പതിനായിരക്കണക്കിന് കൃഷിക്കാർ ആഴ്ചകളായി അവിടെ സമരം നടത്തുകയാണ്. ആ സമരത്തെ സംബന്ധിച്ച് എന്തെങ്കിലും നിങ്ങൾക്കറിയുമോ; ആ കർഷകരുടെ വേദന നിങ്ങൾക്കറിയുമോ? അവരുടെ വേദനകളിൽ പങ്കാളികളാകാൻ കോൺഗ്രസ് സുഹൃത്തുക്കൾ ഒന്നും ചെയ്യുന്നില്ല. നിങ്ങൾ ഒരു കാര്യം ഗൗരവമായി ചിന്തിക്കണം. ഇന്ത്യൻ പാർലമെന്ററി ഡെമോക്രസി മാത്രമല്ല, ഇന്ത്യയിലെ ജുഡീഷ്യറിയിൽ പോലും ഇവിടത്തെ ഭരണകക്ഷി ഇടപെടുന്നു. ഇന്ത്യയിൽ ആദ്യമായി ഉന്നത നീതിപീഠത്തിലെ നാല് ജസ്റ്റിസുമാർ പരസ്യമായി പത്രക്കാരെ വിളിച്ചുവരുത്തി ഭരണകൂട ഇടപെടലിന്റെ ഭീകരതയെ സംബന്ധിച്ച് വിശദമായി സംസാരിക്കുന്നു. ഒരക്ഷരംപോലും കോൺഗ്രസ് നേതാക്കൾക്ക് പറയാനില്ല. ജുഡീഷ്യറിയെപോലും

കുത്തിനോവിക്കുന്ന, വരുതിയിലാക്കാൻ ശ്രമിക്കുന്ന കേന്ദ്രഭരണത്തിനെതിരെ പ്രതിഷേധിക്കാൻപോലും കോൺഗ്രസ്സിന് കഴിഞ്ഞില്ല. ഇവിടെ നിങ്ങളുടെ സീറ്റ് 400-ൽനിന്ന് 40-ലേയ്ക്ക് കുറയാൻ ഇതുമതി. നിങ്ങളുടെ വളർച്ച പടവലങ്ങപോലെ താഴേയ്ക്കാണ്. ഞങ്ങൾ തിരിച്ചുവരുമെന്ന് ശ്രീ. എം. വിൻസെന്റ് പറഞ്ഞു. നിങ്ങൾക്ക് തിരിച്ചുവരാൻ കഴിയില്ല, കാരണം നിങ്ങൾ ജനവിരുദ്ധരാണ്. ജനങ്ങളുടെ മനസ്സിൽ കോൺഗ്രസ് ഇല്ല, കോൺഗ്രസ് മാഞ്ഞു പോയിരിക്കുന്നു. ജനങ്ങളുടെ താൽപ്പര്യങ്ങൾക്കുവേണ്ടി നിങ്ങൾ എന്തെങ്കിലും ചെയ്തോ? വീണുകിട്ടിയതുപോലെ കേരളത്തിൽ കോൺഗ്രസിന് ഒരു സംഭവം കിട്ടി, ഷുഹൈബ് വധക്കേസ്. ആ സംഭവം ദാരുണമാണ്. ഞങ്ങളതിൽ അപലപിക്കുന്നു. ആ കാര്യം സംബന്ധിച്ച് ഞങ്ങളുടെ ഖണ്ഡിതമായ അഭിപ്രായം ഇവിടെ നേതാക്കൾ വിശദീകരിച്ചു. ആ സമരത്തിൽ എന്താണുണ്ടായത്? ആഘോഷമാക്കി മാറ്റുകയല്ലേ ചെയ്തത്. അതല്ലേ കോൺഗ്രസ്സിന്റെ സംസ്കാരം. സമരപ്പന്തലിൽ ആഘോഷമാക്കുകയല്ലേ ചെയ്തത്. ആർ.എസ്.എസ്. നേതാക്കൾ പട്ടാപ്പകൽ സന്ദർശിക്കുന്ന സ്ഥിതിയല്ലേ വന്നത്. ആര് ആരുടെ കൂടെ എന്നത് വ്യക്തമാക്കു ന്നത് ആ സമരത്തിലുണ്ടായി.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...........

ശ്രീ. കെ. വി. വിജയദാസ്: സർ, പകൽ കോൺഗ്രസ്സും രാത്രി ആർ.എസ്.എസ്സും എന്ന നിലപാട് കോൺഗ്രസ് നേതാക്കൾ തിരുത്തണമെന്ന് ബഹുമാനപ്പെട്ട എ. കെ. ആന്റണി പറഞ്ഞു. അതെങ്കിലും നിങ്ങൾ കേൾക്കണം. ഇന്ത്യയിൽ ഇടതുപക്ഷം പരാജയപ്പെടുന്നത് ചിന്തിക്കാൻപോലും കഴിയില്ലെന്നാണ് രണ്ട് ദിവസങ്ങൾക്കുമുമ്പ് സംസ്ഥാനത്ത് വന്ന കോൺഗ്രസ് നേതാവ് ഡോ. ജയറാം രമേശ് പറഞ്ഞത്. ഇത് കോൺഗ്രസ്സുകാർ നൂറ് പ്രാവശ്യം ഇംപോസിഷൻ എഴുതി പഠിക്കണം. ഇവിടെ ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയുംകൂടെ പോകാനും അവരെ താലോലിക്കാനും അവർക്കുവേണ്ടി പ്രവർത്തിക്കാനും തയ്യാറാകുന്ന നിങ്ങളുടെ നയം തിരുത്തണം, എന്നാൽ മാത്രമേ നിങ്ങൾ നന്നാവൂ. ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ഡോ. എൻ. ജയരാജ്: സർ, കഴിഞ്ഞ ഇക്കണോമിക് റിവ്യൂവിൽ പറയുന്നത് സംസ്ഥാനത്ത് ഒരുവർഷം കൊണ്ടുണ്ടായ വാഹനത്തിന്റെ പെരുപ്പം എട്ട് ശതമാനത്തോളമാണെന്നാണ്. പൊതുഗതാഗതമേഖല ഇന്ന് അനുഭവിക്കുന്ന ഏറ്റവും വലിയ ബുദ്ധിമുട്ടുകളിലൊന്നാണിത്. എന്നാൽ നമ്മുടെ റോഡുകളെ സംബന്ധിച്ചിടത്തോളം നിലവിലുണ്ടായിരുന്ന അവസ്ഥയ്ക്ക് കാര്യമായ മാറ്റങ്ങളൊന്നും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ ഇന്ന് യാത്രകൾ വളരെയേറെ ബോറടിക്കുന്ന ഒരവസ്ഥയിലേയ്ക്ക് മാറുകയാണ്. ഓരോ ജംഗ്ഷനുകളിലും ചെല്ലുമ്പോൾ പലപ്പോഴും മണിക്കൂറുകളോളം കിടക്കേണ്ടിവരുന്ന അവസ്ഥ ഉണ്ടാകാറുണ്ട്. അടൂർ ഗോപാലകൃഷ്ണന്റെ 'സ്വയംവരം'

എന്ന ചിത്രത്തിന്റെ തുടക്കത്തിൽ കുറേസമയം ജീവിതത്തിന്റെ ബോറായ യാത്രയെക്കുറിച്ച് അദ്ദേഹം കാണിച്ചിരിക്കുന്നു. ആ ഒരു യാത്രയുടെ സ്വഭാവമാണ് യഥാർത്ഥത്തിൽ വരുന്നത്. നമ്മുടെ നാട്ടിലെ അമിതമായ വാഹനപ്പെരുപ്പത്തിന് കാര്യമായ ഇടപെടൽ ഉണ്ടായില്ലെങ്കിൽ പത്തുവർഷത്തിനുള്ളിൽ കേരളത്തിലെ നിരത്തുകളിലൂടെയുള്ള യാത്ര വളരെയേറെ ദുസ്സഹമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇപ്പോൾ ഒരു വീട്ടിൽ പ്രായപൂർത്തിയായ എല്ലാപേരുടെയും പേരിൽ ഓരോ വാഹനങ്ങൾ ഉണ്ടാകും. ഒരു വീട്ടിൽനിന്നും പല വാഹനങ്ങളിലായി ഇറങ്ങുമ്പോൾ പലപ്പോഴുമുണ്ടാകുന്ന congestion പൊതു ഗതാഗതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്.

ശ്രീ. കെ. വി. വിജയദാസ് സൂചിപ്പിച്ചതുപോലെ കെ.എസ്.ആർ.ടി.സി. വലിയ നഷ്ടത്തിലേയ്ക്ക് പോകുന്ന ഒരവസ്ഥയാണ്. ചർവിതചർവ്വണമായ പെട്ടെന്ന് ആര് വിചാരിച്ചാലും നന്നാക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. കേന്ദ്ര മോട്ടോർ നിയമം വരുന്നതോടുകൂടി ഭാവിയിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഏറ്റവും വലിയ ഭീഷണിയായി മാറാൻ പോകുന്നത് അതായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. സ്വകാര്യമേഖലയെ അമിതമായി പ്രോത്സാഹിപ്പിക്കുന്ന നിലപാടുകൾക്കെതിരെ തീർച്ചയായും എല്ലാവരുടെയും ഒറ്റക്കെട്ടായ ഇടപെടൽ ഉണ്ടായില്ലെങ്കിൽ മോട്ടോർ മേഖലയിലെ പൊതുസ്ഥാപനങ്ങൾ ഉൾപ്പെടെ ഇന്ത്യയിലെ പൊതു സ്ഥാപനങ്ങൾ ആ രംഗത്ത് നിന്നും അപ്രത്യക്ഷമാകുന്ന അപകടകരമായൊരു അവസ്ഥയുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ ആർക്കും എവിടെയും പെർമിറ്റ് വാങ്ങി വാഹനം ഓടിക്കാൻ കഴിയുന്ന അവസ്ഥയിൽ എത്തുമ്പോൾ അതുണ്ടാക്കുന്ന ഏറ്റവും വലിയകാര്യം യാത്രാനിരക്ക് വർദ്ധനവ് മാത്രമല്ല, കെ.എസ്.ആർ.ടി.സി. പോലുള്ള സ്ഥാപനങ്ങൾക്ക് വളരെ ഭീഷണിയുണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടത്തിന് പല കാരണങ്ങളുണ്ട്. പ്രത്യേകിച്ച് അതിൽ ഗവേഷണം നടത്തേണ്ട കാര്യമില്ല. വരവും ചെലവും തമ്മിലുള്ള അന്തരമാണ് കെ.എസ്.ആർ.ടി.സിയുടെ നഷ്ടത്തിന് പ്രധാന കാരണം. ഇത് സംബന്ധിച്ച് കുറെയേറെ റിപ്പോർട്ടുകൾ പുറത്തുവന്നെങ്കിലും ഇത്രയും കാലമായി ഒന്നും കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

ശബരിമല അവലോകന സമയത്ത് ജനപ്രതിനിധികളെന്ന നിലയിൽ ഞങ്ങളെയൊക്കെ വിളിക്കാറുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടത്തിന്റെ കാര്യം പറയുമ്പോൾ ഞാൻ ഓർക്കുന്ന ഒരു കാര്യമുണ്ട്. ഒരു ഘട്ടത്തിൽ പരമ്പരാഗതമായ ശബരിമലപ്പാത കോട്ടയം-മണിമല വഴിയുള്ളതായിരുന്നു. ശബരിമലയ്ക്ക് ഏറ്റവും ദൈർഘ്യം കുറഞ്ഞ റൂട്ടാണത്. ഏതാണ്ട് 12 കിലോമീറ്ററോളം കുറവാണ്. ആ വഴി കെ.എസ്.ആർ.ടി.സി. ബസ് ഓടിക്കണമെന്നു പറഞ്ഞാൽ റോഡ് മുഴുവൻ വളഞ്ഞ വഴികളാണെന്നാണ്

അധികൃതർ പറയുന്നത്. ഞാൻ പലപ്പോഴും ഓർക്കാറുണ്ട്, ശബരിമലയിലേക്കുള്ള യാത്ര ഹൈവേപോലെ നീണ്ടുകിടക്കുന്ന ഏതോ വഴിയിലൂടെയാണ്. ശരാശരി 12 കിലോമീറ്റർ നഷ്ടത്തിലാണ് വർഷങ്ങളായി ഇത് ഓടുന്നത്. എന്തുവന്നാലും ഇതിൽ മാറ്റമുണ്ടാവുകയില്ല. 2014-ലെ ശബരിമല തീർത്ഥാടന കാലത്ത് ഏതാണ്ട് 49 ഇൻസ്പെക്ടർമാരാണ് വാഹനങ്ങൾ ചെക്ക് ചെയ്യാൻ അവിടെയുണ്ടായിരുന്നത്. ഏതായാലും ശബരിമല തീർത്ഥാടനത്തിന് വരുന്ന അയ്യപ്പന്മാർ കള്ളടൈയിനോ കള്ളവണ്ടിയോ കയറി വരുമെന്ന് എനിക്ക് തോന്നുന്നില്ല. ഇത്രയും പേരുടെ അദ്ധ്വാനംകൊണ്ട് 61 ദിവസം നടത്തിയ ശ്രമഫലമായി കിട്ടിയത് മൂന്ന് കേസ്സുകളാണ്. 1500 രൂപയാണ് കെ.എസ്.ആർ.ടി. സി.-ക്ക് കിട്ടിയ ലാഭം. ഈ 49 പേരുടെയും അദ്ധ്വാനം വെറുതെ ചെലവഴിച്ച എന്നമാത്രമേയുള്ളൂ. സ്വാഭാവികമായും ഇൻസ്പെക്ഷൻ വേണ്ടേ എന്ന് ചോദിക്കാം. പക്ഷേ ഞാൻ പറഞ്ഞത് ഇങ്ങനെയുള്ള ചെറിയ ചെറിയ കാര്യങ്ങളിൽപ്പോലും പലപ്പോഴും കാണിക്കുന്ന അവധാനത കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ചിട ത്തോളം വളരെ പ്രധാനപ്പെട്ടതാണ്. നഷ്ടമാണ് എന്നുപറയുമ്പോൾ നഷ്ടത്തിന്റെ പ്രധാനപ്പെട്ട കാര്യങ്ങൾ കണ്ടെത്താൻ കഴിയണം. ബസ്ചാർജ് വർദ്ധിപ്പിക്കുന്നത് എക്കാലത്തും കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്താനാണെന്നാണ് പറയുന്നത്. തൊട്ടടുത്തുള്ള സംസ്ഥാനത്ത് 2001 മുതൽ 2018 വരെ മൂന്ന് പ്രാവശ്യം ബസ് ചാർജ് വർദ്ധിപ്പിച്ചപ്പോൾ നമ്മുടെ സംസ്ഥാനത്ത് 9 പ്രാവശ്യമാണ് വർദ്ധിപ്പിച്ചത്. അതു കൊണ്ടൊന്നും ഈ പ്രസ്ഥാനത്തെ അത്ര എളുപ്പത്തിൽ രക്ഷപ്പെടുത്താൻ കഴിയുകയില്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഏതായാലും അങ്ങയോട് ഒരു കാര്യം ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്, നഷ്ടം നികത്താൻ കഴിഞ്ഞി ല്ലെങ്കിലും, ഏറ്റവും പ്രൈം ആയിട്ടുള്ള കേരളത്തിലെ പ്രോപ്പർട്ടി കിടക്കുന്നത് കെ.എസ്.ആർ.ടി.സി.-യിലാണ്. അത് നല്ല നിലയിൽ ഉപയോഗിക്കാൻ നമുക്ക് കഴിയണം. പണിതതിനെക്കുറിച്ച് നമുക്കറിയാം. അതിന്റെയെല്ലാം നഷ്ടക്കണ ക്കുകളല്ലാതെ യഥാർത്ഥത്തിൽ വളരെ നല്ല പ്ലാനിംഗോടുകൂടി പ്രൈം ആയിട്ടുള്ള പ്രദേശങ്ങൾ കണ്ടെത്തി അത് ഉപയോഗപ്രദമാക്കാൻ കഴിഞ്ഞാൽ നമുക്ക് അസറ്റ് ഡെവലപ് ചെയ്യാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അത്തരം ചില കാര്യങ്ങൾ ഇക്കാര്യത്തിൽ തീർച്ചയായിട്ടുമുണ്ടാകണം.

4-1-2018-ൽ കൂടിയ എസ്.റ്റി.എ. ബോർഡ് യോഗത്തിന്റെ മിനിട്ട്സ് പുറത്തുവന്നിട്ടുണ്ട്. അതിൽ പറയുന്ന കാര്യങ്ങൾ ഒരു വിധത്തിലും മനസ്സിലാകു ന്നില്ല. സാധാരണ ഫാസ്റ്റ് പാസഞ്ചർ ബസ്സിന് ഒരു കിലോമീറ്റർ യാത്ര ചെയ്യാൻ 2 മിനിട്ടും ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറിക്ക് 1.45 മിനിട്ടുമാണ് കൊടുത്തിരിക്കുന്നത്. കോട്ടയം മേഖലയിൽ 1.45 മിനിട്ട് സമയം കൊടുത്തുകഴിഞ്ഞാലുണ്ടാകുന്ന പ്രശ്നം;

ഇത് പ്രൈവറ്റ് മേഖലയുമായി കോമ്പറ്റീഷൻ കൂടിയ ഒരു മേഖലയാണത്. 1.45 മിനിട്ടാണ് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി വാഹനങ്ങൾക്ക് കൊടുത്തിട്ടുള്ള സമയം. ഇതിൽ അനോമലി ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങ് തീർച്ചയായും അത് പരിശോധിക്കണം. കാരണം, കൂടുതൽ congestion റോഡിലുണ്ടാക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനപ്പുറം ഇതുകൊണ്ട് കാര്യമായ പ്രയോജനമുണ്ടാകുകയില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പലയാളുകളോടും ഞാൻ ചോദിച്ച് മനസ്സിലാക്കിയ ഒരു കാര്യമാണ്. അതുകൊണ്ട് 4-1-2018-ലെ എസ്.റ്റി.എ. ബോർഡ് മീറ്റിംഗുമായി ബന്ധപ്പെട്ട മിനിട്ട്സ് തീർച്ചയായും പരിശോധിക്കണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്.

പൊതുഗതാഗത രംഗത്ത് ഗൗരവമായ പഠനങ്ങൾ നടത്തി അതിനെ കൂടുതൽ പ്രോത്സാഹിപ്പിക്കാനുള്ള നടപടികളുണ്ടാകുകയും യാത്രകൾ കുറെക്കൂടി സുഖകരമാക്കുന്ന അവസ്ഥയുണ്ടാകുകയും വേണം. പാലാ-പൊൻകുന്നം റോഡ് നിർമ്മിച്ചിട്ട് രണ്ടുവർഷം പോലുമായില്ല. 18 മരണമാണ് അവിടെയുണ്ടായത്. നാറ്റ്പാക് ഉൾപ്പെടെ പരിശോധന നടത്തി യാതൊരു കുഴപ്പവുമില്ലെന്ന് പറഞ്ഞതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യമായ പ്രവർത്തനങ്ങൾ നടത്തുന്നില്ല. സംസ്ഥാനത്ത് റോഡ് സേഫ്റ്റി അതോറിറ്റിയുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം കോടിക്കണക്കിന് രൂപ റോഡ് സേഫ്റ്റി അതോറിറ്റിയുമായി ബന്ധപ്പെട്ട് ഇപ്പോഴും ചെലവഴിക്കാതെ കിടക്കുന്നുണ്ട്. റോഡുകളുടെ സുരക്ഷയ്ക്കുവേണ്ട നടപടികൾ സ്വീകരിക്കാനാവശ്യമായ ക്രമീകരണ ങ്ങളുണ്ടാകണം. റോഡുകളുടെ നിർമ്മാണ ഘട്ടത്തിൽ കാൽനടയാത്രക്കാരെ നമ്മൾ ഒരിക്കലും പരിഗണിക്കാറില്ല. അതുകൊണ്ട് തീർച്ചയായും ഇക്കാര്യങ്ങളൊക്കെ പരിഗണിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. കെ.എസ്.ആർ.ടി.സി.-യിലുണ്ടായ പ്രതിസന്ധി കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിന്റെ സൃഷ്ടിയല്ല. അതിൽ കേരളം ഭരിച്ച എല്ലാ സർക്കാരുകൾക്കും ഏറിയും കുറഞ്ഞും പങ്കുണ്ട്. 'പ്രതിസന്ധി' എന്നുപറഞ്ഞ് സമയം കളയാനല്ല ഈ സർക്കാർ ഉദ്ദേശിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യെ സമഗ്രമായി പുനരുദ്ധരിക്കാനുള്ള ഒരു ശ്രമമാണ് ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കെ.എസ്.ആർ.ടി.സി.-യെ സമ്പൂർണ്ണമായും കയ്യൊഴിയുകയായിരുന്നു. എന്നാൽ സർക്കാർ പിന്തുണയോടെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുക എന്ന ഒരു ഭഗീരഥ പ്രയത്നത്തിനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതൃത്വം നൽകുന്നത്. യു.ഡി.എഫ്. സർക്കാരിന് പൊതുമേഖലയോട് അലർജിയായിരുന്നു. ഈ രാജ്യത്ത് പൊതുമേഖല കൊണ്ടുവന്നത് കോൺഗ്രസ്

സർക്കാരാണ്; മഹാനായ ജവഹർലാൽ നെഹ്റുവാണ്. അദ്ദേഹത്തെ അതിന് പ്രചോദിപ്പിച്ചത് മഹത്തായ സോവിയറ്റ് റഷ്യയായിരുന്നു. അദ്ദേഹം പൊതുമേഖലാ സ്ഥാപനങ്ങളെ വിശേഷിപ്പിച്ചത് ഈ രാജ്യത്തിന്റെ ക്ഷേത്രങ്ങൾ എന്നാണ്. എന്നാൽ കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മരണവാറണ്ട് നൽകുന്ന അങ്ങേയറ്റം വിനാശകരമായ നയങ്ങളായിരുന്നു കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിരുന്നത്. യു.ഡി.എഫ്. സർക്കാർ അഞ്ച് വർഷം കൊണ്ട് കൊടുത്ത തുക രണ്ട് വർഷം കൊണ്ട് കെ.എസ്.ആർ.ടി.സി.-ക്ക് നൽകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാങ്ക് കൺസോർഷ്യവുമായി ഉണ്ടാക്കിയിട്ടുള്ള എഗ്രിമെന്റിന്റെ ഭാഗമായി എടുത്ത വായ്പ ദീർഘകാല വായ്പയാക്കി മാറ്റി പലിശനിരക്ക് കുറച്ചുകൊണ്ടുവന്നു. കെ.എസ്.ആർ. ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി കുറയ്ക്കാനുള്ള നീക്കമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യിൽ കുറെയാളുകൾക്ക് കോടതി ഇടപെടലിന്റെ ഭാഗമായി അഡ്വൈസ് മെമ്മോ കൊടുത്തിട്ടുണ്ട്. ആ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാനുള്ള സത്വരനടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കേരളത്തിന്റെ വികസനത്തിന് വൻകുതിപ്പുണ്ടാക്കുന്ന ഒരു എയർപോർട്ടാണ് കണ്ണൂർ എയർപോർട്ട്. 1996-ലാണ് സമാധാനത്തിന്റെ അപ്പോസ്തലൻ, ആ എയർപോർട്ടിനുവേണ്ടി ആദ്യമായി ശബ്ദമുയർത്തിയത്. കണ്ണൂർ എയർപോർട്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കുഞ്ഞാണെന്ന് പറയാൻ ഞങ്ങൾക്ക് ഏറെ അഭിമാനമുണ്ട്. കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ഇ. കെ. നായനാർ 1996-ൽ മുഖ്യമന്ത്രിയായിരുന്നപ്പോൾ ദേവഗൗഡ സർക്കാരിൽ സമ്മർദ്ദം ചെലുത്തിയാണ് അന്ന് കേരളത്തിൽ ഒരു എയർപോർട്ട്കൂടി തത്വത്തിൽ അംഗീകരിപ്പിച്ചത്. ആ കാര്യം എയർപ്പോർട്ടിന്റെ ഉദ്ഘാടന ചടങ്ങിൽ കർണ്ണാടകത്തിലെ പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനായിട്ടുള്ള ശ്രീ. സി. എം. ഇബ്രാഹിം എടുത്തു പറഞ്ഞിട്ടുണ്ട്. പിന്നീട് വന്ന യു.ഡി.എഫ്. സർക്കാർ എന്താണ് ചെയ്തത്? 1996-ൽ എൽ.ഡി.എഫ്. സർക്കാർ ഒഴിയുമ്പോൾ സ്ഥലം അക്വയർ ചെയ്യാനും വിമാന ത്താവളത്തിന്റെ നടപടിക്രമങ്ങൾ ത്വരിതഗതിയിൽ ആക്കാനും കണ്ണൂർ കളക്ടറേറ്റിൽ ഒരു ഓഫീസ് തുടങ്ങിയിരുന്നു. പക്ഷേ പിന്നീട് വന്ന ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാർ ആ ഓഫീസ് പൂട്ടി. 2006-ൽ വന്ന സർക്കാരാണ് യുദ്ധകാലാടിസ്ഥാനത്തിൽ മാതൃകാപരമായി ആ എയർപോർട്ടിന് സ്ഥലമേറ്റെടുത്തത്. സ്ഥലമേറ്റെടുക്കൽ എന്നുപറഞ്ഞാൽ അത് വലിയൊരു പ്രയത്നമാണ്. പക്ഷേ ഒരാൾക്കും പരിഭവമില്ലാത്ത വിധത്തിൽ ആ എയർപോർട്ടിന് ഭൂമിയേറ്റെടുക്കാൻ ഇടതുപക്ഷ സർക്കാരിന് കഴിഞ്ഞു. പിന്നീട് വന്ന യു.ഡി.എഫ്.

സർക്കാർ എന്താണ് ചെയ്തത്; വിമാനത്താവളത്തിന്റെ കാര്യങ്ങളെല്ലാം അനിശ്ചിതാവസ്ഥയിലാക്കി. ശ്രീ. വി. എസ്. അച്യുതാനന്ദൻ തറക്കല്ലിട്ടു. വീണ്ടും കേരളത്തിലെ മുഖ്യമന്ത്രിയായ ശ്രീ. ഉമ്മൻ ചാണ്ടിയെ കൊണ്ടുവന്ന് അവിടെ തറക്കല്ലിടൽ മാമാങ്കം നടത്തി. അഞ്ച് വർഷം കിട്ടിയിട്ടും എയർപോർട്ടിന്റെ 40 ശതമാനം വർക്കുപോലും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. പക്ഷേ ഈ സർക്കാർ വന്ന് രണ്ട് വർഷം കഴിയുമ്പോൾ ഇന്ത്യയിലെ ഏറ്റവും മികച്ച എയർപോർട്ടായി ആ എയർപോർട്ട് ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. കേരളത്തിലെ മാത്രമല്ല, ഇന്ത്യയിലെ വൻകിട എയർപോർട്ടുകളിൽ ഒന്നായി നമ്മുടെ എയർപോർട്ട് മാറാൻ പോകുന്നു. ഒരു ഇന്റർനാഷണൽ ഹബ്ബാക്കി ഈ എയർപോർട്ടിനെ മാറ്റണമെന്നാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ ആഗ്രഹി ക്കുന്നത്. 4000 മീറ്റർ റൺവേ അവിടെയുണ്ടാക്കാൻ പോകുകയാണ്. അതിനുള്ള സ്ഥലമേറ്റെടുപ്പ് വളരെ തകൃതിയായി നടന്നുകൊണ്ടിരിക്കുകയാണ്.

കേരളത്തിന്റെ ബഹുമാന്യനായ മുൻമുഖ്യമന്ത്രിയും കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയംഗവുമായിരുന്ന ശ്രീ. എ. കെ. ആന്റണി കോൺഗ്രസ്സിന്റെ ക്യാംപ് ഉദ്ഘാടനവേളയിൽ പറഞ്ഞത്, പകൽ കോൺഗ്രസ്സും രാത്രി ബി.ജെ.പി.യുമാകുന്ന ഈ ഏർപ്പാട് കോൺഗ്രസ്സുകാർ നിർത്തിയാൽ മാത്രമേ കേരളത്തിലെ കോൺഗ്രസ് രക്ഷപ്പെടുകയുള്ളൂ എന്നാണ്. പക്ഷേ അതിലൊരു ചെറിയ തിരുത്ത് ഞാൻ നിർദ്ദേശിക്കുകയാണ്. ഇപ്പോൾ പകൽ ആർ.എസ്.എസ്.-ഉം രാത്രി കോൺഗ്രസ്സുമാകുന്ന അവസ്ഥയിലേക്ക് കേരളത്തിലെ കോൺഗ്രസ്സുകാർ മാറിയിരിക്കുകയാണ്. അതിന്റെ ഡ്രസ്സ് റിഹേഴ്സലാണ് കണ്ണൂരിൽ കണ്ടത്. സമാധാന ത്തിന്റെ അപ്പോസ്തലനായ 'സുധാകര ഗാന്ധി' നിരാഹാരം കിടക്കുമ്പോൾ അവിടെ കൂട്ട നിന്നത് ആരാണ്; കോൺഗ്രസ് നേതാക്കന്മാരെക്കാൾ കൂട്ട നിന്നത് ആർ.എസ്.എസ്./ബി.ജെ.പി. നേതാക്കന്മാരാണ്. കണ്ണൂരിൽ ഒരു മാസം മുമ്പ് ഒരു എ.ബി.വി.പി. പ്രവർത്തകൻ നിഷ്ഠൂരമായ രീതിയിൽ കൊലചെയ്യപ്പെട്ടു. പക്ഷേ, അവിടെ പോകാൻ ആർ.എസ്.എസ്. നേതാക്കൾക്ക് സമയമില്ല. കേന്ദ്ര മനുഷ്യാവകാശ കമ്മീഷനോ ബി.ജെ.പി.-യുടെ എം.പി.-മാരോ സംസ്ഥാന നേതാക്കളോ ആർ.എസ്.എസ്.-ന്റെ വടിവാൾജിമാരോ ആ വഴിക്ക് പോയില്ല. പക്ഷേ കോൺ ഗ്രസ്സിന്റെ സമരത്തിന് പിന്തുണയർപ്പിക്കാനും പ്രോത്സാഹനമേകാനും അവിടെ ലജ്ജയില്ലാതെ കൂട്ട നിൽക്കുന്ന ആർ.എസ്.എസ്./ ബി.ജെ.പി. നേതാക്കന്മാരെ നമ്മൾ കണ്ടു. ഇതെന്താണ് കാണിക്കുന്നത്?

ആർ.എസ്.എസ്.-ൽ ചേർന്നിട്ടായാലും സി.പി.ഐ.(എം)-നെ നേരിടുമെന്ന് കെ.പി.സി.സി. നിയോഗിച്ച ആറ് വക്താക്കളിൽ ഒരാളായ ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ കഴിഞ്ഞ ദിവസം ടി. വി. ചർച്ചയ്ക്കിടെ പറയുകയുണ്ടായി. അപ്പോൾ കോൺഗ്രസിന് മഹാത്മാഗാന്ധിയുമായുള്ള ബന്ധം അദ്ദേഹത്തിന്റെ ഘാതക

രുമായുള്ള ബന്ധമായി മാറിയിരിക്കുന്നുവെന്നല്ലേ ഇത് കാണിക്കുന്നത്. ഇന്നലെ ബഹുമാനപ്പെട്ട പേരാവൂർ അംഗം പ്രസംഗിച്ചപ്പോൾ മരണപ്പെട്ട കോൺഗ്രസു കാരുടെ ചില ലിസ്റ്റുകൾ പറഞ്ഞു. ഞാൻ ചോദിക്കട്ടെ, ചില പേരുകൾ എന്താണ് അദ്ദേഹം വിട്ടുപോയത്? ആർ.എസ്.എസ്.-കാർ അരുംകൊലചെയ്ത കോൺഗ്രസ് നേതാവായ കാഞ്ഞിലേരിയിലെ കേരളം കണ്ട ഏറ്റവും മികച്ച അത്‌ലറ്റായ സത്യന്റെ പേര് എന്താണ് മറന്നുപോയത്? മറന്നുപോയതല്ല, അത് മറച്ചുവച്ചതാണ്. ഇതാണ് പ്രശ്നം. ത്രിപുര തെരഞ്ഞെടുപ്പിനുശേഷം ഒരു യുവകോൺഗ്രസ് എം.എൽ.എ.-യുടെ പോസ്റ്റ് കണ്ടു. എന്താണെന്നറിയുമോ; സി.പി.ഐ.(എം)-ന്റെ അക്രമോത്സുകതയ്ക്ക് അതേ നാണയത്തിൽ തിരിച്ചടി നൽകുക, അവരിലേയ്ക്ക് ചായുകയെന്നല്ലാതെ അവർക്ക് മറ്റ് മാർഗ്ഗമില്ലാത്ത ഗതികേടാണ് വന്നിരിക്കുന്നത്. അദ്ദേഹം ഈ കാര്യങ്ങളൊന്ന് പഠിക്കണം.

നോർത്ത്-ഈസ്റ്റ് മണിപ്പൂരിൽ ഒരു സമരം നടന്നിരുന്നു. പതിറ്റാണ്ടുകളായി ഒരു സ്ത്രീ നിരാഹാരസമരം കിടന്നിരുന്നു. അതവിടെയുള്ള ആംഡ് ഫോഴ്സസ് സ്പെഷ്യൽ പവേഴ്സ് ആക്ട് എന്നുപറയുന്ന ഭീകര-കിരാത നിയമം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടാണ്. നോർത്ത്-ഈസ്റ്റിൽ ഈ പറയുന്ന നിയമം സമ്പൂർണ്ണമായി പിൻവലിച്ച ഒരു സംസ്ഥാനം മാത്രമേയുള്ളൂ. ആ സംസ്ഥാനത്തിന്റെ പേര് 25 വർഷം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ച ത്രിപുരയാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട യുവ എം.എൽ.എ. ഒന്ന് മനസ്സിലാക്കുന്നത് നന്നായിരിക്കും. മറ്റൊരു പോസ്റ്റ് ത്രിപുരയിൽ ലെനിന്റെ ശില്പം തകർക്കപ്പെടേണ്ടത് തന്നെയാണെന്ന മട്ടിലുള്ളതാണ്. ചില കോൺഗ്രസ് നേതാക്കന്മാർ ഇപ്പോൾ സംഘ്പരിവാർ നടപടികളെ ന്യായീകരിച്ചുകൊണ്ട് വന്നിരിക്കുകയാണ്. ഇത് ഞെട്ടിപ്പിക്കുന്നതാണ്; അത്ഭുതമുളവാക്കുന്ന ഒരു കാര്യമാണിത്. നിങ്ങൾ എ.കെ.ജി.-യുടെ ആത്മകഥ വായിക്കേണ്ട, ഏറ്റവും ചുരുങ്ങിയത് നെഹ്റുവിന്റെ പുസ്തകമെങ്കിലും വായിച്ചിരിക്കണമെന്നാണ് ഞങ്ങൾക്ക് അവരോട് പറയാനുള്ളത്. ഇന്ദിരാഗാന്ധിക്ക് ജവഹർലാൽ നെഹ്റു അയച്ച ഒരു കത്തുണ്ട്, 'ഒരച്ഛൻ മകൾക്കയച്ച കത്ത്'. അതിൽ പറയുന്ന ഒരു വാചകമുണ്ട്. അത് എന്താണെന്ന് അറിയാമോ; "മകളെ, നീ സൗഭാഗ്യവതിയാണ്, നീ ജനിച്ചത് ഒക്ടോബർ വിപ്ലവത്തിന്റെ നാളുകളിലാണ്" എന്നാണ്. മാത്രമല്ല, സോഷ്യലിസത്തെക്കുറിച്ച് എന്താണ് മഹാനായ നെഹ്റു പറഞ്ഞത്; കോൺഗ്രസ് നേതാക്കൾക്ക് അതറിയാത്തതുകൊണ്ടല്ല, മുൻനിര നേതാക്കൾക്ക് അതറിയാം. ഇതറിയുന്ന നല്ല നേതാക്കളും മതനിരപേക്ഷവാദികളും അവിടെ ഇരിക്കുന്നുണ്ട്. പക്ഷെ ചില യുവ സാമാജികരെ ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. 'I am convinced that the only key to the solution of the world's problems and of India's problems lies in socialism.' എന്നാണ്. 'Socialism is, however,

something even more than an economic doctrine; it is a philosophy of life.' ഇതൊരു സാമ്പത്തികപ്രമാണം മാത്രമല്ല, ഇത് യഥാർത്ഥത്തിൽ ജീവിതത്തിന്റെ ദർശനമാണെന്ന് പറഞ്ഞത് മഹാനായ ജവഹർലാൽ നെഹ്റുവാ ണെന്ന് അത്തരം യുവ സാമാജികന്മാർ മനസ്സിലാക്കുന്നത് നന്നായിരിക്കും. ലെനിനെയും അതുപോലെ മഹാന്മാരെയും അവഹേളിക്കുന്നവരെ ചില കാര്യങ്ങൾ ഓർമ്മപ്പെടുത്താനുണ്ട്. ബ്രിട്ടീഷുകാർ കൊള്ളയടിച്ച് കടന്നുപോയ രാജ്യത്തെ, എല്ലാ അർത്ഥത്തിലും സഹായിച്ചത് ലെനിൻ നിർമ്മിച്ച, നിങ്ങൾ ഫാസിസത്തിന് സമമാണെന്നുപറഞ്ഞ് ആക്ഷേപിക്കുന്ന, കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്താൽ പ്രചോദിതമായ സോവിയറ്റ് റഷ്യയാണെന്ന കാര്യം നിങ്ങൾ ഓർക്കണം. ഇതൊക്കെ മനസ്സിലാകണമെങ്കിൽ ചരിത്രം പഠിക്കണം. "എന്തു നേടിയെന്നറിഞ്ഞില്ല ഇന്നിലും തലമുറ, എന്ത് നഷ്ടപ്പെടുവാനുണ്ടെന്നറിയണം" എന്നാണ്. എന്ത് നേടിയെന്ന് അറിയണമെങ്കിൽ ആദ്യം ചരിത്രബോധമുണ്ടാകണം. 1970-ൽ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായപ്പോൾ ലെനിന്റെ സ്റ്റാമ്പ് ഇറക്കി. ആ സ്റ്റാമ്പ് ഇറക്കുന്നതുമായി ബന്ധപ്പെട്ട് അവർ നടത്തിയ ഒരു സ്റ്റേറ്റ്മെന്റുണ്ട്. അത് ഫെയ്സ്ബുക്കുകാർക്ക് ഗൂഗിളിൽ സെർച്ച് ചെയ്താൽ കിട്ടും. അതൊന്ന് വായിക്കാൻ സമയം കണ്ടെത്തണം.

ഇന്ത്യയുടെ വ്യാവസായികവൽക്കരണം ഇന്നത്തെ രൂപത്തിൽ സാധ്യമായിട്ടുണ്ടെങ്കിൽ നാം കടപ്പെട്ടിരിക്കുന്നത് സോവിയറ്റ് യൂണിയനോടാണ്. നിർലോഭമായ വിധത്തിൽ ഇന്ത്യയെ സഹായിച്ചത്, മെറ്റലർജിക്കൽ കോംപ്ലക്സ്, ഭിലായി, വിശാഖപട്ടണം, ബൊക്കാറോ ഇതൊക്കെ ആരുടെ സഹായത്തിലാണ്? ഈ ബഹുമാനപ്പെട്ട അംഗങ്ങൾ ഒന്ന് മനസ്സിലാക്കണം, നെയ്‌വേലി തെർമൽ പവർ സ്റ്റേഷൻ ആരുടെ സഹായത്താലാണ് രാജ്യത്ത് പടുത്തുയർത്തിയത്; അതുപോലെ കോർബോ ഇലക്ട്രോ മെക്കാനിക്കൽ എന്റർപ്രൈസസ്, ഋഷികേശിലെ ആന്റിബയോട്ടിക് പ്ലാന്റ്, ഹൈദരാബാദിലെ ഫാർമസ്യൂട്ടിക്കൽ പ്ലാന്റ്; ഇന്ത്യയുടെ ആദ്യത്തെ ഉപഗ്രഹമായ ആര്യഭട്ട വികസിപ്പിച്ചെടുക്കാൻ ആവശ്യമായ സാങ്കേതിക സഹായം, വൈജ്ഞാനിക സഹായം എന്നിവ നൽകിയ രാജ്യമേത്; അത് സോവിയറ്റ് യൂണിയനാണ്. 1975-ൽ ആര്യഭട്ട വിക്ഷേപിച്ചത് യു.എസ്.എസ്.ആർ.-ന്റെ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിൽ നിന്നാണ്. ഇന്ത്യയുടെ ആദ്യത്തെ ബഹിരാകാശ സഞ്ചാരിയായ രാകേഷ് ശർമ്മ ബഹിരാകാശത്തേയ്ക്ക് പോയത് ഏത് രാജ്യത്തിന്റെ പേടകത്തിലാണ്? വിവരമില്ലായ്മ ഒരു തെറ്റല്ല. പക്ഷെ, വിവരക്കേട് ഒരു അലങ്കാരമായി കൊണ്ടുനടക്കരുത്. ചരിത്രത്തെ പരിഹസിക്കുന്നവരോടും മഹാന്മാരായ നേതാക്കളുടെ സമ്പന്നമായ ഭൂതകാലത്തേയ്ക്ക് വിവരക്കേടിന്റെ ചെളിവാരിയെറിയുന്ന ബഹുമാന്യരായ നിയമസഭാംഗങ്ങളോടും ഞങ്ങൾക്ക് ഒരു കാര്യം മാത്രമേ പറയാനുള്ളൂ. നിങ്ങൾ കോൺഗ്രസുകാർ ചരിത്രം പഠിക്കണം.

ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഇവിടെയില്ല. പക്ഷെ, പരിണിതപ്രജ്ഞനായ രാഷ്ട്രീയത്തിൽ അതികായനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ തൊട്ടുപുറകിൽ ഇരിക്കുന്നുണ്ട്. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രീ. രമേശ് ചെന്നിത്തലയോട് പറയണം, ഈ യുവ സാമാജികരായ അപക്വമതികളെ നെയ്യാറിൽ ആരംഭിച്ച പഠനകേന്ദ്രത്തിൽ കൊണ്ടുപോയി നെഹ്റുവിനെക്കുറിച്ചെങ്കിലും ക്ലാസ് കൊടുക്കാൻ നിങ്ങൾ തയ്യാറാകണം. അല്ലെങ്കിൽ ചുരുങ്ങിയത് യുവ സാമാജികരായ, വിവര ദോഷികളായ കോൺഗ്രസ് എം.എൽ.എ.-മാർ നെഹ്റുവിന്റെ ഒന്നോ രണ്ടോ പുസ്തകങ്ങളെങ്കിലും മിനിമം വായിച്ചിരിക്കണമെന്ന് കെ.പി.സി.സി. ഒരു സർക്കുലർ ഇറക്കണം.

മട്ടന്നൂരിലെ കൊലപാതകത്തെക്കുറിച്ച് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. അത് അത്യന്തം അപലപനീയമാണ്. സി.പി.ഐ(എം)-ൽപ്പെട്ട അക്രമികളെ പാർട്ടി പിന്തുണയ്ക്കില്ലെന്ന് ഞങ്ങൾ മാതൃകാപരമായ ഒരു തീരുമാനമെടുത്തു. ഈ കേസ് തെളിയിക്കേണ്ടത് തീർച്ചയായും ഞങ്ങളുടെകൂടി ആവശ്യമാണ്. ആ കുടുംബത്തിന് നീതി ലഭ്യമാകണം. ഒരു സംശയവുമില്ല. പക്ഷെ, ബഹുമാനപ്പെട്ട അംഗം ഒരു കാര്യം മനസ്സിലാക്കണം. മട്ടന്നൂരിന് തൊട്ടപ്പുറത്ത് 19-ാം മൈലിൽ മകന്റെ മരണത്തിൽ നെഞ്ച് നീറി കഴിഞ്ഞിരുന്ന ഒരു ഉമ്മയും കുടുംബവും ഉണ്ടായിരുന്നു. അവരുടെ പേരറിയുമോ; ആരാണ് അദ്ദേഹത്തിന്റെ ജീവനെടുത്തത്; മറന്നുപോകരുത്. അത് അറിയില്ലെങ്കിൽ ബഹുമാനപ്പെട്ട അഴീക്കോട് അംഗം പേരാവൂർ അംഗത്തോട് ചോദിച്ചാൽ കൃത്യമായി മനസ്സിലാകും. ഇനി അക്രമത്തെക്കുറിച്ചാണ് പറയാനുള്ളത്. കേരളത്തിൽ ആദ്യമായി വെടിവച്ച് കൊന്നത് ആരാണ്? കോൺഗ്രസ് ആണ്. കുഞ്ഞാലിയെ. മുൻ എം.എൽ.എ. അബ്ദുൾ ഖാദറിനെ കല്ലെറിഞ്ഞ് കൊന്നത് ആരാണ്? മുസ്ലീംലീഗ്. താമരശ്ശേരിയിലെ എസ്.എഫ്.ഐ. നേതാവ് ജോബി ആൻഡ്രൂസിനെ ചവിട്ടിക്കൊന്നത് ആരാണ്; അതും മുസ്ലീംലീഗിന് അവകാശപ്പെട്ടതാണ്. കേരളത്തിലെ ഒരു പഞ്ചായത്ത് പ്രസിഡന്റ് മാത്രമേ കൊല ചെയ്യപ്പെട്ടിട്ടുള്ളൂ. അത് രാമന്തളിയിലെ ഒ. കെ. കുഞ്ഞിക്കണ്ണനാണ്. ആ കൊലക്കേസിലെ പ്രതികൾ ആരാണ്; അതും മുസ്ലീംലീഗു കാരാണ്. കേരളത്തിൽ ഒരു മുനിസിപ്പൽ ചെയർമാനേ കൊലചെയ്യപ്പെട്ടിട്ടുള്ളൂ. അതാരാണ്; കെ. പി. വത്സലൻ. ആരാണ് അദ്ദേഹത്തെ കൊലചെയ്തത്; മുസ്ലീം ലീഗുകാരാണ്. ഇന്നലെ സംസാരിക്കുമ്പോൾ ചിലർ വർഗ്ഗീയ നിറം ചേർക്കാൻ ശ്രമിച്ചു. ബഹുമാന്യനായ, മലപ്പുറം അംഗം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എനിക്കുമുമ്പ് സംസാരിച്ചു. അദ്ദേഹത്തെപ്പോലുള്ള ആളുകൾ ഇങ്ങനെ പ്രസംഗിച്ച് കേൾക്കുമ്പോൾ ഞങ്ങൾക്ക് ആശങ്കയുണ്ടാകുകയാണ്. കേരളത്തിൽ അബ്ദുൾ ഗഫൂറിനെ കൊന്നതാരാണ്?

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> യെസ്...... പ്ലീസ്......

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, 2000 ഡിസംബർ 11-ന് ഹംസയെ കൊന്നതാരാണ്; നൂറുദ്ദീനെ കൊന്നതാരാണ്? ഹംസയും നൂറുദ്ദീനും അഞ്ചുനേരം നിസ്കരിക്കുന്ന നിസ്കാരത്തഴമ്പുള്ള നല്ല മുസൽമാന്മാരായിരുന്നു. അവർ ചെയ്ത തെറ്റെന്താണ്; ആരുടെ കാലത്താണ് കൊലപ്പെടുത്തിയത്; അപ്പോൾ അവർക്ക് ഈ പരിഗണനയില്ല. ഗുരുവായൂരിലെ ഫാസിലിനെ കൊന്നു. അവർക്ക് ഈ പരിഗണനയില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ശ്രീ. റ്റി. വി. രാജേഷ്, പ്ലീസ് കൺക്ലൂഡ്......

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, ധനുവച്ചപുരത്ത് ഐ.ടി.ഐ-യിൽ ആർ.എസ്.എസ്.-കാർ ബോംബെറിഞ്ഞ് സജിൻ ഷാഹുലിനെ കൊലപ്പെടുത്തി. ആരുടെ കാലത്ത്; കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത്. കേരളം കണ്ട ഏറ്റവും മികച്ച ആഭ്യന്തര വകുപ്പുമന്ത്രിയെന്ന് ഏഷ്യാനെറ്റ് അവാർഡ് കൊടുത്ത് ആദരിച്ച് അവഹേളിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കാലത്താണ്. അല്ലേ? എന്നിട്ട് എന്തുണ്ടായി? ചിലർ കൊലചെയ്യപ്പെടുമ്പോൾ മാത്രം സാമുദായിക നിറം. ചിലർ കൊലചെയ്യപ്പെട്ടപ്പോൾ അവർക്ക് ഒരു സാമുദായിക പരിഗണനയുമില്ല. ഇതൊന്നും ശരിയല്ല. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കേണ്ടത്, മലബാറിൽ കുറെ പള്ളികൾ ഉയർന്നുനിൽക്കുന്നുണ്ട്, ഒരുപാട് മിനാരങ്ങൾ. ആ മിനാരങ്ങൾ ഉയർന്നു നിൽക്കുമ്പോൾ കടപ്പെട്ടിരിക്കുന്നത് ആദ്യത്തെ ഗവൺമെന്റിനോടാണ്, അതായത് ഇ.എം.എസ്.- ഗവൺമെന്റിനോട്. കാരണം എന്താണെന്ന് അറിയുമോ? 1921-ലെ മലബാർ കലാപം, ആ കലാപത്തെ കർഷക കലാപമെന്ന് പറയാൻ ആർജ്ജവം കാണിച്ചത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് നേതാവായ, മഹാനായ ഇ.എം.എസ്. ആണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> യെസ്...... പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, ഞാൻ നിർത്താം. ആ ഇ.എം.എസ്. പിന്നീട് മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് 1957-ൽ പള്ളി പണിയുന്നതിനുള്ള നിയന്ത്രണം നീക്കിയത്. രാജാജിയുടെ സർക്കാർ ഉണ്ടായിരുന്നു, നീക്കിയില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> യെസ്...... പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, ഒരു പോയിന്റുകൂടി. സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ ആമുഖമെങ്കിലും ബഹുമാനപ്പെട്ട അഴീക്കോട് അംഗം വായിക്കണം. അതിൽ പറയുന്നത് എന്താണെന്ന് അറിയാമോ; കേരളത്തിൽ മാത്രമാണ് ന്യൂനപക്ഷ മുസ്ലീങ്ങൾക്ക് സംവരണം എന്നാണ്. കേരള മോഡൽ സംവരണം നടപ്പിലാക്കണമെന്നാണ് പിന്നീട് കോൺഗ്രസ് പറഞ്ഞത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ശ്രീ. റ്റി. വി. രാജേഷ്, പ്ലീസ് കൺക്ലൂഡ്......

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, അതുകൊണ്ട് മിനിമം ചരിത്രമെങ്കിലും മനസ്സിലാക്കാനുള്ള ഒരു മാന്യത, ഒരു വിവേകം കാണിക്കണമെന്ന് പറഞ്ഞുകൊണ്ട് കുതിക്കുന്ന കേരളത്തിന് കരുത്ത് പകരുന്ന ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. ആൻസലൻ:</u> സർ, 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നടത്തിയ പ്രഖ്യാപനങ്ങൾ പൂർണ്ണമായും നടപ്പാക്കുന്നതിന് ഈ ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിച്ചു വരികയാണ്. ബഡ്ജറ്റുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര മണ്ഡലത്തിലെ തീരദേശത്ത്, പ്രത്യേകിച്ച് വിഴിഞ്ഞം തുറമുഖം വരുന്നതിന്റെ ഭാഗമായി മത്സ്യബന്ധന തൊഴിലാളികൾക്ക് പൊഴിയൂർ കേന്ദ്രീകരിച്ച് മത്സ്യ ബന്ധന തുറമുഖം പ്രഖ്യാപിച്ചതിനെ ഞാൻ അഭിനന്ദിക്കുകയാണ്. അതുപോലെ യു.ഡി.എഫ്. ഗവൺമെന്റ് തകർത്ത് തരിപ്പണമാക്കിയ എന്റെ മണ്ഡലത്തിലെ Kerala Automobiles Limited എന്ന സ്ഥാപനത്തെ നവീകരിക്കുന്നതിനുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ 7 കോടി രൂപയും ഈ ബഡ്ജറ്റിൽ 10 കോടി രൂപയും അധികമായി അനുവദിച്ചുകൊണ്ട് ആ വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള നിലപാട് സ്വീകരിച്ചു.

കേരളത്തിലെ നികുതി, സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിലേയ്ക്ക് എത്തിക്കുന്നതിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു മേഖലയാണ് കേരളത്തിലെ ചെറുതും വലുതുമായ വ്യാപാര മേഖല. ഈ മേഖലയിലെ കച്ചവടക്കാർ രാവിലെ 7 മുതൽ രാത്രി 11 മണി വരെ, ഏകദേശം പത്തും പന്ത്രണ്ടും മണിക്കൂർ ഉപജീവനത്തിനുവേണ്ടി പണിയെടുക്കുന്നവരാണ്. അവിടെ ഒരു വ്യാപാരി ക്ഷേമനിധി ബോർഡ് നിലവിലുണ്ട്. നമുക്കറിയാം, വ്യപാരി ക്ഷേമനിധി ബോർഡ് യു.ഡി.എഫ്. അധികാരത്തിലിരിക്കുമ്പോൾ ഒരു നോക്കുകുത്തിയാക്കി മാറ്റുന്ന സ്ഥിതിയുണ്ടായിരുന്നു. ആ സ്ഥിതി മാറ്റുന്നതിനാവശ്യമായ നിലപാട് സ്വീകരിച്ചു. വ്യാപാരി ക്ഷേമനിധി ബോർഡിനെ അതിന്റെ ആധികാരികതയിലേയ്ക്ക് കൊണ്ടു വരുന്നതിനും അതിനെ ഒരു സ്റ്റാറ്റ്യൂട്ടറി ബോർഡാക്കി നിലനിർത്തി കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന വ്യാപാരി സമൂഹത്തിന് ഗുണകരമായ മാറ്റമുണ്ടാകുന്നതിനു വേണ്ടിയുള്ള നിലപാട് സ്വീകരിക്കണം. ഈ ബജറ്റിൽ വ്യാപാരി ക്ഷേമനിധി ബോർഡിന് 10 കോടി രൂപ പ്രത്യേകമായി മാറ്റിവച്ചതും അഭിനന്ദനാർഹമാണ്.

ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത് കേരളത്തിലെ പൊതുഗതാഗത വകുപ്പും പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട വിഷയങ്ങളുമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ നിയമസഭയിൽ ഇരിക്കുന്ന മുൻമന്ത്രി പറഞ്ഞത് ഒരു കാരണവശാലും കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ

സ്ഥാപനത്തെ രക്ഷിക്കാൻ കഴിയില്ല എന്നാണ്. കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനത്തിൽ ഓഡിറ്റ് നടപ്പാക്കുന്നില്ല. അവിടെ എന്താണ് നടക്കുന്നത് എന്നതിനെ സംബന്ധിച്ച് ഒരു പരിശോധനയില്ല. ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ് ഇവിടെ സൂചിപ്പിച്ചതുപോലെ, അവിടെയുള്ള ജീവനക്കാരെ എങ്ങനെയാണ് ഉപയോഗപ്പെടുത്തേണ്ടത് എന്നതുസംബന്ധിച്ച് ഒരു തിട്ടവുമില്ല. കുത്തഴിഞ്ഞ ഒരു വ്യവസായ സ്ഥാപനമായി ഈ പൊതുമേഖലാ സ്ഥാപനം മുന്നോട്ട് പോയിക്കൊണ്ടിരിക്കുമ്പോഴാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി അത് ഏറ്റെടുത്തത്. കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ സർക്കാർ ഏറ്റെടുക്കുമോ എന്ന വിഷയം ചില പ്രതിപക്ഷ സുഹൃത്തുക്കൾ ഇവിടെ സൂചിപ്പിച്ചു. അതല്ല ഇവിടത്തെ വിഷയം. കഴിഞ്ഞ നിയമസഭയുടെ തുടക്കത്തിൽ ഫെബ്രുവരി മാസം ആദ്യവാരം നിയമസഭാ സമ്മേളനം ചേരുമ്പോൾ കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻകാർക്ക് പെൻഷൻ കിട്ടാത്തതുകൊണ്ട് സമരരംഗത്തായിരുന്നു. ആ ഘട്ടത്തിൽ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് മാർച്ച് മാസത്തോടുകൂടി കേരളത്തിലെ കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക പൂർണ്ണമായി കൊടുത്തുതീർക്കുമെന്നാണ്. അപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പരിഹാസരൂപേണ ചിരിച്ചുകൊണ്ട് "അത് നടക്കാൻ പോകുന്നുണ്ടോ, എപ്പോൾ കൊടുക്കും, സമയം പറയുമോ" എന്ന് ചോദിച്ചു. പ്രിയപ്പെട്ട പ്രതിപക്ഷ നേതാവേ, പ്രതിപക്ഷാംഗങ്ങളെ, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി, പറയുന്ന വാക്ക് പാലിക്കുന്നവരാണ്. സംസ്ഥാനത്തെ പതിനായിരക്കണക്കിന് വരുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തുകൊണ്ടുള്ള നല്ല നിലപാട് സ്വീകരിച്ചുകഴിഞ്ഞു. കേരളത്തിലെ കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനത്തെ പരിഷ്കരിക്കുന്നതിനും അതിനെ സമ്പന്നമാക്കുന്നതിനും ആവശ്യമായ പദ്ധതികൾ സംസ്ഥാന ഗവൺമെന്റിനുണ്ട്. കുറേ കാര്യങ്ങൾ അവിടെ ചെയ്യാനുണ്ട്. കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിനെ ഉടച്ചുവാർക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കണം. മാനേജ്മെന്റിലെ ചില ഉദ്യോഗസ്ഥർ അനങ്ങാപ്പാറ സമീപനം സ്വീകരിക്കുകയാണ്. ഗവൺമെന്റിന്റെ താൽപ്പര്യത്തിനനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന് വിലങ്ങുതടിയായി കുറുക്കുന്യായങ്ങൾ പറയുകയാണ്. ആവശ്യത്തിന് ജീവനക്കാരുണ്ട്, അവരെ വിവിധ ഡിപ്പോകളിൽ വിന്യസിക്കുന്ന കാര്യത്തിൽ ഒരുപാട് പോരായ്മകളുണ്ട്.

ഞാൻ വരുന്നത് നെയ്യാറ്റിൻകര പ്രദേശത്തുനിന്നാണ്. കേരളത്തിൽ ദേശസാൽകൃത റൂട്ടുള്ള രണ്ട് താലൂക്കുകളാണ് നെയ്യാറ്റിൻകരയും കാട്ടാക്കടയും. ഏകദേശം ഒൻപതോളം കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ പ്രവർത്തിക്കുന്ന മേഖലയാണ്. കേരളത്തിലെ മറ്റെല്ലാ മേഖലകളിലും സ്വകാര്യ ബസ് പെർമിറ്റുകളുണ്ട്.

ഈ ദേശസാൽകൃത മേഖലയിൽ കെ.എസ്.ആർ.ടി.സി. മാത്രമാണ് സാധാരണ ക്കാരുടെ യാത്രാവാഹനം. പക്ഷേ അതിനനുസൃതമായി നമുക്ക് സർവ്വീസ് കൊടുക്കാൻ കഴിയുന്നില്ല. പല സർവ്വീസുകളും കൃത്യമായി ജനങ്ങൾക്ക് തൃപ്തികരമാകുംവിധം ഓടിക്കാൻ കഴിയുന്നില്ല. പരിഷ്കാരങ്ങൾ കൃത്യമായി പഠിച്ച്, കൃത്യമായി ജനങ്ങളിൽനിന്ന് അഭിപ്രായം സ്വരൂപിച്ച് കെ.എസ്.ആർ.ടി.സി.-ക്ക് പൂർണ്ണമായി വരുമാനം ലഭിക്കുന്നതനുസരിച്ച് റൂട്ട് പരിഷ്കാരങ്ങൾ നടത്തേണ്ടതായിട്ടുണ്ട്.

കട്ട് ചേസ് ബസ്സുകളിൽ യാത്രക്കാർ കുറച്ചുകയറുമ്പോഴും ചെലവ് കൂടുതലാണെന്ന് ബഹുമാനപ്പെട്ട മന്ത്രി മുൻപൊരു മറുപടി പറഞ്ഞിരുന്നു. പക്ഷേ അതിനപ്പുറത്ത് പ്രായോഗിക മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. ഞങ്ങൾ താമസിക്കുന്നതിന് തൊട്ടപ്പുറത്താണ് കന്യാകുമാരി ജില്ല. പ്രത്യേക സിസ്റ്റത്തിൽ സ്വകാര്യ പങ്കാളിത്ത ത്തോടുകൂടി കട്ട് ചേസ് ബസ്സുകൾ തമിഴ്നാട്ടിലെ ഇടറോഡുകളിൽ യഥേഷ്ടം ഓടിച്ച് വരുമാനമുണ്ടാക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി. അതുമായി ഒരു ധാരണയുണ്ടാക്കി വരുമാനം ഉണ്ടാക്കുന്ന തരത്തിലുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിച്ച് കെ.എസ്.ആർ.ടി.സി. യെ പരിഷ്കരിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കണം.

യു.ഡി.എഫ്. ഭരണകാലത്ത് കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് 1,200 കോടി രൂപ കൊടുത്തു. ഈ ഗവൺമെന്റ് ഇപ്പോൾത്തന്നെ 20 മാസംകൊണ്ട് ആയിരത്തിലധികം കോടിരൂപ വിനിയോഗിച്ചിട്ടുണ്ട്. ഒരു പൊതുമേഖലാ വ്യവസായസ്ഥാപനം മുന്നോട്ടുപോകണമെങ്കിൽ അതിൽ ലാഭം കണ്ടെത്തണം. സർക്കാരിന്റെ മറ്റ് വിവിധ വികസന പ്രവർത്തനങ്ങൾ നടത്തുന്ന കാശിൽനിന്നാണ് കെ.എസ്.ആർ.ടി.സി.-യെ സഹായിക്കുന്നതിനുള്ള നിലപാട് എടുത്തത്. ശമ്പളവും പെൻഷനും അടക്കമുള്ള ആനുകൂല്യം കൊടുക്കാൻ തീരുമാനിച്ചു. ഒരു ദിവസത്തെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം 6 മുതൽ 6.50 കോടി രൂപ വരെയാണ്. അതിൽ മുൻഗവൺമെന്റ് വാങ്ങി ക്കൂട്ടിയ വായ്പയിനത്തിൽ 3 കോടി രൂപ വർഷംതോറും പലിശമാത്രം കൊടുക്കണം. 3 കോടി രൂപ ഡീസൽ അടിച്ചു കഴിഞ്ഞാൽ ഒരു പൈസയും മിച്ചമില്ല. സ്പെയർ പാർട്സിന്റെ ചെലവുകൾ, മറ്റു ചെലവുകൾ എന്നിങ്ങനെ ഒട്ടനവധി കാര്യങ്ങൾ നിർവ്വഹിക്കപ്പെടണമെങ്കിൽ മറ്റ് മാർഗ്ഗങ്ങൾ കണ്ടെത്തണം. കുറേക്കൂടി നന്നായി ഗൃഹപാഠം ചെയ്തുകൊണ്ടിരിക്കു കയാണ്. ആ ഗൃഹപാഠത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. മുന്നോട്ടുകൊണ്ടുപോകണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്.

ഞങ്ങളുടെ പ്രദേശത്തുള്ള ഒരു വിഷയം സംസാരിക്കുമ്പോൾ തെറ്റിദ്ധാരണ ഉണ്ടാകേണ്ട കാര്യമില്ല. 1980-ന്റെ ആരംഭം തൊട്ട് നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിൽ ട്രക്കറുകളും മിനി ബസ്സുകളും ഉൾപ്പെടെ ആയിരക്കണക്കിന് സ്വകാര്യ വാഹനങ്ങൾ ഓടുന്നുണ്ട്. ഏകദേശം അത്രയും കുടുംബങ്ങൾ അതു കൊണ്ടാണ് ഉപജീവനമാർഗ്ഗം തേടുന്നത്. കെ.എസ്.ആർ.ടി.സി. ലാഭകരമാക്കു

ന്നതിനുവേണ്ടി അത്തരം വാഹനങ്ങൾ പിടിക്കുന്നൊരു സമീപനം സ്വീകരിച്ചു വരുന്നത് നല്ലകാര്യമാണ്. എന്നാൽ അത്തരം വാഹനങ്ങൾക്ക് അധിക ഫൈൻ ഈടാക്കുമ്പോൾ ഒരുപാട് പ്രയാസങ്ങൾ ആ പ്രദേശത്ത് ഉണ്ടാക്കുന്നുണ്ട്. ചില ആർ.ടി.ഒ. ഉദ്യോഗസ്ഥർ ചാരായം വാറ്റുകാരെ പിടിക്കാൻ പോകുന്നതുപോലെ വലിയ ആക്രമണോത്സുകതയോടുകൂടിയാണ് ആ വാഹനങ്ങൾ പിടിക്കാൻ പോകുന്നത്. അവർ അവിടെ പോയി ആ പാവപ്പെട്ട തൊഴിലാളികളോട് പറയുന്നത്, നിന്റെ മുഖ്യമന്ത്രിയുടെ അടുത്തും എം.എൽ.എ.-മാരുടെ അടുത്തും പോയി പറഞ്ഞാൽ വാറ്റുകാരെ പിടിക്കുന്നത് നിർത്താമെന്നാണ്. പ്രിയപ്പെട്ട മന്ത്രി അക്കാര്യത്തിൽ ഇടപെടണം. അവരും മനുഷ്യരാണ്. ആയിരക്കണക്കിന് കുടുംബങ്ങൾ മറ്റ് വരുമാന മാർഗ്ഗങ്ങൾ ഇല്ലാതെ ടാക്സും ഇൻഷ്വറൻസും അടച്ച് പ്രവർത്തിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടം വരുത്താതെ ആവശ്യമായ ക്രമീകരണം ചെയ്യണം. അടിയന്തരമായി അവിടെ ഒരു ചർച്ച നടത്തി ഈ വിഷയത്തിൽ പരിഹാരമുണ്ടാകണം. ആ പ്രദേശത്ത് പലപ്പോഴും യുദ്ധസമാനമായ രംഗങ്ങൾ ഉണ്ടാവുകയാണ്. സാധാരണക്കാരിൽ സാധാരണക്കാരായ അവർ പത്തുമുപ്പത്തിയഞ്ച് വർഷക്കാലമായി അവരുടെ കുടുംബത്തിന്റെ ജീവിതമാർഗ്ഗമായി മുന്നോട്ട് കൊണ്ടുപോകുന്നതാണിത്. അവിടെ ഈ വാഹനം പിടിച്ച് കുറച്ച് പൈസ കിട്ടി എന്നുപറഞ്ഞ് കെ.എസ്.ആർ.ടി.സി. പൂർണ്ണമാകില്ല. സ്വകാര്യ ബസ്സുകൾ ഇല്ലാത്ത മേഖലയിൽ എന്ന ധാരണയോടുകൂടി ആ മേഖലയിലെ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ സത്വരമായ നടപടി അടിയന്തരമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

രാഷ്ട്രീയ പ്രസംഗങ്ങൾ ഇവിടെ നടത്തുകയുണ്ടായി. ഏറ്റവും അവസാനം കോവളം എം.എൽ.എ. പറഞ്ഞു, കോൺഗ്രസ് പൂർവ്വാധികം ശക്തിയോടെ തിരിച്ചുവരുമെന്ന്. പ്രിയപ്പെട്ട പ്രതിപക്ഷാംഗങ്ങളെ, 45 മാസം പൂർത്തീകരിക്കാൻ പോകുന്ന ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റിന്റെ എല്ലാ ജനവിരുദ്ധ നയങ്ങൾക്കും എതിരായി കോൺഗ്രസ് അഖിലേന്ത്യാ തലത്തിൽ ഒരു സമരം നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ പറയൂ. ഏതെങ്കിലും ഒരു പൊതുവിഷയത്തിൽ തൊഴിലാളികളെ അണിനിരത്തി പണിമുടക്ക് നടത്തിയിട്ടുണ്ടോ? എവിടെയാണ് ഒരു ബഹുജന സമരം നടത്തിയത്?

ത്രിപുര പോയി, കേരളത്തിൽ കൂടി അവസാനിച്ചാൽ കമ്മ്യൂണിസ്റ്റുകാർ വട്ടപ്പൂജ്യമാകുമെന്ന് നേരത്തെ ഇവിടെ പറഞ്ഞു. 2011-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ബംഗാളിലും കേരളത്തിലും ഇടതുപക്ഷ ജനാധിപത്യമുന്നണി പരാജയപ്പെട്ടപ്പോൾ ഒരു കൊച്ചു ത്രിപുരയെന്നു പറയുന്ന സംസ്ഥാനത്തിൽ മാത്രമാണ് ജയിച്ചത്. ത്രിപുരയുടെ ചരിത്രത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. ഇന്ത്യയിൽ

ഉയർന്നുവരുന്ന കർഷക സമരങ്ങളെക്കുറിച്ച് ഈ പത്രത്തിൽ നോക്കിയാൽ മതി (പത്രം ഉയർത്തിക്കാണിച്ചു). സി.പി.ഐ. (എം)-ന് മഹാരാഷ്ട്രയിൽ, അത്രതന്നെ പ്രസക്തിയില്ലാത്ത, പ്രവർത്തന സ്വാതന്ത്ര്യമില്ലാത്ത കർഷകസംഘത്തിന്റെ നേതൃത്വത്തിൽ, അഖിലേന്ത്യാ കിസാൻസഭയുടെ നേതൃത്വത്തിൽ, അവിടത്തെ സി.പി.ഐ(എം)-ന്റെ എം.എൽ.എ-യും കർഷകസംഘത്തിന്റെ, അശോക്ചൗള യുടെ നേതൃത്വത്തിൽ അമ്പതിനായിരത്തോളം കർഷകർ ചെങ്കൊടിയും പിടിച്ച് 200 കിലോമീറ്റർ ബി.ജെ.പി. ഗവൺമെന്റിനെതിരായിട്ടുള്ള മാർച്ച് നടത്തുകയാണ്. ഏതെങ്കിലും ഒരു വിഷയത്തിൽ കോൺഗ്രസ്സിന് 10 കിലോമീറ്ററെങ്കിലും മാർച്ച് നടത്താനുള്ള ശേഷിയുണ്ടോ; രാജസ്ഥാനിലെ 13 കളക്ടറേറ്റുകൾ ചുവപ്പുകൊടി ഉയർത്തിപ്പിടിച്ച് കർഷകസംഘം വളഞ്ഞുവച്ചു. 24 മണിക്കൂർ ബി.ജെ.പി.-ക്കെതിരായി സമരം നടത്താനുള്ള ചങ്കൂറ്റം കോൺഗ്രസിനുണ്ടോ? ഈ നാട്ടിലെ കർഷകരും തൊഴിലാളികളും യുവജനങ്ങളും വിദ്യാർത്ഥികളും എല്ലാം സ്വയം സമരരംഗത്തേക്ക് വരികയാണ്. 1998 മുതൽ 2004 വരെയുള്ള ബി.ജെ.പി.-യുടെ, ശ്രീ. വാജ്പേയി-ഗവൺമെന്റിനു കീഴിൽ ഈ രാജ്യത്ത് കർഷക, വിദ്യാർത്ഥി, യുവജന സമരങ്ങൾ ഉയർത്തിക്കൊണ്ടുവന്നത് ഇന്ത്യയിലെ ഇടതുപക്ഷ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളാണ്. അന്നും കോൺഗ്രസ്സ് മാളത്തിൽ ഒളിച്ചിരുന്നു. ആ സമരത്തിന്റെ റിസൽട്ട് വന്നപ്പോൾ കോൺഗ്രസ്സിന് പ്രാധാന്യം കിട്ടി. രാജസ്ഥാനിലും പഞ്ചാബിലും ഞങ്ങൾക്ക് വിജയമുണ്ടായിട്ടുണ്ടെങ്കിൽ അതിനു പിന്നിലേക്ക് ഉയർന്നു വന്നിട്ടുള്ളത് ബി.ജെ.പി.-യുടെ ജനവിരുദ്ധ നയങ്ങൾക്കെതിരായിട്ടുള്ള ഉജ്ജ്വലമായ പോരാട്ടങ്ങളാണ്. ആ പോരാട്ടങ്ങൾ നയിക്കുന്നത് ഇന്ത്യയിലെ ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളാണ്. ആ ബദൽ സമരം ഉയർത്തിക്കൊണ്ടുവരുന്നതിനു വേണ്ടിയുള്ള നിലപാടുകൾ ഉണ്ടാകണം.

ഷുഹൈബ് എന്ന മുസ്ലീം ചെറുപ്പക്കാരൻ കൊല ചെയ്യപ്പെട്ടത് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. മുസ്ലീംലീഗിന്റെ പ്രധാനികൾ അവരുടെ പ്രഭാഷണത്തിൽ പറയുന്നത് കമ്മ്യൂണിസ്റ്റുകാർ മുസ്ലീങ്ങളെ ജീവിക്കാൻ അനുവദിക്കുന്നില്ല എന്ന വാദമുയർത്തിക്കൊണ്ടാണ്. ധനുവച്ചപുരം ഐ.ടി.ഐ. വിദ്യാർത്ഥിയായിരുന്ന സജിൻ ഷാഹുൽ എന്ന 19 വയസ്സുകാരനെ ആർ.എസ്.എസ്. മൃഗീയമായി ബോംബെറിഞ്ഞ് കൊലപ്പെടുത്തിയത് സംബന്ധിച്ച് ബഹുമാനപ്പെട്ട റ്റി. വി. രാജേഷ് ഇവിടെ സൂചിപ്പിച്ചു. എന്റെ വീട്ടിൽ നിന്നും രണ്ടുമൂന്ന് കിലോമീറ്റർ അകലെയാണ് ആ സംഭവം നടന്നത്. ആ കൊലപാതകത്തെക്കുറിച്ച് നിങ്ങൾക്ക് അഭിപ്രായമില്ലേ? 1970 ആരംഭത്തിൽ തലശ്ശേരി പട്ടണത്തിൽ ആർ.എസ്.എസ്., സംഘ്പരിവാർ ശക്തികൾ മുസ്ലീങ്ങൾക്കെതിരെ രാഷ്ട്രീയം ഉയർത്തിപ്പിടിച്ച് അവിടെ കലാപമഴിച്ചുവിട്ടു. അവിടത്തെ മുസ്ലീംപള്ളിയെ സംരക്ഷിക്കുന്നതിനു വേണ്ടി നേതൃത്വം നൽകിയ, സി.പി.ഐ.(എം)-ന്റെ ലോക്കൽ കമ്മിറ്റി സെക്രട്ടറിയായ സഖാവ് യു. കെ.

കുഞ്ഞിരാമനെ ആർ.എസ്.എസ്. കൊലപ്പെടുത്തി. കോൺഗ്രസ് എന്നുപറയുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ വൃത്തികെട്ട മുഖമാണ് തെളിയിക്കപ്പെട്ടത്. ഞാൻ വിചാരിച്ച നേമത്തെ എം.എൽ.എ. ശ്രീ. എം. രാജഗോപാൽ മാത്രമായിരിക്കും ആർ.എസ്.എസ്.-ന്റെ പ്രതിനിധിയെന്ന്. അദ്ദേഹം മാത്രമല്ല, തൃത്താല എം.എൽ.എ.-യും, വടക്കാഞ്ചേരി എം.എൽ.എ.-യും, അഴീക്കോട് എം.എൽ.എ.-യും ആർ.എസ്.എസ്-ന്റെ മുഖങ്ങളായി ഈ നിയമസഭയ്ക്കകത്ത് മാറിക്കൊണ്ടിരിക്കുകയാണ്. അത് കോൺഗ്രസ്സ് നേതൃത്വം ശ്രദ്ധിക്കണം. അവരുടെ സഞ്ചാരവും പദപ്രയോഗവുമൊക്കെ നാളെ ആർ.എസ്. എസ്-ന്റെ കൂടാരത്തിലേക്ക് പോകുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കുകയാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഒരു നിലപാടുമില്ലാതെ ആർ.എസ്. എസ്.- ആയി മാറുമ്പോൾ കേരളത്തിൽ ആർ.എസ്.എസ്.-കാർ വിരിച്ചിട്ട വലയ്ക്കകത്ത് അകപ്പെടുവാൻ തയ്യാറായി നിൽക്കുന്നവരായി, രാഷ്ട്രീയ വഞ്ചകരായി ആർ.എസ്.എസ്-ന്റെ ഭാഗത്ത് ചായുന്നവരായി കേരളത്തിലെ കോൺഗ്രസ്സുകാർ മാറാതിരിക്കുന്നതിനുവേണ്ടിയുള്ള ബി.ജെ.പി.-ക്കെതിരായ ശക്തമായ സമരത്തിന്റെ ഭാഗമായി നിങ്ങൾ മാറിയില്ലെങ്കിൽ നിങ്ങളോടൊപ്പം നിൽക്കുന്ന ജന വിഭാഗങ്ങൾ ബി.ജെ.പി.-യിലേക്കും ആർ.എസ്.എസ്.-ലേക്കും ഒഴുകിയെത്തു മെന്നുള്ളതുകൊണ്ട്, ഉത്തരേന്ത്യയിലെ ചരിത്രം മനസ്സിലാക്കി മുന്നോട്ടു പോകണ മെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, 2018-19 വർഷത്തെ ഗതാഗതവകുപ്പിന്റെ ധനാഭ്യർത്ഥനയെ ഞാൻ ശക്തിയായി എതിർക്കുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ മൂന്ന് പ്രതിപക്ഷ എം.എൽ.എ.-മാരെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. നിങ്ങൾക്കു മാത്രമേ ആർ.എസ്.എസ്. നെയും ബി.ജെ.പി.-യെയും നേരിടാനുള്ള ശക്തിയുള്ളൂ; ഞങ്ങളാണ് അതിന്റെ ബ്രാന്റ് അംബാസിഡർമാർ എന്നുള്ള ചെറിയ ധാരണയുണ്ട്. എന്റെ അഭിപ്രായത്തിൽ ഞങ്ങളുടെ യുവതുർക്കികളാണ് ഇന്ന് ആർ.എസ്.എസ്.-നെയും ബി.ജെ.പി.യെയും ശക്തമായി നേരിട്ടുകൊണ്ട് അവരുടെ കേന്ദ്രങ്ങളിൽ ചെന്ന് ഇടപെടലുകൾ നടത്തി യു.ഡി.എഫ്.നു-വേണ്ടി ജനങ്ങളുടെ പക്ഷത്തുനിന്ന് പ്രവർത്തിക്കുന്നത്. നിങ്ങൾ അതിനെ എന്തുപറഞ്ഞ് നേരിട്ടാലും അത് നിങ്ങളുടെ ദിവാസ്വപ്നമാണെന്ന് മാത്രമേ പറയാനുള്ളൂ. 2016-17-ൽ 3026.42 കോടി രൂപയുടെ വരുമാനമാണ് മോട്ടോർ വാഹന വകുപ്പിനുള്ളത്. ഇത്രയൊക്കെ വരുമാനം ലഭിച്ചിട്ടും ഒരു പൗരസൗഹൃദ ഡിപ്പാർട്ട്മെന്റായി മാറാൻ ഈ വകുപ്പിന് കഴിഞ്ഞിട്ടില്ല. സംസ്ഥാന ഗതാഗത വകുപ്പിന്റെ ഇ-ഗവേണൻസ്, കെ.എസ്.ആർ. ടി.സി.-യുടെ അവസ്ഥ ഇതൊന്നും വീണ്ടും ഇവിടെ പറയേണ്ടതില്ല. ശമ്പളം കൊടുക്കാൻ പറ്റാത്ത അവസ്ഥയിലേക്ക് ഈ ഡിപ്പാർട്ട്മെന്റ് മാറിയിരിക്കുകയാണ്. ശമ്പളം കൊടുക്കുമ്പോൾ പെൻഷൻ കൊടുക്കാൻ സാധിക്കുന്നില്ല. അത് വലിയ തോതിലുള്ള ദുരവസ്ഥയിലേക്ക് കോർപ്പറേഷനെ കൊണ്ടുപോയിക്കൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിലേക്ക് കൊണ്ടുപോകുന്ന പ്രധാന

കാരണക്കാർ അവിടത്തെ യൂണിയനുകളാണ് എന്നതാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള കാര്യം. യൂണിയനുകളുടെ സ്വന്തം താൽപ്പര്യം സംരക്ഷിക്കുന്നതിന് മാത്രമല്ലാതെ കെ.എസ്.ആർ.ടി.സി.-യുടെ നന്മ അവരുടെ അജണ്ടയിലില്ല. കെ.എസ്.ആർ.ടി.സി.-യുടെ നന്മ ഈ പറഞ്ഞ യൂണിയനുകൾ ആഗ്രഹിച്ചിട്ടുണ്ടെങ്കിൽ പണ്ടേ സുഗമമായി മുന്നോട്ടുപോകാൻ സാധിച്ചേനെ. അതിൽ പ്രധാനമായും മുന്നിട്ടുനിന്ന യൂണിയൻ ഏതാണെന്ന് ഞാൻ പറയാതെ തന്നെ അറിയാമല്ലോ? അവരാണ് കെ.എസ്.ആർ.ടി.സി.-യുടെ വലിയ ശാപമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ ഏതു ഗവൺമെന്റ് വന്നാലും ഇവരെ നിയന്ത്രിക്കാൻ സാധിക്കുന്നില്ല. ഇവരെ നിയന്ത്രിക്കുവാൻ ആർജ്ജവം കാണിക്കാൻ ഈ ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും തീരുമാനിച്ചാൽ കെ.എസ്.ആർ.ടി.സി.-യിലെ പല പ്രശ്നങ്ങളും തീരും. ഏത് വികസനം കൊണ്ടുവന്നാലും ഇവർ കണ്ണടച്ച് എതിർക്കുകയാണ്. കെ.എസ്.ആർ.ടി.സി.-ക്ക് അസറ്റ് ഫണ്ട് കൊടുത്താൽ, അതിലും ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ട് മുന്നോട്ടുപോകാനാണ് ഈ യൂണിയനുകൾ തയ്യാറാകുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ എഞ്ചിനീയറിംഗ് വിഭാഗം പരാജയമാണ്. കാരണം വേറൊന്നുമല്ല. ഞാൻ എം.എൽ.എ. ഫണ്ടിൽ നിന്നും കഴിഞ്ഞവർഷത്തെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടായ 5 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് കൊടുത്തു. എന്നാൽ എഞ്ചിനീയറിംഗ് വിഭാഗം യാതൊന്നും ചെയ്യാതെ അവസാനം പി.ഡബ്ല്യു.ഡി.-യുടെ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ട് ആ നടപടികൾ പൂർത്തിയാക്കി. അപ്പോൾ ഇങ്ങനെയുള്ള സ്റ്റാഫും വിഭാഗങ്ങളുമാണ് കെ.എസ്.ആർ.ടി.സി.-യെ വലിയ നഷ്ടത്തിലേക്ക് കൊണ്ടുപോകുന്നത്. ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിൽ സംസ്ഥാന സർക്കാർ വീഴ്ച വരുത്തിയെന്ന് ശ്രീ. ഇ. ശ്രീധരൻ ഇന്ന് പത്രസമ്മേളനത്തിൽ പറഞ്ഞു. ഗുരുതരമായ ആക്ഷേപമാണിത്. 2016-ലെ കരട് കരാറിൽ സർക്കാർ അനുമതി നൽകിയില്ല. കരാർ ഒപ്പിടാത്തതിനാൽ പണി തുടങ്ങാൻ സാധിച്ചില്ലെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണാൻ അവസരം കൊടുത്തില്ലെന്നുമുള്ള ഗുരുതരമായ ആക്ഷേപമാണ് ശ്രീ. ഇ. ശ്രീധരൻ ഉന്നയിച്ചിരിക്കുന്നത്. ലൈറ്റ് മെട്രോ സംബന്ധിച്ച് ഇന്ത്യയിൽ ഡി.എം.ആർ.സി.-ക്ക് മാത്രമേ സാങ്കേതിക പരിജ്ഞാനം ഉള്ളൂവെന്ന് നമുക്കെല്ലാം അറിയാം. അതുകൊണ്ടു തന്നെയാണ് നമ്മുടെ മെട്രോ പദ്ധതിയും അവരെ ഏൽപ്പിച്ചത്. ഈ മാസം 15-ാം തീയതി ഡി.എം.ആർ.സി.-യുടെ ഓഫീസ് അടച്ചുപൂട്ടാൻ പോകുന്നു. ലൈറ്റ് മെട്രോയ്ക്ക് ഡി.എം.ആർ.സി.-യുടെ ഭാഗത്തുനിന്ന് വീഴ്ചയില്ലെന്നാണ് ശ്രീ. ഇ. ശ്രീധരൻ പറയുന്നത്. ഈ ആക്ഷേപം മുൾമുനയിൽ നിർത്തുന്നത് ഗവൺമെന്റിനെയാണ്. മുന്നറിയിപ്പില്ലാതെ ഡി.എം.ആർ.സി.-യെ ഒഴിവാക്കാൻ ശ്രമം നടത്തിയെന്നാണ് മെട്രോ ശ്രീധരൻ ഉന്നയിച്ചിരിക്കുന്നത്. ഡി.എം.ആർ.സി. ഇനി കേരളത്തിലേക്കില്ല എന്ന് അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹത്തിന്റെ താൽപ്പര്യപ്രകാരമാണ് ഡി.എം.ആർ.സി. കേരളത്തിൽ

മെട്രോ പദ്ധതി ഏറ്റെടുക്കാനുള്ള സാഹചര്യമുണ്ടായത്. മെട്രോ പദ്ധതി ഇവിടെ നഷ്ടപ്പെടാൻ പോകുമ്പോൾ അതിന് മെട്രോ ശ്രീധരനോട് ഗവൺമെന്റ് മാപ്പു പറയണമെന്നാണ് എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്. ലൈറ്റ് മെട്രോ പദ്ധതിയിൽ ഡി.എം.ആർ.സി.-യെ ഒഴിവാക്കുന്നത് ഏത് സ്വകാര്യ കമ്പനിയെ സഹായിക്കുവാനാണെന്ന് സർക്കാർ വ്യക്തമാക്കണം. യു.ഡി.എഫ്. ഭരണകാലത്ത് മെട്രോ ശ്രീധരനെ മാറ്റാൻ പോകുന്നു അഴിമതി നടക്കാൻ പോകുന്നു, എന്നുപറഞ്ഞ് എറണാകുളത്തെ സി.പി.എം. നേതാവായ രാജ്യസഭാ മെമ്പറുടെ നേതൃത്വത്തിൽ വലിയ ആക്ഷേപം ഉന്നയിച്ചു. ഇപ്പോഴിതാ മെട്രോ ശ്രീധരനെ മാറ്റാൻ പോകുന്നു. ഒരു സിനിമയാണ് എനിക്ക് ഓർമ്മ വരുന്നത്. നിങ്ങൾ കണ്ടിട്ടുണ്ടാകും, ചിന്താവിഷ്ടയായ ശ്യാമള എന്ന സിനിമ. അതിൽ ശ്രീനിവാസനോട് മക്കൾ പറയുന്നുണ്ട്, "അച്ഛാ അച്ഛാ പോകല്ലേ, അച്ഛാ അച്ഛാ പോകല്ലേ " , എന്ന് അതുപോലെ 'മാറ്റരുത്, മാറ്റരുത് എന്നു പറഞ്ഞ് ഈ നേതാവിന്റെ നേതൃത്വത്തിൽ എൽ.ഡി.എഫ്. ശ്രീ. ഇ. ശ്രീധരന്റെ പുറകേ നടന്നത് നമ്മൾ എല്ലാവരും കണ്ടു.

3.00 PM ]

ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാനും അവരിൽ ആശയക്കുഴപ്പമുണ്ടാക്കാനും വേണ്ടിയായിരുന്നു അന്നുണ്ടായിരുന്ന ശ്രീ. രാജേഷിന്റെ നേതൃത്വത്തിൽ ശ്രീ. ഇ. ശ്രീധരന്റെ പിറകിൽ എൽ.ഡി.എഫ്. നടന്നത്. അത് യു.ഡി.എഫ്. കൊണ്ടുവന്ന പദ്ധതി നടപ്പിലാക്കാതിരിക്കാൻ വേണ്ടിയുള്ള ഒരു തന്ത്രവും കൂടിയായിരുന്നു. മെട്രോ ശ്രീധരനെയും ഡി.എം.ആർ.സി.-യെയും മനഃപൂർവ്വം ഒഴിവാക്കി ചില സ്വകാര്യ കമ്പനികൾക്ക് തീറെഴുതിയത് സി.പി.ഐ.(എം) നേതാക്കന്മാർക്ക് അഴിമതി നടത്താൻ വേണ്ടിയാണ്. എൽ.ഡി.എഫ്. അന്ന് വിളിച്ച മുദ്രാവാക്യത്തിൽ ആത്മാർത്ഥതയുണ്ടെങ്കിൽ തീർച്ചയായും ഡി.എം.ആർ.സി.-യെയും ശ്രീ. ഇ. ശ്രീധരനെയും ഈ പദ്ധതി തിരിച്ചേൽപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി സുധാകരൻ അഴിമതിക്കാരനല്ല, പക്ഷേ അഴിമതിക്കാരനല്ലാത്ത മന്ത്രിയെ മുൻനിർത്തി സി.പി.ഐ.(എം) നേതാക്കന്മാർ വലിയൊരു അഴിമതിക്ക് കളമൊരുക്കുന്ന ഗുരുതരമായ സാഹചര്യമാണുള്ളത്. അതുകൊണ്ട് ഗവൺമെന്റ് ഇതിൽനിന്നും പിന്മാറി ഡി.എം.ആർ.സി.യെ വീണ്ടും പദ്ധതിയേൽപ്പിക്കുന്ന സാഹചര്യമുണ്ടാക്കണമെന്നാണ് ഈയവസരത്തിൽ എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

അക്രമരാഷ്ട്രീയത്തെക്കുറിച്ച് ഇവിടെ പരാമർശമുണ്ടായി. കേരളത്തിൽ ഇന്നത് ഏറ്റവും മുൻപന്തിയിലാണ്. ഇതിന്റെ കാരണക്കാർ ആരാണെന്ന് നേരത്തേ സൂചിപ്പിച്ചു. ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ് സി.പി.ഐ.(എം)-ഉം ബി.ജെ.പി.-യും എന്നതിൽ യാതൊരു സംശയവുമില്ല. നമുക്കറിയാം 33 വർഷം

ബംഗാളിൽ നിങ്ങൾ ഭരിച്ചപ്പോൾ നിങ്ങൾക്കെതിരായി ജനവികാരമുണ്ടായി. കുറേയാളുകൾ ബി.ജെ.പി.-യിലേക്കും കുറേപേർ മമതാ ബാനർജിയോടൊപ്പവും പോയി. ഇങ്ങനെ പോയ ആളുകളാണ് തിരിച്ച് നിങ്ങളുടെ ഓഫീസ് ആക്രമിക്കുന്നതും ആയുധമെടുത്തിരിക്കുന്നതും; ഇവരൊക്കെ നിങ്ങളുടെ ട്രെയിനിംഗ് കിട്ടിയവരാണ്. ഇപ്പോൾ സി.പി.ഐ.-യും കൊലപാതക രാഷ്ട്രീയത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. ഇതിന് കാരണമെന്താണ്? വല്യേട്ടൻ തേങ്ങയുടയ്ക്കുമ്പോൾ ഞങ്ങൾ ചിരട്ടയെങ്കിലും ഉടയ്ക്കേണ്ടേ എന്നാണ് സി.പി.ഐ.-യുടെ ഉള്ളിലിരിപ്പ്. സി.പി.ഐ.(എം)-ന്റെ കൊലപാതക രാഷ്ട്രീയം കേരളത്തിൽ അവസാനിപ്പിക്കണം. ഇവിടെ നമുക്ക് വേണ്ടത് സമാധാനവും സാഹോദര്യവുമാണ്. സി.പി.ഐ.(എം)-ന്റെ കൊലപാതക രാഷ്ട്രീയം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്ന് 22 മാസക്കാലം പിന്നിടുമ്പോൾ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും വികസനമെത്തിക്കാൻ കഴിഞ്ഞുവെന്നതാണ് ഏറെ സന്തോഷകരമായ കാര്യം. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് വേളയിൽ പ്രകടനപത്രികയിൽ പറഞ്ഞ മുഴുവൻ കാര്യങ്ങളും വരുന്ന അഞ്ച് വർഷംകൊണ്ട് സംസ്ഥാനത്ത് നടപ്പാക്കാൻ ഇച്ഛാശക്തിയോടെ ഈ ഗവൺമെന്റ് തീരുമാനിച്ചതിന്റെ പരിണിതഫലമായി കഴിഞ്ഞ 22 മാസക്കാലത്തിനിടയിൽ കിടപ്പാടമില്ലാത്തവർക്ക് ഭൂമി നൽകുവാൻ, വീടു നൽകുവാൻ, 56000 പേർക്ക് പട്ടയം നൽകുവാൻ, സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുവാൻ, യു.ഡി.എഫ്.-ന്റെ ഭരണകാലത്തുണ്ടായിരുന്ന കർഷക ആത്മഹത്യ അവസാനിപ്പിക്കാൻ, കേരളത്തിലെ അടച്ചുപൂട്ടൽ ഭീഷണിയെ നേരിട്ട നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ജീവൻ നൽകുവാൻ, ലാഭത്തിലാക്കുവാൻ, സഹകരണപ്രസ്ഥാനം നാളിതുവരെ നേരിട്ട നിരവധി പ്രതിസന്ധികളെ അഭിമുഖീകരിച്ചുകൊണ്ട് മുന്നോട്ടുപോകുവാൻ, വിലക്കയറ്റം പിടിച്ചു നിർത്തുവാൻ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മനുഷ്യരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ, പാർശ്വവത്ക്കരിക്കപ്പെട്ട ജനതയെ മുന്നിലേയ്ക്ക് കൊണ്ടു വരാൻ, കേരളത്തിലെ പാവപ്പെട്ടവന്റെ പ്രതീക്ഷയായ ധർമ്മാശുപത്രികളുടെ നിലവാരമുയർത്താൻ, സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ, ലാഭത്തിന്റെയോ നഷ്ടത്തിന്റെയോ കണക്കുകൾ നോക്കാതെ, പരിച്ഛേദം നോക്കാതെ കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ പുരോഗതി കൈവരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ, പൊതുമരാമത്ത് വകുപ്പിൽ അഴിമതി പരിപൂർണ്ണമായി നിർമ്മാർജ്ജനം ചെയ്തുകൊണ്ട് കേരളത്തിലെ റോഡുകൾ നന്നാക്കുവാൻ, കണ്ണൂർ വിമാനത്താവളവും കൊച്ചി മെട്രോ പോലുള്ള പദ്ധതികളും വേഗത്തിൽ നടപ്പിലാക്കുവാൻ തുടങ്ങി എല്ലാ കാര്യങ്ങളിലെല്ലാം ഏറ്റവും മികച്ച പ്രവർത്തനം നടത്തിയ ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റെന്ന് ഈ സന്ദർഭത്തിൽ പറയുവാൻ കഴിയുന്നത് അഭിമാന കരമായ കാര്യമാണ്.

ധനാഭ്യർത്ഥന ചർച്ചയിൽ പറയാനായി യു.ഡി.എഫ്. ആകെ കരുതിവച്ചത് പൊതുഗതാഗതത്തിന്റെ ഭാഗമായുള്ള കെ.എസ്.ആർ.ടി.സി. സംവിധാനം കുത്തഴിഞ്ഞുവെന്നതാണ്. കെ.എസ്.ആർ.ടി.സി. അടച്ചുപൂട്ടുമെന്ന് സ്വപ്നം കാണുകയും അതിന്റെ പേരിൽ കേരളത്തിൽ നിരവധി സമരങ്ങൾ ഉയർത്തിക്കൊണ്ടുവരാമെന്ന് വ്യാമോഹിച്ച യു.ഡി.എഫ്-ന് തിരിച്ചടി നൽകി കേരളത്തിലെ കെ.എസ്.ആർ. ടി.സി.-യെ കരകയറ്റാൻ, ശമ്പളക്കുടിശ്ശിക, പെൻഷൻ എന്നിവ പരിപൂർണ്ണമായി നൽകുവാനും അതിനായി ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിക്കാനും വായ്പ ഉറപ്പുവരുത്തി കെ.എസ്.ആർ.ടി. സി.-യെ മെച്ചപ്പെട്ട നിലയിലേയ്ക്ക് കൊണ്ടുവരാനും വേണ്ട തീവ്രശ്രമം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പാക്കുമ്പോൾ സ്വാഭാവികമായും കോൺഗ്രസുകാർക്കും മുസ്ലീംലീഗുകാർക്കും യു.ഡി.എഫ്.-ന്റെ മുന്നണിയിലുള്ള എല്ലാവർക്കും ഒരുപാട് വിഷമതയുണ്ട് എന്ന് ഞങ്ങൾക്കറിയാം. സി.പി.ഐ.-യും സി.പി.ഐ.(എം)-ഉം അഴിമതിക്കാരായ പാർട്ടിക്കാരാണെന്ന് ഇവിടെ ശ്രീ. അൻവർ സാദത്ത് പറഞ്ഞവസാനിപ്പിച്ചു. ഇത്തരത്തിൽ നിങ്ങൾ പ്രസംഗിക്കുമ്പോൾ കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ബാർ കോഴയുടെ ഭാഗമായത് നിങ്ങളല്ലേ; സോളാർ തട്ടിപ്പ് നടത്തിയത് നിങ്ങളല്ലേ? അഴിമതി നടക്കാത്ത ഏതെങ്കിലുമൊരു വകുപ്പ് ചൂണ്ടിക്കാണിക്കുവാൻ പ്രിയപ്പെട്ട യു.ഡി.എഫ്. നേതാക്കൾക്ക് കഴിയുമോ? കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി ഇവിടെ ചർച്ച ചെയ്യുമ്പോൾ നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്, നോട്ടുനിരോധനവും ജി.എസ്.ടി.-യും ഉൾപ്പെടെയുള്ള പ്രതിസന്ധികൾ കടന്നു വന്നപ്പോഴും കേരളത്തിലെ കെ.എസ്.ആർ.ടി.സി.-യെ കൈവിടുകയല്ല ചെയ്തത്. കഴിഞ്ഞ അഞ്ചു വർഷക്കാലം കൊണ്ട് 1220.82 കോടി രൂപയാണ് കെ.എസ്.ആർ. ടി.സി.-ക്ക് പദ്ധതിയേതര സഹായമായി നൽകിയതെങ്കിൽ കഴിഞ്ഞ ഒന്നര വർഷക്കാലത്തിനിടയിൽ മാത്രം 1075.28 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്കായി മാറ്റിവയ്ക്കാൻ കഴിഞ്ഞത് അഭിമാനകരമായ കാര്യമാണ്. ഇവിടെ സ്വന്തം രക്തത്തിന്റെയും വിയർപ്പിന്റെയും കടം തീർച്ചയായും ഈ ഗവൺമെന്റ് നൽകും. പ്രമേഹ രോഗത്തെ തുടർന്ന് കാൽ മുറിച്ചുമാറ്റേണ്ടി വന്ന അപ്പുക്കുട്ടൻ നായർ എന്നയാളിന്റെ ഭാര്യ ശാന്തകുമാരിയ്ക്കും രോഗം തളർത്തിയ അറുപത്തെട്ടുകാരൻ വർഗ്ഗീസ് എന്ന ആളിനുമൊപ്പമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരെന്ന് പറയുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അവശതയനുഭവിക്കുന്ന ജനവിഭാഗത്തിനൊപ്പം തീർച്ചയായും ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുണ്ടാകും.

കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് പറയുമ്പോൾ, അന്താരാഷ്ട്ര വനിതാ ദിനത്തിൽ വനിതകൾക്ക് മാത്രമായി കേരളത്തിൽ ബസ് സർവ്വീസുകൾ ആരംഭിക്കണമെന്നാണ് ബന്ധപ്പെട്ട വകുപ്പിനോട് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 900 സ്കാനിയ ബസ്

വാങ്ങുവാൻ തീരുമാനിച്ചതിൽ കുറേയധികം ബസ്സുകൾ പുറത്തിറങ്ങി. സിൽവർ കളറിലുള്ള സുന്ദരികളായ ദീർഘദൂരബസ്സുകൾ സംസ്ഥാനത്ത് ഇന്ന് ഓടിക്കൊണ്ടിരിക്കുകയാണ്. തീർച്ചയായും കേരളത്തിലെ പൊതുഗതാഗത രംഗത്ത് സമഗ്രമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ആരോഗ്യനയവും വിദ്യാഭ്യാസ നയവും ഉള്ളതുപോലെ പൊതുഗതാഗതനയവും രൂപീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണം അനിയന്ത്രിതമായി പെരുകിക്കൊണ്ടിരിക്കുകയാണ്. ജനസംഖ്യയും വാഹനങ്ങളുടെ എണ്ണവും തമ്മിലുള്ള റേഷ്യോ 2020 ആകുമ്പോഴേയ്ക്കും ഏതാണ്ട് 3:1 എന്ന നിലയിലേക്ക് എത്തുകയാണ്. ഇത്രമാത്രം വാഹനങ്ങളെ ഉൾക്കൊള്ളുവാനുള്ള ഇൻഫ്രാസ്ട്രക്ചർ നമ്മുടെ സംസ്ഥാനത്തില്ല എന്നുള്ളത് വസ്തുതയാണ്. 1.95 ലക്ഷം വാഹനമാണ് 1980-ൽ 38 വർഷങ്ങൾക്കുമുമ്പ് കേരളത്തിലുണ്ടായിരുന്നതെങ്കിൽ ഇന്നത് ഒരു കോടിക്ക് മുകളിലേയ്ക്ക് കടക്കുകയാണ്. അതുകൊണ്ട് ഗതാഗതക്കുരുക്ക് ഒഴിവാക്കുവാൻ "ടു ടയർ റോഡുകൾ" സംസ്ഥാനത്തെ പ്രധാനപ്പെട്ട നഗരങ്ങളിൽ കൊണ്ടു വരണമെന്നുള്ള അഭ്യർത്ഥന ഈയവസരത്തിൽ മുന്നോട്ടുവയ്ക്കുകയാണ്. 2002-ലെ കണക്കനുസരിച്ച് മുപ്പതിനായിരം കെ.എസ്.ആർ.ടി.സി. ബസ്സുകളും സ്വകാര്യ ബസ്സുകളും ഉണ്ടായിരുന്നുവെങ്കിൽ ഇന്നത് ഇരുപതിനായിരത്തിൽ താഴെയാണ്, അതിന്റെയർത്ഥം പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റത്തെ നാം വേണ്ടത്ര പിന്തുണയ്ക്കുന്നില്ല എന്നതാണ്. അത്തരം കാര്യങ്ങളിൽ ഗൗരവതരമായ ഇടപെടലുകൾ നടത്തുമെന്ന് പ്രതീക്ഷിക്കുന്നു.

വിദേശ വികസിത രാജ്യങ്ങളെല്ലാം പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റത്തിന് വലിയ പ്രാധാന്യം നൽകുകയാണ്. മാത്രമല്ല, റോഡുകളുടെ നിലവാരം ഏറ്റവും പ്രധാനപ്പെട്ടതാണ്. പൊതുമരാമത്ത് വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി ജി. സുധാകരന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ റോഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന സ്ഥിതിയുണ്ടായി. കേരളത്തിൽ റോഡുകളുടെ പ്രവർത്തനം നടത്തുമ്പോൾ, വിദേശ വികസിത രാജ്യങ്ങളിൽ നടപ്പാക്കുന്ന കൺസ്ട്രക്ഷൻ ആകട്ടെ എഞ്ചിനീയേഴ്സ് ആകട്ടെ കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി സഭയുടെ രണ്ടാമത്തെ സെഷനിൽ സൂചിപ്പിക്കുകയുണ്ടായി. അഴിമതി പൂർണ്ണമായി ഒഴിവാക്കി ചെയ്യുന്ന പ്രവൃത്തികളിൽ കൃത്യതയുണ്ടാവുക എന്ന ലക്ഷ്യത്തോടുകൂടിയാണ് അത്തരം നിലപാട് സ്വീകരിക്കുന്നത്. തീർച്ചയായും അത് നടപ്പാക്കണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. വാഹന നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ ആർ.ടി. ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കപ്പെടേണ്ടതാണ്. ഇതിന് കാര്യക്ഷമമായ ഇടപെടലുകൾ അത്യന്താപേക്ഷിതമാണ്.

കേന്ദ്രഗവൺമെന്റ് തുടർന്നുവരുന്ന ചില നയസമീപനങ്ങളാണ് മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം. കേന്ദ്രസർക്കാർ കൊണ്ടുവന്ന മോട്ടോർ വാഹന നിയമ ഭേദഗതി ബിൽ സംസ്ഥാനങ്ങളുടെ അധികാരത്തെ കവർന്നെടുക്കുകയും കുത്തകകൾക്ക് കേരളത്തിലേയ്ക്ക് കടന്നുവരാനും ഡ്രൈവിംഗ് പരിശീലനവും സ്പെയർ പാർട്സ് വിപണനവും വാഹനരജിസ്ട്രേഷനും നികുതി പിരിവുമെല്ലാം കുത്തകകളുടെ കൈവശം കടന്നു പോകുന്ന ഒരു പൊതുസ്ഥിതിവിശേഷം രൂപപ്പെടുന്നു എന്നുള്ളത് ഗൗരവമായി കാണേണ്ട വിഷയങ്ങളിൽ ഒന്നാണ്. ചില വി.ഐ.പി. തട്ടിപ്പുകൾ കേരളത്തിൽ നടക്കുന്നുണ്ട്. വാഹന നികുതി പിരിച്ചെടുക്കുന്നതിൽ ജീവനക്കാരുടെ കുറവിന്റെ കാര്യം ഞാനിവിടെ സൂചിപ്പിച്ചു. എന്നാൽ പോണ്ടിച്ചേരിയിൽ വാഹനം രജിസ്റ്റർ ചെയ്ത് കേരളത്തിൽ നികുതി അടയ്ക്കാത്ത 2300-ലധികം വാഹനങ്ങളുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുമ്പോൾ ഗവൺമെന്റ് ഇക്കാര്യത്തിൽ ദ്രുതഗതിയിൽ നടപടികൾ സ്വീകരിക്കുന്നതിനെ ഞാൻ അഭിനന്ദിക്കുകയാണ്. പോണ്ടിച്ചേരിയിൽ രജിസ്റ്റർ ചെയ്ത 2300-ലധികം ആഡംബര വാഹനങ്ങളുടെ നികുതി കേരളത്തിൽ ഈടാക്കാൻ തീരുമാനിച്ചാൽ ഏകദേശം 300 കോടി രൂപയോളം സമാഹരിക്കാൻ കഴിയും. പ്രമുഖ നടനും എം.പി.യുമായ ശ്രീ. സുരേഷ് ഗോപിയും അമലാ പോളും ഫഹദ് ഫാസിലും ഉൾപ്പെടെയുള്ള സിനിമാതാരങ്ങളും ജനപ്രതിനിധികളും ഇത്തരം തട്ടിപ്പിന്റെ ഭാഗമായി മാറുമ്പോൾ അതിനെതിരെ കർശന നടപടികൾ സ്വീകരിക്കാൻ കഴിയണം. ഒരു വാഹനം മാത്രമുള്ളവർക്ക് ഒരു നികുതിയും ഒന്നിലധികം വാഹനങ്ങൾ ഒരു വീട്ടിലുപയോഗിച്ചാൽ അതിന് അധിക നികുതിയും മൂന്നാമതൊരു വാഹനമുണ്ടെങ്കിൽ അതിന് വീണ്ടും അധിക നികുതിയും ഏർപ്പെടുത്തുന്നതിനുള്ള സിസ്റ്റം ക്രിയേറ്റ് ചെയ്യാൻ കഴിയണം. നഗരങ്ങൾക്കും ഗ്രാമങ്ങൾക്കും അനുയോജ്യമായ നിലയ്ക്കുള്ള പൊതുഗതാഗത സംവിധാനം രൂപപ്പെടുത്തി യെടുക്കണ മെന്നാണ് ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്.

ഇന്ന് അന്തർദേശീയ വനിതാ ദിനത്തിന്റെ ഭാഗമായി ലോകത്താകമാനമുള്ള സ്ത്രീപക്ഷ നിലപാടുകൾ സ്വീകരിക്കുന്ന ഒട്ടേറെ സന്നദ്ധ-മഹിളാ സംഘടനകളും വിവിധ പ്രസ്ഥാനങ്ങളും നമ്മുടെ രാജ്യത്തും ലോകത്തുമൊക്കെ ധാരാളം പ്രോഗ്രാമുകൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സ്ത്രീ സുരക്ഷയെക്കുറിച്ചും 33% സംവരണം പാർലമെന്റിലും നിയമസഭയിലുമെല്ലാം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ചൂടേറിയ ചർച്ചകൾ നടക്കുകയാണ്. സ്ത്രീകളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും അവകാശത്തെ കുറിച്ചുമെല്ലാം ചർച്ച ചെയ്യുകയാണ്. അടുക്കളയുടെ നാല് ചുമരുകൾക്കുള്ളിൽ കഴിഞ്ഞിരുന്ന സ്ത്രീകളെ കുടുംബശ്രീ സംവിധാനത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട നിയമസഭാംഗം ശ്രീ. വി. ഡി. സതീശൻ ഇന്നലെ സഭയിൽ സംസാരിക്കുമ്പോൾ പ്രയോഗിച്ച രണ്ട് വാക്കുകൾ ഞാൻ ഓർക്കുകയാണ്. ബലാത്സംഗം എന്ന പദം സാധാരണനിലയിൽ വളരെ അത്യന്താപേക്ഷിതമായ സമയങ്ങളിൽ ഉപയോഗിക്കുന്ന പദമാണ്. എന്നാൽ ബലാത്സംഗം

എന്ന പദം, ദേശീയ വനിതാദിനത്തിന്റെ തലേദിവസമാണ് കേരളത്തിലെ മുഴുവൻ സ്ത്രീകൾക്കും അപമാനകരമാകുന്ന രീതിയിലുള്ള പരാമർശം അദ്ദേഹം നടത്തിയത്. സഭയുടെ അകത്തളത്തിൽ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റുമായി ബന്ധപ്പെട്ട് ചെറിയ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ, സഭ അഭിമാനത്തിന്റെ കേന്ദ്രമാണെന്നും സഭയുടെ മൂല്യം ഉയർത്തിപ്പിടിക്കണമെന്നും ശ്രീ. വി. ഡി. സതീശൻ സൂചിപ്പിക്കാറുണ്ട്. സഭയിലെ നടപടിക്രമങ്ങളെക്കുറിച്ചും സഭയുടെ അന്തസ്സിനെക്കുറിച്ചും എപ്പോഴും താങ്കൾ സംസാരിക്കാറുണ്ട്. അങ്ങനെ സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കണമെന്ന് എപ്പോഴും പറയാറുള്ള ബഹുമാനപ്പെട്ട അങ്ങ് പറഞ്ഞ പരാമർശം പിൻവലിക്കണമെന്നും കേരളത്തിലെ പൊതുസമൂഹത്തിനു മുന്നിൽ മാപ്പ് പറയാൻ തയ്യാറാകണമെന്ന് കൂടിയാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്. സ്ത്രീകളോടൊപ്പം നിന്ന് സ്ത്രീപക്ഷ നിലപാടുകൾ സ്വീകരിച്ച് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്ന ഘട്ടത്തിൽ കേരളത്തിലെ ജനങ്ങൾ നൽകുന്ന പിന്തുണയാണ് ഞങ്ങളെ മുന്നോട്ടു നയിക്കുന്നത് എന്നുപറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ....... ഞാൻ ഇന്നലെ സഭയിലുന്നയിച്ച കാര്യത്തെക്കുറിച്ച് ഇവിടെ വിശദീകരണം നടത്തുകയുണ്ടായി. എന്തുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞതെന്ന് പറഞ്ഞിരുന്നു. മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദൻ ഈ വാക്ക് ഉപയോഗിച്ചു. മുഖ്യമന്ത്രിയും മറ്റൊരു വാക്ക് ഉപയോഗിച്ചു. ഞാൻ വീണ്ടും ആ വാക്ക് ആവർത്തിക്കുന്നില്ല. ശ്രീ. എൽദോ എബ്രഹാം തന്നെ ഇപ്പോൾ നാല് പ്രാവശ്യം ആ വാക്കുപയോഗിച്ചു. ഞാൻ പറഞ്ഞത്, അത്തരം കാര്യങ്ങളൊന്നും ഈ സഭയിൽ നടന്നിട്ടില്ലെന്നാണ്. ഈ സഭയിലെ രേഖകൾ നമ്മളൊരുമിച്ച് പരിശോധിച്ചാൽ സ്ത്രീകൾക്കെതിരായി അത്തരം കാര്യങ്ങളൊന്നും ഇവിടെ നടന്നിട്ടില്ല എന്നതാണ് ഞാൻ വിശദീകരിച്ചത്. ആ വാക്ക് വീണ്ടും ആവർത്തിച്ച് he is trying to put his own words into my mouth. അദ്ദേഹം ക്രമത്തിലല്ല ഇവിടെ സംസാരിച്ചത്. ഞാൻ അങ്ങനെ സംസാരിക്കാത്ത കാര്യമാണ്. അത് ഓർഡറിലല്ല.

മി. ചെയർമാൻ: ഇന്നലെ ഇതുസംബന്ധിച്ച് ചെയർ വിശദമായി സംസാരിച്ചിരുന്നു. ഇപ്പോൾ പറഞ്ഞ വിഷയങ്ങൾ ചെയർ പരിശോധിക്കും.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. 'പോളണ്ടിനെക്കുറിച്ച് സംസാരിക്കരുത്' എന്ന് ശ്രീനിവാസൻ ഒരു സിനിമയിൽ വളരെ ആവേശത്തോടെ പറയുന്നുണ്ട്. അതുപോലെ ഇനി ത്രിപുരയെക്കുറിച്ച് സഭയിൽ സംസാരിക്കരുത് എന്നാണ് എനിക്ക് സൂചിപ്പിക്കാ നുള്ളത്. പ്രിയപ്പെട്ട മെമ്പർ ശ്രീ. റ്റി. വി. രാജേഷിനോട് പറയാനുള്ളത്, നിങ്ങളുടെ കൊല്ലും കൊലയും സഭയിൽ ചർച്ചയാവുമ്പോൾ ലീഗുകാർ അടക്കം എല്ലാവരുടെയും പേരിൽ സമാന രീതിയിൽ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നു. ശബ്ദത്തെ ശബ്ദം

കൊണ്ടടക്കാൻ നിങ്ങൾക്ക് കഴിഞ്ഞേക്കാം. പക്ഷെ നിങ്ങളുടെ പ്രവൃത്തികൾ സമൂഹത്തിലുണ്ടാക്കുന്ന വ്രണങ്ങൾ അത്ര പെട്ടെന്ന് ഉണക്കിക്കളയാൻ നിങ്ങൾക്ക് കഴിയില്ല. പണ്ട് കീഴ്വായു പോയ ആൾക്ക് വൈക്ലബ്ല്യമുണ്ടായപ്പോൾ കസേര നീക്കി പകരം ശബ്ദമുണ്ടാക്കി എന്നൊരു കഥയുണ്ട്. എന്നാൽ മൂന്നാമതൊരാൾ ചോദിച്ചത്, ശബ്ദത്തെ ശബ്ദംകൊണ്ട് അടയ്ക്കാം പക്ഷേ മണം എന്തുചെയ്യും എന്നാണ്. അതുപോലെ നിങ്ങൾ കാട്ടിക്കൂട്ടിയ കാര്യങ്ങളൊ ക്കെ എന്ത് എന്നുള്ളത് നന്നായി അറിയാം.

ശ്രീദേവി ദുബായിൽ വച്ച് മരണപ്പെട്ടപ്പോൾ കൊലപാതകമാണോയെന്ന് സംശയമുണ്ടായി പോസ്റ്റ്മോർട്ടത്തിന് വിധേയമാക്കേണ്ട സാഹചര്യമുണ്ടായി. പോസ്റ്റ്മോർട്ടം നടക്കുമ്പോൾ ശ്രീദേവി കണ്ണൂരാണോ ജനിച്ചതെന്ന് ദുബായ് പോലീസ് ചോദിച്ചു. കാരണം ശ്രീദേവി സൗന്ദര്യം വർദ്ധിപ്പിക്കാൻ വേണ്ടി ധാരാളം സർജറികൾ മൂക്കിലും വയറ്റിലുമൊക്ക നടത്തിയിട്ടുണ്ട്. ഇത് കണ്ടതുകൊണ്ടാണ് ശ്രീദേവി കണ്ണൂരിലാണോ ജനിച്ചതെന്ന് ദുബായ് പോലീസ് ചോദിച്ചത്. ......... (ബഹളം)......... അസഹിഷ്ണുത വേണ്ട. ശ്രീചിത്തിര തിരുനാൾ മഹാരാജാവ് ലണ്ടൻ കാണാൻ പോയപ്പോൾ ചില്ലറ പൗണ്ടുകൾ മുടക്കി സാധാരണക്കാർക്ക് യാത്ര ചെയ്യാൻ കഴിയുന്ന ലണ്ടൻ ട്രാൻസ്പോർട്ട് ബോർഡിന്റെ ബസ്സുകൾ കാണാനിടയായി. ഇത്തരം ബസുകൾ തിരുവിതാംകൂറിലെ സ്വന്തം പ്രജകൾക്ക് സമ്മാനിച്ചാലോയെന്ന് അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ ശ്രമഫലമായി 1938 ഫെബ്രുവരി 20-ന് തിരുവിതാംകൂർ സ്റ്റേറ്റ് മോട്ടോർ സർവ്വീസിന് രൂപം നൽകി. ലണ്ടൻകാരനായ മെക്കാനിക്കൽ എഞ്ചിനീയർ ഇ. ജി. സാൾട്ടർ എന്ന സായിപ്പിനെ മഹാരാജാവ് ഇതിന്റെ സൂപ്രണ്ടായി നിയമിച്ചു. 20-2-1938-ൽ സാൾട്ടർ ഓടിച്ച പ്രഥമ ബസ്സിൽ രാജാവും കുടുംബവും യാത്രക്കാരായി. 33 ബസ്സുകൾ അതിന് അകമ്പടി സേവിച്ചു. കവടിയാർ കൊട്ടാരത്തിലേക്കായിരുന്നു യാത്ര. തിരുവിതാംകൂർ സ്റ്റേറ്റ് മോട്ടോർ സർവ്വീസാണ് 1965 ഏപ്രിൽ 1-ന് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനായി (KSRTC) മാറിയത്. അന്ന് മഹാരാജാവ് ഭാവിയിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഇങ്ങനെയൊരു ദുരന്തം സംഭവിക്കുമെന്നോ കേരളത്തിലെ പൊതുജനങ്ങൾക്ക് ഇത്രയേറെ ദുരിതവും ദുരന്തവും സമ്മാനിക്കുന്ന ഒരു സംഭവമായി ഇത് മാറുമെന്നോ സ്വപ്നത്തിൽപ്പോലും ചിന്തിച്ചിട്ടുണ്ടാകില്ല. ഇന്ന് കെ.എസ്.ആർ.ടി.സി. 5553 ഷെഡ്യൂളുകളിലായി 6295 ബസ്സുകൾ ഓടിക്കുന്നു. ഇതിനായി കോർപ്പറേഷന് 35002 ജീവനക്കാരുണ്ട്. കോർപ്പറേഷന്റെ നിലവിലെ കടം 5,079.59 കോടി രൂപയാണ്. അതായത് ഓടുന്ന ഓരോ ബസിനും ഒരു കോടി രൂപയോളം കടം. ജീവനക്കാരിൽനിന്ന് പിടിച്ചെടുത്തതും പി.എഫ്.-ൽ അടയ്ക്കാത്തതുമായ തുകമാത്രം 150 കോടിരൂപയോളം വരും. കോർപ്പറേഷന്റെ പ്രതിമാസ വരുമാനം 165 കോടി രൂപയും ചെലവ് 354 കോടി രൂപയുമാണ്. വരവും ചെലവും തമ്മിലുള്ള ഒരുമാസത്തെ

അന്തരം ഏകദേശം 180 കോടി രൂപയാണ്. ഈ തുക ഓരോ മാസവും സർക്കാർ കണ്ടെത്തിയെങ്കിൽ മാത്രമേ കോർപ്പറേഷനെ വീഴാതെ കൈപിടിച്ച് നിർത്താനാവൂ എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. കടത്തിന്റെ കാര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന കെ.എസ്.ആർ.ടി.സി. കെടുകാര്യസ്ഥതയുടെ കാര്യത്തിൽ മികച്ച ഉദാഹരണം കൂടിയാണ്. നിയന്ത്രണവും മേൽനോട്ടവുമില്ലാത്ത സ്ഥാപനങ്ങളായാലും വ്യക്തികളായാലും 'നിനക്ക് കെ.എസ്.ആർ.ടി.സി.-യുടെ ഗതിവരും' എന്നുപറഞ്ഞാൽ യാതൊരു വിശദീകരണവും കൂടാതെ ഏതൊരു മലയാളിക്കും ഈ പ്രയോഗത്തിന്റെ ഉദ്ദേശ്യം വ്യക്തമാകും. ആ നിലയിലെത്തി യിരിക്കുകയാണ് ഇന്ന് കെ.എസ്.ആർ.ടി.സി. ആർക്കും ഇന്ന് കെ.എസ്.ആർ.ടി.സി.-യുടെ കാര്യത്തിൽ താൽപ്പര്യമില്ല. കോർപ്പറേഷനെ രക്ഷിക്കാനെന്ന പേരിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 1,000 കോടി രൂപയുടെ ഗുണം കോർപ്പറേഷന് ലഭിക്കുകയില്ല. ഇതിൽ പെൻഷൻ തുക കുട്ടിച്ചേർത്തത് വിതരണം ചെയ്യാൻ സഹകരണ ബാങ്കുകളെ ഏൽപ്പിച്ചതുവഴി പെൻഷൻകാർക്ക് ഏതാനും മാസത്തെ പെൻഷനും സഹകരണ ബാങ്കിന് 21.7 കോടി രൂപ പലിശയും ലഭിക്കു മെന്നതാണ് നേട്ടം. നേരത്തെ കെ.റ്റി.ഡി.എഫ്.സി.-യും കെ.എസ്.ആർ.ടി.സി.-യെ സഹായിക്കാനായി എത്തി. കോടികളുടെ ലാഭവുമായാണ് അവർ മടങ്ങിയത്. തമിഴ്നാട്ടിൽ കെ.എസ്.ആർ.ടി.സി.-ക്ക് കൂടുതൽ ബസ്സുകളും സർവ്വീസുകളും എന്ന പ്രഖ്യാപനത്തോടെ ഈയിടെ ഒപ്പുവച്ച അന്തർസംസ്ഥാന ഗതാഗതക്കരാർ ഫലത്തിൽ നഷ്ടക്കച്ചവടമാണെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഈ കരാർവഴി കെ.എസ്.ആർ.ടി.സി. തമിഴ്നാട്ടിൽ സർവ്വീസ് നടത്തുന്ന 13 റൂട്ടുകളിലായുള്ള 2,854 കി.മീറ്റർ കേരളത്തിന് നഷ്ടമാകും. അതേസമയം തമിഴ്നാടിന് കേരളത്തിൽ 48.4 കിലോ മീറ്ററിലധികം ലഭിക്കുകയും ചെയ്യും. ജീവനക്കാർക്കും കെ.എസ്.ആർ. ടി.സി.-യുടെ കാര്യത്തിൽ താൽപ്പര്യമില്ല. കഴിഞ്ഞ ജനുവരി 24-ന് ഇന്ധന വിലവർദ്ധനയിൽ പ്രതിഷേധിച്ചുള്ള സമരത്തിൽ ജീവനക്കാർ പങ്കെടുക്കുകവഴി അന്നുമാത്രം കോർപ്പറേഷനുണ്ടായ നഷ്ടം 4 കോടി രൂപയാണ്. നേരെ മറിച്ച് അന്ന് സർവ്വീസ് നടത്തിയിരുന്നുവെങ്കിൽ കോർപ്പറേഷന് ഇരട്ടി വരുമാനവും ജനങ്ങൾക്ക് ഏറെ ആശ്വാസകരവുമാകുമായിരുന്നു. എം.ഡി. തന്നെ ഇതിൽ പങ്കെടുക്കരുതെന്ന് പറഞ്ഞതാണ്. പക്ഷെ, ആ സമരത്തിൽ പങ്കെടുത്ത് വീണ്ടും കോടാനുകോടി രൂപയുടെ നഷ്ടമുണ്ടാക്കി. ഒരു കാരണവശാലും ഈ ട്രാൻസ്പോർട്ട് കമ്പനി നന്നാവില്ലെന്നതിന്റെ ഏറ്റവും വലിയ തെളിവ്, തിരുവനന്തപുരത്തുനിന്നും കണ്ണൂരിലേയ്ക്ക് യാത്ര ചെയ്ത യുവാവ് തൃശ്ശൂരിലെത്തിയപ്പോൾ ഡ്രൈവറോട് പറഞ്ഞിട്ട് മൂത്രമൊഴിക്കാൻ പോയി. അയാൾ തിരിച്ചുവരുമ്പോഴേയ്ക്കും ബസ് വിട്ടുപോയി. അയാളുടെ ലഗേജും പേഴ്സും എല്ലാം ആ ബസിലാണുള്ളത്. അയാൾ തൃശ്ശൂരിലെ ബസ് സ്റ്റാന്റിൽനിന്ന് ടാക്സി പിടിച്ച് ഈ വണ്ടിയെ മറികടന്നിട്ടാണ് പിന്നെ ആ ബസിൽ യാത്ര ചെയ്യാൻ സാധിച്ചത്.

കെ.എസ്.ആർ.ടി.സി.-യുടെ അന്തകരാരെന്ന് ചോദിച്ചാൽ ഈ ജീവനക്കാർ തന്നെയാണ്. അതുമാത്രമല്ല, വേറെയും ഒരു സംഭവമുണ്ടായി. അർദ്ധരാത്രി തനിച്ച് യാത്ര ചെയ്ത എന്റെ നാട്ടുകാരിയായ ഒരു 17 കാരി പെൺകുട്ടിയെ മിന്നൽ ബസ് സ്റ്റോപ്പിൽ നിർത്തി ഇറങ്ങാനനുവദിച്ചില്ല. പോലീസ് കൈ കാണിച്ചിട്ടും ബസ് നിർത്തിയില്ല. ജീപ്പ് കുറുകെയിട്ട് പിടികൂടി. പോലീസ് കൈകാണിച്ചിട്ട് നിർത്താതിരുന്നതും വിവാദമായി. അതേസമയം മിന്നൽ നിശ്ചിത സ്ഥലങ്ങളിലല്ലാതെ നിർത്തില്ല എന്നാണ് റിപ്പോർട്ട്. അത് ഞങ്ങളുടെ ഏരിയയായ പയ്യോളിയിൽ വളരെയധികം പ്രശ്നമുണ്ടാക്കിയതാണ്. ഈ കുട്ടി കോട്ടയം പാലായിലെ എൻട്രൻസ് കോച്ചിംഗ് സെന്ററിൽ പഠിക്കുകയായിരുന്നു. പയ്യോളിയിലെ വീട്ടിലേയ്ക്ക് വരികയായിരുന്നു വിദ്യാർത്ഥിനി. കോഴിക്കോട് വരെയായിരുന്നു ബുക്കിംഗ്. രാത്രി 2 മണിക്ക് ബസ് കോഴിക്കോട് എത്തിയപ്പോൾ കൂട്ടുകാരികൾ ഇറങ്ങി. കാസർഗോഡേയ്ക്കാണ് ബസ് എന്നറിഞ്ഞ തോടെ വിദ്യാർത്ഥിനി ബസ്സിൽ ഇരുന്നു. പയ്യോളിയിൽ സ്റ്റോപ്പില്ലെന്ന് അറിഞ്ഞി രുന്നില്ല. അടുത്ത സ്റ്റോപ്പ് കണ്ണൂരിൽ ആണെന്ന് പറഞ്ഞ് കണ്ടക്ടർ 111 രൂപയുടെ ടിക്കറ്റ് നൽകി. അബദ്ധം പറ്റിയകാര്യം പെൺകുട്ടി ഫോണിലൂടെ അറിയിച്ചതോടെ പിതാവ് പയ്യോളി പോലീസ് സ്റ്റേഷനിൽ സഹായം തേടി. ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥൻ പയ്യോളിയിൽവച്ച് കൈകാണിച്ചെങ്കിലും 'മിന്നൽ' നിർത്താതെ പാഞ്ഞു. അദ്ദേഹം ഉടനെ മൂരാട് പാലത്തിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥനെ വിവരമറിയിച്ചു. അദ്ദേഹം കൈകാണിച്ചിട്ടും ബസ് നിർത്തിയില്ല. പിന്നീട് വയർലെസ് സന്ദേശം നൽകിയതിനെത്തുടർന്ന് ചോമ്പാല പോലീസ് ജീപ്പ് ഹൈവേയിൽ കുറുകെയിട്ടാണ് 3 മണിയോടെ ബസ് തടഞ്ഞ് 17 വയസ്സുകാരിയായ വിദ്യാർത്ഥിനിയെ ഇറക്കിയത്. നിങ്ങളാലോചിച്ചു നോക്കണം, ഈ ബസ് നിർത്തില്ല എന്നുപറഞ്ഞുകൊണ്ട് ഒരു 17 വയസ്സുള്ള വിദ്യാർത്ഥിനിയെ രാത്രി 2.30 മണിക്ക് പോലീസ് ഇടപെട്ടാണ് മോചിപ്പിച്ചത്. മനുഷ്യനാണോ ഈ ഡ്രൈവർ? ഈ രീതിയിൽ ജനങ്ങളോട് പെരുമാറിയാൽ ഇതിൽ ആളുകൾ എങ്ങനെ കയറും? അതുകൊണ്ടാണ് കെ.എസ്.ആർ.ടി.സി. ഇത്രയും വലിയ നഷ്ടത്തിലേയ്ക്ക് പോകുന്നത്. ഇതുപോലെയുള്ള ഒരുപാട് സംഭവങ്ങളുണ്ട്. 1 കോടി 10 ലക്ഷം വാഹനങ്ങളാണ് നമ്മുടെ നിരത്തുകളിലുള്ളത്. സംസ്ഥാന ജന സംഖ്യയുടെ മൂന്നിലൊന്ന് വരുമത്. ഈ വാഹനങ്ങൾ ഉൾക്കൊള്ളാനുള്ള റോഡുക ൾ നമുക്കില്ല. വാഹനമോടിക്കുന്നവരുടെ പിഴവുകൊണ്ടുമാത്രം കഴിഞ്ഞ 3 വർഷത്തിനിടയ്ക്ക് 11,018 ജീവനുകൾ നഷ്ടമായെന്നും 1,800 പേർക്ക് ഗുരുതരമായി പരിക്കേറ്റെന്നുമാണ് പോലീസിന്റെ കണക്കുകൾ പറയുന്നത്. ഡ്രൈവിംഗ് പഠനം, പരിശീലനം എന്നിവയിലെ പോരായ്മയാണ് ഇത് വെളിപ്പെടുത്തുന്നത്. ഡ്രൈവിംഗ് ടെസ്റ്റ് കാലോചിതമായി പരിഷ്കരിക്കാൻ മോട്ടോർ വാഹന വകുപ്പിന് ഇതുവരെയും ആയിട്ടില്ല. പ്രീ-കെ.ജി. അഡ്മിഷനുപോലും കോച്ചിംഗ് സെന്ററും പ്രവേശന പരീക്ഷയുമുള്ള നമ്മുടെ നാട്ടിൽ

ഡ്രൈവിംഗ് പഠനത്തിന് മെച്ചപ്പെട്ട പരിശീലന കേന്ദ്രങ്ങളില്ല. ഡ്രൈവിംഗ് ലൈസൻസ് ഉണ്ടെങ്കിലും വാഹനം ഓടിക്കാൻ അറിയാത്തവർ നിരവധിയാണ്. ലൈസൻസ് കിട്ടിയതിനുശേഷം പരിശീലകനേയും കൂട്ടി റോഡിലിറങ്ങുന്നവരുമുണ്ട്. ലൈസൻസ് കിട്ടിയതിനു ശേഷമാണ് വാഹനം ഓടിച്ചുപഠിക്കേണ്ടത് എന്ന ധാരണയാണ് മറ്റ് ചിലർക്ക്. എല്ലാവരും ചേർന്ന് റോഡുകളെ രക്തക്കളമാക്കുകയാണ്. 80 ശതമാനം അപകടങ്ങളും ഡ്രൈവർമാരുടെ പിഴവുകളിൽനിന്നാണ് ഉണ്ടാകുന്നതെന്നാണ് എല്ലാ പഠനറിപ്പോർട്ടുകളും കാണിക്കുന്നത്. ഇരുചക്ര വാഹനമാണെങ്കിൽ '8', നാലുചക്ര വാഹനമാണെങ്കിൽ 'എച്ച്' എന്നിങ്ങനെ രണ്ട് പരീക്ഷകളാണ് ഡ്രൈവിംഗ് ടെസ്റ്റിനുള്ളത്. ഇതെങ്ങനെ തട്ടിക്കൂട്ടി കഴിയാമെന്നതാണ് നമ്മുടെ ഡ്രൈവിംഗ് പരീക്ഷ.

മി. ചെയർമാൻ: യെസ്. ..... പ്ലീസ്......കൺക്ലൂഡ്..

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, കഴിഞ്ഞ 20 വർഷമായി ഈ രീതിക്ക് മാറ്റമില്ല. പക്വതയില്ലാത്ത ഒരു ഡ്രൈവറെ സൃഷ്ടിച്ച് റോഡിലിറക്കുമ്പോൾ വിലപ്പെട്ട എത്രയോ മനുഷ്യജീവനുകൾ അപകടത്തിലാകുന്നു എന്ന വസ്തുത ഇനിയെങ്കിലും മോട്ടോർ വാഹനവകുപ്പ് ഉൾക്കൊള്ളണം. ഭൂരിപക്ഷം അപകടങ്ങൾക്കും കാരണമായ അമിതവേഗം, അലക്ഷ്യമായ ഡ്രൈവിംഗ് എന്നിവ നിയന്ത്രിക്കാൻ നിലവിലുള്ള പരിശോധന പര്യാപ്തമല്ല. റോഡിലുള്ള വാഹന പരിശോധന പീഡനമായി മാറുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഹെൽമെറ്റും സീറ്റ് ബെൽറ്റും പരിശോധിക്കാൻ ഒളിച്ചുനിന്ന് ചാടിവീഴുന്ന പോലീസുകാർ സ്ഥിരം കാഴ്ചയാണ്. ഇതുതന്നെ ഒട്ടനവധി അപകടങ്ങൾക്ക് കാരണമാകുകയാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി പിന്തുണയ്ക്കുകയാണ്. ഇന്ന് ലോക വനിതാദിനമാണ്. എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച അംഗം ഇന്ത്യയും ലോകവും ആദരിക്കുന്ന ആദരണീയയായ സിനിമാ താരം അന്തരിച്ച ശ്രീദേവിയുടെ മൃതദേഹത്തെപ്പോലും അപമാനിക്കുന്ന തരത്തിലാണ് സഭാതലത്തിൽ സംസാരിച്ചത്. അദ്ദേഹത്തിനുവേണ്ടി ഞാൻ മാപ്പ് ചോദിക്കുകയാണ്. എന്റെ ഒപ്പമിരിക്കുന്ന ഒരംഗം ഒരു പ്രസംഗത്തിന്റെ കൊഴുപ്പു കൂട്ടാൻ ഇത്രമേൽ തരംതാഴാൻ പാടില്ലായിരുന്നു. ഇന്ന് ഈ ധനാഭ്യർത്ഥനയെ തുടർന്ന് നിരവധി അംഗങ്ങൾ സംസാരിച്ചപ്പോഴും നമ്മുടെ സംസ്ഥാനത്ത് ഗതാഗത വകുപ്പ് യഥാർത്ഥത്തിൽ നേരിടുന്ന പ്രശ്നങ്ങളിലേയ്ക്ക് ഗൗരവപൂർവ്വം പരിശോധിക്കുന്നതിലും ഗവൺമെന്റ് എടുക്കുന്ന നടപടികളെ ഏത് വിധത്തിൽ പിന്തുണച്ചു കൊണ്ട് നമുക്കുദ്ദേശിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുമെന്ന് പറയാനും തയ്യാറായില്ല എന്നുള്ളത് ഖേദകരമാണ്.

ഞാൻ രണ്ട് കാര്യങ്ങളാണ് ഇവിടെ സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. വർദ്ധിച്ചു വരുന്ന ഗതാഗതക്കുരുക്കും അതിന്റെ ഫലമായി ഉണ്ടാകുന്ന റോഡപകടങ്ങളും തൽഫലമായുണ്ടാകുന്ന മരണവും ഗുരുതരമായ പരിക്കുകളും സംബന്ധിച്ചാണ് സൂചിപ്പിക്കാൻ

ഉദ്ദേശിക്കുന്നത്. നഷ്ടപ്പെടുന്ന ജീവനുകളെക്കുറിച്ച് വലിയ ഗൗരവത്തോടുകൂടി തന്നെയാണ് സഭയിൽ നമ്മളെല്ലാം ചർച്ച ചെയ്യുന്നത്. തീർച്ചയായും അത് രാഷ്ട്രീയ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലായാലും മറ്റേത് വിധത്തിലായാലും ജീവൻ നഷ്ടപ്പെടുന്നത് അത്യന്തം ഗൗരവതരമാണ്. കഴിഞ്ഞ ഓരോ വർഷവും സംസ്ഥാനത്ത് റോഡപകടങ്ങളിൽ മരണപ്പെടുന്നവരുടെ എണ്ണം നാലായിരത്തിലധികമാണ്. 2016-ൽ അത് 4,200-ലധികമായിരുന്നു; 2017-ൽ 4,000 ആയി കുറഞ്ഞു. എങ്കിൽപ്പോലും നാലായിരത്തോളം ആളുകൾ മരണ പ്പെടുന്ന, ഇത്രയും വലിയൊരു ദുരന്തം സംസ്ഥാനത്ത് ദിനംപ്രതി നടക്കുകയാണ്. ഓരോ ദിവസവും പത്തും പന്ത്രണ്ടും ആളുകളുടെ ജീവൻ റോഡിൽ പൊലിഞ്ഞു പോകുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇത്രമേൽ ഗൗരവതരമായൊരു സ്ഥിതിവിശേഷത്തെക്കുറിച്ച് ഗൗരവപൂർവ്വം ചർച്ച ചെയ്യേണ്ട നമ്മുടെ സഭയ്ക്കകത്ത് നാം കേട്ടുകൊണ്ടിരിക്കുന്നതെന്താണ്? ഏറ്റവും അവസാനം കേട്ടതിനെക്കുറിച്ച് മാത്രമാണ് ഞാൻ ഇപ്പോൾ പ്രതികരിച്ചത്. നാലായിരത്തിലധികം ആളുകളുടെ ജീവൻ നഷ്ടപ്പെടുന്നതിനോടൊപ്പം പന്ത്രണ്ടായിരത്തിലധികം ആളുകൾ തിരിച്ച് പഴയതുപോലെ ജീവിക്കാൻ കഴിയാത്ത സ്ഥിതിയിലാവുകയാണ്. ഒരുലക്ഷത്തോളം ആളുകൾ സാരമല്ലാത്ത പരിക്കുകളോടുകൂടി രക്ഷപ്പെടുകയാണ്. മനുഷ്യന് പറ്റുന്ന ജീവഹാനിയും അപകടത്തിലുണ്ടാകുന്ന പരിക്കുമാണിതെങ്കിൽ വാഹനങ്ങൾക്കുണ്ടാകുന്ന നഷ്ടവും റോഡിലുണ്ടാകുന്ന ഗതാഗതക്കുരുക്കും അതുമൂലമുണ്ടാകുന്ന കാലതാമസവുമെല്ലാം ഇതിന്റെ അനുബന്ധ പ്രയാസങ്ങളാണ്. ഇത്രമേൽ ഗൗരവതരമായ സ്ഥിതിവിശേഷം പരിഹരിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു കമ്മീഷനെ നിയോഗിച്ചു. റോഡ് അപകടങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടി അവരുടെ ഗവൺമെന്റിന്റെ കാലത്ത് നിയോഗിച്ച കമ്മീഷനെക്കുറിച്ചോ, ആ കമ്മീഷൻ ആ ഗവൺമെന്റിന് കൊടുത്ത റിപ്പോർട്ടിനെക്കുറിച്ചോ പ്രതിപക്ഷത്തിരിക്കുന്ന ഒരംഗവും ഒരക്ഷരം ഉരിയാടിയിട്ടില്ല. ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷനെ നിയോഗിച്ചത് കഴിഞ്ഞ ഗവൺമെന്റാണ്. നിങ്ങൾക്കത് ഓർമ്മയുണ്ടാകില്ല, ഓർമ്മയുണ്ടാകാൻ തരമില്ല. വേറെ ഒരുപാട് കാര്യങ്ങൾ പറയാൻ നിങ്ങൾക്ക് സമയമുണ്ടായിരുന്നു. ആ കമ്മീഷന്റെ മുമ്പാകെ മൂന്നുതവണ തെളിവ് കൊടുക്കാൻ ഞാൻ പോയിട്ടുണ്ട്. പ്രതിപക്ഷത്തിരിക്കുന്ന, അന്നത്തെ ഭരണകക്ഷിയിലുള്ള അംഗങ്ങളിൽ ആരൊക്കെ പോയിയെന്ന് എനിക്ക് കൃത്യമായി പറയാൻ സാധിക്കും. വിരലിലെണ്ണാവുന്ന അംഗങ്ങൾ പോയിട്ടില്ല. പോകാത്തതല്ല പ്രശ്നം, ആ കമ്മീഷൻ കേരളത്തിലെ മുഴുവൻ റോഡുകളും പരിശോധിച്ച് ബ്ലാക് സ്പോട്ടുകൾ കണ്ടെത്തി പരിഹാരം നിർദ്ദേശിച്ചു. " wheel on rail" എന്നുപറയുന്ന ഒരു നൂതന ആശയം കൊണ്ടുവന്നു. വളരെ നൂതനമെന്ന് ഞാൻ പറയുന്നില്ല. കാരണം, ഇന്ത്യയിൽത്തന്നെ മറ്റ് ചില സംസ്ഥാ

നങ്ങളിൽ അത് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതാണ്. ഇത്തരം കാര്യങ്ങളെല്ലാം ഉൾക്കൊള്ളുന്ന ആ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ഒരു നടപടിയുമുണ്ടായിട്ടില്ല. അതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് വച്ചതാണോ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സമർപ്പിക്കപ്പെട്ടതാണോ എന്ന വിവേചനമില്ലാതെ ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ റിപ്പോർട്ട് പരിശോധിക്കാനും അതിനകത്ത് സ്വാഗതാർഹമായ നിർദ്ദേശങ്ങളുണ്ടെങ്കിൽ അത് സ്വീകരിച്ച് നടപ്പാക്കാനും ഈ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് സ്നേഹപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

റോഡപകടങ്ങൾ കുറയ്ക്കണമെന്ന് പറയുന്നതുപോലതന്നെ റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി സ്വീകരിക്കുന്ന വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് നമ്മുടെ പൊതുഗതാഗതം. പൊതുഗതാഗതം സംബന്ധിച്ച് പറയുമ്പോൾ ഏറ്റവും ആദ്യമെത്തുന്നത് കെ.എസ്.ആർ.ടി.സി.-യിലേക്കാണ്. എന്നാൽ കെ.എസ്.ആർ. ടി.സി. മാത്രമല്ലല്ലോ പൊതുഗതാഗതത്തിന്റെ ഭാഗമായി വരുന്നത്. വാട്ടർ ട്രാൻസ്പോർട്ട്, മെട്രോ, ലൈറ്റ് മെട്രോ തുടങ്ങി പലതുമുണ്ട്. പൊതുഗതാഗതം കഴിഞ്ഞാൽ സ്വകാര്യ ഗതാഗതത്തിന്റെ പ്രശ്നവുമുണ്ട്. ഇവിടെ എല്ലാ അംഗങ്ങളും ഗതാഗതപ്പെരുപ്പത്തിന്റെ കണക്ക് പറഞ്ഞു. ഞാൻ അത് വിശദീകരിക്കുന്നില്ല. നമുക്കൊരു ഗതാഗതനയമുണ്ടാകണം. ഗതാഗത നയം ആവിഷ്കരിച്ച് അതിന്റെ ഭാഗമായി എങ്ങനെ ഗതാഗതതിരക്ക് കുറയ്ക്കാൻ സാധിക്കും; പൊതുഗതാഗത സംവിധാനത്തെ എങ്ങനെ കൂടുതൽ ആശ്രയിക്കാൻ സാധിക്കും എന്നൊരു സമീപനം നാം സ്വീകരിച്ചാൽ അത് കേവലം മരണനിരക്കും അപകടനിരക്കും കുറയ്ക്കുക മാത്രമല്ല അതിലൂടെ കെ.എസ്.ആർ.ടി.സി. രക്ഷപ്പെടുകയും ചെയ്യും. ഇത് പരസ്പരപൂരകങ്ങളാണ്. എന്തുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ ആളുകൾ ആശ്രയിക്കുന്നില്ലായെന്ന് എനിക്ക് മുമ്പ് സംസാരിച്ച അംഗം പറഞ്ഞു. അതിന് പല കാരണങ്ങളുണ്ട്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പക്ഷെ പൊതുഗതാഗത സംവിധാനം നന്നായി പ്രയോജനപ്പെടുത്താൻ കഴിയുന്ന രൂപത്തിൽ മെച്ചപ്പെടുത്തണം. ഒരു വീട്ടിൽനിന്നും മൂന്നാളുകൾ പോകുന്നുണ്ടെങ്കിൽ മൂന്ന് കാറിലാണ് പോകുന്നത്. എന്താണ് ഇതിന്റെ അടിസ്ഥാനം? രാവിലെ കുളിച്ച് വൃത്തിയായി നല്ല വസ്ത്രമൊക്കെ ധരിച്ച് ഒരു വിവാഹചടങ്ങിൽ പങ്കെടുക്കാനാണ് പുറപ്പെടുന്നതെങ്കിൽ ഒരു ബസ്സിൽ കയറി അവിടെ ചെന്നിറങ്ങിയാൽ പിന്നെ കല്യാണ വീട്ടിലേയ്ക്ക് കയറാൻ കഴിയാത്ത സ്ഥിതിയാകും. അപ്പോൾ ആൾക്കാർ വിചാരിക്കും കുറച്ച് കാശുമുടക്കിയിട്ടായാലും ഒരു ടാക്സി വിളിക്കാം, അല്ലെങ്കിൽ സ്വന്തമായി കാറുണ്ടെങ്കിൽ കാറെടുത്തുപോകാമെന്ന്. ഇത്തരത്തിൽ ആളുകൾക്ക് പൊതുഗതാഗതത്തെ പലപ്പോഴും ആശ്രയിക്കാൻ സാധിക്കുന്നില്ല. ആളുകൾക്ക് കൃത്യമായി എത്തേണ്ട സമയത്ത് എത്തണമെന്ന് വരുമ്പോഴാണ് സ്വകാര്യ വാഹനത്തെ ആശ്രയിക്കുന്നത്. നിരവധി ലോകരാഷ്ട്രങ്ങളിൽ പബ്ലിക് ട്രാൻസ്പോർട്ട്

ഏറ്റവും മികച്ച നിലയിലാണ്. അത് ഗവൺമെന്റിന്റെ ചെലവിലാണ്. അതുകൊണ്ടു തന്നെ അവിടെ സ്വകാര്യവാഹനങ്ങളുടെ ഉപയോഗം ഗണ്യമായി കുറയുകയാണ്. ഇത് അന്തരീക്ഷ മലിനീകരണവും ദേശീയ സാമ്പത്തികനഷ്ടവും ഗതാഗതക്കുരുക്കും ഇല്ലാതാക്കും. പ്രതിവർഷം നാലായിരത്തോളം ആളുകൾ കൊലചെയ്യപ്പെടുന്ന ഒരു യുദ്ധവും ലോകത്ത് നടക്കുന്നില്ല. പാലസ്തീനിൽപ്പോലുമില്ല. പക്ഷെ ഒരു യുദ്ധ മുഖത്തുമില്ലാത്തതിനെക്കാൾ കൂടുതൽ ആളുകൾക്ക് കേരളത്തിനകത്ത് ഇങ്ങനെ ജീവൻ നഷ്ടപ്പെടുമ്പോൾ അതിനെക്കുറിച്ചൊരു വേവലാതിയുമില്ലാതിരിക്കുന്നു എന്നത് ഖേദകരമാണ്. കെ.എസ്.ആർ.ടി.സി. ചില കാര്യങ്ങൾ ആവിഷ്കരിക്കാൻ തയ്യാറായി മുന്നോട്ട് വരുന്നതിനെ ഞാൻ അഭിനന്ദിക്കുകയാണ്. കെ.എസ്.എഫ്. ഡി.സി.-യുമായി ചേർന്ന് ആലോചിച്ച് തമ്പാനൂർ ടെർമിനലിൽ ഒരു മൾട്ടിപ്ലസ് സിനിമാതിയേറ്ററും അതിനോടനുബന്ധിച്ചൊരു ലക്ഷ്വറി ലോഞ്ചും വിഭാവന ചെയ്യുന്നുണ്ടെന്നാണ് കേട്ടത്. മികച്ച യാത്രാസൗകര്യമുള്ള (എ.സി.-യും കംഫർട്ടബിൾ പുഷ്ബാക്ക് സീറ്റുമുള്ള) ബസ്സാണെങ്കിൽ കൂടുതൽ ചാർജ്ജ് കൊടുത്തിട്ടാണെങ്കിലും യാത്രചെയ്യാൻ ആളുകൾ തയ്യാറാകും. അവരുടെ സ്വന്തം വാഹനം കെ.എസ്.ആർ. ടി.സി.-യുടെ ഒരു ഭാഗത്ത് പേ ആന്റ് പാർക്കിൽ വച്ചിട്ട് ബസ്സിൽ കയറി അടുത്ത സ്റ്റേഷനിൽ ചെന്നിറങ്ങിയാൽ അവിടെയും പേ ആന്റ് പാർക്ക് സൗകര്യവും കാൾ ടാക്സിയും ലക്ഷ്വറീസായിട്ടുള്ള ലോഞ്ചുമുണ്ടാവണം. എന്തുകൊണ്ടാണ് നമുക്കത് ചെയ്യാൻ സാധിക്കാത്തത്; ഈ സഭയിൽ മുമ്പൊരി ക്കൽ ഞാൻ ഇക്കാര്യം സംസാരിച്ചിരുന്നു. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണ നായിരുന്നു അന്ന് ഗതാഗതവകുപ്പുമന്ത്രി. ഞാൻ അദ്ദേഹത്തോട് ഇക്കാര്യത്തെക്കുറിച്ച് ഓർമ്മിപ്പിക്കുക കൂടി ചെയ്തതാണ്. ഇന്നത്തെ വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ ഇക്കാര്യം ഗൗരവപൂർവ്വം കണക്കിലെടുത്ത് ഇതിനൊരു വഴി കണ്ടെത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

വാട്ടർ ട്രാൻസ്പോർട്ടിന്റെ ടിക്കറ്റ് നിരക്കിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കണം. തളിപ്പറമ്പ് മണ്ഡലത്തിൽ വാട്ടർ ട്രാൻസ്പോർട്ട് സൗകര്യമുണ്ട്. ഒരു എം.എൽ.എ.-യ്ക്ക് പറയാൻ പാടില്ലെങ്കിലും ഞാൻ വകുപ്പുമന്ത്രിയോട് ഇക്കാര്യം പറഞ്ഞിരുന്നു. യാത്രാനിരക്കിൽ വർദ്ധനവ് വരുത്തിയാലും അതിൽ കയറുന്ന ആളുകൾക്ക് സുരക്ഷിതത്വമുണ്ടാകണം. ഇപ്പോഴുള്ള ബോട്ടിൽ കയറിയാൽ എവിടെ യെങ്കിലും തൊട്ടാൽ സെപ്റ്റിക്കാകും. സെപ്റ്റിക് ആകാത്ത വിധത്തിലുള്ള ഒരു വാഹനമാക്കി മാറ്റി അതിന്റെ ചാർജ് കൂട്ടണം. അങ്ങനെ മികച്ച രീതിയിൽ അതിനെ ആധുനികവത്ക്കരിക്കാൻ തീർച്ചയായും അങ്ങേയ്ക്ക് സാധിക്കുമെന്ന ഉത്തമ വിശ്വാസം എനിക്കുണ്ട്.

ഇന്ന് river cruise tourism നല്ല നിലയിൽ ആളുകൾ താല്പര്യപ്പെട്ട് വരികയാണ്. കേരളത്തിൽ 44 നദികളും വലിയ ബാക്ക്വാട്ടർ ഏരിയയുമുള്ള സാഹചര്യത്തിൽ നമ്മുടെ വാട്ടർ ട്രാൻസ്പോർട്ടിനെ ടൂറിസവുമായി കണക്കുചെയ്ത് നന്നായി പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഇവിടെ ശ്രീ. റ്റി. വി. രാജേഷ് ചില കാര്യങ്ങൾ പറഞ്ഞു. ഞാൻ അത്രയും പറയുന്നില്ല. പക്ഷെ ഒന്ന് പറയാതിരിക്കാൻ കഴിയില്ല. എന്റെ മാത്രമല്ല, കേരളത്തിന്റെ പ്രിയപ്പെട്ട നേതാവ് എ.കെ.ജി.-യെക്കുറിച്ച് അങ്ങേയറ്റം അപല പനീയമായ രീതിയിൽ ഒരംഗം ഫെയ്സ്ബുക്ക് പോസ്റ്റിട്ടു. ശ്രീ. എ. കെ. ആന്റണി, ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. ഉമ്മൻ ചാണ്ടി എന്നിവരെല്ലാം ആ പോസ്റ്റിനെ തള്ളിപ്പറഞ്ഞു. ഞാൻ ആ കോൺഗ്രസ് നേതാക്കളെ ബഹുമാനിക്കുകയാണ്, അംഗീകരിക്കുകയാണ്. പക്ഷെ ആ പോസ്റ്റിട്ട ഈ സഭയിലെ അംഗം അതിൽ ഉറച്ചുനിന്നു. അതിൽ അത്ഭുതമില്ല. അതാണ് ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞത്. പക്ഷെ എന്നെ അത്ഭുതപ്പെടുത്തിയത് ആ പോസ്റ്റിനെ രണ്ട് ആളുകൾ പിന്തുണച്ചു വെന്നതാണ്. ഒരാൾ കോൺഗ്രസ്സിൽ നിന്നും മറ്റൊരാൾ ബി.ജെ.പി.-യിൽ നിന്നുള്ള ശ്രീ. കെ. സുരേന്ദ്രനുമാണ്. ഇതെവിടേയ്ക്കാണ് പോകുന്നതെന്ന് നിങ്ങൾ ആലോചിക്കണം. മിസ്ഡ്കോൾ അടിച്ച്, എപ്പോഴാണ് മിസ്ഡ്കോളിനുള്ള വിളി വരുന്നതെന്നും കാത്തിരിക്കുകയാണ്. വിളി വന്നിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ദയവായി ഇത്തരം കള്ളനാണയങ്ങൾ നിങ്ങൾ തിരിച്ചറിയണമെന്നാണ് പ്രിയപ്പെട്ട കോൺഗ്രസ്സുകാരോട് എനിക്ക് പറയാനുള്ളത്. കാരണം, കേരളത്തിൽ മാർക്സിസ്റ്റ് വിരോധത്തിന് വലിയ മാർക്കറ്റുണ്ട്. കോൺഗ്രസ്സിനകത്ത് ഗ്രൂപ്പിസ മൊക്കെയുണ്ട്. ഏത് ഗ്രൂപ്പാണ് ഞങ്ങളെ ശക്തിയായി എതിർക്കുന്നത് അതിനാണ് കൂടുതൽ ഡിമാൻഡ്. ആ ഭാഗത്താണ് കുറച്ച് ആളുകളെ മാർക്സിസ്റ്റ് വിരോധത്തിന്റെ പേരിൽ കേന്ദ്രീകരിപ്പിക്കാൻ സാധിക്കുക. അത് നന്നായി മനസ്സിലാകുന്ന രണ്ട് ഗ്രൂപ്പിലുമുള്ളതിനെക്കാൾ കൂടുതൽ മാർക്സിസ്റ്റ് വിരോധം പ്രകടിപ്പിച്ചാൽ എവിടേയ്ക്കാണ് വഴി തുറക്കുക. വളരെ കൃത്യമായ കാര്യമാണ്. ഇന്ത്യയിലെ മറ്റ് ഇതര സംസ്ഥാന ങ്ങളിലുണ്ടായിട്ടുള്ള ആ അനുഭവ പശ്ചാത്തലത്തിൽ വാതിൽ തുറക്കാൻ ആവശ്യമായ എല്ലാ തയ്യാറെടുപ്പും നടത്തിയിരിക്കുകയാണ്. കോൺഗ്രസ്സു കാർക്കുപോലും അംഗീകരിക്കാൻ സാധിക്കാത്ത മാർക്സിസ്റ്റ് വിരോധത്തിന്റെ ആൾരൂപമായി മാറാൻ ഈ സഭയ്ക്കകത്തെ ഒരു ചെറുപ്പക്കാരന് എങ്ങനെയാണ് സാധിക്കുന്നത്? അപമാനം തോന്നുകയാണ്. 577 ധീരരായ രക്തസാക്ഷികളുടെ ശവകുടീരത്തിൽനിന്ന് കൊണ്ടുവന്ന ദീപശിഖകൾ കൊളുത്തിയാണ് ഈ പാർട്ടിയുടെ 22-ാമത് സംസ്ഥാന സമ്മേളനം ആരംഭിച്ചത്. ഒരുപാട് പേരുടെ ജീവൻ നിലനിർത്തുന്നതിനുവേണ്ടിയാണ് 577 ആളുകൾ ജീവൻ ബലി കൊടുത്ത തെന്ന് നിങ്ങൾ മനസ്സിലാക്കണം. പക്ഷെ അപ്പോഴും നിങ്ങൾ പറയുന്നു, ഞങ്ങളാ ണ് കൊലപാതകികളെന്ന്. ആരാണ് കൊലപാതകികളെന്ന് ചരിത്രവും കാലവും നിങ്ങളെ പഠിപ്പിക്കും. 577 പേർ - വിദ്യാർത്ഥികൾ, യുവാക്കൾ, അങ്ങനെ എത്ര പേർ. വർഗ്ഗീയ കലാപങ്ങളില്ലാത്ത ഒരു കേരളത്തിനുവേണ്ടി, ഗുണ്ടാതേർ വാഴ്ചയില്ലാത്ത കേരളത്തിനുവേണ്ടി കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റ് നിലകൊണ്ടതിന് കൊടുക്കേണ്ടിവന്ന വിലയാണ് അവരുടെയെല്ലാം ജീവനെന്ന് നിങ്ങൾ ഓർമ്മിക്കുന്നില്ല. എനിക്ക് നിങ്ങളോട് ഒരു തർക്കവുമില്ല. ചില കാലത്ത് ഇങ്ങനെ ചിലത് നമ്മൾ കാണേണ്ടതായി വരും. അങ്ങനെ കാണേണ്ടി വരുന്നതു കൊണ്ട് ആക്ഷേപമൊന്നുമില്ല.

ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ജിഷ്ണു പ്രണോയിയുടെ മരണത്തെത്തുടർന്ന് കേരളം എന്തെല്ലാം കണ്ടു. ഇന്നലെ സി.ബി.ഐ. അന്വേഷണം പ്രഖ്യാപിച്ചപ്പോൾ നമ്മുടെ ഗവൺമെന്റ് പരാജയപ്പെട്ടു എന്നുള്ള വലിയ ആക്ഷേപമാണ്. ഞാൻ തിരിച്ചു പറയുകയാണ്. ജിഷ്ണു പ്രണോയിയുടെ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ഈ ഗവൺമെന്റ്, ചെയ്യാവുന്ന എല്ലാ വഴികളും ആരാഞ്ഞു; ചെയ്തു. പക്ഷെ നിങ്ങൾക്ക് മലപ്പുറം തെരഞ്ഞെടുപ്പിന്റെ സന്ദർഭത്തിൽ ഹർത്താൽ ആചരിക്കണമായിരുന്നു, ആചരിച്ചു. പക്ഷെ കുറച്ചു ദിവസം കഴിഞ്ഞ പ്പോൾ ജിഷ്ണു പ്രണോയിയുടെ പ്രശ്നം ഏറ്റെടുത്ത് ഏറ്റവും മുൻപന്തിയിൽ നിന്ന ഒരാളെ പാലക്കാട് നിന്ന് നമ്മൾ കണ്ടുപിടിച്ചു. ആളുകൾ വളഞ്ഞുപിടിച്ചപ്പോൾ മീശമാധവൻ സിനിമയിലെ കഥാപാത്രമായ പിള്ളേച്ചനെപ്പോലെ 'രക്ഷിക്കണം പുരുഷു, അനുഗ്രഹിക്കണം' എന്നുപറഞ്ഞ് രക്ഷപ്പെട്ട ഒരാളുണ്ട്. നാണമാകില്ലേ, ഇതാണോ രാഷ്ട്രീയം. അയാളാണ് ഷുഹൈബിനുവേണ്ടി നിരാഹാരം കിടക്കുന്നത്. ഷുഹൈബിനുവേണ്ടി നിരാഹാരം കിടക്കാനുള്ള എന്ത് ആത്മാർത്ഥതയും സത്യസന്ധതയുമാണ് കോൺഗ്രസ്സിന്റെ ആ നേതാവിനുള്ളതെന്ന് നിങ്ങൾ പരിശോധിക്കണമെന്ന് ഒരിക്കൽകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഗതാഗതവകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. കാരണം എത്ര ധനം കിട്ടിയിട്ടും പ്രത്യേകിച്ച് കാര്യമുണ്ടെന്ന് തോന്നാത്തതുകൊണ്ടാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ ഗതാഗത വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ആളെടുക്കുന്നതുപോലെ ആറ് മാസം കൂടുമ്പോൾ ഓരോ മന്ത്രിമാർ വരും, അതു കഴിയുമ്പോൾ അവർ പോകും, പുതിയ മന്ത്രിമാർ വരും. കെ.എസ്. ആർ.ടി.സി.-യിലെ പെൻഷന്റെ കാര്യക്ഷമത ഉറപ്പുവരുത്താൻ സാധിക്കണം. രണ്ടുമാസം കൂടുമ്പോഴെങ്കിലും കുടിശ്ശിക തീർത്ത് കൊടുക്കാനുള്ള സംവിധാന മുണ്ടാക്കണം. ഒരു മാസത്തെ തുക അക്കൗണ്ടിൽ വന്ന മെസേജ് ഫോണിലേക്ക് വന്നതോടൊപ്പം പഴയ ലോണുകളുടെ തിരിച്ചടവിന്റെയും മെസേജ് വന്നു, ഒരു രൂപപോലും ആർക്കുമെടുക്കാൻ കഴിഞ്ഞി ല്ലെന്നാണ് പലരും പറയുന്നത്. ശമ്പളം പോലും കൊടുക്കുന്നില്ല. പാടത്ത് പണി വരമ്പത്ത് കൂലി എന്നൊക്കെ കണ്ണൂരിൽ അക്രമരാഷ്ട്രീയം നടക്കുമ്പോൾ മാത്രം പറയാവുന്ന ന്യായീകരണമാകരുത്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം കൊടുക്കാനുള്ള സമീപനം സ്വീകരിക്കാൻ നിങ്ങൾ തയ്യാറാകണം. ഇന്ന് എട്ടാം തീയതിയാണ്. ഈ മാസത്തെ ശമ്പളം ഇതുവരെ കൊടുത്തിട്ടില്ല. കെ.എസ്.ആർ.ടി.സി. ബസ്സിന് വരുമാനമില്ലെങ്കിൽ ഫുട്ബോർഡിൽ വച്ചെങ്കിലും അത് കൊടുക്കാൻ തയ്യാറാകണം. ഗ്രാമീണ മേഖലയിൽ വലിയ തോതിലുള്ള ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കൽ കെ.എസ്.ആർ.ടി.സി.-യുടെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. ഒരു ഭാഗത്ത് ലാഭമൊന്നുമല്ല സാമൂഹ്യസേവനമാണെന്ന് പറയുമ്പോൾ അതിന്റെ പ്രയോജനം നമ്മളെപ്പോലെ ഗ്രാമീണമേഖലയിലുള്ള ജനങ്ങൾക്ക് ലഭിക്കേണ്ടതായിട്ടുണ്ട്. തൃത്താല നിയോജക

മണ്ഡലത്തിലൂടെ കടന്നുപോകുന്ന നിരവധി ഷെഡ്യൂളുകളാണ് അങ്ങയുടെ ഗവൺമെന്റ് വന്നതിനുശേഷം അടുത്തകാലത്ത് വെട്ടിക്കുറച്ചിരിക്കുന്നത്. പൊന്നാനി, പാലക്കാട്, തൃശ്ശൂർ എന്നീ ഡിപ്പോകളിൽ നിന്നും സർവ്വീസ് നടത്തുന്ന നിരവധി കെ.എസ്.ആർ.ടി.സി ബസ്സുകൾ സർവ്വീസ് നിർത്തിയിട്ടുണ്ട്. അത് പുനരാരംഭിക്കുന്നതിനുള്ള സമീപനമുണ്ടാകണം. കുറ്റനാട്-തൃത്താല വഴിയിൽ രാത്രി ഒൻപതുമണിക്കുശേഷം ഗതാഗതസൗകര്യമില്ല. അവിടെ പുതിയ ബസ്സുകൾ ആരംഭിക്കുന്നതിന് തയ്യാറാകണം.

മെട്രോയെക്കുറിച്ച് ഇവിടെ പറഞ്ഞു. ഒരു ഭാഗത്ത് ലോകകേരള സഭയൊക്കെ നടത്തി മുഴുവൻ ആളുകളെയും കേരളത്തിന്റെ വികസനത്തിൽ പങ്കാളികളാക്കുന്നതിനുവേണ്ടിയുള്ള സമീപനവുമായി പോകുമ്പോൾ ലോക മലയാളികൾക്കുമുന്നിൽ അഭിമാനത്തോടുകൂടി കേരളത്തിന്റെ പുത്രനെന്ന് വിശേഷിപ്പിക്കാൻ സാധിക്കുന്നതാണ് രാജ്യം പത്മവിഭൂഷൺ നൽകി ആദരിച്ച ശ്രീ. ഇ. ശ്രീധരൻ. അദ്ദേഹത്തെ പുകച്ചുപുറത്തു ചാടിക്കാനുള്ള ശ്രമം ഈ ഗവൺമെന്റ് നടത്തുന്നുവെന്നതാണ് ഗുരുതരമായ ആക്ഷേപമായി പുറത്തുവന്നിട്ടുള്ളത്. ഏഴായിരം കോടി രൂപയുടെ പദ്ധതി നടപ്പിൽ വരുമ്പോൾ സത്യസന്ധതയ്ക്കും കാര്യക്ഷമതയ്ക്കും അനുഭവ സമ്പത്തിനും ഉടമ എന്ന് നമ്മൾ വിശേഷിപ്പിക്കുന്ന ശ്രീ. ഇ. ശ്രീധരന്റെ സാന്നിധ്യം ഉണ്ടാകരുതെന്ന നിലയ്ക്കുള്ള നീക്കം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. ബസ് ചാർജ് വർദ്ധിപ്പിക്കുന്ന സമീപനം ഗവൺമെന്റ് സ്വീകരിക്കുമ്പോഴും സാധാരണക്കാരായ ആളുകൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ ഫെയർ സ്റ്റേജ് നിർണ്ണയത്തിലെ അപാകത പരിഹരിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. വിദ്യാർത്ഥികൾ വലിയ രീതിയിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്.

ഇന്ന് ലോക വനിതാദിനം കൂടിയാണ്. വിദ്യാർത്ഥിനികൾക്ക് ബസ്സുകളിൽ നിരവധി ബുദ്ധിമുട്ടുകളും പീഡനങ്ങളും നേരിടേണ്ടി വരുന്നു. ബസ് സ്റ്റാന്റിൽ ബസ് പാർക്ക് ചെയ്യുമ്പോൾ കയറാൻ സമ്മതിക്കുന്നില്ല, സീറ്റുണ്ടെങ്കിൽപ്പോലും ഇരിക്കാൻ സമ്മതിക്കില്ല, ജീവനക്കാരുടെ ഭാഗത്തുനിന്ന് അങ്ങേയറ്റം മോശമായ പെരുമാറ്റം. ഇത്തരം സംഭവങ്ങളോട് ഒരു സീറോ ടോളറൻസ് അപ്രോച്ച് സ്വീകരിക്കാൻ ഗവൺമെന്റിന് ബാധ്യതയുണ്ട്. ആ നിലയിലുള്ള ശക്തമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കഴിഞ്ഞ മൂന്നുനാല് ദിവസമായി എല്ലാവരും ത്രിപുരയെക്കുറിച്ച് ചർച്ച ചെയ്യുകയാണ്. ത്രിപുരയിൽ അങ്ങേയറ്റം ഗുരുതരമായ സാഹചര്യമാണ് തെരഞ്ഞെടുപ്പിനുശേഷം ഉണ്ടായിരിക്കുന്നത്. വലിയ അക്രമങ്ങളാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതിനോട് അതിശക്തമായി തന്നെ പ്രതിഷേധിച്ചും പ്രതികരിച്ചുകൊണ്ടുമാണ് ഞങ്ങളടക്കം ഫെയ്സ്ബുക്കിലും മറ്റും അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളത്. അവിടെ ഒരു പ്രതിമയും തകർക്കാൻ പാടില്ലെന്നു തന്നെയാണ്

ആഗ്രഹിക്കുന്നത്. ലെനിന്റെയോ, രാജീവ് ഗാന്ധിയുടെയോ അംബേദ്ക്കറുടെ പെരിയാർ രാമസ്വാമി നായ്ക്കരുടെയോ പ്രതിമയായാലും കേരളത്തിൽ ആലപ്പുഴയിലെ കൃഷ്ണപിള്ളയുടെ പ്രതിമയായാലും ഒഞ്ചിയത്തെ ടി. പി. ചന്ദ്രശേഖരന്റെ പ്രതിമയായാലും ഒരു പ്രതിമയും തകർക്കാൻ പാടില്ലെന്ന അതിശക്തമായ പൊതു നിലപാടിലേക്ക് നമ്മൾ വരേണ്ടതുണ്ട്. കാരണം, ജനാധിപത്യത്തിൽ നിയമവാഴ്ചയുള്ള നാട്ടിൽ ആ നിലയ്ക്കുള്ള സമീപനമാണ് സ്വീകരിക്കേണ്ടത്. വലിയ രീതിയിലുള്ള നിയമസമാധാന തകർച്ച ത്രിപുരയിലുണ്ടാകുമ്പോൾ കേന്ദ്ര സർക്കാരിനും ഗവർണർക്കും ഉത്തരവാദിത്വമുണ്ട്. അവർ അവിടത്തെ ക്രമസമാധാനം പാലിക്കാനുള്ള ഉത്തരവാദിത്വം നിർവ്വഹിക്കണമെന്നാണ് അതിശക്തമായി ആവശ്യപ്പെടാനുള്ളത്.

ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞാനടക്കമുള്ളവരുടെ പേര് പരാമർശിച്ച് ചില ഫെയ്സ്ബുക്ക് പോസ്റ്റുകളുടെ പേരിൽ വലിയ വിമർശനം പരാതി രൂപത്തിൽ ഉന്നയിക്കുന്നത് കേൾക്കാനിടവന്നു. ഇന്ന് അപ്പുറത്തുള്ള ചില സുഹൃത്തുക്കൾ തൊട്ടു മുൻപുവരെ അത് ആവർത്തിക്കുകയും ചെയ്തു. ലെനിനെ ഞാൻ സ്വേച്ഛാധിപതി എന്നുവിളിച്ചുവെന്നുള്ളതാണ് പരാതി രൂപത്തിൽ പറയുന്നത്. ഞാൻ വീണ്ടും ആവർത്തിക്കുന്നു, ലെനിൻ ഒരു സ്വേച്ഛാധിപതിയാണ്. സ്റ്റാലിൻ, മാവോ, പോൾ പോട്ട്, ചെഷസ്ക്യൂ, ഫിദൽ കാസ്ട്രോ, കിം ജോങ് ഉൻ എന്നിവർ സ്വേച്ഛാധിപതികളാണ്. കമ്മ്യൂണിസ്റ്റുകൾ ലോകം മുഴുവൻ സ്വേച്ഛാധിപതികളാണ്. സ്വേച്ഛാധിപത്യത്തിൽ വിശ്വസിക്കുന്ന ആളുകളാണ്. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റും സ്വേച്ഛാധിപത്യത്തിൽ വിശ്വസിക്കുന്ന പാർട്ടിയാണ്. സ്വേച്ഛാധിപത്യം തങ്ങളുടെ അജണ്ടയായി പ്രഖ്യാപിച്ച പാർട്ടിയാണ്. പാർട്ടി ഭരണഘടനയിലെ വാചകങ്ങൾ ഒരുപക്ഷെ ആളുകൾ വായിച്ചിട്ടുണ്ടോയെന്ന് അറിയില്ല. പാർട്ടിയുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി തന്നെ പാർട്ടിയിലെ യുവനേതാക്കളോട് പറയുന്നു, 'നിങ്ങൾ ഗൂഗിൾ നോക്കിയിട്ടല്ല പാർട്ടിയെക്കുറിച്ച് പഠിക്കേണ്ടത്, നിങ്ങൾ പാർട്ടി പരിപാടിയും പാർട്ടി ഭരണഘടനയും വായിക്കണം'. നിങ്ങൾക്കുവേണ്ടി ഞാൻ വായിക്കാം, പാർട്ടി ഭരണഘടനയിലെ ആർട്ടിക്കിൾ 2 പാർട്ടിയുടെ ലക്ഷ്യം പ്രഖ്യാപിക്കുന്നു. "The Communist Party of India (Marxist) is the revolutionary vanguard of the working class of India. Its aim is socialism and communism through the establishment of the state of dictatorship of the proletariat". സ്വേച്ഛാധിപത്യം നിങ്ങളുടെ അജണ്ടയാണ്, പ്രഖ്യാപിത ലക്ഷ്യമാണെന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾക്കത് നിഷേധിക്കാൻ കഴിയില്ല. നിങ്ങളൊരു ഡെക്കറേഷന്റെ ഭാഗമായി, ഇത് dictatorship of the proletariat ആണ്, തൊഴിലാളിവർഗ്ഗ സ്വേച്ഛാധിപത്യമാണെന്നൊക്കെ പറയും. എല്ലാ സ്വേച്ഛാധിപതികളും ജനങ്ങളെ പിടിച്ചാണ് ആണയിടാറുള്ളത്. ഹിറ്റ്ലർ, National Socialist Party of India എന്നാണ് NASI പാർട്ടിയെ വിശേഷിപ്പിച്ചത്. ചൈനയുടെ പേരെന്താണ്? Peoples Republic of

China എന്നാണ്. അവിടത്തെ ആർമിയുടെ പേര് Peoples Army എന്നാണ്. ജനങ്ങൾക്ക് അവിടെ വല്ല റോളുമുണ്ടോ, വല്ല അഭിപ്രായ സ്വാതന്ത്ര്യ വുമുണ്ടോ? പക്ഷെ ജനങ്ങളുടെ പേരിലാണ് ഭരണം നടക്കുന്നത്. കൊറിയയിലും ഇതുതന്നെയാണ് സ്ഥിതി. I.S-ഇസ്ലാമിക് സ്റ്റേറ്റെന്നാണ് അവകാശപ്പെടുന്നത്. ഇസ്ലാമുമായി വല്ല ബന്ധവുമുള്ള സംഘടനയാണോ? ആർ.എസ്.എസ്. ഹിന്ദുത്വ രാഷ്ട്രീയമെന്നാണ് പറയുന്നത്, ഹിന്ദുക്കളുമായി വല്ല ബന്ധവുമുണ്ടോ? ദളിതരുടെയും പിന്നോക്കക്കാരുടെയും എന്തെങ്കിലും ആശയങ്ങൾ ആർ.എസ്.എസ്. ഉൾക്കൊ ള്ളുന്നുണ്ടോ? അവർ ഹിന്ദു പാർട്ടിയാണെന്നാണ് പറയുന്നത്. അവർ ഹിന്ദുക്കളുടെ പാർട്ടിയല്ല. പേരിന് നിങ്ങൾ തൊഴിലാളികളെ പറയുമെങ്കിലും ആരുടെ പാർട്ടിയാണ് സി.പി.ഐ.(എം) എന്നൊക്കെ എത്രയോ കാലമായി നമുക്കറിയാം. അറബികൾ റാഞ്ചിക്കൊണ്ടുപോകാതെ നിങ്ങളുടെ പാർട്ടിയെ നിങ്ങൾ കാത്തു സൂക്ഷിച്ചാൽ നന്നായിരിക്കും. ഇവിടെ ലെനിനെ ന്യായീകരിക്കുന്നതിനുവേണ്ടി ലോകാരാധ്യനായ ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ ഉദ്ധരിക്കുകയാണ്. ഇന്നലെ മുഖ്യമന്ത്രി "Discovery of India" -യിൽ നിന്ന് ലെനിനെ പ്രശംസിച്ചുകൊണ്ടുള്ള ഒരു വാചകം പറഞ്ഞു. Discovery of India-1946-ൽ പുറത്തിറങ്ങിയ പുസ്തകമാണ്. നെഹ്റു ജയിലിൽ വച്ചെഴുതിയ പുസ്തകമാണ്. അദ്ദേഹം 1964-ൽ മരിച്ചു. സോവിയറ്റ് യൂണിയൻ തകർന്നുവീണത് 1991-ലാണ്. അതിനുശേഷമാണ് എന്താണ് ലെനിൻ, എന്താണ് സ്റ്റാലിൻ എന്ന് ലോകം തന്നെ അറിഞ്ഞത്. നെഹ്റുവിനെ വച്ചുകൊണ്ട് ഫാസിസ്റ്റുകൾ എപ്പോഴും ന്യായീകരിക്കാറുണ്ട്. അവർ പറയുന്നത് നെഹ്റു ഞങ്ങളെ റിപ്പബ്ലിക് ദിനപരേഡിൽ പങ്കെടുപ്പിച്ചുവെന്നാണ്. ന്യായീകരണത്തിനു വേണ്ടിയാണെങ്കിൽ പ്പോലും നെഹ്റുവിനെയും ഇന്ദിരാഗാന്ധിയെയും ഒക്കെ നിങ്ങൾ ഓർക്കുന്നത് നല്ലതാണെന്ന കാര്യത്തിൽ സംശയമില്ല. ലെനിനെ നെഹ്റു നേരിട്ട് കണ്ടിട്ടില്ല. പക്ഷെ ലെനിന്റെ മരണശേഷം നെഹ്റു മോസ്കോയിൽ പോയപ്പോൾ അദ്ദേഹത്തിന്റെ മൃതശരീരം എംബാം ചെയ്തുവച്ചിരിക്കുന്നത് കണ്ടിട്ടുണ്ട്. അതിനെക്കുറിച്ച് നെഹ്റു തന്നെ പറഞ്ഞിട്ടുള്ളത് 'He has a uniform on and one of his hands is tightly clenched. Even in death he is the dictator' എന്നാണ്. മരിച്ചുകിടക്കുന്ന ലെനിന്റെ മുഖത്ത് നോക്കി നെഹ്റു dictator എന്നാണ് വിശേഷിപ്പിച്ചത്. മരിച്ചുകിടക്കുമ്പോൾ പ്പോലും ലെനിൻ ഒരു സ്വേച്ഛാധിപതി ആയിരുന്നു എന്നാണ് നെഹ്റു പറഞ്ഞത്. നെഹ്റു പല ആശയങ്ങളും എടുത്തിട്ടുണ്ടാവും. ലോകത്ത് നെഹ്റുവും ലെനിനും തമ്മിലുള്ള ഒരു സാമ്യമെന്ന് പറയുന്നത് പുതിയ രാജ്യമുണ്ടായപ്പോൾ അതിന്റെ ആദ്യ ഭരണാധികാരിയാകാൻ നെഹ്റുവിനും ലെനിനും അവസരമുണ്ടായിയെ ന്നതാണ്. നെഹ്റുവിന്റെ മഹത്വമെന്ന് പറയുന്നത് നെഹ്റു സ്വയം ഒരു ലെനിനായി മാറിയില്ലെന്നുള്ളതാണ്. ലെനിൻ സ്വന്തം നാട്ടിൽ നടപ്പാക്കാൻ ശ്രമിച്ചത് ഒരു ഏകപാർട്ടി സ്വേച്ഛാധിപത്യമാണെങ്കിൽ ഇവിടെ നെഹ്റു ഒരു ബഹുകക്ഷി

ജനാധിപത്യം കൊണ്ടുവന്നു. അതുകൊണ്ടാണ് നിങ്ങൾ കമ്മ്യൂണിസ്റ്റുകൾ ഇവിടെ ഇരിക്കുന്നത്. പാർലമെന്ററി ജനാധിപത്യത്തിൽ പ്രതിപക്ഷം, പ്രതിപക്ഷ നേതാവ് ഇതെല്ലാം നെഹ്റുവിന്റെ മഹാമനസ്കതയുടെ ഭാഗമായുണ്ടായതാണ്. എ. കെ. ഗോപാലന്റെ പേര് ഇവിടെ പറഞ്ഞു. 16 അംഗങ്ങൾ മാത്രമുണ്ടായിരുന്ന എ. കെ. ഗോപാലനെ അനൗദ്യോഗിക പ്രതിപക്ഷ നേതാവായി അംഗീകരിച്ചത് ജവഹർലാൽ നെഹ്റുവെന്ന ജനാധിപത്യവാദിയുടെ വിശാലമായ ജനാധിപത്യ ബോധത്തിന്റെ ഭാഗമാണ്. എന്നാൽ തിരിച്ച് അതേ എ. കെ. ഗോപാലൻ, നെഹ്റുവിനെ വിളിച്ചത് 'മൊട്ടത്തലയൻ സായിപ്പ്' എന്നാണ്. മറ്റുള്ളവർ നൽകുന്ന പ്രതിപക്ഷ ബഹുമാനമൊന്നും ഒരുകാലത്തും ആർക്കും തിരിച്ചുകൊടുക്കാൻ നിങ്ങൾ പരിശ്രമിച്ചിട്ടില്ല. ഇന്ത്യയുടെ ഭരണഘടന തന്നെ രൂപപ്പെട്ടത്, പല രാജ്യങ്ങളിൽ നിന്നുള്ള നല്ല ആശയങ്ങൾ സ്വീകരിച്ചു കൊണ്ടാണ്. ബ്രിട്ടീഷ് പാർലമെന്ററി രീതിയും അമേരിക്കയിൽ നിന്ന് മൗലികാവകാശങ്ങളും അയർലന്റിൽ നിന്ന് കർത്തവ്യങ്ങളും ജർമ്മനിയിൽ നിന്ന് അടിയന്തരാവസ്ഥ പോലുള്ള കാര്യങ്ങളു മെടുത്തുകൊണ്ടാണ് ഭരണഘടന രൂപീകരിച്ചത്.

ഇവിടെ എന്റെ ഫെയ്സ്ബുക്ക് പോസ്റ്റിനെക്കുറിച്ച് പറയുന്നു. ഞാൻ ആർ.എസ്.എസ്. അക്രമങ്ങളെ അതിശക്തമായി എതിർത്തു. അവിടെ പാർട്ടി ഓഫീസുകളും സി.പി.ഐ.(എം)-കാരുടെ വീടുകളും കോൺഗ്രസ് ഓഫീസുകളും ആക്രമിക്കപ്പെട്ടതിനെ അതിശക്തമായി എതിർ ത്തതിനുശേഷം ഒരു അക്കാഡമിക് ഇന്ററസ്റ്റിൽ ഒരു ചോദ്യം ചോദിച്ചു. അവിടെ വ്യാജ വാർത്തകൾ പ്രചരിക്കുന്നുണ്ട്. കേരളത്തിൽ ഒരു തെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്. എല്ലാ തെരഞ്ഞെടുപ്പുകൾ വരുമ്പോഴും നിങ്ങൾ ഇവിടെ വ്യാജ വാർത്തകൾ പ്രചരിപ്പിക്കാറുണ്ട്. അതിന്റെ ഭാഗമായി ഇവിടത്തെ ന്യൂനപക്ഷങ്ങളുടക്കമുള്ള മതേതര വിശ്വാസികൾക്കിടയിൽ കൺഫ്യൂഷൻ ജനിപ്പിക്കാൻ ശ്രമിക്കാറുണ്ട്. ആ നിലയിലുള്ള വ്യാജവാർത്ത കേരളത്തിൽ മാത്രം നിങ്ങൾ പുറത്തുകൊണ്ടുവരുമ്പോൾ എന്തുകൊണ്ട് ത്രിപുരയിൽ നിങ്ങൾ അത് പറയുന്നില്ല. ത്രിപുരയിൽ നിങ്ങൾക്ക് ഇപ്പോഴും 45 ശതമാനം ആളുകളുടെ പിന്തുണയുണ്ടെന്നാണല്ലോ പറയുന്നത്. പക്ഷെ ഞാൻ ത്രിപുര സി.പി.ഐ.(എം)-ന്റെ ഫെയ്സ്ബുക്ക് പേജിൽ നോക്കിയപ്പോൾ വർഗ്ഗീയ അക്രമങ്ങളെക്കുറിച്ച് ഒരു വാർത്തയുമില്ല. ശ്രീ.പിണറായി വിജയന്റെ ഫെയ്സ്ബുക്ക് പോസ്റ്റ് ഞാൻ പരിശോധിച്ചു. അതിലും വർഗ്ഗീയ അക്രമങ്ങളെക്കുറിച്ച് പരാമർശമില്ല. ശ്രീ. സീതാറാം യെച്ചൂരിയുടെ പത്രസമ്മേളനത്തിലും വർഗ്ഗീയ അക്രമങ്ങളെക്കുറിച്ച് പറഞ്ഞിട്ടില്ല. cpim.org എന്ന നിങ്ങളുടെ വെബ്സൈറ്റിൽ ഒരു പത്രക്കുറിപ്പുണ്ട്. അതിൽ വർഗ്ഗീയ അക്രമങ്ങളെക്കുറിച്ച് പ്രധാനമന്ത്രിക്ക് നൽകിയ പരാതിയുണ്ട്. അതിലും ഇതിനെ ക്കുറിച്ച് പറയുന്നില്ല. ഇവിടെ അപകടകരമായിട്ടുള്ള ഒരു നീക്കത്തിലേയ്ക്ക് നിങ്ങൾ പോകുകയാണ്. തീ ക്കൊള്ളികൊണ്ട് നിങ്ങൾ തല ചൊറിയുകയാണ്. നിങ്ങളെ എതിർക്കുന്ന മുഴുവൻ ആളുകളെയും ആർ.എസ്.എസ്.-കാരായി ബ്രാന്റുചെയ്യാൻ നിങ്ങൾ ശ്രമിക്കുകയാണ്. അങ്ങനെ ബ്രാന്റ് ചെയ്താലുണ്ടാകുന്ന അപകടം ആർ.എസ്.എസ്.-നെ നോർമലൈസ്

ചെയ്യുകയാണ്. ആർ.എസ്.എസ്. എന്നു പറയുന്നത് അങ്ങേയറ്റം അപകടരഹിതമായ ഒരു സംഘടനയാണെന്ന പൊതു ബോധത്തിലേയ്ക്ക് നിങ്ങൾ കാര്യങ്ങളെ കൊണ്ടെത്തിക്കുകയാണ്. ആർ.എസ്. എസ്.-ന് ധരണികൾ തകർത്ത ചരിത്രമാണ്. അവർ ഇന്നലെകളിൽ തകർത്തിട്ടുണ്ട്. നാളെകളിലും അവർ തകർക്കും. അങ്ങനെ നാളെകളിൽ തകർക്കുമ്പോൾ അതിനെക്കുറിച്ച് വിരൽചൂണ്ടി സംസാരിക്കാൻ നമ്മൾ മുന്നോട്ട് വരുമ്പോൾ അതിനെപ്പോലും വിശ്വസിപ്പിക്കാത്ത തരത്തിലേയ്ക്ക് ജനങ്ങളെ പരുവപ്പെടുത്തി ആർ.എസ്.എസ്.-നെ വരുംകാല വിമർശനങ്ങളിൽ നിന്ന് രക്ഷിച്ചെടുക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. ആ നിലയിൽ എതിർചേരിയിലുള്ള മുഴുവൻ ആളുകളെ ബി.ജെ.പി.-യിലേയ്ക്ക് പോകുന്നതായി ചിത്രീകരിക്കും.

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണം, മൈക്ക് ഓഫ് ചെയ്യേണ്ടിവരും.

ശ്രീ. വി. ടി. ബൽറാം: സർ, ഇവിടെ ആരെയാണ് നിങ്ങൾ വെറുതെ വിട്ടിട്ടുള്ളത്? ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. കെ. മുരളീധരൻ, ശ്രീ. വി. ഡി. സതീശൻ, ശ്രീ. കെ. സുധാകരൻ, പിന്നെ എന്നെക്കുറിച്ച്....., ഒരു സംശയവും വേണ്ട, നിങ്ങളുടെ ഭാഗത്തുനിന്ന് എത്ര അൽഫോൺസ് കണ്ണന്താനന്മാരുണ്ടായാലും എത്ര വിശ്വനാഥ മേനോന്മാരുണ്ടായാലും കേരളത്തിലെ കോൺഗ്രസ്സിൽ നിന്ന് ബി.ജെ.പി.-യിലേയ്ക്ക് പോകാൻ ഒരാളെയും ഒരു കാലത്തും നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയില്ലെന്ന് അടിവരയിട്ടുകൊണ്ട് പറയാൻ ആഗ്രഹിക്കുകയാണ്. അവിടെപ്പോകുന്ന ആളുകൾക്ക് നിങ്ങൾ വിരുന്ന് കൊടുക്കുമായിരിക്കും. നിങ്ങളുടെ കയ്യിൽ നിന്ന് ബി.ജെ.പി.-യിൽ പോയതിന്റെ പേരിൽ വിരുന്ന് വാങ്ങാൻ ഒരു ........

മി.സ്പീക്കർ: മൂന്ന് മിനിട്ട് അധികമായി അങ്ങ് അവസാനിപ്പിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ ആരായാലും ആ സമയത്ത് അനുവദിക്കാറുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഫ്ലോയ്ക്ക് എന്തെങ്കിലും അപകടം പറ്റുമെന്ന് വിചാരിച്ചാണ് അത് അനുവദിക്കാത്തത്. ഞാൻ ഉന്നയിക്കുന്നത് ഗൗരവമായി സഭ കേൾക്കണം. അദ്ദേഹം തൊഴിലാളി വർഗ്ഗ സർവ്വാധിപത്യത്തെ പ്പറ്റി പറഞ്ഞു. അതിനെപ്പറ്റി ചർച്ചയ്ക്ക് സമയമില്ല. അദ്ദേഹം അതിനെപ്പറ്റി മനസ്സിലാക്കിയിട്ടുണ്ടോ? തൊഴിലാളി എന്നുപറഞ്ഞാൽ അധ്വാനിക്കുന്നവർ, സമൂഹ ത്തിലെ ഭൂരിപക്ഷമാണ്. ബൂർഷ്വാസി സമൂഹത്തിലെ ന്യൂനപക്ഷമാണ്. അപ്പോൾ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം രാജ്യത്തെ അധ്വാനിക്കുന്നവരുടെ ഭൂരിപക്ഷ മാണ്, ജനങ്ങളുടെ ഭൂരിപക്ഷമാണ്. ബൂർഷ്വാസിയാണ് മൈനോറിറ്റി. ആ അർത്ഥത്തിലാണ് അത് പറഞ്ഞത്. അല്ലാതെ സർവ്വാധിപത്യം അടിച്ചമർത്തുന്നതല്ല. അധ്വാനിക്കുന്ന ജനങ്ങളാണ് സമൂഹത്തിൽ ഭൂരിപക്ഷം എന്നുള്ളതുകൊണ്ട് പൊതുജനങ്ങളുടെ, അധ്വാനിക്കുന്ന

ജനങ്ങളുടെ ഭൂരിപക്ഷമാണ് ഉന്നയിക്കപ്പെടുന്നത്. അതിൽ ഒരു മാറ്റവും വരുത്തുന്നില്ല. വിശദീകരിച്ചേ പറ്റൂ. അല്ലെങ്കിൽ പുസ്തകമെടുത്ത് ബഹുമാനപ്പെട്ട സ്പീക്കർ വിശദീകരിക്കണം. രണ്ടാമത്തെ കാര്യം, മഹാനായ ജവഹർലാൽ നെഹ്റു, 'Discovery of India'-യിൽ ലെനിനെപ്പറ്റി പറഞ്ഞതാണ്. ദയവായി അങ്ങ് ആ പുസ്തകം കൂടി ഉദ്ധരിക്കണം. അദ്ദേഹം പറഞ്ഞത് നൂറു ശതമാനം തെറ്റാണെന്ന് അങ്ങ് സ്ഥാപിക്കണം. എനിക്ക് സമയമില്ല, അല്ലെങ്കിൽ പുസ്തകമെടുത്ത് ഞാൻ ഉദ്ധരിക്കുമായിരുന്നു. ഇവിടെ അദ്ദേഹം പറഞ്ഞത് തികച്ചും തെറ്റാണ്. ലോകത്ത് ഹിറ്റ്ലർ ഒഴിച്ച് ഒറ്റയാളും ഇങ്ങനെ സംസാരിച്ചിട്ടില്ല. ഇത് ശരിയല്ല. അദ്ദേഹം ചെറുപ്പമാണ്. നിങ്ങൾ വിമർശിച്ചോളൂ. പക്ഷെ പറയുന്നത് ശരിയല്ല. ലെനിനെപ്പറ്റി ജവഹർലാൽ നെഹ്റു പറയാത്തത് പറഞ്ഞുവെന്നതാണ് പോയിന്റ് ഓഫ് ഓർഡർ. നെഹ്റുവിനെ misquote ചെയ്തു. പുസ്തകം എടുത്ത് വായിച്ചുനോക്കൂ.

മി. സ്പീക്കർ: പരിശോധിക്കാം.

Shri G. Sudhakaran: Sir, I challenge every word of yours, you are utterly wrong and out of the word.

ശ്രീ. വി. ഡി. സതീശൻ: സർ, ശ്രീ. വി. ടി. ബൽറാമിന് കാര്യങ്ങൾ പറയാനുള്ള സ്വാതന്ത്ര്യമില്ലേ?

മി. സ്പീക്കർ: സ്വാതന്ത്ര്യമില്ലായെന്ന് പറഞ്ഞില്ലല്ലോ, അത് ക്രമപ്രകാരമല്ല എന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തിന് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ സാധിക്കില്ലേ? വസ്തുതാവിരുദ്ധമായാണ് ശ്രീ. വി. ടി. ബൽറാം പറഞ്ഞതെന്ന് അദ്ദേഹം ചലഞ്ച് ചെയ്ത് പറഞ്ഞിരിക്കുകയാണ്. അദ്ദേഹത്തിന് അത് പറയാൻ പാടില്ലേ? ....(ബഹളം)..... ഈ സഭയിൽ ഇപ്പോൾ സംസാരിച്ച എല്ലാവരും സമയം പാലിച്ചില്ലേ? അദ്ദേഹത്തിന് മൂന്നു മിനിട്ട് അധികം കൊടുത്തു. പ്ലീസ് കൺക്ലൂഡ്, ഒരു വരി പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ കൺക്ലൂഷനിലേയ്ക്ക് കടക്കുകയാണ്. ഞങ്ങളോടൊക്കെ പുസ്തകം വായിക്കാൻ ആവശ്യപ്പെടുന്നതിനെ സ്വാഗതം ചെയ്യുകയാണ്. പക്ഷെ 1990-നുശേഷം ലോകത്ത് ധാരാളം പുസ്തകങ്ങൾ ഇറങ്ങിയിട്ടുണ്ട്. അതൊക്കെ ബഹുമാനപ്പെട്ട മന്ത്രികൂടി വായിക്കണമെന്ന് മാത്രമേ പറയാനുള്ളൂ.

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണം. പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. ടി. ബൽറാം: സർ, ഞങ്ങളൊക്കെ എന്തെങ്കിലും പറഞ്ഞാൽ അതിനെ വ്യാഖ്യാനിച്ച്, വളച്ചൊടിച്ച്; ഇവിടെ ബി.ജെ.പി.-യെ വളർത്താനുള്ള ശ്രമം നിങ്ങൾ ഉപേക്ഷിക്കണം. ഈ നിലയിലുള്ള നീക്കം ശരിയല്ല. ഇത്

കേരളത്തിൽ ബി.ജെ.പി.-യെ നോർമലൈസ് ചെയ്യുകയാണ്. ബി.ജെ.പി. എന്നു പറഞ്ഞാൽ ഇത്രയേയുള്ളൂവെന്ന് ആളുകളെക്കൊണ്ട് തോന്നിപ്പിക്കാൻ വേണ്ടിയുള്ള അപകടകരമായ കളിയാണ് നിങ്ങൾ കളിക്കുന്നത്. നിങ്ങൾ ഇവിടെ ഞങ്ങളുടെ അഭിപ്രായത്തെക്കുറിച്ച് വളച്ചൊടിച്ചു പറഞ്ഞല്ലോ. ബി.ജെ.പി. ഫാസിസ്റ്റല്ല എന്ന് നാലാമത്തെ തവണയാണ് ഇന്നലെ സി.പി.ഐ. (എം)-ന്റെ നേതാവ് ശ്രീ. പ്രകാശ് കാരാട്ട് പറഞ്ഞത്. അതിനോട് ഇവർ എങ്ങനെയാണ് പ്രതികരിക്കുന്നത്. അപ്പോൾ ഞങ്ങളൊക്കെ പറയുന്നതിനെ വളച്ചൊടിച്ച് ഈ നിലയിൽ വ്യാഖ്യാനിക്കുന്നത് ദൗർഭാഗ്യകരമാണ്. ഞാൻ ഒരിക്കൽക്കൂടി ആവർത്തിക്കുന്നു. കോൺഗ്രസ്സാണ് ഇന്ത്യയിൽ സംഘ്പരിവാർ ഫാസിസവുമായി, ഹിന്ദുത്വ രാഷ്ട്രീയവുമായി മുഖാമുഖം നേരിടുന്ന ഏകസംഘടന എന്നു പറഞ്ഞുകൊണ്ട് നിർത്തുന്നു.

4.00 PM]

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പൊതുഗതാഗതം, ട്രാൻസ്പോർട്ട് തുടങ്ങിയ വകുപ്പുകളിലേയ്ക്ക് നടന്ന ചർച്ചകൾ ദൗർഭാഗ്യവശാൽ മട്ടന്നൂരിൽ നിന്ന് തുടങ്ങി ത്രിപുരവഴി സഞ്ചരിച്ച് തമ്പാനൂരിൽ എത്തി നിൽക്കുകയാണ്. അവസാനം പ്രസംഗിച്ച ശ്രീ. വി. ടി. ബൽറാം തമ്പാനൂരിലെ കെ.എസ്.ആർ.ടി.സി.യിൽ എങ്കിലും എത്തുമെന്നായിരുന്നു ഞാൻ കരുതിയത്. ശ്രീ. ജെയിംസ് മാത്യുവിന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ ഈ മേഖലയെ ഗൗരവത്തിൽ കാണാൻ പ്രതിപക്ഷത്തിന് കഴിയുന്നില്ല എന്നതിന്റെ സൂചനയാണ് കണ്ടത്. അത് അങ്ങേയറ്റം ദൗർഭാഗ്യകരമായിപ്പോയി. പ്രസംഗം

തുടങ്ങിവച്ച ശ്രീ. എം. വിൻസെന്റും അവസാനിപ്പിച്ച ശ്രീ. വി. ടി. ബൽറാമും ശാപവാക്കുകളിലൂടെയാണ് ഈ വകുപ്പിനെ കണ്ടത്. ഡെയ്‌ലി വേജസിൽ മന്ത്രിമാരെ നിയമിച്ചതിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. വി. എസ്. ശിവകുമാർ, ശ്രീ. ആര്യാടൻ മുഹമ്മദ് തുടങ്ങിവരൊക്കെ ഉണ്ടായിരുന്നു എന്ന് ഓർത്തുകൊണ്ടാണ് പറഞ്ഞതെങ്കിൽ എനിക്ക് വിരോധമില്ല. ഓർക്കാതെ പറഞ്ഞു പോയതാണെങ്കിൽ ഞാൻ അങ്ങനെതന്നെ കാണുകയും ചെയ്യും. നിങ്ങൾ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളിൽ എന്റെയൊരു വിശദീകരണം ആവശ്യമില്ലേ? അതുകൊണ്ട് കുറച്ചുകൂടി ഗൗരവത്തിൽ പൊതുഗതാഗത മേഖലയേയും പ്രത്യേകിച്ച് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെയും കാണണമായിരുന്നു. കെ.എസ്.ആർ.ടി.സി. വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സ്ഥാപനമാണ് എന്ന് നമ്മൾ എല്ലാവരും സമ്മതിക്കുന്ന വസ്തുതയാണ്. ആ സ്ഥാപനത്തെ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും പ്രവർത്തനത്തിൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് സംഭവിക്കുന്ന വീഴ്ചകളും വസ്തുതാപരമായി ഇവിടെ അവതരിപ്പിച്ചാൽ അത് ഈ സംസ്ഥാനത്തിന് നേട്ടമാകുമായിരുന്നു. അങ്ങനെയൊന്നും ഉണ്ടായില്ലായെന്ന പ്രയാസം ഞാൻ ആദ്യമായി രേഖപ്പെടുത്തുകയാണ്.

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും പെൻഷനും കൊടുക്കാൻ കഴിയാത്ത അവസ്ഥാവിശേഷം ഉണ്ടായത് എല്ലാവർക്കും അറിയുന്നതുപോലെ ഇപ്പോഴല്ലല്ലോ; അന്ന് ചെയ്തത് എന്താണ്, ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച്, അതിൽനിന്ന് പതിമൂന്നര ശതമാനം പലിശയ്ക്ക് പണം കടമെടുത്ത് കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിലെ മൂന്ന് കോടിയോളം വരുന്ന സംഖ്യ (50 ശതമാനം) പ്രതിദിനം പലിശയിനത്തിൽ തിരിച്ചടയ്ക്കാനുള്ള ഭാരം അടിച്ചേൽപ്പിച്ചുകൊണ്ട് പെൻഷൻ വിതരണം ചെയ്തു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അന്ന് നാഷണലൈസ്ഡ് ബാങ്കുകളുടെ കൺസോർഷ്യം ഉണ്ടാക്കി. നാഷണലൈസ്ഡ് ബാങ്ക് ആ കാലഘട്ടത്തിൽ വാങ്ങുന്ന പലിശയുടെ ഏറ്റവും മിനിമം റേറ്റ് വച്ചു. അതിനുശേഷം നിങ്ങൾ കൺസോർഷ്യം ഉണ്ടാക്കിയപ്പോൾ ആ റേറ്റിനേക്കാൾ താഴ്ന്നുവന്നു. കാരണം ഇന്ന് അതിനേക്കാൾ താഴ്ന്നാണ് അവർ വാങ്ങുന്നത്. പക്ഷെ, ഗവൺമെന്റ് ഒരു തീരുമാനമെടുത്തു. 50 ശതമാനം ഗവൺമെന്റ് എക്സ്ചെക്കറിനകത്ത് ഈ പെൻഷൻ കൊടുക്കാൻ തീരുമാനിച്ചതിനെ നിങ്ങൾ പിൻവലിച്ചു. അവിടെയാണ് ഞങ്ങളുടെ പ്രശ്നം. ഗവൺമെന്റ് ഏറ്റെടുത്തതല്ലേ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് ഇവിടെ അഭിപ്രായപ്പെട്ടതുപോലെ പെൻഷൻ കൊടുക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ ഏർപ്പാടാണ് കൺസോർഷ്യത്തിൽ നിന്ന് കടമെടുക്കുക എന്നുള്ളത്. രണ്ട്, പെൻഷൻ ചെലവിൽ വരുന്ന തുകയുടെ 20 കോടി രൂപ 50 ശതമാനമല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതാണ് 50 ശതമാനം എന്നുപറയുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ക്ഷമിച്ചുകൂടെ; കണക്ക് എല്ലാവർക്കും അറിയാം. എന്റെ ഒരു വാചകം പൂർത്തിയാക്കാൻ സമ്മതിക്കാത്ത ഇടപെടലിന് ഞാൻ എങ്ങനെയാണ് വഴങ്ങുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോട് ഞാൻ നേരത്തെ മാന്യമായി വഴങ്ങിയല്ലോ; തിരുവഞ്ചൂർ രാധാകൃഷ്ണന് അറിയുന്ന കണക്കുപോലെ പെൻഷൻ തുക എല്ലാ മാസവും ഒറ്റ സംഖ്യയല്ല. പ്രതിമാസം പെൻഷൻ പറ്റുന്നതിന് അനുസരിച്ച്, പെൻഷൻ പറ്റുന്നവരുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് സംഖ്യയിൽ മാറ്റം വരും. ഇരുപത് അമ്പത് ആകില്ല. ആദ്യത്തെ മാസം 27.75 കോടി രൂപ, അതിനടുത്ത മാസം 30 കോടി രൂപയാക്കി. അങ്ങനെ പ്രതിമാസം തുക വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഈ തുക പിൻവലിച്ചിട്ടില്ല. അത് കൃത്യമായി ഇക്കഴിഞ്ഞ മാസം വരെയും കൊടുത്തുകൊണ്ടിരുന്നു. മാത്രമല്ല, തികയാതെ വരുന്ന മുഴുവൻ സംഖ്യയും കൊടുത്തുകൊണ്ടിരുന്നു. അതാണ് സർക്കാർ ചെയ്തത്. കഴിഞ്ഞ

മാസവും അതിന് മുമ്പുള്ള മാസവും പെൻഷനും ശമ്പളത്തിനുമുള്ള മുഴുവൻ തുകയും സർക്കാരാണ് നൽകിയത്. ഇപ്പോൾ അങ്ങനെയാണ് കാര്യങ്ങൾ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നതെന്ന വസ്തുത സഭയുടെ മുന്നിൽ ഞാൻ അവതരിപ്പിക്കുന്നുവെന്ന് മാത്രമേയുള്ളൂ. സർക്കാർ കെ.എസ്.ആർ.ടി.സി.യെ കയ്യൊഴിഞ്ഞിട്ടില്ല. ഇവിടെ പെൻഷൻകാരുടെ പ്രശ്നം ഉയർന്നുവന്നപ്പോൾ, മാർച്ച് മാസത്തോടുകൂടി മുഴുവൻ കുടിശ്ശികയും കൊടുത്തുതീർക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അന്ന് പ്രതിപക്ഷ നേതാവ് ഇടപെട്ട് തീയതി പറയാമോയെന്ന് ചോദിച്ചപ്പോൾ, അങ്ങ് മനസ്സിൽ കാണുന്ന തീയതിക്ക് ഒരു ദിവസം മുമ്പെങ്കിലും പെൻഷൻ കുടിശ്ശിക മുഴുവനായി കൊടുത്തു തീർക്കുമെന്ന് പറഞ്ഞു. മാർച്ച് മാസത്തിൽ കൊടുക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപനം നടത്തി. ഞങ്ങൾ ഫെബ്രുവരി മാസം അവസാനത്തെ ആഴ്ച പെൻഷൻ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു, പെൻഷൻ കൊടുത്തു കൊണ്ടിരിക്കുകയാണ്. ശമ്പളം നാളെമുതൽ കിട്ടിത്തുടങ്ങും. അതും സർക്കാർ കൊടുക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മുടങ്ങിപ്പോയ പെൻഷൻ അഞ്ച് മാസങ്ങൾക്കുശേഷം കൊടുത്തപ്പോൾ ഉദ്ഘാടനം ഉണ്ടായിരുന്നു. നാളെ മുതൽ കൊടുക്കുന്ന ശമ്പളത്തിന്റെ ഉദ്ഘാടന യോഗം ഉണ്ടോയെന്ന് അറിയാൻ വേണ്ടി ചോദിക്കുകയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങനെയുണ്ടെങ്കിൽ അങ്ങയെക്കൂടി ക്ഷണിച്ച് ചെയ്യാം. ഈ ബജറ്റിൽ നാളിതുവരെയില്ലാത്ത വിധത്തിൽ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളുണ്ടായി. ബജറ്റ് വായിച്ചുനോക്കി പ്രസംഗിച്ചിരുന്നുവെങ്കിൽ, വസ്തുത എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുമായിരുന്നു. 2018-19-ൽ രണ്ടായിരം ബസ്സുകൾ വാങ്ങുന്നതിന് പണം ലഭ്യമാക്കും, ആലപ്പുഴയിൽ മൊബിലിറ്റി ഹബ്ബ് നിർമ്മിക്കും, എറണാകുളം, കായംകുളം ബസ് സ്റ്റാന്റിൽ ടെർമിനൽ നവീകരിക്കും, കെ.എസ്.ആർ.ടി.സി.-യുടെ വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കാൻ ആയിരം കോടി രൂപ നൽകും, പെൻഷൻ സഹകരണ കൺസോർഷ്യം വഴി നൽകും എന്നിവയാണ് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. ഇതിലേറെ പരിഗണന ഏതെങ്കിലും കാലത്ത് ഒരു ബഡ്ജറ്റിലൂടെ കെ.എസ്.ആർ.ടി.സി.ക്കും ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിനും നൽകി യിട്ടുണ്ടോ? അതുകൊണ്ട് അങ്ങോട്ട് ഞാൻ ദീർഘമായി കടന്നുപോകുന്നില്ല.

ചില പ്രശ്നങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. ഒന്ന്, മോട്ടോർ വാഹന ഗതാഗത മേഖലയിൽ ഗതാഗതക്കുരുക്കും അപകടങ്ങൾ പെരുകുന്നതിന്റെയും അടിസ്ഥാനത്തിൽ അത് കുറയ്ക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നി

ല്ലായെന്നാണ് ഇവിടെ സൂചിപ്പിച്ച കാര്യം. 'സേഫ് കേരള' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. 2020-ഓടെ 50 ശതമാനം അപകടങ്ങൾ കുറച്ചുവരുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. Brasilia declaration വഴിയാണ് ഈ തീരുമാനമെടുക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുള്ളത്. പൊതുഗതാഗത നയം വേണമെന്ന ആവശ്യം ഇവിടെ ഉന്നയിക്കുകയുണ്ടായി. റോഡ് സേഫ്റ്റി, ഇലക്ട്രോണിക് മൊബിലിറ്റി, അർബൻ ട്രാൻസ്പോർട്ട് നയം എന്നിവവഴി എല്ലാ ഗതാഗത സംവിധാനവും ഏകോപിപ്പിച്ചുകൊണ്ടുള്ള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഈ നിയമസഭയിൽ വരുമെന്ന് തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. ആ ഘട്ടത്തിൽ ബില്ലുമായി ബന്ധപ്പെട്ട് ഏത് തരത്തിലുള്ള നയമാണ് സ്വീകരിക്കേണ്ടത് എന്നത് സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്.

വാഹനനികുതി അടയ്ക്കാൻ മോട്ടോർ തൊഴിലാളി ക്ഷേമനിധി വിഹിതം അടയ്ക്കണമെന്ന നിബന്ധനയുണ്ട് എന്ന് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സംസാരിച്ചപ്പോൾ പറയുകയുണ്ടായി. അത് ശരിയാണ്. മോട്ടോർ വാഹന വകുപ്പിന്റെ സോഫ്റ്റ്‌വെയർ ശരിയായി പ്രവർത്തിക്കുന്നില്ലെന്നാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്, അത് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമനിധി ബോർഡിന്റെ സോഫ്റ്റ്‌വെയറിൽ ചില കുഴപ്പങ്ങൾ ഉണ്ടായിരുന്നത് പരിഹരിച്ചുകഴിഞ്ഞിട്ടുണ്ട്. അതുപോലെ ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം ഏർപ്പെടുത്തിക്കൂടെയെന്നും അദ്ദേഹം ചോദിച്ചു. തീർച്ചയായും പരീക്ഷണാടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസുകളിൽ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നു എന്നാണ് ഇക്കാര്യങ്ങളെ സംബന്ധിച്ച് അങ്ങയോട് പറയാനുള്ളത്. ലോക വനിതാദിനത്തിൽ സ്ത്രീകൾക്കായി പ്രത്യേക ബസ് സർവ്വീസുകൾ ഏർപ്പെടുത്തിക്കൂടെയെന്ന് ഒന്നുരണ്ട് മെമ്പർമാർ ചൂണ്ടിക്കാണിക്കുകയുണ്ടായി. കഴിഞ്ഞ വർഷം വനിതാ ദിനത്തിൽ തിരുവനന്തപുരം സിറ്റിയിൽ രണ്ട് പിങ്ക് സർവ്വീസുകൾ സ്ത്രീകൾക്ക് മാത്രമായി നടത്തുകയുണ്ടായി. പക്ഷെ, സ്ത്രീകൾ ആ ബസ്സിൽ കയറാത്ത സാഹചര്യത്തിൽ അവ പിൻവലിക്കുകയാണ് ചെയ്തത്. വിജയകരമായി നടപ്പിലാക്കാൻ കഴിയാത്ത സർവ്വീസ് ആയതുകൊണ്ടാണ് പിൻവലിച്ചതെന്ന് ഖേദപൂർവ്വം അറിയിക്കട്ടെ. ശ്രീ. ജെയിംസ് മാത്യു സംസാരിച്ചപ്പോൾ വാട്ടർ ട്രാൻസ്പോർട്ട് മേഖലയുടെ പരിഷ്കരണത്തെ സംബന്ധിച്ചും ഗതാഗതമേഖലയിൽ വരുത്തേണ്ട മാറ്റങ്ങളെ ക്കുറിച്ചും ജസ്റ്റിസ് ചന്ദ്രശേഖരദാസ് സമർപ്പിച്ച റിപ്പോർട്ടിനെക്കുറിച്ചും പരാമർശിക്കുകയുണ്ടായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ചെങ്കിലും ഞങ്ങൾക്ക് അത് നടപ്പിലാക്കാൻ കഴിഞ്ഞില്ല. കാരണം അപ്പോഴേയ്ക്കും ഞങ്ങളുടെ

കാലാവധി കഴിഞ്ഞുപോയി. ആ റിപ്പോർട്ടിലുള്ള നല്ല കാര്യങ്ങളെടുക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. അതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞുകൊണ്ടിരുന്നത്. ശ്രീ. ജെയിംസ് മാത്യു പറഞ്ഞ കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൂടി കണക്കിലെടുത്തുകൊണ്ടുള്ള പരിഷ്കാര നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്ന് ഞാൻ പറഞ്ഞത് താങ്കൾ ധൃതിയിൽ കേൾക്കാതെ പോയതാണ്. അതിന് എന്നെ കുറ്റപ്പെടുത്തരുത്. വാട്ടർ ട്രാൻസ്പോർട്ടുമായി ബന്ധപ്പെട്ട് ശ്രീ. ജെയിംസ് മാത്യു മാത്രമാണ് സംസാരിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. നമുക്ക് നല്ല നിലയിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന ഒരു മേഖല യാണെന്നാണ് അദ്ദേഹം പറഞ്ഞത്. ആ രൂപത്തിൽ തന്നെയാണ് ഗവൺമെന്റ് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ ആദ്യമായി സോളാർ എനർജി ഉപയോഗിച്ചുകൊണ്ടുള്ള യാത്രാ ബോട്ട് ആലപ്പുഴ ജില്ലയിൽ ഇതിനകംതന്നെ യാത്ര ആരംഭിക്കുകയും സർവ്വീസ് നടത്തുകയും ചെയ്യുന്നുണ്ട്. ആലപ്പുഴയിലെ തടി ബോട്ടുകൾ മാറ്റണമെന്ന് അദ്ദേഹം പറഞ്ഞു. വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന് കാലഹരണപ്പെട്ട 14 തടി ബോട്ടുകളുണ്ട്. ആ ബോട്ടുകൾക്ക് പകരം 9 catamaran ബോട്ടുകളും 5 സിംഗിൾ ഹൾ ബോട്ടുകൾ ക്കുമുള്ള വർക്ക് ഓർഡർ നൽകിക്കഴിഞ്ഞിട്ടുണ്ടെന്ന് അങ്ങയെ അറിയിക്കുകയാണ്. ആലപ്പുഴയിൽ സീ-കുട്ടനാട് പാസഞ്ചർ കം ടൂറിസ്റ്റ് വെസ്സൽ എന്ന മാതൃകയിലും ആ മാതൃകയിൽ തന്നെ കൊല്ലത്ത് സീ അഷ്ടമുടി കായൽ എന്ന പേരിലും രണ്ട് പാസഞ്ചർ കം ടൂറിസ്റ്റ് വെസ്സലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഉത്തരവുകൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. ശ്രീ. ജെയിംസ് മാത്യു പറഞ്ഞതുപോലെ കുട്ടനാട്ടിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിനായി അത്യാധുനിക സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന ക്രൂയിസ് വെസ്സൽ സർവ്വീസ് ആരംഭിക്കുന്നതിനായിവർക്ക് ഓർഡർ നൽകി നിർമ്മാണം പുരോഗമിച്ചുവരികയാണ്. ഈ രൂപത്തിൽ പടിപടിയായി ജല ഗതാഗതമാർഗ്ഗം നല്ല നിലയിൽ മെച്ചപ്പെടുത്തി ആളുകൾ കൂടുതലായി റോഡുകൾ ഉപയോഗിക്കുന്നതിനുപകരം ജലഗതാഗത മാർഗ്ഗം ഉപയോഗിക്കുന്നതിലേയ്ക്ക് മാറ്റുന്നതിനുള്ള ശ്രദ്ധാപൂർവ്വമായ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതിനനുയോജ്യമായ വിധത്തിൽ 24 കോടി 17 ലക്ഷം രൂപ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ ബജറ്റിൽ ഉൾക്കൊള്ളിച്ച് പ്രഖ്യാപിച്ചിട്ടുണ്ടെന്നുള്ള വിവരം നിങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്.

മോട്ടോർ വാഹനവകുപ്പിലെ സംഘടന 2015-ൽ സമ്പാദിച്ച അനുമതിയുടെ അടിസ്ഥാനത്തിൽ പണപ്പിരിവ് നടത്തിയതുമായി ബന്ധപ്പെട്ട പ്രശ്നം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ആ പ്രശ്നത്തിൽ അന്വേഷണം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

ഫാസ്റ്റ് പാസ്സഞ്ചർ ബസ്സിനുള്ള റണ്ണിംഗ് ടൈം വർദ്ധിപ്പിച്ചത് സ്വകാര്യ മേഖലയെ സഹായിക്കാനാണെന്ന മട്ടിൽ ഡോ. എൻ. ജയരാജും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഓർഡിനറി ലിമിറ്റഡ് സ്റ്റോപ് സർവ്വീസിൽ ഒരു കിലോമീറ്റർ യാത്ര ചെയ്യുന്നതിന് 1 മിനിട്ടും 45 സെക്കന്റുമാണ് നിശ്ചയിച്ചിട്ടുള്ളത്. അതിനേക്കാൾ കൂടുതലാണ് ഫാസ്റ്റ് പാസ്സഞ്ചറിന് നിർദ്ദേശിച്ചിട്ടുള്ളതെന്ന ആക്ഷേപമാണ് ഉണ്ടായിട്ടുള്ളത്. അത് തെറ്റായ കണക്കുകൂട്ടലിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ളതാണെന്നാണ് അന്വേഷിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. അത് മാറ്റുന്നതിന് അടിയന്തര നിർദ്ദേശം നൽകാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ആ അപാകത പരിഹരിക്കുന്നതായിരിക്കും. ഇവിടെ മറ്റ് ഒരുപാട് കാര്യങ്ങൾ പറഞ്ഞത് മുഴുവൻ രാഷ്ട്രീയമാണ്. രാഷ്ട്രീയത്തിലേക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ ജീവനക്കാരാണ് ആദ്യമായി ശ്രമിക്കേണ്ടതെന്ന് പ്രതിപക്ഷത്തുനിന്നും സംസാരിച്ച രണ്ട് മെമ്പർമാർ പറയുകയുണ്ടായി. കെ.എസ്.ആർ.ടി.സി.-യിൽ പ്രവർത്തിക്കുന്ന രണ്ട് പ്രമുഖ അംഗീകൃത സംഘടനകളും ഈ പുന:സംഘടനാ സംവിധാനവുമായി ആത്മാർത്ഥമായി സഹകരിക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്നാണ് സന്തോഷപൂർവ്വം എനിക്ക് അറിയിക്കാനുള്ളത്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, രണ്ട് സംഘടനകൾ മാത്രമല്ല അവിടെ പ്രവർത്തിക്കുന്ന എല്ലാ സംഘടനകളും സഹകരിക്കുന്നതാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, രണ്ട് സംഘടനകളെന്ന് ഞാൻ പറഞ്ഞത് തിരുത്തുന്നു. അവിടെ പ്രവർത്തിക്കുന്ന എല്ലാ സംഘടനകളും കെ.എസ്.ആർ.ടി. സി.-യെ രക്ഷിക്കേണ്ടത് അവരുടെകൂടി ബാധ്യതയാണെന്ന മട്ടിൽ പെരുമാറിയിട്ടുള്ള ശുഭോദർക്കമായ സാഹചര്യമുണ്ട്.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, വനിതകൾക്കുവേണ്ടി പ്രത്യേക സർവ്വീസ് തുടങ്ങിയശേഷം ലാഭകരമല്ലാത്തതിനാൽ നിർത്തിയെന്ന് പറഞ്ഞു. കേരളത്തിലെ വനിതകൾക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ 20 ശതമാനം സീറ്റ് മാത്രമാണ് റിസർവ് ചെയ്തിരിക്കുന്നത്. അത് വർദ്ധിപ്പിക്കാൻ കഴിയുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇങ്ങനെ ചോദിച്ചാൽ 140 എം.എൽ.എ.-മാർക്കും ചോദിക്കാനുണ്ടാകും. പിങ്ക് സർവ്വീസ് ആരംഭിച്ചതിന്റെ അനുഭവം ഞാൻ ഇവിടെ പറഞ്ഞതാണ്. അത് ബഹുമാനപ്പെട്ട അംഗം കേൾക്കാത്തതാണ്.

എല്ലാവരുടെയും സഹകരണത്തോടെ കെ.എസ്.ആർ.ടി.സി.യെ കരകയറ്റാനുള്ള യജ്ഞത്തിൽ, അപ്പുറത്തും ഇപ്പുറത്തും നിൽക്കുന്നുവെന്ന കാരണംകൊണ്ട് കെ.എസ്.ആർ.ടി.സി.യെ ആരും കല്ലെറിഞ്ഞ് തകർക്കരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സർവ്വശ്രീ. അബ്ദുൽ ഹമീദ് പി., എം. ഉമ്മർ, പി. ഉബൈദുള്ള, പാറക്കൽ അബ്ദുല്ല, എൽദോസ് പി. കുന്നപ്പിള്ളിൽ, അൻവർ സാദത്ത്, അനൂപ് ജേക്കബ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. പി. വി. അൻവർ
7. ശ്രീ. എ. എം. ആരിഫ്
8. പ്രൊഫ. കെ. യു. അരുണൻ
9. ശ്രീമതി സി. കെ. ആശ

10. ശ്രീ. കെ. ബാബു
11. ശ്രീ. എ. കെ. ബാലൻ
12. ശ്രീമതി ഇ. എസ്. ബിജിമോൾ
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീ. എൽദോ എബ്രഹാം
18. ശ്രീ. കെ. ബി. ഗണേഷ് കുമാർ
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കൃഷ്ണൻകുട്ടി
29. ശ്രീ. കെ. കുഞ്ഞിരാമൻ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. വി. കെ. സി. മമ്മത് കോയ
32. ശ്രീ. എം. എം. മണി
33. ശ്രീ. മാത്യു ടി. തോമസ്

34. ശ്രീ. കെ. ജെ. മാക്സി
35. ശ്രീ. എ. സി. മൊയ്തീൻ
36. ശ്രീ. മുഹമ്മദ് മുഹസിൻ പി.
37. ശ്രീ. എം. മുകേഷ്
38. ശ്രീ. ഡി. കെ. മുരളി
39. ശ്രീ. മുരളി പെരുനെല്ലി
40. ശ്രീ. സി. കെ. നാണു
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീ. കെ. ഡി. പ്രസേനൻ
44. ശ്രീമതി യു. പ്രതിഭ ഹരി
45. ശ്രീ. പുരുഷൻ കടലുണ്ടി
46. ശ്രീ. പി. ടി. എ. റഹീം
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്

58. ശ്രീ. കാരാട്ട് റസാഖ്
59. ശ്രീ. എസ്. ശർമ്മ
60. ശ്രീ. എ. കെ. ശശീന്ദ്രൻ
61. ശ്രീ. പി. കെ. ശശി
62. ശ്രീ. വി. ശശി
63. ശ്രീ. ബി. സത്യൻ
64. ശ്രീ. എ. എൻ. ഷംസീർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. ആർ. സുനിൽ കുമാർ
67. ശ്രീ. വി. എസ്. സുനിൽ കുമാർ
68. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
69. ശ്രീ. കെ. സുരേഷ് കുറുപ്പ്
70. ശ്രീ. എം. സ്വരാജ്
71. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
72. ശ്രീ. പി. തിലോത്തമൻ
73. ഡോ. ടി. എം. തോമസ് ഐസക്
74. ശ്രീ. പി. ഉണ്ണി
75. ശ്രീമതി വീണാ ജോർജ്ജ്
76. ശ്രീ. കെ. വി. വിജയദാസ്
77. ശ്രീ. ഇ. കെ. വിജയൻ
78. ശ്രീ. പിണറായി വിജയൻ
79. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. കെ. എൻ. എ. ഖാദർ
18. ഡോ. എം. കെ. മുനീർ
19. ശ്രീ. കെ. മുരളീധരൻ
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. ഉമ്മൻ ചാണ്ടി
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല

24. ശ്രീ. വി. പി. സജീന്ദ്രൻ

25. ശ്രീ. വി. ഡി. സതീശൻ

26. ശ്രീ. കെ. എം. ഷാജി

27. ശ്രീ. സണ്ണി ജോസഫ്

28. ശ്രീ. പി. ടി. തോമസ്

29. ശ്രീ. പി. ഉബൈദുള്ള

30. ശ്രീ. എം. ഉമ്മർ

31. ശ്രീ. എം. വിൻസെന്റ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 79

പ്രതികൂലിക്കുന്നവർ - 31

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ. എൻ. എ. നെല്ലിക്കുന്ന്, അബ്ദുൽ ഹമീദ്. പി., പി. ഉബൈദുള്ള, കെ. സി. ജോസഫ്, പാറക്കൽ അബ്ദുല്ല, എം. ഉമ്മർ, അനൂപ് ജേക്കബ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. പി. വി. അൻവർ
7. ശ്രീ. എ. എം. ആരിഫ്
8. പ്രൊഫ. കെ. യു. അരുണൻ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു
11. ശ്രീ. എ. കെ. ബാലൻ
12. ശ്രീമതി ഇ. എസ്. ബിജിമോൾ
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. സി. ദിവാകരൻ
17. ശ്രീ. എൽദോ എബ്രഹാം
18. ശ്രീ. കെ. ബി. ഗണേഷ് കുമാർ
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. ഇ. പി. ജയരാജൻ

24. ശ്രീ. ജോൺ ഫെർണാണ്ടസ്

25. ശ്രീ. വി. ജോയി

26. ശ്രീ. ഒ. ആർ. കേളു

27. ശ്രീ. സി. കൃഷ്ണൻ

28. ശ്രീ. കെ. കൃഷ്ണൻകുട്ടി

29. ശ്രീ. കെ. കുഞ്ഞിരാമൻ

30. ശ്രീ. കോവൂർ കുഞ്ഞുമോൻ

31. ശ്രീ. വി. കെ. സി. മമ്മത് കോയ

32. ശ്രീ. എം. എം. മണി

33. ശ്രീ. മാത്യു ടി. തോമസ്

34. ശ്രീ. കെ. ജെ. മാക്സി

35. ശ്രീ. എ. സി. മൊയ്തീൻ

36. ശ്രീ. മുഹമ്മദ് മുഹസിൻ പി.

37. ശ്രീ. എം. മുകേഷ്

38. ശ്രീ. ഡി. കെ. മുരളി

39. ശ്രീ. മുരളി പെരുനെല്ലി

40. ശ്രീ. സി. കെ. നാണു

41. ശ്രീ. യു. ആർ. പ്രദീപ്

42. ശ്രീ. എ. പ്രദീപ്കുമാർ

43. ശ്രീ. കെ. ഡി. പ്രസേനൻ

44. ശ്രീമതി യു. പ്രതിഭ ഹരി

45. ശ്രീ. പുരുഷൻ കടലുണ്ടി

46. ശ്രീ. പി. ടി. എ. റഹീം

47. ശ്രീ. കെ. രാജൻ

48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. കാരാട്ട് റസാഖ്
59. ശ്രീ. എസ്. ശർമ്മ
60. ശ്രീ. എ. കെ. ശശീന്ദ്രൻ
61. ശ്രീ. പി. കെ. ശശി
62. ശ്രീ. വി. ശശി
63. ശ്രീ. ബി. സത്യൻ
64. ശ്രീ. എ. എൻ. ഷംസീർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. ആർ. സുനിൽ കുമാർ
67. ശ്രീ. വി. എസ്. സുനിൽ കുമാർ
68. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
69. ശ്രീ. കെ. സുരേഷ് കുറുപ്പ്
70. ശ്രീ. എം. സ്വരാജ്
71. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

72. ശ്രീ. പി. തിലോത്തമൻ
73. ഡോ. ടി. എം. തോമസ് ഐസക്
74. ശ്രീ. പി. ഉണ്ണി
75. ശ്രീമതി വീണാ ജോർജ്ജ്
76. ശ്രീ. കെ. വി. വിജയദാസ്
77. ശ്രീ. ഇ. കെ. വിജയൻ
78. ശ്രീ. പിണറായി വിജയൻ
79. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. ടി. വി. ഇബ്രാഹിം

16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. കെ. എൻ. എ. ഖാദർ
18. ഡോ. എം. കെ. മുനീർ
19. ശ്രീ. കെ. മുരളീധരൻ
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. ഉമ്മൻ ചാണ്ടി
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. വി. ഡി. സതീശൻ
26. ശ്രീ. കെ. എം. ഷാജി
27. ശ്രീ. സണ്ണി ജോസഫ്
28. ശ്രീ. പി. ടി. തോമസ്
29. ശ്രീ. പി. ഉബൈദുള്ള
30. ശ്രീ. എം. ഉമ്മർ
31. ശ്രീ. എം. വിൻസെന്റ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 79

പ്രതികൂലിക്കുന്നവർ - 31

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് മാസം 9-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.19-ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.